# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം  സമ്മേളനം

**2020 മാർച്ച് 11, ബുധൻ**

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1652/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവുംമൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. ടി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽകുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*


## I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .....27
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .....27
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .....103

## II അടിയന്തരപ്രമേയം

പ്രളയ ദുരിതബാധിതർക്കുള്ള സഹായം
—ശ്രീ. എൻ. ഷംസുദ്ദീൻ ......432
(അവതരണാനുമതി നിഷേധിച്ചു.)

## III ശ്രദ്ധ ക്ഷണിക്കൽ

1. യാത്രാനിയന്ത്രണംമൂലം പ്രവാസികൾ നേരിടുന്ന പ്രതിസന്ധി
   —ശ്രീ. കെ. വി. അബ്ദുൾ ഖാദർ .....457
2. ബന്ദിപ്പൂരിലെ രാത്രിയാത്ര നിരോധനം
   —ശ്രീ. ഐ. സി. ബാലകൃഷ്ണൻ .... 461

## IV സബ്മിഷൻ

(1) കോവിഡ് 19 വ്യാപരിക്കുന്നതുമൂലമുള്ള ആശങ്ക
—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ......468

(2) പത്തനംതിട്ട സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ
—ശ്രീമതി വീണാ ജോർജ്ജ് .....483

(3) ശമ്പള പരിഷ്കരണം
—ശ്രീ. വി. ഡി. സതീശൻ ..... 485

(4) 'നിർദ്ദേശ്' എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം
—ശ്രീ. വി. കെ. സി. മമ്മത് കോയ .....486

(5) സീനിയോരിറ്റി ലിസ്റ്റ്
—ശ്രീ. ചിറ്റയം ഗോപകുമാർ .....488

പേജ്


(6) തീർത്ഥപാദമണ്ഡപവും അനുബന്ധ സ്ഥലവും

—ശ്രീ. ഒ. രാജഗോപാൽ .....490

(7) സേവന-വേതന വ്യവസ്ഥകൾ

—ശ്രീ. കെ. വി. വിജയദാസ് ..... 492

(8) വിളക്കുടി-വെട്ടിക്കവല-മേലില കുടിവെള്ള പദ്ധതി

—ശ്രീ. കെ. ബി. ഗണേഷ് കുമാർ .....493

(9) റോഡ് നിർമ്മാണം

—ശ്രീ. പി. കെ. ബഷീർ .....495

(10) ഔഷധ മലിനീകരണം

—ശ്രീ. പാറക്കൽ അബ്ദുല്ല .....497

**V ധനകാര്യം**

(1) 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും .....500

ധനാഭ്യർത്ഥന നമ്പർ XII —പോലീസ്

ധനാഭ്യർത്ഥന നമ്പർ XIII —ജയിലുകൾ

ധനാഭ്യർത്ഥന നമ്പർ XIV — സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

**VI വ്യക്തിപരമായ വിശദീകരണം**

ചന്ദ്രിക ദിനപത്രത്തിന്റെ നിക്ഷേപം സംബന്ധിച്ച പരാമർശം .....599

—ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്

**ധനകാര്യം (തുടർച്ച)** .....602

**അനുബന്ധം I & II** .....619

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

*2020 മാർച്ച് 11, ബുധൻ*

വാല്യം 180] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2020 മാർച്ച് മാസം 11-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *181

### ചെറുകിട-ഇടത്തരം വ്യവസായങ്ങളും സംരംഭങ്ങളും

1(*181) ശ്രീ. ഒ. ആർ. കേളു:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഏറ്റവും കൂടുതൽ സാധ്യത പ്രകടിപ്പിക്കുന്ന ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ ആരംഭിക്കാൻ സാധിച്ചെന്നും അതുവഴി സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ എത്രയാണെന്നുമുള്ള കണക്ക് ലഭ്യമാണോ;

(ബി) വ്യവസായ ആവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(സി) ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2020 ജനുവരി 31-വരെ 54420 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതിലൂടെ 4,953.69 കോടി രൂപയുടെ നിക്ഷേപവും 190078 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) തദ്ദേശ സ്ഥാപനങ്ങൾ/മറ്റ് ഏജൻസികൾ എന്നിവരുടെ കൈവശമുള്ള ഭൂമിയിൽ വ്യവസായ പാർക്കുകൾ/എസ്റ്റേറ്റുകൾ എന്നിവ വികസിപ്പിക്കുന്നതിനായി പശ്ചാത്തല വികസനത്തിനായി വ്യവസായ തൽപ്പര കക്ഷികളുടെയും സർക്കാരിന്റേയും സമാന്തര സഹായത്തോടെ വ്യവസായ പാർക്കുകൾ/എസ്റ്റേറ്റുകൾ എന്നിവ പി.പി.പി. മാതൃകയിൽ വികസിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഭൂമിയുടെ ഉടമസ്ഥാവകാശം, കൈമാറ്റം, ഭൂവിനിയോഗം, പദ്ധതി ചെലവുകൾ പങ്കുവയ്ക്കൽ, അലോട്ട്മെന്റിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രോജക്ട് ഘടന, നിക്ഷേപ മോഡലുകൾ എന്നിവയെ അടിസ്ഥാനമാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾ/സ്വകാര്യ നിക്ഷേപകർ എന്നിവരുമായി ചർച്ച ചെയ്ത് നിയമപരമായി കാര്യങ്ങൾ നടപ്പിലാക്കാനാണ് സർക്കാർ വിഭാവന ചെയ്യുന്നത്. നിലവിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുമായി ചേർന്ന് ഒരു പി.പി.പി. മോഡൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായിട്ടുള്ള വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകൾ/അനുമതികൾ എന്നിവ ലഭിക്കുന്നതി ലേയ്ക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി ഒരു ഏകജാലക സംവിധാനം K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആൻഡ് ട്രാൻസ്പെരൻസി) നടപ്പിലാക്കിയിട്ടുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് 10 കോടി രൂപവരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധിയുണ്ടായിരിക്കും. മൂന്ന് വർഷത്തിനുശേഷം ആറ് മാസത്തിനകം സംരംഭകൻ അനുമതികൾ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

സംസ്ഥാനത്ത് പരമാവധി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പരമാവധി തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യം കൈവരിക്കാനുള്ള നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നത്. ഇതിലേയ്ക്കായി സംസ്ഥാന സർക്കാർ ചുവടെ വിവരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

- സംരംഭകത്വ സഹായപദ്ധതി-2019-20-ൽ 56 കോടി രൂപയുടെ സഹായ പദ്ധതിയിലുൾപ്പെടുത്തിയിരുന്നു. 28 കോടി രൂപ നൽകിയിട്ടുണ്ട്.
- നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതികൾ
- തകർച്ച നേരിടുന്ന എം.എസ്.എം.ഇ-കളുടെ പുനരുദ്ധാരണ പദ്ധതി. - അത് ഈ വർഷത്തെ ബഡ്ജറ്റിൽ പ്രത്യേകമായി പ്രഖ്യാപിച്ചിട്ടുണ്ട്.
- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.
- 2020-21 ബഡ്ജറ്റിൽ ചുവടെ വിവരിക്കുന്ന പദ്ധതികൾകൂടി പ്രഖ്യാപിച്ചിട്ടുണ്ട്.
- ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്- വർദ്ധിപ്പിച്ചിട്ടുണ്ട്.
- എം.എസ്.എം.ഇ.- യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. പൂട്ടിപ്പോയ വ്യവസായങ്ങളെ (എം.എസ്.എം.ഇ. യൂണിറ്റുകളെ) സജീവപ്പെടുത്തുകയെന്നുള്ളതാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളൊക്കെ തുറന്ന് പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചതിന് അഭിനന്ദിക്കുന്നു. എം.എസ്.എം.ഇ.- (മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ്) പരമ്പരാഗത വ്യവസായ സംരംഭങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. അത്തരം ഗുണമേന്മയുള്ള പരമ്പരാഗത വ്യവസായ സംരംഭങ്ങൾക്ക് ദേശീയ/അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ;

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, വ്യവസായ മേഖല നേരിടുന്ന പ്രശ്നമാണിത്. വ്യവസായമുണ്ട്; പക്ഷെ, അതിന്റെ വാണിജ്യം എന്ന ഭാഗത്തെക്കുറിച്ച് ഇതിനുമുമ്പ് ചർച്ച ചെയ്യുകയോ പരിശോധിക്കുകയോ ചെയ്തിരുന്നില്ല. ഇപ്പോൾ വാണിജ്യ - വ്യവസായ വകുപ്പെന്നുള്ള നിലയിൽ വാണിജ്യത്തിനുവേണ്ടി കേരളത്തിനകത്തും പുറത്തും ഇന്ത്യയ്ക്ക് പുറത്തുമുള്ള മാർക്കറ്റുകൾ കണ്ടെത്താനും ഇവിടത്തെ

വ്യവസായങ്ങളെ പരിപോഷിപ്പിക്കാൻ ഏറ്റവും നല്ല നിലയിലുള്ള ഉപദേശങ്ങളും സഹായങ്ങളും കൊടുക്കാനും ഇവിടെയുള്ള വ്യവസായ സംരംഭകർക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മെച്ചപ്പെട്ട, ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ വിലകുറഞ്ഞ നിലയിൽ ഇംപോർട്ട് ചെയ്തുകൊടുക്കാനും വേണ്ടിയുള്ള പ്രവർത്തന മേഖലയായി വാണിജ്യ മിഷൻ പ്രത്യേകമായി രൂപവൽക്കരിച്ച് പ്രവർത്തിക്കുന്നു. അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയും കഴിഞ്ഞ ബഡ്ജറ്റിൽ അതിനുവേണ്ടി പണം നീക്കിവച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ വിദേശങ്ങളിലും സ്വദേശങ്ങളിലുമായി മാർക്കറ്റ് വിപുലീകരിക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നുണ്ട്. അതിന്റെ ഫലമായി എം.എസ്.എം.ഇ. യൂണിറ്റുകൾക്കും പരമ്പരാഗത വ്യവസായങ്ങൾക്കും അതിന്റെ ഉല്പന്നങ്ങൾക്കും നല്ല വിപണി കണ്ടെത്താൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഒ. ആർ. കേളു: സർ, ഈയിടയ്ക്ക് ആറ്റുകാൽ പൊങ്കാല നടന്ന അവസരത്തിലും അതുപോലെ ശബരിമല ഇടത്താവളങ്ങളിലും വ്യവസായ വകുപ്പ് മേളകൾ സംഘടിപ്പിക്കുന്നത് സ്ഥിരം സംവിധാനമാക്കി മാറ്റാൻ സാധിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരത്ത് ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ചെറുകിട-ഇടത്തരം സ്ഥാപനങ്ങളിലും കരകൗശല-കൈത്തറി മേഖലയിലും നിർമ്മിക്കുന്ന ഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിന്റെ ഫലമായി അതുപോലെ, അതിന്റെ മാർക്കറ്റ് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള വിപണനങ്ങൾ വിപുലപ്പെടുത്താനുള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് എക്സ്പോ സംഘടിപ്പിച്ചിരുന്നു. അതുപോലെ ശബരിമലയിൽ വരുന്ന ഭക്തജനങ്ങൾക്ക് ആവശ്യമുള്ള ഉല്പന്നങ്ങൾ, പ്രത്യേകിച്ച് ഖാദി-കൈത്തറി മേഖലയിൽനിന്ന് അവർക്കാവശ്യമായ വസ്ത്രങ്ങളും മറ്റു സാധനങ്ങളും ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനുവേണ്ടി ശബരിമലയിലും ഈ വർഷം അത്തരമൊരു സംരംഭം ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. നമുക്ക് ഇതിനുവേണ്ടിയുള്ള സ്ഥിരം സംവിധാനങ്ങളുണ്ടാക്കണം. അതിനുവേണ്ടി തിരുവനന്തപുരത്ത് ഹാൻടെക്സ് ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ലോക മാർക്കറ്റിൽ പ്രിയമുള്ള, നിറത്തിന് കെമിക്കൽസ് ഉപയോഗിക്കാതെ ജൈവ വർണ്ണങ്ങൾ ഉപയോഗിച്ച് വസ്ത്രങ്ങൾ നിർമ്മിക്കുന്നത് ഉണ്ടാക്കിയെടുക്കുന്നതിനുള്ള സംരംഭം കൈത്തറി മേഖലയിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ പരമ്പരാഗത വ്യവസായങ്ങളുടെയും ഖാദിയുടെയും ഹാന്റിക്രാഫ്റ്റ് തുടങ്ങിയവയുടെ യൊക്കെ ഉല്പന്നങ്ങൾ മാർക്കറ്റ് ചെയ്യാൻ എക്സ്പോയും വിപണന കേന്ദ്രങ്ങളും സംഘടിപ്പിക്കുന്നുണ്ട്; കൂടുതൽ സംരംഭങ്ങളിലേയ്ക്ക് കടന്നുപോകാൻ ആഗ്രഹിക്കുന്നുണ്ട്; പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. സ്ഥിരം സംവിധാനത്തെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, കേരളത്തിൽ വ്യാവസായിക ആവശ്യങ്ങൾക്ക് ഭൂമിയുടെ ദൗർലഭ്യമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ലഭിക്കുന്ന ഭൂമിക്ക് സംരംഭകർ വലിയ വില കൊടുക്കേണ്ടതായും വരും. പത്തനംതിട്ട ജില്ലയിൽ ഇത് വലിയൊരു വിഷയമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ മറികടന്ന് ഭൂമി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയും; എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഭൂമിയുടെ ദൗർലഭ്യം ഭാവിയിൽ വലിയ തോതിലുണ്ടാകുമെന്ന് മാത്രമല്ല ഭൂമിയുടെ വില വർദ്ധിക്കുകയുമാണ്. അതുകൊണ്ട് സാധാരണ സംരംഭകർക്ക് ഒരു വ്യവസായം തുടങ്ങണമെങ്കിൽ ഭൂമിക്ക് വലിയ തോതിലുള്ള ഇൻവെസ്റ്റ്മെന്റ് നൽകേണ്ടിവരും. അതുകൊണ്ട് ഇത്തരം ഘട്ടത്തിൽ ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കാനും സംരംഭകരെ സഹായിക്കാനും പുതിയ സംരംഭമായ മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ പ്ലോട്ടുകൾ ആരംഭിക്കുകയെന്നതാണ് നൂതനമായ കാഴ്ചപ്പാട്. പ്രീ-ഫാബ്രിക്കേഷൻ സിസ്റ്റത്തിൽ മൾട്ടി പർപ്പസ് സജ്ജീകരണങ്ങളൊരുക്കിയാൽ സ്ഥലത്തിന്റെ ദൗർലഭ്യം കുറച്ചുകൊണ്ടു വരാൻ സാധിക്കുമെന്നുമാത്രമല്ല നിക്ഷേപകർക്ക് ആശ്വാസമാവുകയും ചെയ്യും. ഇപ്പോൾ വടക്കാഞ്ചേരിയിൽ പരീക്ഷണമെന്ന നിലയിൽ മുനിസിപ്പാലിറ്റിയും വ്യവസായ വകുപ്പും ചേർന്ന് പി.പി.പി. മോഡലിൽ ഒരു സംരംഭം ആരംഭിച്ചതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിച്ചാൽ ഒട്ടനവധി സംരംഭകർക്ക് പുതിയ സംരംഭങ്ങളിലേയ്ക്ക് കടന്നുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആധുനിക സാങ്കേതികവിദ്യകൾ പരമാവധി ഉപയോഗിച്ചുകൊണ്ട് വ്യവസായ വികസനത്തിനു വേണ്ടി എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അവയെല്ലാം നിർവഹിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്, അതിനനുസരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരികയാണ് .

ശ്രീ. എം. നൗഷാദ് : സർ, പരമ്പരാഗത മേഖലയിലെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾക്കായി ഒരു സ്ഥിരം പ്രദർശന വിപണന സമുച്ചയം നിർമ്മിക്കേണ്ടതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഈ ആവശ്യം പരിഗണിക്കേണ്ട വിഷയമാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു വലിയ വിപണനകേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. തീർച്ചയായും അത്തരമൊരു സംരംഭം ആരംഭിക്കാൻ തന്നെയാണുദ്ദേശിക്കുന്നത്. ഈ നിർദ്ദേശം വ്യവസായ വകുപ്പിന്റെ സജീവ പരിഗണനയിലുള്ളതാണ്. ഇപ്പോൾ കൈത്തറി/ഖാദി എന്നിവയ്ക്ക് നല്ല മാർക്കറ്റ് വന്നുകൊണ്ടിരിക്കുകയാണ്.

കൈത്തറി/ഖാദി എന്നിവ തിരിച്ചറിയുകയും അതിന്റെ പ്രത്യേകതകൾ ജനങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ഇതെല്ലാം പ്രദർശിപ്പിക്കാനും വിദേശങ്ങളിൽനിന്ന് വരുന്ന ടൂറിസ്റ്റുകൾക്ക് കാണാനും അതിന്റെ മേന്മ മനസ്സിലാക്കാനും കഴിയത്തക്കനിലയിൽ ഈ രംഗം കുറേക്കൂടി മെച്ചപ്പെടുത്തണം. അതുകൊണ്ട് ഏറ്റവും കൂടുതൽ ജനങ്ങൾ കേന്ദ്രീകരിക്കപ്പെടുന്ന എറണാകുളം പോലുള്ള സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള അന്താരാഷ്ട്ര സംവിധാനമേർപ്പെടുത്തുന്നത് ഗുണകരമാകുമെന്നുള്ള നിഗമനത്തിൽ അതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ നിർദ്ദേശം തികച്ചും സ്വാഗതാർഹമാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, 10 കോടി രൂപ വരെ മുതൽമുടക്കുള്ള വ്യവസായങ്ങൾക്ക് പ്രത്യേകിച്ച് ലൈസൻസൊന്നും ആവശ്യമില്ല, മൂന്നുവർഷം കഴിഞ്ഞ് മറ്റു നടപടികൾ ആരംഭിച്ചാൽ മതിയെന്ന് പറയുന്നത് ഒരുപക്ഷേ രാജ്യത്തുതന്നെ ആദ്യത്തെ വിപ്ലവകരമായ പരിപാടിയാണ്. പക്ഷെ ഇതിൽ വ്യവസായികൾക്ക് സംശയം നിലനിൽക്കുന്നത്, മറ്റ് സ്ഥാപനങ്ങളിൽനിന്നും പഞ്ചായത്തിൽനിന്നും ലൈസൻസ് കിട്ടുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്ങനെയാണ് അതിന്റെ പരിപാടിയെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, നിലവിലുണ്ടായിരുന്ന നിയമങ്ങളിൽ ഭേദഗതി വരുത്തി വളരെ ശാസ്ത്രീയമായും പ്രായോഗികമായും നിക്ഷേപകരെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന ഏഴ് നിയമങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ആ നിയമം മൂന്നുവർഷത്തേയ്ക്ക് ഏറ്റെടുത്തുകൊണ്ട് വളരെ എളുപ്പം സംരംഭം ആരംഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കേരളത്തിന്റെ വ്യവസായ രംഗത്ത് പുതിയ നിക്ഷേപകർ വരുന്നതിന് മടിക്കുന്നത് എന്തിനാണെന്നുള്ള കാര്യങ്ങളെക്കുറിച്ച് പരിശോധിച്ചപ്പോൾ അവർക്ക് ലൈസൻസുകൾ ലഭിക്കാനോ അനുമതി പത്രങ്ങൾ ലഭിക്കാനോ ഉണ്ടാകുന്ന കാലതാമസം ഒരു പ്രധാന ഘടകമാണെന്നു കണ്ടു. 1999-ൽ പാസ്സാക്കിയിട്ടുള്ള ഏകജാലക സംവിധാനം എന്ന നിയമത്തിലൂടെ സംരംഭകർക്ക് കൃത്യമായി അനുമതി ലഭിക്കുന്നില്ല. അതിനെത്തുടർന്ന് ആ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പുതിയ ഒരു നിയമം നിർമ്മിക്കാനും വേഗത്തിൽ ഇതിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താനുംവേണ്ടി എൻ.ഐ.സി. (National Informatics Centre) -യെ ചുമതലപ്പെടുത്തിയതനുസരിച്ച് ഏകജാലക സംവിധാനം ഒരു സോഫ്റ്റ്‌വെയറിലൂടെ വികസിപ്പിച്ചെടുത്തു. ഓൺലൈനിലൂടെ അപേക്ഷ കൊടുക്കാനും പണമടയ്ക്കാനും തിരിച്ച് അവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കാനുമുള്ള സംവിധാനത്തിലാണ് K-SWIFT തയ്യാറാക്കിയത്. പക്ഷെ അതും പ്രയോഗത്തിൽ വന്നപ്പോൾ വേണ്ടത്ര വേഗത്തിൽ ഫലം കണ്ടില്ല. അതുകൊണ്ട് മൂന്നുവർഷത്തേയ്ക്ക് ഒരു അനുമതിയും വേണ്ടതില്ല. പക്ഷെ നിലവിൽ വ്യവസായങ്ങൾ

തുടങ്ങാൻ പാടില്ലാത്ത റെഡ് സോൺ, അതുപോലെ പ്രത്യേകമായി ടൗൺ പ്ലാനിംഗിന്റേയോ പഞ്ചായത്ത് വികസന പ്ലാനിന്റേയോ ഭാഗമായി അക്വയർ ചെയ്തിട്ടുള്ള ഭൂമികൾ എന്നിവിടങ്ങളിലൊഴികെ, സാധാരണഗതിയിൽ വ്യവസായം തുടങ്ങാൻ എന്തൊക്കെയാണോ വേണ്ടത് അതിന്റെ അടിസ്ഥാനത്തിലാണ് സംരംഭം ആരംഭിക്കുക. അതിനുവേണ്ടിയാണ് ഇവിടെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ 2019-ൽ നടപ്പിലാക്കിയതും ഏതാണ്ട് 334.49 കോടി രൂപയുള്ള 885 ചെറുകിട സംരംഭങ്ങൾ പുതുതായി ആരംഭിക്കുകയും ചെയ്തത്. പല സ്ഥാപനങ്ങളും പ്രത്യേകിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ഈ നിയമത്തെക്കുറിച്ച് വേണ്ടത്ര ധാരണയില്ല. അവിടെ ചെല്ലുമ്പോൾ ഇതിന് ബിൽഡിംഗ് പെർമിഷൻ വേണ്ടേ എന്നാണ് ചോദിക്കുന്നത്. വൈദ്യുതി ബോർഡിൽനിന്നും അനുവാദം കിട്ടണമെങ്കിൽ നടപടികൾ പൂർത്തീകരിക്കണ്ടേ; കെട്ടിടം വേണ്ടേ; കെട്ടിടത്തിന് അനുവാദം വേണ്ടേ? എന്നുള്ള ചോദ്യങ്ങൾ ചോദിക്കുന്നത് ഡിപ്പാർട്ട്മെന്റുകളിലെ ചില ഉദ്യോഗസ്ഥർക്ക് ഈ നിയമത്തെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതു കൊണ്ടാണ്. അതുകൊണ്ട് അവരെ ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, സർക്കാർ നടത്തിയ അസെൻഡ് കേരളയുടെ ഭാഗമായി ഏകദേശം 98,000 കോടി രൂപയുടെ പദ്ധതികൾക്കുള്ള expression of interest (താല്പര്യം) പ്രകടിപ്പിച്ചുവെന്നും ലോക കേരളസഭയുടെ ഭാഗമായി ധാരാളം വിദേശ മലയാളികൾ ഇവിടെ ഇൻവെസ്റ്റ്മെന്റ് നടത്തുമെന്നുമാണ് പറഞ്ഞിരുന്നത്. അതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം വിദേശയാത്രകൾ നടത്തിയിട്ട് എത്ര വൻകിട പദ്ധതികൾ ആരംഭിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്?

<u>ശ്രീ. ഇ. പി. ജയരാജൻ:</u> സർ, വൻകിട പദ്ധതികൾക്കുള്ള സാദ്ധ്യത താരതമ്യേന കുറവാണ്. ഇന്നത്തെ കേരളത്തിന്റെ അന്തരീക്ഷം ചെറുകിട ഇടത്തരം സംരംഭങ്ങളെ കൂടുതൽ പ്രൊമോട്ട് ചെയ്യുകയെന്നുള്ളതാണ്. അതുവഴി മാത്രമേ കൂടുതൽ തൊഴിലവസരങ്ങളും നിക്ഷേപങ്ങളുമുണ്ടാക്കാനും നാടിന്റെ പൊതു വികസനത്തെ ശക്തിപ്പെടുത്താനും സാധിക്കുകയുള്ളൂ. വൻകിട വ്യവസായങ്ങൾ പലതും തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തകർച്ചയെ നേരിടുന്ന വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാനും ചെറുകിട വ്യവസായ സ്ഥാപനങ്ങളെ കൂടുതൽ പ്രൊമോട്ടുചെയ്യാനും നടപടി സ്വീകരിക്കുന്നുണ്ട്. അസെൻഡ് 2020-ന്റെ ഭാഗമായി 1,00,355.45 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമുണ്ടായി, 8,395.89 കോടി രൂപയുള്ള 32 പദ്ധതികളുടെ ധാരണാപത്രം ഒപ്പിട്ടതിൽ ഏഴെണ്ണം ആരംഭിച്ചുകഴിഞ്ഞു. ഇതുസംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് പറയാം.

മി. സ്പീക്കർ: നിക്ഷേപ സംഗമത്തിന്റെ വിശദാംശങ്ങൾ മേശപ്പുറത്തുവച്ചാൽ മതി.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ എണ്ണം മാത്രമേ വായിക്കുന്നുള്ളൂ.

മി. സ്പീക്കർ: അത് അറിഞ്ഞോട്ടെ. ...(ബഹളം)...

ശ്രീ. ഇ. പി. ജയരാജൻ: സർ, നിങ്ങൾക്കുതന്നെ ഇത് പറയേണ്ടെന്നായോ; ചോദിച്ചവർതന്നെ വേണ്ടാ, ഞങ്ങൾക്കറിയാമെന്നായോ?

| Summary of MSME Acknowledgement Certificates Issued as on 10-3-2020 | | | | | |
|---|---|---|---|---|---|
| Sl. No. | District | Number of Projects | | | Proposed Projects cost (Lakhs) |
| | | Service | Manufacturing | Total | |
| 1 | Alappuzha | 14 | 33 | 47 | 1,960.23 |
| 2 | Ernakulam | 26 | 91 | 117 | 7,851.23 |
| 3 | Idukki | 11 | 25 | 36 | 782.55 |
| 4 | Kannur | 13 | 30 | 43 | 784.50 |
| 5 | Kasaragod | 1 | 16 | 17 | 1,305.60 |
| 6 | Kollam | 12 | 37 | 49 | 819.26 |
| 7 | Kottayam | 9 | 47 | 56 | 1,655.75 |
| 8 | Kozhikode | 12 | 48 | 60 | 1,790.04 |
| 9 | Malappuram | 20 | 62 | 82 | 2,072.80 |
| 10 | Palakkad | 6 | 36 | 42 | 4,130.44 |
| 11 | Pathanamthitta | 5 | 10 | 15 | 629.60 |
| 12 | Thiruvananthapuram | 34 | 68 | 102 | 2,010.80 |
| 13 | Thrissur | 54 | 117 | 171 | 7,362.55 |
| 14 | Wayanad | 2 | 6 | 8 | 294.00 |
| | Total | 219 | 626 | 845 | 33,449.34 |

ഇവിടെ പുതുതായി ആരംഭിച്ചിട്ടുള്ള പ്രധാന സ്ഥാപനങ്ങൾ Bhoomi Natural Products and Exports Private Limited, Royal Rich Condiments Private Limited, Ananda Vaidyasramam, J. M. Engineering Works, V.M. Polytex Limited, Granite, Agro Park തുടങ്ങിയ ഏതാണ്ട് ഏഴ് യൂണിറ്റുകൾ ഇപ്പോൾ കിൻഫ്രയുടെ സ്ഥലത്തുതന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. കെ. ശശി: സർ, കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കുന്നതാണ് ചെറുകിട-ഇടത്തരം വ്യവസായമേഖല. നോട്ടുനിരോധനവും ജി.എസ്.ടി.-യും വന്നപ്പോൾ ഒരുപാട് വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ ഉൽപ്പാദനം നിർത്തി ട്രേഡിംഗിലേയ്ക്ക് മാറുകയോ ചെയ്തത് തൊഴിൽ മേഖലയിലും ഉൽപ്പാദന രംഗത്തും വലിയ പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. ഇത് എങ്ങനെ പരിഹരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ചെറുകിട വ്യവസായ സംരംഭങ്ങളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും നിക്ഷേപകരെ ക്ഷണിച്ചും നിക്ഷേപക സംരംഭകർക്ക് കൂടുതൽ പ്രോത്സാഹനങ്ങൾ നൽകിയും കേരളത്തിന്റെ സാമ്പത്തിക-തൊഴിൽ മേഖലയെ ശക്തിപ്പെടുത്തുകയെന്നുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അതിനുള്ള സംരംഭമാണ് ഗവൺമെന്റ് ഈ സംവിധാനത്തിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട മന്ത്രി ഓരോ ജില്ലയിലും തുടങ്ങിയ വ്യവസായങ്ങളുടെ കണക്ക് പറഞ്ഞത് ലൈഫ് മിഷനിൽ വീട് കൊടുത്തതുപോലെ ആകാതിരിക്കട്ടെ. ഫീൽഡിൽപ്പോയി നോക്കിയാൽ കാണുമോയെന്ന് എനിക്കറിയില്ല. നമ്മുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനെയും മറ്റ് കാര്യങ്ങളെയും കുറിച്ച് പറഞ്ഞു. വ്യവസായം തുടങ്ങാനായി അപേക്ഷ കൊടുത്താൽ മതി, ഒരു മാസത്തിനകം ലൈസൻസ് കിട്ടിയില്ലെങ്കിൽപ്പോലും വ്യവസായം തുടങ്ങാനുള്ള അനുമതി ലഭിച്ചതായി കണക്കാക്കി തുടങ്ങാമെന്നൊക്കെ പറഞ്ഞു. പക്ഷെ, ചില പഞ്ചായത്ത് സെക്രട്ടറിമാരും മറ്റുമൊക്കെ ഇപ്പോഴും അത് റൂൾ പ്രകാരമാകണം, അല്ലെങ്കിൽ ചെയ്യാൻ പറ്റില്ലെന്നൊക്കെ പറയുന്നുണ്ട്. ബഹുമാനപ്പെട്ട എ. സി. മൊയ്തീൻ പഴയ വ്യവസായ വകുപ്പുമന്ത്രികൂടിയാണ്. അദ്ദേഹമുള്ള സമയത്താണ് ഈ ബില്ലൊക്കെ പാസ്സാക്കുന്നത്. പഞ്ചായത്ത് സെക്രട്ടറിമാരെ വിളിച്ച് ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, നടപടികളെല്ലാം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഇപ്പോൾ കാര്യങ്ങൾ ഏതാണ്ട് ബോധ്യമായിട്ടുണ്ട്. ചിലരെ ശരിയായ ധാരണയിലേയ്ക്ക് കൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ലൈഫ് പദ്ധതി അനുസരിച്ച് കേരളത്തിൽ ലക്ഷക്കണക്കിന്

ആളുകൾ സ്വന്തം വീടുകളിൽ താമസിക്കുകയാണ്. പാവപ്പെട്ടവർക്ക് കിടന്നുറങ്ങാൻ ഒരിടമെന്നുള്ള നിലയിൽ ഈ ഗവൺമെന്റ് മഹത്തായ ലക്ഷ്യമാണ് നിർവ്വഹിച്ചിട്ടുള്ളത്. മനസ്സുതുറന്ന്, കണ്ണുതുറന്ന് ഇത് കാണാൻ അങ്ങേയ്ക്ക് കഴിയണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ലൈഫ് പോലെ ജനോപകാരപ്രദമായ പദ്ധതി തന്നെയാണ് വ്യവസായ വകുപ്പ് നടപ്പിലാക്കുന്നതെന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കുകയാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, വ്യവസായ വകുപ്പുവഴി ഈ സർക്കാർ വന്നതിനുശേഷം ഉണ്ടാക്കിയ മാറ്റങ്ങളെ സംബന്ധിച്ചാണ് അങ്ങ് ഇവിടെ വിവരിച്ചത്. ഒരുപാട് തൊഴിലവസരങ്ങളും സംരംഭങ്ങളും തുടങ്ങിയതിന്റെ കണക്കുവരെ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ കേരളത്തിൽ വന്നിട്ടുണ്ട്. എന്റെ മണ്ഡലത്തിലേതുൾപ്പെടെ, കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതാണ്. അവിടെ ആറ് കോഴ്സുകൾ വന്നതിൽ മിക്കവാറും എല്ലാവർക്കും പ്ലേസ്മെന്റായി. വ്യവസായ വകുപ്പിന്റെ പരിപാടികൾ നടത്തി , നന്നായി ട്രെയിൻ ചെയ്ത് സംരംഭകരെ സൃഷ്ടിക്കാനും തൊഴിലന്വേഷകർക്ക് കൂടുതൽ തൊഴിലവസരങ്ങൾ കിട്ടാനുള്ള കപ്പാസിറ്റി ബിൽഡിംഗ് ഉൾപ്പെടെ കൊടുക്കാനുമായി അന്താരാഷ്ട്ര ട്രെയിനിംഗ് സംവിധാനങ്ങളുള്ള ഈ സ്കിൽ പാർക്കുകൾകൂടി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, അക്കാര്യം പരിശോധിക്കാം. ചെറുകിട വ്യവസായികൾക്കും സംരംഭകർക്കും വ്യവസായത്തെക്കുറിച്ച് മനസ്സിലാക്കാനും ലോക സാധ്യതകളെക്കുറിച്ച് പഠിക്കാനും കാലോചിതമായി വന്നുകൊണ്ടിരിക്കുന്ന സാങ്കേതിക രംഗത്തെ മികവ് പുതിയ സംരംഭകരെ പഠിപ്പിക്കാനുമായി ഒരു നല്ല ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിപ്പിക്കാനാണ് വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നത്. എറണാകുളത്തുള്ള KIED (Kerala Institute for Entrepreneurship Development) അതിന്റെ ഒരു ആരംഭമാണ്. അത് കുറേക്കൂടി വികസിപ്പിച്ചുകൊണ്ട്, വ്യവസായങ്ങളെക്കുറിച്ച് ശരിയായ നിലയിൽ ലോകനിരീക്ഷണം നടത്താനും അതിനനുസരിച്ച് കേരളത്തിലെ വ്യവസായ രംഗത്തെ വളർത്തിയെടുക്കാനും ഉതകത്തക്ക നിലയിൽ അക്കാദമിക് വിഷയങ്ങളിലും പ്രാക്ടിക്കൽ സമീപനങ്ങളിലും ഒരു മോഡേണൈസേഷൻ ഉണ്ടാക്കിയെടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അതിന്റെ നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

Shri V. D. Satheesan: Sir, " The whole India is the graveyard of thousands of MoUs signed by Government of India, State Governments and the business entrepreneurs" - ഇന്ത്യയിലെ ഒരു പ്രമുഖ ഇക്കണോമിസ്റ്റ് പറഞ്ഞതാണിത്. ഇന്ത്യയിൽ ഒപ്പുവയ്ക്കപ്പെടുന്ന MoU-കളുടെ അഞ്ച്

ശതമാനംപോലും യാഥാർത്ഥ്യമാകുന്നില്ലെന്ന് പറയുന്നത് അങ്ങ് ശ്രദ്ധിക്കണം. അങ്ങ് ഇവിടെ സൂചിപ്പിച്ച കണക്കുകളെല്ലാം യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമം നടത്തണം. ജി.എസ്.ടി. വരുന്നതിനുമുമ്പ് ഒരു ടാക്സ് പ്രൊട്ടക്ഷനുണ്ടായിരുന്നു. നമ്മുടെ സംസ്ഥാന ഗവൺമെന്റാണ് ടാക്സ് നിശ്ചയിച്ചിരുന്നത്. അവർക്ക് ഒരുപാട് ടാക്സ് ബെനിഫിറ്റുകളുണ്ടായിരുന്നു. പ്രചണ്ഡമായ, കോടിക്കണക്കിന് രൂപയുടെ പരസ്യങ്ങളുടെ പിൻബലത്തോടുകൂടിവരുന്ന വലിയ പ്രോഡക്ടുകളുമായി മത്സരിക്കാൻ ഇന്ന് നമ്മുടെ സ്ഥാപനങ്ങൾക്ക് പറ്റുന്നില്ലെന്നതാണ് കേരളത്തിലെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ഈ പ്രോഡക്ടുകൾക്ക് നേരത്തേ ടാക്സ് ബെനിഫിറ്റ് ഉള്ളതുകൊണ്ട് അവർ മത്സരിക്കുമായിരുന്നു. ഇന്ന് അവർക്ക് മത്സരിക്കാൻ കഴിയുന്നില്ല. കേരളത്തിൽ മാത്രമല്ല, രാജ്യത്ത് എല്ലായിടത്തും ജി.എസ്.ടി. വന്നതിനുശേഷം ലക്ഷക്കണക്കിന് ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ അടച്ചുപൂട്ടുകയാണ്. ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മത്സരത്തിൽ അവരെ സജ്ജരാക്കുന്നതിനും വേണ്ടിയുള്ള ഒരു പ്രൊട്ടക്ഷൻ പാക്കേജുണ്ടാക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ഫലമായി ചെറുകിട-ഇടത്തരം വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും തകർന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ജി.എസ്.ടി., വ്യവസായത്തെ വലിയ തോതിൽ ബാധിച്ചു. ഉദാഹരണത്തിന് ദിനേശ് ബീഡി തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന ബീഡിക്ക് 28% ആണ് ജി.എസ്.ടി. ആ വ്യവസായം തകർന്നുപോകുന്നു എന്നുള്ളതാണ് അതിന്റെ ഫലം. നേരത്തെ ആയിരുന്നെങ്കിൽ ഇക്കാര്യം മനസ്സിലാക്കി നമുക്കുതന്നെ നിലപാട് സ്വീകരിക്കാൻ കഴിയുമായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ നമുക്ക് വലിയ ആപത്ത് വരുത്തിവച്ചിട്ടുണ്ട്. ഇതുമാത്രമല്ല, നാണയം മരവിപ്പിച്ചത് ഏറ്റവും കൂടുതൽ ബാധിച്ച ഒരു രംഗം ചെറുകിട വ്യവസായമാണ്. ആ കാലഘട്ടത്തിൽ ഒട്ടനവധി ചെറുകിട സംരംഭകർ രംഗത്തുവന്നു. അവരുടെ സ്ഥാപനങ്ങളിൽ ധാരാളം ആളുകൾ ജോലി ചെയ്യാൻ തുടങ്ങി. അത് വിപുലമായ ഒരു രംഗമായി വളർന്നുവരുമ്പോഴാണ് അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ടുകൾ മരവിപ്പിച്ചുകൊണ്ട് ഇന്ത്യാ രാജ്യത്തെ ഒരു സ്തംഭനാവസ്ഥയിലേയ്ക്ക് തള്ളിവിട്ടത്. നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. ഇതും നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്ന വൻ ആപത്താണ്. ഇത്തരം സാഹചര്യങ്ങളിൽ കേരളത്തിലെ പൊതു-സ്വകാര്യ മേഖലയിലെ വ്യവസായങ്ങളെ പരമാവധി സംരക്ഷിച്ച് നിലനിർത്താൻ ചെറുകിട സംരംഭകരുടെ അസോസിയേഷനുമായും വ്യവസായ അസോസിയേഷനുകളുമായും വിശദമായി ചർച്ച ചെയ്ത് അവരുടെ അഭിപ്രായം കേട്ട് അതിനനുസരിച്ചുതന്നെ കാര്യങ്ങൾ നടപ്പിൽ വരുത്തുകയാണ്

ഞങ്ങൾ പലപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്. ഇനിയും ഈ കാര്യങ്ങളിൽ ഇപ്പോൾത്തന്നെ ചെയ്യാൻ ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അക്കാര്യങ്ങൾ ഞാൻ മേശപ്പുറത്തുവയ്ക്കാം.* വളരെ വിശദമായതിനാൽ ഞാൻ ഇപ്പോഴത് പറയുന്നില്ല. MoUs-വയ്ക്കുന്ന കാര്യത്തെപ്പറ്റി ഇവിടെ സൂചിപ്പിച്ചു; ധാരാളം MoUs -വയ്ക്കുന്നുണ്ട്. മുമ്പ് വച്ച MoU അല്ല ഇപ്പോൾ. ഇപ്പോൾ ഞങ്ങൾക്ക് ഓഫർ കിട്ടി, അതിന്റെ എഗ്രിമെന്റുണ്ടാക്കി വ്യവസായം തുടങ്ങുകയാണ്. നിങ്ങൾ കാത്തിരിക്കു, കേരളത്തിന്റെ മാറ്റം നിങ്ങൾക്ക് കാണാം. നിങ്ങൾകൂടി സഹകരിച്ചാൽ വളരെ വേഗത്തിൽ നമുക്കിത് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. ആ നല്ല മനസ്സ് ഉരുത്തിരിഞ്ഞുവരാൻ ഈ സാഹചര്യങ്ങളെല്ലാം ഇടയാക്കട്ടെയെന്നാണ് എനിക്ക് വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ആഗോള കമ്പോളം തകരാനും ലോക്കൽ കമ്പോളം വികസിക്കാനും ഒരു സാധ്യതയുണ്ടെന്നാണ് ഇന്നത്തെ ലോക സാഹചര്യത്തിൽ പലരും പറയുന്നത്. അങ്ങനെയാണെങ്കിൽ കേരളത്തിലെ ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന തരത്തിലുള്ള ഉൽപ്പാദനശേഷി പുതിയ ലോകത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കി കൈവരിക്കാൻ കഴിഞ്ഞാൽ ആഗോള കമ്പോളത്തിന് ബദലായി ഒരു ലോക്കൽ കമ്പോള വികസന സാധ്യത, ചെറുകിട-ഇടത്തരം കമ്പോളങ്ങളെ അധിക ഉൽപ്പാദന മേഖലയിലേയ്ക്ക് വികസിപ്പിക്കാനുള്ള വലിയ സാധ്യത നമ്മുടെ മുമ്പിലുണ്ട്. ഇപ്പോൾ തൊട്ടടുത്തുള്ള രാജ്യങ്ങളുടെ ഉൽപ്പാദന മേഖലയുമായി ബന്ധപ്പെട്ടാണ് നമ്മുടെ കമ്പോളത്തിന്റെ ആവശ്യങ്ങൾ മുഴുവൻ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. അത് ഉപയോഗിക്കുന്നതിനാവശ്യമായ തരത്തിലുള്ള പഠനവും ഗവേഷണവും അതിനനുസരിച്ചുള്ള ഉൽപ്പാദന സംവിധാനവും രൂപപ്പെടുത്തുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു ചോദ്യം തന്നെയാണ്. ലോക വാണിജ്യ രംഗത്തെ വലിയ തോതിൽ ബാധിക്കുന്ന വളരെ സങ്കീർണ്ണമായൊരു ആപത്താണ് ഇന്ന് ലോകം അഭിമുഖീകരിക്കുന്നത്. അത് നമ്മളെയെല്ലാം ഉൽക്കണ്ഠപ്പെടുത്തുന്നതാണ്. സാമ്പത്തിക മേഖലയെ വലിയ തകർച്ചയിലേയ്ക്കാണ് അത് നയിക്കുന്നത്. പല വ്യാപാര സ്ഥാപനങ്ങളും അടഞ്ഞുകിടക്കുന്ന അവസ്ഥയാണിപ്പോഴുള്ളത്. ഇത് നാളെ നമ്മുടെ വ്യവസായ മേഖലയെയും ബാധിക്കും. അപ്പോൾ ഉൽപ്പാദനം കുറയുകയും രാജ്യത്തിന്റെ ചലനാത്മകതതന്നെ നഷ്ടപ്പെടുകയും ചെയ്യും. ഇപ്പോഴത്തെ സാഹചര്യത്തിൽ വല്ലാത്ത പ്രതിസന്ധിയിലേയ്ക്കാണ് നമ്മുടെ നാട് നീങ്ങുന്നത്.ഇത് കണക്കിലെടുത്ത് കേരളത്തിന്റെ വ്യാപാര-വ്യവസായ മണ്ഡലത്തെ എങ്ങനെ സംരക്ഷിച്ചെടുക്കാൻ

* അനുബന്ധമായി ചേർത്തിരിക്കുന്നു.

കഴിയുമെന്നുള്ളതാണ് കൂടിയാലോചിച്ച് തീരുമാനിക്കേണ്ട പ്രധാനപ്പെട്ട കാര്യം. എന്തായാലും ഇക്കാര്യങ്ങളെ സംബന്ധിച്ച് നമുക്കൊരു ധാരണയിലെത്തി ചേരാൻ കഴിയണം. അങ്ങിവിടെ പറഞ്ഞതുപോലെ, ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്കുതന്നെയാണ് കൂടുതൽ സാധ്യതയുള്ളത്. അതിനുവേണ്ടിയുള്ള നൂതനമായ സാധ്യതകൾ നാം ഉപയോഗിക്കുന്നുണ്ട്. ഉദാഹരണത്തിന്, കേരളത്തിന്റെ പ്രധാനപ്പെട്ട ഒരു ഉൽപ്പന്നം നെല്ലാണ്. നെൽകൃഷിക്കാർ അതിൽനിന്നും പിന്നോട്ടുപോകുന്നത് അവർക്ക് ന്യായവില കിട്ടുന്നില്ലെന്ന പ്രശ്നംകൊണ്ടാണ്. അതുകൊണ്ട് നെൽകൃഷിക്കാർക്ക് ന്യായവില കിട്ടണമെങ്കിൽ നെല്ലിനെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിമാറ്റാൻ കഴിയണം. അതിനുവേണ്ടി ഇപ്പോൾ വ്യവസായ വകുപ്പ് മുൻകയ്യെടുത്ത് തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ ജില്ലകളിലായി മൂന്ന് റൈസ് പാർക്കുകൾ സ്ഥാപിക്കുകയാണ്. അതിന്റെ പ്രത്യേകത, ഇപ്പോൾ നമ്മൾ നെല്ലിൽനിന്നും അരി മാത്രമാണെടുക്കുന്നത്. അരിയെടുക്കുമ്പോൾ ബാക്കിവരുന്ന തവിടിൽനിന്നും ഏറ്റവും വിലപിടിപ്പുള്ള എണ്ണ ഉൽപ്പാദിപ്പിക്കാൻ കഴിയും. അത് ഉൽപ്പാദിപ്പിച്ചെടുക്കുക. അവശേഷിക്കുന്ന തവിട് ഇന്ന് ക്ഷീരോൽപ്പാദന രംഗത്ത് ഉപയോഗിക്കാൻ വളരെയധികം സാധ്യതകളുണ്ട്. ആ തവിട് കാലിത്തീറ്റയായി രൂപപ്പെടുത്താൻ സാധിക്കും. അതുപോലെ ബാക്കിവരുന്ന ഉമി കത്തിച്ച് കരിയാക്കിയാൽ മലബാർ സിമന്റ്സിന് ആവശ്യമുള്ള ഉല്പന്നമാകും. അത്തരത്തിൽ കേരളത്തിലുള്ള വ്യവസായങ്ങൾക്ക് ഉപയോഗിക്കാൻ ഇവിടത്തെതന്നെ ഉല്പന്നങ്ങളെ അതിന്റെ റാ മെറ്റീരിയലായി മാറ്റിയെടുക്കാൻ കഴിയത്തക്കനിലയിലുള്ള നിലപാട് തന്നെയാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതുതന്നെയാണ് നാളികേരത്തിന്റെ കാര്യത്തിലും ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യങ്ങളിലെല്ലാം അങ്ങ് പറഞ്ഞിട്ടുള്ള നിലപാട് തന്നെയാണ് ഗവൺമെന്റിന്റെ മുന്നിലുള്ളത്. അതിനനുസരിച്ചുള്ള പ്രായോഗിക നിലപാടും സംവിധാനവുമാണ് വ്യവസായ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, അങ്ങേയ്ക്ക് ഒരു ഉപചോദ്യം ചോദിക്കാനുള്ള അനുവാദം നൽകുന്നതോടൊപ്പം അഭിനന്ദനങ്ങൾകൂടി അറിയിക്കുകയാണ്.

ശ്രീ. ഷാഫി പറമ്പിൽ: Thank you Sir. 'The best ambassador for a business in a State is a satisfied entrepreneur'. സംതൃപ്തനായ ഒരു ബിസിനസ്സുകാരനാണ് പുതിയ ബിസിനസ്സ് നാട്ടിലേയ്ക്ക് കൊണ്ടുവരുന്നതിന് ഏറ്റവും വലിയ പ്രചോദനം. കണ്ണൂർ ജില്ലയിൽനിന്നും രണ്ട് ചെറുപ്പക്കാർ കഴിഞ്ഞ ദിവസം നിയമസഭയിൽ വന്നിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ കണ്ടിരുന്നുവെന്നാണ് അറിഞ്ഞത്. അതിൽ പിണറായി പഞ്ചായത്തിൽ ഒരു വ്യവസായം ആരംഭിച്ച ചെറുപ്പക്കാരനുണ്ടായിരുന്നു. പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിക്കാൻ ഗവൺമെന്റെടുക്കുന്ന മിഷന്റെ ഭാഗമായി കമ്പോസ്റ്റബിൾ ബാഗുകൾ

ഉൽപ്പാദിപ്പിക്കാൻ അവർ ഒരു സംരംഭം ആരംഭിച്ചു. അതിന് ഗവൺമെന്റ് പ്രോത്സാഹനം നൽകുകയും അത് ആരംഭിക്കണമെന്ന് അവരോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. അതിനുശേഷം അതിനെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള ഒരു ഗവൺമെന്റ് ഓർഡർ പുറത്തിറക്കി. ആ ഉത്തരവിൽ വീണ്ടും മാറ്റങ്ങൾ വന്നിരുന്നു. അവസാനം പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിക്കാൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ ഇവർ ആരംഭിച്ച കമ്പോസ്റ്റബിൾ ബാഗുകൾ നിർമ്മിക്കുന്ന യൂണിറ്റിന് മുന്നോട്ടുപോകാൻ കഴിയാതിരിക്കുകയാണ്. ഏറ്റവുമൊടുവിൽ പുറത്തിറങ്ങിയ ഗവൺമെന്റ് ഉത്തരവിൽ പറയുന്നത്, കമ്പോസ്റ്റബിൾ ബാഗുകൾ നിർമ്മിക്കുന്നതിൽ യഥേഷ്ടം വ്യാജന്മാരും പുറത്തിറങ്ങുന്നതുകൊണ്ട് ഒറിജിനൽ ഉൾപ്പെടെ എല്ലാം നിരോധിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നാണ്. ഒരു ചെറുപ്പക്കാരനാണ് ആ സംരംഭം ആരംഭിച്ചത്. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിലിടപെട്ട് അത് ഒറിജിനലാണെങ്കിൽ എന്തുകൊണ്ട് അവർക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ലെന്ന് ബന്ധപ്പെട്ട ആളുകളോട് നേരിട്ട് ചോദിച്ചുവെന്നും അവർതന്നെ പറയുകയുണ്ടായി. ഇത് ഒറിജിനലാണ്, സർട്ടിഫൈഡാണ്. പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചപ്പോൾ ജനങ്ങൾക്ക് ഉപയോഗപ്രദമായ കമ്പോസ്റ്റബിൾ ബാഗുകൾ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റാണത്. ഈ പ്രതിസന്ധിയിൽ നിന്നും ആ ചെറുപ്പക്കാരെ കരകയറ്റി അവരുടെ സംരംഭം തുടർന്നും പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇത് പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയപ്പോഴുണ്ടായ പുതിയ പ്രശ്നമാണ്. പ്ലാസ്റ്റിക് മണ്ണിൽ ലയിക്കില്ല എന്നുള്ളതുകൊണ്ടാണ് പ്ലാസ്റ്റിക് നിരോധിക്കേണ്ടിവന്നത്. കത്തിക്കുമ്പോൾ ഏറ്റവുംകൂടുതൽ കാർബൺ അന്തരീക്ഷത്തിലേയ്ക്ക് പുറന്തള്ളുന്ന ഒരു ഉല്പന്നമാണ് പ്ലാസ്റ്റിക്. അതുകൊണ്ടുതന്നെയാണ് ലോകം മുഴുവൻ പ്ലാസ്റ്റിക് നിരോധനത്തെക്കുറിച്ച് പറയുന്നത്. ഇന്ന് നമ്മൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് വർദ്ധിക്കുന്നുവെന്നതാണ്. ഐക്യരാഷ്ട്രസഭയും ലോകരാഷ്ട്രങ്ങളും ഇതിന്റെ അളവ് കുറച്ചുകൊണ്ടുവരാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കേരളത്തിൽ നടപ്പിലാക്കുന്ന ഹരിത കേരളം മിഷനും അതിന്റെ ആശയങ്ങളുമൊക്കെ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകും. കേരളത്തെയും ലോകത്തെയും രക്ഷിക്കാനുള്ള സംവിധാനമാണത്. മരങ്ങളും ചെടികളും വച്ചുപിടിപ്പിക്കുക, വയലുകൾ മുഴുവൻ നെൽകൃഷി ചെയ്യുക തുടങ്ങിയവ വഴി അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് കുറയ്ക്കാനും ഓക്സിജന്റെ അളവ് വർദ്ധിപ്പിക്കാനും കഴിയത്തക്ക വിധത്തിലുള്ള പദ്ധതികൾക്കാണ് രൂപംകൊടുത്ത്

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി പ്ലാസ്റ്റിക് ബാഗുകൾ, പ്ലാസ്റ്റിക് ഉപകരണങ്ങൾ എന്നിവ നിരോധിക്കേണ്ടതും അവ ശേഖരിച്ച് കാർബൺ അന്തരീക്ഷത്തിലേയ്ക്ക് പുറന്തള്ളുന്നത് തടയുന്നതിനുള്ള സംവിധാനം ഉപയോഗിച്ചുകൊണ്ട് നശിപ്പിക്കാനുമുള്ള നടപടിയാണ് സ്വീകരിക്കുന്നത്. കേരളത്തിൽ പ്ലാസ്റ്റിക്കിനെ ആശ്രയിച്ച് കഴിയുന്ന വ്യവസായങ്ങളിൽ ഇതിനെ ഉപയോഗപ്പെടുത്തി വേറൊരു തരത്തിൽ മാറ്റിത്തീർക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഹരിത കേരളം മിഷൻ തന്നെ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള പരാതികൾ അവർതന്നെ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. നിങ്ങളെ അന്വേഷിച്ചുവരുന്ന സുഹൃത്തുക്കളോട് ഹരിത മിഷനുമായി ബന്ധപ്പെടാൻ പറയണം. അവർ പരിശോധിക്കട്ടെ. എന്നിട്ട് ദോഷമില്ലാത്തതാണെങ്കിൽ ന്യായമായും അത് നടത്താനുള്ള അനുവാദം നൽകും. ഇതുപോലെ പല കേസ്സുകളും വരുന്നുണ്ട്. അതെല്ലാം പരിശോധിക്കുമ്പോൾ അതിൽ പ്ലാസ്റ്റിക്കിന്റെ അംശമാണ് ഭൂരിപക്ഷവുമുള്ളതെന്നാണ് കാണുന്നത്. അത് മറച്ചുവയ്ക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. പക്ഷെ പ്രകൃതിയെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്.

മി. സ്പീക്കർ: ബയോ-ഡീഗ്രേഡബിൾ കമ്പോസ്റ്റ് 90 ദിവസംകൊണ്ട് മണ്ണിൽ ലയിച്ചുചേരുന്നതാണെന്ന് സർട്ടിഫൈ ചെയ്യുന്ന ഏജൻസിയുടെ സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് അനുമതി നൽകിക്കൂടേ?

ശ്രീ. ഇ. പി. ജയരാജൻ: സർ, അത് നൽകുന്നുണ്ട്. അതിനിപ്പോൾ ഒരു തടസ്സവുമില്ല. ഇനി എന്തെങ്കിലുമുണ്ടെങ്കിൽ ഉന്നയിച്ചാൽ തീർച്ചയായും പരിശോധിക്കാം.

## ദേവസ്വം നിയമനങ്ങളിലെ സംവരണം

2 (*182 ) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ആർ. രാജേഷ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാതി പരിഗണനകൾക്കതീതമായി അർഹത മാനദണ്ഡമാക്കി പട്ടികജാതി-പട്ടികഗോത്രങ്ങളിൽപ്പെട്ടവരെയുൾപ്പെടെ ശാന്തിക്കാരായി നിയമിക്കാനുള്ള വിപ്ലവകരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) രാജ്യത്ത് ആദ്യമായി സാമ്പത്തിക പിന്നാക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ മുന്നാക്ക ജാതികളിൽപ്പെട്ടവർക്ക് സംവരണം നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ജാതി പരിഗണനകൾക്കതീതമായി അർഹത മാനദണ്ഡമാക്കി പട്ടികജാതി-പട്ടികഗോത്രങ്ങളിൽപ്പെട്ടവരെയുൾപ്പെടെ ശാന്തി തസ്തികയിൽ നിയമനത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 424 പേരുടെയും കൊച്ചിൻ ദേവസ്വം ബോർഡിൽ 246 പേരുടെയും റാങ്ക് ലിസ്റ്റ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പ്രസിദ്ധപ്പെടുത്തിയതിൽ, തിരുവിതാംകൂർ ദേവസ്വം ബോർഡ് 272 പേരെയും കൊച്ചിൻ ദേവസ്വം ബോർഡ് 128 പേരെയും നിയമിച്ചിട്ടുണ്ട്. ഇതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിയമിച്ചവരിൽ 11 (പതിനൊന്ന്) പേരും കൊച്ചിൻ ദേവസ്വം ബോർഡിൽ നിയമിച്ചവരിൽ 12 (പന്ത്രണ്ട്) പേരും പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരാണ്.

മറ്റ് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ സംവരണ ടേണിൽ 83 പേർ തിരുവിതാംകൂർ ദേവസ്വം ബോർഡിലും 25 പേർ കൊച്ചിൻ ദേവസ്വം ബോർഡിലും ശാന്തി തസ്തികയിൽ നിയമനം ലഭിച്ചവരിലുൾപ്പെടുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ റാങ്ക് പട്ടികയിൽ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽ മതിയായ ഉദ്യോഗാർത്ഥികളില്ലാത്തതിനാൽ ഈ വിഭാഗത്തിലെ 18 ഒഴിവുകളിലേയ്ക്ക് വീണ്ടും അപേക്ഷ ക്ഷണിച്ചുകൊണ്ട് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയ സംവരണത്തിന്റെ ആനുകൂല്യം നൽകി 6 (ആറ്) ഉദ്യോഗാർത്ഥികൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി. ക്ലർക്ക്/സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് നിയമനത്തിനായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 26-2-2020-ൽ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) 2014-ൽ രൂപീകരിക്കപ്പെട്ട 6 അംഗങ്ങളുണ്ടായിരുന്ന കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്നംഗ ബോർഡായി പുനഃസംഘടിപ്പിച്ചു. ഇതിനുശേഷമാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി ആരംഭിച്ചത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മാതൃകയിൽ ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി ഒറ്റത്തവണ പ്രൊഫൈൽ രജിസ്ട്രേഷൻ നടത്തുന്നതിനും അനായാസമായി അപേക്ഷകൾ സമർപ്പിക്കുന്നതിനും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് ഈ അപേക്ഷകൾ അനായാസം പ്രോസസ് ചെയ്ത് പരീക്ഷകൾ നടത്തി റാങ്ക് പട്ടിക തയ്യാറാക്കുന്നതിനും സഹായകരമായ വിധത്തിൽ 'ദേവജാലിക' എന്ന് നാമകരണം ചെയ്ത ഒരു റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിലാക്കി. പരീക്ഷാ നടപടികൾ കുറ്റമറ്റതും സുതാര്യവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേയ്ക്ക് 939 ഉദ്യോഗാർത്ഥികൾ ഉൾക്കൊള്ളുന്ന റാങ്ക് ലിസ്റ്റും കൊച്ചിൻ ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേയ്ക്ക് 975 പേർ ഉൾക്കൊള്ളുന്ന റാങ്ക് ലിസ്റ്റും മലബാർ ദേവസ്വം ബോർഡിലേയ്ക്ക് 61 പേരുടെ റാങ്ക് ലിസ്റ്റും ഇതിനോടകം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. ഈ റാങ്ക് പട്ടികകളിൽനിന്നുള്ള നിയമനങ്ങൾ നടന്നു വരുന്നു. കൂടാതെ ഗുരുവായൂർ ദേവസ്വത്തിലെ 21 തസ്തികകളിലേയ്ക്കുള്ള നിയമനനടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. മുരളി പെരുനെല്ലി: സർ, വിശപ്പിനും ദാരിദ്ര്യത്തിനും ജാതിയില്ല എന്ന എൽ.ഡി.എഫ്. നിലപാടിനനുസൃതമായി ദളിതരെ പൂജാരിമാരാക്കിയും സവർണ്ണരിൽ അതീവ ദരിദ്രരായവർക്ക് ജോലി നൽകിയും കേരളത്തിലെ ദേവസ്വം ബോർഡ് നിയമനങ്ങളിൽ സംവരണനയം നടപ്പിലാക്കിയ എൽ.ഡി.എഫ്. സർക്കാർ വീണ്ടും ഇന്ത്യയ്ക്ക് മാതൃകയായിരിക്കുകയാണ്. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് അനുവദിച്ച പത്ത് ശതമാനം സംവരണത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മാനദണ്ഡങ്ങളിൽ ഒന്ന്, അപേക്ഷകന്റെ കുടുംബത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ സഹകരണ സ്ഥാപനങ്ങളിലോ സർക്കാർ സഹായം ലഭിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലോ സ്ഥിരം ജോലിയുള്ളവരുണ്ടാകരുത്. രണ്ട്, കുടുംബത്തിൽ ഇൻകം ടാക്സ് നൽകുന്ന അംഗമുണ്ടാകരുത്. മൂന്ന്, കുടുംബത്തിൽ ഒരേക്കറിലധികം വസ്തു ഉണ്ടാകരുത്. നാല്, കുടുംബത്തിൽ പ്രതിമാസം 25,000 രൂപ അതായത് പ്രതിവർഷം 3,00,000 രൂപയിലധികം വരുമാനമുള്ള അംഗമുണ്ടാകരുത്. ഇതാണ് സാമ്പത്തിക സംവരണത്തിന്റെ മാനദണ്ഡമായി ദേവസ്വം ബോർഡുകളിൽ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. മുരളി പെരുനെല്ലി: സർ, മുൻകാലങ്ങളിൽ പൂജാദികർമ്മങ്ങളിൽ പ്രാവീണ്യമില്ലാത്തവരെയും മേൽസമുദായക്കാരെന്ന പരിഗണനയിൽ കൈക്കൂലി വാങ്ങി നിയമിക്കുന്ന പതിവിന് അറുതിവരുത്തിയിരിക്കുകയാണ് ഈ സർക്കാർ. താന്ത്രിക പരിശീലനം നേടിയ, ആചാരാനുഷ്ഠാനങ്ങൾ അറിയുന്ന അബ്രാഹ്മണരെയും പട്ടികജാതിക്കാരെയും ക്ഷേത്രങ്ങളിലെ ശാന്തിക്കാരായും മറ്റും നിയമിക്കുന്നതിനെതിരായി പ്രവർത്തിക്കുകയും അവർ ശ്രീകോവിലിൽ കയറുന്നത് തടയുകയും സോഷ്യൽ മീഡിയവഴി അസഭ്യവർഷം ചൊരിയുകയും ചെയ്യുന്ന ആർ.എസ്.എസ്., ഹിന്ദു ഐക്യവേദി തുടങ്ങിയ വർഗ്ഗീയ ശക്തികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് ശാന്തി നിയമനങ്ങളിലുണ്ടായ വിപ്ലവകരമായ മാറ്റം ഉൾക്കൊള്ളാൻ കഴിയാത്ത ചെറിയ ന്യൂനപക്ഷമുണ്ട്. ആദ്യഘട്ടങ്ങളിലൊന്നും അവർ പരസ്യമായി രംഗത്തു വന്നിരുന്നില്ല. കാരണം, കേരളത്തിന്റെ സാമൂഹികാവസ്ഥയിൽ അത്തരം നീക്കങ്ങൾ നടത്തി മുന്നോട്ടുവരാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. എന്നാൽ ചില പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ നിയമനം ലഭിച്ച പട്ടികജാതിക്കാരായ ശാന്തിമാരോട് മോശമായി പെരുമാറിയതായി പരാതിയുണ്ടായി. അത്തരം പരാതികളിൽ കർശന നിലപാട് ഗവൺമെന്റ് സ്വീകരിച്ചു. ഒരിഞ്ചുപോലും നമ്മൾ പിന്നോട്ടുപോയില്ല. അവർ അവിടെ ശാന്തി പ്രവൃത്തി ചെയ്തുതന്നെ ജീവിക്കുകയാണ്. അത്തരം നീക്കം നടത്തിയവർക്കെതിരെ നിലപാട് സ്വീകരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പൊതുസമൂഹത്തിന്റെ സജീവ പിന്തുണ അക്കാര്യത്തിലുണ്ടായിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ്: സർ, ജാതി പരിഗണനകൾക്കതീതമായി പട്ടികജാതി/ പിന്നാക്ക ജനവിഭാഗത്തിൽപ്പെട്ടവർക്ക് ശ്രീകോവിലിൽ പ്രവേശിക്കാനാവശ്യമായ നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. 1936-ലെ ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷം ഒരു ശ്രീകോവിൽ പ്രവേശന വിളംബരമായി സർക്കാരിന്റെ ഈ നടപടികൾ മാറിയിട്ടുണ്ട്, അതിന് സർക്കാരിനെ അഭിനന്ദിക്കുകയാണ്. അതിന്റെ ഭാഗമായി തിരുവിതാംകൂർ -കൊച്ചിൻ ദേവസ്വം ബോർഡിൽ നിയമനം നടത്തുമ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബാക്കിനിൽക്കുന്ന ഒഴിവുകളിലുള്ള നിയമനം അടിയന്തരമായി നടത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇതുസംബന്ധിച്ച് ഞാൻ നേരത്തെ എന്റെ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തി നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിൽനിന്നുള്ള 18 ഒഴിവുകൾ നികത്താൻ വേണ്ടത്ര അപേക്ഷകരെ കിട്ടാത്തതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഇടത്താവള സമുച്ചയത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; അതുസംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാൻ കഴിയുമോ; ഈശ്വര പൂജയ്ക്കും ഈശ്വര സ്തുതിക്കും ദളിതർ പാടില്ലെന്ന സംഘപരിവാർ അജണ്ട ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അടുത്തകാലത്ത് ഒരു സോപാന ഗായകനുണ്ടായ വിലക്കിന്റെ പ്രശ്നമായിരിക്കും ബഹുമാനപ്പെട്ട അംഗം രണ്ടാമത് ചോദിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചേരാനെല്ലൂരിലെ ഒരു ക്ഷേത്രത്തിലുണ്ടായ വിഷയമാണത്. പട്ടികജാതിക്കാരനായതുകൊണ്ട് ക്ഷേത്രത്തിൽനിന്നും മാറ്റണമെന്ന് പറഞ്ഞ് സോപാനം ഗായകൻ ശ്രീ. വിനിൽ ദാസിനെ ജോലി ചെയ്യുന്നതിൽനിന്നും ഉപദേശക സമിതി വിലക്കാൻ ശ്രമിച്ചിരുന്നു. അദ്ദേഹം സോപാനം പാടുന്നത് ഉപദേശക സമിതിക്കത്ര ഇഷ്ടമായില്ല. അദ്ദേഹത്തെ മാറ്റിയില്ലെങ്കിൽ ഞങ്ങൾ രാജിവച്ചുപോകുമെന്ന നിലപാടുവരെ അവിടത്തെ ഉപദേശക സമിതി സ്വീകരിച്ചു. കൊച്ചിൻ ദേവസ്വം ബോർഡ് അക്കാര്യത്തിൽ ഫലപ്രദമായി ഇടപെടുകയും ഉപദേശക സമിതിയുടെ ആവശ്യം അംഗീകരിക്കാൻ സാധ്യമല്ലെന്ന നിലപാട് സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം ഇപ്പോൾ ജോലിയിൽ തുടരുകയാണ്. ശ്രീ. വിനിൽ ദാസിന് വിശ്രമിക്കാനുള്ള ഒരു മുറി അവിടെയുണ്ടായിരുന്നതിൽ ഉപദേശക സമിതിയുടെ സാധനങ്ങളെല്ലാം വച്ചുപൂട്ടി പോകുന്ന സ്ഥിതിയുണ്ടായി. അതും കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഇടപെടൽമൂലം തിരികെ ലഭിച്ചിട്ടുണ്ട്. ഗവൺമെന്റും ദേവസ്വം ബോർഡും അക്കാര്യത്തിൽ പിന്നോട്ടുപോയിട്ടില്ല. ശക്തമായ നിലപാട് സ്വീകരിക്കുകയാണുണ്ടായത്. ശബരിമലയിലെ ഇടത്താവളം സംബന്ധിച്ച് പറയുകയാണെങ്കിൽ, അത് സംസ്ഥാന ഗവൺമെന്റിന്റെ പ്രധാനപ്പെട്ട പ്രോജക്ടാണ്. ആദ്യഘട്ടത്തിൽ ഏതാനും ചില പ്രോജക്ടുകൾക്ക് Administrative Sanction (AS)-ഉം Technical Sanction (TS)-ഉം നൽകുന്ന കാര്യത്തിലുണ്ടായിട്ടുള്ള ചില പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് അത് പുനഃക്രമീകരിച്ചു. 141.75 കോടി രൂപയുടെ ഏഴ് പദ്ധതികളാണ് നേരത്തെ വിഭാവന ചെയ്തിരുന്നത്. എന്നാൽ മഹാപ്രളയത്തെത്തുടർന്ന് പമ്പയിൽ പുതിയ നിർമ്മാണങ്ങൾ പാടില്ലെന്ന് ഗവൺമെന്റ് തീരുമാനിക്കുകയും നിലയ്ക്കലിനെ ബേസ് ക്യാമ്പാക്കി മാറ്റുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്തു. അതനുസരിച്ച് കിഫ്ബി ഫണ്ടിൽ നടത്താനുദ്ദേശിച്ചിരുന്ന 150 കോടി രൂപയുടെ പദ്ധതികൾ പുനഃക്രമീകരിക്കുകയുണ്ടായി. പമ്പയിലെ 5 MLD (Million Litres per Day) - യുടെ മാലിന്യ സംസ്കരണ പ്ലാന്റ് 23 കോടി രൂപ, നിലയ്ക്കലിലെ 5 MLD-യുടെ മാലിന്യ

സംസ്കരണ പ്ലാന്റ് 22 കോടി രൂപ, നിലയ്ക്കലിലെ വാഹന പാർക്കിംഗ് സംവിധാനം 5 കോടി രൂപ, നിലയ്ക്കലിലെ ഇടത്താവള സമുച്ചയം, 50 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി, ബയോഗ്യാസ് പ്ലാന്റ് എന്നിവയ്ക്ക് 35 കോടി രൂപ, എരുമേലിയിൽ ഒരു ഇടത്താവളത്തിന് 10 കോടി രൂപ, ചെങ്ങന്നൂർ ഇടത്താവളം 10 കോടി രൂപ, ചിറങ്ങര ഇടത്താവളം 10 കോടി രൂപ, ശുകപുരം ഇടത്താവളം 10 കോടി രൂപ, മണിയങ്കോട് ഇടത്താവളം 10 കോടി രൂപ, കഴക്കൂട്ടം ഇടത്താവളം 10 കോടി രൂപ, റാന്നിയിൽ വാഹന പാർക്കിംഗ് സംവിധാനത്തിന് 5 കോടി രൂപ; ഈ രൂപത്തിൽ പുനഃക്രമീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (NBCC) എന്ന കമ്പനിയെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. NBCC എല്ലാ ഇടത്താവളങ്ങളുടെയും സ്ഥലം പരിശോധിച്ച് കിഫ്ബി ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും നൽകിയിട്ടുണ്ട്. കിഫ്ബി അപ്രൈസൽ നടത്തി അംഗീകാരം ലഭ്യമായാലുടൻതന്നെ NBCC നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതരത്തിൽ വളരെ വേഗതയിൽ നടപടികൾ മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, മുന്നാക്ക സമുദായത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് കേരളത്തിൽ ആദ്യമായി സംവരണം നൽകിയത് ദേവസ്വം ബോർഡിലായിരുന്നു. ഇക്കാര്യത്തിൽ അങ്ങയെ അഭിനന്ദിക്കുന്നു. ഇപ്പോൾ ഏതെല്ലാം കാറ്റഗറിയിലാണ് സംവരണം നൽകി നിയമനം നടന്നുവരുന്നതെന്നും ദേവസ്വം ബോർഡിലെ എല്ലാ മേഖലയിലും സംവരണം ഏർപ്പെടുത്താൻ കഴിയുമോയെന്നും ആശ്രിത നിയമനങ്ങളിലെ അർഹതപ്പെട്ട എല്ലാവർക്കും നിയമനം നൽകിയോയെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ദേവസ്വം ബോർഡിലെ എല്ലാ തലങ്ങളിലെയും നിയമനങ്ങളിൽ ഈ സംവരണം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിയമനം നടക്കുന്ന മേഖലകളിൽ മുന്നാക്ക സമുദായ സംവരണമടക്കമുള്ളത് ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്. ആശ്രിത നിയമനത്തെ സംബന്ധിച്ച് സംസ്ഥാനത്ത് ഒരു വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. അതുപ്രകാരം ആശ്രിത നിയമനം ലഭിക്കുന്നവരുടെ പട്ടിക നീണ്ടുവരികയാണ്. എന്തു ചെയ്യണമെന്നുള്ളത് പൊതുവെ ഗവൺമെന്റ് ആലോചിക്കേണ്ട ഒരു വിഷയമാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്, ദേവസ്വം ബോർഡിന്റെ എല്ലാ നിയമനങ്ങളിലും സംവരണം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടെന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനവുമായി ബന്ധപ്പെട്ട്

ഈ ഗവൺമെന്റും ചില നടപടികളെടുത്തു. പക്ഷേ നാലുവർഷം പിന്നിട്ടിട്ടും ശ്രീകോവിലിലേയ്ക്കുവരെ പ്രവേശനം ലഭിച്ചെങ്കിലും ഇപ്പോഴും ദേവസ്വം ബോർഡിനുകീഴിലുള്ള എയ്ഡഡ് കോളേജുകളിൽ സംവരണമില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടോ; ദേവസ്വം ബോർഡ് ശമ്പളം കൊടുക്കുന്ന എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽക്കൂടി സംവരണം കൊണ്ടുവരുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് നടപടിയെടുക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ദേവസ്വം ബോർഡിന്റെ കീഴിലുള്ള എയ്ഡഡ് കോളേജുകൾക്കടക്കം സർവ്വകലാശാലയുമായി ബന്ധപ്പെട്ട നിയമമാണ് ബാധകമായിട്ടുള്ളത്. ദേവസ്വം ബോർഡിന്റെ നിയമങ്ങളല്ല എയ്ഡഡ് കോളേജുകൾക്ക് ബാധകമായിട്ടുള്ളത്. അത് പൊതുവെ ഗവൺമെന്റ് ആലോചിക്കേണ്ട വിഷയമാണ്. സംസ്ഥാനത്ത് എയ്ഡഡ് കോളേജുകളിൽ സംവരണം നടപ്പിലാക്കണമോ വേണ്ടയോ എന്നുള്ളത് ഗൗരവതരമായ ഒരു പ്രശ്നമാണ്. അതിന് കൂട്ടായുള്ള പരിശോധന ആവശ്യമാണ്. എല്ലാ മേഖലകളിൽനിന്നും അതിനാവശ്യമായ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉയർന്നുവരണം. അതിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ട കാര്യമാണ്.

<u>ശ്രീ. ബി. സത്യൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ, ശാന്തി നിയമനത്തിൽ നിലവിൽ നികത്താൻ കഴിയുന്ന 18 ഒഴിവുകളാണുള്ളതെന്ന് സൂചിപ്പിച്ചെങ്കിലും അതിനെക്കാളേറെ ഒഴിവുകളുള്ളതായാണ് അറിയാൻ കഴിയുന്നത്. ശാന്തി, കഴകം ഉൾപ്പെടെയുള്ള തസ്തികകളിൽ ക്വാളിഫൈഡായ, പ്രധാനമായും താന്ത്രിക പരിശീലനവും ആചാരാനുഷ്ഠാനങ്ങളും അറിയാവുന്നവരെയാണ് നിയമിക്കുന്നത്. ദേവസ്വം ബോർഡിനും അവയുടെ കീഴിലുള്ള സ്ഥാപനങ്ങൾ വഴിയും പ്രത്യേക പരിശീലനം നൽകി ഇവരുടെ എണ്ണം നികത്താൻ കഴിയുമോ; ദേവസ്വം ബോർഡിന്റെ ഇതര സ്ഥാപനങ്ങളിലും ദേവസ്വം ബോർഡിന്റെ സഹായത്താൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും സംവരണതത്വം പാലിച്ച് ബാക്ക് ലോഗ് നികത്തി നിയമനം നടത്തുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ പിന്നാക്കം മാത്രമല്ല, മുന്നാക്ക സമുദായ സംവരണമടക്കമുള്ള തത്വങ്ങൾ പാലിച്ചാണ് നടക്കുന്നത്. ഇനിയുള്ള നിയമനങ്ങളും അതേ അടിസ്ഥാനത്തിൽത്തന്നെ നടക്കുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ശാന്തിനിയമനത്തിന്റെ കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. 18 ഒഴിവുകളിലേയ്ക്ക് റാങ്ക് പട്ടികയിൽപ്പെട്ട വേണ്ടത്ര

ഉദ്യോഗാർത്ഥികൾ ഉണ്ടായിരുന്നില്ല. നമ്മുടെ നാട്ടിൽ പിന്നാക്ക പട്ടികജാതി വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള നൂറുകണക്കിനാളുകളുണ്ട്. അവരാരും പ്രോപ്പറായി ഈ തസ്തികയിൽ അപേക്ഷിച്ചിട്ടുണ്ടാകില്ല. അവർക്ക് അപേക്ഷിക്കാനുള്ള ഒരു സൗകര്യമെന്ന നിലയിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ തീരുമാനിച്ചത്. അതുതന്നെ ഒരു പ്രധാനപ്പെട്ട കാര്യമാണ്. ആദ്യമായി നടക്കുന്ന നിയമനമാണ്. അതിൽ 18 പേർ ഇല്ലെന്ന് കണ്ടപ്പോൾ വേറെ ഏതെങ്കിലും വിഭാഗത്തിന് മാറ്റിക്കൊടുക്കാതെ, ഉടൻതന്നെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി അവരെത്തന്നെ നിയമിക്കണമെന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. അത് സംവരണവ്യവസ്ഥയോടുള്ള ഈ ഗവൺമെന്റിന്റെ താൽപ്പര്യം വ്യക്തമാക്കുന്നതാണ്. വിശേഷിച്ച് പട്ടികജാതി/പട്ടികവർഗ്ഗ സമൂഹത്തോടുള്ള സർക്കാരിന്റെ ആഭിമുഖ്യവും അവരോടുള്ള പ്രതിബദ്ധതയും വ്യക്തമാക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ ദേവസ്വം ബോർഡുകളെ സംബന്ധിച്ചുമാത്രമാണ് പറഞ്ഞത്. 4500-ൽപ്പരം ക്ഷേത്രങ്ങളുള്ള മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ജീവനക്കാരുടെ ദുരവസ്ഥ മാറ്റുന്നതിനും ശമ്പളക്കുടിശ്ശിക ഉൾപ്പെടെ അവർക്ക് ന്യായമായ ശമ്പളം കൃത്യമായി നൽകുന്നതിനും ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ട സമയമായി. അവരുടെ ആവശ്യത്തെ മാനിച്ചുകൊണ്ട് ഇടക്കാലാശ്വാസമായി രണ്ടായിരം രൂപ നൽകിയിട്ടുണ്ട്. ശമ്പള പരിഷ്കരണ നടപടികൾ നടന്നുവരികയാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, സംവരണതത്വം 50 ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്ന സുപ്രീംകോടതി വിധി ദേവസ്വം ബോർഡിൽ നടപ്പാക്കിയപ്പോൾ എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് പറയാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നേരത്തെയുണ്ടായിരുന്ന 10% സംവരണം എന്നിവ ഇപ്പോൾ 12 ശതമാനമാക്കി. ഈഴവ, തിയ്യ, ബില്ലവ തുടങ്ങിയിട്ടുള്ളവർക്ക് നേരത്തെ 14% സംവരണമുണ്ടായിരുന്നത് 3 ശതമാനംകൂടി വർദ്ധിപ്പിച്ച് ഇപ്പോൾ 17 ശതമാനമാക്കി. വിശ്വകർമ്മ വിഭാഗത്തിൽപെട്ടവർക്ക് 3% സംവരണമാണ്. ഒ.ബി.സി.-ക്ക് നേരത്തെ 3% സംവരണമുണ്ടായിരുന്നത് ഇപ്പോൾ 6 ശതമാനമാക്കി, ധീവര-1%, ഹിന്ദുനാടാർ-1%. ഈ രൂപത്തിലാണ് 50% സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്.

## ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം

3(*183) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. വി. ജോയി:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം മുപ്പത്താറായിരം കോടിയിലധികം രൂപയുടെ വരുമാനവും ലക്ഷക്കണക്കിന് തൊഴിലവസരങ്ങളുമുള്ള വിനോദസഞ്ചാര വ്യവസായത്തിന്റെ സദ്ഫലങ്ങൾ പ്രാദേശിക സമൂഹത്തിനുകൂടി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനംവഴി കൈവരിക്കാനായ നേട്ടം വിശകലനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഉത്തരവാദിത്ത ടൂറിസം മിഷനിൽ എത്ര യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇവയ്ക്ക് നൽകിവരുന്ന പൊതുസഹായങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(സി) ഇത്തരം യൂണിറ്റുകളുടെ ടൂറിസം വിപണനത്തിന് ഉത്തരവാദിത്ത ടൂറിസം മിഷന് പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ (ആർ.ടി. മിഷൻ) പ്രവർത്തനങ്ങളും അതുമൂലം തദ്ദേശീയ സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങളും കൃത്യമായ ഇടവേളകളിൽ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനം ചെയ്യപ്പെടുന്നുണ്ട്.

തദ്ദേശീയരായ ജനങ്ങളെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിച്ച് അധിക തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കേരളത്തിന്റെ സാംസ്കാരികത്തനിമ, തനത് ജീവിതരീതി, ഗ്രാമീണാന്തരീക്ഷം, തൊഴിൽ, കലാരൂപങ്ങൾ, ആഘോഷങ്ങൾ, ഭക്ഷണ വിഭവങ്ങൾ എന്നിങ്ങനെയുള്ളതെല്ലാം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുകയും അതിലൂടെ അവ അന്യംനിന്നുപോകാതെ സംരക്ഷിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ മാലിന്യ വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ.

ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചതിനുശേഷമുള്ള പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി നിലവിൽ 17008 യൂണിറ്റുകൾ ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഫെബ്രുവരി 29 വരെ രജിസ്റ്റേർഡ് യൂണിറ്റുകളിലൂടെ ലഭിച്ചിരിക്കുന്ന പ്രാദേശിക വരുമാനം 18.26 കോടി രൂപയാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവ പച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യവർദ്ധിത ഭക്ഷ്യോല്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷോഫേർസ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ഹോം സ്റ്റേകൾ, ടെന്റഡ് അക്കോമഡേഷൻ യൂണിറ്റുകൾ, ഫാം വിസിറ്റ് യൂണിറ്റുകൾ, ടൂറിസം അനുബന്ധ സർവ്വീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടുകിടക്കുന്ന വ്യത്യസ്തങ്ങളായ 17008 യൂണിറ്റുകൾ ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.

യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുക, രജിസ്റ്റർ ചെയ്ത യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി അതുവഴി പ്രസ്തുത യൂണിറ്റുകൾക്ക് വരുമാനം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, യൂണിറ്റുകളെ മാർക്കറ്റിംഗ് ചെയ്യുന്നതിനുള്ള സഹായങ്ങൾ ചെയ്യുക, യൂണിറ്റുകൾക്ക് ഓൺലൈൻ സർവ്വീസുകൾ ആർ.ടി. മിഷൻ പ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാക്കുക, അതിനാവശ്യമായ പരിശീലനങ്ങൾ നൽകുക, രജിസ്റ്റർ ചെയ്ത യൂണിറ്റുകളെ ഓൺലൈൻ നെറ്റ്‌വർക്കുകൾ വഴി ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ചെയ്തുവരുന്നു.

ടൂറിസം വ്യവസായത്തിന് ആർ.ടി. മിഷൻ പ്രവർത്തനങ്ങൾ പരിചയപ്പെടുത്താനും യൂണിറ്റുകളുമായി നെറ്റ്‌വർക്ക് ചെയ്യുന്നതിനുമായി ടൂറിസം സംരംഭകരുടെ ജില്ലാതല യോഗങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ യോഗങ്ങൾ പൂർത്തിയായി.

ആർ.ടി. മിഷൻ ടൂറിസം സംരംഭകരുമായി നേരിട്ട് ചർച്ചകൾ നടത്തി, സംരംഭകരും യൂണിറ്റുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് യൂണിറ്റുകളുടെ ഉല്പന്നങ്ങളും സേവനങ്ങളും സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ചെയ്തുവരുന്നു.

ഇതിനുപുറമേ സാധ്യമായ പ്രദർശന വിപണന മേളകളിലും സ്റ്റാളുകൾ ഒരുക്കിക്കൊണ്ട് യൂണിറ്റുകളുടെ പ്രചാരണത്തിനും ഉല്പന്ന വിപണനത്തിനും വഴിയൊരുക്കുകയും ചെയ്യുന്നു.

(സി) രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാ യൂണിറ്റുകളെയും ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനും അവർക്ക് വരുമാന ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രാമുഖ്യം നൽകുന്നത്.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി ശ്രീ. ബി. ഡി. ദേവസ്സി: സർ, ടൂറിസം മേഖലയിൽ മികച്ച പ്രവർത്തനവും മുന്നേറ്റവുമാണ് വകുപ്പ് കാഴ്ചവയ്ക്കുന്നത്. ഇതിനുള്ള അംഗീകാരമായി ലോക ടൂറിസം മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള അവാർഡുകളിലൊന്നായ ഡബ്ല്യു.ടി.എം. ഗോൾഡ് അവാർഡ് ഉൾപ്പെടെ നാല് ഇന്റർനാഷണൽ അവാർഡുകളും മൂന്ന് ദേശീയ അവാർഡുകളും ടൂറിസം വകുപ്പ്, പ്രത്യേകിച്ചും ഉത്തരവാദിത്ത ടൂറിസം മിഷൻ നേടുകയുണ്ടായി. ഇന്ത്യയ്ക്ക് മാതൃകയായിട്ടുള്ള കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മധ്യപ്രദേശ് ഗവൺമെന്റ് നടപ്പാക്കാൻ മുന്നോട്ടുവന്ന കാര്യവും അഭിമാനകരമായിട്ടുള്ളതാണ്. നിയമസഭയിൽ ബഹുമാന്യനായ കേരള ഗവർണർ നടത്തിയ പ്രസംഗത്തിൽ ഉത്തരവാദിത്ത ടൂറിസം മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് സൂചിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് പുതുതായി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ നേരത്തെ പറഞ്ഞ മറുപടിയിൽ അതെല്ലാം ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രോജക്റ്റിന് ലഭിച്ച വലിയൊരു അംഗീകാരമാണ് കേരള മാതൃകയിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ മധ്യപ്രദേശിലും ആരംഭിക്കണമെന്ന് അവിടത്തെ ഗവൺമെന്റ് നമ്മുടെ ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. അതിന്റെ ഭാഗമായി രണ്ട് സംസ്ഥാനങ്ങളും തമ്മിൽ സഹകരിക്കുന്നത് സംബന്ധിച്ച് ഒരു ധാരണാപത്രവും ഒപ്പിട്ടിട്ടുണ്ട്. ഇത് സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് ലഭിച്ച വലിയ അംഗീകാരമായാണ് കാണുന്നത്. വൈവിദ്ധ്യമാർന്ന നിരവധി പദ്ധതികളാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായെടുത്തിട്ടുള്ളത്. അതിൽ കേരളത്തിലെ മനോഹരമായ ഗ്രാമങ്ങൾ കാണുന്നതിനും ആസ്വദിക്കുന്നതിനുമായി ഗ്രാമീണ ടൂർ പാക്കേജുകളുണ്ട്. ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന യൂണിറ്റുകളെ നെറ്റ്‌വർക്ക് ചെയ്യുന്നതിനായി മൂന്ന് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ തയ്യാറാക്കിയിട്ടുണ്ട്. അതുവഴിയാണ് തൊഴിലും വരുമാനവും അവർക്ക് ലഭ്യമാക്കുന്നത്. ഭിന്നശേഷി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു, വിവിധ പരിശീലനങ്ങൾ നടത്തിവരുന്നു. പ്രധാനമായും തുണി സഞ്ചി നിർമ്മാണം, പേപ്പർ ബാഗുകൾ, വിവിധ തരത്തിലുള്ള കരകൗശല വസ്തുക്കൾ ഇവയുടെ നിർമ്മാണം പരിശീലിപ്പിക്കുന്നുണ്ട്. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. ഓണക്കാലത്ത് കേരളത്തിലെ

തനത് ഭക്ഷണം ആസ്വദിക്കാനായി 'നാട്ടിൻപുറങ്ങളിൽ ഓണം ഉണ്ണാം' എന്ന പദ്ധതി കഴിഞ്ഞ രണ്ടുവർഷമായി നടപ്പാക്കി വരുന്നുണ്ട്. ഗ്രാമീണ ഭക്ഷണ രീതി ആസ്വദിക്കാൻ ഒരു പ്രത്യേക പദ്ധതിയും പാക്കേജും നടപ്പാക്കിയിട്ടുണ്ട്. ഇതിൽ സ്ത്രീകളുടെ പങ്കാളിത്തം ഉത്തരവാദിത്ത ടൂറിസത്തിലെ ഒരു പ്രധാനപ്പെട്ട ഘടകമാണ്. നിലവിൽ ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന 83% യൂണിറ്റുകളും സ്ത്രീകൾ നടത്തുന്നതാണ്. വരുമാനത്തിന്റെ 80 ശതമാനവും സ്ത്രീകൾക്കാണ് ലഭിക്കുന്നത്. കലാരംഗത്ത് താൽപ്പര്യമുള്ളവർക്കും സ്ത്രീകൾക്കും വിനോദ സഞ്ചാരികൾക്കും മുമ്പാകെ നാടൻകലകൾ അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നുണ്ട്. സ്ത്രീകൾ നടത്തുന്ന വിവിധ യൂണിറ്റുകൾവഴി നാടൻ ഭക്ഷണം വിനോദ സഞ്ചാരികൾക്ക് ലഭ്യമാക്കുന്നു. സ്ത്രീകൾ ഏർപ്പെടുന്ന ഓലമെടച്ചിൽ, കയർപിരിപോലെയുള്ള ഗ്രാമീണ തൊഴിലുകൾ ആസ്വദിക്കാനുള്ള അവസരം വിനോദ സഞ്ചാരികൾക്ക് നൽകുന്നു, ഇവയുടെ വിപണനംമൂലം കൂടുതൽ തൊഴിലും വരുമാനവും ലഭ്യമാകുന്നു. ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താവും ഉല്പാദകനും തമ്മിൽ നേരിട്ട് ബന്ധപ്പെടാനുള്ള അവസരമൊരുക്കുന്നതിലൂടെ ചൂഷണം ഫലപ്രദമായി അവസാനിപ്പിക്കാൻ സാധിക്കുമെന്നുള്ളതാണ് ഈ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം.

ശ്രീ. ബി. ഡി. ദേവസ്സി: സർ, പ്രതിവർഷം 15 ലക്ഷത്തോളം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന അതിരപ്പിള്ളി അനുബന്ധ ടൂറിസം മേഖല ഉൾപ്പെടുന്ന അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഉത്തരവാദിത്ത ടൂറിസം നടപ്പാക്കാൻ പ്രത്യേക ഗ്രാമസഭ ചേരുകയുണ്ടായി. തുടർന്ന് പരിശീലനവും ടൂർ പാക്കേജ് ഉൾപ്പെടെയുള്ള കാര്യങ്ങളും തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും ഈ പഞ്ചായത്തിൽ പദ്ധതി നടപ്പാക്കുന്നതിന് വനം വകുപ്പിന്റെ സഹകരണം ഉറപ്പാക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതിരപ്പിള്ളിയിലെ 'പെപ്പർ' പദ്ധതി പ്രകാരം ആർ.ടി. മിഷൻ ചെയ്ത ചില കാര്യങ്ങൾ അദ്ദേഹം സൂചിപ്പിച്ചു. സ്പെഷ്യൽ ടൂറിസം ഗ്രാമസഭയും ഇൻവെസ്റ്റേഴ്സ് മീറ്റും സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റും ടൂറിസം റിസോഴ്സ് മാപ്പിംഗും നടന്നു, ടൂറിസം റിസോഴ്സ് ഡയറക്ടറിയും ടൂർ പാക്കേജുകളും തയ്യാറാക്കി 30 പേർക്ക് പരിശീലനം നൽകി. ബാക്കി പരിശീലനങ്ങളും തുടർനടപടികളും ആരംഭിക്കുന്നതിനുവേണ്ടി ശ്രമിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അപകടരഹിതമായ വൈദ്യുതി വിതരണം

4 (*184) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിൽ അപകടരഹിതമായ മാർഗ്ഗത്തിലൂടെ വൈദ്യുതി വിതരണം ചെയ്യുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള ലൈനുകളുടെയും സബ് സ്റ്റേഷനുകളുടെയും ശേഷി കൂട്ടിയിട്ടുണ്ടോ; പദ്ധതികൾ വിവരിക്കുമോ;

(സി) വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് കിഫ്ബി മുഖാന്തരം ലഭിക്കുന്ന ഫണ്ട് ഏതൊക്കെ വിധത്തിൽ ഉപയോഗിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ, പുനലൂർ-മാടക്കത്തറ എച്ച്.വി.ഡി.സി. ലിങ്ക്, ഉടുപ്പി-മൈലാട്ടി 400 കെ.വി. ലൈൻ എന്നീ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഇ) ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചെലവ് കുറയ്ക്കുന്നതിന് വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ വിവരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര, വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി നടപ്പാക്കുന്ന ഇ-സേഫ്, ഫിലമെന്റ് രഹിത കേരളം തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. അന്താരാഷ്ട്ര നിലവാരത്തിൽ അപകടരഹിതമായ മാർഗ്ഗത്തിലൂടെ വൈദ്യുതി വിതരണം ചെയ്യുന്നതിനായി

നടപ്പിലാക്കുന്ന പദ്ധതിയാണ് ദ്യുതി 2021. പ്രസ്തുത പദ്ധതി നടപ്പിലാകുന്നതോടു കൂടി കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പാക്കുന്നതിനോടൊപ്പം ഗുണനിലവാരമുള്ള വൈദ്യുതി ഇടതടവില്ലാതെ എല്ലാവർക്കും ലഭ്യമാക്കുക, വൈദ്യുതി സേവനം നൽകുന്നതിലുള്ള നഗര-ഗ്രാമ വിവേചനം ഒഴിവാക്കുക, വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുക, ഏറ്റവും മെച്ചപ്പെട്ട സുരക്ഷാമാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക എന്നിവയാണ്. വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നാലുവർഷങ്ങൾകൊണ്ട് 4,036.3 കോടി രൂപ മുതൽമുടക്കുള്ള വിതരണ മേഖലയിലെ വികസന പദ്ധതിയാണ് ദ്യുതി 2021. ഇതിൽ 9936 കി.മീ. ഹൈടെൻഷൻ ലൈൻ വലിക്കുക, 3741 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക എച്ച്.റ്റി/എൽ.റ്റി. അനുപാതം പരിഷ്കരിച്ച് ലൈനുകളുടെ നിലവാരം ഉയർത്തുക, എച്ച്.റ്റി. ലൈനുകളും ട്രാൻസ്ഫോർമറുകളും സാറ്റലൈറ്റ് മാപ്പ് ചെയ്ത് ഫോൾട്ട് പാസ് ഡിറ്റക്ടറുകൾ സ്ഥാപിക്കുക, ആവശ്യമായ ലൈനുകളിൽ എ.ബി.സി. അഥവാ കവേർഡ് കണ്ടക്ടറുകൾ വലിക്കുക മുതലായ ആധുനികവൽക്കരണ പ്രവൃത്തികൾ ഉൾപ്പെടുന്നു. വിതരണ മേഖലയിലെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി വിതരണനഷ്ടം പരമാവധി കുറച്ച് ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുക എന്ന ദൗത്യമാണ് ദ്യുതി 2021-ൽ ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രസരണമേഖലയിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധലൈനുകളും നിർമ്മിക്കുക, നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുക, വോൾട്ടേജ് നിലവാരം ഉയർത്തുക എന്നീ പ്രവൃത്തികളാണ് നടപ്പാക്കിവരുന്നത്. ഈ നടപടികളുടെ ഭാഗമായി ഈ കാലയളവിൽ 45 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. ഇതിൽ രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും (കാട്ടാക്കട, അമ്പലത്തറ) പതിനാറ്

110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. നിർമ്മാണം പൂർത്തീകരിച്ച 45 സബ്സ്റ്റേഷനുകളിൽ 36 എണ്ണം പുതിയതായി നിർമ്മിച്ചതും ശേഷിക്കുന്ന 9 എണ്ണം വോൾട്ടേജ് നിലവാരം ഉയർത്തിയവയുമാണ്. കൂടാതെ 895 കി.മീ. പ്രസരണ ലൈനുകളുടെ നിർമ്മാണവും പൂർത്തിയാക്കി. ഇതിനുപുറമെ വിവിധ സബ്സ്റ്റേഷനുകളിലായി 1314 MVA ശേഷിയുള്ള പുതിയ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള 20 സബ്സ്റ്റേഷനുകളുൾപ്പെടെ 2020-21-ഓടുകൂടി 70 സബ്സ്റ്റേഷനുകൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസരണമേഖലയിൽ 1841.27 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല (Intra-state Transmission Network) ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കിവരുന്നു. രണ്ട് ഘട്ടങ്ങളിലായി 10,000 കോടി രൂപ മൂലധന വിഹിതം ആവശ്യമുള്ള പദ്ധതിയാണിത്. ഈ പദ്ധതി നടപ്പാക്കുന്നതോടെ സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖലയുടെ ശേഷി ഗണ്യമായി ഉയരുകയും പ്രസരണനഷ്ടം പരമാവധി കുറയ്ക്കാനും കഴിയും.

(സി) വൈദ്യുതി ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പ്രസരണ ശൃംഖലാ വികസന പദ്ധതിയായ ട്രാൻസ്ഗ്രിഡ് പദ്ധതിക്കായിട്ടാണ് കിഫ്ബിയിൽനിന്നുള്ള വായ്പാസഹായം ലഭ്യമാക്കുന്നത്. സംസ്ഥാനത്തിന്റെ പ്രസരണ മേഖലയുടെ നവീകരണവും സമഗ്രവികസനവും ലക്ഷ്യമിടുന്ന ടി പദ്ധതിയുടെ പൂർത്തീകരണത്തിനായാണ് പ്രസ്തുത തുക ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പുതിയ 400 kV ട്രാൻസ്മിഷൻ ലൈനുകൾ വലിക്കുക, പുതിയ 220 kV സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക/വലിക്കുക, നിലവിലുള്ള 110 kV സബ്സ്റ്റേഷനുകൾ 220 kV ആയി ഉയർത്തുക മുതലായ പ്രവൃത്തികൾ ഈ പദ്ധതിയിലുൾപ്പെടുന്നു.

(ഡി) കേരളത്തിന്റെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും കൂടംകുളം ആണവ നിലയത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി സുഗമമായി എത്തിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന തിരുനെൽവേലി-ഇടമൺ-കൊച്ചി-മാടക്കത്തറ 400 കെ.വി. ലൈനിന്റെ ഇടമൺ മുതൽ കൊച്ചിവരെയുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വർഷങ്ങളായി തടസ്സപ്പെട്ടിരിക്കുകയായിരുന്നു. സംസ്ഥാന സർക്കാരിന്റെ സജീവമായ ഇടപെടലുകളുടെ ഭാഗമായി തർക്ക പരിഹാരത്തിനായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുകയും പ്രവൃത്തികൾ പൂർത്തീകരിച്ച് 25-9-2019-ൽ ലൈൻ ചാർജ് ചെയ്യുകയും ചെയ്തു.

പുഗലൂർ-മാടക്കത്തറ HVDC ഇടനാഴിയുടെ നിർമ്മാണം തടസ്സരഹിതമായി മുന്നോട്ടുപോകുന്നതിനായി സർക്കാർ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് ദ്രുതഗതിയിൽ മുന്നോട്ടുപോകുന്ന പ്രസ്തുത പദ്ധതി 2021-ൽത്തന്നെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പുഗലൂർ-മാടക്കത്തറ പ്രസരണ ലൈനിന്റെ 52% ടവർ ഫൗണ്ടേഷൻ ജോലികളും 35% ടവർ ഇറക്ഷൻ ജോലികളും പൂർത്തിയായിട്ടുണ്ട്. ഭൂഗർഭ കേബിൾ ഭാഗത്തെ 92% കേബിൾ ഡക്ട് നിർമ്മാണവും 62% കേബിൾ ഇടൽ ജോലിയും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ജോലികൾ പുരോഗമിക്കുന്നു. ഇതോടുകൂടി കേരളത്തിലേയ്ക്ക് 2000 MW വൈദ്യുതികൂടി അധികമായി കൊണ്ടുവരാൻ സാധിക്കും.

ഉഡുപ്പിയിൽനിന്നും കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിലേയ്ക്ക് നിർമ്മിക്കുന്ന 400 കെ.വി. ലൈനിന്റെ നിർമ്മാണം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ നേതൃത്വത്തിലാണ് നടക്കുന്നത്. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ REC-യുടെ നേതൃത്വത്തിൽ പൂർത്തിയാക്കി. സ്റ്റെർലൈറ്റ് എന്ന കമ്പനിയാണ് കരാറിന് അർഹരായിട്ടുള്ളത്. TBCB അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന പ്രസ്തുത പദ്ധതിക്കുള്ള LOA നൽകിയിട്ടുണ്ട്. പദ്ധതി മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. ഉപഭോക്താക്കൾക്ക് പുതിയ കണക്ഷനുവേണ്ടി അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തി. 2017 മേയ് മാസത്തോടെ സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി. ഇതിൽ വാഹന സൗകര്യമോ വ്യക്തമായ പാതയോ ഇല്ലാത്തതും സാധന സാമഗ്രികളും ജോലിക്കാരെയും എത്തിക്കാൻ ബുദ്ധിമുട്ടുള്ള ദുർഘടമായ ഭൂപ്രദേശങ്ങളിലെ പ്രവൃത്തികളും ഉൾപ്പെട്ടിരുന്നു. ഇപ്രകാരം നാടിന്റെ എല്ലാ ഭാഗത്തും വൈദ്യുതി വിതരണ ശൃംഖല എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനുപുറമെ ദ്യുതി 2021 തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ ലൈൻ വലിക്കൽ, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ, നിലവിലുള്ള എൽ.റ്റി. ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. മത്സരാധിഷ്ഠിതമായുള്ള ടെണ്ടറുകളിലൂടെ ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വാങ്ങി ഉപയോഗിക്കുകവഴി കുറഞ്ഞ നിരക്കിൽ വൈദ്യുതി കണക്ഷനുകൾ ഉപഭോക്താക്കൾക്ക് നൽകുന്നുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കൾക്കുവേണ്ടി പ്രത്യേകം ചെയ്യേണ്ടുന്ന പ്രവൃത്തികളിൽ (ഡെപ്പോസിറ്റ് വർക്ക്) സൂപ്പർവിഷൻ

ചാർജ് മാത്രം ഈടാക്കി അവർക്കുതന്നെ ചെയ്യാനുള്ള അവസരം നൽകിക്കൊണ്ടും സൂപ്പർവിഷൻ ചാർജ് ലേബർ ചാർജ്ജിനും ട്രാൻസ്പോർട്ടേഷനും മാത്രമായി നിജപ്പെടുത്തിക്കൊണ്ടും ചെലവുകുറയ്ക്കാൻ ശ്രദ്ധിക്കുന്നു. വിവിധ സർക്കാർ ഏജൻസികളിൽനിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ച് വൈദ്യുതി എത്തിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിലെ ലൈൻ എക്സ്റ്റൻഷൻ വർക്കുകൾ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി പൂർത്തീകരിച്ചുകൊണ്ടും ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 1000 W വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് സർവ്വീസ് കണക്ഷനുകൾ സൗജന്യമായി നൽകിക്കൊണ്ടും വൈദ്യുതി കണക്ഷനുവേണ്ടി ഉപഭോക്താക്കൾക്കുണ്ടാകുന്ന ചെലവ് കുറയ്ക്കാൻ KSEBL ശ്രദ്ധിക്കുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന നേട്ടം തുടർന്നും നിലനിർത്തുന്നതിനായി ദ്യുതി 2021 പദ്ധതിയിൽ വരുംവർഷങ്ങളിലെ തുടർ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**വ്യവസായ പ്രോത്സാഹനത്തിന് നടത്തിയ പ്രവർത്തനം**

5 (*185) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള, ദേശീയ മാന്ദ്യകാലത്തും സംസ്ഥാന സമ്പദ് വ്യവസ്ഥയെ മാന്ദ്യം ഗ്രസിക്കാതിരിക്കുന്നതിന് പ്രധാന പങ്കുവഹിച്ച മികച്ച വ്യവസായ വളർച്ച സാധ്യമാക്കുന്നതിനും വ്യവസായ പ്രോത്സാഹനത്തിനും ഈ സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ;

(ബി) വ്യവസായാനുകൂല നടപടികളുടെ ഭാഗമായ കോയമ്പത്തൂർ-കൊച്ചി വ്യവസായ ഇടനാഴി പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

(സി) കണ്ണൂരിൽ അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിക്കാൻ കഴിഞ്ഞത് അനുകൂല ഘടകമായെടുത്ത് കയറ്റുമതി പ്രോത്സാഹന ലക്ഷ്യത്തോടെ മട്ടന്നൂരിൽ എക്സ്പോർട്ട് എൻക്ലേവ് സ്ഥാപിക്കാൻ നടത്തുന്ന പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേരളത്തെ മുൻനിര നിക്ഷേപ സൗഹൃദ സംസ്ഥാനമായി ഉയർത്തുന്നതിന്റെ ഭാഗമായും വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ നടപടികളുടെ ഭാഗമായും "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" പുറപ്പെടുവിച്ചതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികളിൽനിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ എന്നിവ അതിവേഗം ലഭ്യമായിത്തുടങ്ങി.

കൂടാതെ, അനുമതി നൽകുന്നതിന് കൂടുതൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1999-ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്പ്മെന്റ് ആക്ട് ഭേദഗതി വരുത്തുകയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾപ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപവരെ മൂലധന നിക്ഷേപമുള്ളതുമായ എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾപ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ ഹാജരാക്കുന്നതിന് മൂന്ന് വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന "2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം" പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയ ബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി രൂപവരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിലും 15 കോടി രൂപയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ

വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ നിക്ഷേപകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനം സമാഹരിക്കുന്നതിനുള്ള നടപടികളിലും ഭൂമിയുടെ രജിസ്ട്രേഷൻ നടത്തുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഇളവ് അനുവദിക്കുകവഴിയും പുതിയ സംരംഭകരെ ആകർഷിക്കാൻ കഴിയും.

സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്.

2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച 'അസെൻഡ് 2020' പരിപാടിയിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി അവതരിപ്പിച്ചതിനാൽ ഏകദേശം ഒരു ലക്ഷം കോടി രൂപയിലധികം നിക്ഷേപ വാഗ്ദാനം ലഭിക്കുകയുണ്ടായി.

കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ കെ.എസ്.ഐ.ഡി.സി. വായ്പയായി നൽകിവരുന്ന ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഇവയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്. ബാങ്ക് നിരക്കുകളിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സമയബന്ധിതമായി ഉപഭോക്താക്കൾക്ക് കൈമാറാൻ വായ്പകളുടെ പലിശനിരക്ക് ആർ.ബി.ഐ.-യുടെ ബാങ്ക് നിരക്കുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. എല്ലാ സംരംഭങ്ങൾക്കുമുള്ള നിലവിലുള്ള പലിശ നിരക്കുകൾ 8.40%-10.40% ആണ്. കൂടാതെ ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലെങ്കിൽ പലിശനിരക്കിൽ മുക്കാൽ ശതമാനംവരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ ഈ പ്രോജക്ടുകളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്.

വ്യവസായ വളർച്ച സാധ്യമാക്കുന്നതിനും വ്യവസായ പ്രോത്സാഹനത്തിനുമായി കിൻഫ്ര മുഖാന്തരം ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. മെഗാഫുഡ് പാർക്ക്, പാലക്കാട്

2. ഡിഫൻസ് പാർക്ക്, പാലക്കാട്

3. ഫിലിം ആൻഡ് വീഡിയോ പാർക്ക് - രണ്ടാം ഘട്ട വികസനം

4. പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം

5. സുഗന്ധ വ്യഞ്ജന പാർക്ക്, ഇടുക്കി

(ബി) ചെന്നൈ-ബംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർവഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി 20-11-2019-ലെ സ.ഉ.(സാധാ) നമ്പർ 1152/2019/വ്യവ. ഉത്തരവുപ്രകാരം കിൻഫ്രയെ ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉൽപ്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, നൈപുണ്യ വികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രസ്തുത വ്യവസായ ഇടനാഴി പദ്ധതിയിൽ ആറ് ഏകീകൃത ഉൽപ്പാദന ക്ലസ്റ്ററുകളാണ് വികസിപ്പിക്കുന്നത്. ഒന്നാം ഘട്ടമായി പാലക്കാടിനാണ് (നോഡ്-1) പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. പാലക്കാട് നോഡിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) ഏറ്റെടുക്കുന്നതിനും അധികമായി 558 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

(സി) മട്ടന്നൂരിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ Export Enclave പദ്ധതിക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് സ്പേസ് ഏയ്സ് എന്ന കൺസൾട്ടൻസി സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.പദ്ധതി നടത്തിപ്പിലേയ്ക്കായി കെ.എസ്.ഐ.ഇ.-യെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.

## പ്രവാസി ചിട്ടി

6 (*186) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പണം സ്വരൂപിക്കുവാൻ ആരംഭിച്ച പ്രവാസി ചിട്ടി വിജയപ്രദമാണോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനകം എത്ര പ്രവാസികൾ പ്രസ്തുത ചിട്ടിയിൽ രജിസ്റ്റർ ചെയ്തെന്നും അതിൽ എത്ര പേർ ചിട്ടി തുക അടച്ച് അംഗമായെന്നും വെളിപ്പെടുത്താമോ;

(സി) കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയിൽ ചേരുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ഡി) ചിട്ടിയിൽ നിന്നുള്ള ഫ്ളോട്ട് ഫണ്ട് വഴി കിഫ്ബി ബോണ്ടുകളിലേക്ക് ഇതിനകം എത്ര തുക സ്വരൂപിക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രവാസി ചിട്ടി നടപ്പിൽ വരുത്തുന്നതിനായി കെ.എസ്.എഫ്.ഇ.-ക്ക് ഇതിനകം എന്ത് തുക ചെലവ് വന്നുവെന്ന് വിശദമാക്കാമോ;

(എഫ്) സർക്കാരിന് ഇക്കാര്യത്തിൽ ഉണ്ടായ ചെലവ് എത്രയാണെന്ന് വെളിപ്പെടുത്താമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) അതെ, പ്രവാസി ചിട്ടി വിജയവഴിയിൽത്തന്നെയാണ്. 2016-17-ലെ കേരള ബഡ്ജറ്റിലാണ് ഗവൺമെന്റ് പ്രവാസി ചിട്ടി എന്ന ആശയം മുന്നോട്ടുവച്ചത്. 2018 നവംബർ മാസത്തിൽ ആരംഭിച്ച പ്രവാസി ചിട്ടിയിൽ 3-3-2020 വരെ 481 ചിട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ചിട്ടികളിൽ 14808 ചിറ്റാളന്മാരുണ്ട്. ഇതുവരെ രജിസ്റ്റർ ചെയ്ത ആകെ പ്രതിമാസ ചിട്ടി സല 21.448 കോടി രൂപയും സ്വരൂപിച്ച തുക 152.69 കോടി രൂപയുമാണ്. ഇതിൽനിന്നും 107.208 കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിന് ഉപയുക്തമാക്കാൻ കിഫ്ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. 139844 പേർ ചിട്ടിയിൽ ചേരുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ച് കാൾ സെന്ററുമായി ബന്ധപ്പെട്ടിട്ടുണ്ട് (Leads). ഇതിൽ 50533 പേർ ചിട്ടിയിൽ ചേരാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് മുന്നോട്ടുവന്നിട്ടുണ്ട് (Registered). അതിൽത്തന്നെ 31957 പേരുടെ KYC പ്രക്രിയ പൂർത്തിയായിട്ടുണ്ട് (KYC Completed). ശേഷിക്കുന്നവരെ ബന്ധപ്പെട്ടുകൊണ്ട് KYC പ്രക്രിയകൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതുവരെ 4098 ഓൺലൈൻ ചിട്ടി ലേലവും നടന്നുകഴിഞ്ഞു. കുറഞ്ഞ കാലാവധിക്കുള്ളിൽത്തന്നെ ഇത്രയും ചിട്ടികൾ രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞത് പ്രവാസികൾക്കിടയിൽ ഈ ചിട്ടിയുടെ സ്വീകാര്യത സൂചിപ്പിക്കുന്നതാണ്. കേരളത്തിന്റെ വികസനത്തിനുവേണ്ടിയുള്ള ധന സമാഹരണംകൂടി ലക്ഷ്യംവച്ചുകൊണ്ട് പൂർണ്ണമായും നൂതനമായ പ്ലാറ്റ്ഫോമിൽ തയ്യാറാക്കിയിട്ടുള്ള ഒരു Innovative product ആണ് പ്രവാസിച്ചിട്ടി. ദീർഘകാലാടിസ്ഥാനത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ പോന്ന പ്രവാസി ചിട്ടിക്ക് വിജയത്തുടക്കം തന്നെയാണ് ഉണ്ടായിട്ടുള്ളത്.

(ബി) ഇതിനകം 50533 പേർ പ്രവാസി ചിട്ടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 14808 പേർ ചിട്ടി തുക അടച്ച് അംഗമായിട്ടുണ്ട്.

(സി) പ്രവാസി ചിട്ടിയുടെ മൂല്യവർദ്ധിത സേവനങ്ങളായി പതിനായിരം രൂപയോ അതിനുമുകളിലോ പ്രതിമാസ തവണ സംഖ്യയുള്ള പ്രവാസി ചിട്ടികളിൽ ചേർന്ന് പണമടയ്ക്കുന്ന വരിക്കാർക്കായി കേരള പ്രവാസി ക്ഷേമ ബോർഡിന്റെ പെൻഷൻ പദ്ധതിയുടെ അംശദായം (പ്രതിമാസം 300 രൂപവരെ) കെ.എസ്.എഫ്.ഇ. വഹിക്കും. ചിട്ടി കിട്ടിയ ചിറ്റാളന് ജീവഹാനി സംഭവിച്ചാൽ 10 ലക്ഷം രൂപവരെയുള്ള മേൽ ബാധ്യത കെ.എസ്.എഫ്.ഇ. വഹിക്കും. ഇന്ത്യയ്ക്ക് പുറത്തുള്ള പ്രവാസി വരിക്കാർക്ക് ദൗർഭാഗ്യവശാൽ ജീവഹാനി സംഭവിക്കുകയാണെങ്കിൽ ഭൗതിക ശരീരം സ്വദേശത്ത് എത്തിക്കുന്നതിന്, അനുഗമിക്കുന്ന ഒരാളുടെ ചെലവ് ഉൾപ്പെടെ ഇക്കോണമി ക്ലാസ് വിമാന ചെലവ് (പരമാവധി ഒരു ലക്ഷം രൂപവരെ) കെ.എസ്.എഫ്.ഇ. വഹിക്കുന്നതാണ്.

(ഡി) പ്രവാസി ചിട്ടിവഴി കിഫ്ബി ബോണ്ടുകളിൽ 107.208 കോടി രൂപ, താഴെപ്പറയുന്ന രീതിയിൽ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്.

| | | |
|---|---|---|
| ഡെപ്പോസിറ്റ് ബോണ്ട് | - | 85.60 കോടി രൂപ |
| ചിട്ടി സെക്യൂരിറ്റി ബോണ്ട് | - | 21.608 കോടി രൂപ |
| | | --------- |
| | | 107.208 കോടി രൂപ |

(ഇ) 31-3-2019-ലെ ഓഡിറ്റഡ് ബാലൻസ് ഷീറ്റ് പ്രകാരം പ്രവാസി ചിട്ടി നടപ്പിൽ വരുത്തുന്നതിനായി പരസ്യ ചെലവിനത്തിൽ 4.24 കോടി രൂപയും എൻ.ആർ.ഐ. ബിസിനസ് സെന്റർ തുടങ്ങുന്നതിലേയ്ക്കായി 1.66 കോടി രൂപയും കെ.എസ്.എഫ്.ഇ.-ക്ക് ചെലവുവന്നിട്ടുണ്ട്.

(എഫ്) സർക്കാരിന് ഇക്കാര്യത്തിൽ നേരിട്ട് ചെലവ് ഉണ്ടായിട്ടില്ല.

**ജി.എസ്.ടി. റിട്ടേണുകൾ വൈകുന്നതിന്റെ പേരിലുള്ള പിഴ**

7 (*187) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേണ്ടത്ര മുന്നൊരുക്കങ്ങൾ ഇല്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയത് മൂലവും നെറ്റ്‌വർക്ക് തകരാർ ആകുന്നതുമൂലവും കൃത്യസമയത്ത് റിട്ടേണുകൾ ഫയൽ ചെയ്യുവാൻ സാധിക്കാതെ വ്യാപാരലോകം പ്രതിസന്ധി നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ജി.എസ്.ടി. റിട്ടേണുകൾ വൈകുന്നതിന്റെ പേരിൽ ഓരോ ദിവസവും അടയ്ക്കേണ്ട പിഴ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) 2019 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഈ ഇനത്തിൽ ലഭിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(ഡി) നെറ്റ് വർക്ക് തകരാർമൂലമാണ് റിട്ടേണുകൾ സമർപ്പിക്കാൻ വൈകുന്നതെങ്കിൽ പിഴയിൽ നിന്നും ഒഴിവാക്കാൻ എന്തെങ്കിലും വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ജി.എസ്.ടി.എൻ. എന്ന കമ്പനിയാണ് ചരക്കുസേവന നികുതി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ് എന്നിവ നിയന്ത്രിക്കുന്നത്. നെറ്റ്‌വർക്ക് തകരാറാകുന്നതുമൂലം പല അവസരങ്ങളിലും കൃത്യസമയത്ത് റിട്ടേണുകൾ ഫയൽ ചെയ്യാൻ സാധിക്കാതെ വ്യാപാര ലോകം പ്രതിസന്ധി നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി ദീർഘിപ്പിച്ച് നൽകാറുണ്ട്. എന്നാൽ നിലവിൽ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് റിട്ടേൺ ഫയലിംഗ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ട്. ജി.എസ്.ടി. സംബന്ധമായ പരാതികൾ, സാങ്കേതിക പ്രശ്നങ്ങൾ, റിട്ടേൺ സമർപ്പിക്കുന്നതിലെ പ്രശ്നങ്ങൾ എന്നിവ കാലോചിതമായി പരിഹരിക്കുന്നതിന് 38-ാമത് ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം സംസ്ഥാനത്ത് ചരക്കുസേവന നികുതി റിഡ്രസ്സൽ മെക്കാനിസം നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ വിവിധ വ്യാപാരി വ്യവസായി പ്രതിനിധികളും പ്രാക്ടീഷണർമാരും കേന്ദ്ര സംസ്ഥാന നികുതി ഉദ്യോഗസ്ഥരും അംഗങ്ങളാണ്.

(ബി) ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള എല്ലാ വ്യാപാരികളും നിർബന്ധമായും റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. ഏതെങ്കിലും മാസങ്ങളിൽ വിറ്റുവരവ് ഇല്ലെങ്കിൽപ്പോലും NIL റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. ജി.എസ്.ടി.ആർ. 3 ബി റിട്ടേൺ ഫയൽ ചെയ്യാത്തവർക്ക് പ്രതിദിനം 50 രൂപ (SGST 25 രൂപയും CGST 25 രൂപയും) നിരക്കിലും വിറ്റുവരവ് ഇല്ലാത്ത മാസങ്ങളിലെ റിട്ടേൺ ഫയൽ ചെയ്യാത്തവർക്ക് പ്രതിദിനം 20 രൂപ (SGST 10 രൂപയും CGST 10 രൂപയും) നിരക്കിലും ലേറ്റ് ഫീ ബാധകമാണ്.

(സി) 2019 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ SGST ലേറ്റ് ഫീ ഇനത്തിൽ 86.75 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) നെറ്റ്‌വർക്ക് തകരാർമൂലമാണ് റിട്ടേൺ സമർപ്പിക്കാൻ വൈകുന്നതെങ്കിൽ ചരക്കുസേവന നികുതി നിയമത്തിലെ വകുപ്പ് 128 പ്രകാരം ചരക്കുസേവന നികുതി കൗൺസിലിന്റെ ശിപാർശയോടെ സർക്കാരിന് പിഴത്തുക ഒഴിവാക്കാനുള്ള അധികാരമുണ്ട്. സാങ്കേതിക കാരണങ്ങളാണ് റിട്ടേൺ ഫയൽ ചെയ്യുന്നതിന് തടസ്സമുണ്ടാകുന്ന അവസരങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി ദീർഘിപ്പിച്ച് നൽകുകയും പിഴ ഒഴിവാക്കുകയും ചെയ്യാറുണ്ട്.

**സാഹസിക വിനോദസഞ്ചാരം**

8 (*188) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് ദേശീയ, അന്തർദേശീയ നിലവാരമുള്ള സാഹസിക വിനോദസഞ്ചാര കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഏതെല്ലാം സ്ഥലങ്ങളാണ് തെരഞ്ഞെടുത്തിരിക്കുന്നത്;

(സി) ഈ കേന്ദ്രങ്ങളിലെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളുംകൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായതാണ്. 580 കി.മീ. നീളമുള്ള സമുദ്രതീരം, 44 നദികൾ, നിബിഡ വനങ്ങൾ എല്ലാം സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ ഉപയോഗിക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കുന്നു. ഈ സാധ്യതകളെ മനസ്സിലാക്കിക്കൊണ്ടാണ് സർക്കാരിന്റെ ടൂറിസം നയത്തിൽ സാഹസിക ടൂറിസം മേഖലയിലെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ജില്ലകളിൽ അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിക്കുക, അഡ്വഞ്ചർ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അവയെ വികസിപ്പിക്കുക എന്നതും ടൂറിസം നയത്തിൽ വ്യക്തമാക്കുന്നു.

സാഹസിക ടൂറിസത്തിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി മാനവവിഭവശേഷി ഉറപ്പുവരുത്തുന്നതിനായി അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അക്കാദമി പ്രാവർത്തികമായാൽ കര, വ്യോമ, ജല മേഖലയിൽ വിവിധ അഡ്വഞ്ചർ ട്രെയിനിംഗ് കോഴ്സുകൾ നൽകുന്ന കേരളത്തിലെ ആദ്യ അക്കാദമിയാകും തിരുവനന്തപുരത്തെ ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി.

സാഹസിക ടൂറിസത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ പരിശീലന പദ്ധതികളും വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി വ്യത്യസ്തങ്ങളായ ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. വിനോദസഞ്ചാര വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന KITTS സാഹസിക ടൂറിസത്തിൽ വിവിധങ്ങളായ കോഴ്സുകൾ നടത്തിവരുന്നു.

(ബി) സംസ്ഥാനത്ത് ദേശീയ അന്തർദേശീയ നിലവാരമുള്ള 50 സാഹസിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിലവിൽ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് കേരളത്തിൽ അഡ്വഞ്ചർ ആക്ടിവിറ്റികൾ പ്രധാനമായും നടക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ കോവളം, കാപ്പിൽ തുടങ്ങിയ സ്ഥലങ്ങൾ വാട്ടർ ആക്ടിവിറ്റിക്ക് അനുയോജ്യമായ സ്ഥലങ്ങളാണ്. പാരാ സെയിലിംഗ് തുടങ്ങിയ ആക്ടിവിറ്റികൾ കോവളത്ത് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. ജില്ലയിലെ നെയ്യാർ ഡാം ഇക്കോ അഡ്വഞ്ചർ ആക്ടിവിറ്റികൾക്ക് അനുയോജ്യമാണ്.

കൊല്ലം ജില്ലയിൽ തെന്മല, ജഡായുപാറ തുടങ്ങിയവ മികച്ച രീതിയിൽ അഡ്വഞ്ചർ ആക്ടിവിറ്റികൾ നടക്കുന്ന സ്ഥലങ്ങളാണ്. അഷ്ടമുടിക്കായൽ ജലസാഹസിക വിനോദങ്ങൾക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ ഗവി, കോന്നി തുടങ്ങിയ സ്ഥലങ്ങൾ സാഹസിക വിനോദങ്ങൾക്ക് അനുയോജ്യമാണ്.

ഇടുക്കി ജില്ലയിലെ മൂന്നാർ ട്രക്കിംഗ്, മൗണ്ടനീയറിംഗ് തുടങ്ങിയവയ്ക്ക് അനുയോജ്യമായ സ്ഥലങ്ങളാണ്. വാഗമൺ നിലവിൽ പാരാഗ്ലൈഡിംഗ് നടക്കുന്ന ഇന്ത്യയിലെതന്നെ പ്രധാനപ്പെട്ട സ്ഥലങ്ങളിലൊന്നാണ്. വാഗമണ്ണിലെ അഡ്വഞ്ചർ പാർക്കിലെ പ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞു. വാഗമൺ സാഹസിക ടൂറിസത്തിന്റെ ഹോട്ട്സ്പോട്ട് ആക്കുക എന്നതാണ് ലക്ഷ്യം. കോട്ടയം ജില്ലയിലെ കുമരകം ജല സാഹസിക വിനോദത്തിന് അനുയോജ്യമായ സ്ഥലമാണ്.

എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട്, ചെറായി ബീച്ച് എന്നിവ സാഹസിക വിനോദത്തിന് പ്രസിദ്ധമാണ്.

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി സാഹസിക ടൂറിസത്തിന് അനുയോജ്യമായ പശ്ചാത്തലം ഒരുക്കുന്നു. പാലക്കാട് ജില്ലയിലെ പോത്തുണ്ടി ഡാമിൽ അഡ്വഞ്ചർ പാർക്കിന്റെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

മലപ്പുറം ജില്ലയിലെ കോട്ടക്കുന്നിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന അഡ്വഞ്ചർ പാർക്കുണ്ട്. കോഴിക്കോട് ജില്ലയിലെ തുഷാരഗിരി വൈറ്റ് വാട്ടർ കയാക്കിംഗിന് ലോകപ്രസിദ്ധമായ സ്ഥലമാണ്. തുഷാരഗിരിയിലെ അടിസ്ഥാന സൗകര്യ വികസനം സർക്കാരിന്റെ പരിഗണനയിലാണ്.

വയനാട് സാഹസിക ടൂറിസത്തിന് ഏറ്റവും അനുയോജ്യമായ ജില്ലയാണ്. സൈക്ലിംഗിന്റെ അന്തർദേശീയ സംഘടനയായ UCI-യുടെ ഭാഗമായ ഇന്ത്യയിലെ ആദ്യത്തെ മൗണ്ടൻ സൈക്ലിംഗ് മത്സരം 'എം.റ്റി.ബി. കേരള' നടന്നത് വയനാട് ജില്ലയിലെ പ്രിയദർശിനി റ്റീ എസ്റ്റേറ്റിലാണ്. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്, പാലക്കയം തട്ട് നിലവിൽ സാഹസിക വിനോദത്തിന് ഉതകുന്ന പ്രദേശങ്ങളാണ്.

കാസർഗോഡ് ജില്ലയിലെ റാണിപുരം, കോട്ടപ്പുറം സാഹസിക വിനോദ സഞ്ചാരത്തിന് അനുയോജ്യമായ പ്രദേശങ്ങളാണ്.

(സി) സാഹസിക ടൂറിസം വളരുന്നതോടൊപ്പം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സാഹസിക വിനോദസഞ്ചാര മേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ (KATPS) നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ 'സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റെഗുലേഷൻസ്' തയ്യാറാക്കിയിട്ടുണ്ട്.

സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഈ റെഗുലേഷൻസിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. കര, ജല, വ്യോമ മേഖലയിലെ സാഹസിക ടൂറിസം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റെഗുലേഷൻസ്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ടൂറിസം മന്ത്രാലയം പുറത്തിറക്കിയ സാഹസിക ടൂറിസം ഗൈഡ്‌ലൈൻസിന്റെ സാരാംശം ഉൾപ്പെടുത്തി, എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ ഭൗതിക സാഹചര്യങ്ങൾക്കനുസരിച്ചുള്ള രീതിയിലാണ് കേരളത്തിന്റെ സാഹസിക ടൂറിസം റെഗുലേഷൻസ് തയ്യാറാക്കിയിരിക്കുന്നത്.

ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന റെഗുലേഷൻസ് പുതുതായി നിലവിൽവരുന്ന സാഹസിക ആക്ടിവിറ്റികളെ ഉൾക്കൊള്ളിച്ചുകൊണ്ട് കാലാനുസൃതമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.

ഇതോടൊപ്പംതന്നെ വിനോദസഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കുകയാണ്. സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റെഗുലേഷൻസിന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചായിരിക്കും രജിസ്ട്രേഷൻ നൽകുക.

ഈ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനായി നടപ്പിൽ വരുത്തേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ താഴെപ്പറയുന്നു.

1. ആ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ യോഗ്യതയും അനുഭവജ്ഞാനവും
2. ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം
3. പ്രഥമ ശുശ്രൂഷയിൽ ഉണ്ടായിരിക്കേണ്ട അറിവ്
4. അക്ടിവിറ്റികളിൽ പങ്കെടുക്കുന്നവർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ
5. അക്ടിവിറ്റികളിൽ പങ്കെടുക്കുമ്പോൾ ഉണ്ടാകാനിടയുള്ള റിസ്കിനെക്കുറിച്ച് പങ്കെടുക്കുന്നവരെ ബോധവാന്മാരാക്കുന്നതിനുള്ള നടപടികൾ.

സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും സ്ഥാപനങ്ങളും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് നിശ്ചിത സമയത്തിനുള്ളിൽ രജിസ്ട്രേഷൻ സമ്പ്രദായത്തിന്റെ ഭാഗമാകേണ്ടതുണ്ട്.

**മാനുഫാക്ചറിംഗ് മേഖലയുടെ വികസനം**

9 (*189) ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കേരളത്തിലെ മാനുഫാക്ചറിംഗ് മേഖലയുടെ മൂല്യത്തിൽ ക്രമാനുഗതമായി വർദ്ധനവ് ഉണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ മാനുഫാക്ചറിംഗ് മേഖലയിൽ തൊഴിലാളികളുടെ എണ്ണം പരമ്പരാഗത വ്യവസായങ്ങളിലെ ഘടനാപരമായ പ്രശ്നങ്ങളാൽ കുറഞ്ഞു വരുന്നതായി കാണപ്പെടുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ആധുനിക വ്യവസായങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ബി.പി.സി.എൽ.-കൊച്ചി റിഫൈനറിയുടെ വികസനവുമായി ബന്ധപ്പെട്ടുള്ള ശുദ്ധീകരണ പെട്രോ കെമിക്കൽ ഉല്പാദനശേഷികളുടെ വിപുലീകരണം കേരളത്തിലെ രാസ അനുബന്ധ വ്യവസായങ്ങൾക്ക് പുത്തൻ പ്രതീക്ഷ നൽകിയിട്ടുണ്ടോ;

(ഇ) വസ്ത്രങ്ങൾ, രാസവസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽസ്, ഫർണിച്ചർ, ജ്വലറി, മെഡിക്കൽ ഉപകരണങ്ങൾ എന്നീ വ്യവസായങ്ങൾ വളർച്ച രേഖപ്പെടുത്തുന്നുണ്ടോ; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി.ജയരാജൻ):

(എ) ഉണ്ട്. വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്രകാരം 2016 ഏപ്രിൽ മുതൽ 2020 ജനുവരി വരെ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ യഥാക്രമം 15535, 15468, 13826, 11399 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിരുന്നു. ഇവയിൽ മേൽപ്രകാരമുള്ള സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 11858, 11473, 10273, 7846 എണ്ണം മാനുഫാക്ചറിംഗ് മേഖലയിലാണ് ആരംഭിച്ചിട്ടുള്ളത്. വർഷംതോറും ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളിൽ 75 ശതമാനത്തിൽ കൂടുതൽ മാനുഫാക്ചറിംഗ് മേഖലയിലാണ്.

(ബി) മാനുഫാക്ചറിംഗ് മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ഐ.ടി. വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നുണ്ട്. വസ്ത്ര നിർമ്മാണ മേഖലയിൽ ആധുനിക ഡിസൈനുകൾ ഉപയോഗിച്ചുള്ള സംരംഭങ്ങളും ആരംഭിക്കുന്നു. കൂടാതെ പരിസ്ഥിതിക്ക് അനുയോജ്യമായ കാർഷികാധിഷ്ഠിത ഉത്പന്നങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾക്കും മുൻഗണന നൽകുന്നുണ്ട്.

(ഡി) ബി.പി.സി.എൽ.-ന്റെ വിപുലീകരണം കേരളത്തിലെ പെട്രോകെമിക്കൽ മേഖലയ്ക്ക് ഗുണകരമാകുന്നുണ്ട്.

(ഇ) ടെക്സ്റ്റൈൽസ്, തടി എന്നീ വ്യവസായങ്ങളിൽ ക്രമാനുഗതമായ വളർച്ച തന്നെയാണ് രേഖപ്പെടുത്തുന്നത്. രാസവസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽ തുടങ്ങിയ വ്യവസായങ്ങളിലും കുറവുള്ളതായി കണ്ടെത്തിയിട്ടില്ല. രാസവസ്തുക്കൾ മേഖലയിൽ 2014-15-ലെ ടേൺ ഓവർ 1127.6 കോടി രൂപയായിരുന്നത് 2018-19-ൽ 1595.9 കോടി രൂപയായി ഉയർന്നിട്ടുണ്ട്. ടെക്സ്റ്റൈൽസ് മേഖലയിൽ 2014-15-ലെ ടേൺ ഓവർ 138.7 കോടി രൂപയായിരുന്നത് 2018-19-ൽ 157.3 കോടി രൂപയായി ഉയർന്നിട്ടുണ്ട്. പരമ്പരാഗത തടി അടിസ്ഥാന മേഖലയിൽ 2014-15-ലെ ടേൺ ഓവർ 131.7 കോടി രൂപയായിരുന്നത് 2018-19-ൽ 136.3 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

## ആസ്തിവികസന നിധി പ്രകാരമുള്ള പ്രവൃത്തികൾക്ക് ജി.എസ്.ടി.-യും സെന്റേജ് ചാർജ്ജും

10 (*190) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന നിധിയും പ്രത്യേക വികസന നിധിയും പ്രകാരമുള്ള പ്രവൃത്തികളിൽ പന്ത്രണ്ട് മുതൽ പതിനെട്ട് ശതമാനം വരെ തുക ജി.എസ്.ടി. ഇനത്തിലും ആറ് മുതൽ എട്ട് ശതമാനം വരെ നിർവ്വഹണ ഏജൻസികളുടെ സെന്റേജ് ചാർജ് ഇനത്തിലും കുറവ് വരുന്ന സാഹചര്യത്തിൽ ഓരോ വർഷത്തിലും മേൽപ്പറഞ്ഞ ഫണ്ടുകളിൽ നിന്ന് ഏകദേശം ഒന്നേകാൽ കോടിയോളം രൂപ ഒഴിച്ചുള്ള തുക മാത്രമാണ് വികസന പദ്ധതികൾക്ക് വിനിയോഗിക്കാൻ കഴിയുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്രയും ഭീമമായ തുകയുടെ കുറവ് വരുന്നത് വികസന പദ്ധതികൾക്കായി വിനിയോഗിക്കേണ്ട പണത്തിന് അപര്യാപ്തത സൃഷ്ടിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) സർക്കാരിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ് ചരക്കുസേവന നികുതി (GST). 1-7-2017 മുതൽ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഇന്ത്യയൊട്ടാകെ ജി.എസ്.ടി.

നടപ്പിലാക്കിയിട്ടുണ്ട്. 14-12-2017-ലെ സർക്കുലർ നമ്പർ 90/2017/ധന. പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾ/സർക്കാർ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്കും സേവനങ്ങൾക്കും ജി.എസ്.ടി. ബാധകമാക്കിയിട്ടുണ്ട്. ആയതിനാൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളെ മാത്രമായി ജി.എസ്.ടി.-യുടെ പരിധിയിൽനിന്ന് ഒഴിവാക്കാൻ നിർവ്വാഹമില്ല. അതുപോലെ അക്രഡിറ്റഡ് ഏജൻസികൾവഴി പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ 6 മുതൽ 8 ശതമാനം വരെ സെന്റേജ് ചാർജ് നൽകേണ്ടതുണ്ട്. അത്തരം ഏജൻസികൾ തയ്യാറാക്കി സമർപ്പിക്കുന്ന ഡി.പി.ആർ.-ൽ സെന്റേജ് ചാർജ്ജുകൂടി ഉൾപ്പെടുന്നു. ആയതിനാൽ അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകേണ്ടുന്ന സെന്റേജ് ചാർജ് ഒഴിവാക്കാനും നിർവ്വാഹമില്ല. എന്നാൽ പ്രവൃത്തികളുടെ നിർവ്വഹണം ബന്ധപ്പെട്ട സർക്കാർ എഞ്ചിനീയറിംഗ് വകുപ്പുകൾവഴി നടപ്പിലാക്കുമ്പോൾ സെന്റേജ് ചാർജ് നൽകേണ്ടതില്ല. ഏത് ഏജൻസിവഴി പ്രവൃത്തി നടപ്പിലാക്കണമെന്നത് ബന്ധപ്പെട്ട എം.എൽ.എ.-യ്ക്ക് തീരുമാനിക്കാം എന്നതിനാൽ സർക്കാർ എഞ്ചിനീയറിംഗ് വകുപ്പുകൾ മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നതുവഴി സെന്റേജ് ചാർജ്ജിനത്തിൽ നൽകേണ്ട തുക ഒഴിവാക്കാവുന്നതാണ്.

## കായികക്ഷമതയുള്ള വിദ്യാർത്ഥി സമൂഹം

11 (*191) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിന്റെ അതിജീവന ശേഷിക്ക് കായികക്ഷമതയുടെ പ്രാധാന്യം കണക്കിലെടുത്ത് കായികക്ഷമതയുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിന് ഈ സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഇതിനായി കായിക താരങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകേണ്ടത് അനിവാര്യമായതിനാൽ അതിന് വേണ്ടിയും അതോടൊപ്പം മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ ജില്ലകളിലും സ്പോർട്സ് സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(ഡി) നിലവിലുള്ള സ്പോർട്സ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും കായിക താരങ്ങൾക്ക് നൽകുന്ന സൗകര്യം വർദ്ധിപ്പിക്കുന്നതിനും പരിപാടിയുണ്ടോയെന്ന് അറിയിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കായികക്ഷമതയുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഓപ്പറേഷൻ ഒളിമ്പ്യ**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020-2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്സ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് ആൻഡ് കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".

ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ ഇനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള കായികയിനങ്ങളായ റസ്സ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് ആൻഡ് കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരാനും തീരുമാനിച്ചിട്ടുണ്ട്.

**ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)**

ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

**സ്പ്ലാഷ്**

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സുമുതൽ 18 വയസുവരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

**ഹൂപ്സ്**

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പുസാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 4 മുതൽ 8 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

**സ്പ്രിന്റ് - ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം**

ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകാനുദ്ദേശിക്കുന്നത്.

**പ്ലേ ഫോർ ഹെൽത്ത്**

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

**പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി**

ഹയർസെക്കണ്ടറി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തയ്ക്കൊണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെ 21000 കുട്ടികൾക്കാണ് ഒരു അക്കാദമിക വർഷം പ്രസ്തുത പദ്ധതിപ്രകാരം പരിശീലനം നൽകുവാനുദ്ദേശിക്കുന്നത്.

**ഷൂട്ടിംഗ് അക്കാഡമി**

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൂട്ടിംഗിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഷൂട്ടിംഗ് താരങ്ങൾക്ക് പരിശീലനത്തിനും ദേശീയ അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനും ഈ ഷൂട്ടിംഗ് റേഞ്ചിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

**സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ**

ജീവിതശൈലി രോഗങ്ങളിൽനിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യമൊരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആൻഡ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 8 സ്ഥലങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 9 സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതാണ്.

**സൈ്മൽ പദ്ധതി**

സൈ്മൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**കായികക്ഷമത മിഷൻ**

ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതീയുവാക്കളിലും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈകവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ പ്രവർത്തിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വിഭാവന ചെയ്ത് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'കേരള കായികക്ഷമത മിഷൻ'. സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

**എലൈറ്റ് സ്കീം**

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കോളേജ് തലത്തിൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കായിക പരിശീലനത്തിനും പരിശീലകനും ട്രെയിനർമാർക്കും ഓണറേറിയം, നവീകരണ പ്രവർത്തനങ്ങൾ, ഫിറ്റ്നസ് സെന്റർ, ലാബ് എക്യുപ്മെന്റ്, ഫിസിയോളജി ലാബ്, സ്മാർട്ട് റൂം എന്നീ ആവശ്യങ്ങൾക്കും കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്കായി സ്പോർട്സ് മീറ്റ് സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി വിവിധ പരിശീലന പദ്ധതികൾ നടത്തുന്നതിനും കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കായിക പരിപാടികൾ നടത്തുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

കൂടാതെ സ്കൂളുകളിൽ കായികാദ്ധ്യാപകർ പ്രവർത്തി സമയത്തിനുശേഷം കുട്ടികൾക്ക് പ്രത്യേക കായിക പരിശീലനം നൽകിവരുന്നുണ്ട്. ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും പ്രത്യേക പാഠപുസ്തകം തയ്യാറാക്കി പഠന പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്തുവരുന്നുണ്ട്. 2018-19 വർഷം മുതൽ സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കായി നിലവിൽ നടത്തിയിരുന്ന കായിക മത്സരങ്ങൾക്കുപുറമെ 18 പുതിയ കായിക ഇനങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്.

കേരളത്തിലെ കുട്ടികളെ ഷൂട്ടിംഗ് മേഖലയിൽ അന്തർദേശീയ ദേശീയ ചാമ്പ്യന്മാരാക്കുന്നതിന് ശാസ്ത്രീയ പരിശീലനം നൽകുന്നതിനായി വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാഡമി കൂടാതെ കണ്ണൂരിൽ അത്‌ലറ്റിക്സ് അക്കാഡമി ആരംഭിക്കുന്നകാര്യവും പ്രഖ്യാപിച്ചിട്ടുണ്ട്.

അത്‌ലറ്റിക്സ്, വോളിബോൾ, തായ്ക്കൊണ്ടോ, ജൂഡോ, കളരി, ടെന്നീസ് എന്നീ കായിക ഇനങ്ങളിൽ അക്കാഡമികൾ ആരംഭിക്കുന്നകാര്യം പരിശോധിച്ചുവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സ്പോർട്സ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 പദ്ധതികളുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) പുതിയ 3 സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിന് 2019-20 ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗവ. എച്ച്.എസ്.എസ്. ചാലോത്ത്, കാസർഗോഡ്, ഗവ. ബോയ്സ് എച്ച്.എസ്.എസ്. കുന്നംകുളം, തൃശ്ശൂർ, ഗവ. എച്ച്.എസ്.എസ്. പത്തനംതിട്ട എന്നീ വിദ്യാലയങ്ങളിൽ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായുള്ള മീറ്റിംഗ് തീരുമാനപ്രകാരമുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. തുടർവർഷങ്ങളിൽ എല്ലാ ജില്ലകളിലും സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്ന വിഷയവും പരിഗണനയിലാണ്. ഇതുവഴി സംസ്ഥാനത്ത് കായിക താൽപ്പര്യമുള്ള പരമാവധി വിദ്യാർത്ഥികൾക്ക് മികച്ച കായിക താരങ്ങളാകാനും ദേശീയ അന്തർദേശീയ തലങ്ങളിലുള്ള മത്സരങ്ങളിൽ മെഡൽ നേടുന്നതിന് സഹായിക്കുക എന്ന കാര്യവും ലക്ഷ്യമിടുന്നു.

(ഡി) ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ഉദ്ദേശ്യത്തോടെ ഇവയുടെ ഭരണ നിർവ്വഹണ ചുമതല പൂർണ്ണമായും കായിക യുവജനകാര്യ ഡയറക്ടറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുംവിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും നൽകി വരുന്നതോടൊപ്പം താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.

1. ഓരോ കായിക ഇനത്തിനും മികച്ച കായിക ഉപകരണങ്ങൾ ആവശ്യാനുസരണം വാങ്ങി നൽകിവരുന്നു.

2. ജി.വി. രാജ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷനിലും ഹോസ്റ്റലുകൾ, അടുക്കള ഉൾപ്പെടെയുള്ളവയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഒരുക്കിയിട്ടുണ്ട്.

3. പഠന നിലവാരം ഉയർത്തുന്നതിനായി ഇന്ററാക്ടീവ് ക്ലാസ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം എന്നിവ ഒരുക്കിയിട്ടുണ്ട്.

4. സുരക്ഷ ഉറപ്പാക്കുന്നതിനായി സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്.

5. വിവിധ കായികയിനങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിൽ കഴിവ് തെളിയിച്ച കായിക താരങ്ങളെ നേരിൽ കണ്ട് സംവദിക്കുന്നതിനും അതിൽനിന്നും ഊർജ്ജം ഉൾക്കൊണ്ട് കൂടുതൽ മികവോടെ പരിശീലനം നടത്തി പ്രകടനം മെച്ചപ്പെടുത്തുന്നതിനും സഹായകമാകുന്ന 'ലെജന്റ് ടോക് റ്റു യു' എന്ന പദ്ധതിക്കും വിദേശ പരിശീലകരുടെ കീഴിൽ പരിശീലനം ഒരുക്കുന്നതിനുള്ള പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.

6. ശാസ്ത്രീയമായി കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിന് മസ്സിൽ ബയോപ്സി ടെസ്റ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

7. പരിശീലനത്തിനിടയിലോ മത്സരങ്ങൾക്കിടയിലോ പരിക്കുകൾ പറ്റുന്ന വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായിക യുവജനകാര്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ. ജി. വി.എച്ച്.എസ്. എസ്. (സ്പോർട്സ്) കണ്ണൂർ എന്നിവിടങ്ങളിൽ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിവരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## ഹെറിറ്റേജ് ടൂറിസം പ്രോജക്ടുകൾ

12 (*192) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വ്യവസായത്തിന്റെ തൊഴിൽ സാധ്യത കണക്കിലെടുത്ത് ഈ വ്യവസായത്തിന് വേണ്ടത്ര പ്രാധാന്യം ലഭിച്ചിട്ടില്ലാത്ത മലബാർ മേഖലയുൾപ്പെടെയുള്ള പ്രദേശങ്ങളുടെ സാധ്യത വിനിയോഗിക്കുന്നതിന് പദ്ധതികൾ ഉണ്ടോയെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൈതൃക ടൂറിസത്തിന്റെ സാധ്യതകൾ എത്രമാത്രം പ്രയോജനപ്പെടുത്തിയിട്ടുണ്ട്;

(സി) ഈ സർക്കാർ കാലയളവിൽ ഹെറിറ്റേജ് ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഡി) മുസിരിസ്, തലശ്ശേരി, ആലപ്പുഴ തുടങ്ങിയ ഹെറിറ്റേജ് ടൂറിസം പ്രൊജക്ടുകളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>):

(എ) വടക്കൻ മലബാറിന്റെ വിനോദസഞ്ചാര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് താഴെപ്പറയുന്ന പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്.

1. മലനാട്-മലബാർ റിവർ ക്രൂയിസ് പ്രോജക്ട്

   കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയാണ് മലനാട്-മലബാർ റിവർ ക്രൂയിസ് പ്രോജക്ട്. കായലിലൂടെയും പുഴകളിലൂടെയുമുള്ള വിനോദസഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും ഗ്രാമീണതയും യോജിപ്പിച്ചുകൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയാണിത്. കണ്ണൂർ ജില്ലയിൽക്കൂടി ഒഴുകുന്ന വളപട്ടണം, കുപ്പം, പെരുമ്പ, അഞ്ചരക്കണ്ടി, മാഹി, തലശ്ശേരി പുഴകളും കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കാരംകോഡ്, ചന്ദ്രഗിരിപ്പുഴ മുതലായ ജലാശയങ്ങളുടെയും തീരപ്രദേശങ്ങളുടെയും സമീപ പ്രദേശങ്ങളുടെയും പ്രാധാന്യവും ചരിത്രപരമായ വസ്തുതകളും ഉൾപ്പെടുത്തിയുള്ളതുമാണ് ഈ പദ്ധതി. ഉൾനാടൻ ജലഗതാഗത വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് സംസ്ഥാന സർക്കാർ 53.07 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇതുപ്രകാരം 17 ബോട്ട് ജെട്ടികളുടെ നിർമ്മാണമാണ് നടക്കുന്നത്. കൂടാതെ 6 ബോട്ടുകൾകൂടി ഈ പദ്ധതിപ്രകാരം വാങ്ങുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ സ്വദേശ് ദർശൻ പദ്ധതിപ്രകാരം 80.37 കോടി രൂപയുടെ പദ്ധതികൾക്കുകൂടി അംഗീകാരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം 30 ബോട്ട് ജെട്ടികളുടെ നിർമ്മാണവും മറ്റ് അനുബന്ധ വികസന പ്രവർത്തനങ്ങളുമാണ് ചെയ്യുന്നത്. ഇതിൽ രണ്ട് ബോട്ട് ജെട്ടികളുടെ (കുപ്പം, പട്ടുവം) നിർമ്മാണം പുരോഗമിക്കുന്നു. ബാക്കി പദ്ധതികളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

2. തലശ്ശേരി പൈതൃക പദ്ധതി

പുരാതന കാലത്തെ മലബാർ മേഖലയിലെ പ്രധാന വ്യാപാര കേന്ദ്രമായ തലശ്ശേരിയുടെ പൈതൃക മൂല്യം കണക്കിലെടുത്തുകൊണ്ട് തലശ്ശേരി നഗരത്തിന്റെ ഭാഗമായിട്ടുള്ളതും ചരിത്രപ്രാധാന്യമുള്ളതുമായ പൈതൃക അവശേഷിപ്പുകളുടെ/മന്ദിരങ്ങളുടെ സംരക്ഷണവും പരിപാലനവും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് തലശ്ശേരി പൈതൃക പദ്ധതി. ഓൾഡ് ഫയർ ടാങ്കിന്റെ പുനരുദ്ധാരണവും പരിപാലനവും പിയർറോഡിന്റെ നവീകരണം, ഗുണ്ടർട്ട് ബംഗ്ലാവിന്റെ നവീകരണം, ലാംഗ്വേജ് മ്യൂസിയം ആൻഡ് ജർമ്മൻ സ്റ്റഡി സെന്ററിന്റെ നിർമ്മാണം എന്നീ 3 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിയുടെ അടുത്ത ഘട്ടം കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പൈതൃക മൂല്യം/ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ കണ്ടെത്തി സംരക്ഷിക്കുന്നതിനും വിനോദസഞ്ചാരികൾക്ക് സന്ദർശിക്കുന്നതിനും അതിനോടൊപ്പം പ്രസ്തുത പ്രദേശങ്ങളിലെ തനതു സംസ്കാരം, കല, പൈതൃക ഉത്സവം എന്നിവ മനസ്സിലാക്കുന്നതിനും ആസ്വദിക്കുന്നതിനുംവേണ്ടി ഇവയെല്ലാം ഉൾപ്പെടുത്തി ഒരു പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് M/s. SPACE ART എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 4 സർക്യൂട്ടുകളിലായി 61 ഡെസ്റ്റിനേഷനുകളെ ഉൾപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കുകയും ആയതിന് മാസ്റ്റർപ്ലാൻ അപ്രൂവൽ കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിനെത്തുടർന്ന് 11 പദ്ധതി ഘടകങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുകയും അതിന് 33.28 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിന് കിഫ്ബിയുടെ ധനസഹായത്തിനായി പദ്ധതി രൂപരേഖ തയ്യാറാക്കുകയും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (KIIDC) SPV ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 123.67 കോടി രൂപയുടെ 37 പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി സ്ഥലപരിശോധന നടത്തുകയുണ്ടായി. കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

3. ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്രവികസന പദ്ധതി

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്-ധർമ്മടം കടൽത്തീരങ്ങളുടെ സമഗ്ര വികസന പദ്ധതിയാണിത്. വളരെയേറെ ചരിത്രപ്രാധാന്യമുള്ള കണ്ണൂർ ജില്ലയിലാണ് ഏഷ്യയിലെ ഏറ്റവും നീളം കൂടിയ ഡ്രൈവ്-ഇൻ ബീച്ച് ആയ മുഴപ്പിലങ്ങാട് സ്ഥിതിചെയ്യുന്നത്. ഇതോടൊപ്പം ധർമ്മടം തുരുത്തിൽ പരിസ്ഥിതി സൗഹൃദമായ ടൂറിസം വികസനവും ഉദ്ദേശിക്കുന്നു. 'ധർമ്മടം-മുഴപ്പിലങ്ങാട് കടൽ തീര പ്രദേശം' ഒരു അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കാനുള്ള സമഗ്ര ടൂറിസം പദ്ധതിയാണ് ഇതിലൂടെ വിഭാവന ചെയ്തിരിക്കുന്നത്.

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചുകളുടെ വികസനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് കൺസൾട്ടന്റിനെ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കുകയും M/s. CBRE സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 233.71 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി M/s. KIIDC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സർവ്വേ നടപടികൾ പൂർത്തീകരിച്ച് പദ്ധതി കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. കോഴിക്കോട് ബീച്ച് സ്പോർട്സ് സോൺ

കോഴിക്കോട് കമ്പുരാൻബീച്ചിൽ ബീച്ച് സ്പോർട്സിന് വേണ്ടുന്ന അടിസ്ഥാന സൗകര്യമൊരുക്കുന്ന ഈ പദ്ധതിക്ക് 4.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ് ഇതിന്റെ എക്സിക്യൂട്ടിംഗ് ഏജൻസി. ഇതിൽ ഗാലറി, സൈക്കിൾ ട്രാക്ക്, ജോഗിംഗ് ട്രാക്ക്, കളിസ്ഥലം, ടോയ്‌ലറ്റ്, ഓപ്പൺ ജിം എന്നിവ ഉൾപ്പെടുന്നു.

5. കോഴിക്കോട് ബീച്ച് കൾച്ചറൽ സോൺ

കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ നടത്തുന്നതിനായി ഒരു സ്ഥിരംവേദി ഒരുക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ബീച്ചിൽ 4 കോടി രൂപ ചെലവിൽ ഒരു കൾച്ചറൽ സോൺ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൾച്ചറൽ ലൈബ്രറി, പ്ലാസ, ഷോപ്പ് കിയോസ്ക്, വാക്കിംഗ് ട്രാക്ക്, ഫുഡ് കിയോസ്ക്, ടോയ്‌ലറ്റ് ബ്ലോക്ക്, ലൈറ്റിംഗ് എന്നിവ ഈ പദ്ധതിയിലുൾപ്പെടുന്നു.

6. ബേക്കൽ റിസോർട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (ബി.ആർ.ഡി.സി.)

ബി.ആർ.ഡി.സി.- യുടെ മേൽനോട്ടത്തിൽ പാർക്കുകൾ, റിസോർട്ടുകൾ, SMILE (Small & Medium Industries - Leveraging Experimental Tourism) പദ്ധതിപ്രകാരം ചെറുകിട ടൂറിസം സംരംഭകർക്കായി വർക്ക്ഷോപ്പുകൾ തുടങ്ങിയവ ചെയ്തുവരുന്നു.

(ബി-ഡി) പൈതൃക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളാണ് മുസിരിസ് പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ആലപ്പുഴ ഹെറിറ്റേജ് പദ്ധതി എന്നിവ.

മുസിരിസ് പൈതൃക പദ്ധതി

സർക്കാരിന്റെ അഭിമാന പദ്ധതിയായ മുസിരിസ് പൈതൃക പദ്ധതി പുരാതന കേരളത്തിന്റെ വ്യാപാര ചരിത്രം വെളിവാക്കുന്നതിനായി വിഭാവന ചെയ്തതാണ്. ഈ പദ്ധതിയിൽ പൗരാണിക വസ്തുക്കളുടെ ഉത്ഖനനം, സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, ചരിത്ര മ്യൂസിയങ്ങൾ ഒരുക്കൽ മുതലായവ ഉൾപ്പെടുന്നു. ഈ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ മതിലകം ബംഗ്ലാകടവ് നിർമ്മാണം, മാള ജൂതപ്പള്ളിയുടെ അറ്റകുറ്റപ്പണികൾ, കൊടുങ്ങല്ലൂർ ടെമ്പിൾ മ്യൂസിയം, കൊടുങ്ങല്ലൂർ ചേരമാൻ പള്ളിയുടെ പുനരുദ്ധാരണം, പട്ടണം ഇന്റർപ്രട്ടേഷൻ സെന്റർ, സെന്റ് സെബാസ്റ്റ്യൻ ചവിട്ടുനാടക മ്യൂസിയം, ഹോളിക്രോസ് ചർച്ച് ഇന്റർപ്രട്ടേഷൻ സെന്റർ മുതലായവ പുരോഗമിക്കുന്നു.

ആകെ 48.3 കോടി രൂപയുടെ പദ്ധതി രണ്ടാം ഘട്ടത്തിൽ നടന്നുവരുന്നു. ഇതിന്റെ നിർമ്മാണ പ്രവർത്തനം ഡിസംബർ 2020-നകം പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്. കൂടാതെ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾക്കായി 145 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതിൽ 137.03 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

തലശ്ശേരി പൈതൃക പദ്ധതി

പുരാതന കാലത്തെ മലബാർ മേഖലയിലെ പ്രധാന വ്യാപാര കേന്ദ്രമായ തലശ്ശേരിയുടെ പൈതൃക മൂല്യം കണക്കിലെടുത്തുകൊണ്ട് തലശ്ശേരി നഗരത്തിന്റെ ഭാഗമായിട്ടുള്ളതും ചരിത്ര പ്രാധാന്യമുള്ളതുമായ പൈതൃക അവശേഷിപ്പുകളുടെ/മന്ദിരങ്ങളുടെ സംരക്ഷണവും പരിപാലനവും ഉദ്ദേശിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതും തുടർപ്രവർത്തനങ്ങൾ

നടന്നുവരുന്നതുമാണ്. ഓൾഡ് ഫയർ ടാങ്കിന്റെ പുനരുദ്ധാരണവും പരിപാലനവും പിയർറോഡിന്റെ നവീകരണം, ഗുണ്ടർട്ട് ബംഗ്ലാവിന്റെ നവീകരണം, ലാംഗ്വേജ് മ്യൂസിയം ആൻഡ് ജർമ്മൻ സ്റ്റഡി സെന്ററിന്റെ നിർമ്മാണം എന്നീ 3 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. അടുത്ത ഘട്ടം എന്ന നിലയിൽ പ്രസ്തുത പദ്ധതി കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പൈതൃക മൂല്യം/ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ കണ്ടെത്തി സംരക്ഷിക്കുന്നതിനും വിനോദസഞ്ചാരികൾക്ക് സന്ദർശിക്കുന്നതിനും അതിനോടൊപ്പം പ്രസ്തുത പ്രദേശങ്ങളിലെ തനതു സംസ്കാരം, കല, പൈതൃക ഉത്സവം എന്നിവ മനസ്സിലാക്കുന്നതിനും ആസ്വദിക്കുന്നതിനുംവേണ്ടി ഇവയെല്ലാം ഉൾപ്പെടുത്തി ഒരു പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് M/s. SPACE ART എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 4 സർക്യൂട്ടുകളിലായി 61 ഡെസ്റ്റിനേഷനുകളെ ഉൾപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കുകയും ആയതിന് മാസ്റ്റർപ്ലാൻ അപ്രൂവൽ കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിനെത്തുടർന്ന് 11 പദ്ധതി ഘടകങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുകയും അതിന് 33.28 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിന് കിഫ്ബിയുടെ ധനസഹായത്തിനായി പദ്ധതി രൂപരേഖ തയ്യാറാക്കുകയും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (KIIDC) SPV ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 123.67 കോടി രൂപയുടെ 37 പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി സ്ഥലം പരിശോധന നടത്തുകയുണ്ടായി. കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ആലപ്പുഴ ഹെറിറ്റേജ് പദ്ധതി

വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്ന ചരിത്ര പൈതൃക പദ്ധതിയായ മുസിരിസ് പദ്ധതിയുടെ പാത പിന്തുടർന്നുകൊണ്ട് ആലപ്പുഴയുടെ ചരിത്രപരമായ പ്രാധാന്യവും പൈതൃകവും ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. ആലപ്പുഴയുടെ തനത് ഉൽപ്പന്നമായ കയറുമായി ബന്ധപ്പെട്ട് നിർമ്മാണ ശാലകൾ പുനരുജ്ജീവിപ്പിക്കുക, കയർ മ്യൂസിയം ആരംഭിക്കുക, കനാലുകളും തോടുകളും കൂടുതൽ സഞ്ചാരയോഗ്യമാക്കി വിനോദ സഞ്ചാരികളെ കൂടുതലായി ആകർഷിക്കുക മുതലായവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമായി 28.36 കോടി രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്ക് 122.28 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 4 ഘട്ടങ്ങളിലായിട്ടാണ് പദ്ധതി വിഭാവന ചെയ്യുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ 17.19 കോടി രൂപയുടെയും രണ്ടാം ഘട്ടത്തിൽ 15.86 കോടി രൂപയുടെയും പദ്ധതികൾ പുരോഗമിക്കുന്നു. ഇവ കൂടാതെ തിരുവിതാംകൂർ പൈതൃക പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**എൻ.ടി.പി.സി.-യുമായുള്ള വൈദ്യുതി ബോർഡിന്റെ ഇടപാടുകൾ**

13 (*193) ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ.അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായുള്ള ഇടപാടുകൾ അവസാനിപ്പിക്കുന്നതിന് വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) എൻ.ടി.പി.സി.യെ ഒഴിവാക്കുന്നത് ഭാവിയിൽ ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ&ബി) ഇല്ല. എന്നാൽ പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന കായംകുളം തെർമൽ പവർ സ്റ്റേഷന്റെ ഫിക്സഡ് ചാർജ്ജുമായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. പ്രസ്തുത നിലയത്തിൽ എൻ.ടി.പി.സി.-ക്കുണ്ടാകുന്ന യഥാർത്ഥ ചെലവുകൾ (62.35 കോടി രൂപ) മാത്രം ഫിക്സഡ് ചാർജ്ജിനത്തിൽ നൽകാമെന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി 297.65 കോടി രൂപ വേണമെന്ന എൻ.ടി.പി.സി. നിലപാടാണ് തർക്കങ്ങൾക്ക് കാരണം. എൻ.ടി.പി.സി.-യുടെ രാമഗുണ്ടം, സിംഹാദ്രി, കുഡ്ഗി, താൽച്ചർ എന്നീ നിലയങ്ങളിൽനിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി വാങ്ങുന്നുണ്ടെങ്കിലും പ്രസ്തുത നിലയങ്ങളുടെ കരാറുകളുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലവിലില്ല.

ഇതിന്റെ അടിസ്ഥാനത്തിൽ മാർച്ച് മാസം 10-ാം തീയതി മുതൽ എൻ.ടി.പി.സി.-യുടെ നിലയങ്ങളിൽനിന്നും വൈദ്യുതി നൽകില്ലെന്ന് കാണിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് നിയമപരമായി ശരിയല്ലെന്നും നിലനിൽക്കുന്നതല്ലെന്നും കായംകുളം പ്ലാന്റിന്റെ ഫിക്സഡ്

ചാർജ്ജുമായി ബന്ധപ്പെട്ട വിഷയം മറ്റു കരാറുകളിൽനിന്നും നിയമപരമായി നൽകേണ്ട വൈദ്യുതിയുമായി ബന്ധപ്പെടുത്തുന്നത് നിയമവിരുദ്ധമാണെന്ന് കാണിച്ച് കെ.എസ്.ഇ.ബി.എൽ. എൻ.പി.ടി.സി.-ക്ക് മറുപടി നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ചെയർമാൻ തലത്തിലും ഊർജ്ജ സെക്രട്ടറി തലത്തിലും പ്രശ്നം രമ്യമായി പരിഹരിക്കാൻ എൻ.ടി.പി.സി. പ്രതിനിധികളുമായി ചർച്ചകൾ നടത്തിവരുന്നു.

**രണ്ടാം കയർ പുനഃസംഘടനാ പദ്ധതി**

14 (*194) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയുടെ സമഗ്ര പുരോഗതിക്കായി ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) കയർ വ്യവസായത്തിന്റെ ആധുനികവത്ക്കരണം ലക്ഷ്യമാക്കി രണ്ടാം കയർ പുനഃസംഘടനാ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കയർ മേഖലയിൽ യന്ത്രവത്ക്കരണം ഏർപ്പെടുത്തുമ്പോൾ അത് പരമ്പരാഗത കയർ തൊഴിലാളികളുടെ തൊഴിലിനെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ മേഖലയുടെ ആധുനികവൽക്കരണത്തിനായി സർക്കാർ കയർ മേഖലയിൽ രണ്ടാം പുനഃസംഘടന നടപ്പിലാക്കുകയാണ്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉൽപ്പാദനത്തെ ആധുനികവൽക്കരിക്കുന്നതിന് പരിപൂർണ്ണമായ യന്ത്രവത്കരണം, ഉൽപ്പന്ന മേഖലയിൽ ആധുനികവൽക്കരണം, കയറുൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, കയർ ഭൂവസ്ത്ര പദ്ധതി ഇവയാണ് കയർ വ്യവസായ മേഖലയുടെ സമഗ്ര പുരോഗതിക്കായി ഈ സർക്കാർ കൈകൊണ്ടിട്ടുള്ള നടപടികൾ.

സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 6056 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 240 എ.എസ്.എം.-കൾ സ്ഥാപിച്ചുകഴിഞ്ഞു. 31-3-2020-ൽ 620 എ.എസ്.എം.-കൾ 7 പ്രോജക്ടുകളിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം.-കൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കയർ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിൽ യന്ത്രവത്കരണ പദ്ധതിയിൽ കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്.

സംസ്ഥാനത്ത് കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. കയർ കേരള 2017-ൽവച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയറുൽപ്പന്ന മേഖലയിലും സംഭരണത്തിനും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വ.മീ. കയർ ഭൂവസ്ത്രവും കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

2019 കയർ കേരളവഴി 399 കോടി രൂപയുടെ ഓർഡറുകൾ കയർ അപക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്നുള്ള ധാരണ ഉണ്ടായിട്ടുണ്ട്. 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശഭരണ സ്ഥാപനങ്ങളുമായി

ഒപ്പുവച്ചിട്ടുണ്ട്. കൽക്കട്ടയിൽവച്ച് 2019-ൽ നടന്ന സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ജിയോ ടെക്സ്റ്റൈൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിലെത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർ ഭൂവസ്ത്രം കയർഫെഡിൽനിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി&സി) കയർ വ്യവസായത്തിന്റെ ആധുനികവത്കരണം ലക്ഷ്യമാക്കി കയർ മേഖലയിൽ ഒരു രണ്ടാം കയർ പുനഃസംഘടനാ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്.

ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉൽപ്പന്നരംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ.

ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതികാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ സൊസൈറ്റികളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവച്ചിട്ടുണ്ട്. ഇവയുടെ സ്ഥാപിത ഉൽപ്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ എന്ന് പരിഗണിച്ചാൽ 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുന്നതാണ്. ഇതുവഴി ചകിരി ഉൽപ്പാദനം 5600 ടൺ ആയി വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്.

കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതിപ്രകാരം തുക ലഭ്യമായിട്ടുണ്ട്. 2020-21 വർഷത്തിൽ 2000 എ.എസ്.എം.-കൾ സംസ്ഥാനത്ത് കുറഞ്ഞത് 200 സംഘങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കായംകുളം, കണ്ണൂർ, ആലപ്പുഴ, വൈക്കം എന്നീ പ്രോജക്ടുകളുടെ പരിധിയിലുള്ള കയർ സഹകരണ സംഘങ്ങളിൽ 245 മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ശരാശരി 50 കിലോ 160-180 റണ്ണേജിലുള്ള വൈക്കം കയർ പരിശീലനം വിജയകരമായി

പൂർത്തീകരിക്കുന്ന തൊഴിലാളിക്ക് ഉൽപ്പാദിപ്പിക്കാനാകും. പരമ്പരാഗത/ ഇലക്ട്രോണിക് റാട്ടിൽ ശരാശരി 15-18 കിലോഗ്രാം കയർ ഒന്നോ മൂന്നോ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥാനത്താണ് ഒരു തൊഴിലാളി എ.എസ്.എം.-ൽ 50 കിലോ കയർ ഉൽപ്പാദിപ്പിക്കുന്നത്. കയറുൽപ്പാദനം വർദ്ധിക്കുന്നതിന് ഇത് ഏറ്റവും സഹായകരമാണ്.

എ.എസ്.എം.-കൾ സ്ഥാപിച്ച് തുടങ്ങുന്നതിന് മുമ്പായി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും 6056 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കൊണ്ടും കയറുൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

| വർഷം | കയർ ഉൽപ്പാദനം (ക്വിന്റലിൽ) |
|---|---|
| 2015-16 | 78820.40 |
| 2016-17 | 99793.90 |
| 2017-18 | 124961.00 |
| 2018-19 | 157767.52 |
| 2019-20 ഫെബ്രുവരി വരെ | 170000.00 |

ഈ സാമ്പത്തിക വർഷം 200000 ക്വിന്റൽ കയർ ഉൽപ്പാദിപ്പിക്കുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 1200 കോടി രൂപ പ്ലാൻ ഫണ്ടായും 200 കോടി രൂപ എൻ.സി.ഡി.സി. ധനസഹായമായും മൊത്തം 1400 കോടി രൂപ കയർ മേഖലയിൽ സർക്കാർ വിനിയോഗിച്ചുവരികയാണ്. തൻമൂലം ഒരു തൊഴിലാളിയുടെ ശരാശരി വരുമാനം 2015-16-ൽ 13,380 രൂപയായിരുന്നത് 2018-19-ൽ 29,088 രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയറുൽപ്പാദനം മൂന്നുമടങ്ങായി 2019-20 വർഷം അവസാനിക്കുമ്പോൾ എത്തിച്ചേരുമെന്നതാണ് മേൽ വിവരിച്ച നടപടികളുടെ വിജയകരമായ പരിസമാപ്തി.

കയർ കേരള 2017-ൽവച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വ.മീ. കയർ ഭൂവസ്ത്രവും കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്കരിക്കുക എന്നതാണ് കയർ രണ്ടാം പുനഃസംഘടനയുടെ സവിശേഷത. ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉൽപ്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കും. ഇവർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡുവഴി സംഭരിക്കും. ഈ കയറുകൾ വിറ്റഴിക്കുന്നതിന് സർക്കാർ സബ്സിഡി നൽകും. വരുമാനം ഉറപ്പാക്കൽ പദ്ധതിപ്രകാരം 2016-17 മുതൽ പ്രതിവർഷം ചെലവഴിച്ച തുക താഴെപ്പറയുന്നു.

| വർഷം | തുക |
|---|---|
| 2016-7 | 12,44,50,000 |
| 2017-18 | 15,07,33,457 |
| 2018-19 | 22,64,08,498 |
| 2019-20 ഫെബ്രുവരി 15 വരെ | 15,00,00,000 |

ഡിസ്കൗണ്ട് നൽകി പരമ്പരാഗത തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ വിറ്റഴിക്കുന്നതിനായി കയർഫെഡിന് നൽകിയ പി.പി.എസ്.എസ്. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 21,38,00,000 |
| 2017-18 | 25,40,71,758 |
| 2018-19 | 29,41,85,685 |
| 2019-20 മാർച്ച് 10 വരെ | 33.41 കോടി |

കയർ മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും തൻമൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുകയും തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുകയും ചെയ്യും. എന്നാൽ എ.എസ്.എം.-കളിലേയ്ക്ക് മാറാൻ കഴിയാത്ത ഒരു തൊഴിലാളിക്കും തൊഴിൽ നഷ്ടപ്പെടുകയില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് സമ്പൂർണ്ണ യന്ത്രവത്കരണ പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ടുതന്നെ കയർ രണ്ടാം പുനഃസംഘടന വിജയകരമായി മുന്നോട്ടുപോകുകയാണ്.

## വ്യവസായ വികസനത്തിൽ കിൻഫ്രയുടെ പങ്ക്

15 (*195) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിന് കിൻഫ്ര വഹിക്കുന്ന പങ്ക് വിശദമാക്കുമോ;

(ബി) കിൻഫ്ര വഴി ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സംരംഭങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചതിലൂടെ കിൻഫ്ര പാർക്കുകളിൽ വ്യവസായം ആരംഭിക്കുന്നതിന് കൂടുതൽ വ്യവസായികൾ താല്പര്യം പ്രകടിപ്പിക്കുന്നുണ്ടോ;

(ഡി) കിൻഫ്രയുടെ വ്യവസായ എസ്റ്റേറ്റുകളിൽ ഇനിയും സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ടോ; വിശദാംശം നൽകുമോ;

(ഇ) വ്യവസായ പാർക്കുകളിലെ ഭൂമിയുടെ പാട്ടക്കാലാവധി ഉയർത്തിയിട്ടുണ്ടോ; ഇത് മൂലം ഉണ്ടായിട്ടുള്ള നേട്ടം വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി.ജയരാജൻ):

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിന് കിൻഫ്ര വഹിക്കുന്ന പങ്ക് ചുവടെ ചേർക്കുന്നു.

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനംവഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

വ്യവസായ സംരംഭകർക്ക് അവരുടെ ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിച്ചിട്ടുണ്ട്.

മികച്ച നിക്ഷേപക സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ മാറ്റുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (Ease of Doing Business) നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുബന്ധ ലൈസൻസുകൾ ലഘൂകരിക്കുകയും ഓൺലൈൻ സംവിധാനംവഴി സമയബന്ധിതമായി ലഭിക്കുന്നതിനുള്ള പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം കൂടുതൽ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി അനുബന്ധ അനുമതികൾ ലഭ്യമാക്കുന്നതിനായി K-SWIFT (Kerala Single Window Interface for Fast disposal and Transperancy) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയുടെ വളർച്ച ലക്ഷ്യമാക്കി എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്ട് 2019 നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം 10 കോടി രൂപയിൽ താഴെയുള്ള നിക്ഷേപകർക്ക് സംരംഭങ്ങൾ ഓൺലൈൻവഴി അപേക്ഷ സമർപ്പിക്കുകയും സെൽഫ് ഡിക്ലറേഷൻ സംവിധാനംവഴി വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഇപ്രകാരം ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് അനുബന്ധ അനുമതികൾ മൂന്ന് വർഷത്തിനുള്ളിൽ നേടിയെടുത്താൽ മതിയാകും.

(ബി) ഈ സർക്കാരിന്റെ കാലത്ത് കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്ത സംരംഭങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചതിലൂടെ കിൻഫ്ര പാർക്കുകളിൽ വ്യവസായം ആരംഭിക്കുന്നതിന് കൂടുതൽ വ്യവസായികൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ഡി) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ ഭൂമിയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു*.

(ഇ) നിലവിലെ പാട്ടക്കാലാവധി 30 വർഷമാണ്. 30 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 5000 രൂപയും ജി.എസ്.ടി.-യും അടച്ച് ഓരോ 30 വർഷവും പുതുക്കാവുന്ന വ്യവസ്ഥയാണ് നിലവിലുള്ളത്. ഇപ്രകാരം ഒരു സംരംഭകന് പരമാവധി 90 വർഷംവരെ പാട്ടം ലഭിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രതിസന്ധിയിലായ പ്ലാസ്റ്റിക് വ്യവസായ യൂണിറ്റുകൾ

16 (*196) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയന്ത്രണമേർപ്പെടുത്തിയ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിർമ്മിച്ചിരുന്ന വ്യവസായ യൂണിറ്റുകൾ നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്ലാസ്റ്റിക് നിയന്ത്രണം വഴി പ്രതിസന്ധിയിലായ പ്രസ്തുത വ്യവസായ മേഖലയെ എപ്രകാരം സംരക്ഷിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച് എന്തെങ്കിലും ആലോചനകൾ സർക്കാർ തലത്തിൽ രൂപപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത യൂണിറ്റുകളിൽ പ്രകൃതിയ്ക്കിണങ്ങുന്ന ഉത്പന്നങ്ങൾ രൂപപ്പെടുത്തി വിപണനം ചെയ്യുന്നതിന് സഹായകമാകുന്ന വിധത്തിൽ പദ്ധതി ആവിഷ്കരിച്ച് ഈ മേഖലയുടെ സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(ഡി) പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിയ പശ്ചാത്തലത്തിൽ ബയോഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ എന്ന പേരിൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വിപണനം ചെയ്യുന്ന ഉല്പന്നങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഉണ്ട്. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിച്ചിരുന്ന വ്യവസായ യൂണിറ്റുകൾ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ അസോസിയേഷനുകളുമായും യൂണിറ്റുകളുമായും ചർച്ച നടത്തിയിരുന്നു. നിലവിൽ ഇത്തരം വ്യവസായ യൂണിറ്റുകളിൽ സൂക്ഷിച്ചിട്ടുള്ള ഉൽപ്പന്നങ്ങളും ഉപയോഗിക്കാൻ കരുതിയിട്ടുള്ള അസംസ്കൃത വസ്തുക്കളും ഉപയോഗിക്കാൻ കഴിയാതെവരുമ്പോൾ ആയതിലേയ്ക്ക് നടത്തിയ മുടക്കുമുതൽ നഷ്ടമാകുന്നു. സാമ്പത്തിക മാന്ദ്യം, നോട്ടുനിരോധനം, ജി.എസ്.ടി., പ്രളയം മുതലായവമൂലം പ്രതിസന്ധിയിലായ ചെറുകിട വ്യവസായ മേഖലയ്ക്ക് പെട്ടെന്നുള്ള പ്ലാസ്റ്റിക് നിരോധനം വലിയ പ്രത്യാഘാതമാണ് ഉണ്ടാക്കിയിരിക്കുന്നത്. നിലവിൽ സംസ്ഥാനത്ത് പ്ലാസ്റ്റിക് അധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഏകദേശം ആയിരത്തിയഞ്ഞൂറോളം

വ്യവസായ സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു. 3000 കോടി രൂപ വിറ്റുവരവുള്ള പ്രസ്തുത മേഖലയിൽനിന്നുമാത്രം 540 കോടി രൂപ സർക്കാരിലേയ്ക്ക് നികുതിയായി അടയ്ക്കുന്നുണ്ട്. പ്ലാസ്റ്റിക് അധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ആയിരത്തിയഞ്ഞൂറോളം കോടി രൂപ വായ്പയെടുത്തിട്ടുണ്ട്.

(ബി) ചെറുകിട വ്യവസായ അസോസിയേഷനുകളുമായി കൂടിയാലോചിച്ച് പ്ലാസ്റ്റിക് വ്യവസായം നടത്തുന്ന സംരംഭകർക്ക് വൈവിധ്യവത്കരണം നടത്തുന്നതിനോ ബദൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിനോ ഉള്ള സഹായം ജില്ലാതലത്തിൽ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്ലാസ്റ്റിക് നിരോധനം കാരണം പ്രവർത്തിക്കാൻ കഴിയാത്ത യൂണിറ്റുകളെ വൈവിദ്ധ്യവൽക്കരണത്തിലൂടെ പുനരുജ്ജീവിപ്പിക്കുന്നതിലേയ്ക്കായി 2020-21 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള "പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുതുക്കൽ" പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ വ്യവസായ വാണിജ്യ ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബയോഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്താൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുന്നില്ല.

**കായംകുളം താപവൈദ്യുത നിലയത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി**

17 (*197) ശ്രീ. എസ്. ശർമ്മ:
ശ്രീ. രാജു എബ്രഹാം:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.റ്റി.പി.സി. കായംകുളം താപവൈദ്യുത നിലയത്തിൽ ഉല്പാദിപ്പിച്ച് വൈദ്യുതി ബോർഡിനു നൽകുന്ന വൈദ്യുതിക്ക് ശരാശരി എത്ര വിലയാണ് ഈടാക്കുന്നത്;

(ബി) അമിത വില കാരണം ഈ നിലയത്തിൽ നിന്നുള്ള വൈദ്യുതി കെ.എസ്.ഇ.ബി.ലിമിറ്റഡ് വാങ്ങുന്നില്ലെങ്കിലും നൽകേണ്ടി വരുന്ന ഫിക്സഡ് കോസ്റ്റ് വർദ്ധിപ്പിക്കാൻ എൻ.റ്റി.പി.സി. ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ വൈദ്യുതി ഉൽപ്പാദനമില്ലാത്ത കായംകുളം തെർമൽ സ്റ്റേഷനിൽ താപവൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ എൻ.റ്റി.പി.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക നില സുശക്തമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) നിലവിൽ എൻ.റ്റി.പി.സി. വൈദ്യുതി നിലയത്തിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയോ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുകയോ ചെയ്യുന്നില്ല. താപനിലയത്തിന്റെ ഇന്ധനമായ നാഫ്തയുടെ ഭീമമായ വിലയാണ് ഇതിന് കാരണം. നിലവിലെ നാഫ്തയുടെ വിലയനുസരച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ഏകദേശം 10 രൂപയിൽ കൂടുതൽ ചെലവുവരും. എന്നാൽ ഉൽപ്പാദിപ്പിച്ച വൈദ്യുതി വാങ്ങുന്നില്ലെങ്കിൽകൂടി താപനിലയം നില നിർത്തുന്നതിന് ഫിക്സഡ് ചാർജ്ജിനത്തിൽ എൻ.റ്റി.പി.സി.-യ്ക്ക് വർഷംതോറും 200 കോടി രൂപ നൽകേണ്ടിവരുന്നുണ്ട്.

(ബി) ഉണ്ട്. സി.ഇ.ആർ.സി. ഉത്തരവുപ്രകാരം 2014-19 കാലയളവിലേയ്ക്കുള്ള ഫിക്സഡ് ചാർജ് ശരാശരി 300 കോടി രൂപയാണ്. എൻ.റ്റി.പി.സി. ഫിക്സഡ് ചാർജ്ജിനത്തിൽ ഈ തുക ആവശ്യപ്പെട്ടുവെങ്കിലും സർക്കാർ ഇടപെടലിലൂടെ അത് പ്രതിവർഷം 200 കോടി രൂപയായി 2014-19 കാലയളവിൽ കുറച്ചിരുന്നു. ഇതിനുശേഷം ഏപ്രിൽ 2019 മുതലുള്ള കാലയളവിലേയ്ക്ക് എൻ.റ്റി.പി.സി. 297 കോടി രൂപ 2019-20-ലേയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ലഭ്യമായ കണക്കുകൾപ്രകാരം നിലയം പരിപാലിക്കാൻ ആവശ്യമായ ചെലവുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് കണക്കാക്കി പ്രതിവർഷം 62.35 കോടി രൂപ തോതിൽ ഫിക്സഡ് ചാർജ്ജിനത്തിൽ നൽകിവരുന്നു.

ഈ നിലയം കൂടാതെ എൻ.റ്റി.പി.സി.-യുടെ മറ്റ് നിലയങ്ങളിൽനിന്നും വാങ്ങുന്ന വൈദ്യുതിക്ക് യാതൊരു മുടക്കവും കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് പണം നൽകിവരുന്നുണ്ട്. ഇപ്രകാരം ഇതര നിലയങ്ങൾക്ക് നൽകുന്ന വൈദ്യുതി ചാർജ് എൻ.റ്റി.പി.സി. കായംകുളം നിലയത്തിന്റെ ഉയർന്ന ഫിക്സഡ് ചാർജ്ജിനത്തിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്യുകയും മറ്റ് നിലയങ്ങൾക്ക് കുടിശ്ശികയുള്ളതായി വരുത്തിത്തീർക്കുകയും ചെയ്ത് എല്ലാ എൻ.റ്റി.പി.സി. നിലയങ്ങളിൽനിന്നുമുള്ള വൈദ്യുതി 10-3-2020 മുതൽ നൽകുന്നതല്ല എന്നുപറഞ്ഞ് 22-2-2020-ൽ ഒരു റഗുലേഷൻ നോട്ടീസ് കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ആയതിന്മേൽ ഉചിതമായ തുടർനടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളായി മാറ്റുന്നുണ്ട്.

2. മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾവഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവുവരുത്താൻ ശ്രമിക്കുന്നുണ്ട്.

3. ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.

4. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയായതിലൂടെ AT&C Loss-ഉം നഷ്ടവും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

5. വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിന് കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്.

6. ഡി.ഡി.യു.ജി.ജെ.വൈ., ഐ.പി.ഡി.എസ്. പദ്ധതികൾക്കായുള്ള കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചതുനിമിത്തം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.

**വ്യവസായ വളർച്ചയുടെ തോത് വിലയിരുത്താൻ സർവ്വേ**

18 (*198) ശ്രീ. സജി ചെറിയാൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ വ്യവസായ മേഖലയുടെ പങ്ക് അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വ്യാവസായിക വളർച്ചയുടെ തോത് വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) വ്യവസായ മേഖലയിലെ തൊഴിൽ, നിക്ഷേപം, വളർച്ചാ നിരക്ക് തുടങ്ങിയ സ്ഥിതിവിവരക്കണക്കുകൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും അവ വിശകലനം ചെയ്യുന്നതിനും ആനുവൽ സർവ്വേ ഓഫ് ഇൻഡസ്ട്രീസ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) ഏതെല്ലാം സ്ഥാപനങ്ങളും ഫാക്ടറികളുമാണ് പ്രസ്തുത സർവ്വേയുടെ പരിധിയിൽപ്പെടുന്നതെന്നും സർവ്വേയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് ആരാണെന്നും അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി(ശ്രീ. ഇ. പി. ജയരാജൻ):

(എ) വ്യാവസായിക വളർച്ചയുടെ തോത് വിലയിരുത്തുന്നതിനായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ സഹായത്തോടെ ഓരോ മാസവും ഇൻഡക്സ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ തയ്യാറാക്കി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

(ബി) സംസ്ഥാനത്തെ സംഘടിതമേഖലയിലുൾപ്പെട്ട ഉത്പാദന യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങളാണ് ആന്വൽ സർവ്വേ ഓഫ് ഇൻഡസ്ട്രീസ് മുഖേന എല്ലാ വർഷവും ശേഖരിക്കുന്നത്. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ ഇൻഡസ്ട്രിയൽ സ്റ്റാറ്റിസ്റ്റിക്സ് വിംഗ് നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കളക്ഷൻ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആക്ട് 2008-ഉം 2011-ലെ ചട്ടങ്ങളും പ്രകാരമാണ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് ഓരോ വർഷവും വകുപ്പിന് നൽകുന്ന സ്റ്റേറ്റ് സാമ്പിളുകളിൽ സംസ്ഥാനത്ത് സർവ്വേ നടത്തിവരുന്നത്. ടി സർവ്വേയിലൂടെ സ്ഥാപനത്തിന്റെ അതാത് സാമ്പത്തിക വർഷത്തിലെ ലാഭനഷ്ട കണക്കുകൾ, ബാലൻസ് ഷീറ്റ്, തൊഴിലവസര വിശദാംശം തുടങ്ങിയവ ശേഖരിച്ച് ഡാറ്റാ വിശകലനം നടത്തി സംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം, നിക്ഷേപ മൂലധനം, പ്രവർത്തന മൂലധനം, നിവേശം (Input), ഉത്പന്നം (Output), അറ്റ സ്ഥിര മൂലധന ശേഖരണം (Net Fixed Capital Formation), വർദ്ധമാന സ്ഥിരമൂലധന ശേഖരണം (Gross Fixed Capital Formation), കൂട്ടിച്ചേർക്കപ്പെട്ട വർദ്ധമാന മൂല്യം (Gross Value Added), കൂട്ടിച്ചേർക്കപ്പെട്ട അറ്റമൂല്യം (Net Value added), അറ്റ വരുമാനം (Net Income), ലാഭം (Profit) എന്നിവയും കൂടാതെ ഫാക്ടറികളിൽ ജോലിചെയ്യുന്നവരുടെ എണ്ണം, വിനിയോഗിക്കപ്പെട്ട വ്യക്തിഗത തൊഴിൽദിനങ്ങൾ (Mandays employed), വിതരണം ചെയ്ത വേതന വിവരം (Emoluments paid) എന്നീ വിവരങ്ങൾ നിർണ്ണയിക്കുന്നു. കൂടാതെ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് സംസ്ഥാനത്ത്

സെൻട്രൽ സാമ്പിളുകളുടെ ഫീൽഡ് ഡാറ്റാ കളക്ഷൻ ചെയ്യുകയും അവയുടെ യൂണിറ്റ് ലെവൽ ഡാറ്റാ അതാത് വർഷങ്ങളിൽ വകുപ്പിന് നൽകുകയും ചെയ്യുന്നു. സ്റ്റേറ്റ് സാമ്പിളും സെൻട്രൽ സാമ്പിളും സംയോജിപ്പിച്ച് സർവ്വേയുടെ സ്റ്റേറ്റ് ലെവൽ/ഡിസ്ട്രിക്ട് ലെവൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു.

(സി) ഫാക്ടറീസ് ആക്ട് 1948-ലെ സെക്ഷൻ 2m(i), 2m(ii) പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികൾ, ബീഡി ആൻഡ് സിഗാർ വർക്കേഴ്സ് ആക്ട് (Conditions of Employment) 1966 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾ, ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാത്തതും കമ്പനീസ് ആക്ട് 1956, ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് എന്നിവപ്രകാരം രജിസ്റ്റർ ചെയ്തതും ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ രജിസ്റ്റർ ചെയ്തതും ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസിന്റെ ബിസിനസ് രജിസ്റ്റർ ഓഫ് എസ്റ്റാബ്ലിഷ്മെന്റിൽ ഉൾപ്പെട്ട നൂറോ അതിലധികമോ ജീവനക്കാരുള്ളതുമായ സ്ഥാപനങ്ങളാണ് സർവ്വേയുടെ പരിധിയിൽ ഉൾപ്പെടുന്നത്.

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ ഇൻഡസ്ട്രിയൽ സ്റ്റാറ്റിസ്റ്റിക്സ് വിംഗാണ് സർവ്വേയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്.

**കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി**

19 (*199) ശ്രീ. ഡി. കെ. മുരളി :
ശ്രീ. എസ്. ശർമ്മ:
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ചകിരിയുടെ ക്ഷാമം ഈ മേഖലയിലെ പ്രധാന വെല്ലുവിളി ആയതിനാൽ ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി കേരോല്പാദക സംഘങ്ങളുടെ നേതൃത്വത്തിൽ ചകിരി മില്ലുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതിനായി യന്ത്രനിർമ്മാണമടക്കമുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഇ) ഈ മേഖലയിൽ കുടുംബശ്രീയുടെ പങ്കാളിത്തം എത്രമാത്രം ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ചകിരിയുടെ ദൗർലഭ്യം, ഉൽപ്പാദനരംഗത്ത് ആധുനിക സാങ്കേതികവിദ്യയുടെ അപര്യാപ്തത, നൂതന വിപണന സാധ്യതകളുടെ അപര്യാപ്തത, ഹാൻഡ്‌ലൂം ഉൽപ്പന്നങ്ങൾക്ക് തദ്ദേശീയമായ വിപണി കണ്ടെത്തുന്നതിൽവന്ന പോരായ്മകൾ, കയറിന് വിദേശ വിപണിയിൽവന്ന ഇടിവ്, ഉൽപ്പന്നരംഗത്ത് വൈവിദ്ധ്യവൽക്കരണത്തിന്റെ കുറവ്, കയർ ഭൂവസ്ത്രത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയാതെവന്നത് തുടങ്ങി നിരവധി പ്രതിസന്ധികൾ കയർ മേഖലയിലുണ്ടായിരുന്നു.

ഈ പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്തുന്നതിനാണ് കയർ രണ്ടാം പുനഃസംഘടന നടപ്പിലാക്കുന്നത്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത ആർജ്ജിക്കുതിനായി 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവയുടെ സ്ഥാപിത ഉൽപ്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ കൊണ്ട് 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുമെന്നതാണ്. ഇതുവഴി ചകിരി ഉൽപ്പാദനം 5600 ടൺ ആയി വർദ്ധിപ്പിക്കാൻ കഴിയുന്ന സ്ഥാപിതശേഷി കേരളം ആർജ്ജിച്ചിട്ടുണ്ട്. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്ന സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019 മേളയിൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

കയർ സഹകരണ സംഘങ്ങളെ യന്ത്രവത്കരിച്ച് ആധുനികവത്കരിക്കുക എന്നത് മറ്റൊരു പ്രധാനപ്പെട്ട ലക്ഷ്യമാണ്. പരമ്പരാഗത റാട്ടുകളും ഇലക്ട്രോണിക് റാട്ടുകളും ഉപയോഗപ്പെടുത്തിക്കൊണ്ട് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മികച്ച പ്രവർത്തനങ്ങൾ 4 വർഷമായി നടന്നുവരുന്നു. 2015-16-ൽ 78000 ക്വിന്റൽ കയർ ഉൽപ്പാദനമായിരുന്നത് 2018-19-ൽ 1.57 ലക്ഷം ക്വിന്റലായി ഉയർത്തി 100% വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 2 ലക്ഷം ക്വിന്റൽ കയർ ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്. 2020-21-ൽ 4 ലക്ഷം ക്വിന്റൽ കയർ ഉൽപ്പാദനം ലക്ഷ്യമിട്ടിട്ടുണ്ട്. ഈ ലക്ഷ്യം നേടുന്നതിന് 2000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ 200 സംഘങ്ങളിൽ സ്ഥാപിക്കുകയാണ്. 2020 മാർച്ച് 31-ന് മുമ്പ് 620 മെഷീനുകൾ സ്ഥാപിക്കും. 2020 ജനുവരി മുതൽ നാളിതുവരെ 245 മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു.

ഇപ്രകാരം വർദ്ധിച്ച തോതിൽ കയർ ഉൽപ്പാദനം വർദ്ധിക്കുമ്പോൾ കയറിന്റെ വിനിയോഗം കൂട്ടേണ്ടതായിട്ടുണ്ട്. ഇതിനായി കയർ ഭൂവസ്ത്ര പദ്ധതി മികച്ച സാധ്യതയായി കാണുന്നു. 2019-ലെ കയർ കേരളയിൽ 103 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ കേരളത്തിനുപുറത്ത് കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് കയർഭൂവസ്ത്രത്തിന്റെ വിനിയോഗ സാധ്യത ആരായുകയാണ്. സാങ്കേതികവിദ്യ സ്വായത്തമാക്കിയിരുന്നെങ്കിലും 2016 വരെ കയർഭൂവസ്ത്രം വ്യാപകമായി വിനിയോഗിക്കാൻ കഴിഞ്ഞിരുന്നില്ല. "കയർ കേരള 2017" മേളയിൽ 120 കോടി രൂപയുടെ ധാരണാപത്രം എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ഒപ്പുവച്ച് സംസ്ഥാനത്ത് നടപ്പിലാക്കുകവഴി കയർ ഭൂവസ്ത്രം മണ്ണ്-ജല സംരക്ഷണ പദ്ധതികളിൽ പരക്കെ സ്വീകാര്യത നേടി. കയർഭൂവസ്ത്രത്തിന് ബഹുജന അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞുവെന്നതാണ് കയർ മേഖലയിലെ ഏറ്റവും പ്രധാനമായ നേട്ടമായി കണക്കാക്കുന്നത്.

കൈത്തറി ഉൽപ്പന്നങ്ങൾ നെയ്യുന്ന പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻവഴി സർക്കാർ ഉൽപ്പന്ന സംഭരണം നടത്തിവരുന്നു.

**ഉൽപ്പന്ന സംഭരണം**

കഴിഞ്ഞ സർക്കാരിന്റെ 5 കൊല്ലക്കാലംകൊണ്ട് 276.63 ലക്ഷം സ്ക്വ. മീ. കയർ ഉൽപ്പന്നമാണ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചത്. അതേസമയം 2016-20-ൽ ഇപ്പോഴത്തെ സർക്കാരിന്റെ കാലത്ത് (4 കൊല്ലം കൊണ്ട്) 387.6 ലക്ഷം സ്ക്വ.മീ. ഉൽപ്പന്നം സംഭരിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ശരാശരി വാർഷിക സംഭരണം 55.32 ലക്ഷം ച.മീ. ആയിരുന്നത് ഇപ്പോൾ 96.9 ലക്ഷം ച. മീറ്ററായി ഉയർന്നു. പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ആഗോള വ്യാപാരം ഗണ്യമായി ഇടിയുകയാണ്. എന്നിട്ടും കഴിഞ്ഞ സർക്കാരിന്റെ കാലത്തെ സംഭരണതോത് നിലനിർത്താൻ കഴിയുന്നത് വലിയ തോതിൽ കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതുകൊണ്ടാണ്. അതേസമയം ജിയോടെക്സ്റ്റൈൽസ് ഗണ്യമായ വളർച്ച നേടുകയും ചെയ്തു.

**ചെറുകിട ഉൽപ്പാദകർക്കുള്ള ധനസഹായം**

| | 2011-16 (തുക കോടിയിൽ) | 2016 -20 (തുക കോടിയിൽ) |
|---|---|---|
| തുക | 17.12 | 20.43 |
| വാർഷിക ശരാശരി | 3.424 | 5.1075 |

**സംഭരണ വില വിതരണം**

| വർഷം | തുക (കോടിയിൽ) |
|---|---|
| 2015-16 | 97.06 |
| 2016-17 | 103.36 |
| 2017-18 | 94.75 |
| 2018-19 | 146.83 |
| 2019-20 മാർച്ച് 7 വരെ | 163.49 |

കയർ ഉൽപ്പന്നങ്ങളുടെ വിദേശ വിപണിക്കൊപ്പം ആഭ്യന്തര വിപണി ശക്തിപ്പെടുത്തിയതാണ് വിറ്റുവരവിലുണ്ടായ വർദ്ധനവിന് കാരണമായത്.

കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി സാധ്യതകൾ വർദ്ധിപ്പിക്കുന്നതോടൊപ്പം ആഭ്യന്തര വിപണിക്ക് വർദ്ധിച്ച പ്രോത്സാഹനം സർക്കാർ നൽകിവരുന്നു. ആഭ്യന്തര വിപണി ശക്തിപ്പെടുത്തുക എന്നതാണ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വളരെ പ്രധാനപ്പെട്ട ഒരു മാർഗ്ഗം. പതിമൂന്നാം പഞ്ചവത്സര പദ്ധതി നടത്തിപ്പിന് സഹായിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്ന് കയർ ഉൽപ്പന്നങ്ങളുടെ വിപണി ആഭ്യന്തര-വിദേശ മേഖലകളിൽ വിപുലീകരിക്കുക എന്നതാണ്. രാജ്യത്തെ 7 ആഭ്യന്തര കമ്പനികളുമായി കയർ കോർപ്പറേഷൻ കരാറിലെത്തുന്നതിന് സാധ്യത തെളിഞ്ഞിട്ടുണ്ട്. റിലയൻസ് കമ്പനിയിൽനിന്നും 10 ലക്ഷം മാറ്റിന്റെ ഓർഡർ കയർ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

ആധുനിക ഉൽപ്പന്ന നിർമ്മാണരംഗത്ത് കയർ ബയന്റർലസ് ബോർഡിന്റെ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതൊരു പൈലറ്റ് പ്രോജക്ടാണ്. താൽപ്പര്യമുള്ള സംരംഭകർക്ക് സാങ്കേതികവിദ്യ നൽകുന്നതാണ്. കൂടാതെ കയർ കോമ്പോസിറ്റ് ബോർഡ്, കയർ അക്വസ്റ്റിക് പാനലുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും സ്വകാര്യ സംരംഭകർക്ക് സാങ്കേതികവിദ്യ നൽകുന്നതാണ്. കയർ മേഖലയിലെ പ്രതിസന്ധികൾ കണ്ടെത്തി അവയ്ക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുക എന്നതാണ് കയർ രണ്ടാം പുനഃസംഘടനാപദ്ധതി നടപ്പാക്കുന്നതിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) കയർ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന രണ്ടാം പുനഃസംഘടനയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്നതാണ്. ഇതിനായി 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 500 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട്

സംഭരണം ശക്തമാക്കുന്നതിനും ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ച് പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡിയോടെയും ഡീ-ഫൈബറിംഗ് മിൽ നൽകിവരുന്നു.

കയർ സഹകരണ സംഘങ്ങൾക്കുപുറമെ ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെ ഡീ-ഫൈബറിംഗ് മില്ലുകൾ അനുവദിക്കുന്ന പദ്ധതി പ്രകാരവും സംസ്ഥാനത്ത് ഡീ-ഫൈബറിംഗ് മില്ലുകൾ പ്രവർത്തനക്ഷമമാണ്. 8000 മുതൽ 40000 തൊണ്ടുവരെ പ്രതിദിനം ചകിരിയാക്കാൻ ഇവയ്ക്ക് സാധിക്കും.

സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം "കയർ കേരള" 2019 മേളയിൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

സർക്കാരിന്റെ ഇത്തരം ഇടപെടലിന്റെ ഫലമായി ചകിരി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 376% വർദ്ധനവുണ്ടായിട്ടുണ്ട്. 2015-16-ൽ 6498.51 ക്വി. ചകിരി ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 2018-19-ൽ 30988.51 ക്വി. ചകിരി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2015-16-ൽ കയർഫെഡ് സംസ്ഥാനത്തിനകത്തുനിന്നോ പുറത്തുനിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><td>വർഷം</td><td>ചകിരി വില (ലക്ഷത്തിൽ)</td><td rowspan="5">2019-20 ജനുവരി 31 വരെ 312.80 ലക്ഷം രൂപ വിലമതിക്കുന്ന ചകിരി സംസ്ഥാനത്തെ ഡി.എഫ്. മില്ലുകളിൽ നിന്ന് കയർഫെഡ് സംഭരിച്ച്സംഘങ്ങൾക്ക്നൽകിയിട്ടുണ്ട്. ഇത് മുൻവർഷത്തേക്കാൾ 45.76% അധികമാണ്</td></tr>
<tr><td>2015-16</td><td>ഇല്ല</td></tr>
<tr><td>2016-17</td><td>50.94</td></tr>
<tr><td>2017-18</td><td>78.14</td></tr>
<tr><td>2018-19</td><td>284.02</td></tr>
</table>

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് താൽപ്പര്യമുള്ള എല്ലാവരെയും ആകർഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉൽപ്പാദിപ്പിക്കുന്ന ചകിരി 23 രൂപ നിരക്കിൽ കയർഫെഡ്വഴി സർക്കാർ സംഭരിക്കുകയാണ്. ചകിരി ഉൽപ്പാദനത്തിന് സർക്കാർ സ്വീകരിച്ച നടപടികൾ വിജയകരമായി മുന്നേറുകയാണ്.

(സി) കയർ മേഖലയിൽ നടപ്പിലാക്കിവരുന്ന രണ്ടാം പുനഃസംഘടന സ്കീം ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നാളികേര ഉൽപ്പാദക കമ്പനികളെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി കയർ വികസന വകുപ്പിനുകീഴിലുള്ള വിവിധ പ്രോജക്ട് ഓഫീസുകളുടെ കീഴിലുള്ള കേരോൽപ്പാദക സംഘങ്ങളുടെ നേതൃത്വത്തിൽ ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊന്നാനി കയർ പ്രോജക്ടിനുകീഴിൽ 7 കേരോൽപ്പാദക സംഘങ്ങൾ ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് തയ്യാറായിട്ടുണ്ട്. കൊല്ലം കയർ പ്രോജക്ടിൽ കേരോൽപ്പാദക സംഘമായ കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസിംഗ് കമ്പനിയിൽ ചകിരി മില്ല് സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് കയർ പ്രോജക്ടിനുകീഴിൽ കേരോൽപ്പാദന കമ്പനികളിൽ 2 ചകിരി മില്ലുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കായംകുളം പ്രോജക്ടിന്റെ പരിധിയിൽ ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷന്റെ നേതൃത്വത്തിൽ ഒരു ചകിരി മില്ല് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ടി മില്ല് സ്ഥാപിക്കുന്ന കാര്യത്തിൽ കേരോൽപ്പാദക സംഘങ്ങൾ താൽപ്പര്യപൂർവ്വം മുന്നോട്ടുവരുന്നില്ല. ആയതിനാൽ ഇവയുടെ ആഭിമുഖ്യത്തിൽ കൂടുതൽ മില്ലുകൾ ആരംഭിക്കാനായിട്ടില്ല.

(ഡി) ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനാവശ്യമായ യന്ത്രങ്ങൾ നിർമ്മിച്ചുനൽകുന്നത് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയാണ്. ഇവയ്ക്ക് ഡീ-ഫൈബറിംഗ് മില്ലുകൾ അനുവദിക്കുന്നതിനായി ജി.ഒ.(ആർ.ടി) നമ്പർ 1237/18 തീയതി 29-10-2018 പ്രകാരം 6,30,69,320 രൂപയും ജി.ഒ.(ആർ.ടി) 1264/18 തീയതി 7-11-2018 പ്രകാരം 4,07,50,000 രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ റോട്ടറി ക്രഷർ എന്ന പേരിൽ പുതിയ ഒരു സംവിധാനം ഉൾക്കൊള്ളുന്ന ഡീ-ഫൈബറിംഗ് മില്ലുകളാണ് ഇപ്പോൾ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി നിർമ്മിച്ചുവരുന്നത്. റ്റി 5 സീരീസിലുള്ള ഡീ-ഫൈബറിംഗ് മില്ലുകളാണ് ഇപ്പോൾ പ്രചാരത്തിലുള്ളത്.

കൂടാതെ സ്വകാര്യ സംരംഭകർക്കും മറ്റ് ഏജൻസികൾക്കും കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയിൽനിന്നല്ലാതെ പുറമെനിന്നും ഉയർന്ന ശേഷിയുള്ള മില്ലുകൾ സ്ഥാപിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. ഇവയ്ക്ക് 50% സബ്സിഡി (പരമാവധി 25 ലക്ഷം രൂപവരെ) നൽകുന്നതാണ്.

(ഇ) കയർ മേഖലയിൽ നടപ്പിലാക്കിവരുന്ന രണ്ടാം പുനഃസംഘടന സ്കീം ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനുമായും ജില്ലാ മിഷനുകളുമായി ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകളാണ് സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളത്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽ നിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള എല്ലാ സഹായവും നൽകുന്നതാണ്. ഇവർ ഉൽപ്പാദിപ്പിക്കുന്ന ചകിരി 23 രൂപ നിരക്കിൽ കയർഫെഡ് സംഭരിക്കുന്നതാണ്. അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് വകുപ്പുതല സഹായം നൽകുന്നതാണ്.

**കയർ വ്യവസായ പുനരുദ്ധാരണത്തിനായുള്ള പ്രവർത്തനങ്ങൾ**

20 (*200) ശ്രീ. ബി. സത്യൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചകിരിക്ഷാമം കൊണ്ട് കയർ വ്യവസായം പ്രതിസന്ധി നേരിട്ടിരുന്ന സാഹചര്യത്തിൽ പ്രസ്തുത വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി ഈ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കയർ ഉല്പാദനത്തിൽ മൂന്ന് മടങ്ങോളം വർദ്ധന കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതിനാൽ തദനുസൃതം വിപണി വിപുലീകരണത്തിന് ചെയ്തു വരുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ചകിരിക്കായി ഏതാണ്ട് പൂർണ്ണമായി തമിഴ് നാടിനെ ആശ്രയിച്ചിരുന്ന സ്ഥിതിക്ക് മാറ്റം വരുത്താനായിട്ടുണ്ടോ; എങ്കിൽ നേട്ടം വിശദീകരിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന രണ്ടാം പുനഃസംഘടനയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്നതാണ്. ഇതിനായി 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 500 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ നൽകിവരുന്നു.

കയർ സഹകരണ സംഘങ്ങൾക്ക് പുറമെ ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെ ഡി.എഫ്. മില്ലുകൾ അനുവദിക്കുന്ന പദ്ധതി പ്രകാരവും സംസ്ഥാനത്ത് ഡി.എഫ്. മില്ലുകൾ ആരംഭിച്ചിട്ടുണ്ട്. 8000 മുതൽ 40000 തൊണ്ടുവരെ പ്രതിദിനം ചകിരിയാക്കാൻ ഇവയ്ക്ക് സാധിക്കും.

സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

ചകിരി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 376% വർദ്ധനവുണ്ടായിട്ടുണ്ട്. 2015-16-ൽ 6498.51 ക്വി. ചകിരി ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 2018-19-ൽ 30988.51 ക്വി. ചകിരി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2015-16-ൽ കയർഫെഡ് സംസ്ഥാനത്തിനകത്തുനിന്നോ പുറത്തുനിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**ചകിരി സംഭരണം**

<table>
<tr><td>വർഷം</td><td>ചകിരി വില (ലക്ഷത്തിൽ)</td><td rowspan="5">2019-20 ജനുവരി 31 വരെ 312.80 ലക്ഷം രൂപ വിലമതിക്കുന്ന ചകിരി സംസ്ഥാനത്തെ ഡി.എഫ്. മില്ലുകളിൽ നിന്ന് കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് മുൻവർഷത്തേക്കാൾ 45.76% അധികമാണ്</td></tr>
<tr><td>2015-16</td><td>ഇല്ല</td></tr>
<tr><td>2016-17</td><td>50.94</td></tr>
<tr><td>2017-18</td><td>78.14</td></tr>
<tr><td>2018-19</td><td>284.02</td></tr>
</table>

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് താൽപ്പര്യമുള്ള എല്ലാവരെയും ആകർഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉൽപ്പാദിപ്പിക്കുന്ന ചകിരി 23 രൂപ നിരക്കിൽ കയർഫെഡ്വഴി സർക്കാർ സംഭരിക്കുകയാണ്.

(ബി) സംസ്ഥാനത്ത് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും വലിയ പരിഗണന നൽകുന്നു. കയർ കേരള 2017-ൽവച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് ഒപ്പു വച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും സംഭരണത്തിനും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വ. മീ. കയർ ഭൂവസ്ത്രവും കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ പി.പി.എസ്.എസ്. പദ്ധതി പ്രകാരം സംഭരിച്ച കയർ ഉൽപ്പന്ന വിപണനത്തിനായി കയർ കാർണിവൽ 2017 നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 127 ബ്രാൻഡ് ഔട്ട്ലറ്റുകളിലൂടെ

സംസ്ഥാനത്താകെ 9 തെരഞ്ഞെടുക്കപ്പെട്ട ഹാന്റ്ലൂം പ്രോഡക്റ്റുകൾ 50% സബ്സിഡി നൽകി വിറ്റഴിച്ചു. 15 കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങൾ ഇതുവഴി വിതരണം ചെയ്തു.

കയറിന്റെയും പ്രകൃതിദത്ത നാരുകളുടെയും അന്തർദേശീയ പ്രദർശന മേളയായ കയർ കേരളയോടനുബന്ധിച്ച് വിപുലമായ പ്രചാരണ പ്രവർത്തനങ്ങളാണ് എല്ലാ വർഷവും നടത്തിവരുന്നത്. 2019 കയർ കേരളവഴി 399 കോടി രൂപയുടെ ഓർഡറുകൾ കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്നുള്ള ധാരണ ഉണ്ടായിട്ടുണ്ട്. 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി നടത്തിപ്പിന് സഹായിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്ന് കയർ ഉൽപ്പന്നങ്ങളുടെ വിപണി ആഭ്യന്തര-വിദേശ രംഗങ്ങളിൽ വിപുലീകരിക്കുക എന്നതാണ്. രാജ്യത്തെ 7 ആഭ്യന്തര കമ്പനികളുമായി കയർ കോർപ്പറേഷൻ കരാറിലെത്തുന്നതിന് സാധ്യത തെളിഞ്ഞിട്ടുണ്ട്. റിലയൻസിന്റെ ഭാഗത്തുനിന്ന് 10 ലക്ഷം മാറ്റിന്റെ ഓർഡർ കയർ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡും കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സും അവരവരുടെ ഉൽപ്പന്നങ്ങൾ സംബന്ധിച്ച് പരസ്യ പ്രചരണങ്ങൾ നടത്തുന്നുണ്ട്. കൽക്കട്ടയിൽവച്ച് 2019-ൽ നടന്ന നാച്വറൽ ഫൈബറുകളുടെ സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ജിയോ ടെക്സ്റ്റൈൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിലെത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർ ഭൂവസ്ത്രം കയർഫെഡിൽനിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്.

**ഉൽപ്പന്ന സംഭരണം**

കഴിഞ്ഞ സർക്കാരിന്റെ 5 കൊല്ലക്കാലംകൊണ്ട് 276.63 ലക്ഷം സ്ക്വ.മീ. കയർ ഉൽപ്പന്നമാണ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചത്. അതേസമയം 2016-20-ൽ ഇപ്പോഴത്തെ സർക്കാരിന്റെ കാലത്ത് (4 കൊല്ലം കൊണ്ട്) 387.6 ലക്ഷം സ്ക്വ.മീ. ഉൽപ്പന്നം സംഭരിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ശരാശരി വാർഷിക സംഭരണം 55.32 ലക്ഷം ച.മീ. ആയിരുന്നത് ഇപ്പോൾ 96.9 ലക്ഷം ച. മീറ്ററായി ഉയർന്നു. പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ആഗോള വ്യാപാരം ഗണ്യമായി ഇടിയുകയാണ്. എന്നിട്ടും കഴിഞ്ഞ സർക്കാരിന്റെ കാലത്തെ സംഭരണതോത് നിലനിർത്താൻ കഴിയുന്നത് വലിയ തോതിൽ കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതുകൊണ്ടാണ്. അതേ സമയം ജിയോടെക്സ്റ്റൈൽസ് ഗണ്യമായ വളർച്ച നേടുകയും ചെയ്തു.

**ചെറുകിട ഉൽപ്പാദകർക്കുള്ള ധനസഹായം**

| | 2011-16 (തുക കോടിയിൽ) | 2016 -20 (തുക കോടിയിൽ) |
|---|---|---|
| തുക | 17.12 | 20.43 |
| വാർഷിക ശരാശരി | 3.424 | 5.1075 |

**സംഭരണ വില വിതരണം**

| വർഷം | തുക (കോടിയിൽ) |
|---|---|
| 2015-16 | 97.06 |
| 2016-17 | 103.36 |
| 2017-18 | 94.75 |
| 2018-19 | 146.83 |
| 2019-20 മാർച്ച് 7 വരെ | 163.49 |

കയർ ഉൽപ്പന്നങ്ങളുടെ വിദേശ വിപണിക്കൊപ്പം ആഭ്യന്തര വിപണി ശക്തിപ്പെടുത്തിയതാണ് വിറ്റുവരവിലുണ്ടായ വർദ്ധനവിന് കാരണമായത്.

(സി) ഉണ്ട്. കയർ മേഖലയിൽ നടപ്പിലാക്കിവരുന്ന രണ്ടാം പുനഃസംഘടന സ്കീം ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡി.എഫ്. മില്ലുകളാണ് സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളത്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതികാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്.

മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുമായി 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവച്ചു. ഇവയുടെ സ്ഥാപിത ഉൽപ്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ എന്ന് പരിഗണിച്ചാൽ 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുന്നതാണ്. ഇതുവഴി ചകിരി ഉൽപ്പാദനം 5600 ടൺ ആയി വർദ്ധിപ്പിക്കാൻ കഴിയും. ഡി.എഫ്. മില്ലുകൾ, കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90% സ്വകാര്യ സംരംഭകർക്ക് 50% (പരമാവധി 25 ലക്ഷം രൂപ) എന്നതരത്തിൽ പ്രവർത്തന മൂലധനം ഒഴികെയുള്ള മൊത്തം പദ്ധതിച്ചെലവിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകിവരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി. വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു.

മുൻ കാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡി.എഫ്. മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡി.എഫ്. മില്ലുകൾ, ചകിരി ഉൽപ്പാദക സംഘങ്ങൾ ചകിരി ഉൽപ്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡി.എഫ്. മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉൽപ്പാദിപ്പിച്ചെടുക്കുന്നു. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായ ഒരു കയർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. ഇതിന്റെ ഫലമായി ചകിരി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ട്. 2015-16-ൽ 6498.51 ക്വി. ചകിരി ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 2018-19-ൽ 30988.51 ക്വി. ചകിരി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാലയളവിൽ ചകിരി ഉൽപ്പാദനത്തിൽ 376% വർദ്ധനവുണ്ടായിട്ടുണ്ട്.

2015-16-ൽ കയർഫെഡ് സംസ്ഥാനത്തിനകത്തുനിന്നോ പുറത്തുനിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**ചകിരി സംഭരണം**

<table>
<tr><td>വർഷം</td><td>ചകിരി വില (ലക്ഷത്തിൽ)</td><td rowspan="5">2019-20 ജനവരി 31 വരെ 312.80 ലക്ഷം രൂപ വിലമതിക്കുന്ന ചകിരി സംസ്ഥാനത്തെ ഡി.എഫ്. മില്ലുകളിൽനിന്ന് കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് മുൻവർഷത്തേക്കാൾ 45.76% അധികമാണ്</td></tr>
<tr><td>2015-16</td><td>ഇല്ല</td></tr>
<tr><td>2016-17</td><td>50.94</td></tr>
<tr><td>2017-18</td><td>78.14</td></tr>
<tr><td>2018-19</td><td>284.02</td></tr>
</table>

സംസ്ഥാനത്തിനകത്ത് ചകിരി ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് 500 ഡി.എഫ്. മില്ലുകൾ എന്ന ലക്ഷ്യം കൈവരിക്കേണ്ടതായിട്ടുണ്ട്. ആശാവഹമായ പുരോഗതി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിൽ കൈവരിക്കാനായിട്ടുണ്ട്.

## പ്രസരണ ശൃംഖലയുടെ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് നടപടി

21 (*201) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പി. കെ. ശശി:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലം പതിവിലും നേരത്തെ കനത്തത് വൈദ്യുതിയുടെ ഉപഭോഗത്തിൽ ഏറെ വർദ്ധനവുണ്ടാക്കുന്നതും ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം കുറയാനിടയുള്ളതും കണക്കിലെടുത്ത് ഊർജ ഭദ്രത ഉറപ്പു വരുത്തുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന മുൻകരുതൽ നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാരിന്റെ കാര്യക്ഷമമായ നടപടികളുടെ ഫലമായി പവർ ഹൈവേ പൂർത്തിയാക്കി പ്രസരണശേഷി വർദ്ധിപ്പിക്കാനായത് മൂലം ഹ്രസ്വകാല കരാറുകൾ വഴിയും പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങൽ പ്രായോഗികമായിട്ടുണ്ടോ;

(സി) സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖലയുടെ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം നിറവേറ്റാനാവശ്യമായ ജലം കെ.എസ്.ഇ.ബി.എൽ.-ന്റെ അണക്കെട്ടുകളിൽ സംഭരിച്ചിട്ടുണ്ട്. 3-3-2020-ലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ. അണക്കെട്ടുകളിൽ ലഭ്യമായ ജലം നിലവിലുള്ള സംഭരണശേഷിയുടെ 59.01% ആണ്. പ്രസ്തുത സംഭരണശേഷികൊണ്ട് 2443.306 ദശലക്ഷം യൂണിറ്റ് ഉൽപ്പാദിപ്പിക്കാൻ കഴിയും. കഴിഞ്ഞ വർഷം ഇതേ ദിവസത്തെ സംഭരണം 2290.069 ദശലക്ഷം യൂണിറ്റ് ആയിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ ഏകദേശം 30% മാത്രമേ ആഭ്യന്തര ഉൽപ്പാദനംവഴി നിറവേറ്റാൻ സാധ്യമാകുന്നുള്ളൂ. അവശേഷിക്കുന്ന 70% വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നാണ് വാങ്ങുന്നത്. കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെയും നിലവിലുള്ള കരാറുകൾ പ്രകാരം ലഭിക്കാവുന്ന വൈദ്യുതിയുടെയും അടിസ്ഥാനത്തിൽ 2020-ലെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് പ്രതീക്ഷിക്കാവുന്ന അധിക വൈദ്യുതി കമ്മി കെ.എസ്.ഇ.ബി.എൽ. മുൻകൂട്ടി വിലയിരുത്തിയിട്ടുണ്ട്. ഇപ്രകാരം പ്രതീക്ഷിക്കുന്ന വൈദ്യുതി കമ്മി ഹ്രസ്വകാല കരാറുകളിലൂടെയും ബാങ്കിംഗ് കരാറുകളിലൂടെയും വൈദ്യുതി വാങ്ങൽ കരാറുകളിലൂടെയും പരമാവധി നികത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ആവശ്യാനുസരണം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങാനുള്ള ക്രമീകരണങ്ങളും കെ.എസ്.ഇ.ബി.എൽ. നടത്തിയിട്ടുണ്ട്.

(ബി) തിരുനെൽവേലി-കൊച്ചി, തൃശ്ശൂർ-ഉദുമൽപേട്ട ലൈൻ പൂർത്തിയായതോടെ പ്രസരണ ലൈനുകളുടെ പ്രസരണശേഷി വർദ്ധിക്കുകയും ഏകദേശം 500 MW കൂടുതൽ വൈദ്യുതി പുറമേനിന്നും വാങ്ങാനും സാധിച്ചിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തിയാകുന്നതോടെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൂടുതൽ വൈദ്യുതി എത്തിക്കാനും വടക്കൻ ജില്ലകളിലെ വൈദ്യുതി ക്ഷാമവും വോൾട്ടേജ് ക്ഷാമവും ഇല്ലാതാക്കാനും പ്രസരണ നഷ്ടം കുറയ്ക്കാനും തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കാനും സാധിക്കും. മറ്റ് ആഭ്യന്തര ലൈനുകളുടെ അറ്റകുറ്റപ്പണികൾ വേണ്ടിവരുന്ന അവസരങ്ങളിൽ പ്രസ്തുത പവർ ഹൈവേ ഏറെ സഹായകമാണ്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ കരാറുകൾ വഴിയും പവർ എക്സ്ചേഞ്ചിൽനിന്നും വാങ്ങാനുദ്ദേശിക്കുന്ന വൈദ്യുതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പീക്ക് ലോഡ് സമയത്തെ പ്രതീക്ഷിക്കുന്ന ഉയർന്ന ആവശ്യകത | മാർച്ച് | ഏപ്രിൽ | മേയ് |
|---|---|---|---|
| | 4200 MW | 4200 MW | 4200 MW |
| ജലവൈദ്യുതി | 1400 | 1500 | 1500 |
| കേന്ദ്രവിഹിതം | 1300 | 1300 | 1300 |
| ദീർഘകാല കരാറുകൾവഴി ലഭ്യമാകുന്ന വൈദ്യുതി | 1050 | 1050 | 1050 |
| SWAP & DEEP PORTAL | 225 | 225 | 247 |
| ഗ്രിഡ്‌വഴി അധികമായി എടുക്കാവുന്ന വൈദ്യുതി | 80 | 80 | 80 |
| പവർ എക്സ്ചേഞ്ച് വഴി അധികമായി എടുക്കാവുന്ന വൈദ്യുതി | 145 | 45 | 23 |
| ആകെ | 4200 | 4200 | 4200 |

(സി) ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രസരണ മേഖലയിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുക, നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുക, വോൾട്ടേജ് നിലവാരം ഉയർത്തുക എന്നീ പ്രവൃത്തികളാണ് നടപ്പാക്കിവരുന്നത്. ഈ നടപടികളുടെ ഭാഗമായി ഈ കാലയളവിൽ 45 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. ഇതിൽ രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും (കാട്ടാക്കട, അമ്പലത്തറ) പതിനാറ് 110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. നിർമ്മാണം പൂർത്തീകരിച്ച 45 സബ്സ്റ്റേഷനുകളിൽ 36 എണ്ണം പുതിയതായി നിർമ്മിച്ചതും ശേഷിക്കുന്ന 9 എണ്ണം വോൾട്ടേജ് നിലവാരം ഉയർത്തിയവയുമാണ്. കൂടാതെ 895 കി.മീ. പ്രസരണ ലൈനുകളുടെ നിർമ്മാണവും പൂർത്തിയാക്കി. ഇതിനുപുറമെ വിവിധ സബ്സ്റ്റേഷനുകളിലായി 1314 MVA ശേഷിയുള്ള പുതിയ ട്രാൻസ്ഫോമറുകളും സ്ഥാപിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള 20 സബ് സ്റ്റേഷനുകളുൾപ്പെടെ 2020-21-ഓടുകൂടി 70 സബ്സ്റ്റേഷനുകൾ പൂർത്തീകരിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസരണ മേഖലയിൽ 1841.27 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല (Intra-state Transmission Network) ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി

നടപ്പിലാക്കിവരുന്നു. രണ്ട് ഘട്ടങ്ങളിലായി 10000 കോടി രൂപ മൂലധന വിഹിതം ആവശ്യമുള്ള പദ്ധതിയാണിത്. ഈ പദ്ധതി നടപ്പാക്കുന്നതോടെ സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖലയുടെ ശേഷി ഗണ്യമായി ഉയരുകയും പ്രസരണ നഷ്ടം പരമാവധി കുറയ്ക്കാനും കഴിയും. ഒന്നാം ഘട്ടം 2021-ൽ പൂർത്തിയാകും. പുതിയ 400 kV ട്രാൻസ്മിഷൻ ലൈനുകൾ വലിക്കുക, പുതിയ 220 kV സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക/വലിക്കുക, നിലവിലുള്ള 110 kV സബ്സ്റ്റേഷനുകൾ 220 kV ആയി ഉയർത്തുക മുതലായ പ്രവൃത്തികൾ ഈ പദ്ധതിയിലുൾപ്പെടുന്നു.

കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ 15 സബ്സ്റ്റേഷനുകളും 156.15 കി.മീ. ലൈനും പൂർത്തീകരിക്കാനുദ്ദേശിക്കുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. 2020-21 സാമ്പത്തിക വർഷത്തിൽ 26 സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും ഉൾപ്പെടെ 618.3 കി.മീ. ലൈനും പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു, വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ പ്രവർത്തനം**

22 (*202) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കോർപ്പറേഷന്റെ സ്പിന്നിംഗ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ ആധുനിക കമ്പോളത്തിൽ മത്സരക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഗുണമേന്മ പരിശോധിക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ പ്രവർത്തനം മൊത്തത്തിലും യൂണിറ്റടിസ്ഥാനത്തിലും മാസംതോറും റിയാബ് മുഖേന അവലോകനം ചെയ്തുവരുന്നു. ഉൽപ്പാദന പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിനുള്ള പ്രധാന അസംസ്കൃത വസ്തുവായ പഞ്ഞി വാങ്ങുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം കോട്ടൺ പർച്ചേസ് കമ്മിറ്റി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രവർത്തന മൂലധനമായി കമ്പനിക്ക് 942.66 ലക്ഷം രൂപ നൽകിയിട്ടുണ്ട്. വിവിധ മില്ലുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 34.39 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ യൂണിറ്റുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി യൂണിറ്റ് മില്ലുകളുടെ മാനേജ്മെന്റ് സംവിധാനങ്ങളിലും ആവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഉദുമ സ്പിന്നിംഗ് മിൽ, കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, ഹൈടെക് വീവിംഗ് മിൽ, പിണറായി എന്നിവ തുറന്നുപ്രവർത്തിപ്പിച്ചു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ടേൺ ഓവർ 2015-16-ലെ 31.68 കോടി രൂപയിൽനിന്നും 49.07 കോടി രൂപയിലേയ്ക്ക് ഉയർന്നു. 873 പേർക്ക് പുതുതായി ജോലി നൽകാനും കഴിഞ്ഞു.

(ബി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനുകീഴിലുള്ള 7 മില്ലുകളിൽ 2 മില്ലുകളിലാണ് (കോമളപുരം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽ, ആലപ്പുഴ, ഹൈടെക് വീവിംഗ് മിൽ, പിണറായി, കണ്ണൂർ) തുണി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ളത്. പ്രസ്തുത മില്ലുകളിൽ വർക്ക് ഓർഡർ അനുസരിച്ചുള്ള ഉത്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് നൽകുന്ന രീതിയാണുള്ളത്. മറ്റ് അഞ്ച് യൂണിറ്റ് മില്ലുകളിലും (പ്രഭുറാം മിൽസ്, ചെങ്ങന്നൂർ, കോട്ടയം ടെക്സ്റ്റൈൽസ്, കോട്ടയം, മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽ, കോഴിക്കോട്, എടരിക്കോട് ടെക്സ്റ്റൈൽസ്, മലപ്പുറം, ഉദുമ ടെക്സ്റ്റൈൽസ്, കാസർഗോഡ്) നൂൽ ഉൽപ്പാദിപ്പിച്ച് കമ്പോളത്തിൽ വിൽക്കുന്ന രീതിയാണ് നിലവിലുള്ളത്.

കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയ്ക്ക് സഹായകമാകുന്ന വിധത്തിൽ കണ്ണൂർ നാടുകാണിയിൽ പ്രിന്റിംഗ് ഉൾപ്പെടെയുള്ള പ്രീലൂം ആൻഡ് പോസ്റ്റ്ലൂം പ്രോസസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനുകീഴിൽ ബാലരാമപുരത്ത് പ്രവർത്തിക്കുന്ന സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽ (കാർഡിറ്റ്) ലാബിൽ കോർപ്പറേഷന്റെ മില്ലുകളിലെ നൂലുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിനും അതുവഴി ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള

സംവിധാനം നിലവിലുണ്ട്. കോർപ്പറേഷന്റെ മില്ലുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര ഗുണനിലവാരത്തിൽ എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി കാർഡിറ്റ് ലാബിൽ ആധുനിക സംവിധാനങ്ങളും ഫാബ്രിക് ടെസ്റ്റിനുള്ള സംവിധാനങ്ങളും ഉൾപ്പെടുത്തി ആധുനികവൽക്കരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരികയും ചെയ്യുന്നു. ടെക്സ്റ്റൈൽ കമ്മിറ്റി, നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ മുതലായ ദേശീയതലത്തിലുള്ള സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി മില്ലുകളിൽ ഉൽപ്പാദന പ്രക്രിയയിലെ ഗുണനിലവാരം ഉറപ്പുവരുത്താൻ ഷെഡ്യൂൾഡ് ടെസ്റ്റിംഗ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ എല്ലാ സ്ഥാപനങ്ങൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനും മേഖലാടിസ്ഥാനത്തിൽ 3 ലാബുകൾകൂടി സജ്ജീകരിച്ച് ഉൽപ്പാദന പ്രക്രിയയിലുടനീളം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നടപടികൾ ആവിഷ്കരിച്ചുവരികയാണ്. കോർപ്പറേഷനു കീഴിലുള്ള മില്ലുകളിൽ ഓട്ടോകോണറുകൾ സ്ഥാപിച്ച് ഗുണനിലവാരം ഉയർത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഘട്ടംഘട്ടമായുള്ള ആധുനികവൽക്കരണവും ഉദ്ദേശിക്കുന്നു. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കയറ്റുമതി സ്ഥാപനങ്ങളുമായി ധാരണയിലെത്തുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നുണ്ട്.

## ഇടുക്കി പവർ ഹൗസിലെ പൊട്ടിത്തെറി

23 (*203) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പവർ ഹൗസിൽ തുടർച്ചയായി ഉണ്ടായ പൊട്ടിത്തെറി യന്ത്രങ്ങളുടെ കാലപ്പഴക്കം കാരണമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) യന്ത്രസാമഗ്രികൾ മാറ്റേണ്ടി വന്നാൽ പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ്; വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 2020 ജനുവരി 20-ാം തീയതി ഇടുക്കി പവർ ഹൗസിലെ 2-ാം നമ്പർ ജനറേറ്ററും ഫെബ്രുവരി 1-ാം തീയതി 6-ാം നമ്പർ ജനറേറ്ററും, അനുബന്ധ ഉപകരണങ്ങളിലുണ്ടായ പൊട്ടിത്തെറിമൂലം ട്രിപ്പ് ആകുകയും തുടർന്ന് കൂടുതൽ പരിശോധനകൾക്കായി നിർത്തിയിടേണ്ട സാഹചര്യമുണ്ടാകുകയും ചെയ്തു.

ഇടുക്കി പവർ ഹൗസിലെ മെയിന്റനൻസ് വിഭാഗം നടത്തിയ പ്രാഥമിക പരിശോധനയിൽ 1-ാം നമ്പർ ജനറേറ്ററിന്റെ എക്സൈറ്റേഷൻ ട്രാൻഫോമറിന്റെ 11 കെ.വി. ബുഷിംഗ് പൊട്ടിത്തെറിച്ചതുമൂലവും 6-ാം നമ്പർ ജനറേറ്ററിന്റെ LA-VT (ലൈറ്റ്നിംഗ് അറസ്റ്റർ-വോൾട്ടേജ് ട്രാൻസ്ഫോമർ) ചേംബറിലുണ്ടായ പൊട്ടിത്തെറിമൂലവുമാണെന്ന് കണ്ടെത്തുകയുണ്ടായി. ഇടുക്കി പവർ ഹൗസിൽ അടുത്തടുത്തുണ്ടായ ഈ രണ്ട് അപകടങ്ങളും വൈദ്യുതി ബോർഡ് വളരെ ഗൗരവപൂർവ്വം ശ്രദ്ധിക്കുകയും അതിന്റെ തീവ്രത മനസ്സിലാക്കി അടിയന്തരമായി ഉന്നതതലയോഗം ചേർന്ന് ഭാവി പരിപാടികൾ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത അപകടങ്ങളുടെ മൂലകാരണങ്ങൾ കണ്ടെത്തുന്നതിനായും ഭാവിയിൽ ഇത്തരത്തിലുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള സമൂല നിർദ്ദേശങ്ങൾ നൽകുന്നതിനായും വൈദ്യുതി ബോർഡിലെതന്നെ ഉൽപ്പാദന, പ്രസരണ മേഖലയിലെ പ്രഗത്ഭരായ ഉദ്യോഗസ്ഥരെയും വൈദ്യുതി ബോർഡിൽനിന്നും സമീപകാലത്ത് വിരമിച്ച വൈദ്യുത ഉൽപ്പാദന മേഖലയിൽ വളരെയധികം വൈദഗ്ധ്യം തെളിയിച്ച മുൻ ഉദ്യോഗസ്ഥരെയും ഒരു സ്വതന്ത്ര ഏജൻസിയെന്ന നിലയിൽ നാഷണൽ തെർമൽ പവർ കോർപ്പറേഷനിലെ സാങ്കേതിക വിഭാഗത്തിലെ വിദഗ്ധനെയും ഉൾപ്പെടുത്തി ഒരു ഏഴംഗ കമ്മിറ്റി രൂപീകരിക്കുകയും (7-2-2020-ലെ ബോർഡ് ഉത്തരവുപ്രകാരം) ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ പരിശോധനാ പരിപാടികൾ അന്തിമഘട്ടത്തിലാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ തുടർച്ചയായുണ്ടായ പൊട്ടിത്തെറി യന്ത്രങ്ങളുടെ കാലപ്പഴക്കം കാരണമാണോ അതോ മറ്റേതെങ്കിലും കാരണത്താലാണോയെന്ന് സ്ഥിരീകരിക്കാൻ സാധ്യമാകുകയുള്ളൂ.

(ബി) വൈദ്യുതി ബോർഡ് നിയോഗിച്ച കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ ഏതൊക്കെ യന്ത്രസാമഗ്രികൾക്കാണ് (പൂർണ്ണമായി/ ഭാഗികമായി) കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാനും അതിന് വേണ്ടിവരുന്ന തുക കൃത്യമായി കണക്കാക്കാനും സാധ്യമാകുകയുള്ളൂ.

### വൈദ്യുതിരംഗത്ത് സുരക്ഷിതത്വം ഉറപ്പാക്കാൻ പദ്ധതി

24 (*204) ശ്രീ. കെ. എൻ. എ ഖാദർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എം. സി. കമറുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത രംഗത്തെ അപകടങ്ങൾ ഒഴിവാക്കി സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വൈദ്യുതി ബോർഡ് തയ്യാറാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) വൈദ്യുതി ബോർഡിന്റെ അനാസ്ഥ മൂലം ഷോക്കേറ്റ് ആളുകൾ മരിക്കാനിടയായ സംഭവങ്ങൾ 2020 ഫെബ്രുവരി മാസം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ലൈനുകളുടെ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ആവശ്യമായ മുൻകരുതൽ സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>):

(എ) കേരളം ഒരു വൈദ്യുതി അപകടരഹിത സംസ്ഥാനമാക്കി മാറ്റാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് 'ഇ-സേഫ്.' 'വൈദ്യുതി അപകടരഹിത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്. അടിസ്ഥാന സൗകര്യ വികസനമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021 തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. അന്താരാഷ്ട്ര നിലവാരത്തിൽ അപകടരഹിതമായ മാർഗ്ഗത്തിലൂടെ വൈദ്യുതി വിതരണം ചെയ്യുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ദ്യുതി 2021. പ്രസ്തുത പദ്ധതി നടപ്പിലാകുന്നതോടുകൂടി കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ദ്യുതി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് മെച്ചപ്പെട്ട സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക എന്നതാണ്. ദ്യുതി പദ്ധതിയിൽ സുരക്ഷ മാത്രം മുൻനിർത്തി 2159.09 കോടി രൂപ ചെലവുവരുന്ന 10107 പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിലുൾപ്പെടുത്തി കാലപ്പഴക്കംചെന്ന ലൈനുകളും പോസ്റ്റുകളും മാറ്റിസ്ഥാപിക്കുന്നതിനും ഘട്ടംഘട്ടമായി എ.ബി.സി. കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും സ്ഥാപിക്കുന്നതിനും നിർമ്മിക്കുന്ന ലൈനുകളുടെ ഗുണമേന്മ പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും കെ.എസ്.ഇ.ബി.എൽ. അതീവ പ്രാധാന്യം നൽകുകയും അതുവഴി വൈദ്യുതി അപകടങ്ങൾ പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു. നിലവിലുള്ള എച്ച്.റ്റി. ഓവർഹെഡ് ലൈനിലെ തകരാർ എളുപ്പം കണ്ടെത്തി പരിഹരിക്കുന്നതിനുള്ള കമ്മ്യൂണിക്കബിൾ ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) സ്ഥാപിക്കുക, അതുവഴി വൈദ്യുതി സുരക്ഷ ഉറപ്പുവരുത്തുകയും ട്രാൻസ്ഫോമർ എൽ.റ്റി. ഭാഗത്ത് വൈദ്യുതി സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ സ്മാർട്ട് (എം.സി.സി.ബി.) സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ സ്പേസറുകൾ സ്ഥാപിച്ചുകൊണ്ടും വൈദ്യുതികമ്പി പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ഇത്തരം അപകടം ഒഴിവാക്കാനായി ഇവ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട്ലൈൻ നമ്പർ (9496061061) ഏർപ്പെടുത്തിയും ഇക്കാര്യത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.

വിതരണ ശൃംഖല നവീകരണംകൊണ്ടുമാത്രം പൊതുജനങ്ങൾക്കുണ്ടാകുന്ന വൈദ്യുതി അപകടം ഒഴിവാക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കി എല്ലാ ഉപഭോക്തൃ പ്രതിഷ്ഠാപനങ്ങളിലും ELCB നിർബന്ധമാക്കിയിട്ടുണ്ട്. ഉപഭോക്തൃ പ്രതിഷ്ഠാപനങ്ങളിൽ ELCB സ്ഥാപിക്കുകവഴി അപകടം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കും. എന്നാൽ കേടായ വയറിംഗ് ഉള്ള വീടുകളിൽ ELCB സ്ഥാപിക്കാൻ സാധിക്കില്ലെന്നതിനാൽ പുനർ വയറിംഗ് ആവശ്യമാണ്. ആദ്യഘട്ടമായി വൈദ്യുതി ചാർജ് അടയ്ക്കുന്നത് ഒഴിവാക്കി നൽകിയിട്ടുള്ള കുടുംബങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 2020 ഫെബ്രുവരി മാസത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനുവേണ്ടി ജോലി നോക്കുന്നതിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥിരം ജീവനക്കാരായ 3 പേർക്ക് ജീവഹാനി സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ കരുവണ്ണൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ 27-2-2020-ൽ ഉണ്ടായ ശക്തമായ കാറ്റിൽ വൈദ്യുതി ലൈൻ പൊട്ടിവീണ് പറമ്പിൽ പുല്ല് ശേഖരിക്കുകയായിരുന്ന പാലക്കാട് സ്വദേശികളും സ്ത്രീകളുമായ 2 പൊതുജനങ്ങൾക്കും ജീവഹാനി സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി അപകടങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടുണ്ടോയെന്നത് സംബന്ധിച്ച് അന്വേഷണങ്ങൾ നടന്നുവരികയാണ്.

(സി) ലൈനുകളുടെ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ആവശ്യമായ മുൻകരുതൽ സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. വൈദ്യുതി ലൈനുകളിൽ പണിയെടുക്കുമ്പോൾ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ട സാഹചര്യങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമായും പാലിക്കുന്നതിനുള്ള ജീവനക്കാരുടെ വിമുഖത കാരണവും Personnel Protective equipments (അരക്കയർ, എർത്തിംഗ് തുടങ്ങിയവ) ഉപയോഗിക്കുന്നതിനുള്ള താൽപ്പര്യക്കുറവും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അവഗണിക്കുന്നതുമൂലവും ഉയരത്തിൽനിന്നും വീണും വൈദ്യുതാഘാതമേറ്റും അപകടങ്ങൾ സംഭവിക്കാറുണ്ട്. പ്രാരംഭ നടപടി എന്ന രീതിയിൽ വീഴ്ച വരുത്തുന്നവർക്ക് സുരക്ഷാ നടപടികളെക്കുറിച്ച് ബോധവത്കരണം നടത്തി താക്കീത് നൽകുകയാണ് ചെയ്യുന്നത്.

## കൈത്തറി മേഖലയിലെ പ്രതിസന്ധി

25 (*205) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് കൈത്തറി തുണികൾ നൽകിയ വകയിൽ സംസ്ഥാനത്തെ കൈത്തറി തൊഴിലാളികൾക്കും സംഘങ്ങൾക്കും വില കിട്ടാതെ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈത്തറി മേഖലയിൽ അനുഭവപ്പെടുന്ന നൂൽ ക്ഷാമവും തുണികൾ കെട്ടിക്കിടക്കുന്നതും വൻ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത് പരിശോധിക്കുമോ;

(സി) കൈത്തറി കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; കയറ്റുമതിയിൽ ചെറുകിട സംഘങ്ങളെയും കുടിൽ വ്യവസായമായി കുലത്തൊഴിൽ ചെയ്യുന്നവരെയും ഉൾപ്പെടുത്തുമോ;

(ഡി) നൂൽക്ഷാമം രൂക്ഷമായതും ടെക്സ്റ്റയിൽ കോർപ്പറേഷന്റെ തുണിമില്ലുകൾ തുറന്ന പ്രവർത്തിപ്പിക്കാത്തതും കാരണം കൈത്തറിമേഖല തകർന്നിരിക്കുന്ന അവസ്ഥയ്ക്ക് അടിയന്തര പരിഹാര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ, അധിക വേതനം എന്നിവ ലഭ്യമാക്കി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കി 3 വർഷം പിന്നിട്ടപ്പോൾ നെയ്ത്ത് കൂലിയിനത്തിൽ ഏകദേശം 124.8 കോടിയോളം രൂപ നെയ്ത്ത് തൊഴിലാളികൾക്കും സംഘത്തിനുമായി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കൂലി, നൂലിന്റെ വില എന്നിവ നൽകുന്നതിൽ കുടിശ്ശിക വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 48 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക അടിയന്തരമായി തൊഴിലാളികൾക്കും സംഘത്തിനും വിതരണം ചെയ്യുന്നതാണ്.

(ബി) കൈത്തറി മേഖലയിൽ സർക്കാർ നടപ്പിലാക്കിവരുന്ന സ്കൂൾ യൂണിഫോം പദ്ധതിയിൽ യൂണിഫോം തുണിക്കാവശ്യമായ നൂൽ കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഹാന്റ്‍ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എച്ച്.ഡി.സി.) മുഖേന കേരളത്തിലെ വിവിധ സ്പിന്നിംഗ് മില്ലുകളിൽനിന്നുമാണ് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. 2020-21 അധ്യയന വർഷത്തേയ്ക്കുള്ള യൂണിഫോം തുണിയുടെ ഉൽപ്പാദനം ഏകദേശം 90 ശതമാനം പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ നെയ്ത്ത് കൂലിയും നൂലിന്റെ വിലയും കുടിശ്ശികയായതിനാൽ ആയതിലേയ്ക്കായി അടിയന്തരമായി 48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ നൂൽ വിതരണം മുമ്പുള്ളതുപോലെ പുനഃസ്ഥാപിക്കുന്നതാണ്. നെയ്ത്ത് തുണികൾ ഹാന്റ്ക്സ്, ഹാൻവീവ് എന്നിവ വഴിയാണ് ശേഖരിക്കുന്നത്. പ്രസ്തുത തുണികൾ ഡൈ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചതിനാൽ ശേഖരിച്ച തുണികൾ ഡൈ ചെയ്യുന്നതിനായി അയയ്ക്കുന്നതിന് ഹാന്റ്ക്സിനും ഹാൻവീവിനും കൈത്തറി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

തുണികൾ കെട്ടികിടക്കുന്നതുകാരണം വൻ പ്രതിസന്ധി സൃഷ്ടിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷ ദിവസങ്ങളിൽ റീജിയണൽ എക്സ്പോ എന്ന പദ്ധതിയുടെ ഭാഗമായി എക്സിബിഷൻ നടത്തി തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിന് നിലവിൽ ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ ശബരിമല സീസൺ, ആറ്റുകാൽ പൊങ്കാല സീസൺ എന്നീ അവസരങ്ങളിലും എക്സിബിഷനുകൾ നടത്തി വിൽപ്പന പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 1.21 കോടി രൂപയാണ് ധനസഹായമായി നൽകിയിട്ടുള്ളത്.

(സി) കൈത്തറി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ പ്രാഥമിക ചെറുകിട കൈത്തറി സഹകരണ സംഘങ്ങൾക്ക് അവർ കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങളുടെ യഥാർത്ഥ മൂല്യത്തിന്റെ 20 ശതമാനം തുക ഇൻസെന്റീവായി നൽകിവരുന്നുണ്ട്. കുടിൽ വ്യവസായമായി കുലത്തൊഴിൽ ചെയ്യുന്നവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനുകീഴിലുള്ള തുണിമില്ലുകളായ ആലപ്പുഴയിലെ കോമളപുരം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽ, കണ്ണൂരിലെ പിണറായി ഹൈടെക് വീവിംഗ് മിൽ എന്നിവ പ്രവർത്തനക്ഷമമാണ്. ഈ മില്ലുകൾ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിക്കുവേണ്ടി നൂൽ നൽകുന്നുണ്ട്. കോർപ്പറേഷനുകീഴിലുള്ള മറ്റ് 5 യൂണിറ്റ് മില്ലുകളിലും നൂൽ ഉൽപ്പാദിപ്പിച്ച് കമ്പോളത്തിൽ നേരിട്ട് വിൽക്കുന്ന രീതിയാണ് നിലവിലുള്ളത്. തുണിമില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കാത്തത് കാരണം കൈത്തറി മേഖല തകർന്നിരിക്കുന്ന അവസ്ഥ നിലവിലില്ല.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

26 (*206) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. സത്യൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക വികസനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പൊതുജനങ്ങളെ സ്വകാര്യപണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനായി ആരംഭിച്ച കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസി-ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ. കേരളത്തിലെ പ്രവാസികൾക്ക് വേണ്ടി ആരംഭിച്ച പ്രവാസി ചിട്ടി നിലവിൽ ഏതെല്ലാം രാജ്യങ്ങളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ഇന്ത്യയിലെ ഇതര സംസ്ഥാന മലയാളികൾക്ക് കൂടി ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക വികസനത്തിൽ കെ.എസ്.എഫ്.ഇ./കെ.എഫ്.സി. പോലുള്ള ധനകാര്യ സ്ഥാപനങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. വർഷംതോറും ലാഭവിഹിതമായും ഗ്യാരണ്ടി കമ്മീഷനായും നല്ലൊരു തുക സർക്കാരിന് നൽകിവരുന്നു. നാളിതുവരെ 1346.86 കോടി രൂപയാണ് കെ.എസ്.എഫ്.ഇ. സംസ്ഥാന സർക്കാരിന് ഈയിനത്തിൽ നൽകിയിട്ടുള്ളത്. കൂടാതെ കെ.എസ്.എഫ്.ഇ. ചിട്ടിയുടെ സുരക്ഷാ നിക്ഷേപം എന്ന കണക്കിലും അല്ലാതെയുമായി സർക്കാർ ട്രഷറിയിൽ ഗണ്യമായ തുക നിക്ഷേപിച്ചിട്ടുണ്ട്. 31-12-2019-ലെ കണക്കനുസരിച്ച് ഈ തുക 5260 കോടിയോളം വരും. ഇതിനുപുറമെ അടുപ്പിച്ചുള്ള മൂന്ന് വർഷങ്ങളിലെ ലാഭത്തിന്റെ (നികുതി ഒടുക്കുന്നതിന് മുമ്പുള്ള) മൊത്തം തുകയുടെ 2 ശതമാനം എന്ന കണക്കിൽ കോർപ്പറേറ്റ് സാമൂഹ്യ ഉത്തരവാദിത്വ ഫണ്ട് (CSR-Corporate Social Responsibility Fund) പൊതുക്ഷേമത്തിനായി ചെലവഴിക്കാറുണ്ട്. കഴിഞ്ഞ നാലുവർഷക്കാലം ഈയിനത്തിൽ ചെലവഴിച്ച പണം താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| 2016-17 | - | 3.51 കോടി രൂപ |
| 2017-18 | - | 4.00 കോടി രൂപ |
| 2018-19 | - | 3.74 കോടി രൂപ |
| 2019-20 | - | 3.52 കോടി രൂപ |

പ്രവാസി ചിട്ടി എന്ന പേരിൽ കെ.എസ്.എഫ്.ഇ. ആരംഭിച്ച ചിട്ടികൾ കിഫ്ബിയുമായി ചേർന്ന് സംസ്ഥാനത്തിന്റെ വികസനത്തിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. നാളിതുവരെ ഈ ചിട്ടിവഴി കിഫ്ബിയിൽ 107 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രീതിയിൽ സർക്കാരിന്റെ പക്കൽ എത്തുന്ന പണം വികസന പ്രവർത്തനങ്ങൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കുമാണ് ഉപയോഗിക്കുക എന്നതിനാൽ അത് നാടിന്റെ സാമൂഹ്യ വികസനത്തിൽ കാര്യമായ പങ്കുവഹിക്കുന്നു. മാത്രമല്ല, ചിട്ടി പോലുള്ള പദ്ധതികളുടെ പേരുപറഞ്ഞ് ചില സ്വകാര്യ കമ്പനികൾ നടത്തുന്ന തട്ടിപ്പിന് ഇരയായവർ കേരളത്തിൽ ചെറുതല്ല. അത്തരം തട്ടിപ്പുകളിൽനിന്നും സാമൂഹ്യ സുരക്ഷിതത്വം നൽകുന്നതും സാമൂഹ്യ വികസനത്തിന്റെ ഭാഗമായി കണക്കിലെടുക്കാവുന്നതാണ്. സംസ്ഥാനത്തെ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് വായ്പ അനുവദിച്ച് സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിന് സഹായിക്കുന്ന സ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2018-19 സാമ്പത്തിക വർഷംവരെ 47294 പദ്ധതികൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ടതാണ്. പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന ചിട്ടിയായതിനാൽ അതിനനുസൃതമായി നിരവധി ഇളവുകൾ ചിട്ട് ഫണ്ട് ആക്ട് 1982-ലും ചിട്ടി റൂൾസ് 2012-ലും ആവശ്യമായിരുന്നു. അത് സാധ്യമാക്കാനായി ചിട്ട് ഫണ്ട് ആക്ട് 1982-ന്റെ സെക്ഷൻ 6(1), 7(1), 7(2), 9(1), 9(2), 9(3), 10(1), 10(2), 13(3), 15, 16(2), 16(3), 17, 18, 20(1)C, 23, 24, 28(1), 28(2), 28(3), 29(2), 33(1), 33(4), 34, 35, 37, 38 എന്നീ ചട്ടങ്ങളിൽ നിന്നൊക്കെ ഗവൺമെന്റ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിക്ക് അനുസൃതമായി ഇളവ് നൽകുകയുണ്ടായി. അതാണ് ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് പ്രവാസി നാടുകളിൽ താമസിച്ചുകൊണ്ടുതന്നെ ചിട്ടിയിൽ ചേരാനുള്ള അവസരമൊരുക്കിയത്. മാത്രമല്ല, പുതിയ കാലത്തിനനുസൃതമായി ഓൺലൈൻ ലേലം അടക്കം സാധ്യമായത് സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടൽകൊണ്ടാണ്. അതുകൂടാതെ എല്ലാ വർഷത്തെയും പദ്ധതികൾ രേഖപ്പെടുത്തിയിട്ടുള്ള ബഡ്ജറ്റിന്റെ അംഗീകാരം സർക്കാരാണ് നൽകുന്നത്. അതുപ്രകാരമാണ് കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നത്. ഈ വർഷങ്ങളിൽ കെ.എസ്.എഫ്.ഇ. ആർജ്ജിച്ച ലാഭവും പ്രവർത്തനക്ഷമതയും

അതുകൊണ്ടുതന്നെ ഈ സർക്കാരിന്റെ പിന്തുണകൊണ്ടാണ് സാധിച്ചതെന്ന് പറയാം. പൊന്നോണ ചിട്ടികൾ, സുവർണ്ണ ജൂബിലി ചിട്ടികൾ തുടങ്ങിയ സമ്മാന ചിട്ടി പദ്ധതികൾ, ഇളവ് കടാശ്വാസ പദ്ധതി ചിട്ടി, വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ആരംഭിച്ച മൾട്ടി ഡിവിഷൻ ചിട്ടികൾ തുടങ്ങിയവ ഈ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.എഫ്.ഇ. നടപ്പാക്കിയ പദ്ധതികളാണ്. ഗോൾഡ് ലോൺ വിപണനം ചെയ്യുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചതും ഇക്കാലത്ത് തന്നെയാണ്. അതിന്റെ ഫലമായി സ്വർണ്ണ വായ്പ റെക്കോർഡ് നേട്ടം കൈവരിക്കുകയുണ്ടായി. ഇക്കാലത്തുതന്നെയാണ് സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി പത്തനംതിട്ട, പാലക്കാട് എന്നീ സ്ഥലങ്ങളിൽ രണ്ട് പുതിയ മേഖലാ ഓഫീസുകൾ ആരംഭിച്ചത്. കാസ്ബ എന്ന സോഫ്റ്റ്‌വെയർവഴി ശാഖകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോർ അധിഷ്ഠിത പദ്ധതിവഴി സാങ്കേതികവത്കരണം കെ.എസ്.എഫ്.ഇ.-യിൽ സാധ്യമായതും ഈ സർക്കാരിന്റെ കാലത്താണ്. അതുകൂടാതെ കെ.എസ്.എഫ്.ഇ. പദ്ധതികൾക്കായുള്ള മൊബൈൽ ആപ്പും ഓൺലൈൻ പോർട്ടലും ഒരുങ്ങിക്കൊണ്ടിരിക്കുന്നു. കോർപ്പറേറ്റ് ഓഫീസ് കാലത്തിനനുസൃതമായി നവീകരിച്ചതിനുപുറമെ 180-ഓളം ശാഖകൾ സ്മാർട്ട് ഓഫീസുകളായി മാറുകയുണ്ടായി. ഇടപാടുകാരുടെ സൗഖ്യത്തിനും ഇടപാടുകളുടെ വേഗതയ്ക്കും അത് സഹായിക്കുന്നു. കെ.എസ്.എഫ്.ഇ.-യുടെ ലോഗോ മാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾവഴി കമ്പനി പുതിയ കെട്ടിലും മട്ടിലും വളർന്നതും ഈ സർക്കാരിന്റെ കാലത്തുതന്നെയാണ്. പുതിയ 101 ശാഖകൾകൂടി ആരംഭിക്കുന്നതിന് ഈ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഐക്യരാഷ്ട്ര സംഘടനയുടെ കരിമ്പട്ടികയിൽപ്പെടാത്ത എല്ലാ രാജ്യങ്ങളിലെ മലയാളികൾക്കും ഇപ്പോൾ പ്രവാസി ചിട്ടിയിൽ ചേരാവുന്നതാണ്.

(ഡി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി 2019 നവംബർ 10 മുതൽ ഇതര സംസ്ഥാന മലയാളികൾക്കുകൂടി ലഭ്യമാക്കിയിട്ടുണ്ട്.

**അടച്ചുപൂട്ടിയ ക്വാറികൾ തുറക്കുന്ന അവസ്ഥ**

27 (*207) ശ്രീ. അനിൽ അക്കര:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളുടെ പത്ത് കിലോമീറ്റർ ചുറ്റളവിൽ പാറമടകൾ പ്രവർത്തിക്കണമെങ്കിൽ ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ആവശ്യമാണെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഉത്തരവായിട്ടുണ്ടോ;

(ബി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടപ്പെട്ട ഏതെങ്കിലും ക്വാറികൾ കേന്ദ്ര വന്യജീവി ബോർഡിന്റെ അനുമതി തേടി വീണ്ടും തുറന്നിട്ടുണ്ടോ;

(സി) ക്വാറി ഉടമകൾ ഹൈക്കോടതിയിൽ നൽകിയ ഹർജിയിൽ ഇവരുടെ അപേക്ഷകൾ രണ്ട് മാസത്തിനുള്ളിൽ വന്യജീവി ബോർഡ് പരിഗണിച്ചില്ലെങ്കിൽ ക്വാറികൾ തുറക്കാമെന്ന് സിംഗിൾ ബഞ്ച് ഉത്തരവായിട്ടുണ്ടോ;

(ഡി) പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഹൈക്കോടതി സിംഗിൾ ബഞ്ച് വിധിയിൽ പറഞ്ഞിട്ടുള്ള സമയപരിധി അവസാനിക്കുന്നതോടു കൂടി അടച്ചുപൂട്ടിയ ക്വാറികൾ തുറക്കുന്നതിനുള്ള അവസരം സംജാതമാകുമോയെന്ന് വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) 8-8-2019-ൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം പ്രകാരം, എക്കോ സെൻസിറ്റീവ് സോൺ (ESZ) സംബന്ധിച്ച അന്തിമ വിജ്ഞാപനം ഇല്ലാത്തപക്ഷം ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും 10 കിലോമീറ്റർ ചുറ്റളവിനുള്ളിൽ ഖനന പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ (SCNBWL) ക്ലിയറൻസ് ആവശ്യമാണ്.

(ബി) ഇല്ല.

(സി) 18-12-2019-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരവും [WP(C)No.26431 & connected cases] തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിവിധ തീയതികളിൽ പുറപ്പെടുവിച്ച സമാനമായ വിധികൾ പ്രകാരവും വിധിന്യായം ലഭിച്ച് 15 ദിവസത്തിനകം പാരിസ്ഥിതികാനുമതിയും ബന്ധപ്പെട്ട രേഖകളും സർക്കാർ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് നൽകേണ്ടതും പ്രസ്തുത രേഖകൾ ലഭിച്ച് ഒരാഴ്ചയ്ക്കകം മന്ത്രാലയം, നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ വയ്ക്കേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റി രണ്ടുമാസത്തിനകം ഫയലുകളിൽ തീരുമാനമെടുക്കേണ്ടതുമാണ്. ഇപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിവിധ വിധിന്യായങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിക്കപ്പെട്ടിട്ടില്ലായെങ്കിൽ ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും

10 കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള ഖനന പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള സ്റ്റോപ്പ് മെമ്മോകൾക്ക് സാധുത ഇല്ലാതാകും. തുടർന്ന് ക്വാറികൾക്ക് നിലവിലുള്ള പാരിസ്ഥിതികാനുമതി, ഖനനാനുമതി തുടങ്ങിയവയുടെ പിൻബലത്തിൽ ഖനന പ്രവൃത്തികൾ തുടരാമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുള്ളത്.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനെതിരെ അപ്പീൽ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിവിധ വിധിന്യായങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ നടപടിയെടുത്തിട്ടില്ലെങ്കിൽ ക്വാറികൾക്ക് നിലവിലുള്ള പാരിസ്ഥിതികാനുമതി, ഖനനാനുമതി തുടങ്ങിയവയുടെ പിൻബലത്തിൽ ഖനന പ്രവൃത്തികൾ തുടരാമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുള്ളത്.

**വ്യവസായം സ്ഥാപിക്കുന്നത് സുഗമമാക്കുന്നതിനുള്ള നടപടി**

28 (*208) ശ്രീ. കാരാട്ട് റസാഖ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായം തുടങ്ങുന്നതിനുള്ള സൗകര്യ പട്ടികയിൽ ഇരുപത്തി ഒന്നാം സ്ഥാനത്തുണ്ടായിരുന്ന സംസ്ഥാനത്തെ മുന്നിലെത്തിക്കാൻ നടത്തിയ ശ്രമത്തിന്റെ ഫലമായി നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ചിന്റെ നിക്ഷേപ സാധ്യതാ സൂചികയിൽ നാലാം സ്ഥാനത്തെത്താൻ കഴിയുംവിധം വ്യവസായം സ്ഥാപിക്കുന്നത് സുഗമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങൾ നൽകുന്നതിനും അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായം ആരംഭിക്കാൻ ആവശ്യമായ വിവിധ അനുമതികൾ നടപടികളുടെ നൂലാമാലയിൽ കുരുക്കാതെ സമയബന്ധിതമായി നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ ഫലസിദ്ധി അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) രാജ്യത്തെ ആദ്യ പത്ത് മുൻനിര നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ ഉയർത്തുന്നതിന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടികൾ അനായാസവും സുഗമമവും ആക്കുന്നതിനായിരുന്ന "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" സർക്കാർ പുറപ്പെടുവിച്ചത്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ ഏജൻസികളിൽനിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

ഈ രംഗത്ത് കൂടുതൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനായി 1999-ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾപ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപവരെ മൂലധന നിക്ഷേപമുള്ളതുമായ എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്റ്റുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ അപ്രൂവലുകളോ പെർമിറ്റുകളോ ഹാജരാക്കുന്നതിന് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന "2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം" പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി രൂപവരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിലും 15 കോടി രൂപയ്ക്ക് മുകളിലുള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്.

2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച 'അസെൻഡ് 2020' പരിപാടിയിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി അവതരിപ്പിച്ചതിന്റെ ഭാഗമായി ഏകദേശം ഒരു ലക്ഷം കോടി രൂപയിലധികം നിക്ഷേപ വാഗ്ദാനം ലഭിക്കുകയുണ്ടായി.

(ബി) വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകൾ ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വ്യാവസായിക അനുകൂല സാഹചര്യങ്ങൾ, വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതിയെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്താൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഇൻവെസ്റ്റ് കേരള പോർട്ടൽ സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ വ്യവസായ വികസനം ത്വരിതപ്പെടുത്തുക എന്നതാണ് ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ അടിസ്ഥാന ലക്ഷ്യം.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ നിക്ഷേപകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനം സമാഹരിക്കുന്നതിനുള്ള നടപടികളിലും ഭൂമി രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഇളവ് അനുവദിക്കുകയുംവഴി പുതിയ സംരംഭകരെ ആകർഷിക്കാൻ കഴിയും. വ്യവസായ ആവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് കൈമാറുന്നതിന് സർക്കാർ തുടക്കമിട്ടുകഴിഞ്ഞു. നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തിലൂടെ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

സംരംഭകർക്ക് ആവശ്യമായ വായ്പ ആവശ്യങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.40%-10.40%) 3500 ലക്ഷം രൂപവരെ പലവിധത്തിലുള്ള ധനസഹായവും മറ്റുവിധത്തിലുള്ള പിന്തുണയും നൽകിവരുന്നു. വ്യവസായരംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട്

കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാകേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യസംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ കിൻഫ്രവഴി പുരോഗമിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ 4400 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് കിൻഫ്ര തുടക്കംകുറിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കപ്പെട്ടതിലൂടെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. എന്തെന്നാൽ പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ അനുമതികൾ സമയബന്ധിതമായി നൽകുന്നതിനുമായി 11-2-2019-ൽ ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 2186 സംരംഭകർ രജിസ്റ്റർ ചെയ്യുകയും 570 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതിൽ 295 അനുമതികൾ/ലൈസൻസുകൾ കെ-സ്വിഫ്റ്റ് മുഖേന നൽകിയിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി രൂപവരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിലും 15 കോടി രൂപയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്.

കൂടാതെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്' പ്രകാരം വ്യവസായ സംരംഭകർക്ക് ചുവപ്പ് വിഭാഗത്തിൽപ്പെടാതെയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കെ-സ്വിഫ്റ്റ് വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കാവുന്നതാണ്. അപ്രകാരമുള്ള സാക്ഷ്യപത്രത്തിന് 3 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടാകുന്നതാണെന്നും പ്രസ്തുത കാലാവധി അവസാനിച്ചശേഷം 6 മാസക്കാലയളവിനുള്ളിൽ വ്യവസായ സ്ഥാപനം ആക്ടിൽ വ്യവസ്ഥ ചെയ്തപ്രകാരമുള്ള ആവശ്യമായ അംഗീകാരങ്ങൾ വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ലഭ്യമാക്കേണ്ടതാണ്. നാളിതുവരെ 652 അപേക്ഷകൾ 270.94 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾക്കായി കെ-സ്വിഫ്റ്റിൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.

**കൈത്തറി മേഖലയുടെ പുനരുദ്ധാരണം**

29 (*209) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ വിശദമാക്കാമോ;

(ബി) കൈത്തറി മേഖലയിൽ ഉല്പാദിപ്പിക്കുന്ന ഇനങ്ങളുടെ പരമ്പരാഗത മൂല്യവും പൈതൃകവും കണക്കിലെടുത്ത് ഏതെല്ലാം ഉല്പന്നങ്ങളാണ് ജിയോ ഇൻഡിക്കേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനും ആരോഗ്യസംരക്ഷണത്തിനുമായി ഹാന്റ്ലൂം ഫാമിലി വെൽഫയർ സ്കീം എന്ന പേരിൽ പുതിയ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൈത്തറി മേഖലയിൽ ഉത്പാദിപ്പിക്കുന്ന ഇനങ്ങളുടെ പരമ്പരാഗത മൂല്യവും പൈതൃകവും കണക്കിലെടുത്ത് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഉത്പന്നങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ബാലരാമപുരം സാരീസ് ആൻഡ് ഫൈൻ കോട്ടൺ ഫാബ്രിക്സ്
2. കുത്താമ്പുള്ളി സാരീസ്
3. കാസർഗോഡ് സാരീസ്
4. കുത്താമ്പുള്ളി ദോത്തീസ് ആൻഡ് സെറ്റ് മുണ്ട്
5. കണ്ണൂർ ഫർണിഷിംഗ്
6. ചേന്ദമംഗലം ദോത്തീസ്.

(സി) ഗവർണറുടെ 2020-ലെ നയപ്രഖ്യാപനത്തിൽ കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി പ്രഖ്യാപിച്ച പുതിയ പദ്ധതിയാണ് കൈത്തറി കുടുംബക്ഷേമ പദ്ധതി (ഹാന്റ്ലൂം ഫാമിലി വെൽഫെയർ സ്കീം). കൈത്തറി മേഖലയിലെ തൊഴിലാളികളിൽ ഭൂരിഭാഗവും 50 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ്. ഇവരുടെയും കുടുംബത്തിന്റെയും ആരോഗ്യ പരിപാലനത്തിനും പോഷകാഹാര ലഭ്യതയ്ക്കും ആഴ്ചയിൽ രണ്ട് ദിവസം നല്ല പോഷകാഹാരം ലഭ്യമാക്കുന്നതിനും മൂന്ന് മാസത്തിലൊരിക്കൽ ആരോഗ്യ പരിശോധന നടത്തുന്നതിനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിച്ചെലവിന്റെ 50% സർക്കാർ വഹിക്കുന്ന രീതിയിലാണ് ടി പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ആയതിലേയ്ക്കായി 100 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷത്തിൽ വകയിരുത്തുന്നതിന് സബ്ജക്ട് കമ്മിറ്റി മുമ്പാകെ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

## വ്യയ നിയന്ത്രണ ഉത്തരവുകൾ

30 (*210) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീയമായ വായ്പയുൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിന് വ്യയ നിയന്ത്രണ ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകൾ സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പുതിയ വാഹനം വാങ്ങുന്നതിനും വിദേശയാത്രകൾക്കും നിയന്ത്രണം ഏർപ്പെടുത്തി ചെലവ് കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നത് എന്നതിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടും പുതിയ വാഹനം വാങ്ങുന്നതിനും വിദേശയാത്രകൾക്കും നിയന്ത്രണമില്ല എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനും ധനദൃഢീകരണം സാധ്യമാക്കുന്നതിനും വ്യക്തമായ വ്യയ നിയന്ത്രണ ഉത്തരവുകൾ നിലവിലുണ്ട്. അതേസമയം കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളുടെ സൃഷ്ടിയായ സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഉപഭോഗം വർദ്ധിക്കേണ്ടത് അത്യന്താപേക്ഷിതമാകയാൽ വികസനക്ഷേമ ചെലവുകൾ ഗണ്യമായ തോതിൽ വർദ്ധിപ്പിക്കാൻ തന്നെയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ സർക്കാർ കാലത്ത് വികസനക്ഷേമ ചെലവുകളിൽ വന്ന കുതിപ്പും അതുണ്ടാക്കിയ ഭൗതിക നേട്ടങ്ങളും 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സുവ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ക്ഷേമ ആശ്വാസ ചെലവിലും അതിന്റെ ഗുണഭോക്താക്കളുടെ എണ്ണത്തിലുമുണ്ടായ അനിതര സാധാരണമായ വളർച്ചയോടൊപ്പം മൂലധനച്ചെലവിലും ഭൗതിക നേട്ടങ്ങളിലും സാമ്പത്തിക വളർച്ചയിലും സർക്കാർ ഇക്കാലത്ത് കുതിച്ചുചാട്ടംതന്നെ നടത്തി. സർക്കാരിന്റെ വികസന തന്ത്രത്തിന്റെ വിജയവും ഫലപ്രാപ്തിയുമാണ് പ്രയാസങ്ങൾക്കുമധ്യത്തിലും ഈ നേട്ടം കൈവരിക്കാൻ സഹായിച്ചത്. അതോടൊപ്പം ഭരണച്ചെലവുകൾ നിയന്ത്രിക്കുകയെന്നതും കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്നതും സർക്കാർ പിന്തുടർന്നുവരുന്ന നയമാണ്. ഭരണച്ചെലവുകളിൽ അച്ചടക്കവും മിതത്വവും ഉറപ്പുവരുത്തുന്നതിന് 17-4-2018-ൽ സ.ഉ. (അ) നമ്പർ 66/2018/ധന. പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിൽ അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന പുതിയ തസ്തികകൾ ആവശ്യമായ വർക്ക് സ്റ്റഡിക്കുശേഷം മാത്രമേ സൃഷ്ടിക്കാവൂയെന്നും വകുപ്പിനുള്ളിൽ പുനർവിന്യാസം കൊണ്ട് ആവശ്യങ്ങൾ പരിഹരിക്കാൻ കഴിയുമെങ്കിൽ ആ വഴിയും തേടേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു.

17-4-2018-ൽ പ്രാബല്യത്തിൽവന്ന പ്രസ്തുത ഉത്തരവിൽ പുതിയ വാഹനം വാങ്ങുന്നതിനും വിദേശ യാത്രകൾക്കും നിയന്ത്രണമേർപ്പെടുത്തിയിരുന്നു. ടി ഉത്തരവ് പ്രകാരം വകുപ്പ് മേധാവികൾ, പോലീസ്, നിയമ നിർവ്വഹണ ഏജൻസികൾ, തദ്ദേശ ഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവർക്ക് മാത്രമേ സ്വന്തമായി വാഹനം വാങ്ങിക്കാൻ അനുമതിയുള്ളൂ.

അനിവാര്യവും തീർത്തും ഒഴിവാക്കാൻ പറ്റാത്തതുമായ സാഹചര്യത്തിൽ മാത്രമേ വിദേശയാത്രകൾ അനുവദിക്കാവൂയെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഫോൺ ചാർജ്ജുകളിലും മേൽ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. വീഡിയോ കോൺഫറൻസ് സാധ്യമാകുന്ന സാഹചര്യങ്ങളിൽ പരമാവധി അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താനും സ്ഥാപനങ്ങളിൽ ജീവനക്കാരുടെ വിദേശ/വിമാന യാത്ര പരിമിതപ്പെടുത്തുന്നതിനും യാത്ര അനുവദിക്കുന്ന ഘട്ടങ്ങളിൽ അത് പരമാവധി സർക്കാർ/സ്ഥാപനത്തിന് പ്രയോജനപ്രദമാക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 16-2-2019-ൽ സ.ഉ.(അ)നമ്പർ 12/2019/ധന. പുറപ്പെടുവിച്ചിരുന്നു. ഭരണച്ചെലവുകൾ കാര്യക്ഷമമാക്കുന്നതിനായി കമ്പ്യൂട്ടർവൽക്കരണത്തിന്റെയും നിലവിലെ മാറിയ ഭൗതിക സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ പ്രസക്തി നഷ്ടപ്പെട്ട തസ്തികകൾ പഞ്ചായത്തുകളിലടക്കം പുനർവിന്യസിക്കുന്നതുൾപ്പെടെയുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ 2020-21 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി നടപ്പിലാക്കിപ്പോരുന്നുണ്ട്. ഇക്കാര്യത്തിൽ വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ല. പൊതുതാല്പര്യം മുൻനിർത്തിയും ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിനും ഉതകുന്ന നടപടികളാണ് സർക്കാർ ഇത്തരം വിഷയങ്ങളിൽ കൈക്കൊണ്ടിട്ടുള്ളത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റബ്ബർ വില സ്ഥിരതാ ഫണ്ട്

1 (1974) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വില സ്ഥിരതാ ഫണ്ടിലേക്കായി 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര കോടി രൂപ നീക്കിവെച്ചുവെന്നും ഇതിൽ 2020 മാർച്ച് ഒന്ന് വരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) 2019 മാർച്ച് ഒന്നുമുതൽ കൃഷിക്കാർ നൽകിയ റബ്ബറിന് വിലസ്ഥിരതാ ഫണ്ടിന്റെ ആനുകൂല്യം കൈമാറിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര കോടി രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി 2019-20 സാമ്പത്തിക വർഷത്തിലേയ്ക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2020 മാർച്ച് ഒന്ന് വരെ 219.35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി&സി) പ്രളയക്കെടുതിയിലുൾപ്പെടെയുള്ള നഷ്ടങ്ങൾ സംഭവിച്ച് സാമ്പത്തിക പ്രതിസന്ധിയിൽ കഴിയുന്ന റബ്ബർ കർഷകർക്ക് ആശ്വാസമാകത്തക്ക രീതിയിൽ റബ്ബർ ബോർഡിൽനിന്നും സർക്കാരിൽ ലഭിച്ച ക്ലെയിമുകളിന്മേൽ 98.53 കോടി രൂപ സബ്സിഡിയായി കർഷകർക്ക് 2019 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ കർഷകരുടെ 2019 മാർച്ച് മാസം വരെയുള്ള ബില്ലുകൾ ഉൾപ്പെടും. 2019 സെപ്റ്റംബർ മാസത്തിനുശേഷം റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച 66.26 കോടി രൂപയുടെ സബ്സിഡി തുകയാണ് കർഷകർക്ക് നിലവിൽ വിതരണം ചെയ്യാൻ കുടിശ്ശികയായുള്ളത്.

**കേന്ദ്രപദ്ധതി പ്രവൃത്തികളിന്മേൽ കരാറുകാർക്ക് നൽകാനുള്ള തുക**

2 (1976) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ നിർവഹിച്ച കേന്ദ്ര സഹായമുള്ള പദ്ധതി പ്രവൃത്തികളിൽ എത്ര തുകയുടെ ബില്ലുകൾ കരാറുകാർക്ക് കുടിശ്ശികയുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക തുക നടപ്പ് സാമ്പത്തിക വർഷം നൽകുന്നതിനായി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രസഹായമുള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ അവ സമർപ്പിക്കപ്പെടുന്ന മുറയ്ക്കുതന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ച് തീർപ്പാക്കിവരുന്നുണ്ട്.

**സ്വകാര്യ പണമിടപാടുകാരുടെ പ്രവർത്തനങ്ങളിലെ നിയന്ത്രണം**

3 (1977) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ വനിതകളെ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് ഈടുകൾ വാങ്ങി വായ്പ നൽകുന്ന സ്വകാര്യ പണമിടപാടുകാരുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) സർഫാസി നിയമം ഉപയോഗിച്ച് ഗ്രാമീണ വനിതകളുടെ വസ്തുവും വീടും കൈവശപ്പെടുത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇവരെ നിയന്ത്രിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ഇത്തരത്തിലുള്ള സംഘടിത ശ്രമങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന ഇത്തരം പ്രവണതകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിന് ആവശ്യമായ വായ്പ**

4 (1978) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിന് ആവശ്യമായ വായ്പ വിദേശ ഏജൻസികളിൽ നിന്നും സമാഹരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസികളിൽ നിന്നെന്നും, ഓരോ ഏജൻസിയും നൽകിയ വായ്പ തുകയും അതിന്റെ പലിശ നിരക്കും തിരിച്ചടവ് കാലാവധിയും സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ട് ആഭ്യന്തര സ്രോതസ്സുകൾക്കുപുറമെ ലോകബാങ്ക്, എ.ഡി.ബി., JICA, KfW മുതലായ ബഹുവിധ ഏജൻസികളിൽനിന്നും സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് കേരള പുനർ നിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW-ൽനിന്ന് 1458 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വായ്പ എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇതിൽ വികസനനയ വായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലോകബാങ്കിൽനിന്നും ലഭ്യമായിട്ടുണ്ട്.

ലോകബാങ്കിൽനിന്നും ലഭ്യമായ വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ഭാഗം - എ കൺസഷണൽ വായ്പ | ഭാഗം - ബി നോൺ-കൺസഷണൽ വായ്പ |
|---|---|---|
| തുക | 1133.07 കോടി രൂപ | 646.51 കോടി രൂപ |
| പലിശ നിരക്ക് | 1.25% വാർഷിക പലിശ | LIBOR+ലോകബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശനിരക്ക് |
| തിരിച്ചടവ് കാലാവധി | 15-11-2024 മുതൽ 15-5-2049 വരെ 50 അർദ്ധ വാർഷിക തവണകൾ | 15-11-2024 മുതൽ 15-11-2043 വരെ 39 അർദ്ധ വാർഷിക തവണകൾ |

## G.O.(P)No.16/2017/Fin ഉത്തരവ്

5 (1979) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 6-2-2017-ൽ പുറപ്പെടുവിച്ച G.O.(P) No.16/2017/Fin. എന്ന ഉത്തരവ് സിവിൽ പ്രവൃത്തികൾക്ക് മാത്രമാണോ ബാധകമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണോ; എങ്കിൽ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് ഈ ഉത്തരവുകൾ ബാധകമാകുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 6-2-2017-ലെ സ.ഉ.(പി) നമ്പർ 16/2017/ധന ഉത്തരവ് എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും ബാധകമാണ്.

(ബി) പ്രസ്തുത ഉത്തരവ് സർക്കാർ വകുപ്പ് മേധാവികൾക്കാണ് ബാധകമായിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ അവരുടെ ഡയറക്ടർ ബോർഡ് അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത ഉത്തരവ് സാധാരണ ബാധകമാകുന്നുള്ളൂ.

## ബിൽ ഡിസ്കൗണ്ടിംഗ് സ്കീം

6 (1980) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളഫിനാൻഷ്യൽ കോർപ്പറേഷൻ ബിൽ ഡിസ്കൗണ്ടിംഗ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കീം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എത്ര ശതമാനം വാർഷിക പലിശയാണ് ബിൽ തുക ഡിസ്കൗണ്ട് ചെയ്ത് നൽകുമ്പോൾ ഈടാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 29-8-2016-ലെ G.O.(P)No.123/2016/Fin സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ സർക്കാർ ബിൽ ഡിസ്കൗണ്ടിംഗ് പദ്ധതിയിൽ കെ.എഫ്.സി.-യെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 15-1-2020-ലെ G.O.(P)No.7/2020/Fin നമ്പർ ഉത്തരവ് പ്രകാരം ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം സർക്കാർ കരാറുകാരെ കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾ, അക്രെഡിറ്റഡ് ഏജൻസീസ്, വിതരണക്കാർ തുടങ്ങിയവർക്കുമായി വിപുലീകരിച്ചിട്ടുണ്ട്.

(സി) ബിൽ ഡിസ്കൗണ്ടിംഗ് പ്രകാരം നൽകുന്ന വായ്പകൾക്ക് 0.5 ശതമാനം റിബേറ്റ് കഴിച്ച് 9.5 ശതമാനം വാർഷിക പലിശയാണ് കെ.എഫ്.സി. ഈടാക്കുന്നത്.

**റാന്നി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

7 (1981) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയതും ഭരണാനുമതി ലഭിച്ചതുമായ റാന്നി മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് നൽകിയ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; ഇവ പൂർത്തീകരിക്കാതിരിക്കാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) ഇവയുടെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റാന്നി നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം 2017-18 മുതൽ

2019-20 വരെ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. 2016-17 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ADS Portal 2-ൽ ലഭ്യമാണ്.

## കൊല്ലം ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ള കിഫ്ബി പദ്ധതികൾ

8 (1983) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബി അംഗീകാരം നൽകിയ കൊല്ലം ജില്ലയിലെ പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## 2019-20-ലെ പദ്ധതി വിഹിതത്തിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നീക്കിവച്ച തുക

9 (1984) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതിയുടെ അടങ്കൽ തുക കേന്ദ്ര വിഹിതം ഉൾപ്പെടെ എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ എസ്.സി./ എസ്.റ്റി. വിഭാഗങ്ങൾക്ക് നീക്കിവച്ചത് എത്രയായിരുന്നു എന്ന് അറിയിക്കാമോ;

(സി) എസ്.സി./ എസ്.റ്റി. വിഭാഗങ്ങൾക്ക് നീക്കിവെച്ച തുകയിൽ 29-2-2020 വരെ എത്ര തുക ചെലവഴിച്ചു; അത് ആകെ അനുവദിച്ച തുകയുടെ എത്ര ശതമാനമാണ്; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എസ്.സി./ എസ്.റ്റി. വിഭാഗങ്ങളുടെ പദ്ധതി വിഹിതത്തിൽ ഈ സാമ്പത്തിക വർഷം എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിരുന്നോ; എങ്കിൽ എത്ര ശതമാനം; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയുടെ അടങ്കൽ തുക 30610 കോടി രൂപയാണ്. കേന്ദ്ര വിഹിതവും പ്രത്യേക ഘടക പദ്ധതി/ഗിരിവർഗ്ഗ ഉപപദ്ധതി എന്നിവയ്ക്ക് പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതമായ 25 കോടി രൂപയും കണക്കിലെടുത്ത് 39807.17 കോടി രൂപയാണ് മൊത്തം പദ്ധതി അടങ്കൽ. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി എസ്.സി./എസ്.ടി. വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു വകുപ്പുകൾ എന്നിവയ്ക്ക് കീഴിൽ ബഡ്ജറ്റിലും ധനപുനർവിനിയോഗംവഴിയും ആകെ 4400.329 കോടി രൂപ വകയിരുത്തിയിരുന്നതിൽ 2724.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ആകെ അനുവദിച്ച തുകയുടെ 63% ആണ്. എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പദ്ധതി വിഹിതത്തിൽ ഈ സാമ്പത്തിക വർഷം വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

## റവന്യൂ എസ്റ്റിമേറ്റ് തുക

10 (1985) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റവന്യൂ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ, ഓരോ വർഷവും കൈവരിച്ച റവന്യൂ വരുമാനം എത്രയെന്ന് വിശദമാക്കുമോ;

(സി) റവന്യൂ എസ്റ്റിമേറ്റിനേക്കാൾ റവന്യൂ വരുമാനം കുറയുവാനുണ്ടായ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റവന്യൂ എസ്റ്റിമേറ്റ് തുക, ഓരോ വർഷവും കൈവരിച്ച റവന്യൂ വരുമാനം

എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | തുക കോടിയിൽ |
|---|---|---|
| വർഷം | റവന്യൂ എസ്റ്റിമേറ്റ് | കൈവരിച്ച റവന്യൂ വരുമാനം |
| 2016-17 | 84616.85 | 75611.72 |
| 2017-18 | 93584.74 | 83020.14 |
| 2018-19 | 102801.24 | 92854.47 |
| 2019-20* | 115354.71 | 70224.46 |

*അക്കൗണ്ടന്റ് ജനറലിന്റെ ജനവരി 2020 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം

(സി) അപ്രതീക്ഷിതമായ നോട്ട് അസാധുവാക്കൽ നടപടിയെത്തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും ചരക്കുസേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടായ സാങ്കേതിക പ്രശ്നങ്ങളും സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര സമാഹരണത്തിൽ കാര്യമായ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര ധനസഹായമായി പ്രതീക്ഷിച്ചിരുന്ന തുക ലഭിക്കാതിരുന്നതും റവന്യൂ വരുമാനത്തിൽ കുറവ് വന്നതിന് കാരണമായിട്ടുണ്ട്.

## പദ്ധതി പ്രവൃത്തികൾ പ്രാബല്യത്തിലാക്കുന്നതിലെ പ്രതിസന്ധി

11 (1986) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനവും ചെലവും തമ്മിലുള്ള വൻ അന്തരം പദ്ധതി പ്രവൃത്തികൾ പ്രാബല്യത്തിലാക്കുന്നതിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതി ചെലവുകൾക്കായി നീക്കിവെച്ച തുക കണ്ടെത്താൻ സാധിക്കാത്തതിന്റെ ഫലമായി കഴിഞ്ഞ മൂന്ന് വർഷം പ്രഖ്യാപിത പദ്ധതികൾ വെട്ടിച്ചുരുക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) വരവിന്റെയും ചെലവിന്റെയും വളർച്ചാ നിരക്കിലുള്ള അന്തരം വർദ്ധിച്ചുവരുന്ന പ്രവണത കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. വരവിലും ചെലവിലും വരുന്ന ഈ അന്തരം വാർഷിക പദ്ധതിക്ക് ആവശ്യമായ പണം ലഭ്യമാക്കുന്നതിൽ വിഘാതമായി തീർന്നിട്ടുണ്ട്. ധനക്കമ്മിയും റവന്യൂ കമ്മിയും അനുവദനീയമായ പരിധിയിൽ നിലനിർത്തുവാൻ

സർക്കാർ ബാധ്യസ്ഥമാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീയമായ വായ്പ ഉൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിന് കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്താനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

(ബി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ വെട്ടിക്കുറവ് വരുത്തിയിരുന്നില്ല. എന്നാൽ 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പദ്ധതികളുടെ മുൻഗണനാ പുനഃക്രമീകരണം നടത്തുവാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവ ഒഴികെയുള്ള വകുപ്പുകളുടെ 2018-19-ലെ പദ്ധതി അടങ്കലിൽ 20% കുറവ് വരുത്താൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതേസമയം, 2018-19 വാർഷിക പദ്ധതിയിൽ 76.32% വിവിധ വകുപ്പുകൾ ചെലവഴിച്ചിട്ടുണ്ട്.

**സംസ്ഥാന സർക്കാരിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം**

12 (1987) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ വിവിധ ആവശ്യങ്ങൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ;

(ബി) 1-4-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിൽ സർക്കാരിന്റെ വിവിധ വരുമാനങ്ങളുടെ ആകെ തുക എത്രയായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) 1-4-2018 മുതൽ 31-3-2019 വരെയുള്ള പ്രകാരം വരവും ചെലവും തമ്മിലുള്ള അന്തരം എത്രയെന്ന് പറയാമോ?

<u>ഉത്തരം</u>

(എ) 1-4-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ വിവിധ ആവശ്യങ്ങൾക്കായി 120069.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 1-4-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിൽ കടമെടുപ്പ് ഒഴികെയുള്ള വരുമാനം 93111.51 കോടി രൂപയാണ്.

(സി) 1-4-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിലെ വരവും ചെലവും തമ്മിലുള്ള അന്തരം 26958.31 കോടി രൂപയാണ്.

## സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ വളർച്ചാനിരക്ക്

13 (1989) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കഴിഞ്ഞ ദശാബ്ദത്തിലെ പൊതുകടത്തിന്റെ വളർച്ചാ നിരക്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പൊതു കടത്തിന്റെ വളർച്ചാ നിരക്കിൽ കുറവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന് വായ്പ എടുക്കുന്നതിനുള്ള പരിധി, കേന്ദ്ര സർക്കാർ നിശ്ചയിക്കുന്നത് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാന സർക്കാരിന് ലഭ്യമാകുന്ന വിദേശസഹായ വായ്പകൾ, വിദേശസഹായ പദ്ധതികൾക്ക് മാത്രമാണോ ചെലവഴിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന സർക്കാർ വായ്പ എടുക്കുന്ന തുക പൂർണ്ണമായും ആസ്തി വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന തരത്തിലുള്ള ധനകാര്യ മാനേജ്മെന്റ് ആവിഷ്ക്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) 2016-17 മുതൽ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ വളർച്ചാനിരക്ക് കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2009-10 മുതൽ 2018-19 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടവും വർദ്ധനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | പൊതുകടം | പൊതുകടത്തിലുണ്ടായ വർദ്ധനവ് | പൊതുകടത്തിലുണ്ടായ വർദ്ധനവ് (%) |
|---|---|---|---|
| 2009-10 | 49673.31 | 4850.46 | 10.82 |
| 2010-11 | 54887.18 | 5213.87 | 10.50 |
| 2011-12 | 61793.08 | 6905.90 | 12.58 |

| | | | |
|---|---|---|---|
| 2012-13 | 72250.19 | 10457.11 | 16.92 |
| 2013-14 | 83466.56 | 11216.37 | 15.52 |
| 2014-15 | 96132.96 | 12666.40 | 15.18 |
| 2015-16 | 109730.97 | 13598.01 | 14.15 |
| 2016-17 | 125882.86 | 16151.89 | 14.72 |
| 2017-18 | 142984.53 | 17101.67 | 13.59 |
| 2018-19 | 158234.44 | 15249.91 | 10.67 |

(സി) 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് 2003 ഭേദഗതി ചെയ്യുകയും ധനകമ്മി ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുള്ളത്. ഇതുപ്രകാരം 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ധനകമ്മി 3 ശതമാനത്തിനുള്ളിൽ നിർത്തേണ്ടതുണ്ട്. ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകുന്നത്.

കൂടാതെ, 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിനുമേൽ അധികരിക്കുന്ന വായ്പ വരും വർഷങ്ങളിലെ കടമെടുപ്പ് പരിധിയിൽനിന്ന് കുറവ് ചെയ്യുന്ന തരത്തിൽ കേന്ദ്രസർക്കാർ നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി&ഇ) കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് ലഭ്യമാകുന്ന വിദേശ സഹായ വായ്പകൾ പൂർണ്ണമായും അതത് വിദേശസഹായ പദ്ധതികൾക്കു വേണ്ടിയാണ് ചെലവഴിക്കുന്നത്. സംസ്ഥാന വികസന വായ്പ സഞ്ചിത നിധിയിൽ നിക്ഷേപിച്ച് നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും ഏറിയ പങ്കും വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. വായ്പയെടുത്ത തുക പൂർണ്ണമായും ആസ്തിവികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് അഭികാമ്യമായിട്ടുള്ളത്. എന്നാൽ റവന്യൂ കമ്മി ഇല്ലാതായാലേ ഇത് സാധ്യമാകൂ. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനാണ് പരിശ്രമിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## നികുതി വരുമാനത്തിലെ വർദ്ധനവ്

14 (1990) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവാണ് 2019-20-ൽ ലക്ഷ്യമിട്ടിരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം 29-2-2020 വരെ നികുതി വരുമാനത്തിൽ എത്ര വളർച്ച നേടുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(സി) ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്ന വളർച്ച നേടുവാൻ കഴിയാതിരുന്നത് നികുതി പിരിവിലെ പിടിപ്പുകേടും അനാസ്ഥയുംമൂലമാണെന്ന് വിലയിരുത്തുന്നുണ്ടോ?

ഉത്തരം

(എ) 2018-19 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 2019-20 വർഷം സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിൽ 12.28% വർദ്ധനവ് പ്രതീക്ഷിക്കുന്നു.

(ബി) 2019 ജനുവരി 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് സംസ്ഥാന തനതു നികുതി വരുമാനത്തിൽ 1.12% വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

## കേന്ദ്ര സർക്കാർ കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചത്

15 (1991) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതി ഘടനകളിൽ മാറ്റം വരുത്തിയ നിലവിലെ കേന്ദ്ര സർക്കാർ, കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചതും ആയതുമൂലം സംസ്ഥാനത്തെ പ്രത്യക്ഷ നികുതി വരുമാനം ഗണ്യമായി കുറഞ്ഞതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം കേന്ദ്ര സർക്കാർ തീരുമാനങ്ങളും പ്രവർത്തനങ്ങളും സംസ്ഥാന സാമ്പത്തിക അവസ്ഥയേയും സാമ്പത്തിക പ്രവർത്തനങ്ങളെയും എത്തരത്തിൽ ബാധിക്കുന്നുവെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചുവോ; വിശദമാക്കുമോ;

(സി) എങ്കിൽ ആയത് സംബന്ധിച്ച പ്രതിസന്ധി പരിഹരിക്കാൻ ധനവകുപ്പ് സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുകയും ഇത് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ GST നിരക്കുകൾ വെട്ടിക്കുറച്ചതും സംസ്ഥാനത്തെ തനത് നികുതി വരുമാനത്തിൽ കുറവുണ്ടാക്കുകയും ഇത് സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ കൂടുതൽ ദുർബ്ബലമാക്കുകയും ചെയ്തിട്ടുണ്ട്. കോർപ്പറേറ്റ് നികുതി നിരക്ക് വെട്ടിക്കുറച്ചതുമൂലം സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്രനികുതി വിഹിതത്തിലും കുറവ് വന്നിട്ടുണ്ട്. കൂടാതെ പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം വികസന പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടപ്പിലാക്കുന്നത് ഉറപ്പുവരുത്തേണ്ടതും പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്.

(സി) നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും ചെലവുകൾ വെട്ടിച്ചുരുക്കിക്കൊണ്ട് സംസ്ഥാന ധനനയത്തിൽ ഒരു അടിസ്ഥാന തിരുത്തലും വരുത്തില്ല. ക്ഷേമവികസന പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. കൂടാതെ ബഡ്ജറ്റിന് പുറത്ത് നമ്മുടെ ഭാവി വരുമാനത്തിന്റെ ഈടിൽ വലിയ തോതിൽ ധനം സമാഹരിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കിഫ്ബിവഴി നാളിതുവരെ 54391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

## സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

16 (1993) ശ്രീ. കെ. രാജൻ:

ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നിലനിൽക്കുന്ന പൊതുവായ സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ്ഘടനയെ ഏതൊക്കെ തരത്തിൽ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ കുറവുണ്ടായതിന്റെ കാരണങ്ങൾ ചൂണ്ടിക്കാണിക്കുമോ;

(സി) സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) പദ്ധതി ആവശ്യങ്ങൾക്കും പദ്ധതിയേതര ആവശ്യങ്ങൾക്കും കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന നികുതി വരുമാനവും ധനസഹായവും കുറഞ്ഞുവരുന്ന പ്രവണതയുണ്ടോ; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം കൂട്ടുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) കേന്ദ്രസർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനവും വേണ്ടത്ര അവധാനതയില്ലാതെ തുടങ്ങിയ ചരക്ക് സേവന നികുതിയും രാജ്യത്ത് നിലവിൽ പ്രകടമായിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ മൂലകാരണങ്ങളാണ്. മേൽ പരിഷ്കാരങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലെ പരമ്പരാഗത, ചെറുകിട, കൃഷി, വ്യവസായ, വിനോദസഞ്ചാര, അസംഘടിത മേഖലകളിലടക്കം എല്ലാ മേഖലകളിലും അപരിഹാര്യമായ ആഘാതങ്ങൾക്ക് ഹേതുവായിട്ടുണ്ട്. സാമ്പത്തിക വളർച്ച, തൊഴിൽ നിരക്ക്, നിക്ഷേപം അടക്കമുള്ള സാമ്പത്തിക സൂചകങ്ങളിൽ നിലവിലെ പ്രതിസന്ധി ദൃശ്യമാണ്. കേന്ദ്രസർക്കാർ നയങ്ങൾ സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ ദുർബ്ബലപ്പെടുത്തിയത് സർക്കാർ ചെലവുകൾ വർദ്ധിപ്പിച്ച് ഉപഭോഗം ഉത്തേജിപ്പിക്കുകയെന്ന ക്രിയാത്മക പോംവഴിക്ക് തടസ്സമായി തീർന്നിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളുടെ സൃഷ്ടിയായ സാമ്പത്തിക മാന്ദ്യവും ചരക്ക് സേവന നികുതി നടപ്പാക്കിയപ്പോൾ നികുതി ഭരണത്തിൽ കേന്ദ്രസർക്കാരിന് സംഭവിച്ച പാളിച്ചകളുമാണ് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ സാധിക്കാതിരുന്നതിന്റെ പ്രധാന കാരണങ്ങൾ.

(സി) ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്കരണത്തിലൂടെയും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തിയും വകുപ്പുകളുടെ കമ്പ്യൂട്ടർവത്കരണത്തിലൂടെ കാര്യക്ഷമത ഉയർത്തുന്നത് ഉൾപ്പെടെയുള്ള ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നടപടികളാണ് നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് സ്വീകരിച്ചുവരുന്നത്.

(ഡി) കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതത്തിലും ഗ്രാന്റിലും കഴിഞ്ഞ കുറച്ചുകാലങ്ങളായി പ്രതീക്ഷിക്കുന്ന വളർച്ച ഉണ്ടാകുന്നില്ലെന്നത് വസ്തുതയാണ്. നിലവിൽ ലഭ്യമായ വിവരങ്ങളനുസരിച്ച് നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ ഇനങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഇടിവ് ഉണ്ടാകുമെന്ന് ഉറപ്പായിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രധാന നടപടികൾ ഇവയാണ്:

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുണ്ട്.
2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
5. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

**സർക്കാരിന്റെ ക്യാഷ് റിസർവ് പരിധി**

17 (1994) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിന് റിസർവ് ബാങ്കിൽ ഉണ്ടായിരിക്കേണ്ട ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിയ്ക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കാലയളവിലാണ് ഇതിന് കഴിയാതിരുന്നിട്ടുള്ളതെന്നും നിലവിൽ എത്ര രൂപയാണ് ക്യാഷ് റിസർവ് പരിധിയായി നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) റിസർവ് നൽകിയ പരിധി കവിഞ്ഞ് ഓവർ ഡ്രാഫ്റ്റായ ദിവസങ്ങൾ ഏതൊക്കെയാണ്; ഇതിന് പലിശ നൽകേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ഈ ഇനത്തിൽ പലിശയായി നൽകേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയതും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ വാഗ്ദാനം ചെയ്ത നഷ്ടപരിഹാരം ലഭ്യമാക്കുന്നത് അകാരണമായി വൈകിപ്പിക്കുന്നതും സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം ഗുരുതര സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി ഘട്ടങ്ങളിൽ ആയത് തരണം ചെയ്യുന്നതിനായി സർക്കാർ നടപ്പ് സാമ്പത്തിക വർഷം ഓവർഡ്രാഫ്റ്റ് സംവിധാനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) നിലവിലെ WAMS പരിധി 1215 കോടി രൂപയാണ്. 29-2-2020 വരെയുള്ള കണക്ക് പ്രകാരം ഈ സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിൽ ഇരുപത്തിമൂന്ന് തവണയും നാലാം പാദത്തിൽ ഏഴ് തവണയും സംസ്ഥാനം ഓവർഡ്രാഫ്റ്റ് സൗകര്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. വകുപ്പുതല കണക്കുകൾ പ്രകാരം 4.41 കോടി രൂപ ഓവർഡ്രാഫ്റ്റിന് പലിശയായി നൽകിയിട്ടുണ്ട്.

## കിഫ്ബി മുഖേന നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ

18 (1996) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് കിഫ്ബി മുഖേന നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളുടെ ഓരോന്നിന്റേയും നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 2016-17, 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി മുഖാന്തരം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ

19 (1997) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തിരം ഓരോ ജില്ലയിലും നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി)ഇതിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തിയാക്കിയെന്നും, ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) കിഫ്ബിവഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ 39 ഡയാലിസിസ് സെന്ററുകൾ, 4 കാത്ത് ലാബ്, 3 സിസിയു, 6 കുടിവെള്ള പദ്ധതികൾ, 7 റോഡ്, ട്രാൻസ്ഗ്രിഡ്-കൊച്ചി ലൈൻസ് പാക്കേജിന്റെ ഒന്നാം ഘടകം, വിവിധ കുടിവെള്ള പദ്ധതികളുടെ 5 ഘടകങ്ങൾ എന്നിവ പൂർത്തിയായിട്ടുണ്ട്. കൂടാതെ വനംവകുപ്പിന്റെ കീഴിലുള്ള സോളാർ ഫെൻസിംഗ് പദ്ധതിയുടെ 8 ഘടകങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ 14 ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 99 ശതമാനത്തോളം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ എന്ന നിലയിൽ സംസ്ഥാനമൊട്ടാകെ 141 സ്കൂളുകളിൽ പരമാവധി 5 കോടി രൂപവീതം ചെലവഴിച്ച് മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതിയിൽ 21 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഒരു സ്കൂളിന് പരമാവധി 3 കോടി രൂപവീതം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന 185 സ്കൂളുകളിൽ 11 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## മൊബിലൈസേഷൻ അഡ്വാൻസ്

20 (1998) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കിഫ്ബി നടപ്പിലാക്കുന്ന പദ്ധതികളിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകാറുണ്ടോ; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് മൊബിലൈസേഷൻ അഡ്വാൻസ് ഇതിനകം നൽകിയിട്ടുള്ളത്;

(സി) ഓരോ പദ്ധതിക്കും നൽകിയ മൊബിലൈസേഷൻ അഡ്വാൻസിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കിഫ്ബി പദ്ധതികൾക്ക് ടെണ്ടർ തുകയുടെ 10% വരെ മൊബിലൈസേഷൻ അഡ്വാൻസായി നൽകാവുന്നതാണ്. ആയതിന്റെ വ്യവസ്ഥകളും മറ്റ് നടപടിക്രമങ്ങളും വിശദമാക്കിക്കൊണ്ട് കിഫ്ബി പുറപ്പെടുവിച്ചിട്ടുള്ള 11-3-2019-ലെ JFM/2673/2018/KIIFB നമ്പർ സർക്കുലർ കിഫ്ബിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതികൾക്ക് നാളിതുവരെ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കിഫ്ബിയിലെ ഓംബുഡ്സ്മാൻ നിയമനം**

21 (2000) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ പുതുതായി ഓംബുഡ്സ്മാനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ് നിയമിച്ചതെന്ന് അറിയിക്കാമോ;

(ബി) അദ്ദേഹം ഏതെങ്കിലും വിജിലൻസ് കേസിലെ പ്രതിയാണോ; എങ്കിൽ കേസിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബിയുടെ 39-ാമത് ബോർഡ് യോഗം അംഗീകരിച്ച ഇന്റേണൽ വിസിൽ ബ്ലോവർ പോളിസിയുടെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ ഇൻഡിപെൻഡന്റ് മെമ്പറായ ശ്രീ. സലിം ഗംഗാധരനെ ഓംബുഡ്സ്മാനായി നിയമിച്ചിരുന്നു. അദ്ദേഹം ഏതെങ്കിലും വിജിലൻസ് കേസിൽ പ്രതിയാണോയെന്ന വിവരം കിഫ്ബിയിൽ ലഭ്യമല്ല.

**കിഫ്ബിയിൽ ചീഫ് ആഡിറ്റർ നിയമനം**

22 (2001) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ പുതുതായി ചീഫ് ആഡിറ്ററെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് നിയമിച്ചതെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചീഫ് ആഡിറ്ററെ നിയമിക്കുവാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷനിൽ ചീഫ് ആഡിറ്റർ തസ്തികയിൽ നിയമിച്ചിട്ടുണ്ട്.

(ബി) അന്താരാഷ്ട്ര വിപണിയിൽ നിന്നുള്ള വിഭവസമാഹരണം ആരംഭിച്ചതോടെ ആർ.ബി.ഐ. മറ്റ് അനുബന്ധ ഏജൻസികളുമായുള്ള നിയമാനുസൃത റിപ്പോർട്ടിംഗ്, ഫണ്ടിംഗ് ഏജൻസികളുമായും ട്രസ്റ്റികളുമായുള്ള നിയമപരമായ റിപ്പോർട്ടിംഗ്, ത്രൈമാസികമായും അർദ്ധവാർഷികമായും നൽകേണ്ട ആഡിറ്റ് ചെയ്യപ്പെട്ടതും ചെയ്യപ്പെടാത്തതുമായ അക്കൗണ്ടുകളുടെ സമർപ്പണം എന്നിവ സമയബന്ധിതമായി ചെയ്യപ്പെടേണ്ട സാഹചര്യമാണുള്ളത്. നിലവിലെ അക്കൗണ്ടുകളുടെ നിയമാനുസൃത ആഡിറ്റിനും ടാക്സ് ആഡിറ്റിനും പുറമേയാണ് ഇത്തരത്തിലുള്ള പരിശോധന നടത്തി റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത്. സമാന്തരമായി ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷനായി വിവിധ തരത്തിലുള്ള അക്കൗണ്ടിംഗ് സ്റ്റേറ്റ്മെന്റുകളും തയ്യാറാക്കേണ്ടതുണ്ട്. ഇതുകൂടാതെ വിവിധ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള ടേം ലോണുകളുടെ തിരിച്ചടവ് വീഴ്ച കൂടാതെ നടക്കുന്നുണ്ടെന്ന് കൃത്യമായും മോണിറ്റർ ചെയ്യേണ്ട സാഹചര്യവും നിലവിലുണ്ട്. ഇത്തരത്തിൽ കിഫ്ബിയിൽ സാമ്പത്തിക ക്രയവിക്രയങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സുശക്തമായ ഒരു ഇന്റേണൽ ആഡിറ്റിംഗ് സംവിധാനം അത്യന്താപേക്ഷിതമാണെന്ന് ബോർഡ് വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു ചീഫ് ആഡിറ്ററിന്റെ ഉൾപ്പെടെ കൂടുതൽ വിദഗ്ദ്ധരുടെ സേവനം ഈ ആഡിറ്റിംഗ് വിംഗിലേയ്ക്ക് നിർദ്ദേശിക്കുകയും ചെയ്തു.

(സി) മാതൃ വകുപ്പിൽ ലഭിച്ചുകൊണ്ടിരുന്ന ശമ്പളവും മറ്റ് അലവൻസുകളുമാണ് കിഫ്ബിയും നൽകുന്നത്. നിലവിൽ പ്രസ്തുത ഉദ്യോഗസ്ഥന് ലഭിച്ചുകൊണ്ടിരിക്കുന്ന വേതനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു:

അടിസ്ഥാന ശമ്പളം - 85,000, ക്ഷാമബത്ത - 17,000, വീട്ടുവാടക ബത്ത- 1,750.

## കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ

23 (2002) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ ബജറ്റ്പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര കോടി രൂപ കിഫ്ബിയിൽ നിന്നും ചെലവഴിക്കുമെന്നാണ് പ്രഖ്യാപിച്ചത്;

(സി) 29-2-2020 വരെ ഓരോ പദ്ധതിയിലും എത്ര കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) 2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികൾ, സ്കൂളുകൾ എന്നിവയുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽനിന്നും പണം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ തുക സംബന്ധിച്ച വിവരം ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടില്ല.

(സി) 29-2-2020 വരെ കിഫഫ്ബിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പദ്ധതികളുടെ തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

## ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി നടുവൽ റോഡിന്റെ പ്രവൃത്തി

24 (2003) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ലെ ബജറ്റിൽ കിഫ്ബി ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി നടുവൽ റോഡിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ആകെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രവൃത്തിക്ക് അനുമതി നൽകി ടെൻഡർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) 2017-18-ലെ ബഡ്ജറ്റിൽ കിഫ്ബി ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി നടുവൽ റോഡിന്റെ നവീകരണ പ്രവൃത്തി സംബന്ധിച്ച് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് തയ്യാറാക്കി നൽകിയ 33.64 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിശോധനയിലാണ്.

(സി) പരിശോധന പൂർത്തിയാക്കിയശേഷം കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കേണ്ടത് പ്രസ്തുത പദ്ധതി നിർവ്വഹണ ഏജൻസിയാണ്.

**മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ വികസന പദ്ധതിക്ക് കിഫ്ബി അംഗീകാരം**

25 (2004) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ് &സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി ലഭിച്ച പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അംഗീകാരം നൽകുന്നതിനുള്ള കാലതാമസം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കോളേജിന്റെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയ 7.96 കോടി രൂപയുടെ വിശദമായ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം നൽകാമോ?

<u>ഉത്തരം</u>

(എ-സി) മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണ വകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ച പദ്ധതി റിപ്പോർട്ട് വിശദമായി പരിശോധിച്ചശേഷം 20-1-2020-ൽ കൂടിയ കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി 5.66 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

**കിഫ്ബിവഴി അനുവദിച്ച റോഡുകളുടെ പേരുകൾ ഭേദഗതി ചെയ്യൽ**

26 (2005) <u>ശ്രീ. ഇ. കെ.വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി അനുവദിച്ച റോഡുകളുടെ പേരുകൾ ഭേദഗതി ചെയ്യാൻ സാധ്യമാണോ;

(ബി) നാദാപുരം മണ്ഡലത്തിൽ 2017-18-ൽ അനുവദിച്ച എടച്ചേരി-ചൂണ്ടയിൽ-കുന്നംചിറ-കായപ്പനച്ചി റോഡ് ഒന്നാമത്തേ റീച്ചിൽ സ്ഥലം ലഭ്യമല്ലാത്ത അവസ്ഥയിൽ എടച്ചേരി-കുന്നംചിറ-കായപനച്ചി എന്ന്ഭേദഗതി അനുവദനീയമാണോ;

(സി)ഭേദഗതി അനുവദനീയമാണെങ്കിൽ നടപടി ക്രമങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചതോ ക്യാബിനറ്റ് അംഗീകാരം നേടിയതോ ആയ കിഫ്ബി പദ്ധതികളുടെ പേര് നിശ്ചയിക്കുന്നതിനും പരിഷ്കരിക്കുന്നതിനുമുള്ള പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഭരണ വകുപ്പിനാണ്. നാദാപുരം മണ്ഡലത്തിൽ 2017-18-ൽ അനുവദിച്ച എടച്ചേരി -ചൂണ്ടയിൽ-കുന്നംചിറ-കായപ്പനച്ചി റോഡ് ഒന്നാമത്തെ റീച്ചിൽ സ്ഥലം ലഭ്യമല്ലാത്ത അവസ്ഥയിൽ എടച്ചേരി-കുന്നംചിറ-കായപ്പനച്ചി എന്ന് ഭേദഗതി വരുത്തുന്നതിന്റെ തുടർ നടപടികൾക്കായി റോഡ്സിന്റെ ഭരണ വകുപ്പായ പൊതുമരാമത്ത് വകുപ്പിനെ സമീപിക്കാവുന്നതാണ്.

## കിഫ്ബിമുഖേന എറണാകുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

27 (2006) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം എറണാകുളം നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) അനുവദിച്ച പദ്ധതികൾ ഏതൊക്കെ വകുപ്പുകളുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ഡി) അനുവദിച്ച പദ്ധതികളിൽ ഓരോന്നിന്റെയും നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച എറണാകുളം നിയോജകമണ്ഡലത്തിലെ പദ്ധതികളുടെ തൽസ്ഥിതി ഉൾപ്പെടെയുള്ള വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വയനാട് ജില്ലയിലെ കിഫ്ബി പദ്ധതികൾ

28 (2007) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം വയനാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയിലെ ഓരോ കിഫ്ബി പദ്ധതിക്കും അനുവദിച്ച തുക വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കിഫ്ബി മുഖാന്തരം വയനാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളും അവയുടെ തുകയും നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

## പദ്ധതി അടങ്കലിൽ വെട്ടിക്കുറവ്

29 (2008) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ അടുത്ത സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിൽ എന്ത് വെട്ടിക്കുറവാണ് വരുത്തിയത്; ഇത് ഏതൊക്കെ മേഖലകളെയാണ് ബാധിച്ചത്;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കലിൽ 2019-20 സാമ്പത്തിക വർഷം എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കായി നീക്കിവെച്ച തുകയിൽ എന്ത് തുക ഇതിനകം ചെലവഴിച്ചു; അത് മൊത്തം അടങ്കലിന്റെ എത്ര ശതമാനം വരും എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെ എപ്രകാരമാണ് ബാധിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര നികുതി വിഹിതം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെയും ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലുണ്ടായിട്ടുള്ള ഇടിവിന്റെയും രാജ്യത്താകമാനമുള്ള സാമ്പത്തിക മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ 27610 കോടി രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ആകെ അടങ്കൽ 36786.33 കോടി രൂപയാണ്.

(ബി) ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എങ്കിലും സമയാസമയങ്ങളിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്കനുസരിച്ച് ചില വേയ്സ് & മീൻസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്.

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കലിൽ 2019-20 സാമ്പത്തിക വർഷം വെട്ടിക്കുറവ് വരുത്തിക്കൊണ്ട് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾക്കായി നീക്കിവച്ച 7500 കോടി രൂപയിൽ 10-3-2020 വരെ 3534.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് മൊത്തം അടങ്കൽ തുകയുടെ 47.12 ശതമാനമാണ്.

(ഡി) ദൈനംദിന ട്രഷറി മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. ട്രഷറി ബില്ലുകൾ നേരിട്ടും ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനംവഴിയും മാറി നൽകിവരുന്നുണ്ട്. പ്രാദേശിക സർക്കാരുകളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

**കോവളം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

30 (2009) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി നിർദ്ദേശിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്ന് അറിയിക്കാമോ;

(സി) മറ്റ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയുടെ വിശദവിവരവും നൽകാമോ?

<u>ഉത്തരം</u>

(എ-സി) കോവളം നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നിർദ്ദേശിച്ച ഭരണാനുമതി നേടിയ പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും ഉൾപ്പെടെയുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**നെന്മാറ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

31 (2010) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച് കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച നെന്മാറ നിയോജകമണ്ഡലത്തിലെ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

<u>ഉത്തരം</u>

2016-17, 2017-18 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച നെന്മാറ നിയോജകമണ്ഡലത്തിലെ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

32 (2011) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തികളുടേയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) ഇനി ഏതെങ്കിലും പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിക്കാനുണ്ടോ എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കിഫ്ബി അംഗീകാരം ലഭ്യമായ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ ഇനിയും ആരംഭിക്കുവാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ള ഓരോ പ്രവൃത്തിയും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും, ഓരോ പ്രവൃത്തിക്കും വേണ്ടി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ-ഡി) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളും അതിൽ കിഫ്ബി ധനാനുമതി നൽകിയതുമായ പദ്ധതികളും അവയുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

(ഇ) കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾ ടെണ്ടർ ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കേണ്ട ചുമതല അതത് സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾക്കാണ്. കിഫ്ബി ധനാനുമതി നൽകിയ തുക അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

**ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

33 (2012) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി അനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിവരം അറിയിക്കാമോ;

(ബി) കിഫ്ബിയുടെ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രസ്തുത മണ്ഡലത്തിൽപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയ്ക്ക് അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയതും കിഫ്ബി അവലോകനം നടത്തിവരുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത പദ്ധതികളിൽ "Hill Highway Chettinada-Panamkuzhy Junction Payyal - Cheranganal in Ernakulam District" എന്ന പദ്ധതി മലയോര ഹൈവേയിൽ ഉൾപ്പെടുന്നതാണ്. മലയോര ഹൈവേയ്ക്ക് കിഫ്ബി മാനദണ്ഡപ്രകാരം ആവശ്യമുള്ള കുറഞ്ഞ ROW ആയ 12 മീറ്റർ പ്രസ്തുത പദ്ധതിക്ക് ലഭ്യമല്ലെന്ന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ബൈപ്പാസിന് കിഫ്ബിയിൽനിന്ന് തുക

34 (2013) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ബൈപ്പാസിന് കിഫ്ബിയിൽ നിന്ന് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രദേശത്തെ സ്ഥലം ഉടമകൾ റോഡിന് സ്ഥലം നൽകാൻ തയ്യാറാകാത്തത് കാരണം പ്രസ്തുത പ്രവൃത്തി എസ്.പി.വി. ആയ ആർ.ബി.ഡി.സി.കെ. ഉപേക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആയതിന് പകരം മറ്റൊരു പ്രവൃത്തി ഒന്നെങ്കിലും അനുവദിക്കണമെന്നവാശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ പ്രൊപ്പോസലിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ധനകാര്യ വകുപ്പിന്റെ പക്കലുള്ള 1403290/ഐ.എൻ.ഡി. & പി.ഡബ്ള്യൂ.ഡി. ബി3/2019 നമ്പർ ഫയലിൽ അനുകൂല നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ബൈപ്പാസിന് 55.27 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(ബി) രണ്ടുവരി വാഹന ഗതാഗതം സാധ്യമാകുന്ന തരത്തിൽ കിഫ്ബിയുടെ പദ്ധതി നിബന്ധനകൾ പാലിച്ച് തയ്യാറാക്കിയ ബൈപ്പാസ് പദ്ധതി നടപ്പിലാക്കുന്നതിന് ഏകദേശം 1373 സെന്റ് സ്ഥലവും അനുബന്ധ കെട്ടിടങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായി ഏകദേശം 24.3 കോടി രൂപയും പദ്ധതിയിൽ വകയിരുത്തിയിരുന്നു. തുടർന്ന് 31-12-2018-ൽ ബൈപ്പാസിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച് കൂടിയ യോഗത്തിൽ പങ്കെടുത്ത സ്ഥല ഉടമകൾ 12 മീറ്റർ വീതിയിൽ നിർമ്മിക്കുന്ന ബൈപ്പാസിന് സ്ഥലം വിട്ടുനൽകുന്നതിനെ ശക്തമായി എതിർത്തതിനെത്തുടർന്ന് സ്ഥലമേറ്റെടുക്കുന്നതിനെ സംബന്ധിച്ച് ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല.

(സി&ഡി) കാസർഗോഡ് ബൈപ്പാസിന് പകരമായി ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ച പദ്ധതികൾ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കിഫ്ബിയുടെ മാർഗ്ഗ നിർദ്ദേശപ്രകാരം ടി പദ്ധതികൾ കിഫ്ബിവഴി നടപ്പിലാക്കുന്നതിന് മന്ത്രിസഭാ അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള തുടർ നടപടികൾ ബന്ധപ്പെട്ട ഭരണ വകുപ്പുമുഖേന കൈക്കൊള്ളേണ്ടതാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

## നെടുമങ്ങാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

35 (2014) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബിമുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കിഫ്ബിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം

36 (2015) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് പ്രഖ്യാപിച്ച മാത്തറ-പാലാഴി-കുറ്റിക്കാട്ടൂർ റോഡിന്റെ ഭൂരിഭാഗം നിർമ്മാണവും സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്തു കഴിഞ്ഞതിനാൽ ആയതിന് പകരം വേങ്ങേരിമഠം - ചെട്ടിക്കടവ് - പരിയങ്ങാട്- കൊണാറമ്പ് - പെരുവയൽ റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 182 റോഡുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മാത്തറ-പാലാഴി-കുറ്റിക്കാട്ടൂർ റോഡ് (ഖണ്ഡിക 156, ക്രമ നമ്പർ 55) പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കിഫ്ബി ഇതുവരെ അംഗീകാരം നൽകിയിട്ടില്ല. ടി പദ്ധതിക്ക് പകരമായി കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം മറ്റുപദ്ധതികൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഇടുക്കി ജില്ലയിലെ റോഡുകൾ**

37 (2016) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ തൊടുപുഴ നിയോജകമണ്ഡലത്തിലെ തൊടുപുഴ കാരിക്കോട് - അഞ്ചിരി - ആനക്കയം - കാഞ്ഞാർ റോഡ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇടുക്കി ജില്ലയിലെ കുരുതിക്കളം - വെള്ളിയാമറ്റം - ഞറുക്കുറ്റി - ചേലച്ചുവട് റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനു സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി "തൊടുപുഴ - കാരിക്കോട് - അഞ്ചിരി - ആനക്കയം - കാഞ്ഞാർ റോഡ് നവീകരണം" എന്ന പദ്ധതിയുടെ ഭാഗമായി സ്ഥലമേറ്റെടുക്കുന്നതിലേയ്ക്കായി ആകെ 10.44 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ഇപ്പോൾ കിഫ്ബി അവലോകന വിഭാഗം പരിശോധിച്ചുവരുന്നു.

(ബി) ഇടുക്കി ജില്ലയിലെ കുരുതിക്കളം - വെള്ളിയാമറ്റം - ഞറുക്കുറ്റി - ചേലച്ചുവട് റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**കുന്ദമംഗലത്ത് ബൈപ്പാസ് നിർമ്മാണം**

38 (2017) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാതയിൽ കുന്ദമംഗലം ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ബൈപ്പാസ് നിർമ്മിക്കാൻ ആർ.ബി.ഡി.സി.കെ. തയ്യാറാക്കി സമർപ്പിച്ച പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തിക്ക് ധനകാര്യ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കി പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

2016-17-ലെ ബഡ്ജറ്റിലെ മറുപടി പ്രസംഗം (ഖണ്ഡിക 34, ക്രമനമ്പർ 1) പ്രകാരം കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പണ്ടാരപ്പറമ്പ് -ഉണ്ടോടിക്കടവ് ബൈപ്പാസ് നിർമ്മാണത്തിനായി 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് എസ്.പി.വി. ആയ ആർ.ബി.ഡി.സി.കെ. ഇതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. ഡി.പി.ആർ. സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

## എം.എൽ.എ. - എ.ഡി.എഫ്. പദ്ധതി വിനോദസഞ്ചാര വകുപ്പിന്റെ സ്ഥലങ്ങളിൽ നടപ്പാക്കുന്നത്

39 (2018) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. - എ.ഡി.എഫ് പദ്ധതിയിലൂടെ വിനോദസഞ്ചാര വകുപ്പിന്റെ സ്ഥലത്ത് പൊതുപരിപാടികൾ അവതരിപ്പിക്കുന്നതിനായി സ്റ്റേജ് നിർമ്മിക്കുന്നതിന് അനുമതി നൽകാൻ കഴിയുമോ;

(ബി) വിനോദസഞ്ചാര വകുപ്പിന്റെ സ്ഥലങ്ങളിൽ എം.എൽ.എ. - എ.ഡി.എഫ്. പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും അധീനതയിൽ ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നത്. ഇത്തരത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് വിനോദസഞ്ചാര വകുപ്പിന്റെ സ്ഥലത്ത് പൊതുപരിപാടികൾ അവതരിപ്പിക്കുന്നതിനായി സ്റ്റേജ് നിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

(ബി) പദ്ധതികൾ സ്ഥിരം ആസ്തിയിൽ ഉൾപ്പെട്ടതും പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്ഥലം പൂർണ്ണമായും വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലാണെന്നും ഉറപ്പുവരുത്തി നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കുന്നതിന് തടസ്സമില്ല.

## എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നത്

40 (2019) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-എസ്.ഡി.എഫ്. ഫണ്ട് ഉപയോഗിച്ച് ആശുപത്രി, ബസ് സ്റ്റാൻഡ്, സ്കൂൾ എന്നീ സ്ഥലങ്ങളിൽ ദൃശ്യ-ശ്രാവ്യ (സി.സി.ടിവി ക്യാമറ-പബ്ലിക്ക് അഡ്രസ്സ് സിസ്റ്റം) ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിൽ തടസ്സമുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) എം.എൽ.എ.യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനകാര്യവകുപ്പ് നിലവിലെ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ;

(സി) എം.എൽ.എ.യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും സി.സി.ടിവി ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ധനവകുപ്പിൽനിന്നും വ്യക്തമായ നിർദ്ദേശം ജില്ലാകളക്ടർമാർക്ക് നൽകുന്നതിന് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ. (അച്ചടി) നമ്പർ 161/2017/ധന ഉത്തരവ് പ്രകാരം ദൃശ്യ-ശ്രാവ്യ (സി.സി.ടി.വി. ക്യാമറ - പബ്ലിക് അഡ്രസ്സ് സിസ്റ്റം) ഉപകരണങ്ങൾ വാങ്ങുന്നത് അനുവദനീയമല്ല.

## മങ്കട നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

41 (2020) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ആസ്തി വികസന പദ്ധതികളിൽ മങ്കട നിയോജകമണ്ഡലത്തിലെ നിർമ്മാണം പൂർത്തിയാക്കിയ പാങ്ങ്, പനങ്ങാങ്ങര, മങ്കട എന്നീ സർക്കാർ സ്കൂളുകൾ നിർമ്മിച്ച ഇനത്തിൽ പൊതുമേഖല സ്ഥാപനമായ കെൽ സമർപ്പിച്ച ബിൽ തുക നാളിതുവരെ അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് നൽകാത്തതിന് ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ;

(സി) നിലവിലെ വെയിസ് ആന്റ് മീൻസ് സീനിയോറിറ്റി നിലനിർത്തി കെൽ-ന് തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ബിൽ മാറുന്നതിലേയ്ക്ക് ഡോക്കറ്റ് നമ്പർ 601/2020 ആയി പരിശോധിച്ചുവരുന്നു.

(ബി&സി) 3-8-2018-ലെ സ.ഉ. (അ) നമ്പർ 118/2018/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ സമർപ്പിച്ച ബില്ലായതിനാൽ ടി ഉത്തരവുപ്രകാരം പുതുക്കിയ ബിൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിക്കൊണ്ട് ഡി.ഡി.ഒ.-യ്ക്ക് തിരികെ നൽകിയിട്ടുണ്ട്. പുതുക്കിയ ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക സമയബന്ധിതമായി മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി**

42 (2021) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ നടത്തുകയുണ്ടായി എന്നറിയിക്കാമോ; 1-6-2016 മുതൽ 31-3-2019 വരെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) 1-6-2016 മുതൽ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടും നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്ത ഏതെങ്കിലും പ്രവൃത്തി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 വർഷത്തെ പദ്ധതിയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കൽ

43 (2022) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കുകളായി ചെയ്യുന്നതിനാലുണ്ടാകുന്ന ഭരണപരമായ കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) ഡെപ്പോസിറ്റ് വർക്കുകൾ എന്ന രീതി ഒഴിവാക്കി പ്രവൃത്തികൾ കൂടുതൽ വേഗത്തിൽ നടപ്പിലാക്കുന്നതിലുള്ള പുതിയ രീതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് കൂടുതൽ നിർദ്ദേശങ്ങൾ നൽകുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) സ്വന്തമായി എഞ്ചിനീയറിംഗ് വിംഗ് ഉള്ള വകുപ്പുകൾ പ്രസ്തുത എഞ്ചിനീയറിംഗ് വിംഗുകൾ ഉപയോഗിച്ചുതന്നെയാണ് ഭൂരിപക്ഷം പ്രവൃത്തികളും നടപ്പിലാക്കിവരുന്നത്. ഇത്തരം പ്രവൃത്തികൾക്ക് മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യേണ്ട ആവശ്യമില്ല. പ്രവർത്തന പുരോഗതിയനുസരിച്ച് സമർപ്പിക്കുന്ന ബില്ലുകൾ കാലതാമസംകൂടാതെ പാസ്സാക്കി നൽകുന്നുണ്ട്. എന്നാൽ സ്വന്തമായി എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്ത വകുപ്പുകൾ മറ്റ് വകുപ്പുകളിലെ എഞ്ചിനീയറിംഗ് വിംഗ്വഴി പ്രവൃത്തികൾ നടപ്പാക്കുമ്പോൾ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്ത് നൽകേണ്ടതുണ്ട്. ഇതിനായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ട്. അധികമായി തുക വേണ്ടിവരുന്ന കേസുകളിൽ ആയത് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ ധനകാര്യവകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(സി) സ.ഉ. (അച്ചടി)നമ്പർ 119/2018/ധന തീയതി 4-8-2018-ന്റെ അനുബന്ധം-3 പ്രകാരം നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലാകളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

## പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ

44 (2023) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എം.എൽ.എ.മാരുടെ പ്രദേശികവികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ കളക്ട്രേറ്റുകളിൽനിന്നും പാസ്സായി ലഭിക്കണമെങ്കിൽ എ.ഡി.സി.(ജനറൽ), ഫിനാൻസ് ഓഫീസർ എന്നിവരുടെ പരിശോധനയ്ക്കു ശേഷം കളക്ടർ കൂടി ഫയലിൽ ഉത്തരവിട്ടാൽ മാത്രമേ കഴിയുന്നുള്ളൂ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒട്ടേറെ കാലതാമസത്തിനിടയാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർവ്വഹണ ഉദ്യോഗസ്ഥനായ ബി ഡി ഒ മാർക്ക് എൻജിനീയറിംഗ് വിംഗ് ഉണ്ടെന്നിരിക്കേ, അവരുടെ സാങ്കേതിക ജ്ഞാനമൊന്നുമില്ലാത്ത എ ഡി സി, ഫിനാൻസ് ഓഫീസർ എന്നിവർ ബില്ല് നോക്കി പാസ്സാക്കുന്ന രീതിക്കു പകരം, ഇപ്പോൾ എൻ.സി.എഫ്.ആർ-ലുൾപ്പെടുത്തിയ പ്രവൃത്തികളുടെ ഫൈനൽ ബില്ലുകൾ സമർപ്പിക്കുകയും, ബി.ഡി.ഒ.നൽകുന്ന പ്രഫോർമയുടെ അടിസ്ഥാനത്തിൽ അലോട്ട്മെൻറ് നൽകുകയും ചെയ്യുന്ന രീതി എസ്.ഡി.എഫ്.-ന്റെ കാര്യത്തിലും അവലംബിച്ചാൽ കാലതാമസം ഒഴിവാകുകയില്ലേ എന്ന് പരിശോധിക്കുമോ;

(സി) കളക്ട്രേറ്റുകളിലെ ഫിനാൻസ് ഓഫീസർമാർക്ക് ജോലിഭാരം വളരെക്കൂടുതൽ ആകയാൽ എൻ.സി.എഫ്.ആർ. ബില്ലുകൾ പാസ്സാക്കുന്നതിന് സ്വീകരിക്കുന്ന രീതി എസ്.ഡി.എഫ്. ബില്ലുകൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുമോ?

### ഉത്തരം

(എ) സർക്കാരിന്റെ യഥാസമയങ്ങളിലുള്ള നടപടിക്രമം പൂർത്തിയാക്കിയാണ് എല്ലാത്തരത്തിലുള്ള പ്രവൃത്തികളുടെയും തുക അനുവദിക്കുന്നത്. ആയതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) പ്രവൃത്തി പൂർത്തീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്ന ബില്ലുകൾ സാങ്കേതിക പരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലല്ല പരിശോധിക്കുന്നത്. സാങ്കേതിക പരിജ്ഞാനം പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിലാണ് ആവശ്യമുള്ളത്. ബില്ലുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകൾ നിയമാനുസൃതമാണോ/നിലവിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തി നിലവിലുള്ള നിയമങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും പൊതുമരാമത്ത് മാനുവലിന്റെയും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളെ സംബന്ധിച്ച

ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ബിൽ തുക കൃത്യമാണോയെന്ന് പരിശോധിച്ച് അനുവദനീയമായ തുക പാസ്സാക്കുകയാണ് എ.ഡി.സി., എഫ്.ഒ. എന്നീ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചെയ്യുന്നത്. എന്നാൽ 2018-19 വർഷം മുതൽ 27-3-2018-ലെ സ.ഉ. (കൈ) നമ്പർ 3/2018/ദു.നി.വ. ഉത്തരവ് പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം നടപ്പാക്കുന്ന പ്രവൃത്തികളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രവൃത്തി പൂർത്തീകരിച്ചശേഷം എല്ലാ നടപടിക്രമങ്ങളും പാലിച്ച് അന്തിമ ബില്ലുകൾ പാസ്സാക്കി നടപടിക്രമം പുറപ്പെടുവിച്ച് നിശ്ചിത പ്രൊഫോർമ സഹിതം ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ബിൽ തുക അനുവദിക്കാവുന്നതാണെന്ന് ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് വ്യത്യസ്ത ഗുണഭോക്തൃ വകുപ്പുകൾക്കുവേണ്ടിയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. എം.എൽ.എ. ആസ്തി വികസന പദ്ധതി / പ്രത്യേക വികസന നിധി വിനിയോഗം സംബന്ധിച്ച നടപടിക്രമം നിലവിലുള്ളതിനേക്കാൾ ലളിതവും ഉചിതതലത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ച് ഒരു തീരുമാനം താമസിയാതെ കൈക്കൊള്ളുന്നതാണ്.

## പ്രാദേശിക വികസന ഫണ്ടിൽ അനുവദിച്ച പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്

45 (2024) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിൽ (എസ്.ഡി.എഫ്.) അനുവദിച്ചതും എന്നാൽ പല കാരണങ്ങൾകൊണ്ട് ഭരണാനുമതി നൽകാൻ വൈകിയതുമായ പ്രൊപ്പോസലുകൾക്ക് അതാത് വർഷത്തെ ഫണ്ടിൽ ഉൾപ്പെടുത്തിതന്നെ ഭരണാനുമതി നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട കളക്ടർമാർക്ക് പ്രത്യേക നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ 12-12-2018-ലെ സ.ഉ.(അച്ചടി)നമ്പർ 194/2018/ധന ഉത്തരവിലെ ഇനം 2-ൽ ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതാണെന്ന വ്യവസ്ഥ നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരവ് 12-12-2018 മുതലാണ് പ്രാബല്യത്തിലുള്ളത്. ആയതിനാൽ എം.എൽ.എ.

പ്രത്യേക വികസന നിധിയിൽനിന്നും നിയോജകമണ്ഡലങ്ങൾക്ക് അനുവദിച്ച തുകയിൽ മുൻ വർഷങ്ങളിലെ ബാക്കി തുക വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല. മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകാൻ വൈകിയ പ്രൊപ്പോസലുകൾക്ക് അതത് വർഷത്തെ ഫണ്ടിൽ ഉൾപ്പെടുത്തിത്തന്നെ ഭരണാനുമതി നൽകാവുന്നതാണ്.

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ട്

46 (2025) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ യുടെ പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്.) ഉപയോഗിച്ച് 2016-2017 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സ്കൂളുകൾക്കായി എം.എൽ.എ. ഫണ്ടിൽനിന്നും കിഫ്ബിക്ക് തുക കൈമാറുന്നത്

47 (2026) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കുന്ന പ്രവൃത്തികൾക്ക് എം.എൽ.എ. ഫണ്ട്, ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ നീക്കിവയ്ക്കുന്ന ഫണ്ട് എന്നിവ കിഫ്ബി ഫണ്ടിലേയ്ക്ക് എങ്ങനെ കൊടുക്കാനാകുമെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കാട്ടാക്കട നിയോജകമണ്ഡലത്തിൽനിന്നും മലയിൻകീഴ് സ്കൂൾ നവീകരണത്തിനായി അനുമതി ലഭ്യമായ ഒരു കോടി രൂപ സ്കൂൾ നിർമ്മാണത്തിനായുള്ള കിഫ്ബിയുടെ ഫണ്ടിലേയ്ക്ക് എത്തിയിട്ടുണ്ടോ; ആയതിന്റെ സ്ഥിതി എന്തായെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതിയിൽ ഓരോ സ്കൂളിനും കിഫ്ബി ധനസഹായമായി പരമാവധി 5 കോടി രൂപ ലഭ്യമാണ്. ബാക്കി വേണ്ടിവരുന്ന തുക നിയോജകമണ്ഡല ആസ്തിവികസന ഫണ്ട്, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ, പി.ടി.എ. ഫണ്ട്, മറ്റ് സാമ്പത്തിക സ്രോതസ്സുകൾ എന്നിവ മുഖേന കണ്ടെത്തേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ പ്രസ്തുത സ്ഥാപനങ്ങൾതന്നെ നേരിട്ട് കിഫ്ബിക്ക് നൽകുകയാണ് ചെയ്യുന്നത്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നുള്ള വിഹിതം ആവശ്യപ്പെട്ട് കിഫ്ബി ധനകാര്യ വകുപ്പിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകിയ തുക

48 (2027) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ അടിസ്ഥാനത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രം നൽകിയ തുകയുടെ ചെലവ് സംബന്ധിച്ച വിശദാംശം കേന്ദ്രസർക്കാരിന് കൈമാറിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കേന്ദ്രം എന്ത് തുകയാണ് ഈ ആവശ്യത്തിനായി സംസ്ഥാനത്തിന് നൽകിയതെന്നും സംസ്ഥാനം എന്ത് തുകയുടെ കണക്ക് ഇതിനകം കേന്ദ്രത്തിന് കൈമാറിയെന്നും വ്യക്തമാക്കുമോ;

(സി) അവസാനം കണക്ക് കൈമാറിയ തീയതി എന്നാണെന്ന് വെളിപ്പെടുത്തുമോ; 2018-ൽ അനുവദിച്ച തുക ചെലവഴിച്ചതിന്റെ കണക്ക് മുഴുവൻ നൽകാതിരുന്നതിനാലാണ് 2019-ലെ പ്രളയത്തിൽ സംസ്ഥാനം ദുരിതാശ്വാസ ഫണ്ടിലേക്ക് തുക ആവശ്യപ്പെട്ടിട്ടും കേന്ദ്രം പണം അനുവദിക്കാതിരുന്നത് എന്ന ആക്ഷേപം വസ്തുതയാണോ;

(ഡി) കേന്ദ്രം അനുവദിക്കുന്ന പണത്തിന്റെ ചെലവ് സംബന്ധിച്ച് കൃത്യമായ വിവരം സമയബന്ധിതമായി കേന്ദ്രത്തിന് നൽകുന്നതിനും സംസ്ഥാനത്തിന് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡം അനുസരിച്ച് 5616 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് മെമ്മോറാണ്ടം കേന്ദ്രസർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഈ മെമ്മോറാണ്ടം പരിഗണിച്ച് 2904.85 കോടി രൂപ അടിയന്തര സഹായമായി കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽനിന്ന് അനുവദിക്കുന്ന തുക സംസ്ഥാന ദുരന്ത പ്രതികരണനിധിയിലെ വിവിധ ശീർഷകങ്ങളിൽ നിലവിലുള്ള തുകയോടൊപ്പം വകയിരുത്തുകയും സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം വിനിയോഗിക്കുകയും ചെയ്യുന്നു. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും 2018-19 സാമ്പത്തിക വർഷം 1317.63 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം 1144.67 കോടി രൂപയും (6-3-2020 വരെ) വിനിയോഗിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് 4-7-2019, 28-6-2019, 10-12-2019, 14-1-2020 എന്നീ തീയതികളിൽ കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിലെ വെള്ളപ്പൊക്കവും ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടം പരിഗണിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിലെ calamity wise എക്സ്പെന്റിച്ചർ വിശദാംശങ്ങൾ സമർപ്പിക്കുവാൻ 16-2-2020-ലെ കത്തുപ്രകാരം കേന്ദ്രസർക്കാർ ആവശ്യപ്പെടുകയും ആയത് 27-2-2020-ലെ കത്തുമുഖേന കേന്ദ്രസർക്കാരിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെ ആഘാതം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി

49 (2028) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നോട്ടു നിരോധനം, ജി.എസ്.ടി.തുടങ്ങിയ പരിഷ്കാരങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് സൃഷ്ടിച്ചിട്ടുള്ള ആഘാതങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പരിഷ്കാരങ്ങൾ മൂലം സംസ്ഥാനത്തിന്റെ വരുമാനത്തിൽ വന്നിട്ടുള്ള കുറവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; അത് പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കേന്ദ്ര സർക്കാർ നഷ്ടപരിഹാര ഇനത്തിൽ ഇനിയും തുക നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനവും വേണ്ടത്ര അവധാനതയില്ലാതെ തുടങ്ങിയ ചരക്ക് സേവന നികുതിയും രാജ്യത്ത് നിലവിൽ പ്രകടമായിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ മൂലകാരണങ്ങളാണ്. മേൽ പരിഷ്കാരങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിലെ പരമ്പരാഗത, ചെറുകിട, കൃഷി, വ്യവസായ, വിനോദസഞ്ചാര, അസംഘടിത മേഖലകളിലടക്കം എല്ലാ മേഖലകളിലും അപരിഹാര്യമായ ആഘാതങ്ങൾക്ക് ഹേതുവായിട്ടുണ്ട്. സാമ്പത്തിക വളർച്ച, തൊഴിൽ നിരക്ക്, നിക്ഷേപം അടക്കമുള്ള സാമ്പത്തിക സൂചകങ്ങളിൽ നിലവിലെ പ്രതിസന്ധി ദൃശ്യമാണ്. കേന്ദ്രസർക്കാർ നയങ്ങൾ സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ ദുർബലപ്പെടുത്തിയത് സർക്കാർ ചെലവുകൾ വർദ്ധിപ്പിച്ച ഉപഭോഗം ഉത്തേജിപ്പിക്കുകയെന്ന ക്രിയാത്മക പോംവഴിക്ക് തടസ്സമായി തീർന്നിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങൾ സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഉണ്ടാക്കിയിട്ടുള്ള ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുക പ്രായോഗികമല്ല. എന്നിരുന്നാലും 2017-18-ൽ ആകെ റവന്യൂ വരുമാനത്തിൽ മാത്രം ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനെക്കാൾ 10565 കോടി രൂപയുടെയും 2018-19-ൽ 9947 കോടി രൂപയുടെയും കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. നോട്ട് നിരോധനം പോലെയുള്ള പരിഷ്കാരങ്ങൾ സൃഷ്ടിച്ച വരുമാന നഷ്ടം നികത്തുന്നതിനോ ലഘൂകരിക്കുന്നതിനോ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. സർക്കാരിന്റെ അംഗീകൃത വായ്പാപരിധി ഉയർത്തി നൽകാൻപോലും അനുവദിച്ചിട്ടില്ല. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതൽ 2020 ജനുവരി വരെയുള്ള നഷ്ടപരിഹാരം മാത്രം മൂവായിരം കോടി രൂപയ്ക്ക് മുകളിൽ വരും. ഇതിൽ 854.04 കോടി രൂപ മാത്രമാണ് അനുവദിച്ചത്.

## ധനസഹായത്തിനുള്ള നിവേദനത്തിന്മേൽ നടപടി

50 (2029) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ദിനംപ്രതി പരിതാപകരമായ സ്ഥിതിയിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ കേന്ദ്രത്തിന്റെ സഹായം ആവശ്യപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രി നിവേദനം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി) കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളുടെയും 2018, 2019 വർഷങ്ങളിൽ തുടർച്ചയായുണ്ടായ പ്രകൃതി ദുരന്തങ്ങളുടെയും ഫലമായി തനത് നികുതി വരുമാനത്തിൽ കാര്യമായ ഇടിവുണ്ടായത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. ഇതിന്റെ പശ്ചാത്തലത്തിൽ 2020-21-ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി, സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 26-12-2019-ൽ കേന്ദ്ര ധനകാര്യമന്ത്രിക്ക് മുൻപാകെ നിവേദനം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ താഴെ ചേർക്കുന്നു:

1. കേരളത്തെ ബാധിച്ച പ്രളയത്തിന്റെ അടിസ്ഥാനത്തിലും ജി.എസ്.ടി. കൗൺസിൽ പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിലും ജി.എസ്.ടി.-ക്കുമേൽ സ്പെഷ്യൽ സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കുക.

2. മൾട്ടിലാറ്ററൽ ഏജൻസികളിൽനിന്നും എടുക്കുന്ന ലോണുകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക.

3. സംസ്ഥാന സർക്കാർ റബ്ബർ കർഷകർക്ക് സബ്സിഡി നൽകിവരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് 150 രൂപ എന്നത്, കേന്ദ്ര സഹായമായി 50 രൂപയോടുകൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബഡ്ജറ്റിൽ അനുവദിക്കുക.

4. കണ്ണൂർ ജില്ലയിൽ ഒരു ആയുർവ്വേദ അന്താരാഷ്ട്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനായി തുക അനുവദിക്കുക.

5. 56,442 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 531 കി.മീ. ദൂരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന അതിവേഗ റെയിൽപ്പാതയുമായി ബന്ധപ്പെട്ട് World Bank, ADB, JICA എന്നിവയിലേതെങ്കിലും ഒന്നിൽനിന്നും ധനസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് അനുമതി നൽകുക.

6. കോഴിക്കോട് സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് AIIMS-ന് തുല്യമായൊരു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ധനസഹായം അനുവദിക്കുക.

7. മലബാർ മേഖലയിലെ നിർദ്ധന കാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിനെ കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ ആരോഗ്യനിധി പ്രോഗ്രാമിൽ ഉൾപ്പെടുത്തുക.

8. കൊച്ചിൻ ഷിപ്പ്യാർഡ്, FACT, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് അധിക ധനനിക്ഷേപം നടത്തുക. ഈ സ്ഥാപനങ്ങളിൽ സ്വകാര്യവത്കരണം അനുവദിക്കാതിരിക്കുക.

മേൽ ആവശ്യങ്ങളിന്മേൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂല തീരുമാനങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ രാജ്യത്താകമാനമുള്ള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പൊതു വിപണിയിൽനിന്നും 1471 കോടി രൂപകൂടി കടമെടുക്കാൻ കേന്ദ്രസർക്കാർ ഇപ്പോൾ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്. GST നഷ്ടപരിഹാരം യഥാസമയം ലഭിക്കുന്നതിനായി നിരവധി തവണ സർക്കാർ തലത്തിലും വകുപ്പുതലത്തിലും നിവേദനങ്ങളും കത്തുകളും നൽകിയിട്ടുണ്ട്.

### കേന്ദ്രസർക്കാരിന്റെ നടപടികൾ

51 (2030) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ഏതെല്ലാം നടപടികളാണ് സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ബുദ്ധിമുട്ടിലാക്കുന്നത് എന്നറിയിക്കാമോ; അവ ഓരോന്നും വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെ ഈ രീതിയിലുള്ള സമീപനത്തിനെതിരായി സാമ്പത്തിക സുസ്ഥിരതക്കായി ഏതെല്ലാം ബദൽ മാർഗ്ഗങ്ങൾ ആണ് സംസ്ഥാന സർക്കാർ ആലോചിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങളും ജി.എസ്.ടി. അനവധാനതയില്ലാതെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.ടി. ഗണ്യമായി കുറച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി.എൻ.-ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി ഉപഭോഗത്തിലുണ്ടാകുന്ന കുറവുമൂലം കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് വരാനിടയുണ്ട്. കേന്ദ്രസർക്കാർ കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചും കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് വരുത്തുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ ലഭ്യതയിൽ കുറവ് വരുത്തും.

2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത് 24,915 കോടി രൂപയാണ്. ഇത് GSDP-യുടെ 3 ശതമാനമാണ്. പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള വിഭവ സമാഹരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP-യുടെ 4.5 ശതമാനമായി ഉയർത്തണമെന്നും ലോകബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിക്ക് പുറമെ അനുവദിക്കണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദനീയമായ കടമെടുപ്പ് പരിധിയിൽനിന്നും അധികരിച്ചിട്ടുള്ള വായ്പ 2019-20-ലെ കടമെടുപ്പ് പരിധിയായ 24,915 കോടി രൂപയിൽനിന്നും കേന്ദ്രസർക്കാർ കുറവ് വരുത്തുകയുണ്ടായി. ഇത് പ്രളയാനന്തര പുനർ നിർമ്മാണങ്ങളെയും വികസന പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നടപ്പുസാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധിയായ 24,915 കോടി രൂപയിൽ നിലനിർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല. അതേസമയം രാജ്യത്തെ നിലവിലെ പ്രതികൂല സാമ്പത്തികസ്ഥിതിയുടെ പശ്ചാത്തലത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം നേരിടുന്നതിന് പൊതുവിപണിയിൽനിന്നും 1471 കോടി രൂപകൂടി കടമെടുക്കാൻ കേന്ദ്രസർക്കാർ ഇപ്പോൾ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാ തുക നിക്ഷേപത്തിനായി വിനിയോഗിക്കുക എന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്.

അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലനിൽക്കുന്ന വിടവ് നികത്തുന്നതിനാവശ്യമായ ധനം കണ്ടെത്തുന്നതിന് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികളുണ്ട്. കേന്ദ്രസർക്കാരിന്റെ എഫ്.ആർ.ബി.എം. ആക്ടനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിന് വിലങ്ങുതടിയാകുന്നു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികളാണ് കിഫ്ബിവഴി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് കിഫ്ബിവഴി അനുമതി നൽകിയിട്ടുണ്ട്.

## ചരക്ക് സേവന നികുതി വകുപ്പിലെ തസ്തികകളുടെ പുനർനാമകരണം

52 (2031) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ തസ്തികകൾ ഇതര സംസ്ഥാന ചരക്ക് സേവന നികുതി ഉദ്യോഗസ്ഥരുടെതിന് തുല്യ തസ്തികയുമായി പുനർ നാമകരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഫയൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പരിന്റെ വിശദാംശങ്ങൾ നൽകാമോ; ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ചരക്ക് സേവന നികുതി ഉദ്യോഗസ്ഥർ മറ്റ് സംസ്ഥാനങ്ങളിലെ ചരക്ക് സേവന നികുതി ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുമ്പോൾ ഒരേ തസ്തികയിൽ ജോലി ചെയ്യുന്നവർ തസ്തിക പുനർ നാമകരണം ചെയ്യാത്തതു കാരണം താഴ്ന്ന തസ്തികയിലുള്ളവരുമായി ബന്ധപ്പെടേണ്ടി വരുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ തസ്തികകൾ ഇതര സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ തസ്തികയ്ക്ക് തത്തുല്യമായി പുനർനാമകരണം ചെയ്യുന്നത് സംബന്ധിച്ച വിഷയം 264/ഡി3/2018/നി.വ. നമ്പർ ഫയലിൽ പരിശോധിക്കുകയും 10-3-2020-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**മെഡിസെപ് പദ്ധതി**

53 (2032) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന മെഡിസെപ് പദ്ധതിയിലേയ്ക്കായി ഏതെല്ലാം സ്ഥാപനങ്ങളെയാണ് സർക്കാർ ലിസ്റ്റ് ചെയ്തിട്ടുള്ളത്; ഇതിൽ ആരെയെങ്കിലും തെരഞ്ഞെടുത്തിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാ നിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികളുടെ ഭാഗമായി ടി റിപ്പോർട്ടിലെ ശിപാർശ പരിശോധിച്ച് IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സുതാര്യമായ ഇ-ടെണ്ടർ മുഖേന റീ-ടെണ്ടർ നടപടികളിലൂടെ മാത്രമേ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് ഏജൻസികളെ/സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയുള്ളൂ.

**പെൻഷൻ പ്രായം ഏകീകരിക്കുന്നതിനുള്ള നടപടി**

54 (2033) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ പങ്കാളിത്തപെൻഷൻ പദ്ധതി നടപ്പിലാക്കിയപ്പോൾ മുതൽ സംസ്ഥാന സർവ്വീസിൽ വിവിധതരം പെൻഷൻ പ്രായമാണ് നിലവിലുള്ളതെന്നതിനാൽ പെൻഷൻ പ്രായം ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് എന്താണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) പെൻഷൻ പ്രായം ഏകീകരിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പങ്കാളിത്ത പെൻഷൻ

55 (2034) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷന്റെ പുനഃപരിശോധനാ കമ്മിറ്റിയുടെ റിപ്പോർട്ട് എന്ന് സർക്കാരിന് സമർപ്പിക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) പി.എഫ്.ആർ.ഡി.എ. ബില്ലിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും മാറ്റം വരുത്തി സ്റ്റാറ്റ്യൂട്ടറി പദ്ധതി നടപ്പിലാക്കുന്നതിനായുള്ള വ്യവസ്ഥകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ 7-11-2018-ലെ സ.ഉ.(പി)നമ്പർ 172/2018/ധന ഉത്തരവ് പ്രകാരം 6 മാസക്കാലാവധിയിലാണ് സമിതിയെ നിയമിച്ചത്. എന്നാൽ പങ്കാളിത്ത പെൻഷൻ പദ്ധതി പോലുള്ള ഒരു വിഷയത്തിന്റെ പുനഃപരിശോധന സാമ്പത്തിക നിയമവശങ്ങൾ വിശദമായി പരിശോധിക്കേണ്ടതിനാൽ സമിതിയുടെ കാലാവധി 2020 ഏപ്രിൽ 30 വരെ നീട്ടി നൽകിയിട്ടുണ്ട്. സർക്കാർ അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ സമിതി പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത വിഷയം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ പരിശോധനാ വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് സമിതി പരിശോധിച്ചുവരികയാണ്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

56 (2035) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതിയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ 7-11-2018-ലെ സ.ഉ.(പി)നമ്പർ

172/2018/ധന ഉത്തരവ് പ്രകാരം 6 മാസക്കാലാവധിയിലാണ് സമിതിയെ നിയമിച്ചത്. എന്നാൽ പങ്കാളിത്ത പെൻഷൻ പദ്ധതിപോലുള്ള ഒരു വിഷയത്തിന്റെ പുനഃപരിശോധന സാമ്പത്തിക നിയമവശങ്ങൾ വിശദമായി പരിശോധിക്കേണ്ടതിനാൽ സമിതിയുടെ കാലാവധി 2020 ഏപ്രിൽ 30 വരെ നീട്ടിനൽകിയിട്ടുണ്ട്. സർക്കാർ അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ സമിതി പഠന റിപ്പോർട്ട് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളെ കൂടാതെ കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമായിരുന്ന 34 പൊതുമേഖലാ സ്ഥാപനങ്ങളിലാണ് പങ്കാളിത്ത പെൻഷൻ നടപ്പാക്കിയിരിക്കുന്നത്.

**പങ്കാളിത്ത പെൻഷൻ പദ്ധതിപ്രകാരം സർവ്വീസിൽനിന്നും വിരമിച്ചവർ**

57 (2036) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം എത്ര പേർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് മാസം എത്ര രൂപയാണ് പെൻഷൻ/ആന്വിറ്റി ഇനത്തിൽ ലഭ്യമാകുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്പാർക്ക് മുഖേന ശമ്പളം മാറിയിട്ടുള്ള 738 പേർ വിരമിച്ചിട്ടുണ്ട്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം+ക്ഷാമബത്ത) 10 ശതമാനവും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടയ്ക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെട്ടിരിക്കുന്ന തുകയുടെ 60 ശതമാനംവരെ ഒറ്റത്തവണയായി പിൻവലിക്കാവുന്നതും 40 ശതമാനം തുക ആന്വിറ്റിക്കായി നിക്ഷേപിക്കേണ്ടതുമാണ്. ഇത്തരത്തിൽ നിക്ഷേപിച്ചിരിക്കുന്ന 40 ശതമാനം തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക.

**പങ്കാളിത്ത പെൻഷൻ പുനഃപരിശോധന**

58 (2037) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച നടപടി ക്രമങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പുനഃപരിശോധന നടത്തുന്നതിനായി 7-11-2018-ലെ സ.ഉ. (പി) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം പുരോഗമിച്ചുവരികയാണ്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പതിനൊന്നാം ശമ്പള കമ്മീഷൻ**

59 (2038) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പതിനൊന്നാം ശമ്പള കമ്മിഷന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ശമ്പള പരിഷ്കരണ റിപ്പോർട്ട് സമർപ്പിക്കുന്നതിനും കാലപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

ഉണ്ട്. ശമ്പള പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച 6-11-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 414/2019/ധന.-യിൽ ആറ് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**സർക്കാർ ഓഫീസുകളിൽ ക്രമക്കേടുകൾ**

60 (2039) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം 2018-19 വർഷത്തിൽ വിവിധ സർക്കാർ ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയത്; ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ക്രമക്കേടുകൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കി മാതൃകാപരമായ വകുപ്പുതല നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം 2018-19 വർഷത്തിൽ വിവിധ സർക്കാർ ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ വിവിധ തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018-19 വർഷത്തിൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകളിൽ വിവിധ വകുപ്പുകളിലായി 117 ഓഫീസുകളിൽ വ്യത്യസ്ത തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. ക്രമക്കേടുകളും അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് *.

(സി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകൾ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശത്തോടെ അതാത് ഭരണവകുപ്പുകൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. തുടർ നടപടികൾ സ്വീകരിക്കേണ്ടത് അതാത് ഭരണവകുപ്പുകളാണ്.

**സ്പാർക്ക് സംവിധാനത്തിലൂടെ ശമ്പളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിൽ പഞ്ചിംഗ് നടപ്പിലാക്കുന്നതിനുള്ള തീരുമാനം**

61 (2040) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് സംവിധാനത്തിലൂടെ ശമ്പളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിൽ പഞ്ചിംഗ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഒരു മാസം ജീവനക്കാർക്ക് പരമാവധി വൈകിയെത്താവുന്ന സമയം എത്രയായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളത്; അതിൽ കൂടുതൽ സമയം വൈകിയെത്തുന്നവരുടെ ശമ്പളത്തിൽ കുറവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തുകയും ആയതുപ്രകാരം നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മാർഗ്ഗനിർദ്ദേശത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന *.

(സി) ജീവനക്കാർക്ക് ഒരു മാസത്തിൽ 300 മിനിറ്റ് ഗ്രേസ് ടൈം ഒരു ദിവസം പരമാവധി ഒരു മണിക്കൂർ എന്ന തോതിൽ അനുവദിച്ചിട്ടുണ്ട്. ടി സമയപരിധി അവസാനിച്ചിട്ടും ഓഫീസിൽ താമസിച്ച് ഹാജരാകുന്ന ജീവനക്കാർ അർഹമായ അവധി അപേക്ഷ സമർപ്പിക്കാത്തപക്ഷം ശമ്പളത്തിൽ കുറവ് വരുത്തുന്നതാണ്.

**ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

62 (2041) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റീ-ടെണ്ടറിനു മുന്നോടിയായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാ നിരക്കുകൾ പരിഷ്കരിക്കുന്നതിനായി 28-12-2019-ലെ സ.ഉ.(സ) നമ്പർ 10206/2019/ധന ഉത്തരവ് പ്രകാരം ആരോഗ്യരംഗത്തെ വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**ഈ സർക്കാരിന്റെ കാലത്ത് വാങ്ങിയ കാറുകളെ സംബന്ധിച്ച വിവരങ്ങൾ**

63 (2042) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിമാർക്കും, വകുപ്പ് മേധാവികൾക്കും,വിവിധ ചെയർമാൻമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കുമായി ആകെ എത്ര കാറുകൾ വാങ്ങിയിട്ടുണ്ട്; ഏതെല്ലാം തരത്തിലുള്ള കാറുകളാണ് വാങ്ങിയതെന്നും ആർക്കെല്ലാമാണ് നൽകിയിട്ടുള്ളതെന്നും ഓരോന്നിന്റെയും വിലയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര രൂപ വരെയുള്ള കാറുകൾ ഓരോരുത്തർക്കും വാങ്ങാമെന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ നിയന്ത്രണത്തിൽ ഇളവ് വരുത്തി ആർക്കെല്ലാം കാറുകൾ വാങ്ങുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

64 (T* 2043 ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി മൂന്നാം വർഷത്തിലേക്കടുക്കുമ്പോഴും ഇരുപത്തഞ്ച് ശതമാനം തുക പോലും ചെലവഴിക്കാനാകാത്ത സാഹചര്യമുണ്ടോ; 900 കോടി രൂപ പദ്ധതിക്കായി അനുവദിച്ചതിൽ എത്ര കോടി രൂപയാണ് ഇതിനകം ചെലവഴിച്ചത്;

(ബി) സർക്കാരിന്റെ മാനദണ്ഡങ്ങളാണോ പദ്ധതിയിൽ നിന്ന് ഗുണഭോക്താക്കളെ അകറ്റാൻ കാരണം;

(സി) പ്രൊഫഷണൽ കോഴ്സിനായി വായ്പ എടുത്തവർ കോഴ്സ് കേരളത്തിൽ ചെയ്യണമെന്നും മെരിറ്റിൽ പ്രവേശനം നേടണമെന്നും കോഴ്സ് ഫീസ് സർക്കാർ നിർദ്ദേശിച്ചതിൽ കൂടരുതെന്നും മാനദണ്ഡങ്ങളിൽ നിർദ്ദേശമുണ്ടോ;

(ഡി) പ്രൊഫഷണൽ കോഴ്സുകൾക്കായി ഭൂരിപക്ഷം വിദ്യാർത്ഥികളും കേരളത്തിന് പുറത്ത് പോകുന്നതും കേരളത്തിൽ പഠിക്കുന്നവരിൽ ഭൂരിപക്ഷവും മാനേജ്മെന്റ് സ്ഥാപനത്തിൽ പഠിക്കുന്നതും പ്രസ്തുത സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിലെ ഫീസിനു മുകളിലായിരിക്കും ഫീസെന്ന കാര്യവും പരിശോധിക്കുകയുണ്ടായോ;

(ഇ) എങ്കിൽ വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ വിധത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നകാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) 2016-17, 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ചാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നടപ്പാക്കിവരുന്നത്. ബാങ്കുകൾ എസ്.എൽ.ബി.സി. വഴി സർക്കാരിൽ സമർപ്പിക്കുന്ന ക്ലെയിം തുകകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ അധിക ധനാനുമതിയിലൂടെ (Additonal Authorization) ആവശ്യമായ തുക വകയിരുത്തിയാണ് പദ്ധതിയിലെ അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം ആകെ 195.57 കോടി രൂപ ഇതുവരെ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) 16-5-2017-ലെ സ.ഉ. (പി) നമ്പർ 65/2017/ധന., 12-7-2017-ലെ സ.ഉ. (പി) നമ്പർ 89/2017/ധന., 7-6-2018-ലെ സ.ഉ.(പി) നമ്പർ 85/2018/ധന. എന്നീ ഉത്തരവുകൾ പ്രകാരമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി മുഖേന ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന അർഹരായ അപേക്ഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്.

(സി-ഇ) കേരളത്തിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇന്ത്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നത്.

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നഴ്സിംഗ് ഇതര പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. അതേസമയം നഴ്സിംഗ് കോഴ്സുകളിൽ മെരിറ്റ്, മാനേജ്മെന്റ് എന്നീ രണ്ട് വിഭാഗങ്ങളിലും പ്രവേശനം കിട്ടിയവർക്ക് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. 16-5-2017-ലെ സ.ഉ. (പി) നമ്പർ 65/2017/ധന., 7-6-2018-ലെ സ.ഉ. (പി) നമ്പർ 85/2018/ധന. എന്നീ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം അംഗീകൃത കോളേജ്, അംഗീകൃത ഫീസ് എന്നീ നിബന്ധനകൾക്ക് പുറമെ മെരിറ്റിൽ അഡ്മിഷൻ ലഭിച്ചതായി കണക്കാക്കുന്നതിന് സർക്കാർ നിരക്കിലുള്ള കുറഞ്ഞ ഫീസിൽ പഠിക്കുകയും ചെയ്യേണ്ടതുണ്ട്. കോളേജിൽ ലഭിച്ച അഡ്മിഷൻ മാർക്കിന്റെ അടിസ്ഥാനത്തിൽ മെരിറ്റലായിരുന്നാൽപോലും സർക്കാർ നിരക്കിലെ കുറഞ്ഞ ഫീസിൽ അഡ്മിഷൻ ലഭിച്ചിരുന്നെങ്കിൽ മാത്രമേ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതിന് പരിഗണിക്കുകയുള്ളൂ. എന്നാൽ സർക്കാർ നിയന്ത്രണത്തിലുള്ള IHRD, LBS, CAPE, CCEK, SCT തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ

കോളേജുകളിലെ 50% free-ship സീറ്റുകളിൽ അഡ്മിഷൻ നേടിയവർക്കും സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന സ്വാശ്രയ കോളേജുകളിൽ 50% മെരിറ്റ് സീറ്റുകളിൽ അഡ്മിഷൻ നേടിയവർക്കും പദ്ധതി സഹായം അനുവദിക്കുന്നുണ്ട്. ഈ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## വിദ്യാഭ്യാസ ലോണിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

65 (T* 2044) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ലോണിന്റെ പലിശയും പിഴപ്പലിശയും ഒഴിവാക്കി വിദ്യാർത്ഥികൾക്ക് സഹായകരമായ രീതിയിൽ സർക്കാർ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ എത്ര വിദ്യാർതഥികൾക്കാണ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ ബാങ്കുകളും സഹകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇ.എൽ.ആർ.എസ്. പദ്ധതി പ്രകാരം വായ്പകളെ മൂന്നുവിഭാഗങ്ങളായി തിരിച്ചാണ് അനുകൂല്യം നൽകുന്നത്.

1. സ്റ്റാൻഡേർഡ് വിഭാഗം (1-4-2012 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് തുടങ്ങിയതും 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയാകാത്തതുമായ വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾ.)
2. എൻ.പി.എ. വിഭാഗം (31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടർന്നിരുന്നതുമായ വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾ.)
3. മരിച്ചുപോയതോ 80 ശതമാനത്തിലധികം വൈകല്യങ്ങൾ സംഭവിച്ചവരോ ആയ വിഭാഗം.

ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്ന അപേക്ഷകർക്ക് ഒറ്റത്തവണ തീർപ്പാക്കൽ അല്ലെങ്കിൽ റെഗുലറൈസേഷൻ ഓപ്ഷൻ തെരഞ്ഞെടുക്കാവുന്നതാണ്. ആകെ 19,901 പേർക്ക് ഈ പദ്ധതിപ്രകാരം ഇതുവരെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ഓരോ വിഭാഗത്തിലും ആനുകൂല്യം ലഭിച്ചവരുടെ എണ്ണം ചുവടെ കൊടുക്കുന്നു.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

| | | |
|---|---|---|
| 1 | സ്റ്റാൻഡേർഡ് വിഭാഗം | 10552 |
| 2 | എൻ.പി.എ. വിഭാഗം<br>1. ഒറ്റത്തവണ തീർപ്പാക്കൽ<br>2. റെഗുലറൈസേഷൻ | <br>9054<br>197 |
| 3 | മരിച്ചുപോയതോ 80 ശതമാനത്തിലധികം വൈകല്യങ്ങൾ സംഭവിച്ചവരോ ആയ വിഭാഗം | 98 |

(ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെക്കൂടി സഹകരണത്താലാണ്. സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ കീഴിൽവരുന്ന ഏറെക്കുറെ എല്ലാ കൊമേഴ്സ്യൽ ബാങ്കുകളും കേരള ഗ്രാമീൺ ബാങ്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, KSCARD ബാങ്ക് എന്നിവയുമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി സഹകരിച്ചിട്ടുള്ളത്.

**പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക**

66 (2045) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷാവസാനത്തെ ഉപധനാഭ്യർത്ഥനയിൽ എത്ര പുതിയ വാഹനങ്ങൾ വാങ്ങുവാനാണ് തുക ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ആർക്കൊക്കെയാണ് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് തുക ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) പ്രസ്തുത വാഹനങ്ങൾ വാങ്ങുവാൻ ആകെ എന്ത് തുക ചെലവാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ നിർമ്മാണ പ്രവൃത്തികൾ**

67 (2046) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ (2019-20) നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച് സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് റോഡുകളുടെയും

കെട്ടിടങ്ങളുടെയും നിർമ്മാണങ്ങളിൽ ഭരണാനുമതി നൽകിയത് പ്രകാരമുള്ള പ്രവൃത്തികളുടെ ആകെ തുക ജില്ല തിരിച്ച് നൽകാമോ;

(ബി) ഈയിനത്തിൽ 31-1-2020 വരെ തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കണക്കുകൾ നൽകാമോ?

<u>ഉത്തരം</u>

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ (2019-20) നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച് സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് റോഡുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണങ്ങളിൽ ഭരണാനുമതി നൽകിയത് പ്രകാരമുള്ള പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് യഥാക്രമം അനുബന്ധം ആയി ചേർക്കുന്നു*.

(ബി) ഈയിനത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് 31-1-2020 വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ബഡ്ജറ്റ് മോണിറ്ററിംഗ് സംവിധാനം**

68 (2047) <u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ഓരോ ബഡ്ജറ്റുകളിലും പ്രഖ്യാപിച്ച പദ്ധതികൾ ഓരോ വർഷവും എത്ര ശതമാനം നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 2019-20 ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളിൽ എത്ര പദ്ധതികൾ നടപ്പിലാക്കി; എത്ര പദ്ധതികൾക്ക് ഭരണാനുമതി കൊടുത്തു; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ബഡ്ജറ്റുകളിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി എന്തെങ്കിലും മാർഗ്ഗങ്ങൾ ഉണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് കൃത്യമായി മോണിറ്റർ ചെയ്യുന്നതിനായി ഒരു ബഡ്ജറ്റ് മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രവൃത്തികൾ

69 (2049) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തി നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ച ഏതൊക്കെ പ്രവൃത്തികൾക്ക് ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) മലപ്പുറം ജില്ലയിൽ ഇപ്രകാരം ഇരുപത് ശതമാനം തുക വകയിരുത്തിയിരുന്ന പ്രവൃത്തികൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കാമോ; ഇതിൽ ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമായത് ഏതിനൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തി നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ച പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിടം, പാലങ്ങൾ വിഭാഗങ്ങളുടെയും ജലസേചനവും ഭരണവും വകുപ്പിന്റേയും കീഴിൽവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## മാന്ദ്യവിരുദ്ധ പാക്കേജിലെ പദ്ധതികൾ

70 (2052) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ച 68 പാലങ്ങൾ, 8 ഫ്ലൈ ഓവറുകൾ, 4 അണ്ടർ പാസ്സുകൾ, 17 ബൈപാസ്സുകൾ, 137 റോഡുകൾ , 14 റെയിൽവേ മേൽപാലങ്ങൾ എന്നിവയിൽ ഓരോ വിഭാഗത്തിലും എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും എത്രയെണ്ണം ടെൻഡർ വിളിച്ചെന്നും വെളിപ്പെടുത്താമോ;

(ബി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഇതിനോടകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ച 68 പാലങ്ങൾ, 8 ഫ്ലൈ ഓവറുകൾ, 4 അണ്ടർപാസുകൾ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

17 ബൈപ്പാസുകൾ, 137 റോഡുകൾ, 14 റെയിൽവേ മേൽപ്പാലങ്ങൾ എന്നിവയിൽ ഓരോ വിഭാഗത്തിലും ധനാനുമതി നൽകിയ പ്രവൃത്തികളും ഇവയിൽ ടെണ്ടർ നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും ചുവടെച്ചേർക്കുന്നു:

| Main Project | Approved Nos. | Tendered Nos. |
|---|---|---|
| 68 Bridges | 46 | 12 |
| 8 Flyovers & 4 Underpasses | 84 Flyovers and 1 Underpass | 1 |
| 17 Bypasses | 11 | 1 |
| 137 Roads | 103 | 75 |
| 14 ROBs | 13 | 0 |

(ബി)

| Main Project | Project Code | Amount Releases as on 3-3-2020 |
|---|---|---|
| 68 Bridges | PWD001-00 | 13,16,50,992.90 |
| 8 Flyovers& 4 Underpasses | PWD002-00 | 2,64,65,831.80 |
| 17 Bypasses | PWD003-00 | 2,96,21,193.00 |
| 137 Roads | PWD004-00 | 6,15,25,45,416.00 |
| 14 ROBs | PWD005-00 | 21,29,03,390.00 |

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം**

71 (2053) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വിവിധ ശീർഷകങ്ങളിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) 2018-19, 2019-2020 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി വിഹിതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര കോടി രൂപ വകയിരുത്തിയെന്നും ഓരോ വർഷവും എത്ര കോടി അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) 2019-2020 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിവിഹിതമായി ചെലവ് ചെയ്ത് 2021 മാർച്ച് 31-ന് മുൻപ് സമർപ്പിക്കുന്ന ബില്ലുകളുടെ പേമെന്റ്, നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽപ്പെടുത്തി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 2020-21 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി വിഹിതമായി 7158 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി)

| വർഷം | വകയിരുത്തിയപദ്ധതി വിഹിതം (കോടിയിൽ) | അനുവദിച്ച പദ്ധതി വിഹിതം (കോടിയിൽ) |
|---|---|---|
| 2018-19 | 7063.46 | 7063.57 |
| 2019-20 | 7500.00 | 7209.37* |

(* ബാക്കി തുക ധനകാര്യ കമ്മീഷൻ തീർപ്പനുസരിച്ചുള്ള പെർഫോമൻസ് ഗ്രാന്റാണ്. ഈ തുക കേന്ദ്ര സർക്കാർ നാളിതുവരെ സംസ്ഥാനത്തിന് അനുവദിച്ചിട്ടില്ല.)

(സി) നിലവിലെ അക്കൗണ്ടിംഗ് സംവിധാന പ്രകാരം സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും ബിൽ മാറുമ്പോൾ ആ ചെലവ് ബിൽ മാറിയ വർഷത്തെ ചെലവായി പരിഗണിക്കപ്പെടുന്നു. ആയതിനാൽ അടുത്ത സാമ്പകത്തിക വർഷം സമർപ്പിക്കുന്ന ബില്ലുകളുടെ പേമെന്റ് മുൻ വർഷത്തെ കണക്കിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല.

**വകുപ്പുകൾക്ക് ധനാഭ്യർത്ഥനകളിലൂടെ അനുവദിച്ച തുക**

72 (2054) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ധനാഭ്യർത്ഥനകളിലൂടെ അനുവദിച്ച തുക എത്രയായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഓരോ വകുപ്പും 2020 ഫെബ്രുവരി 29 വരെ എന്ത് തുക ചെലവഴിച്ച്; ഇത് അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(സി) മൊത്തം അനുവദിച്ച തുകയുടെ എത്ര ശതമാനം തുകയാണ് പദ്ധതി വിഹിതത്തിൽ നിന്നും ഈ വർഷം വെട്ടിക്കുറച്ചതെന്ന് അറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) 2019-20 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ധനാഭ്യർത്ഥനകളിലൂടെ അനുവദിച്ച തുക (ഉപധനാഭ്യർത്ഥന ഉൾപ്പെടെ) അക്കൗണ്ടന്റ് ജനറലിന്റെ 2020 ജനുവരി 31 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരമുള്ള ചെലവ് എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) പദ്ധതി വിഹിതത്തിൽനിന്നും തുകയൊന്നുംതന്നെ വെട്ടിക്കുറച്ചിട്ടില്ല.

## 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ

73 (2055) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഏതൊക്കെ നിർദ്ദേശങ്ങൾ ഇതിനകം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ ഇതിനകം നടപ്പിലാക്കുവാൻ സാധിക്കാത്തത് ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## സാമൂഹിക ക്ഷേമപെൻഷൻ കുടിശ്ശിക

74 (2057) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹിക ക്ഷേമ പെൻഷനുകൾ കുടിശ്ശിക തീർത്ത് നൽകുന്ന സമയത്ത് പെൻഷണർ മരണപ്പെട്ട് പോയിട്ടുണ്ടെങ്കിൽ മരണമടഞ്ഞ തീയതി വരെയുള്ള കുടിശ്ശിക പെൻഷൻ ആശ്രിതർക്ക് നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന ഗുണഭോക്താവ് മരണപ്പെടുകയാണെങ്കിൽ കുടിശ്ശിക പെൻഷൻ ആശ്രിതർക്ക് നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ക്ഷേമനിധി ബോർഡുകളുടെ കാര്യത്തിൽ അതത് ബോർഡ് നിയമപ്രകാരം കുടിശ്ശിക ലഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ്

75 (2058) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിനകം എത്ര പേർ മസ്റ്ററിംഗ് നടത്തി എന്ന് വിവിധ പെൻഷൻ ഗുണഭോക്താക്കളുടെ കാറ്റഗറി അനുസരിച്ച് വെളിപ്പെടുത്തുമോ;

(ബി) വിവിധ കാരണങ്ങളാൽ ഇനിയും മസ്റ്ററിംഗ് നടത്താൻ സാധിക്കാത്ത കിടപ്പുരോഗികൾക്കും വികലാംഗർക്കും മറ്റ് അർഹരായ ഗുണഭോക്താക്കൾക്കും പെൻഷൻ മുടങ്ങുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനായി 2019 നവംബർ 11 മുതൽ 2020 ഫെബ്രുവരി 15 വരെ സമയം അനുവദിച്ചിരുന്നു. നിലവിലെ കണക്കുകൾപ്രകാരം വിവിധ കാറ്റഗറികളിലായി മസ്റ്ററിംഗ് പൂർത്തീകരിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | പെൻഷൻ ഇനം | മസ്റ്ററിംഗ് പൂർത്തീകരിച്ച ഗുണഭോക്താക്കൾ |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 403336 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2227602 |
| 3 | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 371918 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 79364 |
| 5 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 1263461 |
| | ആകെ | 4345681 |

(ബി) അർഹരായ എല്ലാപേർക്കും പെൻഷൻ ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം. അർഹരായവർ ആരെങ്കിലും മസ്റ്റർ ചെയ്യുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ അവർക്ക് മസ്റ്റർ ചെയ്യുന്നതിനുള്ള അവസരം നൽകുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## അനധികൃതമായി കൈപ്പറ്റിയ സാമൂഹിക സുരക്ഷാ പെൻഷൻ തുക

76 (2059) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബലരും, സമൂഹത്തിൽ പ്രയാസം നേരിടുന്നതുമായ ജനവിഭാഗങ്ങൾക്ക് നൽകുന്ന സാമൂഹിക സുരക്ഷാ പെൻഷൻ സർക്കാർ ജീവനക്കാരും പെൻഷൻകാരും വാങ്ങുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരക്കാരെ കണ്ടുപിടിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചത്; എത്ര പേർ അനധികൃതമായി പെൻഷൻ വാങ്ങുന്നതായി കണ്ടെത്തിയിട്ടുണ്ട്;

(സി) അനധികൃമായി വാങ്ങിയ തുക തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ഡി) അനധികൃതമായി കൈപ്പറ്റിയ തുക സർവ്വീസ്/ കുടുംബപെൻഷൻകാരിൽ നിന്നും തിരികെ പിടിക്കുവാൻ ട്രഷറി ഡയറക്ടർക്ക് ധനവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്പാർക്കിലുള്ള സർക്കാർ ജീവനക്കാരുടെ ഡാറ്റാബേസും പെൻഷൻ വാങ്ങുന്നവരുടെ ട്രഷറിയിലുള്ള വിവരങ്ങളും 'സേവന' ഡാറ്റാബേസുമായി ഒത്തുനോക്കിയാണ് ഇത്തരക്കാരെ കണ്ടുപിടിച്ചിട്ടുള്ളത്. 29-2-2020-ൽ സ്പാർക്കിൽനിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം സർക്കാർ ജീവനക്കാരായ 2087 പേരും താത്കാലിക സർക്കാർ ജീവനക്കാരായ 259 പേരും സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റുന്നുണ്ട്. അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന സർവ്വീസ്/കുടുംബ പെൻഷണർമാരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി&ഡി) അനധികൃതമായി കൈപ്പറ്റിയ തുക തിരിച്ചുപിടിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 23-1-2020-ൽ 07/2020/ധന. നമ്പർ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

## ധനകാര്യ വകുപ്പിന്റെ അക്രഡിറ്റഡ് ഏജൻസികൾ

77 (2061) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ എത്ര അക്രഡിറ്റഡ് ഏജൻസികളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(ബി) ഓരോ ഏജൻസികൾക്കും ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 4-7-2019-ലെ സ.ഉ.(പി) നമ്പർ 77/2019/ധന., 5-12-2019-ലെ സ.ഉ. (പി) നമ്പർ 166/2019/ധന., 10-2-2020-ലെ സ.ഉ.(പി) നമ്പർ 15/2020/ധന. എന്നീ ഉത്തരവുകൾ പ്രകാരം ആകെ 47 ഏജൻസികൾക്ക് വിവിധ തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്.

(ബി) 1-11-2019-ലെ സ.ഉ. (പി) നമ്പർ 148/2019/ധന., 25-11-2019-ലെ സ.ഉ.(പി) നമ്പർ 162/2019/ധന., 15-1-2020-ലെ സ.ഉ. (പി) നമ്പർ 8/2020/ധന., 29-2-2020-ലെ സ.ഉ. (പി) 22/2020/ധന., 2-3-2020-ലെ സ.ഉ. (പി) നമ്പർ 23/2020/ധന എന്നീ ഉത്തരവുകൾ പ്രകാരം 4-7-2019-ലെ സ.ഉ.(പി) നമ്പർ 77/2019/ധന. ഉത്തരവിൽ ചേർത്തിട്ടുള്ള ഏജൻസികളുടെ അക്രഡിറ്റേഷൻ സ്റ്റാറ്റസിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഏജൻസികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം**

78 (2062) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായുള്ള പ്രൊപ്പോസലും, എസ്റ്റിമേറ്റും ആഭ്യന്തര വകുപ്പ് ധനവകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; എന്നാണ് സമർപ്പിച്ചത്; ധനവകുപ്പിലെ ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടായിരുന്ന പ്രസ്തുത പ്രവൃത്തി ധനവകുപ്പ് പല പ്രാവശ്യം നിരസിച്ച കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(സി) വട്ടപ്പാറ വളവിൽ ഗ്യാസ് ടാങ്കർ ഉൾപ്പെടെ വാഹനങ്ങളും ചരക്ക് വാഹനങ്ങളും അപകടത്തിൽ ആകുമ്പോൾ സഹായത്തിനായുള്ള പ്രസ്തുത ഫയർ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ധനവകുപ്പ് പ്രത്യേക ഉത്തരവ് നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 1-4-2019-ന് മലപ്പുറം ജില്ലയിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായുള്ള പ്രൊപ്പോസലും എസ്റ്റിമേറ്റും ആഭ്യന്തര വകുപ്പ് ധനവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിലെ ഫയലിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) വളാഞ്ചേരി ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളുടെ ലിസ്റ്റിൽ ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇരുപത് ശതമാനം തുക വകയിരുത്തിയതിനാലും പ്ലാൻ റൈറ്റപ്പ് പ്രകാരം ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാലുമാണ് പ്രസ്തുത പ്രവൃത്തി ധനകാര്യവകുപ്പ് നിരസിച്ചത്.

(സി) അധിക ഫണ്ട് വകയിരുത്തി അനുമതി നൽകുവാൻ സാമ്പത്തികനില പര്യാപ്തമല്ല. സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

**ഡയാലിസിസ് രോഗികൾക്കുള്ള സാമ്പത്തിക സഹായം**

79 (2063) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ഇല്ലാത്തവരും മറ്റ് ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുവാൻ സാഹചര്യമില്ലാത്ത കുറഞ്ഞ വരുമാനക്കാരായ ഡയാലിസിസ് രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ ദയനീയത കണക്കിലെടുത്ത് കാരുണ്യ സഹായ പദ്ധതിയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ഇല്ലാത്തതും റേഷൻ കാർഡിൽ മൂന്ന് ലക്ഷം രൂപവരെ വരുമാനമുള്ളവരുമായവർക്ക് വൃക്ക സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായമായി പരമാവധി മൂന്ന് ലക്ഷം രൂപ വരെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി അക്രഡിറ്റഡ് ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിലും 31-3-2020 വരെ ലഭിക്കുന്നതാണ്. പണമായി തുക ഗുണഭോക്താവിന് നൽകാതെ സൗജന്യ ചികിത്സ നൽകിക്കൊണ്ട് പദ്ധതി ആനുകൂല്യം ഗുണഭോക്താക്കൾക്ക് നൽകുന്നു.

എന്നാൽ ഇൻഷ്വറൻസ് സ്കീമിന് പുറത്തുള്ളതും മറ്റ് ആരോഗ്യ പദ്ധതികളിൽ ഉൾപ്പെടാത്തതുമായിട്ടുള്ള കുടുംബങ്ങൾക്ക് പഴയ കാരുണ്യ സ്കീമിന്റെ ആനുകൂല്യങ്ങൾ തുടർന്നും ലഭ്യമാക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഡെലിഗേഷൻ ഓഫ് ഫിനാൻസ് പവർ**

80 (2064) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികാനുമതി, ടെണ്ടർ ചെയ്യാനുള്ള അധികാരം എന്നിവ താഴെ തട്ടിലുള്ള ഓഫീസർമാർക്ക് ഡെലിഗേഷൻ ഓഫ് ഫിനാൻസ് പവർ വർദ്ധിപ്പിച്ച് നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) പൊതുമരാമത്ത്, ഹാർബർ എഞ്ചിനീയറിംഗ്, ഇറിഗേഷൻ എന്നീ വകുപ്പുകളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ഓഫീസുകളിൽ ഡെലിഗേഷൻ ഓഫ് ഫിനാൻസ് പവർ വർദ്ധിപ്പിച്ച് നൽകിയത് കാരണം പ്രസ്തുത ഓഫീസുകളിലെ ജോലിഭാരം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വകുപ്പുകളിലെ ജോലിഭാരം കുറഞ്ഞ ഉയർന്ന ഓഫീസുകളിൽ നിന്നും ജോലിഭാരം കൂടിയ താഴെ തട്ടിലുള്ള ഓഫീസുകളിലേക്ക് ജീവനക്കാരെ പുനർവിന്യസിച്ച് സാങ്കേതികാനുമതി, ടെൻഡർ നടപടികൾ എന്നിവ കാലതാമസം വരുത്താതെ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ 21-8-2019-ലെ സ.ഉ.(പി) നമ്പർ 111/2019/ധന., 6-1-2020-ലെ സ.ഉ.(പി) നമ്പർ 3/2020/ധന. ഉത്തരവുകൾ പ്രകാരം വിവിധ എഞ്ചിനീയറിംഗ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഡെലിഗേഷൻ ഓഫ് പവേഴ്സ് വർദ്ധിപ്പിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി&സി) പരിശോധിക്കുന്നതാണ്.

**ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ**

81 (2065) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമാകണമെങ്കിൽ ഈ ഉത്തരവുകളിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പകർപ്പ് അയച്ചുകൊടുക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് നടപ്പാക്കുന്നതിനുള്ള ഉത്തരവുകൾ നൽകാമോ?

<u>ഉത്തരം</u>

(എ) ധനകാര്യ വകുപ്പിൽനിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണ്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമായ ഉത്തരവുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ എന്നിവർക്ക് നൽകാൻ നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ഉത്തരവുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

**ചരക്ക് സേവന നികുതി നിർണ്ണയിക്കൽ**

82 (2066) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ചരക്ക് സേവന നികുതി ഉദ്യോഗസ്ഥർ പുറപ്പെടുവിക്കുന്ന നികുതി നിർണ്ണയ ഉത്തരവിനെതിരെ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തർക്കവിഷയത്തിലെ തുകയുടെ ഒരു ശതമാനം ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് നൽകേണ്ടതില്ലായെങ്കിലും സംസ്ഥാന ചരക്ക് സേവന നികുതി ഉദ്യോഗസ്ഥരുടെ ഇപ്രകാരമുള്ള ഉത്തരവിനെതിരെ ഫയൽ ചെയ്യുന്ന അപ്പീലുകൾക്ക് ഡിസ്പ്യൂട്ട് ടാക്സിന്റെ ഒരു ശതമാനം ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് അടക്കേണ്ടതായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ നിയമം 76-ാം വകുപ്പ് അനുസരിച്ച് സിവിൽ/ക്രിമിനൽ കോടതികളിൽ ഫയൽ ചെയ്യുന്ന കേസ്സുകളിലൊഴികെ അപ്പലേറ്റ് അധികാരികൾ മുൻപാകെയോ ട്രൈബ്യൂണൽ മുൻപാകെയോ ഫയൽ ചെയ്യുന്ന കേസ്സുകളിൽ തർക്കത്തിലുള്ള തുക നിർണ്ണയിക്കാവുന്നതാണെങ്കിൽ പ്രസ്തുത തുകയുടെ 1% ലീഗൽ ബെനിഫിറ്റ് ഫണ്ടായി നൽകേണ്ടതുണ്ട്. ചരക്കുസേവന നികുതി നിയമപ്രകാരം സി.ജി.എസ്.ടി. ഉദ്യോഗസ്ഥരും എസ്.ജി.എസ്.ടി. ഉദ്യോഗസ്ഥരും നികുതി നിർണ്ണയ അധികാരികളാണ്. കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ നിയമം വകുപ്പ് 2(1) അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഓഫീസർമാരുടെ

മുൻപാകെ സമർപ്പിക്കുന്ന കേസ്സുകളിൽ ലീഗൽ ബെനിഫിറ്റ് ഫണ്ട് ബാധകമല്ല. ആയതിനാൽ കേന്ദ്ര ചരക്ക് സേവന നികുതി ഉദ്യോഗസ്ഥർ പുറപ്പെടുവിക്കുന്ന നികുതി നിർണ്ണയ ഉത്തരവിനെതിരെ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തർക്കവിഷയത്തിലുള്ള തുകയുടെ ഒരു ശതമാനം ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് നൽകേണ്ടതില്ല. എന്നാൽ സംസ്ഥാന ചരക്ക് സേവന നികുതി ഉദ്യോഗസ്ഥരുടെ ഉത്തരവിനെതിരെ ഫയൽ ചെയ്യുന്ന അപ്പീലുകൾക്ക് തർക്കവിഷയത്തിലുള്ള തുകയുടെ ഒരു ശതമാനം ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

19-1-2017-ലെ 100-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ S.R.O. No. 33/2017 പ്രകാരം വിജ്ഞാപനം ചെയ്ത 16-1-2017-ലെ G.O.(P) 01/2017/നിയമം നമ്പർ ഉത്തരവിൻപ്രകാരമാണ് ടി അധിക കോർട്ട് ഫീസ് സംസ്ഥാന സർക്കാർ ഈടാക്കുന്നത്.

(ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം**

83 (2067) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം വഴി സംസ്ഥാനത്ത് എത്ര രൂപയുടെ ബില്ലുകൾ മാറിനൽകിയെന്ന് അറിയിക്കാമോ;

(ബി) ഇതുവഴി സർക്കാരിനുണ്ടായ അധിക ബാധ്യത എത്രയെന്ന് അറിയിക്കാമോ;

(സി) ബിൽ ഡിസ്കൗണ്ട് ചെയ്ത് നൽകുന്നതിന് സർക്കാരിനെ സഹായിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ സ്ഥാപനവും എത്ര രൂപയുടെ ബില്ലുകളാണ് ഡിസ്കൗണ്ട് ചെയ്ത് നൽകിയതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2015 മേയ് മാസം മുതൽ 6-3-2020 വരെ വിവിധ വകുപ്പുകളിൽനിന്നും 16,862 ബില്ലുകളിലായി 5,807.05 കോടി രൂപയുടെ പ്രോമിസറി നോട്ട് കരാറുകാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 2015 മുതൽ 6-3-2020 വരെ 73.275 കോടി രൂപ ഡിസ്കൗണ്ട് ചാർജ് ഇനത്തിൽ നൽകിയിട്ടുണ്ട്.

(സി) വിവിധ പൊതുമേഖലാ ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും കേരള ഫിനാൻഷ്യൽ കോർപ്പറേഷനും ബിൽ ഡിസ്കൗണ്ട് ചെയ്യുന്നതിന് സർക്കാരിനെ സഹായിക്കുന്നുണ്ട്.

(ഡി) ഓരോ സ്ഥാപനവും എത്ര രൂപയുടെ ബില്ലുകളാണ് നാളിതുവരെ ഡിസ്കൗണ്ട് ചെയ്ത് നൽകിയതെന്ന് അനുബന്ധമായി ചേർക്കുന്നു.*

## ട്രഷറി ക്യൂവിൽ നിർത്തിയിട്ടുള്ള ബില്ലുകൾ

84 (2068) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറിയിൽ നിന്നും പെയ്മെന്റിന് ഇപ്പോൾ ഏതെല്ലാം വിഭാഗത്തിലാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2020 ഫെബ്രുവരി 29 വരെ ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും പദ്ധതി ചെലവിനായി സമർപ്പിച്ച ബില്ലുകളിൽ എത്ര കോടി രൂപയുടെ ബില്ലുകളാണ് പെയ്മെന്റ് നൽകാതെ ക്യൂവിൽ നിർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമപ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

(ബി) ത്രിതല പഞ്ചായത്തുകളും നഗരസഭകളും സമർപ്പിച്ച ബില്ലുകളിൽ 29-2-2020 വരെ 788.41 കോടി രൂപയുടെ ബില്ലുകൾ ട്രഷറികളിലുണ്ട്.

കരാറുകാർ/അക്രഡിറ്റഡ് ഏജൻസികൾ/സപ്ലയർമാർ എന്നിവരുടെ പേമെന്റിനായുള്ള 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിലേക്ക് മാറ്റുന്നതിനായി ഡി.ഡി.ഒ.-മാർക്ക് തിരികെ നൽകിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

29-2-2020 വരെ ഇപ്രകാരം 320.44 കോടി രൂപയുടെ ബില്ലുകൾ ഡി.ഡി.ഒ.-മാർക്ക് തിരികെ നൽകിയിട്ടുണ്ട്. 29-2-2020 വരെ 54.54 കോടി രൂപയുടെ ബില്ലുകൾ ഡി.ഡി.ഒ.-മാർ കൈപ്പറ്റാതെ ട്രഷറികളിലുണ്ട്.

(സി) 15-1-2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5 ലക്ഷം രൂപവരെയുള്ള എല്ലാ ബില്ലുകളും ചെക്കുകളും പാസ്സാക്കി നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ട്രഷറി അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫറിനായി സമർപ്പിച്ച ബില്ലുകളും മാറി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## ട്രഷറി നിയന്ത്രണം

85 (2069) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാസങ്ങളായി തുടരുന്ന ട്രഷറി നിയന്ത്രണംമൂലം ചെറിയ തുകയ്ക്കുള്ള ബില്ലുകൾ പോലും മാറാനാകാതെ പല വകുപ്പുകളുടെയും, സ്ഥാപനങ്ങളുടെയും ദൈനംദിന പ്രവർത്തനം പോലും സ്തംഭിച്ച സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ;

(ബി) അൻപതിനായിരത്തിനും അഞ്ച് ലക്ഷത്തിനും ഇടയ്ക്കുള്ള ബില്ലുകൾ മാറുന്നതിനുള്ള 33 അവശ്യ ഇനങ്ങളുടെ പട്ടിക 23 ആയി ചുരുക്കിയിട്ടുണ്ടോ; ഏതൊക്കെ ഇനങ്ങളിലുള്ള ബില്ലുകളാണ് മാറി നൽകുന്നതെന്ന് അറിയിക്കാമോ;

(സി) ജി.എസ്.ടി നഷ്ടപരിഹാരമായി സംസ്ഥാന സർക്കാരിന് ലഭിക്കുവാനുള്ള കുടിശ്ശികയിൽ ഇതിനകം എത്രമാസം വരെയുള്ള കുടിശ്ശികകൾ കേന്ദ്രത്തിൽ നിന്നും ലഭിച്ചു; ശേഷിക്കുന്നത് എന്ത് തുകയാണ്;

(ഡി) ജി.എസ്.ടി. നഷ്ടപരിഹാരമായി സംസ്ഥാന സർക്കാരിന് ലഭിക്കുവാനുള്ള കുടിശ്ശിക തുക നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനവും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ വാഗ്ദാനം ചെയ്ത നഷ്ടപരിഹാരം ലഭ്യമാക്കുന്നത് അകാരണമായി വൈകിപ്പിക്കുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ടി പ്രതികൂല

സാഹചര്യത്തിലും 15-1-2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5,00,000 രൂപ വരെയുള്ള ബില്ലുകൾ മാറി നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിരുന്നു. കൂടാതെ അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള കോൺട്രാക്ടർ/വിതരണക്കാർക്കുള്ള ബില്ലുകൾ ബി.ഡി.എസ്. വഴി മാറുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കിഫ്ബി വഴി നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ മുമ്പൊരുകാലത്തും നടക്കാത്തത്ര പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്.

(ബി) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കിവരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമപ്രവർത്തനങ്ങൾ ഭംഗംകൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

(സി&ഡി) സംസ്ഥാന സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശികയിൽ 2019 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ജി.എസ്.ടി. നഷ്ടപരിഹാരം പൂർണ്ണമായി ലഭിച്ചിരുന്നു. 2019 ഒക്ടോബർ മാസം മുതൽ 2020 ജനുവരി വരെയുള്ള മൂവായിരം കോടി രൂപയ്ക്ക് മുകളിൽ പ്രതീക്ഷിക്കുന്ന ജി.എസ്.ടി. നഷ്ടപരിഹാരത്തിൽ 854.04 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ജി.എസ്.ടി. നഷ്ടപരിഹാര കുടിശ്ശിക തുക നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും യാതൊരുവിധ ഉറപ്പും ലഭിച്ചിട്ടില്ല.

**ട്രഷറിയിൽ പണമില്ലാത്തതിനാൽ മടങ്ങിയ ചെക്കുകൾ**

86 (2070) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ, കരാറുകാർ എന്നിവർക്ക് നൽകിയ ചെക്കുകൾ ട്രഷറിയിൽ പണമില്ലാത്തതിന്റെ പേരിൽ മടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ട്രഷറി അക്കൗണ്ടിൽ പണമില്ലാത്തതിന്റെ പേരിൽ ഏതെങ്കിലും തുകയ്ക്കുള്ള ചെക്ക് മടങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; എത്ര രൂപയുടെ ചെക്കുകളാണ് ഇത്തരത്തിൽ മടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രഷറിയിൽ പണമില്ലാത്തതിന്റെ പേരിൽ ധനകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ, കരാറുകാർ എന്നിവർ സമർപ്പിച്ചിട്ടുള്ള ചെക്കുകൾ മടങ്ങിയിട്ടില്ല. മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത വിധം സംസ്ഥാനത്തെ സാമ്പത്തികമായി ശ്വാസം മുട്ടിക്കുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഉടലെടുത്തിട്ടുണ്ട്. ഇത് തരണംചെയ്യുന്നതിനായി ദൈനംദിന വരവും ചെലവും ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള ചില നിയന്ത്രണങ്ങൾ ട്രഷറി പേമെന്റിൽ വരുത്തിയിരുന്നു. ടി സാഹചര്യത്തിലും 15-1-2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5 ലക്ഷം രൂപവരെയുള്ള എല്ലാ ബില്ലുകളും ചെക്കുകളും പാസ്സാക്കി നൽകുന്നുണ്ട്. വ്യക്തികളുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽനിന്നും തുക പിൻവലിക്കുന്നതിന് യാതൊരു നിയന്ത്രണവുമില്ല. ട്രഷറികളിൽ സമർപ്പിച്ചിരുന്ന കരാറുകാരുടെ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ചെക്കുകൾ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റുന്നതിനായി ഡി.ഡി.ഒ.-മാർക്ക് തിരികെ നൽകിവരുന്നു.

(ബി) ട്രഷറി അക്കൗണ്ടിൽ പണമില്ലാത്തതിന്റെ പേരിൽ ചെക്കുകൾ മടങ്ങിയതിന്റെ വിശദാംശം ലഭ്യമല്ല. വ്യക്തികളും സ്ഥാപനങ്ങളും സർക്കാർ ഓഫീസുകളും ട്രഷറിയിൽ തുടങ്ങിയിട്ടുള്ള ട്രഷറി അക്കൗണ്ടുകളിലെ (STSB/PTSB/TSB/Institutional TSB/PD) ബാലൻസ് തുകയേക്കാൾ കൂടുതൽ തുകയ്ക്കുള്ള ചെക്ക് സമർപ്പിക്കുകയാണെങ്കിൽ ചെക്ക് പാസ്സാക്കുവാൻ സാധിക്കാതെ മടക്കി നൽകാറുണ്ട്.

**വർക്കല സബ്ട്രഷറി ഓഫീസിന് പുതിയ കെട്ടിടം**

87 (2071) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല സബ്ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

വർക്കല സബ്ട്രഷറിക്കുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മുന്നോടിയായി നിലവിലെ കെട്ടിടത്തിൽനിന്നും വാടക കെട്ടിടത്തിലേയ്ക്ക് മാറ്റി ട്രഷറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപ്രകാരം വർക്കല സബ്ട്രഷറി പ്രവർത്തിച്ചുകൊണ്ടിരുന്ന ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റുന്ന സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാണ് ട്രഷറി തീരുമാനമെടുത്തിട്ടുള്ളത്. ആയതിൻപ്രകാരം

പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ട്രഷറി കെട്ടിട നിർമ്മാണത്തിനായി സർക്കാർ തീരുമാനിച്ച നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചതിനെത്തുടർന്ന് സർക്കാരിൽനിന്നും 3,48,95,000 (മൂന്നുകോടി നാൽപ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ഉത്തരവ് G.O.(Rt) No. 10130/2019/Fin dated 24-12-2019 പ്രകാരം പുറപ്പെടുവിക്കുകയും സാങ്കേതികാനുമതി ഇൻകെൽ ഉടൻ പുറപ്പെടുവിക്കുന്നതും തുടർന്ന് ടെണ്ടർ നടപടികൾക്കുശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞാൽ 12 മാസംകൊണ്ട് ആയത് പൂർത്തിയാക്കി ട്രഷറി പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കാസർഗോഡ് സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം**

88 (2072) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ഇത് ലഭ്യമായതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനുള്ള ഭരണാനുമതി തുക എത്രയാണെന്നും ടെൻഡർ ചെയ്തിട്ടുണ്ടെങ്കിൽ എപ്പോഴാണ് ടെൻഡർ ചെയ്തതെന്നും ടെൻഡർ കാലാവധി എത്രയാണെന്നും കരാറുകാരൻ ആരാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

(ബി) ഉണ്ട്. 24-5-2018-ലെ സ.ഉ. (സാധാ) നമ്പർ 4469/2018/ധന പ്രകാരം ഭരണാനുമതിയും 31-1-2019-ലെ സ.ഉ. (സാധാ) നമ്പർ 757/2019/ധന പ്രകാരം സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

(സി) കാസർഗോഡ് സബ് ട്രഷറി ഓഫീസ് കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി തുക 2,13,75,800 രൂപ (രണ്ട് കോടി പതിമൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എണ്ണൂറ് രൂപ മാത്രം) ആണ്. 25-4-2019-നാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. 12 മാസമാണ് ടെണ്ടർ കാലാവധി. 1,53,27,120 (ഒരു കോടി അൻപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഒരുന്നൂറ്റി

ഇരുപത് രൂപ മാത്രം) രൂപയാണ് ടെണ്ടർ ചെയ്ത തുക. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി ട്രഷറി കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് ആണ് കാസർഗോഡ് സബ് ട്രഷറി കെട്ടിട നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്.

ശ്രീ. എം. ജി. ശിവശങ്കരൻ (Kidoor Maligamane, Ichilampady P.O., Kumbla (Via), Kasargod) എന്ന വ്യക്തിക്കാണ് INKEL കരാർ നൽകിയിട്ടുള്ളത്.

**ട്രഷറികളിലെ സംയോജിത ധനകാര്യ മാനേജ്മെന്റ് സിസ്റ്റം**

89 (2073) ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളുടെ സമൂലമായ ആധുനികവത്ക്കരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയതുമൂലമുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ട്രഷറികളെയും ബാങ്കുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ഡി)ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ/ആധുനികവൽക്കരണ നടപടികൾ പ്രധാനമായും രണ്ട് മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യ വികസനവും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവരവിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാന തത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ് കണക്ഷൻ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ.-ൽനിന്നും RailTel-ൽനിന്നും രണ്ട് ഡാറ്റാ കം ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ്, ടോയ്‌ലറ്റ് നിർമ്മാണം, ടോയ്‌ലറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ട്രഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും ട്രഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS-സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. വിവര സാങ്കേതികവിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് IFMS-ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തഃസത്ത ഉൾക്കൊള്ളുന്നതിനും കടലാസ്‌രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവയ്പ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തികകാര്യ പരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും IFMS-ന്റെ ലക്ഷ്യമാണ്.

റവന്യൂ മാനേജ്മെന്റിന് വിവിധ ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസ്സാക്കാനുള്ള Core TIS, ബഡ്ജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റ് ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏത് ട്രഷറിയിൽനിന്നും പണം പിൻവലിക്കാൻ കഴിയുന്ന CORE BANKING, മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്നതിനുള്ള CRA,

സർക്കാർ സേവനങ്ങൾക്ക് വേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും സ്വീകരിക്കുന്നതിനായി ഇ-പോസ് മെഷീനുകൾ, ഇന്റർനെറ്റ് ബാങ്കിംഗ്, ട്രഷറി അക്കൗണ്ടുടമകൾക്ക് "Kerala TSB" എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് "Kerala Pension" എന്ന പേരിലും മൊബൈൽ ആപ്ലിക്കേഷൻ, സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി e-TSB അക്കൗണ്ട്, ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിനുള്ള നടപടികൾ, പെൻഷൻ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ആധുനികമായ വിവിധ സങ്കേതങ്ങൾ ഉൾക്കൊണ്ടതാണ് IFMS. സർക്കാരിന്റെ ധന ഇടപാടുകൾ പൂർണ്ണമായും കടലാസ്‌രഹിതമാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലും ട്രഷറി വകുപ്പിലും ഇപ്പോൾ എല്ലാ HR claim, PF ബില്ലുകളും ഓൺലൈനായി സമർപ്പിക്കുകയും ഓൺലൈൻ ആയിത്തന്നെ പണം അക്കൗണ്ടുകളിൽ എത്തുകയും ചെയ്യുന്നു.

(സി) IFMS നടപ്പിലാക്കിയതിന്റെ ഭാഗമായി ട്രഷറികളിൽ സമർപ്പിക്കുന്ന ബില്ലുകൾ പാസ്സാക്കി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് വരവ് വയ്ക്കപ്പെടുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഇടപാടുകളുടെ ഫണ്ട് സെറ്റിൽമെന്റ് ഭാരതീയ റിസർവ് ബാങ്കിന്റെ ഓൺലൈൻ ബാങ്കിംഗ് പ്ലാറ്റ്ഫോമായ ഇ-കുബേർ വഴി ആയതിനാൽ തുക യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് എത്തുകയും ചെയ്യുന്നു.

ഇതോടൊപ്പം സർക്കാരിലേക്ക് ചെലാൻ വഴി ഒടുക്കുന്ന പണം ഏജൻസി ബാങ്കുകളിൽ സ്വീകരിക്കുന്ന രീതിമാറി ട്രഷറി കൗണ്ടറുകൾവഴി നേരിട്ട് സ്വീകരിച്ച് ഇടപാടുകാർക്ക് ചെലാൻ രസീത് അപ്പോൾത്തന്നെ നൽകുകയും ചെയ്യുന്നു. കൂടാതെ ഇ-ട്രഷറി സംവിധാനംവഴി ഓൺലൈൻ ആയും ഇപ്പോൾ പണം അടയ്ക്കാവുന്നതാണ്. ഇതിലേക്കായി നിലവിൽ 11 ബാങ്കുകളെ (SBI, Federal Bank, Indian Bank, IOB, Canara Bank, Corporation Bank, Union Bank, Bank of Baroda, IDBI, PNB, Bank of India) ഇ-ട്രഷറി സംവിധാനവുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ ട്രഷറികളിൽ സേവിംഗ്സ് ബാങ്ക്/പെൻഷൻ ഇടപാടുകൾക്ക് മാത്രമാണ് പണം നേരിട്ട് ആവശ്യമായി വരുന്നത്. ഇതിനാവശ്യമായ പണം ഏജൻസി ബാങ്കുകൾവഴി കൈപ്പറ്റുകയും ദൈനംദിന ഇടപാടുകൾക്കുശേഷം ട്രഷറികളിൽ സൂക്ഷിക്കാവുന്ന പരിധിക്ക് അപ്പുറമുള്ള തുക ബന്ധപ്പെട്ട ഏജൻസി ബാങ്കുകളിൽ തിരിച്ചടയ്ക്കുകയും ചെയ്യുന്നു. ആയതിനാൽ ഏജൻസി ബാങ്കുകൾ ഒഴികെയുള്ള മറ്റ് ബാങ്കുകളുമായി ട്രഷറി ബന്ധിപ്പിക്കേണ്ട അവസ്ഥ സംജാതമാകുന്നില്ല.

(ഡി) ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളുമായി സഹകരിച്ച് കോ-ബ്രാൻഡഡ് ഡെബിറ്റ് കാർഡ് നൽകുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ലോട്ടറി മുഖേനയുള്ള വരുമാനം**

90 (2074) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയതായി എത്ര ലോട്ടറികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ലോട്ടറി മുഖേന സർക്കാരിലേക്ക് എത്ര കോടി രൂപ വന്നിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലേറിയശേഷം പുതിയതായി രണ്ട് ലോട്ടറികൾ ആരംഭിച്ചിട്ടുണ്ട്.

(ബി)

| സാമ്പത്തിക വർഷം | വിറ്റുവരവ് (കോടി രൂപയിൽ) |
|---|---|
| 2016-17 | 7394.91 |
| 2017-18 | 9034.25 |
| 2018-19 | 9262.70 |
| 2019-20 (ഫെബ്രുവരി വരെ) | 9491.41 |

**ഭാഗ്യക്കുറി വിൽപ്പനയിലൂടെയുള്ള വരുമാനം**

91 (2075) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം ഫെബ്രുവരി മാസം വരെ സംസ്ഥാന ഭാഗ്യക്കുറി വിൽപ്പനയിലൂടെ ലഭിച്ച നികുതി വരുമാനം എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) 2019-20 സാമ്പത്തിക വർഷം സംസ്ഥാന ഭാഗ്യക്കുറി സമ്മാന തുകയായി എത്ര തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) 2018-19 സാമ്പത്തിക വർഷം സംസ്ഥാന ഭാഗ്യക്കുറി വിൽപ്പനയിലൂടെ ലഭിച്ച വരുമാനം എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷം ഫെബ്രുവരി മാസംവരെ ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പനയിൻമേൽ ചരക്ക് സേവന നികുതി ഇനത്തിൽ ലഭ്യമായത് 1138.96 കോടി രൂപയാണ്. (SGST 569.48 കോടി, CGST 569.48 കോടി).

(ബി) 2019-20 സാമ്പത്തിക വർഷം സമ്മാനത്തുകയായി 4708,32,56,770 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) 2018-19 സാമ്പത്തിക വർഷം സംസ്ഥാന ഭാഗ്യക്കുറി വിൽപ്പനയിലൂടെ ലഭിച്ച വരുമാനം 9262.70 കോടി രൂപയാണ്. ഏജന്റുമാർക്കുള്ള പ്രൈസ്, ഏജന്റുമാർക്കും വിൽപ്പനക്കാർക്കുമുള്ള ഡിസ്കൗണ്ട് എന്നീ ഇനങ്ങളിൽ 2018-19 സാമ്പത്തിക വർഷം യഥാക്രമം 479.94 കോടി രൂപയും 2320.68 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം (2020 ഫെബ്രുവരി വരെ) യഥാക്രമം 502.16 കോടി രൂപയും 2368.16 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

**ലോട്ടറിയിൽ നിന്നുള്ള വരുമാനം**

92 (2076) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറിയിൽ നിന്നും പ്രതിവർഷം എത്ര രൂപയാണ് വരുമാനമായി ലഭിക്കുന്നത്; ഇത് നികുതിയേതര വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ നല്ലൊരു ശതമാനവും ലോട്ടറിയിൽനിന്നും ലഭിച്ചിട്ടും സമ്മാനാർഹരായവർക്ക് യഥാസമയം സമ്മാനത്തുക വിതരണം ചെയ്യാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) എങ്കിൽ സമ്മാന തുകയായി എത്ര പേർക്ക് ആകെ എത്ര തുക വിതരണം ചെയ്യാൻ കുടിശ്ശികയുണ്ട്; ഏത് തീയതിവരെ സമ്മാനം ലഭിച്ചവർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കാത്തതിനാൽ സമ്മാനതുക നൽകാതിരുന്ന വകയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) സമയബന്ധിതമായി സമ്മാനതുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദ വിവരം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭാഗ്യക്കുറിയിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച വരുമാനം, ആയതിന്റെ ശതമാനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | വിറ്റുവരവ് (കോടി രൂപയിൽ) | ശതമാനം |
|---|---|---|
| 2014-15 | 5444.88 | 74.75 |
| 2015-16 | 6271.41 | 74.43 |
| 2016-17 | 7283.29 | 75.09 |
| 2017-18 | 9034.16 | 80.66 |
| 2018-19 | 9264.66 | 78.63 |

(ബി&സി) നിലവിലില്ല. സമ്മാനാർഹമായ വ്യക്തികൾ ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വകുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി സമ്മാന വിതരണം നടത്തിവരുന്നുണ്ട്.

സമ്മാനത്തുക വിതരണം ചെയ്യാൻ കുടിശ്ശികയില്ല. സമയബന്ധിതമായിത്തന്നെ വകുപ്പ് സമ്മാനത്തുക വിതരണം ചെയ്തുവരുന്നു. ചെറിയ സമ്മാനങ്ങൾക്ക് നറുക്കെടുപ്പ് തീയതി കഴിഞ്ഞ് തൊട്ടടുത്ത ദിവസം മുതലും ഉയർന്ന സമ്മാനങ്ങളായ ഒരു ലക്ഷം രൂപ മുതലുള്ളവയ്ക്ക് ആവശ്യമായ രേഖകൾ സഹിതം ഓഫീസിൽ സമ്മാന ടിക്കറ്റ് ഹാജരാക്കിയാൽ 30 ദിവസത്തിനകവും സമ്മാന വിതരണം നടത്തിവരുന്നു.

(ഡി) സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കാത്തതിനാൽ സമ്മാനത്തുക നൽകാത്ത വകയിൽ വകുപ്പിന്റെ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുക 520,77,34,500 രൂപയാണ്.

(ഇ)ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സമയബന്ധിതമായിത്തന്നെ വകുപ്പ് സമ്മാനത്തുക വിതരണം ചെയ്തുവരുന്നുണ്ട്.

**ലോട്ടറിയിൽനിന്നും സർക്കാരിന് ലഭിച്ച ലാഭവിഹിതം**

93 (2077) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ 2020 ജനുവരി 31 വരെ ലോട്ടറിയിൽ നിന്നും ലഭിച്ച ലാഭവിഹിതം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കാരുണ്യ പദ്ധതി പ്രകാരം വിനിയോഗിച്ച തുക എത്ര; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

| സാമ്പത്തിക വർഷം | ലാഭം (കോടി രൂപയിൽ) |
|---|---|
| 2016-17 | 1691.05 |
| 2017-18 | 1695.05 |
| 2018-19 | 1673.11 |
| 2019-20 (ജനുവരി 31 വരെ) | 1287.16 (approximate) |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2020 ജനുവരി 31 വരെ കാരുണ്യ പദ്ധതി പ്രകാരം 1102,20,60,749 രൂപ വിനിയോഗിച്ചിട്ടുണ്ട്.

സർക്കാർ/സ്വകാര്യ ആശുപത്രികൾ, ഒറ്റത്തവണ സമാശ്വാസം, പ്രത്യേകാനുമതി പ്രകാരമുള്ള ചികിത്സാ സഹായം, റീഇംബേഴ്സ്മെന്റ്, ഡോണർ ചികിത്സാ സഹായം, ഭരണപരമായ ചെലവുകൾ, മറ്റിനങ്ങൾ എന്നിവയ്ക്കാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളത്.

**കെ.എസ്.എഫ്.ഇ. ചിട്ടികൾ**

94 (2078) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിലെ 574 ബ്രാഞ്ചുകളിലായി 2017-18, 2018-19 എന്നീ വർഷങ്ങളിൽ 32.07 കോടി രൂപ വീതം ഇൻസെന്റീവ് നൽകിയിരുന്നുവോ; എങ്കിൽ ആയതിന്റെ മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇൻസെന്റീവ് നൽകുന്നത് ബിസിനസ്സിന്റെ അടിസ്ഥാനത്തിലെന്നി രിക്കെ രണ്ടുവർഷവും ഒരേ തുക നൽകിയിരിക്കുന്നത് പരിശോധിക്കുമോ;

(സി) ഈ രണ്ടു വർഷവും ഓരോ ബ്രാഞ്ചിലും നൽകിയ ഇൻസെന്റീവ് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഡി) കെ.എസ്.എഫ്.ഇ. വിവിധ സ്ഥാപനങ്ങൾക്കായി നൽകിയിട്ടുള്ള ലോണുകൾ തിരികെ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളോട് തിരികെ ആവശ്യപ്പെട്ടിട്ടുണ്ട്; പ്രസ്തുത സ്ഥാപനങ്ങൾ ലോണുകൾ തിരിച്ച് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ലോണായി നൽകിയ തുക തിരികെ നൽകാത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(എഫ്) നൂറുമാസ ചിട്ടികളിൽ പലതും പല ബ്രാഞ്ചുകളിലും മുടങ്ങുന്നതായിട്ടുള്ള കാര്യവും ആയത് കെ.എസ്.എഫ്.ഇ.-ക്ക് വൻ നഷ്ടം ഉണ്ടാക്കുന്ന കാര്യവും പരിശോധിക്കുമോ;

(ജി) നൂറുമാസ ചിട്ടികൾ ഇരുപത് ശതമാനത്തിലധികം മുടക്കംവരുന്ന ബ്രാഞ്ചുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യിൽ 574 ബ്രാഞ്ചുകളും 13 റീജിയണൽ ഓഫീസുകളും 10 എസ്.ഡി.ടി. ഓഫീസുകളും ഒരു ഹെഡ് ഓഫീസുമാണ് ഉള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 32.07 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 33.79 കോടി രൂപയും കമ്പനി ഇൻസെന്റീവായി നൽകിയിട്ടുണ്ട്. കമ്പനിയുടെ ലാഭത്തിന്റെ അടിസ്ഥാനത്തിലാണ് ഇൻസെന്റീവ് കണക്കാക്കുന്നത്.

(ബി) 2017-18-ൽ നൽകിയ തുക തന്നെയാണ് 2018-19-ലും ആദ്യം നൽകിയിരുന്നത്. എന്നാൽ 16-12-2019-ലെ G.O.(Rt) No. 962/2019/Taxes നമ്പർ ഉത്തരവ് പ്രകാരം 2018-19-ലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 7.75% ഇൻസെന്റീവായി നൽകിയിരുന്നു. ആയതിനാൽ 2018-19 വർഷം ആകെ 33.79 കോടി രൂപ കമ്പനി ഇൻസെന്റീവായി നൽകിയിട്ടുണ്ട്.

(സി) ഓരോ ബ്രാഞ്ചിലും നൽകിയ ഇൻസെന്റീവ് സംബന്ധിച്ചുള്ള വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു *.

(ഡി) ഉണ്ട്. കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ 7.5 കോടി രൂപയുടെ വായ്പ തിരികെ ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത സ്ഥാപനം ആയത് തിരികെ നൽകിയിട്ടില്ല.

(ഇ) കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് T 777.

(എഫ്) ചിട്ടിയിൽ ചേരുന്ന ഇടപാടുകാർ ചില സന്ദർഭങ്ങളിൽ ചിട്ടി തവണ സംഖ്യ അടയ്ക്കുന്നത് മുടക്ക് വരുത്താറുണ്ട്. അടുത്ത തവണ അവരിൽ നല്ലൊരു പങ്കും കുടിശ്ശിക തീർത്തടച്ച് ചിട്ടി വിളിക്കാൻ യോഗ്യത നേടാറുമുണ്ട്. അത്തരത്തിൽ കുടിശ്ശിക വരുത്തുന്നവരെ നിയമാനുസൃതമായി ചിട്ടിയിൽനിന്നും നീക്കംചെയ്ത് പകരക്കാരെ ചേർത്ത് ചിട്ടി സുഗമമായി നടത്തുന്നുണ്ട്. അതുകൊണ്ട് നഷ്ട സാധ്യത വിരളമാണ്. ഹെഡ് ഓഫീസ് ഇക്കാര്യം സസൂക്ഷ്മം നിരീക്ഷിച്ച് തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ജി) കെ.എസ്.എഫ്.ഇ.-യുടെ മൊത്തം ചിട്ടികളിലെ മുടക്കുകളുടെ കണക്കാണ് നിലവിൽ സൂക്ഷിച്ചുവച്ചിട്ടുള്ളത്. നൂറുമാസ തവണ ചിട്ടികളിലെ മാത്രം കണക്ക് തരംതിരിച്ച് സൂക്ഷിച്ചുവച്ചിട്ടില്ല. എന്നാൽ വിവരസാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടുകൂടി അടുത്ത സാമ്പത്തിക വർഷംമുതൽ ഓരോന്നിന്റെയും തരംതിരിച്ച കണക്കുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രവാസി ചിട്ടി വഴി സമാഹരിക്കാനുദ്ദേശിച്ച തുക**

95 (2079) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നുവർഷത്തിനുള്ളിൽ 25000 കോടി സമാഹരിക്കുമെന്ന ലക്ഷ്യത്തോടെ 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച പ്രവാസി ചിട്ടിയിൽ ഇതിനകം സമാഹരിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച ചിട്ടിയിൽ ചേരുന്നവർക്കായി പ്രഖ്യാപിച്ച പ്രവാസി പെൻഷൻ പദ്ധതിയിൽ ആരുടെയും പേരിൽ ഇതുവരെ ഒരു ഗഡു പോലും പ്രീമിയം അടയ്ക്കാത്ത സാഹചര്യമുണ്ടോ;

(സി) ചിട്ടിക്കായി നൽകിയ പരസ്യത്തിന് കെ.എസ്.എഫ്.ഇ.-ക്ക് ഇതിനകം ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയിലേക്ക് പ്രവാസി ചിട്ടി വഴി എത്തുമെന്ന് കണക്ക് കൂട്ടിയ 25000 കോടി രൂപ ലഭിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 2017-18 ബഡ്ജറ്റിൽ 25000 കോടി രൂപ സമാഹരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ അടുത്ത ഏതാനും വർഷങ്ങൾകൊണ്ട് 10000 കോടി രൂപയുടെ വിറ്റുവരവ് പ്രതീക്ഷിച്ചാണ് പ്രവാസി ചിട്ടി തുടങ്ങിയത്. നവംബർ 2018-ൽ തുടങ്ങിയ പ്രവാസി ചിട്ടിയിൽ ഇതുവരെ 154.29 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവരെ തുടങ്ങിയ ചിട്ടികളിൽ നിന്നുമായി 676.59 കോടി രൂപയുടെ വിറ്റുവരവാണ് ലഭ്യമാകുക.

(ബി) പ്രവാസി വെൽഫെയർ ഫണ്ട് ബോർഡുമായി സഹകരിച്ചുകൊണ്ട്, പ്രവാസി ചിട്ടിയിൽ ചേരുന്ന പ്രവാസികൾക്ക് പെൻഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള പ്രതിമാസ പ്രീമിയം നൽകുന്ന ഒരു വർദ്ധിത ഉത്പന്നമായി പ്രവാസി ചിട്ടിയെ മാറ്റുന്ന പദ്ധതി 1-11-2019 മുതൽ

നടപ്പാക്കിയിട്ടുണ്ട്. പതിനായിരം രൂപയോ അതിനുമുകളിലോ പ്രതിമാസ തവണ സംഖ്യയുള്ള പ്രവാസി ചിട്ടികളിൽ ചേർന്ന് പണമടയ്ക്കുന്ന വരിക്കാർക്കാണ് കേരള പ്രവാസി ക്ഷേമ ബോർഡിന്റെ പെൻഷൻ പദ്ധതിയുടെ അംശദായം (പ്രതിമാസം 300 രൂപ വരെ) കെ.എസ്.എഫ്.ഇ. വഹിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതുവരെ 347 പേർ ഈ പെൻഷൻ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. അവരുടെ പ്രീമിയം തുക മേൽപ്പറഞ്ഞ തീയതിയോ അവർ ചിട്ടിയിൽചേർന്ന തീയതിയോ മുതൽ അടയ്ക്കുന്നതിനുള്ള പ്രക്രിയകൾ പൂർത്തിയായിവരുന്നു.

(സി) 31-3-2019-ലെ ഓഡിറ്റഡ് ബാലൻസ് ഷീറ്റ് പ്രകാരം പ്രവാസി ചിട്ടി പരസ്യം നൽകുന്നതിലേക്കായി കെ.എസ്.എഫ്.ഇ.-ക്ക് 4.24 കോടി രൂപ ചെലവായിട്ടുണ്ട്.

(ഡി) പിരിവ് 'എ'-യിൽ വ്യക്തമാക്കിയതുപോലെ 25000 കോടി രൂപയെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. പ്രവാസി ചിട്ടികൾ ദീർഘകാല ലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ച അതിനൂതനമായ ഒരു ഉൽപ്പന്നമാണ്. അതിഹ്രസ്വകാലത്തെ വിറ്റുവരവും മൂലധനച്ചെലവുമെല്ലാം താരതമ്യപ്പെടുത്തി ഇത്തരം ഒരു ധനകാര്യ ഉൽപ്പന്നത്തെ സംബന്ധിച്ച തീർപ്പിന് മുതിരുന്നത് തികച്ചും അശാസ്ത്രീയവും അനുചിതവുമാണ്. നവംബർ 2018-ൽ തുടങ്ങിയ പ്രവാസി ചിട്ടിയിൽ ഇതുവരെ 154.29 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവരെ തുടങ്ങിയ ചിട്ടികളിൽ നിന്നുമായി 676.59 കോടി രൂപയുടെ വിറ്റുവരവാണ് ലഭ്യമാകുക. ചിട്ടി പിടിച്ച ചിറ്റാളന്മാർക്ക് ചിട്ടിപ്പണം നൽകുന്നതിനുള്ള പണം പിൻവലിച്ചതിനുശേഷം പ്രവാസി ചിട്ടി വഴി കിഫ്ബി ബോണ്ടുകളിൽ 107.208 കോടി രൂപ (3-3-2020 വരെ) നിക്ഷേപിച്ചിട്ടുണ്ട്. ഇപ്പോൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുമുള്ള പ്രവാസികളെ ചേർക്കുന്ന (NRK) ചിട്ടിയിൽ കൂടുതൽപേരെ ആകർഷിക്കുന്നതുവഴി സമീപഭാവിയിൽ കിഫ്ബിയിലേക്ക് കൂടുതൽ തുക സ്വരൂപിക്കാൻ കഴിയും.

### പ്രവാസി ചിട്ടിയുടെ പരസ്യം

96 (2080) ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയുടെ പരസ്യത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പരസ്യത്തിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം മാധ്യമങ്ങളിലൂടെയാണ് പ്രവാസി ചിട്ടിയ്ക്കായി പരസ്യങ്ങൾ നൽകിയിട്ടുള്ളതെന്ന് പറയാമോ?

ഉത്തരം

(എ) പ്രവാസി ചിട്ടിയുടെ പരസ്യത്തിനായി നാളിതുവരെ 12,02,72,403 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഒരു ടോട്ടൽ സർവ്വീസ് പ്രൊവൈഡർ എന്ന നിലയിൽ സി-ഡിറ്റിനാണ് പ്രവാസി ചിട്ടിയുടെ പരസ്യ ചുമതല നൽകിയിരുന്നത്.

(സി) ഗൾഫിൽ പ്രചാരമുള്ള അച്ചടി മാധ്യമങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ, ഓൺലൈൻ നവ മാധ്യമങ്ങൾ കൂടാതെ പ്രവാസി സംഘടനകളുടെ കൂട്ടായ്മകൾ എന്നിവയിലൂടെയാണ് പ്രവാസി ചിട്ടിക്കായി പരസ്യങ്ങൾ നൽകിയിട്ടുള്ളത്.

**സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി**

97 (2081) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെ.എസ്.എഫ്.ഇ. നടപ്പിലാക്കുന്ന വിവിധ പദ്ധതികൾമൂലം സ്ഥാപനത്തിന്റെ ലാഭം വർദ്ധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ നിയമവിരുദ്ധ നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നിലവിലുള്ള നിയമ പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സ്വകാര്യ പണമിടപാട് നടത്തുവാനുള്ള അപേക്ഷ പരിശോധിച്ച് ലൈസൻസ് നൽകുകയും ലൈസൻസില്ലാത്ത പണമിടപാടുകാരെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുകയും നിയമാനുസൃതമായി കണക്കുകളും റിട്ടേണുകളും പരിശോധിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) ഉണ്ട്. ആഡിറ്റ് കണക്ക് പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ പ്രവർത്തന ലാഭം 400 കോടി രൂപയായിരുന്നത് 2018-19 സാമ്പത്തിക വർഷത്തിൽ 445 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ.-യിൽനിന്നും പെൻഷൻ പറ്റിയ ജീവനക്കാർ**

98 (2083) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ആഗസ്റ്റ് 31-ന് ശേഷം കെ.എസ്.എഫ്.ഇ.യിൽ നിന്നും പെൻഷൻ പറ്റിയവരുടെ എണ്ണം അറിയിക്കുമോ;

(ബി) അതിലെത്ര പേർക്ക് വേണ്ടി 2018 ഒക്ടോബർ 12-ലെ ഹൈക്കോടതി വിധിപ്രകാരമുള്ള ഉയർന്ന പെൻഷന് ആനുപാതികമായ പെൻഷൻ ലഭിക്കുന്നതിനായി കെ.എസ്.എഫ്.ഇ. ജോയിന്റ് ഓപ്ഷൻ ഒപ്പിട്ട് നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) അതിലെത്ര പേരുടെ പെൻഷന് ആവശ്യമായ 3 എ, 6 എ ഫോറങ്ങളും, മറ്റ് രേഖകളും കെ.എസ്.എഫ്.ഇ. എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന് നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) വിരമിച്ച ജീവനക്കാരുടെ രേഖകൾ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന് സമർപ്പിക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥരെ കെ.എസ്.എഫ്.ഇ. ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാനായി പ്രത്യേക ജീവനക്കാരെ ചുമതലപ്പെടുത്തുമോ?

ഉത്തരം

(എ) 637 പേർ പെൻഷൻ പറ്റിയിട്ടുണ്ട്.

(ബി) 593 പേർ ജോയിന്റ് ഓപ്ഷൻ ഒപ്പിട്ട് നൽകിയിട്ടുണ്ട്.

(സി) 593 പേരുടെയും 3 എ ഫോറങ്ങളും മറ്റ് രേഖകളും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന് നൽകിയിട്ടുണ്ട്. 2012-നുശേഷമുള്ള 6 എ/ഇ.പി.എഫ്. വിവരങ്ങൾ പ്രസ്തുത ഓഫീസിൽതന്നെ ലഭ്യമാണ്.

(ഡി) പ്രത്യേകമായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പെൻഷനുവേണ്ടിയുള്ള ഓപ്ഷൻ**

99 (2084) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ആഗസ്റ്റ് 31-ന് മുമ്പ് കെ.എസ്.എഫ്.ഇയിൽ നിന്നും പെൻഷൻ പറ്റിയവരിൽ എത്ര പേർ ഉയർന്ന ശമ്പളത്തിന് ആനുപാതികമായ പെൻഷനുവേണ്ടി ഓപ്ഷൻ നൽകി; അറിയിക്കുമോ;

(ബി) ഇങ്ങനെ ഓപ്ഷൻ നൽകിയ എത്ര പേരുടെ ഉയർന്ന പെൻഷന് ആവശ്യമായ 3 എ, 6 എ ഫോറങ്ങളും, ആവശ്യമായ മറ്റ് രേഖകളും കെ.എസ്.എഫ്.ഇ. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന് കൈമാറിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) 625 പേർ ഓപ്ഷൻ നൽകിയിട്ടുണ്ട്.

(ബി) 602 പേരുടെ 3 എ ഫോറം കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ളവരുടെ 3 എ ഉടൻ പൂർത്തീകരിക്കുന്നതാണ്. മുഴുവൻ ജീവനക്കാരുടെയും 2002-03 മുതൽ 2011-12 കാലയളവിലുള്ള 6 എ ഇ.പി.എഫ്.ഒ.-ക്ക് കൈമാറിയിട്ടുണ്ട്. 2012-നശേഷമുള്ള ഇ.പി.എഫ്. വിവരങ്ങൾ പ്രസ്തുത ഓഫീസിൽത്തന്നെ ലഭ്യമാണ്.

**കെ.എസ്.എഫ്.ഇ. ശാഖ**

100 (2086) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.യുടെ പുതിയ ശാഖ ആരംഭിക്കുവാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

സാധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽനിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിധ്യം എന്നിവയ്ക്ക് പുറമെ ബിസിനസ്സ് സാധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

**പാലക്കാട് ജില്ലയിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ**

101 (2087) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളാണ് പാലക്കാട് ജില്ലയിൽ പുതുതായി ആരംഭിച്ചതെന്ന് അറിയിക്കാമോ;

(ബി) പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് ഏതെല്ലാം സ്ഥലങ്ങളാണ് കെ.എസ്.എഫ്.ഇ. യുടെ പരിഗണനയിലുള്ളതെന്നും പ്രസ്തുത സ്ഥലങ്ങൾ തീരുമാനിച്ച് ആയതിന് അന്തിമ അംഗീകാരം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ പുതിയ ശാഖകൾ ആരംഭിച്ചിട്ടില്ല.

(ബി) ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് പുതുതായി തുടങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ച കെ.എസ്.എഫ്.ഇ. ശാഖകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

**കോഴിക്കോട് ജില്ലയിലെ വെണ്ടർ നിയമനം**

102 (2088) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര വെണ്ടർ തസ്തിക ഒഴിവുണ്ടെന്ന് പറയാമോ;

(ബി) ഒഴിഞ്ഞ് കിടക്കുന്ന വെണ്ടർ തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ 15 വെണ്ടർ തസ്തികകളുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഇ-സ്റ്റാമ്പിംഗ് പൂർണ്ണമായും നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്നും താൽക്കാലിക വെണ്ടർ ലൈസൻസ് സ്ഥിരപ്പെടുത്തി നൽകേണ്ടതില്ലെന്നും പുതിയ വെണ്ടർ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

<u>വെണ്ടർ നിയമന നടപടിക്രമങ്ങൾ</u>

ജി.ഒ.(പി) നമ്പർ 156/2007/നി.വ. തീയതി 31-7-2007 (എസ്.ആർ.ഒ. നമ്പർ 614/2007) അനുസരിച്ചാണ് വെണ്ടർ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ (ജനറൽ) രജിസ്ട്രാർ, ജില്ലാ ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റിയാണ്

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വെണ്ടർമാരെ നിയമിക്കുന്നത്. ടി ജില്ലാ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെണ്ടർമാർക്ക് ജില്ലാ ട്രഷറി ഓഫീസറാണ് ലൈസൻസ് നൽകുന്നത്. ഒരു ജില്ലയിലെ ഒരു പ്രദേശത്ത് ആവശ്യമായ സ്റ്റാമ്പ് വെണ്ടർമാരുടെ എണ്ണം, ആവശ്യകത എന്നിവ പരിശോധിച്ചതിനുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം വെണ്ടർ ഒഴിവുകൾ വർത്തമാനപ്പത്രങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും മുഖേന വ്യാപകമായ പ്രചാരണം നൽകിക്കൊണ്ട് വിജ്ഞാപനപ്പെടുത്തുന്നു. സ്റ്റാമ്പ് വെണ്ടർമാരുടെ ആവശ്യകത പരിഗണിക്കുമ്പോൾ രണ്ട് സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം കോർപ്പറേഷൻ പ്രദേശം രണ്ട് കിലോമീറ്റർ, മുനിസിപ്പാലിറ്റി പ്രദേശം നാല് കിലോമീറ്റർ, പഞ്ചായത്ത് പ്രദേശം എട്ട് കിലോമീറ്റർ എന്നിങ്ങനെയാണ്.

ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടറായി നിയമിക്കപ്പെടുന്നതിനുള്ള അപേക്ഷ ജില്ലാ ട്രഷറി ഓഫീസർ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന പ്രകാരമുള്ള തീയതിക്കുമുൻപായി, ഫോറം 1(എ)-യിൽ ബന്ധപ്പെട്ട ജില്ലാ ട്രഷറി ഓഫീസർക്ക് സമർപ്പിക്കണം. വെണ്ടർ ലൈസൻസിനുവേണ്ടി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, കുറിപ്പ് തയ്യാറാക്കി, ജില്ലാ കളക്ടറുമായി കൂടിയാലോചിച്ച്, കമ്മിറ്റി കൂടാനുള്ള തീയതി നിശ്ചയിക്കുന്നു. ലഭിക്കുന്ന അപേക്ഷകൾ വിശദമായി പരിശോധിച്ച് ജില്ലാ ട്രഷറി ഓഫീസർ അർഹതയും മറ്റ് കാര്യങ്ങളും നിയമാനുസൃതം ഉറപ്പുവരുത്തിയശേഷം കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തുകയും അതിൻപ്രകാരമുള ലിസ്റ്റ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്യുന്നു. ജില്ലാ ട്രഷറി ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകൾ മാത്രമേ കമ്മിറ്റിയിൽ പരിഗണിക്കുകയുള്ളൂ. വെണ്ടർ നിയമനത്തിനുള്ള കമ്മിറ്റിയുടെ കൺവീനർ ജില്ലാ ട്രഷറി ഓഫീസറാണ്. ജില്ലാ ട്രഷറി ഓഫീസർ രേഖകൾ പരിശോധിച്ച് കമ്മിറ്റിയിൽ വയ്ക്കുന്നു. കമ്മിറ്റിയിൽ ഭിന്നാഭിപ്രായമുണ്ടായാൽ ഭൂരിപക്ഷ തീരുമാന പ്രകാരം നടപടിയെടുക്കുകയും ചെയ്യുന്നു. ഏത് ജില്ലാ ട്രഷറിയുടെ അധികാരപരിധിയിലുള്ള സ്ഥലത്താണോ ഒഴിവ് വരുന്നത് അവിടെയുള്ള ജില്ലാ ട്രഷറി ഓഫീസറാണ് നിയമനത്തിനുള്ള കമ്മിറ്റി കൺവീനർ.

സംസ്ഥാനത്ത് എവിടെയെങ്കിലും സ്റ്റാമ്പ് വെണ്ടർ ലൈസൻസോ ആധാരമെഴുത്ത് ലൈസൻസോ ഉള്ളവർക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. ഒഴിവ് വിജ്ഞാപനം നടത്തുന്ന വർഷം ജനുവരി 1-ന് 18 വയസ്സ് പൂർത്തിയാക്കാത്തവർക്കും 60 വയസ്സ് പൂർത്തിയായവർക്കും എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ ജയിക്കാത്തവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല.

## കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും കയറ്റുമതി

103 (2089) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കേരളത്തിലെ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നു. ഇവ കയറ്റുമതി ചെയ്യുന്നതിനായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിന് കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻവഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുകയും 70% വരെ ഡിസ്കൗണ്ട് നൽകി വിൽക്കേണ്ടിവരുന്നതായ സ്ഥിതി 2016-17-നുശേഷം അവസാനിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് "കയർ കേരള 2017" മേളയിൽ ആരംഭിച്ച കയർ ഭൂവസ്ത്ര പദ്ധതിയുടെ ഫലമായാണിത്. ക്രയവില സ്ഥിരതാ പദ്ധതിക്ക് 13.5% സർക്കാർ ആനുകൂല്യം നൽകിയിരുന്നത് 16% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതിനും അവരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നതുവഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പാക്കാൻ കഴിയുന്നു. ഇത്തരം ഉല്പന്നങ്ങൾ സമയബന്ധിതമായിത്തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചംവരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാമ്പയിനുകൾവഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

കയർഫെഡ് അന്താരാഷ്ട്ര വിപണി ലക്ഷ്യമിട്ടുകൊണ്ട് ഒരു ഇ-കൊമേഴ്സ്യൽ പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഓൺലൈൻ സൈറ്റിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഓൺലൈൻ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആമസോൺ, ഫ്ലിപ്പ്കാർട്ട്, പെപ്പർഫ്രൈ, ട്രേഡ് ഇന്ത്യ.കോം എന്നീ ഓൺലൈൻ വിപണന സംവിധാനങ്ങളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫോം

മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് ഡിജിറ്റൽ മാർക്കറ്റിംഗ് ലക്ഷ്യമിട്ട് ഉല്പന്നങ്ങൾക്ക് നേരിട്ട് ഓർഡർ നൽകാൻ സൗകര്യമൊരുക്കുന്ന വെബ്സൈറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കയർ വികസന വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും കയറും കയറുല്പന്നങ്ങളും കയറ്റുമതി നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കയർഫെഡ്:- ഈ സർക്കാരിന്റെ കാലയളവിൽ കാനഡ, സ്പെയിൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളിലേയ്ക്ക് കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ:- ഈ സർക്കാരിന്റെ കാലയളവിൽ യു.എസ്.എ., ഫ്രാൻസ്, പോളണ്ട്, ബ്രസീൽ, ഇറ്റലി, ആസ്ട്രേലിയ, ഗ്വാട്ടിമാല, കുവൈറ്റ് എന്നീ രാജ്യങ്ങളിലേയ്ക്ക് കയറും കയറുല്പന്നങ്ങളും കയറ്റുമതി ചെയ്തിട്ടുണ്ട്.

ഓരോ രാജ്യവുമായിട്ടുള്ള കയറ്റുമതിയിലൂടെ ലഭ്യമായിട്ടുള്ള പ്രതിവർഷ വരുമാനം വാർഷിക ക്രമത്തിൽ ചുവടെ ചേർക്കുന്നു:

**കയർഫെഡ്**

| വർഷം | തുക (ലക്ഷത്തിൽ) | സ്ഥലം |
|---|---|---|
| 2017-18 | 10.00 | കാനഡ |
| 2018-19 | 29.48 | സ്പെയിൻ |
| 2019-20 (T) | 25.86 | ഫ്രാൻസ് |

**കയർ കോർപ്പറേഷൻ**

| രാജ്യം | 1-4-2016-31-3-2017 (തുക കോടിയിൽ) | 1-4-2017-31-3-2018 (തുക കോടിയിൽ) | 1-4-2018-31-3-2019 (തുക കോടിയിൽ) |
|---|---|---|---|
| ബ്രസീൽ | 2.82 | 0.96 | 0.82 |
| ആസ്ട്രേലിയ | 0.64 | 1.40 | 1.71 |
| ഗ്വാട്ടിമാല | 0.19 | 0.11 | -- |
| കുവൈറ്റ് | 0.10 | -- | -- |
| യു.എസ്.എ. | 0.10 | 0.17 | 0.41 |
| ഫ്രാൻസ് | 0.41 | 1.57 | 1.85 |
| പോളണ്ട് | 3.00 | 3.53 | 2.58 |
| ഇറ്റലി | 2.90 | 3.40 | 3.80 |
| ആകെ | 10.16 | 11.14 | 11.17 |

(ബി) കയർ സഹകരണ സംഘങ്ങളിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. 2020-21 വർഷത്തിൽ 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സംസ്ഥാനത്ത് കുറഞ്ഞത് 200 സംഘങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ, വൈക്കം, കണ്ണൂർ, നോർത്ത് പറവൂർ, ചിറയിൻകീഴ്, കൊല്ലം, കായംകുളം എന്നീ പ്രോജക്ടുകളിലായി അടിസ്ഥാന സൗകര്യങ്ങളുള്ള 61 സംഘങ്ങളിൽ 620 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ 31-3-2020-നുമുമ്പായി സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിക്ക് ഓർഡർ നൽകിക്കഴിഞ്ഞു. കായംകുളം, കണ്ണൂർ, ആലപ്പുഴ, വൈക്കം എന്നീ പ്രോജക്ടുകളുടെ പരിധിയിലുള്ള കയർ സഹകരണ സംഘങ്ങളിൽ 240 മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന തൊഴിലാളിക്ക് ശരാശരി 50 കിലോ 160-180 റണ്ണേജിലുള്ള വൈക്കം കയർ ഉല്പാദിപ്പിക്കാനാകും.

പരമ്പരാഗത/ഇലക്ട്രോണിക് റാട്ടിൽ ശരാശരി 15-18 കിലോഗ്രാം കയർ രണ്ടോ മൂന്നോ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന സ്ഥാനത്താണ് ഒരു തൊഴിലാളി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിൽ 50 കിലോ കയർ ഉല്പാദിപ്പിക്കുന്നത്. കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറ്റവും സഹായകരമാണ്.

**കയർ ഭൂവസ്ത്രത്തിന് പുതിയ ഉപയോഗ മേഖലകൾ**

104 (2090) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> :
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വൈവിദ്ധ്യവൽക്കരണത്തിനായി ഈ സർക്കാർ ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കയർ ഭൂവസ്ത്രത്തിന് പുതിയ ഉപയോഗ മേഖലകൾ കണ്ടെത്തുന്നതിന് എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ;

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നോഡൽ ഏജൻസിയായി ഫോം മാറ്റിംഗ്സിനെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കയർ വ്യവസായത്തിന്റെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് 'കയർ മേഖലയിലെ രണ്ടാം പുനഃസംഘടന'. പരമ്പരാഗത രീതിയിൽ ചകിരി ഉല്പാദനത്തിൽ ഏർപ്പെട്ടിരുന്ന കയർ സഹകരണ സംഘങ്ങളിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുകവഴി ചകിരി ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിക്കുകയും ടി സംഘങ്ങൾ ചകിരിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ കയർപിരി മേഖലയിൽ പരമ്പരാഗത റാട്ടുകൾക്കുപകരം ഇലക്ട്രോണിക് റാട്ടുകൾ/ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കയർ ഉല്പന്ന വൈവിദ്ധ്യവത്കരണത്തിലും യന്ത്രവത്കരണ പദ്ധതിയിലും കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്ന ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ.) കയർ അക്വസ്റ്റിക്സ് പാനലുകളുടെ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ചകിരിച്ചോറിൽനിന്നും കുറഞ്ഞ സമയംകൊണ്ട് ജൈവവളം നിർമ്മിക്കുന്ന സാങ്കേതികവിദ്യയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് തൃശ്ശൂർ, വൈക്കം എന്നീ പ്രോജക്ടുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കയർ ഭൂവസ്ത്രത്തിന് നൂതനമായ ഉപയോഗ മേഖലകൾ കണ്ടെത്തുന്നതിന് ചരിവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കൃഷി ചെയ്യാവുന്ന തരത്തിൽ അറകളായി തിരിച്ചിട്ടുള്ള കയർ ജിയോ സെല്ലുകളുടെ ഗവേഷണ പഠനങ്ങൾ നടത്തിവരുന്നു. അതോടൊപ്പം കൃഷിയിടങ്ങളിൽ പുതയിടീൽ വസ്തുവായി ഉപയോഗിക്കാൻ കയർ മൾച്ചിംഗ് മാറ്റുകളുടെ സാധ്യതാപഠനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി(NIIST)-മായി ചേർന്ന് നടത്തിവരുന്നു. കൂടാതെ പാറകളെ

പുനരുജ്ജീവിപ്പിച്ച് സസ്യവളർച്ച ത്വരിതപ്പെടുത്തുന്ന തരത്തിൽ കൊക്കൊലോഗ്സ്, കയർ ജിയോടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിക്കുന്നു. നദീതട സംരക്ഷണത്തിന് കൊക്കോലോഗ്സ്, കയർ ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിക്കുന്നു. താങ്ങുചുവർ നിർമ്മാണത്തിന് കയർ ഭൂവസ്ത്രവും മുളയും ചേർത്ത് നിർമ്മിക്കാമെന്ന് പഠനങ്ങൾ നടത്തിവരുന്നു. കയർ പനാമ മാറ്റ് ഉപയോഗിച്ചുള്ള മണൽ നിറച്ച ബാഗുകളുടെ ഉപയോഗംകൊണ്ട് പ്രകൃതിക്ക് ദോഷമില്ലാത്തവിധം കണ്ടലിനേയും മറ്റ് വൃക്ഷങ്ങളേയും വളരുവാനുള്ള സാഹചര്യമൊരുക്കി കടൽത്തീര സംരക്ഷണം സാധ്യമാക്കുന്ന ഗവേഷണ പഠനങ്ങൾ നടത്തിവരുന്നു.

(സി) കേരളത്തിലെ കയർ വ്യവസായ മേഖലയുടെ രണ്ടാം പുനഃസംഘടനയുടെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് കയർ ജിയോ ടെക്സ്റ്റൈൽസിന്റെ വ്യാപനം. ഈ പദ്ധതിവഴി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കപ്പെടുകയെന്ന വ്യക്തമായ കാഴ്ചപ്പാടാണുള്ളത്.

"കയർ കേരള 2017" മേളയിൽവച്ച് സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ടി സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മണ്ണ്-ജല സംരക്ഷണം, റോഡ് നിർമ്മാണ/കാർഷിക പ്രവർത്തനങ്ങളിൽ, കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് ആയത് ലഭ്യമാക്കുന്നതിനുള്ള കരാർ ഒപ്പുവച്ചു. മാർച്ച് 2019 വരെ 5608011 സ്ക്വ.മീ. കയർ ഭൂവസ്ത്രം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവവഴി വിതരണം ചെയ്യുകയും വിരിക്കുകയും ചെയ്തിട്ടുണ്ട്. "കയർ കേരള 2019" മേളയിൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. കയർപിരി മേഖലയിലും ഉല്പന്ന മേഖലയിലുമുള്ള തൊഴിലാളികൾക്ക് പുതുതായി തൊഴിലവസരങ്ങൾ നൽകുന്നതിനും തൊഴിലാളികൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതിനും കയർ ഭൂവസ്ത്ര പദ്ധതിമൂലം സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളും തോടുകളുമടക്കമുള്ള ജലസ്രോതസ്സുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംരക്ഷിക്കുന്നതിനായി ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതുവഴി കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ചകിരി/കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് കൂടുതൽ വർക്ക് ഓർഡറുകൾ ലഭ്യമാകുകയും അതുമൂലം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ടി നിർമ്മാണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന്റെ മെച്ചങ്ങൾ പലതാണ്. കയർ ഭൂവസ്ത്രം നെയ്തെടുക്കുന്നതായതുകൊണ്ട് ഊടും പാവുമുണ്ട്. ചരിവിൽ നീളത്തിന്റെ ദിശയിൽ ഇത് വിരിച്ചാൽ കയർ ഭൂവസ്ത്രം ജലത്തെ

ശേഖരിച്ച് സ്വന്തം പ്രതലത്തിലൂടെ വലിച്ചുകൊണ്ടുപോയി പുറത്തേക്ക് ഒഴുക്കിവിടും. ഇങ്ങനെ വെള്ളം എളുപ്പം വാർന്നുപോകാൻ സഹായിക്കുന്നു. അതേസമയം കയർ ഭൂവസ്ത്രം അരിപ്പയായി പ്രവർത്തിച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്യുന്നു. ചണം പോലുള്ള നാരുകളിൽനിന്ന് വ്യത്യസ്തമായി ഏതാനും വർഷംകൊണ്ടേ കയർ ജീർണ്ണിക്കൂ. അതിനിടയിൽ സ്വാഭാവികമായും മണ്ണിനെ സംരക്ഷിക്കുന്ന പുല്ലും ചെടികളും വേരുപടലങ്ങളും വളർന്ന് പ്രകൃതിസഹജമായ കവചം മണ്ണിനൊരുക്കും. അവസാനം കയർ ഭൂവസ്ത്രം ജീർണ്ണിച്ച് പ്രകൃതിക്ക് ദോഷമുണ്ടാക്കാതെ മണ്ണിൽ അടിഞ്ഞുചേരുകയും ചെയ്യും.

(ഡി) പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നോഡൽ ഏജൻസിയായി ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിനെ സ.ഉ. (സാധാ) നമ്പർ 1407/2017/പൊ.മ.വ. തീയതി 19-9-2017 പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

**പരമ്പരാഗത കയർ മേഖലയുടെ വികസനം**

105 (2091) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത കയർമേഖലയിലെ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി പരമ്പരാഗത മേഖലയിൽ ഉല്പാദിപ്പിക്കുന്ന കയറും കയർ ഉല്പന്നങ്ങളും ന്യായമായ വിലയ്ക്ക് സംഭരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്;

(സി) പരമ്പരാഗത കയർ മേഖലയുടെ വികസനത്തിനായി എൻ.സി.ഡി.സി. എന്തെല്ലാം ധനസഹായമാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പരമ്പരാഗത കയർ മേഖലയിലെ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് സർക്കാർ കയർ മേഖലയിൽ ഒരു രണ്ടാം പുനഃസംഘടന നടപ്പാക്കുകയാണ്. പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക്

വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻവഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുകയും 70% വരെ ഡിസ്കൗണ്ട് നൽകി വിൽക്കേണ്ടിവരുന്നതുമായ സ്ഥിതി 2016-17-നുശേഷം അവസാനിച്ചു. ഇത് "കയർ കേരള 2017" മേളയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് ആരംഭിച്ച കയർ ഭൂവസ്ത്ര പരിപാടിയുടെ ഗുണഫലമാണ്. ഈ പദ്ധതിക്ക് സർക്കാർ 13.5% ആനുകൂല്യം നൽകിയിരുന്നത് 16% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതിനും അവരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നതുവഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉല്പന്നങ്ങൾ സമയബന്ധിതമായിതന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുന്നു. ഇതോടൊപ്പം മിച്ചംവരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാമ്പയിനുകൾവഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു.

കേരളത്തിലെ കയർ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ലക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് കയർ ലഭ്യമാക്കുന്നതിനും കയർഫെഡിന് കഴിയുന്നു.

ഡിസ്കൗണ്ട് നൽകി പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ വിറ്റഴിക്കുന്നതിനായി കയർഫെഡിന് നൽകിയ പി.പി.എസ്.എസ്. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 21,38,00,000 |
| 2017-18 | 25,40,71,758 |
| 2018-19 | 29,41,85,685 |
| 2019-20 മാർച്ച് 10 വരെ | 33.41 കോടി |

പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കും. ഇവർ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡുവഴി സംഭരിക്കും. ഈ കയറുകൾ വിറ്റഴിക്കുന്നതിന് സർക്കാർ സബ്സിഡി നൽകും. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2016-17 മുതൽ പ്രതിവർഷം ചെലവഴിച്ച തുക താഴെപ്പറയുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 12,44,50,000 |
| 2017-18 | 15,07,33,457 |
| 2018-19 | 22,64,08,498 |
| 2019-20 ഫെബ്രുവരി 15 വരെ | 15,00,00,000 |

പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായ 300 രൂപയുടെ ഒരു ഭാഗം പരമാവധി 110 രൂപ സർക്കാർ വിഹിതമായി നൽകിവരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. പരമ്പരാഗത കയർപിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടെയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും.

2020 ജനുവരി 31 വരെ ഫൈബർ സബ്സിഡി ഇനത്തിൽ 2,21,14,902 രൂപ കയർഫെഡിന് അനുവദിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും മുടങ്ങാതെ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് കയർഫെഡിന് ഇപ്രകാരം തുക നൽകുന്നത്.

(ബി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിന് കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻവഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുകയും 70% വരെ ഡിസ്കൗണ്ട് നൽകി വിൽക്കേണ്ടിവരുന്നതുമായ സ്ഥിതി 2016-17-നുശേഷം അവസാനിച്ചു.

<u>ഉൽപ്പന്ന സംഭരണം</u>

കഴിഞ്ഞ സർക്കാരിന്റെ അഞ്ച് കൊല്ലക്കാലംകൊണ്ട് 276.63 ലക്ഷം സ്ക്വ.മീ. കയർ ഉല്പന്നമാണ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചത്. അതേസമയം 2016-2020-ൽ ഇപ്പോഴത്തെ സർക്കാരിന്റെ കാലത്ത് (4 കൊല്ലംകൊണ്ട്) 38.76

ലക്ഷം സ്ക്വ. മീ. ഉല്പന്നം സംഭരിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ശരാശരി വാർഷിക സംഭരണം 55.32 ലക്ഷം ച.മീ. ആയിരുന്നത് ഇപ്പോൾ 96.9 ലക്ഷം ച. മീറ്ററായി ഉയർന്നു. പരമ്പരാഗത ഉല്പന്നങ്ങളുടെ ആഗോളവ്യാപാരം ഗണ്യമായി ഇടിയുകയാണ്. എന്നിട്ടും കഴിഞ്ഞ സർക്കാരിന്റെ കാലത്തെ സംഭരണത്തോത് നിലനിർത്താൻ കഴിയുന്നത് വലിയ തോതിൽ കൈത്തറി ഉല്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതുകൊണ്ടാണ്. അതേസമയം ജിയോ ടെക്സ്റ്റൈൽസ് ഗണ്യമായ വളർച്ച നേടുകയും ചെയ്തു.

<u>ചെറുകിട ഉല്പാദകർക്കുള്ള ധനസഹായം</u>

| | 2011-16 (തുക കോടിയിൽ) | 2016-20 (തുക കോടിയിൽ) |
|---|---|---|
| തുക | 17.12 | 20.43 |
| വാർഷിക ശരാശരി | 3.424 | 5.1075 |

<u>സംഭരണ വില വിതരണം</u>

| വർഷം | തുക (കോടിയിൽ) |
|---|---|
| 2015-16 | 97.06 |
| 2016-17 | 103.36 |
| 2017-18 | 94.75 |
| 2018-19 | 146.83 |
| 2019-20 മാർച്ച് 7 വരെ | 163.49 |

കയർ ഉൽപ്പന്നങ്ങളുടെ വിദേശവിപണിക്കൊപ്പം ആഭ്യന്തര വിപണി ശക്തിപ്പെടുത്തിയതാണ് വിറ്റുവരവിലുണ്ടായ വർദ്ധനവിന് കാരണമായത്.

(സി) കയർ പുനഃസംഘടനാ പദ്ധതി ഊർജ്ജിതമാക്കുന്നതിനായി എൻ.സി.ഡി.സി.-യിൽനിന്ന് 200 കോടി രൂപയുടെ ധനസഹായത്തിനുള്ള പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 110 കോടി രൂപ ലഭ്യമായിട്ടുണ്ട്. 2019-20 വർഷത്തിൽ കയർ സഹകരണ സംഘങ്ങൾ, കയർ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവർക്കായി 119,51,16,554 രൂപയുടെ ഭരണാനുമതി നൽകി. 52,23,35,701 രൂപ വിതരണം ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി. പദ്ധതി പ്രകാരം 68 കയർ സഹകരണ സംഘങ്ങൾക്ക് വർക്ക്ഷെഡ്, റെസ്റ്റ് റൂം, ടോയ്‌ലെറ്റ് എന്നിവ നിർമ്മിക്കുന്നതിന് 16,16,96,425 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. നിലവാരമുള്ള വലപ്പായ ഉല്പാദിപ്പിക്കുന്നതിന് നിലവാരമുള്ള കയർതന്നെ വേണം. ഗുണമേന്മ ഉറപ്പാക്കുന്നതിനായി ആലപ്പുഴയിലെ തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് എൻ.സി.ഡി.സി സഹായത്തോടെ തുക അനുവദിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, തൃശ്ശൂർ, കണ്ണൂർ തുടങ്ങിയ പ്രോജക്ടുകളിൽ തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘങ്ങളായി അവയെ ആധുനികവൽക്കരിക്കുകയാണ്.

**കയർ മേഖല**

106 (2092) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> :

<u>ശ്രീ. അൻവർ സാദത്ത്</u> :

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ട് സംഭരണവും ചകിരി നിർമ്മാണവും ഏറ്റെടുക്കുന്നതിന് നാളികേര ഉല്പാദക കമ്പിനികളെ പ്രോത്സാഹിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

(ബി) തൊണ്ട് ശേഖരിക്കുന്നതിനും ചകിരി നിർമ്മിക്കുന്നതിനും കുടുംബശ്രീ സംഘങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(സി) അവർ ഉല്പാദിപ്പിക്കുന്ന ചകിരി സംഭരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ചെറുകിട കയർ ഉല്പാദകർ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾക്ക് വിലക്കിഴിവ് അനുവദിക്കുന്നതിനും അവയുടെ വിപണനത്തിനും എന്തൊക്കെ സഹായമാണ് നൽകുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കയർ മേഖലയിൽ നടപ്പിലാക്കിവരുന്ന രണ്ടാം പുനഃസംഘടന സ്കീം പ്രകാരം ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നാളികേര ഉല്പാദക കമ്പനികളെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും

പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉല്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കയർ വികസന വകുപ്പിനുകീഴിലുള്ള വിവിധ പ്രോജക്ട് ഓഫീസുകളുടെ കീഴിൽ കേരോൽപ്പാദക സംഘങ്ങളുടെ നേതൃത്വത്തിൽ ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊന്നാനി കയർ പ്രോജക്ടിനുകീഴിൽ ഏഴ് കേരോല്പാദക സംഘങ്ങൾ ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് തയ്യാറായിട്ടുണ്ട്. കൊല്ലം കയർ പ്രോജക്ടിൽ കേരോൽപ്പാദക സംഘമായ കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസിംഗ് കമ്പനിയിൽ ചകിരി മില്ല് സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് കയർ പ്രോജക്ടിനുകീഴിൽ കേരോൽപ്പാദന കമ്പനികൾ രണ്ട് ചകിരി മില്ലുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കായംകുളം പ്രോജക്ടിന്റെ പരിധിയിൽ ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷന്റെ നേതൃത്വത്തിൽ ഒരു ചകിരി മില്ല് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ടി മില്ല് സ്ഥാപിക്കുന്ന കാര്യത്തിൽ കേരോൽപ്പാദക സംഘങ്ങൾ താത്പര്യപൂർവ്വം മുന്നോട്ടുവരുന്നില്ല. ആയതിനാൽ ഇവയുടെ ആഭിമുഖ്യത്തിൽ കൂടുതൽ മില്ലുകൾ ആരംഭിക്കാനായിട്ടില്ല.

(ബി) കയർ മേഖലയിൽ നടപ്പിലാക്കിവരുന്ന രണ്ടാം പുനഃസംഘടന സ്കീം ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉല്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരാമവധി ചകിരി ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകളാണ് സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളത്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽനിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള എല്ലാ സഹായവും നൽകുന്നതാണ്.

(സി) ഇവർ ഉല്പാദിപ്പിക്കുന്ന ചകിരി 23 രൂപ നിരക്കിൽ കയർഫെഡ് സംഭരിക്കുന്നതാണ്. അനുബന്ധ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് വകുപ്പുതല സഹായം നൽകുന്നതാണ്.

(ഡി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി

കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻവഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുകയും 70% വരെ ഡിസ്കൗണ്ട് നൽകി വിൽക്കേണ്ടിവരുന്നതുമായ സ്ഥിതി 2016-17-നുശേഷം അവസാനിച്ചു.

എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് "കയർ കേരള 2017" മേളയിൽ ആരംഭിച്ച കയർ ഭൂവസ്ത്ര പരിപാടിയുടെ ഗുണഫലമാണിത്. ഈ പദ്ധതിക്ക് സർക്കാർ 13.5% ആനുകൂല്യം നൽകിയിരുന്നത് 16% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതും അവരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നതുവഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉല്പന്നങ്ങൾ സമയബന്ധിതമായിത്തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചംവരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാമ്പയിനുകൾവഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

കേരളത്തിലെ കയർ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ലക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനും കയർഫെഡിന് കഴിയുന്നു.

**പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി**

107 (2093) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പുതിയ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കാമോ;

(സി) കാർഷികാധിഷ്ഠിത വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി ഒരു ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

ഈ രംഗത്ത് കൂടുതൽ പരിഷ്കാരം വരുത്തുന്നതിനായി 1999-ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് ഭേദഗതി വരുത്തുകയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപവരെ മൂലധന നിക്ഷേപമുള്ളതുമായ എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/പെർമിറ്റുകളോ ഹാജരാക്കുന്നതിന് മൂന്ന് വർഷത്തേക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന "2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം" പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

സംരംഭകർക്ക് ആവശ്യമായ വായ്പ ആവശ്യങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.40% - 10.40%) 3500 ലക്ഷം രൂപവരെ പല വിധത്തിലുള്ള ധനസഹായവും മറ്റ് വിധത്തിലുള്ള പിന്തുണയും നൽകിവരുന്നു. വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ കിൻഫ്രവഴി പുരോഗമിക്കുന്നുണ്ട്.

കണ്ണൂർ ജില്ലയിൽ 4400 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് കിൻഫ്ര തുടക്കം കുറിച്ചിട്ടുണ്ട്.

(സി) കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ചെറുകിട, ഇടത്തരം, വൻകിട വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ 3500 ലക്ഷം രൂപവരെ പലവിധത്തിലുള്ള ധനസഹായവും മറ്റ് വിധത്തിലുള്ള പിന്തുണയും കെ.എസ്.ഐ.ഡി.സി. നൽകിവരുന്നു. പുതിയ ഉല്പാദന വ്യവസായങ്ങൾക്ക് സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 30 ലക്ഷം രൂപവരെ സഹായധനം നൽകുന്നു.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രോമോഷൻ & ഫെസിലിറ്റേഷൻ സെൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വ്യാവസായിക അനുകൂല സാഹചര്യങ്ങൾ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതിയെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്താൻ അനുകൂലമായ മേഖലകൾ, തുടങ്ങിയവയെക്കുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇൻവെസ്റ്റ് കേരള പോർട്ടൽ സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ വ്യവസായ വികസനം ത്വരിതപ്പെടുത്തുക എന്നതാണ് ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ അടിസ്ഥാന ലക്ഷ്യം.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കാമെന്നുമുള്ള സാഹചര്യം കാർഷിക മേഖലയ്ക്ക് സഹായകരമാണ്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം കാർഷിക അധിഷ്ഠിത യൂണിറ്റുകൾക്ക് 15% സബ്സിഡിക്ക് പുറമെ 10% അധിക സബ്സിഡി പരമാവധി 30 ലക്ഷം രൂപവരെ ലഭിക്കാൻ അർഹതയുണ്ട്.

## സ്കിൽ എന്റർപ്രണേഴ്സ് സെന്ററുകൾ

108 (2094) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്കിൽ എന്റർപ്രണേഴ്സ് സെന്ററുകൾ തുടങ്ങുന്നതിനായി എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള സ്കിൽ എന്റർപ്രണേഴ്സ് സെന്ററുകളുടെ പ്രവർത്തനവും ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പും എപ്രകാരമാണ്; ഇത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കേരളത്തിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിദഗ്ദ്ധ-അവിദഗ്ദ്ധ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടിയെടുക്കുക, അവിദഗ്ദ്ധ തൊഴിലാളികളെ നൈപുണ്യ വികസനത്തിലൂടെ വിദഗ്ദ്ധരാക്കി മാറ്റുക, തൊഴിലാളികൾക്ക് ആവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിന് മികച്ച തൊഴിൽ സൗഹാർദാന്തരീക്ഷം ലഭ്യമാക്കുക, പൊതുജനങ്ങൾക്ക് വേഗത്തിൽ തൊഴിൽ സേവനങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൗമ പരിധിയിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ തുടങ്ങുക എന്നതാണ് സ്കിൽ എന്റർപ്രണേഴ്സ് സെന്ററുകൾവഴി ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് എല്ലാ ജില്ലകളിലുമായി ഇതിനോടകം അഞ്ഞൂറിലേറെ സംഘങ്ങൾ രജിസ്റ്റർ

ചെയ്തുകഴിഞ്ഞു. പതിനൊന്നായിരത്തോളംപേർ ഇതിനകം ആ സംഘങ്ങളിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ഇത്തരം സംഘങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപം, പ്രവർത്തന മൂലധനം, പരിശീലനം എന്നിവയിൽ സഹായിക്കുന്നതിനായി 2020-21 വർഷത്തെ ബഡ്ജറ്റിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സ്കിൽഡ് എന്റർപ്രണേഴ്സ് സെന്ററുകൾ സഹകരണ സംഘങ്ങൾ ആയാണ് നടപ്പിലാക്കുന്നത്. ഓരോ ജില്ലയിലേയും ജില്ലാ വ്യവസായ കേന്ദ്രത്തിലാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്യേണ്ടത്. 1969-ലെ കേരളാ സഹകരണ സംഘം ആക്ടിലെ വ്യവസ്ഥകൾ ഇവയ്ക്ക് ബാധകമായിരിക്കും. അതായത് സംഘങ്ങളുടെ രജിസ്ട്രേഷൻ കഴിയുന്ന മുറയ്ക്ക് അതാത് പ്രവർത്തന പരിധിയിലുള്ള തൊഴിലാളികൾക്ക് സംഘങ്ങളിൽ അംഗങ്ങളായി ചേരാവുന്നതാണ്. ഇതിനകം അഞ്ഞൂറിലധികം സംഘങ്ങൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഇവയിൽ പതിനൊന്നായിരത്തോളം പേർ അംഗത്വം നേടിയിട്ടുണ്ട്.

വ്യവസായ വകുപ്പ് ഈ സംഘങ്ങളുടെ മേൽനോട്ടം വഹിക്കുന്നു. ഇവ പ്രവർത്തനസജ്ജമാകുന്നതോടെ ഒരു മൊബൈൽ ആപ്ലിക്കേഷൻവഴി സംഘങ്ങളെയും അംഗങ്ങളെയും പൊതുസമൂഹത്തേയും പരസ്പരം ബന്ധിപ്പിക്കുകയും സേവനം ആവശ്യമുള്ളവർക്ക് അതിവേഗത്തിൽ അവ ലഭ്യമാക്കുകയും ചെയ്യുന്നതാണ്. മൊബൈൽ ആപ്പ് രൂപീകരിക്കുന്നതിനായി ഒരു ഏജൻസിയെ ഇതിനകം കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. ഒപ്പം കേരളത്തിലെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ഓരോ സംഘങ്ങളിലെയും അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി തുടരുകയാണ്. ഇതിന്റെ പുരോഗതി വ്യവസായ വകുപ്പിന്റെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം മുഖേന വിലയിരുത്തിവരുന്നുണ്ട്. 2020-21 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഉജ്ജീവനം പദ്ധതി**

109 (2095) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയബാധിതരായ ചെറുകിട വ്യവസായ സംരംഭകർക്ക് ആശ്വാസം നൽകുന്ന ഉജ്ജീവനം പദ്ധതി നടപ്പിലാക്കുവാൻ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് അറിയിക്കാമോ;

(സി) ഇതിൽ എത്രപേർക്ക് സഹായം അനുവദിച്ചു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 17-12-2018-ലെ സ.ഉ. (കൈ) നമ്പർ 27/2018/ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിൽ നഷ്ടമുണ്ടായവർക്കും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് "ഉജ്ജീവന വായ്പാ പദ്ധതി"-ക്ക് രൂപം നൽകിയിരുന്നു. ആയതിൻപ്രകാരം ബാങ്കുകൾ അനുവദിക്കുന്ന ടേം ലോൺ അല്ലെങ്കിൽ പ്രവർത്തന മൂലധനത്തിന്മേൽ മാർജിൻ മണി അല്ലെങ്കിൽ താങ്ങ് പലിശ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയിൽനിന്നും സർക്കാർ നൽകിവരുന്നുണ്ട്. വായ്പ അനുവദിക്കുന്ന ബാങ്ക് സർക്കാരിൽ ക്ലെയിം സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർമാർ മുഖാന്തരം തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകിവരുന്നത്. ഈ പദ്ധതിയുടെ കാലാവധി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) 213 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) 106 അപേക്ഷകളിൽ ബാങ്ക് വായ്പകൾ അനുവദിച്ചു. ആയതിൽ 90 എണ്ണത്തിന്റെ സബ്സിഡി സർക്കാരിൽനിന്നും അനുവദിച്ചിട്ടുണ്ട്. റവന്യൂ വകുപ്പാണ് ഗുണഭോക്താക്കൾക്ക് തുകകൾ നൽകേണ്ടത്.

**വ്യവസായങ്ങൾ പരിസ്ഥിതി സൗഹൃദമാക്കാൻ നടപടി**

110 (2096) <u>ശ്രീ. എം. സ്വരാജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേക്കായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. വ്യവസായ എസ്റ്റേറ്റുകളിൽ ആകെ വിസ്തീർണ്ണത്തിന്റെ 5% മലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വിനിയോഗിക്കാൻ എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യവസായ എസ്റ്റേറ്റുകൾക്ക് പുറത്തുള്ള വ്യവസായ സംരംഭങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷമാണ് മലിനീകരണ നിയന്ത്രണ ബോർഡ് വ്യവസായശാലകൾക്ക് അനുമതി നൽകിവരുന്നത്. കഴിയുന്നത്ര പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നത് സർക്കാർ നയമാണ്. മലിനീകരണ നിയന്ത്രണത്തിന്റെ ഭാഗമായി കിൻഫ്രയുടെ ഭക്ഷ്യസംസ്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം, അപ്പാരൽ പാർക്ക്-തിരുവനന്തപുരം, ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മുഴവന്നൂർ, എറണാകുളം എന്നിവിടങ്ങളിൽ മലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

പാലക്കാട് കിൻഫ്രയുടെ മെഗാ ഫുഡ് പാർക്കിലും അടൂരിലെ ചെറുകിട വ്യവസായ പാർക്കിലും മലിനീകരണ നിയന്ത്രണ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**വ്യവസായങ്ങൾക്ക് നൽകുന്ന ഇളവുകളിലൂടെ കാർഷിക മേഖലയ്ക്കുള്ള നേട്ടം**

111 (2097) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾക്ക് നൽകുന്ന ഇളവുകളിലൂടെ കാർഷിക മേഖലയ്ക്ക് എന്തെങ്കിലും നേട്ടം ഉണ്ടാകുമോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾക്ക് നൽകുന്ന ഇളവുകളിലൂടെ കാർഷിക മേഖല ഉൾപ്പെടെ നേട്ടം ഉണ്ടാകുന്നുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത പത്തുകോടിയിൽ താഴെ മുതൽമുടക്കുള്ള വ്യവസായങ്ങൾക്ക് മൂന്നു വർഷത്തേയ്ക്ക് ലൈസൻസുകൾ ആവശ്യമില്ലെന്നും സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കാമെന്നുള്ള നിയമം കാർഷിക മേഖലയ്ക്ക് സഹായകരമാണ്. കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭകത്വ

സഹായ പദ്ധതി പ്രകാരം കാർഷിക അധിഷ്ഠിത യൂണിറ്റുകൾക്ക് 15% സബ്സിഡിക്ക് പുറമെ 10% അധിക സബ്സിഡി പരമാവധി 30 ലക്ഷം രൂപ വരെ ലഭിക്കാൻ അർഹതയുണ്ട്.

## ബി.പി.സി.എൽ.-ൽ സംസ്ഥാനത്തിന്റെ ഓഹരി വിഹിതം

112 (2098) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ മുൻകൈയെടുത്ത് സ്ഥാപിച്ച കൊച്ചിൻ റിഫൈനറിയെ ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാന ഓഹരി നിലനിർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ ബി.പി.സി.എൽ. കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തുനിയുമ്പോൾ പ്രസ്തുത ഓഹരികൾക്ക് എന്തെങ്കിലും തരത്തിലുള്ള മാറ്റം സംഭവിക്കുമോ; വിശദമാക്കാമോ;

(സി) ബി.പി.സി.എൽ. സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്ക് പദ്ധതിയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കൊച്ചി റിഫൈനറീസ് ലിമിറ്റഡ് (കെ.ആർ.എൽ.) ബി.പി.സി.എൽ.-മായി ലയിപ്പിച്ചതിനാൽ ബി.പി.സി.എൽ.-ന്റെ ബോർഡിൽ ലയനത്തിനുശേഷം ഒരു സർക്കാർ നോമിനിയെ നിയമിച്ചിട്ടുള്ളതാണ്. നിലവിൽ ബി.പി.സി.എൽ.-ൽ 18666666 ഇക്വിറ്റി ഷെയറുകൾ മൊത്തം ഓഹരി മൂലധനത്തിന്റെ 0.86% ആണ് കേരളത്തിനുള്ളത്.

(ബി) ഇക്കാര്യത്തിൽ ഇപ്പോൾ അഭിപ്രായം പറയാൻ കഴിയുന്നതല്ല.

(സി) 25,000 കോടി രൂപ മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരികയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടതെന്നതിനാൽ പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിച്ചേക്കാം. കൂടാതെ സ്വകാര്യവൽക്കരണം പ്രതിവർഷം നികുതി ഇനത്തിൽ സർക്കാരിന് ലഭിക്കുന്ന ഭീമമായ തുക ഇല്ലാതാക്കും. റിഫൈനറിയുടെ പരിസരത്തെ ജനങ്ങളുടെ ക്ഷേമത്തിനായി CSR-ന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ പൂർണ്ണമായി നിലയ്ക്കുന്ന അവസ്ഥയും നിർദ്ദിഷ്ട സ്വകാര്യവൽക്കരണത്തിന്റെ ദോഷഫലങ്ങളായി സംജാതമാകും.

## കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

113 (2099) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് വിദേശത്തേയ്ക്ക് മരുന്ന് കയറ്റുമതി ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നും ഓർഡർ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വിദേശ രാജ്യങ്ങളിലേയ്ക്ക് മരുന്ന് കയറ്റുമതി ചെയ്യുന്നതിനുള്ള CoPP license (Certificate of Pharma Product) കെ.എസ്.ഡി.പി.-യുടെ ചുവടെക്കൊടുത്തിരിക്കുന്ന 6 ഇനം മരുന്നുകൾക്ക് ലഭിച്ചിട്ടുണ്ട്.

1. Amoxycillin Capsule IP 250 mg
2. Amoxycillin Capsule IP 500 mg
3. Cloxacillin Capsule IP 250 mg
4. Cloxacillin Capsule IP 500 mg
5. Ampicillin Capsule IP 250 mg
6. Ampicillin Capsule IP 500 mg

(ബി) ഓർഡർ ലഭിച്ചിട്ടില്ല.

## സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം

114 (2100) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം കേന്ദ്ര ബാംബൂ മിഷൻ മുമ്പാകെ എന്തെങ്കിലും പദ്ധതികൾ ബാംബൂ കോർപ്പറേഷൻ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ടോ;

(സി) കോർപ്പറേഷന്റെ കീഴിലുള്ള നല്ലളം ഹൈടെക് ഫ്ലോറിംഗ് ടൈൽ ഫാക്ടറിയുടെ വിപുലീകരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാന ബാംബൂ കോർപ്പറേഷന് ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി ധാരാളം സാധ്യതകളുണ്ടെങ്കിലും സാമ്പത്തികമായ പ്രതിസന്ധിയുള്ളതിനാൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലം മുതലുള്ള സ്റ്റാറ്റ്യൂട്ടറി പെമെന്റുകൾ അടയ്ക്കാനുള്ളത് കോർപ്പറേഷനെ ബാധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പിരിഞ്ഞുപോയ തൊഴിലാളികളുടെയും ജീവനക്കാരുടെയും ഇ.പി.എഫ്., ഗ്രാറ്റുവിറ്റി, ടെർമിനൽ സറണ്ടർ മുതലായവയുടെ കേസുകളും നിലനിൽക്കുകയാണ്. ഈറ്റ പനമ്പ് - നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഈറ്റ നൽകുന്നതിലൂടെയുള്ള നഷ്ടം പരിഹരിക്കുന്നതിന് കോർപ്പറേഷന് കഴിയുന്നില്ല. ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള പണം കോർപ്പറേഷൻതന്നെ കണ്ടെത്തണം. എന്നിരുന്നാലും പുതിയ പദ്ധതികൾ നടപ്പിലാക്കി കോർപ്പറേഷനെ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ സംസ്ഥാന ബാംബൂ മിഷൻവഴി 50 കോടി രൂപയുടെ പദ്ധതികൾ നാഷണൽ ബാംബൂ മിഷന് സമർപ്പിക്കുകയും അതിൽ 25.41 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന ബാംബൂ കോർപ്പറേഷനുകീഴിൽ പ്രവർത്തിക്കുന്ന നല്ലളം ഹൈടെക്ക് ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിയെ കഴിഞ്ഞ രണ്ട് തവണയായുണ്ടായ വെള്ളപ്പൊക്കം സാരമായി ബാധിക്കുകയും അതിലൂടെ അവിടുത്തെ യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത നഷ്ടപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഏകദേശം 27 ലക്ഷം രൂപയുടെ നാശനഷ്ടമാണ് ഇങ്ങനെ ഉണ്ടായിട്ടുള്ളത്. ഈ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സാമ്പത്തിക നാശനഷ്ടത്തിന്റെ കണക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇതുമായി ബന്ധപ്പെട്ട സഹായങ്ങൾ കോർപ്പറേഷന് ലഭിച്ചിട്ടില്ല. മെഷിനറിയുടെ പ്രവർത്തനങ്ങൾ നടക്കാത്തതുമൂലം ഇപ്പോൾ പ്രവർത്തനം നിലച്ച മട്ടിലാണ്. കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ഈ നാശനഷ്ടങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ല. ഈ പ്രതിസന്ധികൾക്കിടയിലും ക്രഷ്ഡ് ബാംബൂ ബോർഡ് നിർമ്മാണത്തിലൂടെ പുതിയ ബാംബൂ ഫ്ലോറിംഗ് ടൈലുകൾ കുറഞ്ഞ ചെലവിൽ നിർമ്മിച്ച് ഇവ മാർക്കറ്റിൽ വിൽപ്പന

നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ നടത്തിവരികയാണ്. നല്ലളത്ത് ഫ്ലോറിംഗ് ടൈൽ ഫാക്ടറിയുടെകീഴിൽ പ്രവർത്തിക്കുന്ന മാനന്തവാടി, പാലക്കാട്, നാദാപുരം എന്നീ ഫീഡർ യൂണിറ്റുകളിൽ കുടുംബശ്രീയുടെ സഹകരണത്തോടെ ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി ഓഫീസ് ആവശ്യങ്ങൾക്കാവശ്യമായ പ്രകൃതി സൗഹാർദ്ദ വസ്തുക്കളുടെ ഉല്പാദനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയാണ്.

2018-19 സാമ്പത്തിക വർഷം നാഷണൽ ബാംബൂ മിഷൻ അംഗീകരിച്ച പദ്ധതികളിൽ ബാംബൂ കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം നല്ലളത്തെ ബാംബൂ ഹൈടെക് ഫ്ലോറിംഗ് ടൈൽ ഫാക്ടറിയിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ മുള സംസ്കരണ യൂണിറ്റ്, ലൈവ്ലിഹുഡ് ബിസിനസ് ഇൻകുബേറ്റർ, മുള മാലിന്യ പ്രാഥമിക സംസ്കരണ യൂണിറ്റ്, ഫർണിച്ചർ നിർമ്മാണ യൂണിറ്റ്, കോമൺ ഫെസിലിറ്റി സെന്റർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം**

115 (2101) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമേഖല സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദനശേഷി വർദ്ധിപ്പിച്ച് അവയെ സംരക്ഷിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇതിനുവേണ്ടി ബഡ്ജറ്റിൽനിന്നും ധനസഹായവും അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തി നൽകുകയും ചെയ്തുവരുന്നു.

കെ.എം.എം.എൽ., ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് എന്നീ സ്ഥാപനങ്ങളിൽ നിലവിലുള്ള ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

ഇലക്ട്രിക് വാഹനനിർമ്മാണത്തിലൂടെയും വി.എസ്.എസ്.സി./ ഐ.എസ്.ആർ.ഒ. എന്നിവയ്ക്ക് സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ടും പ്രതിരോധമേഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണത്തിലൂടെയും ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരികയാണ്. ആധുനിക മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കെ.എസ്.ഡി.പി.-യിൽ നടപ്പിലാക്കിവരുന്നു. സ്മാർട്ട് മീറ്റർ നിർമ്മാണം, ജി.പി.എസ്. അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം എന്നിവ നിർമ്മിക്കുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ സജ്ജമാക്കിയിട്ടുണ്ട്.

ഇന്റേണൽ ആഡിറ്റ് സംവിധാനം, കൃത്യതയാർന്ന അവലോകനം, പരിശീലന പരിപാടികൾ എന്നിവയിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം കുറച്ച് ലാഭം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ അവയെ സംരക്ഷിക്കുന്നതിനും സർക്കാർ ശ്രമിക്കുന്നുണ്ട്.

നിലവിൽ പൊതുമേഖലയുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും കൂടുതൽ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ പൊതുമേഖലയുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തുന്നതിനും നൂതന ആശയങ്ങൾ/മെച്ചപ്പെട്ട മാർഗ്ഗങ്ങൾ സ്വീകരിച്ച് ഉല്പാദന വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്ന കാര്യങ്ങൾ ഉൾപ്പെടെ 19-2-2020-ൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, വ്യവസായ വകുപ്പ് തലവൻമാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, വ്യവസായ രംഗത്തെ മറ്റ് വിദഗ്ദ്ധർ എന്നിവർ പ്രത്യേക യോഗങ്ങൾ ചേർന്ന് മുന്നോട്ടുള്ള പ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താമെന്ന് ചർച്ച ചെയ്യുകയും ചെയ്തു. ഇതിന്റെ ഭാഗമായി കൂടുതൽ പരിശോധനകൾ നടത്തി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിയുന്നത്ര സഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ കഴിയും.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം**

116 (2102) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനവും പുതിയ വ്യാവസായികോല്പന്നങ്ങൾ സംബന്ധിച്ച ഗവേഷണങ്ങളും ഏകോപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി റിയാബിന്റെ കീഴിൽ ഒരു ടെക്നിക്കൽ സർവ്വീസ് സപ്പോർട്ട് സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമാണെന്ന് ഉറപ്പാക്കുന്നതിനും വാങ്ങലിലെയും വില്പനയിലെയും അസംസ്കൃത വസ്തുക്കളുടെ ഉപഭോഗത്തിലെയും കൃത്യത ഉറപ്പാക്കുന്നതിനുമായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്നുവരുന്ന വിവിധ ആധുനികവൽക്കരണ പ്രവർത്തനങ്ങളും വിപണന സാധ്യതയുള്ള കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള വിവിധ ഗവേഷണ വികസന പദ്ധതികളും അത് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് & ഇന്റേണൽ ആഡിറ്റ് ബോർഡിന് (റിയാബ്) 2020-21-ൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകളുടെ അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ സുതാര്യവും സമയബന്ധിതവുമാക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദന വിപണന സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സ്ഥാപനങ്ങളിൽ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തീകരിക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം**

117 (2103) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം ശാസ്ത്രീയമാക്കുന്നതിനും മേന്മ വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) 2018-19-ൽ ലാഭത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ പതിമൂന്നിൽ നിന്നും പന്ത്രണ്ടായി കുറയുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഇരുപത്തിയെട്ടിൽനിന്നും മുപ്പതായി ഉയരുകയും ചെയ്തത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) കെമിക്കലും ഇലക്ട്രോണിക്സും ഒഴികെയുള്ള മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കനത്ത നഷ്ടം നേരിടുന്ന സാഹചര്യത്തിൽ അതിന്റെ ഉല്പാദനക്ഷമതയും വിറ്റുവരവും മെച്ചപ്പെടുത്തുന്നതിന് നയപരമായ എന്ത് തീരുമാനമാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ ഡയറക്ടർ ബോർഡുകളിൽ ഉൾപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ അവലോകനം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ നടപടികളിലൂടെ തെരഞ്ഞെടുക്കുന്നതിനായി പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിച്ച് നിയമനങ്ങൾ നടത്തിവരുന്നുണ്ട്. മാനേജിംഗ് ഡയറക്ടർമാരുടെയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി പരിശീലന പരിപാടികളും നടത്തിവരുന്നു. സർക്കാർ തലത്തിലും റിയാബ് മുഖേനയും സെക്ടർ തിരിച്ചുള്ള പ്രത്യേക അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്.

(ബി) 2015-16 കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ വിറ്റുവരവ് 2799.72 കോടി രൂപയും ആകെ നഷ്ടം 121.18 കോടി രൂപയുമായിരുന്നു. 2018-19-ലെ വാർഷിക കണക്കുകൾ പ്രകാരം സ്ഥാപനങ്ങളുടെ ആകെ വിറ്റുവരവ് 3442.74 കോടി രൂപയും ആകെ പ്രവർത്തന ലാഭം 156 കോടി രൂപയായി ഉയർത്താനും സാധിച്ചിട്ടുണ്ട്.

(സി) 2017-18-ൽ 13 സ്ഥാപനങ്ങളായിരുന്നു അറ്റ ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. ഈ 13 സ്ഥാപനങ്ങളിൽ കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡെൽ) 2018-19-ൽ അറ്റ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. അതിനാലാണ് 2018-19-ൽ അറ്റ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 12 ആകാനുള്ള കാരണം. കെംഡെൽ വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കാത്തതാണ് കമ്പനി നഷ്ടത്തിലാകാനുള്ള കാരണം.

2018-19 മുതൽ കെ. കരുണാകരൻ മെമ്മോറിയൽ സ്പിന്നിംഗ് മില്ലിനെക്കൂടി പുതിയതായി പ്രവർത്തന അവലോകനത്തിനായി കണക്കിലെടുത്തിരുന്നു. ഈ സ്ഥാപനവും കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡും 2018-19-ൽ നഷ്ടത്തിൽ പ്രവർത്തിച്ചതിനാലാണ് 2017-18-ൽ നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ എണ്ണം 28-ൽനിന്നും 2018-19-ൽ 30 ആയത്. എന്നാൽ 2018-19 സാമ്പത്തിക വർഷം 16 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്.

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദന സൗകര്യങ്ങളിലും സാങ്കേതികവിദ്യയിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി, വിപണിയിൽനിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുന്ന നയസമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കിവരുന്നുണ്ട്.

## ആഗോളനിക്ഷേപക സംഗമം

118 (2104) <u>ശ്രീ. എം. സ്വരാജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടന്ന ആഗോളനിക്ഷേപക സംഗമം അസ്സൻഡ് കേരള 2020 മുഖേന എന്തെല്ലാം നേട്ടങ്ങൾ സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ എന്തെല്ലാം പുതിയ പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടു എന്ന് അറിയിക്കുമോ;

(സി) ഈ പ്രഖ്യാപനങ്ങളെല്ലാം നടപ്പിലാക്കുന്നതിന് കൃത്യമായ അവലോകനങ്ങൾ നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

### <u>ഉത്തരം</u>

(എ&ബി) ഇന്ത്യയിലെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ പരിവർത്തനം ചെയ്യുന്നതിനായി ഈ സർക്കാർ നടത്തിയ നിശ്ചയദാർഢ്യമുള്ള പരിഷ്കരണ പ്രവർത്തനങ്ങളും തൊഴിലും വരുമാനവും

വർദ്ധിപ്പിക്കുന്നതിനായി വ്യവസായ സമൂഹത്തെ ആകർഷിക്കുന്നതിനായി കൈക്കൊണ്ട കാര്യങ്ങളും സംരംഭകരെ/ നിക്ഷേപകരെ ബോധ്യപ്പെടുത്തി, സംരംഭകരുടെ/നിക്ഷേപകരുടെ ആശയങ്ങളും അഭിപ്രായങ്ങളും നേരിട്ട് അറിയിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും ആശയവിനിമയം നടത്തുന്നതിനുമായാണ് 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽവച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തിക്കാണിക്കുന്നതിനും നൂറിലധികം പ്രോജക്ടുകൾ അവതരിപ്പിക്കുന്നതിനും കഴിഞ്ഞു. തുടർന്ന് 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങൾ ലഭിച്ചു. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇതുകൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. ധാരണാ പത്രങ്ങളും താൽപ്പര്യപത്രങ്ങളും ഒപ്പിട്ട കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

അസെൻഡ് 2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ താഴെപ്പറയുന്നവയാണ്:

1. 2025 വരെ നിയമാനുസൃതമായ കാര്യങ്ങൾ പരിപാലിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെന്റ് സബ്സിഡി നൽകുന്നതായിരിക്കും. പ്രസ്തുത സബ്സിഡി 25,000 രൂപവരെ വരുമാനമുള്ള ജോലിക്കാരെ നിയമിക്കുമ്പോഴാണ് നൽകുക. മാത്രമല്ല, സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ പ്രസ്തുത സബ്സിഡി ഇനത്തിൽ 2,000 രൂപ അധികമായി നൽകുന്ന കാര്യം പരിഗണിക്കും.

2. വലിയ മുതൽമുടക്കുള്ള വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വ്യക്തിക്കോ കമ്പനിക്കോ ഭൂമിയുടെ ഉടമസ്ഥാവകാശത്തിനുള്ള പരിധി 15 ഏക്കറിൽനിന്ന് ഉയർത്തുന്നതിനായി നടപടി സ്വീകരിക്കുന്നതിന് പരിശോധന നടത്തും.

3. റോഡിന്റെ വീതിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിൽ നിലനിൽക്കുന്ന പ്രതിസന്ധി കേരള ബിൽഡിംഗ് റൂൾസ് ഭേദഗതി ചെയ്തുകൊണ്ട് ലഘൂകരിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. കേരള ഫാക്ടറി റൂൾസ് ഭേദഗതി ചെയ്ത് സ്ത്രീകൾക്കും ഫാക്ടറികളിൽ 7 PM മുതൽ 6 AM വരെ ജോലി ചെയ്യാമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5. 66000 കോടി രൂപയിലേറെ മുതൽ മുടക്കുള്ള കേരളത്തിന്റെ സ്വപ്ന പദ്ധതിയായ സിൽവർലൈനിന്റെ നടത്തിപ്പ് വേഗത്തിലാക്കുന്നതിന് നടപടികളെടുക്കും.

6. വ്യവസായികൾക്ക് വ്യാവസായികാവശ്യാനുസരണം വേണ്ടിവരുന്ന വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനാവശ്യമായി വരുന്ന തുക സർക്കാർ 5 വർഷംകൊണ്ട് വൈദ്യുതി ബില്ലിൽ ഇളവിന്റെ രൂപത്തിൽ നൽകുന്ന സാധ്യതയും പരിശോധിക്കും.

(സി) 'അസെൻഡ് 2020' വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതിനും നിക്ഷേപകരെ സഹായിക്കുന്നതിനുമായി ജി.ഒ.(ആർ.റ്റി.) നമ്പർ 105/2020/ഐ.ഡി. തീയതി 4-2-2020 പ്രകാരം നോഡൽ ഓഫീസർമാരെ പദ്ധതി നിർവ്വഹണത്തിനായി നിയമിക്കുകയും കെ.എസ്.ഐ.ഡി.സി.-യിൽ ഇൻവെസ്റ്റ്മെന്റ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രോജക്ടുകൾ നിലവിൽ വരുത്തുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുകയാണ് നോഡൽ ഓഫീസർമാരുടെ ചുമതല. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം ലഭിച്ച നിക്ഷേപ വാഗ്ദാനങ്ങളുടെമേൽ തുടർ നടപടി സ്വീകരിക്കുന്നതിന് അതാത് ജില്ലകളിൽ ജില്ലാ വ്യവസായകേന്ദ്രം മാനേജർമാരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

## ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതി

119 (2105) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതിക്കായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികളിലൂടെ ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങൾ വ്യക്തമാക്കുമോ;

(സി) ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ സഹായത്തിനായി ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതുമൂലം പദ്ധതികൾക്ക് വേഗത്തിൽ ക്ലിയറൻസ് നൽകുന്നതിന് സാധിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വ്യവസായ പുരോഗതിയും തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ വ്യാവസായിക പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിന് വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും അതിവേഗം സുതാര്യമായി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ വിവിധ വകുപ്പുകളിലെ ഏഴ് നിയമങ്ങളിൽ ഭേദഗതിവരുത്തി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) നിയമം പുറപ്പെടുവിച്ചു. വ്യവസായ മേഖലയിൽ പുത്തനുണർവ് പ്രദാനം ചെയ്തുകൊണ്ട് 2018-ലെ കേരള വ്യവസായ വാണിജ്യ നയവും പ്രഖ്യാപിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായിട്ടുള്ള വിവിധ വകുപ്പുകളിലെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ചുകൊണ്ട് സംരംഭകർക്ക് ഓൺലൈൻ മുഖാന്തരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി K-SWIFT സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ഡിസ്പോസൽ ആന്റ് ട്രാൻസ്പരൻസി എന്ന പേരിൽ ഒരു ഏകജാലക സംവിധാനം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തുടർന്ന് 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പുറപ്പെടുവിച്ചു. 10 കോടി രൂപവരെ നിക്ഷേപമുള്ളതും സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ മൂന്ന് വർഷത്തേയ്ക്ക് ലൈസൻസുകൾ/അനുമതികൾ എന്നിവയിൽനിന്നും ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് മൂന്ന് വർഷത്തെ കാലാവധിയുള്ള കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കുന്നു. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

2020-21 വർഷം മുതൽ 10 ലക്ഷത്തിന് താഴെ മുടക്കുമുതലുള്ള നാനോ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമായതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 29-2-2020 വരെ 55740 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതിലൂടെ 5093.32 കോടി രൂപയുടെ നിക്ഷേപവും 194175 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) വ്യവസായ സംരംഭകർക്ക് വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസ് ലഭിക്കുന്നതിലേയ്ക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ്‌വെയർ (കെ-സ്വിഫ്റ്റ്) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ യോഗ്യമായ അപേക്ഷ നൽകി ഒരു മാസത്തിനകം ലൈസൻസ് ലഭ്യമാകുന്നു.

10 കോടി രൂപവരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധിയുണ്ട്. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

## പനമ്പ് നെയ്ത്ത് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

120 (2106) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് മുളയും ഈറയും കിട്ടാത്തതുമൂലം പനമ്പ്, നെയ്ത്ത് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന ബാംബൂ കോർപ്പറേഷൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വ്യാപകമായ രീതിയിൽ മുള വച്ചുപിടിപ്പിക്കുന്നതിന് കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പനമ്പ്, നെയ്ത്ത് തൊഴിലാളികൾക്ക് എത്ര ദിവസം തൊഴിൽ നൽകുന്നതിനാണ് നിലവിൽ കോർപ്പറേഷന് സാധിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ തൊഴിലെടുക്കുന്ന പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ സുലഭമായി ലഭ്യമാക്കുന്നതിനായി സർക്കാരിൽനിന്നും

അനുമതി ലഭിക്കുകയും ഈറ്റ വെട്ടി കോർപ്പറേഷന് കീഴിലുള്ള പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നുമുണ്ട്. ഒരു കെട്ട് ഈറ്റ ഉൾക്കാടുകളിൽ നിന്നും വെട്ടിയെടുക്കുന്നതിന് ഏകദേശം 250 രൂപയോളം ചെലവ് വരുന്നുണ്ട്. എന്നാൽ ഇങ്ങനെ വെട്ടിയെടുക്കുന്ന ഈറ്റ ഒരു കെട്ട് 54 രൂപയ്ക്കാണ് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത്. ഇങ്ങനെ ഏകദേശം 20 ലക്ഷത്തോളം രൂപ ഒരു മാസം നഷ്ടം സംഭവിക്കുന്നുണ്ട്. കോർപ്പറേഷന് ഇപ്പോഴുള്ള സാമ്പത്തിക പ്രതിസന്ധിമൂലം പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ സുലഭമായി ലഭ്യമാക്കുന്നതിന് സാധിക്കുന്നില്ല.

(ബി) പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷൻ കേരള സംസ്ഥാന ബാംബൂ മിഷൻവഴി 50 കോടി രൂപയുടെ പദ്ധതികൾ നാഷണൽ ബാംബൂ മിഷന് സമർപ്പിക്കുകയും അതിൽ 25.41 കോടി രൂപയുടെ 11 പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്. തരിശായ വിവിധ സ്ഥലങ്ങളിൽ മുളകൾ വച്ചുപിടിപ്പിക്കുന്നതാണ്. അതിലൊരു പ്രോജക്ട് വിവിധ ഇടങ്ങളിലായി 588 ഹെക്ടർ സ്ഥലത്ത് മുള വച്ചുപിടിപ്പിക്കുന്നതിനുള്ള അനുവാദം ലഭിച്ചിട്ടുണ്ട്. അതിൽ കണ്ണൂർ ആറളം ഫാം, മലപ്പുറം അലിഗഢ് യൂണിവേഴ്സിറ്റി, കാലിക്കറ്റ് മെഡിക്കൽ കോളേജ്, ട്രാവൻകൂർ സിമെന്റ്സ് എന്നിവിടങ്ങളിൽ മുള വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടത്തിവരുന്നു. നാഷണൽ ബാംബൂ മിഷന്റെ വിഹിതവും കേരള സർക്കാരിന്റെ വിഹിതവും ലഭിക്കുന്ന മുറയ്ക്ക് പദ്ധതികളെല്ലാം നടപ്പിലാക്കാൻ കഴിയുന്നതാണ്.

(സി) സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മാസത്തിൽ ഏകദേശം 20 ദിവസത്തോളം തൊഴിൽ ലഭ്യമാക്കിവരുന്നുണ്ട്. ഈറ്റയുടെ ദൗർലഭ്യമുണ്ടാകുന്ന സമയങ്ങളിൽ മാത്രമാണ് ഇതിന് വ്യത്യാസം സംഭവിക്കുന്നത്.

(ഡി)പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഏകദേശം 80 കോടി രൂപ സഞ്ചിതനഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നു. 250 രൂപ നിരക്കിലുള്ള ഈറ്റ പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ നൽകുന്നതിലൂടെ ഏകദേശം 2.50 കോടി രൂപയോളം പ്രതിവർഷം നഷ്ടം സംഭവിക്കുന്നുണ്ട്. പ്രവർത്തന മൂലധനത്തിന്റെ കുറവും ഗവൺമെന്റിൽനിന്നും ലഭിച്ച ലോൺ തിരിച്ചടവും അടക്കം ഏകദേശം 12 കോടി രൂപ അറ്റനഷ്ടവും പ്രതിവർഷം പ്രവർത്തന നഷ്ടം 2.50 കോടി രൂപയുമാണ്.

## പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണം

121 (2107) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ ശക്തിയുടെ ഗണ്യമായ ഒരു വിഭാഗം ജോലി ചെയ്യുന്ന പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിലെ മുഖ്യ പങ്ക് ഉല്പാദന പ്രക്രിയകളിലെ യന്ത്രവൽക്കരണത്തിനായിരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണം വ്യവസായത്തിന്റെ മൊത്തത്തിലുള്ള വ്യാപനത്തിനും ഓരോ തൊഴിലാളിക്കും കൂടുതൽ മൂല്യ വർദ്ധനവ് സൃഷ്ടിക്കുന്നതിനും സഹായിക്കുമോ;

(ഡി) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ കയർ മേഖലയിലെ ജിയോ ടെക്സ്റ്റയിൽസ് പോലെ പുതിയ ഉല്പന്നങ്ങളിലേയ്ക്ക് വൈവിധ്യവല്ക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) കൂടുതൽ ഫലപ്രദമായ വിപണന-വിതരണ തന്ത്രങ്ങൾ ആവിഷ്കരിച്ച് മാർക്കറ്റിന്റെ ഗണ്യമായ ശതമാനം കയ്യടക്കുന്നതിന് പരമ്പരാഗത വ്യവസായങ്ങളെ ശാക്തീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. കുറഞ്ഞ കൂലി, അദ്ധ്വാനഭാരം, വിപണനം, ആഗോള വിപണിയിലെ ഉൽപ്പന്നങ്ങളുമായിട്ടുള്ള മത്സരം, അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കുറഞ്ഞ വിലയുള്ള ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ.

കരകൗശല മേഖല നേരിടുന്ന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു:

1. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്:- കരകൗശല മേഖലയുടെ പ്രധാന അസംസ്കൃത വസ്തുക്കൾ വനവിഭവങ്ങളാണ്. ഒരു കാലത്ത് കരകൗശല മേഖലയുടെ പരമപ്രധാനമായ അസംസ്കൃത വസ്തു ആനക്കൊമ്പ്

ആയിരുന്നു. ആനക്കൊമ്പിന്റെ നിരോധനത്തെത്തുടർന്ന് ഈ മേഖലയുടെ പ്രഭാവം കുത്തനെ ഇടിയുകയുണ്ടായി. ഈ മേഖലയിൽ ദൗർലഭ്യം നേരിടുന്ന മറ്റൊരു വസ്തു ചന്ദനത്തടിയാണ്. ചന്ദനത്തടിയിൽത്തീർത്ത കരകൗശലവസ്തുക്കൾക്ക് വൻവിപണി ആഗോളതലത്തിൽ നിലവിലുണ്ടെങ്കിലും അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം കാരണം ഉത്പാദനം മന്ദീഭവിച്ചിരിക്കുകയാണ്. അതേ സമയം വിവിധ തരത്തിലുള്ള തടിത്തരങ്ങളും മുള അനുബന്ധ വിഭവങ്ങളും സർക്കാർ ഏജൻസികൾ മുഖേന വിതരണം ചെയ്തുവരുന്നുണ്ട്.

2. ആഭ്യന്തര വിപണിയിലുള്ള കൃത്രിമ വസ്തുക്കളുടെ സാന്നിധ്യം:- കരകൗശല വസ്തുക്കൾക്ക് സമാനമായ കൃത്രിമ വസ്തുക്കൾ കുറഞ്ഞ ഗുണനിലവാരത്തിലും നിസ്സാര വിലയ്ക്കും വിപണിയിൽ ലഭ്യമാകുന്നുണ്ട്. ഇത് കരകൗശല മേഖലയുടെ ആഭ്യന്തര വിപണിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

3. കുറഞ്ഞ വേതനം:- മറ്റ് പരമ്പരാഗത വ്യവസായ മേഖലകളെപ്പോലെ തന്നെ തൊഴിലാളികൾക്ക് കുറഞ്ഞ വേതനം മാത്രമേ ലഭിക്കുന്നുള്ളൂ. ഇക്കാരണത്താൽ ഈ തൊഴിൽ മേഖല ആകർഷകമല്ലാതായി മാറി.

4. നികുതി നിരക്കിന്റെ വർദ്ധന:- ചരക്കുസേവന നികുതിയുടെ കടന്നുവരവോടെ കരകൗശല ഉല്പന്നങ്ങളുടെ നികുതി നിരക്ക് വർദ്ധിക്കുകയുണ്ടായി. ഇത് വിപണിയെ പ്രതികൂലമായി ബാധിച്ചു.

(ബി) പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിൽ ഉൽപ്പാദന പ്രക്രിയകളിലെ യന്ത്രവൽക്കരണത്തിന് പ്രാധാന്യമുണ്ട്. സംസ്ഥാന ബാംബൂ കോർപ്പറേഷനിലെ പ്രധാന ഉല്പന്നങ്ങളിൽ ഒന്നായ പനമ്പ് നെയ്യുന്നതിനാവശ്യമായ അളി എടുക്കുന്നത് സ്ലൈവറിംഗ് മെഷീൻ പോലുള്ള യന്ത്രങ്ങളുടെ സഹായത്തോടെയാണ്. ഇതിലൂടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പനമ്പുകൾ ഉൽപ്പാദിപ്പിക്കുന്നതിനും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് കൂടുതൽ കൂലി ലഭ്യമാകുന്നതിനും സഹായകമാകുന്നു. കരകൗശല വ്യവസായത്തെ സംബന്ധിച്ച് യന്ത്രവൽക്കരണം ഒരു പരിധിവരെ അന്യമാണ്. അതേ സമയം സൂക്ഷ്മതലത്തിലല്ലാത്ത പ്രക്രിയയ്ക്ക് യന്ത്രങ്ങളുടെ സേവനം ലഭ്യമാക്കാവുന്നതും ഇത് ഉത്പാദനത്തെ സഹായിക്കുന്നതുമാണ്.

(സി) കരകൗശല മേഖലയിൽ ആധുനികവൽക്കരണം എന്നത് യന്ത്രസാമഗ്രികളുടെ സഹായത്തോടെയുള്ള സൂക്ഷ്മേതര ജോലികൾ ചെയ്യുക എന്നതാണ്. പരമാവധി യന്ത്രങ്ങൾ ഉപയോഗിക്കുന്നതുവഴി ഉത്പാദന സമയം

കുറയ്ക്കാവുന്നതും അത് വേതനവർദ്ധനവിന് സഹായകരവുമാണ്. കൈത്തറി മേഖലയിൽ സാങ്കേതികവിദ്യ ഉയർത്തുന്നതിനും നൂതന സാങ്കേതികവിദ്യകൾ നെയ്ത്തുകാർക്ക് കൈമാറ്റം ചെയ്യുന്നതിനുമായുള്ള ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി പ്രകാരം വിവിധതരം ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ട്.

(ഡി) മുള-അനുബന്ധ മേഖലയിൽ പരമ്പരാഗത കരകൗശല ഉല്പന്നങ്ങൾക്ക് പുറമേ ബാംബൂ ഫ്ലോറിംഗ് ടൈൽസ് ഉല്പാദിപ്പിക്കുന്നുണ്ട്. കൂടാതെ ബാംബൂ കർട്ടനുകൾ, കൊറഗേറ്റഡ് ഷീറ്റ് തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്. മുള ഉപയോഗിച്ച് എക്കോ ഹബ്ബ്, ഹട്ടുകൾ, ബാംബൂ ഫർണിച്ചർ എന്നിവയും നിർമ്മിച്ചുവരുന്നുണ്ട്.

(ഇ) കരകൗശല വിപണന കേന്ദ്രങ്ങളെ ആധുനികവൽക്കരിച്ചുകൊണ്ട് ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി വിവിധ പദ്ധതികൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ട്. കൂടാതെ വിശേഷാവസരങ്ങളിൽ വിപണന മേളകൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാനതല ഏജൻസികൾക്ക് ധനസഹായം നൽകുന്നു. കരകൗശല വികസന കോർപ്പറേഷൻ സ്വന്തമായി ഇ-കൊമേഴ്സ് വെബ്സൈറ്റ് ആരംഭിക്കുകയും ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ നടത്തുകയും ചെയ്യുന്നു. ഇപ്രകാരം ഫലപ്രദമായ വിപണന തന്ത്രങ്ങൾ നടപ്പിലാക്കിവരുന്നു.

കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിനായി National Institute of Fashion Technology (NIFT)-മായി ചേർന്ന് പദ്ധതി നടപ്പിലാക്കിവരുന്നു. നൂറോളം കൈത്തറി ഉൽപ്പന്നങ്ങളെ ഇത്തരത്തിൽ ബ്രാൻഡ് ചെയ്യുന്നതിനായി ലക്ഷ്യമിടുന്നു. IIHT, Hantex, Hanveev, NIFT എന്നിവരെ ഉൾപ്പെടുത്തിയുള്ള ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ബ്രാൻഡിംഗ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ബ്രാൻഡിംഗ് നടത്തുന്നതുവഴി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിക്കുകയും അതുവഴി നെയ്ത്തുകാർക്കും കൈത്തറി മേഖലയ്ക്കും പ്രയോജനം ലഭിക്കുകയും ചെയ്യും.

**പരമ്പരാഗത വ്യവസായങ്ങളുടെ ശാക്തീകരണം**

122 (2108) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ നവീകരണത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) വിവിധ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പ്രവർത്തിക്കാത്ത വ്യവസായ യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് വെളിപ്പെടുത്താമോ;

(ഡി) ബാങ്ക് നടപടികളിൽപ്പെട്ട് തുടർന്ന് പ്രവർത്തിക്കാൻ കഴിയാത്ത യൂണിറ്റുകൾക്ക് അടിയന്തര സഹായം നൽകി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് ബഹുമുഖ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കരകൗശല അപക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന ബാംബൂ വികസന കോർപ്പറേഷൻ, കേരള ബാംബൂ മിഷൻ, കേരള പനയുൽപ്പന്ന വികസന കോർപ്പറേഷൻ (കെൽപാം), കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കയർ വികസന വകുപ്പ്, കശുവണ്ടി വികസന കോർപ്പറേഷൻ എന്നിവ മുഖേന വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. ഏകദേശം 5600-ൽ അധികം നെയ്ത്ത് തൊഴിലാളികളെയും അത്രത്തോളം അനുബന്ധ തൊഴിലാളികളെയും പദ്ധതിയുടെ ഭാഗമായി സംരക്ഷിക്കാൻ കഴിഞ്ഞു. ഈ അധ്യയന വർഷം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്കും എയ്ഡഡ് മേഖലയിലെ നാലാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്കുംകൂടി 42 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിച്ചത് ഉൾപ്പെടെ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 75 ലക്ഷത്തോളം മീറ്റർ തുണി കൈത്തറിയിൽ ഉൽപ്പാദിപ്പിച്ചുനൽകാൻ കഴിഞ്ഞു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും തുറന്ന് പ്രവർത്തിപ്പിക്കാനും നെയ്ത്ത് തൊഴിൽ ഉപേക്ഷിച്ചവരെ ഈ മേഖലയിൽ തിരികെ കൊണ്ടുവരുന്നതിനും കഴിഞ്ഞു. ഈ പദ്ധതിവഴി ഇതുവരെ 125 കോടിയോളം രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൈത്തറി മേഖലയിൽ തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി 'യുവ വീവ്' പദ്ധതി, വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതു പണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കുംവേണ്ടി 'ഒരു വീട്ടിൽ ഒരു തറി' പദ്ധതി, ആധുനിക ഡിസൈനിൽ കൈത്തറി തുണി ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന ഹാന്റക്സ് വഴിയുള്ള 'കൈത്തറി സുരക്ഷാ' പദ്ധതി, കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിന് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും, പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും സർക്കാർ ഗ്രാന്റായി നൽകുന്ന 'സ്വയം തൊഴിൽ സംരംഭം' പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ആദ്യമായി ഏറ്റവും മെച്ചപ്പെട്ട കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതലത്തിൽ ഒരു ലക്ഷം രൂപ വീതവും ജില്ലാ തലത്തിൽ 50,000 രൂപ വീതവും അടങ്ങുന്ന അവാർഡുകളും പ്രഖ്യാപിച്ച് നൽകുകയുണ്ടായി. കൈത്തറി മേഖലയിൽ നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് നെയ്ത്തുത്സവം സംഘടിപ്പിച്ചു.

കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ വിവിധ ക്രാഫ്റ്റുകളിലായി ഇതുവരെ 1350 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. 3500-ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ചെമ്പ്, ഓട്ടുപാത്ര നിർമ്മാണം, മരപ്പണി, വൈക്കോൽ ചിത്ര മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാർക്ക് കണ്ണൂർ ബെൽ മെറ്റൽ ക്രാഫ്റ്റ്, തൃശ്ശൂർ മരാധിഷ്ഠിത ക്രാഫ്റ്റ്, കൊല്ലം വൈക്കോൽ ചിത്ര (സ്ട്രാപിക്ചർ) ക്രാഫ്റ്റ് എന്നീ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചു. കൈത്തൊഴിൽ മേഖലയിൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 5 മുതൽ 6 ശതമാനം വരെ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. കരകൗശല മേഖലയുടെ പുരോഗതിക്കായി 46 എക്സിബിഷനുകൾ, 14 ക്രാഫ്റ്റ് ബസാറുകൾ എന്നിവ സംഘടിപ്പിച്ചു. 2800-ഓളം പേർ പങ്കെടുത്തുകൊണ്ട് 27 ക്രാഫ്റ്റ് അവെയർനസ് പ്രോഗ്രാം സംഘടിപ്പിച്ചു. കൈരളി ഹാന്റിക്രാഫ്റ്റ് എന്ന പേരിൽ ഓൺലൈൻ മാർക്കറ്റിംഗ് സ്റ്റോറുകൾ ആരംഭിച്ചു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് (KADCO) കീഴിൽ കൈത്തൊഴിൽ മേഖലയിൽ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് സർവ്വീസ് ആന്റ് സപ്ലൈ സ്കീം നടപ്പാക്കിവരുന്നു. കൈത്തറി മേഖലയ്ക്ക് ആവശ്യമായ തറികൾ നിർമ്മിച്ച് നൽകുന്നു. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുകീഴിൽ 500-ൽപ്പരം ഗ്രാമ പഞ്ചായത്ത് ഓഫീസുകൾ നവീകരിക്കാൻ കഴിഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ് റൂം നവീകരണവും കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി നിരവധി ആർട്ടിസാൻമാർക്ക് തുടർച്ചയായി ജോലി നൽകാൻ കഴിഞ്ഞു.

മുള മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ അംഗീകൃത ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് മിനിമം വേജസ് പദ്ധതി നടപ്പിലാക്കി. പനമ്പിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചു. പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ഈറ്റയിൽനിന്നും അളി കീറി പനമ്പ് നെയ്യേണ്ടിവരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള സ്ലീവറിംഗ് യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കുകയുണ്ടായി. കൂടാതെ ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു. ബാംബൂ ഉല്പന്നങ്ങളായ ഫ്ലാറ്റൻഡ് ബാംബൂ ബോർഡ്, ബാംബൂ ഫ്ലോറിംഗ് ടൈൽസ് എന്നിവ ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽപാം എന്ന സ്ഥാപനത്തെ തകർച്ചയിൽനിന്നും പുനരുജ്ജീവിപ്പിക്കുന്നതിനായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പെറ്റ് ബോട്ടിൽ പ്ലാന്റ്, പന ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുള്ള സ്വീറ്റ്സ്, കല്ലേപ്പുള്ളി മോഡേൺ റൈസ് മിൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കേരളത്തിലെ കരകൗശല മേഖലയുടെ വികസനത്തിനുവേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള പാലക്കാടും കണ്ണൂരിലും സംഘടിപ്പിച്ചു.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ച് നടപ്പിലാക്കൽ, ഉത്സവബത്ത 900 രൂപയിൽനിന്നും 1500 രൂപയാക്കി വർദ്ധിപ്പിച്ച് നൽകിയത്, ഉല്പാദന ഇൻസെന്റീവ് നൂൽ നൂല്പിന് ഒരു കഴിക്ക് 60 പൈസയും നെയ്ത്തിന് ഒരു കഴിക്ക്

1.80 രൂപയും ആയി ഇരട്ടിയാക്കി നൽകിയത്, ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉല്പാദന മേഖലയിലും കയർപിരി മേഖലയിലും യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഇതിനോടകം 75 ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തനമാരംഭിച്ചു. 500 ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നു. കയർ തൊഴിലാളികൾക്ക് മിനിമം കൂലി 350 രൂപയായി വർദ്ധിപ്പിച്ച് നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപെക്സ് കശുവണ്ടി ഫാക്ടറികളെല്ലാംതന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം കാപെക്സ് ഫാക്ടറികളെല്ലാം തുറന്ന് പ്രവർത്തനം ആരംഭിക്കുകയും പ്രവർത്തിച്ചുവരികയുമാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സ്വകാര്യ മേഖലയിലെ അടഞ്ഞുകിടന്നിരുന്ന ഫാക്ടറികളിലെ ആയിരത്തി എഴുന്നൂറോളം സ്ത്രീ തൊഴിലാളികൾക്ക് കാപെക്സ് വഴി ജോലി നൽകി. തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി സംസ്ഥാനത്തിനകത്തും പുറത്തും വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തകർച്ച നേരിടുന്ന കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിന് 25 കോടി രൂപയുടെ പലിശ ധനസഹായ പദ്ധതി 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും വകയിരുത്തിയിട്ടുള്ളതും ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. അടച്ചുപൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് ഒരു സമഗ്ര റിവൈവൽ പാക്കേജ് ആവിഷ്കരിച്ച് വിവിധ ബാങ്കുകളുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു.

കേരളത്തിലെ ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികളെ മറികടക്കുന്നതിന് ബീഡി സഹകരണ മേഖലയിൽ വൈവിധ്യവൽക്കരണവും സർക്കാരിൽ അടച്ച നികുതി ഗ്രാന്റായി നൽകുകയും ചെയ്യുന്നു. കൂടാതെ തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ പദ്ധതിയും കേന്ദ്ര സഹകരണ സംഘം നടപ്പിലാക്കിവരുന്നു.

കേരളത്തിലെ കളിമൺ പാത്ര നിർമ്മാണ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല, സംസ്ഥാന വ്യാപകമായി കളിമണ്ണ് ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് റാ മെറ്റീരിയൽ ബാങ്ക് സഹകരണ നിയമപ്രകാരം വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വ്യവസായ ഡയറക്ടറുടെ അധീനതയിലുള്ള ഡെവലപ്മെന്റ് പ്രദേശങ്ങളെ ഭൂവികസനം, ജലലഭ്യത ഉറപ്പാക്കൽ, ഊർജ്ജ വിതരണം, പാരമ്പര്യേതര ഊർജ്ജം ഉപയുക്തമാക്കൽ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് "നിലവിലുള്ള ഡെവലപ്മെന്റ് ഏരിയ/ഡെവലപ്മെന്റ് പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും" എന്ന പദ്ധതി നിലവിലുണ്ട്.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 25 കോടി രൂപയുടെ വിഹിതം അനുവദിച്ചിരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂര്, കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ എന്നിവിടങ്ങളിലെ വ്യവസായ വികസന പ്ലോട്ടുകളുടെ വികസനത്തിനായി യഥാക്രമം 3.32 കോടി രൂപയും 4.05 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ 11 ഡെവലപ്മെന്റ് ഏരിയ/ഡെവലപ്മെന്റ് പ്ലോട്ടുകളിലെ ആന്തരിക റോഡുകളുടെ പുനർനിർമ്മാണത്തിനായി 17.59 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

2017-18-ൽ പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തുകയും വ്യവസായ വികസന പ്ലോട്ടുകളുടെ വികസനത്തിനായി ഈ തുക വിനിയോഗിക്കുകയും ചെയ്തു.

ഡെവലപ്മെന്റ് ഏരിയ/ഡെവലപ്മെന്റ് പ്ലോട്ടുകൾ സർവ്വേ നടത്തി ഡെവലപ്മെന്റ് ഏരിയ/ഡെവലപ്മെന്റ് പ്ലോട്ടുകളുടെ അതിർത്തി പുനർനിർണ്ണയിച്ച് വികസനം കൈവരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. കേന്ദ്ര സർക്കാർ പദ്ധതിയായ MSE-CDP മുഖേന ഡെവലപ്മെന്റ് ഏരിയ പൂവന്തുരുത്തിനും ഡെവലപ്മെന്റ് ഏരിയ എടയാറിനും യഥാക്രമം 1000 ലക്ഷവും 967.69 ലക്ഷവും രൂപയുടെള്ള പ്രോജക്ടിന് അനുമതി ലഭിച്ചിട്ടുണ്ട്. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് സംസ്ഥാന വിഹിതമായ 400 ലക്ഷം രൂപയും 387.076 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

2018-19 വർഷം വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 23.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2019-20-ൽ നാളിതുവരെ 14.98 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രവർത്തനം നിലച്ച യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്നു. വിവിധ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പ്രവർത്തിക്കാത്ത വ്യവസായ യൂണിറ്റുകളെ പ്രവർത്തിപ്പിക്കുന്നതിനായി ആവശ്യമായ സമയം നൽകിയിട്ടും പ്രവർത്തിച്ചില്ലെങ്കിൽ അർഹതപ്പെട്ട മറ്റ് വ്യവസായ സംരംഭകർക്ക് നൽകിവരുന്നു.

(ഡി) പ്രവർത്തനം നിലച്ച യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു.

**പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്ക് പദ്ധതി**

123 (2109) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിയ്ക്ക് കുടുംബശ്രീയുടെ സഹായത്തോടെയുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഓരോ പ്രദേശത്തിന്റെയും തനത് പരമ്പരാഗത വ്യവസായങ്ങളെ ദുർബ്ബല വിഭാഗങ്ങളുടെ വരുമാനദായക മേഖലയാക്കുന്നതിന് സമഗ്രപദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത കൈത്തറി വ്യവസായങ്ങളുടെ പുരോഗതിക്ക് കുടുംബശ്രീയെ ഉൾപ്പെടുത്തി 'യുവ വീവ്' പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പരമ്പരാഗത കരകൗശല വ്യവസായ മേഖലയിൽ പണിയെടുക്കുന്നവർ അധികവും ദുർബല വിഭാഗത്തിൽപ്പെടുന്നവരാണ്. കരകൗശല മേഖലയെ പരിപോഷിപ്പിക്കുന്നതുവഴി അത്തരക്കാരുടെ തൊഴിൽ ദിനങ്ങളും വേതനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികൾ ഈ മേഖലയിൽ സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി ലഭ്യമാക്കുക, പുതിയ ഡിസൈനുകളും പരിശീലനവും നൽകുക തുടങ്ങിയ സഹായങ്ങൾ ഇവർക്ക് നൽകിവരുന്നു. ഇത്തരം പദ്ധതികളുടെ പ്രയോജനം ആത്യന്തികമായി ബന്ധപ്പെട്ട ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ട്. കൂടാതെ ഖാദി, കൈത്തറി മേഖലകളിൽ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുകയും നടപ്പിലാക്കിവരികയും ചെയ്യുന്നു.

## കളിമൺപാത്ര വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടപടി

124 (2110) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിമൺപാത്ര നിർമ്മാണം ഉൾപ്പെടെയുള്ള പരമ്പരാഗത കുലത്തൊഴിൽ ചെയ്തുവരുന്ന സമൂഹത്തിന്റെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വലിയ പ്രതിസന്ധി നേരിടുന്ന കളിമൺപാത്ര വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിൽ നിന്നും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) മൺപാത്ര നിർമ്മാണ വ്യവസായത്തൊഴിലാളികളുടെ ക്ഷേമത്തിനായി ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ നവീനമായ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായത്തിന്റെ ഭാഗമായ കരകൗശലത്തൊഴിലിന്റെ പ്രോത്സാഹനത്തിന് വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. കരകൗശലത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതികൾ ലക്ഷ്യമിടുന്നത്. സംസ്ഥാനതല ഏജൻസികളായ കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കേരളാ ആർട്ടിസാൻസ് വികസന കോർപ്പറേഷൻ, കേരളാ കരകൗശല അപക്സ് സഹകരണ സംഘം, കേരളാ മുള വികസന കോർപ്പറേഷൻ, കേരളാ ബാംബൂ മിഷൻ, കേരളാ പനയുല്പന്ന ക്ഷേമ കോർപ്പറേഷൻ എന്നിവ മുന്നോട്ട് വയ്ക്കുന്ന വിവിധ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ടാണ് സർക്കാർ ടി മേഖലയെ സഹായിക്കുന്നത്. കളിമണ്ണുപയോഗിച്ചുള്ള കരകൗശല ഉത്പന്ന യൂണിറ്റുകൾക്കുകൂടി ധനസഹായം ലഭിക്കുന്ന "ആഷ" എന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) കളിമൺപാത്ര മേഖലയെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം കോഴിക്കോട്, വയനാട് ജില്ലകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ കോർപ്പറേഷന്റെ പ്രവർത്തനത്തിനായി ഷെയർ കാപ്പിറ്റൽ അനുവദിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ കോർപ്പറേഷന്റെ പ്രവർത്തനം ഊർജ്ജിതമാകുന്ന മുറയ്ക്ക് നവീനമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

**കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി**

125 (2111) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴി നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഇടനാഴിയിൽ ഏതെല്ലാം വ്യവസായ മേഖലകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെന്നൈ-ബംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർവഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിലൂടെ വ്യവസായ അടിസ്ഥാന സൗകര്യ വികസനമൊരുക്കി പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പദ്ധതിയിലൂടെ സാധ്യമാകുന്നത്. ഇതിന്റെ ഭാഗമായി ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളാണ് ഒന്നാം ഘട്ടമായി (നോഡ്-1) വികസിപ്പിക്കുന്നത്. ഇതിൽ പാലക്കാട് നോഡിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) കിൻഫ്ര മുഖാന്തരം ഏറ്റെടുക്കുന്നതിന് 16-1-2020-ലെ സ.ഉ.(കൈ) നമ്പർ 15/2020/വ്യവ പ്രകാരവും അധികമായി 558 ഏക്കർ ഭൂമികൂടി പാലക്കാട് പുതുശ്ശേരിയിൽ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) കൊച്ചി മുതൽ പാലക്കാട് വരെയുള്ള വിവിധ സ്ഥലങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി സംയോജിത ഉല്പാദന ക്ലസ്റ്ററുകളാണ് സ്ഥാപിക്കുന്നത്. പരിസ്ഥിതിക്ക് ദോഷം തട്ടാത്ത എല്ലാത്തരം വ്യവസായ യൂണിറ്റുകൾക്കും ഇത്തരം ക്ലസ്റ്ററുകളിൽ പ്രവർത്തിക്കാൻ സാധിക്കും. പ്രസ്തുത ക്ലസ്റ്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കൂടുതൽ നിക്ഷേപവും തൊഴിലവസരവും സൃഷ്ടിക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

## വ്യവസായ പാർക്കുകൾ

126 (2112) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. അബ്ദുൽ ഹമീദ് പി. :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ദേശീയപാതയോരങ്ങളിലും പ്രാന്തപ്രദേശങ്ങളിലും വ്യവസായ പാർക്കുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാർക്കുകളിൽ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഈ പാർക്കുകളിലൂടെ എത്രമാത്രം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ-സി) ആവശ്യമായ ഭൂമി ലഭ്യമായാൽ മാത്രമേ ദേശീയ പാതയോരങ്ങളിലും പ്രാന്തപ്രദേശങ്ങളിലും വ്യവസായ പാർക്കുകൾ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. വ്യവസായ പാർക്കുകൾ സജ്ജമാകുകയും യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കുകയും ചെയ്യുന്നവേളയിൽ മാത്രമേ തൊഴിലവസരങ്ങളെ സംബന്ധിച്ച കണക്കുകൾ അനുമാനിക്കാൻ കഴിയുകയുള്ളൂ.

## വായ്പ നിഷേധിക്കപ്പെട്ട സംരംഭകർ

127 (2113) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം വാണിജ്യ വ്യവസായ വകുപ്പ് പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച സംരംഭകർക്ക് പ്രളയംമൂലം തിരിച്ചടവിൽ വീഴ്ച പറ്റിയതിനാൽ സിബിൽ സ്കോർ തൃപ്തികരമല്ല എന്ന കാരണത്താൽ ബാങ്കുകൾ വായ്പ നിഷേധിക്കുന്ന വിഷയത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം വായ്പ നിഷേധിക്കപ്പെട്ട സംരംഭകർക്കാർക്കെങ്കിലും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ഇടപെടലിലൂടെ ഏതെങ്കിലും ബാങ്ക് വായ്പ നൽകുന്നതിന് തയ്യാറായിട്ടുണ്ടോ; എങ്കിൽ വായ്പ നൽകാൻ തയ്യാറായ ബാങ്ക് ഏതാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉജ്ജീവന സഹായ പദ്ധതി റവന്യൂ (ദുരന്ത നിവാരണ വകുപ്പ്) നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ്. പ്രളയത്തിൽ തകർന്നത് വ്യവസായ യൂണിറ്റാണെങ്കിൽ അത് 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടതാണ് എന്നുള്ള സാക്ഷ്യപത്രം നൽകേണ്ട ചുമതലയാണ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കുള്ളത്. പ്രളയത്തിൽ തകർന്ന വ്യവസായ യൂണിറ്റുകൾക്ക് വായ്പ അനുവദിക്കുന്നത് ബന്ധപ്പെട്ട ബാങ്കുകളുടെയും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെയും മാർഗ്ഗരേഖ പ്രകാരമാണ്. എന്നിരുന്നാലും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ ഉജ്ജീവന സഹായ പദ്ധതി പ്രകാരം ബാങ്കുകൾ വായ്പ നൽകാത്ത വിഷയങ്ങളിൽ ഇടപെടുകയും ബന്ധപ്പെട്ട ബാങ്കുകൾക്കും ലീഡ് ബാങ്ക് മാനേജർമാർക്കും കത്ത് നൽകുകയും ചെയ്തിരുന്നു.

(ബി) ഉണ്ട്.

1. കാനറാ ബാങ്ക് നടാശ്ശേരി, വേളൂർ ശാഖകൾ, കോട്ടയം.

2. ബാങ്ക് ഓഫ് ഇൻഡ്യ, ഏറ്റുമാനൂർ, കോട്ടയം

3. സൗത്ത് ഇൻഡ്യൻ ബാങ്ക്, വാകത്താനം, കോട്ടയം

4. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൊറ്റമം, എറണാകുളം

5. ബാങ്ക് ഓഫ് ബറോഡ, ഇരിങ്ങാലക്കട, തൃശ്ശൂർ

6. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, മാള, തൃശ്ശൂർ

7. ബാങ്ക് ഓഫ് ഇന്ത്യ നെന്മണിക്കര, തൃശ്ശൂർ

**വേളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്വകാര്യ കമ്പനിക്ക് ഭൂമി**

128 (2114) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു സ്വകാര്യ കമ്പനിക്ക് അഞ്ച് ഏക്കർ ഭൂമി നൽകണമെന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയിൽ നിന്നാണ് പ്രസ്തുത അപേക്ഷ ലഭിച്ചതെന്ന് അറിയിക്കാമോ;

(ബി) മുൻഗണനാ ക്രമത്തിന് വിരുദ്ധമായി പ്രസ്തുത സ്വകാര്യ കമ്പനിക്ക് ഭൂമി നൽകണമെന്നുള്ള നിർദ്ദേശം ഏത് സാഹചര്യത്തിലാണ് ഉണ്ടായതെന്നും ആരാണ് പ്രസ്തുത നിർദ്ദേശം നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്വകാര്യ കമ്പനിക്ക് അഞ്ച് ഏക്കർ ഭൂമി നൽകുന്നതിനുള്ള നിർദ്ദേശത്തിന് വിരുദ്ധമായി തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പ്രസ്തുത ജനറൽ മാനേജരെ സ്ഥലം മാറ്റിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ലുലു ഇന്റർനാഷണൽ ഷോപ്പിംഗ് മാൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നാണ് അപേക്ഷ ലഭിച്ചത്.

(ബി & സി) മുൻഗണനാക്രമത്തിന് വിരുദ്ധമായി പ്രസ്തുത സ്വകാര്യ കമ്പനിക്ക് ഭൂമി നൽകണമെന്നുള്ള നിർദ്ദേശം നൽകിയിട്ടില്ലാത്തതിനാൽ അതിന് വിരുദ്ധമായിട്ടുള്ള റിപ്പോർട്ടും ഉണ്ടായിട്ടില്ല.

20-2-2020-ലെ സ.ഉ.(സാധാ) നമ്പർ 157/2020/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണപരമായ ക്രമീകരണവും പൊതുതാല്പര്യവും പരിഗണിച്ച് നടത്തിയ വ്യവസായ വാണിജ്യ വകുപ്പിലെ ജനറൽ മാനേജർമാരുടെ സ്ഥലംമാറ്റത്തിൽ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരും ഉൾപ്പെട്ടിരുന്നു.

**ഒളവണ്ണ പഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ സ്ഥലം**

129 (2115) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കള്ളിക്കുന്നിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നാൽപത്തിയെട്ട് സെന്റ് സ്ഥലം ലീസിന് നൽകിയ നടപടി റദ്ദ് ചെയ്ത് ഗ്രാമപഞ്ചായത്തിന് പൊതു ആവശ്യത്തിനായി വിട്ടുനൽകണമെന്ന നിവേദനത്തിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന് വ്യവസായ കേന്ദ്രം തുടങ്ങാൻ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കള്ളിക്കുന്നിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നാൽപ്പത്തിയെട്ട് സെന്റ് സ്ഥലം അനുവദിക്കണമെന്ന് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിൽനിന്നും ബഹുമാനപ്പെട്ട എം.എൽ.എ. മുഖാന്തരം ലഭിച്ച 25-5-2017-ലെ അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടർക്ക് റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്.

ഇക്കാര്യത്തിൽ വ്യവസായ വാണിജ്യ ഡയറക്ടർ ഇപ്പോൾ നൽകിയ റിപ്പോർട്ട് പ്രകാരം ലീസിന് നൽകിയ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാതിരുന്നതിനാൽ ഭൂമി തിരിച്ചെടുക്കാൻ വ്യവസായ വാണിജ്യ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. പക്ഷെ ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. ഈ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഹിയറിംഗ് നടത്തി മേൽ സ്ഥാപനത്തിന് കെട്ടിട നിർമ്മാണാനുമതി നൽകാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഒളവണ്ണ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ സ്ഥാപനം കെ-സ്വിഫ്റ്റ് മുഖാന്തരം കെട്ടിട നിർമ്മാണ അപേക്ഷ സമർപ്പിക്കുകയും ആയതിന് ഡീംഡ് ലൈസൻസ് ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. മേൽ ഡീംഡ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഷെഡ് നിർമ്മാണം, ഇലക്ട്രിക്കൽ വർക്ക് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. യൂണിറ്റിന് 3 ഫേസ് കണക്ഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. സിമന്റ് ബ്രിക്സ് നിർമ്മാണത്തിനാവശ്യമായ മിക്സിംഗ് മെഷീൻ, പ്രെസ്സിംഗ് മെഷീൻ എന്നിവ യൂണിറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് വർഷത്തേയ്ക്ക് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് യൂണിറ്റ് ഉടമ കെ-സ്വിഫ്റ്റ് സംവിധാനത്തിലൂടെ സെൽഫ് ഡിക്ലറേഷൻ നൽകി അക്നോളജ്മെന്റ് കരസ്ഥമാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## കൊരട്ടി സെൻട്രൽ ഗവൺമെന്റ് പ്രസ്സിന്റെ സ്ഥലം

130 (2116) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാർ അടച്ചുപൂട്ടാൻ തീരുമാനിച്ച കൊരട്ടിയിലെ സെൻട്രൽ ഗവൺമെന്റ് പ്രസ്സ് തുടർന്നും പ്രവർത്തിച്ചില്ലെങ്കിൽ പ്രസ്തുത സ്ഥലം സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനും അനുയോജ്യമായ വ്യവസായ പദ്ധതികൾ അടക്കമുള്ള വികസന ആവശ്യങ്ങൾക്ക് വേണ്ടി പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

1965-ൽ നിലവിൽവന്ന കൊരട്ടി ഗവൺമെന്റ് പ്രസ്സിൽ ആദ്യകാലത്ത് 400-ഓളം തൊഴിലാളികൾ ഉണ്ടായിരുന്നു. 103 ഏക്കറോളം ഭൂമി ഉണ്ടായിരുന്നതായും ഇതിൽനിന്ന് 30 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറുകയും ഒരു ഏക്കറോളം ഭൂമി

നാഷണൽ ഹൈവേ അക്വയർ ചെയ്യുകയും ചെയ്തു. കൊരട്ടി ഗവൺമെന്റ് പ്രസ്സ് നാസ്സിക് പ്രസ്സുമായി കൂട്ടിച്ചേർക്കുന്നതിന് തീരുമാനിക്കുകയും ഇതിനെതിരായി കൊരട്ടി പ്രസ്സിലെ 19 തൊഴിലാളികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും സ്റ്റേ ലഭിക്കുകയും ചെയ്തു. ഇപ്പോൾ കേസ് സുപ്രീം കോടതിയുടെ പരിഗണനയിലുമാണ്. കൊരട്ടി പ്രസ്സിന്റെ കൈവശമുള്ള ഭൂമി സെൻട്രൽ പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റിന്റെ മേൽനോട്ടത്തിലാണ്. കേന്ദ്ര ഗവൺമെന്റിൽനിന്നും ഈ ഭൂമി കൈമാറി ലഭിക്കുകയാണെങ്കിൽ വ്യവസായ വികസനത്തിനായി ഉപയോഗിക്കാവുന്നതാണ്.

പ്രസ്സിന്റെ ഉപയോഗത്തിലില്ലാത്ത 15 ഏക്കർ ഭൂമി വ്യാവസായിക ആവശ്യത്തിനായി നിശ്ചിത വിലയ്ക്ക് വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര പാർപ്പിട-നഗരകാര്യ മന്ത്രാലയത്തിന് കത്തയച്ചിരുന്നെങ്കിലും ഇക്കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല.

**കെൽപാം പുറത്തിറക്കിയ പാനീയങ്ങൾ**

131 (2117) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കൊറ്റമത്ത് പ്രവർത്തിക്കുന്ന കെൽപാമിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കെൽപാം നിലവിൽ പുറത്തിറക്കിയ പാനീയങ്ങൾ മാർക്കറ്റിൽ ഇടം പിടിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) 2016 മുതൽ കെൽപാമിന് എത്ര തുകയാണ് വ്യവസായ വകുപ്പ് നൽകിയത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെൽപാമിന്റെ പ്രവർത്തനം ഇപ്പോൾ മെച്ചപ്പെട്ട രീതിയിലേയ്ക്ക് പുരോഗമിക്കുകയാണ്. പാംഷുഗർ ഉപയോഗപ്പെടുത്തി ആറ് വ്യത്യസ്ത സ്വാദുകളിലുള്ള ശീതള പാനീയങ്ങൾ ഇപ്പോൾ നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. എന്നാൽ സർക്കാർ ഗ്രാന്റായി അനുവദിച്ചിരുന്ന 25 ലക്ഷം രൂപ വിനിയോഗിച്ച് 100 കെ.വി.എ. ഉല്പാദന ശേഷിയുള്ള ഒരു ജനറേറ്റർ സ്ഥാപിക്കുകയുണ്ടായി. കൂടാതെ സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ഒരു പെറ്റ് ബോട്ടിൽ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഉല്പന്നം ന്യൂട്രിഫൈഡ് എന്ന

പേരിൽ വിപണിയിൽ ഇറക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്. കൂടാതെ പാംഫ്രൂട്ട് ജാം, പാംഫ്രൂട്ട് സ്ക്വാഷ്, പാം പൈൻ എന്നിവയും ഉല്പാദിപ്പിക്കാൻ ശ്രമം നടക്കുന്നു. വിപണിയിലെ മത്സരങ്ങൾ നേരിടാൻ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ, ബാർകോഡ് എന്നിവ നേടിയിട്ടുണ്ട്.

(ബി) കെൽപാം പുറത്തിറക്കിയ പാനീയങ്ങൾ മാർക്കറ്റിൽ ഇടംപിടിക്കുന്നതിനായി പ്രത്യേകം ബങ്കുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. കൂടാതെ മൊബൈൽ ബങ്കുകൾ നടത്താൻ ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാന തലത്തിൽ ഒരു ഡിസ്ട്രിബ്യൂട്ടറെ കണ്ടെത്താനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഡിജിറ്റൽ മാർക്കറ്റിംഗിന് വേണ്ടിയുള്ള പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

(സി) 2016 മുതൽ ഗ്രാന്റ് ഇനത്തിൽ 125 ലക്ഷം രൂപയും വായ്പയായി 50 ലക്ഷം രൂപയും വ്യവസായ വകുപ്പിൽനിന്നും അനുവദിച്ചിരുന്നു. കൂടാതെ പാലക്കാട് മോഡേൺ റൈസ് മിൽ ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽനിന്നും 158 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

**പട്ടാമ്പി മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

132 (2118) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ വ്യവസായ വകുപ്പിന് കീഴിലുള്ള ഭൂമിയുടെ വിസ്തീർണം, ഭൂമി നിലവിലുള്ള സ്ഥലം, അതിൽ ഉപയോഗപ്പെടുത്തിയിട്ടുള്ള ഭൂമി, ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി, തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി അനുവദിച്ചു കൊടുത്തിട്ടുണ്ടോ; എങ്കിൽ അത് ആർക്കൊക്കെ, എന്തൊക്കെ ആവശ്യങ്ങൾക്ക്, എത്ര ഭൂമി, അതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്നിവ സഹിതം വ്യക്തമാക്കാമോ;

(സി വ്യവസായ ആവശ്യങ്ങൾക്കല്ലാതെ ഭൂമി പതിച്ചു കൊടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പട്ടാമ്പി നിയമസഭാ മണ്ഡലത്തിലെ കൊപ്പം വ്യവസായ വികസന പ്ലോട്ടിൽ ആകെ 9.53 ഏക്കർ ഭൂമിയുണ്ട്. ഇതിൽനിന്നും 2 ഏക്കർ ഭൂമി വ്യവസായ ആവശ്യത്തിനായി വിവിധ സംരംഭകർക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.

6.53 ഏക്കർ ഭൂമിയിൽ 58 കുടുംബങ്ങൾ കയ്യേറി താമസിക്കുന്നതിനാൽ വ്യവസായ ആവശ്യത്തിനായി വിനിയോഗിക്കാൻ കഴിയാതെ കിടക്കുന്നു. റോഡിനും മറ്റ് പൊതുസൗകര്യങ്ങൾക്കുമായി 0.65 ഏക്കർ ഭൂമിയും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. വ്യവസായ ആവശ്യത്തിനായി അനുവദിക്കാൻ 0.35 ഏക്കർ ഭൂമി ബാക്കിയുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി അനുവദിച്ച് കൊടുത്തതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വ്യവസായ ആവശ്യങ്ങൾക്കല്ലാതെ ഭൂമി പതിച്ച് കൊടുത്തിട്ടില്ല.

## ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്

133 (2119) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ നിർദ്ദിഷ്ട ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഈ പാർക്കിന്റെ നിർമ്മാണത്തിനായി നാളിതുവരെ കെ.എസ്.ഐ.ഡി.സി. നിർവഹിച്ച കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പാർക്കിനായുള്ള സ്ഥലമെടുപ്പ് ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) സ്ഥലമെടുപ്പ് വേഗത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ-ഡി) എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിനായി ഇതുവരെ 11.87 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി.-യുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാർക്കിനായി കണ്ടെത്തിയിട്ടുള്ള സ്ഥലം പ്രസ്തുത പദ്ധതിക്ക് അനുയോജ്യമാണോയെന്ന് ഒരു എക്സ്‌പെർട്ട് കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്താൻ തീരുമാനിക്കുകയുണ്ടായി. ആയതിൻ പ്രകാരം ബന്ധപ്പെട്ട വിവിധ വകുപ്പുകളിൽനിന്നും അംഗങ്ങളെ ഉൾപ്പെടുത്തി എക്സ്‌പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മേൽ കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി തുടർ സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് പാർക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിലെ പ്രതിസന്ധി

134 (2120) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവർക്ക് എത്രമാസമായി ശമ്പളം കിട്ടുന്നില്ല എന്നും ഈ പ്രതിസന്ധിക്ക് കാരണമെന്തെന്നും വ്യക്തമാക്കാമോ;

(സി) മാസങ്ങളോളമായി ശമ്പളം കിട്ടാത്ത ജീവനക്കാരുടെയും കുടുംബങ്ങളുടെയും ദയനീയ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശമ്പളം ലഭിക്കുവാൻ സ്വീകരിച്ച ആശ്വാസ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കാസർഗോഡ് ജില്ലയിലെ പൊതുമേഖല സ്ഥാപനമായ ബി.എച്ച്.ഇ.എല്ലിനെയും സ്ഥാപനത്തിലെ ജീവനക്കാരെയും രക്ഷിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇത്തവണ ബഡ്ജറ്റിൽ ബി.എച്ച്.ഇ.എല്ലിന്റെ പുനരുജ്ജീവനത്തിന് തുക നീക്കിവച്ചിരുന്നോ; എങ്കിൽ എത്ര തുകയാണ് നീക്കിവച്ചത്; നിലവിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് കൈമാറാത്ത പ്രസ്തുത സ്ഥാപനത്തിന് ഈ തുക ചെലവഴിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ബി.എച്ച്.ഇ.എല്ലിലെ പ്രതിസന്ധി എപ്പോഴാണ് പരിഹരിക്കാനാകുകയെന്നും അതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ ഇപ്പോൾ 150 സ്ഥിരം ജീവനക്കാരും 24 കരാർ ജീവനക്കാരുമുണ്ട്.

(ബി-എഫ്) 15 മാസമായി ശമ്പളം നൽകുന്നില്ല. എന്നാൽ പലതവണകളായി ഇടക്കാലാശ്വാസം എന്ന നിലയ്ക്ക് ചെറിയ തുകകൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്പനിക്ക് 6.65 കോടി രൂപയുടെ സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്.

ഭെൽ ഇൽക്ട്രിക്കൽ മെഷീൻ ലിമിറ്റഡിലെ ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നു. ഈ സ്ഥാപനത്തെ പൊതുമേഖലയിൽതന്നെ നിലനിർത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ താല്പര്യം പരിഗണിച്ച് ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിലെ ഭെല്ലിന്റെ 51% ഓഹരികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പൂർത്തിയാക്കി ഉത്തരവിറക്കിയെങ്കിലും കേന്ദ്ര സർക്കാരിൽനിന്ന് അന്തിമ അംഗീകാരം ലഭിക്കാത്തതിനാൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

**അമ്പലമുകൾ പെട്രോകെമിക്കൽ പാർക്ക്**

135 (2121) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലമുകൾ പെട്രോകെമിക്കൽ പാർക്ക് പദ്ധതി ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനായി അമ്പലമുകളിൽ എഫ്.എ.സി.റ്റി.-യുടെ കൈവശമുണ്ടായിരുന്ന 481.79 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. പ്രസ്തുത പദ്ധതിക്കായുള്ള പാരിസ്ഥിതിക അനുമതിക്കായി കിൻഫ്ര കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

**വടക്കാഞ്ചേരി വില്ലേജിൽ പുതിയ വ്യവസായ പാർക്ക്**

136 (2122) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി വില്ലേജിൽ പുതിയ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയായെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി നഗരസഭാ പരിധിയിൽ പി.പി.പി. മോഡലിൽ ഒരു വ്യവസായശാലയ്ക്ക് 9-5-2018-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 530/2018/ഐ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ വിഹിതമായി 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. നഗരസഭയുടെ ഭാഗത്തുനിന്ന് 50 സെന്റ് സ്ഥലം ഇതിനായി വിനിയോഗിക്കാൻ സന്നദ്ധതയും അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി വാങ്ങാൻ നഗരസഭാ തലത്തിൽ നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതി വിഭാവന ചെയ്ത രീതിയിൽ സർക്കാർ വിഹിതത്തിന് തത്തുല്യ വിഹിതമായ 50% തുക വടക്കാഞ്ചേരി നഗരസഭയിൽനിന്ന് ലഭ്യമായാൽ വ്യവസായ ശാലയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും.

## കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പ്രവൃത്തികൾ

137 (2123) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വിവിധ പ്രവൃത്തികൾക്ക് അനുവദിച്ച തുകയും പ്രവൃത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര കൊച്ചാലുംമൂട് വ്യവസായ വികസന ഏരിയയിലെ ഇന്റേണൽ റോഡ് നവീകരണത്തിനായി 25 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനാണ് പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചുമതല നൽകിയിരുന്നത്. ഈ പ്രവൃത്തി 31-3-2018-ൽ പൂർത്തീകരിക്കുകയും ചെയ്തു. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.*

പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കൊച്ചാലുംമൂട് (കൊല്ലകടവ്) വ്യവസായ എസ്റ്റേറ്റിൽ നവീകരണ പ്രവർത്തനങ്ങൾക്കായി 78 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റുകളുടെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വ്യവസായ വികസനം

138 (2124) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ പറയുന്നു:

സംരംഭക സഹായ പദ്ധതി പ്രകാരം 20 വ്യവസായ യൂണിറ്റുകൾക്ക് 76,28,475 രൂപയും നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള ബാങ്ക് പലിശ ഇനത്തിൽ ഒരു യൂണിറ്റിന് 7,266 രൂപയും അനുവദിച്ചു. താലൂക്ക്തല സംരംഭകത്വ ബോധവത്കരണ പരിപാടിയിൽ ഉൾപ്പെടുത്തി 12 സംരംഭങ്ങൾ തുടങ്ങുന്നതിന് സംരംഭകർക്കാവശ്യമായ നിർദ്ദേശങ്ങൾ വ്യവസായ വകുപ്പിന്റെ സേവനങ്ങൾ എന്നിവ സംബന്ധിച്ച ബോധവത്കരണ ക്ലാസുകൾക്കായി 90,291 രൂപയും ചെലവാക്കിയിട്ടുണ്ട്. കൈത്തറി വ്യവസായ പദ്ധതികൾക്കായി 5,14,477 രൂപയും പ്രധാനമന്ത്രിയുടെ സംരംഭകത്വ തൊഴിൽദാന മാർജിൻ മണിഗ്രാന്റ് ഇനത്തിൽ 26 സംരംഭകർക്ക് 61,15,674 രൂപയും നൽകിയിട്ടുണ്ട്. 4 സംരംഭകത്വ വികസന ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്.

ഷൊർണ്ണൂർ വ്യവസായ വികസന പ്ലോട്ടിൽ 1.32 ഏക്കർ സ്ഥലത്ത് ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 21,48,55,961 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നിർമ്മാണ ഏജൻസിയായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് മൂന്ന് കോടി രൂപയും കൈമാറിയിട്ടുണ്ട്.

## ഷൊർണ്ണൂരിൽ ബഹുനില വ്യവസായ സമുച്ചയ നിർമ്മാണം

139 (2125) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂരിൽ ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി ഡോക്കറ്റ് നമ്പർ IN.191200211 പ്രകാരം മന്ത്രിക്ക് നൽകിയ അപേക്ഷ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയതിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്റെ നമ്പർ, കമ്പ്യൂട്ടർ നമ്പർ എന്നിവയും ഈ ഫയലിന്റെ നാൾവഴി നടപടിക്രമവും വിശദമാക്കാമോ?

ഉത്തരം

(എ&ബി) IN 191200211 പ്രകാരം ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ അപേക്ഷ 9-1-2020-ൽ വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭിക്കുകയും 17-1-2020-ൽ വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിൽ എത്തുകയും ഐ.ഡി4/13842/2018 നമ്പർ ഫയലിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വ്യവസായ വാണിജ്യ ഡയറക്ടർ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരോട് ഇക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെടുകയും പ്രസ്തുത റിപ്പോർട്ട് 5-3-2020-ൽ വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭിക്കുകയും ചെയ്തു.

**പാറ ഖനനം പൊതുമേഖലയിലാക്കുന്നതിന് നടപടി**

140 (T* 2126) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ ഖനനം പൊതുമേഖലയിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടിക്രമങ്ങൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പാറ ഖനനം പൊതുമേഖലയിലാക്കുന്ന വിഷയം ഇപ്പോൾ സജീവ പരിഗണനയിലില്ല.

**വന്യജീവി സങ്കേതങ്ങളുടെ സമീപമുള്ള ക്വാറികൾ**

141 (2127) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള പാറമടകൾക്ക് കേന്ദ്ര വന്യജീവി ബോർഡിന്റെ അനുമതി വേണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്വാറികളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിനെ ചോദ്യം ചെയ്ത് ക്വാറി ഉടമകൾ നൽകിയ ഹർജിയിൽ ഹൈക്കോടതി സിംഗിൾ ബഞ്ച് വിധി പ്രസ്താവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധി എന്താണെന്ന് വ്യക്തമാക്കുമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പ്രസ്തുത വിധിക്കെതിരെ സംസ്ഥാന സർക്കാർ ഡിവിഷൻ ബഞ്ചിന് അപ്പീൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. 18-12-2019-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരവും [WP(C) No.26431 & connected cases] തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിവിധ തീയതികളിൽ പുറപ്പെടുവിച്ച സമാനമായ വിധികൾ പ്രകാരവും വിധിന്യായം ലഭിച്ച് 15 ദിവസത്തിനകം പാരിസ്ഥിതികാനുമതിയും ബന്ധപ്പെട്ട രേഖകളും സർക്കാർ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് നൽകേണ്ടതും പ്രസ്തുത രേഖകൾ ലഭിച്ച് ഒരാഴ്ചയ്ക്കകം മന്ത്രാലയം നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ വയ്ക്കേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റി 2 മാസത്തിനകം ഫയലുകളിൽ തീരുമാനമെടുക്കേണ്ടതുമാണ്. 18-5-2012-ന് മുൻപ് ഖനനാനുമതി കരസ്ഥമാക്കിയ പാരിസ്ഥിതികാനുമതി ഇല്ലാത്ത ക്വാറികൾക്കും ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ബാധകമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിവിധ വിധിന്യായങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിക്കപ്പെട്ടിട്ടില്ലെങ്കിൽ ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും 10 കി.മീ. ചുറ്റളവിനുള്ളിലുള്ള ഖനന പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള സ്റ്റോപ്പ് മെമ്മോകൾക്ക് സാധുത ഇല്ലാതാകും. തുടർന്ന് ക്വാറികൾക്ക് നിലവിലുള്ള പാരിസ്ഥിതികാനുമതി, ഖനനാനുമതി തുടങ്ങിയവയുടെ പിൻബലത്തിൽ ഖനന പ്രവൃത്തികൾ തുടരാമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുള്ളത്.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനെതിരെ അപ്പീൽ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**അനധികൃത ധാതുമണൽ ഖനനം**

142 (2128) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുമ്പയിര്, ധാതുമണൽ എന്നിവയുടെ ഖനനം പൊതുമേഖലയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിൽ എന്തെങ്കിലും ഇളവ് നൽകുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് അനധികൃത ധാതുമണൽ ഖനനം നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഖനന സംബന്ധമായ പ്രശ്നങ്ങൾമൂലം സംസ്ഥാനത്ത് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം അടച്ച് പൂട്ടിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തെ വൈവിധ്യവൽക്കരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നിലവിൽ അനധികൃത ധാതുമണൽ ഖനനം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഖനനസംബന്ധമായ പ്രശ്നങ്ങൾമൂലം പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടില്ല.

**സ്വകാര്യ കമ്പനിക്ക് കരിമണൽ ഖനനം**

143 (2129) <u>ശ്രീ. പി. കെ. ബഷീർ</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര അറ്റോമിക് മിനറൽ കൺസഷൻ നിയമത്തിന് വിരുദ്ധമായി സംസ്ഥാനത്തെ കരിമണൽ ഖനനം സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫയലിൽ ആ സമയത്തുണ്ടായിരുന്ന മൈനിങ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടറുടെ ശിപാർശ എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര അറ്റോമിക് മിനറൽ കൺസഷൻ നിയമത്തിലെ വകുപ്പുകൾ പ്രകാരം കരിമണൽ ഖനനത്തിന് സ്വകാര്യ മേഖലയ്ക്ക് അനുമതി നൽകാൻ സർക്കാരിന് കഴിയുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കെ.ആർ.ഇ.എം.എൽ. എന്ന കമ്പനിക്ക് മുൻപ് നൽകിയ 4 ഖനനാനുമതികൾ റദ്ദാക്കണമെന്നായിരുന്നു ശിപാർശ.

(സി) ഇല്ല.

**ധാതുമണൽ ഖനനത്തിന് സ്വകാര്യ കമ്പനി**

144 (2130) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ അപൂർവ്വമായ ധാതുമണൽ ഖനനത്തിന് സ്വകാര്യ കമ്പനികളെ അനുവദിക്കുന്നത് തടഞ്ഞുകൊണ്ട് അറ്റോമിക് മിനറൽ കൺസഷൻ നിയമത്തിൽ കേന്ദ്രസർക്കാർ ഭേദഗതി കൊണ്ടു വന്നിട്ടുണ്ടോ;

(ബി) കൊച്ചി ആസ്ഥാനമായ സ്വകാര്യ കമ്പനി പ്രൊമോട്ടർമാരായി രൂപീകരിച്ച കമ്പനി കേരള തീരത്തെ കരിമണൽ ഖനനത്തിന് അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഈ കമ്പനി പൂർണ്ണമായും സ്വകാര്യ കമ്പനിയാണെന്നും അതിന് ഖനന അനുമതി നൽകാനാവില്ലെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ഡയറക്ടറെ മന്ത്രിസഭായോഗത്തിൽ പോലും ചർച്ച ചെയ്യാതെ പ്രസ്തുത സ്ഥാനത്തുനിന്നും നീക്കം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുതായി അപേക്ഷ ലഭിച്ചിട്ടില്ല. 2004-ൽ നൽകിയ നാല് ഖനനാനുമതികൾ അതേവർഷംതന്നെ നിർത്തലാക്കിയിരുന്നു. മുൻകാലങ്ങളിൽ ലഭിച്ച 9 അപേക്ഷകൾ തീർപ്പ് കൽപ്പിക്കാത്തതും 16 അപേക്ഷകൾ തുടർനടപടികൾക്കായി പരിഗണിക്കാത്തതുമാണ്.

(സി)കെ.ആർ.ഇ.എം.എൽ. എന്ന കമ്പനിക്ക് മുൻപ് നൽകിയ നാല് ഖനനാനുമതികൾ റദ്ദാക്കണമെന്ന് അറിയിച്ചുകൊണ്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സർക്കാരിന് കത്ത് നൽകിയിരുന്നു.

(ഡി) വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറായിരുന്ന ശ്രീ. ബിജു കെ. ഐ.എ.എസ്.-നെ തദ്ദേശഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായി മാറ്റി നിയമിച്ചിട്ടുണ്ട്.

**വയനാട് ഹാന്റ്ലൂം, പവർലൂം സൊസൈറ്റിയുടെ ഉൽപ്പന്നങ്ങൾ**

145 (2131) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ വയനാട് ഹാന്റ് ലൂം പവർലൂം ആന്റ്

മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സർക്കാർ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ആശുപത്രി, പട്ടികവർഗ്ഗ ഹോസ്റ്റലുകൾ എന്നിവയ്ക്ക് ആവശ്യമായ തുണിത്തരങ്ങൾ പ്രസ്തുത സ്ഥാപനത്തിൽനിന്നും വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സ്ഥാപനത്തിലെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തി കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വയനാട് ഹാന്റ്ലൂം, പവർലൂം ആന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന യൂണിഫോം/ടെക്സ്റ്റൈൽ തുണിത്തരങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വിതരണം ചെയ്യുന്നതിന് സ്റ്റോർ പർച്ചേസ് റൂളിൽ 14-8-2020 വരെ ഇളവ് നൽകിയിട്ടുണ്ട്. ഇതുപ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് ടി സൊസൈറ്റിയുടെ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

(സി)കൈത്തറി വസ്ത്ര ഡയറക്ടറേറ്റ് സംഘടിപ്പിക്കുന്ന വിപണന മേളകളും കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളും പ്രയോജനപ്പെടുത്തി വയനാട് ഹാന്റ്ലൂം പവർലൂം ആന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താവുന്നതാണ്.

**കൈത്തറി മേഖലയുടെ നവീകരണം**

146 (2132) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ നവീകരണത്തിനും വൈവിധ്യവൽക്കരണത്തിനും ഈ സർക്കാർ സ്വീകരിച്ച നടപടികളും ഇതുവഴിയുണ്ടായ നേട്ടങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകുന്ന പദ്ധതിമൂലം സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ഉണ്ടായ പ്രയോജനം വ്യക്തമാക്കാമോ;

(സി) കേരളത്തിന്റെ ചൂടുകൂടിയ കാലാവസ്ഥയിൽ സ്കൂൾ യൂണിഫോമുകൾ നിർബന്ധമായും കൈത്തറി വസ്ത്രമുപയോഗിച്ചുള്ളതാക്കാനും അതുവഴി ഈ പരമ്പരാഗത വ്യവസായ മേഖലയ്ക്ക് കൂടുതൽ ഉണർവ് നൽകാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൈത്തറി മേഖലയുടെ നവീകരണത്തിനും വൈവിധ്യവൽക്കരണത്തിനും ഈ സർക്കാർ സ്വീകരിച്ച നടപടികളും ഇതുവഴിയുണ്ടാകുന്ന നേട്ടങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വസ്ത്ര മേഖല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്ത് തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പ്രവർത്തിപ്പിച്ചിരുന്നുള്ളൂ. മാത്രവുമല്ല നൂറോ നൂറ്റിയമ്പതോ രൂപ കൂലിയിൽ വർഷത്തിൽ നൂറ് ദിവസത്തിനുതാഴെ മാത്രമായിരുന്നു ജോലി ലഭ്യമായിരുന്നത്. ഇക്കാരണത്താൽ കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽനിന്നും കൊഴിഞ്ഞ് പോയിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ കൈത്തറി മേഖലയിലെ ഉന്നമനം ലക്ഷ്യമാക്കിയും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനുമായാണ് ഈ സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. ഏകദേശം 250-ൽ കൂടുതൽ തൊഴിൽദിനങ്ങളും അധിക വേതനവും പ്രസ്തുത പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്. ടി പദ്ധതി നടപ്പിലാക്കി നാല് വർഷം പിന്നിട്ടപ്പോൾ 5600-ൽ അധികം നെയ്ത്ത് തൊഴിലാളികൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ആയതിൽ 1026 പേർ നെയ്ത്ത് ജോലി പഠിച്ച് പുതുതായി ഈ പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കുന്നു. വർഷങ്ങളായി നെയ്ത്ത് ജോലിയിൽനിന്ന് മാറിനിന്ന ഏകദേശം 1300 പേർ ഈ പദ്ധതിയുടെ ഭാഗമായി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടിക്കിടന്നിരുന്ന 27 സംഘങ്ങൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചു. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ഇതുവരെ 124.8 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൈത്തറി മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്ക് ഒരു പുത്തനുണർവാണ് സംജാതമാക്കിയിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരളത്തിലെ ചൂടുകൂടിയ കാലാവസ്ഥയിൽ കൈത്തറി കൊണ്ടുള്ള സ്കൂൾ യൂണിഫോം വളരെ അനുയോജ്യമായതിനാൽ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ കൈത്തറിയിൽ നിർമ്മിച്ച സ്കൂൾ യൂണിഫോം തുണിയാണ് വിതരണം ചെയ്തുവരുന്നത്. കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തിന് പുത്തനുണർവ് നൽകാനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും 2 ജോഡി വീതം കൈത്തറി യൂണിഫോം നൽകിവരുന്നു. 2020-21 അധ്യയന വർഷവും ഈ പദ്ധതി ഇതേ രീതിയിൽ തുടരുന്നതാണ്.

## കൈത്തറി തുണിത്തരങ്ങളുടെ ഉപയോഗം

147 (2133) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തുണിത്തരങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൈത്തറി വ്യവസായ പരിശീലനത്തിനായി പുതിയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് പ്രസ്തുത മേഖലയിൽ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കൈത്തറി തുണിത്തരങ്ങളുടെ നിർമ്മാണ മേഖല ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ നൽകിയ ഗ്രാന്റ്, സബ്സിഡി എന്നിവ എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേരള കൈത്തറി വസ്ത്രങ്ങളുടെ മഹത്തായ പാരമ്പര്യം സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും അച്ചടി മാധ്യമങ്ങളിലൂടെയും കൈത്തറിയുടെ പരസ്യം നൽകിവരുന്നു. കൈത്തറി വസ്ത്രങ്ങളുടെ തനിമ വിളിച്ചോതുന്ന പരസ്യചിത്രങ്ങൾ പ്രതിവർഷം നിർമ്മിക്കുകയും അത് ഓണത്തോടനുബന്ധിച്ച് കേരളത്തിലെ വിവിധ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു. സ്കൂൾ കുട്ടികളിൽ കൈത്തറി വസ്ത്രങ്ങളെപ്പറ്റി

അവബോധം ഉളവാക്കാനായി സെമിനാറുകളും ചിത്രരചനാ മത്സരങ്ങളും ആ മത്സര വേദികളിൽ പ്രദർശന വിപണന മേളകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന കൈത്തറി തുണിത്തരങ്ങളുടെ വിപണത്തിന് ഗ്രാന്റ്, റിബേറ്റ് എന്നിവ നൽകി പ്രോത്സാഹിപ്പിക്കുന്നു.

(ബി) കൈത്തറി വ്യവസായ പരിശീലനത്തിനായി പുതിയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ വിവിധ കൈത്തറി സംഘങ്ങളിൽ നെയ്ത്ത് പരിശീലനത്തിനുള്ള സൗകര്യമൊരുക്കി പരിശീലനം നൽകിവരുന്നു. ഏകദേശം 400 പേർക്ക് കൈത്തറി ഡയറക്ടറേറ്റിനുകീഴിലും 800-ഓളം പേർക്ക് ഹാൻവീവിനുകീഴിലും ഇത്തരത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

(സി) കൈത്തറി തുണിത്തരങ്ങളുടെ നിർമ്മാണ മേഖല ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ നൽകിയ ഗ്രാന്റ്, സബ്സിഡി എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. നൂൽ സബ്സിഡി (തുക ലക്ഷം രൂപയിൽ)

| | |
|---|---|
| 2016-17 | 150.00 |
| 2017-18 | 103.32 |
| 2018-19 | 55.00 |
| 2019-20 | 44.14 |
| ആകെ | 352.46 |

2. ലൂമിന് അനുബന്ധ ഉപകരണങ്ങൾക്കുള്ള ഗ്രാന്റ് (തുക ലക്ഷം രൂപയിൽ)

| | |
|---|---|
| 2016-17 | 11.73 |
| 2017-18 | 40.84 |
| 2018-19 | 30.59 |
| 2019-20 | 31.01 |
| ആകെ | 114.17 |

3. സാങ്കേതിക മികവിനുള്ള ഉപകരണങ്ങൾക്കുള്ള ഗ്രാന്റ് (തുക ലക്ഷം രൂപയിൽ)

| | |
|---|---|
| 2016-17 | 2.29 |
| 2017-18 | 0.59 |
| ആകെ | 2.88 |

## ഖാദി മേഖലയുടെ നവീകരണം

148 (2134) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഖാദി മേഖലയുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കാനുള്ള നടപടികൾ, ഉത്സവബത്ത 1,500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കിവരികയും ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം പദ്ധതി' പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു.

## ഖാദി തുണികളുടെ പ്രചാരം വർദ്ധിപ്പിക്കൽ

149 (2135) ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഖാദി തുണികളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് 'ഖാദി ഡെ' പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം സർക്കാർ ഉദ്യോഗസ്ഥരും അദ്ധ്യാപകരും ഖാദി ധരിക്കണമെന്ന് മുൻ ഉത്തരവ് നിലവിലുണ്ട്.

## ഗ്രാമീണ ഖാദി യൂണിറ്റുകൾക്ക് പുനരുജ്ജീവനം

150 (2136) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി-ഗ്രാമീണ വ്യവസായ മേഖലയിൽ ഈ സർക്കാർ വന്നതിനുശേഷം പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതികളിലൂടെ ഈ മേഖലയിൽ എത്രപേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) നിലവിൽ ക്ഷയോന്മുഖമായ ഗ്രാമീണ ഖാദി യൂണിറ്റുകളെ പുനർജ്ജീവിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കാമോ;

(സി) റാന്നി നിയോജകമണ്ഡലത്തിലെ കൊറ്റനാട്ട് പ്രവർത്തിക്കുന്ന ഖാദി യൂണിറ്റിന് പുതിയ തറികൾ നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) ഖാദിഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത യൂണിറ്റിനെ പ്രവർത്തനക്ഷമമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിലവിൽ നടപ്പിലാക്കിവരുന്ന വ്യവസായ സംരംഭക പദ്ധതികളായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), പ്രത്യേക തൊഴിൽദാന പദ്ധതി (SEGP) എന്നീ പദ്ധതികളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകൾവഴി വ്യക്തിഗത വായ്പ നൽകിവരുന്നു. ആയതിന് കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് മുഖാന്തരം സബ്സിഡി അനുവദിക്കുന്നു. ഈ സർക്കാർ വന്നതിനുശേഷം ഓരോ പദ്ധതിയിലും നൽകിയ തൊഴിൽ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| PMEGP | - | 8791 എണ്ണം |
| SEGP (Ente gramam) | - | 4391 എണ്ണം |
| ഖാദി വ്യവസായം | - | 12500 എണ്ണം |

(ബി) ഖാദി ഗ്രാമവ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ഖാദി മേഖലയിൽ ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കാനുള്ള നടപടികൾ, ഉത്സവബത്ത 1,500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി 'ഖാദി ഗ്രാമം പദ്ധതി' നടപ്പിലാക്കിവരികയും അതുപ്രകാരം അഞ്ച് വർഷംകൊണ്ട് അയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വിഭാവന ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവയും നടപ്പിലാക്കിവരുന്നു.

ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം പദ്ധതി' പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമെ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു.

(സി) റാന്നി നിയോജക മണ്ഡലത്തിലെ കൊറ്റനാട് പ്രവർത്തിക്കുന്ന ഖാദി യൂണിറ്റിന് പുതിയ തറികൾ സ്ഥാപിക്കുന്ന വിഷയം ബോർഡിന്റെ പരിഗണനയിലാണ്. പ്രവർത്തന ഫണ്ടിന്റെ അപര്യാപ്തത കാരണം കാലതാമസം നേരിടുന്നുണ്ട്.

(ഡി) 2020-21 വർഷത്തെ ഖാദി ഗ്രാമം പദ്ധതിയിൽ പ്രസ്തുത യൂണിറ്റിനെ ഉൾപ്പെടുത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പല്ലശ്ശന പഞ്ചായത്തിൽ ഖാദി ബോർഡിന്റെ സ്ഥലം**

151 (2137) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പല്ലശ്ശന പഞ്ചായത്തിൽ ഖാദിബോർഡിന്റെ കീഴിലുള്ള പനംചക്കര സൊസൈറ്റിയുടെ പേരിലുള്ള സ്ഥലം പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നതിന് അപേക്ഷ സമർപ്പിച്ചത് പരിശോധിച്ച് അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാലക്കാട് ജില്ലയിലെ പല്ലശ്ശന പഞ്ചായത്തിൽ ഖാദി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പനംചക്കര സൊസൈറ്റിയുടെ പേരിലുള്ള സ്ഥലം പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി വിട്ടുനൽകാൻ 20-6-2018-ന് പല്ലശ്ശന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പി. ഗീത, ഖാദി ബോർഡിന് നിവേദനം നൽകിയിട്ടുണ്ട്. പ്രസ്തുത സംഘത്തിൽ ഇപ്പോൾ ലിക്വിഡേഷൻ നടപടികൾ നടന്നുവരുന്നു. ഇതുസംബന്ധിച്ച് ഖാദി ബോർഡിന് ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കായികതാരങ്ങൾക്കുള്ള പ്രോത്സാഹന നടപടികൾ**

152 (2138) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഈ സർക്കാർ ചെയ്തു വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടിമിലെ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങളുടെ നിയമനത്തിനായി ഉത്തരവായിട്ടുണ്ട്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈഭൻ ഇ.ബി.-യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് നിയമനം നൽകുന്നതുസംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ദേശീയ അന്തർദ്ദേശീയ കായിക മത്സരങ്ങളിൽ വിജയികളാകുന്ന കായിക താരങ്ങൾക്ക് സർക്കാർ അംഗീകരിച്ച താഴെപ്പറയും പ്രകാരമുള്ള നിശ്ചിത നിരക്കിൽ ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്:

| Sl. No. | Level of Championship | Gold (Rupees in Lakhs) | Silver (Rupees in lakhs) | Bronze (Rupees in Lakhs) |
|---|---|---|---|---|
| 1 | Olympics and Official world championship/Competitions – individual event | 10 | 5 | 3 |
| 2 | AsianGames/Commonwealth Games Individual events | 5 | 3 | 2 |
| 3 | Asian Championships/ Competitions Individual events | 2 | 1.5 | 1 |
| 4 | SAF Games | 1.75 | 1.25 | 0.75 |
| 5 | National Games – Individual events | 1.5 | 1 | 0.5 |
| 6 | National Championship – Senior – Individual events | 0.3 | 0.2 | 0.15 |
| 7 | Special awards for juniors – International events – Individual events | 2 | 1 | 0.5 |
| 8 | Special awards for sub juniors – International events – Individual events | 1 | 0.5 | 0.25 |
| 9 | Special awards for Juniors – National Individual events | 0.15 | 0.1 | 0.07 |
| 10 | Special awards for Sub Juniors – National | 0.1 | 0.07 | 0.05 |

2013-16 വർഷങ്ങളിലെ ദേശീയ അന്തർദേശീയ മത്സരവിജയികൾക്കുള്ള സംസ്ഥാന ക്യാഷ് അവാർഡ് തുകയായ 2,42,36,40 രൂപയും 2016-17 വർഷത്തെ ദേശീയ അന്തർദേശീയ മത്സര വിജയികളായ സീനിയർ, ജൂനിയർ, സബ് ജൂനിയർ വിഭാഗത്തിൽപ്പെട്ട കായിക താരങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ക്യാഷ് അവാർഡ് തുകയായ 1,38,10,231 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

2018-ൽ ജക്കാർത്തയിൽ വച്ച് നടന്ന 18-ാമത് ഏഷ്യൻ ഗെയിംസിൽ കേരളത്തെ പ്രതിനിധാനം ചെയ്ത കായിക താരങ്ങൾക്ക് 2,05,00,000 രൂപയുടെ ക്യാഷ് അവാർഡ് വിതരണം ചെയ്തിട്ടുണ്ട്.

2018 ഏപ്രിലിൽ കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ചാമ്പ്യൻഷിപ്പിൽ ചാമ്പ്യന്മാരായ കേരള ടീമിന് 45,00,000 രൂപയുടെ ക്യാഷ് അവാർഡ് വിതരണം ചെയ്തിട്ടുണ്ട്.

66-ാമത് ദേശീയ വോളീബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗം ജേതാക്കളായ കായിക താരങ്ങൾക്ക് 21,50,000 രൂപയുടെ ക്യാഷ് അവാർഡ് വിതരണം ചെയ്തിട്ടുണ്ട്.

ലോസ് ഏഞ്ചലസിൽ വച്ച് സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്തവർക്കും വിജയിച്ചവർക്കും ടീമിനെ അനുഗമിച്ച പരിശീലകർക്കും മാനേജർക്കുമുള്ള ക്യാഷ് അവാർഡ് തുകയായ 9,45,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

31-ാമത് റിയോ ഡി ജനീറോ ഒളിമ്പിക് മത്സരങ്ങളിൽ പങ്കെടുത്ത മലയാളി കായികതാരങ്ങൾക്കും പരിശീലകർക്കും 33,00,000 രൂപയുടെ ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുകയുണ്ടായി.

സൗത്ത് കൊറിയയിൽ വച്ച് നടന്ന വേൾഡ് ബോഡി ബിൽഡിംഗ് & ഫിസിക് ചാമ്പ്യൻഷിപ്പിൽ മിസ്റ്റർ യൂണിവേഴ്സ് പട്ടം നേടിയ മലയാളിയായ ശ്രീ. ചിത്തരേഷ് നടേശന് കായിക വികസന നിധിയിൽനിന്നും 5 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

2017 ജൂലൈ 6 മുതൽ 9 വരെ ഒഡീഷയിലെ ഭുവനേശ്വറിൽവച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മെഡൽ ജേതാക്കളായ കേരളീയ കായിക താരങ്ങൾക്കുള്ള ക്യാഷ് അവാർഡ് തുകയായ 93,50,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ വ്യക്തിഗത ഇനത്തിലും ടീമിനത്തിലും മെഡലുകൾ നേടിയ കായികതാരങ്ങൾക്ക് കായിക വികസന നിധിയിൽനിന്നും ക്യാഷ് അവാർഡായി 20,39,000 രൂപ നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി കൗൺസിലിന്റെ നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം അർഹമായ ഗ്രാന്റ് നൽകിവരുന്നു. കൂടാതെ അംഗീകാരമുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനെ പ്രതിനിധീകരിച്ച് കേരളത്തിൽ വച്ച് സംഘടിപ്പിക്കുന്ന ദേശീയ ചാമ്പ്യൻഷിപ്പുകൾക്ക് സ്പെഷ്യൽ ഗ്രാന്റും അനുവദിച്ചുവരുന്നുണ്ട്.

നിലവിലുള്ള സ്പോർട്സ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും കായികതാരങ്ങൾക്ക് നൽകിവരുന്ന സൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സ്പോർട്സ് സർവ്വകലാശാല

153 (2139) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്പോർട്സ്&ഗെയിംസിന്റെ ഉന്നമനത്തിനായി സ്പോർട്സ് സർവ്വകലാശാല ആരംഭിക്കുന്നതിന്റെ നടപടികൾ വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് സ്പോർട്സ് & ഗെയിംസിന്റെ ഉന്നമനത്തിനായി സ്പോർട്സ് സർവ്വകലാശാല ആരംഭിക്കുന്നതിന്റെ ഭാഗമായി സ്ഥലം കണ്ടെത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ കേരള

154 (2140) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ കായിക പുരോഗതിക്കായിട്ടുള്ള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ കേരള രൂപീകൃതമായത് എന്നാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംഘടനയിൽ അംഗങ്ങളായിട്ടുള്ള എല്ലാവരും സിവിൽ സർവ്വീസ് കായികമേളയിൽ പങ്കെടുക്കുന്നവരാണോ; ഇവരിൽ എത്രപേർ കഴിഞ്ഞ സിവിൽ സർവ്വീസ് മേളയിൽ ഏതെല്ലാം ഇനങ്ങളിലായി പങ്കെടുത്തു; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ സിവിൽ സർവ്വീസ് മേളയിൽ പങ്കെടുത്ത് വിജയിച്ച കായിക താരങ്ങളെ അനുമോദിക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ)സെക്രട്ടേറിയറ്റ് ജീവനക്കാരുടെ കായിക പുരോഗതിക്കായി കാലങ്ങളായി സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചുവരുന്ന സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ, കേരള 2019-ൽ TVM/TC/15/2019 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷന്റെ എല്ലാ കമ്മിറ്റി അംഗങ്ങളും സെക്രട്ടേറിയറ്റിൽ നടന്ന സിവിൽ സർവ്വീസ് മത്സരങ്ങളിൽ പങ്കെടുത്തിരുന്നു. ഇതിൽ 13 പേർക്ക് സ്റ്റേറ്റ് സിവിൽ സർവ്വീസ് മത്സരങ്ങളിലേയ്ക്ക് സെലക്ഷൻ ലഭിക്കുകയും പങ്കെടുക്കുകയും ചെയ്തു. പങ്കെടുത്ത മത്സരയിനങ്ങളും കമ്മിറ്റി അംഗങ്ങളുടെ പേരുവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ വർഷം നടന്ന സ്റ്റേറ്റ് സർവ്വീസ് മീറ്റിൽ പങ്കെടുത്ത 143 കായിക താരങ്ങൾക്ക് സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ, കേരള ട്രാക്ക് സ്യൂട്ടും പ്ലേയിംഗ് കിറ്റും നൽകിയിരുന്നു. വരുന്ന ആനുവൽ സ്പോർട്സിന് കഴിഞ്ഞ വർഷത്തെ സിവിൽ സർവ്വീസ്/സ്റ്റേറ്റ്/നാഷണൽ മെഡൽ ജേതാക്കളെ ആദരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**സ്പോർട്സ് അക്കാദമികൾക്ക് ഗ്രാന്റ്**

155 (2141) <u>ശ്രീ. പി. ടി. തോമസ്</u> :

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ/ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള സ്പോർട്സ് അക്കാദമികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇങ്ങനെ നൽകുന്ന ഗ്രാന്റ് ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇത്തരം പരിശോധനകൾ കാര്യക്ഷമമായ രീതിയിൽ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ വ്യക്തികൾ/ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഏതെല്ലാം സ്പോർട്സ് അക്കാദമികൾക്കാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളതെന്ന് അനുവദിച്ച വർഷം, തുക എന്നിവ ഉൾപ്പെടെ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ)സ്വകാര്യ വ്യക്തികൾ, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള സ്പോർട്സ് അക്കാഡമികൾ, സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ എന്നിവയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹത വിലയിരുത്തി ബഡ്ജറ്റ് തുകയുടെ ലഭ്യതയ്ക്കനുസരിച്ചാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്.

(ബി) ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തുകയും തുക അനുവദിച്ചുനൽകുന്ന അക്കാഡമികളിൽനിന്നും തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കി പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ വ്യക്തികൾ/ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള സ്പോർട്സ് അക്കാഡമികൾക്ക് അനുവദിച്ച ഗ്രാന്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സ്പോർട്സ് ട്രെയിനിംഗ് സെന്ററിന്റെ പേര് | അനുവദിച്ച വർഷം | അനുവദിച്ച തുക |
|---|---|---|
| മേഴ്സിക്കുട്ടൻ അത്‌ലറ്റിക് അക്കാദമി | 2017 | 50,00,000 |
| | 2019 | 4,80,000 |
| ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക് | 2018 | 1,00,00,000 |
| എസ്.ടി.വി. ടേബിൾ ടെന്നീസ് അക്കാദമി | 2018 | 25,00,000 |
| | 2019 | 10,00,000 |
| ജംപ്സ് അക്കാദമി, പാല, കോട്ടയം - അത്‌ലറ്റിക്സ് | 2016, 2017, 2018 | 3,00,000 |
| സെന്റ് ജോർജ് എച്ച്.എസ്.എസ്. കോതമംഗലം - അത്‌ലറ്റിക്സ് | 2016, 2017, 2018, 2019 | 4,00,000 |
| യംഗ് സോൾജിയേഴ്സ് ടേബിൾ ടെന്നീസ് ട്രെയിനിംഗ് സെന്റർ, ചെന്നലോട്, വയനാട് - ടേബിൾ ടെന്നീസ് | 2016 | 1,00,000 |
| മാർബേസിൽ എച്ച്.എസ്.എസ്. കോതമംഗലം - അത്‌ലറ്റിക്സ് | 2016, 2017, 2018, 2019 | 4,00,000 |
| മലബാർ സ്പോർട്സ് അക്കാദമി, കോഴിക്കോട് - അത്‌ലറ്റിക്സ് | 2016, 2017 | 2,00,000 |
| മലബാർ സ്പോർട്സ് അക്കാദമി - വോളിബോൾ | 2016, 2017, 2018 | 3,00,000 |

## കൃത്രിമ ടർഫ്/നാച്ചുറൽ ടർഫ് വിരിച്ചിട്ടുള്ള കളിക്കളങ്ങൾ

156 (2142) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് എത്ര കളിക്കളങ്ങളിൽ കൃത്രിമ ടർഫ്/നാച്ചുറൽ ടർഫ് വിരിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ കളിക്കളങ്ങളിലാണ് ഇപ്രകാരം കൃത്രിമ ടർഫ്/നാച്ചുറൽ ടർഫ് വിരിച്ചിട്ടുള്ളത് എന്ന വിവരം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) പ്രസ്തുത കളിക്കളങ്ങളിൽ സെവൻസ് ഫുട്ബോൾ കളിക്കുന്നതിനായുള്ള കളിക്കളങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; അവയിലൊന്നിന്റെ എസ്റ്റിമേറ്റ് കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 4 കളിക്കളങ്ങളിലാണ് കൃത്രിമ ടർഫ്/ നാച്ചുറൽ ടർഫ് ചെയ്യുന്നത്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| നമ്പർ | കളിസ്ഥലം | കൃത്രിമ ടർഫ്/ നാച്ചുറൽ ടർഫ് | ജില്ല |
|---|---|---|---|
| 1 | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ (ഇലവൻസ് ഫുട്ബോൾ കളിക്കളം) | നാച്ചുറൽ ടർഫ് | തിരുവനന്തപുരം |
| 2 | കുന്നംകുളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ (ഇലവൻസ് ഫുട്ബോൾ കളിക്കളം) | നാച്ചുറൽ ടർഫ് | തൃശ്ശൂർ |
| 3 | കോട്ടായി ഹയർ സെക്കന്ററി സ്കൂൾ (സെവൻസ് ഫുട്ബോൾ കളിക്കളം) | നാച്ചുറൽ ടർഫ് | പാലക്കാട് |
| 4 | കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് (സെവൻസ് ഫുട്ബോൾ കളിക്കളം) | കൃത്രിമ ടർഫ് | പാലക്കാട് |

(സി) സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നാച്ചുറൽ ടർഫ്/കൃത്രിമ ടർഫ് ചെയ്യുന്ന കളിക്കളങ്ങളിൽ പാലക്കാട് കണ്ണമ്പ്ര പഞ്ചായത്ത് ഗ്രൗണ്ടിലും കോട്ടായി ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിലുമാണ് സെവൻസ് ഫുട്ബോൾ കളിസ്ഥലങ്ങളുള്ളത്. കണ്ണമ്പ്ര പഞ്ചായത്ത് ഗ്രൗണ്ടിന്റെ 2017-ൽ തയ്യാറാക്കിയ 1,58,21,387 രൂപയുടെ സെവൻസ് കൃത്രിമ ടർഫിന്റെ എസ്റ്റിമേറ്റിന്റെ കോപ്പി അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

**സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകൾ**

157 (2143) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച ദേശീയ അന്തർദ്ദേശീയ താരങ്ങളെ സംഭാവന ചെയ്യുന്നതും സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ളതുമായ സ്പോർട്സ് ഹോസ്റ്റലുകളിൽ മതിയായ എണ്ണം കുട്ടികളെ ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സാധാരണക്കാരായ കുട്ടികളുടെ ആശ്രയമായ ഇത്തരം സ്ഥാപനങ്ങളിൽ മതിയായ എണ്ണം കുട്ടികളെ ലഭ്യമാക്കുന്നതിനും ഈ സ്പോർട്സ് ഹോസ്റ്റലുകളുടെ നിലനിൽപ്പ് ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) മികച്ച ദേശീയ അന്തർദ്ദേശീയ താരങ്ങളെ വാർത്തെടുക്കുന്നതിനുവേണ്ടി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാദമികൾ, എലൈറ്റ് സ്കീം, ഓപ്പറേഷൻ ഒളിമ്പ്യ സ്കീം എന്നിവയിലേയ്ക്ക് വർഷംതോറും സെലക്ഷൻ നടത്തി കായിക താരങ്ങളെ കൗൺസിൽ തെരഞ്ഞെടുക്കുന്നുണ്ട്. ഈ വർഷം മേൽസൂചിപ്പിച്ച എല്ലാ സ്കീമുകളിലേയ്ക്കുമായി 2689 കായികതാരങ്ങളെയാണ് കൗൺസിൽ തെരഞ്ഞെടുത്ത് പരിശീലനം നൽകിവരുന്നത്. നിലവിലെ സാഹചര്യത്തിൽ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ആവശ്യത്തിനുള്ള ഹോസ്റ്റലുകളും അതിൽ ഉൾക്കൊള്ളിക്കാവുന്ന പരമാവധി കായികതാരങ്ങളുമുണ്ട്. എന്നാൽ ചില സ്കൂൾ/കോളേജ് ഹോസ്റ്റലുകളിൽ പരിശീലകരുടെ അഭാവം നിലനിൽക്കുന്നതിനാൽ ഇത്തരം ഹോസ്റ്റലുകളിലേയ്ക്ക് കുട്ടികൾ അഡ്മിഷൻ എടുക്കാൻ താൽപ്പര്യപ്പെടാറില്ല. പ്രസ്തുത പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## രാജീവ്ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന്റെ സേവനം

158 (2144) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പ്രവർത്തിച്ച് വരുന്ന രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന്റെ സേവനം സംസ്ഥാനത്ത് മറ്റേതെങ്കിലും ജില്ലകളിൽ വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററുകളിലെ ഡോക്ടർമാരുടേയും ജീവനക്കാരുടെയും നിയമനത്തിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന രാജീവ്ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന്റെ മാതൃകയിൽ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ പുതിയ സ്പോർട്സ് സയൻസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) രണ്ട് ഡോക്ടർ, ഒരു നഴ്സ് എന്നീ തസ്തികയിൽ പി.എസ്.സി./ ഡെപ്യൂട്ടേഷൻ മുഖേനയാണ് നിയമിക്കുന്നത്. നിലവിലുള്ള രണ്ട് ഫിസിയോതെറാപ്പിസ്റ്റിന്റെ തസ്തികകളിൽ ഒരു തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഒരു ഫിസിയോതെറാപ്പിസ്റ്റ് ആംബുലൻസ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡർ എന്നിവരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വയക്കര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയം

159 (2145) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വയക്കര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നിലവിലുള്ള ഇൻഡോർ സ്റ്റേഡിയം പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്റ്റേഡിയം നിർമ്മാണം**

160 (2146) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മിച്ച ഓരോ സ്റ്റേഡിയത്തിനും ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഏത് പദ്ധതി പ്രകാരമാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇനി ഏതെങ്കിലും ജില്ലയിൽ പുതിയതായി സ്റ്റേഡിയം അനുവദിക്കുമോയെന്നും എങ്കിൽ അതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന 57 സ്റ്റേഡിയങ്ങളിൽ 24 സ്റ്റേഡിയങ്ങളുടെ പ്രവൃത്തി നടന്നുവരികയാണ്. ഇതിൽ 17 സ്റ്റേഡിയങ്ങൾ ഈ വർഷത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇവയുടെ നിർമ്മാണ നിർവ്വഹണം എസ്.പി.വി. ആയ കിറ്റ്കോ ലിമിറ്റഡ് മുഖേനയാണ് കായിക വകുപ്പ് നടത്തിവരുന്നത്. പ്രസ്തുത പ്രവൃത്തികളുടെ ബിൽ തുക കിഫ്ബി കരാറുകാരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് നൽകുന്നത്. കൂടാതെ കായിക വകുപ്പ് നേരിട്ട് സ്കൂൾ, മുനിസിപ്പൽ, പഞ്ചായത്ത് തലങ്ങളിലുള്ള കളിസ്ഥലങ്ങളുടെ പുനരുദ്ധാരണത്തിനും വിപുലീകരണത്തിനും പദ്ധതികൾ നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ ഈ വർഷത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി)കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾക്ക് കിഫ്ബിയാണ് ഫണ്ട് ലഭ്യമാക്കുന്നത്. കായിക വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടാണ് ഉപയോഗിക്കുന്നത്.

(സി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ**

161 (2147) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഓരോ സ്റ്റേഡിയത്തിനും ചെലവാക്കുന്ന തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളിൽ സജ്ജമാക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കായിക വകുപ്പിനുകീഴിൽ സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

**കായിക താരങ്ങൾക്ക് സർക്കാർ ജോലി**

162 (2148) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഏങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ & ബി) മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ വിവിധ തസ്തികകളിൽ നിയമനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 83 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

## സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ച വയനാട് ജില്ലയിലെ കായിക താരങ്ങൾ

163 (2149) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകാനുള്ള തീരുമാന പ്രകാരം വയനാട് ജില്ലയിൽ നിന്ന് ആർക്കെങ്കിലും ജോലി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുകയുണ്ടായി. ആയതിൽ വയനാട് ജില്ലയിൽ നിന്നുള്ള കായിക താരങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## പാലക്കാട് ജില്ലയിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

164 (2150) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഖേലോ ഇന്ത്യ പദ്ധതി പ്രകാരം എന്തെല്ലാം പുതിയ പ്രവൃത്തികൾ ആണ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്നത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഖേലോ ഇന്ത്യാ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കിവരുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചാലക്കുടി മുനിസിപ്പൽ ഇൻഡോർ സ്റ്റേഡിയം

165 (2151) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച് നിർമ്മാണം നടക്കുന്ന ചാലക്കുടി മുനിസിപ്പൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണ് എന്നും എന്തെല്ലാം കായിക സൗകര്യങ്ങളാണ് പ്രസ്തുത സ്റ്റേഡിയത്തിൽ ഒരുക്കുന്നത് എന്നും അറിയിക്കാമോ;

(ബി) ചാലക്കുടിയിലെ ഇൻഡോർ സ്റ്റേഡിയം എന്നത്തേക്ക്നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2016-17 ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച ചാലക്കുടി മുനിസിപ്പൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിൽ ആറ് ബാഡ്മിന്റൺ കോർട്ടുകൾ, ഒരു ബാസ്കറ്റ് ബോൾ കോർട്ട്, ഗ്യാലറി സൗകര്യം, ഓഫീസ് റൂം, ചെയ്ഞ്ച് റൂം, ഡോർമിറ്ററി മുതലായ സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 48% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി)ഈ വർഷംതന്നെ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## കോഴിക്കോട് സർവ്വകലാശാല സ്റ്റേഡിയം

166 (2152) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല സ്റ്റേഡിയം അന്തർദേശീയ മത്സരങ്ങൾ നടത്താൻ പര്യാപ്തമായ രീതിയിൽ നവീകരിക്കുന്നതിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ, ഡി.പി.ആർ. അടക്കം സർക്കാരിന് സമർപ്പിച്ചിരുന്നുവോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലെഡ്ലൈറ്റുകളും സ്പോർട്സ് പവലിയനും ഉൾപ്പെടെ നിർമ്മിച്ച് അന്തർദേശീയ സ്റ്റേഡിയമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

**ചിങ്ങവനത്ത് സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട്**

167 (2153) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നിയോജകമണ്ഡലത്തിൽ ചിങ്ങവനത്ത് സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനും ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) ഇതിനായി എത്ര ഏക്കർ സ്ഥലം സർക്കാർ നീക്കിവെച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വർഷം തന്നെ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ നാട്ടകം വില്ലേജിൽ ചിങ്ങവനത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച് ആരംഭിക്കുന്നതിനായി 11.25 ഏക്കർ സ്ഥലത്ത് 23-2-2016-ന് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് തറക്കല്ലിടുകയും ഇതേ തുടർന്ന് മൂന്ന് പ്രീഫാബ് യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ കായികയുവജന കാര്യാലയം മുഖേന കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത സ്ഥലത്ത് സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം എന്ന പേരിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 38.19 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) ചിങ്ങവനത്തുള്ള 11.25 ഏക്കർ ഭൂമി കായികയുവജന കാര്യാലയം ഡയറക്ടറുടെ പേരിൽ കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കലാഭവൻ മണിയുടെ സ്മരണയ്ക്കായി നടത്തുന്ന പ്രോഗ്രാമുകൾ**

168 (2154) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരിച്ച അനശ്വര കലാകാരൻ കലാഭവൻ മണിയുടെ സ്മരണയ്ക്കായി സംസ്ഥാന യുവജനക്ഷേമ ബോർഡ് എന്തെല്ലാം മത്സരങ്ങളും പ്രോഗ്രാമുകളുമാണ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) യുവകലാകാരൻമാരെ ഉൾപ്പെടുത്തി നാടൻ പാട്ടിന് പുറമെ മിമിക്രിയ്ക്ക് കൂടി സംസ്ഥാനതല മത്സരം നടത്തി പുരസ്കാരങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നേരത്തെ നൽകി വന്നിരുന്ന പുരസ്കാരങ്ങളുടെ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്തരിച്ച അനശ്വര കലാകാരൻ കലാഭവൻ മണിയുടെ സ്മരണയ്ക്കായി സംസ്ഥാന യുവജന ക്ഷേമ ബോർഡ് കഴിഞ്ഞ വർഷം മുതൽ 'മണിനാദം' എന്ന പേരിൽ ജില്ല/സംസ്ഥാനതല നാടൻപാട്ട് മത്സരം നടത്തിവരുന്നു. ജില്ലാതല നാടൻപാട്ട് മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടി വിജയിച്ച ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഈ വർഷവും 2020 മാർച്ച് 6, 7 തീയതികളിൽ കലാഭവൻ മണിയുടെ ജന്മനാടായ തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽവച്ച് സംസ്ഥാനതല നാടൻപാട്ട് മത്സരം സംഘടിപ്പിക്കുന്നു.

(ബി) ഇത്തവണ ജില്ല/സംസ്ഥാനതല നാടൻപാട്ട് മത്സരത്തിനുപുറമെ തൃശ്ശൂർ ജില്ലയിൽമാത്രം മിമിക്രി മത്സരംകൂടി സംഘടിപ്പിക്കുന്നുണ്ട്. മിമിക്രിക്കുകൂടി സംസ്ഥാനതല മത്സരം നടത്തി പുരസ്കാരങ്ങൾ നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(സി) 'മണിനാദം' നാടൻപാട്ട് മത്സരം സംസ്ഥാനതല വിജയികൾക്ക് നൽകിവരുന്ന പുരസ്കാരങ്ങളുടെ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം മുതൽ സംസ്ഥാനതല മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്ന ടീമുകൾക്ക് യഥാക്രമം 1,00,000, 75,000, 50,000 രൂപ വീതം പ്രൈസ് മണിയായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

## സുരക്ഷിതമല്ലാത്ത വൈദ്യുതി പോസ്റ്റുകൾ

169 (2155) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പോസ്റ്റുകൾ നിർമ്മിക്കുന്നതിന് ബോർഡ് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതെന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) എന്നാൽ ഇപ്പോൾ പുതുതായി വന്നു കൊണ്ടിരിക്കുന്ന പോസ്റ്റുകളിലെ സിമന്റ് കൈ തൊടുമ്പോൾ അടർന്ന് പോകുന്നതായും ഉയർത്തുമ്പോൾ നടുഭാഗം ഒടിയുന്നതായുമുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) തൊടുപുഴ ആലക്കോട് സെക്ഷനിൽ നാളിയാനിയിൽ പുതിയ പോസ്റ്റ് സ്ഥാപിക്കുമ്പോൾ രണ്ട് പോസ്റ്റുകൾ നടുഭാഗം ഒടിഞ്ഞു വീണ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) സിമന്റും കമ്പിയും കുറഞ്ഞ തോതിൽ മാത്രം ഉപയോഗിച്ച് നിർമ്മിക്കുന്ന ഇത്തരം പോസ്റ്റുകൾ പല വിധത്തിലുള്ള അപകടങ്ങൾക്കും കാരണമാകുമെന്ന വിദഗ്ദ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഏത് സ്ഥാപനമാണ് ഇത്തരം പോസ്റ്റുകൾ ബോർഡിന് നൽകിയത്; അവരിൽ നിന്നും ബോർഡിനുണ്ടായ നഷ്ടം ഈടാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; ഇവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുമോ; വിശദാംശങ്ങൾ നൽകുമോ; ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വൈദ്യുതി പോസ്റ്റുകൾ നിർമ്മിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളും സ്പെസിഫിക്കേഷനുകളുമുണ്ട്. റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (REC) നിർദ്ദേശിച്ചിട്ടുള്ള സ്റ്റാൻഡേർഡും ഡിസൈനും അനുസരിച്ചും സിമെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ അനുസരിച്ചുമാണ് വൈദ്യുതി പോസ്റ്റുകൾ നിർമ്മിക്കുന്നത്. IS1678-1998, ISI 2905-1989 എന്നിവ നിഷ്കർഷിക്കുന്ന ടെസ്റ്റുകൾ നടത്തിയാണ് പി.എസ്.സി. പോസ്റ്റുകൾ സ്വീകരിക്കുന്നത്. വൈദ്യുതി ബോർഡ് നിലവിൽ ഉപയോഗിക്കുന്നത് 8 മീറ്റർ, 9 മീറ്റർ പ്രീസ്ട്രെസ്ഡ് കോൺക്രീറ്റ് തൂണുകളാണ് (PSC Poles). റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (REC-Design) നിഷ്കർഷിച്ചിട്ടുള്ള ഡിസൈൻ

സ്റ്റാൻഡേർഡ് പ്രകാരം വർക്കിംഗ് ലോഡ് 140 കി.ഗ്രാമിന്റെ 8 മീറ്റർ പി.എസ്.സി. പോസ്റ്റും 200 കി.ഗ്രാമിന്റെ 9 മീറ്റർ പി.എസ്.സി. പോസ്റ്റുമാണ് കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ വാങ്ങുന്നത്. ടി പോസ്റ്റുകളിൽ 4 എം.എം. വ്യാസമുള്ള ഹൈടെൻഷൻ സ്റ്റീൽ വയർ (HTS-വയർ) ആണ് പ്രീസ്ട്രെസ്സിങ്ങിന് ഉപയോഗിക്കുന്നത്. HTS-വയറിന്റെ വ്യാസം, എണ്ണം മുതലായവ ആർ.ഇ.സി. ഡിസൈൻ സ്റ്റാൻഡേർഡ് പ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത്. കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ ആർ.ഇ.സി. അവലംബിച്ചാണ് വൈദ്യുത പോസ്റ്റുകൾക്ക് കരാർ നൽകുന്നത്.

(ബി) പുതുതായി വന്നുകൊണ്ടിരിക്കുന്ന പോസ്റ്റുകളിലെ സിമെന്റ് കൈ തൊടുമ്പോൾ അടർന്ന് പോകുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ചില പോസ്റ്റുകൾ ഒടിഞ്ഞതായി റിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ പോസ്റ്റുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡിസ്ട്രിബ്യൂഷൻ മേഖലാ ചീഫ് എഞ്ചിനീയർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) തൊടുപുഴ ആലക്കോട് സെക്ഷനിൽ രണ്ട് പോസ്റ്റുകൾ ഒടിഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോസ്റ്റുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിന് പോസ്റ്റുകളുടെ നിർമ്മാണ വേളയിൽ ഉദ്യോഗസ്ഥരെ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പർച്ചേസ് ഓർഡറിൽ പരാമർശിച്ചിട്ടുള്ള ഐ.എസ്. സ്പെസിഫിക്കേഷൻസ് അനുസരിച്ചാണ് പോസ്റ്റ് നിർമ്മിച്ച് ബോർഡ് നൽകേണ്ടത്. സിമന്റിന്റെയും കമ്പിയുടെയും തോത് മാത്രമല്ല, പോസ്റ്റ് നിർമ്മാണത്തിലെ മോൾഡിംഗ്, പ്ലേസിംഗ്, ക്യൂവറിംഗ് എന്നിവയും ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരവും അനുപാതവും പർച്ചേസ് ഓർഡറിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രീസ്ട്രെസ്ഡ് കോൺക്രീറ്റ് എന്ന പ്രത്യേക സാങ്കേതികവിദ്യയാണ് പോസ്റ്റ് നിർമ്മാണത്തിനായി അവലംബിച്ചിരിക്കുന്നത്.

(ഇ) ബോർഡ് നിലവിൽ പ്രീസ്ട്രെസ്ഡ് കോൺക്രീറ്റ് സാങ്കേതികവിദ്യ പ്രകാരം PSC Poles മാത്രമാണ് പർച്ചേസ് ചെയ്യുന്നത്. നിലവിലുള്ള പർച്ചേസ് ഓർഡറുകൾ പ്രകാരം 11 സ്ഥാപനങ്ങളുമായി PSC Poles സപ്ലൈ ചെയ്യുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്.

പോസ്റ്റുകൾക്ക് 18 മാസത്തെ ഗ്യാരണ്ടിയാണ് നിഷ്കർഷിച്ചിട്ടുള്ളത്. പോസ്റ്റുകളുടെ നിർമ്മാണ തകരാറുകൾമൂലമുണ്ടാകുന്ന നഷ്ടങ്ങൾ നിർമ്മാതാക്കളിൽ നിന്നും ഈടാക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## റോഡ് നവീകരണാർത്ഥം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്ന പ്രവൃത്തി

170 (2156) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് നവീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി മാനന്തവാടി മണ്ഡലത്തിൽ എത്ര രൂപ വൈദ്യുതി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്;വിശദമാക്കുമോ;

(ബി) ഏതെല്ലാം റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വകുപ്പിൽ തുക അടച്ചിട്ടുണ്ട്;അറിയിക്കുമോ;

(സി) നിലവിൽ റോഡ് നവീകരണാർത്ഥം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്ന പ്രവൃത്തികളുടെ സ്ഥിതി അറിയിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് നവീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിനായി മാനന്തവാടി നിയോജക മണ്ഡലത്തിൽ 65,20,365 രൂപ അടച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ 8,14,686 രൂപയുടെ പ്രവൃത്തികൾ വൈദ്യുതി വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന റോഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് KSEBL ഓഫീസുകളിൽ തുക അടച്ചിട്ടുണ്ട്.

1. തരുവണ - കുടത്തുവയൽ റോഡ് - 5,62,144 രൂപ
2. ഇണ്ടിയേരിക്കുന്ന് - വെള്ളിലാടിക്കുന്ന് റോഡ് - 2,34,974 രൂപ
3. മാനന്തവാടി - കൈതക്കൽ റോഡ് - 51,05,027 രൂപ
4. കുടോത്തുമ്മൽ-മേച്ചേരി - 17,568 രൂപ
5. ചെറുകാട്ടൂർ - കൈതക്കൽ റോഡ് - 6,00,652 രൂപ

(സി) റോഡ് നവീകരണാർത്ഥം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്ന പ്രവൃത്തികളുടെ തൽസ്ഥിതി ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | തരുവണ-കുടത്തുവയൽ റോഡ് | 5,62,144 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | ഇണ്ടിയേരിക്കുന്ന്- വെള്ളിലാടിക്കുന്ന് റോഡ് | 2,34,974 | |
| 3 | കുടോത്തുമ്മൽ - മേച്ചേരി | 17,568 | |
| 4 | മാനന്തവാടി - കൈതക്കൽ റോഡ് | 51,05,027 | പ്രവൃത്തി നടന്നുവരുന്നു |
| 5 | ചെറുകാട്ടൂർ - കൈതക്കൽ റോഡ് | 6,00,652 | |
| 6 | പാലമുക്ക് - ചുണ്ടമുക്ക് റോഡ് | 4,64,432 | ഭരണാനുമതി നൽകി ഡിമാന്റ് നോട്ടീസ് കൊടുത്തിട്ടുണ്ട് |
| 7 | മക്കിയാട് - നിരവിൽപ്പുഴ റോഡ് | 32,18,039 | |
| 8 | കാട്ടിക്കുളം - കാളിക്കൊല്ലി റോഡ് | 4,70,219 | |
| 9 | തിരുനെല്ലി അമ്പലം - നെട്ടാര | 13,44,063 | |
| 10 | കരിന്തിരിക്കടവ് - കുണ്ടാല റോഡ് | | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 11 | B – സ്ട്രീറ്റ് - ജെസ്സി റോഡ് | | |

**എൻ.ടി.പി.സി.യുമായുള്ള കരാറുമൂലം കെ.എസ്.ഇ.ബി.എൽ.-നുണ്ടാകുന്ന ധനനഷ്ടം**

171 (2157) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗിക്കാത്ത വൈദ്യുതിക്ക് ഫിക്സഡ് കോസ്റ്റ് ഇനത്തിൽ മാസം 27 കോടി രൂപ തോതിൽ വർഷം 324 കോടി രൂപയും അഞ്ചു വർഷത്തേക്ക് 1620 കോടി രൂപയും കെ.എസ്.ഇ.ബി.എൽ. കായംകുളത്തെ നാഷണൽ തെർമൽ പവർ കോർപ്പറേഷന് (എൻ.ടി.പി.സി.) നൽകേണ്ടിവരുമോ;

(ബി) 2025 വരെയാണോ എൻ.ടി.പി.സി.യുമായി കരാറുള്ളത്; എങ്കിൽ ഇത് എത്രയും വേഗം അവസാനിപ്പിച്ചില്ലെങ്കിൽ കെ.എസ്.ഇ.ബി.എൽ. വലിയ പ്രതിസന്ധിയിൽ അകപ്പെട്ടുമെന്ന് കരുതുന്നുണ്ടോ; കൂടാതെ ഈ പണം മുഴുവൻ സാധാരണക്കാരായ ജനം വൈദ്യുതി നിരക്കായി കെ.എസ്.ഇ.ബി.എൽ.-ന് നൽകേണ്ടി വരുമോ; വിശദാംശങ്ങൾ നൽകാമോ;

(സി) കേരളത്തിന് പുറത്ത് നിന്നും കുറഞ്ഞ വിലക്ക് യഥേഷ്ടം വൈദ്യുതി ലഭിക്കുന്ന സാഹചര്യത്തിൽ പഴയ കരാറിന്റെ പേരിൽ കോടികളുടെ ബാധ്യത കെ.എസ്.ഇ.ബി. ഏറ്റെടുക്കേണ്ട കാര്യമുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) എൻ.ടി.പി.സി.യുമായി കായംകുളം താപവൈദ്യുത നിലയം സംബന്ധിച്ച കരാർ അവസാനിപ്പിച്ചാൽ കേരളത്തിൽ വൈദ്യുതി നിരക്ക് യൂണിറ്റിന് പത്ത് പൈസ വരെ കുറയുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരാർ അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) സാധാരണ നിലയിൽ കേന്ദ്ര വൈദ്യുതി ഉൽപ്പാദക നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ വില നിശ്ചയിക്കുന്നത് നിലയങ്ങളുമായി വിതരണ കമ്പനികൾ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറിന്റെയും കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന റെഗുലേഷൻ പ്രകാരവുമാണ്. 2015 മുതൽ കായംകുളം താപവൈദ്യുത നിലയം പ്രവർത്തിക്കുന്നില്ല. ഇങ്ങനെ പ്രവർത്തിക്കാത്ത കായംകുളം നിലയത്തിന് ഉയർന്ന ഫിക്സഡ് ചാർജ് നൽകുന്നത്, കെ.എസ്.ഇ.ബി.എൽ.-നും സംസ്ഥാനത്തിലെ ജനങ്ങൾക്കും ദോഷം ചെയ്യുന്നതിനാൽ ടി നിലയത്തിന്റെ ഫിക്സഡ് ചാർജ് കുറയ്ക്കുന്നതിനുവേണ്ടി ചർച്ചകൾ നടക്കുകയുണ്ടായി. സംസ്ഥാന ഗവൺമെന്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഇപ്രകാരമുള്ള ചർച്ചകളനുസരിച്ച് ടി നിലയത്തിന്റെ ഫിക്സഡ് ചാർജ് 2014-2019 കാലയളവിലേയ്ക്ക് പ്രതിവർഷം 200 കോടി രൂപയായി നിജപ്പെടുത്തി.

2019-2024 കാലയളവിലെ ഫിക്സഡ് ചാർജ്ജ് നിജപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള ചർച്ചകൾ പുരോഗമിക്കുന്നു. പ്രവർത്തിപ്പിക്കാത്ത നിലയത്തിന് ഉയർന്ന ഫിക്സഡ് ചാർജ് നൽകാൻ കഴിയില്ല എന്നതുകൊണ്ട് എൻ.ടി.പി.സി.-യോട് അവരുടെ നിലയത്തിലെ യഥാർത്ഥ ചെലവിന്റെ കണക്ക് നൽകാൻ ആവശ്യപ്പെടുകയുണ്ടായി. കായംകുളം നിലയത്തിന്റെ യഥാർത്ഥ ചെലവുകൾ മാത്രമേ കെ.എസ്.ഇ.ബി.എൽ. നൽകുകയുള്ളൂവെന്ന് എൻ.ടി.സി.പി.-യെ അറിയിക്കുകയുണ്ടായി. എൻ.ടി.പി.സി. തങ്ങളുടെ ടി നിലയത്തിലുള്ള യഥാർത്ഥ ചെലവ് അറിയിക്കാത്തതിനാൽ പ്രതിവർഷം 62.35 കോടി രൂപ കണക്കിൽ മാത്രമേ കെ.എസ്.ഇ.ബി.എൽ. എൻ.ടിപി.സി.-ക്ക് ഫിക്സഡ് ചാർജ് നൽകുന്നുള്ളൂ. ടി തുക കായംകുളം നിലയത്തിന്റെ ഏകദേശം ചെലവായിട്ടാണ് കെ.എസ്.ഇ.ബി.എൽ. കണക്കാക്കുന്നത്. ഇതിന് എൻ.ടി.പി.സി.-ക്ക് സമ്മതമല്ല. എന്നാൽ ഉയർന്ന ഫിക്സഡ് ചാർജ് നൽകി PPA തുടർന്നുപോകാൻ കെ.എസ്.ഇ.ബി.എൽ.-നും താൽപ്പര്യമില്ല. എൻ.ടി.പി.സി.-യും കെ.എസ്.ഇ.ബി.എൽ.-ഉം തമ്മിൽ ഒരു ധാരണയുണ്ടായില്ലെങ്കിൽ PPA ഒഴിവാക്കുന്ന കാര്യവും കെ.എസ്.ഇ.ബി.എൽ. ആലോചിക്കുന്നുണ്ട്.

(ബി) 2025 വരെയാണ് എൻ.ടി.പി.സി.-യുമായി കെ.എസ്.ഇ.ബി.എൽ-ന് കായംകുളം നിലയത്തിന്റെ PPA-യുള്ളത്. ഉപയോഗിക്കാത്ത ഈ നിലയത്തിന്റെ ഫിക്സഡ് ചാർജ് എൻ.ടി.പി.സി. കുറച്ചില്ലെങ്കിൽ ടി നിലയത്തിന്റെ കരാർ ഉടൻതന്നെ പുനഃപരിശോധിച്ച് നേരത്തേ നിർത്തലാക്കാനുള്ള നടപടികൾ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ആലോചിച്ചുവരുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ടി നിലയത്തിന്റെ ഫിക്സഡ് ചാർജ് 2018-19 കാലയളവുവരെ മാത്രമേ അനുവദിച്ച് നൽകിയിട്ടുള്ളൂ. 2019-20 മുതൽ അനുവദിച്ചുതരുന്നതല്ലെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ബാധ്യത കെ.എസ്.ഇ.ബി.എൽ.-ന് വലിയ പ്രതിസന്ധി സൃഷ്ടിക്കും. റെഗുലേറ്ററി കമ്മീഷൻ താരിഫ് നിർണ്ണയിക്കുന്നതിൽ തുക ഉൾപ്പെടുത്താത്തത് ഈ സംഖ്യ താരിഫിൽ നേരിട്ട് പ്രതിഫലിക്കുകയില്ലെങ്കിലും ഇതിന്റെ അന്തിമ ബാധ്യത പൊതുജനങ്ങളെ ബാധിക്കുന്നതാണ്.

(സി) പുറമേനിന്നും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുന്നുവെന്ന ഒറ്റക്കാരണത്താൽ കരാർ ലംഘനം നടത്തുന്നത് നിയമപ്രശ്നങ്ങൾക്ക് ഇടയാകും. എന്നിരുന്നാലും ഇത്തരം കൂടിയ ഫിക്സഡ് ചാർജ് നൽകി ഈ കരാർ തുടർന്നുകൊണ്ടുപോകുന്നത് പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനാൽ ടി കരാർ പുനഃപരിശോധിക്കാൻ കെ.എസ്.ഇ.ബി.എൽ. നടപടികളെടുത്തുതുടങ്ങിയിട്ടുണ്ട്.

(ഡി) മേല്പറഞ്ഞ പ്രകാരം നിലവിൽ ഫിക്സഡ് ചാർജ് താരിഫിലേയ്ക്ക് വകയിരുത്തിയിട്ടില്ലാത്തതിനാൽ കരാർ അവസാനിപ്പിക്കുന്നത് പ്രത്യക്ഷത്തിൽ വൈദ്യുതി നിരക്കിൽ വ്യതിയാനങ്ങളൊന്നും വരുത്തുന്നതല്ല. കായംകുളം നിലയം കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എൻ.ടി.പി.സി.-യുടെ ഉടമസ്ഥതയിലുള്ളതാണ്. കേന്ദ്ര ഗവൺമെന്റ് നിക്ഷേപമായതിനാൽ സംസ്ഥാന ഗവൺമെന്റിന്റെ അനുമതിയോടുകൂടി മാത്രമേ കരാർ അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ. മാത്രമല്ല, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുവാദവും വേണ്ടതാണ്. ആയതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചിട്ടുണ്ട്.

### സ്മാർട്ട് മീറ്ററും മീറ്റർ റീഡർ തസ്തികയും

172 (2158) ശ്രീ. അബ്ദുൽ ഹമീദ്. പി.
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 200 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) തന്മൂലം കെ.എസ്.ഇ.ബി.എൽ. മീറ്റർ റീഡർ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യം സംജാതമാകുമോ;

(സി) ഉദയ് ത്രികക്ഷി കരാർ പ്രകാരം 200 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ ഉപഭേക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ കെ.എസ്.ഇ.ബി.എൽ. നിർബന്ധിതമാകുമെന്നിരിക്കെ, മീറ്റർ റീഡർമാർക്ക് പ്രത്യേക പരിശീലനം നൽകി കെ.എസ്.ഇ.ബി.എൽ.-ന് പ്രയോജനപ്പെടുത്താവുന്ന വിധം അവരുടെ ജോലി പുനർനിർണ്ണയിക്കുന്നതിനും തസ്തിക നഷ്ടപ്പെടാതിരിക്കുന്നതിനും പദ്ധതി തയ്യാറാകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഉദയ് പദ്ധതിയിൽ കേന്ദ്രസർക്കാരും കേരള സർക്കാരും കെ.എസ്.ഇ.ബി.എൽ.-ഉം തമ്മിൽ ഒപ്പിട്ട ത്രികക്ഷി കരാർ പ്രകാരം കെ.എസ്.ഇ.ബി.എൽ. 2017 ഡിസംബർ 31-ഓടെ പ്രതിമാസം 500 യൂണിറ്റുകളിൽ കൂടുതൽ ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും, 2019 ഡിസംബർ 31-ഓടെ പ്രതിമാസം 200 യൂണിറ്റുകളിൽ കൂടുതൽ ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ ഘടിപ്പിക്കേണ്ടതാണ്.

കേന്ദ്ര പദ്ധതിയായ സംയോജിത ഊർജ്ജ വികസന പദ്ധതിയിൽ കേരളത്തിലെ 6 കോർപ്പറേഷന് കീഴിലുള്ള 17 ഇലക്ട്രിക്കൽ സെക്ഷനിൽ 3.218 ലക്ഷം ഉപഭോക്താക്കളുടെ നിലവിലുള്ള മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി&സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരെ കൂടുതൽ ഉത്തമീകരിക്കുന്നതിനും അനുയോജ്യമായ രീതിയിൽ പുനർവിന്യസിക്കുന്നതിലേയ്ക്കുമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പുനഃസംഘടനാ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ തസ്തികകളിലെ യോഗ്യത നിശ്ചയിക്കുന്നത് സംബന്ധിച്ച് പൊതുവായ സവിശേഷ ചട്ടങ്ങളുടെ (Special Rules) രൂപീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന വൈദ്യുതി ചാർജ്ജ്**

173 (2159) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന വൈദ്യുതി ചാർജ്ജ് എപ്രകാരമാണ്; കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ആവശ്യമായ വൈദ്യുതിയുടെ എത്ര ശതമാനം സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന വൈദ്യുതിയുടെ ചാർജ്ജ് എപ്രകാരമാണ്;വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി നൽകുന്ന വൈദ്യുതിയുടെ അളവ് എപ്രകാരമാണ്; ഏതെല്ലാം വിഭാഗങ്ങൾക്കാണ് വൈദ്യുതി സൗജന്യമായി ലഭ്യമാകുന്നതിന് അർഹതയുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽനിന്ന് (ToD ബില്ലിംഗ് സമ്പ്രദായത്തിൽ ഉൾപ്പെടാത്ത) വൈദ്യുതി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലുള്ള എനർജി ചാർജ്ജും, പ്രിമൈസിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഉപകരണങ്ങളുടെ ശേഷിയുടെ (connected load) അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്ന ഫിക്സഡ് ചാർജ്ജുമാണ് പ്രധാനമായും ഈടാക്കുന്നത്. എന്നാൽ (ToD ബില്ലിംഗ് സമ്പ്രദായത്തിൽ ബില്ല് ചെയ്യപ്പെടുന്ന ഉപഭോക്താക്കളിൽനിന്ന് എനർജി ചാർജ്ജിനുപുറമേ (പകൽ സമയങ്ങളിൽ (6 am. to 6 pm.) സാധാരണ നിരക്കിലും, സന്ധ്യാ സമയത്ത് (6 pm. to 10 pm.) സാധാരണ നിരക്കിന്റെ 50% അധികവും, രാത്രി കാലങ്ങളിൽ (10 pm. മുതൽ പിറ്റേദിവസം 6 am. വരെ) സാധാരണ നിരക്കിന്റെ 75%-ഉം വൈദ്യുതിയുടെ അവശ്യകതയുടെ (Maximum Demand) അടിസ്ഥാനത്തിലുള്ള ഡിമാന്റ് ചാർജ്ജും ഈടാക്കിവരുന്നു. ഇതിനുപുറമേ, കേരളാ ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട്, 1963 പ്രകാരമുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടിയും (സാധാരണ ഉപഭോക്താക്കളിൽനിന്ന് എനർജി ചാർജ്ജിന്റെ 10 ശതമാനം, ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ വിഭാഗത്തിൽപ്പെടുന്ന വ്യാവസായിക ഉപഭോക്താക്കളിൽനിന്ന് യൂണിറ്റ് ഒന്നിന് 10 പൈസയും) ഈടാക്കുന്നു. കൂടാതെ വൈദ്യുതി മീറ്ററിന്റെ വാടക ഇനത്തിൽ സിംഗിൾ ഫേസ് ഉപഭോക്താക്കളിൽനിന്ന് പ്രതിമാസം 6 രൂപയും ത്രീ ഫേസ് ഉപഭോക്താക്കളിൽനിന്ന് (CT ഇല്ലാത്ത) പ്രതിമാസം 15 രൂപയും ഈടാക്കിവരുന്നു. ടി മീറ്റർ വാടകയുടെമേൽ 18 ശതമാനം ചരക്ക് സേവന നികുതിയുംകൂടി ചുമത്തുന്നു. (CGST-9%, SGST-9%) വിവിധ വിഭാഗം ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതിയുടെ 30 ശതമാനം മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ. 2018-19 കാലയളവിലെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു:

| സ്രോതസ്സ് | ഉൽപ്പാദനം (ദശലക്ഷം യൂണിറ്റിൽ) |
|---|---|
| കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ജലവൈദ്യുത നിലയങ്ങൾ | 7602.41 |
| കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ഇന്ധന നിലയങ്ങൾ | 4.091 |
| കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ കാറ്റാടി നിലയങ്ങൾ | 1.33 |
| കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ സൗരോർജ്ജ നിലയങ്ങൾ | 18.54 |
| മറ്റ് സ്വകാര്യ ഉൽപ്പാദകർ | 262.29 |

(സി) കേരളത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന വൈദ്യുതിയുടെ നിരക്കുകൾ ചുവടെ ചേർക്കുംപ്രകാരമാണ് (ഡിസംബർ 2019-ലെ കണക്കുകൾ പ്രകാരം).

കേന്ദ്ര വൈദ്യുത നിലയങ്ങളിൽനിന്ന് - 4.11 Rs/Unit

സ്വകാര്യ ഉല്പാദകർ (ദീർഘകാല കരാർ) - 4.43 Rs/Unit

പവർ എക്സ്ചേഞ്ച് - 3.26 Rs/Unit

(ഡി) സംസ്ഥാനത്ത് താഴെപ്പറയുന്ന വിഭാഗങ്ങൾക്ക് വൈദ്യുതി പൂർണ്ണമായും സൗജന്യമായി നൽകിവരുന്നുണ്ട്:

(i) 500 വാട്ട്സുവരെ കണക്ടഡ് ലോഡുള്ളതും പ്രതിമാസ ശരാശരി ഉപഭോഗം 20 യൂണിറ്റുവരെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക്.

(ii) ജീവൻ രക്ഷാ ഉപകരണങ്ങൾ (Life Supporting System) ആവശ്യമായ രോഗികൾക്ക് അത്തരം ഉപകരണങ്ങൾക്കാവശ്യമായിട്ടുള്ള വൈദ്യുതി സൗജന്യമായാണ് നൽകുന്നത്.

ഇതിനുപുറമേ 240 യൂണിറ്റുവരെയുള്ള ഗാർഹിക വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജിൽ ഗവൺമെന്റ് സബ്സിഡി നൽകുന്നുണ്ട് (1-7-2012-ലെ താരിഫ് പരിഷ്കരണത്തിൽ വരുത്തിയ വർദ്ധനവിന് തുല്യമായ തുക). കൂടാതെ, 240 യൂണിറ്റുവരെയുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക്, ഫിക്സഡ് ചാർജ്ജിൽ പ്രതിമാസം 20 രൂപ ഗവൺമെന്റ് സബ്സിഡി നൽകിവരുന്നു.

കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് (ലോ ടെൻഷൻ) യൂണിറ്റ് ഒന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകിവരുന്നുണ്ട്.

**മെച്ചപ്പെട്ട ഉപഭോക്തൃ സേവനം**

174 (2160) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) വൈദ്യുതി സംബന്ധിച്ച പരാതികൾ, വൈദ്യുതി തടസ്സം, പുനഃസ്ഥാപനം, വൈദ്യുതി ബിൽ സംബന്ധിച്ച പരാതികൾ തുടങ്ങിയവ ആയാസരഹിതമായും കാലതാമസം കൂടാതെയും ഉപഭോക്താവിന് ഉന്നയിക്കാനും ത്വരിത പരിഹാരം ഉണ്ടാക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ അറിയിക്കുമോ;

(സി) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, കലാ-സാംസ്കാരിക സ്ഥാപനങ്ങൾ, അങ്കണവാടികൾ, ഹോർട്ടികോർപ്പ്-മിൽമാ ബൂത്തുകൾ എന്നിവയ്ക്ക് സർവീസ് കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. കെ.എസ്.ഇ.ബി.എൽ. ഐ.ടി. വിഭാഗം സ്വന്തം നിലയിൽ നിർമ്മിച്ച ഒരുമാനെറ്റ് സോഫ്റ്റ്‌വെയറിലൂടെ മികച്ച എൽ.ടി. ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തി. പുതിയ വൈദ്യുതി കണക്ഷൻ, താരിഫ് മാറ്റൽ, അഡീഷണൽ ലോഡ് കണക്ട് ചെയ്യൽ, ഉടമസ്ഥാവകാശം മാറ്റൽ, മീറ്റർ ഷിഫ്റ്റിംഗ് തുടങ്ങിയ എല്ലാ അപേക്ഷകളും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ ആയതിനാൽ ഈ സേവനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തിക്കഴിഞ്ഞു. കൂടാതെ എച്ച്.ടി./ഇ.എച്ച്.ടി. ഉപഭോക്താക്കളുടെ ബില്ലിംഗ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.

2. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ്ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

3. ഉപഭോക്താക്കൾക്ക് ഏത് സെക്ഷനാഫീസിലും വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

4. ഫ്രണ്ട്സ്, അക്ഷയ ഇവ മുഖേനയും കെ.എസ്.ഇ.ബി. വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. കൂടാതെ അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവും കെ.എസ്.ഇ.ബി. ലിമിറ്റഡുമായും വിനിമയ സമന്വയം സാധ്യമാക്കി. തൽഫലമായി അപ്ലാ സി.എസ്.സി.-യുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രംവഴിയും കെ.എസ്.ഇ.ബി. വൈദ്യുതി ബിൽ തുക അടയ്ക്കുവാൻ കഴിയും.

5. ബി.ബി.പി.എസ്. സംവിധാനത്തിലൂടെ എല്ലാ പെമെന്റ് വെബ്സൈറ്റിലൂടെയും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

6. ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാനുമുള്ള സേവനം ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്റർ വഴി ലഭ്യമാണ്. വൈദ്യുതി സംബന്ധമായ അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന 1912 എന്ന നമ്പരിൽ ടോൾ ഫ്രീ സംവിധാനം കാൾ സെന്ററിൽ ലഭ്യമാണ്. കൂടാതെ 0471-2555544 എന്ന ടെലിഫോൺ നമ്പർ വഴിയും പരാതികൾ സ്വീകരിക്കുന്നു.

7. വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കി വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഊർജ്ജദൂത്. വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപ്പണികൾമൂലം ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ അപ്രകാരവും, അടിയന്തര ഘട്ടങ്ങളിൽ ഉണ്ടാകുന്ന അതേ സമയത്തും ഉപഭോക്താക്കളെ അറിയിക്കുന്നതിനാണ് ഊർജ്ജദൂത് പദ്ധതി. വൈദ്യുതി തടസ്സങ്ങൾ

ഉണ്ടാകുമ്പോൾ ഉപഭോക്താക്കൾക്കുണ്ടാകുന്ന ആശങ്കയും എപ്പോൾ വൈദ്യുതി തിരികെ ലഭിക്കുമെന്ന സംശയവുംമറ്റും ദൂരീകരിക്കാൻ ഈ പദ്ധതിക്കാകും.

8. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മൊബൈൽ അപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി. വൈദ്യുതി ബിൽ, മീറ്റർ റീഡർമാർ മുഖേന ഉപഭോക്താക്കളിൽ എത്തിക്കുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം തയ്യാറാക്കുന്ന ബിൽ സംബന്ധിച്ച വിവരങ്ങൾ, ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി പിഴയോടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ എസ്.എം.എസ്. ആയി മൊബൈൽ ഫോൺവഴി അറിയിക്കുന്നതിനുള്ള ഇ-ബില്ലിംഗ് പദ്ധതിയാണ് ഊർജ്ജ-സൗഹൃദ. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ, ഉപഭോക്താക്കൾക്ക് ലഭിക്കുന്ന ബില്ലിൽ വ്യത്യാസം വരുന്നുവെന്ന പരാതിയും, ബിൽ തന്നെ ലഭ്യമാകുന്നില്ല എന്നുള്ള പരാതിയും പൂർണ്ണമായും ഒഴിവാക്കാൻ കഴിയും. കൂടാതെ പണമടയ്ക്കുന്നതിനുള്ള അവസാന തീയതി ഓർമ്മപ്പെടുത്തുന്ന എസ്.എം.എസ്.-ഉം ഉപഭോക്താക്കൾക്ക് ലഭിക്കും. കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റ് www.kseb.in വഴിയോ നേരിട്ട് സെക്ഷൻ ഓഫീസ് മുഖേനയോ, കസ്റ്റമർ കെയർ സെന്റർ (1912) മുഖേനയോ, ഉപഭോക്താവിന് പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഏതു സെക്ഷൻ ഓഫീസുകളിലും വൈദ്യുത ബിൽ അടയ്ക്കുന്ന സൗകര്യത്തിനുപുറമെ വൈദ്യുത ബിൽ ഓൺലൈനായി അടയ്ക്കുവാൻ നെറ്റ്ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഭാരത് ബിൽ 1 പെമെന്റ് (Bbps), സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ പോർട്ടൽ (SSDG), എംകേരള മൊബൈൽ ആപ്പ്, പേ ടി എം, NACH ഫോൺപേ, ഗൂഗിൾ പേ, മൊബി ക്വിക്, പേ യു, ആമസോൺ പേ തുടങ്ങിയ വിവിധങ്ങളായ സംവിധാനങ്ങളും KSEBL നടപ്പാക്കിയിട്ടുണ്ട്.

9. പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനായി നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തി. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോടെൻഷൻ

ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ടി ചെലവും ഓൺലൈനിൽത്തന്നെ അടയ്ക്കാനും കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും, അപേക്ഷകന്റെ ഫോട്ടോയും, മറ്റ് രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ടി ചെലവും സ്ഥലപരിശോധനയ്ക്കുശേഷം ഇ-മെയിൽ വഴിയും, എസ്.എം.എസ്. വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി.-യുടെ എല്ലാ സെക്ഷൻ ഓഫീസുകൾവഴിയും അടയ്ക്കാൻ കഴിയും. വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയതുമുതൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുവരെയുള്ള വിവരങ്ങൾ എസ്.എം.എസ്. വഴി ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

10. കെ.എസ്.ഇ.ബി. എന്ന പേരിലുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് മൊബൈൽ ഫോൺ, ടാബ്‍ലെറ്റ് മുതലായ ഉപകരണങ്ങൾവഴി ഏതുസമയത്തും വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന തരത്തിൽ അനായാസകരമായ രീതിയിലാണ് മൊബൈൽ ആപ്ലിക്കേഷൻ വൈദ്യുതി ബോർഡിലെ ജീവനക്കാർ വികസിപ്പിച്ചിരിക്കുന്നത്. ഗൂഗിൾ പ്ലേസ്റ്റോർ വഴി മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

11. ഉപഭോക്താക്കളുടെ വൈദ്യുതി ബിൽ തയ്യാറാക്കുന്നതിനുവേണ്ടി സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചു. കൈകൊണ്ട് എഴുതി നൽകുമ്പോൾ വൈദ്യുതി ബില്ലിൽ വന്നിരുന്ന തെറ്റുകൾ പൂർണ്ണമായും ഒഴിവാക്കാൻ ഇതുവഴി സാധിച്ചു.

12. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്‍വർക്കിംഗ് വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാസെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ്

ഇൻഫർമേഷൻ സിസ്റ്റം) ജി.ഐ.എസ്. സംവിധാനങ്ങളിലൂടെ ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

13. മാനവശേഷി വിഭാഗം, മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി.

14. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമുള്ള സ്കാഡ പദ്ധതി നടപ്പാക്കിവരുന്നു.

15. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു.

16. വൈദ്യതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ടടയ്ക്കുന്നതിനുള്ള സംവിധാനം കെ.എസ്.ഇ.ബി.എൽ ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കുന്നതിനുള്ള അനായാസകരമായ ഈ പദ്ധതി നാഷണൽ ആട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് (എൻ.എ.സി.എച്ച്.) സംവിധാനംവഴിയാണ് നടപ്പിലാക്കിയത്. എൻ.പി.സി.ഐ. അഥവാ നാഷണൽ പെമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ് ഈ സംവിധാനമൊരുക്കുന്നത്. കോർപ്പറേഷൻ ബാങ്ക് സ്പോൺസർ ബാങ്കായി പ്രവർത്തിക്കുന്നു.

17. പേ ടി.എം. (പേ ത്രൂ മൊബൈൽ) മൊബൈൽ വാലറ്റുകൾവഴി വൈദ്യുതി ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് തങ്ങളുടെ മൊബൈൽവഴി വൈദ്യതി ബിൽ തുക പേ.ടിഎം-ന്റെ മൊബൈൽ ആപ്പുകൾ ഉപയോഗിച്ച് അടയ്ക്കാൻ കഴിയും.

18. അപ്ന സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രംവഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം.

19. സെക്ഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥർക്ക് ഓഫീസിനുപുറത്ത് ജോലിക്ക് മേൽനോട്ടം വഹിക്കുമ്പോഴുംമറ്റും ഉപഭോക്തൃ സേവനത്തിനു വേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടിയും ഒരുമാനെറ്റ് ബില്ലിംഗ് സോഫ്റ്റ്വെയർ ഉപയോഗിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഒരുമാനെറ്റ് മൊബൈൽ ആപ്ലിക്കേഷൻവഴി കാര്യം നിർവ്വഹിക്കാൻ സാധിക്കും.

20. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾവഴി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. ഒരു കാഷ്യറുടെ സഹായമില്ലാതെതന്നെ ഉപഭോക്താവിന് നേരിട്ട് തന്റെ കൺസ്യൂമർ നമ്പർ രേഖപ്പെടുത്തി ബിൽ തുക നോട്ടുകളായും ചില്ലറയായും നിക്ഷേപിക്കാൻ 24 മണിക്കൂറും സാധിക്കുന്ന സംവിധാനമാണിത്. ചെക്ക്, ഡി.ഡി. ആയും ഇതിൽ പണമടയ്ക്കാം. ഡ്യൂപ്ലിക്കേറ്റ് ബില്ലുകളുടെ പ്രിന്റും ലഭ്യമാണ്. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ, കസ്റ്റമർ കെയർ സെന്റർ, ഫോർട്ട് സെക്ഷൻ (തിരുവനന്തപുരം), കന്റോൺമെന്റ് സെക്ഷൻ (കൊല്ലം), സെൻട്രൽ സെക്ഷൻ (എറണാകുളം), വിയ്യൂർ സെക്ഷൻ (തൃശ്ശൂർ), കോവൂർ സെക്ഷൻ (കോഴിക്കോട്) എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു.

21. സോഷ്യൽ മീഡിയ സംവിധാനമായ WhatsApp വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒക്ടോബർ 2016 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. ദിവസേന ശരാശരി 100 പരാതിയോളം ഈ രീതിയിൽ ലഭിച്ചുവരുന്നു.

22. കെ.എസ്.ഇ.ബി. ലിമിറ്റഡ് വികസിപ്പിച്ച സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ, സ്ഥാപനത്തിലെ ജോലി സുരക്ഷയും, വൈദ്യുതി അപകടങ്ങളും സംബന്ധിച്ച കാര്യങ്ങളെ നിരീക്ഷിച്ച് മേൽനോട്ടം വഹിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സഹായിക്കുന്നു. അപകട സാധ്യതയുള്ള വൈദ്യുത പ്രതിഷ്ഠാപനങ്ങളെക്കുറിച്ച് ബോർഡിന്റെ സേഫ്റ്റി ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്ത് തുടർനടപടിക്ക് ആരംഭം കുറിക്കാനുള്ള സംവിധാനം ഈ സോഫ്റ്റ്‌വെയറിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ വിതരണ മേഖലയിലെ ഓഫീസുകളിൽ സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും വിലയിരുത്താനും തുടർ നടപടി കൈക്കൊള്ളുന്നതിനും ഈ സോഫ്റ്റ്‌വെയർ സഹായിക്കുന്നു.

23. ഉപഭോക്താക്കളുടെ സംശയനിവാരണത്തിനും കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി സോഷ്യൽ മീഡിയ ഡെസ്ക് സംവിധാനം ആരംഭിച്ചു.

24. ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് പുതിയ കണക്ഷനായി ഓൺലൈനായി അപേക്ഷിക്കുന്നതിനും ആവശ്യമായ ഫീസ് അടയ്ക്കുന്നതിനും കാലതാമസമില്ലാതെ കണക്ഷൻ ലഭിക്കുന്നതിനുമായുള്ള ഗ്രീൻ ചാനൽ സംവിധാനം.

25. പ്രതിവർഷം ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് സാങ്കേതിക സ്ഥാപനങ്ങളായ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്, ഐ.റ്റി.ഐ., വി.എച്ച്.എസ്.ഇ. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകൾക്കായി വൈദ്യുതി ബോർഡിൽ എത്തിക്കൊണ്ടിരിക്കുന്നത്. പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിനും ഫീസ് അടയ്ക്കുന്നതിനും വിദ്യാർത്ഥികൾക്ക്വൈദ്യുതി ബോർഡിന്റെ ഓഫീസ് സന്ദർശിക്കേണ്ടിവരാറുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ എല്ലാംതന്നെ ഇന്റർനെറ്റ്വഴി ഓൺലൈനായി എവിടെനിന്നും ചെയ്യാൻ കഴിയുന്ന തരത്തിൽ പുതിയ ഓൺലൈൻ പോർട്ടൽ നിലവിൽ വന്നിട്ടുണ്ട്. ഓൺലൈനായി ഫീസ് അടയ്ക്കുന്നതിനു പുറമേ, അപേക്ഷ സമർപ്പിക്കുന്നതിനും, വിവിധ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈൻ പോർട്ടൽവഴി കഴിയും.

സേവനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ഓഫ് പെർഫോമൻസ് നിലവിലുണ്ട്. ഇത് കെ.എസ്.ഇ.ബി.എൽ കൃത്യമായി പാലിച്ചുപോരുന്നുണ്ട്. ഇതിനായി വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സംവിധാനങ്ങളുണ്ട്. 11 KV വൈദ്യുത ശൃംഖലയിൽവരുന്ന കേടുപാടുകൾ പെട്ടെന്ന് കണ്ടെത്തി പ്രശ്നപരിഹാരം വേഗത്തിൽ സാധ്യമാക്കുന്ന കമ്മ്യൂണിക്കേറ്റിംഗ് ഫോൾട് പാസ്സ് ഡിറ്റക്ടർ സംവിധാനം ഫീഡറുകളിൽ സ്ഥാപിച്ചുവരുന്നുണ്ട്. പ്രസരണ ശൃംഖലയുടെ നിരീക്ഷണത്തിനും അവയുടെ കേടുപാടുകൾ കണ്ടുപിടിച്ചു പരിഹരിക്കുന്നതിനുമായി നിർമ്മിത ബുദ്ധിയുടെ (Artificial intelligence) സഹായത്തോടെ പ്രവർത്തിക്കുന്ന ഡ്രോൺ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സേവനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കാനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നിരീക്ഷണ നിയന്ത്രണ സംവിധാനമായ സ്കാഡ നടപ്പിലാക്കിവരുന്നു. വൈദ്യുതി സേവനം നല്കുന്നതിലുള്ള നഗര-ഗ്രാമ വിവേചനം ഒഴിവാക്കുന്നതിനും തടസ്സരഹിതമായ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ഊർജ്ജ കേരളാ മിഷനിൽ ഉൾപ്പെടുത്തി ദ്യുതി 2021 എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ പരാതികൾ അറിയിക്കുന്നതിനും സംശയ നിവാരണത്തിനും അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രത്തിലെ 1912 എന്ന നമ്പർ ടോൾഫ്രീ ആക്കിയത് ഈ

കാലത്താണ്. WhatsApp സോഷ്യൽ മീഡിയ സംവിധാനംവഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം, ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും 9496061061 എന്ന നമ്പരിൽ കാൾ സെന്ററിൽ സ്വീകരിച്ചുവരുന്ന പ്രത്യേക സംവിധാനം തുടങ്ങിയവയും കെ.എസ്.ഇ.ബി.എൽ.-ൽ നടപ്പിലാക്കിയിട്ടുണ്ട്.

വൈദ്യുതി തടസ്സങ്ങൾ ഉപഭോക്താക്കളെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ മുൻകൂട്ടി SMS ആയി അറിയിക്കുന്ന ഊർജ്ജ ദൂത്, വൈദ്യുത ബിൽ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലും ഇ-മെയിൽ ഐ.ഡി.-യിലും അറിയിക്കുന്ന 'ഊർജ്ജസൗഹൃദ' പദ്ധതികളും KSEBL നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. സപ്ലൈ കോഡ് 2014-ൽ, വൈദ്യുതി കണക്ഷൻ ലഭിക്കാൻ നിഷ്കർഷിച്ചിട്ടുള്ള വിവിധ രേഖകൾ ഉപേഭാക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത് പരിഹരിക്കാനായി നടപടിക്രമങ്ങൾ ലഘൂകരിക്കാനും സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റംവരുത്താനും കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. 1500 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്.

(ഡി) 2-11-2018-ലെ കെ.എസ്.ഇ. ബോർഡ് ഉത്തരവുപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, ആരാധനാലയങ്ങൾ, കലാ സാംസ്കാരിക സ്ഥാപനങ്ങൾ, അങ്കണവാടികൾ, ഹോർട്ടി കോർപ്പുകൾ, മിൽമാ ബൂത്തുകൾ എന്നിവയ്ക്ക് സർവ്വീസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിച്ചിട്ടുണ്ട്.

## ഇ-സേഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

175 (2161) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-സേഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ ആരെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉണ്ടാകുന്ന അപകടങ്ങളിൽ ഭൂരിഭാഗവും പൊതുജനങ്ങളുടെ അശ്രദ്ധയും, അജ്ഞതയും മൂലമാണ്. കൂടാതെ ഒരേ കാരണത്താൽ ഉണ്ടാകുന്ന അപകടങ്ങളാണ് അധികവും. കാലഹരണപ്പെട്ട വൈദ്യുത വയറിംഗിലൂടെ ഉണ്ടാകുന്ന അപകടങ്ങളും കൂടുതലാണ്. ഇതിന്റെ തോത് കുറച്ചുകൊണ്ടുവരുന്നതിനായി പൊതുജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ കാലഹരണപ്പെട്ട വയറിംഗ് മാറ്റി സ്ഥാപിക്കുകയും ആയതുവഴി വൈദ്യുത അപകടങ്ങൾ കുറയ്ക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പൊതുജന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്, കെ.എസ്.ഇ.ബി.എൽ. എന്നിവ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) വൈദ്യുത മേഖലയിൽ പ്രവർത്തിക്കുന്നവരും പൊതുജനങ്ങളുമാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ.

## കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനം

176 (2162) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-നെ കമ്പനി ആക്കിയതുവഴി ഇതിന്റെ പ്രവർത്തനച്ചെലവിൽ എന്തെങ്കിലും കുറവ് കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ ;

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനച്ചെലവും വൈദ്യുതി വാങ്ങൽ ചെലവും പ്രതിവർഷം ശരാശരി ഇപ്പോൾ എത്ര രൂപയാണ്;

(സി) വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ മേഖലയിൽ കാലോചിതമായ മാറ്റത്തിനും സാങ്കേതിക വൈദഗ്ധ്യത്തിനും ഊന്നൽ കൊടുത്താൽ വൈദ്യുതി നിരക്കുകളിൽ കാര്യമായ കുറവ് കൊണ്ടുവരാൻ കഴിയുമോ;

(ഡി) ഇതിനായി എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രനിയമമായ 2003-ലെ വൈദ്യുതി നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിനെ കമ്പനിയാക്കിയത്. കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിനെ കമ്പനിയാക്കിയതുവഴി പ്രവർത്തന ചെലവിൽ കുറവൊന്നും വന്നിട്ടില്ല.

(ബി) 2013-14 സാമ്പത്തിക വർഷം മുതൽ (കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് ഗവൺമെന്റ്, ആസ്തി ബാധ്യതകൾ കൈമാറ്റം ചെയ്ത വർഷം) 2018-19 വരെയുള്ള ആകെ പ്രവർത്തന ചെലവും വൈദ്യുതി വാങ്ങൽ ചെലവും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു:

| വർഷം | പ്രവർത്തന ചെലവ് (തുക കോടിയിൽ) | വൈദ്യുതി വാങ്ങൽ ചെലവ് (തുക കോടിയിൽ) |
|---|---|---|
| 2013-14 | 11077.40 | 6902.65 |
| 2014-15 | 11694.60 | 6782.76 |
| 2015-16 | 11352.16 | 6336.82 |
| 2016-17 | 13021.28 | 7393.32 |
| 2017-18 | 13331.21 | 7526.03 |
| 2018-19 | 13833.13 | 7869.32 |

(സി) വൈദ്യുതി നിയമം-2003, കേന്ദ്ര താരിഫ് നിയമം-2016, 2018-ലെ കെ.എസ്.ഇ.ആർ.സി. പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരും വർഷങ്ങളിലേയ്ക്കുള്ള പ്രതീക്ഷിത ചെലവും വൈദ്യുതി ചാർജ്ജിലൂടെ ലഭ്യമാകുന്ന മൊത്തം വരുമാനവും തമ്മിലുള്ള അന്തരം, മുൻവർഷങ്ങൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ARR&ERC ഉത്തരവിലൂടെ അംഗീകരിച്ചുതന്നിട്ടുള്ളതും എന്നാൽ താരിഫിലൂടെ നികത്തപ്പെടാത്ത കമ്മിയും എന്നിവ കണക്കിലെടുത്താണ് താരിഫ് പരിഷ്കരിക്കുന്നത്.

ഉല്പാദന രംഗത്ത് കലോചിതമായ മാറ്റങ്ങൾ വരുത്തിയും പ്രസരണ വിതരണ രംഗത്ത് ആവശ്യംവേണ്ട മുതൽമുടക്ക് നടത്തി പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുകവഴി, വൈദ്യുതി ഉല്പാദന വാങ്ങൽ ചെലവിൽ ഗണ്യമായ കുറവുണ്ടായിരിക്കുകയും ആയത് താരിഫിൽ പ്രതിഫലിക്കുകയും ചെയ്യും. കൂടാതെ ഉപഭോക്താക്കൾക്ക് നൽകുന്ന വിവിധ സേവനങ്ങൾ വിവരസാങ്കേതികവിദ്യയിൽ (IT) അധിഷ്ഠിതമായി നൽകുമ്പോഴും വിവിധ മേഖലകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുമ്പോഴും പ്രവർത്തന പരിപാലന ചെലവിൽ ഗണ്യമായ കുറവ് വരുത്താനും ആയത് താരിഫിൽ പ്രതിഫലിക്കുകയും ചെയ്യുന്നു.

(ഡി) വൈദ്യുതി ഉല്പാദന-വാങ്ങൽ ചെലവിൽ കുറവ് വരുത്തുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു:

(1) പുനരുപയോഗ സ്രോതസ്സുകൾ കണ്ടെത്തി, സൗര പോലുള്ള പദ്ധതികൾ ഗവൺമെന്റ് ഏജൻസികളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നു.

(2) വിവിധ ജലവൈദ്യുത പദ്ധതികളിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(3) പ്രസരണ-വിതരണ മേഖലയിൽ ട്രാൻസ്ഗ്രിഡ്, ദ്യുതി മുതലായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതുമൂലം പ്രസരണ-വിതരണ നഷ്ടം ഗണ്യമായി കുറയ്ക്കാൻ കഴിയുന്നുണ്ട്. ഇതുമൂലം ആത്യന്തികമായി വൈദ്യുതി വാങ്ങൽ ചെലവിൽ കുറവുവരുന്നു.

(4) മെച്ചപ്പെട്ട ഗുണമേന്മയുള്ള മീറ്ററുകൾ ഉപയോഗിച്ച് കേടായ മീറ്ററുകൾ മാറ്റി വാണിജ്യ നഷ്ടം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(5) ബില്ലിംഗ്, കളക്ഷൻ, പരാതി പരിഹാര സംവിധാനങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചതിന്റെ ഫലമായി Operation & Maintenance Cost ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(6) വിവിധ മേഖലകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുകവഴി, ജീവനക്കാരെ ആവശ്യംവേണ്ട മേഖലകളിലേയ്ക്ക് പുനർവിന്യാസം നടത്തി Operation & Maintenance Cost-ൽ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്.

## എൽ.ഇ.ഡി. ബൾബുകൾ

177 (2163) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ചെലവിനേക്കാൾ ലാഭകരം വൈദ്യുതിയുടെ അമിത ഉപയോഗംമൂലമുള്ള ചെലവ് കുറയ്ക്കുന്നതാണ്

എന്നത് കണക്കിലെടുത്ത് ഫിലമെന്റ് ബൾബുകൾക്കും, സി.എഫ്. ബൾബുകൾക്കും പകരം കൂടുതൽ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗത്തിൽ വരുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) എൽ.ഇ.ഡി. ബൾബുകൾ വ്യാപകമായി ഉപയോഗിക്കുന്നതിനായി ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ടോ; ഈ ബോധവൽക്കരണ പരിപാടികളിൽ കുടുംബശ്രീ യൂണിറ്റുകളെയും അംഗങ്ങളെയും ആകർഷിക്കുന്ന തരത്തിലും അവർ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്ന തരത്തിലും ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണംചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകംതന്നെ 1.35 കോടിയിൽപ്പരം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. കേരളത്തിലെ എല്ലാ വീടുകളിലും ഉപയോഗത്തിലുള്ള ഫിലമെന്റ് ബൾബുകളും സി.എഫ്.എൽ.-കളും, ട്യൂബ് ലൈറ്റുകളും ഘട്ടംഘട്ടമായി എൽ.ഇ.ഡി. വിളക്കുകളിലേയ്ക്ക് മാറുന്നതിനുള്ള 'ഫിലമെന്റ് രഹിത കേരളം' പദ്ധതി വിഭാവന ചെയ്തു നടപ്പിലാക്കിവരുന്നു. മാറ്റി നൽകുന്ന എൽ.ഇ.ഡി. ബൾബിന്റെ വില വൈദ്യുതി ബിൽ തുകയോടൊപ്പം തവണകളായി അടയ്ക്കാമെന്നതിനാൽ പദ്ധതിക്ക് സ്വീകാര്യത കൂടുതലാകുമെന്ന് കരുതുന്നു. ഈ പദ്ധതിയിൽ ഇതുവരെ 13,21,683 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിനായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മാറ്റപ്പെടുന്ന ഫിലമെന്റ് ബൾബുകൾ ഉപഭോക്താക്കളിൽനിന്ന് തിരികെ സ്വീകരിച്ച് യഥാവിധി നശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

- തെരഞ്ഞെടുത്ത സർക്കാർ കെട്ടിടങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ കാര്യക്ഷമത കുറഞ്ഞ വൈദ്യുത വിളക്കുകൾമാറ്റി കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. വിളക്കുകളാക്കി മാറ്റുന്ന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

- ഊർജ്ജകാര്യക്ഷമ പഞ്ചായത്ത് പരിപാടിയുടെ ഭാഗമായി 14 പഞ്ചായത്തുകളെ ഊർജ്ജകാര്യക്ഷമമാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

- കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളിലും കോട്ടയ്ക്കൽ മുനിസിപ്പാലിറ്റികളിലും എൽ.ഇ.ഡി. ആക്കുന്നതിനുള്ള പദ്ധതിക്ക് സാങ്കേതിക സഹായം നൽകുന്നുണ്ട്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എൽ.ഇ.ഡി. തെരുവുവിളക്കുകളാക്കുന്നതിനുള്ള വിശദപഠനം നടന്നുകൊണ്ടിരിക്കുന്നു.

(ബി) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഊർജ്ജ ക്ലാസുകളുടെ സംഘാടനവും ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ജനകീയ കാമ്പയിനിന്റെ ഭാഗമായി നടത്താനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങളോടൊപ്പം ഊർജ്ജ ഉല്പാദന മാർഗ്ഗങ്ങളും ഊർജ്ജ ഭദ്രത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ഊർജ്ജ സംരക്ഷണം, വൈദ്യുതി അപകടങ്ങളുടെ സാധ്യത തടയാനുള്ള മാർഗ്ഗങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ക്ലാസുകളാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും പദ്ധതി പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനും മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാനതല സമിതിയും, ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ചെയർമാനായുള്ള ജില്ലാതല സമിതികളും, തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻ ചെയർമാനായുള്ള ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻതല സമിതികളും രൂപീകരിച്ച് സർക്കാർ 20-1-2020-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനതല സമിതിയിൽ കുടുംബശ്രീ ഡയറക്ടറും, ജില്ലാതല സമിതികളിൽ കുടുംബശ്രീയുടെ ജില്ലാതല പ്രതിനിധിയും, ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻതല സമിതികളിൽ കുടുംബശ്രീയുടെ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ലഭ്യമായ പ്രതിനിധികളും അംഗങ്ങളാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ജില്ലാതല സമിതിയുടെയും ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻതല സമിതിയുടെയും രൂപീകരണം സംബന്ധിച്ച ഉത്തരവുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ് പുറപ്പെടുവിക്കുന്നത്.

എനർജി മാനേജ്മെന്റ് സെന്ററിന്റെ ബോധവൽക്കരണ പരിപാടികളിലെല്ലാം ഊർജ്ജ കാര്യക്ഷമത കൂടിയ വൈദ്യുതോപകരണങ്ങളെപ്പറ്റി ക്ലാസ്സുകൾ നൽകാറുണ്ട്. വനിതാ വാളണ്ടിയർമാർ മുഖേന നടത്തുന്ന ഊർജ്ജക്ലിനിക്ക് പരിപാടിയിൽ അതാത് പ്രദേശങ്ങളിലെ കുടുംബശ്രീ അംഗങ്ങളായ വീട്ടമ്മമാരും പങ്കെടുക്കാറുണ്ട്.

## വൈദ്യുത കമ്പികൾ പൊട്ടിവീണ് അപകടങ്ങൾ

178 (2164) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം.ഷാജി:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി വൈദ്യുത കമ്പികൾ പൊട്ടിവീണ് ആളുകൾ മരണപ്പെടുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുത കമ്പികൾ പൊട്ടി വീണ് ഷോക്കേറ്റ് മരണപ്പെടുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. താഴെ പറയുന്ന സംവിധാനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നടത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു:

SMART-MCCB എന്ന ഉപകരണം പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ച് വിലയിരുത്തുന്നതിന് വൈദ്യുതി ബോർഡ് ഉത്തരവാകുകയും നെടുമങ്ങാട് ഡിവിഷനുകീഴിൽ നടപ്പാക്കാൻ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ വികസിപ്പിച്ച സംവിധാനം ഫീൽഡിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനും കൂടാതെ, കെ.എസ്.ഇ.ബി.എൽ.-ലെ എഞ്ചിനീയർമാരും മറ്റ് സ്വതന്ത്ര ഏജൻസികളും വികസിപ്പിച്ച ഉപകരണങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

## വൈദ്യുത കമ്പികൾ പൊട്ടിവീണ് ഷോക്കേറ്റുള്ള മരണങ്ങൾ

179 (2165) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോവർഷവും വർഷകാലത്ത് വൈദ്യുത കമ്പികൾ പൊട്ടിവീണ് നിരവധി ആളുകൾ അതിദാരുണമായി മരണപ്പെടുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സാങ്കേതിക വിദ്യകൾ വികസിച്ച ഈ കാലഘട്ടത്തിൽ ഇത്തരത്തിൽ വൈദ്യുത കമ്പികൾ പൊട്ടി വീണ് ഷോക്കേറ്റ് മരണപ്പെടുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ താഴെ പറയുന്ന സംവിധാനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നടത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു:

SMART-MCCB എന്ന ഉപകരണം പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ച് വിലയിരുത്തുന്നതിന് വൈദ്യുതി ബോർഡ് ഉത്തരവാകുകയും നെടുമങ്ങാട് ഡിവിഷനുകീഴിൽ നടപ്പാക്കാൻ നടപടികൾ ആരംഭിക്കുകയും ചെയ്തു.

- വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ വികസിപ്പിച്ച സംവിധാനം ഫീൽഡിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികളിലാണ്.
- കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് എഞ്ചിനീയർമാരും മറ്റ് സ്വതന്ത്ര ഏജൻസികളും വികസിപ്പിച്ച ഉപകരണങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികളിലാണ്.

**വൈദ്യുതി ബിൽ വിവരം ഉപഭോക്താക്കളെ എസ്.എം.എസ്. വഴി അറിയിക്കുന്ന പദ്ധതി**

180 (2166) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>
<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ അടയ്ക്കേണ്ട അവസാന തീയതി ഉൾപ്പെടെ കാണിച്ചുകൊണ്ട് വൈദ്യുതി ബിൽ വിവരം ഉപഭോക്താക്കളെ എസ്.എം.എസ്. വഴി അറിയിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി. യിൽ നിലവിലുണ്ടോ;

(ബി) ഈ സംവിധാനം എല്ലാ കെ.എസ്.ഇ.ബി. സെക്ഷനുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇതിനായി എല്ലാ ഉപഭോക്താക്കളുടെയും മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്നതിന് ഉപഭോക്താക്കൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി ബിൽ അടയ്ക്കേണ്ട അവസാന തീയതി ഉൾപ്പെടെ കാണിച്ചുകൊണ്ട് വൈദ്യുതി ബില്ല് വിവരം ഉപഭോക്താക്കളെ എസ്.എം.എസ്. വഴി അറിയിക്കുന്ന 'ഊർജ്ജ-സൗഹൃദ' പദ്ധതി കെ.എസ്.ഇ.ബി. നടപ്പാക്കിയിട്ടുണ്ട്. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ളതാണ് പ്രസ്തുത ഊർജ്ജ സൗഹൃദ പദ്ധതി. വൈദ്യുതി ബിൽ, മീറ്റർ റീഡർമാർമുഖേന ഉപഭോക്താക്കളിൽ എത്തിക്കുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം തയ്യാറാക്കുന്ന ബിൽ സംബന്ധിച്ച വിവരങ്ങൾ, ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ എസ്.എം.എസ്. ആയി മൊബൈൽ ഫോൺവഴി അറിയിക്കുന്നതിനുള്ള ഇ-ബില്ലിംഗ് പദ്ധതിയാണ് ഊർജ്ജ-സൗഹൃദ.

(ബി) ഉണ്ട്.

(സി) ഇതിനായി എല്ലാ ഉപഭോക്താക്കളുടെയും മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്നതിന് ഉപഭോക്താക്കൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റ് www.kseb.in വഴിയോ നേരിട്ട് സെക്ഷൻ ഓഫീസ് മുഖേനയോ, കസ്റ്റമർ കെയർ സെന്റർ (1912) മുഖേനയോ ഉപഭോക്താവിന് പ്രസ്തുത പദ്ധതിയിൽ ഏത് സമയത്തും മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**വൈദ്യുതി ബോർഡ് കുടിശ്ശിക**

181 (2167) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് എൻ.ടി.പി.സി ഉൾപ്പെടെ മറ്റ് ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നു എന്നറിയിക്കാമോ;

(ബി) ഓരോ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്ന വൈദ്യുതിക്ക് ബോർഡ് നൽകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) എൻ.ടി.പി.സി. ഉൾപ്പെടെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് കുടിശ്ശികയിനത്തിൽ വൈദ്യുതി ബോർഡ് എത്ര തുക നൽകാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാർ കാലയളവിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് കുടിശ്ശികയിനത്തിൽ എത്ര തുക നൽകുവാനുണ്ടായിരുന്നു; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന വൈദ്യുതി ബോർഡ് ദീർഘകാലകരാറുകൾ മുഖേന കേന്ദ്രതാപ ആണവനിലയങ്ങൾ (കേന്ദ്രവിഹിതം) സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യ താപവൈദ്യുത ഉത്പാദകർ, സംസ്ഥാനത്തിലുള്ള ചെറുകിട ജലവൈദ്യുതി/കാറ്റാടി/സൗരവൈദ്യുതി ഉത്പാദകരിൽനിന്ന് വൈദ്യുതി വാങ്ങുന്നുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൂടാതെ NTPC ഉൾപ്പെടെ സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്ന് വൈദ്യുതി വാങ്ങുന്നുണ്ട്. പ്രസ്തുത വൈദ്യുതി ഉല്പാദന കമ്പനികളിൽനിന്നുള്ള വിഹിതം ചുവടെ ചേർക്കുന്നു:

I. NTPC Limited - 178.36 കോടി രൂപ (പ്രതിമാസം)

II. Neyveli lignite (NLC Ltd.)- 57.85 കോടി രൂപ (പ്രതിമാസം)

III. Nuclear Power Corporation Ltd.- 65 കോടി രൂപ

IV. NTPC Tamil Nadu Energy Corporation Ltd. - 13.08 കോടി രൂപ (പ്രതിമാസം)

V. NLC Tamil Nadu Power Limited 22.18 കോടി രൂപ (പ്രതിമാസം)

II. ദീർഘകാല കരാറുകൾ

1. Jindal Power Ltd - 89.71 കോടി രൂപ (പ്രതിമാസം)
2. Jhabua Power Ltd- 61.58 കോടി രൂപ (പ്രതിമാസം)
3. Damodar Vally Corporation - 30.54 കോടി രൂപ (പ്രതിമാസം)
4. Maithon Power Ltd. - 80.64 കോടി രൂപ (പ്രതിമാസം)
5. Bharat Aluminium Corporation Ltd. - 26.49 കോടി രൂപ
6. Jindal India Thermal Power Limited- 27.68 കോടി രൂപ (പ്രതിമാസം)

(III) Renewable Energy Sources and Indepedent Power Producers- 6.23 കോടി രൂപ (പ്രതിമാസം)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി&ഡി) പ്രസ്തുത സ്ഥാപനങ്ങൾക്ക് വൈദ്യുതി ബോർഡ് കുടിശ്ശികയിനത്തിൽ ഒന്നും നൽകാനില്ല.

**വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

182 (2168) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിയ വൈദ്യുതി ചാർജ് വർദ്ധനവ് വഴി പ്രതിവർഷം എത്ര രൂപ അധികവരുമാനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി)ഏതെങ്കിലും റിപ്പോർട്ടിന്റെയോ പഠനത്തിന്റെയോ അടിസ്ഥാനത്തിലാണോ നിരക്ക് വർദ്ധിപ്പിച്ചത്; വിവരിക്കാമോ;

(സി) ഈ സർക്കാർ വന്നതിന് ശേഷം ആകെ എത്ര രൂപയാണ് ഒരു യൂണിറ്റ് വൈദ്യുതിക്ക് അധികമായി ചുമത്തിയത് എന്ന കാര്യം അറിയിക്കാമോ;

(ഡി) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുമ്പോൾ ഗുണഭോക്താക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള അധിക സേവനം ലഭിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് റെഗുലേറ്ററി കമ്മീഷന്റെ 8-7-2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ (8-7-2019 മുതൽ) താരിഫ് പരിഷ്കരണത്തിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ 902.90 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) വൈദ്യുതി നിയമം 2003, ദേശീയ താരിഫ് പോളിസി-2016, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനംചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള 2018-ലെ താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും അപ്പലേറ്റ് ട്രൈബ്യൂണൽ ഫോർ ഇലക്ട്രിസിറ്റിയുടെ പ്രസക്തമായ വിധി ന്യായങ്ങൾ, കേന്ദ്രഗവൺമെന്റിനുകീഴിലുള്ള ഊർജ്ജ മന്ത്രാലയം രാജ്യത്താകമാനമുള്ള വൈദ്യുതി താരിഫുകൾ ഏകീകരിക്കുന്നതിനും ലഘൂകരിക്കുന്നതിനുംവേണ്ടി പഠനം നടത്തുന്നതിന് നിയോഗിച്ച രണ്ട് വ്യത്യസ്ത കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ്, കെ.എസ്.ഇ.ബി. ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ താരിഫ് പെറ്റീഷൻ സമർപ്പിച്ചത്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ടി പെറ്റീഷനുമേൽ, പൊതുജനങ്ങളുടെയും, ഉപഭോക്താക്കളുടെയും

അഭിപ്രായങ്ങളും നിർദ്ദേശങ്ങളും (സംസ്ഥാനത്തെ നാല് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽവച്ച് നടത്തിയ തെളിവെടുപ്പിലൂടെ) പരിഗണിച്ചും നിയമപരമായ ചട്ടക്കൂടിനകത്തുനിന്നുകൊണ്ടുമാണ്, വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് താരിഫ് ഷോക്കിനിടനൽകാത്ത വിധത്തിലുള്ള താരിഫ് പരിഷ്കരണം സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് 16-8-2014 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധമുള്ള താരിഫ് പരിഷ്കരണമാണ് അവസാനമായി നടന്നത്. തുടർന്ന് 18-4-2017 മുതൽ പ്രാബല്യമുള്ള ഒരു താരിഫ് പരിഷ്കരണമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ പുറപ്പെടുവിച്ച ഉത്തരവിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നത്. തുടർന്ന് 8-7-2019 മുതൽ പ്രാബല്യമുള്ള നിലവിലുള്ള താരിഫ് പരിഷ്കരണ ഉത്തരവ് നടപ്പിലാക്കിവരുന്നു. 16-8-2014-ലെ താരിഫ് പരിഷ്കരണ ഉത്തരവിലൂടെ ഒരു യൂണിറ്റ് വൈദ്യുതിക്ക് 5.50 രൂപയാണ് ലഭിച്ചുകൊണ്ടിരുന്നത്. തുടർന്നുള്ള രണ്ട് താരിഫ് പരിഷ്കരണ ഉത്തരവിലൂടെ ആകെ യൂണിറ്റിന് 72 പൈസയാണ് അധികമായി ലഭിച്ചത്.

(ഡി) സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതോൽപ്പാദനം, മൊത്തം ആവശ്യകതയുടെ ഏകദേശം 30 ശതമാനം മാത്രമേ വരികയുള്ളൂ. ആയതിനാൽ നിയന്ത്രണങ്ങളൊന്നുമില്ലാതെ (ലോഡ് ഷെഡ്ഡിംഗ്, പവർകട്ട് മുതലായവ) ലഭ്യമാക്കുന്നതിന് വൈദ്യുതി വാങ്ങൽ ചെലവിൽ, വൈദ്യുതി വിപണിയിലുള്ള വ്യതിയാനങ്ങൾ പ്രകാരം വർദ്ധനവ് ഉണ്ടാകാറുണ്ട്. ഇത് വൈദ്യുതി താരിഫിൽ വർദ്ധനവ് വരുത്തുന്ന ഘടകമാണ്. കൂടാതെ മെച്ചപ്പെട്ട ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന്, ഉൽപ്പാദന, പ്രസരണ, വിതരണ മേഖലകളിൽ വലിയ തോതിലുള്ള മുടക്കുമുതൽ ആവശ്യമായിട്ടുണ്ട്. പുനരുപയോഗ സ്രോതസ്സുകളുടെ വികസനം, ട്രാൻസ്ഗ്രിഡ്, ദ്യുതി മുതലായ പദ്ധതികൾ ഇത് മുന്നിൽക്കണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നവയാണ്. ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തോടെ സംസ്ഥാനത്തെ പ്രസരണ-വിതരണ സംവിധാനം അന്താരാഷ്ട്ര നിലവാരത്തിലെത്തുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്ന് ലഭ്യമായിവരുന്ന സേവനങ്ങൾ വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി ഉപഭോക്താക്കളിലേയ്ക്ക് അതിവേഗം എത്തിക്കുക, മെച്ചപ്പെട്ട പരാതി പരിഹാര സംവിധാനങ്ങൾ (24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത കാൾ സെന്റർ), ഗുണമേന്മയുള്ള വൈദ്യുതി കൃത്യതയോടെ എത്തിക്കുന്നതിനുള്ള മീറ്ററിംഗ് സംവിധാനം മുതലായവയ്ക്ക് ആവശ്യംവേണ്ട മുടക്കുമുതൽ താരിഫിൽ പ്രതിഫലിക്കുന്നവയാണ്.

**ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം**

183 (2169) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉത്പാദനം എത്രയാണ്; ഇതിന്റെ വിശദവിവരം നൽകുമോ;

(ബി) വേനൽ കടുത്തതോടെ സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി കേരളത്തിന് പുറത്തുള്ള വൈദ്യുതി ഉത്പാദകരിൽനിന്നും കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) കേന്ദ്ര ഉർജ്ജ മന്ത്രാലയം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വൈദ്യുതി വിഹിതം എത്രയാണ്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ മാർച്ച് 2020-ലെ പ്രതിദിന ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം 4-3-2020-ലെ കണക്കുകൾ പ്രകാരം 16.3065 ദശലക്ഷം യൂണിറ്റാണ്. ഇതിൽ 15.5224 MU ജലവൈദ്യുത നിലയങ്ങളിൽനിന്നും 0.0013 MU കാറ്റാടി നിലയങ്ങളിൽ നിന്നും, 0.0362 MU സോളാർ (കെ.എസ്.ഇ.ബി.)യും സോളാർ IPP-കളിൽനിന്ന് 0.3607 MU-ഉം മറ്റ് IPP-കളിൽനിന്ന് (കാറ്റാടി, SHEP മുതലായവ) 0.3859 MU-ഉം ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ ഏകദേശം 30 ശതമാനം മാത്രമേ ആഭ്യന്തര ഉൽപ്പാദനംവഴി നിറവേറ്റാൻ സാധ്യമാകുന്നുള്ളൂ. അവശേഷിക്കുന്ന വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നാണ് വാങ്ങുന്നത്. കേരളത്തിലെ ആഭ്യന്തര ഉൽപ്പാദനത്തിന്റെയും നിലവിലുള്ള ദീർഘകാല കരാറുകൾ പ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെയും അടിസ്ഥാനത്തിൽ 2020-ലെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് പ്രതീക്ഷിക്കാവുന്ന അധിക വൈദ്യുതി കമ്മി കെ.എസ്.ഇ.ബി.എൽ. മുൻകൂട്ടി വിലയിരുത്തിയിട്ടുണ്ട്. ഇപ്രകാരം പ്രതീക്ഷിക്കുന്ന വൈദ്യുതി കമ്മി ഹ്രസ്വകാല വൈദ്യുതി വാങ്ങൽ കരാറുകളിലൂടെയും, ബാങ്കിംഗ് കരാറിലൂടെയും പരമാവധി നികത്താനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇതിനു പുറമേ ആവശ്യാനുസരണം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ചിൽനിന്ന് വൈദ്യതി വാങ്ങാനുള്ള ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്.

(സി) കേന്ദ്ര ഊർജ്ജ മന്ത്രാലയം വിവിധ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽനിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വൈദ്യുതി വിഹിതം നിലവിൽ 1741.04 മെഗാവാട്ടാണ്.

## സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വൈദ്യുതി

184 (2170) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് വൈദ്യുതി വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇങ്ങനെ സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വൈദ്യുതി വാങ്ങിയ വകയിൽ വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ടെൻഡർ നടപടികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ഈ നഷ്ടം നികത്തുന്നതിന് സർചാർജ് ഈടാക്കുന്നതിനുള്ള നടപടി ഒഴിവാക്കി വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ ഉപഭോഗത്തിന്റെ ഏകദേശം 30 ശതമാനം മാത്രമേ ആഭ്യന്തര ഉൽപ്പാദനത്തിലൂടെ നിറവേറ്റാൻ സാധ്യക്കുന്നുള്ളൂ. ശേഷിച്ച ഉപഭോഗം കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് നിറവേറ്റുന്നത് കേന്ദ്രനിലയങ്ങളിൽനിന്നും കണക്കാക്കിയിട്ടുള്ള വൈദ്യുതിയും, ദീർഘകാല കരാറുകളുടെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിലെ താപവൈദ്യുത നിലയങ്ങളിൽനിന്നുവാങ്ങുന്ന വൈദ്യുതിയും, സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ കാറ്റാടി/ചെറുകിട ജലവൈദ്യുത/സോളാർ ഉല്പാദകരിൽനിന്ന് ദീർഘകാല കരാറുകൾ മുഖേനയുമാണ്. ഇപ്രകാരം ദീർഘകാല കരാറുകൾ മുഖേന വാങ്ങുന്ന സ്വകാര്യ വൈദ്യുതി ഉൽപ്പാദകരുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&ഡി) ഇപ്രകാരം വാങ്ങുന്ന വൈദ്യുതി Electricity Act, 2003-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കിലോ (Sec.62) മത്സരാധിഷ്ഠിത ടെണ്ടർ മുഖേന റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെയാണ് (Sec.63) വാങ്ങുന്നത്. ഇങ്ങനെ വൈദ്യുതി വാങ്ങിയ വകയിൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് നഷ്ടമുണ്ടായിട്ടില്ല.

(സി) വിവിധ കാലയളവിൽ കേന്ദ്ര ഊർജ്ജ മന്ത്രാലയം നിഷ്കർഷിച്ചിരിക്കുന്ന ടെണ്ടർ നടപടികളിലൂടെയാണ് കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി വാങ്ങി സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം നിയന്ത്രണങ്ങളേർപ്പെടുത്താതെ നിറവേറ്റുന്നത്. ഇതിന് വിവിധ ദീർഘകാല (12 വർഷം മുതൽ 5 വർഷം വരെ)/ഹ്രസ്വകാല (ഒരു വർഷം വരെ) കരാറുകളിൽ കാലാകാലങ്ങളിൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് നിരവധി ടെണ്ടർ നടപടികളിലൂടെ ഏർപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സമയങ്ങളിൽ ആവശ്യാനുസരണം വൈദ്യുതി വാങ്ങുന്നതിന് വിവിധ ഹ്രസ്വകാല കരാറുകൾക്കാണ് ടെണ്ടർ വിളിച്ചിട്ടുള്ളത്. ഇങ്ങനെ വാങ്ങുന്ന വൈദ്യുതിയുടെ നിഷ്കർഷിച്ചിട്ടുള്ള Deep Portal (Discovery of Efficient Electricity Price) മുഖേന മത്സരാധിഷ്ഠിത ടെണ്ടർ വഴി e-reverse auction-ലൂടെയാണ് നിരക്കുകൾ തീരുമാനിക്കുന്നത്. ഇതിന്റെ ടെണ്ടർ നടപടികളുടെ മാതൃക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

## വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം

185 (2171) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളുടെ ആകെ എണ്ണം എത്രയെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എൽ.ടി., എച്ച്.ടി., ഗാർഹിക ഉപഭോക്താക്കൾ എന്നിവയുടെ എണ്ണം എത്രയാണ്;

(സി) ഗാർഹിക ഉപഭോക്താക്കളിൽനിന്നും ഒരു വർഷം ബോർഡിന് ലഭിക്കുന്ന വരുമാനം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ചെറുകിട, വൻകിട ഉപഭോക്താക്കളിൽനിന്നും ഒരു വർഷം എത്ര രൂപയുടെ വരുമാനം ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ഇ) വൈദ്യുതി ചാർജ് ഇനത്തിൽ ബോർഡിന് എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 31-1-2020-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിൽ 12780679 ഉപഭോക്താക്കളുണ്ട്.

(ബി) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിൽ 31-1-2020-ലെ കണക്കനുസരിച്ച്, ഗാർഹിക വിഭാഗത്തിൽ 9857888 ഉപഭോക്താക്കളും, ലോ ടെൻഷൻ വിഭാഗത്തിൽ (ഗാർഹിക ഉപഭോക്താക്കൾ ഒഴികെ) 2916549 ഉപഭോക്താക്കളും, ഹൈ ടെൻഷൻ വിഭാഗത്തിൽ (എക്സ്ട്രാ ഹൈ ടെൻഷൻ വിഭാഗത്തിലെ ഉപഭോക്താക്കൾ ഉൾപ്പെടെ) 6242 ഉപഭോക്താക്കളുമുണ്ട്.

(സി) ഗാർഹിക വിഭാഗം ഉപഭോക്താക്കളിൽനിന്നും 2018-19 കാലയളവിൽ 4621.04 കോടി രൂപയുടെ വരുമാനം ലഭിച്ചിരുന്നു.

(ഡി) 2018-19 സാമ്പത്തിക വർഷത്തിൽ ചെറുകിട (ലോ ടെൻഷൻ) ഉപഭോക്താക്കളിൽനിന്ന് (ഗാർഹിക വിഭാഗം ഒഴികെ) 4115.11 കോടി രൂപയും, വൻകിട (ഹൈ ടെൻഷൻ) ഉപഭോക്താക്കളിൽനിന്ന് (എക്സ്ട്രാ ഹൈടെൻഷൻ ഉൾപ്പെടെ) 3977 കോടി രൂപയുടെ വരുമാനവും.

(ഇ) 31-12-2019-ലെ ക്രോഡീകരിച്ച കണക്കുപ്രകാരം വൈദ്യുതി ബോർഡിന് ആകെ 1548.50 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. കുടിശ്ശികയെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## വൈദ്യുതി ബോർഡിന്റെ പ്രവർത്തനം

186 (2172) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് നിലവിൽ ലാഭത്തിലാണോ അതോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ നിലവിലെ നഷ്ടം/ലാഭം എത്ര കോടി രൂപ; വ്യക്തമാക്കുമോ;

(സി) 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയവും ഉരുൾപൊട്ടലുംമൂലം വൈദ്യുതി ബോർഡിന് എത്ര തുകയുടെ നഷ്ടം സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നഷ്ടം പരിഹരിക്കുവാൻ ബോർഡ് ഗാർഹിക ഉപഭോക്താക്കളിൽനിന്നും സർചാർജ് ഇനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) നിലവിൽ വൈദ്യുതി ബോർഡിന് എത്ര കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ വൈദ്യുതി ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) 2018-19-ലെ കണക്കുപ്രകാരം 290 കോടി രൂപയാണ് വൈദ്യുതി ബോർഡിന്റെ നഷ്ടം.

(സി) കേരളത്തെ പിടിച്ചുകുലുക്കിയ 2018-ലെയും 2019-ലെയും പ്രളയത്തെ തുടർന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളുടെ പുനർനിർമ്മാണത്തിന് യഥാക്രമം 363.18 കോടി രൂപയും 243.05 കോടി രൂപയും ചെലവ് കണക്കാക്കിയിട്ടുണ്ട്.

(ഡി) നഷ്ടം നികത്തുന്നതിലേയ്ക്കായി സർചാർജ്ജുകൾ ഒന്നുംതന്നെ ഒരു വിഭാഗം ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നില്ല. മറിച്ച്, 2019 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മൂന്നുമാസക്കാലയളവിൽ കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസുകളിൽനിന്ന് വൈദ്യുതി വാങ്ങിയ ഇനത്തിലുണ്ടായ അധിക ബാധ്യത (കമ്മീഷൻ അംഗീകരിച്ച തുകയെക്കാൾ കൂടുതലായ തുക) നികത്തുന്നതിന്, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 2018-ലെ താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരം കമ്മീഷൻതന്നെ പുറപ്പെടുവിച്ച 14-2-2020-ലെ ഉത്തരവുപ്രകാരം, 15-2-2020 മുതൽ സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളിൽനിന്നും ഫെബ്രുവരി 15 മുതലുള്ള മൂന്നു മാസത്തെ ഉപഭോഗത്തിന്, സർചാർജ്ജ് ഈടാക്കിവരുന്നു.

(ഇ) 31-12-2019-ലെ കണക്കുപ്രകാരം വൈദ്യുതി ബോർഡിന് ആകെ 1548.50 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. കുടിശ്ശികയെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**വൈദ്യുതി ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനുള്ള ചട്ടം**

187 (2173) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളുടെ പരാതി ഒരു നിശ്ചിത ദിവസത്തിനുള്ളിൽ പരിഹരിക്കുന്നതിനുള്ള ചട്ടം കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി മുടങ്ങിയാൽ ഒരു നിശ്ചിത സമയത്തിനുള്ളിൽ അവ പുനഃസ്ഥാപിക്കണമെന്നും അല്ലാത്തപക്ഷം വീഴ്ച വരുത്തുന്ന ഓരോ പരാതികളിലും 25 രൂപ വീതം നഷ്ടപരിഹാരം നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇത് സംബന്ധിച്ച കരട് മാനുവൽ തയ്യാറായിട്ടുണ്ടോ; എങ്കിൽ ഇത് എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണ ലൈസൻസികൾ തങ്ങളുടെ ഉപഭോക്താക്കൾക്ക് നൽകേണ്ടുന്ന സേവനങ്ങൾ (പരാതികൾ പരിഹരിക്കുന്നതുൾപ്പെടെ) ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ഉറപ്പാക്കണമെന്ന് നിഷ്കർഷിക്കുന്ന ചട്ടങ്ങൾ (KSERC (Standards of Performance of Distribution Licensee) 2015) 15-2-2015-ൽത്തന്നെ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഡിസ്ട്രിബ്യൂഷൻ ലൈസൻസികളുടെ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി 2015-ൽ ബഹുമാനപ്പെട്ട കേരള റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള "സ്റ്റാൻഡേർഡ്സ് ഓഫ് പെർഫോമൻസ്" പ്രകാരം കെ.എസ്.ഇ.ബി.എൽ. നൽകുന്ന വിവിധ സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുള്ളതും അവയിൽ വീഴ്ച വരുത്തുന്നപക്ഷം നഷ്ടപരിഹാരം നൽകാൻ ബാദ്ധ്യസ്ഥവുമാണ്.

വൈദ്യുതി മുടങ്ങിയാൽ, ആയത് സംബന്ധിച്ച പരാതികൾ, കമ്മീഷൻ പുറപ്പെടുവിച്ച 2015-ലെ ചട്ടങ്ങൾ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ തീർപ്പാക്കണമെന്നും അല്ലാത്തപക്ഷം, Standards of Performance ചട്ടങ്ങൾ പട്ടിക 1 പ്രകാരമുള്ള നഷ്ടപരിഹാരം വിതരണ ലൈസൻസികൾ ഉപഭോക്താക്കൾ ആവശ്യപ്പെടുന്നപക്ഷം നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. പട്ടിക-1 അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള Standards of Performance Regulations-ലെ 29-ാം ചട്ടത്തിൽ, എല്ലാ വിതരണ ലൈസൻസികളും തങ്ങളുടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾക്ക് പരമാവധി സമയപരിധി നിശ്ചയിച്ചും പ്രസ്തുത സമയപരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാക്കാതിരുന്നാൽ നൽകേണ്ടുന്ന നഷ്ടപരിഹാരത്തുകയെ സംബന്ധിച്ചും ആയതിന്റെ നടപടിക്രമങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന കരട് മാനുവൽ (Manual of procedure for processing and Resolving Complaints) തയ്യാറാക്കി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണെന്നും, ആയത്,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൊതുതെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് 11-1-2019-ൽ കരട് മാനുവൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനുമേലുള്ള ആദ്യ തെളിവെടുപ്പ് 20-2-2020-ൽ തിരുവനന്തപുരത്ത് നടന്നു. മൂന്ന് കേന്ദ്രങ്ങളിൽവച്ചുകൂടി തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കരട് മാനുവൽ അംഗീകരിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.-യിൽ പ്രാവർത്തികമാക്കുന്നതാണ്.

### ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം

188 (2174) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്/ഗ്രാമീണ റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കാൻ അതത് വകുപ്പുകളുടെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ആരിൽ നിന്നാണ് ലഭ്യമാക്കേണ്ടതെന്നും അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) നിലവിൽ പൊതുമരാമത്ത് റോഡിലോ ഗ്രാമീണ റോഡിലോ ഉള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ; ഇതിനായി കെ.എസ്.ഇ.ബി.എൽ. എത്ര തുകയാണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത്/ഗ്രാമീണ റോഡുകളുടെ വികസനത്തിന് തടസ്സം നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അതതു വകുപ്പുകൾ ബോർഡിന് തുക അടക്കേണ്ട ആവശ്യമുണ്ടോ; ഇതിന് ഏകീകൃത നിരക്കുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ഡി) ഇതിനുള്ള നടപടിക്രമങ്ങളിൽ വളരെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടിക്രമങ്ങൾ എത്രയും വേഗത്തിൽ ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ നൽകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 164 പ്രകാരവും ഇൻഡ്യൻ ടെലഗ്രാഫ് ആക്ട് 1885-ലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും വിതരണ ലൈസൻസി എന്ന നിലയിൽ KSEBL-ന് ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുവാൻ മറ്റ് വകുപ്പുകളുടെ മുൻകൂർ അനുമതി ആവശ്യമില്ല. പുതുതായി ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ സ്ഥലപരിശോധന നടത്തി സാങ്കേതികമായി

അനുയോജ്യമായ സ്ഥലങ്ങളിൽ, യാത്രക്കാർക്കോ പരിസരവാസികൾക്കോ അസൗകര്യമില്ലാത്ത വിധത്തിൽ നിലവിലുള്ള റോഡിന്റെ ടാർ ചെയ്ത ഭാഗം പരമാവധി ഒഴിവാക്കി പുറം അതിരിനോട് ചേർന്ന് മാത്രമാണ് സ്ഥാപിച്ചുവരുന്നത്.

(ബി&സി) നിലവിൽ പൊതുമരാമത്ത് /ഗ്രാമീണ റോഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്ഥലപരിശോധന നടത്തി, മറ്റ് തടസ്സങ്ങളില്ലെങ്കിൽ, (ഏതെങ്കിലും അനുമതികൂടി ആവശ്യമുണ്ടെങ്കിൽ ആയത് ലഭിക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ച്) പ്രസ്തുത ജോലിക്കുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ (KSERC) പുറപ്പെടുവിച്ചിട്ടുള്ള നിരക്കുകൾക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത വകുപ്പിന് ഡിമാന്റ് നോട്ടീസ് നൽകുന്നതും ടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമമനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്.

ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുവാൻ വേണ്ടിവരുന്ന പ്രവൃത്തിയുടെ നിരക്കുകൾ വിവിധ കാര്യങ്ങളെ ആശ്രയിച്ചാണ് നിശ്ചയിക്കുന്നത്. പ്രധാനമായും, ആവശ്യമായിവരുന്ന പോസ്റ്റിന്റെ (PSC/A pole) വലിപ്പത്തിനനുസരിച്ചും, അധിക സാധന സാമഗ്രികളുടെയും, പ്രവൃത്തികളുടെ പണിക്കൂലിയുടെയും അടിസ്ഥാനത്തിലും ഭൂപ്രദേശത്തിന്റെ സ്വഭാവത്തിനനുസരിച്ചുമാണ് നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്. പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റിന്റെ നിരക്ക് കൂടാതെ മാറ്റി സ്ഥാപിക്കേണ്ടുന്ന മറ്റ് സാധനസാമഗ്രികളുടെ റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കും അവയുടെ 16% സെന്റേജ് ചാർജ്ജും മാറ്റി സ്ഥാപിക്കുവാൻ അംഗീകരിച്ചിട്ടുള്ള പണിക്കൂലിയും transportation ചാർജ്ജും ആയതിന്റെ 10% മേൽനോട്ടക്കൂലിയും കൂടാതെ 18% GST-യും 1% flood cess-ഉം ഈടാക്കുന്നതാണ്. ഇതുകൂടാതെ നിയമപരമായ മറ്റ് അധികാരികൾ (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, BSNL, വാട്ടർ അതോറിറ്റി തുടങ്ങിയവ) ആവശ്യപ്പെടുന്ന തുകകൾ അടയ്ക്കേണ്ടുന്നതുമാണ്.

(ഡി) ബന്ധപ്പെട്ട വകുപ്പുകൾ തുക അടയ്ക്കുന്നതിന് വരുത്തുന്ന കാലതാമസംമൂലവും ചില സന്ദർഭങ്ങളിൽ മാറ്റിസ്ഥാപിക്കാൻ ആവശ്യമായിവരുന്ന സാധന സാമഗ്രികളുടെ പെട്ടെന്നുള്ള ലഭ്യതക്കുറവുമൂലവും ചില സ്ഥലങ്ങളിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കാനായി, സാധന സാമഗ്രികൾ താമസംവിനാ ലഭ്യമാക്കിക്കൊണ്ട്, ബന്ധപ്പെട്ട വകുപ്പുകൾ റോഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ

മാറ്റി സ്ഥാപിക്കുവാൻ അപേക്ഷ നൽകി ആവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമമനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

**വികസന പദ്ധതികൾക്ക് തടസ്സമായി ഇലക്ട്രിക് പോസ്റ്റുകൾ**

189 (2175) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിനും മറ്റ് പദ്ധതികൾക്കും തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ സമയബന്ധിതമായി നീക്കം ചെയ്യാത്തതു കാരണം ഉണ്ടാകുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രോജക്ടുകളും റോഡുവികസനവും തടസ്സമില്ലാതെ നടക്കുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പൊതുജനത്തിന് ഭീഷണിയായി അപകടകരമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ ത്വരിത ഗതിയിൽ മാറ്റിസ്ഥാപിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത്/ഗ്രാമീണ റോഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്ഥലപരിശോധന നടത്തി, മറ്റ് തടസ്സങ്ങളില്ലെങ്കിൽ (ഏതെങ്കിലും അനുമതികൂടി ആവശ്യമുണ്ടെങ്കിൽ ആയത് ലഭിക്കാൻവേണ്ട നടപടികൾ സ്വീകരിച്ച്) പ്രസ്തുത ജോലിക്കുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ (KSERC) പുറപ്പെടുവിച്ചിട്ടുള്ള നിരക്കുകൾക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത വകുപ്പിന് ഡിമാന്റ് നോട്ടീസ് നൽകുന്നതും ടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമമനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്.

ബന്ധപ്പെട്ട വകുപ്പുകൾ തുക അടയ്ക്കുന്നതിന് വരുത്തുന്ന കാലതാമസംമൂലവും ചില സന്ദർഭങ്ങളിൽ മാറ്റിസ്ഥാപിക്കാൻ ആവശ്യമായിവരുന്ന സാധന സാമഗ്രികളുടെ പെട്ടെന്നുള്ള ലഭ്യതക്കുറവുമൂലവും ചില സ്ഥലങ്ങളിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളിൽ കാലതാമസം ഉണ്ടാകാറുണ്ട്. ഇത് ഒഴിവാക്കാനായി, കാലതാമസം സംഭവിക്കുന്നതും പല സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്നതുമായ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികൾക്ക്

വേണ്ടിവരുന്ന എസ്റ്റിമേറ്റ് തുകയുടെ ഡിമാൻഡ് നോട്ടീസ് വേഗത്തിൽ നൽകിക്കൊണ്ടും സാധനസാമഗ്രികൾ താമസംവിനാ ലഭ്യമാക്കിക്കൊണ്ടും, KSEBL-ന്റെ ഭാഗത്തുണ്ടാകുന്ന കാലതാമസം പരമാവധി ഒഴിവാക്കുകയും ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമമനുസരിച്ച് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചുക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

(സി) പൊതുജനത്തിന് ഭീഷണിയായി അപകടകരമായി നിൽക്കുന്ന പോസ്റ്റുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ടി പോസ്റ്റുകൾ KSEBL മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജില്ലാ കളക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ബാലാവകാശ കമ്മീഷൻ, പൊതുജനങ്ങൾ തുടങ്ങിയവർ ശ്രദ്ധയിൽപ്പെടുത്തുന്ന അപകടകരമായി നിൽക്കുന്ന പോസ്റ്റുകളും KSEBL താമസംവിനാ മാറ്റിസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## എല്ലാ സർക്കാർ ഓഫീസുകളിലും വയേഡ് കണക്ടിവിറ്റി

190 (2176) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും, വയേഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനായി 2000 കോടി രൂപ ചെലവ് വരുന്ന പദ്ധതി കെ.എസ്.ഇ.ബി.യുടെ വിതരണ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനായി സർക്കാർ കെ.എസ്.ഇ.ബി.എൽ.-മായി എന്തെങ്കിലും കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ; പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ ഇതിനകം സ്വീകരിച്ച നടപടി എന്തൊക്കെയാണ്;

(സി) കെ.എസ്.ഇ.ബി.എൽ.-ന് ഈ പദ്ധതിയിലൂടെ പ്രതിവർഷം എത്ര കോടി രൂപ ആദായം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്?

### ഉത്തരം

(എ) കേരളത്തിലുടനീളം ചുരുങ്ങിയ ചെലവിൽ അതിവേഗ ഇന്റർനെറ്റ് സേവനം കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുകയെന്ന മഹത്തായ ലക്ഷ്യവുമായി കേരള സർക്കാർ, കെ.എസ്.ഇ.ബി.-യും സർക്കാർ സംരംഭമായ KSITIL-ഉം ആയിചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് കേരള ഫൈബർ ഓപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ). കേരളത്തിലുടനീളമുള്ള 30000-ൽപരം സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുക, ദരിദ്ര്യരേഖയിൽ താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക്

സൗജന്യമായി ഇന്റർനെറ്റ് സേവനം എത്തിക്കുക, ഇന്റർനെറ്റ്/ടെലികോം സേവന ദാതാക്കൾക്ക് മിതമായ നിരക്കിൽ മെച്ചപ്പെട്ട സേവനം നൽകുക എന്നീ ലക്ഷ്യങ്ങളുമായി മുന്നോട്ടുപോകുന്ന ഈ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ് 1028 കോടി രൂപയാണ്. പ്രസ്തുത പദ്ധതി 2020 അവസാനത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിന്റെയും മറ്റ് സ്വകാര്യ ടെലികോം സർവ്വീസ് പ്രൊവൈഡറിന്റെയും നിലവിലുള്ള ബാന്റ് വിഡ്ത്ത് പരിശോധിച്ച് അതിന്റെ അപര്യാപ്തത മനസ്സിലാക്കുകയും അത് പരിഹരിച്ച് ഭാവിയിലേയ്ക്ക് ആവശ്യമായ ബാന്റ് വിഡ്ത്ത് സജ്ജമാക്കുകയും ചെയ്യുക എന്നുള്ള രീതിയിലാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

കെ.എസ്.ഇ.ബി.എൽ.-ഉം, കെ.എസ്.ഐ.റ്റി.ഐ.എൽ.-ഉം, കേരള സർക്കാരും ചേർന്നുള്ള സംയുക്ത സംരംഭമായ കെ-ഫോൺ ലിമിറ്റഡ് വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യത്തിനെ ഒരു ടെണ്ടർ നടപടിയിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്.

സമയബന്ധിതമായി പദ്ധതി തുടങ്ങുന്നതിനാവശ്യമായ പഠനവും ടെണ്ടർ നടപടികളും പൂർത്തീകരിക്കുകയും, പദ്ധതിയുടെ നടത്തിപ്പിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യത്തിന് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. 40000 കി.മീ. ഒപ്റ്റിക് ഫൈബർ നെറ്റ്‌വർക്ക് ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളിലും വീടുകളിലുമുള്ള സേവനങ്ങൾ നൽകാൻ പര്യാപ്തമാണ്.

(ബി) കെ-ഫോൺ പദ്ധതിയുടെ സാക്ഷാത്കാരത്തിന് കേരള സർക്കാരും കെ.എസ്.ഐ.ടി.ഐ.എൽ.-ഉം, കെ.എസ്.ഇ.ബി.എൽ-ഉം സംയുക്ത സംരംഭ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിക്കായി കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രസരണ-വിതരണ ശൃംഖലയിൽക്കൂടി ഒപ്റ്റിക്കൽ ഫൈബർ വലിക്കുന്നതിനും, പോപ്പുകൾ സബ്സ്റ്റേഷനുകളിൽ സ്ഥാപിക്കുന്നതിനുമുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതി മുഖാന്തരം കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഓഫീസുകൾക്കും സൗജന്യ ഇന്റർനെറ്റ്/ഇൻട്രാനെറ്റ് ലഭിക്കുന്നു. കെ-ഫോൺ പദ്ധതിയുടെ ഒപ്റ്റിക്കൽ ശൃംഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഫൈബർ ഷെയർ ഉപയോഗിച്ച് സ്മാർട്ട് മീറ്റർ, സ്കാഡാ കൂടാതെ മറ്റു സാങ്കേതിക വിദ്യകൾ മെച്ചമായി ഉപയോഗപ്പെടുത്താൻ സഹായിക്കും. പോൾ വാടക, സ്ഥല വാടക കൂടാതെ കെ-ഫോൺ കമ്പനിയുടെ ലാഭ വിഹിതവും കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കും. ഈ പദ്ധതിയിലൂടെ പ്രതിവർഷം സാമ്പത്തികമായി ലഭിക്കുന്ന ആദായം കണക്കാക്കിയിട്ടില്ല.

## ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം പദ്ധതി

191 (2177) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) ഇവിടെ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇടമലയാറിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ആദ്യ ഘട്ടമായി ഗാർഡനിംഗ്, ബട്ടർ ഫ്ലൈ പാർക്ക് എന്നിവ ആരംഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കോതമംഗലം മണ്ഡലത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ തട്ടേക്കാട്, ഭൂതത്താൻകെട്ട് എന്നിവിടങ്ങളിലെത്തുന്ന സ്വദേശീയരും, വിദേശീയരുമായ വിനോദസഞ്ചാരികൾക്ക് പ്രയോജനപ്പെടത്തക്കവിധം ഇടമലയാർ ഡാമിൽ വനം വകുപ്പുമായി ചേർന്ന് ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) കോതമംഗലം മണ്ഡലത്തിൽ ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിച്ചിരുന്നു. ഇടമലയാർ റിസർവോയർ വനമേഖലയിലായതിനാൽ ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുവാദം ആവശ്യമാണ്. ടി വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

## ബ്രഹ്മപുരം ഡീസൽ പവർപ്ലാന്റ് നവീകരണ പദ്ധതി

192 (2178) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബ്രഹ്മപുരം ഡീസൽ പവർപ്ലാന്റ് നവീകരണ പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി.എൽ.-ന്റെ ട്രാൻസ്ഗ്രിഡ് പദ്ധതി

193 (2179) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ ട്രാൻസ് ഗ്രിഡ് പദ്ധതിയിലെ കോലത്തുനാട്-കോട്ടയം ലൈൻസ് പാക്കേജിന്റെ എസ്റ്റിമേറ്റ് ഏത് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജുകളിൽ സിവിൽ വർക്ക് എത്ര ശതമാനമാണ് എന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി.എൽ.-ന്റെ എസ്റ്റിമേറ്റുകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ബോർഡ് അംഗീകരിച്ച സർക്കാർ ഉത്തരവുകളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) കെ.എസ്.ഇ.ബി.എൽ. ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോലത്തുനാട്-കോട്ടയം ലൈൻസ് പാക്കേജിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സോഫ്റ്റ്‌വെയർ ഉപയോഗിച്ചിട്ടില്ല. കോലത്തുനാട്-കോട്ടയം ലൈൻസ് പാക്കേജിന്റെ സിവിൽ വർക്കിന്റെ തുക പദ്ധതി ചെലവിന്റെ യഥാക്രമം 56 ശതമാനം, 51 ശതമാനമാണ്.

(സി) G.O.(MS) No.498/15/Fin. Dated 3-11-2012, G.O.(P) No.30/2016/Fin. Dated 29-2-2016 എന്നീ ഉത്തരവുകൾ പ്രകാരം എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് PRICE സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 7-5-2018-ലെ B.O. (DB)No.1192/2018 (DGC/AEE.II/general/2016 ഉത്തരവ് പ്രകാരം KSEBL എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് PRICE സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സിവിൽ നിർമ്മാണ ജോലികൾക്കുള്ള എസ്റ്റിമേറ്റുകൾ ഇതനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കുന്നത്. ഏറനാട് പാക്കേജിൽ ഉൾപ്പെടുന്ന മാടക്കത്തറ 400 കെ.വി. സബ്സ്റ്റേഷനിൽനിന്നും അരീക്കോട്ടേക്ക് വലിക്കുന്ന 400 കെ.വി. ലൈനും മാടക്കത്തറ മുതൽ നല്ലളംവരെ നിർമ്മിക്കുന്ന 220 കെ.വി. ലൈനും NRHTLS പാക്കേജിൽ ഉൾപ്പെടുന്ന കക്കയം മുതൽ നല്ലളം വരെയുള്ള 110 കെ.വി. സർക്യൂട്ട് ഉയർന്ന ശേഷിയുള്ള HTLS കണ്ടക്ടർ ഉപയോഗിക്കുന്ന പ്രവൃത്തിയും L1 bidder ആയ M/s Sterlite Power Transmission Ltd-ന് നല്കുന്നതിനുള്ള ഗവൺമെന്റ് ഉത്തരവ് G.O.(MS) No.23/2017/PD dated

23-10-2017-ന് ലഭിക്കുകയും ബോർഡ് അനുപ്രകാരം B.O.(FTD) No.2666/ 2017(D) (T&SO)/PSE/Transgrid/Ernad&HTLS/17-18/dated 26-10-2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. G.O.(Rt) No.195/2016/PD dated 6-10-2016 പ്രകാരം 6375 കോടി രൂപയ്ക്ക് ട്രാൻസ്ഗ്രിഡ് പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകി.

കെ.എസ്.ഇ.ബി.എൽ. എസ്റ്റിമേറ്റുകളുമായി ബന്ധപ്പെട്ട്, G.O.(P) No.429/15/ Fin. Dated 28-9-2015 എന്ന സർക്കാർ ഉത്തരവിലെ clause 3(ii) B.O.(DB)No.863/2019 D(GE)/G2/RMUKTDY/2019-20 dated 23-11-2019 പ്രകാരം കെ.എസ്.ഇ.ബി.എൽ.-ൽ അംഗീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

**വൈദ്യുതി വിതരണം മുടങ്ങാതെ നടത്തുന്നതിന് സ്വീകരിച്ച നടപടി**

194 (2180) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരളത്തിൽ പവർകട്ടോ, ലോഡ് ഷെഡിംഗോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) കടുത്ത വേനലിൽ കേരളത്തിലെ ഡാമുകളിൽ വെള്ളം കുറയുമ്പോഴും പവ്വർകട്ട് ഏർപ്പെടുത്താതെ വൈദ്യുതി വിതരണം നടത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ പവ്വർകട്ടും ലോഡ് ഷെഡിംഗും ഏർപ്പെടുത്തിയിരുന്നോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരളത്തിൽ പവർകട്ടോ ലോഡ് ഷെഡ്ഡിംഗോ ഏർപ്പെടുത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ ഏകദേശം 30% മാത്രമേ ആഭ്യന്തര ഉത്പാദനംവഴി നിറവേറ്റാൻ സാധ്യമാകുന്നുള്ളൂ. അവശേഷിക്കുന്ന വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നാണ് വാങ്ങുന്നത്. കേരളത്തിലെ ആഭ്യന്തര ഉത്പാദനത്തിന്റെയും നിലവിലുള്ള ദീർഘകാല കരാറുകൾ പ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെയും അടിസ്ഥാനത്തിൽ 2020-ലെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് പ്രതീക്ഷിക്കാവുന്ന അധിക വൈദ്യുതി കമ്മി കെ.എസ്.ഇ.ബി. മുൻകൂട്ടി വിലയിരുത്തിയിട്ടുണ്ട്. ഇപ്രകാരം പ്രതീക്ഷിക്കുന്ന വൈദ്യുതി കമ്മി പ്രധാനമായും ബാങ്കിംഗ്

കരാറിലൂടെയും ഹ്രസ്വകാല-വാങ്ങൽ കരാറിലൂടെയും പരമാവധി നികത്താനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ആവശ്യാനുസരണം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ചിൽനിന്ന് വൈദ്യുതി വാങ്ങാനുള്ള ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായ പവർകട്ടും ലോഡ്ഷെഡ്ഡിംഗും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

- മൂലമറ്റം വൈദ്യുതി നിലയത്തിലുണ്ടായ അപകടംമൂലം 2011 ജൂൺ 20-ാം തീയതി മുതൽ 23-ാം തീയതിവരെ സംസ്ഥാനത്ത് സൈക്ലിക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.
- വൈദ്യുതി ലഭ്യതക്കുറവുമൂലം 2011 സെപ്തംബർ 29 മുതൽ ഒക്ടോബർ 10-ാം തീയതിവരെ സൈക്ലിക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.
- 2012 ഏപ്രിൽ 2 മുതൽ മേയ് 23-ാം തീയതിവരെയും സെപ്തംബർ 27-ാം തീയതി മുതൽ 2013 ജൂൺ 15-ാം തീയതിവരെയും സൈക്ലിക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.
- ശബരിഗിരി വൈദ്യുതി നിലയത്തിലെ അറ്റകുറ്റപ്പണികൾ കാരണം 22-5-2014 മുതൽ 31-5-2014 വരെ സൈക്ലിക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.
- 2-6-2014 മുതൽ 26-6-2014 വരെ സൈക്ലിക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

2012 ഏപ്രിൽ 5-ാം തീയതി മുതൽ മേയ് 31-ാം തീയതിവരെ എല്ലാ എച്ച്.റ്റി., ഇ.എച്ച്.റ്റി., ഉപഭോക്താക്കളുടെയും വൈദ്യുതി ഉപഭോഗത്തിൽ 10 ശതമാനം പവർ കട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2012 ഏപ്രിൽ 26-ാം തീയതി മുതൽ മേയ് 31-ാം തീയതിവരെ എൽ.റ്റി. ഉപഭോക്താക്കൾക്ക് 10 ശതമാനം പവർ കട്ടും ഏർപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2012 മേയ് 31-ാം തീയതിവരെ നിലനിന്നിരുന്നു.

2012 ഡിസംബർ 15-ാം തീയതി മുതൽ എല്ലാ എച്ച്.റ്റി., ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെയും വൈദ്യുതി ഉപഭോഗത്തിൽ 25 ശതമാനം പവർ കട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.റ്റി. ഉപഭോക്താൾക്ക് 20 ശതമാനം പവർ കട്ടും ഏർപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2013 മേയ് 31-ാം തീയതിവരെ നിലനിന്നിരുന്നു.

## വൈദ്യുതി ഉൽപ്പാദനത്തിൽ വർദ്ധനവ്

195 (2181) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരളത്തിൽ വൈദ്യുതി ഉൽപ്പാദനത്തിൽ വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇതിനായി വകുപ്പുതലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് എത്തിക്കുന്ന വൈദ്യുതിയുടെ അളവ് വർദ്ധിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 198.29 MW-ന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഇതിൽ 12.6 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ KSEB നേരിട്ടും (വെള്ളത്തുവൽ - 3.6 MW, പെരുംതേനരുവി-6 MW, കക്കയം-3 MW) 12.55 MW ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖാന്തരവും (പതങ്കയം-8 MW, കാരിക്കയം 4.5 MW, ദേവിയാർ-0.05 MW) കൂടാതെ സൗരോർജ്ജ പദ്ധതികളിൽനിന്നും 146.14 മെഗാവാട്ടും കാറ്റിൽനിന്നും 27 MW-ഉം ഉൾപ്പെടുന്നു. ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കിയത് എടുത്തുപറയേണ്ട നേട്ടമാണ്. പ്രസ്തുത പദ്ധതിയിൽനിന്നും 2019 ജനുവരി മുതൽ വൈദ്യുതി കേരള ഗ്രിഡ്ഡിലേയ്ക്ക് ലഭിച്ചുവരുന്നു. 10 ജലവൈദ്യുത പദ്ധതികൾ (ആകെ ശേഷി 193.5 MW) നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്നു. ഇവ കൂടാതെ 18.96 MWp ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാപഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2015-ാം ആണ്ടുമുതൽ നിർമ്മാണ പ്രവർത്തനങ്ങൾ

മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം-60 MW, തോട്ടിയാർ ജലവൈദ്യുത പദ്ധതി-40 MW, ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി-6 MW എന്നിവ പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഈ പദ്ധതികളെല്ലാം 2020 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്ന് കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് സൗര. പദ്ധതിയിൽ ഭാഗമാകാൻ താല്പര്യമുള്ള 2.78 ലക്ഷം ഉപഭോക്താക്കളിൽനിന്ന് തെരഞ്ഞെടുക്കുന്ന 42000-ൽപരം ഉപഭോക്താക്കളുടെ പുരപ്പുറത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളിൽ നിന്നായി 200 MW ആദ്യഘട്ടത്തിൽ കൂട്ടിച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. തുടർന്ന് മറ്റൊരു 300 MW പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളിൽനിന്നും 150 MW ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നു. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽനിന്ന് 200 MW കരാർ ചെയ്യുന്നതിനുള്ള നടപടികളുമായി കെ.എസ്.ഇ.ബി. മുന്നോട്ടുപോകുന്നു. എൻ.എച്ച്.പി.സി. വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 50 MW-ന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ ആദ്യഘട്ടമായി 10 MW നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽനിന്ന് 92 MW വൈദ്യുതി വാങ്ങാൻ SECI-യുമായി കാറ്റാടി നിലയങ്ങളിൽനിന്ന് 300 MW വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽനിന്നും വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ.ബി. കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു. എൻ.എച്ച്പി.സി. പാലക്കാട് അഗളിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കാറ്റാടിപ്പാടത്തിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 8.5 മെഗാവാട്ട് സൗരവൈദ്യുതി അധികമായി സ്ഥാപിക്കാൻ അനെർട്ട്വഴി സാധിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ 70 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട്.

ഈ സർക്കാർ നിലവിൽ വന്നശേഷം സ്വകാര്യ സംരംഭകർവഴി 12.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 2 പദ്ധതികൾ (പാതകയം 8 MW, കാരിക്കയം രണ്ടാംഘട്ടം 4.5 MW) കമ്മീഷൻ ചെയ്തിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോവാട്ടിന്റെ മൈക്രോ ഹൈഡ്രോ ജലവൈദ്യുതി ഉപയോഗിച്ച് മൈക്രോ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ചു.

MNRE-യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട്വരെ ശേഷിവരുന്ന 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി.

കൂടാതെ നിർമ്മാണത്തിലിരിക്കുന്ന സ്വകാര്യമേഖലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ എല്ലാ ഘട്ടത്തിലും വിലയിരുത്തലുകൾ നടത്തി, സമയബന്ധിതമായി പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ പൂർത്തീകരിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഹൈ ലെവൽ കമ്മിറ്റികൂടി നിർവ്വഹണത്തിനുണ്ടായേക്കാവുന്ന തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

അനെർട്ട് മുഖേന നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>സൗര-ഊർജ്ജ കേരള മിഷൻ:</u>

   'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പാദിക്കാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'സൗര-ഊർജ്ജ കേരള മിഷൻ' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

2. <u>"ബൈ മൈ സൺ" വെബ് പോർട്ടൽ:</u>

   ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും

പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ് പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

3. കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ:

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

4. പൊതു സ്ഥാപനങ്ങളിൽ സൗര നിലയം:

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്.

5. ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതുമാണ് പ്രസ്തുത പദ്ധതി.

6. ഓഫ് ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയവഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30 ശതമാനമാണ് സബ്സിഡിയായി നൽകുന്നത്.

7. Pradhan Mantri Kissan Urja Suraksha evam Utthaan Mahabhiyan (PM-Kusum) പദ്ധതി:

ഈ പദ്ധതി പ്രകാരം നിലവിൽ കർഷകർ ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിനും കൂടാതെ വൈദ്യുതി ഇല്ലാത്ത

സ്ഥലങ്ങളിൽ കർഷകർക്ക് standalone സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാർ 30 ശതമാനം സബ്സിഡി നൽകുന്നു. സംസ്ഥാന സർക്കാരിന്റെ 30 ശതമാനം സബ്സിഡിയും കഴിച്ച് ബാക്കി 40 ശതമാനം ഗുണഭോക്തൃ വിഹിതം നൽകുന്ന കർഷകർക്ക് ഈ പദ്ധതി പ്രകാരം സോളാർ പമ്പ് സ്ഥാപിക്കാവുന്നതാണ്.

ഇതുപ്രകാരം നിലവിൽ കെ.എസ്.ഇ.ബി.എൽ. മുഖേനയുള്ള വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാർഷിക കണക്ഷനുള്ള പമ്പുകൾ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയും 30 ശതമാനം സംസ്ഥാന സർക്കാർ സബ്സിഡിയോടുംകൂടി സോളാറിലേയ്ക്ക് മാറ്റിനൽകുന്നതാണ്. 40 ശതമാനം ഗുണഭോക്തൃ വിഹിതമാണ്. സോളാറിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് പമ്പ്സെറ്റ് പ്രവർത്തിപ്പിച്ച ശേഷം മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുകവഴി കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കായി സംസ്ഥാന തലത്തിൽ കർഷകരിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

8. <u>കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി:</u>

സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ടുള്ള കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ടുവന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ വിൻഡ് പവർ പ്ലാന്റിന്റെ ആദ്യ ഘട്ടമായ ഒരു മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്ര സർക്കാരിന്റെ ഗവേഷണ സ്ഥാപനമായ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി(NIWE)യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

(സി) പുതിയ തിരുനെൽവേലി-കൊച്ചി-മാടക്കത്തറ-ഉദുമൽപ്പേട്ട് പവർ ഹൈവേ സർക്കാരിന്റെ സമയോചിതമായ ഇടപെടലുകളിൽക്കൂടി പൂർത്തിയായതോടെ സംസ്ഥാനത്തേയ്ക്കുള്ള പ്രസരണ ലൈനുകളുടെ പ്രസരണശേഷി വർദ്ധിക്കുകയും തന്മൂലം പുറമേനിന്നും കൊണ്ടുവന്ന വൈദ്യുതിയുടെ അളവ് ഏകദേശം 500 മെഗാവാട്ടുവരെ വർദ്ധിച്ചിട്ടുമുണ്ട്. ഇതുപ്രകാരം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വൈദ്യുതി ആവശ്യാനുസരണം സംസ്ഥാനത്തേയ്ക്ക് എത്തിക്കുന്നതിന് സഹായകമായിട്ടുണ്ട്. കൂടാതെ, തമിഴ്നാട്ടിലെ പുഗലൂരിൽനിന്നും മാടക്കത്തറയിലേയ്ക്ക് 320 കെ.വി. HVDC line നിർമ്മാണം PGCIL ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്. വൈദ്യുതി ലഭ്യത വർദ്ധിക്കാൻ ഇതു സഹായകമാവും. ഈ പദ്ധതി 2020 മേയ് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ഉടുപ്പിയിൽനിന്നും കാസർഗോഡേയ്ക്ക് പുതിയ 400 കെ.വി. ലൈൻ വലിക്കുന്നതിന് CEA കരാർ നൽകിയിട്ടുണ്ട്.

**സമ്പൂർണ്ണ വൈദ്യുതീകരണം**

196 (2182) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി രംഗത്ത് നടപ്പാക്കിയ പ്രധാന വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ നൽകാമോ;

(ബി) ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിതരണ മേഖലയിൽ പൂർത്തീകരിച്ച പ്രധാന പദ്ധതി സമ്പൂർണ്ണ വൈദ്യുതീകരണമാണ്. സർക്കാർ ആവിഷ്കരിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരം 150219 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 65 കി.മീ. 11 കെ.വി. ഓവർഹെഡ് ലൈനുകളും 40 കി.മീ. 11 കെ.വി. ഭൂഗർഭ കേബിളുകളും 3040 കി.മീ. എൽ.റ്റി. ഓവർഹെഡ് ലൈനുകളും 39 കി.മീ. എൽ.റ്റി. ഭൂഗർഭ കേബിളുകളും 21 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതീകരണ പദ്ധതിക്കായി ഏകദേശം 175 കോടി രൂപയാണ് ആകെ ചെലവായത്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഉദ്ഘാടനം 29-5-2017-ന് നിർവ്വഹിച്ചിട്ടുള്ളതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി രംഗത്ത് ഏറ്റെടുത്തു നടത്തുന്ന മറ്റൊരു പദ്ധതി 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കാൻ ഉദ്ദേശിച്ചുള്ള "ദ്യുതി 2021 പദ്ധതിയാണ്." ഊർജ്ജ കേരള മിഷന്റെ ഭാഗമായുള്ള ദ്യുതി 2021 പദ്ധതിയിൽ 2018 മുതൽ 2021 വരെയുള്ള നാലു വർഷകാലയളവിലായി വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ദ്യുതി 2021 പദ്ധതിയുടെ ഭാഗമായി വിതരണ ശൃംഖലയുടെ HT-തല GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ DPR തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4036.30 കോടി രൂപയുടെ പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. ഇതുവരെ 506.61 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിലേറിയശേഷം വിവിധ പദ്ധതിയിലുൾപ്പെടുത്തി ജനുവരി 2020 വരെ 6400 കി.മീ. എച്ച്.റ്റി ലൈൻ, 14558 കി.മീ. എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 8010 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 32 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും 6007 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുകയും 3055 കി.മീ. എച്ച്.റ്റി. ലൈൻ റീ-കണ്ടക്ടറിംഗ്, 40558 കി.മീ. എൽ.റ്റി ലൈൻ റീ- കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താനും കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ

അനുവദിക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. 1500 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നല്കുന്നതിനും അനുമതി നല്കിയിട്ടുണ്ട്.

2-11-2018-ലെ ബോർഡ് ഉത്തരവുപ്രകാരം ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, ലൈബ്രറികൾ, കലാ സാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻവാടികൾ, ഹോർട്ടി കോർപ്പുകൾ, മിൽമ ബൂത്തുകൾ എന്നിവയ്ക്ക് സർവീസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുകയും ചെയ്തു. കൂടാതെ തറവാട്ടുവീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം സർവീസ് കണക്ഷൻ നൽകുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(ബി) 29-5-2017-ന് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടത്തിയിട്ടുള്ളതാണ്. ഇന്ത്യ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് പവറിന്റെ കീഴിലുള്ള സൗഭാഗ്യ വെബ് പോർട്ടലിലെ 2017 ഒക്ടോബർ മാസത്തിലെ കണക്ക് പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ സംസ്ഥാനങ്ങൾ കേരളവും ഗോവയും മാത്രമായിരുന്നു. പ്രസ്തുത പോർട്ടലിലെ ഇപ്പോഴത്തെ കണക്കുകൾ പ്രകാരം ഛത്തീസ്ഗഡ് ഒഴികെയുള്ള മറ്റെല്ലാ സംസ്ഥാനങ്ങളും സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സംസ്ഥാനങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ സംസ്ഥാനങ്ങളായി പ്രഖ്യാപിച്ചതായിട്ടുള്ള വിവരം ലഭ്യമല്ല.

**കൊട്ടാരക്കര മണ്ഡലത്തിലെ വൈദ്യുതി ബോർഡ് പ്രവൃത്തികൾ**

197 (2183) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

(എ) <u>വിതരണ മേഖല</u>

സമ്പൂർണ്ണ വൈദ്യുതീകരണം DDUGJY, IPDS 2, KDS, ദ്യുതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികളും വെളിയം സെക്ഷനുവേണ്ടിയുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിയും നടപ്പിലാക്കിക്കൊണ്ട് 1388.27 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ വൈദ്യുതി വിതരണ രംഗത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും വിതരണ ശൃംഖല ആധുനികവൽക്കരിക്കാനും നടത്തുന്ന വിതരണ ശൃംഖല നവീകരണ പദ്ധതിയായ ദ്യുതി 2021-ൽ, 2018 മുതൽ 2022 വരെ നടപ്പിലാക്കാനായി എച്ച്.ടി. ശൃംഖല ശക്തിപ്പെടുത്തുന്നതിന് 1818 ലക്ഷം രൂപയുടെ പ്രവൃത്തികളും എൽ.ടി. വിതരണ ലൈനുകൾ മെച്ചപ്പെടുത്തുന്നതിന് 1398 ലക്ഷം രൂപയുടെ പ്രവൃത്തികളും വിതരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി മീറ്ററിംഗ്/അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും 198 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടെ ആകെ 3417 ലക്ഷം രൂപയുടെ പ്രവൃത്തികൾ കൊട്ടാരക്കര മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) <u>പ്രസരണ മേഖല</u>

കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വൈദ്യുതി ഭവനത്തിന്റെ മേൽക്കൂരയിൽ 80 കിലോവാട്ട് പീക്കിന്റെ സൗരോർജ്ജ നിലയം 66,45,027 രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച് 29-12-2017-ൽ വൈദ്യുതോല്പാദനം ആരംഭിച്ചു.

പുത്തൂർ 33 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 5 MVA-യിൽനിന്നും 10 MVA ആയി വർദ്ധിപ്പിച്ചു. 5 MVA-യുടെ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചതിന് ഏകദേശം 80 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

**ട്രാൻസ്ഫോർമറുകൾ**

198 (2184) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ എത്ര ട്രാൻസ്ഫോർമറുകൾ വിവിധ സെക്ഷൻ ഓഫീസുകളിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സെക്ഷൻ ഓഫീസിലും പഴയതു മാറ്റി പുതിയവ സ്ഥാപിച്ചതിന്റെയും പുതിയതായി സ്ഥാപിച്ചതിന്റെയും വിവരങ്ങൾ വേർതിരിച്ച് നൽകാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ ഓരോ സെക്ഷൻ ഓഫീസുകൾക്കുകീഴിൽ വിവിധ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 2016-17 മുതൽ 2019-20 വരെ നൽകിയ ട്രാൻസ്ഫോർമറുകളുടെ എണ്ണം അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) തിരുവനന്തപുരം ജില്ലയിലെ ഓരോ സെക്ഷൻ ഓഫീസുകൾക്കുകീഴിലും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുൾപ്പെടെയുള്ള എല്ലാ പദ്ധതികളിലുമായി 2016-17 മുതൽ 2019-20 വരെ പുതുതായും പഴയതുമാറ്റി പുതുതായും സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ എണ്ണം അനുബന്ധം 2 ആയി ചേർക്കുന്നു*.

**വൈദ്യുത വാഹനങ്ങൾക്കായി സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷനുകൾ**

199 (2185) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യാൻ സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നത് ആരാണെന്നും ചാർജിംഗ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന സൗകര്യങ്ങളും വിശദമാക്കുമോ;

(സി) ടൂറിസം ഇതര കേന്ദ്രങ്ങളിൽ സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടെ വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയുടെ സമീപന രേഖ വൈദ്യുതി ബോർഡ് പുറത്തിറക്കി. മുഴുവൻ വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് വൈദ്യുതി ബോർഡ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഇതിന്റെ ഭാഗമായി അടിസ്ഥാന ചാർജ്ജിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള പദ്ധതിയെ പൈലറ്റ്, കവറേജ്, സ്കെയിലിംഗ് എന്ന മൂന്ന് ഘടകങ്ങളായി വിഭാവനം ചെയ്തിരിക്കുന്നു. ഇതിൽ പൈലറ്റ് സ്റ്റേജ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലക്ഷ്യമിടുന്നത് കുറച്ച് പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകവഴി ജനങ്ങളിൽ ഇതുസംബന്ധിച്ച് ബോധവൽക്കരണം ഉണ്ടാക്കുക എന്നതാണ്. കവറേജ് ഘട്ടംകൊണ്ട് ഉദ്ദേശിക്കുന്നത് ജനങ്ങൾക്കും വാഹന നിർമ്മാതാക്കൾക്കും ആശങ്ക അകറ്റുകയും ആവശ്യമായ സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ്. സ്കെയിലിംഗ് ഘട്ടത്തിലൂടെ നിലവിലുള്ള ചാർജിംഗ് സ്റ്റേഷന്റെ ഉപയോഗം കൂട്ടുകയും കേരളത്തിലുടനീളം കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും കൂടുതൽ ആൾക്കാരെ ഇലക്ട്രിക് വാഹനങ്ങളിലേക്ക് താൽപ്പര്യം ജനിപ്പിക്കുകയും അതുവഴി സ്വയംപര്യാപ്തത കൈവരിക്കുക എന്നതുമാണ്.

ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള ചാർജിംഗ് സ്റ്റേഷനുകൾ കേരളത്തിൽ എല്ലായിടത്തും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഹെവി ഇൻഡസ്ട്രീസ് വകുപ്പിന്റെ (DHI) കീഴിൽ FAME II പദ്ധതിയിൽപ്പെടുത്തി കേരളത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 'വൺ മില്യൺ പ്ലസ്' ജനസംഖ്യയുള്ള 7 നഗരങ്ങളിൽ ചാർജ്ജിംഗ് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ഉം അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ നഗരങ്ങളിലായി 131 ചാർജ്ജിംഗ് സ്റ്റേഷനുകൾ തുടങ്ങാനുള്ള അംഗീകാരം ഡി.എച്ച്.ഐ. നൽകിയിട്ടുണ്ട്.

ഈ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള താൽപ്പര്യപത്രം (EoI) വിളിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അനുയോജ്യരായ ഇംപ്ലിമെന്റിംഗ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ നടന്നുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള 6 കോർപ്പറേഷനുകളിലെ സ്ഥലങ്ങളിൽ ഡി.സി. ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കേരള ഗവൺമെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു.

കൂടാതെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരത്തും മറ്റു ജില്ലകളിലും ആറ് ചാർജ്ജിംഗ് പോയിന്റ് ഉൾപ്പെടുന്ന 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് 8.2 കോടി രൂപയുടെ ഭരണാനുമതി 15-10-2019-ൽ നൽകിയിട്ടുണ്ട്. അതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചുകഴിഞ്ഞു.

(സി) കെ.എസ്.ഇ.ബി.എൽ. 2021-ഓടുകൂടി 1000 മെഗാവാട്ട് സോളാർ പ്രോജക്ടുകളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികളോടനുബന്ധിച്ച് ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് മുകളിൽ സോളാർ പാനൽ

വച്ചുകൊണ്ടുള്ള പദ്ധതികളും വിഭാവന ചെയ്യുന്നുണ്ട്. ചാർജ്ജിംഗ് സ്റ്റേഷനുകൾക്കായി തെരഞ്ഞെടുത്ത സ്ഥലങ്ങളെല്ലാംതന്നെ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പദ്ധതികൾക്കടുത്തായതിനാൽ പകൽ സമയം സൗരോർജ്ജം ഉപയോഗിച്ച് ഈ ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

**പുരപ്പുര സൗരോർജ്ജ പദ്ധതി**

200 (2186) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുരപ്പുറ സൗരോർജ്ജം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിയ്ക്ക് എത്ര ശതമാനമാണ് സ്വകാര്യ വ്യക്തികൾക്ക് സബ്സിഡി ലഭിക്കുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സൗരോർജ്ജ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 218263 അപേക്ഷകരിൽ നിന്നും 42489 പേരെ തെരഞ്ഞെടുത്ത് 46.5 മെഗാവാട്ടിന്റെ കരാറിലേർപ്പെട്ടിട്ടുണ്ട്. പ്ലാന്റുകൾ സ്ഥാപിക്കുന്ന ജോലികൾ മാർച്ച് 2020-ഓടുകൂടി ആരംഭിച്ച് ആറുമാസത്തിനകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) വീടുകൾക്കുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതികൾക്ക് 40% വരെ കേന്ദ്ര സർക്കാർ സബ്സിഡിയോടുകൂടി കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, താഴ്ന്ന വരുമാനത്തിലുള്ള ഗാർഹിക ഉപഭോക്താവിന് കെ.എസ്.ഇ.ബി.-യുടെയും ഉപഭോക്താവിന്റെയും മുതൽ മുടക്കിൽ പുരപ്പുറ പദ്ധതി സ്ഥാപിക്കുന്നതിന് കേരള മോഡലും നടപ്പിലാക്കിവരുന്നു. കേരള ഗവൺമെന്റ് ഉത്തരവ് പ്രകാരം ലഭിച്ചിട്ടുള്ള സബ്സിഡി പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു:

സൗര സബ്സിഡി പദ്ധതി

കേന്ദ്ര സർക്കാരിന്റെ രണ്ടാം ഘട്ട സബ്സിഡി പ്രോഗ്രാമിന്റെ ഭാഗമായും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെയും കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ഉപഭോക്താക്കൾക്കായി നടപ്പാക്കുന്ന പദ്ധതിയാണിത്. കേന്ദ്ര സബ്സിഡിക്ക് പുറമെ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ വിഹിതവുംകൂടി ഉൾപ്പെടുത്തിയാണ് കേരളത്തിൽ ഇത് നടപ്പാക്കുന്നത്. ഇപ്രകാരം സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ജനങ്ങളെക്കൂടി സംസ്ഥാനത്തിന്റെ അക്ഷയോർജ്ജ ഉൽപ്പാദനത്തിന്റെ ഭാഗമാക്കി മാറ്റുംവിധമാണ് ഈ പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്.

<u>കേരള സൗരോർജ്ജ മോഡലുകളും യോഗ്യതയും</u>

<u>മോഡൽ -1</u>

| മോഡൽ | നിലയത്തിന്റെ ശേഷി | യോഗ്യത (പ്രതിമാസ ശരാശരി വൈദ്യുതി ഉപഭോഗം) | ഉപഭോക്താവിന്റെ മുടക്കുമുതൽ (ആകെ മുടക്കുമുതലിന്റെ ശതമാനം) | ഉപഭോക്താവിന് ലഭിക്കുന്നത് (ഉല്പാദനത്തിന്റെ ശതമാനം) |
|---|---|---|---|---|
| 1(A) | 2KWp/3KWp | 120 യൂണിറ്റ് വരെ | 12% (കിലോവാട്ടിന് പരമാവധി 6200 രൂപ) | 25% |
| 1(B) | 2KWp/3KWp | 150 യൂണിറ്റ് വരെ | 20% (കിലോവാട്ടിന് പരമാവധി 11000 രൂപ) | 40% |
| 1(C) | 2KWp/3KWp | 200 യൂണിറ്റ് വരെ | 25% (കിലോവാട്ടിന് പരമാവധി 14000 രൂപ) | 50% |

<u>മോഡൽ -2</u>

| മോഡൽ | നിലയത്തിന്റെ ശേഷി | ഉപഭോക്താവ് മുടക്കേണ്ട തുക (ശതമാനത്തിൽ) |
|---|---|---|
| 2 | 3KWp വരെ | 60% |
| 2 | 3KWp-ന് മുകളിൽ 10 KWp വരെ | ആദ്യത്തെ 3KWp വരെ 60 ശതമാനവും പിന്നെ അധികം വരുന്ന ഓരോ Kwp-നും 80% |
| 2 | 10KWp-ന് മുകളിൽ | ആദ്യ 10KWp വരെ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിധം ലഭിക്കും. അധികം വരുന്നതിന് 100 ശതമാനം |

ഈ മോഡലിൽ സബ്സിഡി കഴിഞ്ഞുള്ള മുതൽമുടക്ക് ഉപഭോക്താവ് നടത്തേണ്ടതാണ്. അതുകൊണ്ടുതന്നെ നിലയത്തിന്റെ ഉടമസ്ഥതയും ഉത്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും ഉപഭോക്താവിനായിരിക്കും.

## പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി

201 (2187) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രാവർത്തികമാക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നിർബന്ധമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിയമനിർമ്മാണം നടത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആലോചിക്കുമോ?

ഉത്തരം

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഒന്നാം ഘട്ടമായി 200 മെഗാവാട്ടിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു. ഇതിൽ 46.5 മെഗാവാട്ടിനുള്ള കരാർ നൽകുകയും മാർച്ച് 2020 മുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്ന ജോലി തുടങ്ങുകയും ചെയ്യുന്നു. 60 മെഗാവാട്ടിന്റെ റീ-ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുന്നു. ശേഷിക്കുന്നവയുടെ റീ-ടെണ്ടറിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡിയോടുകൂടി ഗാർഹിക ഉപഭോക്താക്കൾക്കുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ രജിസ്ട്രേഷൻ ആരംഭിക്കുകയും ടെണ്ടർ നടപടികൾ മാർച്ച് 2020-ഓടുകൂടി പൂർത്തീകരിക്കാനാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്. ഇതിലൂടെ 50 മെഗാവാട്ടാണ് ലക്ഷ്യമിടുന്നത്. സ്വന്തം നിലയിൽ പുരപ്പുറങ്ങളിൽ സോളാർ നിലയം സ്ഥാപിക്കുന്നവർക്ക് കണക്ടിവിറ്റി അടക്കമുള്ള കാര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്നതിന് അനെർട്ട്, കെ.എസ്.ഇ.ബി.എൽ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## വീടുകൾക്ക് മുകളിൽ സൗരോർജ്ജ പാനലുകൾ

202 (2188) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുകൾക്ക് മുകളിൽ സൗരോർജ്ജപാനലുകൾ സ്ഥാപിച്ച് അതിൽ നിന്ന് ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് വീട്ടുടമയ്ക്ക് എത്ര രൂപയുടെ ചെലവാണ് വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

വീടുകൾക്ക് മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് അതിൽനിന്ന് ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് വീട്ടുടമയ്ക്ക് ശരാശരി 3.5 രൂപ ചെലവുവരുന്നതാണ്.

**സൗരോർജ്ജത്തിൽനിന്നും വൈദ്യുതി**

203 (2189) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ. എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ബി) വീടുകളുടെയും കെട്ടിടങ്ങളുടെയും മേൽക്കൂരകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് വിശദീകരിക്കാമോ; ഈ സ്ഥലങ്ങൾ ബോർഡ് പാട്ടത്തിനെടുത്ത് പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത സോളാർ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമായിട്ടുണ്ടോ; സോളാർ എനർജി കോർപ്പറേഷൻ വൈദ്യുതി ബോർഡുമായി കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി 'സൗര' പദ്ധതികളിൽനിന്നും ഉല്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡ്ഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും 150 മെഗാവാട്ട് സോളാർ പാർക്കുകളും 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പുരപ്പുറങ്ങളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2.78 ലക്ഷം വൈദ്യുതി ഉപഭോക്താക്കൾ താല്പര്യം പ്രകടിപ്പിച്ച് 'സൗര' പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്ത മുഴുവൻ ഉപഭോക്താക്കളുടെയും കെട്ടിടങ്ങളിൽ സർവ്വേ നടത്തുകയും സൗര നിലയം സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ 42489 പുരപ്പുറങ്ങൾ പ്രാഥമികമായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ വേഗത്തിൽ പുരോഗമിക്കുകയും 2020-ൽ സൗര നിലയങ്ങൾ ഉപഭോക്താക്കളുടെ കെട്ടിടങ്ങളിൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുകയുമാണ്.

(സി) കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രാലയം പ്രഖ്യാപിച്ച സബ്സിഡി പദ്ധതി പ്രകാരം സംസ്ഥാനത്തിന് ആദ്യ ഘട്ടത്തിൽ ഗാർഹിക മേഖലയിൽ 50 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സബ്സിഡി നിശ്ചിത തോതിൽ ലഭിക്കുന്നതാണ്. ഇതിനായുള്ള അപേക്ഷ കെ.എസ്.ഇ.ബി. ലിമിറ്റഡ് ക്ഷണിച്ചിട്ടുണ്ട്. പുരപ്പുറ സൗരോർജ്ജ പദ്ധതിക്ക് സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇൻഡ്യ(SECI)-യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

## പുരപ്പുറ സോളാർ പദ്ധതി

204 (2190) ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നോൺ കൺവെൻഷണൽ എനർജിയുടെ കാര്യത്തിൽ സംസ്ഥാനം വളരെ പുറകിലാണെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ബി) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പുരപ്പുറ സോളാർ പദ്ധതി ഇക്കാര്യത്തിലെ പുതിയ കാൽവെയ്പ്പ് ആകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; അതിന്റെ വിശദാംശം നൽകുമോ;

(സി) ഈ പദ്ധതിയുമായി സഹകരിക്കുവാൻ മുന്നോട്ട് വന്നിട്ടുള്ള ഉപഭോക്താക്കളുമായി കെ.എസ്.ഇ.ബി. എന്തെങ്കിലും കരാർ ഒപ്പ് വെച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ ഒന്നാം ഘട്ടം എന്നത്തേക്ക് പ്രാവർത്തികമാകുമെന്നും ഇതിലൂടെ എത്ര വൈദ്യുതി ഉല്പാദിപ്പിക്കുവാനാകുമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) നോൺ കൺവെൻഷണൽ എനർജിയുടെ രംഗത്ത് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ സാധ്യത കേരളത്തിലില്ല. കാറ്റാടി നിലയങ്ങളടക്കം തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക, സംസ്ഥാനങ്ങളിൽ കേരളത്തേക്കാൾ വലിയ സാധ്യതയുണ്ട്. അതുകൊണ്ട് കേരളത്തിലെ ആകെ പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. ഊർജ്ജ കേരള മിഷന്റെ 'സൗര' പദ്ധതി പ്രകാരം 2021-22-ഓടുകൂടി മറ്റുസംസ്ഥാനങ്ങൾക്ക്

ഒപ്പമെത്തുവാൻ കേരള സർക്കാർ ലക്ഷ്യമിടുന്നുണ്ട്. നോൺ കൺവെൻഷണൽ എനർജി ഉപയോഗിച്ചുള്ള വൻകിട പദ്ധതികൾ സ്ഥാപിക്കുന്നതിന് കേരളത്തിന്റെ ഭൂപ്രകൃതിയും സ്ഥല പരിമിതിയും തടസ്സമായിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പുരപ്പുറ സോളാർ പദ്ധതി ഇക്കാര്യത്തിലെ പുതിയ കാൽവയ്പാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. പുരപ്പുറ സോളാർ പദ്ധതിക്കൊപ്പം മറ്റുമാർഗ്ഗങ്ങളിൽക്കൂടിയുള്ള (ജലാശയങ്ങളിലെ ഫ്ലോട്ടിംഗ് സോളാർ, സോളാർ പാർക്കുകൾ) സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിടുന്നത്.

(സി) ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി.എൽ.-ന്റെ മുതൽ മുടക്കിൽ സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് (മോഡൽ I-ഉം, II-ഉം) ഉപഭോക്താവുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതുണ്ട്.

(ഡി) ഒന്നാംഘട്ട പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ജോലികൾ മാർച്ച് 2020-ൽ തുടങ്ങി ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഒന്നാംഘട്ടം പൂർത്തീകരിക്കുന്നതോടുകൂടി 300 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഒരു വർഷം ഉൽപ്പാദിപ്പിക്കാനാകുമെന്നാണ് കരുതുന്നത്.

## കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ പദ്ധതി

205 (2191) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഇത്തരത്തിലുള്ള കൂടുതൽ പദ്ധതികൾ ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നിലവിലുണ്ട്. സംസ്ഥാനത്ത് സ്ഥാപിച്ച കാറ്റാടി നിലയങ്ങളിൽനിന്നും 70.275 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതിൽ 2.025 മെഗാവാട്ട് കെ.എസ്.ഇ.ബി.-യുടേതായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തിക്കുന്നു. സ്വകാര്യ മേഖലയിൽ പാലക്കാട്, ഇടുക്കി ജില്ലകളിലായി 68.25 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

കെ.എസ്.ഇ.ബി.എൽ. മുഖാന്തരം സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലവിലുള്ള പദ്ധതികളുടെയും ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്.

അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ വിന്റ് പവർ പ്ലാന്റിന്റെ ആദ്യ ഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

അനെർട്ട് കണ്ടെത്തിയിട്ടുള്ള ശക്തമായ കാറ്റ് ലഭ്യമായിട്ടുള്ള 17 സ്ഥലങ്ങളിൽ മിക്കതും ഹൈറേഞ്ച് മേഖലയിൽപ്പെടുന്നവയാണ്. അവിടെ വലിയ കാറ്റാടി യന്ത്രങ്ങൾ കൊണ്ടുപോകുന്നതിന് ഗതാഗത സൗകര്യം കുറവാണ്. സമതല പ്രദേശം കഞ്ചിക്കോട് മാത്രമാണ്.

സ്വകാര്യ സംരംഭകരുടേത് ഉൾപ്പെടെ വിവിധ ഏജൻസികൾ മുഖേന അഗളി, കഞ്ചിക്കോട്, രാമക്കൽമേട് എന്നിവിടങ്ങളിലാണ് നിലവിൽ കാറ്റാടിനിലയങ്ങൾ ഉള്ളത്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ട് വന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്. കാറ്റാടി നിലയം സ്ഥാപിക്കുന്നതിനായി സബ്സിഡിയോ മറ്റ് സാമ്പത്തിക സഹായമോ അനെർട്ട് മുഖേന ഇല്ല.

(ബി) കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്ര സർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി(NIWE)യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

## സർക്കാർ വകുപ്പുകൾക്ക് സൗരോർജ്ജ വാഹനങ്ങൾ

206 (2192) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ വകുപ്പുകൾക്ക് സൗരോർജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ നൽകുന്നതിന് അനെർട്ട് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

സർക്കാർ വകുപ്പുകൾക്ക് ഇലക്ട്രിക് വാഹനം കോൺട്രാക്ട് വ്യവസ്ഥയിൽ നൽകുന്നതിന് അനെർട്ട് ഒരു പദ്ധതി രൂപീകരിച്ചുവരുന്നു. സർക്കാർ വകുപ്പുകളിലും, സ്ഥാപനങ്ങളിലും നിലവിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ഉപയോഗിക്കുന്ന വാഹനങ്ങൾമാറ്റി, അനെർട്ടുവഴി ഒറ്റ ചാർജ്ജിൽ 100 മുതൽ 400 കിലോമീറ്റർ വരെ ഉപയോഗിക്കാൻ സാധിക്കുന്ന ഇലക്ട്രിക് കാറുകൾ കോൺട്രാക്ട് വ്യവസ്ഥയിൽ നൽകുന്ന പുതിയ പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇവ ചാർജ്ജ് ചെയ്യുന്നത് വൈദ്യുത ഗ്രിഡിൽ നിന്നാണ്. പിന്നീടത് സാധ്യതകൾ പരിശോധിച്ച് സോളാറിലേയ്ക്ക് മാറ്റുന്നതാണ്.

**പാരമ്പര്യേതര ഊർജ്ജ മേഖലയിലെ പദ്ധതികൾ**

207 (2193) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാരമ്പര്യേതര ഊർജ്ജ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 213.388 MW-ന്റെ പദ്ധതികളാണ് പൂർത്തിയാക്കിയത്. ഇതിൽ സൗരോർജ്ജ പദ്ധതികളിൽനിന്നും 161.238 മെഗാവാട്ടും കാറ്റിൽനിന്നും 27 MW ഉൾപ്പെടുന്നു. ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കിയത് എടുത്തു പറയേണ്ട നേട്ടമാണ്. പ്രസ്തുത പദ്ധതിയിൽനിന്നും 2019 ജനുവരി മുതൽ വൈദ്യുതി കേരള ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു. ഇവ കൂടാതെ 18.96 MW ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടേറ്റ്, വൈദ്യുതിബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽനിന്ന് കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് 'സൗര'. ഈ സൗരോർജ്ജ പദ്ധതിയിൽ ഭാഗഭാക്കാകാൻ താല്പര്യമുള്ള 2.78 ലക്ഷം ഉപഭോക്താക്കളിൽനിന്ന് തെരഞ്ഞെടുക്കുന്ന 42000-ൽപ്പരം ഉപഭോക്താക്കളുടെ

പുരപ്പുറത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളിൽനിന്നായി 200 MW ആദ്യഘട്ടത്തിൽ കൂട്ടിച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. തുടർന്ന് മറ്റൊരു 300 MW പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളിൽനിന്നും 150 MW ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്ന് 200 MW കരാർ ചെയ്യുന്നതിനുള്ള നടപടികളുമായി KSEB മുന്നോട്ടുപോകുന്നു. എൻ.എച്ച്.പി.സി. വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽനിന്ന് 92 MW വൈദ്യുതി വാങ്ങുവാനും SECI-യുമായി കാറ്റാടി നിലയങ്ങളിൽനിന്ന് 300 MW വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽനിന്നും വൈദ്യുതി വാങ്ങുന്നതിനും KSEBL കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു.

എൻ.എച്ച്.പി.സി. പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യ ഘട്ടമായി 8 മെഗാവാട്ട് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭ ദിശയിലാണ്. കേന്ദ്ര സർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) ഇടുക്കി റിസർവോയറിൽ 50 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിവരുന്നു.

പാരമ്പര്യേതര ഊർജ്ജ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് അനെർട്ട് മുഖേന നടത്തിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. 'ബൈ മൈ സൺ ' വെബ് പോർട്ടൽ:

   ഉപഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ

ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

2. കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

3. പൊതു സ്ഥാപനങ്ങളിൽ സൗര നിലയം സ്ഥാപിക്കുന്നു:

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു.

4. ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതുമാണ് പ്രസ്തുത പദ്ധതി.

5. ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയവഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

6. പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉദ്ധാൻ മഹാഭിയാൻ (PM-Kusum) പദ്ധതി:

പ്രസ്തുത പദ്ധതിക്ക് (എ), (ബി), (സി) എന്നീ മൂന്ന് ഘടകങ്ങളാണ് ഉള്ളത്. ഇതിൽ ഘടകം (ബി)-യും (സി)-യും അനെർട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഘടകം (ബി): ഈ പദ്ധതി പ്രകാരം നിലവിൽ കർഷകർ ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിനും കൂടാതെ വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ കർഷകർക്ക് standalone സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാർ 30% സബ്സിഡി നൽകുന്നു. സംസ്ഥാന സർക്കാരിന്റെ 30% സബ്സിഡിയും കഴിച്ച് ബാക്കി 40% ഗുണഭോക്തൃ വിഹിതം നൽകുന്ന കർഷകർക്ക് ഈ പദ്ധതി പ്രകാരം സോളാർ പമ്പ് സ്ഥാപിക്കാവുന്നതാണ്.

ഘടകം (സി): ഈ പദ്ധതി പ്രകാരം നിലവിൽ കെ.എസ്.ഇ.ബി.എൽ. മുഖേനയുള്ള വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാർഷിക കണക്ഷനുള്ള പമ്പുകൾ 30% കേന്ദ്ര സർക്കാർ സബ്സിഡിയും 30% സംസ്ഥാന സർക്കാർ സബ്സിഡിയോടുംകൂടി സോളാറിലേയ്ക്ക് മാറ്റി നൽകുന്നതാണ്. 40% ഗുണഭോക്തൃ വിഹിതമാണ്. സോളാറിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് പമ്പ്സെറ്റ് പ്രവർത്തിപ്പിച്ചശേഷം മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുകവഴി കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കായി സംസ്ഥാന തലത്തിൽ കർഷകരിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി:

സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ട് ആണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ട് വന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ വിന്റ് പവർ പ്ലാന്റിന്റെ ആദ്യ ഘട്ടമായ ഒരു മെഗവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്ര സർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി(NIWE)യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

8. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പരിശീലനങ്ങൾ.

9. സ്കൂളുകൾക്കുള്ള സൗരതാപ അടുപ്പുകൾ.

10. സോളാർ ശീതീകരണി (Cold Storage)

പച്ചക്കറികൾ തണുപ്പിച്ച് സംഭരിക്കുന്നതിന് ഉപയോഗിക്കുന്നു.

**ഇ-സെയ്ഫ് പദ്ധതി**

208 (2194) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ഇ-സെയ്ഫ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഭാഗമായി വൈദ്യുത പ്രസരണ, വിതരണ മേഖലകളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്;

(സി) വൈദ്യുത സുരക്ഷ സംബന്ധിച്ച് ആശാ വർക്കർമാർ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയിലൂടെ ബോധവത്ക്കരണ ക്യാമ്പയിൻ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇലക്ട്രിക്കൽ ജോലികളിൽ ഏർപ്പെടുന്നവർക്ക് വൈദ്യുത അപകടങ്ങളിൽ നിന്നും രക്ഷനേടുന്നതിനുള്ള മുൻകരുതൽ നടപടികൾ സംബന്ധിച്ചും സുരക്ഷ സംബന്ധിച്ചും എന്തെല്ലാം പരിശീലനങ്ങളാണ് ഈ പദ്ധതി പ്രകാരം നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളം ഒരു വൈദ്യുതി അപകട രഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും സംയുക്തമായി

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഇ സേഫ്". 'വൈദ്യുതി അപകട രഹിത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ സ്പേസറുകളും സുരക്ഷാഗാർഡുകളും സ്ഥാപിക്കുന്നതിനായുള്ള പദ്ധതി 2020-21 സാമ്പത്തിക വർഷം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രസരണ വിതരണ മേഖലയിലെ മറ്റ് പദ്ധതികൾ ലൈസൻസികളാണ് നടപ്പിലാക്കുന്നത്.

(സി) ജില്ലാ അടിസ്ഥാനത്തിൽ പ്രസ്തുത ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ഡി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി വൈദ്യുത സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത പരിപാടിയിൽ വൈദ്യുത മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ഹാൻഡ് ഓൺ ട്രെയിനിംഗ് നൽകുന്നു. കൂടാതെ പുതുതായി വയർമാൻ പരീക്ഷ പാസാകുന്നവർക്ക് ലൈസൻസ് നൽകുന്നതിനുമുമ്പായി ഒരു ദിവസത്തെ നിർബന്ധിത പരിശീലന പരിപാടിയും ആരംഭിച്ചിട്ടുണ്ട്. കൂടാതെ സൂപ്പർവൈസർ ലൈസൻസ് പുതുക്കി നൽകുന്നതിനായി അഞ്ച് ദിവസത്തെ നിർബന്ധിത പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതുണ്ടെന്ന നിബന്ധനയും നടപ്പിലാക്കാൻ ലൈസൻസിംഗ് ബോർഡ് യോഗംകൂടി തീരുമാനിച്ചിട്ടുണ്ട്.

**വൈദ്യുത ആഘാതംമൂലം മരണപ്പെടുന്നവർക്കുള്ള ധനസഹായം**

209 (2195) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ ലൈനിൽ നിന്നുള്ള വൈദ്യുത ആഘാതത്തിൽ ഈ വർഷം എത്ര പേർ മരണപ്പെട്ടു എന്നും എത്ര പേർ ചികിത്സയിലാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) അപകടങ്ങൾ കുറയ്ക്കുവാൻ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) മരണപ്പെട്ട ആളിന്റെ കുടുംബാംഗങ്ങൾക്ക് ബോർഡ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്ന് ഇത്തരത്തിലുള്ള എത്ര അപേക്ഷകളിലാണ് തീർപ്പാക്കുവാനുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1-1-2020 മുതൽ നാളിതുവരെ KSEB Ltd.-ന്റെ വൈദ്യുതി ലൈനിൽനിന്നും വൈദ്യുതാഘാതമേറ്റ് 5 പൊതുജനങ്ങൾ മരണപ്പെടുകയും ഒരാൾക്ക് മാരകമല്ലാത്ത അപകടം സംഭവിക്കുകയും ചെയ്തതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ സ്ഥിരം ജീവനക്കാരായ 4 പേർക്ക് ജോലിക്കിടയിൽ മരണം സംഭവിക്കുകയും സ്ഥിരം ജീവനക്കാരായ 3 പേർക്കും കരാർ തൊഴിലാളികളായ 2 പേർക്കും മാരകമല്ലാത്ത അപകടം സംഭവിച്ചതായും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും അപകടങ്ങൾ കുറയ്ക്കാനായി എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെ.വി. ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷശിഖരങ്ങൾ നീക്കംചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിംഗ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീഷാക്ലിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തുവരുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കപ്പെടുന്ന ആധുനിക സംവിധാനം രൂപപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തികൾ എന്നിവ നടന്നുവരുന്നു.

പൊതുജനങ്ങളുടെയും കുട്ടികളുടെയും സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രാവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. എല്ലാ വർഷവും മേയ് മാസം ഒന്ന് മുതൽ ഏഴുവരെ സുരക്ഷാവാരം ആചരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി റോഡ് ഷോ, ലഘുലേഖ വിതരണം, ഡോക്യുമെന്ററി പ്രദർശനം, ഗ്രാമപ്രദേശങ്ങളിൽ വാഹനം ഉപയോഗിച്ച് പ്രചരണം തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. സെക്ഷൻ ഓഫീസ് തലത്തിൽ സ്കൂളുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ/റെസിഡൻഷ്യൽ അസോസിയേഷൻ/കുടുംബശ്രീ തുടങ്ങിയവ കേന്ദ്രീകരിച്ച് സുരക്ഷാ ക്ലാസുകളും ബോധവൽക്കരണവും നടത്തുന്നുണ്ട്.

ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സേഫ്റ്റി വർക്ക്ഷോപ്പ് നടത്തുകയും ഇതിൽ ലൈനിൽ ജോലി ചെയ്യുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെപ്പറ്റിയും ലൈനുകൾ ശരിയായി പരിപാലിക്കേണ്ടതിനെപ്പറ്റിയും വിശദമായി ചർച്ച ചെയ്യുകയും അതിനെപ്പറ്റി പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

കമ്പി പൊട്ടിവീണുള്ള അപകടങ്ങൾ കുറയ്ക്കാനായി ഓവർ ഹെഡ് ലൈനുകൾക്ക് ഗാർഡിംഗ് നൽകുവാനുള്ള നിർദ്ദേശം ഘട്ടം ഘട്ടമായി നടപ്പിലാക്കുവാനും ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്ത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ SMART MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെയും വിതരണ ശൃംഖലയുടെയും എർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്. കമ്പി പൊട്ടിവീഴുക മുതലായ അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് "9496061061" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുള്ളതും അതിന് പൊതുജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചാരം നൽകിയിട്ടുള്ളതുമാണ്. കൂടാതെ ഏതുപരാതിയും നേരിട്ട് അറിയിക്കുന്നതിന് "1912" എന്ന കേന്ദ്രീകൃത ഉപഭോക്തൃസേവന കേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റുപ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്.

(സി) KSEB Ltd.-നുവേണ്ടി ജോലി ചെയ്യുമ്പോൾ അപകടത്തിൽപ്പെടുന്ന സ്ഥിരം ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും KSEB Ltd.-ന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്കും നൽകിവരുന്ന സാമ്പത്തിക സഹായങ്ങളെയും മറ്റ് ആനുകൂല്യങ്ങളെയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ചെങ്ങന്നൂർ മണ്ഡലത്തിൽനിന്നും സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ട 2 അപേക്ഷകളാണ് തീർപ്പാക്കുവാനുള്ളത്. 28-8-2019-ന് മാന്നാർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ അശ്രദ്ധമായ പ്രവൃത്തിമൂലം വൈദ്യുതി ലൈനിൽനിന്ന് വൈദ്യുതാഘാതമേറ്റ ശ്രീ. ബിജുവിന്റെയും 28-4-2017-ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വൈദ്യുതാഘാതമേറ്റ ശ്രീ. ശങ്കരപിള്ളയുടെയും ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വൈദ്യുതി ലൈനിലെ ജോലിക്കിടയിലെ അപകട മരണങ്ങൾ

210 (2196) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കമ്പി പൊട്ടിവീണും,വൈദ്യുതി ലൈനിലെ ജോലിക്കിടയിലും മരണം സംഭവിക്കുന്നത് ആവർത്തിക്കുന്നത് എന്തുകൊണ്ടാണ്;

(ബി) മാവേലിക്കരയിലും തളിപ്പറമ്പിലും ലൈനിൽ ജോലിക്കിടെ കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ മരിച്ചത് വകുപ്പിന്റെ ഭാഗത്ത് നിന്നും ഉണ്ടായ അനാസ്ഥ മൂലമാണോ;

(സി) തൃശ്ശൂർ മൂർക്കനാട് പൊട്ടിവീണ വൈദ്യുതി കമ്പിയിൽ തട്ടി രണ്ട് സ്ത്രീകൾ ഫെബ്രുവരി 27-ന് മരിക്കുവാനിടയായ സാഹചര്യം അന്വേഷിച്ചിട്ടുണ്ടോ;

(ഡി) വൈദ്യുതി കമ്പി പൊട്ടി വീണാലുടൻ പവർ ഓഫ് ആകുന്ന സംവിധാനം നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ഇ.ബി.യുടെ അനാസ്ഥമൂലം മരണം സംഭവിക്കുന്ന ജീവനക്കാർക്കും, പൊതുജനങ്ങൾക്കും 25 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) വൈദ്യുതി വിതരണ ലൈനുകൾക്ക് സമീപമുള്ളതും നിശ്ചിത അകലം പാലിക്കാത്തതുമായ വൃക്ഷങ്ങളുടെ ശിഖരങ്ങൾ ശക്തമായ കാറ്റുവീശുന്ന സമയങ്ങളിൽ വൈദ്യുതി ലൈനുകളുമായി സമ്പർക്കത്തിൽപ്പെട്ട് കമ്പികൾ പൊട്ടി നിലത്തുവീഴുന്നതിൽനിന്ന് വൈദ്യുതാഘാതമേറ്റ് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന അപകടങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതായും മഴക്കെടുതികൾ, പ്രകൃതിക്ഷോഭം എന്നിവയുണ്ടാകുന്ന അവസരങ്ങളിൽ ലൈൻ പൊട്ടിവീണും വൈദ്യുതാഘാതമേറ്റുമുള്ള മരണ നിരക്കിൽ നേരിയ രീതിയിൽ വർദ്ധനവ് ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ലൈനുകളിൽ പണിയെടുക്കുമ്പോൾ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ട സാഹചര്യങ്ങളിൽ സുരക്ഷാ

മാനദണ്ഡങ്ങൾ നിർബന്ധമായി പാലിക്കുന്നതിനുള്ള ജീവനക്കാരുടെ വിമുഖത കാരണവും Personal Protective equipment (അരക്കയർ, എർത്തിംഗ് തുടങ്ങിയവ) ഉപയോഗിക്കുന്നതിനുള്ള താല്പര്യക്കുറവും, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അവഗണിക്കുന്നതുമൂലവും, ഉയരത്തിൽനിന്നും കാൽ വഴുതി വീണും വൈദ്യുതി ബന്ധം വിച്ഛേദിച്ചുവെന്ന് ഉറപ്പുവരുത്താതെ അറ്റകുറ്റ പണിയിലേർപ്പെടുന്നതും അനധികൃത പ്രവൃത്തികളിൽ ഏർപ്പെടുന്നതുമൂലവും വൈദ്യുതാഘാതമേറ്റും അപകടങ്ങൾ സംഭവിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് ജീവനക്കാർക്കിടയിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച് വിപുലമായ രീതിയിലുള്ള ബോധവൽക്കരണം നടത്തുകയും കൂടാതെ പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണം കുടുംബശ്രീവഴിയും സ്കൂൾ വിദ്യാർത്ഥികൾവഴിയും പഞ്ചായത്ത് തലത്തിലും കൂടാതെ വിവിധ തലങ്ങളിലും നൽകിയിട്ടുള്ളതുമാകുന്നു. എങ്കിലും അപകടങ്ങൾ കുറയ്ക്കുന്നതിന് വിവിധ വകുപ്പുകൾ യോജിച്ച് ബോധവൽക്കരണം ഊർജ്ജിതമാക്കിയാൽ മാത്രമേ ഈ വിധത്തിലുള്ള അപകടങ്ങൾ കുറയ്ക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ വൈദ്യുതി കമ്പി പൊട്ടിവീണാൽ വൈദ്യുതി വിച്ഛേദിക്കാൻ ആധുനിക ഉപകരണങ്ങൾ കാലക്രമത്തിൽ ഉപയോഗത്തിൽ വരുമ്പോൾ വൈദ്യുതി കമ്പി പൊട്ടിവീണുള്ള അപകടങ്ങൾ പൂർണ്ണമായി ഒഴിവാക്കാൻ കഴിയും.

(ബി) 2020 ഫെബ്രുവരി മാസത്തിൽ മാവേലിക്കര, തളിപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിൽ സർവ്വശ്രീ കമലഹാസൻ, രാജീവൻ എന്നീ ഇലക്ട്രിസിറ്റി വർക്കർമാർക്ക് ജോലിക്കിടയിൽ സംഭവിച്ച അപകടത്തിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തുന്നതിനായുള്ള അന്വേഷണത്തിൽ മാവേലിക്കരയിലും തളിപ്പറമ്പിലും വൈദ്യുതി ലൈനിലെ ജോലിക്കിടയിൽ കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ മരിച്ചത് സുരക്ഷാ നടപടികൾ പാലിക്കാത്തതുമൂലമാണ് എന്ന പ്രാഥമിക വിവരമാണ് ലഭിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച വിശദമായ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വിശദവിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) ഉണ്ട്. തൃശ്ശൂർ മൂർക്കനാട് പൊട്ടിവീണ വൈദ്യുതി കമ്പിയിൽത്തട്ടി രണ്ടു സ്ത്രീകൾ മരിച്ച സംഭവത്തിൽ അന്വേഷണം നടത്തുകയും വേണ്ട സുരക്ഷാ നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) വൈദ്യുതി കമ്പി പൊട്ടിവീണാൽ ഉടൻതന്നെ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടുന്ന സ്മാർട്ട് എം.സി.സി.ബി. സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ പൈലറ്റായി നടപ്പിലാക്കാൻ തീരുമാനിച്ചു. ഇതിന്റെ പ്രവർത്തന നിലവാരം വിലയിരുത്തിയതിനുശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

കൂടാതെ കേരളത്തിലെ വിവിധ എൻജിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക രീതിയിലുള്ള സുരക്ഷാസംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ജീവനക്കാർക്ക് ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്കുള്ള നഷ്ടപരിഹാരം 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകളിന്മേൽ അനുവദിച്ചുവരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾമൂലം സംഭവിക്കുന്ന അപകട മരണങ്ങൾക്ക് നിലവിൽ 10 ലക്ഷം രൂപ ആശ്വാസധനസഹായമായി അനുവദിച്ചുവരുന്നു. അതിലുപരിയായി 25 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**വൈദ്യുതിമൂലമുണ്ടാകുന്ന അപകട മരണങ്ങൾ**

211 (2197) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിലൈൻ അറ്റകുറ്റപ്പണികൾക്കിടെ കഴിഞ്ഞ് മൂന്ന് വർഷമായി എത്ര അപകടമരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; അപകട മരണം സംഭവിച്ചവർക്ക് എത്ര രൂപയാണ് ധനസഹായം നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) വൈദ്യുതി ലൈൻ പൊട്ടിവീണ് ജനങ്ങൾ മരണപ്പെടുന്നത് ഒഴിവാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇങ്ങനെ മരണമടയുന്ന വ്യക്തികളുടെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1-1-2017 മുതൽ നാളിതുവരെ KSEBL-നുകീഴിൽ അറ്റകുറ്റപ്പണികൾക്കിടയിൽ സ്ഥിരം ജീവനക്കാരായ 25 പേർക്കും കരാർ തൊഴിലാളികളായ 29 പേർക്കും ജീവഹാനി സംഭവിച്ചിട്ടുണ്ട്.

വൈദ്യുത ലൈനിലെ അറ്റകുറ്റപ്പണികൾക്കിടെ സംഭവിക്കുന്ന അപകടങ്ങൾ ഒഴിവാക്കാനുള്ള പദ്ധതി

വൈദ്യുത ലൈനിൽ പണിയെടുക്കുന്നതിനുമുൻപ് വൈദ്യുതിബന്ധം വിച്ഛേദിച്ചും ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യാൻ പാടുള്ളൂവെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി ലൈനിൽ

പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ച് സുരക്ഷാ മാനുവലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (Safety Gloves, Safety Belt, Safety Shoes, Earthing/Discharge Rod, Shorting Clip, First Aid Kit, Rain coat, Ladder etc.) ലഭ്യമാക്കിയിട്ടുണ്ട്. CEA നിഷ്കർഷിക്കുന്ന എല്ലാ സുരക്ഷാ ഉപകരണങ്ങളും അടങ്ങിയ സേഫ്റ്റി കിറ്റ് എല്ലാ ലൈൻമാൻമാർക്കും നൽകിക്കഴിഞ്ഞു.

വൈദ്യുതി വിതരണ ലൈനുകളിലും ഉപകരണങ്ങളിലും ജോലി ചെയ്യുമ്പോൾ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി " Permit to work" (PTW) സംവിധാനം വിതരണ മേഖലയിൽക്കൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. സുരക്ഷ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനായി surprise inspection-നുകൾ നടത്തുന്നതിന് വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജോലിസ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. അതനുസരിച്ച് വീഴ്ച വരുത്തുവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സുരക്ഷ അവലോകനം ചെയ്യുന്നതിനായി മാസംതോറും safety meeting-കളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ എല്ലാ ദിവസവും രാവിലെ സെക്ഷൻ ഓഫീസിൽ "സൺറൈസ് മീറ്റിംഗ്"-ൽ സുരക്ഷാ പ്രതിജ്ഞ എടുക്കുകയും അതോടൊപ്പം അന്നത്തെ ജോലികളിൽ എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ചർച്ച ചെയ്യാറുമുണ്ട്.

ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ SMART MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കർ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെയും വിതരണ ശൃംഖലയുടെയും ഏർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയവ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്.

സുരക്ഷാപാലനം ഉറപ്പുവരുത്തുന്നതിനായി സബ്എഞ്ചിനീയർ മുതൽ ഇലക്ട്രിസിറ്റി വർക്കർ വരെയുള്ള ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലന ക്ലാസുകൾ നടത്തി സുരക്ഷാ നടപടികളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്താറുണ്ട്. വൈദ്യുതി ലൈനുകളിലും പ്രതിഷ്ഠാപനങ്ങളിലും പണിയെടുക്കുമ്പോഴുണ്ടായേക്കാവുന്ന അപകടങ്ങളും അവ ഒഴിവാക്കേണ്ട രീതികളും സ്വീകരിക്കേണ്ട മുൻകരുതലുകളും ഈ പരിശീലന പരിപാടികളിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. അപകട സാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി കരാർ തൊഴിലാളികൾക്കും ബോർഡിലെ ജീവനക്കാർക്കും വീഡിയോ ടേപ്പുകൾ ഉപയോഗിച്ച് ധാരാളം സുരക്ഷാ ക്ലാസ്സുകൾ ഫീൽഡ് ഓഫീസ് തലങ്ങളിൽ നടത്തി പരിശീലനം നൽകിവരുന്നു. Safety belt പോലുള്ള സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാനും ഈ ക്ലാസ്സുകളിൽ പരിശീലിപ്പിക്കുന്നുണ്ട്. ബോർഡ് ജീവനക്കാർക്ക് ഡോക്ടർ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി first aid പരിശീലനം നൽകുന്നുണ്ട്. ജോലി ചെയ്യാനായി സൈറ്റിലെത്തുന്ന എല്ലാവർക്കും വർക്കിനെപ്പറ്റിയുള്ള കൃത്യമായ അറിവും സുരക്ഷാ ഉപകരണങ്ങളുടെ ശരിയായ ഉപയോഗവും മനസ്സിലാക്കുന്ന രീതിയിൽ ജീവനക്കാർക്കിടയിലെ അപകടങ്ങൾ കുറയ്ക്കാനായി വർക്ക് സൈറ്റിൽ " ടൂൾ ബോക്സ് റ്റോക്ക്സ്" നടത്താറുണ്ട്.

വൈദ്യുത പോസ്റ്റിൽ കയറി പണിയെടുക്കുമ്പോൾ വീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലായിടത്തും കൊണ്ടുപോകാൻ കഴിയുന്ന നിലയിൽ ഓട്ടോറിക്ഷയിൽ/പിക്അപ്പ് വാനിൽ ഉറപ്പിക്കാവുന്നതും ഹൈഡ്രോളിക് സാങ്കേതികവിദ്യയിൽ ഉയർത്താൻ കഴിയുന്നതുമായ ഏരിയൽ ലിഫ്റ്റ് എല്ലാ സെക്ഷനിലും ഒന്ന് വച്ച് ലഭ്യമാക്കാനുള്ള പദ്ധതിയാണ് ലക്ഷ്യമാക്കുന്നത്. ഇത് ഊർജ്ജ കേരളാ മിഷന്റെ ഭാഗമായുള്ള ഇ-സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ഇത് നടപ്പാക്കുന്നതാണ്.

വൈദ്യുതി വിതരണ മേഖല പൂർണ്ണമായും അപകടരഹിതമാക്കാൻ ഉദ്ദേശിച്ച് വിവിധ കർമ്മപദ്ധതികൾ തയ്യാറായിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലൂമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അപകട മരണം സംഭവിക്കുന്ന ജീവനക്കാർ/കരാർ തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുശാസിക്കുന്ന പ്രായത്തിനും വയസ്സ് ഘടകത്തിനും ആനുപാതികമായ നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. സ്ഥിരം ജീവനക്കാർക്ക് മേൽ നഷ്ടപരിഹാരത്തിനുപരിയായി തൊഴിലാളി ക്ഷേമനിധിയിൽനിന്നും 10 ലക്ഷം രൂപയായി മരണാനന്തര ആനുകൂല്യവും, ഇൻഷ്വറൻസ് വകുപ്പിന് കീഴിലുള്ള GPAIS പദ്ധതി പ്രകാരം 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് ക്ലെയിമിനും വ്യവസ്ഥകൾക്ക് വിധേയമായി അവകാശികൾക്ക്

അർഹതയുണ്ട്. കൂടാതെ ആശ്രിത നിയമനം ഉൾപ്പെടെയുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും സ്ഥിര ജീവനക്കാരുടെ ആശ്രിതർക്ക് അർഹതയുണ്ട്.

(ബി) വൈദ്യുതി കമ്പി പൊട്ടിവീണുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ചുവടെ കാണിച്ചിട്ടുള്ള നടപടികൾ കെ.എസ്.ഇ.ബി.- കൈക്കൊണ്ടുവരുന്നു.

വൈദ്യുതി ലൈൻ പൊട്ടിയാൽ ഓട്ടോമാറ്റിക് റിലേ സംവിധാനം ഉപയോഗിച്ചുള്ള തനിയെ ഓഫാകുന്ന സംവിധാനം നിലവിൽ 11 കെ.വി. മുതൽ മുകളിലേയ്ക്കുള്ള ലൈനുകളിലാണുള്ളത്. എൽ.റ്റി. ലൈനുകളിൽ കമ്പി പൊട്ടുന്ന അവസരത്തിൽ കമ്പികൾ തമ്മിൽ കൂട്ടിമുട്ടിയാൽ അമിതമായി വൈദ്യുതി പ്രവാഹം ഉണ്ടാകുമ്പോൾ വൈദ്യുതിബന്ധം സ്വയം വിച്ഛേദിക്കുന്ന ഫ്യൂസ് സംവിധാനം നിലവിലുണ്ട്. പൊട്ടിവീഴാൻ സാധ്യതയുള്ള അലൂമിനിയം കമ്പനികൾ മാറ്റി ദൃഢതയുള്ള ACSR കമ്പികൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയായിവരുന്നു. കമ്പി പൊട്ടിവീണുള്ള അപകടങ്ങൾ കുറയ്ക്കാനായി ഓവർ ഹെഡ് ലൈനുകൾക്ക് ഗാർഡിംഗ് നൽകാനുള്ള നിർദ്ദേശം ഘട്ടംഘട്ടമായി നടപ്പിലാക്കാനും ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. കമ്പി കൂട്ടിയടിക്കാതിരിക്കാനും പൊട്ടിയാൽപോലും താഴോട്ട് വീഴാതിരിക്കാനും സ്പേസറുകൾ സ്ഥാപിക്കുന്നു. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് "9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കമ്പി പൊട്ടിയാൽ ഉടൻ അറിയിക്കാൻ "9496010101" എന്ന നമ്പരിൽ ബന്ധപ്പെടാനുള്ള നിർദ്ദേശം ഓരോ സെക്ഷൻ കാര്യാലയത്തിന്റെ കീഴിലുള്ള 1000 പോസ്റ്റുകളിൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക രീതിയിലുള്ള സുരക്ഷാസംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ SMART MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെയും വിതരണ ശൃംഖലയുടെയും ഏർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്.

കേരളത്തിലുടനീളമുള്ള കുടുംബശ്രീ യൂണിറ്റുകൾവഴി ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്ററുമായും ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായും ചീഫ് സേഫ്റ്റി ഓഫീസർ ബന്ധപ്പെട്ട് സെക്ഷൻ തലത്തിൽ കുടുംബശ്രീയിലെ അംഗങ്ങൾക്ക് സുരക്ഷാ പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു. വൈദ്യുതി ഉപഭോക്താക്കളെയും പൊതുജനങ്ങളെയും വൈദ്യുത സുരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുള്ള വിവിധ പരിപാടികൾ ഫീൽഡ് ഓഫീസുകൾവഴി തുടർച്ചയായി നടത്തിവരുന്നു. പൊതുജനങ്ങളുടെയും കുട്ടികളുടെയും വൈദ്യുതി സംബന്ധമായ സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. LT, HT വിതരണ ലൈനുകളിൽ ഇപ്പോൾതന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്.

ഏത് പരാതിയും നേരിട്ട് അറിയിക്കുന്നതിന് "1912" എന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവനകേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റു പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സ്കൂൾ വർഷത്തിൽ സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നെയിം സ്ലിപ്പുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും മേയ് ആദ്യവാരം ' വൈദ്യുതി സുരക്ഷാ വാരം' ആചരിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി സുരക്ഷയെ മുൻനിർത്തി താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. എഫ്.എം. റേഡിയോ ചാനലുകളിലൂടെ വൈദ്യുതി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുക, വൈദ്യുതി സുരക്ഷാ റോഡ് ഷോകൾ സംഘടിപ്പിക്കുക, പൊതുസ്ഥലങ്ങളിൽ സുരക്ഷാ ബ്രോഷറുകളും കാർട്ടൂണുകളും വിതരണം ചെയ്യുക, സെക്ഷൻ ഓഫീസുകളിലും ക്യാഷ് കൗണ്ടറുകൾക്ക് മുന്നിലും സുരക്ഷാ സന്ദേശങ്ങൾ പ്രദർശിപ്പിക്കുക, പൊതുജനങ്ങൾക്കും പ്രത്യേകിച്ച് ഫാബ്രിക്കേഷൻ, വെൽഡിംഗ് ജോലിക്കാർക്കും എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കറുകളെക്കുറിച്ച് അവബോധം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിതരണ സംവിധാനത്തിന്റെ തകരാറുകൾമൂലം വൈദ്യുതാഘാതമേറ്റ് ജീവഹാനി സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപ KSEBL നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ആശ്വാസധനസഹായമായി അനുവദിച്ചു വരുന്നുണ്ട്. കൂടാതെ പൊതുജനങ്ങളുടെ അറിവില്ലായ്മ, അശ്രദ്ധ, സൂക്ഷ്മതക്കുറവ്

തുടങ്ങിയ പ്രവൃത്തിമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനത്തിൽനിന്നും യാദൃശ്ചികമായി വൈദ്യുതി ലൈനുമായുണ്ടാകുന്ന സമ്പർക്കംമൂലം ജീവഹാനി ഉണ്ടാകുന്ന അപകടങ്ങൾക്ക് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2 ലക്ഷം രൂപയും അനുവദിച്ചുവരുന്നുണ്ട്.

**കോലഞ്ചേരി ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്**

212 (2198) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന കോലഞ്ചേരി ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ജനങ്ങൾക്ക് സൗകര്യപ്രദമായ കോലഞ്ചേരി ടൗണിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കോലഞ്ചേരി ടൗണിലുള്ള റവന്യൂ ടവറിൽ കോലഞ്ചേരി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് പ്രതിമാസം 40,000 രൂപ വാടകയിൽ സ്ഥലം അനുവദിക്കാമെന്ന് റവന്യൂ വിഭാഗം അറിയിച്ചിരുന്നു. ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന് പ്രതിമാസം 10,350 രൂപയാണ് നൽകിവരുന്നത്. ആയതിനാൽ റവന്യൂ ടവറിലുള്ള സ്ഥലത്തിന് വാടക കുറച്ച് നൽകണമെന്ന് കാണിച്ച് റവന്യൂ അധികാരികൾക്ക് കത്ത് നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. 25-1-2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ വിഷയം ഉന്നയിക്കുകയും, പ്രതിമാസം 15,000 രൂപ വാടകയ്ക്ക് സ്ഥലം ലഭിക്കുന്നപക്ഷം ഓഫീസ് അവിടേക്ക് മാറ്റുമെന്ന് തീരുമാനമെടുക്കുകയും, ഇക്കാര്യം റവന്യൂ വിഭാഗത്തെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ 40,000 രൂപ വാടകയിൽ സ്ഥലമെടുക്കാൻ കെ.എസ്.ഇ.ബി.എൽ. താൽപ്പര്യപ്പെടാത്തതിനാൽ മേൽ സ്ഥലം മറ്റ് ഓഫീസുകൾക്ക് വാടകയ്ക്ക് നൽകിയതായും ഇനി അവിടെ സ്ഥലം ലഭ്യമല്ലെന്നും ഫോൺ മുഖാന്തരം റവന്യൂ അധികാരികൾ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സൗകര്യപ്രദമായ കെട്ടിടം ന്യായമായ വാടകയ്ക്ക് ലഭിക്കുന്ന പക്ഷം കോലഞ്ചേരി സെക്ഷൻ ആഫീസ് മാറ്റിസ്ഥാപിക്കുന്നതാണ്.

**വള്ളിക്കുന്നം കെ.എസ്.ഇ.ബി.എൽ-ന്റെ സെക്ഷൻ ഓഫീസ്**

213 (2199) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര വള്ളിക്കുന്നം കെ.എസ്.ഇ.ബി.എൽ.ന്റെ സെക്ഷൻ ഓഫീസിന് സ്വന്തമായി സ്ഥലവും ഓഫീസ് കെട്ടിടവും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

24-2-2016-ലെ ബോർഡ് ഉത്തരവ് പ്രകാരം വള്ളിക്കുന്നത്ത് പുതിയ സെക്ഷൻ അനുവദിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരം പുതിയ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായോ അല്ലെങ്കിൽ വാടക രഹിത കെട്ടിടമോ തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് നൽകിയ വാടക രഹിത കെട്ടിടത്തിൽ 2017 മുതൽ ഓഫീസ് പ്രവർത്തിച്ചുവരുന്നു. ഓഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള സ്ഥലം തദ്ദേശ സ്ഥാപനമോ അല്ലെങ്കിൽ വ്യക്തികളോ മറ്റ് സംഘടനകളോ സൗജന്യമായി നൽകുന്നപക്ഷം കെ.എസ്.ഇ.ബി. കെട്ടിടം നിർമ്മിക്കുന്നതാണ്.

**നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്**

214 (2200) <u>ശ്രീ. എൻ . എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ ഇപ്പോൾ പ്രവർത്തിക്കുന്നത് ഏതുകെട്ടിടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കെട്ടിടത്തിൽ എത്രകാലമായി സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ടെന്നും ഇത് സർക്കാരിന്റെതോ അതോ സ്വകാര്യവ്യക്തിയുടെതോ എന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ വിസ്തീർണ്ണം എന്താണെന്നും സ്വകാര്യവ്യക്തിയുടേതാണെങ്കിൽ എത്ര രൂപയാണ് വാടക നൽകുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശമുണ്ടോയെന്നും അതിനുള്ള സർക്കാർ സ്ഥലം ലഭ്യമാണോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് മുനിസിപ്പാലിറ്റിയുടെ KML XXIV/361, 362, 363 എന്നീ നമ്പരുകളിലുള്ള കെട്ടിടങ്ങളിലായാണ് നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ പ്രവർത്തിക്കുന്നത്.

(ബി) കഴിഞ്ഞ 30 വർഷത്തിലേറെ കാലമായി സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഈ കെട്ടിടത്തിലാണ് നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ പ്രവർത്തിച്ചുവരുന്നത്.

(സി) 280 ചതുരശ്ര മീറ്ററാണ് കെട്ടിടത്തിന്റെ വിസ്തീർണ്ണം. ഇപ്പോൾ പ്രതിമാസം 9,500 രൂപ വാടക നൽകിവരുന്നു.

(ഡി) സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയോ സർക്കാർ ഭൂമിയോ ലഭ്യമല്ല. തദ്ദേശ ഭരണ സ്ഥാപനമോ സ്വകാര്യ വ്യക്തികളോ സംഘടനകളോ സൗജന്യമായി 10 സെന്റിൽ കുറയാത്ത ഭൂമി സൗകര്യപ്രദമായ സ്ഥലത്ത് ലഭ്യമാക്കിയാൽ കെ.എസ്.ഇ.ബി.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്നതാണ്.

## നെയ്യാറ്റിൻകര തൊഴുക്കൽ സബ്സ്റ്റേഷൻ

215 (2201) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഓരോ സാമ്പത്തിക വർഷവും എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആണ് നടത്തിയതെന്ന് വിശദമാക്കാമോ;

(ബി) നെയ്യാറ്റിൻകര തൊഴുക്കൽ സബ്സ്റ്റേഷൻ 110 KV ആയി ഉയർത്തിയതിന് എത്ര കോടി രൂപയാണ് ചെലവായത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ പ്രസരണ മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾക്കായി 14.90 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) നെയ്യാറ്റിൻകര തൊഴുക്കൽ സബ്സ്റ്റേഷൻ 110 KV ആയി ഉയർത്തിയതിന് ചെലവായ തുക ചുവടെ ചേർക്കുന്നു:

| | |
|---|---|
| നെയ്യാറ്റിൻകര സബ്സ്റ്റേഷൻ | 9.6 കോടി രൂപ |
| പാറശ്ശാല-നെയ്യാറ്റിൻകര 110 KV ഫീഡർ നിർമ്മാണം | 5.3 കോടി രൂപ |
| ആകെ | 14.90 കോടി രൂപ |

## കക്കാട്, മൂഴിയാർ പവർഹൗസിലെ ദിവസവേതന/കരാർ ജീവനക്കാർ

216 (2202) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കെ. എസ്. ഇ. ബി. യുടെ കക്കാട്, മൂഴിയാർ പവർഹൗസിൽ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്നും എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അവർ ആരൊക്കെയെന്ന വിവരം നൽകുമോ;

(സി) ഡാം സേഫ്റ്റിയുമായി ബന്ധപ്പെട്ട് കക്കാട്, സീതത്തോട് മേഖലകളിൽ എത്രപേർ ദിവസവേതനത്തിൽ ജോലി ചെയ്യുന്നെന്നും അവർ ആരെല്ലാമാണെന്നുള്ള വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ജനറേഷൻ സർക്കിൾ മൂഴിയാറിന്റെ കീഴിലുള്ള മൂഴിയാർ, കക്കാട്, പവർഹൗസുകളിൽ ദിവസന വേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. ജീവനക്കാരുടെ ഒഴിവുകൾ വരുന്ന തസ്തികകളിൽ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നൽകിയാണ് പ്രസ്തുത ജോലികൾ ചെയ്തുവരുന്നത്. ഇതിനായി നിശ്ചിത യോഗ്യതയുള്ളവർക്ക് വർക്ക് കോൺട്രാക്ട് നൽകിവരുന്നു.

(ബി)പ്രസ്തുത പവർ ഹൗസുകളിൽ അസിസ്റ്റന്റ് എഞ്ചിനിയർ, സബ്എൻഞ്ചിനിയർ, ഓവർസിയർ, വർക്കർ എന്നീ തസ്തികകളിൽ നിലവിൽ കണക്കാക്കപ്പെട്ടിട്ടുള്ള അംഗീകൃത ഒഴിവുകൾ ചുവടെ ചേർത്തിരിക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സബ്എൻഞ്ചിനീയർ | 8 |
| ഓവർസീയർ | 4 |
| വർക്കർ | 4 |

(സി) ഡാം സേഫ്റ്റിയുമായി ബന്ധപ്പെട്ട് കക്കാട്, സീതത്തോട് മേഖലകളിൽ ദിവസവേതനത്തിന് ആരും ജോലി ചെയ്യുന്നില്ല.

## ശ്രീ. ബിജു പോൾ വി.-ക്ക് ജോലിയിൽ പ്രവേശിക്കാനുള്ള അനുമതി സംബന്ധിച്ച്

217 (2203) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ കരാർ തൊഴിലാളിയായി സേവനം അനുഷ്ഠിച്ചു വരുമ്പോൾ, കോൺക്രീറ്റ് പോസ്റ്റ് ഒടിഞ്ഞു വീണ് ഗുരുതരമായി പരിക്കുപറ്റിയ ശ്രീ. ബിജു പോൾ വി., വെമ്പിളിയാൻ വീട്, പരിയാരം എന്ന ഉദ്യോഗാർത്ഥിക്ക് പി.എസ്.സി. വഴി ലഭിച്ച സ്ഥിരനിയമന ഉത്തരവുപ്രകാരം ജോലിയിൽ പ്രവേശിക്കുവാൻ സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി ശ്രീ. ബിജു പോൾ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാനെ കെ.എസ്.ഇ.ബി.യിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. ബിജു പോൾ വി.-യെ 7-9-2019-ലെ നിയമന ഉത്തരവ് പ്രകാരം വൈദ്യുതി ബോർഡിൽ ഇലക്ട്രിസിറ്റി വർക്കറായി നിയമനം നൽകിയെങ്കിലും ടിയാന്റെ അപേക്ഷ പ്രകാരം 6-12-2019 വരെ 90 ദിവസത്തെ പ്രവേശന കലാവധി നീട്ടിനൽകുകയുണ്ടായി. എന്നാൽ തുടർ ചികിത്സ ആവശ്യമുള്ളതിനാൽ 6 മാസത്തേയ്ക്ക് കൂടി പ്രവേശന കാലാവധി നീട്ടി നൽകണമെന്നും, ഇരുന്ന് ജോലി ചെയ്യാവുന്ന തരത്തിലുള്ള ജോലി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ബിജു പോൾ 2-12-2019-ൽ വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിന്മേൽ തീരുമാനമെടുക്കാനായി ടിയാന്റെ അപേക്ഷ ഫയൽ സഹിതം വൈദ്യുതി ബോർഡിന്റെ ഡയറക്ടർ ബോർഡ് മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്. ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഭൂമി കയ്യേറ്റം**

218 (2204) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ പട്ടണത്തിൽ ഇക്ക നഗറിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിൽ സ്ഥലം ഉണ്ടായിരുന്നോ; ഉണ്ടെങ്കിൽ എത്ര ഏക്കർ; അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലം കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കയ്യേറ്റംമൂലം എത്ര ഏക്കർ സ്ഥലമാണ് നഷ്ടപ്പെട്ടത്;

(സി) കയ്യേറിയ സ്ഥലം തിരിച്ച് പിടിക്കുവാൻ കെ.എസ്.ഇ.ബി.എൽ. എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മൂന്നാർ ഇക്കാനഗർ പ്രദേശത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശമുള്ള ഭൂമിയുടെ അളവുകൾ തിട്ടപ്പെടുത്തുന്നതിനും പോക്കുവരവ്

നടത്തുന്നതിനും കെ.എസ്.ഇ.ബി.എൽ. റവന്യൂ അധികാരികൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇക്കാര്യം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് ശേഷമേ കയ്യേറ്റമുണ്ടോയെന്നത് സംബന്ധിച്ച് വ്യക്തത വരികയുള്ളൂ.

**കെ.എസ്.ഇ.ബി.എൽ.-ന് ബാധകമാക്കാത്ത ഉത്തരവ്**

219 (2205) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 6-2-2017-ൽ പുറപ്പെടുവിച്ച G.O.(P) No.16/2017/Fin. എന്ന ഉത്തരവ് കെ.എസ്.ഇ.ബി.എൽ.-ന് ബാധകമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവ് കെ.എസ്.ഇ.ബി.എൽ.-ന് ബാധകമാക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് സർക്കാരിന് നൂറുശതമാനം ഓഹരി പങ്കാളിത്തമുള്ള ഒരു പൊതുമേഖല കമ്പനിയാണ്. കമ്പനിയുടെ ഡയറക്ടർ ബോർഡാണ് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്നത്. സർക്കാർ ഉത്തരവുകൾ സ്വമേധയാ കെ.എസ്.ഇ.ബി.എൽ. ലിമിറ്റഡിന് ബാധമാകുകയില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമാണെന്നോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണെന്നോ പ്രത്യേകം കാണിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ കെ.എസ്.ഇ.ബി.എൽ. ലിമിറ്റഡിലും ബാധകമാകും. അങ്ങനെ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്ത സർക്കാർ ഉത്തരവുകൾ കെ.എസ്.ഇ.ബി.എൽ.-ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് കെ.എസ്.ഇ.ബി.എൽ.-യിലും ബാധകമാക്കുന്നതിന് തീരുമാനിച്ചാൽ മാത്രമേ കെ.എസ്.ഇ.ബി.എൽ. ലിമിറ്റഡിന് ബാധകമാകുകയുള്ളൂ.

G.O.(P)No.16/2017/Fin/ 6-2-2017 നമ്പറായി ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് സർക്കാർ തലത്തിലുള്ള ടെണ്ടർ കമ്മിറ്റി ഒഴിവാക്കുന്നതിനും ടെണ്ടർ വർദ്ധന/കുറവ് അംഗീകരിക്കുന്നതിനുള്ള പൂർണ്ണ അധികാരം വകുപ്പുതല ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്യുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതും സർക്കാർതല ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ടുള്ളതുമാണ്. ഇതിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലേയോ മറ്റേതെങ്കിലും പൊതുമേഖലാ കമ്പനികളുടെയോ ടെണ്ടർ നടപടികളെപ്പറ്റി യാതൊരു പരാമർശവുമില്ല. മാത്രമല്ല മേൽ ഉത്തരവ് അഡ്രസ് ചെയ്തിട്ടുള്ള പട്ടികയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉൾപ്പെട്ടിട്ടുമില്ല. ഇക്കാരണങ്ങളാൽ മേൽ ഉത്തരവ് സ്വമേധയാ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമല്ല.

പ്രസരണ ലൈനുകളുടെ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ടെണ്ടർ എക്സസ് സാധാരണമായതിനാൽ G.O.(P)No.16/2017/Fin/6-2-2017 നമ്പർ ഉത്തരവ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പാക്കുന്നത് പ്രായോഗികമല്ല. മറ്റു വകുപ്പുകളിൽ നടക്കുന്ന ടെണ്ടറുകളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കെ.എസ്.ഇ.ബി.-യിൽ നിലനിൽക്കുന്നത് എന്നതിനാൽ മേൽ ഉത്തരവ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ബാധകമാക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ മേൽ ഉത്തരവ് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമല്ല.

**കെ.എസ്.ഇ.ബി.എൽ. അംഗീകരിച്ച ടെണ്ടർ നടപടികൾ**

220 (2206) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കെ.എസ്.ഇ.ബി.എൽ.-ന് ബാധകമാണോ;

(ബി) സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച G.O(P) No.324/2015/Fin എന്ന ഉത്തരവ് കെ.എസ്.ഇ.ബി.എൽ.-ന് ബാധകമാക്കിയിട്ടുണ്ടോ;

(സി) ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. അംഗീകരിച്ച അവസാനത്തെ സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങൾ നൽകാമോ;

(ഡി) കെ.എസ്.ഇ.ബി.എൽ.-ന് സർക്കാർ ഉത്തരവുകൾ ബാധകമല്ല എന്ന് സൂചിപ്പിക്കുന്ന രേഖകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്പനി നിയമം അനുസരിച്ചുള്ള ഒരു ലിമിറ്റഡ് കമ്പനിയായാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമായിരിക്കുന്നതാണെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യങ്ങളിലും കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന രീതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമാകേണ്ടതുണ്ടോയെന്ന ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ തീരുമാനത്തിനും ഉത്തരവിനും വിധേയമായും ആയവ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

(ബി&സി) ബാധകമാക്കിയിട്ടുണ്ട്. G.O.(P)No.2/2019/SPD dated 24-1-2019 പ്രകാരം MSME(Micro, Small and Medium Enterprises)കൾക്ക് ടെണ്ടർ ഫീസ് ഒഴിവാക്കിക്കൊണ്ടുള്ള ഓർഡർ ബോർഡിൽ 4-9-2019-ലെ ഉത്തരവ് പ്രകാരം ബാധകമാക്കുകയുണ്ടായി.

(ഡി) കെ.എസ്.ഇ.ബി.എൽ.-ന് സർക്കാർ ഉത്തരവുകൾ ബാധകമല്ലെന്ന് സൂചിപ്പിക്കുന്ന സർക്കാർ ഉത്തരവുകളില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിനെ പ്രത്യേകം പരാമർശിച്ചുകൊണ്ടോ പൊതുമേഖലാ കമ്പനികളെ പൊതുവായി പരാമർശിച്ചുകൊണ്ടോ പൊതുവായി എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാക്കിക്കൊണ്ടോ ഇറക്കുന്ന സർക്കാർ ഉത്തരവുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിനും ബാധകമാണ്. എന്നാൽ അങ്ങനെയല്ലാത്ത ഉത്തരവുകൾ കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ ബോർഡ് കെ.എസ്.ഇ.ബി.എൽ.-നും ബാധകമാക്കിക്കൊണ്ട് തീരുമാനമെടുത്താൽ മാത്രമേ കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനങ്ങളിൽ ബാധകമാകുകയുള്ളൂ.

## കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ചെടുത്ത കമ്മ്യൂണിക്കേറ്റീവ് ഫോൾട്ട് പാസ് ഡിറ്റക്ടർ

221 (2207) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനിലെ തകരാറുകൾ കണ്ടെത്തുവാൻ വേണ്ടി കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ചെടുത്ത കമ്മ്യൂണിക്കേറ്റീവ് ഫോൾട്ട് പാസ് ഡിറ്റക്ടർ (സി.എഫ്.പി.ഡി.) സംസ്ഥാനത്ത് ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സാധാരണയായി സ്ഥിരമായി തകരാറുകൾ വരാറുള്ള 11 കെ.വി. ലൈനുകളിൽ ഇത്തരത്തിലുള്ള സി.എഫ്.പി.ഡി. ഇൻസ്ട്രുമെന്റുകൾ ഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള ഉപകരണം കെ.എസ്.ഇ.ബി.എൽ. വാങ്ങിയിട്ടുണ്ടോ; എത്ര എണ്ണം വാങ്ങിയിട്ടുണ്ട്; എത്ര രൂപ ഇതിനായി ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.എൽ.-ലെ ഉദ്യോഗസ്ഥർ വികസിപ്പിച്ചെടുത്ത പ്രസ്തുത ഉപകരണത്തിന് എത്ര വില വരും; കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ വികസിപ്പിച്ചെടുത്ത ഉപകരണം എല്ലാ സ്ഥലത്തും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) 11 KV വൈദ്യുത ശൃംഖലയിൽവരുന്ന കേടുപാടുകൾ പെട്ടെന്ന് കണ്ടെത്തി പ്രശ്നപരിഹാരം വേഗത്തിൽ സാധ്യമാക്കുന്ന കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ്സ് ഡിറ്റക്ടർ സംവിധാനം കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചത് ഫീഡറുകളിൽ സ്ഥാപിച്ചുവരുന്നുണ്ട്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഏകദേശം 16000 എണ്ണം കമ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടറുകൾ 11 KV വൈദ്യുത ശൃംഖലയിൽ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന് ഏകദേശം 14,700 രൂപ ചെലവാണ് കണക്കാക്കിയിട്ടുള്ളത്.

**സംസ്ഥാന വൈദ്യുത വകുപ്പ് ജില്ലകളിൽ സംഘടിപ്പിച്ച അദാലത്തുകൾ**

222 (2208) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020 കാലഘട്ടത്തിൽ സംസ്ഥാന വൈദ്യുത വകുപ്പ് എത്ര ജില്ലകളിൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ നടത്തിയ അദാലത്തിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും എത്ര എണ്ണം പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉപഭോക്തൃ സംതൃപ്തി ലക്ഷ്യംവച്ചും വൈദ്യുതി മേഖല പരാതിരഹിതമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ, ജനറേഷൻ തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്ന പരാതികൾ തീർപ്പാക്കുന്നതിന് 2020 ജനുവരി 11 മുതൽ ഫെബ്രുവരി 27 വരെ വൈദ്യുതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും വൈദ്യുതി അദാലത്തുകൾ സംഘടിപ്പിച്ചു. അദാലത്തിൽ ആകെ ലഭിച്ച 17432 പരാതികളിൽ 15912 എണ്ണവും തീർപ്പുകല്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) 27-1-2020-ന് കാസർഗോഡ് ജില്ലയിൽ നടത്തിയ അദാലത്തിൽ ലഭിച്ച 856 പരാതികളിൽ 720 എണ്ണവും തീർപ്പുകല്പിക്കാൻ സാധിച്ചിട്ടുണ്ട്.

**ഉയരമുള്ള വൈദ്യുത പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് നടപടി**

223 (2209) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബി തുക അനുവദിച്ച് നിർമ്മിക്കുന്ന പുതിയകാവ് - കറ്റാനം റോഡിലും കല്ലുമല - ബുദ്ധ ജംഗ്ഷൻ റോഡിലും വൈദ്യുത പോസ്റ്റുകൾ ഉയർത്തി സ്ഥാപിക്കേണ്ടത് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ ഉയർത്തി ചെയ്തപ്പോൾ റോഡും വൈദ്യുത ലൈനും തമ്മിലുള്ള അകലം കുറഞ്ഞതിനാൽ വാഹനങ്ങളിൽ വൈദ്യുത ലൈൻ സമ്പർക്കത്തിൽ വരാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലകളിൽ അടിയന്തരമായി ഉയരമുള്ള വൈദ്യുത പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആവശ്യമായ തുക അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്തുവകുപ്പിന്റെ ആവശ്യാർത്ഥം പുതിയകാവ്-കറ്റാനം, കല്ലുമല-ബുദ്ധ ജംഗ്ഷൻ എന്നീ റോഡുകളിൽ പരിശോധന നടത്തുകയും മാവേലിക്കര, കറ്റാനം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി PWD-യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

മാവേലിക്കര ഇലക്ട്രിക്കൽ സെക്ഷൻ 22,49,991 രൂപ, കറ്റാനം ഇലക്ട്രിക്കൽ സെക്ഷൻ 11,72,906 രൂപ.

(ബി) പ്രസ്തുത റോഡുകൾ ഉയർത്തി ചെയ്തപ്പോൾ റോഡും വൈദ്യുതലൈനും തമ്മിലുള്ള സുരക്ഷാ അകലം കുറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, PWD, ജില്ലാ കളക്ടർ തുടങ്ങിയവരെ അറിയിച്ചിട്ടുണ്ട്.

(സി) എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ടി പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

### നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ നവീകരണത്തിന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

224 (2210) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ നവീകരണത്തിന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ഏതെല്ലാം കെ.എസ്.ഇ.ബി.എൽ. സെക്ഷനുകളിൽ നിന്നാണ് എസ്റ്റിമേറ്റ് നൽകിയത്;

(ബി) സംസ്ഥാന അതിർത്തി മുതൽ വടപുറം പാലം വരെ കെ.എസ്.ഇ.ബി.എൽ. പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. കണക്കാക്കിയ തുക എത്രയെന്നും പൊതുമരാമത്ത് അടവാക്കിയ തുക എത്രയെന്നും അടവാക്കിയ തീയതിയും അറിയിക്കാമോ;

(സി) തുക അടവാക്കിയിട്ടും ഏതൊക്കെ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാനുണ്ട്; എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ലായെന്നും നടപടി വേഗത്തിലാക്കി എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. വഴിക്കടവ്, എടക്കര, ചുങ്കത്തറ എന്നീ സെക്ഷനുകളിൽ നിന്നുമാണ് സംസ്ഥാന അതിർത്തി മുതൽ വടപുറം പാലംവരെയുള്ള ഭാഗത്തെ പാത നവീകരണത്തിന് പോസ്റ്റുകൾ മാറ്റിയിടുന്നതിനുള്ള എസ്റ്റിമേറ്റ് നൽകിയിട്ടുള്ളത്.

(ബി&സി) വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സെക്ഷൻ | സ്ഥലം | എസ്റ്റിമേറ്റ് തുക | പൊതുമരാമത്ത് വകുപ്പ് തുക അടച്ച തീയതി | പ്രവൃത്തികളുടെ പുരോഗതി |
|---|---|---|---|---|
| വഴിക്കടവ് | മുണ്ടവേങ്ങാപാടം ഭാഗം | 2,80,454 രൂപ | Rt No.101056 പ്രകാരം 31-5-2019-ന് അടച്ചു | പൂർത്തീകരിച്ചു. |
| വഴിക്കടവ് | ആനമറിമുണ്ട ഭാഗം | 16,79,351 രൂപ | Rt No.118485 പ്രകാരം 28-6-2019-ന് അടച്ചു | 51 എണ്ണം എച്ച്.ടി. പോസ്റ്റുകളും 83 എണ്ണം എൽ.റ്റി. പോസ്റ്റുകളും മാറ്റുവാനുള്ളതിൽ 16 എണ്ണം എച്ച്.ടി. പോസ്റ്റുകളും 22 എണ്ണം എൽ.റ്റി. പോസ്റ്റുകളും ഇതുവരെ മാറ്റിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| എടക്കര | പാമുണ്ട എടക്കര ഭാഗം | 17,45,126 രൂപ | Rt No. 10207477 പ്രകാരം 29-1-2019-ന് അടച്ചു | 63 എണ്ണംഎച്ച്.ടി. പോസ്റ്റുകളും 52 എണ്ണം എൽ.റ്റി. പോസ്റ്റുകളും മാറ്റുവാനുള്ളതിൽ 30 എണ്ണംഎച്ച്.ടി. പോസ്റ്റുകളും 25 എണ്ണം എൽ.റ്റി. പോസ്റ്റുകളും ഇതുവരെ മാറ്റിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| ചുങ്കത്തറ | ഇടമല വളവ് ഭാഗം | 2,90,966 രൂപ | അടച്ചിട്ടില്ല | തുക അടയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

തുക അടച്ച രണ്ടു സെക്ഷനുകളിലേയും പ്രവൃത്തികൾ നടന്നുവരുന്നു. മാറ്റി സ്ഥാപിക്കൽ നടത്തുമ്പോൾ നിലവിലുള്ള കെട്ടിടങ്ങളിൽനിന്നും വേണ്ടത്ര സുരക്ഷാ അകലം പാലിക്കാൻ സാധിക്കാത്തത് പലപ്പോഴും പ്രവൃത്തിയുടെ സുഗമമായ പുരോഗതിക്ക് തടസ്സമാകുന്നുണ്ട്. കൂടാതെ 2019-ലെ പ്രളയംമൂലവും പാത നവീകരണത്തിന്റെ ഭാഗമായി പോസ്റ്റ് മാറ്റൽ പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതക്കുറവുകൊണ്ടും തക്കസമയത്ത് പുരോഗതി കൈവരിക്കാൻ കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുള്ളതുകൊണ്ട് ഈ പ്രവൃത്തികൾ 2020 ഏപ്രിൽ 30-ന് മുൻപായി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**അപകടഭീഷണി ഉയർത്തുന്ന വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി**

225 (2211) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി ബി.എം & ബി.സി രീതിയിൽ വീതി വർദ്ധിപ്പിച്ച് നിർമ്മിച്ച ഒന്നാംകുറ്റി കുറ്റിപ്പുറം റോഡിൽ ആത്രുഡം ജംഗ്ഷന് സമീപം കെ.എസ്. ഇ.ബി.എൽ. വക രണ്ട് വൈദ്യുത പോസ്റ്റുകൾ റോഡിന്റെ വശങ്ങളിൽ നിന്നും ഏകദേശം 15 cm ഉള്ളിലേക്ക് നിൽക്കുന്നത് ഏറെ അപകടഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ ടി പോസ്റ്റുകൾ സുരക്ഷിതമായ രീതിയിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

കായംകുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി ബി.എം.&ബി.സി. രീതിയിൽ വീതി വർദ്ധിപ്പിച്ച് നിർമ്മിച്ച ഒന്നാംകുറ്റി കുറ്റിപ്പുറം റോഡിൽ ആത്രുഢം ജംഗ്ഷന് സമീപം നിൽക്കുന്ന KSEBL വക പോസ്റ്റുകൾ നിലവിൽ അപകട ഭീഷണി ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കായംകുളം മുൻസിപ്പാലിറ്റി, പോസ്റ്റ് മാറ്റുന്നതിനുള്ള പണം അടയ്ക്കുന്ന മുറയ്ക്ക് ടി പോസ്റ്റുകൾ റോഡിന്റെ വശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ വൈദ്യുതി ലൈനുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി**

226 (2212) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വൈദ്യുതി ലൈനുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും വിതരണ ശൃംഖല ആധുനികവൽക്കരിക്കാനും നടത്തുന്ന ദ്യുതി 2021-ൽ, 2018 മുതൽ 2022 വരെ നടപ്പിലാക്കാനായി എച്ച്.ടി. ശൃംഖല ശക്തിപ്പെടുത്തുന്നതിന് 1749 ലക്ഷം രൂപയുടെ പ്രവൃത്തികളും എൽ.ടി. വിതരണ ലൈനുകൾ മെച്ചപ്പെടുത്തുന്നതിന് 958 ലക്ഷം രൂപയുടെ പ്രവൃത്തികളും, കൂടാതെ ദ്യുതി പ്രവൃത്തികളും അപ്ഗ്രഡേഷൻ പ്രവൃത്തികളും ഉൾപ്പെടെ ആകെ 2859 ലക്ഷം രൂപയുടെ പ്രവൃത്തികൾ മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മാവേലിക്കര നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ LT/HT ലൈനുകളുടെ താഴെപ്പറയുന്ന പുനരുദ്ധാരണ/നിർമ്മാണ പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | യൂണിറ്റ് (കി.മീ.) | ചെലവായ തുക (രൂപയിൽ ) |
|---|---|---|
| എച്ച്.ടി. ഓവർഹെഡ് ലൈനിന്റെ നിർമ്മാണം | 35.632 | 1,14,95,772 |
| എച്ച്.ടി. ഭൂഗർഭ കേബിളിന്റെ നിർമ്മാണം | 3.93 | 67,69,879 |
| എൽ.ടി. ഓവർഹെഡ് ലൈനിന്റെ നിർമ്മാണം | 2.45 | 6,06,089 |
| എ.ബി.സി. ഉപയോഗിച്ച് എൽ.ടി. ലൈനിന്റെ നിർമ്മാണം | 0.2 | 1,78,831 |
| സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റിയ പ്രവൃത്തി | 38.56 | 1,10,52,196 |
| എച്ച്.ടി. ഓവർഹെഡ് ലൈൻ മാറ്റി എ.ബി.സി. ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി | 1.8 | 26,63,508 |
| എൽ.ടി. ലൈൻ റീ കണ്ടക്റ്ററിംഗ് | 162.796 | 69,52,368 |
| | ആകെ | 3,97,18,643 |

ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെട്ട ലൈനുകളുടെ അപ്ഗ്രഡേഷൻ ഉൾപ്പെടെയുള്ള ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

## കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുത മേഖലയിൽ ചെലവഴിച്ചിട്ടുള്ള തുക

227 (2213) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുത മേഖലയിൽ ചെലവഴിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഏതൊക്കെ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വൈദ്യുതി വിതരണ മേഖലയിൽ 1505.189 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ മഴുവന്നൂർ 33 കെ.വി. സബ് സ്റ്റേഷനിൽ 41 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ പ്രസരണ മേഖലയിൽ നടപ്പാക്കി.

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ താഴെ പറയുംപ്രകാരം ആകെ 56 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള പുത്തൻകുരിശ് സെക്ഷനുകീഴിൽ 4, കോലഞ്ചേരി സെക്ഷനുകീഴിൽ 2, തിരുവാണിയൂർ സെക്ഷനുകീഴിൽ 4, പെരുമ്പാവൂർ സർക്കിളിന് കീഴിലുള്ള പട്ടിമറ്റം സെക്ഷനിൽ 19, കിഴക്കമ്പലം സെക്ഷനിൽ 6, വാഴക്കുളം സെക്ഷനിൽ 20, വളയൻചിറങ്ങര സെക്ഷനിൽ 1 എന്ന കണക്കിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

## ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് മണ്ണന്തല ഗവ. പ്രസ്സിൽ നടത്തിയ പരിശോധന

228 (2214) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർക്കാർ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് മണ്ണന്തല ഗവ.പ്രസ്സിൽ നടപ്പു വർഷം നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ഹൈടെൻഷൻ സംവിധാനത്തിന്റെ ചുമതലയിലുള്ള സൂപ്പർവൈസറിയും, അല്ലാതെയുമുള്ള ഓരോ ജീവനക്കാരുടെയും പേരും യോഗ്യതയും വ്യക്തമാക്കാമോ?

ഉത്തരം

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഈ വർഷം ഗവൺമെന്റ് പ്രസ്സിൽ നടത്തിയ പരിശോധനയിൽ പ്രസ്സിന്റെ ചാർജ്ജുകാരനായി ഡിപ്ലോമയും ബി.ടെക്. യോഗ്യതയുമുള്ള ശ്രീ. കെ. ടി. തോമസും (അസിസ്റ്റന്റ് എഞ്ചിനീയർ), ഇലക്ട്രീഷ്യൻമാരായി ശ്രീ. ടോമി ജേക്കബ്, ഇലക്ട്രീഷ്യൻ ഫോർമാൻ (ഐ.ടി.ഐ.), ശ്രീ. രഘു, സീനിയർ ഗ്രേഡ് ഇലക്ട്രീഷ്യൻ (ഐ.ടി.ഐ.), ശ്രീ. സന്തോഷ് വൈ, ഫസ്റ്റ് ഗ്രേഡ് ഇലക്ട്രീഷ്യൻ (ബി.ടെക്.), ശ്രീ. സുനിൽ കുമാർ, സെക്കന്റ് ഗ്രേഡ് ഇലക്ട്രീഷ്യൻ (ഐ.ടി.ഐ) എന്നിവരെ നിയമിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടു.

**അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ**

229 (2215) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണസ്ഥാപനങ്ങൾ അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻ കീഴിലാണെന്ന് അറിയിക്കുമോ; ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സഹകരണ നിയമത്തിലെ റൂൾ 32 അനുസരിച്ച് അഡ്മിനിസ്ട്രേറ്ററുടെ പരമാവധി കാലാവധി രണ്ട് വർഷമാണെങ്കിലും പ്രസ്തുത കാലാവധി കഴിഞ്ഞിട്ടും അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണത്തിൻ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അഡ്മിനിസ്ട്രേറ്റർമാർ ഭരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തി ഭരണം കൈമാറാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള 883 സഹകരണ സ്ഥാപനങ്ങൾ അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻകീഴിൽ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം-എ ആയി ചേർക്കുന്നു.*

(ബി) സഹകരണ നിയമത്തിലെ വകുപ്പ് 32 അനുസരിച്ച് അഡ്മിനിസ്ട്രേറ്ററുടെ പരമാവധി കാലാവധി 2 വർഷമാണെങ്കിലും പ്രസ്തുത കാലാവധി കഴിഞ്ഞിട്ടും സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള 112 സഹകരണ സ്ഥാപനങ്ങൾ അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണത്തിൻകീഴിൽ പ്രവർത്തിച്ചുവരുന്നു. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം-ബി ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ചില സംഘങ്ങൾ പ്രവർത്തനരഹിതവും പുനരുദ്ധരിക്കാൻ സാധ്യമല്ലാത്തതും ചില സംഘങ്ങളിലെ മെമ്പർമാരുടെ താൽപ്പര്യമില്ലായ്മമൂലവും ചില സംഘങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച വിഷയം കോടതികളുടെ പരിഗണനയിലുള്ളതിനാലും ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുവാൻ കഴിയാത്തതുമാണ്.

ടൂർഫെഡിൽ തെരഞ്ഞെടുപ്പ് നടത്താൻ കഴിയാതെ വന്നിട്ടുള്ളത് പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധി താലൂക്കായി നിജപ്പെടുത്തി ചട്ടഭേദഗതി നിലവിൽ വന്ന സാഹചര്യത്തിൽ ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി സ്ഥാപനത്തിൽ ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തുന്നതാണ്. മറ്റ് സാധ്യമായ സംഘങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സഹകരണ ബാങ്കുകൾക്കുള്ള ആദായ നികുതി**

230 (2216) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കൗണ്ടുകളിൽ നിന്ന് ഒരു വർഷം ഒരു കോടി രൂപയ്ക്ക് മുകളിൽ പണം പിൻവലിക്കുന്നവരിൽ നിന്നും 2% ടി.ഡി.എസ്. പിടിക്കണമെന്ന് കേന്ദ്ര ആദായ നികുതി വകുപ്പ് സഹകരണ ബാങ്കുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ;

(ബി) സേവനം എന്ന നിലയിൽ സംസ്ഥാന സർക്കാരിന്റെ സാമൂഹിക ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്ന സഹകരണ ബാങ്കുകൾക്ക് കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ നടത്തേണ്ടതിനാൽ ഈ ഇടപാടുകൾക്ക് 2% നികുതി പിടിക്കേണ്ട സാഹചര്യം ഉണ്ടാകുമോ; വ്യക്തമാക്കുമോ;

(സി) കർഷകർ,കാർഷിക ഉല്പാദന സംഘങ്ങൾ, ഉല്പന്നങ്ങൾ വാങ്ങുന്ന സംഘങ്ങൾ എന്നിവർ ഉൾപ്പെടുന്ന കാർഷിക മേഖലയിലെ ഇടപാടുകൾക്കും ഇത്തരത്തിൽ നികുതി ഈടാക്കേണ്ടി വരുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ നിബന്ധന സഹകരണ ബാങ്കുകളെ മറ്റേതൊക്കെ വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ;

(ഇ) പുതിയ നിബന്ധനയിൽ നിന്നും കർണാടകത്തിലെ സഹകരണ ബാങ്കുകളെ ഒഴിവാക്കിയതുപോലെ കേരളത്തിലെ സഹകരണ ബാങ്കുകളെയും ഒഴിവാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേലുള്ള കേന്ദ്രത്തിന്റെ പ്രതികരണം എന്താണെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ആദായ നികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽനിന്നും പിൻവലിക്കുന്നവരിൽനിന്നും 2% ആദായ നികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നത് എന്ന നിലയിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ഉൾപ്പെടെയുള്ള എല്ലാ പണമിടപാടുകളിലും സംഘം, ഒരു കോടി രൂപയ്ക്ക് മുകളിൽ തുക പിൻവലിക്കുന്ന സാഹചര്യത്തിൽ 2 ശതമാനം റ്റി.ഡി.എസ്. പിടിക്കേണ്ട സാഹചര്യമുണ്ട്.

(സി) അംഗങ്ങളിൽനിന്നും വലിയ തുക നിക്ഷേപമായി സ്വീകരിച്ച് കാർഷിക കാർഷികേതര പ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും നിക്ഷേപങ്ങൾ പിൻവലിക്കുന്ന സാഹചര്യത്തിൽ റ്റി.ഡി.എസ്. ബാധകമാണ്.

(ഡി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ മിച്ചഫണ്ട് കേരള സംസ്ഥാന സഹകരണ ബാങ്കിലാണ് നിക്ഷേപിച്ചുവരുന്നത്. സംഘങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കായി ചിലപ്പോൾ ഒരു ദിവസംതന്നെ ഒരു കോടി രൂപയ്ക്ക് മുകളിൽ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും പിൻവലിക്കേണ്ടതായി വരും. ടി സാഹചര്യത്തിൽ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽനിന്നും പിൻവലിക്കുന്നവരിൽനിന്നും 2% റ്റി.ഡി.എസ്. ഈടാക്കാനുള്ള വ്യവസ്ഥ സംഘങ്ങളുടെ പ്രവർത്തന മൂലധനത്തെ സാരമായി ബാധിക്കുമെന്നത് ആശങ്കാവഹമായ സ്ഥിതിവിശേഷമാണ്.

(ഇ) ടി നിബന്ധനയിൽനിന്നും കർണ്ണാടകത്തിലെ സഹകരണ ബാങ്കുകളെ ഒഴിവാക്കിയതായി പത്രമാധ്യമങ്ങൾവഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർക്കപ്പെട്ട 194N എന്ന വകുപ്പിന്റെ പരിധിയിൽനിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11-10-2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് സംസ്ഥാന സഹകരണ വകുപ്പുമന്ത്രി നിവേദനം സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽനിന്നും ഇക്കാര്യത്തിൽ പ്രതികരണം ലഭിച്ചിട്ടില്ല.

**സാമ്പത്തിക സുസ്ഥിരതയ്ക്കായി സഹകരണ മേഖല നടത്തുന്ന പ്രവർത്തനം**

231 (2217) <u>ശ്രീ. സി. കൃഷ്ണൻ</u>:
<u>ശ്രീ. കെ. ബാബു</u>:
<u>ശ്രീ. കെ. ദാസൻ</u>:
<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരുടെ പ്രത്യേകിച്ച് നാട്ടിൻപുറങ്ങളിലെ പാവപ്പെട്ടവരുടെ സാമ്പത്തിക സുസ്ഥിരതയ്ക്ക് പ്രധാന പങ്ക് വഹിക്കുന്ന സഹകരണ രംഗത്തിന്റെ ശാക്തീകരണത്തിന് ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പാവപ്പെട്ടവർ ബ്ലേഡ് പലിശക്കാരുടെയും സ്വകാര്യ ധനകാര്യസ്ഥാപനങ്ങളുടെയും ചൂഷണത്തിന് ഇരയാകുന്നത് അവസാനിപ്പിക്കാൻ സഹകരണ പ്രസ്ഥാനം നടത്തുന്ന ഇടപെടലുകൾ എന്തെന്ന് അറിയിക്കാമോ ;

(സി) പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്ന നവകേരള നിർമ്മിതിയെന്ന പദ്ധതിയുടെ ഭാഗമായി സഹകരണ മേഖല നടത്തുന്ന പ്രവർത്തനം അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിക്കുവാനും നാട്ടിൻപുറങ്ങളിലെ പാവപ്പെട്ടവരിൽ സാമ്പത്തിക സുസ്ഥിരത കൊണ്ടുവരാനും സമൂഹത്തിലെ താഴെ തട്ടിലുള്ളവരെ ബ്ലേഡ് പലിശക്കാരിൽനിന്നും രക്ഷപ്പെടുത്തുക എന്നുള്ള ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കുകയുണ്ടായി.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളാക്കി മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽനിന്നും ആശ്വാസം നൽകുവാനുമായി ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി'.

വായ്പക്കാരന്റെ നിലവിലെ സാഹചര്യങ്ങൾ, സാമ്പത്തികസ്ഥിതി, തിരിച്ചടവ് ശേഷി എന്നിവ ഭരണസമിതി വിലയിരുത്തി തിരിച്ചടവ് സംബന്ധിച്ച് ഉചിതമായ തീരുമാനത്തിലെത്തുകയും വായ്പക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച് ധാരണയാകുകയും വേണം. ഈ ധാരണപ്രകാരം വായ്പ തിരിച്ചടവിന് വായ്പക്കാരന് അവസരം നൽകുന്നതാണ് എന്നത് ഈ പദ്ധതിയുടെ സവിശേഷതയാണ്. ഈ പദ്ധതിപ്രകാരം എല്ലാ വായ്പ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതും പലിശ കണക്കാക്കുന്നത് സാധാരണ പലിശയുമാണ്.

കേരളത്തിലെ സഹകരണ മേഖലയിലെ ഹ്രസ്വകാല വായ്പ ഘടന നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർക്രമീകരിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇതിലൂടെ ഒളിഞ്ഞിരിക്കുന്ന സേവന ചാർജ്ജുകൾ ഇല്ലാതെതന്നെ എല്ലാവിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാകുവാൻ വഴിതുറക്കും. ആധുനിക ബാങ്കിംഗ് സേവനങ്ങൾ ഗ്രാമീണ മേഖലയിൽ വ്യാപിക്കുവാൻ ഇതിലൂടെ സാധിക്കും.

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾവഴി കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത് നബാർഡിൽനിന്നും ലഭിക്കുന്ന റീഫിനാൻസിലൂടെയാണ്. റീഫിനാൻസ് ലഭിക്കുന്നതിനായി സർക്കാർ ഗ്യാരന്റി നിൽക്കേണ്ടതായിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 2016-17 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപയുടെയും 2018-19 വർഷത്തിൽ 500 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 1500 കോടി രൂപയുടെ ഗ്യാരന്റി അനുവദിച്ചിട്ടുണ്ട്.

പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽനിന്നും കാർഷിക വായ്പ എടുത്ത് കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുള്ള കർഷകർക്ക് സമാശ്വാസ തുക അനുവദിച്ചുനൽകുന്നതിനുവേണ്ടി കേരള സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ "കാർഷികോൽപ്പാദന സമാശ്വാസ പദ്ധതി (APCR)" നടപ്പിലാക്കിവന്നിരുന്നു. ഈ സർക്കാരിന്റെ കാലത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 7 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും ടി പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശരഹിത വായ്പയായി മാറ്റുന്നതിന് കേരള സംസ്ഥാന സർക്കാർ പദ്ധതിയേതര വിഹിതത്തിൽ "ഉത്തേജന പലിശയിളവ്" പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സർക്കാരിന്റെ കാലത്ത് 2016-17 സാമ്പത്തിക വർഷത്തിൽ 7 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് വീട്ടിൽ നേരിട്ട് എത്തിക്കുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി. പെൻഷൻ പദ്ധതി എന്നിവ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സംഘങ്ങൾവഴി നടപ്പിലാക്കി വരുന്നു.

സഹകരണ സംഘങ്ങളുടെ/സ്ഥാപനങ്ങളുടെ വികസനത്തിനായി 2016-17, 2017-18, 2018-19, 2019-20 ആകെ 597.5170 കോടി രൂപ സംസ്ഥാന പദ്ധതി വഴിയും 246.4518 കോടി രൂപ എൻ.സി.ഡി.സി. പദ്ധതി വഴിയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് "മുറ്റത്തെമുല്ല" ഗ്രാമീണലഘു വായ്പാ പദ്ധതി. പദ്ധതി പ്രകാരം 1,000 രൂപ മുതൽ 50,000 രൂപവരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽനിന്നും 12 ശതമാനം പലിശ (നൂറു രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷംകൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1120 രൂപ തിരിച്ചടയ്ക്കണം. വായ്പ നൽകാൻ ആവശ്യമായ സംഖ്യ, ഒരു യൂണിറ്റിന് പരമാവധി 20,00,000 രൂപവരെ 9 ശതമാനം പലിശ നിരക്കിൽ സംഘം

കുടുംബശ്രീ യൂണിറ്റുകൾക്ക് ക്യാഷ് ക്രെഡിറ്റ് വായ്പയായി നൽകാൻ ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി പദ്ധതി ആദ്യമായി പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കുകയും ആയത് വൻ വിജയമായതിനെത്തുടർന്ന് നിലവിൽ എല്ലാ ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിച്ച് വിജയകരമായി നടപ്പിലാക്കി വരികയും ചെയ്യുന്നു.

(സി) സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും, സ്വത്തുക്കളും, ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പംചേർന്ന് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് Care Kerala (Co-Operative Alliance to Rebuild Kerala). കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെട്ടതാണ് കെയർ കേരള പദ്ധതി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. പ്രളയ ദുരന്തത്തെത്തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള ഭവന നിർമ്മാണ പദ്ധതിയാണ് കെയർഹോം പദ്ധതി. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2086 വീടുകളാണ് നിർമ്മിച്ചുനൽകുന്നത്. സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾക്കൊള്ളിച്ചുള്ള നിർമ്മാണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ നിന്നുള്ള തുക ഉൾപ്പെടെ ആകെ 5 ലക്ഷം രൂപയാണ് വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്. 2020 ഫെബ്രുവരി 26 വരെ സംസ്ഥാനത്തൊട്ടാകെ 1960 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണം ആസൂത്രണം ചെയ്തുവരികയാണ്. കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് വിവിധതരം വായ്പ നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കെയർ ലോൺ. ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 7-9-2018-ലെ സ.ഉ. (കൈ)326/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച് റീസർജ്ജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 46/2018 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ

സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജ്ജന്റ് കേരള ലോൺ സ്കീം നടപ്പിലാക്കുന്നത്. ഈ പദ്ധതി അനുസരിച്ച് ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനമായ 10,000 രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപവരെ ബാങ്ക് വായ്പ കുടുംബശ്രീ, അയൽക്കൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. ബാങ്കുകൾ 9 ശതമാനം പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടത്. വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതാണ്.

പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് കെയർ ഗ്രേസ് (CARe Grace). കെയർ ഹോം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ച് നൽകിയശേഷം അവരുടെ കുടുംബത്തിനാവശ്യമായ തുടർക്ഷേമ പ്രവർത്തനങ്ങൾ കെയർഗ്രേസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആരോഗ്യ കാർഡ്, പ്രഥമ ശുശ്രൂഷ കിറ്റ്, ഡിസാസ്റ്റർ മാനേജ്മെന്റ് കൈപുസ്തകം, പ്രധാനപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനുള്ള ഫയൽ ബോർഡുകൾ തുടങ്ങിയവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെയർ ഹോം പദ്ധതിപ്രകാരം കോതമംഗലം മണ്ഡലത്തിലെ വീടുകൾ**

232 (2218) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതി പ്രകാരം വിവിധ സഹകരണ സംഘങ്ങൾ വഴി കോതമംഗലം മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നല്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഭവനങ്ങൾ പൂർത്തീകരിച്ചു എന്നും ഓരോ ഭവനത്തിന്റെയും നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) പൂർത്തീകരിച്ചിട്ടില്ലാത്ത ഭവനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽ നാല് വീടുകൾ അനുവദിച്ചിരുന്നു.

(ബി&സി) അനുവദിച്ച 4 വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

**മുറ്റത്തെ മുല്ല പദ്ധതി**

233 (2219) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന മുറ്റത്തെ മുല്ല പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ പ്രസ്തുത പദ്ധതി വഴി എത്ര രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്ന് രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘുവായ്പ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഈ പദ്ധതി പ്രകാരം 1,000 രൂപ മുതൽ 50,000 രൂപവരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽനിന്നും 12% പലിശ (നൂറു രൂപയ്ക്ക് പ്രതിമാസം ഒരു രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷംകൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1,120 രൂപ തിരിച്ചടയ്ക്കണം. വായ്പ നൽകാൻ ആവശ്യമായ സംഖ്യ, ഒരു യൂണിറ്റിന് പരമാവധി 20 ലക്ഷം രൂപവരെ 9 ശതമാനം പലിശ നിരക്കിൽ സംഘം

കുടുംബശ്രീ യൂണിറ്റുകൾക്ക് ക്യാഷ് ക്രെഡിറ്റ് വായ്പയായി നൽകാൻ ടി പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി പദ്ധതി ആദ്യമായി പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കുകയും ആയത് വൻ വിജയമായതിനെത്തുടർന്ന് നിലവിൽ എല്ലാ ജില്ലകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിച്ച് വിജയകരമായി നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്.

(ബി) കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ പ്രസ്തുത പദ്ധതിവഴി 4,847,195,890 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

### സഹകരണ ബാങ്കുകൾക്ക് ആദായ നികുതി വകുപ്പിന്റെ മുന്നറിയിപ്പ്

234 (2220) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും ഒരു കോടി രൂപയ്ക്ക് മുകളിൽ പണം പിൻവലിച്ചവരിൽ നിന്നും രണ്ടു ശതമാനം നികുതി ഈടാക്കണമെന്ന ആദായ നികുതി വകുപ്പിന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കുകളുടെ അടിത്തറയിളക്കുന്ന ആദായ നികുതി വകുപ്പിന്റെ പ്രസ്തുത നടപടി സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്നാണ് കരുതുന്നത്;

(സി) സഹകരണ മേഖലയെ തകർക്കുന്ന ആദായ നികുതി വകുപ്പിന്റെ പ്രസ്തുത തീരുമാനം പിൻവലിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന സർക്കാർ തയ്യാറാവുമോ; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ മിച്ചഫണ്ട് കേരള സംസ്ഥാന സഹകരണ ബാങ്കിലാണ് നിക്ഷേപിച്ചുവരുന്നത്. സംഘങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കായി ചിലപ്പോൾ ഒരു ദിവസംതന്നെ ഒരു കോടി രൂപയ്ക്ക് മുകളിൽ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും പിൻവലിക്കേണ്ടതായി വരും. ടി സാഹചര്യത്തിൽ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽനിന്നും പിൻവലിക്കുന്നവരിൽനിന്നും 2% റ്റി.ഡി.എസ്; ഈടാക്കാനുള്ള വ്യവസ്ഥ സംഘങ്ങളുടെ പ്രവർത്തന മൂലധനത്തെ സാരമായി ബാധിക്കുമെന്നത് ആശങ്കാവഹമായ സ്ഥിതിവിശേഷമാണ്.

(സി) കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയലധികം രൂപ ബാങ്കുകളിൽനിന്നും പിൻവലിക്കുന്നവരിൽനിന്നും 2% റ്റി.ഡി.എസ്. ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ ബാങ്കുകൾ ബാങ്കിംഗ് ബിസിനസ്സല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 3-10-2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ടി നിയമഭേദഗതിയ്ക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ടെന്ന് തീരുമാനിക്കുകയും ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽനിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11-10-2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് സംസ്ഥാന സഹകരണ വകുപ്പുമന്ത്രി നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**കേരള ബാങ്കിന്റെ സാമ്പത്തിക സ്ഥിതി**

235 (2221) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് മാനദണ്ഡമനുസരിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ കേരള ബാങ്കിന്റെ മൊത്തം നഷ്ടം 1253.11 കോടി രൂപയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) റിസർവ് ബാങ്കിന്റെ അന്തിമ അനുമതി ലഭിക്കാൻ ഈ തുക അടയ്ക്കണമെന്ന് നബാർഡ് നിർബന്ധിച്ചാൽ സർക്കാർ ഈ തുക അടക്കേണ്ടി വരുമോയെന്ന് വ്യക്തമാക്കുമോ;

(സി) നേരത്തെ നഷ്ടത്തിലായിരുന്ന സംസ്ഥാന സഹകരണ ബാങ്കിനെ ലാഭത്തിലാക്കിയത് വിവിധ അപ്പക്സ് സംഘങ്ങളുടെ വായ്പ സർക്കാർ ഏറ്റെടുത്തുകൊണ്ടായിരുന്നോ; എങ്കിൽ ഇതിനായി 306.47 കോടി രൂപ 2018 ഡിസംബർ 31-ന് സർക്കാർ അനുവദിച്ചിട്ടുണ്ടോ;

(ഡി) സർക്കാരിന്റെ സ്വപ്ന പദ്ധതിയായ കേരള ബാങ്ക് തുടങ്ങും മുൻപ് തന്നെ ഇത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യതയായി മാറുന്ന സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഇല്ല. നബാർഡ് അപ്രകാരം ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ചില അപക്സ് സംഘങ്ങളുടെ NPA വായ്പ OTS-ലൂടെ settle ചെയ്യാൻ 306.47 കോടി രൂപ അനുവദിച്ചിരുന്നു. ടി തുക സംഘങ്ങൾക്കും federation-നും ഗവൺമെന്റ് നൽകിയ വായ്പയായി കണക്കാക്കി തിരിച്ചുപിടിക്കുന്നതിനുള്ള ക്രമീകരണവും നടത്തിയിട്ടുണ്ട്.

(ഡി) ഇല്ല.

**കേരള ബാങ്ക് ഭരണസമിതി**

236 (2222) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്കിന്റെ ഭരണസമിതി എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ; ഇടക്കാല ഭരണസമിതി ഉണ്ടോ; എങ്കിൽ അതിന്റെ ഘടന അറിയിക്കുമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകളുടെ അറ്റമൂല്യം കണക്കാക്കി പ്രാഥമിക സംഘങ്ങൾക്ക് കേരളാ ബാങ്കിൽ ഓഹരി അവകാശം നല്കണമെന്ന റിസർവ് ബാങ്ക് വ്യവസ്ഥ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേരളാ ബാങ്കിന് ഏകീകൃത സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ഡി) കേരളാ ബാങ്കിന്റെ മൂലധനപര്യാപ്തത (സി.എ.ആർ.) സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള ബാങ്കിന്റെ ഭരണസമിതിയിൽ 21 അംഗങ്ങൾ ഉണ്ടായിരിക്കും. അതിൽ 15 അംഗങ്ങളെ ബാങ്കിന്റെ 'A' ക്ലാസ് അംഗങ്ങൾ തെരഞ്ഞെടുക്കുന്നു. ഭരണസമിതി അംഗങ്ങളുടെ ഘടന ചുവടെ ചേർക്കുന്നു:

(a) ഓരോ ജില്ലയിൽനിന്നും 'A' ക്ലാസ് അംഗങ്ങൾ തെരഞ്ഞെടുക്കുന്ന 14 PACS പ്രതിനിധികൾ.

(i) പൊതുവിഭാഗം - 10 അംഗങ്ങൾ

(ii) വനിത (സംവരണം) - 3 അംഗങ്ങൾ

(iii) SC/ST (സംവരണം) - 1 അംഗം

(b) ലൈസൻസ്ഡ് അർബൻ ബാങ്കുകളെ ('A' ക്ലാസ് അംഗം) പ്രതിനിധീകരിച്ച് ഒരു അംഗം.

(c) സർക്കാർ നാമനിർദ്ദേശം ചെയ്ത രണ്ട് സ്വതന്ത്ര പ്രൊഫഷണൽ ഡയറക്ടർമാർ.

(d) നാല് എക്സ് ഒഫീഷ്യോ അംഗങ്ങൾ.

| | |
|---|---|
| (i) | ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ് |
| (ii) | സഹകരണ സംഘം രജിസ്ട്രാർ |
| (iii) | ചീഫ് ജനറൽ മാനേജർ, നബാർഡ് റീജിയണൽ ഓഫീസ്, കേരള |
| (iv) | കേരള സംസ്ഥാന സഹകരണ ബാങ്ക് എം.ഡി/CEO |

(e) 21 അംഗങ്ങൾക്ക് പുറമെ സംസ്ഥാനത്തെ അപക്സ് സഹകരണ ഫെഡറേഷനുകളിൽനിന്ന് റൊട്ടേഷൻ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നോൺ ക്രെഡിറ്റ് സൊസൈറ്റികളെ പ്രതിനിധീകരിക്കാൻ ഡയറക്ടർ ബോർഡ് ക്ഷണിക്കുന്ന ഒരു അംഗം. അത്തരം ക്ഷണിതാവിന് വോട്ടവകാശം ഉണ്ടായിരിക്കില്ല.

ബാങ്കിൽ നിലവിൽ ഇടക്കാല ഭരണ സമിതിയാണ് ഭരണം നടത്തുന്നത്. ഇടക്കാല ഭരണസമിതിയിൽ സഹകരണ വകുപ്പ് സെക്രട്ടറി (ചെയർ പേഴ്സൺ), പ്രിൻസിപ്പൽ സെക്രട്ടറി (ഫിനാൻസ് ഡിപ്പാർട്ട്മെന്റ്) സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളാണ്.

(ബി) RBI-യുടെ നിർദ്ദേശങ്ങൾ ബാങ്കിന്റെ പരിശോധനയിലാണ്.

(സി) ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

കേരള ബാങ്കിന് ടെക്നിക്കൽ പ്ലാറ്റ്ഫോം ഒരുക്കുന്നതിന്റെ ഭാഗമായി Selection of CBS, Allied Solution and Setting up of DC/DR/NDR, ATM Switch Services for proposed Kerala Bank under OPEX Model, Selection of Network Integrator for Managing, Designing and Monitoring of enterprises wide area network എന്നിങ്ങനെ മൂന്ന് ടെണ്ടറുകൾ വിളിക്കുകയുണ്ടായി.

ടെണ്ടറിന്റെ വിശദവിവരങ്ങൾ താഴെ രേഖപ്പെടുത്തിയിരിക്കുന്നു:

| Sl. No. | Tender Name | Open Date | Closed Date |
|---|---|---|---|
| 1. | Selection of CBS, Allied Solution and setting up of DC/DR/NDR for proposed Kerala Bank | 1-3-2019 | 22-7-2019 |
| 2. | ATM switch services for proposed Kerala Bank under OPEX model | 2-3-2019 | 22-7-2019 |
| 3. | Selection of Network Integrator for Managing, Designing and Monitoring of Enterprise wide area Network (EWAN) | 2-3-2019 | 22-7-2019 |

ഇതിൽ CBS ടെണ്ടറിനും, ATM Switching ടെണ്ടറിനും നാല് ക്വട്ടേഷൻവീതം ലഭിക്കുകയും ചെയ്തു. Network Integrator-ന് ഒരു ക്വട്ടേഷൻ മാത്രം ലഭിച്ചതിനാൽ അത് റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. CBS, RFP, Pre-qualification evaluation പൂർത്തീകരിക്കുകയും അതിൽ രണ്ട് vendor-മാർ അടുത്ത ഘട്ടമായ technical evaluation-ലേയ്ക്ക് യോഗ്യത നേടി. ഇതിന്റെ technical evaluation നടപടികൾ അന്തിമഘട്ടത്തിലാണ്. ATM switch-ന്റെ pre-qualification evaluation നടന്നുകൊണ്ടിരിക്കുന്നു.

(ഡി) കേരള ബാങ്ക് രൂപീകരിച്ചുകൊണ്ടുള്ള 29-11-2019-ലെ സഹകരണ സംഘം രജിസ്ട്രാറുടെ ലയന ഉത്തരവിനെത്തുടർന്ന് ടി തീയതിയിലെ സഹകരണ ആഡിറ്റ് പൂർത്തിയായിട്ടില്ല. ആയതിനുശേഷം മാത്രമേ കേരള ബാങ്കിന്റെ മൂലധനപര്യാപ്തത സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ.

**മലപ്പുറം ജില്ലയിൽ കേരള ബാങ്കിന്റെ ശാഖകൾ**

237 (2223) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ സഹകരണ ബാങ്ക് നിർദ്ദിഷ്ട കേരള ബാങ്കിൽ ലയിക്കാത്തത് കാരണം കേരള ബാങ്കിന്റെ നേരിട്ടുള്ള ശാഖകൾ മലപ്പുറം ജില്ലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ;

(ബി) നിലവിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ബ്രാഞ്ചുകൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ കൂടുതൽ ശാഖകൾ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്കിന് മലപ്പുറം ശാഖ നിലവിൽ പ്രവർത്തിച്ചുവരുന്നു.

**കേരള ബാങ്കിലെ ജില്ലാ ബാങ്കുകൾ**

238 (2224) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളബാങ്കിൽ എത്ര ജില്ലാ ബാങ്കുകൾ ആണ് സംയോജിപ്പിച്ചിട്ടുള്ളത്; മാറിനിൽക്കുന്ന ബാങ്കുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) ജില്ലാ ബാങ്കുകൾ അത്തരത്തിൽ മാറിനിൽക്കുന്നത് കേരള ബാങ്ക് എന്ന പൊതുകാഴ്ചപ്പാടിനെ ബാധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് പുതിയ ബാങ്ക് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും കേരള ബാങ്കിലൂടെ 14 ജില്ലകളിലെ ഇടപാടുകാർക്കും ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഇതിൽനിന്നും മാറിനിൽക്കുന്നത് കേരള ബാങ്ക് എന്ന പൊതുകാഴ്ചപ്പാടിന് വിരുദ്ധമാണ്.

**സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട്**

239 (2225) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ റിസ്ക് ഫണ്ട് ആരംഭിക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് ധാരാളം അപേക്ഷകൾ ലഭിച്ചിട്ടും ഇതിൽ തീരുമാനമെടുക്കാതെ അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടിയന്തരമായി പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ നിയമാവലി വ്യവസ്ഥകൾ പ്രകാരവും, സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ അനുസരിച്ചും സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന് വിവിധ സഹകരണ സംഘങ്ങളിൽനിന്നും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് ലഭ്യമായിട്ടുള്ള അപേക്ഷകളിൽ ചില ജില്ലകളിൽ തീരുമാനമെടുക്കുന്നതിനായി കുടിശ്ശികയുണ്ട്.

(സി) റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസമൊഴിവാക്കി ആനുകൂല്യം അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അപേക്ഷകന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിന് സർക്കാർ സ്ഥാപനമായ സി-ഡിറ്റ്-മായി പ്രാരംഭ കത്തിടപാടുകൾ നടത്തിവരുന്നുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്കും, ബോർഡ് ജീവനക്കാരുടെ കുറവ് പരിഹരിക്കുന്ന മുറയ്ക്കും അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പ് കൽപ്പിക്കുന്നതാണ്. അതാത് സംഘം/ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ച് വരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യം അനുവദിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്.

**സഹകരണ ബാങ്കുകളെ കാര്യക്ഷമമാക്കുന്നതിന് നടപടി**

240 (2226) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളെ കാര്യക്ഷമമാക്കാനും ആയതുവഴി ബാങ്കുകളുടെ സാമ്പത്തിക ശക്തി വർദ്ധിപ്പിക്കാനുമായി സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ബി) സഹകരണ മേഖലയിലെ ആകെ സ്ഥിരം ജീവനക്കാർ, താല്ക്കാലിക ജീവനക്കാർ, ഡെപ്പോസിറ്റ് കലക്ടേഴ്സ് എന്നിവരുടെ എണ്ണം എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവരുടെ ക്ഷേമം ഉറപ്പാക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ ബാങ്കുകളെ കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി നിക്ഷേപ സമാഹരണയജ്ഞവും, വായ്പാ കുടിശ്ശിക കുറച്ചുകൊണ്ട് വരുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ മേഖലയിൽ നവീന ആശയങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ, സഹകരണ സംഘങ്ങളിൽ വൈവിദ്ധ്യവൽക്കരണം നടത്തുന്നതിനുള്ള പദ്ധതികൾ, ദുർബല സംഘങ്ങൾക്കുള്ള പദ്ധതികൾ, സംഘം പുനരുദ്ധാരണ പദ്ധതികൾ എന്നിവയ്ക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായങ്ങൾ ഓരോ വർഷവും നൽകി വരുന്നു. കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പതിമൂന്ന് ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുകയും അതുവഴി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ സഹകരണ മേഖലയിൽ അതിവേഗത്തിൽ നടപ്പിലാക്കുന്നതുമാണ്.

(ബി) സഹകരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സഹകരണ മേഖലയിലെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| സ്ഥിരം ജീവനക്കാർ | - 45437 |
| താൽക്കാലിക ജീവനക്കാർ | - 6779 |
| കളക്ഷൻ ഏജന്റ് | - 9268 |
| ആകെ ജീവനക്കാർ | - 61484 |

(സി) സഹകരണ ക്ഷേമനിധി ബോർഡ് മുഖേന സ്വരൂപിക്കുന്ന വെൽഫെയർ ഫണ്ട് ഉപയോഗിച്ച് ചികിത്സാ സഹായം, പഠന പ്രോത്സാഹന സഹായം, വിവാഹ ധനസഹായം ഉൾപ്പെടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ജീവനക്കാർക്കായി രൂപീകരിച്ച സഹകരണ പെൻഷൻ ബോർഡ്വഴി സ്വാശ്രയ പെൻഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കുറഞ്ഞ പലിശനിരക്കിൽ ഭവന വായ്പകളും, ഓവർഡ്രാഫ്റ്റും അനുവദിച്ച് നൽകിയിട്ടുണ്ട്.

കാലാകാലങ്ങളിലായി ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികളും, ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. ജീവനക്കാരെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം എന്നീ പദ്ധതികളിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്.

**അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്കിന്റെ കെട്ടിട നിർമ്മാണം**

241 (2227) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ അങ്ങാടിപ്പുറത്ത് പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ബാങ്കിന്റെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പ്രസ്തുത ബാങ്കും വകുപ്പും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) കെട്ടിട നിർമ്മാണത്തിന്റെ ആവശ്യകത സംബന്ധിച്ച് എം.എൽ.എ. അടക്കമുള്ളവർ നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) കെട്ടിട നിർമ്മാണത്തിനുള്ള അനുമതി അടിയന്തരമായി നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിൽ അങ്ങാടിപ്പുറത്ത് പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ബാങ്കിന്റെ കെട്ടിടം പണി ആരംഭിച്ചിട്ടില്ല.

(ബി) ബാങ്ക് ഭരണസമിതി എസ്റ്റിമേറ്റ് അംഗീകരിച്ച് 6-1-2020-ന് അനുമതിക്കായി അപേക്ഷ മലപ്പുറം ജോയിന്റ് രജിസ്ട്രാർ(ജനറൽ)-ന് സമർപ്പിച്ചിട്ടുണ്ട്.

(സി) ഈ വിഷയം സംബന്ധിച്ച ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ടി. എ. അഹമ്മദ് കബീർ നൽകിയ നിവേദനം 6-3-2020-ന് മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ലഭിച്ചിട്ടുണ്ട്.

(ഡി) പരിശോധിച്ച് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റിസ്ക് ഫണ്ട് മുഖേനയുള്ള ധനസഹായം**

242 (2228) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ എത്ര സഹകരണ സ്ഥാപനങ്ങളിൽ നിന്നും റിസ്ക് ഫണ്ട് മുഖേനയുള്ള ധനസഹായം ഈ സർക്കാർ നിലവിൽ വന്നശേഷം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വർക്കല മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽ റിസ്ക് ഫണ്ട് മുഖേനയുള്ള ധനസഹായത്തിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിന് സ്വീകരിച്ച നടപടികളെന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല നിയോജക മണ്ഡലത്തിലെ 9 സഹകരണബാങ്ക്/സംഘത്തിലെ 97 അപേക്ഷകളിലായി 89,30,842 രൂപ റിസ്ക്ഫണ്ട് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല നിയോജകമണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽനിന്നും റിസ്ക് ഫണ്ട് ധനസഹായത്തിനായി ലഭിച്ച അപേക്ഷകളുടെയും ആയതിന്മേൽ സ്വീകരിച്ച നടപടികളും ബാങ്ക്/സംഘം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

**ശുശ്രൂഷ ലാബിലെ ബയോകെമിസ്ട്രി അനലൈസർ മാറ്റി സ്ഥാപിക്കാൻ നടപടി**

243 (2229) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന്റെ കീഴിലുള്ള ശുശ്രൂഷ ലാബിലെ ബയോകെമിസ്ട്രി അനലൈസർ തകരാറിലായതിനാൽ ലാബ് പരിശോധനകൾ മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടേക്കായി ഒരു പുതിയ ബയോകെമിസ്ട്രി അനലൈസർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) കായംകുളം നഗരസഭ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന്റെ കീഴിലുള്ള ശുശ്രൂഷ ലാബിൽ പുതിയ ബയോകെമിസ്ട്രി അനലൈസർ സ്ഥാപിക്കണമെന്ന ആവശ്യം പരിശോധിക്കാവുന്നതാണ്.

## കൺസ്യൂമർഫെഡിന്റെ ലാഭം

244 (2230) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർ ഫെഡ് എത്ര കോടി രൂപയുടെ ലാഭമാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

203.79 കോടി രൂപയാണ് ആഡിറ്റിന് വിധേയമായ ലാഭമായി കണക്കാക്കിയിട്ടുള്ളത്.

## നെടുമങ്ങാട് മണ്ഡലത്തിലെ കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ

245 (2231) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കൺസ്യൂമർഫെഡിന്റെ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

3 (മൂന്ന്)

1. ത്രിവേണി സൂപ്പർ മാർക്കറ്റ്, നെടുമങ്ങാട്, പ്രദീപ് കൃഷ്ണ ഹൈറ്റ്സ്, ടൗൺ എൽ.പി. സ്കൂളിന് എതിർവശം, നെടുമങ്ങാട്, തിരുവനന്തപുരം. ഫോൺ- 0471 2813960
2. ത്രിവേണി സൂപ്പർ മാർക്കറ്റ്, പിരപ്പൻകോട്, പി.ജി.എം. ബിൽഡിംഗ്, ശ്രീകൃഷ്ണ ക്ഷേത്രത്തിനുസമീപം, പിരപ്പൻകോട്, തിരുവനന്തപുരം. ഫോൺ-0472 2582212
3. നെടുമങ്ങാട് മൊബൈൽ ത്രിവേണി വാഹനം.

## കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം

246 (2232) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ ദൈനംദിന പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; ഇതുമൂലം കൺസ്യൂമർ ഫെഡിന് ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ ലാഭക്ഷമതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ നിർത്തലാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പർച്ചേയ്സ് കമ്മിറ്റികളുടെ പ്രവർത്തനം ജനകീയവും സുതാര്യവുമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ഇതുമൂലം കൺസ്യൂമർ ഫെഡിനെ ലാഭകരമാക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൂടുതലായി നീതി സ്റ്റോറും നീതി മെഡിക്കൽ സ്റ്റോറും ആരംഭിച്ചിട്ടുണ്ടോയെന്നും കഴിഞ്ഞ വർഷം എത്ര സ്ഥാപനങ്ങളാണ് പുതുതായി ആരംഭിച്ചതെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. കൺസ്യൂമർഫെഡിന്റെ ദൈനംദിന പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഫെഡറേഷൻ ഹെഡ് ആഫീസിൽ വിവിധ സെക്ഷനുകളിലായി റീജിയണൽ ആഫീസുകൾ, വിദേശ മദ്യ ഷോപ്പുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, നോട്ട് ബുക്ക് സ്റ്റേഷനറി ഡിവിഷൻ, നീതി ഗ്യാസ് പ്ലാന്റ്, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി, ശുശ്രൂഷ ക്ലിനിക്കൽ ലബോറട്ടറി എന്നിവയുടെ മേൽനോട്ടം വഹിക്കുന്നതിന് ഓരോ മാനേജർമാരെ നിയമിച്ചിട്ടുണ്ട്.

ഇതിനുപുറമെ സംസ്ഥാനത്തെ പതിനൊന്ന് റീജിയണുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് റീജിയണൽ ആഫീസും റീജിയണൽ മാനേജർമാരും പ്രവർത്തിച്ചുവരുന്നു. ത്രിവേണി ഉൾപ്പെടെയുള്ള യൂണിറ്റുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും വ്യാപാര പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് ഓരോ റീജിയണൽ ആഫീസുകളിലും ഓപ്പറേഷൻ

മാനേജർ/മാർക്കറ്റിംഗ് മാനേജർമാരെ നിയമിച്ചിട്ടുണ്ട്. ഫെഡറേഷന്റെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിതരണക്കാരിൽനിന്നും സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി നേരിട്ട് ചർച്ച നടത്തി സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. റീജിയണുകളിലെ ത്രിവേണികളിൽ വിൽക്കുന്നതിനാവശ്യമായ ലോക്കൽ പർച്ചേസിനായി റീജിയണൽ പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മെഡിക്കൽ വിഭാഗത്തിലുള്ള പർച്ചേസിനായി പ്രത്യേക സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷനിൽനിന്നുമാണ് വിദേശമദ്യം പർച്ചേസ് ചെയ്യുന്നത്. ഇത്തരത്തിൽ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാര്യക്ഷമമായ പ്രവർത്തനം നടപ്പിൽവരുത്തിയിട്ടുള്ളതിനോടൊപ്പം പരിശോധനയ്ക്കായി ആഭ്യന്തര വിജിലൻസ് സംവിധാനവും പരിശോധനാ വിഭാഗവും മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഭരണസമിതി, അക്കൗണ്ട്സ് കമ്മിറ്റി, ബിസിനസ്സ് കമ്മിറ്റി, ഡിസിപ്ലിനറി ആക്ഷൻ കമ്മിറ്റി, സബ് കമ്മിറ്റി എന്നിവയും പ്രവർത്തിക്കുന്നു. പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിനായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന യൂണിറ്റുകൾ അടച്ചുപൂട്ടി അധികമായുള്ള ജീവനക്കാരെ പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ വിവരിച്ച പ്രകാരമുള്ള മാർഗ്ഗങ്ങളിലൂടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാധിച്ചതിലൂടെ നഷ്ടത്തിലായിരുന്ന ഫെഡറേഷനെ പ്രവർത്തന ലാഭത്തിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) കൺസ്യൂമർ ഫെഡറേഷന്റെ വ്യാപാര വിഭാഗങ്ങൾ താഴെ പറയും പ്രകാരമാണ്:-

1. ത്രിവേണി
2. നീതി മെഡിക്കൽ
3. നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ്
4. ത്രിവേണി നോട്ട് ബുക്ക്
5. ത്രിവേണി സ്റ്റേഷനറി സെന്ററുകൾ
6. വിദേശമദ്യ ബിയർ വ്യാപാരം
7. ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി
8. ശുശ്രൂഷ ഹൈടെക്ക് ക്ലിനിക്കൽ ലാബ്.

മേൽ പരാമർശിച്ച വ്യാപാര വിഭാഗങ്ങളിൽ ത്രിവേണി വിഭാഗവും, ശുശ്രൂഷ ഹൈടെക്ക് ക്ലിനിക്കൽ ലാബും ഒഴികെ ബാക്കി വിഭാഗങ്ങളെല്ലാം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവ നിർത്തലാക്കുന്നതിന്റെ ഭാഗമായി ലാഭത്തിലാക്കാൻ കഴിയാത്ത 707 നന്മ സ്റ്റോറുകൾ, 54 ത്രിവേണികൾ, 32 മൊബൈൽ ത്രിവേണികൾ, 8 നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ നിർത്തലാക്കി. പ്രയോജനപ്രദമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഫെഡറേഷന്റെ കണ്ടെത്തിയ 32 ഗോഡൗണുകൾ നിർത്തലാക്കി. എന്നാൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ ത്രിവേണികൾ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പർച്ചേസ് കമ്മിറ്റികളുടെ പ്രവർത്തനം ജനകീയവും സുതാര്യവും ആക്കുന്നതിനായി ഹെഡ് ആഫീസ് കേന്ദ്രീകരിച്ച് മാനേജിംഗ് ഡയറക്ടർ, ഫിനാൻസ് ആഫീസർ എന്നിവർ ഉൾപ്പെടുന്ന 11 അംഗ സെൻട്രൽ പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രാദേശികമായി പ്രചാരത്തിലുള്ള ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനായി റീജിയണലുകളിൽ അതത് റീജിയണൽ പർച്ചേസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിൽപ്പനയ്ക്കാവശ്യമായ വിവിധതരം ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനായി സെൻട്രൽ പർച്ചേസ് കമ്മിറ്റി രണ്ട് പ്രമുഖ ദിനപത്രങ്ങളിലും നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും ഇ-മെയിൽ മുഖേനയും 7 ദിവസം മുൻപായി പരസ്യം നൽകുന്നു. www.tenderwizard.com എന്ന വെബ്സൈറ്റ് മുഖേന ക്വട്ടേഷൻ സ്വീകരിക്കുന്നു. ഇപ്രകാരം സ്വീകരിക്കുന്ന ക്വട്ടേഷൻ ഓപ്പൺ ചെയ്തശേഷം തൊട്ടടുത്ത ദിവസം സാമ്പിൾ ശേഖരിക്കുന്നു. കൺസ്യൂമർ ഫെഡിന്റെ മാർക്കറ്റിംഗ് വിഭാഗം 11 റീജിയണലുകളിലെ പൊതു മാർക്കറ്റുകളിൽനിന്നും ശേഖരിച്ച വിലയും, ദിനപത്രങ്ങളിൽ കാണുന്ന വിലയും, ഇൻഡ്യൻ ചേംബർ ഓഫ് കോമേഴ്സ് ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വില പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി ഓരോ വിതരണക്കാരുമായി പർച്ചേസ് കമ്മിറ്റി ആശയവിനിമയം നടത്തി വാങ്ങൽ വില നിശ്ചയിച്ച് ഭരണസമിതിയുടെ അംഗീകാരത്തോടെ സാധനങ്ങൾ വാങ്ങിവരുന്നു. ഉത്സവ കാലങ്ങളിൽ സർക്കാർ സബ്സിഡി നൽകി നടത്തുന്ന വിപണിക്കായി വലിയ അളവിൽ (bulk purchase) സാധനം വാങ്ങുന്നതിന് ദേശീയ തലത്തിലുള്ള വിതരണക്കാരെക്കൂടി ടെണ്ടറിൽ പങ്കെടുപ്പിച്ച് National Commodity and Derivatives Exchange Limited (NCDEX) എന്ന കേന്ദ്ര ഏജൻസി വഴിയും ടെണ്ടർ നടപടി പൂർത്തീകരിച്ച് സാധനങ്ങൾ വാങ്ങിവരുന്നു. വളരെവേഗം വിറ്റഴിക്കാൻ കഴിയുന്ന സാധനങ്ങളിൽ ഉൾപ്പെടുന്ന പായ്ക്ക്ഡ് ഫുഡ് ഇനങ്ങൾ വാങ്ങുന്നതിനായി 2 (രണ്ട്) മാസം കൂടുമ്പോൾ സെൻട്രൽ പർച്ചേസ് കമ്മറ്റി

കൂടുകയും പൊതു മാർക്കറ്റിൽ പ്രചാരത്തിലുള്ള ബ്രാൻഡുകളുടെ വിതരണക്കാരുമായി ആശയ വിനിമയം നടത്തി പരമാവധി മാർജിൻ ലഭിക്കത്തക്ക രീതിയിൽ സാധനങ്ങൾ വാങ്ങുന്നു. പ്രാദേശികമായി പ്രചാരത്തിലുള്ള ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുവേണ്ടി റീജിയണൽ പർച്ചേസ് കമ്മിറ്റി പരമാവധി പ്രാദേശിക വിതരണക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാമാസവും റീജിയണൽ പർച്ചേസ് കമ്മിറ്റി ചേർന്ന് ഉൽപ്പന്നങ്ങളുടെ വാങ്ങൽ വില നിശ്ചയിക്കുന്നു. പർച്ചേസ് കമ്മിറ്റിയുടെ പ്രതിമാസ പ്രവർത്തനം ഭരണസമിതിയിലും, ബിസിനസ്സ് സബ് കമ്മിറ്റിയിലും സമർപ്പിച്ച് സാധൂകരണം വാങ്ങുന്നു. ഇത്തരത്തിൽ സുതാര്യമായ പർച്ചേസ് നടപടികളിൽക്കൂടി വാങ്ങുന്ന ഉൽപ്പന്നങ്ങൾ പൊതുമാർക്കറ്റിലെ വിലയെക്കാളും കുറഞ്ഞ വിലയിലും ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ടും ത്രിവേണി/നീതി സ്റ്റോറുകൾ മുഖേന വിൽപ്പന നടത്തിവരുന്നു. ഫെഡറേഷന്റെ എല്ലാ മേഖലയിലും നടപ്പിലാക്കിയിട്ടുള്ള ഇത്തരം പരിഷ്കാരങ്ങൾ മുഖേന നഷ്ടത്തിലായിരുന്ന ഫെഡറേഷനെ പ്രവർത്തനലാഭത്തിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൂടുതലായി നീതിസ്റ്റോറും നീതിമെഡിക്കൽ സ്റ്റോറും ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 23 നീതി സ്റ്റോറുകളും 94 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്.

## സഹകരണ വകുപ്പ് നടപ്പിലാക്കുന്ന സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി

247 (2233) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ്മുറികൾ സ്ഥാപിക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതി പ്രകാരം ഓരോ നിയോജകമണ്ഡലത്തിൽ നിന്നും സ്കൂളുകളുടെ പട്ടിക വാങ്ങിയിട്ടും ഈ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിലേക്ക് കൊണ്ടോട്ടി മണ്ഡലത്തിൽ നിന്ന് ഏതെല്ലാം സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിരുന്നത്; ഇവിടെ എന്തെങ്കിലും പ്രവൃത്തി നടന്നിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് വേണ്ടി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന മറ്റു പദ്ധതികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും, സന്നദ്ധ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.

എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

(ബി) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യിൽനിന്നും ലഭ്യമായ സ്കൂളുകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു:

1. ജി.എം.എൽ.പി.എസ്. വാഴയൂർ - വാഴയൂർ ഗ്രാമപഞ്ചായത്ത്.
2. ബി.ടി.എം.ഐ. യു.പി.എസ്. പേങ്ങാട് -ചെറുകാവ് ഗ്രാമപഞ്ചായത്ത്.
3. ജി.എൽ.പി.എസ്. വിളയിൽ കനിത്തലക്കടവ് - ചീക്കോട് ഗ്രാമപഞ്ചായത്ത്.
4. ഇർശാദിയ എ.യു.പി.എസ്. വലിയപറമ്പ് - പുളിക്കൽ ഗ്രാമപഞ്ചായത്ത്.
5. ജി.എം. എൽ.പി.എസ്. മുണ്ടുമുഴി - വാഴക്കാട് ഗ്രാമപഞ്ചായത്ത്.
6. എ.എം. എൽ.പി.എസ്. നീറാട് - കൊണ്ടോട്ടി മുൻസിപ്പാലിറ്റി.
7. ജി.എം.എൽ.പി.എസ്. ചുങ്കം - കൊണ്ടോട്ടി മുൻസിപ്പാലിറ്റി.

ടി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നിട്ടില്ല. എന്നാൽ കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ജി.എം.യു.പി. സ്കൂൾ കൊണ്ടോട്ടിയിൽ കൊണ്ടോട്ടി സർവ്വീസ് സഹകരണ ബാങ്കും ഓമാനൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ചീക്കോട് സർവ്വീസ് സഹകരണ ബാങ്കും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(സി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സഹകരണ സംഘങ്ങൾ മുഖേന പരമാവധി ഒരു ലക്ഷം രൂപവരെ ചെലവഴിക്കുന്നതിന് അനുവാദം നൽകിക്കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനമായും നടപ്പിലാക്കുന്നവ കുട്ടികൾക്കാവശ്യമായ കമ്പ്യൂട്ടറുകൾ, സ്പോർട്ട്സ് കിറ്റ്, ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കുക, സ്കൂളുകളിലെ അടുക്കള, ഡൈനിംഗ് ഹാൾ എന്നിവിടങ്ങളിലേക്കുള്ള ആവശ്യ സാധനങ്ങൾ ലഭ്യമാക്കുക, ക്ലാസ് മുറികൾ, ശുചി മുറികൾ എന്നിവിടങ്ങളിലെ അസൗകര്യങ്ങൾ തീർപ്പാക്കുക എന്നിവയാണ്. അതാതു പ്രദേശത്തെ സഹകരണ സംഘങ്ങളും സ്കൂൾ പി.റ്റി.എ.-യുമായി ആലോചിച്ച് സ്കൂളുകളിലെ ആവശ്യകത കണക്കിലെടുത്താണ് തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

**അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി**

248 (2234) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ അഡാട്ട് ഫാർമേഴ്സ് ബാങ്കിൽ നിന്നും എടുത്ത വായ്പാ കുടിശ്ശിക തീർക്കുന്നത് സംബന്ധിച്ച് അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ സഹകരണ വകുപ്പുമന്ത്രിയുടെ 8-3-2019-ലെ 7749/VIP/2019/MCo-op)/TSm/Dev നമ്പർ ഉത്തരവ് പ്രകാരം നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

തൃശ്ശൂർ അഡാട്ട് ഫാർമേഴ്സ് ബാങ്കിൽനിന്നും എടുത്ത വായ്പയുടെ കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ സഹകരണ വകുപ്പ് മന്ത്രിയുടെ 8-3-2019-ലെ 7749/VIP/2019/M/Co-op/Tsm/Dev നമ്പർ നിർദ്ദേശപ്രകാരം ശ്രീ. അഷറഫ് കാളിയത്തിന്റെ വായ്പയിൽ നവ കേരളീയം കുടിശ്ശിക നിവാരണം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാവുന്ന പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. അഷറഫ് കാളിയത്ത് മേൽ സഹകരണ ബാങ്കിൽനിന്നും 5 ലക്ഷം രൂപയാണ് O.D/4/858/2002-2003 നമ്പറായി ഓവർ ഡ്രാഫ്റ്റ് വായ്പ എടുത്തിട്ടുള്ളത്. ബാങ്കിന്റെ ഉപനിബന്ധന പ്രകാരം 3 മാസം കൂടുമ്പോൾ പലിശ മുതലിനോട് ചേർക്കുന്നതാണ്. അതനുസരിച്ച് 31-12-2018-ലെ കണക്ക് പ്രകാരം

99,04,506 രൂപയാണ് ബാക്കിനിൽപ്പുള്ളത്. ഈ വായ്പയിൽ 81,21,934 രൂപ ഇളവ് നൽകാൻ സംഘംതല കമ്മിറ്റി തീരുമാനിച്ച് ജില്ലാതല സ്റ്റീയറിംഗ് കമ്മിറ്റിയുടെ അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളതാണ്. ഓവർ ഡ്രാഫ്റ്റ് വായ്പകൾ കുടിശ്ശിക നിവാരണം പദ്ധതിയിൽ പരിഗണിക്കുമ്പോൾ വായ്പയുടെ കാലാവധി കണക്കാക്കുന്നതിലും പലിശ കണക്കാക്കുന്നതിലും തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) വ്യക്തത ആവശ്യപ്പെടുകയും സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക നിവാരണ പദ്ധതിയുടെ സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനായി വിശദാംശങ്ങൾ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നതിന് അഡാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## റിസ്ക് ഫണ്ട് അപേക്ഷകൾ

249 (2235) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി ആലപ്പുഴ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത വിവരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റിസ്ക് ഫണ്ട് സഹായത്തിനായി ആലപ്പുഴ ജില്ലയിൽനിന്നും ലഭിച്ച അപേക്ഷകളുടെയും, ആയതിന്മേൽ സ്വീകരിച്ച നടപടികളുടെയും വിവരം ചുവടെ ചേർക്കുന്നു:

1. ആകെ ലഭിച്ച അപേക്ഷകൾ -1611
2. റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചത് - 1291
3. അർഹത ഇല്ലാത്തതുകാരണം നിരസിച്ചത് - 216
4. ന്യൂനത പരിഹരിക്കാത്തതിനാൽ ബാക്കി നിൽക്കുന്നവ - 104

(ബി) റിസ്ക് ഫണ്ട് സഹായത്തിന് ആലപ്പുഴ ജില്ലയിൽനിന്നും ലഭിച്ച അപേക്ഷകളുടെ നടപടി വിവരം നിയോജകമണ്ഡല അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റിസ്ക് ഫണ്ട് അപേക്ഷകളിലെ കാലതാമസം

250 (2236) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗത്തിന് അടിമയായിട്ടുള്ളവരും മരണമടഞ്ഞവരുമായ സഹകാരികളുടെ കടബാധ്യതയ്ക്ക് സമാശ്വാസം നൽകുന്ന റിസ്ക് ഫണ്ട് പദ്ധതിയിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ നൽകുന്നതിന് ആറ് മാസം മുൻപ് വരെയുള്ള കാലയളവിൽ കുടിശ്ശിക വരുതെന്ന നിബന്ധന ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന് വിവിധ സഹകരണ സംഘങ്ങളിൽനിന്നും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് ലഭ്യമായിട്ടുള്ള അപേക്ഷകളിൽ ചില ജില്ലകളിന്മേലുള്ളത് തീരുമാനമെടുക്കുന്നതിനായി കുടിശ്ശികയുണ്ട്.

വർദ്ധിച്ചുവരുന്ന അപേക്ഷകളുടെ ബാഹുല്യം കാരണവും, അതാത് സംഘം/ബാങ്കുകളിൽനിന്നും കൃത്യമായ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാലും അപേക്ഷകളിൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ച് വരുന്നതിന് താമസം വരികയും ചെയ്യുന്നതുമൂലവും, ഏഴ് ജില്ലകളിലെ അപേക്ഷകൾ കൈകാര്യം ചെയ്തുവരുന്ന തൃശ്ശൂർ റീജിയണൽ ആഫീസിന്റെ കീഴിൽവരുന്ന ചില ജില്ലകളിൽ നിന്നും ലഭ്യമായ ഫയലുകളിൽ 6 മാസം വരെയുള്ള ഫയലുകളിൽ തീർപ്പ് കല്പിക്കാൻ ബാക്കി നിൽപ്പുണ്ട്. ബോർഡിന്റെ മൂന്ന് ആഫീസുകളിലും ആവശ്യത്തിന് ജീവനക്കാരില്ലാത്തത്, ആയതിന് ഒരു പ്രധാന ഘടകമാണ്. റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതാത് സംഘം/ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചുവരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യം അനുവദിക്കുകയുമാണ് ചെയ്യുന്നത്.

(ബി) മരണപ്പെടുന്ന വായ്പക്കാർക്ക് ആനുകൂല്യം ലഭിക്കുന്നതിന് വായ്പക്കാരൻ മരണപ്പെടുന്ന തീയതിക്ക് തൊട്ടുമുമ്പ് വായ്പയിൽ 6 മാസത്തിൽ അധികരിച്ച് കുടിശ്ശിക പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് സംഘങ്ങളിലെ കുടിശ്ശിക ശതമാനം കുറയ്ക്കുന്നതിനുകൂടി വേണ്ടിയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മാരക രോഗം പിടിപെടുന്ന വായ്പക്കാർക്ക് ചികിത്സാ സഹായത്തിന് കുടിശ്ശിക ബാധകമാക്കിയിട്ടില്ല. ഈ വ്യവസ്ഥ ഒഴിവാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

## മലപ്പുറം ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലർക്ക് തസ്തിക

251 (2237) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 020/214 ആയി മലപ്പുറം ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്കുള്ള ക്ലർക്ക്/കാഷ്യർ തസ്തികകളിലെ നിയമനത്തിനായി നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയതെന്ന് വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ കീഴിൽ പ്രസ്തുത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും എത്ര ജീവനക്കാരാണ് ജോലി ചെയ്ത് വരുന്നതെന്ന് വിശദാംശം സഹിതം ലഭ്യമാക്കാമോ;

(സി) നിലവിൽ ഈ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) 2020 മാർച്ച് 31-ാം തീയതിക്ക് ശേഷം ഈ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നുള്ള കണക്കുകൾ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 27 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെകീഴിൽ പ്രസ്തുത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിലവിൽ ആരും ജോലി ചെയ്തുവരുന്നില്ല.

(സി) നിലവിൽ ഉണ്ടായിട്ടുള്ള ഒരു ഒഴിവ് റിപ്പോർട്ട് ചെയ്യാൻവേണ്ട നടപടികൾ ബാങ്ക് സ്വീകരിച്ചു വരുന്നു.

(ഡി) 2020 മാർച്ച് 31- ാം തീയതിക്കുശേഷം ഈ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല. ഇതു സംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നു.

**സഹകരണ ആശുപത്രി ജീവനക്കാർക്ക് മിനിമം വേതനം**

252 (2238) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) നേഴ്സുമാർക്ക് ഇത്തരത്തിലുള്ള ഏതൊക്കെ സ്ഥാപനങ്ങളിലാണ് മിനിമം വേതനം നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സഹകരണ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങളുടെയും, കിടക്കകളുടെയും പ്രതിദിന രോഗികളുടെ രജിസ്ട്രേഷന്റെയും, സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ ഓരോ സംഘത്തിനെയും സഹകരണ നിയമ പ്രകാരം ക്ലാസിഫൈ ചെയ്യുകയും ടി ക്ലാസിഫിക്കേഷൻ അനുസരിച്ച് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ച് നൽകുന്ന വേതനമാണ് നിലവിൽ നൽകുന്നത്. സഹകരണ ആശുപത്രികളിലെ ജീവനക്കാർക്ക് 1-10-2015-ലെ സ.ഉ. (പി)125/2015/സഹ. ഉത്തരവ് പ്രകാരമാണ് വേതനം നൽകിവരുന്നത്.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് കോഴ്സ്**

253 (2239) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി.ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽസ് സ്റ്റഡീസിൽ (കിറ്റ്സ്) എം.ബി.എ. കോഴ്സിൽ പഠനം നടത്തുന്ന എസ്.സി/എസ്.ടി, ഒ.ബി.സി വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യത്തിന് അർഹതയുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് നിലവിൽ നൽകാത്തത് എന്തുകൊണ്ടാണ്;

(സി) എൻട്രൻസ് പരീക്ഷ പാസ്സായി കിറ്റ്സിൽ പ്രവേശനം നേടിയ നിർദ്ധനരായ വിദ്യാർത്ഥികളിൽ നിന്നും ഫീസ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭിക്കുമെന്ന് കിറ്റ്സിൽ നിന്നും ഉറപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്നത് ഒഴിവാക്കാമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിന്റെയും വിനോദസഞ്ചാര വകുപ്പിന്റെയും വിവിധ ഉത്തരവുകൾ പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽസ് സ്റ്റഡീസിൽ (കിറ്റ്സ്) എം.ബി.എ. കോഴ്സിൽ പഠനം നടത്തുന്ന അർഹതപ്പെട്ട എസ്.സി/എസ്.ടി, ഒ.ബി.സി/ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യത്തിന് അർഹതയുണ്ട്.

(ബി) ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് വിദ്യാർത്ഥികളിൽനിന്ന് ലഭിക്കുന്ന അപേക്ഷകൾ ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ മുഖേന പട്ടികജാതി വികസന ഓഫീസിലേക്ക് അയച്ചുകൊടുക്കുകയും വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ ടി ഓഫീസിൽ എത്തിക്കുകയും ചെയ്യാറുണ്ട്. ആനുകൂല്യം അനുവദിച്ച് നൽകേണ്ടത് പട്ടികജാതി വികസന വകുപ്പിൽനിന്നുമാണ്. 2018-19 വർഷത്തിൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുകയുണ്ടായി. 2019-20 വർഷത്തിൽ കിറ്റ്സിൽ ലഭ്യമായ അപേക്ഷകൾ, ആയവ ലഭിച്ച മുറയ്ക്ക് പട്ടികജാതി വികസന വകുപ്പിന് സമർപ്പിക്കുകയുണ്ടായി. എന്നാൽ നാളിതുവരെ ഗ്രാന്റ് അനുവദിച്ച് നൽകിയില്ല.

(സി&ഡി) കിറ്റ്സിൽ നടത്തുന്ന കോഴ്സുകൾ സ്വാശ്രയ അടിസ്ഥാനത്തിലുള്ളതാണ്. പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ എസ്.സി./ എസ്.ടി. വിദ്യാർത്ഥികളും കേരള സർവ്വകലാശാല രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹതയുള്ള ഒ.ഇ.സി./തത്തുല്യ വിഭാഗം വിദ്യാർത്ഥികളും ഒഴികെ മറ്റ് അർഹതപ്പെട്ട വിഭാഗക്കാരിൽനിന്നും ഫീസ് സ്വീകരിക്കുകയും ഗ്രാന്റ് ലഭിക്കുന്നമുറയ്ക്ക് ഫീസ് തിരികെ നൽകുകയുമാണ് ചെയ്തുവരുന്നത്. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നും ഗ്രാന്റ്

ലഭിച്ചാൽ മാത്രമേ അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികളെയും ഫീസ് ഈടാക്കുന്നതിൽനിന്നും ഒഴിവാക്കുന്നതിന് സാധിക്കുകയുള്ളൂ. മേൽ പരാമർശിച്ച ഫീസ് ആനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥികളൊഴിച്ച് മറ്റ് വിഭാഗക്കാർ ഫീസ് അടയ്ക്കേണ്ടതാണ്. സ്വാശ്രയ അടിസ്ഥാനത്തിൽ കോഴ്സുകൾ നടത്തുന്ന ഒരു സ്ഥാപനമെന്ന നിലയിൽ വിദ്യാർത്ഥികളിൽനിന്ന് ലഭിക്കുന്ന ഫീസാണ് കിറ്റ്സിന്റെ പ്രധാന വരുമാന മാർഗ്ഗം. ഫീസ് അടയ്ക്കേണ്ടതായ വിദ്യാർത്ഥികളെ ഫീസ് ഈടാക്കുന്നതിൽനിന്നും ഒഴിവാക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷിതത്വം**

254 (2240) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷിതത്വം അത്യന്താപേക്ഷിതമായതിനാൽ ഈ കേന്ദ്രങ്ങളിൽ സുരക്ഷയും പൊതുക്രമസമാധാന നിലയും മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പോലീസ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ടൂറിസം മേഖലയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ബോധവത്ക്കരണവും പരിശീലന ക്ലാസ്സുകളും സംഘടിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കുവേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി വേണ്ടുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ

നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും സേവനമനുഷ്ഠിച്ചുവരുന്നു. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പിനുകീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് എന്ന സ്ഥാപനം മുഖേന 2018 ജൂൺ-ജൂലൈ കാലയളവിൽ 161 ടൂറിസം പോലീസുകാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്. കോവളം, വേളി, കനകക്കുന്ന് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം കെൽട്രോൺ മുഖേന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലെ ഒരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്.

**വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ**

255 (2241) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളിലെത്തുന്നവരുടെ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഭാഗമായി വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോ; ഏതൊക്കെ വിനോദസഞ്ചാര കേന്ദ്രങ്ങളിലാണ് ക്യാമറ സ്ഥാപിച്ചത് എന്നറിയിക്കാമോ;

(സി) ഏത് സ്ഥാപനമാണ് ഇത് സ്ഥാപിച്ചത്; ടെൻഡർ നടപടികളിലൂടെയാണോ ക്യാമറ സ്ഥാപിച്ചത്;വിശദാംശം നൽകുമോ;

(ഡി) ഓരോ സ്ഥലത്തും ക്യാമറ സ്ഥാപിക്കുന്നതിന് എന്ത് തുകയാണ് ചെലവഴിച്ചത് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കുവേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും സേവനമനുഷ്ഠിച്ചുവരുന്നു. ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്. കോവളം, വേളി, കനകക്കുന്ന് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു. അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ

മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം കെൽട്രോൺ മുഖേന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലൊരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്.

(ബി) വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്. കോവളം, വേളി, കനകക്കുന്ന് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു.

(സി) സർക്കാർ അംഗീകൃത ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, ULTS എന്നീ സ്ഥാപനങ്ങൾ വഴിയാണ് മേൽ ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്.

(ഡി) കോവളം മേഖലയിൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് മൊത്തം 62.69 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വേളിയിൽ 37.79 ലക്ഷം രൂപയ്ക്കാണ് ക്യാമറകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളത്. കനകക്കുന്നിൽ 1,35,54,389 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## വിദേശ ടൂറിസ്റ്റുകളുടെ സുരക്ഷ

256 (2242) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികൾ ആണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കുവേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി വേണ്ടുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും സേവനം അനുഷ്ഠിച്ചുവരുന്നു. ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്. കോവളം, വേളി, കനകക്കുന്ന് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു. അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം കെൽട്രോൺ മുഖേന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലൊരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്.

### ടൂറിസം രംഗത്ത് പുതിയ സാധ്യതകൾ

257 (2243) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം രംഗത്ത് പുതിയ സാധ്യതകൾ പരിശോധിക്കാനും പരീക്ഷിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയും താക്കിയാവും നെടിയിരുപ്പ് സ്വരൂപവും ചേർത്ത് ഒരു പൈതൃക ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വളരെയേറെ ടൂറിസം സാധ്യതയുണ്ടായിട്ടും കൊണ്ടോട്ടി പൈതൃക ടൂറിസം പദ്ധതിയോട് സർക്കാർ കാണിക്കുന്ന അവഗണനയുടെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ടൂറിസം രംഗത്ത് നടപ്പിലാക്കാൻ കഴിയുന്ന പുതിയ പദ്ധതികൾ പരിശോധിച്ച് നടപ്പിലാക്കിവരുന്നു.

(ബി) കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയും താക്കിയാവും നെടിയിരുപ്പ് സ്വരൂപവും ചേർത്ത് ഒരു പൈതൃക ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള സ്ഥലവും പ്രൊപ്പോസലും ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

(സി) നെടിയിരുപ്പ് സ്വരൂപം കൊണ്ടോട്ടി പൈതൃക നഗരം പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം സാധ്യതകൾ വിലയിരുത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ടൂറിസം മേഖലയുടെ പശ്ചാത്തല സൗകര്യ വികസനം

258 (2244) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ടൂറിസം മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾക്കായി ഈ സർക്കാർ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും എവിടെയൊക്കെയാണ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ?

ഉത്തരം

സംസ്ഥാനത്ത് ടൂറിസം മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾക്കായി ഈ സർക്കാരിന്റെ കാലത്ത് 374 പദ്ധതികൾ നടപ്പിലാക്കിയതുവഴി 492 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ടൂറിസം മേഖലയ്ക്ക് പകർച്ചവ്യാധികൾ ഉണ്ടാക്കുന്ന പ്രതിസന്ധി

259 (2245) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ, നിപ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ ടൂറിസം മേഖലയ്ക്ക് ഭീഷണിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പകർച്ചവ്യാധികൾ മൂലം ടൂറിസം മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി നേരിടുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊറോണ, നിപ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ ടൂറിസം മേഖലയ്ക്ക് പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. നിപമൂലമുണ്ടായ പ്രതിസന്ധി മറികടക്കാൻ ടൂറിസം വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽകൊണ്ട് സാധിച്ചിട്ടുണ്ട്. കൊറോണ വൈറസ് വഴിയുണ്ടായിട്ടുള്ള പ്രയാസങ്ങൾ വിലയിരുത്തിവരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പുമായി ബന്ധപ്പെടുകയും ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്ക് വരാൻ ഉദ്ദേശിക്കുന്ന സഞ്ചാരികൾക്കും ടൂറിസം ഇൻഡസ്ട്രിയ്ക്കും ഹോട്ടൽ മേഖലയ്ക്കും പ്രത്യേക നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് നൽകുകയും ചെയ്തിരുന്നു. ടൂറിസം വകുപ്പ് ഈ നിർദ്ദേശങ്ങൾ വൻതോതിൽ ടൂറിസം രംഗത്ത് പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിനോദസഞ്ചാര വികസനത്തിന് പ്രകൃതി ദുരന്തങ്ങളും മറ്റ് പകർച്ചവ്യാധികളും സൃഷ്ടിച്ച പ്രതിബന്ധം മറികടക്കാൻ ടൂറിസം വകുപ്പ് പന്ത്രണ്ടിന കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുണ്ടായി.

1. തകർന്നുകിടക്കുന്ന റോഡുകളുടെ അടിയന്തര പ്രാധാന്യത്തോടെയുള്ള നവീകരണം.
2. ടൂറിസം സജ്ജമാക്കാൻ സർവ്വേ
3. കേരള ട്രാവൽ മാർട്ടിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ
4. ലണ്ടനിൽ നടന്ന ഡബ്ല്യൂ.ടി.എം. 2019-ലുള്ള പങ്കാളിത്തം
5. കൊച്ചി മുസിരിസ് ബിനാലെയുടെ നടത്തിപ്പിനുള്ള പങ്കാളിത്തം
6. കേരളം തിരിച്ചുവന്നുവെന്ന് കാണിക്കുന്ന തരത്തിൽ അത്യുത്സാഹത്തോടെയുള്ള ഡിജിറ്റൽ പരസ്യ പ്രചരണം
7. മാധ്യമ പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ
8. ബ്രാൻഡ് പ്രചാരണം
9. ട്രേഡ് ഫെയറുകളിലെ പങ്കാളിത്തവും റോഡ് ഷോകൾ സംഘടിപ്പിക്കലും

10. ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ആരംഭം

11. അടിസ്ഥാന സൗകര്യവികസനത്തിനുള്ള കൂട്ടായ പ്രവർത്തനങ്ങൾ

12. സമൂഹത്തിന്റെ ഇടപെടലുകളോടെ ഉത്തരവാദിത്ത ടൂറിസം പദ്ധതികളുടെ നടപ്പാക്കലും പ്രചരണവും.

**ടൂറിസം വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ച തുക**

260 (2246) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 സാമ്പത്തിക വർഷം ടൂറിസം വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് ഫണ്ടുകൾ അനുവദിച്ചത്; ആയതിന് അനുവദിച്ച തുകയടക്കം വ്യക്തമാക്കാമോ?

ഉത്തരം

2019-20 സാമ്പത്തിക വർഷം ടൂറിസം വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഫണ്ടുകളുടെയും ആയതിന് അനുവദിച്ച തുകയുടെയും വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം**

261 (2247) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിലേക്കായി ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതനുസരിച്ച് ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളിൽ ഇതിനോടകം പ്രസ്തുത സംവിധാനം സ്ഥാപിച്ചുവെന്നും എന്ത് തുക ഇതിനായി ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്. കോവളം, വേളി, കനകക്കുന്ന് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച കഴിഞ്ഞു.

(ബി) സർക്കാർ അംഗീകൃത ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, ULTS എന്നീ സ്ഥാപനങ്ങൾവഴിയാണ് മേൽ ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. കോവളത്ത് വിദേശ വനിത കൊല്ലപ്പെട്ടതിനെത്തുടർന്ന് കോവളം ടൂറിസം കേന്ദ്രത്തിൽ ആവശ്യമായ ഇടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്താണ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് സമർപ്പിച്ച പദ്ധതി രൂപരേഖ പോലീസ് അധികാരികൾ മുഖേന വെറ്റ് ചെയ്ത് ടി ടൂറിസം കേന്ദ്രത്തിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്.

(സി) കോവളം, വേളി, കനകക്കുന്ന് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു.

കോവളം മേഖലയിൽ മൊത്തം 62.69 ലക്ഷം രൂപയും വേളിയിൽ 37.79 ലക്ഷം രൂപയും കനകക്കുന്നിൽ 135.54 ലക്ഷം രൂപയുമാണ് ക്യാമറകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളത്.

**അഡ്വഞ്ചർ ടൂറിസം മേഖലയിലെ പദ്ധതികൾ**

262 (2248) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്വഞ്ചർ ടൂറിസം മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ വർഷവും പദ്ധതികൾ നടപ്പിലാക്കുന്നതിന് നീക്കിവച്ച തുക എത്രയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) അഡ്വഞ്ചർ ടൂറിസം മേഖലയിൽ ആവിഷ്കരിച്ച ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച റിപ്പോർട്ട് നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്വഞ്ചർ ടൂറിസം മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ ചുവടെചേർക്കുന്നു.

1. സാഹകസിക ടൂറിസം വളരുന്നതോടൊപ്പം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റെഗുലേഷൻസ്" തയ്യാറാക്കിയിട്ടുണ്ട്.

   ഇതോടൊപ്പം തന്നെ വിനോദസഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കുകയാണ്. സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റെഗുലേഷൻസിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കും രജിസ്ട്രേഷൻ നൽകുക. വിനോദസഞ്ചാര വകുപ്പിലെ ഉദ്യോഗസ്ഥരും, ഈ മേഖലയിലെ വിദഗ്ദ്ധരുമടങ്ങിയ ഒരു കമ്മിറ്റിയുടെ നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിലായിരിക്കും വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ രജിസ്ട്രേഷൻ അനുവദിക്കുന്നത്. 2 വർഷമാണ് രജിസ്ട്രേഷൻ കാലാവധി. സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാരമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും സ്ഥാപനങ്ങളും സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് നിശ്ചിത സമയത്തിനുള്ളിൽ രജിസ്ട്രേഷൻ സമ്പ്രദായത്തിന്റെ ഭാഗമാകേണ്ടതാണ്.

2. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കേരളത്തിലെ 14 ജില്ലകളിലും അഡ്വഞ്ചർ പാർക്ക് സ്ഥാപിക്കുക എന്നതാണ് ഗവൺമെന്റിന്റെ നയം. തിരുവനന്തപുരം ജില്ലയിലെ വേളിയിലും മലപ്പുറം ജില്ലയിലെ കോട്ടപ്പുറത്തും അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിക്കുകയുണ്ടായി.

3. സാഹസിക ടൂറിസത്തിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും മാനവ വിഭവശേഷി ഉറപ്പുവരുത്തുന്നതിനുമായി അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ 12 ഏക്കറോളം വരുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അക്കാദമി തുടങ്ങാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അക്കാദമി പ്രാവർത്തികമായാൽ കര, വ്യോമ, ജല മേഖലയിൽ വിവിധ അഡ്വഞ്ചർ ട്രെയിനിംഗ് കോഴ്സുകൾ നൽകുന്ന കേരളത്തിലെ ആദ്യ അക്കാദമിയാകും തിരുവനന്തപുരത്തെ ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി.

4. സാഹസിക ടൂറിസത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ പരിശീലന പദ്ധതികളും വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി വ്യത്യസ്തങ്ങളായ ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. വിനോദസഞ്ചാര വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന KITTS സാഹസിക ടൂറിസത്തിൽ വിവിധങ്ങളായ കോഴ്സുകൾ സംഘടിപ്പിക്കുന്നു.

5. മൂന്നാറിൽ പാരാഗ്ലൈഡിംഗ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള സ്ഥലം കണ്ടെത്തി.

6. കോഴിക്കോട് ജില്ലയിലെ തുഷാരഗിരി വൈറ്റ് വാട്ടർ കയാക്കിംഗിന് ലോകപ്രസിദ്ധമായ സ്ഥലമാണ്. തുഷാരഗിരിയിലെ അടിസ്ഥാന സൗകര്യ വികസനം സർക്കാരിന്റെ പരിഗണനയിലുള്ള മറ്റൊരു പദ്ധതിയാണ്.

7. വിവിധങ്ങളായ അന്തർദ്ദേശീയ മത്സരങ്ങളായ എം.റ്റി.ബി. കേരള മൗണ്ടൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരം, മലബാർ റിവർ ഫെസ്റ്റിവൽ, ചാലിയാർ ചലഞ്ച്, ആംഗ്ലിംഗ് മത്സരം, പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ എന്നിവ കെ.എ.റ്റി.പി.എസ്. സംഘടിപ്പിക്കാറുണ്ട്. സൈക്ലിംഗിന്റെ അന്തർദ്ദേശീയ സംഘടനയായ UCI-യുടെ ഭാഗമായ ഇന്ത്യയിലെ ആദ്യത്തെ മൗണ്ടൻ സൈക്ലിംഗ് മത്സരം എം.റ്റി.ബി. കേരള 2019 നടന്നത് വയനാട് ജില്ലയിലെ പ്രിയദർശിനി റ്റീ എസ്റ്റേറ്റിലാണ്.

(ബി)

| വർഷം | പദ്ധതികൾ | നീക്കിവച്ച തുക | ചെലവായ തുക |
|---|---|---|---|
| 2017 | എം.റ്റി.ബി. കേരള അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പ് | 50 ലക്ഷം രൂപ | 64,80,922 രൂപ |
| | മലബാർ റിവർ ഫെസ്റ്റിവൽ മലബാർ റിവർ വൈറ്റ് വാട്ടർ കയാക്ക് വേൾഡ് ചാമ്പ്യൻഷിപ്പ് | 5 ലക്ഷം രൂപ | 4,20,599 രൂപ |
| 2018 | എം.റ്റി.ബി. കേരള അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പ് | 60 ലക്ഷം രൂപ | 62,94,643 രൂപ |
| | ചാലിയാർ റിവർ പാഡിൽ | 5 ലക്ഷം രൂപ | 5 ലക്ഷം രൂപ |
| 2019 | എം.റ്റി.ബി. കേരള അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പ് | 75 ലക്ഷം രൂപ | 82,42,786 രൂപ |
| | മലബാർ റിവർ ഫെസ്റ്റിവൽ മലബാർ റിവർ വൈറ്റ് വാട്ടർ കയാക്ക് വേൾഡ് ചാമ്പ്യൻഷിപ്പ് | 20 ലക്ഷം രൂപ | 20 ലക്ഷം രൂപ |
| | ചാലിയാർ റിവർ പാഡിൽ | 5 ലക്ഷം രൂപ | 5 ലക്ഷം രൂപ |

(സി)

1. കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റെഗുലേഷൻസ്" തയ്യാറാക്കി. ഇതോടൊപ്പംതന്നെ വിനോദസഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കുകയാണ്.

2. അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ 12 ഏക്കറോളം വരുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തി. നിലവിൽ സ്ഥലം റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കൈവശമാണ്. അയതിനാൽ സ്ഥലം ലഭിക്കുന്നതിനുള്ള അപേക്ഷ കളക്ടർക്ക് നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതിനനുസരിച്ച് അക്കാദമിയുടെ തുടർനടപടികൾ വേഗത്തിൽ നടപ്പിലാക്കുന്നതാണ്. അക്കാദമിയുടെ ഒന്നാംഘട്ടം 2020 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

3. വിനോദ സഞ്ചാരവകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന KITTS സാഹസിക ടൂറിസത്തിൽ വിവിധങ്ങളായ കോഴ്സുകളും സംഘടിപ്പിച്ചു വരുന്നു.

4. മൂന്നാറിൽ പാരാഗ്ലൈഡിംഗ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ ദേവികുളം സബ്കളക്ടറുടെ ഓഫീസിലാണ്.

5. കോഴിക്കോട് ജില്ലയിലെ തുഷാരഗിരി വൈറ്റ് വാട്ടർ കയാക്കിംഗിന് ലോകപ്രസിദ്ധമായ സ്ഥലമാണ്. തുഷാരഗിരിയിലെ അടിസ്ഥാന വികസനം സർക്കാരിന്റെ പരിഗണനയിലുള്ള മറ്റൊരു പദ്ധതിയാണ്. ഇപ്പോൾ അത് കെ.ഇ.എൽ.-ന്റെ ഡി.പി.ആർ. പ്രിപ്പറേഷന്റെ അവസാന ഘട്ടത്തിലാണ്.

**വിനോദസഞ്ചാര മേഖലയിൽ കേരളത്തിന്റെ സംഭാവന**

263 (2249) ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. കെ. വിജയൻ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ വിനോദസഞ്ചാര മേഖലയിൽ കേരളത്തിന്റെ സംഭാവന സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ലോക ടൂറിസം ഭൂപടത്തിൽ കേരള ടൂറിസത്തെ അടയാളപ്പെടുത്തുന്നതിന് നടത്തുന്ന ശ്രമങ്ങൾ അറിയിക്കുമോ;

(സി) കൂടുതൽ വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ വരുന്നത് ഏതൊക്കെ രാജ്യങ്ങളിൽ നിന്നാണെന്ന് അറിയിക്കുമോ;

(ഇ) വിദേശ വിനോദസഞ്ചാരികൾ കേരളത്തിൽ ഏറ്റവും കൂടുതലായി എത്തുന്നത് ഏതൊക്കെ ജില്ലകളിലേക്കാണ് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) രാജ്യത്തെത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിന്റെ സ്ഥാനം എട്ടാമതാണെന്നും രാജ്യത്തെത്തുന്ന വിനോദസഞ്ചാരികളിൽ 3.8% കേരളത്തിന്റെ സംഭാവനയാണെന്നും കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ 2018-ലെ കണക്കുകൾ (India Tourism Statistics) സൂചിപ്പിക്കുന്നു.

ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിന്റെ സ്ഥാനം പതിനേഴാമതാണെന്നും ആഭ്യന്തര സഞ്ചാരികളിൽ 0.89% കേരളത്തിന്റെ സംഭാവനയാണെന്നും 2017-ലെ കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി&സി) ലോക ടൂറിസം ഭൂപടത്തിൽ കേരള ടൂറിസത്തെ അടയാളപ്പെടുത്തുന്നതിനും കൂടുതൽ വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു:

- ചാമ്പ്യൻസ് ബോട്ട് ലീഗ് (ലീഗ് അടിസ്ഥാനത്തിൽ വള്ളംകളി മത്സരങ്ങൾ)
- ദേശീയ അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം
- ദേശീയ അന്തർദ്ദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ
- ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി ഫാം ടൂറുകൾ സംഘടിപ്പിക്കൽ

- അച്ചടി, ടെലിവിഷൻ, റേഡിയോ മാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങൾ
- ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്
- സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും
- ബ്ലോഗ് എക്സ്പ്രസ് പദ്ധതിയുടെ തുടർച്ച
- 'Human by nature' എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ
- MICE, വെഡ്ഡിംഗ് ടൂറിസം, മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരം
- ഇന്ത്യാ കൺവെൻഷൻ പ്രൊമോഷൻ ബ്യൂറോയുടെ (ഐ.സി.പി.ബി.) കേരള ചാപ്റ്റർ രൂപീകരണം
- ആയുർവേദ, ഹൗസ്ബോട്ട്, ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ പദ്ധതികളുടെ കാലോചിതമായ പരിഷ്കാരം
- സാഹസിക ടൂറിസം മേഖലയുടെ നവീകരണം
- കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം
- വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പോലുള്ള പദ്ധതികളിലൂടെ ഉത്തരവാദിത്ത ടൂറിസം മേഖലയുടെ വിപുലീകരണവും ശാക്തീകരണവും
- ടൂറിസം മേളകൾ, യോഗ/ആയുർവ്വേദ അംബാസഡർ ടൂറുകൾ പോലുള്ള നവീന സംരംഭങ്ങൾക്ക് സഹായ സഹകരണങ്ങൾ നൽകൽ.

(ഡി) യുണൈറ്റഡ് കിംഗ്ഡം, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക, ഫ്രാൻസ്, ജർമ്മനി, സൗദി അറേബ്യ എന്നീ രാജ്യങ്ങളിൽനിന്നാണ് കൂടുതൽ വിനോദസഞ്ചാരികൾ കേരളത്തിലെത്തുന്നത്.

(ഇ) എറണാകുളം, തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, കോട്ടയം ജില്ലകളിലേക്കാണ് വിദേശ വിനോദസഞ്ചാരികൾ കൂടുതലായി എത്തുന്നത്.

### ഉത്തരവാദിത്ത ടൂറിസം വ്യാപനത്തിന് നടപടി

264 (2250) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം' പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രദേശവാസികൾക്ക് കൂടുതൽ തൊഴിലും വരുമാനവും ലഭിക്കുന്നതിനും അവരുടെ ജീവിത സാഹചര്യം ഉയർത്തുന്നതിനും ഉത്തരവാദിത്ത ടൂറിസം സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയവയിൽ ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുവാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്;

(ഡി) ടൂറിസം ക്ലാസിഫിക്കേഷൻ സ്കീം പ്രസ്തുത മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമൂലമുള്ള പ്രയോജനം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉത്തരവാദിത്ത ടൂറിസം മിഷൻ 'ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന പേരിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്. അതിനുമുൻപ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയായി നിലനിന്നിരുന്ന സമയത്ത് 'ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന തലക്കെട്ടിൽ കിറ്റ്സ് ചില പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിനായി 'പെപ്പർ', 'മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ' എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. അതോടൊപ്പംതന്നെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റ് രജിസ്ട്രേഷൻ, എക്സ്പീരിയൻസ് എത്നിക് ക്യുസീൻ എന്നീ വിവിധ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി നടത്തിവരുന്നു.

(ബി) തദ്ദേശീയരായ ജനങ്ങളെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിച്ച് അധിക തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കേരളത്തിന്റെ സാംസ്കാരിക തനിമയും, തനത് ജീവിതരീതി, ഗ്രാമീണാന്തരീക്ഷം, തൊഴിൽ, കലാരൂപങ്ങൾ, ആഘോഷങ്ങൾ, ഭക്ഷണ വിഭവങ്ങൾ എന്നിങ്ങനെയുള്ളതെല്ലാം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുകയും അതിലൂടെ അവ അന്യംനിന്ന് പോകാതെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ മാലിന്യ വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ.

ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചതിനുശേഷമുള്ള പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി നിലവിൽ 17008 യൂണിറ്റുകൾ ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഫെബ്രുവരി 29 വരെ രജിസ്റ്റേഡ് യൂണിറ്റുകളിലൂടെ ലഭിച്ചിരിക്കുന്ന പ്രാദേശിക വരുമാനം 18.26 കോടി രൂപയാണ്.

(സി) ആയുർവ്വേദ സെന്ററുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയവയിൽ ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് തടയാനായി ടൂറിസം വകുപ്പ് ക്ലാസിഫിക്കേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇങ്ങനെ ക്ലാസിഫിക്കേഷൻ ലഭിക്കുന്ന യൂണിറ്റുകളുടെ വിവരങ്ങൾ ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിലും മറ്റ് പ്രസിദ്ധീകരണങ്ങളിലൂടെയും പ്രസിദ്ധീകരിക്കുന്നു.

(ഡി) ആയൂർവ്വേദ സെന്ററുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയ മേഖലകളിൽ ടൂറിസം വകുപ്പ് ക്ലാസ്സിഫിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ ലഭിക്കുന്ന ഹൗസ് ബോട്ടുകളിലും ആയൂർവ്വേദ സെന്ററുകളിലും മികച്ച സർവ്വീസ്, ഗുണനിലവാരം, സുരക്ഷ എന്നിവ ഉറപ്പുവരുത്താൻ കഴിയും. ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും ക്ലാസ്സിഫിക്കേഷൻ സ്കീംവഴി കഴിയുന്നുണ്ട്.

**പുരവഞ്ചികൾക്ക് ലൈസൻസ്**

265 (2251) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരവഞ്ചികൾക്ക് ലൈസൻസ് അനുവദിക്കുന്നതിന്റെ നടപടിക്രമം വെളിപ്പെടുത്തുമോ;

(ബി) പുരവഞ്ചികൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന എത്ര പുരവഞ്ചികൾ സംസ്ഥാനത്തുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) ലൈസൻസ് ഇല്ലാത്തതും കാലഹരണപ്പെട്ടതുമായ പുരവഞ്ചികളെ നിയന്ത്രിക്കുന്നതിനും അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) പുരവഞ്ചികൾ ഉൾപ്പടെയുള്ള വെസ്സലുകൾ കെ.ഐ.വി. നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ :

1. പുതിയ ബോട്ടുകൾ നിർമ്മിക്കുമ്പോൾ അംഗീകൃത കൺസൾട്ടന്റ്സ് തയ്യാറാക്കി നൽകിയ ഡ്രോയിംഗ് അപ്‌ലോഡ് ചെയ്ത് ഫോറം 1-ൽ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കണം. ഡ്രോയിംഗിന്റെ ഹാർഡ് കോപ്പി, ഫോറം 1-ന്റെ നിശ്ചിതഫീസ് സഹിതം ബന്ധപ്പെട്ട പോർട്ട് ഓഫ് രജിസ്ട്രിയിൽ സമർപ്പിക്കണം.

2. ചീഫ് സർവ്വേയർ ഡ്രോയിംഗ് പരിശോധിച്ചശേഷം അംഗീകരിക്കാവു ന്നതാണെങ്കിൽ കെ.ഐ.വി. അംഗീകാരമുള്ള യാർഡിൽ ബോട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതി നൽകും.

3. ബോട്ടിന്റെ നിർമ്മാണം തുടങ്ങിയശേഷം ചീഫ് സർവ്വേയർ ബോട്ടിന്റെ ഹൾ സർവ്വേ നടത്തും. ഹൾ ലോഞ്ചിംഗിനുശേഷം ഫൈനൽ സർവ്വേയിൽ ജീവനക്കാരുടെ സർട്ടിഫിക്കറ്റുകൾ, ബോട്ടിൽ ആവശ്യമുള്ള ജീവൻരക്ഷാ ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ തുടങ്ങിയവയും, ബോട്ടിന്റെ കണ്ടീഷനും നേരിൽ പരിശോധിച്ച് സർവ്വേയർ സർവ്വേ (ഫിറ്റ്നസ്) സർട്ടിഫിക്കറ്റ് നൽകും. സർവ്വേ സർട്ടിഫിക്കറ്റിന് ഒരു വർഷമാണ് കാലാവധി നിശ്ചയിച്ചിട്ടുള്ളത്. ഈ കാലാവധി അവസാനിക്കുന്നതിനു മുൻപായി വാർഷിക സർവ്വേയ്ക്ക് ബോട്ട് ഹാജരാക്കി സർവ്വേ നടത്തിയിരിക്കണം.

4. സർവ്വേ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റും എടുത്തതിനു ശേഷം ഇവയുടെ പകർപ്പ്, ഡിക്ലറേഷൻ ഓഫ് ഓണർഷിപ്പ്, നിശ്ചിത ഫീസ് എന്നിവ സഹിതം ഫോറം 12-ൽ രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കണം. അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് രജിസ്റ്ററിംഗ് അതോറിറ്റി ബോട്ടിന് അഞ്ച് വർഷത്തേയ്ക്ക് രജിസ്ട്രേഷൻ നൽകും. കാലാവധി അവസാനിക്കുന്നതിന് മുൻപായി രജിസ്ട്രേഷൻ പുതുക്കേണ്ടതുണ്ട്.

5. നിലവിൽ രജിസ്ട്രേഷനുള്ള ബോട്ടുകൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സർവ്വേ സർട്ടിഫിക്കറ്റും ഉപയോഗിച്ച് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റും പുതുക്കി എല്ലാ വർഷവും വാർഷിക സർവ്വേയ്ക്ക് അപേക്ഷിക്കേണ്ടതാണ്.

6. എല്ലാ വെസ്സലുകളും മൂന്ന് വർഷത്തിലൊരിക്കൽ ഡ്രൈഡോക്ക് സർവ്വേ നടത്തിയിരിക്കേണ്ടതാണ്.

7. പുരവഞ്ചികൾ സർവ്വീസ് നടത്തുന്നതിന് സർവ്വേ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് സാധുതയുണ്ടായിരിക്കണം.

(ബി) സംസ്ഥാനത്ത് പുരവഞ്ചികളുടെ ലൈസൻസ് നൽകുന്നത് രജിസ്റ്ററിംഗ് അതോറിറ്റിയാണ്. പ്രസ്തുത അതോറിറ്റിയുടെകീഴിൽ ആറ് പോർട്ട് ഓഫ് രജിസ്ട്രികളിലായി ആകെ 415 അപേക്ഷകൾ പുതിയതായി രജിസ്ട്രേഷനുവേണ്ടി പരിഗണനയിലുണ്ട്.

| പോർട്ട് ഓഫ് രജിസ്ട്രി | അപേക്ഷകളുടെ എണ്ണം |
|---|---|
| വിഴിഞ്ഞം | 1 |
| കൊല്ലം | 15 |
| ആലപ്പുഴ | 393 |
| കൊടുങ്ങല്ലൂർ | 6 |
| ബേപ്പൂർ | 0 |
| അഴിക്കൽ | 0 |
| ആകെ | 415 |

(സി) സംസ്ഥാനത്ത് ആറ് പോർട്ട് ഓഫ് രജിസ്ട്രികളിലായി ആകെ 847 പുരവഞ്ചികൾക്ക് ലൈസൻസ്/രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഇവയിൽ വാർഷിക സർവ്വേ കാലാകാലങ്ങളിൽ നടത്താത്ത ബോട്ടുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദുചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(ഡി) ലൈസൻസ് ഇല്ലാത്തതും കാലഹരണപ്പെട്ടതുമായ പുരവഞ്ചികളെ നിയന്ത്രിക്കുന്നതിനും അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:-

1. ജലയാനങ്ങളുടെ സർവ്വീസുമായി ബന്ധപ്പെട്ട് ഒരു എൻഫോഴ്സ്മെന്റ് സംവിധാനം തുറമുഖ വകുപ്പിന് മാത്രമായി നടപ്പാക്കാൻ സാധിക്കാത്തതിനാൽ പോലീസ്, റവന്യൂ, ഉൾനാടൻ ജലഗതാഗതം, പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഇൻസ്പെക്ഷനുകൾ നടത്താൻ മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. രജിസ്റ്റർ ചെയ്യാത്ത ഹൗസ് ബോട്ടുകൾ, ശിക്കാരകൾ തുടങ്ങിയവ കണ്ടെത്തി ഉൾനാടൻ ജലഗതാഗത നിയമത്തിന്റെ അടിസ്ഥാനത്തിൽ അർഹമായവയ്ക്ക് രജിസ്ട്രേഷൻ നൽകാനും ബാക്കിയുള്ളവയുടെ വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യാനും മാരിടൈം ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ഉൾനാടൻ ജലഗതാഗത യാനങ്ങളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള വെബ്സൈറ്റ് ലോഞ്ച് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക, മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയതുപോലെ ഹൗസ്ബോട്ടുകളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും ഒരു ഓൺലൈൻ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുക, ഹൗസ്ബോട്ട് ഉടമകൾക്കും

തൊഴിലാളികൾക്കും ട്രെയിനിംഗ് നൽകുക, രജിസ്റ്റർ ചെയ്ത ബോട്ടുകളിൽ മാത്രം യാത്ര നടത്തുന്നതിന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഒരു മീഡിയ ക്യാമ്പെയിൻ നടത്തുക തുടങ്ങിയ നിർദ്ദേശങ്ങളും മാരിടൈം ബോർഡിന് നൽകിയിട്ടുണ്ട്.

4. അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾ പിടിച്ചെടുത്ത് സൂക്ഷിക്കുന്നതിന് പര്യാപ്തമായ സൗകര്യങ്ങളില്ലാത്തതിനാൽ CrPC-യിലെ വകുപ്പുകൾ പ്രകാരം ബോട്ടുടമകൾക്കെതിരെ കേസ്സെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ പോലീസ് മേധാവിയുമായി ചർച്ച നടത്താൻ മാരിടൈം ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. രജിസ്ട്രേഷൻ നടത്താത്ത 299 വെസ്സലുകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്.

6. 'KIV Rules Registration System' (KRS) 2020 മാർച്ച് 15-ഓടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

7. ജി.പി.എസ്. ട്രാക്കിംഗ് സംവിധാനത്തോടുകൂടിയ [Houseboat Information Tracking System (HITS)] ഹോളോഗ്രാഫിക് രജിസ്ട്രേഷൻ നമ്പർ പ്ലേറ്റുകൾ ജലയാനങ്ങൾക്ക് നിർമ്മിച്ച് നൽകുന്നതാണ്.

8. അനധികൃതമായി സർവ്വീസ് നടത്തുന്ന ഹൗസ്ബോട്ടുകളെ നിയന്ത്രിക്കുന്നതിന് ഇൻലാന്റ് വെസ്സൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

**ടൂറിസം വിഷൻ പദ്ധതി**

266 (2252) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകൾക്ക് വിഭവസമൃദ്ധമായ ഭക്ഷണമൊരുക്കാൻ ടൂറിസം വിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിവരിക്കാമോ;

(ബി) പരമ്പരാഗത ശൈലിയിൽ കേരളീയ ഭക്ഷണം തയ്യാറാക്കി നൽകുന്ന രീതി ടൂറിസം രംഗത്ത് അവലംബിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ടൂറിസം രംഗത്ത് കുടുംബശ്രീ ഭക്ഷണ ശൃംഖല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ രംഗത്ത് സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ടൂറിസം വകുപ്പ് 'ടൂറിസം വിഷൻ' എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ കേരളത്തിന്റെ തനതുവിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിന്റെ എല്ലായിടത്തും ഉറപ്പുവരുത്തുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷൻ 'എക്സ്പീരിയൻസ് എത്നിക്/ലോക്കൽ ക്യുസീൻ' എന്ന പദ്ധതി നടപ്പിലാക്കുന്നു.

(ബി) പരമ്പരാഗത കേരളീയ വിഭവങ്ങളും അതാത് പ്രദേശത്തെ തനതുവിഭവങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതോടൊപ്പം കേരളത്തിന്റെ ഭക്ഷണം ഒരു ബ്രാൻഡായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പിനുകീഴിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'എക്സ്പീരിയൻസ് എത്നിക്/ലോക്കൽ ക്യുസീൻ നെറ്റ് വർക്ക്'. പരമ്പരാഗത ശൈലിയിൽ ഭക്ഷണം പാകം ചെയ്യുന്നത് കാണാനും താൽപ്പര്യമുള്ളവർക്ക് പഠിക്കാനുമുള്ള സൗകര്യം ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) കേരളത്തിലെ ഓരോ പ്രദേശത്തെയും പ്രാദേശിക വിഭവങ്ങളും നാടൻ ഭക്ഷണവും വിനോദസഞ്ചാരികൾക്ക് വൃത്തിയായും, മിതമായ വിലയിലും പ്രാദേശിക ഭവനങ്ങളിൽ ലഭ്യമാക്കുക എന്നുള്ള ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'എക്സ്പീരിയൻസ് എത്നിക്/ലോക്കൽ ക്യുസീൻ പദ്ധതിയിൽ സാധാരണക്കാരായ വീട്ടമ്മമാരെയാണ് പ്രധാനമായും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിരിക്കുന്നത്.

**വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ചെറു വിമാന സർവ്വീസുകൾ**

267 (2253) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ചെറു വിമാന സർവ്വീസുകൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളെ ബന്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്;

(സി) പ്രസ്തുത വിമാന നടത്തിപ്പിന്റെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ വ്യോമ ഗതാഗതത്തിന്റെ സമഗ്രമായ വികസനം മുൻനിർത്തി 8 മുതൽ 10 വരെ സീറ്റുള്ള ഒറ്റ എഞ്ചിൻ വിമാനങ്ങൾ (Airvan) ഉപയോഗിച്ച് കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ചെറു വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള പദ്ധതി ഗതാഗത വകുപ്പ് വിഭാവന ചെയ്തുവരുന്നു. ആശ്രാമം മൈതാനം (കൊല്ലം) മൂന്നാർ, തേക്കടി (ഇടുക്കി), കൽപ്പറ്റ (വയനാട്) ബേക്കൽ (കാസർഗോഡ്) ഗുരുവായൂർ (തൃശ്ശൂർ), പാലക്കാട്, ആലപ്പുഴ ബീച്ച് (ആലപ്പുഴ), വർക്കല (തിരുവനന്തപുരം), കുമരകം (കോട്ടയം) എന്നീ സ്ഥലങ്ങളിൽ എയർസ്ട്രിപ്പ്/ഹെലി പോർട്ട് നിർമ്മിക്കാനാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ഏകദേശം 1400 മീറ്റർ ദൈർഘ്യമുള്ള റൺവേ മതിയാവും. ചെറു വിമാനങ്ങൾ സർവ്വീസിനായി ഉപയോഗിക്കുന്നതിനാൽ പരിപാലന ചെലവും യാത്രാനിരക്കും കുറവായിരിക്കും.

ആദ്യപടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്ഥലങ്ങളിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി ഗതാഗത വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോസ്റ്റുകളായി പ്രവർത്തിക്കുന്നതിന് ഈ എയർസ്ട്രിപ്പുകളെ റീജിയണൽ കണക്റ്റിവിറ്റി സ്കീം (UDAN)-ൽ ഉൾപ്പെടുത്തണമെന്ന് വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**പൂർത്തീകരിച്ച ടൂറിസം പദ്ധതികൾ**

268 (2254) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഏതൊക്കെ ടൂറിസം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഏതൊക്കെ പദ്ധതികളാണ് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പൂർത്തീകരിച്ച ടൂറിസം പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സ്വദേശ് ദർശൻ, പ്രസാദ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് താഴെപ്പറയുന്ന പദ്ധതികൾ അനുമതിക്കായി സമർപ്പിക്കുകയുണ്ടായി.

I. <u>സമർപ്പിച്ച പദ്ധതികൾ</u>

എ) <u>സ്വദേശ് ദർശൻ സ്കീം</u>

1. ശബരിമല വികസനം (എരുമേലി - പമ്പ - സന്നിധാനം)
2. ശ്രീപത്മനാഭ - ആറന്മുള -ശബരിമല വികസനം
3. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 14 ജില്ലകളിലെ 133 ആരാധനാലയങ്ങളുടെ വികസനം (കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം)
4. ശിവഗിരി ശ്രീനാരായണഗുരു ആശ്രമം - അരുവിപ്പുറം - കുന്നുപാറ ശ്രീസുബ്രഹ്മണ്യ - ചെമ്പഴന്തി ശ്രീനാരായണഗുരുകേന്ദ്രം
5. കാലടി - മലയാറ്റൂർ പിൽഗ്രിം സർക്യൂട്ട്
6. നാലമ്പലം സർക്യൂട്ട്
7. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്
8. പന്തിരുകുലം പദ്ധതി
9. മലനാട് - മലബാർ റിവർ ക്രൂയിസ് ടൂറിസം പ്രോജക്ട്
10. പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി (ഇക്കോ ടൂറിസം പ്രോജക്ട്)

<u>പ്രസാദ് സ്കീം</u>

1. ഗുരുവായൂർ ക്ഷേത്രവികസനം (കേന്ദ്ര ടൂറിസം)
2. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്
3. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രയിൻ (കേന്ദ്ര ടൂറിസം)
4. ചേരമൻ ജുമാ മസ്ജിദ് കൊടുങ്ങല്ലൂർ (കേന്ദ്ര ടൂറിസം)
5. കോഴിക്കോട് ജില്ലയിലെ ഇരിങ്ങന്നൂർ ശ്രീ മഹാശിവക്ഷേത്ര വികസനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുമതി ലഭ്യമായ പദ്ധതികൾ

1. ശബരിമല വികസനം (എരുമേലി - പമ്പ – സന്നിധാനം) - 9998.92 ലക്ഷം
2. ശബരിമല-ഗവി-വാഗമൺ-തേക്കടി (ഇക്കോ ടൂറിസം പ്രോജക്ട്)- 7655.13 ലക്ഷം
3. മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതി- 8037.38 ലക്ഷം
4. ശബരിമല-ആറൻമുള-ശ്രീപത്മനാഭസ്വാമി ക്ഷേത്ര വികസനം-9221.80 ലക്ഷം
5. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 14 ജില്ലകളിലെ 133 ആരാധനാലയങ്ങളുടെ വികസനം - 8522.71 ലക്ഷം

പ്രസാദ് സ്കീം

ഗുരുവായൂർ പ്രസാദ് - 4614.20 ലക്ഷം

**അഴീക്കോട് മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന കൈത്തറി ഗ്രാമം പദ്ധതി**

269 (2255) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ അഴീക്കോട് മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കാൻ തീരുമാനിച്ചിരുന്ന കൈത്തറി ഗ്രാമം പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കൈത്തറി ഗ്രാമം പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിപ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ഇനി നടപ്പിലാക്കാനുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതി പ്രകാരമുള്ള കൈത്തറി മ്യൂസിയം എന്നത്തേയ്ക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഇ) ഈ പദ്ധതി പൂർത്തിയാക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ അഴീക്കോട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ ഹാൻഡ്‌ലൂം വില്ലേജ് പദ്ധതി പൂർത്തിയായി. പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്:

(1) നിലവിലുള്ള ഹാൻഡ്‌ലൂം യൂണിറ്റുകളുടെ റിപ്പയറിംഗ്

(2) ഹാൻഡ്‌ലൂം വീവിംഗ് ഉപകരണങ്ങളുടെ റിപ്പയറിംഗ് പുതിയ ഉപകരണങ്ങളുടെ നിർമ്മാണം

(3) കോമ്പൗണ്ട് വാൾ

(4) ഇന്റർലോക്ക് പാകിയ പാത്ത് വേ

(5) എൻട്രൻസ് ഗേറ്റ് സിറ്റിംഗ്

(6) ലാൻഡ്സ്കേപ്പിംഗ്

(7) സോളാർ വിളക്കുകൾ

(8) ടെമ്പിൾ പോണ്ട് ക്ലിയറിംഗ് സൈഡ് റിട്ടെയ്നിംഗ് വാൾ

(9) വേസ്റ്റ് മാനേജ്മെന്റ്

(സി) DPR പ്രകാരമുള്ള പ്രവൃത്തികളെല്ലാം പൂർത്തിയാക്കിയതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(ഡി) പദ്ധതി പ്രകാരം വിഭാവനചെയ്ത കൈത്തറി മ്യൂസിയം സ്ഥാപിക്കുന്നതിന് സ്ഥലം സൗജന്യമായി ലഭ്യമാക്കാത്തതിനാൽ പ്രസ്തുത കംപോണന്റ് ഒഴിവാക്കി ഭരണാനുമതി തുകയായ 4.50 കോടി രൂപ എന്നത് 3.70 കോടി രൂപയിലേക്ക് ടൂറിസം വകുപ്പ് പുതുക്കി നിശ്ചയിക്കുകയുമുണ്ടായി.

(ഇ) 3.70 കോടി രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതി പൂർത്തീകരിച്ചതായി നിർവ്വഹണ ഏജൻസി DTPC മുഖേന അറിയിച്ചിട്ടുമുണ്ട്.

**കോവളം ടൂറിസം വികസനം**

270 (2256) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിൽ ടൂറിസം വികസനത്തിനായി 2016 മെയ് മുതൽ നിർദ്ദേശിച്ച പദ്ധതികൾ ഏതെല്ലാമെന്നും ആയതിലേയ്ക്ക് അനുവദിച്ച തുക എത്രയെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) കോവളം അന്താരാഷ്ട്ര ടൂറിസം കേന്ദ്രത്തിലേയ്ക്കായി നിലവിലെ സർക്കാർ അനുവദിച്ച പദ്ധതിയും തുകയും അറിയിക്കാമോ; കോവളത്ത് പുതുതായി ഏതെങ്കിലും പദ്ധതി തുടങ്ങാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കോവളം മണ്ഡലത്തിൽ ടൂറിസം വികസനത്തിനായി 2016 മേയ് മുതൽ നിർദ്ദേശിച്ച പദ്ധതികൾ, അനുവദിച്ച തുക, ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സമഗ്ര ടൂറിസം വികസന പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ കോവളത്ത് രണ്ട് ഘട്ടങ്ങളായി നടപ്പിലാക്കുന്ന പദ്ധതിക്ക് 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കോവളം മേഖലയിൽ വെങ്ങാനൂർ പഞ്ചായത്തിലെ മൂലവിളാകം ഫുട്ട്പാത്ത് സൗന്ദര്യവത്കരണ പദ്ധതിക്കായി 52 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കൊച്ചി ടൂറിസം വികസന പ്രവർത്തനങ്ങൾ

271 (2257) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെറിറ്റേജ് ടൂറിസവും ബിനാലെയും ഉൾപ്പെടെ പ്രധാനപ്പെട്ട സംരംഭങ്ങൾ നടക്കുന്ന കൊച്ചിയുടെ ടൂറിസം വികസനത്തിനായി ഇതര വകുപ്പുകളുമായി ചേർന്ന് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) മെഡിക്കൽ ടൂറിസത്തിന് പ്രാധാന്യമുള്ള കൊച്ചിയിൽ മെഡിക്കൽ ടൂറിസം വികസനത്തിനായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(സി) കൊച്ചിയിലും പരിസരമേഖലയിലുമുൾപ്പെടെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പൂർത്തീകരണങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹെറിറ്റേജ് ടൂറിസത്തിന്റെ ഭാഗമായി "മ്യൂസിയം ഓഫ് കൾച്ചറൽ മൊസൈക്ക് അറ്റ് മട്ടാഞ്ചേരി" എന്ന പദ്ധതി ടൂറിസം വകുപ്പിന്റെ പ്രവർത്തനത്തിലാണ്. ബിനാലെയുടെ സ്ഥിരം വേദിക്കുവേണ്ടി റവന്യൂ വകുപ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖേന സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. ഇതിന്റെ ചെലവിലേക്കായി കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന വിനോദസഞ്ചാര വകുപ്പിന് മെഡിക്കൽ ടൂറിസം വികസനത്തിനായി നിലവിൽ പദ്ധതികളൊന്നുമില്ല. സംസ്ഥാനത്തൊട്ടാകെയുള്ള ആയുർവ്വേദ സെന്ററുകൾ അപേക്ഷിക്കുന്ന മുറയ്ക്ക് ക്ലാസിഫിക്കേഷൻ നൽകുക മാത്രമാണ് നിലവിൽ ടൂറിസം വകുപ്പ് ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട് ചെയ്തുവരുന്നത്.

(സി) "കൺസർവേഷൻ & റെസ്റ്റൊറേഷൻ ഓഫ് ചൈനീസ് ഫിഷിംഗ് നെറ്റ് അറ്റ് ഫോർട്ട് കൊച്ചി", "ഡെവലപ്മെന്റ് ഓഫ് കൊച്ചിൻ ആസ് ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ഇൻ കേരള" എന്നിവയാണ് കൊച്ചിയിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ

<u>കൺസർവേഷൻ & റെസ്റ്റൊറേഷൻ ഓഫ് ചൈനീസ് ഫിഷിംഗ് നെറ്റ് അറ്റ് ഫോർട്ട് കൊച്ചി</u>

കോതമംഗലം ഫോറസ്റ്റ് ഡിവിഷനിൽ ആദ്യം 219 മരം ഡി.എഫ്.ഒ. ഓഫീസ് വാല്യുവേഷൻ നടത്തിയതിൻ പ്രകാരം ചെലാൻ അടച്ചിട്ടുള്ളതാണ്. മരം മുറിക്കുന്ന ജോലി ഫിഷിംഗ് നെറ്റ് അസോസിയേഷനെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

<u>ഡെവലപ്മെന്റ് ഓഫ് കൊച്ചിൻ ആസ് ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ഇൻ കേരള</u>

ബീച്ച് നടപ്പാത 15 മീറ്ററോളം നീളത്തിൽ കടൽക്ഷോഭത്തിൽ തിരമാല അടിച്ച് തകർന്നുപോയതിനാൽ സമുദ്ര പഠനം നടത്തി ബീച്ച് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം പുനരാരംഭിക്കുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. അതിനായി ഐ.ഐ.ടി. ചെന്നൈ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ഫണ്ട് അനുവദിക്കുകയും ചെയ്തു.

**പശ്ചിമ കൊച്ചിയിലെ ടൂറിസം പദ്ധതികൾ**

272 (2258) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ ടൂറിസം മേഖലകളുടെ പ്രാധാന്യം കണക്കിലെടുത്ത് അവിടെ നടപ്പിലാക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ ടൂറിസം പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ടൂറിസ്റ്റുകൾ കൂടുതലായി എത്തിച്ചേരുന്ന കുമ്പളങ്ങി, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി തുടങ്ങിയ സ്ഥലങ്ങളിൽ പരിസരം വൃത്തിയായി സൂക്ഷിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രദേശങ്ങൾ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിൽ സൗന്ദര്യവത്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പശ്ചിമ കൊച്ചിയിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി വളന്തക്കാട് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമീണ വിനോദസഞ്ചാര സാധ്യതകളുള്ള ചിറയ്ക്കൽ, കരി, കളത്ര എന്നീ സ്ഥലങ്ങളിലും ചെല്ലാനം, കണ്ണമാലി എന്നീ കടലോര പ്രദേശങ്ങളിലും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി ലഭിക്കുന്നമുറയ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നത് പരിഗണിക്കാവുന്നതാണ്.

(ബി) ഫോർട്ട് കൊച്ചി ടൂറിസം മേഖലയിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പെയിൻ പദ്ധതിപ്രകാരം ഡി.ടി.പി.സി., കുടുംബശ്രീ, ഹെറിറ്റേജ് കൺസർവേഷൻ സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ മുഖേന സംയുക്തമായി ശുചീകരണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. മട്ടാഞ്ചേരി, കുമ്പളങ്ങി എന്നിവിടങ്ങളിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

(സി) പരിഗണിക്കാവുന്നതാണ്.

**ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

273 (2259) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം ടൂറിസം സാധ്യതകളാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കീഴുപറമ്പ് ഗ്രാമപഞ്ചായത്തിലെ മുറഞ്ഞമാട് ചാലിയാർ റിവർ സൈഡ് ടൂറിസം പ്രോജക്ട് എന്ന പേരിൽ ഒരു പദ്ധതിക്കായി ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് പണം അനുവദിച്ചിട്ടുള്ളതെന്നും എന്തെല്ലാം പദ്ധതികളാണ് ഇത്തരത്തിൽ പൂർത്തീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(എഫ്) മലപ്പുറം ജില്ലയിൽ മറ്റേതെല്ലാം ടൂറിസം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ്; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേരള ഡെസ്റ്റിനേഷൻ സ്കീമിലൂടെ തെരഞ്ഞെടുത്തിട്ടുള്ള കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തിയും പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഏറനാട് മണ്ഡലത്തിൽ കുറുമ്പായിക്കോട്ട, ആഢ്യൻപാറ ഫേസ്-2 എന്നീ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഡി.റ്റി.പി.സി. മുഖേന സ്വീകരിച്ചുവരുന്നു.

(സി&ഡി) കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് ടൂറിസം പദ്ധതി തയ്യാറാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള മുരിഞ്ഞമാട് പ്രദേശത്തെ 24.13 ഏക്കർ ഭൂമിയുടെ രേഖകൾ പരിശോധിച്ചതിൽനിന്ന് പ്രസ്തുത സ്ഥലം മാക്സിമം ഫ്ലഡ് ലെവലിന് താഴെ വരുന്നതിനാലും പുഴയോട് ചേർന്നുള്ള സ്ഥലമായതിനാലും നിർമ്മാണ പ്രവൃത്തികൾക്ക് അനുയോജ്യമല്ല. എന്നാൽ ഈ പ്രദേശം ധാരാളം സഞ്ചാരികളെ ആകർഷിക്കുന്നതിനാൽ പുഴയോട് ചേർന്നുള്ള 1.61 ഏക്കർ സ്ഥലം ലഭിക്കുകയാണെങ്കിൽ സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കാൻ സാധിക്കും. ആയതിനാൽ പ്രസ്തുത സ്ഥലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സ്ഥലം ടൂറിസം വകുപ്പിന് കൈമാറുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന് ഡി.റ്റി.പി.സി.-യിൽനിന്നും കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി പ്രത്യേകം ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ പൊതുവായ ടൂറിസം വികസനത്തിനായി ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

(ഇ) ഈ സർക്കാർ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾക്ക് പണം അനുവദിച്ചിട്ടില്ല.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ അനുമതി നൽകിയിട്ടുള്ള ടൂറിസം പദ്ധതികളുടെ പേരും, അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.*

## പുള്ള്-മനക്കൊടി ടൂറിസം പദ്ധതി

274 (2260) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ, നാട്ടിക നിയോജകമണ്ഡലങ്ങളിലായി വ്യാപിച്ച് കിടക്കുന്ന കോൾ മേഖല കേന്ദ്രീകരിച്ച് പുള്ള്-മനക്കൊടി ടൂറിസം പദ്ധതി നടപ്പാക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിൽ നിന്നും അനുമതി ആവശ്യമാണോ എന്നും എങ്കിൽ പ്രസ്തുത അനുമതി ലഭ്യമായിട്ടുണ്ടോ എന്നും അറിയിക്കാമോ;

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മണലൂർ, നാട്ടിക നിയോജകമണ്ഡലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കോൾ മേഖല കേന്ദ്രീകരിച്ച് പുള്ള്-മനക്കൊടി ടൂറിസം പദ്ധതിക്കായി 4,94,74,258 രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തൃശ്ശൂർ ഡി.റ്റി.പി.സി. വകുപ്പിന് സമർപ്പിക്കുകയുണ്ടായി. എന്നാൽ പദ്ധതിയിൽ വിഭാവനചെയ്തിട്ടുള്ള ഘടകങ്ങൾ നിർമ്മിക്കേണ്ടത് പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്താണ്. ഇതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ആവശ്യമാണ്.

(ബി) പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ അധീനതയിലായതിനാൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ അനുമതി ലഭിക്കുന്നതിനായി റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പദ്ധതിയുടെ രൂപരേഖയുടെ പകർപ്പ് സഹിതം 27-7-2018-ന് കത്ത് നൽകിയിരുന്നെങ്കിലും ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മേൽ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്:

(1) ഇന്റർപ്രിട്ടേഷൻ സെന്റർ

(2) പെറ്റി ഷോപ്പ്

(3) പക്ഷി നിരീക്ഷണ സങ്കേതം

(4) പാത്ത് വേ, സീറ്റിംഗ്

(5) ലാൻഡ് സ്കേപ്പിംഗ്, പാർക്കിംഗ്

(6) സോളാർ ലൈറ്റിംഗ്

(7) സൈനേജ്

(8) വേസ്റ്റ് മാനേജ്മെന്റ്.

**ചിറകുളം ടൂറിസം പദ്ധതി**

275 (2261) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കാണക്കാരി പഞ്ചായത്തിലെ ചിറകുളം ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ടിനായി കോട്ടയം ഡി.ടി.പി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ഡി.ടി.പി.സി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ചുമതലപ്പെടുത്തിയിട്ടില്ല.

(സി) സ്ഥല ലഭ്യത ഉൾപ്പടെ വിശദമായ പ്രൊപ്പോസൽ ലഭ്യമായാൽ പദ്ധതി പരിഗണിക്കാവുന്നതാണ്.

## മലബാർ റിവർ ക്രൂയിസ് പദ്ധതി

276 (2262) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിലുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ പ്രവൃത്തിയിലുണ്ടായ പുരോഗതി വിലയിരുത്താമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ മലനാട് - മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകി ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 14 പദ്ധതികളിൽ 3 പദ്ധതികൾ തലശ്ശേരി നിയോജകമണ്ഡലത്തിലാണ്.

1. ന്യൂ മാഹി ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം സ്ലാബ് പ്രവൃത്തി പുരോഗമിച്ചുവരുന്നു (75%)
2. പാത്തിക്കൽ ബോട്ട് ജെട്ടി - പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു (50%)
3. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു (62%)

(ബി) കണ്ണൂർ ജില്ലയിൽ മലനാട് - മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന 14 പദ്ധതികളുടെ പ്രവൃത്തി പുരോഗതി താഴെപ്പറയുന്നു:

1. പഴയങ്ങാടി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.
2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - പൈലിംഗ്, പ്ലാറ്റ്ഫോം സ്ലാബ്, പില്ലറുകൾ, റൂഫ് ബീം എന്നിവയുടെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു. ഹാൻഡ് റെയിൽ വർക്കുകൾ പുരോഗമിച്ചുവരുന്നു. (78%)
3. ധർമ്മടം ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു (55%)
4. ചേരിക്കൽ ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു (55%)

5. പാറപ്രം ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു (55%)

6. ചാമ്പാട് (മമ്പറം) ബോട്ട് ജെട്ടി - നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു (49%)

8. മോന്താൽ ബോട്ട് ജെട്ടി - പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം സ്ലാബ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. (60%)

9. കരിയാട് ബോട്ട് ടെർമിനൽ - നിർമ്മാണ പ്രവൃത്തി ആരംഭിച്ചു.

10. ന്യൂ മാഹി ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം സ്ലാബ് പ്രവൃത്തി പുരോഗമിച്ചുവരുന്നു (75%)

11. പാത്തിക്കൽ ബോട്ട് ജെട്ടി - പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു (50%)

12. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു (62%)

13. പുന്നക്കടവ് ബോട്ട് ജെട്ടി - പൈൽ, പ്ലാറ്റ്ഫോം സ്ലാബ്, പില്ലർ എന്നിവയുടെ കോൺക്രീറ്റ് പൂർത്തീകരിച്ചു. റൂഫ് ബീം കോൺക്രീറ്റ് പ്രവൃത്തി പുരോഗമിക്കുന്നു (67%)

14. മുക്കവച്ചേരി (കവ്വായി കാലികടപ്പുറം) ബോട്ട് ടെർമിനൽ - പൈലിംഗിനുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

- ജെട്ടി/ടെർമിനൽ നിർമ്മാണം പുഴ പുറമ്പോക്കിലാണ് നടത്തുന്നത്. അതിന് ഗ്രാമ പഞ്ചായത്ത്/നഗരസഭ റെസല്യൂഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ജില്ലാ ഓഫീസിൽനിന്നും സ്വീകരിക്കുകയും, ഇപ്പോൾ ഭൂരിഭാഗം തദ്ദേശ സ്ഥാപനങ്ങളിൽനിന്നും റെസല്യൂഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

- പദ്ധതിയുടെ സ്ഥല ലഭ്യതയ്ക്കുള്ള നിയന്ത്രിതാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് മുഖേന സ്വീകരിച്ചുവരുന്നു.

- കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിക്കായി കണ്ണൂർ ജില്ലയിൽ 8037.38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജെട്ടി/ടെർമിനൽ എന്നിവയുടെ നിർവ്വഹണ ഏജൻസി ഉൾനാടൻ ജലഗതാഗത വകുപ്പും മറ്റ് അനുബന്ധ പ്രവൃത്തികൾ കേരള ഇലക്ട്രിക്കൽ &

അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)-ഉം ആണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ ജെട്ടി/ടെർമിനൽ എന്നിവ പഞ്ചായത്ത്/ നഗരസഭ പുഴ പുറമ്പോക്കിലാണ് നിർമ്മിക്കുന്നത്. ഇതിനായി സ്ഥല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരികയാണ്. സ്ഥലം സംബന്ധിച്ച നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന് നൽകിക്കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് പ്രമേയങ്ങൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളിൽനിന്നും ലഭിച്ചിട്ടുണ്ട്. ലഭ്യമായ പഞ്ചായത്ത് ഭരണസമിതി പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ആവശ്യമായ സ്ഥലത്തിനുള്ള നിയന്ത്രിതാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് മുഖേന സ്വീകരിച്ചുവരുന്നു.

- സ്വകാര്യ സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ, സ്ഥലം വ്യക്തികൾ സ്വമേധയാ വിട്ടുതന്നശേഷം സർക്കാരിലേയ്ക്ക് ചേർക്കുന്നതിനായുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖേന നടത്തേണ്ടതുണ്ട്. ഇപ്രകാരം consent കിട്ടിയിട്ടുള്ള സ്ഥലങ്ങളുടെ relinquishment process നടന്നുവരികയാണ്. കൂടുതൽ സ്ഥലം/വ്യക്തികൾ ഉൾപ്പെട്ട പ്രദേശങ്ങളിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ റവന്യൂ/സർവ്വേ വകുപ്പ് മുഖേന നടന്നുവരികയാണ്.

- പദ്ധതിക്ക് ആവശ്യമായ CRZ ക്ലിയറൻസിനുവേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് (KSINC) ടൂറിസം വകുപ്പ് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. KSINC-യുടെ ഭാഗത്തുനിന്നും അതിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. EIA പരിശോധന ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. NCSCM മാപ്പിംഗ് നടപടികളാണ് അടുത്തതായി ചെയ്യാനുള്ളത്.

**പൂവാർ പൊഴിക്കരയിലെ ആയോധന കലാകേന്ദ്രം**

277 (2263) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പൂവാർ പൊഴിക്കരയിൽ 1979-ൽ ആയോധന കലാകേന്ദ്രത്തിനായി കെട്ടിടം നിർമ്മിച്ചുവെങ്കിലും പ്രവർത്തനം ആരംഭിക്കാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള വിശദീകരണം നൽകാമോ;

(സി) ഇതിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്;

(ഡി) ഇതിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ പൂവാർ പൊഴിക്കരയിൽ ആയോധന കലാകേന്ദ്രത്തിനായി വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതിപ്രകാരം കെട്ടിട നിർമ്മാണം നടത്തിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

## ബേക്കൽ ടൂറിസം റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തനങ്ങൾ

278 (2264) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ എം.ഡി.യെ മാറ്റി നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ബി.ആർ.ഡി.സി.യിൽ ചെയ്ത പ്രവൃത്തികൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പുതിയ എം.ഡി. ചാർജ്ജ് ഏറ്റെടുത്തതിനുശേഷം ബി.ആർ.ഡി.സി.യിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 27-2-2020-ലെ സ.ഉ. (സാധാ) നമ്പർ 102/2020/ടൂറിസം പ്രകാരം ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എം.ഡി. ആയിരുന്ന ശ്രീ. ടി. കെ. മൻസൂറിനെ തൽസ്ഥാനത്തുനിന്നും നീക്കംചെയ്ത് കാസർഗോഡ് ജില്ലാ കളക്ടർ ശ്രീ. ഡി. സജിത് ബാബു, ഐ.എ.എസ്-ന് ബി.ആർ.ഡി.സി. എം.ഡി.-യുടെ താൽക്കാലിക ചുമതല നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ബി.ആർ.ഡി.സി.-യിൽ 2016-17 വർഷത്തെ ഇന്റേണൽ ഓഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, കംപ്ട്രോളർ & അക്കൗണ്ടന്റ് ജനറൽ (സി&എജി) നടത്തുന്ന ഓഡിറ്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

2017-18 വർഷത്തെ ഇന്റേണൽ ഓഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കംപ്ട്രോളർ&അക്കൗണ്ടന്റ് ജനറൽ (സി&എജി) നടത്തുന്ന ഓഡിറ്റ് എത്രയുംവേഗം ആരംഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

2018-19 വർഷത്തെ ഇന്റേണൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത വർഷത്തെ വാർഷിക കണക്ക് ബോർഡ് അംഗീകരിച്ചിട്ടുണ്ട്. വാർഷിക കണക്ക് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) പുതിയ എം.ഡി. ചാർജ് ഏറ്റെടുത്തതിനുശേഷം കാസർഗോഡ് ജില്ലയിലെ സമഗ്രമായ ടൂറിസം വികസനത്തിനായി ബി.ആർ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ചെയ്യാൻ കഴിയുന്നത് ഏതൊക്കെയാണെന്നുള്ളത് സംബന്ധിച്ച് ജനപ്രതിനിധികൾ, ടൂറിസം സംരംഭകർ തുടങ്ങിയവരുമായി ചർച്ചചെയ്ത് ദീർഘകാലാടിസ്ഥാനത്തിലുള്ളതും സുസ്ഥിരവുമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സ്റ്റോറി ടെല്ലിംഗ് ടൂറിസം പദ്ധതി

279 (2265) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ബേക്കൽ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സ്റ്റോറി ടെല്ലിംഗ് ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 'സൈന്റൽ' പദ്ധതി, നോർത്ത് മലബാർ ടൂറിസം ആകർഷണങ്ങളെക്കുറിച്ചുള്ള വീഡിയോ ബ്രോഷറുകളുടെ നിർമ്മാണം, ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നിർമ്മാണം മുതലായവ പൂർത്തീകരിച്ചു. ബേക്കൽ കൾച്ചറൽ സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കി.

(ബി) ബി.ആർ.ഡി.സി-യുടെ ആഭിമുഖ്യത്തിൽ സ്റ്റോറി ടെല്ലിംഗ് ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും സഞ്ചാരം ആസ്വാദ്യകരമാക്കുന്നതിനും ചരിത്ര വസ്തുതകൾ മനസ്സിലാക്കുന്നതിനും ഇതുവഴി തദ്ദേശീയർക്ക് ഉപജീവനമാർഗ്ഗവും ലക്ഷ്യമിടുന്നു.

**മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾ**

280 (2266) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി 2019-20 സാമ്പത്തിക വർഷം ടൂറിസം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽവഴി നടപ്പിലാക്കിവരുന്ന ടൂറിസം പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഡെവലപ്മെന്റ് ഓഫ് സൺസെറ്റ് ബീച്ച് പാർക്ക്, പടിഞ്ഞാറെക്കര പദ്ധതിക്ക് 2 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.
2. മാമാങ്കം ചാവേർത്തറ ഹെറിറ്റേജ് ടൂറിസം പ്രോജക്ട് അറ്റ് തിരുമാന്ധാംകുന്ന് ക്ഷേത്രം, അങ്ങാടിപ്പുറം പദ്ധതിക്ക് 1.50 കോടി രൂപ ഭരണാനുമതി നല്കിയിട്ടുണ്ട്.

ഈ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി മലപ്പുറം ഡി.റ്റി.പി.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**ദേവികുളം മണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ**

281 (2267) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ ഏതൊക്കെ വിനോദസഞ്ചാര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ചെങ്കൽ ശിവക്ഷേത്രം, വ്ലാത്താങ്കര പള്ളി എന്നിവിടങ്ങളിൽ തീർത്ഥാടന ടൂറിസം പദ്ധതി**

282 (2268) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ചെങ്കൽ ശിവക്ഷേത്രം, വ്ലാത്താങ്കര പള്ളി എന്നീ സ്ഥലങ്ങളിൽ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഏത് ഏജൻസിയെ ആണ് ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയത് എന്ന് വിശദമാക്കാമോ;

(സി) ടൂറിസം വകുപ്പ് എത്ര കോടി രൂപയാണ് രണ്ട് കേന്ദ്രങ്ങൾക്കുമായി അനുവദിച്ചത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തീർത്ഥാടന ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ചെങ്കൽ ശിവക്ഷേത്രം, വ്ലാത്താങ്കര പള്ളി എന്നീ സ്ഥലങ്ങളിൽ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ആസ്ഥാനമായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന സർക്കാർ അംഗീകൃത ഏജൻസിയെയാണ് ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ദക്ഷിണ കൈലാസം ശിവക്ഷേത്രത്തിലെ (ചെങ്കൽ ശിവക്ഷേത്രം) ടൂറിസം വികസന പദ്ധതിക്കായി 2 കോടി രൂപയും ചെങ്കലിലെ സ്വർഗാരോപിത മാതാ ചർച്ചിലെ (വ്ലാത്താങ്കര പള്ളി) ടൂറിസം വികസനത്തിനായി 91 ലക്ഷം രൂപയും വിനോദസഞ്ചാര വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പോത്തുണ്ടി ടൂറിസം പദ്ധതി

283 (2269) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പോത്തുണ്ടി ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പോത്തുണ്ടി ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ 85 ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്. ടി പദ്ധതി 31-3-2020-നുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കായംകുളത്തെ സാഹസിക വിനോദ കേന്ദ്രം

284 (2270) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പിൽ നിന്നും കായംകുളം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള സാഹസിക വിനോദ കേന്ദ്രത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ സാഹസിക വിനോദസഞ്ചാര കേന്ദ്രം നിർമ്മിക്കുന്ന പദ്ധതിക്ക് അനുവദിച്ച സ്ഥലം CRZ പരിധിയിൽ വരുന്നതിനാൽ പ്രസ്തുത പദ്ധതി അവിടെ നടപ്പിലാക്കാൻ സാധിക്കില്ല. എന്നാൽ കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരത്ത് സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു.

## ചാലക്കമ്പോളത്തെ പൈതൃക തെരുവായി മാറ്റുന്നതിനുള്ള നടപടി

285 (2271) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ പ്രധാന വാണിജ്യ കേന്ദ്രമായ ചാലക്കമ്പോളത്തെ പൈതൃക തെരുവായി മാറ്റുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഒന്നര വർഷം മുമ്പ് ഉദ്ഘാടനം ചെയ്ത പദ്ധതിയുടെ ആദ്യഘട്ടം നാല് മാസം കൊണ്ട് പൂർത്തിയാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാതെ വന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ രണ്ടാം ഘട്ടമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഈ പദ്ധതിയ്ക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ പ്രധാന വാണിജ്യകേന്ദ്രമായ ചാലക്കമ്പോളത്തെ പൈതൃക തെരുവായി മാറ്റുന്ന പദ്ധതിയുടെ ഒന്നാം ഘട്ടമായ വെജിറ്റബിൾ മാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു.

(ബി) നിലവിലുള്ള കച്ചവട സ്ഥാപനങ്ങളെ നിർമ്മാണ പ്രവൃത്തി നടത്തേണ്ട സ്ഥലത്തുനിന്നും താല്ക്കാലികമായി മാറ്റിസ്ഥാപിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് പദ്ധതിയുടെ പൂർത്തീകരണം വൈകിയത്.

(സി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി മത്സ്യ-മാംസ മാർക്കറ്റ് എന്നിവയാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 1,32,42,819 രൂപ അനുവദിച്ചിട്ടുണ്ട്.

**മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് ടൂറിസം പദ്ധതി**

286 (2272) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് ടൂറിസം പദ്ധതിയുടെ ഭാഗമായി കിഫ്ബി വഴി എന്തെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽനിന്നും എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ കിഫ്ബിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ സ്ഥാപനം ക്രമക്കേടുകൾ നടത്തിയതായി കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് അവർ നടത്തിയതെന്നും ഇതുമൂലം എത്ര കോടി രൂപയുടെ നഷ്ടമുണ്ടായെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ എസ്റ്റിമേറ്റ് കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടി പ്രവൃത്തികൾ SPV ആയ KIIDC വഴി നടപ്പിലാക്കിവരുന്നു. ടി പദ്ധതിക്കായി കിഫ്ബിയിൽനിന്നും നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി&ഡി) ജി.ഒ. (ആർ.ടി.) നമ്പർ 23/2020/ടൂറിസം തീയതി 20-1-2020 സർക്കാർ ഉത്തരവിലൂടെ പ്രസ്തുത പദ്ധതിയുടെ SPV ആയിരുന്ന M/s. INKEL-നെ മാറ്റിക്കൊണ്ട് കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്

കോർപ്പറേഷനെ (KIIDC) SPV ആയി നിയമിച്ചിട്ടുണ്ട്. മറ്റ് വിവരങ്ങൾ വിനോദസഞ്ചാര വകുപ്പിൽ ലഭ്യമല്ല.

**മങ്കട മണ്ഡലത്തിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം**

287 (2273) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് വകുപ്പ് തലത്തിൽ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പെരിന്തൽമണ്ണ സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിന് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മലപ്പുറം ജില്ലാ കലക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കെട്ടിടം പണിയുന്നതിന്റെ ഭാഗമായുള്ള ഡി.പി.ആർ. തയ്യാറാക്കി പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂവെന്ന് ടൂറിസം ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) മങ്കടയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പെരിന്തൽമണ്ണ സെന്ററിന് കെട്ടിടം പണിയുന്നതിനായി പ്രത്യേകമായി ഫണ്ട് വകയിരുത്തിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ സർക്കാർ പ്ലാൻ ശീർഷകത്തിൽ 4 കോടി രൂപ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വകയിരുത്തിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ടി ഫണ്ട് മങ്കടയിൽ കെട്ടിടം പണിയുന്നതിനുകൂടി ഉപയോഗപ്പെടുത്താവുന്നതാണ്.

**മന്ത്രിമാരുടെ വാഹനങ്ങൾ**

288 (T*2274) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാരുടെയും മറ്റ് ക്യാബിനറ്റ് റാങ്ക് നൽകിയവരുടെയും ആവശ്യാർത്ഥം എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി; വിശദാംശം നൽകാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ ഇനത്തിൽ ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം മന്ത്രിമാർക്ക് വേണ്ടി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന്റെ ആവശ്യാർത്ഥം 37 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിൽ 27 ടൊയോട്ട ഇന്നോവ ക്രിസ്റ്റ കാറുകളും 10 ടൊയോട്ട ആൾട്ടിസ് കാറുകളും ഉൾപ്പെടുന്നു.

(ബി) ഈ ഇനത്തിൽ 7,12,89,773 രൂപ ചെലവഴിച്ചിട്ടുണ്ട്

(സി) ഈ സാമ്പത്തിക വർഷം മന്ത്രിമാർക്കുവേണ്ടി പുതിയ വാഹനങ്ങൾ വാങ്ങുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

## ശബരിമല വികസനത്തിനായി നടപ്പിൽ വരുത്തിയ പദ്ധതികൾ

289 (2275) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശബരിമല വികസനത്തിനായി നടപ്പിൽ വരുത്തിയ പദ്ധതികൾ എന്തെല്ലാമെന്നും എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) വിവിധ ജില്ലകളിൽ പ്രഖ്യാപിക്കപ്പെട്ട ശബരിമല ഇടത്താവളങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശബരിമല മാസ്റ്റർ പ്ലാൻ, ശബരിമല ഇടത്താവളം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടേയും അനുവദിച്ച പ്രവൃത്തികളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ശബരിമല ഇടത്താവളം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ശാന്തി നിയമനത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

290 (2276) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ശാന്തി നിയമനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുവാൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ദേവസ്വം ബോർഡിൽ ശാന്തി നിയമനത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ; പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും എത്രപേർ അപേക്ഷ നൽകി; വിശദാംശം ലഭ്യമാക്കാമോ;

(സി) സ്പെഷൽ റിക്രൂട്ട്മെന്റ് വഴി ശാന്തി നിയമനത്തിലെ എത്ര തസ്തികകളാണ് നികത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയുണ്ടായി. പട്ടികജാതി വിഭാഗത്തിൽനിന്നും 35 അപേക്ഷകൾ ലഭിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും അപേക്ഷകൾ ലഭിച്ചില്ല. ഈ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 12 പട്ടികജാതി വിഭാഗക്കാർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ക്ഷണിച്ച വിജ്ഞാപനപ്രകാരം ടെസ്റ്റ് നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് ഈ സർക്കാർ പുനഃസംഘടിപ്പിച്ച കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡാണ്. ഇത് പ്രകാരമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 11 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിക്കഴിഞ്ഞു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാരും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള 18 ഒഴിവുകളിലേയ്ക്ക് ആ വിഭാഗത്തിൽപ്പെട്ടവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട്-ടൈം-ശാന്തി തസ്തികയിലേയ്ക്ക് എൻ.സി.എ. നിയമനംവഴി 14 പട്ടിക ജാതിക്കാരുടെയും 4 പട്ടിക വർഗ്ഗക്കാരുടെയും 2 ഒ.ബി.സി. വിഭാഗക്കാരുടെയും ഒഴിവുകൾ (ടേൺ) നികത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം**

291 (2277) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്രപേർക്ക് ഏതെല്ലാം തസ്തികകളിൽ നിയമനം നൽകി; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 18-11-2019 -ലെ എസ്.ആർ.ഒ. നമ്പർ 905/2019 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി. ക്ലർക്ക്/സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ആറ് പേർക്ക് ഈ സംവരണാനുകൂല്യം നൽകി നിയമനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്.

**അരങ്ങിൽ മഹാദേവക്ഷേത്രത്തിൽ നിർമ്മാണ പ്രവർത്തനം**

292 (2278) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അരങ്ങിൽ മഹാദേവക്ഷേത്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എസ്റ്റിമേറ്റിൽ ഏതൊക്കെ പ്രവൃത്തികൾ ആണ് ഉൾപ്പെടുത്തിയത് എന്ന് വിശദമാക്കാമോ; അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) അരങ്ങിൽ ക്ഷേത്രത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റിൽ ആനക്കൊട്ടിൽ നിർമ്മാണവും സ്റ്റോർ ഉൾപ്പെടെയുള്ള ആഫീസ് റൂമിന്റെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ആനക്കൊട്ടിലിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് വെരിഫൈ ചെയ്തുവരുന്നു. സ്റ്റോർ ഉൾപ്പെടെയുള്ള ആഫീസ് റൂമിന്റെ നിർമ്മാണത്തിന് അടങ്കൽ തുക 4,75,000 രൂപയാണ്.

(സി) സ്റ്റോർ ഉൾപ്പെടെയുള്ള ആഫീസ് റൂമിന്റെ നിർമ്മാണത്തിന് 4,75,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആനക്കൊട്ടിലിന്റെ നിർമ്മാണത്തിന് ഭരണാനുമതിക്കുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1975, 1982, 1988, 1992, 1995, 1999, 2048, 2050, 2051, 2056, 2060, 2082, 2085 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

10.00 AM]

## II അടിയന്തരപ്രമേയം

### പ്രളയ ദുരിതബാധിതർക്കുള്ള സഹായം

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. സഭയിൽ വരേണ്ട കാര്യം തന്നെയാണ് നോട്ടീസിലുള്ളത്. പ്രസ്തുത നോട്ടീസ് അനുവദിക്കാവുന്നതാണ്. എന്നാലത്, ആരോപണങ്ങൾ ഉന്നയിക്കാനുള്ള അവസരമായി ഉപയോഗിക്കരുതെന്നത് മറന്നുകൊണ്ടുള്ള നോട്ടീസാണ്. ഈ നോട്ടീസിന്റെ ഭാഗമായി ധാരാളം ആരോപണങ്ങൾ നൽകിയിട്ടുണ്ട്. ആരോപണങ്ങൾ ഉന്നയിക്കുകയെന്നത് പതിവില്ലാത്തതാണ്. ചട്ടത്തിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കണം.

പ്രളയ ദുരിതബാധിതർക്കുള്ള സഹായം ലഭിക്കാത്തതുമൂലം വയനാട് മേപ്പാടിയിലെ സനിൽ എന്ന ഗൃഹനാഥൻ ആത്മഹത്യ ചെയ്യേണ്ടിവന്നതും ദുരിതബാധിതർക്ക് ലഭിക്കേണ്ട ധനസഹായം ഇടനിലക്കാർ തട്ടിയെടുത്തതു മൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, പി. ടി. തോമസ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വയനാട് വൈത്തിരി തൃക്കൈപ്പറ്റ പള്ളിക്കവല സ്വദേശിയായ 38 വയസ്സുള്ള സനിൽ 2-3-2020 രാത്രി 07.30-ന് അദ്ദേഹം താമസിച്ചിരുന്ന താൽക്കാലിക ഷെഡ്ഡിൽ കെട്ടിത്തൂങ്ങി അത്മഹത്യചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ സഹോദരീ ഭർത്താവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ നടപടിക്രമം 174 വകുപ്പുപ്രകാരം ക്രൈം 71/2020 നമ്പരായി മേപ്പാടി പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മരണപ്പെട്ട സനിലിന്റെ മൃതദേഹം ബത്തേരി ഗവൺമെന്റ് ആശുപത്രിയിലെ പോലീസ് സർജനെക്കൊണ്ട് പോസ്റ്റ്മോർട്ടം പരിശോധന നടത്തി ബന്ധുക്കൾക്ക് വിട്ടുനൽകി. മരണപ്പെട്ട സനിലിന്റെ വീട് 2019-ലെ പ്രളയത്തിൽ തകർന്നുപോയിട്ടുള്ളതും ഇയാൾക്ക് ഒരു ലക്ഷത്തോളം രൂപ കടം ഉണ്ടായിരുന്നതായും അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ആത്മഹത്യാ കുറിപ്പുകളൊന്നും കണ്ടെത്തിയിട്ടില്ല. മേപ്പാടി പോലീസ് സബ് ഇൻസ്പെക്ടർ കേസിന്റെ അന്വേഷണം നടത്തി വരുന്നു. മരണപ്പെട്ട സനിലിന് ഭാര്യയും രണ്ട് മക്കളുമാണുള്ളത്. സനിൽ കൂലിപ്പണിക്കാരനായിരുന്നു.

2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് സനിൽ ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ അദ്ദേഹത്തിന് വിതരണം ചെയ്തിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങൾ പരിശോധിച്ചു. 75 ശതമാനം മുതൽ 100 ശതമാനം വരെ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച കാറ്റഗറിയിൽപ്പെടുത്തി ആശ്വാസ ധനസഹായത്തിന് അർഹതപ്പെട്ടവരുടെ ലിസ്റ്റിൽ സനിൽ ഉൾപ്പെട്ടിട്ടുള്ളതും സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നുള്ള ആദ്യ ഗഡു ധനസഹായമായ 1,01,900 രൂപ പ്രസ്തുത വ്യക്തിക്ക് അദ്ദേഹം ലഭ്യമാക്കിയ അക്കൗണ്ട് നമ്പറിന്റെ ഉടമസ്ഥ ശ്രീമതി സജിനിയുടെ പേരിൽ അനുവദിച്ചിട്ടുള്ളതും പ്രസ്തുത തുക ട്രഷറിയിൽനിന്നും അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ട്രഷറിയിൽനിന്ന് ലഭിച്ച ബാങ്ക് റിജക്ഷൻ ലിസ്റ്റിൽ കക്ഷിയുടെ പേര് ഉൾപ്പെട്ട് വന്നിട്ടുള്ളതായി കാണുന്നു. New balance exceeds maximum എന്നതാണ് റിജക്ട് ആകാനുള്ള കാരണമായി കാണുന്നത്. തഹസീൽദാരുടെ അന്വേഷണത്തിൽ കക്ഷി ലഭ്യമാക്കിയ അക്കൗണ്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-യുടെ 'ജനപ്രിയ' അക്കൗണ്ടായിരുന്നുവെന്നും 'ജനപ്രിയ' അക്കൗണ്ടുകളിൽ 50,000 രൂപ മാത്രമേ ഒരുസമയത്ത് ക്രെഡിറ്റ് ചെയ്യാൻ കഴിയുകയുള്ളൂവെന്നും ഇത്തരത്തിൽ റിജക്ഷൻ വന്ന എല്ലാ കേസുകളും പരിശോധന നടത്തി പരിഹാരം കാണേണ്ടതാണെന്നുമുള്ള നിർദ്ദേശം ജില്ലകളിലേയ്ക്ക് 18-1-2020-ന് തന്നെ ലാന്റ്സ് റവന്യൂ കമ്മീഷണർ നൽകിയിട്ടുള്ളതാണ്. 2019-ലെ വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും നാശനഷ്ടം സംഭവിച്ചിട്ടുള്ളവർ ക്കെല്ലാം ധനസഹായം നൽകിയിട്ടുണ്ട്. ക്യാമ്പുകളിൽ താമസിച്ചിട്ടുള്ള 139138 പേർക്കും ബന്ധുവീടുകളിലേയ്ക്ക് മാറിത്താമസിച്ച 156464 പേർക്കും സർക്കാർ തലത്തിൽനിന്ന് ബനിഫിഷ്യറി അക്കൗണ്ടിലേയ്ക്ക് നേരിട്ട് 10,000 രൂപ വീതം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയായ സി.എം.ഡി.ആർ.എഫ്.-ൽനിന്ന് എറണാകുളം കളക്ടറേറ്റിലെ ക്ലാർക്കായ ശ്രീ. വിഷ്ണുപ്രസാദ് പ്രളയ ദുരിതാശ്വാസ വിതരണത്തിനായുള്ള 10,54,000 രൂപയുടെ ക്രമക്കേട് നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ 25-2-2020-ന് ഐ.പി.സി. 403, 409, 420, 120(ബി) വകുപ്പുകൾ പ്രകാരവും അഴിമതി നിരോധന നിയമത്തിലെ 13 (1)(എ) വകുപ്പ് പ്രകാരവും ക്രൈം 83/2020 നമ്പരായി തൃക്കാക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും തുടർന്ന് കൊച്ചിൻ സിറ്റി സി ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ടീം കേസിന്റെ അന്വേഷണമേറ്റെടുത്ത് നടത്തി വരികയുമാണ്. കേസിലെ ഒന്നാം പ്രതിയായ ശ്രീ. വിഷ്ണുപ്രസാദിനെ 2020 മാർച്ച് 3-ാം തീയതിയും യഥാക്രമം രണ്ട്, ആറ്, ഏഴ് പ്രതികളായ മഹേഷ്, നിതിൻ, ഷിന്റു മാർട്ടിൻ എന്നിവരെ 4-3-2020-നും അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസന്വേഷണത്തിൽ, 2018-ൽ ഉണ്ടായ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി വിതരണത്തിനായി എറണാകുളം കളക്ടർ ഒരു പ്രത്യേക സെൽ

രൂപീകരിച്ചിരുന്നു. ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ ആപ്ലിക്കേഷൻ വഴി വോളണ്ടിയർമാരെ നിയോഗിച്ച് ഗുണഭോക്താക്കളെ കണ്ടെത്തി വിവരങ്ങൾ ശേഖരിച്ചുവരികയും ചെയ്തു. ദുരിതാശ്വാസമായി അനുവദിക്കേണ്ട തുക 60,000 രൂപയിൽ കൂടുതലാണെന്ന് വിലയിരുത്തിയാൽ പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട എഞ്ചിനീയർമാർ വഴി കൂടുതൽ പരിശോധന നടത്തിയശേഷം ഗുണഭോക്താക്കളുടെ ഡാറ്റ മേൽപ്പറഞ്ഞ വെബ് ആപ്ലിക്കേഷനിൽ അപ്‌ലോഡ് ചെയ്യുകയും പരിഹാര സെൽ പരിശോധിച്ച് അംഗീകാരം നൽകുകയുമാണ് ചെയ്തിരുന്നത്. അംഗീകരിക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് എൻ.ഐ.സി. എറണാകുളം എക്സൽ ഷീറ്റിൽ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ തുക വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് ബിൽ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിന് കൈമാറുകയും തുടർന്ന് കളക്ടറേറ്റിലെ ഡി.ഡി.ഒ. ആയ എ.ഡി.എം. പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് അനുവാദം നൽകുകയുമാണ് ചെയ്തിരുന്നത്. ഇപ്രകാരം ബിൽ പാസ്സാക്കുന്ന ഡി.ഡി.ഒ.-യ്ക്ക് പ്രത്യേക യൂസർ നെയിമും പാസ്‌വേർഡും ഉണ്ടായിരുന്നുവെങ്കിലും ആയവ പരിഹാര സെല്ലിൽ അംഗങ്ങളായ എല്ലാ ഉദ്യോഗസ്ഥർക്കും ലഭ്യമാക്കിയിരുന്നു. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് തുക വിതരണം ചെയ്തുവരുന്നത്. എന്നാൽ ധനസഹായത്തിനുള്ള അപേക്ഷയിൽ ഗുണഭോക്താവിന്റെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവയിൽ വ്യത്യാസം വരികയോ അക്കൗണ്ടിൽ മിനിമം ബാലൻസ് തുടങ്ങിയ മറ്റെന്തെങ്കിലും പ്രശ്നമോ ഉണ്ടായാൽ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ വരാതെ ട്രഷറിയിലെ സി.എം.ഡി.ആർ. എഫ്. പൂൾ അക്കൗണ്ടിലേയ്ക്ക് തിരിച്ചെത്തുകയാണ് ചെയ്യുന്നത്. ഇപ്രകാരം ട്രഷറി അക്കൗണ്ടിലേയ്ക്ക് മടങ്ങിയെത്തിയ ഫണ്ട് പ്രതിയായ ശ്രീ. വിഷ്ണുപ്രസാദ് ബിൽ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ തിരിമറി നടത്തി അർഹതയില്ലാത്തവരുടെ ബാങ്ക് അക്കൗണ്ട് നമ്പർ തിരുകിക്കയറ്റിയാണ് ഈ തട്ടിപ്പ് നടത്തിയതെന്നാണ് കണ്ടെത്തിയിരിക്കുന്നത്. സർവ്വശ്രീ മഹേഷ്, അൻവർ, കൗലത്ത്, നിധിൻ, ഷിന്റു എന്നിവരുമായി ശ്രീ. വിഷ്ണുപ്രസാദ് ഗൂഢാലോചന നടത്തി 28-11-2019 മുതൽ 24-1-2020 വരെയുള്ള കാലയളവിൽ 15,54,000 രൂപ അപഹരിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ആറ് പേരെയും കേസിൽ പ്രതികളായി ചേർത്തിട്ടുണ്ട്. കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്.

2018-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്കെല്ലാം ധനസഹായം അനുവദിച്ചിട്ടില്ലെന്നുകൂടി ഈ അടിയന്തരപ്രമേയത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. അത് ശരിയല്ല. 2018-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്കെല്ലാം സഹായധനം അനുവദിച്ചിട്ടുണ്ട്.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...ഇരിക്കു.(...ബഹളം...) പ്ലീസ്... ഇരിക്കു. അങ്ങ് സംസാരിക്കു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ക്യാമ്പുകളിലും ബന്ധുവീടുകളിലും മാറി ത്താമസിച്ച 692966 പേർക്ക് 10,000 രൂപ വീതം ധനസഹായം അനുവദിച്ച് ബനിഫിഷ്യറി അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. പൂർണ്ണമായും നാശനഷ്ടം സംഭവിച്ചിട്ടുള്ള 18394 വീടുകളിൽ 10333 വീടുകളുടെ പണി പൂർത്തിയായിട്ടുള്ളതാണ്. ബാക്കിയുള്ളതിൽ 1384 വീടുകൾക്ക് നിയമപ്രശ്നവും വസ്തുതർക്കവും കാരണം തുക നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. വസ്തു തർക്കങ്ങൾ പോലെയുള്ള നിയമപ്രശ്നങ്ങൾ ഉള്ളവ അങ്ങനെതന്നെ നിൽക്കുകയാണ്. സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറാൻ തയ്യാറല്ലാത്ത 263 പേർക്കും പുറമ്പോക്ക് ഭൂമിയിൽനിന്ന് മാറാൻ തയ്യാറല്ലാത്ത 340 പേർക്കും സഹായധനം നൽകിയിട്ടില്ല. ബാക്കിയുള്ള എല്ലാപേർക്കും അവസാന ഗഡു തുക മാത്രമേ നൽകാൻ അവശേഷിക്കുന്നുള്ളൂ. ഇതാണ് ഇവയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് പൊതുവായി ചൂണ്ടിക്കാണിക്കാനുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, 2018, 2019 വർഷങ്ങളിലായി കേരളം രൂക്ഷമായ പ്രളയത്തിനും പ്രകൃതി ദുരന്തങ്ങൾക്കുമാണ് സാക്ഷ്യംവഹിച്ചത്. രണ്ട് പ്രളയങ്ങളിലുമായി 700-ഓളം മനുഷ്യജീവനുകളാണ് പൊലിഞ്ഞുപോയത്. 2018-ൽ മധ്യകേരളത്തിൽ വലിയ പേമാരിയും വെള്ളപ്പൊക്കവുമുണ്ടായി. ജനങ്ങൾ പ്രളയജലത്തിൽനിന്നും രക്ഷപ്പെടുന്നതിനായി ഇരുനിലവീടിന്റെ മുകളിൽപ്പോലും കയറി പ്രയാസമനുഭവിച്ചത് നമ്മൾ കണ്ടതാണ്. 2018-ലെ പ്രളയത്തിൽ മധ്യകേരളമാണ് മുങ്ങിയതെങ്കിൽ 2019-ൽ മലപ്പുറം, വയനാട്, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്രകൃതിദുരന്തങ്ങൾ ഉണ്ടാക്കിയ നാശനഷ്ടങ്ങൾ വളരെ വലുതാണ്. ആയിരക്കണക്കിന് വീടുകളും ജീവിതോപാധികളും തകർന്നുപോയ സ്ഥിതിയാണ് 2018-ലും 2019-ലുമായി ഉണ്ടായത്. പതിനായിരക്കണക്കിന് ആളുകളുടെ ജീവിതം ആദ്യം മുതൽ കെട്ടിപ്പടുക്കേണ്ട സ്ഥിതിയിലേയ്ക്ക് എടുത്തെറിയപ്പെട്ടു എന്നുള്ളതാണ് ഈ ദുരന്തത്തിന്റെ ഒരവസ്ഥ. പല സന്ദർഭങ്ങളിലും ഇക്കാര്യം ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ട് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ഈ ഹതഭാഗ്യരോട് സർക്കാരിന്റെ സമീപനമെന്തായിരുന്നു? വയനാട്ടിലെ പ്രളയദുരന്തത്തിന് ഇരയായ സനിൽ എന്ന ഗൃഹനാഥന് പ്രളയ ദുരിതബാധിതർക്കുള്ള ധനസഹായം ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി എത്ര ലാഘവത്തോടെയാണ് പറഞ്ഞത്. 2018-ലും 2019-ലും ദുരന്തത്തിനിരയായ അദ്ദേഹത്തിന് പതിനായിരം രൂപപോലും നൽകിയിട്ടില്ല. എന്നിട്ടാണ് ഇവിടെ ലക്ഷങ്ങളുടെ കണക്ക് പറയുന്നത്. 2018-ൽ ഭാഗികമായും 2019-ൽ പൂർണ്ണമായും വീട് തകർന്നു. എന്നിട്ടും ഒരുരൂപപോലും ഇദ്ദേഹത്തിന് അനുവദിച്ചില്ല. സർക്കാർ

ഓഫീസുകളിൽ ധനസഹായത്തിനായി അന്വേഷിക്കുമ്പോൾ ഇന്നുവരും നാളെവരും എന്നൊക്കെപ്പറഞ്ഞ് അദ്ദേഹത്തെ മടക്കിഅയച്ചു. പ്രളയ ദുരിതാശ്വാസ ധനസഹായം ലഭിക്കാത്തതിലുള്ള മനോവിഷമത്തിലാണ് സനിൽ തന്റെ ജീവിതം അവസാനിപ്പിച്ചത്. പ്രളയദുരിതാശ്വാസ കൈകാര്യത്തിന്റെ ഏറ്റവും വലിയ ഇരയാണ് സനിൽ. ഈ സർക്കാരും സർക്കാർ സംവിധാനങ്ങളുമാണ് സനിലിന്റെ ജീവൻ നഷ്ടപ്പെട്ടതിന് ഉത്തരം പറയേണ്ടത്. സനിൽ മരണപ്പെട്ടിട്ടും അദ്ദേഹത്തിന്റെ കുടുംബത്തിന് ഇതുവരെ ഒരു നയാപൈസ പോലും നൽകിയിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ വന്ന പാളിച്ചകളും പോരായ്മകളുമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. എത്ര നിസ്സാരവൽക്കരിച്ചുകൊണ്ടാണ് മറുപടി പറയുന്നത്. നഷ്ടപ്പെട്ട ജീവൻ നമുക്ക് തിരിച്ചുകിട്ടുമോ? സമാന വിഷയത്തിൽ ഇടുക്കി ജില്ലയിലെ രാജകുമാരി എന്ന പ്രദേശത്ത് ഗ്രേസി എന്ന സഹോദരിയുടെ ജീവിതം ഈ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതമൂലം നഷ്ടപ്പെടേണ്ട സ്ഥിതിയുണ്ടായിട്ടുണ്ട്. തന്റെ വീടിന്റെ മുകളിലേയ്ക്ക് മണ്ണിടിഞ്ഞ് വരുന്നതുകണ്ട് ഗ്രേസി തളർന്നുവീണു. അതുമൂലം ശരീരത്തിന്റെ ഒരു ഭാഗം തളർന്നുപോകുകയും ചെയ്തു. പ്രകൃതിയുടെ ചെറിയൊരു മിന്നലാട്ടത്തിൽ ഇതുവരെ ജീവിതത്തിൽ കെട്ടിപ്പൊക്കിയ സ്വപ്നങ്ങളൊന്നാകെ ആ സഹോദരിക്ക് നഷ്ടപ്പെട്ടു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പത്തുപതിനഞ്ച് ദിവസം ചികിത്സയിൽ കഴിഞ്ഞ ഗ്രേസി തിരിച്ചുവന്നപ്പോൾ താമസിക്കാൻ വീടുണ്ടായിരുന്നില്ല. ഇവർക്ക് പകരമൊരു സംവിധാനമോ ചികിത്സയ്ക്ക് പണമോ ഗവൺമെന്റ് നൽകിയില്ല. നാട്ടുകാർ നിർമ്മിച്ച് നൽകിയ പ്ലാസ്റ്റിക് കൂടാരത്തിലാണ് ഗ്രേസി പിന്നീട് താമസിച്ചത്. അവിടെയിരുന്ന് തണുപ്പനുഭവിച്ച് ആ പ്രിയപ്പെട്ട സഹോദരി അന്ത്യയാത്രയായി. ഈ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയുടെ മറ്റൊരു രക്തസാക്ഷിയാണ് ഗ്രേസി. ബഹുമാനപ്പെട്ട മെമ്പർ പി. ജെ. ജോസഫ് ചൂണ്ടിക്കാണിച്ച നെടുങ്കണ്ടത്തെ അജയൻ എന്ന സഹോദരൻ രണ്ട് പ്രളയങ്ങളിലുമായി എല്ലാം നഷ്ടപ്പെട്ട് ഇന്ന് ആട്ടിൻ കൂട്ടിലാണ് കഴിയുന്നത്. ഈ ഗവൺമെന്റ് ഒരുരൂപയുടെ സഹായം അദ്ദേഹത്തിന് അനുവദിച്ചിട്ടില്ലെന്ന് കാണാൻ സാധിക്കും. സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ പ്രളയവും പ്രകൃതിദുരന്തങ്ങളും ഉണ്ടാക്കിയ നഗ്നചിത്രങ്ങൾ ഇങ്ങനെ നിൽക്കുമ്പോൾ പാർട്ടിയും പാർട്ടിസംവിധാനവും പാർട്ടിക്കാരുടെ യൂണിയനും ഭരണകക്ഷിയും കൂടിചേർന്ന് പാവങ്ങൾക്ക് കിട്ടേണ്ട പണം അടിച്ചുമാറ്റുന്ന ചിത്രമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. പ്രളയ തട്ടിപ്പിന്റെ വിശദാംശങ്ങൾ എന്താണ്? അയ്യനാട് ബാങ്ക് ഭരിക്കുന്നത് സി.പി.ഐ.(എം.) ആണ്. അവിടത്തെ ഡയറക്ടറായ ശ്രീമതി കൗലത്തിന്റെ ഭർത്താവ് ശ്രീ. അൻവറിന്റെ അക്കൗണ്ടിലേയ്ക്കാണ് 13 ലക്ഷം രൂപ വന്നത്. അതെല്ലാം മറച്ചുവച്ചാണ് ബഹുമാനപ്പെട്ട മന്ത്രി കാര്യങ്ങൾ പറഞ്ഞത്.

ഇതൊന്നും ശരിയായ രീതിയല്ല. അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി വെറുതെ അതുമിതും പറയരുത്. 13 ലക്ഷം രൂപ ഈ അക്കൗണ്ടിലേയ്ക്ക് വന്നപ്പോൾ ബാങ്ക് സെക്രട്ടറി അത് നൽകാൻ വിസമ്മതിച്ചു. കളമശ്ശേരി ഏരിയ സെക്രട്ടറി ശ്രീ. സക്കീർ ഹുസൈൻ അടക്കമുള്ള ഉന്നത പാർട്ടി നേതൃത്വത്തിന്റെയും ഡയറക്ടർ ബോർഡിന്റെയും നിർബന്ധത്തിനുവഴങ്ങിയാണ് ഈ തുക ശ്രീ. അൻവറിന് കൈമാറിയത്. അവസാന ഗഡു നൽകുന്നതുമായി ബന്ധപ്പെട്ട് തർക്കമുണ്ടായി. ഈ തർക്കം പുറത്തറിഞ്ഞ് വാർത്തയായി. ഇതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ കേസ് കൊടുത്തപ്പോഴാണ് സി.പി.ഐ.(എം.) തൃക്കാക്കര ലോക്കൽ കമ്മിറ്റി അംഗങ്ങളായിട്ടുള്ള ശ്രീ അൻവർ, ശ്രീമതി കൗലത്ത്, യൂണിയൻ നേതാക്കളായ സർവ്വശ്രീ വിഷ്ണുപ്രസാദ്, ഷിന്റു എന്നിവരെല്ലാപേരും ചേർന്ന് വലിയൊരു ഗൂഢാലോചന നടത്തിയാണ് പാവപ്പെട്ടവർക്ക് അർഹതപ്പെട്ട തുക തട്ടിയെടുത്തത്. ഇത് വളരെ ഗൗരവമായ വിഷയമാണ്. സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ നേതാക്കന്മാർ പാവപ്പെട്ടവന് ലഭിക്കേണ്ട ധനസഹായം തട്ടിയെടുത്ത വളരെ വിചിത്രമായ ഒരു ചിത്രമാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്. ഇതുപോലെയുള്ള വേറെയും തട്ടിപ്പുകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ആലുവ എം.എൽ.എ. ചൂണ്ടിക്കാണിച്ച മറ്റൊരു തട്ടിപ്പുണ്ട്. 80% ശാരീരിക വൈകല്യമുള്ള, കണ്ണുകാണാത്ത ശ്രീ. ലത്തീഫ് എന്ന ആളിന് അനുവദിച്ച 60,000 രൂപ വേറൊരു അക്കൗണ്ടിലേയ്ക്കാണ് പോയത്. ശ്രീ. അൻവർ സാദത്ത് ഇതിൽ ഇടപെട്ട് ബന്ധപ്പെട്ടവരോട് സംസാരിച്ചിട്ടും ഈ നിമിഷംവരെ തുക ലഭിച്ചിട്ടില്ല. അതും ഇതുപോലുള്ളൊരു തട്ടിപ്പാണോയെന്ന് ഞങ്ങൾ സംശയിക്കുകയാണ്. അതിനാൽ ഇതുമായി ബന്ധപ്പെട്ട് കൃത്യമായ ഒരു അന്വേഷണം ആവശ്യമാണ്. ഒരു സി.ബി.ഐ. എൻക്വയറി ഞങ്ങൾ ആവശ്യപ്പെടുകയാണ്. പ്രളയ ദുരന്തത്തിലേയ്ക്ക് പണം സ്വരൂപിക്കുന്നതിനു വേണ്ടി ഒരു വലിയ ഷോ നടത്തി, എന്നാൽ അവസാനം പ്രതിഫലം അങ്ങോട്ട് കൊടുക്കേണ്ടിവന്നു. ഇതുമായി ബന്ധപ്പെട്ട് നടന്ന മറ്റൊരു തട്ടിപ്പാണിത്. ഇവിടെ സൂചിപ്പിച്ച ശ്രീ. സക്കീർ ഹുസൈൻ എന്ന നേതാവിനെതിരെ ഗിരീഷ് എന്ന വ്യക്തി പരാതിയും നൽകിയിട്ടുണ്ടെന്നുതുകൂടി നമ്മൾ കാണേണ്ടതാണ്. പ്രളയം ബാധിച്ച സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശനം നടത്തിയപ്പോൾ ഹ്രസ്വമായി ദുരിതബാധിതരോട് "നിങ്ങളാരും പേടിക്കേണ്ട, നിങ്ങളുടെകൂടെ സർക്കാരുണ്ട്" എന്നുപറഞ്ഞിരുന്നു. പക്ഷേ, ഇപ്പോൾ എന്താണ് കാണുന്നത്; സർക്കാർ ഒപ്പമുണ്ടോ? രണ്ട് വർഷമായി ഈ സാധുക്കൾക്ക് വീട് ലഭിച്ചിട്ടില്ല. ജീവനോപാധി നഷ്ടപ്പെട്ടവർക്ക് അത് ലഭിച്ചിട്ടില്ല. സർക്കാർ ഒപ്പമില്ലെന്ന് മാത്രമല്ല, സർക്കാർ ഒപ്പമുള്ളത് പാർട്ടി തട്ടിപ്പുകാരുടെ കൂടെയാണ്. പാവപ്പെട്ടവന്റെ പണം തട്ടിയെടുക്കുന്ന സി.പി.ഐ.

(എം.) നേതാക്കന്മാർക്കൊപ്പമാണ് സർക്കാരെന്ന് വ്യക്തമായിരിക്കുകയാണ്. ഈ പണം എങ്ങനെയുണ്ടായതെന്ന കാര്യംകൂടി നാം ഓർക്കണം. നമ്മുടെ നാട്ടിൽ നിന്ന് ഗൾഫിൽ പോയി അദ്ധ്വാനിക്കുന്നവർ, ഇവിടെയുള്ളവർ, നമ്മുടെ ചെറിയ കുട്ടികൾ സൈക്കിളും സമ്മാനവും വാങ്ങാൻ സ്വരൂപിച്ചുവച്ച പണക്കുടുക്കകൾ പൊട്ടിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊടുത്ത പണമാണ് ഇവിടെ ദുർവ്യയം ചെയ്യുന്നതിനും പാർട്ടിക്കാർക്ക് അടിച്ചുമാറ്റുന്നതിനുമുള്ള സൗകര്യം ഒരുക്കിക്കൊടുത്തിട്ടുള്ളത്. ഈ തുക പ്രത്യേക അക്കൗണ്ടിലാക്കണമെന്ന് ബഹുമാന്യരായ പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും ശ്രീ. വി. ഡി. സതീശനും ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരുന്നു. എന്തുകൊണ്ടാണ് പ്രത്യേക അക്കൗണ്ടിലേയ്ക്ക് മാറ്റാത്തത്? അങ്ങനെ മാറ്റിയാൽ ഇങ്ങനെ ദുർവ്യയം ചെയ്യാൻ സാധിക്കില്ല. അതിന് കണക്ക് പറയേണ്ടിവരും. സാലറി ചലഞ്ചിൽ ഉദ്യോഗസ്ഥരുടെ കഴുത്തിന് പിടിച്ചാണ് പണം വാങ്ങിയത്. ആ തുക ഉപയോഗിച്ചിട്ടാണ് ഇവിടെ ദുർവ്യയം നടത്തുന്നത്. പ്രകൃതി ദുരന്തം ഏറ്റവും ശക്തമായി ബാധിച്ച മേഖലകളുടെ ഇന്നത്തെ സ്ഥിതിയെന്താണ്? പ്രകൃതിദുരന്തം ഏറ്റവും കൂടുതലുണ്ടായത് കവളപ്പാറയിലാണ്. ആ ദുരന്തത്തിൽ മരിച്ച ബിനോയ്, അതുല്യ, അനർഘ സി.പി.ഐ.(എം.) പ്രാദേശിക നേതാവായിരുന്ന ശ്രീധരൻ ചീരോളി, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. എൻ. ഷംസീർ എഴുതിവച്ചോളൂ, അതുപോലെ മരണപ്പെട്ട പട്ടാളക്കാരനായ വിഷ്ണുവിന്റെ കുടുംബം ഇവർക്കൊന്നും ഒരു രൂപപോലും ലഭിച്ചിട്ടില്ല. എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ സ്ഥിതി വളരെ ദയനീയമാണ്. ദുരന്തം കഴിഞ്ഞ് എട്ടുമാസം പിന്നിട്ടിട്ടും കവളപ്പാറയിലെ ആളുകൾ ഇപ്പോഴും ക്യാമ്പിലാണ് കഴിയുന്നത്. അവിടെ സി.പി.ഐ.(എം.)-ന്റെ ഒരു പ്രാസംഗികനുണ്ടായിരുന്നു. കവളപ്പാറയിൽ ഗവൺമെന്റ് നന്നായി ഇടപെട്ട് പ്രവർത്തിച്ചെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തെ തിരുവനന്തപുരത്തെ വട്ടിയൂർക്കാവിൽ ഉപതെരഞ്ഞെടുപ്പ് നടന്നപ്പോൾ പ്രാസംഗികനായി കൊണ്ടുവന്നിരുന്നു. സുമോദുമായി ബന്ധപ്പെട്ടപ്പോഴാണ് അദ്ദേഹത്തിനുപോലും ഒരു രൂപയുടെ ധനസഹായം കിട്ടിയിട്ടില്ലെന്ന് അറിയാൻ കഴിഞ്ഞത്. കവളപ്പാറയിലെ ജനങ്ങൾ വളരെ പ്രയാസം അനുഭവിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കരടിയോട്, ഉപ്പുകുളം പ്രദേശങ്ങളിലുള്ള പത്തൊൻപതും ഇരുപതും ആദിവാസി കുടുംബങ്ങൾ ഉരുൾപൊട്ടലിൽ ഊര് നഷ്ടമായതിനാൽ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പിലാണ് കഴിയുന്നത്. വണ്ടൂർ മണ്ഡലത്തിലെ ധാരാളം പേർക്ക് ദുരിതാശ്വാസ ധനസഹായമായ പതിനായിരം രൂപ ഇനിയും കിട്ടിയിട്ടില്ല. എറണാകുളം ജില്ലയിൽ പറവൂർ, ആലുവ, കളമശ്ശേരി എന്നിവടങ്ങളിലും ഒരു സഹായവും കിട്ടിയിട്ടില്ല. ഇവിടെ നാം മനസ്സിലാക്കേണ്ടത്, പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളെല്ലാം അവതാളത്തിലാണെന്നാണ്. ലോകബാങ്കിൽനിന്നും ലഭിച്ച

1,750 കോടി രൂപയും സംസ്ഥാനത്തിന് കിട്ടിയ 4,000 കോടി രൂപയും സെമിനാറിനും സിമ്പോസിയത്തിനുമാണ് വിനിയോഗിക്കുന്നത്. കെ.പി.എം.ജി. എന്ന ബ്ലാക്ക്ലിസ്റ്റ് ചെയ്യപ്പെട്ട ഏജൻസിയെയാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ ഏൽപ്പിച്ചിട്ടുള്ളത്. അവർ ഒന്നും ചെയ്തിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടിയിൽ നാല് പാലങ്ങൾ ഒലിച്ചുപോയതിനാൽ പാവപ്പെട്ട ആദിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടാൻ സാധിക്കുന്നില്ല. തകർന്ന പാലങ്ങളും കുടിവെള്ള പദ്ധതികളൊന്നും ഇതുവരെ പുനഃക്രമീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ചെറിയ കണക്കല്ല, അത് പരിശോധിക്കണം. അക്കൗണ്ടും കണക്കും ശരിയല്ലെന്ന കാരണത്താൽ ബാങ്കിൽനിന്നും ദുരിതാശ്വാസ ധനസഹായമായ പതിനായിരം രൂപ മടങ്ങിയത് 38,000 ആളുകളുടേതാണ്. അത്രയും പേർക്ക് സർക്കാർ കൊടുത്ത പതിനായിരം രൂപ അക്കൗണ്ടുകളിൽനിന്നും മാറാൻ ഇതുവരെ സാധിച്ചിട്ടില്ല. അതുപോലെ വീടിന്റെ അറ്റകുറ്റപ്പണികൾക്കായി കൊടുത്ത പണം 18,000 പേർക്കും മാറാൻ സാധിച്ചിട്ടില്ല. പരാതികളുടെ പ്രളയമുണ്ടായ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ലോക അദാലത്തുണ്ടാക്കണമെന്ന് പറഞ്ഞത്. പ്രളയം തീർന്നപ്പോൾ ഗവണ്മെന്റിന്റെ കെടുകാര്യസ്ഥതയിലൂടെ പരാതികളുടെ പ്രളയമാണ് നമ്മുടെ സംസ്ഥാനത്ത് നടന്നത്. ലോക അദാലത്തുണ്ടാക്കാൻ പറഞ്ഞപ്പോൾ അതിനെതിരെ സർക്കാർ അപ്പീലിന് പോയിരിക്കുകയാണ്. ലോക അദാലത്തുണ്ടാക്കിയാൽ യഥാർത്ഥ കണക്കുകൾ പുറത്തുവരുമെന്നുള്ളതുകൊണ്ടാണ് അപ്പീലിന് പോയത്.

മി. സ്പീക്കർ: മേപ്പാടിയും കൊണ്ടോട്ടിയും മണ്ണാർക്കാടുമെല്ലാം ഒരുമിച്ച് പറയാതെ അങ്ങ് സ്പെസിഫിക്കായി പറയൂ. ദയവായി അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയവും അതിന്റെ ദുരിതവും പേറി ജനങ്ങൾ നടക്കുമ്പോൾ അവരെ സഹായിക്കാതെ അവർക്ക് കിട്ടേണ്ട പണം ഗവൺമെന്റ് അടിച്ചുമാറ്റാൻ കാട്ടുന്ന സമീപനം ശരിയല്ല. പ്രളയം തകർത്ത ജീവിതവിധിയിൽ നെടുവീർപ്പെട്ട് കഴിയുന്നവരോടും ജീവിതത്തിലെ മുഴുവൻ സമ്പാദ്യവും നഷ്ടമായവരോടും സർക്കാർ ചെയ്യുന്നത് ക്രൂരതയാണ്. അവരുടെ കണ്ണീരിൽ ഈ പിണറായി സർക്കാർ ഒലിച്ചുപോകുമെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അത്രവലിയ ക്രൂരതയാണ് അവരോട് കാണിക്കുന്നത്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ഈ വിഷയങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാനിവിടെ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: റൂൾ 50 നോട്ടീസ് സനിലിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ടതാണ്. ശ്രീ. സി. കെ. ശശീന്ദ്രന്റെ മണ്ഡലത്തിൽപ്പെട്ട ആളാണ് മരണപ്പെട്ട സനിൽ. സ്ഥലം എം.എൽ.എ. രണ്ടുവാക്ക് സംസാരിക്കുന്നതാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, സനിലിന്റെ മരണം ദൗർഭാഗ്യകരമാണെങ്കിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം തികച്ചും രാഷ്ട്രീയ താൽപ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് നടക്കുന്നത്. സനിൽ ആത്മഹത്യചെയ്ത ദിവസം യു.ഡി.എഫ്. പ്രവർത്തകർ മേപ്പാടി പഞ്ചായത്തിൽ ഉപരോധം നടത്തിയിരുന്നു. അവിടത്തെ മെമ്പർ കോൺഗ്രസ്സ് നേതാവായ ശ്രീ. ബെന്നി പീറ്ററാണ്. അദ്ദേഹം ആ സമരത്തിൽ പങ്കെടുത്തില്ല. തെറ്റായ കാര്യങ്ങളാണ് ഇവിടെ ഉന്നയിക്കുന്നത്. നേരത്തെ ഇവിടെ മന്ത്രി വിശദീകരിച്ചതുപോലെ അദ്ദേഹത്തിന് കാശ് കൊടുത്തതായിരുന്നു. ശ്രീ. ബെന്നി പീറ്ററിന്റെ അദ്ധ്യക്ഷതയിൽ ഗ്രാമസഭായോഗം ചേർന്ന് 'ലൈഫ് പദ്ധതി'-യിൽ മാനദണ്ഡപ്രകാരം പതിനഞ്ചാമത്തെ ആളായി സനിലിനെ ഉൾപ്പെടുത്താൻ പറ്റില്ലെന്നുപറഞ്ഞ് മാറ്റിനിർത്തിയതാണ്. നാല് ലക്ഷം രൂപ അനുവദിച്ചുവെങ്കിലും ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട ചില വിഷയങ്ങളുണ്ടായിട്ടുണ്ട്. 2018-ൽ അദ്ദേഹത്തിന് ക്യാമ്പിൽ മാറിത്താമസിക്കേണ്ടി വന്നില്ല. തെറ്റായ രീതിയിൽ കാര്യങ്ങൾ പ്രചരിപ്പിക്കുന്നത് ശരിയല്ല. ഇക്കാര്യങ്ങൾക്ക് പുറമേ കടവുമായി ബന്ധപ്പെട്ട വിഷയങ്ങളുമുണ്ടെന്ന് അദ്ദേഹത്തിന്റെ ഭാര്യതന്നെ വെളിപ്പെടുത്തിയിട്ടുള്ളതാണ്. സനിലിന്റെ കാര്യത്തിൽ നേരത്തെ പറഞ്ഞതുപോലെ ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുകയും പൈസ കൊടുക്കുകയും ചെയ്തതിന്റെ സാങ്കേതിക വിഷയങ്ങളെ മറയാക്കി ഇത്തരം കാര്യങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല. ഇത് സഭയുടെ മുൻപാകെ അറിയിക്കുകയാണ്. മാത്രമല്ല, എന്റെ മണ്ഡലത്തിലെ കാര്യമല്ലേ ഞാൻ പറയുന്നത്. കുത്തുമലയുൾപ്പെടെയുള്ള പ്രദേശങ്ങളിൽനിന്ന് ഭൂമിയെടുക്കാൻ കഴിഞ്ഞ ദിവസം മന്ത്രിസഭായോഗം തിരുമാനിച്ചു. മാതൃഭൂമി ഭൂമി എടുത്തുതരുന്നുണ്ട്. രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കികൊടുത്തു. കളക്ടറും ഞങ്ങളും രണ്ടുതവണ യോഗം ചേർന്നു. അവരെല്ലാം കൂട്ടായി പറഞ്ഞു ഞങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്ക് പത്തുലക്ഷം രൂപ വാങ്ങിപ്പോകുന്നില്ല, ഞങ്ങൾക്ക് കൂട്ടായ സ്ഥലം വേണമെന്ന്. ഇവർ പങ്കെടുത്ത സമരത്തിൽ നാമമാത്രമായി നാലഞ്ച് ആളുകളാണ് ആ പ്രദേശത്തുനിന്നും വന്നത്. അവർക്ക് എല്ലാ കാര്യങ്ങളും അറിയാം, അവിടെ പോയി അന്വേഷിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഇവിടെ പറയുന്നതുപോലെയല്ല വിഷയം.

മി. സ്പീക്കർ: അദ്ദേഹം ആ മണ്ഡലത്തിലായതുകൊണ്ടാണ് പറഞ്ഞത്. അയ്യനാടുമായി ബന്ധപ്പെട്ട കാര്യം നേരത്തെ പ്രമേയം കൊണ്ടുവരാൻ സമയമുണ്ടായിരുന്നു. അങ്ങ് ഇവിടെ ഉന്നയിച്ചിട്ടില്ല. മേപ്പാടി അദ്ദേഹത്തിന്റെ

മണ്ഡലത്തിലാണ്; ശ്രീ. പി. ടി. തോമസിന്റെ അയ്യനാട് വിഷയം രണ്ടാഴ്ച മുൻപാണ്. അങ്ങേയ്ക്ക് ഇത് കൊണ്ടുവരാൻ സമയമുണ്ടായിരുന്നു. ശ്രീ. എൻ. ഷംസുദ്ദീൻ അടിയന്തരപ്രമേയം കൊണ്ടുവരുന്നതുവരെ കാത്തിരിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. മേപ്പാടിയിലെ കാര്യം പോലെയല്ലല്ലോ?

ശ്രീ. പി. ടി. തോമസ്: സർ, 325 അക്കൗണ്ടുകളിലായി 8.15 കോടി രൂപയുടെ തിരിമറിയാണ് എറണാകുളം കളക്ടറേറ്റുമായി ബന്ധപ്പെട്ട് നടത്തിയത്. ഇപ്പോഴതിൽ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നത് ഏകദേശം 16 ലക്ഷം രൂപ മാത്രമാണ്. 325 അക്കൗണ്ടുകളെന്നുപറഞ്ഞ് ഫെയിൽഡ് അക്കൗണ്ടിൽ പോയ പണമാണ് 8.15 കോടി രൂപ. ഈ പണം വന്നിരിക്കുന്നത് സി.പി.ഐ.(എം.) നിയന്ത്രണത്തിലുള്ള അയ്യനാട് സർവ്വീസ് സഹകരണബാങ്കിലാണ്. ബാങ്ക് ഡയറക്ടറുടെ ഭർത്താവ് ശ്രീ. എം. എം. അൻവറും ഈസ്റ്റ് ലോക്കൽ കമ്മിറ്റി അംഗമായ ശ്രീ. നിധീഷും അയാളുടെ ഭാര്യയുമാണ് തട്ടിപ്പ് നടത്തിയിരിക്കുന്നത്. ദേനാ ബാങ്കിൽനിന്ന് ശ്രീ. നിധീഷും സഹകരണ ബാങ്കിൽനിന്ന് അക്കൗണ്ട് പോലുമില്ലാത്ത ശ്രീ. എം. എം. അൻവറും ജില്ലാ ബാങ്കിൽനിന്ന് രണ്ടര ലക്ഷം രൂപ ശ്രീ. മഹേഷും തട്ടിപ്പ് നടത്തി എടുത്തിട്ടുണ്ട്. ഇവിടെ ശ്രീ. സി. കെ. ശശീന്ദ്രൻ പറഞ്ഞപ്പോൾ അങ്ങ് ഇത്രയും അസഹിഷ്ണുത കാണിച്ചില്ലല്ലോ?

മി. സ്പീക്കർ: അത് അസഹിഷ്ണുതയല്ല. അതാണ് അങ്ങും ഉന്നയിച്ചത്.

ശ്രീ. പി. ടി. തോമസ്: സർ, ബാങ്ക് തട്ടിപ്പ് പിന്നീടാണ് നടന്നതെന്ന് അങ്ങ് പറഞ്ഞു. ഈ തട്ടിപ്പിനെ തുടർന്നാണ് അവിടത്തെ വി. എ. സിയാദ്, ഡയറക്ടർ ബോർഡ് അംഗം ഇന്നലെ ആത്മഹത്യ ചെയ്തത്. ആത്മഹത്യാ കുറിപ്പിൽ എഴുതിവച്ചിരിക്കുന്നത്, ഈ തട്ടിപ്പ് പുറത്തുകൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹത്തെ ശാസിച്ചതിന്, ശാസനാകുറിപ്പ് ഉൾപ്പെടെയാണ്. ...(ബഹളം)... കേരളത്തിലെ 14 ജില്ലകളിലെ പ്രളയ ദുരിതാശ്വാസത്തെകുറിച്ച്

...(മൈക്ക് ഓഫ്)

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിച്ചല്ലോ; ഇനി മിനിസ്റ്റർ പറയട്ടെ. അദ്ദേഹം പറയാനുള്ളത് പറഞ്ഞല്ലോ; ഇത് അന്വേഷിക്കണമെന്നല്ലേ അങ്ങ് പറഞ്ഞത്?

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് അസ്വസ്ഥനാകരുത്. അവിടെയുള്ള ഒരു കൗൺസിലർ ശ്രീ. നിഷാദ് അടക്കം ഈ തട്ടിപ്പിൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റിൽ കക്ഷി ചേർന്നിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലും നടന്ന പ്രളയ ദുരിതാശ്വാസ ഫണ്ടിന്റെ വിതരണത്തെപ്പറ്റി ഔട്ട്സൈഡ് ഏജൻസിയെക്കൊണ്ട് സമഗ്രമായ അന്വേഷണം നടത്തി ഈ ബാങ്ക് പിരിച്ചുവിടണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അടിയന്തരപ്രമേയത്തിൽ ഇല്ലാത്ത കാര്യങ്ങളാണ് പറയുന്നത്.

മി. സ്പീക്കർ: സനിൽ എന്ന ഗൃഹനാഥൻ ആത്മഹത്യ ചെയ്യേണ്ടിവന്നതും ദുരിതബാധിതർക്ക് ലഭിക്കേണ്ട ധനസഹായം ഇടനിലക്കാർ മുഖേന തൃക്കാക്കരയിലെ അയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് വഴി ഭരണകക്ഷി നേതാക്കൾ തട്ടിയെടുത്തതുൾപ്പെടെയുള്ള സംഭവങ്ങൾ ഉൾപ്പെടുത്തി നോട്ടീസ് നൽകി.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സനിലിന്റെ ആത്മഹത്യയാണ് ഏറ്റവും ദൗർഭാഗ്യകരമായ ഒരു സംഭവം. അതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചത്. ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ, എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ, പ്രളയ ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പതിനായിരം രൂപ അടിയന്തര ധനസഹായം നൽകുന്നത് ഇതിനായി രൂപം കൊടുത്തിട്ടുള്ള പ്രത്യേക ആപ്പ് വഴി തയ്യാറാക്കുന്ന ലിസ്റ്റനുസരിച്ചാണ്. സനിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല എന്നൊരു കുറവുണ്ടായിരുന്നു. അത് ചിലപ്പോൾ പിശക് സംഭവിച്ചതാകാം. ടിയാൻ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. സോഫ്റ്റ്‌വെയറിൽ വന്ന പിശകുകാരണം ലിസ്റ്റിൽ ഉൾപ്പെടാതെ പോയതാണെന്നാണ് അതിനുള്ള കാരണം തിരക്കിയപ്പോൾ മനസ്സിലാകുന്നത്. അതുകൊണ്ട് ഇത് പ്രത്യേകമായി പരിഗണിച്ച് പ്രസ്തുത സഹായം നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. അതുകൂടാതെ ഇവിടെ ചൂണ്ടിക്കാണിച്ചപ്രകാരം, അവിടെ റിജക്റ്റ് ചെയ്ത ഫണ്ട് പുതുതായി മറ്റൊരു അക്കൗണ്ടെടുത്ത്, നിലവിലുള്ള അക്കൗണ്ട് സാധാരണ അക്കൗണ്ടിലേയ്ക്ക് മാറ്റി, വിവരങ്ങൾ ലഭ്യമാക്കി പ്രസ്തുത അക്കൗണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടിയും സനിലിന്റെ കാര്യത്തിൽ ഇപ്പോൾ സ്വീകരിച്ചിരിക്കുകയാണ്. കവളപ്പാറയിലെ ദുരിതബാധിതരുടെ കാര്യമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാനപ്പെട്ട വിഷയം. അവർക്ക് സ്ഥലം വാങ്ങാനും വീടുവയ്ക്കാനുംവേണ്ടി 27 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള നടപടി പുരോഗമിച്ചുവരികയാണ്. ഇത് അവിടെയുള്ള മുഴുവൻ ആളുകളുമായി ബന്ധപ്പെട്ട കാര്യമാണ്. തൃക്കാക്കര അയ്യനാട് സർവ്വീസ് സഹകരണ ബാങ്കിന്റെയും ഫെഡറൽ ബാങ്കിലുള്ള പൂൾ അക്കൗണ്ടിലേയ്ക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും കൈമാറ്റം ചെയ്തിട്ടുള്ള 10,54,000 രൂപയിൽ അയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് 5 ലക്ഷം രൂപ ശ്രീ. അൻവറിന്റെയും ഇവിടെ ചൂണ്ടിക്കാണിച്ച എല്ലാവരുടെയും പേരിൽ CMDRF ഫണ്ട്

തിരിമറിയുമായി ബന്ധപ്പെട്ട് തൃക്കാക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. അവർ പാർട്ടിക്കാരാണ് അല്ലെങ്കിൽ രാഷ്ട്രീയ പാർട്ടിയുടെ ഉത്തരവാദപ്പെട്ടവരാണ് എന്നൊക്കെയാണ് ആക്ഷേപമെങ്കിൽ, പാർട്ടിയിൽപ്പെട്ടവരാണ് ഇത്തരം കുറ്റങ്ങൾ ചെയ്യുന്നതെങ്കിൽ രണ്ട് ശിക്ഷയാണ്, ഒന്ന് പാർട്ടി ശിക്ഷിക്കും. മറ്റൊന്ന് കോടതിയിൽ നിയമപരമായ നടപടികളുമായി മുന്നോട്ടുപോകും.

ശ്രീ. വി. ഡി. സതീശൻ: സർ, 2000 വീടുകൾ പൂർണ്ണമായി തകർന്നതും 25000-ത്തിലധികം വീടുകൾ ഭാഗികമായി നശിച്ചതുമായ ഈ സ്ഥലം എന്റെ നിയോജകമണ്ഡലത്തിലാണ്. എല്ലാ ദിവസവും നൂറുകണക്കിന് ആളുകളാണ് കളക്ടറേറ്റിലും വില്ലേജ് ഓഫീസിലും താലൂക്കാഫീസിലും എന്റെ ആഫീസിലും കയറിയിറങ്ങുന്നത്. ഇതിലെ ഒന്നാം പ്രതിയായിട്ടുള്ളയാൾ ഈ സെക്ഷനിൽ ക്ലർക്കായി വന്നപ്പോൾ ധാരാളം ആളുകൾ എന്നോട് പറഞ്ഞത് അയാൾ വളരെ മോശമായി പെരുമാറുന്നു, ഇറങ്ങിപ്പോകാൻ പറയുന്നു, ഉച്ചവരെ നിർത്തുന്നു, എന്നിട്ട് അടുത്ത മാസം വരാൻ പറയുന്നു എന്നിങ്ങനെയാണ്. എന്റെ ഓഫീസിൽനിന്നും എല്ലാ ദിവസവും ഇരുപതോ ഇരുപത്തഞ്ചോ പ്രാവശ്യം ഈ സെക്ഷനിലേയ്ക്ക് വിളിക്കും. വളരെ നന്നായി കാര്യങ്ങൾ ചെയ്തിരുന്ന ഒരു സെക്ഷനായിരുന്നു അത്. എന്നാൽ ഇപ്പോഴത്തെ ഉദ്യോഗസ്ഥന്റേത് വളരെ മോശമായ പ്രതികരണമായിരുന്നു. ഞാൻ എറണാകുളം ജില്ലാ കളക്ടറെ വിളിച്ച് ഈ ഉദ്യോഗസ്ഥൻ ആ സ്ഥാനത്ത് ഇരിക്കാൻ പറ്റിയ ആളല്ലെന്നും അവിടെനിന്നും അദ്ദേഹത്തെ മാറ്റണമെന്നും ആവശ്യപ്പെട്ടപ്പോൾ, ഉടനെ നടപടി സ്വീകരിക്കാമെന്നും നേരത്തെ ഉണ്ടായിരുന്ന ആളെ തിരിച്ചയയ്ക്കാമെന്നും കളക്ടർ പറഞ്ഞിരുന്നു. ഞാൻ ഇതുവരെയും ഇങ്ങനെയൊരു കാര്യം ആവശ്യപ്പെട്ടിട്ടില്ല, ആളുകളുടെ പരാതികൊണ്ടാണ് പറഞ്ഞത്. പിന്നീട് കളക്ടർ അദ്ദേഹത്തെ മാറ്റാൻ ശ്രമിച്ചപ്പോൾ ഭരണാനുകൂല സംഘടനകളും ലോക്കൽ സി.പി.ഐ.(എം.) നേതാക്കന്മാരും സമ്മർദ്ദം ചെലുത്തി കളക്ടറെക്കൊണ്ട് അദ്ദേഹത്തെ മാറ്റാൻ സമ്മതിപ്പിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. ഞാൻ ഇത് രാഷ്ട്രീയമായി പറയുന്നതല്ല. ഇയാൾ മോശമായി പെരുമാറിയതിന് ആളുകൾ വന്ന് കരയുകയാണ്. ഞാൻ മൂന്ന് പ്രാവശ്യം കളക്ടറെ വിളിച്ച് പറയുകയുണ്ടായി. ആ ആളാണ് ഒന്നാം പ്രതിയായി, ഇപ്പോൾ വന്നിരിക്കുന്ന കണക്കുകളല്ല, ലക്ഷക്കണക്കിന് രൂപ, ഇതിനേക്കാൾ കൂടുതൽ പണം വേറെ അക്കൗണ്ടുകളിലേയ്ക്ക് മാറ്റിയെടുത്തിട്ടുള്ളത്. കുറേയാളുകൾ ചേർന്ന് അദ്ദേഹത്തെ പ്രൊട്ടക്ട് ചെയ്യുകയാണ്. അതിനെക്കുറിച്ചുകൂടി അന്വേഷണം നടത്തുമോ?

ശ്രീ. എസ്. ശർമ്മ: സർ, സി.പി.ഐ.(എം.) പ്രതിസ്ഥാനത്ത് നിൽക്കുന്ന മട്ടിൽ വിശദീകരിക്കുന്നുണ്ട്. അവിടെയുണ്ടായിട്ടുള്ള സാമ്പത്തിക തിരിമറിയിൽ ഉത്തരവാദിയായവരുടെ പേരിൽ ഗവൺമെന്റ് കേസെടുക്കുകയും അവർക്ക് പാർട്ടിയുമായി ചില ബന്ധങ്ങളുണ്ടെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അവരെ പാർട്ടിയിൽനിന്നും പുറത്താക്കുകയും ചെയ്തു. ഏത് പാർട്ടിയിൽപ്പെട്ടതെന്നുള്ളതല്ല പ്രശ്നം. രാജ്യത്തിന്റെ സമ്പത്ത് കൈകാര്യം ചെയ്യുന്നതിൽ ആരെങ്കിലും തിരിമറി നടത്തിയിട്ടുണ്ടെങ്കിൽ അവരെ കൽത്തുറുങ്കിലടച്ച് നടപടി സ്വീകരിക്കണമെന്നതാണ് ഞങ്ങളുടെ നയം.

ശ്രീ. വി. ഡി. സതീശൻ: സർ, ദുരിതാശ്വാസ ഫണ്ടിന്റെ വിതരണത്തിനുവേണ്ടി കാത്തിരിക്കുന്ന ആളുകൾ വല്ലാത്ത കഷ്ടപ്പാടും ദുരിതവും സഹിച്ച് മറ്റുള്ളവരുടെ വീടുകളിൽ ഔദാര്യത്തിന്റെ പുറത്ത് രണ്ട് കൊല്ലമായി താമസിക്കുന്നവരാണ്. പ്രളയ ദുരിതാശ്വാസ വിതരണം പാർട്ടിക്കാരുടെ മാത്രം അക്കൗണ്ടിലേയ്ക്ക് പോകുന്ന വല്ല സോഫ്റ്റ്‌വെയറും കണ്ടുപിടിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ തന്നെയാണ് ബഹുമാന്യനായ എസ്. ശർമ്മ, എം.എൽ.എ.-യും ഇവിടെ ചൂണ്ടിക്കാണിച്ചത്. രണ്ട് ശിക്ഷ തന്നെയാണ് ഇപ്പോൾ ലഭിച്ചത്. നിയമപരമായി സ്വീകരിക്കുന്ന നടപടികൾ ഒരു വശത്തും രാഷ്ട്രീയപാർട്ടിയിൽപ്പെട്ടവരാണെങ്കിൽ അവർ സ്വീകരിക്കേണ്ട നടപടികൾ അവരും സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. ഇപ്പോൾ പ്രളയത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരുടെ കാര്യത്തിൽ, ഇവിടെ ബഹുമാന്യനായ ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ, പല സാങ്കേതിക കാരണങ്ങളാൽ ഇപ്പോഴും പണം കയ്യിൽ കിട്ടിയിട്ടില്ലാത്തവരുണ്ടെന്ന വസ്തുത അംഗീകരിച്ചുകൊണ്ടാണ് പറയുന്നത്. പക്ഷേ ഇത് മുഴുവൻ ആളുകൾക്കും ലഭിച്ചില്ലെന്ന രീതിയിൽ അടച്ചാക്ഷേപിക്കുന്ന സമീപനം ശരിയല്ല എന്നതാണ് ചൂണ്ടിക്കാണിക്കാനുള്ളത്. 2019-ലെ പ്രളയത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 4 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. അപ്രകാരം മരണപ്പെട്ട 163 പേരിൽ ഒരാളിന് ഒഴികെ മറ്റെല്ലാവരുടെയും ആശ്രിതർക്ക് പണം കൈമാറിക്കഴിഞ്ഞിട്ടുണ്ട്. പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകൾ പുനർനിർമ്മിക്കുന്ന തിനായി 4 ലക്ഷം രൂപയും ഭാഗികമായി തകർന്ന വീടുകൾക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് 15 മുതൽ 75 ശതമാനം വരെയുമുള്ള കാറ്റഗറി തിരിച്ചുള്ള സഹായധനം നൽകുന്നുണ്ട്. വാസയോഗ്യമല്ലായെന്ന് കണ്ടെത്തിയ പ്രദേശങ്ങളിലെ വീടുകളിലുള്ളവർക്ക് സുരക്ഷിതമായ സ്ഥലങ്ങളിലേയ്ക്ക് മാറിത്താമസിക്കാൻ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വരെയും വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ വരെയും സഹായം അനുവദിച്ചിട്ടുണ്ട്. 2019-ലെ

പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകളുടെ എണ്ണം 3880-ഉം ഭാഗികമായി തകർന്ന വീടുകളുടെ എണ്ണം 59455-ഉം ആണ്. അതിൽ പൂർണ്ണമായും തകർന്ന 2250 വീടുകൾക്ക് ഒന്നാം ഗഡു നൽകിയിട്ടുണ്ട്. 95100 സമതലങ്ങളിലും 101900 മലയോര പ്രദേശങ്ങളിലുമാണ്. ഭാഗികമായി തകർന്ന 48762 വീടുകൾക്ക് മുഴുവൻ സഹായവും നൽകിയിട്ടുണ്ട്. 10,000 രൂപ മുതൽ 2,50,000 രൂപ വരെയാണ് നൽകിയിട്ടുള്ളത്. ബാക്കി 12323 വീടുകൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം ബഹുമാന്യനായ ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരിശോധിക്കുന്നതിന് ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ബാങ്കുകൾ പ്രളയ ദുരിതാശ്വാസം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന് തീരുമാനിക്കുകയും ഇക്കാര്യം ബാങ്കധികാരികളെ അറിയിച്ച് നടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ചെറിയ സമ്പാദ്യ അക്കൗണ്ടുകളുള്ളവർക്കും റിസർവ് ബാങ്ക് നിർദ്ദേശങ്ങളനുസരിച്ച് ഒരു സമയത്ത് 50,000 രൂപയിൽ കൂടുതൽ സൂക്ഷിക്കാൻ കഴിയുന്ന തരത്തിൽ ക്രമീകരിക്കുന്നതിനുമുള്ള ചട്ട ഭേദഗതിയാണ് ഇതിൽ ഉദ്ദേശിച്ചിട്ടുള്ളത്. 2018-ലേയും 2019-ലേയും ദുരിതാശ്വാസ വിതരണത്തിൽ ജില്ലാ കളക്ടർമാർ കൂടുതൽ ജാഗ്രത കാണിക്കണമെന്നും തുക അനുവദിച്ചിട്ടും സാങ്കേതിക കാരണങ്ങളാൽ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ആകാത്തതും അല്ലാതെ റിജക്ട് ആകുന്നതുമായ കേസ്സുകളിൽ ബാങ്ക് അധികൃതരുമായി വേണ്ട ഇടപെടലുകൾ നടത്തി ഗുണഭോക്താക്കൾക്ക് തുക ലഭിച്ചുവെന്ന് ഉറപ്പാക്കാൻ ശക്തമായ നടപടി സ്വീകരിക്കണമെന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്കിൽ നടന്നിട്ടുള്ള സാമ്പത്തിക തിരിമറിയെത്തുടർന്നുള്ള അറിവിനെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ വിശദമായി പരിശോധിക്കാനും എവിടെയെല്ലാം വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് കണ്ടെത്താനുമുള്ള നിർദ്ദേശവും ജില്ലാ കളക്ടർമാർക്ക് നൽകിയിരിക്കുകയാണ്. ഈ സ്ഥിതിയിൽ പൊതുവായി സർക്കാരിനെ സംബന്ധിച്ചിടത്തോളം സ്വീകരിക്കാവുന്ന എല്ലാ കാര്യങ്ങളിലും നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. വിവിധ സാങ്കേതിക കാരണങ്ങളാലും മറ്റും ആനുകൂല്യം കിട്ടാതെ പോകുന്നവർക്കുകൂടി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ഗവൺമെന്റ് സന്നദ്ധമാണ്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭയിൽ ചർച്ച ചെയ്യേണ്ടതില്ലെന്ന് അറിയിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നമ്മുടെ നാട്ടിൽ അപകടം പറ്റി ചോരവാർന്ന് കിടക്കുന്നവരുടെ പോക്കറ്റിലുള്ള പണവും അടിച്ച്മാറ്റി അവരുടെ കഴുത്തിലും കാതിലുമുള്ള ആഭരണങ്ങൾ എടുത്തുമാറ്റുന്ന നരാധമന്മാരെപ്പറ്റി പത്രത്തിൽ വായിച്ചിട്ടുണ്ട്. അവരെപ്പോലും നാണിപ്പിക്കുന്ന നിലപാടാണ് സി.പി.ഐ.(എം.)-ന്റെ നേതാക്കന്മാർ എറണാകുളത്ത് ചെയ്തതെന്നുള്ളത് ഒരു സത്യമാണ്. ഏതായാലും പ്രളയ ദുരിതാശ്വാസത്തിനെപ്പറ്റി സി.പി.ഐ.(എം.)-ലെ തട്ടിപ്പ് വന്നപ്പോഴെങ്കിലും റവന്യൂ വകുപ്പുമന്ത്രിക്ക് മറുപടി പറയാൻ ഒരവസരം കൊടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നമോവാകം. ആദ്യമായാണ് പ്രളയത്തെപ്പറ്റി റവന്യൂ വകുപ്പുമന്ത്രി ഇവിടെ ഒരു പ്രസ്താവന നടത്തുന്നത്. 2018-ലെയും 2019-ലെയും പ്രളയം കേരളത്തിന്റെ അസ്ഥിവാരം തോണ്ടിയ രണ്ട് ദുരന്തങ്ങളായിരുന്നു. ഈ ദുരന്തങ്ങൾ എങ്ങനെയുണ്ടായി എന്നുള്ളത് വിശദമായി ചർച്ച ചെയ്തതാണ്. എല്ലാ ഡാമുകളും മുന്നറിയിപ്പില്ലാതെ തുറന്നുവിട്ട് കേരള ജനതയെ പ്രളയത്തിൽ മുക്കിക്കൊന്ന ദാരുണമായ സംഭവം നമ്മുടെ കേരളത്തിന്റെ ജനജീവിതത്തെ മാത്രമല്ല, കേരളത്തെതന്നെ വൻതോതിലുള്ള പ്രതിസന്ധിയിലാക്കിയത് നമ്മൾ കണ്ടതാണ്. അതിനേക്കാൾ വലിയ പാതകമാണ് ഇപ്പോൾ പ്രളയ ദുരിതാശ്വാസത്തിന്റെ കാര്യത്തിൽ ചെയ്തിട്ടുള്ളത്. മനഃസാക്ഷിയുള്ള ഏതെങ്കിലുമൊരു പാർട്ടിക്കോ പാർട്ടി പ്രവർത്തകനോ ഇതുപോലൊരു കടുംകൈ ചെയ്യാനുള്ള മനസ്സുണ്ടാകുമോ? പ്രളയത്തിൽ സർവ്വസ്വവും നഷ്ടപ്പെട്ടുപോയ ആളുകൾക്ക് നൽകേണ്ടതാണ് പ്രളയ ദുരിതാശ്വാസം. ബഹുമാനപ്പെട്ട മന്ത്രി എ. സി. മൊയ്തീൻ ഇവിടെയുണ്ട്. പ്രളയ ദുരിതാശ്വാസത്തിന് അദ്ദേഹം പണം പിരിക്കാൻ ചെന്നപ്പോൾ ചിറ്റാറ്റുകരയിലെ സൽമാൻ എന്ന മൂന്നാം ക്ലാസുകാരനും ഹയാസ് എന്ന എട്ടാം ക്ലാസുകാരനും തങ്ങളുടെ കുടുക്ക പൊട്ടിച്ച് 5,506 രൂപ മന്ത്രിക്ക് നൽകി. ലോകകപ്പ് മത്സരങ്ങൾ നടന്നപ്പോൾ മെസ്സിയോടുള്ള ആരാധന മൂത്ത് ലോകകപ്പ് മാതൃകയിലുള്ള കുടുക്ക വാങ്ങി സ്വരൂപിച്ച പണമാണ് ആ കുട്ടികൾ പ്രളയ ദുരിതാശ്വാസത്തിന് നൽകിയത്. നിഷ്കളങ്കരായ കുട്ടികൾ സ്വരൂപിച്ചുവച്ച പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊടുത്തു. എത്രയോ പാവപ്പെട്ടയാളുകൾ സഹായം നൽകി. കെട്ടുതാലി പോലുമെടുത്ത് പണം കൊടുത്ത എത്രയോ ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പ്രളയ ദുരിതാശ്വാസം കൊടുക്കുന്നത് ചിലർ ചാകരയാക്കി മാറ്റിയിരിക്കുകയാണ്. എറണാകുളത്ത് മാത്രമല്ല, പല ജില്ലകളിലും ഇതുണ്ടാകുന്നുവെന്നുള്ള പരാതികൾ ഓരോ ദിവസം കഴിയുന്തോറും ഉയർന്നുവരികയാണ്. ആലപ്പുഴ ജില്ലയിൽനിന്നും കഴിഞ്ഞ ദിവസം പരാതികൾ ഉയർന്നുവന്നിരിക്കുന്നു. വാർത്താ മാധ്യമങ്ങളിൽ വാർത്തകൾ പ്രത്യക്ഷപ്പെടുന്നു. പല ജില്ലകളിലും പ്രളയത്തിൽ സർവ്വസ്വവും നഷ്ടപ്പെട്ട പലർക്കും ആനുകൂല്യങ്ങൾ കിട്ടുന്നില്ല. വാർത്ത ഞാൻ വായിക്കാം, 'പ്രളയസഹായം കിട്ടാതെ അരലക്ഷം പേർ. ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം കൈമാറുന്നതിന് സാങ്കേതിക

പ്രശ്നങ്ങൾ'. ഓരോ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ആളുകൾക്ക് പണം കിട്ടാത്ത അവസ്ഥയാണ്. സർക്കാർ കണക്കുപ്രകാരം അടിയന്തര സഹായമായി അനുവദിച്ച 10,000 രൂപ 38000 പേരുടെ അക്കൗണ്ടിൽനിന്നും മടങ്ങി. വീടുകൾക്കുണ്ടായ നാശനഷ്ടത്തിന് 49900 പേർക്ക് അനുവദിച്ച തുക 11000 പേരുടെ അക്കൗണ്ടിൽനിന്നും മടങ്ങി. കുറ്റമറ്റ രീതിയിൽ പ്രളയസഹായം വിതരണം ചെയ്യുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടു. ഇത് പാർട്ടിക്കാർക്ക് വീതംവച്ച് കൊടുക്കാനുള്ളതല്ല, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ പാർട്ടിയുടെ ഇടപെടൽ പലയിടത്തും ഉണ്ടായി എന്നുള്ള വ്യാപകമായ പരാതിയുണ്ട്. ഞങ്ങൾ അതുകൊണ്ടാണ് പറഞ്ഞത് ഒരു ട്രൈബ്യൂണലിനെ വയ്ക്കണം. ഒരു ക്വാസി ജുഡീഷ്യൽ ബോഡിയുണ്ടാകണം. അർഹതപ്പെട്ടവർക്കെല്ലാം ധനസഹായം ലഭിക്കണം. ഞങ്ങളുടെ ആ നിർദ്ദേശങ്ങളെല്ലാം നിങ്ങൾ തള്ളിക്കളഞ്ഞു. പ്രത്യേക അക്കൗണ്ടുണ്ടാകണമെന്ന് ഞങ്ങൾ പറഞ്ഞു. പ്രത്യേക അക്കൗണ്ടുണ്ടായിരുന്നെങ്കിൽ ഈ അക്കൗണ്ടുകളിലെ അപാകതകൾ പരിഹരിക്കാൻ കഴിയുമായിരുന്നു. ഞങ്ങൾ ഉന്നയിച്ച ഈ നിർദ്ദേശങ്ങളെല്ലാം നിങ്ങൾ തള്ളിക്കളയുകയാണുണ്ടായത്. തുടക്കംമുതൽ ദുരിതാശ്വാസ ലിസ്റ്റ് തയ്യാറാക്കുന്നതിൽ കള്ളക്കളിയുണ്ടായിരുന്നു. പ്രാദേശിക സി.പി.ഐ.(എം) നേതാക്കളുടെ ഇടപെടലുണ്ടാകുന്നുവെന്നുള്ള ധാരാളം പരാതികൾ ഉയർന്നുവന്നു. പരാതികൾ പറഞ്ഞിട്ടും കാര്യമില്ലെന്ന നിലയിലായിരുന്നു കാര്യങ്ങൾ മുന്നോട്ടുപോയത്. പ്രതിപക്ഷ നേതാവെന്ന നിലയിൽ 2018 ഡിസംബറിൽ ഞാൻ ആറ് ജില്ലകളിൽ പര്യടനം നടത്തി പരാതികൾ സ്വീകരിച്ചു. എനിക്ക് 15000 പരാതികൾ ലഭിച്ചു. 4000-ത്തോളം പരാതികൾ, സമാശ്വാസമായി ആദ്യഗഡുവായി ലഭിക്കേണ്ട 10,000 രൂപ കിട്ടിയില്ലെന്നുള്ളതായിരുന്നു. ഞാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചപ്പോൾ എന്റെ പരാതികൾ കളക്ടർമാർ പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. കളക്ടർമാർ പരിശോധിച്ചിട്ടും ഈ 15000 പരാതികൾ ഇപ്പോഴും തീർപ്പാകാതെ കിടക്കുകയാണ്. എറണാകുളം കളക്ടറേറ്റിൽ ചാക്കുകെട്ടിലാണ് ആൾക്കാരുടെ പരാതികൾ കെട്ടിയിട്ടിരുന്നതെന്ന പരാതിയുണ്ടായിരുന്നു. ശ്രീ. വി. ഡി. സതീശൻ അടിയന്തരപ്രമേയത്തിൽ ഇവിടെ ഉന്നയിച്ച കാര്യമാണ്. പല ആളുകൾക്കും ഇതുവരെ സഹായം ലഭിച്ചിട്ടില്ല. അർഹതപ്പെട്ടവർക്ക് കിട്ടിയിട്ടില്ല. എറണാകുളം കാക്കനാട് കളക്ടറേറ്റിനെപ്പറ്റിയാണ് ഇവിടെ പ്രശ്നം. ദുരിതാശ്വാസനിധി വെട്ടിച്ചത് ഒറ്റപ്പെട്ട സംഭവമല്ല. സമാന നിലയിലുള്ള നിരവധി സംഭവങ്ങൾ എറണാകുളം കളക്ടറേറ്റിൽ നടന്നിട്ടുണ്ട്. സി.പി.ഐ.(എം) യൂണിയനിൽപ്പെട്ട സർവ്വശ്രീ വിഷ്ണുപ്രസാദ്, മഹേഷ് എന്നീ രണ്ട് ക്ലർക്കുമാരും തൃക്കാക്കര ഈസ്റ്റ് സി.പി.ഐ.(എം) ലോക്കൽ കമ്മിറ്റിയംഗമായ സർവ്വശ്രീ നിതിൻ, എം.എം. അൻവർ, അവരുടെ ഭാര്യമാരായ ശ്രീമതി നീതു, ശ്രീമതി കൗലത്ത് എന്നിവരും

ഗൂഢാലോചനയിലൂടെ ലക്ഷങ്ങൾ അടിച്ചുമാറ്റി എന്നുള്ളതാണ് വൻതട്ടിപ്പ്. ഈ തട്ടിപ്പുണ്ടായതിനെ എന്തുകൊണ്ട് ഗൗരവമായി എടുക്കുന്നില്ല. കളക്ടർ 6-2-2020-ന് അന്വേഷണത്തിന് ഉത്തരവിട്ടു. 25-2-2020-ൽ മാത്രമാണ് പോലീസ് കേസെടുത്തത്. എന്തിനാണ് ഇത്രയും ഡിലേ? ആരുടെ ഇടപെടലാണ് ഇതിലുണ്ടായത്? ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് കളക്ടറേറ്റിലെ പരാതി പരിഹാര സെൽ നിയന്ത്രിച്ച ആളുകളെപ്പറ്റി വ്യാപകമായ പരാതിയുണ്ടായിരുന്നുവെന്ന് ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞു. എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല. മനഃപൂർവം തട്ടിപ്പ് നടത്തുകയെന്നുള്ള ഉദ്ദേശ്യത്തോടെയാണ് തെറ്റായ അക്കൗണ്ട് നമ്പർ നൽകിയത്. അവിടെയാണ് പ്രശ്നം. ദുരിതാശ്വാസത്തിനായി ട്രഷറിയിൽ നിന്നും നൽകിയിരുന്ന പണമെല്ലാം അക്കൗണ്ട് നമ്പർ തെറ്റായതുകൊണ്ട് മടങ്ങിവന്നു. ഈ പരാതി പരിഹാര സെല്ലിലെ ജീവനക്കാരായ സർവ്വശ്രീ വിഷ്ണുപ്രസാദും മഹേഷും വളരെ ബോധപൂർവ്വമായി അക്കൗണ്ട് നമ്പർ മാറ്റി മറ്റുള്ള അക്കൗണ്ടുകളിലേയ്ക്ക് പണം മാറ്റുകയാണുണ്ടായത്. ശ്രീ. എസ്. ശർമ്മ ആ ബാങ്കിനെപ്പറ്റി ഇവിടെ പറഞ്ഞല്ലോ. അയ്യനാട് സർവ്വീസ് സഹകരണ ബാങ്കിനെപ്പറ്റിയാണ് പരാതി. ദശാബ്ദങ്ങളായി സി.പി.ഐ.(എം) ഭരിക്കുന്ന ബാങ്കാണ്. സഹകരണ വകുപ്പുമന്ത്രി ഇവിടെയുണ്ടല്ലോ ഇത്രയും വലിയ കുംഭകോണമുണ്ടായിട്ട് എന്തുനടപടി ഈ ബാങ്കിനെതിരായി സ്വീകരിച്ചു? മറ്റേതെങ്കിലുമൊരു ബാങ്കാണെങ്കിൽ കേരള സഹകരണ നിയമത്തിലെ ചട്ടം പ്രകാരവുള്ള 65 എൻക്വയറി വച്ച് ആ ബാങ്കിനെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്ന നടപടിയല്ലേ സഹകരണ വകുപ്പ് സ്വീകരിക്കുന്നത്. അയ്യനാട് സഹകരണ ബാങ്കിൽ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ലക്ഷങ്ങളുടെ തിരിമറി നടത്തിയിട്ട് അവരെ സംരക്ഷിക്കുന്ന നിലപാടല്ലേ സഹകരണ വകുപ്പ് സ്വീകരിച്ചത്. ഇതുവരെ നടപടിയുണ്ടായില്ലല്ലോ.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, അയ്യനാട് സർവ്വീസ് സഹകരണ ബാങ്കിന് ഫെഡറൽ ബാങ്കിന്റെ തൃക്കാക്കര ശാഖയിൽ ഒരു എസ്.ബി. അക്കൗണ്ടുണ്ട്. അയ്യനാട് സർവ്വീസ് സഹകരണ ബാങ്കിന് സ്വന്തമായി ഐ.എഫ്.സി. കോഡ് ഇല്ലാത്തതിനാൽ അയ്യനാട് സർവ്വീസ് സഹകരണ ബാങ്കിന് ഫെഡറൽ ബാങ്കിലുള്ള '10340100011624' എന്ന എസ്.ബി. അക്കൗണ്ടിലൂടെയാണ് ഇടപാടുകാരായ ആളുകൾക്ക് ആർ.ടി.ജി.എസ്./ എൻ.ഇ.എഫ്.ടി. സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നത്. തന്റെ സുഹൃത്തിന് ആർ.ടി.ജി.എസ്. വഴി തുക ട്രാൻസ്ഫർ ചെയ്യുന്നതിന് ഫെഡറൽ ബാങ്കിലുള്ള അക്കൗണ്ടിന്റെ വിവരങ്ങൾ ബാങ്കിലെ ശ്രീമതി കൗലത്ത് അൻവർ എന്ന ഭരണസമിതി അംഗത്തിന്റെ ഭർത്താവും ബാങ്കിന്റെ കളക്ഷൻ ഏജന്റുമായ ശ്രീ. അൻവർ എം. എം. 2019 നവംബർ 27-ാം

തീയതി ആവശ്യപ്പെടുകയുണ്ടായി. ഈ ആവശ്യത്തിലേയ്ക്ക് ബാങ്ക് ഫെഡറൽ ബാങ്കിലെ അക്കൗണ്ട് വിവരങ്ങൾ ശ്രീ. അൻവറിന് കൈമാറുകയും 2.5 ലക്ഷം രൂപ വീതം 5 ലക്ഷം രൂപ 28-11-2019-ന് ബാങ്കിന്റെ പാസ്ബുക്കിൽ വരവുവച്ച് കിട്ടുകയും ചെയ്തു. തുടർന്ന് ശ്രീമതി കൗലത്തിന്റെയും ശ്രീ. അൻവറിന്റെയും പേരിൽ അയ്യനാട് ബാങ്കിലെ ജോയിന്റ് അക്കൗണ്ടിലേയ്ക്ക് ടി തുക ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. എന്നാൽ ഈ തുക എവിടെനിന്നും വന്നുവെന്ന് ബാങ്ക് അന്വേഷിച്ചിരുന്നില്ല. ശ്രീ. അൻവർ കാക്കനാട് ബ്രാഞ്ചിലെ അക്കൗണ്ടിൽനിന്നും 2 ലക്ഷം രൂപ പിൻവലിച്ച അന്നുതന്നെ ശ്രീ. മഹേഷ് എന്നയാളുടെയും അയാളുടെ ഭാര്യയുടെയും പേരിലുള്ള എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് 49,999 രൂപ വീതം മൊത്തം 99,998 രൂപ ട്രാൻസ്ഫർ ചെയ്യുകയും 2 ലക്ഷം രൂപ നേരിട്ട് പിൻവലിക്കുകയും ചെയ്തു. 2020 ജനുവരി മാസത്തിൽ ശ്രീ. അൻവർ പലതവണ ബാങ്കിലെത്തി തനിക്കുവേണ്ടി സുഹൃത്ത് വീണ്ടും പണം അയച്ചിട്ടുണ്ടെന്നും ആയത് എത്തിയിട്ടുണ്ടോയെന്ന് ആരായുകയും ചെയ്തിരുന്നു. ബാങ്ക് അധികൃതർ ഫെഡറൽ ബാങ്കിന്റെ പാസ്ബുക്കിൽ ക്രെഡിറ്റിൽ വന്ന തുക രേഖപ്പെടുത്തി വാങ്ങിയപ്പോൾ 1,79,000, 2,50,000, 1,25,000 ഇങ്ങനെയുള്ള തുകകൾ അക്കൗണ്ടിൽ വന്നതായി കണ്ടു. ഈ തുക ആരുടേതാണെന്ന് ഫെഡറൽ ബാങ്കിൽനിന്നും മനസ്സിലാക്കാൻ ബാങ്കിന് കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് തുക ശ്രീ. അൻവറിന് നൽകിയിരുന്നില്ല. എൻ.ഇ.എഫ്.ടി. വഴി ട്രാൻസ്ഫറായതിനാൽ കൂടുതൽ വിവരങ്ങൾ ഉടനെ ലഭ്യമാകുമായിരുന്നില്ല. എന്നാൽ ഈ തുകകളെല്ലാം റിസർവ് ബാങ്ക് ഡയറക്ടർ എന്ന പേരിൽ ട്രഷറിയിൽ നിന്നാണ് ട്രാൻസ്ഫർ വന്നിരുന്നത്. ഇതുസംബന്ധിച്ച് ട്രഷറിയിൽ അന്വേഷിച്ചപ്പോൾ യു.ടി.ആർ. നമ്പർ വഴി ട്രാൻസ്ഫർ വന്ന തുകയുടെ വിവരങ്ങൾ കളക്ടറേറ്റിലെ ക്ലെയിം സെറ്റിൽമെന്റാണെന്ന് മനസ്സിലാകുകയും ശ്രീ. അൻവറിന് അർഹതപ്പെട്ടതല്ലെന്ന് മനസ്സിലാക്കിയ ബാങ്ക് അധികൃതർ കളക്ടറേറ്റിൽ അന്വേഷിക്കുകയും കളക്ടറെ കാണുകയും ശ്രീ. അൻവർ കൈപ്പറ്റിയതുൾപ്പെടെയുള്ള 10,56,000 രൂപ കളക്ടറുടെ അക്കൗണ്ടിൽ തിരിച്ചടപ്പിക്കുകയും ഇതുസംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങേയ്ക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ആ ബാങ്ക് പിരിച്ചുവിടാനുള്ള നടപടി സ്വീകരിക്കണം. അങ്ങ് പ്രൊട്ടക്ട് ചെയ്യുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ അക്കൗണ്ടിൽ ട്രഷറിയിൽ നിന്നുള്ള പണമാണ് വന്നിട്ടുള്ളത്. അതുകൊണ്ട് ഇത് കൊടുക്കാൻ പാടില്ലെന്ന നിലപാട് ബാങ്കിലെ സെക്രട്ടറി സ്വീകരിച്ചപ്പോൾ, ബാങ്കിലെ ഒന്നുരണ്ട് ഡയറക്ടർ ബോർഡ് അംഗങ്ങളും ബാങ്ക് പ്രസിഡന്റും (ലോക്കൽ കമ്മിറ്റി സെക്രട്ടറി കൂടിയാണ് ബാങ്ക്

പ്രസിഡന്റ്) പുറത്തുനിന്നുള്ള നേതാക്കന്മാരുംകൂടി സെക്രട്ടറിയിൽ സമ്മർദ്ദം ചെലുത്തിയാണ് ഈ പണം പിൻവലിപ്പിച്ചത്. അതിനുശേഷം ഇത് അപകടകരമാണെന്ന് തോന്നിക്കഴിഞ്ഞപ്പോൾ സെക്രട്ടറിയാണ് നേരിട്ട് കളക്ടറേറ്റിൽ അറിയിച്ചത്. ബാങ്ക് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾ ഇതിന് മുഴുവൻ കൂട്ടുനിൽക്കുകയായിരുന്നുവെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്നിട്ടും അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നില്ലെന്നുള്ളതാണ് രസകരമായ കാര്യം. യു.ഡി.എഫ്. ഭരണത്തിലുള്ള ഏതെങ്കിലും ബാങ്കായിരുന്നെങ്കിൽ ചെറിയൊരു കാര്യത്തിന് കേരള സഹകരണ നിയമത്തിലെ 65 ചട്ടം എൻക്വയറി പ്രകാരം ബാങ്ക് ഭരണ സമിതി പിരിച്ചുവിടുന്ന മന്ത്രി അവരെ എന്തുകൊണ്ട് പ്രൊട്ടക്ട് ചെയ്തു? തുടക്കം മുതൽ സാധനങ്ങൾ വാങ്ങുന്നതിലും വൗച്ചറിന്റെ കാര്യത്തിലും ക്യാമ്പുകളിൽ സാധനം കൊടുക്കുന്നതിലുമെല്ലാം ഗുരുതര അഴിമതി, വെട്ടിപ്പ് എറണാകുളം കളക്ടറേറ്റിൽ നടന്നിട്ടുണ്ടെന്നുള്ളത് വ്യാപകമായി നടന്ന ചർച്ചയാണ്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ തെറ്റായ പ്രസ്താവനയാണ് നടത്തിയത്. ഒന്ന്, ശ്രീ. അൻവറിന് സെക്രട്ടറി പണം കൊടുക്കാതിരിക്കുകയായിരുന്നു. ട്രഷറിയിൽനിന്നും ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ വന്ന പണം ശ്രീ. അൻവറിന് കൊടുക്കണമെന്ന് ആരാണ് പറഞ്ഞത്? യു.ടി. അക്കൗണ്ടിൽനിന്നും വന്നുവെന്നതുകൊണ്ട് കൊടുക്കാൻ സാധിക്കുമോ? ശ്രീ. അൻവറിന് അവിടെ അക്കൗണ്ടുമില്ല. രണ്ട്, കളമശ്ശേരി ഏരിയ കമ്മിറ്റി സെക്രട്ടറി ശ്രീ. സക്കീർ ഹുസൈൻ ആരാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം. അദ്ദേഹം പറഞ്ഞതനുസരിച്ച് അയാളെ ജയിലിൽ അടച്ചതാണ്. ശ്രീ. സക്കീർ ഹുസൈനും ലോക്കൽ കമ്മിറ്റി സെക്രട്ടറിയായ ബാങ്ക് പ്രസിഡന്റുംകൂടി സെക്രട്ടറിയെ നിർബന്ധിച്ച്, ബലം പ്രയോഗിച്ച്, ഭീഷണിപ്പെടുത്തി പണം കൊടുപ്പിച്ചു.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്....

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിനോട് ഞാൻ കൂട്ടിച്ചേർക്കുകയാണ്.

മി. സ്പീക്കർ: സഭയിൽ ഇല്ലാത്ത, മറുപടി പറയാൻ കഴിയാത്ത ആളുകളെക്കുറിച്ച് ആരോപണം ഉന്നയിക്കരുതെന്ന് താങ്കൾ തന്നെയാണ് കഴിഞ്ഞ ദിവസം പറഞ്ഞത്.

ശ്രീ. പി. ടി. തോമസ്: സർ, സഭയിലെയല്ല, കേസിൽപ്പെട്ട ആളുകളെക്കുറിച്ചാണ് ആരോപണം ഉന്നയിക്കുന്നത്.

മി. സ്പീക്കർ: വാക്കൗട്ട് പ്രസംഗത്തിനിടയിൽ പ്രതിപക്ഷനേതാവ് സമയം അനുവദിച്ചത് ശരിയല്ല. പ്രതിപക്ഷ നേതാവ്, അങ്ങ് സംസാരിക്കൂ.

ശ്രീ. പി. ടി. തോമസ്: സർ, അവിടത്തെ ഡയറക്ടർ ബോർഡ് അംഗമായ സിയാദിനെ പുറത്തുപറയുമെന്ന് കരുതി ശാസിച്ചതിനാലാണ് ആത്മഹത്യാക്കുറിപ്പ് എഴുതിവച്ച് ആത്മഹത്യ ചെയ്തത്.

മി. സ്പീക്കർ: സഭയിൽ വന്ന് മറുപടി പറയാൻ കഴിയാത്തവരെക്കുറിച്ച് ആകാശത്തേയ്ക്ക് എറിയുന്നതുപോലെ സംസാരിക്കാൻ സാധിക്കുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട പി. ടി. തോമസ് ഇവിടെ പറഞ്ഞത് ശരിയാണ്. ശാസനാക്കുറിപ്പ് മുന്നിൽവച്ച് ആത്മഹത്യ ചെയ്ത സിയാദിന്റെ മരണത്തെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കുമോ? ഗൗരവതരമായ പ്രശ്നമാണ് ഇവിടെ സൂചിപ്പിച്ചത്. കളമശ്ശേരിയിലും എറണാകുളത്തും ഏത് കേസ് വന്നാലും ഉയർന്നുവരുന്ന പേരാണ് ശ്രീ. സക്കീർ ഹുസൈൻ. ആരാണ് ശ്രീ. സക്കീർ ഹുസൈൻ? സഭയിൽ ഇല്ലാത്ത ആളിനെക്കുറിച്ച് പറയരുതെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. മുൻമുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞപ്പോഴാണ് അങ്ങനെ പറഞ്ഞത്. അല്ലാതെ തട്ടിപ്പ് കേസിലെ പ്രതികളെക്കുറിച്ച് പറയരുതെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. തട്ടിപ്പുകൾക്ക് മുഴുവൻ നേതൃത്വം കൊടുക്കുന്ന ആളിനെ വീണ്ടും തിരിച്ചെടുത്ത് പാർട്ടി സംരക്ഷിക്കുന്നതിന്റെ പിന്നിലെന്താണുള്ളത്? പ്രളയ ദുരിതാശ്വാസ ഫണ്ട് വെട്ടിക്കുന്നത് ആരാണെങ്കിലും അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് ഇച്ഛാശക്തിയുണ്ടാകണം. അതുണ്ടാകാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ വ്യാപകമായുണ്ടാകുന്നത്. ഇവിടെ സ്ഥിതിയെന്താണ്? പ്രളയത്തിൽ ഏറ്റവും കൂടുതൽ ദുഃഖം അനുഭവിക്കുന്നവർ കുട്ടനാട്ടുകാരാണ്, പ്രത്യേകിച്ച് അപ്പർ കുട്ടനാട്ടുകാരാണ്. എല്ലാ പ്രളയത്തിന്റെയും ദുരന്തമനുഭവിച്ചവരാണവർ. മൂന്ന് പ്രളയം കഴിഞ്ഞപ്പോഴും പാക്കേജ് ചർച്ച ചെയ്യുന്നുവെന്നാണ് പറയുന്നത്. കർഷകർക്കും മട വീണവർക്കും സഹായം ലഭിക്കുന്നില്ല. നെല്ലിന്റെ പണം ലഭിക്കുന്നില്ല. മാത്രമല്ല, പ്രളയസഹായമായ 10,000 രൂപ ലഭിക്കാത്ത പതിനായിക്കണക്കിനാളുകൾ അവിടെയുണ്ട്. ഏറ്റവും വലിയ ദുരന്തം നേരിട്ട കുട്ടനാട്-അപ്പർ കുട്ടനാട് പ്രദേശങ്ങൾ, മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് സഹായം ലഭിക്കാതിരിക്കുമ്പോഴാണ് പാർട്ടിക്കാർ ഈ ഫണ്ട് തട്ടിയെടുക്കുന്നത്. ഇതുസംബന്ധിച്ച് ഗൗരവതരമായ അന്വേഷണം നടത്തണം. പ്രതികൾ രക്ഷപ്പെടുമെന്ന സംശയം നിലനിൽക്കുന്നതിനാൽ

ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ ആളുകൾക്ക് വിശ്വാസമില്ല. സമഗ്രമായ ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയ നടപടികൾ കേരള നിയമസഭ എല്ലാ കാലത്തും ചർച്ച ചെയ്യുന്നതാണ്. അത് എങ്ങനെ വേണമെന്നുള്ള ഒരു അവലോകനം നല്ലതാണ്....(ബഹളം)...

മി. സ്പീക്കർ: പ്രമേയം അവതരിപ്പിക്കുന്ന ആൾക്ക് പ്രമേയം അവതരിപ്പിക്കുന്നതിന്റെ യുക്തി പറഞ്ഞുകൊണ്ട് സഭയിൽ സംസാരിക്കാം. ഗവൺമെന്റിന് അതിന് മറുപടി പറയാം. അതിനോട് യോജിപ്പില്ലെങ്കിൽ പ്രതിപക്ഷനേതാവിന് പ്രസംഗം നടത്തി വാക്കൗട്ട് ചെയ്യാം. ഇതാണ് അതിന്റെ രീതി. പക്ഷെ പ്രമേയം ചർച്ചയ്ക്കെടുക്കുന്നതുപോലുള്ള രീതി വളർത്തിക്കൊണ്ടു വരുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ചർച്ച ചെയ്താലും ഇല്ലെങ്കിലും ചർച്ച ചെയ്യുന്ന രീതി കൊണ്ടുവരുന്നത് ശരിയല്ല. ചർച്ച ചെയ്യാൻ തീരുമാനിച്ചാൽ ചർച്ച ചെയ്യും. പ്രസംഗത്തിൽ പരസ്പരം വഴങ്ങുന്നത് നിർത്തണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അഴിമതി ആരോപണങ്ങൾ നിയമസഭയിൽ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് പ്രത്യേകമായ ചട്ടമുണ്ട്. അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് 'പ്രമേയത്തിൽ വാദങ്ങളോ, അഭ്യൂഹങ്ങളോ, വ്യാജോക്തികളോ, ആരോപണങ്ങളോ, അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും....' എന്നുള്ളത്, അടിയന്തരപ്രമേയം ചട്ടം 50-ൽ ഉൾപ്പെട്ടതാണ്. ചട്ടം 50-മായി ബന്ധപ്പെട്ട അടിയന്തരപ്രമേയത്തിൽ വരാൻ പാടില്ലാത്ത കാര്യങ്ങൾ ഒരു പാർട്ടിക്കെതിരായോ, നേതാക്കൾക്കെതിരായോ, അതും ഇവിടെയില്ലാത്ത ആൾക്കാർക്കെതിരായി നിയമസഭയിൽ കൊണ്ടുവരുമ്പോൾ ആർക്കാണ് മറുപടി പറയാൻ സാധിക്കുന്നത്? ഇന്നേവരെ ഉണ്ടായിട്ടില്ലാത്ത ഒരു സ്ഥിതിയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, സാധാരണ അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന ആൾ കുറച്ചോ കൂടുതലോ സംസാരിക്കും. ഇവിടെ എന്താണ് നടന്നത്? ഒരാൾ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നു. കൂടെ മറ്റൊരാൾ

സംസാരിക്കുന്നു. വേറെ ഒരാൾ സംസാരിക്കുന്നു. അങ്ങനെ ഏതെങ്കിലും കാലത്ത് ഈ സഭയിൽ ഉണ്ടായിട്ടുണ്ടോ? അത് ബഹുമാനപ്പെട്ട സ്പീക്കർ നിയന്ത്രിക്കേണ്ടതാണ്. എന്നാൽ ഒരു സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന ആൾ നിൽക്കുമ്പോൾത്തന്നെ ആ കക്ഷിയിലുള്ള വേറെ ഒരാൾ സംസാരിക്കുന്നു, അതുകഴിഞ്ഞ് വേറെ ഒരാൾ സംസാരിക്കുന്നു. അങ്ങനെ ഒരു കീഴ്‌വഴക്കം ഈ സഭയിലുണ്ടോ? അതൊക്കെയാണ് ഞാൻ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ഇനി അതിനൊരു സംസാരം വേണ്ട. അടിയന്തര പ്രാധാന്യമുള്ള പ്രമേയമാണ് കൊണ്ടുവരേണ്ടതെന്ന് അങ്ങയോട് ഞാൻ നേരത്തെ സൂചിപ്പിച്ചു. അങ്ങ് കൊന്തയിലടിച്ചതുപോലെ എല്ലാംകൂടി പറഞ്ഞതുകൊണ്ടാണ് ഈ കുഴപ്പങ്ങളെല്ലാമുണ്ടായത്. ഇനി അങ്ങ് വിശദീകരിക്കേണ്ട. ഡോ. എം. കെ. മുനീറിന് സംസാരിക്കാം. പ്രതിപക്ഷ നേതാവ് വാക്കൗട്ട് നടത്തിക്കഴിഞ്ഞു.

ഡോ. എം. കെ. മുനീർ: സർ, ഇവിടെ നടന്നിട്ടുള്ള മുഴുവൻ അടിയന്തരപ്രമേയവും എടുത്തുനോക്കിയാലറിയാം.

മി. സ്പീക്കർ: പഴയതെല്ലാം അതുപോലെ തുടരാൻ കഴിയില്ല. പണ്ട് നമ്മൾ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അത് ആവർത്തിക്കാൻ സാധിക്കില്ല. പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ പരമാവധി സംരക്ഷിക്കാനാണ് ശ്രമിക്കാറുള്ളത്. അതിൽ ഒരു ആക്ഷേപവും വരരുതെന്നുള്ളതുകൊണ്ടാണ് പരമാവധി അവസരങ്ങൾ നൽകുന്നത്. അതൊരു ദൗർബല്യമായി കാണരുത്.

ഡോ. എം. കെ. മുനീർ: സർ, അത് മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ. ഇവിടെ തട്ടിപ്പുകൾ പുറത്ത് നടക്കുമ്പോൾ അവരെക്കുറിച്ച് പറയാൻ പാടില്ലെന്ന് പറഞ്ഞാൽ, അവർ നിയമസഭയിലുണ്ടാകണമെന്ന് പറഞ്ഞാൽ, ഈ തട്ടിപ്പുകാരെ മുഴുവൻ നിയമസഭയിലെത്തിക്കണ്ടേ?

മി. സ്പീക്കർ: ഈ പറയുന്ന വ്യക്തികളെ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ? എന്തെങ്കിലും വിവരങ്ങളുടെ അടിസ്ഥാനത്തിലാണോ പറയുന്നത്?

ഡോ. എം. കെ. മുനീർ: സർ, അറസ്റ്റ് ചെയ്തല്ലോ?

മി. സ്പീക്കർ: എല്ലാം കൂട്ടിക്കുഴച്ച് പറയുകയാണ്. അങ്ങ് പറയാനുള്ളത് പറയൂ.

ഡോ. എം. കെ. മുനീർ: സർ, 'സെക്ഷൻ ക്ലർക്ക് അറസ്റ്റിൽ; സി.പി.ഐ. (എം.) നേതാവ് ഒളിവിൽ'.

മി. സ്പീക്കർ: സെക്ഷൻ ക്ലർക്കിന്റെ കാര്യമല്ലല്ലോ ഇവിടെ ഉന്നയിച്ചത്.

ഡോ. എം. കെ. മുനീർ: സർ, ഇത് പത്രത്തിൽ വന്ന വാർത്തയാണ്. അങ്ങനെയെങ്കിൽ പത്രത്തിനെതിരെ കേസ് കൊടുക്കണ്ടേ? അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത്, സർക്കാർ ഒപ്പമുണ്ട് എന്ന് പറഞ്ഞിടത്ത് സർക്കാരല്ല നേതാക്കളാണ് ഒപ്പമുള്ളത്. എന്തിനാണ് അവർ കൂടെ നടക്കുന്നത്?

പോക്കറ്റടിക്കാൻ വേണ്ടിയാണ് അവർ കൂടെ നടക്കുന്നത്. ശ്രീ. വിഷ്ണുപ്രസാദും ശ്രീ. മഹേഷുംകൂടി കോഴിഫാം തുടങ്ങുന്നതിനുവേണ്ടിയാണ് പണം മാറ്റിയത്. പ്രളയ ദുരിതാശ്വാസത്തിന്റെ പണമെടുത്ത് കോഴിഫാം തുടങ്ങുന്ന അവസ്ഥയിൽ ഇവിടെ എന്താണ് ചർച്ച ചെയ്യുക. മാത്രമല്ല വേറെ ഒരു വാർത്ത വന്നിട്ടുള്ളത്, ഒരു പ്രവാസി സംഘടന റിയാദിലെ .....(ബഹളം)....

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ എന്താണ്? ...(ബഹളം)... അടിയന്തരപ്രമേയത്തിന്റെ ചർച്ചയ്ക്ക് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറഞ്ഞ് അവസാനിപ്പിക്കൂ.

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനോടൊന്നും യോജിക്കില്ലെന്ന് ഞങ്ങൾക്കറിയാം. കാരണം അദ്ദേഹം ഈ തട്ടിപ്പിനോടൊപ്പമൊന്നും നിൽക്കില്ല. ...(ബഹളം)...

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്....

11.00 AM]

ഡോ. എം. കെ. മുനീർ: സർ, കളക്ടറേറ്റിലേയ്ക്ക് ഒരു പ്രവാസി സംഘടന നൽകിയ 1.16 ലക്ഷം രൂപയുടെ ചെക്ക് കാണുന്നില്ല. ഇനി ഇതുപോലെയുള്ള പ്രശ്നങ്ങൾ വരുമ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി ആഹ്വാനം ചെയ്താലും ആളുകൾ പണം കൊടുക്കില്ല. ഈ പണം എത്തേണ്ടിടത്ത് കൃത്യമായി എത്തുന്നില്ല. സോഫ്റ്റ്‌വെയർ കേടായി എന്നുപറഞ്ഞു. സോഫ്റ്റ്‌വെയർ കേടായതിന്റെ പേരിൽ ഒരു ജീവനാണ് പൊലിഞ്ഞത്. ഈ സോഫ്റ്റ്‌വെയർ എവിടെയൊക്കെ കേടായി; ഏതൊക്കെ രീതിയിൽ; എത്ര ആളുകൾക്ക് നഷ്ടപ്പെട്ടു എന്നുള്ളതൊക്കെ പരിശോധിക്കണ്ടേ? അതുകൊണ്ടാണ് ഇത് വളരെ ഗൗരവമായി കാണേണ്ട ഒരു വിഷയമാണെന്നും ഇത് അന്വേഷിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെട്ടത്. 10,000 രൂപപോലും കിട്ടാത്ത എത്രയോ ആളുകളുണ്ടെന്നത് സത്യമാണ്. ഒരാൾ ആത്മഹത്യ ചെയ്തതുകൊണ്ട് അതുമാത്രം നമ്മളറിഞ്ഞു. സനിൽ എന്ന പാവപ്പെട്ടവൻ എത്രയോ കാലമായി കാത്തിരിക്കുകയാണ്. നിങ്ങളുടെ പണം ഇപ്പോൾ എത്തുമെന്നാണ് വില്ലേജ് ഓഫീസിലെയും താലൂക്ക് ഓഫീസിലെയും ഉദ്യോഗസ്ഥർ പറഞ്ഞത്. പണം ലഭിക്കുമെന്ന് കാത്തുകാത്തിരുന്ന് അവസാനം സോഫ്റ്റ്‌വെയർ കേടായി. പണം കിട്ടാതെ അയാൾക്ക് ജീവനൊടുക്കേണ്ടിവന്നു. ഈ സോഫ്റ്റ് വെയർ എങ്ങനെയാണ് കേടായത്? അതേസമയം പാർട്ടിയുടെ ആളുകളുടെ അക്കൗണ്ടിലേയ്ക്ക് പണം പോകുന്ന പുതിയ സോഫ്റ്റ്‌വെയറുണ്ടല്ലോ, അത് കൃത്യമായി പോകുന്നുണ്ട്. ആ ബാങ്കിനെക്കുറിച്ച് പറയാനുള്ള കാരണം, ബാങ്കിലെ ഒരു ഡയറക്ടറാണ് ശ്രീമതി കൗലത്ത്. ആ ഡയറക്ടറുടെ ഭർത്താവ്

തന്നെയാണ് അവിടത്തെ കളക്ഷൻ ഏജന്റും. അപ്പോൾ ഇവർ തമ്മിൽ ഒത്തുകളിച്ച് ഈ പണം മുഴുവൻ അടിച്ചുമാറ്റുകയാണ്. 5 ലക്ഷം രൂപ ശ്രീ. അൻവർ പിൻവലിച്ചിട്ടുണ്ട്. ഇങ്ങനെ എത്ര പണം എവിടെയൊക്കെ പോയി എന്നുള്ളത് പരിശോധിക്കണ്ടേ? 8 കോടി രൂപയോളം ഇങ്ങനെ പോയിട്ടുണ്ടെന്നാണ് ശ്രീ. പി. ടി. തോമസ് ഇവിടെ പറഞ്ഞത്. അങ്ങനെയൊരു ആരോപണം ഉന്നയിച്ച സാഹചര്യത്തിൽ അതും പരിശോധിക്കണം. സത്യത്തിൽ ചർച്ച ആവശ്യമുള്ള ഒരു വിഷയമായിരുന്നു ഇത്. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, നെടുങ്കണ്ടത്തെ ഒരു സ്പെസിഫിക് കേസ് ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. പ്രളയത്തിൽ വീടുമുഴുവൻ പോയ ശ്രീ. അജിത് എന്നയാൾ ആട്ടിൻകൂട്ടിലാണ് താമസിക്കുന്നത്. ഇത്രയും ദിവസമായിട്ടും ഒരു നടപടിയും സ്വീകരിച്ചില്ല. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടിട്ടും ഒരു അനന്തര നടപടിയുമുണ്ടാകുന്നില്ല. 38000 കേസുകളിലാണ് സോഫ്റ്റ്‌വെയർ തകരാറിലായിരിക്കുന്നത്. Something is wrong. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് ഒന്നുകൂടെ പരിശോധിക്കണം. വാസയോഗ്യമല്ലാത്ത വീടുകളിൽ എങ്ങനെ താമസിക്കും? ഒന്നും രണ്ടും ഗഡു കൊടുത്താൽ വീടിന്റെ പണി തീരുമോ? വീട് തീർന്നോ എന്നുള്ളതാണ് പ്രശ്നം. വാസയോഗ്യമല്ലാത്ത ഒരു ലക്ഷം വീടുകളുണ്ടെന്നാണ് എന്റെ ചോദ്യത്തിനുത്തരമായി വന്നത്. അപ്പോൾ അത്തരം കേസുകളിൽ ഒരു പുനഃപരിശോധന ആവശ്യമാണ്. ഇത്രയും ആക്ഷേപങ്ങൾ വന്ന സ്ഥിതിക്ക് അടിയന്തര ഇടപെടൽ ആവശ്യമാണ്. അത് ചർച്ചചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, 12000-ത്തോളം വീടുകൾക്ക് പണം നൽകുന്ന നടപടികൾ പുരോഗമിക്കുന്നുവെന്നാണ് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇവിടെ നൽകിയ മറുപടി. അതിനിടയ്ക്കാണ് അർഹതപ്പെട്ടവർക്ക് തുക ലഭിക്കാതെ ആ തുക മറ്റ് അക്കൗണ്ടുകളിലേയ്ക്ക് മാറുന്നതായിട്ടുള്ള ഗുരുതരമായ ആരോപണം വന്നതും ഒപ്പം അത് തെളിവുകൾ സഹിതം ഇന്ന് അന്വേഷണ വിധേയമായിക്കൊണ്ടിരിക്കുന്നതും. സോഫ്റ്റ്‌വെയറിന്റെ സാങ്കേതികപ്പിഴവിനെക്കുറിച്ചും മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതെല്ലാം കൂട്ടിവായിക്കുമ്പോൾ പ്രളയ

പുനർനിർമ്മാണ-പുനരധിവാസ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ലെന്നുള്ളത് പറയേണ്ടതായിവരുന്നു. പ്രളയഫണ്ട് തുക അനർഹരുടെ അക്കൗണ്ടിലേയ്ക്ക് മാറിയത് സംബന്ധിച്ച് കളക്ടറുടെ ആഭ്യന്തര റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് സാങ്കേതികപ്പിഴവുകൾ കൊണ്ടല്ല മറിച്ച് ഇത് ബോധപൂർവ്വം ഗൂഢാലോചന നടത്തി മാറിയിരിക്കുന്നുവെന്നാണ്. അഞ്ച് ഇൻസ്റ്റാൾമെന്റുകളായിട്ടാണ് ഇയാളുടെ അക്കൗണ്ടിലേയ്ക്ക് തുക മാറിയിരിക്കുന്നത്. ഇത് ആസൂത്രിതമായ വെട്ടിപ്പാണ്. അതുകൊണ്ടുതന്നെയാണ് ഇതിന്റെ ഗൗരവം വർദ്ധിക്കുന്നത്. വിവിധ അംഗങ്ങൾ അതുസംബന്ധിച്ച് അവരുടെ അഭിപ്രായങ്ങൾ ഇവിടെ രേഖപ്പെടുത്തിയത് ഇത് അത്രയേറേ ഗൗരവമായ ഒരു വിഷയമായതുകൊണ്ടാണ്. ഗവൺമെന്റ് അത് പൂർണ്ണമായും ഉൾക്കൊള്ളണം. ഇതുസംബന്ധിച്ച് അന്വേഷണം നടത്തണം. രണ്ട് പ്രളയത്തിലുമായി എല്ലാം നഷ്ടപ്പെട്ട ലക്ഷക്കണക്കിനാളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അർഹതപ്പെട്ടവരുടെ കൈകളിലേയ്ക്ക് പണമെത്താതെ അനർഹരുടെ കൈകളിലേയ്ക്ക് പോകുമ്പോൾ അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം. അവർക്കെതിരെ നടപടികളെടുക്കണം. ഈ വിഷയം ചർച്ച ചെയ്യേണ്ട ഒന്നായിരുന്നു. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇത് ഒരു ഒറ്റപ്പെട്ട കേസിന്റെയോ അഴിമതിയുടെയോ കാര്യമല്ല. വ്യാപകമായ രീതിയിൽ വെള്ളപ്പൊക്കമുണ്ടാകുന്നു. അതിന്റെ കെടുതികൾ നിരവധി പേർ അനുഭവിക്കുന്നു. അവർക്കുവേണ്ടി സർക്കാർ ചെലവഴിക്കുന്ന പണം അവർക്ക് കിട്ടുന്നില്ല, വേറെ വഴിമാറി പോകുന്നു. ഇതാണ് പൊതുവായ പ്രശ്നം. ഇതിന് പരിഹാരമുണ്ടാക്കാൻ വേണ്ടിയുള്ള ഒരു സംവിധാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചിന്തിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഇതൊരു പൊതുവായ പ്രശ്നമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയം കഴിഞ്ഞ് സഭയിൽ തിരികെ പ്രവേശിച്ചു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) യാത്രാനിയന്ത്രണംമൂലം പ്രവാസികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കോവിഡ് 19 വൈറസ് നിയന്ത്രണത്തിന്റെ ഭാഗമായി യാത്രാനിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതോടെ പ്രവാസികൾ വലിയ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണ്. ലഭ്യമായ വിവരങ്ങളനുസരിച്ച് കണക്ഷൻ വിമാനങ്ങൾ കിട്ടാതെ ആയിരത്തോളം പേർ കഴിയുകയാണ്. കുവൈറ്റിനു പിന്നാലെ സൗദി അറേബ്യയും ഒമാൻ എയറും യാത്രാ നിയന്ത്രണങ്ങളേർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ദിവസം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽനിന്നും ബഹ്റൈൻ വഴി സൗദി അറേബ്യയിലേയ്ക്ക് പോകാനിരുന്ന നൂറോളം മലയാളികൾക്ക് കണക്ഷൻ ഫ്ലൈറ്റ് ലഭിച്ചിട്ടില്ല. ബഹ്റൈൻ, യു.എ.ഇ., കുവൈറ്റ് എന്നിവിടങ്ങളിൽനിന്നുള്ള കണക്ഷൻ ഫ്ലൈറ്റുകൾക്ക് സൗദി അറേബ്യ വിലക്കേർപ്പെടുത്തിയതാണ് കാരണം. ഇവരെ ബഹ്റൈനിൽ നിന്നും കേരളത്തിലേയ്ക്ക് തിരിച്ചുവിട്ടിരിക്കുകയാണ്. യു.എ.ഇ. വഴി സൗദിയിലേയ്ക്ക് Etihad Airways-ന്റെ രണ്ട് വിമാനങ്ങളിലായി പോകേണ്ടിയിരുന്ന 116 പേരെ കോഴിക്കോടുനിന്നും കൊണ്ടുപോയിട്ടില്ല. കണ്ണൂർ വിമാനത്താവളത്തിലും സമാനമായ സംഭവങ്ങളുണ്ടായി. ഇങ്ങനെ സമയത്തിന് എത്താൻ കഴിയാത്തതുകൊണ്ട് ജോലിയിൽ പ്രവേശിക്കാൻ കഴിയാത്ത ധാരാളം പേരുണ്ട്. കോവിഡ് 19 ഇല്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ചില ഗൾഫ് രാജ്യങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതുമൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. സമയത്തിന് അവിടെ എത്തിയില്ലെങ്കിൽ ജോലിതന്നെ നഷ്ടമാകും. പോകാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. ഇത്തരമൊരു സാഹചര്യത്തിൽ നയതന്ത്രപരമായ ഇടപെടലാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് അത്തരമൊരു ഇടപെടലിന് അടിയന്തര നടപടിയുണ്ടാകണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോവിഡ് 19 രോഗബാധ വലിയ ഗൗരവമുള്ള കാര്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് പ്രവാസികൾ വലിയ തോതിലുള്ള പ്രയാസങ്ങൾ നേരിടുകയാണ്. ഒരുഭാഗത്ത് ചില വിമാനസർവ്വീസുകൾ റദ്ദാക്കിയ പ്രശ്നമുണ്ട്. അതിന്റെ ഭാഗമായി ഗൾഫ് രാജ്യങ്ങളിലേയ്ക്ക് തിരികെ പോകേണ്ടവർ, പുതിയ തൊഴിൽ വിസ ലഭിച്ചിട്ട് പോകേണ്ടവർ ഇവരൊക്കെ വലിയ പ്രയാസത്തിലാകുന്നുണ്ട്. മാത്രമല്ല, കൃത്യസമയത്ത് എത്തിയില്ലെങ്കിൽ തൊഴിൽ നഷ്ടപ്പെടുമെന്ന സാഹചര്യമുണ്ട്.

ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ സർട്ടിഫിക്കറ്റ് വേണമെന്ന് പറഞ്ഞ് ചില രാജ്യങ്ങൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. ഇന്ത്യയടക്കം പത്ത് രാജ്യങ്ങളിൽനിന്നും വരുന്ന യാത്രക്കാർക്ക് PCR (Polymerase Chain Reaction) മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാണെന്ന് കുവൈറ്റ് സർക്കാർ ഉൾപ്പെടെയുള്ള ചില രാജ്യങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള യാത്രാവിലക്കുകൾ കാരണം പ്രവാസികളുടെ ജോലി നഷ്ടപ്പെട്ടുപോകാനിടയുണ്ട് എന്ന് മനസ്സിലാക്കി അതിൽ സംസ്ഥാന സർക്കാർ ഇടപെട്ടിട്ടുണ്ട്. വിദേശകാര്യമന്ത്രിയോട് നേരത്തെ തന്നെ ഇക്കാര്യത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇപ്പോൾ മറ്റൊരു പ്രശ്നം ഇതോടൊപ്പം ഉയർന്നുവന്നിരി ക്കുകയാണ്. കോവിഡ്-19 നെഗറ്റീവ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ഇങ്ങോട്ട് വരാൻ പറ്റുകയുള്ളൂവെന്ന് പറഞ്ഞുകൊണ്ട് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ഒരു സർക്കുലർ പുറപ്പെടുവിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ഇറ്റലിയിൽ ഇന്ത്യാക്കാരായ കുറേ ആളുകൾ കുടുങ്ങിക്കിടക്കു കയാണ്. അതിൽ ധാരാളം മലയാളികളുമുണ്ട്. ഈ സർക്കുലറാണ് ഇതിന് കാരണം. കോവിഡ് 19-ന്റെ രോഗലക്ഷണമുള്ളവർ അതിന് ചികിത്സിക്കാനുള്ള സംവിധാനമൊരുക്കുന്നത് മനസ്സിലാക്കാം. എവിടെ ആയാലും രാജ്യത്തേയ്ക്ക് വരാൻ പാടില്ലെന്ന് പറയാൻ പറ്റുമോ? നമ്മുടെ രാജ്യത്തെ പൗരന്മാർ മറ്റൊരു രാജ്യത്ത് എത്തപ്പെട്ടതിനുശേഷം അവർ ഇന്ത്യയിലേയ്ക്ക് വരാൻ പാടില്ലെന്ന് ഇന്ത്യാ ഗവൺമെന്റ് പറയുന്നതിൽ എന്തർത്ഥമാണുള്ളത്? അങ്ങനെ പറയാൻ പാടില്ലാത്തതാണ്. ഇപ്പോൾ രോഗമൊന്നുമില്ലാത്തവരുടെ കാര്യത്തിൽ നിയന്ത്രണം വയ്ക്കുന്നത് എന്തിനാണ്? രോഗമുണ്ടായാൽ, രോഗമുള്ളയാൾ അവിടെത്തന്നെ നിൽക്കണമെന്ന് ഒരു രാജ്യത്തിന് പറയാൻ കഴിയുമോ ?

മി. സ്പീക്കർ: ഇത് കേരള ഗവൺമെന്റിന്റെ സർക്കുലറാണെന്ന രീതിയിൽ നവമാധ്യമങ്ങളിൽ വലിയ പ്രചരണം നടക്കുന്നുണ്ട്. ഇറ്റലിയിൽ വലിയ panic-ആയിട്ടുള്ള പ്രചാരണമാണ് നടക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് പറയുന്നതിനോട് നൂറ് ശതമാനം യോജിപ്പാണുള്ളത്. ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കണ്ടേ?

ശ്രീ. പിണറായി വിജയൻ: സർ, കേരള ഗവൺമെന്റിന്റെ സർക്കുലറാണെന്ന് പറയുന്നത് ചില കുബുദ്ധികൾ ചെയ്തുവയ്ക്കുന്ന പണിയായിരിക്കും. ഇന്ത്യാ ഗവൺമെന്റിന്റെ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ പുറപ്പെടുവിച്ച സർക്കുലറിന്റെ ഭാഗമായാണ് ഈ പ്രയാസം വന്നത്. രോഗിയായ ഇന്ത്യൻ പൗരന്

ഇങ്ങോട്ട് വരാൻ പാടില്ലെന്ന നിലപാട് ഒരു രാജ്യം സ്വീകരിക്കാൻ പാടുണ്ടോ; ഇത് അതീവഗൗരവമായ പ്രശ്നമല്ലേ? അയാൾക്ക് എല്ലാ സംരക്ഷണവും കൊടുക്കാൻ ബാധ്യതപ്പെട്ടതല്ലേ നമ്മുടെ രാഷ്ട്രം. ഒരു രാഷ്ട്രത്തിന് അതിൽനിന്നും കയ്യൊഴിയാൻ പാടുണ്ടോ? ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. ഇതിന്റെ ഭാഗമായി ഒരാൾ ടിക്കറ്റ് എടുത്തതിനുശേഷം ടെസ്റ്റ് ചെയ്യാൻ കൊടുത്താൽ 48 മണിക്കൂർ കഴിഞ്ഞുമാത്രമേ റിപ്പോർട്ട് ലഭിക്കുകയുള്ളൂ. അതുവരെ അവർ അവിടെ നിൽക്കണമെന്നാണ് പറയുന്നത്. അതുമാത്രമല്ല, രോഗം ഇല്ലാത്തവരെയൊന്നും പരിശോധന നടത്താൻ കഴിയില്ലെന്ന് ഇറ്റലിയിൽനിന്ന് പറഞ്ഞതായി ചില ആളുകൾ വിളിച്ച് പറഞ്ഞിട്ടുണ്ട്. അങ്ങനെയൊരു അവസ്ഥ ഉള്ളതായും പറയുന്നുണ്ട്. ഇത്തരമൊരു ഘട്ടത്തിൽ ഈ സർക്കുലർ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് അടിയന്തര സന്ദേശം അയച്ചിട്ടുണ്ട്. അതോടൊപ്പം വിദേശകാര്യമന്ത്രിക്കും അയച്ചിട്ടുണ്ട്. അവിടെ ചർച്ച ചെയ്തപ്പോൾ ലഭിച്ച വിവരം അനുസരിച്ച്, ഇതിലൊരു കടുംപിടിത്തം കേന്ദ്ര ആരോഗ്യ വകുപ്പിനാണെന്ന് പറയുന്നുണ്ട്. അത് കേന്ദ്ര ഗവൺമെന്റിന് മൊത്തത്തിലുള്ളതാണ്. ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിക്ക് കത്തയയ്ക്കാൻ പോകുകയാണ്. പ്രധാനമന്ത്രിക്ക് കത്തയച്ചാൽ വേറെ ആർക്കും അയയ്ക്കേണ്ട കാര്യമില്ല. ആരോഗ്യ വകുപ്പുമന്ത്രിക്കും കത്തയയ്ക്കാം എന്നാണ് ഉദ്ദേശിക്കുന്നത്. ഇന്നലെ ചീഫ് സെക്രട്ടറി കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയുമായി സംസാരിച്ചിരുന്നു. അവർ ഇങ്ങോട്ട് ആളുകളെ അയയ്ക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചാണ് സംസാരിച്ചത്. അതിൽനിന്നും മനസ്സിലാക്കുന്നത്, മെഡിക്കൽ പരിശോധന ഇല്ലാതെ ഇറ്റലിയിൽനിന്നും വരുന്ന ആളുകളെ വിമാനം ഇറങ്ങാൻ സമ്മതം നൽകാൻ കഴിയില്ലെന്നാണ്. ഇത് ഉന്നതതലത്തിലുള്ള തീരുമാനമാണ്. ഇത് എന്തൊരു അബദ്ധമായ നിലപാടാണെന്നുള്ളത് നമ്മൾ ഓർക്കേണ്ടതാണ്. നമ്മുടെ രാജ്യത്തെ പൗരന്മാർക്ക് ഇങ്ങോട്ട് വരാൻ പറ്റില്ലെന്നുള്ള നിലപാട് നമ്മുടെ രാജ്യം സ്വീകരിക്കുന്നത് അപരിഷ്കൃതമല്ലേ; അങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ പറ്റുമോ? അവിടെ കുടുങ്ങിക്കിടക്കുന്ന ഇന്ത്യക്കാരുടെ താൽപ്പര്യം പരിഗണിച്ച് ഒരു മെഡിക്കൽ സംഘത്തെ രണ്ട് ദിവസത്തിനുള്ളിൽ ഇറ്റലിയിലേയ്ക്ക് അയയ്ക്കുമെന്നാണ് പറഞ്ഞത്. കാരണം, രോഗമില്ലാത്തവരെ പരിശോധിച്ച് രോഗമില്ലെന്ന സർട്ടിഫിക്കറ്റ് നൽകാൻ ഇറ്റലി തയ്യാറാകുന്നില്ല. ഇന്നലെ ചീഫ് സെക്രട്ടറിയോട് ക്യാബിനറ്റ് സെക്രട്ടറി പറഞ്ഞത്, ഒരു മെഡിക്കൽ സംഘത്തെ രണ്ട് ദിവസത്തിനകം ഇന്ത്യയിൽനിന്നും ഇറ്റലിയിലേയ്ക്ക് അയക്കും എന്നാണ്. നാട്ടിലേയ്ക്ക് വരാൻ താൽപ്പര്യമുള്ളവരെ മെഡിക്കൽ പരിശോധനയ്ക്ക്

വിധേയമാക്കുകയും അവരുടെ ടെസ്റ്റ് റിസൾട്ട് നെഗറ്റീവായാൽ യാത്രാനുമതി നൽകുകയും പോസിറ്റീവാണെങ്കിൽ അവിടെ quarantine ചെയ്ത് ചികിത്സിക്കുകയും ചെയ്യുന്നതാണ്. ഇറ്റലിയിൽ മെഡിക്കൽ പരിശോധന നടത്താൻ അവർ തയ്യാറാകാത്തതുകൊണ്ട് ഇങ്ങനെയൊരു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നാണ് ഇന്നലെ രാത്രി ചീഫ് സെക്രട്ടറിയോട് ക്യാബിനറ്റ് സെക്രട്ടറി പറഞ്ഞിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഇടപെടാൻ പറഞ്ഞതുകൊണ്ട് ചീഫ് സെക്രട്ടറി അദ്ദേഹത്തെ നേരിട്ട് വിളിച്ച് സംസാരിക്കുകയായിരുന്നു. ഇക്കാര്യത്തിൽ നിയമസഭ നാളെയോ മറ്റെന്നാളോ പ്രമേയം കൊണ്ടുവന്ന് അവതരിപ്പിക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വിദേശത്ത് കുടുങ്ങിക്കിടക്കുന്ന വരുടെയും ഇവിടെനിന്നും പോകാൻ കഴിയാത്ത ആളുകളുടെയും പ്രശ്നങ്ങളിൽ വളരെ ജാഗ്രതയോടെ ഇടപെടുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കേണ്ടതുണ്ട്. ജോലിയുമായി ബന്ധപ്പെട്ട് തടസ്സം നേരിടുന്ന ആളുകൾക്ക് നോർക്കയിൽ പേര് രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഒരുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ജോലിയുടെ കാര്യം നേരത്തേതന്നെ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അടിയന്തര ഇടപെടൽ വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആ രാജ്യങ്ങളോട് നമ്മുടെ രാജ്യം അഭ്യർത്ഥിക്കാൻ പറഞ്ഞിട്ടുണ്ട്. പക്ഷെ, നമ്മൾ തന്നെ ഇങ്ങനെയൊരു വ്യവസ്ഥ വച്ചപ്പോഴാണ് കുരുക്ക് വന്നത്. മറ്റ് രാജ്യക്കാർ സർട്ടിഫിക്കറ്റോടുകൂടി മാത്രമേ വിമാനത്തിൽ കയറാൻ പാടുള്ളൂ എന്ന പ്രയാസം ദുരീകരിക്കാൻ ആ രാജ്യങ്ങളുമായി ബന്ധപ്പെടണമെന്നാണ് നേരത്തേ കേന്ദ്ര ഗവൺമെന്റിനോട് നമ്മൾ ആവശ്യപ്പെട്ടത്. ഇന്ത്യയിലേയ്ക്ക് വരുന്ന ആളുകൾ രോഗമില്ലെന്ന നെഗറ്റീവ് സർട്ടിഫിക്കറ്റോടുകൂടി മാത്രമേ വിമാനത്തിൽ കയറാൻ പാടുള്ളൂ എന്ന് നമ്മുടെ രാജ്യംതന്നെ പറഞ്ഞാൽ നമുക്ക് മറ്റ് രാജ്യങ്ങളോട് എങ്ങനെ പറയാൻ സാധിക്കും? ഏതായാലും ഈ ശ്രമം തുടർന്നുകൊണ്ടേയിരിക്കാം.

ശ്രീ. സണ്ണി ജോസഫ്: സർ, ഇന്നലെ ഇറ്റലിയിലെ വിഷയം നാട്ടിലുള്ള ആളുകൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ അറിയിച്ചിരുന്നു. ഇന്ന് ഞാൻ വിളിച്ചപ്പോൾ, അവിടെ വീടുകളും മറ്റും ഉപേക്ഷിച്ച് ഇങ്ങോട്ട് വരാനുള്ള എല്ലാ തയ്യാറെടുപ്പുകളോടെ റോമിലെ എയർപോർട്ടിലെത്തിയ സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർ വെള്ളം പോലും കിട്ടാതെ വിമാനത്തിൽ കയറുന്നതിനുള്ള അനുമതിക്കായി കാത്തുനിൽക്കുകയാണ്. അവർ ഇപ്പോൾ അവിടെനിന്ന് അയച്ചുതന്ന വീഡിയോ ഉണ്ട്. മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ച കാര്യം

പറഞ്ഞു. ഇക്കാര്യത്തിൽ ഒന്നുകൂടി വിദേശകാര്യ വകുപ്പുമന്ത്രിയുമായി സംസാരിക്കാനും ഈ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ചീഫ് സെക്രട്ടറിയെ ഡൽഹിക്ക് അയയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, രണ്ട് ദിവസം കഴിഞ്ഞ് മെഡിക്കൽ സംഘം ഇറ്റലിയിലേയ്ക്ക് പോകുമെന്നാണ് അങ്ങ് പറഞ്ഞത്. അപ്പോൾത്തന്നെ നാല് ദിവസമാകും. അവിടത്തെ അവസ്ഥ ഗുരുതരമാണ്. ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണം. ഇവരെല്ലാം എയർപോർട്ടിൽനിന്നും പുറത്ത് പോകാൻ നിവൃത്തിയില്ലാതെ നിൽക്കുകയാണ്. വിദേശകാര്യ വകുപ്പുമന്ത്രി മലയാളിയായ ശ്രീ. എസ്. ജയശങ്കറിന് ഇക്കാര്യത്തിൽ കുറച്ചുകൂടി ഇടപെടാൻ സാധിക്കും. അല്ലെങ്കിൽ നമ്മുടെ ആളുകളുടെ പ്രയാസങ്ങൾ പരിഹരിക്കപ്പെടില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ രാത്രി ശ്രീ. സണ്ണി ജോസഫാണ് ഇറ്റലി എയർപോർട്ടിൽ കുടുങ്ങിക്കിടക്കുന്ന ആളുകളെപ്പറ്റി എന്നോട് പറഞ്ഞത്. ഞാൻ ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഫോണിൽ സംസാരിച്ചപ്പോൾ അദ്ദേഹം കേന്ദ്ര മന്ത്രിയുമായി ബന്ധപ്പെടാമെന്ന് പറഞ്ഞു. കേന്ദ്രമന്ത്രി ശ്രീ. വി. മുരളീധരനുമായി ഫോൺ മുഖാന്തരം ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും കിട്ടിയില്ല. വിദേശകാര്യ സെക്രട്ടറിക്ക് രാവിലെ ഒരു കത്തയച്ചിട്ടുണ്ട്. എയർപോർട്ടിൽ കുടുങ്ങിക്കിടക്കുന്ന ആളുകൾ ഭക്ഷണവും വെള്ളവും ലഭിക്കുന്നില്ലെന്ന് പറഞ്ഞ് ഇങ്ങോട്ട് വിളിക്കുകയാണ്. അവരുടെ കാര്യത്തിൽ അടിയന്തര നടപടിക്കുവേണ്ടി ഇനിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സർക്കാരുമായി ബന്ധപ്പെടണം. പ്രമേയം ഏകകണ്ഠമായി പാസ്സാക്കാം.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യാമെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞതാണ്.

മി. സ്പീക്കർ: ഗൾഫ് യാത്രാ നിയന്ത്രണം സംബന്ധിച്ചും വിദേശ രാജ്യങ്ങളിലേയ്ക്കും തിരിച്ചുമുള്ള യാത്രാനിയന്ത്രണത്തെ സംബന്ധിച്ചും സർവ്വശ്രീ. കെ. സി. ജോസഫ്, റ്റി. വി. രാജേഷ്, എൻ. എ. നെല്ലിക്കുന്ന് എന്നീ അംഗങ്ങൾ സബ്മിഷൻ നൽകിയിരുന്നു. ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചതുകൊണ്ടാണ് സബ്മിഷന് പ്രസക്തിയില്ലാതായത്.

## (2) ബന്ദിപ്പൂരിലെ രാത്രിയാത്രാ നിരോധനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എൻ.എച്ച്.766-മായി ബന്ധപ്പെട്ട പ്രശ്നമാണ് ശ്രദ്ധക്ഷണിക്കലായി ഞാൻ ഈ സഭയിൽ കൊണ്ടുവന്നത്. 2009-ൽ കർണ്ണാടക ചാമരാജനഗർ കളക്ടർ രാത്രി 9 മണിമുതൽ രാവിലെ 6 മണിവരെ

ഈ റോഡിൽ യാത്രാ നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് അന്നത്തെ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റ് കർണ്ണാടക ഗവൺമെന്റുമായി സംസാരിച്ച് കളക്ടറുടെ രാത്രിയാത്ര നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിപ്പിക്കുകയുണ്ടായി. അതിനുശേഷം ചില തൽപ്പരകക്ഷികൾ കർണ്ണാടക ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. കർണ്ണാടക ഹൈക്കോടതി ആ കേസ് പരിഗണിച്ചപ്പോൾ കളക്ടർ ഇറക്കിയ ഉത്തരവ് ശരിവയ്ക്കുകയാണ് ചെയ്തത്. അതോടെ പൂർണ്ണമായും രാത്രിയാത്രാ സൗകര്യം നിരോധിക്കുകയാണ് ചെയ്തത്. അതിനുശേഷം 2009-10-ൽ അന്നത്തെ ഗവൺമെന്റ് സുപ്രീംകോടതിയിൽ അപ്പീൽ നൽകുകയുണ്ടായി. 2011-ൽ അധികാരത്തിൽ വന്ന ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ഇതുമായി ബന്ധപ്പെട്ട് കർണ്ണാടകയിലെ അന്നത്തെ മുഖ്യമന്ത്രിയുമായി സംസാരിക്കുകയും ആ കേസ് സുപ്രീംകോടതിയിൽ എടുക്കുന്നതിനുവേണ്ടി പ്രോസസ് ഫീ അടച്ച് കേസ്സെടുപ്പിക്കുകയും അത് മുന്നോട്ട് കൊണ്ടുപോകുന്നതിനായി പ്രഗത്ഭനായ അഡ്വക്കേറ്റ് ഗോപാൽ സുബ്രഹ്മണ്യത്തെ നിയോഗിക്കുകയും ചെയ്തു. രാത്രിയാത്രാ നിരോധനം പിൻവലിക്കുന്നതിനാവശ്യമായ കേസ് ഇപ്പോഴും സുപ്രീംകോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അപ്പോഴാണ് പുതിയൊരു വിഷയം വന്നിട്ടുള്ളത്. നാഷണൽ ഹൈവേ പകൽ സമയംകൂടി പൂർണ്ണമായും അടച്ചിടുന്നതിന് സുപ്രീംകോടതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് ഒരഭിപ്രായം രേഖപ്പെടുത്തി. നാലാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് സുൽത്താൻബത്തേരിയിൽ നടത്തിയ ജനകീയപ്രക്ഷോഭത്തിൽ ദേശീയ-സംസ്ഥാന നേതാക്കൾ, രാഷ്ട്രീയ പാർട്ടി നേതാക്കൾ, സംഘടനകൾ, എം.എൽ.എ.-മാർ, എം.പി.-മാർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമൊക്കെ വളരെ ശക്തമായ രീതിയിൽ ഇടപെട്ടിട്ടുണ്ട്. ഈ റോഡ് രാത്രിയും പകലും പൂർണ്ണമായും അടച്ചുകഴിഞ്ഞാൽ വയനാട് ജില്ല മാത്രമല്ല മലബാർ ഏരിയ അടക്കം വലിയ പ്രതിസന്ധിയിലാകും. വ്യാപാരികൾ, വിദ്യാർത്ഥികൾ, കർഷകർ തുടങ്ങി എല്ലാവരും വളരെ എളുപ്പത്തിൽ കോഴിക്കോട്, കൽപ്പറ്റ, സുൽത്താൻബത്തേരി, മുത്തങ്ങ, ഗുണ്ടൽപ്പേട്ട, നഞ്ചൻകോട്, മൈസൂർ എന്നിവിടങ്ങളിലേയ്ക്ക് പോകുന്ന റൂട്ടാണിത്. ബത്തേരിയിൽനിന്നും ഗുണ്ടൽപ്പേട്ടയ്ക്ക് ഏതാണ്ട് 35-50 കിലോമീറ്റർ ദൂരമാണുള്ളത്. കർണ്ണാടക ഹൈക്കോടതി ഈ കേസ് പരിഗണിച്ച്, ഈ റോഡിന് ബദൽ സംവിധാനമുണ്ടോയെന്ന് ചോദിച്ചപ്പോൾ കർണ്ണാടകയിലെ തൽപ്പര കക്ഷികൾക്കുവേണ്ടി അന്നത്തെ

ഗവൺമെന്റിന്റെ കാലത്ത് ഹാജരായ അഡ്വക്കേറ്റമാർ ബദൽ റോഡുണ്ടെന്ന് പറയുകയുണ്ടായി. ആ ബദൽ റോഡ് ഗോണിക്കപ്പ-കുട്ട റോഡാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ റോഡ് പൂർണ്ണമായും അടച്ചാൽ ബത്തേരി, കൽപ്പറ്റ, മീനങ്ങാടി, പുൽപ്പള്ളി, മുള്ളംകൊല്ലി, മുട്ടിൽ, മേപ്പാടി ഉൾപ്പെടുന്ന മേഖലകളിൽനിന്നും ഏതാണ്ട് 250 കിലോമീറ്റർ സഞ്ചരിച്ച് ഗുണ്ടൽപ്പേട്ട എത്തേണ്ട സാഹചര്യമാണുള്ളത്. അതുകൊണ്ട് ഈ റോഡിന് ബദൽ സംവിധാനങ്ങളില്ല. ഈ റോഡ് പൂർണ്ണമായും തുറന്നുകിട്ടുക എന്നുള്ളതാണ് ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ആവശ്യം. ഇതിനുവേണ്ടി സർക്കാർ നിയോഗിച്ച അഡ്വക്കേറ്റമാർ കോടതിയിൽ ഹാജരാകുന്നുണ്ട്. മാത്രമല്ല സർവ്വകക്ഷിയുടെ അഭിപ്രായം മാനിച്ച് ബഹുമാനപ്പെട്ട എം.പി. രാഹുൽ ഗാന്ധിയുമായി ബന്ധപ്പെട്ടപ്പോൾ പ്രഗത്ഭനായ ഒരു വക്കീലിനെ നിയമിക്കണമെന്ന് അദ്ദേഹത്തോട് പറഞ്ഞു. ഇന്ത്യയിലെ പ്രഗത്ഭനായ അഡ്വക്കേറ്റ് കപിൽ സിബലിനെയാണ് ഈ കേസ്സിനുവേണ്ടി നിയോഗിച്ചിട്ടുള്ളത്. ഗവൺമെന്റിന്റെ വക്കീൽ വേറെയുണ്ട്. ഒന്നുരണ്ടുതവണ ഈ കേസ് മാറ്റിവച്ചു. ഈ മാസം 20-ന് വീണ്ടും കേസ് പരിഗണിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഈ കേസ് പൂർണ്ണമായും വിജയിക്കുന്നതിനുള്ള നിലപാടുകൾ സർക്കാർ സ്വീകരിക്കേണ്ടതുണ്ട്, അതുമായി ബന്ധപ്പെട്ട് ചർച്ച നടത്തേണ്ടതുണ്ട്. കർണ്ണാടക സർക്കാരുമായി ഇതുവരെ ചർച്ച നടന്നിട്ടില്ല. ബഹുമാന്യനായ മുഖ്യമന്ത്രി ഡൽഹിയിലുണ്ടായിരുന്നപ്പോൾ ഞങ്ങളുടെ സർവ്വകക്ഷിയും എം.പി.-യുമടക്കം മുഖ്യമന്ത്രിയുമായി സംസാരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. പ്രകാശ് ജാവ്ദേക്കറുമായി സംസാരിച്ചു. അതിനുശേഷം ഞങ്ങളും കണ്ടു. നിങ്ങൾ കർണ്ണാടകയുമായി ചർച്ച തുടരണമെന്നാണ് അദ്ദേഹം പറയുന്നത്. കർണ്ണാടക ഹൈക്കോടതിയാണ് രാത്രിയാത്ര നിരോധിച്ചത്. അവരാണ് ഈ അഭിപ്രായം സുപ്രീംകോടതിയിൽ പറഞ്ഞത്. അതുകൊണ്ട് കർണ്ണാടകയുമായി ചർച്ച നടത്തുന്നതിനുള്ള സാഹചര്യമാണ് ഒരുക്കേണ്ടത്. ഇതുപോലെ മധ്യപ്രദേശ് - മഹാരാഷ്ട്ര ടൈഗർ റിസർവ് ഏരിയയിൽ ഈ വിഷയമുണ്ടായിരുന്നു. രാത്രിയും പകലും റോഡടയ്ക്കുന്ന സാഹചര്യം വന്നപ്പോൾ മധ്യപ്രദേശ്, മഹാരാഷ്ട്ര ഗവൺമെന്റുകൾ യോജിച്ച തീരുമാനമെടുത്ത് കേന്ദ്രത്തിന്റെ അനുമതിയോടെ 16 കിലോമീറ്റർ ദൂരത്തിൽ ഫ്ലൈ ഓവർ നിർമ്മിക്കുകയുണ്ടായി. അതുപോലെയുള്ള സാഹചര്യമാണ് ഇവിടെയുമുണ്ടാകേണ്ടത്. നാറ്റ്പാക്കിന്റെ റിപ്പോർട്ടിൽ 5 കിലോമീറ്റർ വച്ച് 24

കിലോമീറ്റർ ദൂരത്തിൽ 5 ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനുവേണ്ടി ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിനുവേണ്ടി കേരള സർക്കാരിന്റെ ബഡ്ജറ്റിൽ 250 കോടി രൂപയും മൊത്തം ചെലവിന്റെ 50 ശതമാനം തുകയും മാറ്റിവച്ചിട്ടുണ്ട്. ഈ റോഡ് അടഞ്ഞുകഴിഞ്ഞാൽ വയനാട്ടിൽ മാത്രമല്ല മലബാർ പ്രദേശത്തും വലിയ പ്രതിസന്ധി നേരിടേണ്ടിവരും. രണ്ട് പ്രാവശ്യം വലിയ കാലവർഷക്കെടുതിയുണ്ടായപ്പോൾ നാല് ചുരവും പൂർണ്ണമായും ബ്ലോക്കായി. അപകടങ്ങളിൽപ്പെട്ട ആളുകളെയും രോഗികളെയും കർണ്ണാടകയിലെ മൈസൂർ, ബാംഗ്ലൂർ ഹോസ്പിറ്റലുകളിൽ എത്തിക്കുന്നതിനുള്ള ഏകമാർഗ്ഗം ഈ റോഡായിരുന്നു. ഈ റോഡ് പൂർണ്ണമായും അടഞ്ഞാൽ വയനാട്, മലബാർ ഏരിയകളിലെ ജനങ്ങളും വിദ്യാർത്ഥികളും കർഷകരും വളരെ പ്രതിസന്ധിയിലാകും. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്തി കർണ്ണാടക ഗവൺമെന്റുമായി ചർച്ച നടത്തി ഇതിന് പരിഹാരമുണ്ടാക്കണം. വയനാട്ടിൽ പ്രക്ഷോഭം നടന്നുകൊണ്ടിരിക്കുന്നപ്പോൾ, ഈ റോഡ് പകൽ അടയ്ക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ലെന്ന് കർണ്ണാടകയിലെ ഫോറസ്റ്റ് വകുപ്പ് സെക്രട്ടറിയുടെ ഒരു പ്രസ്താവന വന്നിരുന്നു. അതിന്റെ പിറ്റേന്ന്, ഈ റോഡ് അടയ്ക്കുന്ന കാര്യത്തെക്കുറിച്ച് ഞങ്ങൾ ഗൗരവമായി ആലോചിച്ച് മുന്നോട്ട് പോകുകയാണെന്ന് കർണ്ണാടക ഉപമുഖ്യമന്ത്രി പറയുന്നു. ഇത് രണ്ടും വ്യത്യസ്ത അഭിപ്രായങ്ങളാണ്. കർണ്ണാടകയുമായി ചർച്ച ചെയ്യാനാണ് പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. പ്രകാശ് ജാവ്ദേക്കർ അന്ന് സൂചിപ്പിച്ചത്. അങ്ങനെ ചർച്ചചെയ്ത് യോജിച്ച തീരുമാനത്തിലെത്താൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. കേരളത്തെയും കർണ്ണാടകത്തെയും ബന്ധിപ്പിക്കുന്ന പ്രധാന പാതയാണ് എൻ.എച്ച്. 766. അവിടെ 2009 മുതൽ രാത്രികാല യാത്ര നിരോധിച്ചിട്ടുള്ളതാണ്. എം.എൽ.എ. ഇവിടെ വിശദീകരിച്ചതുപോലെ വയനാട്ടിലെ ജനങ്ങൾ മാത്രമല്ല കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ജനങ്ങളും വലിയ പ്രയാസമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തത്. ആ കേസിന്റെ

വിവിധ ഘട്ടങ്ങളെക്കുറിച്ചെല്ലാം അദ്ദേഹം ഇവിടെ വിശദമായി പ്രതിപാദിച്ചു. ദേശീയപാത വിഭാഗത്തിന്റെ സെക്രട്ടറി നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു elevated പാതയ്ക്ക് നിർദ്ദേശം സമർപ്പിച്ചപ്പോഴായിരുന്നു ഇതിൽ മാറ്റമുണ്ടായത്. ആ നിർദ്ദേശം കേരളം സ്വാഗതം ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ചെലവിന്റെ 50 ശതമാനം തുകയായി വരുന്ന 250 കോടി രൂപ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ബന്ദിപ്പൂർ വഴിയുള്ള ദേശീയപാതയിൽ രാത്രി 9 മണി മുതൽ രാവിലെ 6 മണി വരെയുള്ള യാത്രാനിരോധനം പകൽ യാത്രയ്ക്കുകൂടി ബാധകമാക്കുന്നതിനെ സംബന്ധിച്ച് സർക്കാരിന് ഔദ്യോഗിക അറിയിപ്പൊന്നും ലഭ്യമായിട്ടില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, കോടതിയിൽ ഒരു പരാമർശം ഉണ്ടായിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് കർണ്ണാടകയിലെ രണ്ട് മന്ത്രിമാർ രണ്ടുതരത്തിലുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള കാര്യം വസ്തുതാപരമായി ശരിയാണ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ വലിയ ഉൽക്കണ്ഠയാണുള്ളത്. അതുകൊണ്ടാണ് കേരള നിയമസഭ ഇതുസംബന്ധിച്ച് പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുള്ളത്. എന്നാൽ, കേന്ദ്രം സ്വീകരിക്കുന്ന നിലപാടിനെക്കുറിച്ച് ഒരു ഉൽക്കണ്ഠയും ബഹുമാനപ്പെട്ട മെമ്പറുടെ ഭാഗത്തു നിന്നുണ്ടായിട്ടില്ലെന്നത് വല്ലാതെ വേദനിപ്പിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അവിടത്തെ എം.പി. കൂടിയായ ശ്രീ. രാഹുൽഗാന്ധി തുടങ്ങിയവർ കേന്ദ്രമന്ത്രിയായ ശ്രീ. പ്രകാശ് ജാവ്ദേക്കറുമായി ചർച്ച ചെയ്തപ്പോൾ ഒരു സമിതിയെ നിയോഗിക്കാമെന്നും അതുസംബന്ധിച്ച് പഠനം നടത്തിയശേഷം കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കാമെന്നും പറഞ്ഞു. ആ വാക്ക് ഇതുവരെ പാലിച്ചിട്ടില്ലെന്നുള്ള ഉൽക്കണ്ഠ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടിയിരുന്നുവെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

മുഖ്യമന്ത്രിയുടെ ഓഫീസ് നിരന്തരം ബന്ധപ്പെട്ടിട്ടും ഇക്കാര്യത്തിൽ നിവേദക സംഘത്തെ സ്വീകരിക്കാനുള്ള സൗമനസ്യംപോലും ദൗർഭാഗ്യവശാൽ കർണ്ണാടക സർക്കാർ കാണിച്ചില്ല. അതുസംബന്ധിച്ച് ഒരു പരാമർശം അവിടെനിന്നുണ്ടാകുമെന്ന് ഞാൻ കരുതിയിരുന്നു, ഉണ്ടായില്ല. ബദൽപാതാ നിർദ്ദേശം സംബന്ധിച്ച് സംസ്ഥാന സർക്കാരിന് ഒരു സംശയവുമില്ല. നേരത്തെ അംഗീകരിച്ച ബദൽ നിർദ്ദേശമല്ലാതെ, കേരള നിയമസഭ അംഗീകരിച്ച

പ്രമേയത്തിന്റെ സ്പിരിറ്റിൽനിന്നുകൊണ്ട് മാത്രമേ സർക്കാർ പ്രവർത്തിക്കുകയുള്ളൂ. ഇടക്കാലത്ത് എം.എൽ.എ.-യ്ക്കും ചെറിയൊരു ചാഞ്ചാട്ടം ഉണ്ടായോ എന്ന് സംശയിക്കുന്ന ഒരു സംഭവമുണ്ടായിട്ടുണ്ട്. ഞാൻ പറയാതെതന്നെ അദ്ദേഹത്തിന് നന്നായിട്ടറിയാം; അദ്ദേഹത്തിന്റെ ഓഫീസിൽനിന്നുതന്നെ രണ്ടുതരത്തിലുള്ള കത്ത് എനിക്ക് ലഭിക്കുകയുണ്ടായി. അത് അദ്ദേഹം പിന്നീട് പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ഈ സഭ അംഗീകരിച്ച ഒരു പ്രമേയമുണ്ട്. ആ പ്രമേയത്തിന്റെ സ്പിരിറ്റിൽനിന്നുകൊണ്ട് എങ്ങനെയൊക്കെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമോ ആ രൂപത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. ഇനിയും കൂടുതൽ ചർച്ചകൾക്കുള്ള സമയമുണ്ടെങ്കിൽ അതിനൊരവസരം കൂടി ചോദിക്കാൻ സംസ്ഥാന ഗവൺമെന്റിന് മടിയില്ല. മുഖ്യമന്ത്രിയുടെ ഓഫീസ് തന്നെ മന്ത്രിമാരുടെ നേതൃത്വത്തിലുള്ള ഒരു നിവേദകസംഘത്തിന് കാണാൻ അനുമതി നൽകണമെന്ന് മൂന്നുതവണ ആവശ്യപ്പെട്ടിട്ടും ഒരു പ്രതികരണവുമുണ്ടാകാതിരിക്കുമ്പോൾ ആ ചർച്ചയിലൂടെ ഉണ്ടാകാവുന്ന റിസൾട്ട് എന്താണെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഇവിടെ ഇപ്പോൾ അവശേഷിക്കുന്നത് കർണ്ണാടകയിലെ വനം-പരിസ്ഥിതി മന്ത്രാലയവും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവും കോടതിയിൽ നൽകുന്ന നിലപാടിനെ ആശ്രയിച്ചാണ് രാത്രികാല യാത്രാനിരോധനവുമായി ബന്ധപ്പെട്ട പ്രശ്നം വരുന്നത്. ചർച്ചകൾ മാത്രമാണ് നമ്മുടെ മുന്നിലുള്ള പോംവഴി. കോടതിയിൽ നമ്മുടെ വാദങ്ങൾ അവതരിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. അതുമാത്രമല്ല, എല്ലാ നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുകൂടി അറിയേണ്ടതാണ്. ഈ സത്യവാങ്മൂലം തയ്യാറാക്കുന്ന ഓരോ ഘട്ടത്തിലും വയനാട്ടിൽനിന്നുകൊണ്ട് ഇതുമായി നേരിട്ട് ബന്ധമുള്ള രണ്ട് എം.എൽ.എ.-മാരുമായി നിരന്തരം സംസാരിച്ചുകൊണ്ടും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചു കൊണ്ടുമാണ് ആവശ്യമായ മെറ്റീരിയലുകൾ സുപ്രീംകോടതി ജഡ്ജിക്ക് അയച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ ഉൽക്കണ്ഠ അസ്ഥാനത്താണെന്നല്ല; ഉൽക്കണ്ഠ ഉണ്ടാകേണ്ട സ്ഥാനത്ത് ഉണ്ടായില്ല എന്നുമാത്രമേയുള്ളൂ. എതായാലും യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങളിൽ ഉറച്ച നിലപാടുമായി സർക്കാർ മുന്നോട്ട് പോകുന്നതാണെന്ന് അറിയിക്കുകയാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഇവിടെ സൂചിപ്പിച്ചത്, എന്റെ ഓഫീസിൽനിന്നുള്ള കത്തുകളുടെ കാര്യമാണ്. അത് രണ്ടായി കാണേണ്ട കാര്യമില്ല. രണ്ട് ദിവസങ്ങൾക്ക് മുൻപ് സംസാരിച്ചതിനുശേഷം, ഒരു കത്ത് വരുമ്പോൾ അതിന്റെ ഉള്ളടക്കം എന്താണെന്നും അങ്ങനെയൊരു കത്ത്

എഴുതിയത് എന്തിനാണെന്നും ചോദിക്കാൻ അങ്ങോ അങ്ങയുടെ ഓഫീസോ തയ്യാറായിട്ടില്ല. അത് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടും എന്റെ ഓഫീസിൽനിന്നും വന്ന കത്തായതുകൊണ്ടും ഞാനത് പിൻവലിക്കുകയും ചെയ്തു. സമിതിയെ വയ്ക്കാത്തതിന്റെ കാര്യം എം.എൽ.എ. പറഞ്ഞിട്ടില്ലെന്ന് ഇവിടെ സൂചിപ്പിച്ചു. ഈ കേസ് ഒന്നാംഘട്ടവും രണ്ടാംഘട്ടവും ആയി മാറ്റിയപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതൊക്കെ ചൂണ്ടിക്കാണിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷിയോഗം വിളിച്ചുചേർത്ത് ഈ വിഷയം ചർച്ചചെയ്ത് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ഒരു കത്ത് നൽകിയിരുന്നു. ഇന്ന് ഈ വിഷയത്തിൽ ഒരു സർവ്വകക്ഷിയോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ വിളിച്ചുചേർക്കാൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് അങ്ങയുടെ കത്തിനെപ്പറ്റി പരാമർശിച്ചതുകൊണ്ട്, കത്തിനുശേഷം വിളിച്ചുചോദിക്കേണ്ട കാര്യമില്ല. അങ്ങ് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഒരു കത്തയച്ചാൽ, ഇങ്ങനെ ഒരു കത്ത് ഓഫീസിൽ വന്ന പിശകാണെന്നാണ് രണ്ടാമത്തെ കത്തിൽ അദ്ദേഹം എഴുതിയിരിക്കുന്നത്. അദ്ദേഹം ഒപ്പിട്ട അദ്ദേഹത്തിന്റെ ലെറ്റർപാഡിലുള്ള കത്താണിത്. അത് പ്രധാനപ്പെട്ട കാര്യമല്ലെന്ന് തന്നെയാണ് ഞാൻ ആദ്യം പറഞ്ഞത്. വിളിച്ചുചോദിച്ചില്ലെന്ന് ഒരു ആക്ഷേപം പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണഗതിയിൽ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി വളരെ മൃദുവായി സംസാരിക്കുന്ന ആളാണ്. ഇന്ന് അങ്ങയുടെ പ്രസംഗം മുഴുവൻ ശ്രദ്ധിച്ചാൽ ഈ അവതരിപ്പിച്ച എം.എൽ.എ.-യ്ക്ക് എതിരായിട്ടാണ് പറയുന്നത്. ഈ ശ്രദ്ധ ക്ഷണിക്കലിന് അതിന്റെ ആവശ്യമുണ്ടോ; എന്താണ് അങ്ങേയ്ക്ക് സംഭവിച്ചതെന്ന് എനിക്കറിയില്ല?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ ഇപ്പോഴും മൃദുവായിത്തന്നെയാണ് സംസാരിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്, ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റും സ്വീകരിച്ചിട്ടുണ്ട്. അതിന്റെ തുടർനടപടികൾ നിശ്ചയമായും സ്വീകരിക്കുന്നതാണെന്ന് ഞാൻ ഉറപ്പ് നൽകുന്നു.

# IV സബ്മിഷൻ

## (1) കോവിഡ്-19 വ്യാപിക്കുന്നതുമൂലമുള്ള ആശങ്ക

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും നടത്തിയ പത്രസമ്മേളനത്തിൽ സംസ്ഥാനത്ത് 6 പേർക്കുകൂടി 'Covid-19' സ്ഥിരീകരിച്ചു എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതോടെ സംസ്ഥാനത്ത് 'കൊറോണ' ബാധിച്ചവരുടെ എണ്ണം 15 ആയെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിൽ മൂന്നുപേർക്ക് അസുഖം സുഖപ്പെടുകയും 12 പേർ ചികിത്സയിലും കൂടാതെ 1116 പേർ നിരീക്ഷണത്തിലുമാണ്. അതിൽ 967 പേർ വീടുകളിലും 149 പേർ ആശുപത്രിയിലുമാണ്. ഒരു സമൂഹം എന്നുള്ള നിലയിൽ നമ്മൾ ഒറ്റക്കെട്ടായി നിൽക്കേണ്ട സമയമാണ്. ഗവൺമെന്റ് എടുക്കുന്ന എല്ലാ നടപടികളെയും പ്രതിപക്ഷം പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. അതേസമയം നമുക്ക് എവിടെയെല്ലാം വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാനും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കാനുമുള്ള സമയം കൂടിയാണിത്. ഈ രോഗം എങ്ങനെയാണ് നമ്മുടെ നാട്ടിലെത്തിയത്; ഇറ്റലിയിൽനിന്നാണെന്ന് പറയുന്നു. എയർപോർട്ടിൽവച്ച് എന്തുകൊണ്ട് കണ്ടുപിടിക്കാൻ സാധിച്ചില്ല. വിശാലമായ ഒരു സ്റ്റേഡിയത്തിലേയ്ക്ക് പലപ്പോഴും ഒരു ചെറിയ ഗേറ്റ് വഴിയായിരിക്കും കടന്നുപോകുന്നത്. ആ ഗ്രൗണ്ടിലേയ്ക്ക് കടക്കുന്നവരെ സ്ക്രീൻ ചെയ്യാൻ ഏറ്റവും ഇഫക്ടീവായ മാർഗ്ഗം അവരെ ഗേറ്റിൽവച്ചുതന്നെ സ്ക്രീനിംഗിന് വിധേയമാക്കുകയെന്നുള്ളതാണ്. അല്ലാതെ അവരെ ഒരു സ്ക്രീനിംഗും ഇല്ലാതെ സ്റ്റേഡിയത്തിലേയ്ക്ക് കയറ്റിവിട്ടിട്ട് പിന്നീട് അവരെ തപ്പിനടക്കുന്നതിലോ മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിലോ അർത്ഥമില്ല. ഇതുതന്നെയല്ലേ നമ്മുടെ ആരോഗ്യ വകുപ്പും ചെയ്യുന്നത്. നമ്മളെല്ലാവരും വിദേശരാജ്യങ്ങളിൽ യാത്ര ചെയ്തിട്ടുള്ളവരാണ്. എവിടെ പോയാലും വിസ സ്റ്റാമ്പിംഗ് ഉണ്ടാകുമല്ലോ. തിരിച്ച് വരുന്നവരുടെ പാസ്പോർട്ട് മറിച്ചുനോക്കേണ്ട കാര്യമേയുള്ളൂ. അത് ചെയ്യാതെ അവരെ നാട്ടിലേയ്ക്ക് വിട്ടിട്ട് ഫെയ്സ് ബുക്കിലൂടെ ആശുപത്രിയിൽ റിപ്പോർട്ട് ചെയ്യണമെന്ന് പറയുന്നത് പ്രോപ്പർ ഹെൽത്ത് മാനേജ്മെന്റല്ല. അത് എയർപോർട്ടിലുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയായിരുന്നു. അവരിൽനിന്ന് ഫോം ഫിൽ ചെയ്ത് വാങ്ങിയിട്ട് പരിശോധനയില്ലാതെ വിടുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്; ഇറ്റലി, ചൈന, ദക്ഷിണ കൊറിയ, ഇറാൻ, സിംഗപ്പൂർ എന്നീ രാജ്യങ്ങളിൽനിന്ന് വരുന്നവർ സ്വയം ആരോഗ്യ വകുപ്പിന്റെ സ്റ്റേറ്റ് സെല്ലിനെ കൃത്യമായി അറിയിക്കണമെന്നാണ്. അതിന് വ്യവസ്ഥാപിതമായ സംവിധാനം

എയർപോർട്ടുകൾ ഒരുക്കണമെന്നാണ് എന്റെ നിർദ്ദേശം. ഒരാൾ സ്വയം വെളിപ്പെടുത്തിയാലും ഇല്ലെങ്കിലും അത് മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. അത് സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമാണ്. നിരുത്തരവാദമായി പെരുമാറുന്ന ചില വ്യക്തികളെ അങ്ങനെ scot-free ആയി വിടാൻ സാധ്യമല്ല. പൊതുജനങ്ങളിൽ ഭീതിയുണ്ടാക്കുന്നത് ഒഴിവാക്കുക എന്നുള്ളത് ഗൗരവമേറിയ മറ്റൊരു കാര്യമാണ്. രോഗബാധിതരെ പൊതുജനമധ്യത്തിൽ കുറ്റവാളികളാക്കുന്നത് ശരിയായ നടപടിയല്ല. രോഗികൾ സൈബർ ആക്രമണത്തിനും സാമൂഹ്യമായ ഒറ്റപ്പെടലിനും വിധേയമാകാതിരിക്കാൻ ശ്രദ്ധിക്കണം. തൃശ്ശൂർ തളിക്കുളത്ത് മേലധികാരികളുടെ വീഴ്ച ആരോഗ്യ വകുപ്പിനെ അറിയിച്ചതുകൊണ്ട് ഒരു ഡോക്ടറെ ജോലിയിൽനിന്നും പിരിച്ചുവിട്ടുവെന്നാണ് കഴിഞ്ഞ ദിവസം വന്ന മറ്റൊരു വാർത്ത. ശരിയാണോയെന്നറിയില്ല, ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ കഴിയും. ഇതുപോലുള്ള പബ്ലിക് ഹെൽത്ത് ഹസാർഡ്സ് വരുന്ന സമയത്ത് സ്വകാര്യ ആശുപത്രികൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അവ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതും ആവശ്യമാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം എനിക്ക് പറയാനുള്ളത്, ഇപ്പോൾ നമ്മൾ containment method ആണ് സ്വീകരിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി ബിവറേജസ് ഒഴികെയുള്ള സ്കൂളുകളും കോളേജുകളും സിനിമാ തിയേറ്ററുകളും ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങളും അടയ്ക്കുകയാണ് ചെയ്തത്. പൊതുപരിപാടികളും സാമൂഹ്യ കൂട്ടായ്മകളും ഒഴിവാക്കുകയാണ്. ഇതുതന്നെയാണോ ശരിയായ രീതിയെന്നത് വിലയിരുത്തേ ണ്ടത് അത്യാവശ്യമാണ്. അമേരിക്കൻ ഐക്യനാടുകൾ ഉൾപ്പെടെയുള്ള പല വികസിത രാജ്യങ്ങളും containment method-ൽനിന്നും mitigation method-ലേയ്ക്ക് മാറുകയാണ്. ഇതിനുള്ള പ്രധാനപ്പെട്ട കാരണം രണ്ടാണ്. ഒന്ന്, 'നിപ' പോലെ പൂർണ്ണമായും eradicate ചെയ്യാൻ സാധിക്കുന്ന ഒന്നല്ല 'കൊറോണ'. ഒരു ഫ്ലൂ പോലെ ചെറിയ അളവിലെങ്കിലും അത് നമ്മുടെ സമൂഹത്തിൽ നിലനിൽക്കാനുള്ള സാധ്യതയുണ്ട്. I mean a low level of endemic activity will prevail. ചുരുക്കിപ്പറഞ്ഞാൽ 'നിപ' മുക്തമായെന്ന് പ്രഖ്യാപിച്ചതുപോലെ 'കൊറോണ' മുക്തമായെന്ന് പ്രഖ്യാപിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. രണ്ട്, വലിയ രീതിയിലുള്ള containment മാർഗ്ഗങ്ങൾ സമൂഹത്തിൽ വലിയ തരത്തിലുള്ള ആശങ്കകൾക്ക് വഴിതെളിയിക്കും. രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർക്കും. അതുകൊണ്ട് sustainable അല്ല, long and sustainable method ആണ് നമുക്ക് വേണ്ടത്. എയർപോർട്ട് സ്ക്രീനിംഗുകൾക്കും വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ചികിത്സയ്ക്കുമാണ് Mitigation method പ്രധാനമായും ഊന്നൽ നൽകുന്നത്. 2 മുതൽ 3 ശതമാനം വരെയാണ് കോവിഡ് 19-ന്റെ death rate. ഇവിടെ mild ആയി രോഗം ബാധിച്ചവരെ വീടുകളിൽത്തന്നെ ഐസൊലേറ്റ് ചെയ്യാൻ

സാധിക്കും. രോഗം മൂർച്ഛിച്ചവരെ മാത്രമാണ് ആശുപത്രികളിലേയ്ക്കും ഐസൊലേഷൻ വാർഡുകളിലേയ്ക്കും മാറ്റേണ്ടത്. അമേരിക്കൻ ഐക്യനാടുകളിലെ Sacramento County, New Jersey എന്നിവിടങ്ങളിലെല്ലാം mitigation method ആണ് സ്വീകരിക്കുന്നത്. Mild ആയിട്ടുള്ള രോഗികളെ വീട്ടിൽത്തന്നെ നിർത്തുകയും അസുഖം കൂടിയവരെ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിലേയ്ക്ക് മാറ്റുകയുമാണ് ചെയ്യുന്നത്. സംസ്ഥാനം ഒരു lockdown-ലേയ്ക്ക് പോകാതെ mitigation method-ലേയ്ക്ക് ഷിഫ്റ്റ് ചെയ്യണമെന്നാണ് വളരെ reputed ആയിട്ടുള്ള ഒരു infectious disease specialist ഇന്നലെ അമേരിക്കയിൽനിന്നും രാത്രിയിൽ വിളിച്ച് സംസാരിച്ചത്. ഇത് അവിടെ ഫലപ്രദമാണെന്നാണ് പറയുന്നത്. ഇത് സർക്കാർ പരിശോധിക്കേണ്ട കാര്യമാണ്. എല്ലാം അറിയാമെന്ന മനോഭാവം നമുക്ക് പാടില്ല. കാരണം കേരളത്തിനകത്തും പുറത്തുമുള്ളവരെ കൺസൾട്ട് ചെയ്ത് long and sustainable ആയ നിലപാട് സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഇത് ഏതായാലും നമ്മളെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമായി കാണേണ്ട ഒരു വിഷയമാണ്, എല്ലാവരും ആ ഗൗരവം ഉൾക്കൊള്ളുന്നുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ് എയർപോർട്ടുകളെങ്കിലും കൂടുതൽ ജാഗ്രത ഇക്കാര്യത്തിൽ ഉണ്ടാകാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൂടി സംസ്ഥാന ഗവൺമെന്റ് തേടണം. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കാര്യത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരു വാർത്തകൂടി എന്നെ ആശങ്കപ്പെടുത്തി. 3-3-2020-ന് കൊച്ചി തുറമുഖത്ത് ഇറ്റലിയിൽനിന്ന് വന്ന ഒരു കപ്പലിലെ യാത്രക്കാരായ വിദേശികളെ കൊച്ചിയിൽ ഇറക്കാൻ അനുവദിച്ചു. ഇവരെല്ലാം ഷോപ്പിംഗ് നടത്തിയതിനുശേഷമാണ് കൊച്ചിയിൽനിന്നും മടങ്ങിയത്. 350 പേർ അടങ്ങുന്ന സംഘം അന്നുതന്നെ ദുബായിലേയ്ക്ക് തിരിച്ചു. ഇത് ശരായാണോയെന്ന് എനിക്കറിയില്ല. അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമെന്ന് വിശ്വസിക്കുന്നു. ഇറ്റലിക്കാരായ കപ്പലിലെ ക്രൂ മാത്രമാണ് പുറത്ത് പോകാതിരുന്നത്. ഇറ്റലിക്കാരായ യാത്രക്കാരുടെ കൂടെ ഒരേ കപ്പലിൽ സ്ഥിരം യാത്ര ചെയ്തിരുന്ന വിദേശികളായ മറ്റ് യാത്രക്കാരെ യാതൊരുവിധ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങളും സ്വീകരിക്കാതെയാണ് ഇറങ്ങാൻ അനുവദിച്ചതെന്ന് പറയുന്നു. ഒരു ഡോക്ടർ (പേര് പറയുന്നില്ല) അക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്ന റിപ്പോർട്ടുമുണ്ട്. ഇതും ഗവൺമെന്റ് പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭൂഗോളമാകെ ഭയന്നുനിൽക്കുന്ന അതീവ ഗൗരവമായ സാഹചര്യമാണുണ്ടായിട്ടുള്ളത്. ഭൂമിയിൽ പല തരത്തിലുള്ള വൈറസ് ബാധകൾ പല ഘട്ടങ്ങളിലായുണ്ടായിട്ടുണ്ട്. ഭൂമിയിലെ കാലാവസ്ഥാ വ്യതിയാനവും മറ്റ് പല കാരണങ്ങൾകൊണ്ടും സൂക്ഷ്മജീവികൾക്ക് വ്യതിയാനവും മ്യൂട്ടേഷനും ഉണ്ടാകുന്നുണ്ട്. പലതരത്തിലുള്ള വൈറസ് ബാധകൾ ബാധിക്കുന്നുണ്ട്. ഇത്രയും വലിയ പ്രവർത്തനം നടത്തുമ്പോൾ ഏതെങ്കിലും തരത്തിലുള്ള പോരായ്മകളുണ്ടെങ്കിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കുന്നതാണ്. നമ്മൾ സർവ്വജ്ഞരാണെന്ന് പറഞ്ഞിട്ടില്ല. ഒരു ദുഃസൂചന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സംസാരത്തിലുള്ളതുകൊണ്ട് ഖേദപൂർവ്വം ഞാൻ പറയുകയാണ്, അതീവ സാഹസികമായിട്ടാണ് ലോകം ഈ പ്രശ്നം അഡ്രസ്സ് ചെയ്യുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച നമ്മളെക്കാൾ എത്രയോ വലിയ സാങ്കേതിക സൗകര്യങ്ങളും എത്രയോ വലുതായി മാറുകയുംചെയ്ത അമേരിക്കൻ ഐക്യനാടുകളിൽ 'കൊറോണ' ബാധിച്ച് മരണമുണ്ടായി. അവിടെ മൂന്നുനാല് ദിവസം മുമ്പ് ആറ് മരണത്തിലേറെയുണ്ടായി. ഇപ്പോൾ പത്ത് മരണത്തിലേറെയായി എന്നാണ് തോന്നുന്നത്. അവിടത്തെ സെനറ്റ് മെമ്പർമാരടക്കമുള്ളവരെ കൊറോണ ബാധിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇക്കാര്യം എന്നോട് വ്യക്തിപരമായി സംസാരിച്ചിരുന്നെങ്കിൽ ഇത്തരം സംശയങ്ങൾ ഞാൻ ക്ലിയർ ചെയ്യുമായിരുന്നു. സഭാതലത്തിൽ ഉന്നയിക്കുമ്പോൾ, നാം ഇപ്പോൾ അനുഭവിക്കുന്ന ടെൻഷനും അതിന്റെ ഗ്രാവിറ്റിയും പൂർണ്ണമായും ഉൾക്കൊള്ളാൻ സഭയ്ക്ക് സാധിച്ചില്ലെങ്കിൽ നാം പരാജയപ്പെട്ടുപോകും. കേരളത്തിലെ ആരോഗ്യ വകുപ്പെന്നുപറഞ്ഞാൽ ഒരു സംസ്ഥാനത്തെ ആരോഗ്യ വകുപ്പാണ്. നമ്മുടെ സാധ്യതയുടെ മാക്സിമം ഉപയോഗപ്പെടുത്തിയാണ് ഒരു മരണംപോലും സംഭവിക്കാതെ സംരക്ഷിക്കാൻ പാടുപെടുന്നത്. കേരളത്തിൽ 'കൊറോണ' ബാധിച്ച് മരണം സംഭവിക്കില്ലെന്ന് എനിക്ക് ഉറപ്പുപറയാൻ സാധിക്കുകയില്ല. അങ്ങനെ സംഭവിക്കാതിരിക്കാനുള്ള അതിസാഹസികമായ പ്രവർത്തനത്തെ ഇന്ത്യാ ഗവൺമെന്റ് അപ്രീഷ്യേറ്റ് ചെയ്തു. കേരള മോഡൽ, അതായത് നമ്മുടെ standard operating procedure-ഉം guideline-ഉം നടപടിക്രമങ്ങളും എല്ലായിടത്തും കൊടുക്കണമെന്നാണ് ഇപ്പോൾ പറഞ്ഞിട്ടുള്ളത്. ഇവിടെ മഹാരാഷ്ട്രയിൽനിന്നും ഒരു സംഘം വന്നു. ഒഡീഷ്യൻ സംഘം നമ്മളോട് കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കി. മഹാരാഷ്ട്രയിൽനിന്നും വന്ന സംഘത്തോടും പത്രക്കാരോടും ഞാൻ പറഞ്ഞു, മഹാരാഷ്ട്ര ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സംസ്ഥാനമാണെന്ന്. നമുക്ക് നമ്മുടെ മര്യാദയും പെരുമാറ്റശീലവുമുണ്ട്. അവർ വളരെ മോശക്കാരാണ് നമ്മൾ എല്ലാത്തിലും ഒന്നാമതാണ്, ഇതാ നമ്മുടെ മാതൃക സ്വീകരിച്ചുകൊള്ളൂ എന്നുപറയുകയല്ല ചെയ്തത്. എന്താണ് ചെയ്തതെന്ന്

പത്രക്കാർ/മീഡിയ ചോദിച്ചപ്പോൾ ഞങ്ങൾ knowledge exchange ആണ്, experience exchange ആണ് നടത്തുന്നതെന്നും അവർക്കുള്ള അനുഭവം അവർ നമ്മളോട് പങ്കുവയ്ക്കുകയും നമ്മുടെ അനുഭവം അവരോട് പകർന്നുകൊടുക്കുകയും ചെയ്യുന്നു എന്നാണ് ഞാൻ പറഞ്ഞത്. അവർക്കതിൽ സന്തോഷമേയുള്ളൂ. ഞങ്ങൾ കേരള മോഡൽ അഡോപ്റ്റ് ചെയ്യാൻ തീരുമാനിച്ചിരിക്കുന്നുവെന്നും ഞങ്ങൾ കേരളത്തെ അപ്രീഷ്യേറ്റ് ചെയ്യുന്നുവെന്നും അവർ പത്രക്കാരോട് പറഞ്ഞു. നമ്മൾ ഇപ്പോൾ ആരുടെയെങ്കിലും അപ്രീസിയേഷനോ പുകഴ്ത്തൽ കിട്ടാനോ ദാഹിക്കുന്നില്ല. ഭൂഗോളമാകെ ബാധിച്ചിരിക്കുന്ന ഈ പ്രതിഭാസത്തെ നമ്മൾ എങ്ങനെയാണ് നേരിടുക എന്നതാണ് നമ്മുടെ മുമ്പിലുള്ള ഏറ്റവും വലിയ പ്രശ്നം. നമുക്ക് മുമ്പിൽ പ്രോട്ടോക്കോളോ ഗൈഡ്ലൈനോ ഒന്നുമില്ല. ലോകത്തിന്റെ പല ഭാഗങ്ങളിൽ ഇത്തരം കാര്യങ്ങളുണ്ടാകുമ്പോൾ എന്താണ് ചെയ്തതെന്ന് മനസ്സിലാക്കി നമ്മുടെയും വിദേശത്തുള്ള വിദഗ്ദ്ധരും ഒരുമിച്ചിരുന്ന് സംസാരിച്ച് ഇതിനാവശ്യമുള്ള കാര്യങ്ങൾ ഒരുക്കിയെടുക്കുകയാണ്. അതിൽ ഇന്നേവരെ ഭരണ-പ്രതിപക്ഷ വ്യത്യാസം ഉണ്ടായിട്ടില്ല. അതത് പ്രദേശത്തെ ജനപ്രതിനിധികളും എം.എൽ.എ.-മാരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. കൊറോണ തൃശ്ശൂരിൽ വന്നപ്പോൾ അവിടെവച്ച് കൂടിയ യോഗത്തിൽ ശ്രീ. അനിൽ അക്കര ഉണ്ടായിരുന്നു. എന്താണ് ചെയ്തതെന്ന് ശ്രീ. അനിൽ അക്കരയ്ക്ക് അറിയാമല്ലോ? ചൈനയിലെ വുഹാൻ ആയിരുന്നു അന്ന് ഇതിന്റെ കേന്ദ്രം. വുഹാനിൽ കൊറോണ പടരുന്നുവെന്ന് മനസ്സിലാക്കിയപ്പോൾ നമ്മൾ 'കൊറോണ'-യെക്കുറിച്ച് പഠിച്ചു. ഇവിടത്തെ വിദഗ്ദ്ധരെയും WHO (World Health Organization)-ന്റെ പ്രതിനിധികളും ICMR (Indian Council of Medical Research)-ന്റെ പ്രതിനിധികളും ഉൾപ്പെടെ എല്ലാവരെയും വിളിച്ച് മീറ്റിംഗ് നടത്തി. എനിക്കല്ല ആർക്കായാലും ഇപ്പോൾ കൊറോണയെക്കുറിച്ച് അവസാന വാക്ക് പറയാൻ സാധിക്കില്ല. വിദഗ്ദ്ധരുമായി ചർച്ച ചെയ്തപ്പോൾ മനസ്സിലായത് ഇതിന് 'നിപ' പോലെ mortality rate കൂടുതൽ ഇല്ല. 'നിപ' വൈറസ് സംബന്ധിച്ച് ഒരു മന്ത്രി എന്ന നിലയിൽ എനിക്ക് അനുഭവവും എക്സ്പീരിയൻസുമുണ്ട്. 'നിപ' വൈറസ് വന്നാൽ രോഗലക്ഷണം കാണിക്കുമ്പോൾ മാത്രമേ മറ്റൊരാൾക്ക് പകരുകയുള്ളൂ. 0-40 ദിവസമാണ് ഇതിന്റെയും അതിന്റെയും ഇൻകുബേഷൻ പിരീഡ്. മനുഷ്യനിൽനിന്നും മനുഷ്യനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. മൃഗങ്ങളിൽനിന്നും ആദ്യം മനുഷ്യരിലേയ്ക്ക് വരാം. പിന്നീട് മനുഷ്യരിൽനിന്നും മനുഷ്യരിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ് 'കൊറോണ'-യും 'നിപ'-യുമെല്ലാം. അതിശക്തമായ ചുമയും ശ്വാസതടസ്സവും കാണിക്കുമ്പോഴാണ് 'നിപ' മറ്റൊരാളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നത്. 'നിപ' വന്നുകഴിഞ്ഞാൽ ഒന്നോ രണ്ടോ ദിവസംകൊണ്ട് ആൾ മരിക്കുകയാണ്. 'നിപ' പോസിറ്റീവാണെങ്കിൽ സംരക്ഷിക്കാൻ വലിയ

പ്രയാസമാണ്. എന്നാൽ 'കൊറോണ' ബാധിച്ചാൽ പെട്ടെന്ന് മരിച്ചുപോകുകയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്. അത് mild ആയി തുടരും. പ്രശ്നം നിപയെക്കാൾ കൂടുതൽ വേഗത്തിൽ പടരുന്നതാണ്. ഏറ്റവും കൂടുതൽ infectivity ഉള്ളതാണ്. അങ്ങനെ പടരുന്നത് മാത്രമല്ല ഒരു symptom-വുമില്ലാത്ത ഒരാൾ carrier ആണെങ്കിൽ അത് മറ്റൊരാളിലേയ്ക്ക് പടരും. Asymptomatic ആയിട്ടുള്ള ഒരാളിൽനിന്നും human to human transfer നടക്കുന്ന വൈറസ്സാണ് (novel corona virus) Covid- 19 എന്ന് പേരിട്ട് വിളിച്ചിരിക്കുന്ന ഈ വൈറസ്. അതുകൊണ്ടുതന്നെയാണ് ചൈനയിൽ ഒന്നിൽനിന്ന് പത്തിലേയ്ക്കും പത്തിൽനിന്ന് ആയിരത്തിലേയ്ക്കും പടരുകയും കുറേപ്പേർ മരിക്കുകയും ചെയ്തത്. ഇന്ന് 102-ലേറെ രാഷ്ട്രങ്ങളിൽ ഇത് പകർന്നിരിക്കുകയാണ്. എങ്ങനെയാണ് ഇതിനെ കണ്ടുപിടിക്കുന്നത്; ലക്ഷക്കണക്കിന് മനുഷ്യരെ എങ്ങനെയാണ് ഇത് സ്ക്രീൻ ചെയ്യുന്നത്; ലക്ഷക്കണക്കിന് മനുഷ്യരിൽ ഇതുണ്ടെന്ന് എങ്ങനെയാണ് കണ്ടുപിടിക്കുന്നത്; ലോകം പകച്ചുനിൽക്കുകയാണ്. ഞങ്ങൾ കേരളത്തിലേയ്ക്ക് വന്നോട്ടെയെന്ന് അമേരിക്കയിൽനിന്നും ചില സുഹൃത്തുക്കൾ എന്നെ വിളിച്ച് ചോദിച്ചു. ഞങ്ങളാകെ പരിഭ്രമത്തിലാണ്, ഞങ്ങളുടെ സിസ്റ്റമാണ് ഏറ്റവും നല്ലതെന്ന് നമ്മൾ പറയുന്നില്ല. പക്ഷേ, ഇവിടെ മരണങ്ങൾ തുടങ്ങിയിരിക്കുന്നു വെന്ന് ഞാൻ പറഞ്ഞു. ഇതൊരു വലിയ വിഷയമാണ്. സബ്മിഷന്റെ ഭാഗമായി ഞാൻ എല്ലാ കാര്യങ്ങളും പറയുന്നതല്ല. ജനുവരി 30-നാണ് നമുക്ക് പോസിറ്റീവ് കേസ് കിട്ടിയത്. നമ്മുടെ എയർപോർട്ടിൽ നല്ല surveillance ഏർപ്പെടുത്തി. എയർപോർട്ട് നിരീക്ഷണത്തിന് രണ്ട് ഘടകങ്ങളുണ്ട്. ഒന്ന്, എയർപോർട്ടിനകത്തുള്ള ഒരു കാര്യവും കേരളത്തിലുള്ള നമുക്കാർക്കും കളക്ടർ പറഞ്ഞാൽപ്പോലും അനുവദിക്കില്ല. എയർപോർട്ട് മുഴുവൻ സെൻട്രൽ ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. അതുകൊണ്ട് സെൻട്രൽ ഗവൺമെന്റുമായി ആലോചിച്ചാണ് എയർപോർട്ടിനകത്ത് എന്ത് നിരീക്ഷണം വേണമെന്ന് തീരുമാനിക്കുന്നത്. എയർപോർട്ടിനകത്ത് ചൈനയിൽനിന്ന് വന്നവരെ നിരീക്ഷിക്കാൻ പുറത്ത് ഹെൽപ്പ്ഡെസ്ക്ക് സൗകര്യം ഏർപ്പെടുത്തി. പക്ഷേ, ചൈനയിൽനിന്നും വരുന്നവരെ നോക്കിയാൽ മതി, ആളുകളുടെ എണ്ണം താരതമ്യേന കുറവാണ്. അതുകൊണ്ടുതന്നെ ചൈനയിൽനിന്നും വന്ന 3 പോസിറ്റീവ് കേസുകൾ നമുക്ക് കിട്ടി. വുഹാനിൽനിന്നുള്ളവർ 72 ആണ്, ആ വിമാനത്തിൽ 82 ആളുകളുമുണ്ടായിരുന്നു. പക്ഷേ, നമ്മുടെ ടീമിനെ ഉപയോഗപ്പെടുത്തി പുറത്തുനിന്നും അവരെ സ്ക്രീൻ ചെയ്യാൻ സാധിച്ചു. മൂന്ന് കേസ്സുകളും പോസിറ്റീവായ ഉടൻതന്നെ, രോഗലക്ഷണങ്ങൾ കണ്ടയുടൻ ഐസൊലേറ്റ് ചെയ്ത് ബ്ലഡ് സാമ്പിളെടുത്ത് അയച്ചു. പോസിറ്റീവാണെന്ന റിയുമ്പോൾ അവർ നമ്മുടെ കൺട്രോളിലാണ്. ആ മൂന്ന് പേരിൽനിന്ന് ഒരാൾക്കും രോഗം പകരാൻ അനുവദിച്ചില്ല. അതുകൊണ്ടുതന്നെ വുഹാൻ കേസ്സിൽനിന്ന്

കോൺടാക്ട് ഉണ്ടായിരുന്നവരെയെല്ലാം ഐസൊലേഷനിൽവച്ച് പരിശോധിച്ചു. തൃശ്ശൂർ, ആലപ്പുഴ, കാസർഗോഡ് എന്നിവിടങ്ങളിലുള്ളതായിരുന്ന മൂന്ന് കേസ്സുകളും. മൂന്ന് പേരെയും ഐസൊലേഷൻ വാർഡിൽ അഡ്മിറ്റ് ചെയ്തു. വുഹാനിൽ ഇങ്ങനെയാണെന്ന് കേട്ട ഉടൻതന്നെ ഇവിടെ കൺട്രോൾ റൂം തുറന്നു. ആ നടപടിക്രമങ്ങൾ സബ്മിഷന്റെ ഉത്തരമായി വിശദീകരിക്കുന്നില്ല. തൃശ്ശൂരിൽ ഒരു പോസിറ്റീവ് കേസ് എന്ന് കേട്ടയുടനെ തന്നെ മൂന്ന് മന്ത്രിമാർ തൃശ്ശൂരിലേയ്ക്ക് പുറപ്പെട്ടു. 9.30-ന് ഒരു ഫ്ലൈറ്റ് കിട്ടി, രാത്രിതന്നെ അവിടെ മീറ്റിംഗ് അറേഞ്ച് ചെയ്യണമെന്ന് പറഞ്ഞു. ഞാനും സർവ്വശ്രീ എ. സി. മൊയ്തീൻ, വി. എസ്. സുനിൽകുമാർ എന്നിവരും സ്ഥലം എം.എൽ.എ. ആയ ശ്രീ. അനിൽ അക്കരയും അവിടെ വന്നു. ഞങ്ങൾ രാത്രി യോഗം ചേർന്നു. രണ്ടേകാൽ വരെയാണ് മീറ്റിംഗ് നടന്നത്. രാത്രി രണ്ടേകാൽ മണി കഴിഞ്ഞാണ് പ്രസ്സിൽ ബ്രീഫിംഗ് നടത്തിയത്. ഒരു വീഴ്ചയും വരുത്താതെ സാഹസികമായിട്ടാണ് കാര്യങ്ങൾ ചെയ്തത്. അതുകൊണ്ട് നമുക്കവിടെതന്നെ contain ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. നമ്മളാശ്വസിച്ച, അത് തീർന്നു. പക്ഷേ 'കൊറോണ' ചൈനയിൽനിന്ന് മറ്റ് ലോകരാഷ്ട്രങ്ങളിലേക്ക് വ്യാപിക്കുകയാണ്. ഇപ്പോൾ 102 രാഷ്ട്രങ്ങളിലേറെയായി. 26-ാം തീയതിയാണ് ഇറ്റലിയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. 26-ാം തീയതി മുതൽ സ്ക്രീനിംഗ് തുടങ്ങി. നമ്മൾ സാധാരണ വിദേശികളെ മാത്രമല്ല, ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുള്ള രാഷ്ട്രങ്ങളെയാണ് സ്ക്രീൻ ചെയ്യുന്നത്. എല്ലാ ഫ്ലൈറ്റിലും അനൗൺസ്മെന്റ് നടത്താൻ പറഞ്ഞു. ഫ്ലൈറ്റിൽ ചില ഫോറങ്ങൾ വിതരണം ചെയ്തു. ചില എയർലൈനുകൾ അത് ഫ്ലൈറ്റിൽ കൊടുത്തില്ല, താഴെ ഇറങ്ങിയപ്പോൾ അത് പൂരിപ്പിച്ച് തരാൻ പറഞ്ഞു. എമിഗ്രേഷൻ ക്ലിയറൻസ് റിപ്പോർട്ട് കൃത്യമായി നമുക്ക് കിട്ടുന്നില്ല. അത് സെൻട്രൽ ഗവൺമെന്റിൽ കംപ്ലെയിന്റ് ചെയ്തതിന്റെ ഫലമായി ഇപ്പോൾ അത് തരാൻ തുടങ്ങിയിട്ടുണ്ട്. ലോകവ്യാപകമായി ഇത് വ്യാപിക്കുമെന്ന് അറിഞ്ഞ് സെൻട്രൽ ഗവൺമെന്റ് എയർപോർട്ടിൽ vigorous screening-ന് നമ്മളോട് പറയുന്നത് 3-ാം തീയതിയാണ്. ഇവർ വന്നിട്ടുള്ളത് ഫെബ്രുവരി 29-ാം തീയതിയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് വളരെ വിശദമായിട്ടാണ് കാര്യങ്ങൾ പറയുന്നത്. എയർപോർട്ടിലെ സീലിംഗാണ് നമുക്ക് ഏറ്റവും പ്രധാനം. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, ചൈന, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിൽ നിന്നും ഒരു ഡയറക്ട് ഫ്ലൈറ്റും കേരളത്തിലെ എയർപോർട്ടിലേയ്ക്ക് വരുന്നില്ല. കേരളത്തിലേയ്ക്ക് വരുന്ന ഏറ്റവും പ്രധാനപ്പെട്ട ഫ്ലൈറ്റുകളുടെ transit point എന്നുപറയുന്നത് ഖത്തർ എയർവേയ്സിന്റെ ദോഹ, എമിറേറ്റ്സിന്റെ ദുബായ്, എത്തിഹാദിന്റെ അബുദാബി, അതുപോലെ സിംഗപ്പൂർ പോയിന്റ് എന്നിവയാണ്. ഈ നാല് പോയിന്റിൽനിന്നും വന്ന ആളുകളെ പരിശോധിച്ചിട്ടില്ല. അതാണ് ഏറ്റവും പ്രധാനം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ പറയട്ടെ. നമ്മൾ തമ്മിൽ തർക്കം വേണ്ട. ഞാൻ പറയുന്നത് ശ്രീ. വി. ഡി. സതീശൻ മനസ്സിലാക്കണം. എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് തിരുത്താം. ശ്രീമതി ഷാനിമോൾ ഉസ്മാൻ, ഇത് സബ്മിഷനാണ്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഒറ്റക്കാര്യം മാത്രം. 10-2-2020-ലാണ് എയർപോർട്ട് ബുള്ളറ്റിൻ വരുന്നത്. 29-2-2020-നാണ് ഇറ്റലിക്കാർ വരുന്നത്. 21-2-2020-ന് airport surveillance-നെ സംബന്ധിച്ചുള്ള തീരുമാനം വരുന്നു. ഞാൻ ഒരു ചോദ്യം ചോദിക്കുന്നത്, എമിഗ്രേഷനും കസ്റ്റംസ് ക്ലിയറൻസും കഴിയാതെ പുറത്തിറങ്ങാൻ കഴിയാത്ത യാത്രക്കാർ ഇത്രയും സംവിധാനങ്ങളുണ്ടായിട്ടും 'കൊറോണ' പരിശോധിക്കാതെ എങ്ങനെ പുറത്തുകടന്നു. എന്ത് പ്രവർത്തനമാണ് ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ചെയ്തത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇരിക്കൂ... ഇരിക്കൂ... ഞാൻ പറയാം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ഖത്തർ എയർവേയ്സിൽ 20-ാം തീയതി യാത്ര ചെയ്തുവന്നയാളാണ്. ഞാൻ വരുമ്പോൾ അവിടെ പരിശോധനയുണ്ടായിരുന്നു, ഇല്ലെന്ന് പറയുന്നത് ശരിയല്ല. എന്റെ കയ്യിൽനിന്നും ഒരു ഫാറം പൂരിപ്പിച്ച് വാങ്ങി. അതിൽ ഞാൻ ഏതൊക്കെ രാജ്യത്ത് പോയിരുന്നു എന്നുചോദിച്ചു. ഞാൻ ഖത്തർ വരെ മാത്രമേ പോയുള്ളൂ. അവിടെ ഒരു മലയാളി സംഘടനയുടെ പരിപാടിക്ക് പോയതാണെന്ന് എഴുതിക്കൊടുത്തു. അത് ബോദ്ധ്യപ്പെടുത്തിയിട്ടാണ് എന്റെ എമിഗ്രേഷൻ സീൽ ചെയ്തത്. പരിശോധിച്ചില്ല എന്നുപറയുന്നത് ശരിയല്ല. റാന്നിയിൽ വന്നയാൾ താൻ എഴുതിക്കൊടുത്ത കടലാസ്സിൽ മറ്റ് രാജ്യങ്ങളിലേയ്ക്ക് യാത്ര ചെയ്ത കാര്യം പറയുന്നില്ല. 15 ദിവസത്തിനുള്ളിൽ നിങ്ങൾ ഏതൊക്കെ രാജ്യങ്ങളിൽ യാത്ര ചെയ്തുവെന്ന് ചോദിക്കുന്നുണ്ട്. അദ്ദേഹം അത് ഫിൽ ചെയ്തില്ല. എവിടെനിന്നാണ് വരുന്നതെന്ന് എമിഗ്രേഷനിൽ ചോദിക്കുന്നുണ്ട്. ഞാൻ ഫോറത്തിൽ ഖത്തറിൽ നിന്നാണ് വരുന്നതെന്ന് എഴുതിക്കൊടുത്തു.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...ബഹുമാനപ്പെട്ട മിനിസ്റ്റർ...

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ പറഞ്ഞോട്ടെ. ഇതൊരു ചർച്ചയ്ക്ക് വിധേയമാക്കണമെങ്കിൽ തീരുമാനിച്ച് പിന്നീട് ചർച്ച വയ്ക്കാം. ഞാൻ പറഞ്ഞ് അവസാനിപ്പിച്ചിട്ട് ചോദിക്കൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്...

ശ്രീ. പി. ജെ. ജോസഫ്: സർ, ഇറ്റലിയിൽനിന്നാണ് വരുന്നതെങ്കിൽ പാസ്പോർട്ടിൽ ഇല്ലേ; ഫാറം എന്തിനാണ്? അത് പരിശോധിച്ചാൽ അതിൽ നിന്നും ലഭ്യമാകില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സബ്മിഷനാണ്..പ്ലീസ്...പ്ലീസ്...

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് സബ്മിഷനാണ്. എന്റെ മറുപടി പറഞ്ഞ് അവസാനിപ്പിക്കാൻ അനുവദിക്കണം...(ബഹളം)...അത് പിന്നീട് ആലോചിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പിന്നീട് ആലോചിക്കാം. ഇപ്പോൾ സബ്മിഷന് മറുപടി പറയട്ടെ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് സബ്മിഷനാണ്. എയർപോർട്ടിൽ സ്ക്രീനിംഗ് നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കേൾക്കണം. അങ്ങ് സബ്മിഷൻ ഉന്നയിച്ചാൽ ഞാൻ പറയുന്നത് കേൾക്കണം. ആ സമയത്ത് അങ്ങ് വർത്തമാനം പറഞ്ഞാൽ ഞാൻ പറയുന്നത് എങ്ങനെയാണ് കേൾക്കുന്നത്?...(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...യെസ്...(ബഹളം).....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ നിങ്ങളോടൊന്നും പറഞ്ഞിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടാണ് പറഞ്ഞത്. ...(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...പ്ലീസ്...പ്ലീസ്...

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാനൊരു കാര്യം പറയാം. ഞാൻ പറയുന്നത് നിങ്ങൾ കേൾക്കുക. ഈ സംസ്ഥാനത്തും രാജ്യത്തും വന്നുപെട്ടിട്ടുള്ള വിപത്തിൽനിന്ന് രക്ഷപ്പെടണമെന്ന് ആത്മാർത്ഥമായി ആഗ്രഹമുണ്ടെങ്കിൽ ഞാൻ പറയുന്ന മറുപടി നിങ്ങൾ കേൾക്കുക. ...(ബഹളം)... ഈ വിഷയത്തിലും സാധാരണ രീതിയിലുള്ള ഒരു നടപടിക്രമത്തിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ നിങ്ങളുടെ പാർട്ട് ചെയ്യുക. ഞങ്ങൾ ഞങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റും...(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...പ്ലീസ്...പ്ലീസ്... ഇത് സബ്മിഷനാണ്..

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതെല്ലാം പൊതുജനങ്ങൾ കാണുന്നുണ്ട്. എന്താണ് ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് ഈ നാട്ടിലെ ജനങ്ങൾക്ക് നന്നായിട്ടറിയാം. ഈ കേസ്സിൽ ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ പറഞ്ഞത് സംഭവിച്ചിട്ടുണ്ടെന്ന് ഞങ്ങൾ സംശയിക്കുന്നു. ഞാൻ അത് ഇപ്പോൾ പറയുന്നില്ല. അത് പരിശോധിക്കും. കാരണം, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഒരു പോസ്റ്റ് ഞാൻ കണ്ടു. അതിൽ എനിക്ക് വലിയ വിഷമമുണ്ടായി.

കാരണം, ഈ ഘട്ടത്തിൽ ഏറ്റവും വലിയ സപ്പോർട്ട് തരേണ്ടത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷവുമാണ്. സാധാരണ അങ്ങനെയൊന്നും സംഭവിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. ഹോസ്പിറ്റലിൽ വന്ന ഇറ്റലി കുടുംബത്തെ സംബന്ധിച്ച് ഞങ്ങൾ എന്താണ് പറഞ്ഞത്; അവർ പരിശോധനയിൽ കൃത്യമായി പങ്കെടുക്കാതെ, ആയിരക്കണക്കിനാളുകൾ വരുന്ന എയർപോർട്ടിൽ സ്ക്രീനിംഗ് നടത്തുമ്പോൾ അതിനിടയിലൂടെ പോകുന്നത് തടയാൻ, പോലീസ് മാതൃകയിൽ പിടിച്ചുവച്ച് ചെയ്യുന്നതൊന്നുമല്ല. കൃത്യമായി അങ്ങനെ പോകാൻ സാധിക്കും. കാരണം ദോഹയിൽനിന്നാണ് ഇവർ രണ്ടാമത് ഇങ്ങോട്ട് വന്നത്. ഞങ്ങൾക്ക് ഒരറിയിപ്പും കിട്ടിയിട്ടില്ലെന്ന് അവർ പറഞ്ഞു. ആ കൂട്ടത്തിൽ തൊട്ടടുത്തിരുന്ന യാത്ര ചെയ്തിരുന്ന ഒരു ചെറുപ്പക്കാരൻ ഇപ്പോൾ ഒരു ഫെയ്സ്ബുക്ക് പോസ്റ്റ് ഇട്ടിട്ടുണ്ട്. അതായത്, ഫ്ലൈറ്റിൽ വളരെ വ്യക്തമായ അനൗൺസ്മെന്റുണ്ടായിരുന്നു. ഇറ്റലിയിൽനിന്നും വരുന്ന യാത്രക്കാർ എയർപോർട്ടിൽ ഇറങ്ങുമ്പോൾ ഹെൽപ്പ് ഡെസ്കുണ്ട്, അവിടെ ബന്ധപ്പെട്ട് അവരെ അറിയിച്ചുമാത്രമേ പോകാവൂ എന്നാണ്. അകത്തെ എമിഗ്രേഷൻ ക്ലിയറൻസ് ഞങ്ങളുടെ കാര്യമല്ല, റിപ്പോർട്ട് കിട്ടാൻ കാത്തുനിൽക്കുകയാണ്. ഹെൽത്ത് ഫാറവും കൊടുക്കുന്നുണ്ട്. എമിഗ്രേഷന്റെ ക്ലിയറൻസിൽ ഞങ്ങൾക്കൊന്നും ഇടപെടാൻ കഴിയുന്നതല്ല. അതിനകത്തുനിന്ന് ഞങ്ങൾക്ക് തന്ന എമിഗ്രേഷൻ ക്ലിയറൻസിലും ഇവരുടെ പേരുണ്ടായിരുന്നില്ല. ഇറ്റലി ടു ദോഹയിൽ വന്നിട്ട് അവിടെനിന്നും കണക്ഷൻ ഫ്ളൈറ്റിലാണ് ഇങ്ങോട്ട് വരുന്നത്. ഇന്നലെ ഡൽഹിയിൽ ഒരനുഭവമുണ്ടായി. ഒരു പോസിറ്റീവ് കേസ് ഇറ്റലിയിൽനിന്ന് ആസ്ട്രിയയിൽ വന്ന് അവിടത്തെ വിയന്ന എയർപോർട്ടിൽനിന്ന് ഡൽഹിയിലേയ്ക്ക് വന്നു. അവർക്ക് സ്ക്രീൻ ചെയ്യാൻ കഴിഞ്ഞില്ല. അയാൾ ഡൽഹിയിൽ ഇറങ്ങി. ഇപ്പോൾ അവർ ആ ഡൽഹിക്കാരന്റെ കോൺടാക്ട് ട്രെയ്സ് ചെയ്ത് നടക്കുകയാണ്. ഇത് ജീവനുള്ള മനുഷ്യരാണ്. അവർ എങ്ങനെയൊക്കെയാണ് രക്ഷപ്പെട്ട് പോകുന്നത്, ഇങ്ങനെ സൂത്രത്തിൽ പോകാൻ താൽപ്പര്യമുള്ളവർക്ക് എങ്ങനെയെങ്കിലും പോകാനുള്ള സംവിധാനം എല്ലായിടത്തുമുണ്ടാകും. മനസ്സിലായല്ലോ; അങ്ങനെ രക്ഷപ്പെട്ട കുടുംബം തന്നെയാണ് ഇതും. പാസ്പോർട്ടൊന്നും ഇവിടെ വിഷയമല്ല. ഇങ്ങനെ രക്ഷപ്പെട്ട് കടക്കാൻ താൽപ്പര്യപ്പെട്ടാൽ എനിക്കോ നിങ്ങൾക്കോ എയർപോർട്ടിൽ നിന്ന് രക്ഷപ്പെട്ട് വെളിയിൽ വരാൻ പല മാർഗ്ഗവുമുണ്ട്. അതിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നത് പിന്നീട് പരിശോധിക്കേണ്ട വിഷയമാണ്. ഞാൻ ആ കുടുംബത്തെ അധികം പാനിക് ആക്കേണ്ടെന്ന് കരുതിയാണ് അത്തരത്തിലൊരു പരിശോധനയിലേയ്ക്ക് ഇപ്പോൾ പോകാത്തത്. ഇപ്പോൾ ആരോഗ്യ വകുപ്പിന്റെയും ഗവൺമെന്റിന്റെയും മുന്നിലുള്ള പ്രധാനപ്പെട്ട ഉത്തരവാദിത്വം ആ കുടുംബത്തിലെ മൂന്നുപേരുടെയും ജീവൻ രക്ഷിക്കുക എന്നുള്ളതാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനം നടത്തുമ്പോൾ പറഞ്ഞത്, അവർ ചെയ്തത് ശരിയായിട്ടില്ല, അവർ പരിശോധനയ്ക്ക് വിധേയരാകേണ്ടതായിരുന്നു. പക്ഷേ,

ഇപ്പോൾ ഞങ്ങൾ അത് തേടിപ്പോയി ആ കുടുംബത്തെ ബുദ്ധിമുട്ടിക്കാൻ ആഗ്രഹിക്കുന്നില്ല. പകരം ഞങ്ങളുടെ ഉത്തരവാദിത്വം ഇപ്പോൾ ആ കുടുംബത്തിന്റെ ജീവൻ രക്ഷിക്കുക എന്നതാണ്. പക്ഷേ, അവരുണ്ടാക്കിയിട്ടുള്ള ബുദ്ധിമുട്ട് എത്രയാണ്; ഇറ്റലിയിൽ 'കൊറോണ' വൈറസ് പടരുമ്പോഴാണ് അവർ നാട്ടിൽ വന്നിട്ടുള്ളത്. അവർ വളരെ ശ്രദ്ധിക്കപ്പെടേണ്ടവരാണെന്ന് അവർക്കറിയാം. ഇവർ വന്ന വിമാനത്തിൽ അനൗൺസ്മെന്റുണ്ടായിട്ടുണ്ട്. ഇറ്റലിയിൽ ഇങ്ങനെയൊരു സ്ഥിതി നിൽക്കുന്നതുകൊണ്ട് ഇറ്റലിക്കാർ ഇറങ്ങിയാൽ റിപ്പോർട്ട് ചെയ്തിട്ട് മാത്രമേ പോകാൻ പാടുള്ളൂ. ഇന്നലെ ഫെയ്സ്ബുക്ക് പോസ്റ്റിട്ട ചെറുപ്പക്കാരൻ പറഞ്ഞു, ഞാൻ തൊട്ടടുത്ത സീറ്റിലിരുന്ന് വന്നതാണ്, ഇറ്റലിയിൽനിന്ന് വന്നതാണ്, ഞാൻ ക്വാറന്റൈന് വിധേയമാകുന്നു. ഇവർ വന്ന എയർലൈൻസിൽ രണ്ടുമൂന്ന് തവണ അനൗൺസ്മെന്റുണ്ടായിട്ടുണ്ട്. നിങ്ങൾ ഇറങ്ങിയാൽ ആരോഗ്യ വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടേ പോകാൻ പാടുള്ളൂ എന്നും അവിടെ ഹെൽപ്പ് ഡെസ്ക് ഉണ്ടെന്നുമുള്ള വ്യക്തമായ അനൗൺസ്മെന്റുണ്ടായിട്ടുണ്ട്. അയാൾ റിപ്പോർട്ട് ചെയ്തു. എന്നാൽ ഇവർ റിപ്പോർട്ട് ചെയ്യാതെ പോയതുമല്ല, നാട്ടിൽ ചെന്ന് ഇവർക്ക് അസുഖമുണ്ടായപ്പോൾ ഒരു സ്വകാര്യ ആശുപത്രിയിൽ പോയി. ഇറ്റലിയിൽ നിന്നാണെന്നുള്ള ഐഡന്റിറ്റി വെളിപ്പെടുത്തിയതുമില്ല.

12.00 Noon]

എന്നിട്ട് ഇവരുടെ അടുത്ത വീട്ടിലെ ബന്ധുക്കളെ സന്ദർശിക്കാൻ പോകുകയായിരുന്നു. അതിനുശേഷം അവർക്ക് പനി ബാധിക്കുകയും അവർ ഗവൺമെന്റ് ആശുപത്രിയെ സമീപിക്കുകയുമാണ് ചെയ്തത്. ഗവൺമെന്റ് ആശുപത്രിയിൽ എത്തിച്ചേർന്നാൽ ഏത് രോഗനിർണ്ണയം നടത്തുന്നതിനുമുള്ള സംവിധാനമുണ്ട്. സ്വകാര്യ ആശുപത്രികളോടും ഇങ്ങനെയുള്ള രോഗികളെ പരിശോധിക്കുന്നതിനുള്ള സൗകര്യം ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പനി, ശ്വാസതടസം, sore throat എന്നീ ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയാണെങ്കിൽ അവർ എവിടെനിന്നും വരുന്നുവെന്നും അവർക്ക് ഏതെങ്കിലും ലോകരാജ്യങ്ങളുമായി കോൺടാക്ട് ഉണ്ടോയെന്നും അന്വേഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അവർ ഗവൺമെന്റ് ആശുപത്രിയിൽ ചെന്നപ്പോൾ അവിടത്തെ ഡോക്ടർ ചോദിച്ചു, നിങ്ങൾക്ക് കോവിഡ്-19 പിടിപെട്ടിട്ടുള്ള ഇറ്റലി, ചൈന തുടങ്ങിയ മേഖലകളിലുള്ളവരുമായി എന്തെങ്കിലും ബന്ധമുണ്ടോയെന്ന്. ബന്ധമുണ്ടെന്നും ഞങ്ങളുടെ ഒരു ബന്ധു ഇറ്റലിയിൽനിന്നും വന്നിട്ടുണ്ടായിരുന്നുവെന്നും അടുത്ത വീട്ടിലാണെന്നും അവർ ഞങ്ങളുടെ വീട്ടിൽ വരികയും ഞങ്ങളോട് സംസാരിക്കുകയും ചെയ്തിരുന്നുവെന്നും പറഞ്ഞു. അപ്പോൾത്തന്നെ മെഡിക്കൽ സംഘം അവരുടെ വീട് തേടി പോവുകയും അവരോട് അടിയന്തരമായി ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ പ്രവേശിക്കണമെന്നും പറഞ്ഞു.

നിങ്ങൾ ഇറ്റലിയിൽനിന്നും വന്നവരായതിനാൽ നിങ്ങൾക്ക് രോഗബാധയുണ്ട്, നിങ്ങൾ ചികിത്സ തേടിപ്പോയ സ്വകാര്യ ആശുപത്രിയുമായി ഞങ്ങൾ ബന്ധപ്പെട്ടിരുന്നുവെന്ന് പറഞ്ഞപ്പോൾ അവർ പറഞ്ഞത്, ഞങ്ങൾക്ക് പനിയൊന്നുമില്ലെന്നും തൊണ്ടയ്ക്ക് ചെറിയൊരു പ്രശ്നം മാത്രമെയുള്ളൂവെന്നുമാണ്. അങ്ങനെയല്ല നിങ്ങൾ സന്ദർശിച്ച സ്വകാര്യ ആശുപത്രിയുമായി ഞങ്ങൾ ബന്ധപ്പെട്ടപ്പോൾ കിട്ടിയ രേഖയനുസരിച്ച് നിങ്ങൾക്ക് 102 ഡിഗ്രി പനിയുണ്ടെന്ന് ശേഖരിച്ച വിവരങ്ങൾ കാണിച്ച് മെഡിക്കൽ സംഘം അവരോട് പറഞ്ഞു. അവരോട് ആശുപത്രിയിൽ വരാൻ പറഞ്ഞത് അവർക്കിഷ്ടപ്പെട്ടില്ല. ഇത്തരത്തിലുള്ള രോഗികളെ ആംബുലൻസിലാണ് കൊണ്ടുവരുന്നത്. അതിനാൽ അവരെ കൂട്ടിക്കൊണ്ടുവരുന്നതിനായി ആംബുലൻസ് കൊണ്ടുപോയിരുന്നു. പക്ഷെ അവർ ആംബുലൻസിൽ കയറാൻ കൂട്ടാക്കിയില്ല. അവർ അവരുടെ കാറിൽ എത്തിച്ചേരാമെന്ന് പറഞ്ഞു. കാറിൽ നിങ്ങൾ ആശുപത്രിയിൽ എത്തിച്ചേരാൻ പറഞ്ഞു. ആ മെഡിക്കൽ സംഘം നേരിട്ട പ്രയാസങ്ങൾ എന്തുമാത്രമാണെന്നെങ്കിലും വിമർശിക്കുമ്പോൾ നിങ്ങൾ മനസ്സിലാക്കണം. അവസാനം അവരെ നിർബന്ധിച്ച് ആശുപത്രിയിൽ കൊണ്ടുവന്ന് അഡ്മിറ്റാക്കുകയായിരുന്നു. പ്രതിപക്ഷനേതാവിന്റെ ഫെയ്സ്ബുക്ക് പോസ്റ്റിൽ, അവരെ നിർബന്ധിച്ചു എന്നുപറഞ്ഞത് ശരിയല്ല. എത്ര കഷ്ടപ്പാട് സഹിച്ചാണ് അവരെ കാറിൽ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയതെന്ന് അങ്ങേയ്ക്കറിയാമോ? പിന്നീടാണ് അവരോട് ചോദ്യങ്ങൾ ചോദിച്ചത്. അവർ പറയാതെ എങ്ങനെ അറിയും അവരെവിടെയെല്ലാം പോയിട്ടുണ്ടെന്ന്. അവരോട് കാര്യങ്ങൾ ചോദിച്ചപ്പോൾ ഒന്നിനും അവർ മറുപടി പറയുന്നില്ലായിരുന്നു. ഒടുവിൽ അനുനയിപ്പിച്ചാണ് കുറെ വിവരങ്ങൾ ശേഖരിക്കാൻ സാധിച്ചത്. എന്നിട്ടും പല ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കാനുണ്ടായിരുന്നു. ഒടുവിൽ സി.സി.ടി.വി. ദൃശ്യങ്ങൾ കാണിച്ച് നിങ്ങൾ ഇന്നയിന്ന സ്ഥലങ്ങളിൽ പോയിട്ടുണ്ടായിരുന്നോയെന്ന് ചോദിച്ചു. അന്നേരം പറഞ്ഞു, അവിടെയെല്ലാം പോയിരുന്നുവെന്ന്. ഇങ്ങനെ പല മാർഗ്ഗങ്ങളും സ്വീകരിച്ചു. വലിയൊരു അന്വേഷണ സംഘമായി 11 ടീം അവിടെ ഇതിനുവേണ്ടി പ്രവർത്തിക്കുകയാണ്. അവരെ ഇപ്പോഴത്തെ സാഹചര്യത്തിൽ ഒന്നും പറയാൻ കഴിയില്ല, കാരണം അവർ രോഗികളാണ്. സിക്കാണെന്ന് പറയാൻ കഴിയില്ല, സ്റ്റേബിളാണ്. പക്ഷെ അവർ ഏത് സമയത്തും സിക്കാവാം. പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സാഹസികമായി അവരുമായി കോണ്ടാക്ട് ചെയ്തവരുടെ വിശദാംശങ്ങൾ ട്രേസ് ചെയ്തുകൊണ്ടിരിക്കുകയാണ്. അവിടത്തെ ഡി.എം.ഒ.-യുടെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം ഇക്കാര്യത്തിൽ ഇടപെട്ടിരിക്കുകയാണ്. അതിസാഹസികമായി ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇവർ ഒരുപാട് വീടുകൾ സന്ദർശിച്ചിട്ടുണ്ടാകാം. ഇതൊന്നും...(ബഹളം..)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്...

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ശ്രീമതി ഷാനിമോൾ ഉസ്മാൻ, ഇത്തരം കാര്യങ്ങളിലെങ്കിലും ദോഷൈകദൃക്കായി പ്രവർത്തിക്കരുത്. ഇതെല്ലാം ഈ നാട്ടിലെ ജനങ്ങൾ കാണുന്നുണ്ട്. നിങ്ങളുടെ ഇത്തരം കാര്യങ്ങൾ വ്യക്തമാക്കാനുള്ള അവസരമല്ലിത്. വളരെ ചീപ്പാകരുത്. (...ബഹളം...) ഇപ്പോൾ ഇറ്റലിയിൽനിന്നുള്ളവരെ മാത്രമല്ല, ഒരുപാട് രാജ്യങ്ങളിൽനിന്നും മടങ്ങിയെത്തിയവരെ സ്ക്രീനിംഗിന് വിധേയമാക്കണം. ഇറ്റലിക്കുപുറമേ ചൈന, ഹോങ്കോംഗ്, തായ്‌ലന്റ്, സിംഗപ്പൂർ തുടങ്ങിയ രാഷ്ട്രങ്ങളിൽനിന്നും എത്തുന്നവരുടെ സ്ക്രീനിംഗ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തര ക്യാബിനറ്റ് യോഗം ചേർന്ന് സംസ്ഥാനത്താകെ ജാഗ്രത പാലിക്കണമെന്ന നിർദ്ദേശം നൽകുകയുണ്ടായി. (...ബഹളം..) നിങ്ങൾക്ക് ഞാൻ പറയുന്നത് കേൾക്കാൻ താൽപ്പര്യമുണ്ടെങ്കിൽ കേൾക്കാം. ഇപ്പോൾ സംസ്ഥാനത്തുടനീളം 1495 പേർ നിരീക്ഷണത്തിലാണ്. 1236 പേർ വീടുകളിലും 259 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 980 രക്ത സാമ്പിളുകൾ ഇതുവരെ പരിശോധനയ്ക്ക് അയച്ചതിൽ 815 സാമ്പിളുകൾ നെഗറ്റീവാണ്. ഇതുവരെ ഇറ്റലി ബേസ്ഡായി 14-ഉം വുഹാൻ ബേസ്ഡായുള്ള 3-ഉം ചേർന്ന് 17 പോസിറ്റീവ് കേസ്സുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. (...ബഹളം...) ഇവിടെ എന്താണ് നടക്കുന്നത്? നിങ്ങൾക്ക് എന്താണ് വേണ്ടത്?

ശ്രീ. അൻവർ സാദത്ത്: സർ, ഈ വിഷയത്തിൽ ഞങ്ങൾക്കുള്ള ആശങ്ക മാറ്റണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പതിനേഴ് പോസിറ്റീവ് കേസ്സുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ ഒരു കമ്മ്യൂണിറ്റി സർവൈലൻസ് ഏർപ്പാടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മനസ്സിലാക്കേണ്ടത്, ആളുകൾ എയർപോർട്ട് മാർഗ്ഗം മാത്രമല്ല കേരളത്തിൽ എത്തിച്ചേരുന്നത്. ഇപ്പോൾ മംഗലാപുരം എയർപോർട്ടിൽ എത്തിച്ചേരുന്നവർ ബസ് മാർഗ്ഗവും കൊൽക്കത്തയിൽ വരുന്നവർക്ക് ട്രെയിൻ മാർഗ്ഗവും ഇവിടേയ്ക്ക് വരാം. (...ബഹളം...)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, നിങ്ങളുടെ ആശങ്ക വളരെ ഭംഗിയായി മാറ്റുന്നുണ്ട്. ഇതിനേക്കാൾ അപ്പുറം എങ്ങനെയാണ് മന്ത്രി മറുപടി പറയേണ്ടത്? നിങ്ങൾക്ക് അതൊന്നും ബോദ്ധ്യപ്പെടില്ല. (...ബഹളം...)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഉത്തരം കേൾക്കാൻ താൽപ്പര്യമുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. മറ്റംഗങ്ങളിൽനിന്നും ഞാനത് പ്രതീക്ഷിക്കുന്നില്ല. പ്രതിപക്ഷ നേതാവ് കേൾക്കുന്നുണ്ടെന്ന് എനിക്കറിയാം. നിങ്ങളിൽ താൽപ്പര്യമില്ലാത്തവർക്ക് തൽക്കാലം കേൾക്കാതിരിക്കാം, പ്രതിപക്ഷനേതാവ് പറയട്ടെ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആശങ്ക ഞങ്ങൾ ഇവിടെ പറയാതെ പിന്നെ എന്താണ് ചെയ്യുക? ബഹുമാനപ്പെട്ട മന്ത്രി, നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ലോകത്തും ഉണ്ടായിരിക്കുന്ന ഒരു വൈറസാണിത്. അതിന്റെ ഗൗരവം പല രീതിയിലാണ് പല ആളുകളും പറയുന്നത്. ഞങ്ങൾ ആശങ്ക പ്രകടിപ്പിക്കുമ്പോൾ മന്ത്രിയെ കുറ്റപ്പെടുത്തുന്നുവെന്ന് വിശ്വസിക്കുന്നതെന്തിനാണ്? മന്ത്രി ഇവിടെ ഫെയ്സ് ബുക്ക് പോസ്റ്റിന്റെ കാര്യം പറഞ്ഞു. ഞാൻ രോഗികളെ കുറ്റപ്പെടുത്തരുതെന്നാണ് പറഞ്ഞത്. അല്ലാതെ അവരെ കാറിൽ കയറ്റിക്കൊണ്ട് പോയതിനെയല്ല കുറ്റം പറഞ്ഞത്. നമ്മൾ ഒരുമിച്ച് നിൽക്കേണ്ട സന്ദർഭമാണിതെന്നാണ് ഞാൻ പറയുന്നത്. ആശങ്കകൾ പ്രകടിപ്പിക്കാനുള്ള അവകാശം പോലുമില്ലേ? ആളുകൾക്കറിയാനുള്ള കാര്യങ്ങളാണ്, അതിനവസരമില്ലെങ്കിൽ ഞാൻ എന്റെ സബ്മിഷൻ പിൻവലിച്ചേക്കാം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങ് ചോദിച്ചതിനുള്ള വ്യക്തമായ മറുപടിയാണ് ഞാൻ പറയുന്നത്. എയർപോർട്ടിൽ പിഴവുണ്ടായിട്ടുണ്ടോയെന്ന് അങ്ങ് ചോദിച്ചതിന് ഇല്ലെന്ന് ഞാൻ പറഞ്ഞു. ഉണ്ടാകില്ലെന്നൊന്നും ഒരിക്കലും പറയില്ല. നാളെ എന്തെങ്കിലും പിഴവുണ്ടാകുമോയെന്നൊന്നും എനിക്കറിയില്ല. പക്ഷെ ഈ കേസ്സിൽ പിഴവുണ്ടായിട്ടില്ല. അതിന് അങ്ങയുടെ കക്ഷിയിലെ അംഗങ്ങൾ പുറകിൽനിന്നും ബഹളം വച്ചപ്പോഴാണ് എനിക്കും ശക്തമായ രീതിയിൽ മറുപടി പറയേണ്ടിവന്നത്. ആരെയാണ് ഈ പിഴവിന് ശിക്ഷിക്കേണ്ടത്? അവിടെ ഉറക്കമിളച്ച് കാത്തുനിന്ന് ഈ നിരീക്ഷണമെല്ലാം നടത്തിയ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ ടീമിനെയാണോ? എന്താണ് അങ്ങ് പറയുന്നത്? അങ്ങ് അങ്ങനെ പറഞ്ഞത് ശരിയായില്ല. അങ്ങ് ചോദിച്ച ചോദ്യത്തിന് ഞാൻ വ്യക്തമായി മറുപടി പറഞ്ഞു. ഇറ്റലിയിൽനിന്നും എത്തിയിട്ടുള്ള ഈ കുടുംബത്തിന്റെ കേസ്സിൽ എയർപോട്ടിലുണ്ടായിരുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് പിഴവുണ്ടായിട്ടില്ല. ഇറ്റലിയിൽനിന്നും മടങ്ങിവന്നിട്ടുള്ള ബാക്കി ആളുകൾ റിപ്പോർട്ട് ചെയ്തതുപോലെ ഈ കുടുംബം റിപ്പോർട്ട് ചെയ്യാതെ വന്നതുതന്നെയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. നേരത്തെ പറഞ്ഞതുപോലെ അക്കാര്യം പിന്നീട് പരിശോധിക്കാം. ഇപ്പോൾ

അവർ നമ്മുടെ നിരീക്ഷണത്തിലാണല്ലോ. ഇവർ നാട്ടിൽ എത്തിച്ചേർന്നതിനുശേഷം സന്ദർശനം നടത്തിയ വീട്ടിലെ ആളുകളുടെ കാര്യത്തിലാണ് ഇനി ആശങ്ക. ആരോഗ്യ വകുപ്പുമാത്രമല്ല, എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സംഘം അത് കണ്ടുപിടിക്കുന്നതിനുള്ള നെട്ടോട്ടത്തിലാണ്. അതിന് നല്ല പിന്തുണ കൊടുക്കുന്നതിനുപകരം നമ്മൾ അവരെ ഡീമോറലൈസ് ചെയ്യുന്നത് ഒട്ടും ശരിയായ കാര്യമല്ലെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. പറയുന്നവർക്ക് എന്തും പറയാം. ഇനിയുള്ളത് മടങ്ങിയെത്തുവന്നവരുടെ പരിശോധനയാണ്. ആളുകൾ ഒരുമിച്ച് വന്നിറങ്ങുന്നതിനാൽ ടെസ്റ്റ് ചെയ്യുന്നതിന് ഒരുപാട് സമയം വേണ്ടിവരും. രക്തസാമ്പിളുകൾ പരിശോധനയ്ക്കായി നേരത്തെ പൂനെയിലെ വൈറോളജി ലാബിലാണ് അയച്ചുകൊണ്ടിരുന്നത്. ആലപ്പുഴയിലും കോഴിക്കോട്ടും ടെസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യമുള്ളതിനാൽ അവിടെ ടെസ്റ്റ് നടത്തുന്നതിനുള്ള അനുമതി തരണമെന്ന് റിക്വസ്റ്റ് ചെയ്തിരുന്നു. ഇപ്പോൾ പൂനെയിലുള്ള ലാബിനുപുറമേ കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിലെ വൈറോളജി ലാബുകളിൽ ഈ ടെസ്റ്റ് ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുകയും അവിടങ്ങളിൽ ടെസ്റ്റിംഗ് തുടങ്ങുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ഇന്നലെ ഒൻപത് പേരുടെ രക്ത സാമ്പിളുകൾ പരിശോധിച്ചതിൽ ഒൻപതിന്റെയും ഫലം നെഗറ്റീവായിരുന്നു. തിരുവനന്തപുരത്ത് ഇന്നുമുതൽ പരിശോധന തുടങ്ങുകയാണ്. ഇനി പബ്ലിക് ഹെൽത്ത് ലാബുകളിലും തൃശ്ശൂർ മെഡിക്കൽ കോളേജിലെ ലാബിലും രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ലാബിലും പരിശോധന നടത്തുന്നതിനുള്ള അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. ഇതും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പി.സി.ആർ. ടെസ്റ്റിന് സൗകര്യമുള്ള എല്ലാ ലാബുകളിലും ഈ പരിശോധന നടത്താൻ സാധിക്കും. ഇപ്പോൾ containment അല്ല, അമേരിക്കൻ മോഡൽ സ്വീകരിക്കാൻ പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിൽ ഒരു പോസിറ്റീവ് വശമുള്ളത് ഞാൻ അംഗീകരിക്കുകയാണ്. Containment വേണം. ആ മെത്തേഡ് നമുക്ക് ഉപേക്ഷിക്കാൻ പറ്റില്ല. അത് കേരളം പരിശോധിച്ച് ഫലവത്തായ കാര്യമാണ്. അവസാനത്തെ കോൺടാക്ട് വരെ കണ്ടെത്തി അതിനെ അവിടെവച്ച് ഫുൾസ്റ്റോപ്പിടാൻ സാധിക്കുന്ന രീതിയിൽ ശ്രമിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, താങ്കൾ സബ്മിഷന് മറുപടി പറയാൻ 27 മിനിട്ടെടുത്തു. പ്ലീസ് കൺക്ലൂഡ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച Mitigation Method എന്നത് ചെറിയ രോഗലക്ഷണങ്ങളുള്ളവരെ വീട്ടിൽത്തന്നെ ഐസൊലേറ്റ് ചെയ്യുക എന്നതാണ്.

പോസിറ്റീവ് കേസുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച്, അങ്ങ് പറയുന്നത് ശരിയാണ്, Mild symptoms ഉള്ള എല്ലാ ആളുകളേയും ഹോസ്പിറ്റലിൽ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിലുള്ള സൗകര്യങ്ങൾ നമുക്കുണ്ടാകില്ല. അങ്ങ് പറഞ്ഞ പോസിറ്റീവ് അംശം എങ്ങനെ നടപ്പാക്കാൻ കഴിയുമെന്ന് ഞങ്ങൾ പരിശോധിക്കുകയാണ്. Mild symptoms ഉള്ളവരെ home quarantine-ൽത്തന്നെ അവരുടെ ട്രീറ്റ്മെന്റ് നന്നായി ഐസൊലേഷൻ വച്ച് തുടരാൻ സാധിക്കുമോയെന്നുള്ള കാര്യം പരിശോധിക്കുന്നു. ആ പോസിറ്റീവ് വശം എന്തായാലും കാണുകയാണ്.

ഞാൻ ഒരുപാട് ദീർഘിപ്പിക്കുന്നില്ല. ഇപ്പോൾ വളരെ നല്ല രീതിയിലുള്ള സിസ്റ്റം ഉണ്ടാക്കിയിട്ടുണ്ട്. അതുവച്ച് കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അങ്ങനെ ഈ രോഗം നിയന്ത്രണവിധേയമാക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണ്. അതിന് എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

## (2) പത്തനംതിട്ട സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ

ശ്രീമതി വീണാ ജോർജ്ജ്: സർ, പത്തനംതിട്ടയിൽ കൊറോണ കേസ് റിപ്പോർട്ട് ചെയ്ത് മണിക്കൂറുകൾക്കകം ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജുവും തൊട്ടുപിന്നാലെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും അവിടെയെത്തുകയും വിശദമായ അവലോകനങ്ങൾ നടത്തുകയും തുടർ പ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്തു. ടീച്ചറുടെ നേതൃത്വത്തിൽ രാത്രി വൈകി മണിക്കൂറുകളോളം നടന്ന അന്നത്തെ യോഗത്തിൽ പ്രതിരോധത്തിനൊപ്പം നേരത്തെ ഇവിടെ സൂചിപ്പിച്ച രീതിയിൽ കോൺടാക്ട്സ് ഐഡന്റിഫൈ ചെയ്യുക, അതായത് പ്രൈമറി കോൺടാക്ട്സ് (ഈ രോഗികൾ ഡയറക്ട് കോൺടാക്ട് ചെയ്തവർ), അവർ രണ്ടാമത് കോൺടാക്ട് ചെയ്തവർ, tertiary contact എന്നിവയെല്ലാം ഐഡന്റിഫൈ ചെയ്യാൻ ടീം തിരിഞ്ഞുള്ള അന്വേഷണം നടക്കുന്നതിന്റെ അടിസ്ഥാനത്തിൽ സൂക്ഷ്മമായ പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നത്. അന്നത്തെ യോഗത്തിന്റെ തുടർച്ചയായി ഇന്നലെ 750-ഓളം പേർ ഐസൊലേഷനിൽ വീടുകളിലായിട്ടുണ്ട്. ആശുപത്രിയിൽ 30-ന് മുകളിൽ ആളുകളുണ്ട്. പത്തനംതിട്ട ജനറൽ ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ, അറ്റന്റർമാർ ഉൾപ്പെടെയുള്ളവർ വളരെ ഡെഡിക്കേറ്റഡായി പ്രവർത്തിക്കുന്നുവെന്നത് എടുത്തുപറയേണ്ടതാണ്. കൊറോണ രോഗികൾക്കുവേണ്ടി ഏതാണ്ട് 24 മണിക്കൂറും ആരോഗ്യ മേഖലയിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ളവർ ഡെഡിക്കേറ്റഡായി പ്രവർത്തിക്കുകയാണ്. കേസുകൾ രണ്ട് തരത്തിലുണ്ട്. Secondary, tertiary കോൺടാക്ടിലുള്ളവരുടെ പനി കഠിനമാകുകയും അവരെ

ഹോസ്പിറ്റലിലേയ്ക്ക് മാറ്റുകയും ചെയ്യേണ്ടൊരു സാഹചര്യം. അതോടൊപ്പം പനിയുള്ളവരിൽ ചിലർ ഹോസ്പിറ്റലിൽ ഐസൊലേഷനാകാൻ ആഗ്രഹിക്കുന്നവരുമുണ്ട്. അതിനാൽ അറ്റൻഡർമാർ ഉൾപ്പെടെയുള്ള ആളുകളെ കൂടുതലായി ഹോസ്പിറ്റലിലേയ്ക്ക് നിയോഗിക്കേണ്ടതുണ്ട്. ഈ പ്രതിസന്ധിയും സാഹചര്യവും കണക്കിലെടുത്ത് കൂടുതൽ ആളുകളെ അവിടെ നിയമിക്കാൻ കഴിയുമോയെന്നതാണ് എന്റെ സബ്മിഷൻ.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇക്കാര്യത്തിൽ നേരത്തെ പറഞ്ഞ കൂട്ടത്തിൽ പത്തനംതിട്ട ജില്ലയിലടക്കം സ്വീകരിച്ച നടപടിക്രമങ്ങളാണ് ഞാൻ വിശദീകരിച്ചത്. ജില്ലാ കളക്ടർ, ഡി.എം.ഒ. എന്നിവരുടെ നേതൃത്വത്തിൽ വളരെ മികച്ച പ്രവർത്തനം പത്തനംതിട്ട ജില്ലയിൽ നടക്കുന്നു. 11 ടീമുകൾ കോൺടാക്ട്സ് ട്രേസ് ചെയ്യാൻ വേണ്ടിയുണ്ട്. ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ സഹായംകൂടി സ്വീകരിച്ചുകൊണ്ട് വാർഡുകളിൽ എവിടെയെങ്കിലും അത്തരത്തിലുള്ള ആളുകൾ വരാൻ ഇടയായിട്ടുണ്ടോയെന്നുള്ള പരിശോധനയടക്കം കൃത്യമായി നടക്കുകയാണ്. അവിടെ ഞങ്ങൾ 18 ടീം എന്തൊക്കെ ചെയ്യണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ആ ടീമിന് ഓരോ ലീഡർഷിപ്പ് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട വീണാ ജോർജ്ജ് എം.എൽ.എ. പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജുവിന്റെ നേതൃത്വത്തിൽ ഇത് അറിഞ്ഞയുടൻ അവിടെ ഉച്ചയ്ക്ക് മീറ്റിംഗ് ചേർന്നിരുന്നു. അതിനുശേഷം രാത്രി ഞാൻ അവിടെപ്പോകുകയും എല്ലാ എം.എൽ.എ.-മാരും എം.പി.-യും ഉണ്ടായിരുന്നു, വളരെ നല്ല രീതിയിൽ ഒത്തൊരുമയോടുകൂടിയാണ് പങ്കെടുത്തത്. ഇവിടെ കണ്ടതുപോലെയൊന്നുമല്ല. എം.പി.-യൊക്കെ വളരെ സഹകരണത്തോടെയാണ് കാര്യങ്ങൾ ചെയ്യാൻ നിന്നിട്ടുള്ളത്. ശ്രീമതി വീണാ ജോർജ്ജ്, ശ്രീ. മാത്യു ടി. തോമസ്, എന്നീ എം.എൽ.എ.-മാരും മറ്റെല്ലാവരുമുണ്ടായിരുന്നു. രാത്രി സ്റ്റേക്ക്ഹോൾഡേഴ്സിന്റെയും ലൈൻ ഡിപ്പാർട്ടുമെന്റിന്റെയും മീറ്റിംഗ് ചേർന്നു. പിറ്റേന്ന് പ്രൈവറ്റ് ഹോസ്പിറ്റലുകളുടെ മീറ്റിംഗ് വിളിച്ചുചേർത്തു. കൂടുതൽ ആളുകൾ വരുന്നുണ്ടെങ്കിൽ ഐസൊലേഷൻ ബെഡ്ഡുകൾ സംഘടിപ്പിക്കുക അത്ര എളുപ്പമല്ല. എന്നാൽ പത്തനംതിട്ടയിൽ ഇവരെല്ലാം ചേർന്ന് അവിടത്തെ ഐസൊലേഷൻ ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 37, കോഴഞ്ചേരിയിൽ 23, അടൂർ ജനറൽ ആശുപത്രിയിൽ 10 എന്നിങ്ങനെയാണ് ഐസൊലേഷൻ റൂമുകൾ സജ്ജീകരിച്ചിരിക്കുന്നത്. പ്രൈവറ്റ് ഹോസ്പിറ്റലുകളായ പുഷ്പഗിരി നല്ല സഹകരണമാണ്. അവർ ഇപ്പോൾ പ്രത്യേകിച്ച് 4 റൂം വച്ചിട്ടുണ്ട്. പ്ലാൻ ബി-യിൽ ആവശ്യമെങ്കിൽ കൂടുതൽ ബെഡ്ഡ് തരാമെന്ന് അവർ പറഞ്ഞിട്ടുണ്ട്. ബിലീവേഴ്സ് ആശുപത്രിയും 7 റൂം ഇപ്പോൾത്തന്നെ ക്രമീകരിച്ച് വച്ചിട്ടുണ്ട്. പ്ലാൻ ബി-യിൽ അവർ കൂടുതൽ ബെഡ്ഡ് ആവശ്യമാണെങ്കിൽ തരാമെന്ന് പറഞ്ഞിട്ടുണ്ട്.

ഇന്ന് ശ്രീ. രാജു എബ്രഹാം എം.എൽ.എ. പ്രത്യേകിച്ച് ഇടപെട്ട് പൂർണ്ണമായും പ്രവർത്തനം മുടങ്ങിപ്പോയൊരു ഹോസ്പിറ്റൽ നമുക്ക് ഐസൊലേഷനുവേണ്ടി വിട്ടുതരാമെന്ന് സമ്മതിച്ചതായി അറിയിച്ചിട്ടുണ്ട്. ആളുകളെ ബോധവൽക്കരിക്കുന്നതിൽ എം.എൽ.എ.-മാരും ശ്രീ. മാത്യു ടി. തോമസ് ഉൾപ്പെടെ കളക്ടർക്ക് സപ്പോർട്ട് കൊടുത്തുകൊണ്ട് അവരുടെ കൂടെത്തന്നെയുണ്ട്. പന്തളത്ത് ഒരു ഹോസ്പിറ്റൽ തരാമെന്ന് പറഞ്ഞിട്ടുണ്ട്. ശ്രീ. ചിറ്റയം ഗോപകുമാർ ഉൾപ്പെടെയുള്ള എല്ലാവരുമുണ്ടായിരുന്നു. പ്രൈവറ്റ് മേഖലയും സഹകരിക്കുന്നുണ്ട്. കാരണം ഇത്രയധികം ഐസൊലേഷനുകൾ നമ്മൾ എവിടെയാണ് ക്രമീകരിക്കുക? പ്രൈവറ്റ് മേഖലയടക്കം നമ്മളോട് നന്നായി സഹകരിക്കുന്നുണ്ട്. അതെല്ലാം ചേർന്ന് 166 പേരാണ് കോൺടാക്റ്റ് ട്രേസിംഗിൽ ഇപ്പോൾ പങ്കെടുത്തുകൊണ്ടിരിക്കുന്നത്. അവർക്കെല്ലാം വളരെ വിഗദസ്സായിട്ടുള്ള ട്രെയിനിംഗ് കൊടുത്തിട്ടുണ്ട്. ഐസൊലേഷന് മാത്രമായി 68 പേരടങ്ങുന്ന വിദഗ്ദ്ധ ടീം അവിടെയുണ്ട്. ഇങ്ങനെയെല്ലാം സെറ്റ് ചെയ്തിട്ടാണ് പ്രവർത്തിക്കുന്നത്. ഇത്രയും സ്ഥലത്ത് കോൺടാക്റ്റ് ഉണ്ടായിട്ടുള്ളതുകൊണ്ട് നമുക്കവരെ കണ്ടുപിടിക്കൽ വിഷമമാണെങ്കിലും പത്തനംതിട്ട ജില്ലയിലെ ഈ പ്രവർത്തനം അതിന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വളരെ നല്ല രീതിയിലുള്ള പ്രവർത്തനംതന്നെ അവിടെയിപ്പോൾ നടക്കുന്നുണ്ട്. അതുപോലെ ഇവർക്ക് മാനസികാസ്വാസ്ഥ്യം ഉണ്ടാകുന്നത് കുറയ്ക്കാൻ കൗൺസിലേഴ്സിനെ നിയോഗിച്ചിട്ടുണ്ട്. 3 ഡോക്ടർമാരടങ്ങിയ 24 കൗൺസിലേഴ്സിന്റെ സംഘം ഓരോ ഐസൊലേഷനിൽ ഉള്ളവരെയും വിളിച്ച് കൗൺസിലിംഗ് നടത്തി അവരുടെ മാനസിക സമ്മർദ്ദവും പിരിമുറുക്കവും കുറയ്ക്കുന്നു. ക്വാറന്റൈയിനിലായവരുടെ കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകിച്ച് സൂചിപ്പിച്ചിരുന്നു. അവർക്ക് എന്തെങ്കിലും തരത്തിൽ ഒരു കുറവുണ്ടാകരുത്, ഭക്ഷണമോ വെള്ളമോ എന്തെങ്കിലും കിട്ടാത്ത അവസ്ഥയുണ്ടെങ്കിൽ അതൊക്കെ എത്തിക്കുന്നതിന് ശ്രദ്ധിക്കണമെന്ന് പറഞ്ഞിരുന്നു. അതനുസരിച്ചുതന്നെ കൃത്യമായി നടപടികളെടുത്തു പോകുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ ഇത്രയും കാര്യങ്ങൾ നടക്കുന്നുണ്ട്.

## (3) ശമ്പള പരിഷ്കരണം

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിന്റെ ഏറ്റവും അഭിമാനകരമായ സ്ഥാപനങ്ങളാണ് സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അനുബന്ധ സ്ഥാപനങ്ങളായ കോഴിക്കോട്ടുള്ള CWRDM, പീച്ചിയിലെ KFRI (Kerala Forest Research Institute), പാലോട്ടുള്ള Jawaharlal Nehru Tropical Botanic Garden and Research Institute, NATPAC (National Transportation Planning and Research Centre), Malabar Botanical Garden എന്നിവ. ഈ സ്ഥാപനങ്ങളിലെല്ലാംകൂടി ഇരുന്നൂറിൽ താഴെ ശാസ്ത്രജ്ഞന്മാരാണുള്ളത്.

പക്ഷേ ഇവരുടെ ഏറ്റവും അവസാനത്തെ ശമ്പള പരിഷ്കരണം നടന്നത് 2006-ലാണ്. 2016-ൽ അത് ഡ്യൂ ആയി. 14 വർഷം മുൻപാണ് ശമ്പള പരിഷ്കരണം നടന്നത്. ഇപ്പോൾ 4 വർഷം ഡ്യൂ ആയി നിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പിന്റെ കീഴിലാണ് വരുന്നത്. ഈ ശാസ്ത്രജ്ഞന്മാർ കേരളത്തിന് പുറത്തോ ഇന്ത്യയ്ക്ക് പുറത്തോ ഒന്നും പോകാതെ ഇവിടെ ജോലി ചെയ്യുകയാണ്. നമ്മുടെ സംസ്ഥാനത്തിന് ഏറ്റവും അഭിമാനമായ ആളുകളുടെ ശമ്പള പരിഷ്കരണം അനിശ്ചിതത്വത്തിലേയ്ക്ക് പോകുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അടിയന്തരമായി ഇവരുടെ ശമ്പള പരിഷ്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ തീർത്തും ന്യായവും അർഹതയുമുള്ളൊരു കാര്യമാണ്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ ഗവേഷണ വികസന സ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞന്മാർക്ക് ആറാം കേന്ദ്ര ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ സി.എസ്.ഐ.ആർ. നിരക്കിൽ 8-1-2010-ലെ സർക്കാർ ഉത്തരവുപ്രകാരം ശമ്പള പരിഷ്കരണം അനുവദിച്ചിരുന്നു. മെഡിക്കൽ, ആയുർവ്വേദ, ഹോമിയോ ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് സർക്കാർ ഏഴാം കേന്ദ്ര ശമ്പള സ്കെയിലുകൾ അനുവദിച്ചിട്ടില്ല. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും സി.എസ്.ഐ.ആർ. നിരക്കിൽ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥർക്ക് ഏഴാം ശമ്പള പരിഷ്കരണം നിലവിൽ അനുവദിച്ചിട്ടില്ല. എന്നാൽ അത് തീർത്തും ന്യായമായൊരു കാര്യമായതിനാൽ സർക്കാർ ഇക്കാര്യം പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (4) നിർദ്ദേശ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിൽ യുദ്ധക്കപ്പൽ രൂപകൽപ്പന, സാങ്കേതിക വികസനം, ഗവേഷണം, പരിശീലനം എന്നീ ലക്ഷ്യങ്ങളോടെ കോഴിക്കോട് ജില്ലയിലെ ചാലിയത്ത് സ്ഥാപിച്ച നിർദ്ദേശ് എന്ന സ്ഥാപനം ഇപ്പോൾ എല്ലാ പ്രവർത്തനങ്ങളും നിലച്ച് അടച്ചുപൂട്ടിയ നിലയിലാണ്. സംസ്ഥാനത്തിന് വലിയ പ്രതീക്ഷയുണ്ടായിരുന്ന ഈ സ്ഥാപനത്തിനുവേണ്ടി 40.56 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ സൗജന്യമായി വിട്ടുനൽകുകയും ചെയ്തു. 3 വർഷം മുമ്പ് ഇവിടെ ഗവേഷണം, പരിശീലന പ്രവർത്തനങ്ങൾ തുടങ്ങിയവ നടന്നിരുന്നു. എന്നാൽ അപ്പോഴും അത് വിഭാവനചെയ്ത തരത്തിലുള്ള യാതൊരുവിധ വികസനവും സ്ഥാപനത്തിനുണ്ടായിട്ടില്ല.

ഇപ്പോൾ ഇവിടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥർ മാതൃസ്ഥാപനങ്ങളിലേയ്ക്ക് തിരികെ പോയി. കേന്ദ്രം വാഗ്ദാനം ചെയ്തിരുന്ന യാതൊരു സഹായവും ഈ സ്ഥാപനത്തിന് നൽകിയില്ല. ഇന്ത്യയുടെ പ്രതിരോധ ഗവേഷണ രംഗത്തും യുദ്ധക്കപ്പൽ നിർമ്മാണ രംഗത്തും ഏറെ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നൊരു സ്ഥാപനമായി ഇതിനെ മാറ്റിയെടുക്കാൻ സാധിക്കേണ്ടതാണ്. എന്നാൽ കേന്ദ്രം ഭരിച്ച യു.പി.എ. സർക്കാരിന്റെ കാലത്ത് പ്രതിരോധ മന്ത്രാലയവും കേരള സർക്കാരുംകൂടി സഹകരിച്ച് ഈ സ്ഥാപനം വികസിപ്പിക്കാമെന്നാണ് ആലോചിച്ചിരുന്നത്. ഇതിന്റെ ഭാഗമായാണ് കേരള സർക്കാർ സ്ഥലം സൗജന്യമായി ലഭ്യമാക്കിയത്. ഏകദേശം 6,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ കെട്ടിടവും പണിതിട്ടുണ്ട്. ഇന്ത്യയിലെ 4 കപ്പൽശാലകളുടെ ലാഭത്തിന്റെ രണ്ടുശതമാനം ഇവിടത്തെ ആവശ്യത്തിന് നൽകാമെന്നും കേന്ദ്ര വിഹിതമായി 600 കോടി രൂപ നൽകാമെന്നും ധാരണയുണ്ടായിരുന്നു. എന്നാൽ പ്രസ്തുത തീരുമാനവും ധാരണയും കേന്ദ്ര ക്യാബിനറ്റിൽ അംഗീകരിച്ചെടുക്കുന്നതിൽ അന്നത്തെ പ്രതിരോധ വകുപ്പിന്റെ ഭാഗത്തുനിന്നും തുടർനടപടികൾ ഉണ്ടാകാത്തതുകൊണ്ടാണ് പദ്ധതി ശരിയായ രീതിയിൽ മുന്നോട്ട് പോകാതിരുന്നതെന്നാണ് മനസ്സിലാകുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കോഴിക്കോട് ജില്ലയിലെ കടലുണ്ടി വില്ലേജിൽപെട്ട 40.52 ഏക്കർ ഭൂമി പ്രതിരോധ കപ്പൽ രൂപകൽപ്പനാ കേന്ദ്രം "നിർദ്ദേശ്" സ്ഥാപിക്കുന്നതിലേയ്ക്കായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ മസഗോൾ ഡോക്ക് ലിമിറ്റഡ്, ബോംബെ എന്ന സ്ഥാപനത്തിന് 10-8-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം സൗജന്യമായി അസൈൻ ചെയ്ത് നൽകിയിരുന്നു. ഈ സ്ഥാപനത്തിന്റെ നിർമ്മാണോദ്ഘാടനം 2011 ജനുവരിയിൽ അന്നത്തെ പ്രതിരോധമന്ത്രി ശ്രീ. എ. കെ. ആന്റണി നിർവ്വഹിച്ചു. കേന്ദ്ര പ്രതിരോധ മന്ത്രാലയം 600 കോടി രൂപ ചെലവ് ചെയ്താണ് സ്ഥാപനം നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. പ്രസ്തുത സ്ഥലത്ത് അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലേയ്ക്കായി ഭൂമിയുടെ കൈവശാവകാശം തന്നെ നിർദ്ദേശിന് നൽകിക്കൊണ്ടും ഉടമസ്ഥാവകാശം മസഗോൾ ഡോക്ക് ലിമിറ്റഡ്, ബോംബെയ്ക്ക് നിലനിർത്തിക്കൊണ്ടും 24-4-2015-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രതിരോധ ഗവേഷണം, വികസനം എന്നിവ ലക്ഷ്യമാക്കി നിർദ്ദേശ് എന്ന സ്ഥാപനം പ്രതിരോധ വകുപ്പിന് കീഴിൽ ആരംഭിച്ചിരുന്നുവെങ്കിലും പ്രവർത്തനങ്ങളൊന്നും മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല. ഇപ്പോൾ അവിടെ ഏതാണ്ട് പ്രവർത്തനം അസ്തമിച്ച

മട്ടിലാണുള്ളത്. ഇത് പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിൽ നിഷിപ്തമായിട്ടുള്ളതാണ്. രണ്ട് സ്ഥാപനങ്ങളും ഈ സ്ഥലവുമെല്ലാം ഇപ്പോൾ കേന്ദ്ര ഗവൺമെന്റിൽ നിഷിപ്തമാണ്. പ്രവർത്തനം ഇനി പുനരാരംഭിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കേണ്ടതാണ്. ഇതിൽ ഇനി എന്തെങ്കിലും ഇടപെടാൻ കഴിയുമെങ്കിൽ തീർച്ചയായും ഇടപെടാം.

## (5) സീനിയോറിറ്റി ലിസ്റ്റ്

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സർവ്വേ ഭൂരേഖാ വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമിതരായ ജീവനക്കാരുടെ അർഹതപ്പെട്ട സ്ഥാനക്കയറ്റത്തിനുണ്ടായിട്ടുള്ള കാലവിളംബത്തിനെതിരെ അനുബന്ധ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരണം സമയബന്ധിതമായി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. സർവ്വേ ഭൂരേഖാ വകുപ്പ് 1993-94 വർഷങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കുകയുണ്ടായി. ഇതിൽ നിയമാനുസൃത ടെസ്റ്റുകൾ പാസ്സാകാത്ത ജീവനക്കാർക്ക് കെ.എസ്.ആർ. 13 A പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റത്തിനുവേണ്ടി ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവിടങ്ങളിൽ കേസ് ഫയൽ ചെയ്തതിന്മേൽ 2016-ലെ കോടതി ഉത്തരവനുസരിച്ച് താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി എച്ച്.ഡി. (ഹെഡ് ഡ്രാഫ്റ്റ്സ്മാൻ)-മാരെ ടെക്നിക്കൽ അസിസ്റ്റന്റുമാരായി പ്രൊമോഷൻ നൽകുകയും ചെയ്തു. ആയതിൽ ടെസ്റ്റ് യോഗ്യതയുള്ളവരും ഇല്ലാത്തവരും ഉൾപ്പെടും. എന്നാൽ ഈ സീനിയോറിറ്റി ലിസ്റ്റിൽനിന്നും ഹയർ ഡി.പി.സി. കൂടുന്നതിലേയ്ക്ക് യോഗ്യത നേടിയ ജീവനക്കാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് കാലതാമസമുണ്ടായപ്പോൾ ഫീൽഡ് അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിക്കേണ്ടവർ പട്ടികജാതി സെൻട്രൽ കമ്മീഷൻ, കോടതി എന്നിവിടങ്ങളിൽനിന്നും സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടി സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടുള്ള ഉത്തരവ് സമ്പാദിച്ചിട്ടുള്ളതാണ്. എന്നാൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരണം അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്ന നിലപാട് സർവ്വേ ഡയറക്ടറേറ്റിൽ തുടരുകയാണ്. അടിയന്തരമായി സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് അർഹതപ്പെട്ട ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സർവ്വേയും ഭൂരേഖയും വകുപ്പിൽ സ്പെഷ്യൽ റൂൾസ് ഫോർ ദി കേരള സർവ്വേ ആൻഡ് ലാന്റ് റിക്കോർഡ്സ് സർവ്വീസസ്, 1959-ൽ പ്രതിപാദിച്ചിരിക്കുന്ന യോഗ്യതകളുടെ അടിസ്ഥാനത്തിൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽനിന്നും

ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഡി.പി.സി. (ലോവർ) കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിവന്നിരുന്നു. KS&SSR 13A(1)-ന്റെ അടിസ്ഥാനത്തിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ സീനിയർമാരായ ഹെഡ് ഡ്രാഫ്റ്റ്സ്മാൻമാർക്കും ഹെഡ് സർവ്വേയർമാർക്കും ടെക്നിക്കൽ അസിസ്റ്റന്റ്/സർവ്വേ സൂപ്രണ്ട് തസ്തികകളിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്ന് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും വിവിധ കേസ്സുകൾ പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആളുകൾക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിനും സീനിയോറിറ്റി പുനർനിർണ്ണയിച്ച് നൽകുന്നതിനും ജീവനക്കാരിൽ മൂന്ന് വർഷത്തിനകം ടെസ്റ്റ് യോഗ്യത നേടാത്തവരെ റിവർട്ട് ചെയ്യുന്നതിനും 10-11-2016-ലെ സർക്കാർ ഉത്തരവുപ്രകാരം ഉത്തരവായിരുന്നു. അതിന്റെയടിസ്ഥാനത്തിൽ 1-1-1986 മുതൽ സെക്കന്റ്ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/സർവ്വേയർ തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച ഉദ്യോഗസ്ഥരെ, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ/ഹെഡ് സർവ്വേയർ തസ്തികയിലെ സീനിയോറിറ്റി അടിസ്ഥാനത്തിലും ജൂനിയറായ ഉദ്യോഗസ്ഥരെ ടെക്നിക്കൽ അസിസ്റ്റന്റ്/സർവ്വേ സൂപ്രണ്ട് തസ്തികകളിൽ പ്രൊമോഷൻ നൽകിയ തീയതി പ്രാബല്യത്തിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി സർവ്വേ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ ഉൾപ്പെടുത്തി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ 1-12-2008 മുതൽ 15-12-2016 വരെയുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് താൽക്കാലികമായി 16-11-2017-ൽ പ്രസിദ്ധീകരിച്ചിരുന്നു. ഡി.പി.സി. (ലോവർ) കൂടി റെഗുലറൈസ് ചെയ്യാതെയാണ് KS&SSR Part II Rule 13A(1)-ന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്/സർവ്വേ സൂപ്രണ്ട് പോസ്റ്റുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഈ തസ്തികകളിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിരുന്നത്. ഈ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിനെ സംബന്ധിച്ച് കോടതി വിധി നടപ്പിൽ വരുത്തുന്നതിനും താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിലുൾപ്പെട്ട വിവിധ ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ പരിഹരിക്കുന്നതിനും കൂടുതൽ സമയം ചെലവഴിക്കേണ്ടിവന്നതിനാലുമാണ് ഈ താൽക്കാലിക ലിസ്റ്റുകൾ അന്തിമമാക്കുന്നതിന് കാലതാമസമുണ്ടായിട്ടുള്ളത്. താൽക്കാലിക സ്ഥാനക്കയറ്റത്തിന് പരിഗണിച്ച ടെസ്റ്റ് യോഗ്യതയില്ലാത്ത ജീവനക്കാരെയും ടെസ്റ്റ് യോഗ്യത നേടുന്നതിനുള്ള exemption period കഴിഞ്ഞിട്ടും യോഗ്യത നേടാത്ത റിവർട്ട് ചെയ്ത ജീവനക്കാരെയും വിരമിച്ച ജീവനക്കാരെയും ഉൾപ്പെടുത്തിയാണ് ഈ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നത്. ഈ വിഷയത്തിലുള്ള വിവിധ കോടതി ഉത്തരവുകളുടെയും ബഹുമാനപ്പെട്ട സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ, പട്ടിക ഗോത്രവർഗ്ഗ കമ്മീഷന്റെ

നിർദ്ദേശത്തിന്റെയും ബഹു്മാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കോടതി അലക്ഷ്യ കേസ്സിന്റെയും അടിസ്ഥാനത്തിൽ ഡി.പി.സി. (ലോവർ) കൂടി റെഗുലറൈസ് ചെയ്യാതെതന്നെ 27-2-2020-ലെ സർവ്വേ ഡയറക്ടറുടെ നടപടിക്രമം പ്രകാരം സർവ്വേ സൂപ്രണ്ടുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പുനർനിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് 15-3-2020-ന് മുമ്പുതന്നെ അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതാണെന്ന് സർവ്വേ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനുശേഷം ഡി.പി.സി. (ലോവർ) കൂടി ടെക്നിക്കൽ അസിസ്റ്റന്റ്/സർവ്വേ സൂപ്രണ്ട് തസ്തികകളിലേയ്ക്ക് നൽകിയിട്ടുള്ള താൽക്കാലിക സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്ത് അർഹരായ ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (6) തീർത്ഥപാദമണ്ഡപവും അനുബന്ധ സ്ഥലവും

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ ഉന്നയിക്കുന്ന ഇഷ്യൂ, കേരളത്തിലെ നവോത്ഥാന നായകരിൽ ഏറ്റവും പ്രമുഖനായ ചട്ടമ്പിസ്വാമി തിരുവടികൾക്ക് തിരുവനന്തപുരത്ത് പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ മുൻവശത്ത് ഒരു സ്റ്റാച്യൂ ഉണ്ടായിരുന്നു. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ അതിനുവേണ്ട സ്ഥലം അനുവദിച്ചുകൊടുക്കുകയും അവിടെ സ്റ്റാച്യൂ നിർമ്മിക്കുകയും ചെയ്തു. എന്നാൽ അടുത്തകാലത്തായി ഹോം സെക്രട്ടറിയുടെ പേര് പറഞ്ഞുകൊണ്ട്, ജനങ്ങൾ ധാരാളമായി ഉപയോഗിച്ചുവരുന്നതും കൾച്ചറൽ മീറ്റിംഗ് നടത്തുന്നതുമായ ആ മണ്ഡപവും സ്ഥലവും ഒരു ദിവസം രാത്രി ധാരാളം പോലീസുകാർ കയറി മുഴുവൻ സ്ഥലവും വളഞ്ഞ് പൂട്ടിയിടുകയും ബാക്കി ആളുകളെ അതിനുള്ളിൽ കടക്കാൻ സമ്മതിക്കാത്ത സാഹചര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇത് വളരെ അനീതിയാണ്. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചിട്ടുള്ള ആനുകൂല്യം ജോയിന്റ് സെക്രട്ടറി പോലുള്ളവർ ഇടപെട്ട് മുടക്കുന്ന ഏർപ്പാട് ശരിയല്ല. അതിന് മാറ്റംവരുത്തി പുനഃസ്ഥാപിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീവിദ്യാധിരാജാ ചട്ടമ്പി സ്വാമികളുടെ പേരിലുള്ള ഒരു സ്ഥാപനം നിലനിൽക്കണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. സർക്കാരിനെ സംബന്ധിച്ചിടത്തോളം അക്കാര്യത്തിൽ യാതൊരു വിയോജിപ്പുമില്ല. തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ, വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 560/366-ൽ ഉൾപ്പെട്ടതും പാത്രക്കുളം എന്നറിയപ്പെടുന്നതുമായ 65 സെന്റ് സർക്കാർ ഭൂമി 9-6-1976-ലെ സർക്കാർ ഉത്തരവ് 773/76/റവന്യൂ പ്രകാരം വിദ്യാധിരാജാ സഭ എന്ന സംഘടനയ്ക്ക് ചട്ടമ്പി സ്വാമി സ്മാരകം, ലൈബ്രറി കം ഓഫീസ് എന്നിവ നിർമ്മിക്കുന്നതിന് സെന്റ് ഒന്നിന് 750 രൂപ നിരക്കിൽ

വ്യവസ്ഥകൾക്ക് വിധേയമായി പതിച്ചുനൽകാനും തുകയുടെ 50% ഉടനെയും ബാക്കി 50% രണ്ട് ഗഡുക്കളായി അടയ്ക്കണമെന്നും പ്രസ്തുത ഭൂമി പതിച്ചുകൊടുത്ത ആവശ്യത്തിനുമാത്രമേ ഉപയോഗിക്കാവൂ എന്നും വ്യവസ്ഥ ചെയ്തുകൊണ്ട് പതിച്ചുനൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തുക അടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ലംഘിക്കപ്പെട്ടുവെന്ന് കണ്ടെത്തിയതിനെ തുടർന്ന് 21-12-2007-ലെ സർക്കാർ ഉത്തരവ് നമ്പർ 447/2007/റവന്യൂ പ്രകാരം മേൽ ഭൂമിപതിവ് ഉത്തരവ് സർക്കാർ റദ്ദാക്കി. പ്രസ്തുത ഉത്തരവിനെതിരെ വിദ്യാധിരാജാ ട്രസ്റ്റ് Writ Petition പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി 29-3-2017-ന് പുറപ്പെടുവിച്ചിരിക്കുന്ന വിധിന്യായ പ്രകാരം ശ്രീവിദ്യാധിരാജാ സഭയ്ക്ക് നൽകിയ ഭൂമി തിരിച്ചെടുക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവ് പ്രസക്തമായ ചില വസ്തുതകൾ പരിഗണിക്കാതെയാണെന്ന് കണ്ടെത്തി റദ്ദാക്കുകയും ബന്ധപ്പെട്ട അധികാരികൾക്ക് തക്കതായ കാരണങ്ങളിന്മേൽ വിദ്യാധിരാജാ സഭയ്ക്ക് നൽകിയ ഭൂമി തിരിച്ചെടുക്കുന്ന കാര്യം പുനഃപരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് ഉത്തരവാകുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാധിരാജാ ട്രസ്റ്റിന്റെ പ്രതിനിധികളെയും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെയും തിരുവനന്തപുരം കളക്ടറേറ്റിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മറ്റ് വസ്തുതകൾ പരിഗണിച്ചും 5-4-2019-ലെ സർക്കാർ ഉത്തരവ് 1001/19 പ്രകാരം പുറപ്പെടുവിച്ചുകൊണ്ട് ഭൂമി പതിച്ചുനൽകിയ ഉത്തരവ് റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. ഈ ഉത്തരവിനെതിരെ വിദ്യാധിരാജാ ട്രസ്റ്റ് ഭാരവാഹികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ Writ Petition ഫയൽ ചെയ്യുകയും 11-12-2019-ലെ കോടതി ഉത്തരവ് പ്രകാരം G.O. (Rt) 1001/19 quash ചെയ്യുകയും show cause notice, Ext. p9 മറുപടി എന്നിവകൂടി പരിശോധിച്ച് ബന്ധപ്പെട്ട കക്ഷികളെ ഒന്നുകൂടി നേരിൽ കേട്ട് തീരുമാനമെടുക്കാൻ ഉത്തരവാകുകയുണ്ടായി. ആയതിൻ പ്രകാരം പരാതിക്കാരെ റവന്യൂ വകുപ്പ് സെക്രട്ടറി 9-1-2020-ലും 25-2-2020-ലും നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങളും ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളും വിധിന്യായവുമടക്കം എല്ലാം ബഹുമാനപ്പെട്ട കോടതി വളരെ വിശദമായി പരിശോധിച്ച് ഭൂമി പതിച്ചുനൽകിയ ഉത്തരവിലെ ഭൂമിവില അടയ്ക്കണം എന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ ശ്രീ വിദ്യാധിരാജാ സഭ ലംഘിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 29-2-2020-ലെ സർക്കാർ ഉത്തരവ് 85/20 പ്രകാരം താഴെപ്പറയുന്ന തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

1. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 560/366-ലെ 65 സെന്റ് സർക്കാർ സ്ഥലം വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച നൽകിയ 9-6-1976-ലെ 773/76-ാം നമ്പർ സർക്കാർ ഉത്തരവ് റദ്ദാക്കി ഭൂമി തിരികെയെടുത്ത് സർക്കാർ ഭൂമിയായി സംരക്ഷിക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

2. ഇപ്രകാരം തിരികെയെടുക്കുന്ന സ്ഥലം കിഴക്കേകോട്ട -തമ്പാനൂർ ഭാഗങ്ങളിലെ വെള്ളപ്പൊക്ക നിർമ്മാർജ്ജനത്തിന് ഉപയോഗിക്കാവുന്നത് സംബന്ധിച്ച് സാങ്കേതിക പഠനം നടത്താവുന്നതാണ്.

3. പ്രസ്തുത ഭൂമിയിൽ ശ്രീചട്ടമ്പിസ്വാമികളുടെ ക്ഷേത്രം നിലനിൽക്കുന്നുവെന്നുള്ള വസ്തുത പരിഗണിച്ച് ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം ശ്രീവിദ്യാധിരാജാ സഭയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന പക്ഷം പതിച്ചുനൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മേൽ ഉത്തരവ് പ്രകാരം റവന്യൂ അധികാരികൾ 29-2-2020-ന് ഭൂമി തിരികെയെടുക്കുന്ന നടപടികൾ പൂർത്തിയാക്കി ശ്രീവിദ്യാധിരാജാ സഭയിൽ നിന്നും തിരികെയെടുത്തിട്ടുള്ളതാണ്. ഈ ഉത്തരവിനെതിരെ ശ്രീവിദ്യാധിരാജാ സഭയുടെ പ്രതിനിധികൾ വീണ്ടും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ Writ Petition ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി 5-3-2020-ന് പ്രസ്തുത കേസ് കേൾക്കുകയും ഇക്കാര്യത്തിൽ തൽസ്ഥിതി തുടരുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ നിയമാനുസൃതമായ നടപടിക്രമങ്ങൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

## (7) സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ. വി. വിജയദാസ്: സർ, സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞിരുന്ന കാലഘട്ടത്തിൽ രൂപീകരിക്കാൻ തീരുമാനിച്ചതാണ് പ്രീ-പ്രൈമറി സ്കൂളുകൾ. സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി അധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറായത് വളരെ അഭിനന്ദനാർ ഹമാണ്. എന്നാൽ എയ്ഡഡ് പ്രീ-പ്രൈമറി സ്കൂളുകളിൽ മാത്രമായി 94977 കുട്ടികളും 3934 അധ്യാപകരും 1693 ആയമാരുമുണ്ടെങ്കിലും ഇവർക്ക് സേവന-വേതന വ്യവസ്ഥകളോ ഏകീകൃത സിലബസോ പരിശീലനമോ ഇല്ല. 500 മുതൽ 2,000 രൂപവരെയാണ് ഇവരുടെ ശമ്പളം. ഇവർക്ക് സേവന-വേതന വ്യവസ്ഥകൾ അനുവദിച്ച് നൽകണം. ഇവരുടെ ശമ്പളവും മറ്റും തീരെ അപര്യാപ്തമായതിനാൽ ശമ്പള വർദ്ധനവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-കളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികളെ സർക്കാർ അംഗീകരിക്കുകയും 1-8-2012 വരെ സർവ്വീസിലുണ്ടായിരുന്ന ടീച്ചർമാർക്കും ആയമാർക്കും ഓണറേറിയം അനുവദിച്ചു നൽകുകയും ചെയ്തു. അതിനുശേഷം 7-12-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കാനോ നിയമനങ്ങൾ നടത്താനോ പാടില്ലെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇതിൽ പല പരിമിതികളും നിലവിലുണ്ട്. എങ്കിലും ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാനായി കൂടുതൽ പഠനം നടത്താൻ എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (8) വിളക്കുടി -വെട്ടിക്കവല-മേലില കുടിവെള്ള പദ്ധതി

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വിളക്കുടി-വെട്ടിക്കവല-മേലില പഞ്ചായത്തുകൾക്കുവേണ്ടി ഒരു ഗ്രാമീണ കുടിവെള്ള പദ്ധതി നബാർഡിന്റെ സഹായത്തോടുകൂടി 24.15 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അതിൽ 2019 സെപ്റ്റംബർ മാസത്തോടുകൂടി 23.88 കോടി രൂപ ചെലവഴിച്ച് ഈ പദ്ധതിയുടെ പ്യൂരിഫിക്കേഷൻ പ്ലാന്റും മറ്റ് അനുബന്ധ ടാങ്കുകളും നിർമ്മിച്ചുകഴിഞ്ഞു. തുടർന്ന് ഈ മൂന്ന് പഞ്ചായത്തുകളിലേയ്ക്കും പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വാട്ടർ അതോറിറ്റി മുഖാന്തരം ഗവൺമെന്റിന് സമർപ്പിച്ചു. ഒന്നാംഘട്ടത്തിൽ വിളക്കുടി പഞ്ചായത്തിലേയ്ക്ക് മാത്രം വെള്ളം നൽകാൻ കഴിയത്തക്ക വിധത്തിൽ 5-10-2019-ലെ ജി.ഒ.(ആർ.ടി.) നമ്പർ 710/2019 ഡബ്ല്യൂ.ആർ.ഡി. പ്രകാരം ഉത്തരവായി. 22-8-2019-ന് കൂടിയ വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനപ്രകാരം 17.88 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ (എ.എസ്.) നൽകുകയും ചെയ്തു. ഇതിൽ പറയുന്നത്, It is also observed that, Kerala Water Authority should give priority to complete the existing works before taking up new water supply schemes എന്നാണ്. മറ്റ് വർക്കുകൾ ഏറ്റെടുക്കുന്നതിനുമുമ്പേ ഇതെല്ലാം തീർത്തിരിക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്. ഞങ്ങളുടെ നിലവിലെ വർക്ക് പൂർത്തിയായിരിക്കുന്ന അവസ്ഥയിലായിരുന്നു. പൈപ്പിടാൻ മാത്രമാണ് മേൽ ഉത്തരവ് പ്രകാരം തുക അനുവദിച്ചത്. പ്രവൃത്തികളുടെ ടി.എസ്. നൽകുന്ന ഘട്ടത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ടി.എസ്. നൽകേണ്ടതില്ലെന്നും പദ്ധതി ഇപ്പോൾ നടപ്പിലാക്കേണ്ടതില്ലെന്നും തൽക്കാലം എ.എസ്. തടഞ്ഞുവച്ചിരിക്കുകയാണെന്നും

അറിയിച്ചതായ വിവരമാണ് ലഭ്യമായത്. ഏതായാലും ചുരുക്കം പറഞ്ഞാൽ എ.എസ്.-ന്റെ അടിസ്ഥാനത്തിൽ ടി.എസ്.-നുള്ള നടപടികളിലേയ്ക്ക് പോയെങ്കിലും ടെണ്ടർ വിളിക്കുകയോ ഇത് മുന്നോട്ടുപോകുകയോ ചെയ്യില്ലെന്നുള്ളത് വിഷമകരമായ കാര്യമാണ്. പ്രത്യേകിച്ചും 26.88 കോടി രൂപ ചെലവഴിച്ച് പ്ലാന്റും ട്രാൻസ്ഫോർമറും മറ്റ് സംവിധാനങ്ങളുമെല്ലാം സ്ഥാപിച്ചുകഴിഞ്ഞ നിലയിലാണുള്ളത്. പ്ലാന്റ് ഓടിത്തുടങ്ങിയാൽ വൈദ്യുതി ചാർജ് നൽകേണ്ടി വരുമെന്നതിനാൽ വൈദ്യുതി കണക്ഷൻ എടുക്കേണ്ടെന്ന് ഞാൻ നിർദ്ദേശിച്ചതിനാലാണ് കണക്ഷൻ എടുക്കാതിരിക്കുന്നത്. വെള്ളത്തിനായി ആളുകൾ ഇത്രയധികം ബുദ്ധിമുട്ടുന്ന ഈ സന്ദർഭത്തിൽ ഒന്നുകിൽ ഈ ഉത്തരവ് നടപ്പിലാക്കിത്തരികയോ അല്ലെങ്കിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കുകയോ ചെയ്യണം. ഈ ഉത്തരവിൽ പറയുന്നതുപോലെ നിലവിൽ ടാങ്കുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ഇടാനായുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആ പ്രദേശങ്ങളിൽ വെള്ളത്തിന് വളരെയധികം ബുദ്ധിമുട്ടുള്ളതിനാൽ അങ്ങയുടെ ഭാഗത്തുനിന്നും ഒരു നല്ല മറുപടി പ്രതീക്ഷിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പത്തനാപുരം നിയോജകമണ്ഡലത്തിലെ വിളക്കുടി-വെട്ടിക്കവല-മേലില ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-18-ൽ ഉൾപ്പെടുത്തി 24.15 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ കിണർ, പമ്പ് ഹൗസ്, ജലശുദ്ധീകരണശാല, ജലസംഭരണികൾ, അനുബന്ധ പ്രവൃത്തികൾ എന്നിവ 31-3-2019-ന് പൂർത്തീകരിച്ചു. വിളക്കുടി-വെട്ടിക്കവല-മേലില ഗ്രാമീണ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി സോൺ-1-ലെയും സോൺ-2-ലെയും വിതരണ ശൃംഖലയ്ക്കായി 2019-2020 സ്റ്റേറ്റ്പ്ലാനിൽ ഉൾപ്പെടുത്തി 17.88 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2024-ഓടുകൂടി ഗ്രാമീണ മേഖലയിലുള്ള എല്ലാവർക്കും പൈപ്പിലൂടെ വെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കുന്ന കേന്ദ്രഗവൺമെന്റ് പദ്ധതിയായ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടിക്രമത്തിന്റെ ഭാഗമായി പദ്ധതിയുടെ ഭരണാനുമതി തൽക്കാലം റദ്ദ് ചെയ്തു. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിഹിതത്തിന്റെ 50% തുക കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽത്തന്നെ ഭരണാനുമതി നൽകി തുടർനടപടി സ്വീകരിക്കുന്നതാണ്.

## (9) റോഡ് നിർമ്മാണം

ശ്രീ. പി. കെ. ബഷീർ: സർ, വളരെ ഗൗരവമായൊരു വിഷയമാണ് സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. എന്റെ മണ്ഡലത്തിൽ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പാലക്കയം ആദിവാസി കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിന് നബാർഡ് സ്കീമിലുൾപ്പെടുത്തി 2.80 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. മൂന്ന് വർഷമായിട്ടും അതിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഈ വർക്ക് കിറ്റ്കോയെ ഏൽപ്പിച്ചതാണ് ഏറ്റവും വലിയ വിരോധാഭാസം.26-2-2015-ൽ പി.വി.റ്റി.ജി. പദ്ധതി പ്രകാരം 37 ഗ്രാമീണ റോഡുകളെ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി. അതിൽ 9 റോഡുകളുടെ പ്രവൃത്തിയും മേൽനോട്ടവും ടെണ്ടറും ഏല്പിച്ചത് കിറ്റ്കോയെയാണ്. ബാക്കിയുള്ള 26 റോഡുകളുടെ ടെണ്ടറും നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയും അതൊക്കെ പൂർത്തിയാകുകയും ചെയ്തിരുന്നു. കിറ്റ്കോയെ ഏല്പിച്ച 9 പ്രവൃത്തികൾ മാത്രം ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. എന്തിനാണ് നമുക്കിങ്ങനെ ഒരു വെള്ളാന? ഇങ്ങനെ നിരവധി സ്ഥാപനങ്ങളുണ്ട്. ഇവർ വർക്കുകൾ ഏറ്റെടുക്കും പക്ഷേ പണിയും മേൽനോട്ടങ്ങളുമൊന്നുമില്ല. ഇവർക്ക് 9 ശതമാനംവരെ സെന്റേജ് ചാർജ്ജും നൽകുന്നുണ്ട്. 3 വർഷം കഴിഞ്ഞപ്പോൾ ഭരണാനുമതിയും നബാർഡിന്റെ ഫണ്ടും ലാപ്സായി. ആരാണ് ഇതിന് ഉത്തരവാദി? 37 റോഡുകളിൽ 9 റോഡുകൾ കിറ്റ്കോ ഏറ്റെടുത്തു. സമാനമായ 26 റോഡുകളുടെ പണി പൂർത്തിയായി. കിറ്റ്കോ ഏറ്റെടുത്ത പണികളൊന്നും പൂർത്തിയായിട്ടില്ല. ഒരിടത്തും 10 ശതമാനം പണിപോലും നടന്നിട്ടില്ല. ഈ പ്രവൃത്തി നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ട് 3 കൊല്ലമായി, ഭരണാനുമതി ഓട്ടോമാറ്റിക്കായി റദ്ദാകുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട ആളുകളുടെ പേരിൽ നടപടിയെടുക്കണം. അവിടെ ആദിവാസികളായ ആളുകൾക്ക് നടക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതിനൊരു തീരുമാനമെടുത്ത് ഫണ്ട് അനുവദിച്ച് റോഡ് ഗതാഗതയോഗ്യമാക്കാനുള്ള നടപടിയെടുക്കണം. അങ്ങ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും രണ്ടുപ്രാവശ്യം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുമായ വ്യക്തിയാണ്. കിറ്റ്കോയുടെ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടി വിലയിരുത്തണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മലപ്പുറം ജില്ലയിൽ പാലക്കയം-വെണ്ണക്കൊടി കോളനി റോഡിന് 2013-14-ൽ

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 2.80 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 2.24 കോടി രൂപ നബാർഡ് ലോൺ തുകയും ബാക്കിയുള്ള 56.18 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. സർക്കാർ അംഗീകൃത നിർമ്മാണ ഏജൻസിയായ കിറ്റ്കോയെയാണ് നിർമ്മാണച്ചുമതല ഏല്പിച്ചത്. 17-3-2017-ന് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 44.94 ലക്ഷം രൂപ കിറ്റ്കോയ്ക്ക് വകുപ്പ് കൈമാറിയിട്ടുമുണ്ട്. മെസ്സേഴ്സ് ജാസ് അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിനെയായിരുന്നു പ്രവൃത്തിയുടെ കരാർ ഏല്പിച്ചത്. 11-7-2017-ന് പ്രവൃത്തി ആരംഭിക്കുകയും ഏകദേശം 500 മീറ്ററോളം കല്ലുകൾ നിരത്തുന്ന പണികൾ ചെയ്യുകയും ചെയ്തു. തുടർന്ന് കിറ്റ്കോയ്ക്ക് 16.80 ലക്ഷം രൂപയുടെ പാർട്ട് ബിൽ സമർപ്പിച്ചു. മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 3.36 ലക്ഷം രൂപ കുറവുചെയ്ത് നബാർഡിന്റെ അനുമതിയോടെ 13.44 ലക്ഷം രൂപ വകുപ്പ് കിറ്റ്കോയ്ക്ക് അനുവദിച്ച് ഉത്തരവിറക്കി. എന്നാൽ കരാറുകാരൻ പണികൾ ഉപേക്ഷിച്ചുപോയ സാഹചര്യത്തിൽ പ്രസ്തുത തുക കിറ്റ്കോ ക്ലെയിം ചെയ്തില്ല. റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ചെയ്ത പ്രവൃത്തികളെല്ലാം 2018-ലെയും 2019-ലെയും പ്രളയത്തിൽ പൂർണ്ണമായും ഒലിച്ചുപോയി. പണി നിർത്തിവച്ച സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്യുമെന്ന് കിറ്റ്കോ കരാറുകാരന് മുന്നറിയിപ്പ് നൽകിയെങ്കിലും കരാറുകാരൻ മുന്നറിയിപ്പുകളെ അവഗണിക്കുകയാണുണ്ടായത്. കരാർ ലംഘനം നടത്തി വകുപ്പിനും അതുവഴി സർക്കാരിനും ഭീമമായ നഷ്ടം വരുത്തിയ മെസ്സേഴ്സ് ജാസ് അസ്സോസിയേറ്റ്സിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പ് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകി. വിശ്വാസവഞ്ചന, കൃത്യവിലോപം, കരാർ ലംഘനം എന്നീ കുറ്റങ്ങൾ ആരോപിച്ച് മെസ്സേഴ്സ് ജാസ് അസ്സോസിയേറ്റ്സിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചതായി വകുപ്പിനെ അറിയിച്ചിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ കിറ്റ്കോ കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാനും നിർദ്ദേശം നൽകി. നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിലെ പ്രവൃത്തികളുടെ കാലാവധി 31-3-2019-ന് അവസാനിച്ചു. കരാറുകാരനായ മെസ്സേഴ്സ് ജാസ് അസ്സോസിയേറ്റ്സിന്റെ റിസ്ക് ആൻഡ് കോസ്റ്റിൽ പാലക്കയം റോഡ് നിർമ്മാണം പുനരാരംഭിക്കുന്നതിന് 2,13,30,762 രൂപയുടെ എസ്റ്റിമേറ്റ് 17-1-2020-ന് കിറ്റ്കോ ലിമിറ്റഡ് തയ്യാറാക്കി വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിച്ചു. തുടർനിർമ്മാണം സംബന്ധിച്ചുണ്ടാകാനിടയുള്ള അധിക സാമ്പത്തിക ബാധ്യതകളെല്ലാം മെസ്സേഴ്സ് ജാസ് അസ്സോസിയേറ്റ്സിൽ നിന്നും ഈടാക്കുമെന്ന വ്യവസ്ഥയിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചത്.

എന്നാൽ ആർ.ഐ.ഡി.എഫ്. സ്കീമിന്റെയും ബില്ലുകൾ സമർപ്പിക്കുന്നതിനുള്ള കാലാവധിയും ഇതിനകം അവസാനിച്ചതിനാൽ റോഡിന്റെ തുടർനിർമ്മാണം സംബന്ധിച്ചുള്ള ബില്ലുകളൊന്നും നബാർഡിൽനിന്ന് ക്ലെയിം ചെയ്യാനോ പ്രവൃത്തികൾ പൂർത്തീകരിക്കാനോ കഴിയില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ചില പൊതുമേഖലാ സ്ഥാപനങ്ങൾ വരുത്തിവയ്ക്കുന്ന വിനയുടെ ഭാഗമായിട്ടാണ് ഇത് അനുഭവിക്കുന്നത്. എന്റെ വകുപ്പിൽ കുറെ പണികൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. മുമ്പ് നൽകിയതിന്റെ തുടർച്ചയാണിത്. ചിലതൊക്കെ ഇപ്പോൾ നേരായ വഴിയിൽ വന്നിട്ടുണ്ട്. ചിലത് ഇപ്പോഴും പഴയതുപോലെ തന്നെയാണ്. എന്തായാലും മേൽസാഹചര്യത്തിൽ വകുപ്പിന്റെ മറ്റേതെങ്കിലും ഫണ്ടുപയോഗിച്ച് പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പുതുതായി ആരംഭിക്കുന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കു കയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (10) ഔഷധ മലിനീകരണം

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> സർ, ആരോഗ്യരംഗത്തെ ഗുരുതരമായ ഒരു വിഷയം ചൂണ്ടിക്കാണിക്കാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആരോഗ്യത്തെക്കുറിച്ചുള്ള മലയാളികളുടെ ഉൽക്കണ്ഠ മരുന്നുകളുടെ ഉപയോഗത്തിന്റെ തോതും ഔഷധ മലിനീകരണത്തിന്റെ തോതും ഒരുപോലെ വർദ്ധിപ്പിക്കുകയാണ്. കേരളം ഒരു വർഷം വാങ്ങിക്കൂട്ടുന്നത് പന്ത്രണ്ടായിരത്തി മുന്നൂറ്റി അൻപത് കോടി രൂപയുടെ മരുന്നുകളാണ്. സർക്കാർ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നത് മുന്നൂറ്റി അൻപത് കോടി രൂപയുടെയും സ്വകാര്യ ആശുപത്രികളിലൂടെയും മെഡിക്കൽ ഷോപ്പുകളിലൂടെയും വിതരണം ചെയ്യുന്നത് പന്ത്രണ്ടായിരം കോടി രൂപയുടെയും മരുന്നുകളാണെന്നാണ് കണക്കുകളിൽനിന്നും വ്യക്തമാകുന്നത്. ഇത് ദേശീയ മരുന്നുപയോഗത്തിന്റെ 10 ശതമാനമാണ്. ഇതിൽ നല്ലൊരു പങ്ക് കഴിക്കാതെ മാലിന്യമായി ഭൂമിയിലേയ്ക്ക് പുറന്തള്ളുന്നത് ഔഷധ മലിനീകരണത്തിന്റെ ഭീകരാവസ്ഥ സൃഷ്ടിക്കുകയാണ്. കാലാവധി കഴിഞ്ഞതും ഉപയോഗിക്കാത്തതുമായി പുറന്തള്ളുന്ന മരുന്നുകൾ ഒരു വർഷം ഇരുപതിനായിരം ടൺ വരുമെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. നിലവിൽ അവ സംസ്ഥാന തലത്തിൽ സംസ്കരിക്കുന്നതിന് പദ്ധതികളോ ഫണ്ടോ ഇല്ലെന്നുള്ളത് ഖേദകരമാണ്. തിരുവനന്തപുരം ആസ്ഥാനമായി PROUD (Programme for Removal of Unused Drugs) എന്ന പദ്ധതി ഏതാനും മാസങ്ങളായി

പ്രവർത്തിക്കുന്നുണ്ടെങ്കിലും എത്രത്തോളം പ്രാവർത്തികമാണെന്നറിയില്ല. നിലവിൽ ഔഷധ മാലിന്യങ്ങൾ ഭൂമിയിൽ കുഴിച്ചുമൂടുക എന്നതാണ് സംസ്ഥാനത്തിന്റെ അവസ്ഥ. ഭാവിയിൽ ഇത് അതീവ ഗുരുതര പാരിസ്ഥിതിക ആഘാതങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുമെന്നതിന് യാതൊരു തർക്കവുമില്ല. ആന്റിബയോട്ടിക്കുകൾ വെള്ളത്തിൽ കലർന്നാൽ അത് കിണറുകളിലും അതുവഴി മനുഷ്യശരീരത്തിലും എത്താൻ ഏറെ താമസം വേണ്ടിവരില്ല. കൂടാതെ ഇത് കഴിക്കുന്ന മത്സ്യങ്ങളെ മനുഷ്യൻ ഭക്ഷിക്കുകവഴി ഈയൊരു ശൃംഖലയിലൂടെ പുതിയ വൈറസുകളും ബാക്ടീരിയകളും രൂപപ്പെടുകയും ചെയ്യുമെന്നാണ് ഈ രംഗത്തെ വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നത്. ഇത് പ്രതിരോധിക്കുന്നതിനുള്ള ആന്റിബയോട്ടിക്കുകൾ കണ്ടെത്തിയിട്ടില്ലാത്ത തിനാൽ ഭാവിയിൽ വലിയ പ്രത്യാഘാതമായിരിക്കും നേരിടേണ്ടിവരിക. ഈ സാഹചര്യത്തിൽ ക്ലീൻകേരള പദ്ധതിവഴിയോ ഏതെങ്കിലും ഏജൻസികളെ ഉപയോഗപ്പെടുത്തിയോ ഔഷധമാലിന്യ സംസ്കരണം നടത്താൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി

(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആരോഗ്യ മേഖലയിലെ അതീവ ഗുരുതരമായ പ്രശ്നമാണ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്. ആന്റിബയോട്ടിക്കുകളുടെ ശരിയല്ലാത്ത ഉപയോഗത്തിന്റെ ഭാഗമായാണ് ഈ പ്രശ്നമുണ്ടാകുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, ആന്റിബയോട്ടിക്കുകൾ ഭൂമിയിലും വെള്ളത്തിലും കലരാനിടയാകുന്നതിന്റെ ഭാഗമായി ഭക്ഷണങ്ങളിലും സസ്യങ്ങളിലും വളർത്തുമൃഗങ്ങളിലുമൊക്കെ വരികയും അവ ഭക്ഷിക്കുമ്പോൾ നമ്മുടെ ശരീരത്തിൽ പ്രവേശിക്കാനിടയാകുകയും ഇത്തരത്തിലുള്ള ചില ബാക്ടീരിയകളും ഫംഗസുകളുമൊക്കെ മൈക്രോബിയൽ റെസിസ്റ്റൻസുള്ളതായി മാറുകയും ചെയ്യുന്നു. സാധാരണ കഴിക്കുന്ന മരുന്നുകൾകൊണ്ട് രോഗം ഭേദപ്പെടാത്ത അവസ്ഥ വരുന്നതിനെയാണ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് എന്നുപറയുന്നത്. എത്രയോ വർഷങ്ങളായി ഈ പ്രശ്നം നിലനിൽക്കുകയാണ്. എന്നാൽ ഇന്ത്യയിലാദ്യമായി ആന്റി മൈക്രോബിയൽ റെസിസ്റ്റൻസിനെ അഡ്രസ്സ് ചെയ്യാനും പരിഹരിക്കാനുമായി ചർച്ചകൾ നടത്തുകയും വളരെ വിദഗ്ദ്ധമായി വർക്ക്ഷോപ്പുകൾ നടത്തിയതിനുശേഷം ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ആക്ഷൻ പ്ലാനുണ്ടാകുകയും ചെയ്യുകയാണ്. കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (കാർസാപ്) എന്ന പേരിലുള്ള പദ്ധതിക്ക്

കേരളം രൂപം കൊടുത്തിരിക്കുന്നു. ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളുടെയെല്ലാം ശ്രദ്ധാകേന്ദ്രമായി ഈ പരിപാടി മാറിയിട്ടുണ്ട്. വിപത്തുകളൊഴിവാക്കാൻ ഉപയോഗശൂന്യമായ ആന്റിബയോട്ടിക്കുകൾ ശേഖരിക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ചില കമ്പനികളുമായി ചേർന്നുകൊണ്ട് ഇത് ശേഖരിച്ച് ഒഴിവാക്കാനുള്ള പദ്ധതിയായാണ് PROUD രൂപപ്പെടുത്തിയത്. Programme for Removal of Unused Drugs എന്നതിന്റെ ചുരുക്കപ്പേരാണ് PROUD. All Kerala Chemists and Druggists Association (AKCDA)-ന്റെകൂടി പിന്തുണയോടെ വളരെ മാതൃകാപരമായ പദ്ധതിയായി കേന്ദ്ര ആരോഗ്യ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. വ്യത്യസ്ത സംസ്ഥാനങ്ങളിൽനിന്നുള്ളവർ ഈ പദ്ധതിയെക്കുറിച്ച് പഠിക്കാൻ ഇവിടെ വന്നുകഴിഞ്ഞു. കഴിഞ്ഞദിവസം ഏഴ് സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികൾ ഇവിടെ എത്തിയിരുന്നു. അവരുടെ സംസ്ഥാനത്തും ഇംപ്ലിമെന്റ് ചെയ്യാൻ പരിശ്രമിക്കുമെന്ന് പറഞ്ഞു. ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തിയശേഷം 2019 ഏപ്രിൽ മാസത്തിലാണ് ഈ പരിപാടിക്ക് തുടക്കംകുറിച്ചത്. 2019 ഒക്ടോബറിലും 2020 ഫെബ്രുവരിയിലുമായി ആറ് ടണ്ണിലേറെ ഉപയോഗശൂന്യമായ മരുന്നുകൾ കയറ്റിഅയച്ചിട്ടുണ്ട്. ഇതിവിടെ സംസ്കരിക്കാൻ കഴിയില്ല. ഇന്ത്യാഗവൺമെന്റിന് പിന്തുണയുള്ള കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന രാംകി എനർജി ആൻഡ് എൻവയോൺമെന്റ് ലിമിറ്റഡ്, ബാംഗ്ലൂർ എന്ന സ്ഥാപനത്തിലേയ്ക്കാണ് സംസ്കരിക്കുന്നതിനുവേണ്ടി അയയ്ക്കുന്നത്. സംസ്കരിച്ചുവെന്നുള്ള സർട്ടിഫിക്കറ്റ് അവിടെനിന്നും വാങ്ങി സൂക്ഷിക്കാനും കേരളം പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് യോഗം നടത്തിയിരുന്നു. മൃഗസംരക്ഷണ മേഖലയിൽ ശ്രദ്ധിക്കേണ്ട വിഷയമുണ്ട്. കോഴികൾ തടിച്ചുവളരാനായി കോഴിത്തീറ്റയിലും കാലികൾക്ക് രോഗം വരാതിരിക്കാനായി കാലിത്തീറ്റയിലും ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നുണ്ട്. അവയുടെ മാംസം ഭക്ഷിക്കുന്ന സമയത്ത് ഇതേ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് കാലിത്തീറ്റയും കോഴിത്തീറ്റയും പരിശോധിച്ച് അമിതമായ ആന്റിബയോട്ടിക്ക് ഉപയോഗമുണ്ടാകരുതെന്ന നിർദ്ദേശമടക്കമുള്ള ബോധവൽക്കരണ പ്രക്രിയ നടക്കുന്നുണ്ട്. ഏതായാലും ആരോഗ്യ രംഗത്ത് ഇതുവരെ ആരും ചിന്തിക്കാത്ത കാര്യമാണിത്. ഇതുവരെ ഇതെല്ലാം മണ്ണിൽ കലരുകയാണ് ചെയ്തിരുന്നത്. ആരോഗ്യ വകുപ്പ് ഗവൺമെന്റിന്റെ പ്രത്യേക നിർദ്ദേശത്തോടുകൂടി ആന്റി മൈക്രോബിയൽ റെസിസ്റ്റൻസിനെതിരെ നല്ലൊരു പദ്ധതി രൂപീകരിച്ചുവെന്നുള്ളതിൽ നമുക്കഭിമാനിക്കാം.

## V ധനകാര്യം

### 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ അഞ്ചാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (₹) |
| | | റവന്യൂ (₹) | മൂലധനം (₹) | |
| XII | പോലീസ് | 3777,56,74,000 | 93,85,08,000 | 3871,41,82,000 |
| XIII | ജയിലുകൾ | 160,18,10,000 | …. | 160,18,10,000 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 543,59,90,000 | 8,85,00,000 | 552,44,90,000 |

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: മൂന്ന് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XII - പോലീസ്

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ഡോ. എം. കെ. മുനീർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എസ്.എ.പി. ക്യാമ്പിൽനിന്നും തോക്കുകളും വെടിയുണ്ടകളും കാണാതായതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (തിരുവനന്തപുരം ആംഡ് പോലീസ് ബറ്റാലിയനിൽനിന്നും 12061 വെടിയുണ്ടകൾ കാണാതായതായി സി.&എ.ജി.-യുടെ റിപ്പോർട്ടിൽ കണ്ടെത്തിയതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. കെ. സി. ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ രേഖകൾ പ്രകാരം അയോഗ്യരാക്കപ്പെട്ട ഗാലക്സോൺ എന്ന സ്വകാര്യ കമ്പനിക്ക് പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന സിംസ് പദ്ധതി അനുവദിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പോലീസിന്റെ നവീകരണത്തിനുള്ള ഫണ്ട് ഉപയോഗിച്ച് വി.ഐ.പി.- വി.വി.ഐ.പി. സുരക്ഷയ്ക്കുവേണ്ടി ടെണ്ടർ വിളിക്കാതെ മിസ്തുബിഷി പജിറോ സ്പോർട്സ് വാഹനം ഡി.ജി.പി. വാങ്ങിയതായും സർക്കാരിന്റെ അനുമതി തേടാതെ 33 ലക്ഷം രൂപ മുൻകൂറായി കരാറുകാരന് നൽകിയതായും പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. <u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവ്യേണ്ടതാണ് (സ്വകാര്യ വാഹന കമ്പനിയായ മഹീന്ദ്രയെ സഹായിക്കാൻ പ്രളയത്തിൽ തകരാറിലായ ഇരുന്നൂറോളം ബി.എസ്.4 വാഹനങ്ങൾ പ്രസ്തുത കമ്പനിയിൽനിന്നും വാങ്ങിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. <u>ശ്രീ. റോജി എം. ജോൺ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സ്റ്റോർ പർച്ചേസ് മാന്വലും കേന്ദ്ര വിജിലൻസ് കമ്മീഷൻ മാനദണ്ഡങ്ങളും പാലിക്കാതെ കോടികളുടെ വാഹനങ്ങൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗതാഗത തടസ്സം സൃഷ്ടിക്കാതെ പാർക്ക് ചെയ്യുന്ന വാഹന ഉടമകളിൽനിന്നും മാനദണ്ഡം കൂടാതെ പിഴ ഈടാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൂടുതൽ തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. <u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പന്തീരങ്കാവിൽ രണ്ട് യുവാക്കളെ മതിയായ തെളിവുകളില്ലാതെ യു.എ.പി.എ. ചുമത്തി അറസ്റ്റ് ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. <u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസുകാരുടെ മാനസിക സംഘർഷം കുറയ്ക്കാൻ കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11. <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12. <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തമായ കെട്ടിടം നിർമ്മിച്ച് നൽകണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

13. <u>ശ്രീ. മോൻസ് ജോസഫ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന ലോക്കപ്പ് മരണങ്ങളും ക്രമസമാധാനപ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

14. <u>ശ്രീ. എം. ഉമ്മർ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൗരത്വഭേദഗതി നിയമത്തിനെതിരെ സമരം ചെയ്തവർക്കെതിരെ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസ്സെടുത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

15. ശ്രീ. അൻവർ സാദത്ത്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സെൻസസുമായി ബന്ധപ്പെട്ട് എൻ.പി.ആർ. നടപ്പിലാക്കുമെന്ന ഉത്തരവ് മരവിപ്പിക്കാതെ സെൻസസ് നടപടികളുമായി മുന്നോട്ടുപോകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

16. ശ്രീ. എം. വിൻസെന്റ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാസർഗോഡ് പെരിയയിൽ രണ്ട് പൊതുപ്രവർത്തരെ കൊലപ്പെടുത്തിയ കേസിൽ സി.ബി.ഐ. അന്വേഷണം ഒഴിവാക്കാൻ കോടികൾ നൽകി അഭിഭാഷകരെ കൊണ്ടുവന്നതായി പറയപ്പെടുന്ന നടപടി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

17. ശ്രീ. വി. ടി. ബൽറാം: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാസർഗോഡ് പെരിയയിൽ രണ്ട് പൊതുപ്രവർത്തകരെ കൊലപ്പെടുത്തിയ പ്രതികളെ രക്ഷിക്കാനായി കേസ് അന്വേഷിക്കുന്ന സി.ബി.ഐ. ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് കേസ് ഡയറി കൈമാറാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

18. ശ്രീ. പി. സി. ജോർജ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

19. ശ്രീ. അനൂപ് ജേക്കബ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3871,41,82,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ഡോ. എം. കെ. മുനീർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 160,18,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽ മയക്കമരുന്നുകളും ലഹരി പദാർത്ഥങ്ങളും സുലഭമായി ലഭിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. എം. ഉമ്മർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 160,18,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 160,18,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തടവുകാർക്കായി വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 160,18,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിൽ മോചിതരാകുന്നവരുടെ പുനഃരധിവാസത്തിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. പി. ഉബൈദുള്ള: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 160,18,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തടവുകാരുടെ മക്കൾക്ക് തുടർവിദ്യാഭ്യാസം ലഭിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 160,18,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തുറന്ന ജയിലുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 160,18,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പരോൾ അനുവദിക്കുന്നതിൽ രാഷ്ട്രീയ വിവേചനം കാണിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 160,18,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തടവുകാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. മോൻസ് ജോസഫ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 160,18,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ജയിലുകളുടെ ശോച്യാവസ്ഥ പരിഹരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 160,18,10,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു.

10. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

11. ശ്രീ. പി. സി. ജോർജ്

12. ശ്രീ. അനൂപ് ജേക്കബ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 160,18,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV

## സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ഡോ. എം. കെ. മുനീർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകൾ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. മോൻസ് ജോസഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗവൺമെന്റ് പ്രസ്സുകൾ ആധുനികവൽക്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. പി. ഉബൈദുള്ള: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൂടുതൽ സർക്കാർ പ്രസ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. എം. ഉമ്മർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ആഫീസുകൾക്ക് ആവശ്യമായ രജിസ്റ്ററുകൾ, ഫോറങ്ങൾ എന്നിവ സർക്കാർ പ്രസ്സുകളിൽനിന്നും അച്ചടിക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപ ഒരു രൂപയായി

കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളിൽ സ്റ്റേഷനറി സാധനങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗുണനിലവാരമുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഫയർ ആന്റ് റസ്ക്യൂ വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനും നിലവാരം ഉയർത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അഗ്നിശമന സേനയ്ക്ക് നൽകിവരുന്ന പരിശീലനം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. പി. കെ. ബഷീർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ ആധുനിക ജീവൻരക്ഷാ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. ശ്രീ. പാറക്കൽ അബ്ദുല്ല.: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസിനെയും അഗ്നിശമന സേനയെയും സഹായിക്കുന്നതിന് കൂടുതൽ ഹോം ഗാർഡുകളെ നിയമിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

11. ശ്രീ. പി. സി. ജോർജ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12. ശ്രീ. അനൂപ് ജേക്കബ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 552,44,90,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ,

'മുപ്പത് റാത്തല് തൂങ്ങുന്ന നിന്റെ കൈമുട്ടുകൾ

മുതുക് ഭരിക്കവെ ചങ്ക് ചിലമ്പി കിലുങ്ങി

ഒരഞ്ചാറു ചെമ്പുകുടങ്ങളുരുളുന്ന മാതിരി'... ഇത് പഴയകാല മൂന്നാംമുറയുടെ ഇന്നലെകളെക്കുറിച്ച് ഓർക്കുന്ന ഒരു കവിതാശകലമാണ്. ശിക്ഷാരീതികളും കേരളവും എന്നതിന്റെ ചരിത്രം പരിശോധിച്ചാൽ ഒരു കാലത്ത് നാല് ജാതിക്ക് നാല് പരീക്ഷകളാണ് ശിക്ഷാരീതികളായുണ്ടായിരുന്നത്. ബ്രാഹ്മണർക്ക് തുലാസ്-തൂക്കപരീക്ഷ, ക്ഷത്രിയർക്ക് അഗ്നി-അഗ്നിപരീക്ഷ, വൈശ്യർക്ക് വെള്ളം-ജലപരീക്ഷ, ശൂദ്രർക്ക് വിഷം-വിഷപ്പരീക്ഷ. ഇതിനുപുറമേ തൈല പരീക്ഷയുമുണ്ടായിരുന്നു. കൊച്ചി സ്റ്റേറ്റ് മാന്വലിലേയ്ക്ക് എത്തിയപ്പോഴേയ്ക്കും അന്നും ശിക്ഷാരീതിയുടെ സ്വഭാവം വലുതായി മാറിയിരുന്നില്ല. മരണശിക്ഷയും അംഗവിച്ഛേദവും അടിയും തടവും പിഴയും അടിമയായി തീർക്കുക, ജാതിഭ്രഷ്ട്

ഇങ്ങനെയൊക്കെയായിരുന്നു അന്നത്തെ ശിക്ഷാരീതികൾ. വർഷങ്ങൾക്കുശേഷം നമ്മുടെ തലമുറ കണ്ടതും അനുഭവിച്ചതുമായ പ്രാകൃതവും വികലവും സംസ്കാരശൂന്യവുമായ അന്വേഷണ രീതി കണ്ടത് കേരളത്തിൽ അടിയന്തരാവസ്ഥ ക്കാലത്താണ്. ഗരുഡൻ തൂക്ക്, പമ്പാവാസൻ, കാവടിയാട്ടം, ഉരുട്ടൽ തുടങ്ങിയ മൂന്നാം മുറകൾക്കാണ് അന്ന് നാട് സാക്ഷ്യം വഹിച്ചിരുന്നത്. പ്രതിയെ പീഡിപ്പിക്കുന്നത് നിയമവിരുദ്ധമാണെന്ന് 1860-ൽ പ്രാബല്യത്തിൽ വന്ന ഇന്ത്യൻ പീനൽ കോഡിൽ പ്രത്യേകം എഴുതിച്ചേർത്തിട്ടുണ്ട്. IPC സെക്ഷൻ 330 അനുസരിച്ച് ഒരു പോലീസ് ഉദ്യോഗസ്ഥൻ തെളിവ് ശേഖരിക്കുന്നതിന്റെ പേരിൽ ആരെയെങ്കിലും  പീഡിപ്പിച്ചാൽ അത് ഏഴ് വർഷംവരെ തടവുശിക്ഷ കിട്ടാവുന്ന കുറ്റമാണ്. എന്നാൽ വേദനിപ്പിക്കുന്നതിൽ ചാരിതാർത്ഥ്യവും ആനന്ദവും കണ്ടെത്തുന്നത്  സാഡിസം എന്ന മനോരോഗം കൂടിയാണ്. അതായിരുന്നു ഇന്നലെകളിലെ കേരളത്തിലെ ചില പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായത്. അടിയന്തരാവസ്ഥയുടെ ഭീകരയാമങ്ങളിൽ കിരാത മർദ്ദനങ്ങളുടെ അനുഭവസാക്ഷ്യമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. അദ്ദേഹം ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന വർത്തമാനകാല കേരളത്തിൽ പരിഷ്കൃത സമൂഹത്തിന് അനുയോജ്യമാംവിധമാണ് പോലീസിനെ ആധുനികവൽക്കരിച്ചുകൊണ്ട് മുന്നോട്ട് പോകുന്നത്. കാലവും  സമൂഹവും ഏറെ മാറി. സബ് ഇൻസ്പെക്ടർമാരെ ഏമാനെന്നും ഹെഡ്കോൺസ്റ്റബിളിനെ അങ്ങത്തെയെന്നും വിളിച്ചിരുന്ന കാലമുണ്ടായിരുന്നു. ജനാധിപത്യ ചിന്തയുടെ കുത്തൊഴുക്കിൽ അങ്ങനെയുള്ള ഫ്യൂഡൽ അഭിസംബോധന രീതികളൊക്കെ അപ്രത്യക്ഷമായിക്കഴിഞ്ഞു. ഇതൊരു സംസാരഭാഷാ വ്യത്യാസം മാത്രമല്ല, മറിച്ച് പോലീസിനെക്കുറിച്ച് സമൂഹത്തിന്റെയും പോലീസിന്റെ കാഴ്ചപ്പാടിൽ സംഭവിച്ച ഒരു പ്രധാന മാറ്റത്തിന്റെയും സാക്ഷ്യപത്രം കൂടിയായിട്ടാണ് കണക്കാക്കേണ്ടത്. ലോകത്തിലെ ഏറ്റവും മികച്ചതെന്ന് എല്ലാവരും വിശ്വസിക്കുന്ന  ലണ്ടൻ മെട്രോപൊളിറ്റൻ പോലീസിന്റെ സ്ഥാപകൻ 19-ാം നൂറ്റാണ്ടിലെ മദ്ധ്യത്തിൽതന്നെ വിശ്വസിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്ത അടിസ്ഥാന പ്രമാണം People are the Police, Police are the People എന്നുള്ളതായിരുന്നു. സമയക്കുറവുകൊണ്ടും കൃത്യാന്തര ബാഹുല്യംകൊണ്ടും  പൗരന്മാർക്ക് ചെയ്തുതീർക്കാൻ സാധിക്കാത്ത പൊതുവായ ബാധ്യതകളാണ് പോലീസുകാർ നിറവേറ്റുന്നത്. മെച്ചപ്പെട്ട  പോലീസ്-പൊതുജനബന്ധം സ്ഥാപിക്കണമെങ്കിൽ ഇത്തരത്തിലുള്ള പരസ്പരപൂരകമായ പ്രതിബദ്ധത പോലീസുകാരുടെയും പൊതുജനങ്ങളുടെയും ഇടയിലുണ്ടാക്കിയെ ടുക്കാൻ കഴിയണം. അതായിരുന്നു മുൻ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ആവിഷ്ക്കരിച്ച ജനമൈത്രി പോലീസ് സംവിധാനം.

01.00 PM]

സമൂഹത്തിൽനിന്ന് വേർപെടുത്തി പോലീസിനെക്കുറിച്ച് ചിന്തിക്കാൻ സാധ്യമല്ല. സമൂഹമില്ലെങ്കിൽ പോലീസില്ല. അതുപോലെ, ഏതെങ്കിലും രീതിയിലുള്ള പോലീസിംഗ് ഇല്ലെങ്കിൽ സമൂഹത്തിന്റെ നിലനിൽപ്പുതന്നെ അസാധ്യമാണ്. POLICE എന്നത് വളരെ പ്രധാനപ്പെട്ട ഒരു വാക്കാണ്. Polite, Obedient, Loyal, Intelligent, Courageous, Efficient എന്ന കാഴ്ചപ്പാട് തീർത്തും അന്വർത്ഥമാക്കിക്കൊണ്ടാണ് ഇന്ന് കേരള പോലീസ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. കേരള പോലീസിന്റെ ശ്രദ്ധേയമായതും മാതൃകാപരവുമായ ഇടപെടലുകൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. Prevention is better than cure - പ്രതിരോധമാണ് ചികിത്സയേക്കാൾ നല്ലത്. കൊറോണയുടെ കാര്യത്തിൽ കേരളം ഇതാണ് സ്വീകരിക്കുന്നത്. കേരള പോലീസും ഇതുപോലൊരു നിലപാട് സ്വീകരിച്ച് മാതൃകയാവുകയാണ്. ആലുവയിൽ പത്താം ക്ലാസ് തോറ്റവരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി പഠിപ്പിച്ച് പരീക്ഷ ജയിപ്പിച്ച് ജീവിതവഴി കണ്ടെത്താൻ പ്രാപ്തരാക്കിക്കൊണ്ടിരിക്കുകയാണ്. അവർ ക്രിമിനൽ ഗ്യാങ്ങുകളുടെയും ഗുണ്ടകളുടെയുമൊക്കെ പിടിയിൽ അകപ്പെടാനുള്ള സാധ്യത മുൻകൂട്ടി കണ്ടുകൊണ്ടുള്ള പോലീസ് ഇടപെടലിന്റെ ഭാഗമാണിത്. ദീർഘവീക്ഷണ ത്തോടെയുള്ള ഈ ഇടപെടൽ അഭിനന്ദനാർഹമാണ്. ജനങ്ങളുടെ സ്വൈര്യജീവിതവും ക്രമസമാധാനവും ഭദ്രമാക്കി വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത കേരളമായി നാടിനെ മാറ്റിക്കൊണ്ട് കേരളം മുന്നോട്ട് പോകുകയാണ്. സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം 2015-ൽ 653408 കേസുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തിരുന്നത്. എന്നാൽ 2019-ൽ 452787 കേസുകളായി ചുരുങ്ങി. ഇതിൽ IPC കേസുകൾ 2015-ൽ 257074 ആയിരുന്നത് 2019-ൽ 176017 ആയി കുറയുകയാണുണ്ടായത്. ഇത്തരം സംവിധാനങ്ങളെക്കുറിച്ചെല്ലാം ചർച്ച ചെയ്യുമ്പോൾ മാധ്യമങ്ങളും പോലീസും തമ്മിലുള്ള വിഷയം നില നിൽക്കുകയാണ്. പോലീസ് സംവിധാനം എത്ര നല്ല രീതിയിൽ പ്രവർത്തിച്ചാലും മാധ്യമങ്ങളിൽ പോലീസിനെക്കുറിച്ച് അസത്യവും അർദ്ധസത്യവുമായ ആരോപണങ്ങൾമാത്രം പ്രസിദ്ധീകരിക്കപ്പെട്ടാൽ അത് പോലീസിന്റെ മനോവീര്യത്തെയും കാര്യനിർവ്വഹണശേഷിയെയും ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസത്തെയും വളരെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ട് ശരിയായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ പാടില്ലെന്നല്ല. പോലീസ് ചട്ടങ്ങളിലും ചട്ടക്കൂടിലും മാധ്യമബന്ധം ഏത് രീതിയിൽ പാടില്ല എന്നല്ലാതെ ശരിയായ രീതിയിൽ കൈകാര്യം ചെയ്യേണ്ടത് എങ്ങനെയെന്ന വിശദമായ നിർദ്ദേശങ്ങൾ നിലവിലില്ല.

പോലീസ് ഉദ്യോഗസ്ഥരും മാധ്യമങ്ങളും തമ്മിൽ സാധാരണഗതിയിൽ യാതൊരു ഔദ്യോഗിക ബന്ധവും പാടില്ലെന്ന മാധ്യമേതര സമീപനമാണ് കാലാ കാലങ്ങളായി നിലവിലുള്ളത്. ആരോപണം വന്ന് മറുപടി പറഞ്ഞില്ലെങ്കിൽ കുറ്റസമ്മതം, മറുപടി പറഞ്ഞാൽ അത് ചട്ടലംഘനം. വകുപ്പിന്റെ യഥാർത്ഥ താൽപ്പര്യം ഹനിക്കപ്പെടാതെ ഈ സ്ഥിതിക്ക് എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്നും പോലീസും മാധ്യമങ്ങളും തമ്മിലുള്ള ബന്ധം മൂല്യാധിഷ്ഠിതമായി അവലോകനം ചെയ്ത് ആരോഗ്യകരമായ പുതിയ രീതികൾ സ്വമേധയാ നടപ്പിൽ വരുത്തേണ്ടതിനെക്കുറിച്ചും ചിന്തിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യത്തെ മാനിച്ചും അച്ചടക്കത്തിന്റെയും രഹസ്യ സ്വഭാവത്തിന്റെയും അതിർവരമ്പുകൾ ലംഘിക്കാതെയും സമൂഹത്തിനാകെ ഗുണംചെയ്യുന്ന രീതിയിലായിരിക്കണം പോലീസ്-മാധ്യമ ബന്ധം കരുപ്പിടിപ്പിക്കേണ്ടത്. ആ രീതിയിൽ അത്തരം പ്രവർത്തനങ്ങളെ കാണുമ്പോൾ പോലീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനായി പോലീസ് വകുപ്പിൽ 2742 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ, 1873 താൽക്കാലിക തസ്തികകൾക്കുകൂടി തുടരനുമതി നൽകാൻ ഇക്കാലത്ത് കഴിഞ്ഞു. പഴയ മൂന്നാം മുറയിൽനിന്നെല്ലാം വ്യത്യസ്തമായി വർത്തമാനകാല കേരളത്തിൽ പരിഷ്കൃത സമൂഹത്തിന് അനുയോജ്യമായ രീതിയിൽ ചോദ്യം ചെയ്യലിനായി ആധുനിക ചോദ്യം ചെയ്യൽമുറി സംവിധാനം ഒരുക്കുകയാണ്. ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി ആധുനിക ചോദ്യം ചെയ്യൽമുറിയും സാങ്കേതിക ഉപകരണങ്ങളും സ്ഥാപിച്ചു. അതുപോലെ പോലീസ് റോബോട്ടിനെ സേവനത്തിനുപയോഗിക്കുന്നു. ഇന്ത്യയിൽ ഹ്യൂമനോയിഡ് റോബോട്ടിനെ സേവനത്തിനുപയോഗിക്കുന്ന ആദ്യ പോലീസ് സേനയായി മാറിയിരിക്കുകയാണ് കേരള പോലീസ്. അതുപോലെ, സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഏഷ്യയിൽ ആദ്യമായി പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്ന കേരളാ പോലീസിന്റെ നൂതന സംരംഭമാണ് കേരളാ പോലീസ് സൈബർ ഡോം. വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി ആറോളം അവാർഡുകൾ  സമീപകാലത്ത് നേടാൻ കേരള സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീ സുരക്ഷയ്ക്കായി കർശനമായ നടപടികളാണ് കേരളത്തിൽ സ്വീകരിച്ചുവരുന്നത്. പോലീസിലെ വനിതാ പ്രാതിനിധ്യം ആദ്യഘട്ടത്തിൽ പത്ത് ശതമാനമായിരുന്നത് ഇരുപത്തിയഞ്ചാക്കി വർദ്ധിപ്പിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുകയുണ്ടായി. സംസ്ഥാനത്താദ്യമായി വനിതാ പോലീസ് ബറ്റാലിയൻ സ്ഥാപിച്ചു. വനിതാ ദിനത്തിൽ സ്റ്റേഷനുകളുടെ ചുമതല വനിതാ പോലീസ് ഓഫീസർമാർക്ക് നൽകുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വനിതാ കമാൻഡോകളുടെ സുരക്ഷാ

വലയം തീർക്കുകയും ചെയ്തു. ഇത് ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് മാത്രമല്ല, ലോകരാജ്യങ്ങൾക്കുതന്നെ മാതൃകയായിരിക്കുന്ന ഒരു സംവിധാനമായി മാറിയിരിക്കുകയാണ്. പിങ്ക് പട്രോൾ സംവിധാനം വ്യാപകമാക്കി. എല്ലാ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതകൾക്ക് രാത്രിയാത്ര സുരക്ഷിതമാക്കാനുള്ള സുരക്ഷിത പദ്ധതി തുടങ്ങി ഒട്ടേറെ ഇടപെടലുകൾ ഈ മേഖലയുമായി ബന്ധപ്പെട്ട് ചെയ്തിട്ടുണ്ട്. അതുപോലെ, ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനിക മേഖലയെ പോലീസ് മുന്നേറ്റത്തിന് എങ്ങനെ പ്രയോജനപ്പെടുത്താം എന്നാണ് നോക്കുന്നത്. കേരള പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, തുണ എന്നിവയിലൂടെ ജനങ്ങൾക്ക് പോലീസിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ ഇക്കാലയളവിൽ സാധിച്ചു. പരാതി നൽകിയവരുടെ പ്രതികരണം തേടി മുതിർന്ന പോലീസ് ഉദ്യോഗസ്ഥർതന്നെ അവരെ നേരിട്ട് വിളിക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചു. ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി പുനർനാമകരണം ചെയ്യാൻ സാധിച്ചു. ഇതുമൂലം ട്രാഫിക് നിയന്ത്രണം ശക്തിപ്പെടുത്താനും അതുവഴി അപകടങ്ങളുടെ എണ്ണം കുറയ്ക്കാനും ഗതാഗതക്കുരുക്ക് ലഘൂകരിക്കാനും സാധിച്ചുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഓൺലൈൻ ബാങ്കിംഗ് രംഗത്തെ സാമ്പത്തിക തട്ടിപ്പുകൾ ഫലപ്രദമായി തടയുന്നതിന് സ്റ്റോപ് ബാങ്കിംഗ് ഫോർ ഡിവിഷൻ പ്രത്യേകം സ്ഥാപിക്കാൻ കഴിഞ്ഞു. ആധുനിക നിലവാരത്തിലേയ്ക്ക് പോലീസ് സ്റ്റേഷനുകൾ ഉയർത്തുന്നതിനായി 115 പോലീസ് സ്റ്റേഷനുകൾക്ക് 6.45 കോടി രൂപ ഈ സർക്കാർ അനുവദിച്ചു. നൂറ് പോലീസ് സ്റ്റേഷനുകളെ ആധുനിക നിലവാരത്തിലേയ്ക്ക് ഉയർത്താനും ഒൻപത് ജില്ലാതല പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനും കഴിഞ്ഞു. ശിശു സൗഹൃദ, ഭിന്നശേഷി സൗഹൃദ പോലീസ് സ്റ്റേഷനുകൾ, സൗഹൃദ ടോയ്‌ലറ്റ് തുടങ്ങിയവ നിർമ്മിക്കുന്നതിനുമായി പതിനാല് കോടി രൂപ അനുവദിച്ചു. ജനങ്ങളെ സഹായിക്കുന്നതിന് പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒ.-മാരെ നിയമിച്ചുകൊണ്ടുള്ള വളരെ മാതൃകാപരമായ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് നടത്തി. ഇതിനെല്ലാം പുറമേ, ഇന്റർനാഷണൽ ഇൻവെസ്റ്റിഗേഷൻ കോ-ഓർഡിനേഷൻ ടീമിന്റെ പ്രവർത്തനത്തിലൂടെ പ്രതി ഏത് പാതാളത്തിൽ ഒളിച്ചാലും ഇന്റർപോളുമായി സഹകരിച്ച് അയാളെ അറസ്റ്റ് ചെയ്ത് നാട്ടിലെത്തിക്കുന്നതിനുള്ള സംവിധാനം മെച്ചപ്പെടുത്താൻ ഇക്കാലയളവിൽ കഴിഞ്ഞു. അതുപോലെ, സംസ്ഥാന അഗ്നിരക്ഷാ സേനയുടെ സിവിൽ ഡിഫൻസ് പദ്ധതിക്ക് ഇക്കാലയളവിൽ തുടക്കമായി. അങ്ങനെ ഒട്ടേറെ ഇടപെടലുകൾ നടത്താൻ സാധിച്ചിട്ടുണ്ട്. ഇങ്ങനെ കാര്യക്ഷമമായ പ്രവർത്തനവുമായി മുന്നോട്ട്

പോകുമ്പോൾ നമുക്കറിയാം, ഇവിടെ ആശയദാരിദ്ര്യം അനുഭവപ്പെടുന്ന പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇല്ലാത്ത ആരോപണങ്ങളെല്ലാം ഉയർത്തിക്കൊണ്ടുവന്ന് അപവാദ പ്രചരണങ്ങളുടെ കൊടുങ്കാറ്റ് അഴിച്ചുവിടുകയാണ്. അതിനെയെല്ലാം അതിജീവിക്കാനുള്ള കരുത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും വിശേഷിച്ച്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുമുണ്ട്. അതിജീവനത്തിന്റെ കരുത്ത് ജനങ്ങളിൽനിന്ന് സമാഹരിച്ചുകൊണ്ട് അതിനെയെല്ലാം പ്രതിരോധിച്ച് മുന്നോട്ടുപോകുക എന്നുള്ളതു തന്നെയാണ് ഈ ഗവൺമെന്റിന്റെ നയം. എന്നാൽ അപ്പുറത്ത് പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളോ? ഇന്നത്തെ മലയാള മനോരമ ദിനപത്രത്തിൽ ഒരു വാർത്തയുണ്ട്. നമ്മുടെ സാമാജികനായ ശ്രീ. ഷാഫി പറമ്പിൽ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. പ്രസിഡന്റ്- സംഘടനാ തെരഞ്ഞെടുപ്പുകളെല്ലാം ശ്മശാനമൂകതയിലായിരുന്നു. കാരണം, ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ് ദുർബ്ബലപ്പെട്ടുകൊണ്ടിരിക്കുകയാണ്. കൊറോണ ബാധിച്ചവരായി കോൺഗ്രസ് മാറിയിരിക്കുകയാണ്. യൂത്ത് കോൺഗ്രസ് പ്രസിഡന്റിന്റെ അധികാരാരോഹണ വേളയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ ഒരു പ്രസംഗം നടത്തിയിരിക്കുന്നു. ഇന്ന് മലയാള മനോരമ ദിനപത്രം അത് പ്രസിദ്ധീകരിച്ചിട്ടുണ്ട് (മലയാള മനോരമ ദിനപത്രം ഉയർത്തിക്കാട്ടി). 'കോൺഗ്രസിൽനിന്ന് പേരും പെരുമയും കിട്ടാവുന്ന എല്ലാ പദവികളും സ്വന്തമാക്കിയശേഷം അധികാരത്തിന്റെ അപ്പക്കഷണത്തിന് പാർട്ടിയെ ചതിക്കുന്നവരല്ല കേരളത്തിലെ കോൺഗ്രസുകാർ' എന്നതാണ് ആ പ്രസംഗത്തിന്റെ ഉള്ളടക്കം. ഒന്ന് ആലോചിച്ചുനോക്കൂ. ദേശീയ രാഷ്ട്രീയത്തിൽ അതിന്റെ ഉന്നതാധികാര സമിതികളിലെല്ലാം പ്രവർത്തിച്ച മാന്യദേഹമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്. ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് പറയുമ്പോൾ ഇന്ത്യയിലെ കോൺഗ്രസുകാരെക്കുറിച്ച് ഇനി പറയാനില്ല. ഏറ്റവും അവസാനം ചെന്നിത്തലയിലെ അല്ലെങ്കിൽ ഹരിപ്പാട്ടെ കോൺഗ്രസുകാരെങ്കിലും 'അധികാരത്തിന്റെ അപ്പക്കഷണത്തിന് പാർട്ടിയെ ചതിക്കുന്നവരല്ല കേരളത്തിലെ കോൺഗ്രസുകാർ' എന്ന് പറയേണ്ടിവരുന്ന ഗതിയിലേയ്ക്കാണ് കാര്യങ്ങൾ എത്തിയിരിക്കുന്നത്. ആത്മവിശ്വാസം നഷ്ടപ്പെട്ട ഒരു നേതാവിന്റെ ദയനീയ വിലാപമായിട്ടാണ് അത് വായിച്ചപ്പോൾ നമുക്ക് തോന്നിയത്. എ.ഐ.സി.സി. ഇപ്പോൾ കെ.പി.സി.സി.-യിൽ ഒതുങ്ങിയിരിക്കുകയാണ്. പുതിയ പ്രസിഡന്റിന്റെ പ്രസംഗം എന്താണെന്നറിയുമോ? വർഗ്ഗീയതയ്ക്കെതിരെ അവസാന തുള്ളി രക്തംവരെ നൽകുമെന്നാണ് ഇന്ദിരാഗാന്ധി പറഞ്ഞത്. എന്നാൽ പുതിയ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ഇന്നലെ നടത്തിയ പ്രസംഗത്തിന്റെ ഉള്ളടക്കം 'ജീവന്റെ അവസാന തുടിപ്പ് നിലനിൽക്കുന്നതുവരെ മറ്റൊരു പാർട്ടിയുടെയും കൊടിപിടിക്കില്ല' എന്നാണ്. ഒന്ന് ആലോചിച്ചുനോക്കൂ.

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... കൺക്ലൂഡ്... കൺക്ലൂഡ്...

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഒരു സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് പദവി ഏറ്റെടുത്ത് അങ്ങനെയൊരു പ്രസംഗം നടത്തേണ്ട ഗതികേടിലേയ്ക്ക് കോൺഗ്രസ് എത്തിയില്ലേ? രാഷ്ട്രീയ നാണക്കേടേ നിന്റെ പര്യായമാണോ കോൺഗ്രസ് എന്ന രീതിയിലേയ്ക്കാണ് കാര്യങ്ങളുടെ പോക്ക്. ഇന്ന് ചാല കമ്പോളത്തിൽ പോയാൽ അവിടെ പുതിയ ഒരു ബോർഡുണ്ട്- കോൺഗ്രസ് എം.എൽ.എ.-മാർ വിൽപ്പനയ്ക്ക് - For Sale. അത്രമാത്രം ദയനീയമായ ചിത്രമാണ്. അതുകൊണ്ട് ഈ രീതിയിൽ കേരളത്തിലെയും ഇന്ത്യയിലെയും കോൺഗ്രസും കേരളത്തിലെ പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളുമെല്ലാം ദുർബ്ബലപ്പെട്ടുവരുന്ന സാഹചര്യമാണ്. അതിൽനിന്നെല്ലാം വ്യത്യസ്തമായി ജനങ്ങളുടെ ക്ഷേമത്തെ മുൻനിർത്തി അഴിമതിരഹിതവും പ്രവർത്തനനിരതവുമായ സദ്ഭരണവുമായി മുന്നോട്ടുപോകുകയാണ് കേരള ഗവൺമെന്റ്. കഴിഞ്ഞകാലത്ത് നിങ്ങളുടെ മേൽവിലാസമെല്ലാം കോടതി വരാന്തയായിരുന്നു. (...മൈക്ക് ഓഫ്...). ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്ന് ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഒന്ന് പ്രിന്റിംഗ് ആന്റ് സ്റ്റേഷനറിയാണ്. ഈ വകുപ്പിന്റെ കാര്യക്ഷമത എല്ലാവർക്കും വളരെ വ്യക്തമാണ്. അത് തെളിയിക്കാനായി മാർച്ച് 10-ന്, അതായത് ഇന്നലെയാണ് ഗവൺമെന്റ് ഡയറി എം.എൽ.എ. ഹോസ്റ്റലിൽ എത്തിയത്. ഇവിടെ ഇന്നലെ രാവിലെ പരാമർശിച്ച ഒരു കാര്യം-ഇറ്റലിയിൽനിന്നും ആളുകൾ വരുന്നതിലുള്ള പ്രയാസം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ചീഫ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടെന്നറിഞ്ഞു. തുടർന്ന് ഒരു മണിക്കൂർ കഴിഞ്ഞ് ചീഫ് സെക്രട്ടറിയെ വിളിക്കുന്നതിനായി അദ്ദേഹത്തിന്റെ മൊബൈൽ നമ്പർ ഞാൻ ഗവൺമെന്റ് ഡയറിയിൽ നോക്കി. അദ്ദേഹത്തിന്റെ ഓഫീസിൽ വിളിച്ചിട്ട് കിട്ടുന്നില്ലായിരുന്നു. ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ ലാൻഡ് ഫോണിന്റെ നമ്പരല്ലാതെ വീട്ടിലെ നമ്പരോ മൊബൈൽ നമ്പരോ ഗവൺമെന്റ് ഡയറിയിലില്ല. മുഖ്യമന്ത്രിയുടെ ലാൻഡ് ഫോൺ നമ്പർ, വീട്ടിലെ നമ്പർ, മൊബൈൽ നമ്പർ എന്നിവ ഡയറിയിലുണ്ട്. ചീഫ് സെക്രട്ടറിയുടെ വീട്ടിലെ നമ്പരും മൊബൈൽ നമ്പരും രഹസ്യമായി വയ്ക്കുന്നതിന്റെ ആവശ്യം എന്താണ്? ഈ ഡയറി എല്ലാ വർഷവും ഇറക്കുന്നതാണ്. 2020 പിറക്കുമെന്ന് നേരത്തെ അറിയാം. അത് സമയത്ത് ചെയ്യാനെങ്കിലും പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വകുപ്പ് ശ്രദ്ധിക്കണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ദാസൻ)

പോലീസിന്റെ കാര്യക്ഷമതയെക്കുറിച്ചും നീതിബോധത്തെക്കുറിച്ചുമെല്ലാം എന്റെ സുഹൃത്ത് സംസാരിച്ചപ്പോൾ കേരള സമൂഹം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത് പോലീസിനെ സംബന്ധിച്ചുള്ള സി.&എ.ജി. റിപ്പോർട്ടിലെ വളരെ കുറ്റകരമായ പരാമർശങ്ങളും അഴിമതിയും ക്രമക്കേടുകളും ഫണ്ട് വകമാറ്റി ചെലവ് ചെയ്തതിനെക്കുറിച്ചുമൊക്കെയാണ്. സി.&എ.ജി. റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുമുൻപ് 27-6-2019-ൽ ശ്രീ. വി. ടി. ബൽറാമിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി 'സ്റ്റോർ പർച്ചേസ് റൂൾ പ്രകാരമാണ് സാധന-സാമഗ്രികൾ വാങ്ങുന്നത് ' എന്നാണ്. പോലീസ് വകുപ്പിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 151,41,00,000 രൂപയുടെ പർച്ചേസുകൾ ഡി.ജി.പി.-യുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. അതെല്ലാം സ്റ്റോർ പർച്ചേസ് റൂൾ പ്രകാരമാണ് നടത്തിയതെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറയുമ്പോൾ നമുക്ക് ചർച്ചചെയ്യാൻ കിട്ടിയിട്ടുള്ള സി.&എ.ജി. റിപ്പോർട്ടിൽ പർച്ചേസ് റൂൾ പാലിക്കപ്പെടുന്നില്ല എന്ന് വ്യക്തമാക്കുന്ന വളരെയേറെ കാര്യങ്ങളുണ്ട്. ഇതിനെക്കുറിച്ച് അന്വേഷണവും നടപടികളും വേണമെന്ന് പറഞ്ഞപ്പോൾ ഇക്കാര്യം ശ്രീ. വി. ഡി. സതീശൻ ചെയർമാനായ പി.എ.സി.(പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി) പരിശോധിക്കും എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. എല്ലാവർക്കും വിശ്വാസമുള്ള കമ്മിറ്റിയായതുകൊണ്ട് പി.എ.സി. അത് പരിശോധിക്കും എന്ന് പറഞ്ഞപ്പോൾത്തന്നെ പി.എ.സി. ഇതിനുമുൻപ് പരിശോധിച്ച് പോലീസിന് നൽകിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും കേരള പോലീസ് കാറ്റിൽപ്പറത്തിയിരിക്കുകയാണ് എന്ന് ഈ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. 'The deliberate violation of MoPF (MPF) scheme guidelines as also the failure to heed the warning issued by the PAC earlier not to repeat such diversions is indicative of the Police Department's contempt towards the legislative processes and reports of constitutional bodies like the C&AG.' പി.എ.സി. മുൻകാലങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് അതേ തെറ്റുകളും കുറ്റങ്ങളും ആവർത്തിക്കുന്നത് നിയമസഭയോടുള്ള അവഗണനയും അവഹേളനവും ഭരണഘടനാ സ്ഥാപനങ്ങളോടുള്ള വെല്ലുവിളിയുമാണെന്ന് വളരെ വ്യക്തമായി സി.&എ.ജി. റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. വകമാറി ചെലവഴിക്കലാണെന്ന് പലയാളുകളും ധരിക്കുന്നുണ്ട്. എന്നാൽ കേവലം വകമാറി ചെലവഴിക്കൽ മാത്രമല്ലെന്നാണ് സി.&എ.ജി. റിപ്പോർട്ടിൽ പറയുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതും സാമ്പത്തിക കുറ്റങ്ങൾ ഉൾപ്പെടെയുള്ള

കുറ്റകൃത്യങ്ങൾ അന്വേഷിക്കേണ്ടവരുമായ പോലീസ് തലപ്പത്തുതന്നെ ഈ കുറ്റകൃത്യങ്ങൾ വരികയാണ്. പോലീസിന്റെ സബോർഡിനേറ്റ് സ്റ്റാഫിന് 30 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി 4,35,00,000 രൂപ വകയിരുത്തിയിരുന്നു. അത് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയായിരുന്നു. 2017 നവംബർ 4-ന് ഡി.ജി.പി. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പുമായി ചർച്ച നടത്തി സബോർഡിനേറ്റ് ഓഫീസേഴ്സിന് ക്വാർട്ടേഴ്സ് പണിയേണ്ട പണം ഉപയോഗിച്ച് ഡി.ജി.പി.-ക്ക് ഒരു വില്ലയും രണ്ട് എ.ഡി.ജി.പി.-മാർക്ക് രണ്ട് വില്ലയും പണിയുന്നതിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചർച്ച നടത്തുകയും ചെയ്യുന്നു. 2017 നവംബർ അവസാനം 3,66,00,000 രൂപയ്ക്ക് ഒരു പ്രോജക്ട് ലഭിക്കുന്നു, വർക്ക് ഓർഡർ അവാർഡ് ചെയ്യുന്നു. 2017 നവംബർ മാസത്തിൽ അതിനായി 1,83,00,000 രൂപ അഡ്വാൻസും കൊടുത്തു. എന്നിട്ട് 2018 ജൂൺ ആയപ്പോൾ ഈ വർക്ക് റിവൈസ് ചെയ്തു. 3,66,00,000 രൂപയ്ക്ക് നൽകിയ വർക്ക് ഓർഡർ 6 മാസത്തിനുള്ളിൽ റിവൈസ് ചെയ്ത് 4,33,00,000 രൂപയുടെ വർക്കാക്കി മാറ്റി. കാരണമെന്താണ്? ക്വാർട്ടേഴ്സ് പണിയാൻ പോലീസ് സൊസൈറ്റിയെ ഏൽപ്പിച്ചത് 4,35,00,000 രൂപയാണ്. അതിന് തികയുന്നതക്കവിധത്തിൽ 4,33,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, അതും നേരത്തെ ഡി.ജി.പി.-ക്ക് ഒരു ക്വാർട്ടേഴ്സും നാല് എ.ഡി.ജി.പി.-മാർക്ക് നാല് ക്വാർട്ടേഴ്സുമാണെങ്കിൽ ഡി.ജി.പി.-ക്ക് ഒരു ക്വാർട്ടേഴ്സും രണ്ട് എ.ഡി.ജി.പി.-മാർക്ക് ഓരോ ക്വാർട്ടേഴ്സുമായി വർക്കിന്റെ എണ്ണം കുറച്ച്, വർക്കിന്റെ തുക കൂട്ടിക്കൊടുക്കുന്നു. അവിടെയും അഡ്വാൻസായി 1,83,00,000/- കൂടി കൊടുക്കുന്നു. ഇത് അഴിമതിയല്ലെങ്കിൽ പിന്നെ എന്താണ്? ഇത് ഗുരുതരമായ അഴിമതിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതെന്താണ്? കേവലം 30 വീടുകൾ പണിയാൻ ഈ സംഖ്യ തികയാത്തതുകൊണ്ടാണ് ഇങ്ങനെ ചെയ്തതെന്ന്. 30 വീടുകൾ പണിയാൻ സംഖ്യ തികയുന്നില്ലെങ്കിൽ ഗവൺമെന്റ് സംഖ്യ തികച്ച് കൊടുക്കണം. അതിനുപകരം മൂന്ന് വീടുകൾക്കായി സംഖ്യ കുറയ്ക്കുകയല്ല വേണ്ടത്. എം.എൽ.എ. ഹോസ്റ്റലിന്റെ പുറകിലാണ് പോലീസ് ക്വാർട്ടേഴ്സ്. വളരെ പരിതാപകരമായ അവസ്ഥയാണ് അവിടെയെന്നാണ് പത്രങ്ങളൊക്കെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഇവിടെ ക്രമസമാധാനപാലനത്തെക്കുറിച്ച് പറഞ്ഞു. കേരളത്തിലെ പോലീസിന്റെ നിലപാട് എന്താണെന്ന് ഇവിടെ ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിനുള്ള മുഖ്യമന്ത്രിയുടെ മറുപടി ഞങ്ങൾ കാസർഗോഡ് പെരിയ കേസിൽ ഇനിയും കോടികൾ മുടക്കി സുപ്രീംകോടതിയിൽനിന്നും അഭിഭാഷകരെ കൊണ്ടുവന്ന്, ഈ കേസ്

നിഷ്പക്ഷമായി അന്വേഷിക്കണമെന്ന ആ കേസിൽ കൊലചെയ്യപ്പെട്ട കുട്ടികളുടെ രക്ഷിതാക്കളുടെ അഭ്യർത്ഥനയ്ക്കനുകൂലമായി കേരള ഹൈക്കോടതി നൽകിയിട്ടുള്ള ഉത്തരവിനെതിരായി, ഇനിയും ലക്ഷങ്ങൾ മുടക്കും എന്നാണ് പറഞ്ഞത്. ഹൈക്കോടതി വിധി എന്തായിരുന്നു? 'Since no injury could be inflicted on the deceased with the GI pipes recovered at the instance of the first accused, it has to be held that the Investigating Officer filed the charge-sheet in a pre-conceived manner, believing and accepting the version given by the first accused.....' ഒന്നാംപ്രതി കൊടുത്തിരിക്കുന്ന സ്റ്റേറ്റ്മെന്റനുസരിച്ച് ഇവിടെ തെറ്റായ ഒരു ചാർജ്ജ് ഷീറ്റ് സമർപ്പിച്ചുകൊണ്ടാണ് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ പെരിയ കേസിൽ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. 'Having gone through the materials, it appears that the genesis of the incident was suppressed by the prosecution. ' അന്വേഷണ ഉദ്യോഗസ്ഥൻ ഈ കേസിന്റെ ആരംഭം മുതൽ അവസാനം വരെ കാര്യകാരണങ്ങൾ നിരസിച്ചുകൊണ്ടാണ് കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. കേരളത്തിലെ പോലീസ് മഹിമയെക്കുറിച്ച് പറയുമ്പോൾ നമുക്കറിയാം പുറകിൽനിന്നും വെടിവച്ചാണ് മാവോയിസ്റ്റുകളെ കൊന്നത്. അലനെയും താഹയെയും എന്തിന്റെ പേരിലാണ് അറസ്റ്റ് ചെയ്തിരിക്കുന്നത്? അവരുടെ കയ്യിൽ ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടുണ്ടായിരുന്നു. മാവോയിസ്റ്റ് പീഡനം, വേട്ട അവസാനിപ്പിക്കുക എന്നുള്ള ലഘുലേഖയുണ്ടായിരുന്നു. അതിന്റെ പേരിലാണ് ആ കുട്ടികളെ ജയിലിലടച്ചത്. അവരെയാണ് മുഖ്യമന്ത്രി ആട്ടിൻകുട്ടികളല്ല എന്നുപറഞ്ഞത്. പെരിയ കൊലക്കേസിലെ പ്രതികൾ, വാളയാർ പെൺകുട്ടികളെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതികൾ, ഷുഹൈബ് കേസിലെ പ്രതികൾ എന്നിവർ മുഖ്യമന്ത്രിയുടെ ആട്ടിൻകുട്ടികളായി ഈ നാട്ടിൽ സ്വൈരവിഹാരം നടത്തുമ്പോൾ നാട്ടിലെ ക്രമസമാധാനപാലനത്തിൽ ആഭ്യന്തര വകുപ്പ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റുഭരണപരമായ സർവ്വീസുകളും എന്ന ധനാഭ്യർത്ഥനകളെ ഏറെ സംതൃപ്തിയോടെയും അതിലേറെ സന്തോഷത്തോടെയും പിന്തുണയ്ക്കുകയാണ്. ജനഹൃദയങ്ങളുടെ മനസ്സറിയുന്ന ഏതൊരു പൊതുപ്രവർത്തകനും ഇടതുപക്ഷ സർക്കാരിന്റെ പ്രവർത്തനങ്ങളെ കലവറയില്ലാതെ പിന്തുണയ്ക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഒരുവശത്ത് കേന്ദ്ര സർക്കാരിന്റെ സ്വേച്ഛാധിപത്യത്തിനെതിരെയുള്ള പോരാട്ടവും

മറുവശത്ത് കേരളത്തെ വാനോളമുയർത്താനുള്ള കഠിന പരിശ്രമവും. ഒരു ജനകീയ മുഖ്യമന്ത്രി കരുത്തുറ്റ നടപടികളുമായി മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷത്തിനുവരെ ആരാധന തോന്നുക സ്വാഭാവികമാണ്. പൗരത്വഭേദഗതി നിയമ പ്രതിഷേധത്തിൽ ചില മുസ്ലീംലീഗ് നേതാക്കൾ പരസ്യമായും മറ്റ് ചിലർ രഹസ്യമായും ഇത് പ്രകടിപ്പിച്ചതാണ്. ഇത്തരത്തിൽ കക്ഷിരാഷ്ട്രീയഭേദമെന്യേ സർവ്വരും അംഗീകരിക്കുന്ന ഒരു ജനകീയ ഭരണം കേരളം വാക്കുകളിൽ ഒതുങ്ങുന്ന ഒരു രാഷ്ട്രീയ സമസ്യമാത്രമല്ല മറിച്ച് ഇതിന്റെ പിന്നിൽ കണക്കുകൾ കഥ പറയുന്നുണ്ട്. ജനങ്ങളുടെ ഹൃദയവേദന നെഞ്ചേറ്റിയ ഒരു ആസൂത്രണത്തിന്റെ മികവുമുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ 2011-2016 കാലഘട്ടത്തിൽ ക്ഷേമ പെൻഷനുകൾക്കു വേണ്ടി ചെലവഴിച്ച തുക 9,311 കോടി രൂപയാണെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. ഈ സർക്കാർ നാല് വർഷം കൊണ്ട് ചെലവാക്കിയത് 22,000 കോടി രൂപയാണ്. പെൻഷൻ നൽകാതിരുന്ന 13 ലക്ഷം വയോധികർക്ക് ഞങ്ങൾ പെൻഷൻ നൽകി. അത് എല്ലാതരത്തിലുമുള്ള, എല്ലാ രാഷ്ട്രീയത്തിലുമുള്ള എല്ലാ മതവിശ്വാസത്തിലുമുള്ള ജനങ്ങൾക്കാണ് നൽകിയത്. പ്രിയപ്പെട്ട പ്രതിപക്ഷമേ, നമുക്ക് ഒരുമിച്ച് ആഹ്ലാദിക്കാൻ വകനൽകുന്ന ഒരു രീതിയാണ് ഇതിൽ അവലംബിച്ചത്. നിങ്ങളുടെ കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മൊത്തം ധനസഹായം പരിശോധിക്കുകയാണെങ്കിൽ അത് ഏകദേശം 7,679 കോടി രൂപയാണ്. ഇപ്പോൾ 2020-2021-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മൊത്തം ധനസഹായം 12,074 കോടി രൂപയാണ്. ഇതിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്നുപറയുന്ന പഞ്ചായത്തുകളൊന്നുമില്ല, ഒരു വേർതിരിവുമില്ല. എല്ലാ കക്ഷിരാഷ്ട്രീയത്തിൽപ്പെട്ട ജനപ്രതിനിധികൾക്കും ഈ സർക്കാരിനോട് കൂറുണ്ടായതിന്റെ കാരണമന്വേഷിച്ച് വേറെ പോകേണ്ടതില്ല. 2015-16-ൽ തീരദേശ വികസനത്തിനായി ചെലവഴിച്ചത് 188 കോടി രൂപയാണ്. എന്നാൽ 2020-21-ൽ തീരദേശ പാക്കേജിനായി 1,000 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. തീരദേശ ജനതയുടെ സന്തോഷത്തോടൊപ്പം യു.ഡി.എഫ്.-നും എൽ.ഡി.എഫ്.-നും കേരളത്തിലെ മുഴുവൻ ആളുകൾക്കും സന്തോഷിക്കാൻ വകനൽകുന്ന ഒരു പാക്കേജാണ് ഇതിൽ നൽകിയിരിക്കുന്നത്. വികസന വിരോധികളോ, വർഗ്ഗീയവാദികളോ ആയവർ വിഷമിക്കുന്നുണ്ടെങ്കിൽ അവരെ കുറ്റം പറയാതെ തരമില്ലല്ലോ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നിങ്ങളുടെ കാലത്ത് ചെലവഴിച്ചത് 503 കോടി രൂപയാണെങ്കിൽ സഖാവ് പിണറായി വിജയന്റെ കാലത്ത് നാല് വർഷംകൊണ്ട് 1,216 കോടി രൂപയാണ് ചെലവഴിച്ചത്. അങ്ങനെ ഏതർത്ഥത്തിലും ഏത് ഡിപ്പാർട്ടുമെന്റുകൾ പരിശോധിച്ചാലും അതിൽ വലിയ അന്തരം കാണാൻ കഴിയുന്ന ഒരു സ്ഥിതിവിശേഷമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് 4.9 ലക്ഷം

കുടിവെള്ള കണക്ഷനാണ് നൽകിയിരുന്നതെങ്കിൽ ഇപ്പോൾ അത് 7.5 ലക്ഷമാണ്. നേരത്തെ ആരോഗ്യ പദ്ധതികൾക്ക് 7,191 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ ഇപ്പോൾ നമ്മുടെ സർക്കാർ 9,651 കോടി രൂപയാണ് ചെലവഴിച്ചത്. അങ്ങനെ എല്ലാ അർത്ഥത്തിലും വലിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞ ഒരു സർക്കാർ എന്ന രീതിയിൽ വിലയിരുത്തപ്പെടുകയാണ്. പൊതുവിദ്യാഭ്യാസ യജ്ഞം ആരംഭിച്ചപ്പോൾ, ഏറ്റവും വലിയ നേട്ടമെന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏകദേശം 499450 കുട്ടികൾ കുറഞ്ഞുവെന്നതാണ്. എന്നാൽ അത്തരം കുറവിനപ്പുറത്തേയ്ക്ക് ഈ സർക്കാരിന്റെ കാലത്ത് 500000 കുട്ടികളാണ് ഈ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് വന്നതെന്ന് മനസ്സിലാക്കുക. വൈദ്യുതി മേഖലയിൽ യു.ഡി.എഫ്.-ന്റെ കാലത്ത് 87 മെഗാവാട്ട് കൂടുതൽ ഉൽപ്പാദിപ്പിച്ചു. എന്നാൽ ഈ ഗവൺമെന്റ് 205 മെഗാവാട്ട് വൈദ്യുതി പുതിയതായി ഉൽപ്പാദിപ്പിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായി ഏതെങ്കിലും സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് കേരളത്തിൽ മാത്രമാണ്. പ്രവാസി ക്ഷേമത്തിനായി 68 കോടി രൂപയാണ് നിങ്ങൾ ചെലവാക്കിയതെങ്കിൽ ഇപ്പോൾ അത് 152 കോടി രൂപയാണ്. പ്രവാസികളുടെ അംഗത്വം സംബന്ധിച്ചൊക്കെ വലിയ മാറ്റം ഇപ്പോഴുണ്ടാകുന്നു. 1.1 ലക്ഷമെന്നത് ഇപ്പോൾ 4.7 ലക്ഷമായി മാറി. കുടുംബശ്രീയുടെ അംഗങ്ങൾ നേരത്തെ 40 ലക്ഷമായിരുന്നത് ഇപ്പോൾ 45 ലക്ഷമായി. ബാങ്ക് ലിങ്കേജ് വായ്പ നേരത്തെ 5,717 കോടി രൂപയായിരുന്നത് ഇപ്പോൾ 10,499 കോടി രൂപയാണ്. പട്ടികജാതിക്കാർക്ക് വീട് വച്ചതുൾപ്പെടെ പരിശോധിക്കുമ്പോൾ വലിയ നേട്ടമാണ് ഈ സർക്കാർ ഉണ്ടാക്കിയിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ നേടിയ വളർച്ചയും വളരെ വലുതാണ്. ദേശീയ ശരാശരിയേക്കാൾ ഉയർന്ന രീതിയിൽ കേരളം വളർന്നതിന് കക്ഷി രാഷ്ട്രീയഭേദമെന്യേ ഇടതുപക്ഷ ജനകീയ സർക്കാർ എന്ന രീതിയിൽ പിന്തുണയ്ക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. പക്ഷെ ഇതിനൊരു വലിയ പോരായ്മയുണ്ട്. നമ്മൾ അതൊന്നും മറച്ചുവയ്ക്കുന്നില്ല. ഏറ്റവും നല്ല ഭരണപക്ഷമുണ്ടാകുമ്പോൾ ഏറ്റവും നല്ല പ്രതിപക്ഷമുണ്ടാകുമെന്ന് വെറുതെ നമ്മളെല്ലാവരും മോഹിച്ചുപോയതാണ്. പക്ഷെ സകല പ്രതീക്ഷകളും തകർത്ത നിങ്ങൾ ചരിത്രത്തിലെ ഏറ്റവും മോശമായ പ്രതിപക്ഷമായി അടയാളപ്പെടുത്തുമെന്ന കാര്യത്തിൽ തർക്കമില്ല. അവസാനം 35 സെന്റിഗ്രേഡിന് അപ്പുറത്തേയ്ക്ക് കൊറോണ വൈറസ് നിൽക്കില്ലെന്ന് കേരള രാഷ്ട്രീയത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആളുകളുൾപ്പെടെയുള്ള നമ്മുടെ സഹപ്രവർത്തകർ പറയുന്നതിൽനിന്നും എത്രത്തോളം ചെറുതായിട്ടാണ് അത്തരം കാര്യങ്ങൾപോലും ചർച്ച ചെയ്യുന്നതും പരിഗണിക്കപ്പെടുന്നതുമെന്ന് മനസ്സിലാക്കാൻ കഴിയും. മികച്ച ഭരണ നിർവ്വഹണത്തിൽ കേരളം രാജ്യത്തിന് മാതൃകയായിയെന്ന് പറയുന്നത് ഇടതുപക്ഷ

പാർട്ടിക്കാരോ അനുഭാവികളോ അല്ല. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സാമുദായിക ലഹളയില്ലാത്ത ഇന്ത്യൻ സംസ്ഥാനമേതെന്ന് വേണമെങ്കിൽ യു.പി.എസ്.സി. ചോദ്യം ചോദിച്ചാൽ ഈ കൊച്ചുകേരളമാണെന്ന് ഇന്ത്യയിലെ മുഴുവൻ ആളുകളും ഉത്തരം പറയേണ്ടിവരുന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ. ക്രമസമാധാന പരിപാലനവുമായി ബന്ധപ്പെട്ട് കേരളം ഒന്നാം സ്ഥാനത്താണെന്നാണ് ഇന്ത്യാ ടുഡേ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എല്ലാ അർത്ഥത്തിലും അഭിമാനിക്കാവുന്ന പല നേട്ടങ്ങളും പോലീസ് രംഗത്തും കേരളം കൈവരിക്കുന്നു. ചരിത്രത്തിലാദ്യമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചതും പോലീസിൽ വനിതാ പ്രാതിനിധ്യം പത്ത് ശതമാനമുയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചതും ഈ സർക്കാരിന്റെ കാലത്താണ്. പോലീസ് സ്റ്റേഷനിലെ തൊണ്ടിമുതൽ സൂക്ഷിക്കാൻ QR Code സംവിധാനം, സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ അന്വേഷിക്കുന്നതിന് റേഞ്ച് തലത്തിലുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പ്രത്യേക സംഘം, കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ അന്വേഷണം നടത്തുന്നതിനുവേണ്ടി CAP(Children And Police) പദ്ധതി, ഇന്ത്യൻ കോടതികളിൽ ഇലക്ട്രോണിക് തെളിവുകൾ സമർപ്പിക്കുന്ന പോലീസ് ഓഫീസർക്കുള്ള മാർഗ്ഗരേഖകൾ എന്ന പ്രബന്ധം തയ്യാറാക്കുന്നതിന് ദേശീയ തലത്തിലുള്ള അംഗീകാരം, പോലീസ് പരിശീലനം സ്മാർട്ടാക്കിമാറ്റൽ അങ്ങനെ ഒട്ടനവധി പരിഷ്കാരങ്ങൾ കഴിഞ്ഞ ഒരു വർഷംകൊണ്ട് പോലീസ് സേനയിൽ നടപ്പിലാക്കിക്കഴിഞ്ഞു. ഞാൻ കൂടുതൽ പറയുന്നില്ല. പലപ്പോഴും പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കുമ്പോൾ നമ്മൾ സൂചിപ്പിക്കുന്ന ഒരു കാര്യം ദുബായ് മോഡൽ സ്മാർട്ട് പോലീസ് സ്റ്റേഷനാണ്. ഇത് പോലീസ് നവീകരണത്തിൽ മികച്ച മാതൃക സൃഷ്ടിക്കുന്നു. എന്റെ മണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളായ എറിയാട്, എടവലിങ്ങ് പഞ്ചായത്തുകൾ ഉൾപ്പെട്ട കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനുകളിൽ വലിയ മാറ്റമാണ് വരുത്തിയിട്ടുള്ളത്.

മി. ചെയർമാൻ: സമയം കഴിഞ്ഞു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ നിർത്തുകയാണ്. ജോലി ഭാരം കൂടുതൽ വരുന്ന സ്ഥിതിയുള്ളതിനാൽ വികേന്ദ്രീകരണപ്രക്രിയ നടത്തേണ്ടതുണ്ട്. ഒരു പഞ്ചായത്തിൽ ഒരു ലക്ഷം ആളുകളുള്ള പ്രദേശമായതിനാൽ ഒരു പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷനെന്ന രീതിയിൽ, ഇപ്പോൾ സാമ്പത്തിക ഭാരവും പ്രശ്നങ്ങളുമൊക്കെയുണ്ടെങ്കിൽപ്പോലും അത്തരമൊരു സ്ഥിതിയെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് വളരെ സന്തോഷപൂർവ്വം ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഇന്ന് നമ്മുടെ ചർച്ചയ്ക്ക് തുടക്കം കുറിച്ച ബഹുമാനപ്പെട്ട തൃക്കരിപ്പൂർ അംഗം ശ്രീ. എം. രാജഗോപാലൻ കേരളത്തിലെ പിണറായി പോലീസിന്റെ മേന്മയെക്കുറിച്ചാണ് പറഞ്ഞത്. എന്നാൽ ഒരാഴ്ച മുമ്പ് അദ്ദേഹത്തിനുണ്ടായ അനുഭവം അദ്ദേഹം എന്തുകൊണ്ടോ പറയാൻ വിട്ടുപോയതാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 'അതൊക്കെ പോലീസുകാരോട് പറഞ്ഞാൽ മതിയെന്ന് എം.എൽ.എ.-യോട് എസ്.ഐ.' (പത്രം ഉയർത്തിക്കാട്ടി) ഇത് കർണ്ണാടകയിലെ പോലീസല്ല. തൊട്ടടുത്ത ഹോസ്ദുർഗ് എസ്.ഐ.-ആണ് തൃക്കരിപ്പൂർ എം.എൽ.എ.യോട് പറഞ്ഞത്. എം.എൽ.എ. ജീപ്പിലിരുന്ന എസ്.ഐ.-യെ പോയി കണ്ട് അവിടെ നടന്ന അപകടത്തെക്കുറിച്ച് പറഞ്ഞപ്പോൾ അവിടെ പോലീസുകാരുണ്ട് അവരോട് പറഞ്ഞോളൂ എന്ന് ഇദ്ദേഹത്തോടാണ് എസ്.ഐ. പറഞ്ഞത്. അതുകേട്ട് ക്ഷുഭിതരായ പാർട്ടി പ്രവർത്തകരോട് എസ്.ഐ. പറഞ്ഞത്, എനിക്ക് എം.എൽ.എ.-യെ അറിയില്ലെന്നാണ്. ചെറുപ്പംമുതൽ ചെഗുവേരയുടെ തൊപ്പി ധരിച്ച് എസ്.എഫ്.ഐ. പ്രവർത്തകനായി പാർട്ടി പ്രവർത്തനം നടത്തിയിട്ടുള്ള ഇദ്ദേഹത്തെ അറിയില്ലെന്നുപറഞ്ഞ ആ എസ്.ഐ.-യുടെയും പോലീസിന്റെയും മഹിമയാണ് അദ്ദേഹം പറഞ്ഞത്. നാലു വർഷംകൊണ്ട് കേരള പോലീസിന് വലിയ ദുഷ്പേരാണുണ്ടായത്. പോലീസ് നേതൃത്വത്തിലെ അഴിമതിയും തുടർച്ചയായി നടത്തിവന്ന ക്രമംവിട്ട നടപടികളുമാണ് സി.& എ. ജി. റിപ്പോർട്ടിൽ പറയുന്നത്. കേരള ചരിത്രത്തിൽ ഇതുവരെ തോക്കുകളും വെടിയുണ്ടകളും കാണാതായ അനുഭവമുണ്ടായിട്ടുണ്ടോ; വി.ഐ.പി. സുരക്ഷയ്ക്ക് വാഹനങ്ങൾ വാങ്ങിയതിൽ ഡി.ജി.പി. വ്യവസ്ഥ പാലിച്ചിട്ടില്ലെന്നത് സി. & എ. ജി. റിപ്പോർട്ടിലെ കണ്ടെത്തലുകളാണ്. എസ്.ഐ.-മാർക്കും എ.എസ്.ഐ.-മാർക്കും ക്വാർട്ടേഴ്സ് പണിയാനുള്ള തുക സർക്കാർ അനുമതിയില്ലാതെ വകമാറ്റി ചെലവഴിച്ചിരിക്കുന്നു. ആ തുക ഡി.ജി.പി.-ക്കും എ.ഡി.ജി.പി.-ക്കും വില്ലകൾ നിർമ്മിക്കാൻ ഉപയോഗിച്ചുവെന്നാണ് മറ്റൊരു കണ്ടെത്തൽ. പോലീസ് സേനയുടെ നവീകരണത്തിനുള്ള പണംകൊണ്ട് ഉന്നത ഉദ്യോഗസ്ഥർക്ക് ആഡംബര കാറുകൾ വാങ്ങുകയാണ്. സ്റ്റോർ പർച്ചേസ് മാനുവൽ പാലിക്കാതെ 1.10 കോടി രൂപയ്ക്കാണ് രണ്ട് ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ വാങ്ങിയത്. ഇത്തരം ഗുരുതരമായ ആരോപണങ്ങളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് 3-2-2020-ൽ ഞാൻ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. വി.ഐ.പി. സുരക്ഷയുടെ പേരിൽ സംസ്ഥാന പോലീസ് വകുപ്പിൽ പുതിയ ബുള്ളറ്റ് പ്രൂഫ് കാറുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ? പോലീസ് നവീകരണത്തിനുള്ള കേന്ദ്ര ഫണ്ട് ദുരുപയോഗം ചെയ്യുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

എന്ന എന്റെ ചോദ്യത്തിന് ഇതുവരെയും മറുപടിയുണ്ടായില്ല. പോലീസിൽ വ്യാപകമായ അഴിമതിയാണ് നടക്കുന്നത്. അഴിമതിയും ക്രമക്കേടുകളും ഉണ്ടാകുമ്പോൾ അത് കണ്ടെത്തേണ്ട നിയമപാലകരാണ് പോലീസ്. 'വേലിതന്നെ വിളവുതിന്നുന്നു' എന്ന സാധാരണ പ്രയോഗമുണ്ട്, അതാണ് ഇപ്പോഴിവിടെ നടക്കുന്നത്. എല്ലാ പോലീസ് സ്റ്റേഷനുകൾക്കും ഒരേ പെയിന്റടിക്കണമെന്ന് തീരുമാനിക്കുകയും അതിന് ഒരു കമ്പനിയുടെ ഇന്ന ബ്രാന്റ്തന്നെ വാങ്ങണമെന്ന നിർദ്ദേശവുമുണ്ടായി. അതിനുശേഷം കേരളത്തിലെ 56000-ത്തോളം വരുന്ന പോലീസ് സേനാംഗങ്ങൾക്ക് ഏകീകൃത യൂണിഫോം നടപ്പാക്കുന്നതിന്റെ ഭാഗമായി നാഷണൽ ടെക്സ്റ്റൈയിൽസ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെയൊക്കെ മാറ്റിനിർത്തി, ഒരു സ്വകാര്യ കമ്പനിയിൽനിന്നും യൂണിഫോം വാങ്ങണമെന്ന നിർദ്ദേശം വന്നു. ഇതിന്റെയൊക്കെ പിന്നിൽ അഴിമതിയല്ലാതെ മറ്റെന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ പോലീസ് വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ അഴിമതിയുണ്ടായാൽ അതിനെക്കുറിച്ച് അന്വേഷിക്കുമെന്നെങ്കിലും പറയുമെന്നാണ് ധരിച്ചത്. പക്ഷേ അഴിമതിയെക്കുറിച്ച് അന്വേഷിക്കുമെന്നല്ല പറഞ്ഞത്. സി. & എ.ജി. റിപ്പോർട്ട് ചോർന്ന വഴിയേതാണെന്നാണ് ഇപ്പോൾ അന്വേഷിക്കാൻ പോകുന്നത്. അതാണോ ഗവൺമെന്റ് അന്വേഷിക്കേണ്ടത്; പോലീസിന്റെ തലപ്പത്തുതന്നെ അഴിമതിയും അതിന് കൂട്ടുനിൽക്കുന്ന ഒരു സർക്കാരുമുള്ള സംസ്ഥാനത്ത് ഇപ്പോൾ ആർക്കും എന്തുമാവാമെന്ന മട്ടിലാണ് കാര്യങ്ങൾ നീങ്ങുന്നത്. ഇന്നലെ വന്ന ഒരു വാർത്ത, ചൂടാറിയിട്ടില്ല. 'പോലീസ് കാവൽ നിന്നു, ക്യാരിയറെ സ്വർണ്ണക്കടത്തുകാർ ചോദ്യം ചെയ്തു, കമ്മീഷൻ തുകയ്ക്കുവേണ്ടി സ്വർണ്ണക്കടത്തുകാരുടെ ക്വട്ടേഷൻ ഏറ്റെടുത്ത് പോലീസ്. നഷ്ടമായ സ്വർണ്ണത്തിന്റെപേരിൽ ക്യാരിയറായ യുവാവിനെ പോലീസ് സ്റ്റേഷനിൽവച്ച് കള്ളക്കടത്തുസംഘം ചോദ്യം ചെയ്തു. പോലീസുകാരുടെ സാന്നിധ്യത്തിൽ നടന്ന ചോദ്യം ചെയ്യലിൽ യുവാവിനെയും കുടുംബത്തെയും വകവരുത്തുമെന്ന ഭീഷണിയുണ്ടായി. നഷ്ടമായ തുക തിരിച്ചുനൽകിയില്ലെങ്കിൽ പ്രത്യാഘാതമുണ്ടാകുമെന്ന് പോലീസുകാരും ഭീഷണിപ്പെടുത്തിയെന്നാണ് യുവാവിന്റെ വെളിപ്പെടുത്തൽ.' മുകളിൽ നടക്കുന്ന അഴിമതിയെ ചോദ്യം ചെയ്യാൻ ആളില്ല. എന്തുമാവാമെന്ന നിലയാണ്. കള്ളക്കടത്തുകാർക്ക് കുട്ടിരിപ്പ് സമീപനം സ്വീകരിക്കും. പോലീസ് ഭാഷ്യത്തിലും സ്വഭാവത്തിലും ഒരു മാറ്റവുമുണ്ടായില്ല. ഇതിനുമുമ്പ് മൂവാറ്റുപുഴ എം.എൽ.എ. ശ്രീ. എൽദോ എബ്രഹാമിനോടും ഇതേ രീതിയിൽ പെരുമാറിയിട്ടുണ്ട്. അദ്ദേഹം ഒരു കാര്യത്തിന് പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചപ്പോൾ, 'എം.എൽ.എ. ആണോ അത് കയ്യിലിരുന്നാൽ മതിയെന്നാണ് പറഞ്ഞത്. അതുപോരാത്തതിന് അദ്ദേഹത്തിന്റെ കയ്യും പോലീസ് അടിച്ചുപൊട്ടിക്കുകയുണ്ടായി.

ക്രമസമാധാന രംഗം ഇതുപോലെ വഷളായ ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ; നാല് വർഷത്തിനിടയ്ക്ക് 31 രാഷ്ട്രീയ കൊലപാതകങ്ങളല്ലേ നടന്നത്; 5 പേർ പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടില്ലേ; ഏഴ് മാവോയിസ്റ്റുകളെയാണ് വെടിവെച്ച് കൊന്നത്. മാവോയിസ്റ്റ് ബന്ധമാരോപിച്ച് സി.പി.ഐ.(എം.) പ്രവർത്തകരായ അലൻ ഷുഹൈബിനെയും താഹ ഫസലിനെയും യു.എ.പി.എ. ചുമത്തി അറസ്റ്റ് ചെയ്തു. നിരവധി കർഷകർക്ക് ആത്മഹത്യ ചെയ്യേണ്ടിവന്നു. രണ്ട് ലോക കേരള സഭകൾ നടത്തിയപ്പോൾ രണ്ട് പ്രവാസികളാണ് ആത്മഹത്യ ചെയ്തത്. സാജനും സുഗതനും ആത്മഹത്യ ചെയ്യേണ്ടിവന്നു. ഒരു കൺവെൻഷൻ സെന്റർ ആരംഭിക്കുന്നതിനുവേണ്ടി സി.പി.ഐ.(എം.) ഭരിക്കുന്ന ആന്തൂർ നഗരസഭയിൽ അപേക്ഷ നൽകിയപ്പോൾ നിരസിച്ചതിന്റെ പേരിലാണ് സാജൻ ജീവനൊടുക്കേണ്ടിവന്നത്. കൊല്ലത്തെ സുഗതൻ, പാർട്ടിക്കാരുടെ അക്രമം ഭയന്ന് അദ്ദേഹത്തിന്റെ വർക്ക്ഷോപ്പ് സ്ഥാപിക്കാൻ ഉദ്ദേശിച്ച സ്വന്തം സ്ഥലത്ത് കൊടികുത്തിയതിന്റെ പേരിലാണ് ജീവനൊടുക്കിയത്. സി.ഐ.ടി.യു.-ക്കാർ മുത്തൂറ്റ് ഫൈനാൻസിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. ജോർജ്ജ് അലക്സാണ്ടറിന്റെ തല അടിച്ചുപൊട്ടിച്ചു. പുതുവർഷം ആഘോഷിക്കാൻ ഡി.വൈ.എഫ്.വൈ. പണം ആവശ്യപ്പെട്ടിട്ട് നൽകാത്തതിന്റെ പേരിൽ ഒരു പാവം മനുഷ്യന്റെ മേലിൽ ഓട്ടോറിക്ഷ കയറ്റി കൊല്ലാൻ ശ്രമിച്ചു. കേരള സർക്കാരിന്റെ അതിഥിയായെത്തിയ നോബൽ സമ്മാന ജേതാവ്, മൈക്കിൾ ലെവിറ്റിനെയും സഹധർമ്മിണിയെയും കുട്ടനാട്ടിൽ ഹൗസ് ബോട്ടിൽ തടഞ്ഞുവച്ച് 2 മണിക്കൂർ ബന്ദിയാക്കി കേരളത്തിലാകമാനം നാണക്കേടുണ്ടാക്കിയവരാണ് സി.ഐ.ടി.യു.-ക്കാർ. 2016 മേയ് മുതൽ 2019 വരെയുള്ള കാലയളവിൽ 48 പോലീസ് ഉദ്യോഗസ്ഥരാണ് കേരളത്തിൽ ആത്മഹത്യ ചെയ്തത്. എന്തുകൊണ്ട് ഇത്രയധികം പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്യേണ്ടിവരുന്നു എന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; മേലുദ്യോഗസ്ഥരുടെ നിയമവിരുദ്ധമായ ഉത്തരവുകൾ നടപ്പാക്കാൻ നിർബന്ധിക്കപ്പെടുന്നതാണ് കീഴുദ്യോഗസ്ഥർ നേരിടുന്ന മാനസിക സംഘർഷത്തിന് കാരണമെന്നാണ് പറയപ്പെടുന്നത്. എന്നാൽ മേലുദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകാനും അവർക്കാവശ്യമായ കാര്യക്ഷമമായ പാഠ്യപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനും സമയമില്ലാത്ത ഗവൺമെന്റ് ഇതൊന്നും കണ്ടില്ലെന്ന് നടിച്ച് തങ്ങളുടെ രാഷ്ട്രീയ പ്രതിയോഗികളെ എങ്ങനെ നിശബ്ദരാക്കാൻ കഴിയുമെന്നാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. നരേന്ദ്ര മോദിയുടെ ഗവൺമെന്റ് രാഷ്ട്രീയ പ്രതിയോഗികളെ നിഷ്പ്രഭമാക്കുന്നതിന്റെയും നിശബ്ദമാക്കുന്നതിന്റെയും ഭാഗമായി മുൻമന്ത്രിമാരുടെ വീടുകളിൽ റെയ്ഡ് നടത്തി അവരെ കേസിൽ കുടുക്കുകയാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരത്തെയും കർണ്ണാടകയിലെ മുൻ ഡെപ്യൂട്ടി സി. എം. ഡി. ശ്രീ. കെ. ശിവകുമാർ ഉൾപ്പെടെയുള്ളവരുടെ വീടുകളിൽ റെയ്ഡ് നടത്തി

അവരുടെ പേരിൽ കേസ്സെടുത്തു. അതേ സമീപനമല്ലേ പിണറായി വിജയൻ ഗവൺമെന്റും സ്വീകരിക്കുന്നത്. കേരളത്തിലെ മുൻ മന്ത്രിമാരുടെ വീടുകളിൽ റെയ്ഡ് നടത്തുന്നു. അവരുടെ പേരിൽ കള്ളക്കേസ് ചുമത്തുന്നു. ഒരു കാര്യം ഓർമ്മിക്കുക, കേരളത്തിൽ വർഷങ്ങളായി പൊതുപ്രവർത്തനം നടത്തുന്ന രാഷ്ട്രീയ നേതാക്കന്മാർക്ക് സമൂഹത്തിലുള്ള മാന്യതയും അംഗീകാരവും താറടിച്ചു കാണിക്കുവാനുള്ള ശ്രമം നിങ്ങൾക്ക് ഭൂഷണമല്ല നിങ്ങൾ എക്കാലത്തും മന്ത്രിമാർ ആയിരിക്കുമെന്ന ധാരണ വേണ്ട. നിങ്ങളും മുൻമന്ത്രിമാരാകുമെന്ന കാര്യം ഓർമ്മിക്കുന്നത് നല്ലതാണ്. ഡൽഹിയിൽ നടക്കുന്ന വംശഹത്യ കൃത്യമായി റിപ്പോർട്ട് ചെയ്ത മാധ്യമങ്ങൾക്ക് ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും കൂച്ചുവിലങ്ങിടുകയാണ്. അവിടെ മീഡിയ വൺ-നും ഏഷ്യാനെറ്റിനും സംപ്രേഷണം ചെയ്യാനുള്ള അധികാരം 48 മണിക്കൂർ ഇല്ലാതാക്കി. ആവിഷ്കാര സ്വാതന്ത്ര്യം തടയാൻ മുന്നോട്ടുവന്നതുപോലെ ഇവിടെ പാരമ്പര്യമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മുസ്ലീം ലീഗ് മുഖപത്രമായ ചന്ദ്രികയുടെ ആസ്ഥാന ഓഫീസ് റെയ്ഡ് ചെയ്യാൻ ഈ ഗവൺമെന്റ് മുന്നോട്ടുവന്നില്ലേ; ചന്ദ്രിക പത്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് 86 കൊല്ലമായി. ഇന്നുവരെ ഒരു നയാപൈസ അവിഹിതമായി ചന്ദ്രിക പത്രത്തിനുവേണ്ടി ഒരാളിൽനിന്നും ഞങ്ങൾ സ്വീകരിച്ചിട്ടില്ല. എന്തിന്റെ പേരിലാണ് ചന്ദ്രിക പത്രത്തിന്റെ ഓഫീസ് റെയ്ഡ് ചെയ്യാൻ മുന്നോട്ടുവന്നത്; പാവപ്പെട്ട മുസ്ലീം ലീഗ് പ്രവർത്തകരുടെ വിയർപ്പുകൊണ്ടാണ് ചന്ദ്രിക പത്രം പടുത്തുയർത്തിയത്.

മി. ചെയർമാൻ: യെസ്...സമയം കഴിഞ്ഞു.

ശ്രീ. പി. ഉബൈദുള്ള: സർ, ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഞങ്ങളുടെ പാവപ്പെട്ട സഹോദരന്മാർ, അവിടെ കഫെറ്റീരിയയിലും മറ്റും തുച്ഛമായ വേതനത്തിന് ജോലിചെയ്യുന്ന പാവങ്ങളുടെ വരിസംഖ്യ വാങ്ങിയിട്ടാണ് ചന്ദ്രിക പത്രം നിലനിൽക്കുന്നത്. ലോട്ടറി രാജാവ് സാൻഡിയാഗോ മാർട്ടിന്റെയും മദ്യരാജാവ് മണിച്ചന്റെയും കയ്യിൽനിന്നും കോടികൾ വാങ്ങിയിട്ടല്ല ചന്ദ്രിക പത്രം നടത്തുന്നതെന്ന കാര്യംകൂടി നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്തുന്ന കാര്യത്തിലും മാധ്യമ സ്വാതന്ത്ര്യം തടയിടുന്ന കാര്യത്തിലും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഒരേ സമീപനമാണ് സ്വീകരിക്കുന്നത്. പൗരത്വ ഭേദഗതി നിയമത്തിനെതിരായി ഷാഹിൻ ബാഗിൽ സമരം നടത്തിക്കൊണ്ടിരിക്കുന്ന സമരയോദ്ധാക്കളുടെ നെഞ്ചിലേയ്ക്ക് നിറയൊഴിക്കാൻ സംഘ്പരിവാർ ക്രിമിനലുകളും പോലീസും മുന്നോട്ടുവരുമ്പോൾ ആ ഷാഹിൻ ബാഗിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് നമ്മുടെ സംസ്ഥാനത്തുടനീളം ഉയർന്നുകൊണ്ടിരിക്കുന്ന ഷാഹിൻ ബാഗുകൾ തകർക്കുന്നതിനും പൊളിച്ചുനീക്കുന്നതിനും നിർദ്ദേശം കൊടുക്കുന്ന പോലീസാണ്

ഈ സംസ്ഥാനത്തെ പോലീസ്. സെക്രട്ടേറിയറ്റിന് മുമ്പിലുള്ള ഷാഹിൻ ബാഗ് പൊളിക്കാൻ നിർദ്ദേശം കൊടുത്തില്ലേ; സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഷാഹിൻ ബാഗുകൾ പൊളിച്ചുനീക്കാൻ നിർദ്ദേശം കൊടുത്തില്ലേ;

മി. ചെയർമാൻ: യെസ്..... കൺക്ലൂഡ് ചെയ്യൂ. അടുത്ത ആളിനെ വിളിക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, അപ്പോൾ ഇക്കാര്യങ്ങളിലൊക്കെ ശ്രീ. നരേന്ദ്ര മോദിയുടെയും ശ്രീ. പിണറായി വിജയന്റെയും സമീപനം ഒന്നാണ്. അതുകൊണ്ട് കേരള പോലീസിനെ മാറ്റിയെടുക്കാനുള്ള ഒരു നിലപാടും ഈ നാല് വർഷമായി ഇല്ലാത്തതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

മി. ചെയർമാൻ: ശ്രീമതി വീണാ ജോർജ്ജ്.........

ശ്രീ. പി. ഉബൈദുള്ള: സർ, എനിക്ക് ഒരു തിരുത്തുണ്ട്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീമതി വീണാ ജോർജ്ജ്: സർ, യഥാർത്ഥ ഉള്ളിലിരുപ്പാണ് പുറത്തു വന്നത്. ബഹുമാന്യനായ അംഗം ശ്രീ. പി. ഉബൈദുള്ള മനസ്സുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു എന്നുള്ളതിന്റെ തെളിവാണിത്. ഞങ്ങൾ അത് സ്വാഗതം ചെയ്യുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, എനിക്ക് തിരുത്താനുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ഒറ്റവാക്കിൽ പറയുക. എന്താണ് തിരുത്തിയത്?

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ മുൻ മുഖ്യമന്ത്രി സഖാവ് നായനാർ മുമ്പ് പറഞ്ഞതുപോലെ, slip of tongue ആർക്കും സംഭവിക്കും. ധനാഭ്യർത്ഥനകളെ അതിശക്തമായി ഞാൻ എതിർക്കുന്നു, എതിർക്കുന്നു, എതിർക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ചന്ദ്രിക ഓഫീസിൽ റെയ്ഡ് നടന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള ഇവിടെ സൂചിപ്പിച്ചു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പത്ര-ദൃശ്യ-മാധ്യമക്കാരോട് പറഞ്ഞത്, ചന്ദ്രിക ഓഫീസിൽ ഒരുരൂപത്തിലുമുള്ള റെയ്ഡ് നടന്നിട്ടില്ലെന്നുള്ളതാണ്. ഇത് പത്രത്തിലും വന്നു. ഇന്നത്തെ ചന്ദ്രിക പത്രത്തിൽ എവിടെയെങ്കിലും റെയ്ഡ് നടത്തിയെന്ന വാർത്ത വന്നിട്ടുണ്ടോ; ഉദ്യോഗസ്ഥർ ഓഫീസിൽ പോകും. ഇല്ലാത്തൊരു കാര്യം പറയേണ്ട ആവശ്യമില്ലല്ലോ;

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതുകൊണ്ട് അത് തിരുത്താനായി ഞാനിക്കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ചന്ദ്രിക പത്രത്തിന്റെ ഓഫീസിൽ റെയ്ഡ് നടന്ന സംഭവത്തെപ്പറ്റി ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞത്, അവിടെ പോയി അക്കൗണ്ടുകൾ പരിശോധിക്കാനാണെങ്കിൽ ചന്ദ്രിക പത്രത്തിന്റെ ഓഫീസിലേയ്ക്ക് പോലീസ് ചെല്ലേണ്ട കാര്യമില്ലായിരുന്നു എന്നാണ്. ഒരു പത്രത്തിന്റെ ഓഫീസിലേയ്ക്കും പോലീസ് ചെല്ലുന്നത് ശരിയല്ല. അങ്ങനെയൊരു കീഴ്വഴക്കം ഇവിടെയില്ല. ദേശാഭിമാനിയിൽ ഇതിനുമുൻപ് ഇങ്ങനെ ഉണ്ടായപ്പോഴും അന്നത്തെ ഗവൺമെന്റ് അത് ചെയ്തില്ല. അതുകൊണ്ട് ചന്ദ്രിക പത്രത്തിന്റെ ഓഫീസിൽ ഒരു റെയ്ഡിന്റെ സ്വഭാവത്തിൽ പോലീസ് കയറിയ നടപടി ശരിയായില്ല എന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞതിനെ അങ്ങ് തെറ്റിദ്ധരിപ്പിച്ച് സഭയിൽ പറഞ്ഞത് ശരിയായില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ചന്ദ്രിക പത്രത്തിന്റെ ഓഫീസിൽ ഒരു റെയ്ഡും നടത്തിയിട്ടില്ല, അങ്ങനെയുള്ള തെറ്റിദ്ധാരണ പരത്തേണ്ട എന്നാണ് അദ്ദേഹം കൃത്യമായി പറഞ്ഞത്. ചന്ദ്രിക പത്രത്തിന്റെ ഓഫീസിൽ റെയ്ഡ് നടത്തിയെങ്കിൽ അക്കാര്യം ഇന്നത്തെ ചന്ദ്രിക പത്രത്തിൽ വലിയ വാർത്ത ആയിരിക്കുമായിരുന്നു. എന്തുകൊണ്ട് അത്തരമൊരു വാർത്ത ഇന്ന് ചന്ദ്രിക പത്രത്തിൽ വന്നില്ല? സഭയെ തെറ്റിദ്ധരിപ്പിക്കുകയാണോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, പോലീസും ജയിലുകളും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇപ്പോൾ അവരവരുടെ സീറ്റുകളിൽ ഇല്ലെങ്കിൽപ്പോലും കോൺഗ്രസിലെ മിക്ക എം.എൽ.എ.-മാരും ഇവിടെ ഉണ്ടെന്നുള്ളത് സന്തോഷമുള്ള കാര്യമാണ്. കാരണം, പൂന്താനം പാടിയതുപോലെ "കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ" എന്നതുപോലെ 'കണ്ടുകണ്ടിരിക്കും കോൺഗ്രസുകാരെ കൺമുന്നിൽ കാവിയുടുത്തിരുത്തുന്ന' കാലമാണിത്. അതിനാൽ അവരവിടെ ഉണ്ടെന്നുള്ളതിൽ സന്തോഷമുണ്ട്. കൊറോണയെ പ്രതിരോധിക്കാനായി സർക്കാർ ഓഫീസുകളിലും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലുമെല്ലാം പഞ്ചിംഗ് നിരോധിച്ചെങ്കിലും കെ.പി.സി.സി. ആസ്ഥാനത്തും ഡി.സി.സി.-കളിലും പഞ്ചിംഗ് നിർബന്ധമാക്കിയെന്നാണ് കേൾക്കുന്നത്. അതുകൊണ്ടാണ് യൂത്ത് കോൺഗ്രസിന്റെ പുതിയ പ്രസിഡന്റ് ചുമതല ഏറ്റെടുത്തുകൊണ്ട് 'ഞാനീ

പാർട്ടിയിൽ തന്നെ നിലനിൽക്കും' എന്ന് പറഞ്ഞത്. കൊറോണയെങ്കിൽ കൊറോണ, കലക്കവെള്ളത്തിൽ മീൻ പിടിക്കാനാണ് കേരളത്തിലെ കോൺഗ്രസ് ശ്രമിക്കുന്നത്. ഇപ്പോഴും അതാണ് നമ്മൾ കണ്ടത്. നമ്മുടെ സംസ്ഥാനവും രാജ്യവും ഉൾപ്പെടെ ലോകം നേരിടുന്ന ഇത്ര വലിയൊരു വിപത്തിനെ ശക്തമായും മാതൃകാപരമായും പ്രതിരോധിക്കുന്ന സർക്കാരിനെതിരെ അതിനെ രാഷ്ട്രീയ ആയുധമാക്കാൻ ശ്രമിക്കുന്നത് വളരെ നിർഭാഗ്യകരമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച കോൺഗ്രസിലെ സീനിയറായ അംഗം ബഹുമാന്യനായ പേരാവൂർ എം.എൽ.എ. ശ്രീ. സണ്ണി ജോസഫും മുസ്ലീം ലീഗിലെ ശ്രീ. പി. ഉബൈദുള്ളയും ഇല്ലാത്ത കാര്യങ്ങൾ ഇവിടെ ഉന്നയിക്കാനാണ് ശ്രമിച്ചത്. ചന്ദ്രിക പത്രത്തിന്റെ ഓഫീസിൽ റെയ്ഡ് നടന്നുവെന്ന് വരുത്തിത്തീർക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ചന്ദ്രിക പത്രംപോലും റിപ്പോർട്ട് ചെയ്യാത്ത കാര്യമാണത്. ഏത് കാലഘട്ടമാണെങ്കിലും ഏറ്റവും കൂടുതൽ വിമർശനം നേരിടുന്നത് പോലീസ് വകുപ്പാണ്. ഈ നാലുവർഷത്തിൽ സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് കീഴിലുള്ള പോലീസിനുനേരെ ശക്തമായ ഒരു ആക്ഷേപവും ഇല്ലെന്നതാണ് ഈ ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ചർച്ചകൾ വെളിവാക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് പ്രതികളെ രക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചിരുന്നതെങ്കിൽ, കേരള ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാകാത്ത തരത്തിൽ ആരാണെങ്കിലും മുഖം നോക്കാതെ നടപടിയെടുക്കുന്ന സർക്കാരാണ് ഇപ്പോൾ ഭരിക്കുന്നത്. ഇന്ത്യയിലെ ഏറ്റവും മികച്ച പോലീസ് സംവിധാനമുള്ളത് കേരളത്തിലാണെന്നാണ് ഇന്ത്യയിലെ മുഴുവൻ സർവ്വേകളും കണക്കുകളും പറയുന്നത്. ഇന്ത്യയിലെ നമ്പർ വൺ പോലീസ് കേരളത്തിലാണെന്ന് ഇന്റലിജൻസ് ബ്യൂറോയും കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രിയും (സി.ഐ.ഐ.) പറയുന്നു. ഇന്ത്യാ ടുഡേ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ കേരളത്തിലെ പോലീസാണ് നമ്പർ വൺ പോലീസ് എന്നുപറയുന്നു. കേരളത്തിൽ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന മറ്റൊരു മുഖ്യമന്ത്രിക്കും അവകാശപ്പെടാൻ കഴിയാത്ത നേട്ടം കേരളത്തിലെ മുഖ്യമന്ത്രിക്കുണ്ട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. കേരളത്തിൽ മൊത്തം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ 65 ശതമാനം convicted ആകുന്നു. ഇക്കാര്യത്തിൽ ഇന്ത്യയുടെ ശരാശരി 30 ശതമാനമാണ്. അതായത്, ഇന്ത്യൻ ശരാശരിയേക്കാൾ ഇരട്ടിയാണ് കേരളത്തിലെ conviction rate. റേപ്പ് കേസുകളിൽ കേരളത്തിലെ conviction rate 71 ശതമാനമാണെങ്കിൽ ഇന്ത്യയിലേത് 29 ശതമാനം മാത്രമാണ്. പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്യുമ്പോൾ, പഴുതുകളില്ലാതെ കൃത്യമായി പ്രതികളെത്തന്നെ കണ്ടെത്തി

നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ശ്രമിക്കുന്നുവെന്നുള്ളതിന്റെ ഫലമാണത്. അത് കേരളത്തിന് മാത്രം അവകാശപ്പെടാവുന്നതാണ്. ഇക്കാലയളവിൽ സെൻസേഷണലായ എല്ലാ കേസുകളും കേരള പോലീസ് തെളിയിച്ചിട്ടുണ്ട്. കൂടത്തായി കേസ് പോലെയുള്ള മുൻകാലങ്ങളിലെ കേസുകൾപോലും സൂപ്രണ്ട് ഓഫ് പോലീസ് ശ്രീ. സൈമൺ ഐ.പി.എസ്.-ന്റെ നേതൃത്വത്തിലുള്ള ടീം വളരെ ഭംഗിയായി തെളിയിച്ചു. വളരെ മാതൃകാപരമായ ഇടപെടലുകൾ കേരളത്തിൽ നടക്കുന്നുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചു. അതിന്റെ jurisdiction ഒരു ജില്ല മുഴുവനുമാണ്. അതായത് ഒരു ജില്ലയിലെ ഏതെങ്കിലുമൊരു ഭാഗത്ത് ഒരു സ്ത്രീക്ക് പരാതിയുണ്ടെങ്കിൽ ഒരു പോലീസ് സ്റ്റേഷനിലേയ്ക്ക് കയറിച്ചെല്ലാൻ പേടിയോ സങ്കോചമോ ഉള്ള സ്ത്രീകൾക്ക് വനിതാ പോലീസ് സ്റ്റേഷനെ സമീപിക്കാം. വനിതാ പോലീസ് സ്റ്റേഷൻ പത്തനംതിട്ട ജില്ലയ്ക്കും അനുവദിച്ചതിനുള്ള നന്ദി ഞാൻ സാന്ദർഭികമായി രേഖപ്പെടുത്തുകയാണ്. സെക്രട്ടേറിയറ്റിൽ ഉൾപ്പെടെ സ്ത്രീകൾക്ക് കയറാൻ സാധിക്കാത്ത കാലമായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണകാലത്തെങ്കിൽ ഇപ്പോൾ സെക്രട്ടേറിയറ്റിൽ മാത്രമല്ല, പോലീസ് സ്റ്റേഷനുകളിൽപോലും ആത്മാഭിമാനത്തോടെ സധൈര്യം സ്ത്രീകൾക്ക് കടന്നുചെല്ലാൻ കഴിയുന്ന സാഹചര്യമുണ്ട്. പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 15 ശതമാനമായിരുന്നത് 50 ശതമാനമാക്കി വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായി എഴുന്നൂറ്റിഅൻപതോളം വനിതാ പോലീസ് ഓഫീസേഴ്സിനെ റിക്രൂട്ട് ചെയ്ത് ട്രെയിൻ ചെയ്ത് പുറത്തിറക്കിയത് സ്ത്രീ ശാക്തീകരണ പ്രക്രിയയുടെ ഭാഗമാണ്. വനിതാ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനോടൊപ്പം സ്ത്രീകൾക്ക് പോലീസ് സേനയെ സമീപിക്കുന്നതിനുള്ള സൗകര്യങ്ങൾ കൂടുതലായി ഒരുക്കുകയും പോലീസ് സേനയിലെ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നതിലൂടെ സ്ത്രീ ശാക്തീകരണ പ്രക്രിയ നടപ്പിലാക്കുന്നതിനുംവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദമാക്കുന്നതിനൊപ്പം ശിശു സൗഹൃദമാക്കുന്നതിനു വേണ്ടിയുള്ള നടപടികളും നടപ്പിലാക്കുന്നുണ്ട്. കഴിഞ്ഞ 4 വർഷം കേരള പോലീസ് സേനയുടെ ചരിത്രത്തിൽ ഏറ്റവുമധികം പോലീസുകാർ ട്രെയിനിംഗ് കഴിഞ്ഞ് പുറത്തിറങ്ങിയിട്ടുള്ള കാലഘട്ടമാണ്. മുന്നൂറിലധികം എസ്.ഐ.-മാർ, പന്ത്രണ്ടായിരത്തിലധികം സിവിൽ പോലീസ് ഓഫീസേഴ്സ് എന്നിവർ പുറത്തിറങ്ങിയ കാലഘട്ടമാണ്. ഇത്തരത്തിലുള്ള അനവധി നേട്ടങ്ങളും റെക്കോർഡുകളും പോലീസിന് അവകാശപ്പെടാവുന്ന കാലഘട്ടമാണ്. സി. & എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ചുള്ള ഒരു ആരോപണം മാത്രമാണ് പ്രതിപക്ഷം പറയുന്നത്. പക്ഷെ വിശദമായി ആ റിപ്പോർട്ട് വായിച്ചുനോക്കണം. അതിൽ

പറയുന്നത്, വെടിയുണ്ടകൾ കാണാതായത് സംബന്ധിച്ച് ആദ്യം സൂചിപ്പിക്കുകയും അതിനനുസരിച്ച് നടപടികൾ സ്വീകരിക്കണമെന്ന് പറയുകയും ചെയ്തത് 2015 സെപ്റ്റംബർ 14-ൽ എന്നാണ്. വിശദമായുണ്ട്, ഞാനതൊന്നും വായിക്കാൻ മുതിരുന്നില്ല.

സബോർഡിനേറ്റ് ഓഫീസേഴ്സിനുള്ള ഭവന നിർമ്മാണത്തെക്കുറിച്ച് പറഞ്ഞു, 2013-14 കാലയളവിൽ കേന്ദ്ര മന്ത്രാലയം അനുവദിച്ച തുകയെ സംബന്ധിച്ചാണിവിടെ പറയുന്നത്. 'ഉണ്ടയില്ലാ വെടി' എന്നുപറയുന്നപോലെ വളരെ ദുർബലമായ ആരോപണങ്ങളാണ് ഉന്നയിച്ചത്. എന്നാലത് കേരള ജനതയുടെ മുന്നിൽ വിലപ്പോകില്ല എന്നുപറയുന്നതിന് ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. കേരളത്തിൽ കഴിഞ്ഞ ദിവസം, പ്ലസ് ടു പരീക്ഷ എഴുതി മടങ്ങുകയായിരുന്ന വിദ്യാർത്ഥിനികളുടെ ഇടയിലേയ്ക്ക് മദ്യപിച്ച് കാറോടിച്ചയാൾ വാഹനം ഓടിച്ചുകയറ്റുന്ന വളരെ നിർഭാഗ്യകരമായ സംഭവത്തിന്റെ ക്യാമറ ദൃശ്യങ്ങൾ നമ്മൾ കണ്ടു. അങ്ങനെയുള്ളവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ഏത് സമൂഹത്തിലാണെങ്കിലും ശരാശരി മൂന്ന് ശതമാനം വർദ്ധന ട്രാഫിക് അപകടങ്ങളുടെ കാര്യത്തിൽ ഉണ്ടാകുന്നുണ്ട്. കേരളത്തിൽ കഴിഞ്ഞ നാല് വർഷംകൊണ്ട് 38 ലക്ഷം വാഹനങ്ങൾ അധികമായി ആളുകളുടെ കയ്യിലേയ്ക്ക് വന്നുചേരുകയുണ്ടായി. മൊത്തം ഒന്നരക്കോടി വാഹനങ്ങൾ കേരളത്തിലുണ്ട്. 44000 അപകടങ്ങളാണ് കേരളത്തിൽ ഉണ്ടായിരുന്നതെങ്കിൽ ഈ നാല് വർഷംകൊണ്ട് ട്രാഫിക് അപകടങ്ങൾ കുറയ്ക്കാൻ സാധിച്ചുവെന്നത് വലിയ നേട്ടമായി കാണേണ്ടതുണ്ട്. ഇങ്ങനെ വിവിധ മേഖലകളിൽ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം സമീപിക്കാവുന്ന, സമീപിച്ചാൽ മുഖംനോക്കാതെ നടപടിയെടുക്കുന്ന ഒരു ഡിപ്പാർട്ടുമെന്റായി കേരള പോലീസ് മാറിയിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കിയതിന്റെ ഭാഗമായി വീടുകൾ വച്ചുകൊടുക്കുന്നു. ആറന്മുള നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ ഭാഗമായി പോലീസുകാർതന്നെ നേരിട്ട് അനേകം വീടുകൾ വച്ചുകൊടുക്കുന്ന സാഹചര്യമുണ്ടായി. മാതാപിതാക്കൾ നഷ്ടപ്പെട്ട് ഒറ്റയ്ക്കാകുന്ന കുഞ്ഞുങ്ങളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി പഠിപ്പിക്കുന്ന പോലീസുകാരുണ്ട്. ആ രീതിയിൽ നമ്മുടെ പോലീസ് സേന മാറിയിട്ടുണ്ട്. ഇന്ത്യയിൽ ആറ് ലക്ഷത്തോളം സൈബർ കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെടുന്നത്. പക്ഷേ സ്ത്രീകൾക്കെതിരെ ഒരു ലക്ഷത്തോളം സൈബർ കേസുകൾ കേരളത്തിലാണുള്ളത്. ഈ നിയമസഭയിലെ പല എം.എൽ.എ.-മാർക്കെതിരെയും സൈബർ കേസുകൾ സംബന്ധിച്ച് പരാതി നൽകിയിട്ടുള്ള എം.എൽ.എ.-മാരുണ്ട്. എം.എൽ.എ.-മാർക്കെതിരെയും സൈബർ

കേസുകൾ സംബന്ധിച്ച് പാരാ വിംഗിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഫലപ്രദമായ ഇടപെടൽ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിക്കപ്പെടുന്നുണ്ടെന്നത് കാണേണ്ടതാണ്. നിലവിൽ സബ് ഇൻസ്പെക്ടർമാരായിട്ടുള്ളവരിൽ ബി.ടെക്. ബിരുദധാരികൾ ധാരാളമുണ്ട്. അവരുടെ സേവനംകൂടി ഉപയോഗപ്പെടുത്തി സൈബർ വിംഗിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഏതാണ്ട് 654 കിലോമീറ്ററാണ് കേരളത്തിന്റെ തീരദേശം വരുന്നത്. നമുക്ക് പലപ്പോഴും കോസ്റ്റ് ഗാർഡിന്റെ സേവനം ലഭ്യമാകുന്നില്ല. അല്ലെങ്കിൽ ആവശ്യപ്പെടുന്ന രീതിയിൽ ലഭ്യമാകാത്തൊരു സാഹചര്യത്തിൽ സ്പീഡ് ബോട്ട് ഉൾപ്പെടെയുള്ളവ നൽകിക്കൊണ്ട് തീരദേശ പോലീസ് സ്റ്റേഷനുകളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമം ഉണ്ടാകണമെന്നഭ്യർത്ഥിക്കുകയാണ്. ശബരിമലയിലേയ്ക്കുവേണ്ടി മണിയാർ ക്യാമ്പിൽ കൂടുതൽ ട്രെയിൻഡായിട്ടുള്ള പോലീസുകാരെ വിന്യസിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു മണ്ഡലത്തിന്റെ പ്രതിനിധിയായി സംസാരിക്കുമ്പോൾ ആ മണ്ഡലത്തിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ അടിസ്ഥാന ത്തിലാണ് സംസാരിക്കേണ്ടതെന്ന് ഞാൻ വിചാരിക്കുകയാണ്. പത്തനംതിട്ട ജില്ലാ ആസ്ഥാനം ഉൾക്കൊള്ളുന്ന ആറന്മുള നിയോജകമണ്ഡലത്തിൽ മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി പോലീസ് സേനയുടെ Infrastructure Development ഏറ്റവുമധികം ഉണ്ടായിട്ടുള്ളൊരു കാലഘട്ടമാണിത്. പുതിയ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചു, നിലവിലുള്ള പോലീസ് സ്റ്റേഷനുകൾ നവീകരിക്കപ്പെട്ടു. സ്ത്രീകൾക്കും കുട്ടികൾക്കും സാധാരണക്കാർക്കും പാവപ്പെട്ട ജനങ്ങൾക്കും കയറിവന്നാൽ ഇരിക്കാൻ കഴിയുന്ന ഇടങ്ങളായി പോലീസ് സ്റ്റേഷനുകൾ മാറ്റപ്പെടുകയാണ്. ആ രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസനം എല്ലാ പോലീസ് സ്റ്റേഷനുകളിലും ഉണ്ടാകുന്നു. പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ചൊരു പോലീസ് സ്റ്റേഷനാണ് ആറന്മുളയിലേത്. 2018-ലെ പ്രളയത്തിനുമുമ്പുതന്നെ ആ പോലീസ് സ്റ്റേഷൻ ഉപയോഗിക്കാൻ കഴിയാത്തൊരു സാഹചര്യമായിരുന്നു. പൊട്ടിപ്പൊളിഞ്ഞ മുറികളും ലോക്കപ്പുകളുമാണുണ്ടായിരുന്നത്. പക്ഷേ ഇപ്പോൾ അവിടെ അതിമനോഹരമായ പോലീസ് സ്റ്റേഷൻ നിർമ്മിക്കപ്പെടാൻ പോകുകയാണ്. അങ്ങനെ Infrastructure മേഖലയിൽ ജനസൗഹൃദവും ശിശുസൗഹൃദവും സ്ത്രീസൗഹൃദവുമാകുന്ന രീതിയിൽ ശക്തമായ ഇടപെടൽ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നു. പോലീസ് സേന ശാക്തീകരിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമനസോടെ പിന്തുണയ്ക്കുണമെന്ന് ആഗ്രഹിക്കുകയാണ്. എനിക്ക് ഈ സർക്കാരിനോട് ഒരു അഭ്യർത്ഥനയുള്ളത് വംശനാശം വരുന്നവർക്കുള്ള ഒരു പ്രത്യേക പാക്കേജ് അനുവദിക്കുകയാണെങ്കിൽ അത്

കോൺഗ്രസിന് അനുവദിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസ്, ജയിൽ എന്നീ വകുപ്പുകളുടെ കാര്യത്തിൽ ക്രിയാത്മകമായ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനാണ് ഞാൻ മുഖ്യമായും ശ്രമിക്കുന്നത്. കേരളത്തിൽ കഴിഞ്ഞ ഒരു വർഷംമാത്രം എട്ടരലക്ഷം കേസുകൾ രജിസ്റ്റർ ചെയ്തതായിട്ടാണ് കാണുന്നത്. മുൻവർഷങ്ങളിലെ പെൻഡിംഗ് കേസുകൾകൂടി വരുമ്പോൾ 18 ലക്ഷം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. പോലീസ് അന്വേഷിച്ച് ചാർജ്ജ് ഷീറ്റ് നൽകാതെ പെൻഡിംഗായ ഇത്രയധികം കേസുകൾ വന്നിരിക്കുന്നത് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയാതെവന്നതു കൊണ്ടാണ്. ആവശ്യത്തിന് പോലീസ് സ്ട്രെങ്ത് ഇല്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. മറ്റൊന്ന്, കേസന്വേഷിച്ച് ചാർജ്ജ് ഷീറ്റ് സമർപ്പിച്ചതിനുശേഷം കോടതിയിൽ പെൻഡിംഗുള്ളതിൽ പ്രോസിക്യൂഷൻ നടപടികൾ വന്നിരിക്കുന്നത് 16 ലക്ഷമാണ്. കേരള പോലീസിന്റെ സ്ട്രെങ്ത് 57000 എന്ന് കണക്കാക്കുമ്പോഴും 27000 പേരുടെ സേവനം മാത്രമാണ് യഥാർത്ഥത്തിൽ പോലീസ് സ്റ്റേഷനിൽ ലഭിക്കുന്നതെന്ന പ്രധാനപ്പെട്ട വിഷയമാണ് കാണാൻ കഴിയുന്നത്. ബാക്കിവരുന്നതിൽ എ.ആർ. ക്യാമ്പിൽ 7000 പേർ, 11000 പേർ എ.പി. ബറ്റാലിയൻ, ക്രൈം ബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് എന്നിങ്ങനെയെല്ലാം പോകുകയാണ്. ലോക്കൽ പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് പോലീസിനെ ലഭിക്കുന്നില്ലെന്ന പ്രശ്നം ഗവൺമെന്റ് ഗൗരവമായി കാണണമെന്നുള്ളത് ഈ അവസരത്തിൽ സൂചിപ്പിക്കാനാഗ്രഹിക്കുന്നു. നിലവിലുള്ള പോലീസുകാരെവച്ച് കേസ് അന്വേഷിക്കുന്നതിനും പരിമിതിയുണ്ട്. 18000 പേർക്കാണ് അന്വേഷണ ചുമതലയുള്ളത്. ഒരു വർഷം എട്ടരലക്ഷത്തോളം കേസുകൾ അന്വേഷിക്കേണ്ടിവരികയാണ്. കേസന്വേഷണം സമയബന്ധിതമായി നടത്താൻ കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തണമെങ്കിൽ സാമ്പത്തിക പരിമിതികൾ ഉണ്ടെങ്കിൽപ്പോലും പോലീസ് കോൺസ്റ്റബിൾമാരുടെ നിയമനം ഇനിയും നടക്കേണ്ടതായിട്ടുണ്ട്. വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ കേരളത്തിൽ സജീവമായി നിൽക്കുകയാണ്. കുറെ നിയമനം നടത്തിയെന്നുള്ളത് വസ്തുതയാണ്. എങ്കിലും ഇനിയും പരമാവധി ചെറുപ്പക്കാരെ കോൺസ്റ്റബിൾമാരായി നിയമിക്കുന്നതിന് ഗവൺമെന്റ് നടപടിയെടുക്കണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുകയാണ്. ഇവിടെ 8000 ആംഡ് റിസർവ് പോലീസിനെ ലോക്കൽ പോലീസിൽ ലയിപ്പിക്കാൻ കഴിയുന്നൊരു കാര്യമാണ്. ഇതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിട്ടു. നമ്മുടെ സംസ്ഥാനത്തും ഗവൺമെന്റ്

ഉത്തരവിറക്കിയെങ്കിലും ഇതുവരെ നടപ്പാക്കിയിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സുപ്രധാനമായൊരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. കഴിഞ്ഞ ചർച്ചയിലും ചൂണ്ടിക്കാണിച്ചതാണ് ക്രൈം, ലാ ആന്റ് ഓർഡർ എന്നിവ വേർതിരിക്കുന്ന കാര്യം. ഇത് രണ്ടും വേർതിരിക്കുന്നതിലൂടെ കേസന്വേഷണത്തിനും ബഹുമാനപ്പെട്ട കോടതിയിൽ ചാർജ്ജ് ചെയ്ത് നിൽക്കുന്ന കേസിന്റെ കാര്യങ്ങൾ തീർപ്പാക്കുന്നതിനും ജനങ്ങൾക്ക് എത്രയുംവേഗം നീതി നടപ്പാക്കിക്കൊടുക്കുന്നതിനും കഴിയുന്ന സാഹചര്യം ഉറപ്പാക്കാൻ കഴിയും. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി നടപ്പാക്കാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യം ഉറപ്പുവരുത്തണമെന്നുള്ള ആവശ്യം ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ തീരദേശ പോലീസിനെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. തീരദേശ പോലീസ് സേനയുടെ പല ബോട്ടുകളും ഓടുന്നവയല്ല. ഓഖി ദുരന്തമുണ്ടായപ്പോൾ കടലിൽ പോയവരെ രക്ഷിക്കാൻ തീരദേശ പോലീസിന് പെട്ടെന്ന് ഇറങ്ങാൻ കഴിഞ്ഞില്ല. കോസ്റ്റ്ഗാർഡിന്റെ സഹായം തേടി. തീരദേശ പോലീസിൽ പലരും വെള്ളത്തിലിറങ്ങാൻ പരിചയമില്ലാത്തവരാണെന്നാണ് മനസ്സിലാകുന്നത്. ഇത്തരത്തിലുള്ള സാഹചര്യം കണക്കിലെടുത്ത് തീരദേശത്ത് തുടങ്ങിയിരിക്കുന്ന പത്ത് പോലീസ് സ്റ്റേഷനുകൾ ഫലപ്രദമായി തീരദേശങ്ങളിലെ ജനങ്ങൾക്ക് ഉപകരിക്കുന്ന വിധത്തിൽ മാറ്റണമെങ്കിൽ അവർക്കാവശ്യമായ പരിശീലനം നൽകാനും അവരെ കൂടുതലായി ഈ രംഗത്ത് പ്രയോജനപ്പെടുത്താനും കഴിയേണ്ടതുണ്ട്. അതുപോലെ കൂടുതൽ ബോട്ടുകൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. മൊബൈലിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ഇവിടെ ശ്രീമതി വീണാ ജോർജ്ജ് ചൂണ്ടിക്കാണിക്കുകയുണ്ടായി. ആറ് ലക്ഷത്തോളം സൈബർ കുറ്റകൃത്യങ്ങൾ ഇന്ത്യയിൽ രജിസ്റ്റർ ചെയ്തതിൽ 142000 കേസുകളും 24 ശതമാനം സൈബർ കുറ്റകൃത്യങ്ങളും കേരളത്തിലാണ്. ഇവിടെ സൈബർ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വിഷയം ഉയർന്നുവരികയാണ്. കേരളത്തിലെ സൈബർ കുറ്റകൃത്യങ്ങളിൽപ്പെട്ട 142000 കേസുകൾ രജിസ്റ്റർ ചെയ്തിടത്ത് അന്വേഷിക്കാൻ നമുക്കുള്ളത് 180 പോലീസുകാരാണ്. 180 പോലീസുകാരെവച്ച് എന്തുചെയ്യാൻ കഴിയുമെന്ന വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൗരവമായി പരിശോധിക്കേണ്ടതുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് വ്യാജ പ്രചരണങ്ങളുടെ കാലഘട്ടമാണ്. ജനപ്രതിനിധികൾക്കുനേരെയും പൊതുപ്രവർത്തകർക്കുനേരെയുമുള്ള കള്ളപ്രചരണങ്ങൾ അഴിച്ചുവിട്ട് സൈബർ രംഗത്ത് നടത്തുന്ന അഴിഞ്ഞാട്ടം ഫലപ്രദമായി അവസാനിപ്പിക്കാൻ കഴിയുന്നില്ല. 3 കോടി 46 ലക്ഷം ജനസംഖ്യയാണ്

കേരളത്തിലുള്ളതെങ്കിൽ 4 കോടി 30 ലക്ഷം മൊബൈൽ ഫോൺ ഇവിടെ വിറ്റിട്ടുണ്ട്. പതിനമടങ്ങ് കുറ്റകൃത്യങ്ങൾ ഇവിടെ വർദ്ധിക്കുന്നതിന് പ്രധാനപ്പെട്ട ഘടകമായി ഇത് മാറുകയാണ്. മൊബൈൽ ഫോൺ നഷ്ടപ്പെട്ടാൽ തിരിച്ചുകിട്ടാൻ മാർഗ്ഗമില്ല. ഒരു ട്രെയിൻ യാത്രയ്ക്കിടയിൽ എന്റെയും ഭാര്യയുടെയും മൊബൈൽ ഫോൺ നഷ്ടപ്പെട്ടു. ഒരുവർഷം കഴിഞ്ഞിട്ടും ഒന്നും സംഭവിച്ചിട്ടില്ല. അന്വേഷണം നടക്കുന്നുവെന്നല്ലാതെ ഒരു കാര്യവുമില്ല. 2010, 2011, 2012 കാലഘട്ടത്തിൽ ജയിൽ ചാടിയ പ്രതികളെ 48 മണിക്കൂറിനുള്ളിൽ പിടികൂടിയത് ഫോണിന്റെ സഹായത്തോടെയാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മോൻസ് ജോസഫ്: സർ, ഇന്നത് കഴിയാത്തതിന്റെ കാരണം ആവശ്യത്തിന് പോലീസ് ഈ രംഗത്തില്ലാത്തതുകൊണ്ടാണ്. ജയിലിന്റെ കാര്യത്തിൽ ഒറ്റവാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ജയിൽ മോചിതരാവുന്നവർക്ക് പുനരധിവാസ പാക്കേജ് ഗവൺമെന്റ് ഉറപ്പു വരുത്തേണ്ടതുണ്ട്. ഭാവിയിൽ എന്തെങ്കിലും ജോലിചെയ്തു ജീവിക്കാൻ കഴിയുന്നൊരു പ്രചോദനം നൽകണം. ഇപ്രാവശ്യത്തെ ജയിൽ ദിനത്തിൽ ഇടുക്കി ജില്ലാ ജയിലിൽ കേരളത്തിന്റെ മുൻ ആഭ്യന്തര വകുപ്പുമന്ത്രികൂടിയായിരുന്ന ശ്രീ. പി. ജെ. ജോസഫ് വലിയൊരു മാതൃക കാണിച്ചു. അദ്ദേഹം തടവുകാരായ ആളുകളോട് 'നിങ്ങൾക്ക് എന്താണ് ആഗ്രഹം' എന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞത്; 'ഞങ്ങൾക്ക് ജീവിക്കാൻ എന്തെങ്കിലും മാർഗ്ഗം വേണമെന്നാണ്'. 'പശുവിനെ നൽകിയാൽ വളർത്താമോ' എന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞത് 'പശുവിനെ വളർത്താൻ പരിചയമില്ലെന്നാണ്'. ജയിലിൽ പശുവിനെ നൽകിയാൽ പരിശീലിപ്പിക്കാമെന്ന് പറഞ്ഞു. ജയിൽ ഡി.ജി.പി.-യുമുണ്ടായിരുന്നു. അവിടെ മീര എന്ന പശുവിനെയും അഭിമന്യു എന്ന പശുക്കുട്ടിയെയും നൽകി. ജയിലിലിപ്പോൾ പശുവിനെ വളർത്തുന്നതിനും പാല് കറക്കുന്നതിനുമെല്ലാം പരിശീലനം നൽകുകയാണ്.

മി. ചെയർമാൻ: യെസ്... സമയം കഴിഞ്ഞു. ക്ലോസ് ചെയ്യൂ.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ നിർത്തുകയാണ്. പ്രധാനപ്പെട്ടൊരു കാര്യം, Interest free loan അനുവദിച്ചാൽ പശുവിനെ വാങ്ങി വളർത്താൻ സാധിക്കും. ഇതുപോലെ ഏതെങ്കിലുമൊരു മാർഗ്ഗം അവർക്ക് നൽകിയാൽ മോഷ്ടിക്കാൻ പോകാത്ത സാഹചര്യമുണ്ടാകും. മോഷ്ടിക്കാൻ പോകാത്ത വിധത്തിൽ ഇവർക്കുവേണ്ടി പുനരധിവാസ പാക്കേജ് ഉണ്ടാക്കുക. ഇടുക്കി ജില്ലയിൽ ജയിൽ മോചിതരാകുന്നവർ ലോൺ എടുക്കുകയാണെങ്കിൽ അതിന്റെ

പലിശ ശ്രീ. പി. ജെ. ജോസഫ് അടയ്ക്കാമെന്ന് വാക്ക് നൽകിയിട്ടുണ്ട്. ബാക്കി വായ്പ എടുക്കുന്നതിന്റെ പലിശ സർക്കാർ അടയ്ക്കാൻ തയ്യാറായാൽ ഈ പാക്കേജ് കേരളത്തിലെ ഒരു മാതൃകാ പാക്കേജായിരിക്കും.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഒരു സംശയമുണ്ട്. ജയിലിൽ നൽകിയെന്ന് പറയുന്ന അഭിമന്യു പശുക്കുട്ടിയാണോ കാളക്കുട്ടിയാണോ?

ശ്രീ. മോൻസ് ജോസഫ്: സർ, മീര പശുവാണെന്നും അഭിമന്യു പശുക്കുട്ടിയാണെന്നുമറിയാം. അഭിമന്യു കാളക്കുട്ടിയാണെന്നാണ് പ്രതീക്ഷിക്കേണ്ടത്. അഭിമന്യു എന്നാണല്ലോ പേര്. ശ്രീ. പി. ജെ.ജോസഫ് വരുമ്പോൾ കൂടുതൽ വ്യക്തമാക്കാം. ഞാൻ സൂചിപ്പിച്ചത്, ജയിലിൽ നിന്നിറങ്ങുന്നവർ പിന്നീട് മോഷ്ടിക്കാൻ പോകാതെ ജീവിക്കാനുള്ള നല്ലൊരു മാതൃക ജയിലിൽ കാണിച്ചിട്ടുണ്ട്. ഗവൺമെന്റ് അത്തരം പദ്ധതികളെക്കുറിച്ചുകൂടി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എന്റെ മണ്ഡലത്തിൽ കടുത്തുരുത്തി പോലീസ് സ്റ്റേഷൻ കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ചു. അത് ഈ ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. അതുകൂടി തുടങ്ങാനുള്ള സാഹചര്യമുണ്ടാക്കിയാൽ പുതിയ പോലീസ് സ്റ്റേഷൻ ഒരനുഗ്രഹമായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പോലീസ് വകുപ്പിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുമ്പോൾ അതിൽ കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്നുള്ള നിർദ്ദേശമാണ് വച്ചിട്ടുള്ളത്. ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ ചുരുക്കുന്നു.

2.00 PM]

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ നാലുവർഷം കേരള ചരിത്രത്തിൽ പോലീസ്/ ആഭ്യന്തര വകുപ്പുകൾ വലിയ മാറ്റങ്ങൾ കുറിച്ചു. ഇവിടെ മുഖ്യമന്ത്രിയായാലും പോലീസ് വകുപ്പായാലും ഗവൺമെന്റായാലും വിമർശനങ്ങൾ വരുമ്പോൾ അതിനെ മനസ്സിലാക്കിക്കൊണ്ട് പരിഹാരം കാണാൻ കഴിയുന്നതരത്തിലുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ഈ ഗവൺമെന്റിനെ (ആഭ്യന്തര വകുപ്പിനെ) കുറ്റം പറയുന്നവരുടെ പ്രധാന വികാരം നാടൻ ഭാഷയിൽ പറഞ്ഞാൽ, തനിക്ക് ചെയ്യാൻ പറ്റാത്ത കാര്യം വേറെയാളുകൾ ചെയ്യുമ്പോൾ തോന്നുന്ന അസൂയയെന്നാണ്. ഒരിക്കലും പിടികിട്ടാതെ, തെളിയിക്കപ്പെടാതിരുന്ന കൂടത്തായി കേസ്, എല്ലാകാലത്തുമുണ്ടാകാറുള്ള നെടുങ്കണ്ടം കസ്റ്റഡി മരണം പോലുള്ള ലോക്കപ്പ് മർദ്ദനം, ഇത്തരം കേസുകൾ പോലീസ് വകുപ്പിന് ഒരു ശാപമാണ്. നെടുങ്കണ്ടം

കസ്റ്റഡി മരണം വന്നപ്പോൾ ഈ ഗവൺമെന്റ് ഉടൻതന്നെ അന്വേഷണ കമ്മീഷനെ നിയമിച്ചു. യാതൊരു സമ്മർദ്ദവും വേണ്ടിവരാതെ അടിയന്തരമായി ഈ വിഷയം സി.ബി.ഐ.-ക്ക് കൈമാറിയത് പോലീസുതന്നെ പോലീസിനെക്കുറിച്ച് അന്വേഷിക്കേണ്ടായെന്ന് ധാരണയുള്ളതുകൊണ്ടാണ്. പ്രതികളെ ഓരോന്നോരോന്നായി, എത്ര വലിയ ആളാണെങ്കിലും അറസ്റ്റ് ചെയ്ത് മരിച്ചുപോയ വ്യക്തിക്ക് നീതികൊടുക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും കാണിച്ചില്ലെന്നതാണ് ഈ ഗവൺമെന്റിന്റെ ഒരു പ്രത്യേകത. സ്ത്രീകളുടെ സുരക്ഷയ്ക്കായി ഗവൺമെന്റ് മുന്നോട്ടുവച്ചൊരു മുദ്രാവാക്യമുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സർക്കാർ നിങ്ങളോടൊപ്പമെന്ന് ഓരോ ദിവസവും തെളിയിക്കുകയാണ്. കോവിഡ് 19 പടർന്നുപിടിക്കുമ്പോഴും സർക്കാർ ജനങ്ങളോടൊപ്പമുണ്ടെന്ന പ്രഖ്യാപനമാണ് നടത്തിയത്. വളരെ കൃത്യവും കർശനവുമായ നിലപാടുകളിലൂടെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റ് പോലീസ് വകുപ്പിൽ ധാരാളം ആധുനികവൽക്കരണം നടത്തുകയും ധാരാളം സ്റ്റേഷനുകൾ അനുവദിക്കുകയും ചെയ്തു. ഒരു സംഭവം നടന്നാൽ FIR ആ സ്റ്റേഷനിൽ മാത്രമേ ഇടാവൂ എന്നതായിരുന്നു അവസ്ഥ. എന്നാൽ ഇപ്പോൾ അങ്ങനെയല്ല സ്ഥിതി. പരാതിക്കാരന് എവിടെവച്ചുവേണമെങ്കിലും പരാതി പറയാനും അവിടെ FIR രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട സ്റ്റേഷനിലേയ്ക്ക് മാറ്റാനുമുള്ള സംവിധാനങ്ങളെല്ലാം നിലവിൽവന്നു. മാത്രമല്ല, ക്യാമറകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളിലെല്ലാം അവ സ്ഥാപിച്ചു. പണ്ടുകാലങ്ങളിൽ പോലീസ് വാഹനങ്ങളിൽ നാട്ടുകാർ പെട്രോൾ അടിച്ചുകൊടുക്കേണ്ട ഗതികേടുണ്ടായിരുന്നു. എത്ര വലിയ സാമ്പത്തിക ഞെരുക്കമുണ്ടായിട്ടും സർക്കാർ ധാരാളം പോലീസ് വാഹനങ്ങളും പിങ്ക് പോലീസ് സംവിധാനവും കൊണ്ടുവരികയും അവയെല്ലാം ശുഷ്കാന്തിയോടെ പ്രവർത്തിക്കുകയും ചെയ്യുന്നു. ആധുനികവൽക്കരണത്തിലൂടെ എല്ലാ മേഖലകളിലും വലിയ മാറ്റങ്ങളുണ്ടാകുന്നുണ്ട്. ട്രാഫിക് രംഗത്തുണ്ടാകുന്ന പരിഷ്കാരങ്ങളെയാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അടുത്തകാലത്ത് 16 സഹോദരങ്ങൾ വലിയൊരപകടത്തിൽ മരിച്ചിരുന്നു. വലതുവശത്തുകൂടി കയറിവന്ന ഒരു വണ്ടിയാണ് അപകടത്തിന് കാരണം. ആ വണ്ടിയുടെ കണ്ടെയ്നർ ബസ്സിന്റെ മുന്നിൽ വീഴുകയും അപകടം സംഭവിക്കുകയും ചെയ്തു. ലോകത്തിൽവച്ച് കണ്ടെയ്നർ വണ്ടികൾ ഫാസ്റ്റ് ട്രാക്കിൽകൂടി പോകാൻ അനുവദിക്കുന്നത് കേരളത്തിൽ മാത്രമാണ്. ഇത് അപകടമാണെന്നും തടയണമെന്നുമാവശ്യപ്പെട്ട് 20-7-2018-ൽ പോലീസ് ചീഫിന് ഞാനൊരു കത്തുകൊടുത്തു. ഇത് അപകടമാണ്. കാരണം, വലതുവശത്തുകൂടി പതുക്കെ കണ്ടെയ്നർ ലോറികൾ കടന്നുപോകുമ്പോൾ കാറിൽ പോകുന്നവർ നിയമം

ലംഘിച്ചുകൊണ്ട് ഇടതുവശത്തുകൂടി ഓവർടേക്ക് ചെയ്യുന്നത് നിയമലംഘനമാണെന്നും ഇത് തടയണമെന്നുമാവശ്യപ്പെട്ട് അദ്ദേഹത്തിന് കത്തുകൊടുത്തിട്ട് മൂന്നുനാല് മാസമായിട്ടും മറുപടിയൊന്നും ലഭിച്ചില്ല. അങ്ങനെ വീണ്ടും കത്തു കൊടുത്തപ്പോൾ, ഇക്കാര്യം പരിശോധിക്കാൻ ട്രാഫിക് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി നൽകി. പിന്നീട് ഞാൻ ചോദിച്ചപ്പോൾ, ഐ.ജി. ശ്രീ. മനോജ് എബ്രഹാം ഈ പ്രശ്നം പരിഹരിക്കാൻ നടപടിയെടുത്തുവെന്നാണ് മറുപടി നൽകിയത്. അപകടം നടന്നത് തമിഴ്നാട്ടിലാണെങ്കിലും വാളയാർ മുതൽ ചേർത്തലവരെയുള്ള നാലുവരിപ്പാതയിൽ ഇത്തരത്തിലുള്ള ലോറികൾ വലതുവശത്തുകൂടിയാണ് പോകുന്നത്. അന്നത്തെ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് ഞാനൊരു കത്തുകൊടുത്തിരുന്നെങ്കിലും അതിന് മറുപടി തന്നില്ല. പക്ഷേ, ഇത് പരിഹരിക്കാൻ നമ്മൾ ശ്രമിക്കണം. അദ്ദേഹം പറഞ്ഞിട്ടുള്ളത്, ഫൈൻ അടിക്കാതെ പല ഭാഷകളിലുള്ള ലഘുലേഖകൾ അടിച്ചുനൽകി ഡ്രൈവർമാരെ ബോധവൽക്കരിക്കണമെന്നാണ്. വലതുവശത്തുകൂടി ടാങ്കർലോറി പോയതുകൊണ്ടാണ് തമിഴ്നാട്ടിലാണെങ്കിലും കെ.എസ്.ആർ. ടി.സി.-ക്ക് ഇത്രയും വലിയ അപകടം സംഭവിച്ചത്. ട്രാഫിക് ഒഫൻസുകൾ നടക്കുന്നത് ഇപ്പോൾ മൂവിംഗിലാണ്. പോലീസ് വാഹനങ്ങളിൽ ക്യാമറ വച്ചുകൊണ്ടാണ് പരിശോധനകൾ നടത്തുന്നത്. അങ്ങനെയൊരു സംവിധാനത്തിലേയ്ക്ക് നമ്മളും മാറണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ നാട്ടിലെ സ്ത്രീകളുടെ സുരക്ഷയുടെ കാര്യത്തിൽ വനിതകൾക്ക് മാത്രമായി വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചു. ഫയർഫോഴ്സിലും വനിതകളെ നിയമിച്ചു. അവരുടെ ഡ്രസ്സിംഗിലും യൂണിഫോമിലും വനിതകൾക്ക് കോൺഫിഡൻസ് ഡെവലപ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. വനിതാ പോലീസ് സ്റ്റേഷനെപ്പറ്റി ശ്രീമതി വീണാ ജോർജ്ജ് വളരെ നല്ലൊരു കാര്യമാണ് പറഞ്ഞത്. പലപ്പോഴും പോലീസിലെ പുരുഷന്മാരോട് പറയാൻ മടിക്കുന്ന പല കാര്യങ്ങളും അവർക്ക് തുറന്നുപറയാൻ അവസരം നൽകുന്ന വനിതാ പോലീസ് സ്റ്റേഷനുകൾ എല്ലാ ജില്ലകളിലുമുണ്ടാക്കി. സമസ്ത മേഖലയിലും പോലീസ് വകുപ്പിൽ വലിയൊരു പരിഷ്കരണവും മാറ്റവുമാണ് ഉണ്ടാക്കിയിട്ടുള്ളത്. അതിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. വനിതകളുടെ സുരക്ഷയെന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. മഹാഭാരതത്തിൽ വളരെ പ്രശസ്തമായൊരു ഭാഗമുണ്ട്, മഹാഭാരത യുദ്ധം നടക്കുമ്പോൾ ധർമ്മപുത്രർ ജയിക്കും. അതായത് പാണ്ഡവർ ജയിക്കുമെന്ന നിലയിലെത്തി. ഭീഷ്മർ ശരശയ്യയിലാണ്. അങ്ങനെയിരിക്കുമ്പോൾ ശ്രീകൃഷ്ണ ഭഗവാനെ കണ്ട് പാണ്ഡവരുടെ ജ്യേഷ്ഠനായ ധർമ്മപുത്രൻ പറഞ്ഞു, ഞാൻ ഒരിക്കലും രാജാവും ചക്രവർത്തിയുമായിട്ടില്ല. പക്ഷേ എല്ലാവരും പറയുന്നു ഞാൻ യുദ്ധം ചെയ്ത് ചക്രവർത്തിയാകാൻ പോകുന്നുവെന്ന്. എന്താണ് ഒരു ചക്രവർത്തി;

എന്റെ രാജ്യമെങ്ങനെയായിരിക്കണം; രാജ്യതന്ത്രജ്ഞത എന്താണ് എന്നിങ്ങനെ ചോദിച്ചപ്പോൾ ഞാൻ ഒരിക്കലും രാജാവായിട്ടില്ലാത്തതിനാൽ എനിക്ക് അതിനെക്കുറിച്ച് വിവരമൊന്നുമില്ലെന്ന് ഭഗവാൻ ശ്രീകൃഷ്ണൻ പറഞ്ഞു. ഒരിക്കലും രാജാവായിട്ടില്ലെങ്കിലും രാജതന്ത്രങ്ങൾ അറിയുന്ന ഒരാൾ ശരശയ്യയിലുണ്ട്. അത് ഭീഷ്മരാണ്. അദ്ദേഹം അനേകം തലമുറകളെ നയിക്കുകയും ധാരാളം രാജാക്കൻമാരെ ഉപദേശിക്കുകയും ചെയ്ത ആളാണ്. അദ്ദേഹത്തെ നീ പോയി കണ്ടിട്ട് എങ്ങനെയായിരിക്കണം നിന്റെ രാജ്യമെന്ന് ചോദിച്ചാൽ മതി. അങ്ങനെ ധർമ്മപുത്രർ ശരശയ്യയിൽ കിടക്കുന്ന ഭീഷ്മരുടെ അടുത്തുചെന്നു. ചക്രവർത്തിയാകുമെന്ന് എല്ലാവരും പറയുകയാണ് യുദ്ധം അവസാനിക്കാറായി, ഞാനൊരു രാജ്യം ഭരിക്കുമ്പോൾ ആ രാജ്യം എങ്ങനെയുള്ളതായിരിക്കണമെന്ന് ചോദിച്ചപ്പോൾ ഭീഷ്മർ ഒറ്റകാര്യം മാത്രമാണ് പറഞ്ഞത്. അതാണ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. യൗവനയുക്തയായ, സുന്ദരിയായ ഒരു സ്ത്രീക്ക് സർവ്വാഭരണ വിഭൂഷിതയായി അർദ്ധരാത്രിയിലും നടന്നുപോകാൻ കഴിയുമെങ്കിൽ ആ രാജ്യമാണ് ഏറ്റവും സമ്പന്നമായത്. അത്തരത്തിൽ സമ്പന്നമായ രാജ്യമാക്കി മാറ്റാൻ, സ്ത്രീകൾക്ക് രാത്രി കാലത്തും ധൈര്യസമേതം ഇറങ്ങിനടക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നതെന്നതിൽ അഭിമാനമുണ്ട്. അതിൽ ശ്രീ. കെ. സി. ജോസഫ് വിഷമിക്കണ്ട; പഴയകാലമല്ല ഇപ്പോൾ മാറ്റമുണ്ട്. സ്ത്രീകൾക്ക് രാത്രികാലങ്ങളിൽ ഇറങ്ങിനടക്കുന്നതിന് 'സുരക്ഷിത' എന്നൊരു പദ്ധതിയുമായി മുന്നോട്ടുപോകുകയാണ്. ഒറ്റയ്ക്കുപോയാലും ഒരു സ്ത്രീ സുരക്ഷിതയാണെന്ന് തെളിയിക്കുന്ന നിലയിലേയ്ക്ക് അടുത്ത ഒരുവർഷത്തിനുള്ളിൽ എത്തിക്കാൻ ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിക്ക് കഴിയുമെന്ന കാര്യത്തിൽ നിങ്ങൾക്കും എനിക്കും നമുക്കാർക്കും സംശയമില്ല. ഒരു നല്ല രാജ്യവും നാടുമാണ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടത്. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് വളരെയധികം ക്രൈമുകൾ കുറഞ്ഞു. ക്രൈമിന്റെ കാര്യത്തിൽ കർശന നിലപാടുകളാണുള്ളത്. എത്ര വലിയവനായാലും കുറ്റം ചെയ്തവൻ പിടിക്കപ്പെടുമെന്ന ചിന്തയാണ് നമ്മളെ നയിക്കുന്നത്. ഒരു പത്രത്തിന്റെ ഓഫീസിൽ കയറി റെയ്ഡ് ചെയ്തുവെന്ന് ഇവിടെ പറഞ്ഞു. അത് ഞങ്ങൾ പറഞ്ഞതല്ല. മുസ്ലീം ലീഗിന്റെ ചന്ദ്രിക ദിനപത്രത്തിന്റെ ഓഫീസിൽ കയറി റെയ്ഡ് ചെയ്തുവെന്ന് ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞതാണ്. പക്ഷേ ഒരു കാര്യം മനസ്സിലാക്കണം, പത്രം ഓഫീസിൽ കയറി പരിശോധന നടത്തിയെന്ന കാര്യം ശ്രീ. കുഞ്ഞാലിക്കുട്ടി ടി.വി.-യിൽ പറയുന്നത് കേട്ടു. അവിടെ പരിശോധിച്ചതെന്തിനാണ്? ആ പത്രത്തിൽവന്ന തെറ്റായ വാർത്തയെക്കുറിച്ചല്ല പരിശോധിച്ചത്. ആ പത്രവുമായി ബന്ധപ്പെട്ട് ചില ആളുകൾ നടത്തിയ അഴിമതിയുടെയും

ക്രമക്കേടുകളുടെയും കണക്ക് ഉണ്ടോയെന്നറിയാൻ ചെന്നതാണ്. കേരളത്തിലെയും ഇന്ത്യയിലെയും ഒരു പത്രം ഓഫീസിലേയ്ക്കും അങ്ങനെ പോകേണ്ടിവന്നിട്ടില്ലെന്ന കാര്യം നമ്മൾ ഓർക്കണം. അല്ലാതെ പത്രത്തിലെ തെറ്റായ വാർത്തയ്ക്കെതിരെ വന്നതല്ല. ഒരു കാര്യം നിങ്ങൾ ആലോചിക്കണം, കേരളത്തിൽ വർഗ്ഗീയ ലഹളയും വർഗ്ഗീയ സംഘർഷവുമുണ്ടാക്കാതെ നാലുവർഷം മുന്നോട്ടുകൊണ്ടുപോയ ഗവൺമെന്റാണിത്. ഇവിടെ ഇന്ത്യയിൽ എന്താണ് കാണുന്നത്? ജനദ്രോഹവും മതേതരത്വവും തകർക്കുന്നൊരു ബിൽ അവതരിപ്പിച്ചുകൊണ്ട് ബി.ജെ.പി.-യുടെയും സംഘ്പാരിവാറിന്റെയും അജണ്ട നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ശ്രീ. നരേന്ദ്ര മോദി ഭരിക്കുന്ന ഡൽഹിയിൽ കലാപം പൊട്ടിപ്പുറപ്പെടുമ്പോൾ, ഏറ്റവും വലിയ ജനകീയ സമരങ്ങളുള്ള കേരളത്തിൽ ഒരു വർഗ്ഗീയ സംഘർഷമോ, വാക്ക് തർക്കമോ ഉണ്ടാകാതെ ഈ നാടിനെ മുന്നോട്ട് നയിക്കാൻ കഴിയുന്ന ഗവൺമെന്റിനെയും പോലീസിന്റെ നടപടികളെയും നമ്മൾ അഭിനന്ദിക്കണ്ടേ? ഒരു കാര്യം കോൺഗ്രസ്സ് ശ്രദ്ധിക്കണം. ഇപ്പോൾ കോൺഗ്രസ്സിന് ഇറ്റലിയിൽനിന്നും കൊറോണ വൈറസ് (കോവിഡ് 19) പിടിപെട്ടിരിക്കുകയാണ്. അനേകവർഷം കോൺഗ്രസ്സിനെ സേവിച്ച മധ്യപ്രദേശിലെ കോൺഗ്രസ്സിന് വോട്ട് മുഴുവൻ വാങ്ങിക്കൊടുത്ത ശ്രീ. മാധവ് റാവു സിന്ധ്യയുടെ മകൻ ഗതികെട്ട് ബി.ജെ.പി.-യിലേയ്ക്ക് പോകുമ്പോൾ പാർലമെന്റിൽ മത്സരിക്കാൻ പേടിയുള്ള ആളുകൾ ശ്രീമതി സോണിയാ ഗാന്ധിയുടെയും ശ്രീ. രാഹുൽ ഗാന്ധിയുടെയും അടുത്തിരുന്നുകൊണ്ട് കോൺഗ്രസ്സിനെ നയിക്കുന്നത് കോൺഗ്രസ്സിന് നല്ലതല്ല. ഇവർ ബി.ജെ.പി.-യെ നേരിടുമെന്നോ വർഗ്ഗീയതയെ ചെറുക്കുമെന്നോ പറഞ്ഞാൽ അത് വിശ്വസിക്കുന്ന മൂഢന്മാരല്ല കേരളത്തിലെ ജനങ്ങളെന്ന് മനസ്സിലാക്കുക. ഇത്തരം വർഗ്ഗീയ ശക്തികളെ ചെറുക്കാനും മതേതരത്വം നിലനിർത്താനും ഇടതുപക്ഷ ജനാധിപത്യമുന്നണിയ്ക്ക് മാത്രമേ കഴിയുകയുള്ളൂ. ഈ ഗവൺമെന്റ് ജനങ്ങളുടെ ഗവൺമെന്റാണ്. ഈ ഗവൺമെന്റെടുക്കുന്ന നടപടികൾ ജനങ്ങൾക്ക് വേണ്ടിയുള്ളതാണ്. നിപ്പ, കൊറോണ, കോവിഡ് 19 അതിനപ്പുറത്തുള്ള ഏത് രോഗം വന്നാലും നമ്മൾ ഒറ്റക്കെട്ടായി നേരിടുമെന്ന് തെളിയിക്കാൻ കഴിവുള്ള ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനയെ അതിശക്തമായി ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഇവിടെ പ്രതിപക്ഷം ഈ ധനാഭ്യർത്ഥനകളെ എതിർക്കുമ്പോൾ ഒന്നും പറയാനില്ലാത്തതുകൊണ്ട് അവസാനം സർക്കാർ ഡയറിയിലെന്തോ ചീഫ് സെക്രട്ടറിയുടെ വീട്ടിലെ നമ്പരില്ലാന്നൊരു പരാതിയാണ് പ്രസംഗത്തിൽ ആകെ കേട്ടത്. രാജ്യത്തിന്റെ സ്ഥിതിയാണെങ്കിൽ അതീവഗുരുതരമാണെന്ന് എല്ലാവർക്കുമറിയാം.

അത് നന്നാക്കാൻ കോൺഗ്രസ്സിന് പറ്റില്ല; കൊറോണയേക്കാൾ വേഗതയിലാണല്ലോ കോൺഗ്രസ്സിന്റെ തലയിൽ താമര വിരിഞ്ഞുകൊണ്ടിരിക്കുന്നത്. താമരപ്പാർട്ടിക്കാർ നാടിനെ നശിപ്പിക്കുമ്പോൾ ഈ രാജ്യത്തിലെ ജനങ്ങളെല്ലാം രക്ഷതേടുന്നത് കേരളത്തെയാണ്. അതിനെന്താ കാരണമെന്ന് ചോദിച്ചാൽ ഒരൊറ്റ ഉത്തരമേയുള്ളൂ; ശ്രീ. പിണറായി വിജയനാണ് കേരളത്തിലെ മുഖ്യമന്ത്രി എന്നതു മാത്രം. സർ, അദ്ദേഹം ആരായിരുന്നു? 1971 ഡിസംബർ 28-നാണ് തലശ്ശേരിയിൽ വർഗ്ഗീയ കലാപം ആരംഭിക്കുന്നത്. തെരുവിൽ വർഗ്ഗീയ വാദികളുടെ അഴിഞ്ഞാട്ടം നടന്ന ദിവസമായിരുന്നു. കേരള പോലീസിൽ വർഗ്ഗീയ ചേരിതിരിവിന്റെ ലക്ഷണങ്ങൾ ദൃശ്യമായോ എന്ന് പലരും ചർച്ച ചെയ്തു തുടങ്ങിയ മണിക്കൂറുകൾ, പൊതുസമൂഹം മരവിച്ചുനിന്ന അത്തരമൊരു സാഹചര്യത്തിൽ 24 മണിക്കൂർ പിന്നിടുന്നതിനുമുമ്പ് 1971 ഡിസംബർ 29-ന് കർമ്മധീരരായി കുറേ സഖാക്കളേയുംകൂട്ടി ഒരു ചെറുപ്പക്കാരൻ വർഗ്ഗീയവാദികളുടെ ഊരിപ്പിടിച്ച വാളുകൾക്കിടയിലൂടെ കടന്നുവന്നു. അദ്ദേഹത്തിന്റെ പേര് വിജയൻ എന്നായിരുന്നു. അത് സാക്ഷാൽ ശ്രീ. പിണറായി വിജയനായിരുന്നു. അദ്ദേഹത്തിന്റെ ചങ്കുറപ്പും ധീരതയും സത്യസന്ധതയും സുതാര്യതയും സന്നിവേശിപ്പിക്കപ്പെട്ട സൈന്യമായി ഇന്ന് കേരള പോലീസ് മാറിയിരിക്കുകയാണ്. അതുകൊണ്ടാണ് നാട്ടുകാരെല്ലാം ഇതുതാൻടാ പോലീസ് എന്നൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ വന്നതിനുശേഷമുള്ള ചില രംഗങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. ഒന്ന്, ജിഷാ വധക്കേസ്, അത് നടന്നത് യു.ഡി.എഫ്.-ന്റെ കാലത്താണ്. അന്ന് വലതുകാലിലെ വാറുപൊട്ടിയ ചെരുപ്പെടുത്ത് ഇടതുകാലിൽ ചെരുപ്പുമിട്ട് വരുന്ന പ്രതിയെ പിടിക്കാൻ തെരുവുമുഴുവൻ തെണ്ടുകയായിരുന്നു യു.ഡി.എഫ്.-ന്റെ പോലീസ്. തെരഞ്ഞെടുപ്പ് അടുത്തപ്പോൾ ഹെൽമറ്റിട്ട രണ്ട് മഫ്തി പോലീസുകാരെ കൊണ്ടുവന്നു പ്രതികളെപ്പിടിച്ചെന്ന് അവർ പരസ്യമുണ്ടാക്കി. ആ പരസ്യത്തിലെ വില്ലൻ കഥാപാത്രങ്ങളായി ഈ പോലീസുകാരെ അവതരിപ്പിച്ചു. ആ കാലമൊക്കെ പോയി, ശ്രീ. പിണറായി വിജയൻ വന്നപ്പോൾ പോലീസ് ഉണർന്നു. പ്രതികളെ തൂക്കിയെടുത്ത് ജയിലിലാക്കി. അതുകണ്ട് ഈ നാട് അന്ന് പറഞ്ഞു; ഇതുതാൻടാ പോലീസ്. രണ്ട്, ജലജ വധക്കേസ്, അത് നടന്നതും യു.ഡി.എഫ്.-ന്റെ കാലത്തായിരുന്നു. കേസ് സി.ബി.ഐ.-യ്ക്കു വിട്ടു. എല്ലാം പെട്ടെന്നാണല്ലോ തീരുമാനിക്കുന്നത്, എത്തുംപിടിയും കിട്ടാതെ സി.ബി.ഐ. ആ കേസ് കൈവിട്ടു. ശ്രീ. പിണറായി വിജയൻ വന്നു പോലീസ് ഉണർന്നു. കേസ് തെളിഞ്ഞു, കേരളം പറഞ്ഞു, ഇതുതാൻടാ പോലീസ്. മൂന്ന്, കാസർഗോഡ് മദ്രസ്സാദ്ധ്യാപകൻ കൊല്ലപ്പെടുന്നു. വർഗ്ഗീയ കലാപം ലക്ഷ്യംവച്ച് അരുംകൊല നടത്തിയ ത്രിമൂർത്തികളെ കത്രികപ്പൂട്ടിട്ട് പൂട്ടിയത് പിണറായി പോലീസാണ്. അപ്പോൾ മതനിരപേക്ഷവാദികൾ പറഞ്ഞു, ഇതുതാൻടാ പോലീസ്. നാല്, പ്രമുഖ നടി

ആക്രമിക്കപ്പെട്ടു. വില്ലൻ വീടും നാടും വിടുന്നതിനുമുമ്പാണ് സിനിമയിലെ നായകനെപ്പോലെ പിണറായി പോലീസ് മാസ് എൻട്രി നടത്തിയത്. അപ്പോൾ സാംസ്കാരിക കേരളത്തിന്റെ പഞ്ച് ഡയലോഗാണ് ഇതുതാൻടാ പോലീസ്. അഞ്ച്, ഐ.എസ്. ഭീകരപ്രസ്ഥാനത്തിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് കേന്ദ്രം തുറന്നുവെന്നറിഞ്ഞ് മലയാളി ചെറുപ്പക്കാരെ മറുനാട്ടിലെത്തിച്ച് വഴിതെറ്റിക്കാൻ വന്നവരെ മുംബൈയിൽ ചെന്നിട്ടാണ് പിണറായിയുടെ പോലീസ് മുട്ടുകുത്തിച്ചത്. അപ്പോൾ രാജ്യസ്നേഹികൾ വാനോളം പുകഴ്ത്തിപ്പറഞ്ഞു ഇതുതാൻടാ പോലീസ്. ആറ്, മലയാളികളെ പറ്റിച്ച് ലക്ഷങ്ങൾ കവർന്ന ഓൺലൈൻ തട്ടിപ്പുകാർ സംസ്ഥാനത്തുനിന്നും രക്ഷപ്പെട്ടു, പിൻതുടർന്ന കേരളത്തിലെ സൈബർ പോലീസ് സംഘം ഡൽഹിയിൽ ചെന്നാണ് തട്ടിപ്പുകാരെ പൂട്ടിയത്. പുതുതലമുറ അന്ന് നവമാധ്യമങ്ങളിൽ പൊങ്കാലയിട്ടു, ഇതുതാൻടാ പോലീസെന്ന്. ഏഴ്, കൂടത്തായി കൊലക്കേസ്, സീരിയൽ കൊലകൾ നടത്തിയ ലേഡി കില്ലർ യു.ഡി.എഫ്. കാലത്ത് ജോളിയായി നടന്നു. എൽ.ഡി.എഫ്. വന്നപ്പോൾ ലേഡി കില്ലറുടെ ജോളി പോയി, ജയിലിലായി. അതുകണ്ട് ജനംപറഞ്ഞു ഇതുതാൻടാ പോലീസ്. ഇങ്ങനെ ഈ നാട്ടുകാരും മറുനാട്ടുകാരുമെല്ലാം ഇടതടവില്ലാതെ കേരളാ പോലീസിന് മാർക്കിട്ടപ്പോൾ എല്ലാ അവാർഡും ഈ നാട്ടിലേയ്ക്കെത്തി. ഒന്നാമത്തേത്, ക്രമസമാധാന പാലനത്തിൽ ഒന്നാം സ്ഥാനം -India Today; രണ്ട്, അഴിമതിക്കുറവുള്ള സംസ്ഥാനം - Center for Media Studies, മൂന്ന്, വർഗ്ഗീയ കലാപം ഇല്ലാത്ത നാട് - National Crime Records Bureau; നാല്, പോലീസ് എക്സലൻസ് അവാർഡ് - കേരള ജനമൈത്രി പോലീസിന്; യു.എ.ഇ.-യുടെ Best Government Service Award അതും കേരള പോലീസിന്, സൈബർ കുറ്റാന്വേഷണ നിഗമന ദേശീയ അവാർഡ് ലഭിച്ചതും കേരള പോലീസിന്, മൊബൈൽ ആപ്ലിക്കേഷൻ രംഗത്ത് നിരവധി അവാർഡുകൾ കേരളാ പോലീസിനെത്തേടിവന്നു. ഇങ്ങനെ പറഞ്ഞുപോയാൽ പാതിരാ കഴിഞ്ഞാലും പറഞ്ഞുതീരില്ല. പോലീസ് പോലീസായപ്പോൾ ക്രിമിനലുകളുടെ കാറ്റുപോയി, കേസിന്റെ എണ്ണം കുറഞ്ഞു. ഇവിടെ പല മെമ്പർമാരും കണക്ക് അവതരിപ്പിച്ചല്ലോ; 2015-ൽ 653408 കേസ്സുകളായിരുന്നത് 2019-ൽ 4,52,787 ആയിക്കുറഞ്ഞു. രണ്ട് ലക്ഷത്തോളം വരുന്ന കേസ്സുകളാണ് കുറഞ്ഞത്. യു.ഡി.എഫ്.-ന്റെ കാലത്ത് വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവെന്നു പറഞ്ഞ് സ്കൂൾ പൂട്ടിയതുപോലെ ഇവിടെ കേസ്സുകളുടെ എണ്ണം കുറഞ്ഞുവെന്നു പറഞ്ഞ് പോലീസ് സ്റ്റേഷൻ പൂട്ടിയോ; പോലീസിന്റെ എണ്ണം കുറച്ചോ; കുറച്ചില്ലെന്നു മാത്രമല്ല, എല്ലാം കൂട്ടുകയാണ് ചെയ്തത്. ആയിരക്കണക്കിന് പുതിയ തസ്തികകൾ ഉണ്ടാക്കി. 2,742 സ്ഥിരം തസ്തികയും 240 താല്ക്കാലിക തസ്തികകളും സൃഷ്ടിച്ചു. ഇങ്ങനെ പുതിയതായി നിയമിച്ചവരെയും പഴയ ആളുകളെയുമെല്ലാം ആയുധവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്.

വടക്കൻപാട്ടിലെ കളരി അഭ്യാസികളും അന്നത്തെ വീരനായകന്മാരുമെല്ലാം ഉപയോഗിക്കുന്ന പടക്കോപ്പുകളെക്കുറിച്ച് പാട്ടിലെല്ലാം പറയാറുണ്ട്. വാൾ, പരിച, ചുറ്റിക, ഉറുമി, മർമ്മക്കോൽ എന്നൊക്കെ പറഞ്ഞിട്ട് അതിന്റെ അഭ്യാസങ്ങളെ സംബന്ധിച്ച് പറയാറുണ്ട്. അതൊക്കെ പറയുന്നതുപോലെ കേരള പോലീസിന്റെ ആധുനിക പടയൊരുക്കങ്ങളുടെ പേരുകേട്ടാൽത്തന്നെ ക്രിമിനലുകൾ നാടുവിടുമെന്ന സ്ഥിതി വന്നിട്ടുണ്ട്. സുരക്ഷിത, നിഴൽ, കവചം, തുണ, യോദ്ധാവ്, രക്ഷാ, എന്നൊക്കെപ്പറഞ്ഞ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുകയാണ്. ചുമ്മാ പേരിനുവേണ്ടി പറയുന്നതല്ല. വനിതകൾക്ക് രാത്രിയാത്ര ഭയരഹിതമായി സാധ്യമാക്കുന്ന 'സുരക്ഷിത' എന്ന പദ്ധതി എല്ലാ ജില്ലയിലേയ്ക്കും വ്യാപിപ്പിക്കാൻ പോവുകയാണെന്നുള്ളത് ഇവിടെ പറഞ്ഞല്ലോ. വനിതകളെയും മറ്റ് മുതിർന്ന പൗരന്മാരേയും നിഴൽപോലെ പിന്തുടർന്ന് അവർക്കാവശ്യമായ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതിയാണ് 'നിഴൽ'. നിങ്ങൾക്ക് ആലോചിക്കാൻ പറ്റുമോ; യു.ഡി.എഫ്.-ന്റെ കാലത്ത് എന്റെ നാട്ടിലെ കാരണവന്മാർ പറഞ്ഞത് സ്വന്തം നിഴലിനെപ്പോലും വിശ്വസിക്കാൻ പറ്റാത്ത കാലമായല്ലോ ഇക്കാലമെന്നാണ്. ആ ശാപമൊക്കെ മാറുകയാണ്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ ഒരു രക്ഷിതാവിന്റെ കരുതലോടെ പിണറായി വിജയൻ ഒരുക്കിയ സുരക്ഷാ പദ്ധതിയാണ് 'കവചം'. കളരി അഭ്യാസികളുടെയും സാധാരണ അഭ്യാസികളുടെയും കയ്യിലൊന്നും കാണാത്ത മറ്റൊരുഗ്രൻ ആയുധം കേരളാ പോലീസിന്റെ കയ്യിലുണ്ട്. എന്നാൽ കളരി ഗുരുക്കന്മാരുടെ കയ്യിൽ അവർ കൊണ്ടുനടക്കാറുള്ള ഒരായുധമാണ് മർമ്മവടി. ഇതിന് ചൊട്ടച്ചാൺ എന്നും കൊട്ടുകോൽ എന്നുമൊക്കെ പറയും, ചെറിയൊരു മരക്കഷണമാണിത്. കാണാനൊന്നും അത്രയ്ക്ക് വലിപ്പമില്ല; കൈവെള്ളയിൽ ഒതുക്കിപ്പിടിക്കാൻ കഴിയുന്ന ആയുധം; അവസാന സമയമാണ് ശത്രുവിനെ വീഴ്ത്താൻ കളരിഗുരുക്കന്മാർ ഇത് ഉപയോഗപ്പെടുത്തുന്നത്. ഒരു മുറിവുപോലും കണ്ടെത്താൻ കഴിയില്ല. പക്ഷേ ആളുടെ കാറ്റുപോകും. ആ ജാതി ആയുധമാണ്. അതുപോലെ ചൊട്ടച്ചാൺ വലിപ്പമുള്ള മൊബൈൽ നമ്മുടെ കയ്യിലെല്ലാം ഇരുപ്പുണ്ട്. ഇത് നമ്മുടെ കയ്യിൽ കിട്ടിയാൽ അതുകൊണ്ടെന്തു ചെയ്യും? അങ്ങോട്ടുമിങ്ങോട്ടുമൊന്നു വിളിക്കും, വാട്ട്സ് ആപ്പിൽ ചാറ്റ് ചെയ്യും, ഫേസ് ബുക്കിൽ കുറച്ച് ലൈക്കിടും നമ്മളതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ വംശനാശം നേരിടുന്ന കെ.എസ്.യു.-ക്കാരുടെ കയ്യിൽക്കിട്ടിയാൽ ഇതുമാത്രമല്ല; കൂടെ നടക്കുന്നവരുടെ ഫോട്ടോയെടുക്കും, അത് മോർഫിംഗ് നടത്തും, അതുവച്ച് വിലപേശും അങ്ങനെ നടക്കുന്ന കെ.എസ്.യു.-ക്കാരുണ്ട്. എന്നാൽ കേരള പോലീസിന്റെ സ്ഥിതിയെന്താ; ഈ ചൊട്ടച്ചാൺ വലിപ്പമുള്ള മൊബൈൽ ഉപയോഗിച്ച് കുറ്റവാളികളെയെല്ലാം ആപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഇപ്പോൾ ആവിഷ്കരിച്ചിരിക്കുകയാണ്. എന്തെല്ലാം ആപ്പുകളാണ്; രക്ഷ, സിറ്റിസൺ സേഫ്റ്റി,

ഡയൽ-എ-കോപ്പ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ് എന്നു തുടങ്ങി മയക്കുമരുന്ന് മാഫിയയെ പൂട്ടാൻ പറ്റുന്ന യോദ്ധാവ് എന്ന ആപ്പും ഇപ്പോൾ കേരളാ സൈബർ പോലീസ് പുറത്തിറക്കി. ഇങ്ങനെ എത്രയെത്ര ആധുനിക ഏർപ്പാടുകളാണ് ഇപ്പോൾ കേൾക്കുന്നത്. ഇന്നത്തെ പത്രത്തിൽ ഒരു വാർത്തയുണ്ട്. കേരളത്തിൽ നഗരങ്ങൾ കേന്ദ്രീകരിച്ച ക്രിമിനലുകളെ പൂട്ടാൻവേണ്ടി അർബൻ കമാൻഡോസ് രംഗത്തിറങ്ങാൻ പോവുകയാണ്. ഇവിടെ ഗണേശേട്ടൻ സൂചിപ്പിച്ചതുപോലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം പരിഹരിച്ചല്ലോ; ഒരു അതിർത്തി തർക്കം. ഇന്ത്യ-പാകിസ്ഥാൻ തർക്കത്തേക്കാളും വലിയ തർക്കമാണ് ചില സ്റ്റേഷനുകളിൽ, ഒരാൾ വണ്ടിയിടിച്ച് തെറിച്ചുവീണ് ജീവൻ പോയാൽ ഇടിച്ച സ്ഥലം ഒരു പോലീസ് സ്റ്റേഷൻ അതിർത്തി, തെറിച്ചുവീണ് മരിച്ചത് മറ്റൊരു അതിർത്തി; ആകെ 10 മീറ്റർ വ്യത്യാസമേ ഉണ്ടാകുകയുള്ളൂ. പക്ഷേ തർക്കം തീർക്കണമെങ്കിൽ മരിച്ചവൻ എഴുന്നേറ്റു വരണമെന്ന സ്ഥിതിയായിരുന്നു പണ്ടുണ്ടായിരുന്നത്. ഇപ്പോൾ കാലംമാറി. അതിന് പരിഹാരമായി എവിടെവന്ന് പരാതി പറയുന്നുവോ അവിടെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാം. എവിടെ കേസന്വേഷിക്കണമോ അവിടേയ്ക്കത് കൈമാറണം. എത്ര നിസ്സാരമായിത് പരിഹരിച്ചു. അതാണ് ശ്രീ. പിണറായി വിജയൻ നയിക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റ്. അതുപോലെ നിരവധി പദ്ധതികൾ ഇത്തരത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം കണ്ടപ്പോൾ കേരളത്തിലെ ജനങ്ങൾ ക്രമസമാധാന പാലനത്തിന് നേതൃത്വം കൊടുക്കുന്ന പോലീസിന് സിന്ദാബാദ് വിളിച്ച് കൂടെ നിൽക്കുകയാണ്. വളരെ ആവേശഭരിതമായി ജനങ്ങൾ ഈ രംഗത്തേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. അഴിമതിക്കാരെയും സാമൂഹിക വിരുദ്ധരെയും കൈകാര്യം ചെയ്യാൻ ഏതാണ്ട് മുണ്ടൂർ മാടന്റെ മാനസികാവസ്ഥയിലാണ് ഇന്ന് കേരളത്തിലെ ജനങ്ങൾ പോലീസിന്റെ കൂടെ നിൽക്കുന്നത്. മുണ്ടൂർ മാടനെ പെട്ടെന്നെല്ലാവർക്കും മനസ്സിലാവില്ല. ഞങ്ങൾ പാലക്കാട്ടുകാർക്കറിയാം. എന്നാൽ അയ്യപ്പനും കോശിയുമെന്ന സിനിമ കണ്ടാൽ മതി, അതിലുണ്ട്. അയ്യപ്പനും കോശിയും എന്ന സിനിമയിൽ അയ്യപ്പൻ നായർ എന്ന പോലീസ് ഓഫീസറുടെ പൂർവ്വകാലം വിവരിക്കുന്ന സീനുണ്ട്. അയ്യപ്പൻ നായരോ, അപ്പോൾ ചിലർക്ക് സംശയമായി. കേരളത്തിലെ സവർണ്ണകുലജാതർക്ക് അയ്യപ്പൻ നായർ എന്ന പേരുണ്ടോ. എങ്ങനെയാണ് ആ പേര് വന്നതെന്നുള്ള മറുപടിയും അതിലുണ്ട്. സവർണ്ണന്റെ പരാക്രമത്തിൽ ഗർഭം ധരിച്ച് പ്രസവിക്കേണ്ടിവന്ന ദളിതയായ ഒരു സ്ത്രീ അവരുടെ മകന്റെ പേരിന്റെയൊപ്പം 'നായർ' എന്നുചേർത്താണ് തന്റെ പ്രതികാരം തീർത്തത്. ആ മകൻ വളർന്നുവലുതായി. തന്റെ ഗ്രാമമായ മുണ്ടൂരിലെ ജന്മിമാടമ്പിമാർ അവിടത്തെ അവർണ്ണരായ മനുഷ്യരെ കൊലപ്പെടുത്താൻ അന്ന് പല അട്ടഹാസങ്ങളും നടത്താറുണ്ടായിരുന്നു. അതിന് പ്രതികാരം നടത്താൻ

തീരുമാനിച്ച ഈ ചെറുപ്പക്കാരൻ മാടൻ എന്ന കുമ്മാട്ടി വേഷവുംകെട്ടി മുണ്ടൂർ കുമ്മാട്ടിപ്പറമ്പിൽ ഇറങ്ങുന്ന ഒരു സീനുണ്ട്. അയ്യപ്പൻ എന്ന പോരാളി 13 ക്രിമിനലുകളെയാണ് പുറകിൽനിന്ന് വട്ടംപിടിച്ച് വാരിയെല്ല് തകർത്ത് അന്ന് പരലോകത്തേയ്ക്കയച്ചത്. അതാണ് ആ സിനിമയിൽ പറയുന്ന പൂർവ്വകാല കഥ. ഈ നാടിന്റെ വികസനക്കുതിപ്പിന് തുരങ്കംവയ്ക്കുന്ന, പ്രളയകാലത്തുപോലും രാഷ്ട്രീയ പ്രതികാരം തീർക്കുന്ന യു.ഡി.എഫ്. എന്ന ജനവഞ്ചകരെ കാത്ത്, മുണ്ടൂർ മാടന്റെ മനസ്സുമായി തെരഞ്ഞെടുപ്പ് നടക്കുന്ന കുമ്മാട്ടിക്കാലത്തെയും കാത്തിരിക്കുകയാണ് കേരളീയർ. ആ കേരളീയരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, പോലീസ്, ജയിലുകൾ, അച്ചടിയും സ്റ്റേഷനറിയും എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഇവിടെയെല്ലാവരും വിശദീകരിച്ചതുപോലെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ വകുപ്പുകളെല്ലാം വികസനത്തിലും അവയുടെ മികവാർന്ന പ്രവർത്തനത്തിലും ചരിത്രം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ നേരത്തേ സംസാരിച്ചവർ ഏറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പോലീസിൽനിന്ന് ഒരു സമൂഹം പ്രതീക്ഷിക്കുന്നത് കുറ്റകൃത്യങ്ങൾ തടയുക, കുറ്റാന്വേഷണം ഫലപ്രദമായി നടത്തുക, സാമൂഹ്യ ജീവിതത്തിൽ ക്രമസമാധാനം ഉറപ്പുവരുത്തുക ഇവയെല്ലാമാണ്. ഈ ദൗത്യം ഏറ്റവും ഭംഗിയായി കേരളത്തിൽ ഇപ്പോൾ നിർവ്വഹിക്കപ്പെടുന്നുവെന്നതാണ് ഇവിടെ നേരത്തേ ഞങ്ങളുടെ പക്ഷത്തുനിന്നും സംസാരിച്ചവരെല്ലാം വസ്തുതകൾ വച്ചുകൊണ്ട് വിശദീകരിച്ചത്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച സ്ഥിതിവിവരക്കണക്കുകളിലും സ്റ്റാറ്റിസ്റ്റിക്സിലും കേരളം കൈവരിച്ച നേട്ടം അക്കമിട്ട് നിരത്തുന്നുണ്ട്. ഇവിടെ കാര്യങ്ങൾ വിശദീകരിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത കേരളം ദേശീയതലത്തിൽ ഏറെ പ്രശംസയ്ക്ക് പാത്രീഭവിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഭരണത്തിൽ വർഗ്ഗീയ ശക്തികൾക്ക് അഴിഞ്ഞാടാനുള്ള അവസരമൊരുക്കിയ അനുഭവമാണ് നമ്മുടെ മുന്നിലുള്ളത്. അതിൽനിന്നും വ്യത്യസ്തമായ സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചതിന്റെ ഭാഗമായാണ് വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത അന്തരീക്ഷം ഇവിടെ വികസിപ്പിക്കാനായത്. ശ്രീ. പ്രവീൺ തൊഗാഡിയെപ്പോലെയുള്ള വർഗ്ഗീയ വാദികളുടെ കേസ് പിൻവലിച്ചുകൊടുത്തത് ധാരാളം ചർച്ച ചെയ്തതാണ്. പക്ഷെ അതിനെക്കാളെല്ലാം ഗൗരവമുള്ള പ്രശ്നം, ഇന്ന് കേരളത്തിലെ കൊടുംവർഗ്ഗീയവാദികളുടെ ഇന്റലക്ച്വൽ ലീഡർഷിപ്പ് എന്നുള്ള നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയായിരുന്ന യു.ഡി.എഫ്.-ന്റെ കാലത്ത്

ഇവിടത്തെ പോലീസ് സേനയെ നയിച്ചത് എന്നതാണ്. ഇന്നത്തെ പ്രതിപക്ഷ നേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം ഇവിടത്തെ സ്റ്റേറ്റ് പോലീസ് ചീഫായിരുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം ഇന്റലിജൻസ് മേധാവിയായിരുന്നു. ഇത്തരം ആളുകളുടെ ഉപദേശങ്ങളും ഇന്റലിജൻസ് റിപ്പോർട്ടുമെല്ലാം സ്വീകരിച്ചാണ് അന്നത്തെ പോലീസ് പ്രവർത്തിച്ചിരുന്നത്. പോലീസിന്റെ കുഴപ്പം കൊണ്ടായിരുന്നില്ല, അവരെ നയിക്കാൻ നിയോഗിച്ചവരുടെ കുഴപ്പവും അതുപോലെതന്നെ നിങ്ങളുടെ ഏറ്റവും വികൃതമായിട്ടുള്ള രാഷ്ട്രീയവും കാരണമാണ് അന്ന് കേരളത്തിൽ വർഗ്ഗീയ സംഘർഷത്തിന്റെയും ക്രമസമാധാന ത്തകർച്ചയുടെയും കുറ്റവാളികൾക്ക് വിലസാനുമുള്ള അന്തരീക്ഷവുമെല്ലാം ഒരുങ്ങിവന്നത്. ഇന്ന് കാലവും സാഹചര്യവും മാറി. യു.ഡിഎഫ്.-ന്റെ കാലത്ത് ആത്മവിശ്വാസം തകർത്ത് അരാജകത്വത്തിലാക്കിയ പോലീസ് സേനയെ ആത്മവിശ്വാസം നൽകി ഒരു പരിഷ്കൃത ജനാധിപത്യ സമൂഹത്തിന് നിരക്കുംവിധത്തിൽ ആധുനികവൽക്കരിക്കുകയാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് എന്തുകൊണ്ടാണ് പോലീസിന്റെ ആത്മവിശ്വാസം തകർന്നുപോയത്? പ്രധാനമായും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്നയാൾ സി.ബി.ഐ.-യുടെ ഉപാസകനായിരുന്നു. അദ്ദേഹത്തിന്, ഇന്നത്തെ പ്രതിപക്ഷ നേതാവിന്, കേരളത്തിലെ പോലീസ് സേനയിൽ വിശ്വാസമുണ്ടായിരുന്നില്ല. അദ്ദേഹത്തിന് എപ്പോഴും സി.ബി.ഐ.-യെയാണ് വലിയ മതിപ്പുണ്ടായിരുന്നത്. അതുകൊണ്ടാണ് സ്വന്തം മണ്ഡലത്തിലെ ജലജാ സുരേന്ദ്രൻ വധക്കേസ് വലിയ വിവാദമായി നിന്നത്. പ്രതികളെ പിടികൂടാനാകാതെ ആത്മവിശ്വാസം നഷ്ടപ്പെട്ട് ആ കേസുപോലും അദ്ദേഹം സി.ബി.ഐ.-യെ ഏൽപ്പിച്ചു. ഒന്നും സംഭവിച്ചില്ല. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ അന്വേഷണം ക്രൈം ബ്രാഞ്ചിന് വിട്ടപ്പോൾ ഏറ്റവും മികവുറ്റ നിലയിൽ അന്വേഷണം നടത്തി പ്രതികളെ പിടികൂടി. ഏത് കാലത്താണെങ്കിലും സി.ബി.ഐ.-യെക്കാൾ ഏറ്റവും മികച്ച നിലയിൽ പ്രവർത്തിക്കുന്നത് കേരള പോലീസാണെന്നുള്ളത് നമുക്കെല്ലാം അറിയാവുന്നതാണ്. ആ പോലീസിന്റെ ആത്മവിശ്വാസം തകർക്കുന്ന നിലപാട് തുടർച്ചയായി സ്വീകരിച്ചുവന്നു. ഇവിടെ നേരത്തേ ആരോ പരാമർശിച്ച ജിഷ വധക്കേസിൽ സംഭവിച്ചത് എന്താണ്; ഈ ഗവൺമെന്റ് വന്നതിനുശേഷമല്ലേ അതന്വേഷിച്ച് തുമ്പുണ്ടാക്കിയത്. യു.ഡി.എഫ്.-ന്റെ കാലത്ത് പോലീസിനെ കോമാളിയാക്കുകയായിരുന്നു. അന്നത്തെ സ്റ്റേറ്റ് പോലീസ് ചീഫ് ഉൾപ്പെടെ നിർദ്ദേശിച്ചതനുസരിച്ച് പ്രതിയുടെ ഒറ്റച്ചെരുപ്പ് മരത്തിൽ കെട്ടിവച്ച് ആ ചെരുപ്പന്വേഷിച്ച് പ്രതി വരുമെന്നുപറഞ്ഞ് കാത്തുകിടന്ന്,

പോലീസിനെ പരിഹാസ്യമാക്കുന്ന രീതി അവലംബിച്ചിരുന്നു. അതിൽനിന്നും വ്യത്യസ്തമായി കേരള പോലീസിൽ ഇന്ന്, വികസനത്തെക്കുറിച്ച് പറയുമ്പോൾ ഇവിടെ ഏറ്റവും മികവുറ്റ നിലയിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം കൊടുക്കുന്നു. സ്ത്രീ സുരക്ഷയ്ക്ക് വേണ്ടിയുള്ള പ്രത്യേക സംവിധാനങ്ങൾ, ആ നിലയിലുള്ള നിലപാടുകൾ സ്വീകരിക്കുന്നതോടൊപ്പം ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് ഏറ്റവും മികച്ച നിലയിൽ പോലീസിന്റെ പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകുകയാണ്. അവ ഓരോന്നും ഇവിടെ പറയുകയുണ്ടായി. പഴയകാലത്തെ മൂന്നാം മുറയെല്ലാം ഉപേക്ഷിച്ച് പുതിയ സാങ്കേതികവിദ്യയുടെ സഹായത്തോടെ ശാസ്ത്രീയമായി കുറ്റാന്വേഷണം നടത്തുന്ന രീതി ഈ ഗവൺമെന്റിന്റെ കാലത്ത് വികസിപ്പിച്ചതിന്റെ ഭാഗമായാണ് ഈ നേട്ടങ്ങളോരോന്നും കൈവരിക്കാൻ കഴിഞ്ഞതെന്നുള്ളതാണ് യാഥാർത്ഥ്യം. ഈ ഗവൺമെന്റ് വന്നതിനുശേഷം കുറ്റാന്വേഷണ കാര്യങ്ങളിൽ പോലീസിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം മികച്ച നിലയിൽ മുമ്പോട്ടുവന്നു എന്നതിന് ഉദാഹരണങ്ങൾ ഇവിടെ നേരത്തേ സംസാരിച്ചവരെല്ലാം പറഞ്ഞു. വർഷങ്ങൾക്കുമുമ്പ് നടന്ന കുറ്റകൃത്യങ്ങൾപോലും ഇപ്പോൾ കണ്ടുപിടിക്കുകയാണ്. കൂടത്തായി കൊലപാതക പരമ്പര മാത്രമല്ല. ഒരു ആർ.എസ്.എസ്.-കാരൻ കൊല്ലപ്പെട്ട കേസുണ്ടായിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് ആ കേസിൽ സി.പി.ഐ.(എം)-കാരെ കള്ളക്കേസിൽ കുടുക്കി ജയിൽ ശിക്ഷയ്ക്ക് വിധേയരാക്കി. പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചപ്പോൾ ആ കേസ് റദ്ദ് ചെയ്യുകയും പുനരന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. ക്രൈം ബ്രാഞ്ച് പുനരന്വേഷണം നടത്തിയപ്പോൾ യഥാർത്ഥ പ്രതികളെ കണ്ടെത്തി. അപ്പോൾ ഇങ്ങനെയാണ് നിങ്ങളുടെ കാലത്ത് ഓരോ കേസുകളും കൈകാര്യം ചെയ്തിരുന്നത്. ഇവിടെ ഇനി സംസാരിക്കാൻ പോകുന്ന ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് രാഷ്ട്രീയ പ്രതിയോഗികളെ ഏറ്റവും ക്രൂരമായി വേട്ടയാടുന്ന രീതി സ്വീകരിച്ചത്. അടിയന്തരാവസ്ഥക്കാലത്ത് ഉണ്ടായിരുന്നതിനേക്കാൾ ഭീകരമായാണ് ചെയ്തിരുന്നത്. അങ്ങ് ലക്ഷ്യമിട്ടിരുന്നത് വലിയ വലിയ സ്ഥാനങ്ങളിലേക്കായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. ആ നിലയിൽ പോലീസിനെ ദുരുപയോഗം ചെയ്തത് അക്കാലത്തായിരുന്നു. അത്തരത്തിലൊരു സമീപനം ഇന്നത്തെ ഗവൺമെന്റിന്റെ കാലത്ത് ഒന്നുപോലും ചൂണ്ടിക്കാണിക്കാൻ കഴിയില്ല. നേരത്തേ ഇവിടെ ശ്രീ. പി. ഉബൈദുള്ള സംസാരിക്കുമ്പോൾ പറഞ്ഞ ഒരു കാര്യം, ശ്രീ. നരേന്ദ്ര മോദി സി.ബി.ഐ.-യെ ഉപയോഗിച്ച് ശ്രീ. പി. ചിദംബരത്തെയും ശ്രീ. ഡി. കെ. ശിവകുമാറിനെയും ജയിലിലിടുന്നു. അതുപോലെ പിണറായി വിജയൻ പോലീസിനെ ഉപയോഗിച്ച് ഇവിടെ മുൻമന്ത്രിമാരെയെല്ലാം വേട്ടയാടുന്നു എന്നാണ്. അങ്ങനെയൊരു

വേട്ടയാടലിന്റെ ശ്രമം ഈ ഭാഗത്തുനിന്ന് ഉണ്ടായിരുന്നെങ്കിൽ എന്താകുമായിരുന്ന സ്ഥിതിയെന്ന് നിങ്ങൾക്കറിയാമല്ലോ. ഇവിടെ നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്ന സമീപനം മാത്രമാണ് സ്വീകരിക്കുന്നത്. പക്ഷെ നിങ്ങൾ പറഞ്ഞ ശ്രീ. നരേന്ദ്ര മോദിയുടെ സി.ബി.ഐ. അല്ലേ നിങ്ങളുടെ ഏറ്റവും വലിയ വിശ്വസ്ത സ്ഥാപനം. നിങ്ങളിവിടെ എന്നും ബോയ്ക്കോട്ടും നടുത്തളത്തിൽ ഇറങ്ങലും ബഹുമാന്യനായ സ്പീക്കറുടെ പോഡിയത്തിന്റെ കൈവരിയിൽ പിടിച്ച് തൂങ്ങിക്കിടക്കുന്നതുമെല്ലാം സി.ബി.ഐ. അന്വേഷണത്തിനുവേണ്ടിയല്ലേ. ഈ വീടിന്റെ ഐശ്വര്യം മുത്തപ്പൻ എന്നുപറഞ്ഞതുപോലെ നിങ്ങൾ കെ.പി.സി.സി. ഓഫീസിൽ സി.ബി.ഐ.-യെക്കുറിച്ച് എഴുതിവച്ചിരിക്കുകയല്ലേ. ആ സമീപനം നിങ്ങൾ ഈ ഗവൺമെന്റുമായി താരതമ്യം ചെയ്യേണ്ട കാര്യമില്ല. കേരള പോലീസിന്റെ മികവുറ്റ പ്രവർത്തനം സമൂഹമാകെ അംഗീകരിച്ചതാണ്. സമൂഹത്തിന് അക്കാര്യത്തിൽ നല്ല ആത്മവിശ്വാസമുണ്ട്. സൂര്യന്റെ പ്രഭയെ പാഴ്മരംകൊണ്ട് മറയ്ക്കാനുള്ള ശ്രമമെന്ന നിലയിൽ ഈ നേട്ടങ്ങളെ മറച്ചുപിടിക്കാനുള്ള നിങ്ങളുടെ വ്യാമോഹത്തിന്റെ ഭാഗമായാണ് നിങ്ങളിപ്പോൾ സി.&എ.ജി. റിപ്പോർട്ടിലെ ചില കാര്യങ്ങളും എഴുന്നള്ളിച്ചുകൊണ്ട് വരുന്നതെന്നാണ് എനിക്ക് തോന്നുന്നത്. സി. & എ.ജി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സി.ബി.ഐ. അന്വേഷണം വേണമെന്നാണ് പറയുന്നത്. പ്രതിപക്ഷ നേതാവിൽ സി.ബി.ഐ. പരകായപ്രവേശം നടത്തിയതുപോലെയാണ് അദ്ദേഹത്തിന്റെ പ്രതികരണങ്ങളും പ്രസ്താവനകളും വന്നുകൊണ്ടിരിക്കുന്നത്. എന്താണ് സി. & എ.ജി. റിപ്പോർട്ടിലുള്ളത്? എല്ലാ കാലത്തുമുള്ളതുപോലെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ, അത് നിയമാനുസൃതമായാണോ നടക്കുന്നത്, അതിൽ എന്തെങ്കിലും വീഴ്ചകളുണ്ടെങ്കിൽ പരിഹരിക്കേണ്ടതുണ്ടോയെന്ന് ചൂണ്ടിക്കാണിക്കുന്ന റിപ്പോർട്ടാണത്. അതിൽ പ്രധാനമായും പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് പറഞ്ഞിട്ടുള്ള ഭാഗത്ത് 16 ന്യൂനതകൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതിൽ 11 കാര്യങ്ങളും യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ളതാണ്. രണ്ടുമൂന്ന് കാര്യങ്ങൾ യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും കാലത്തുള്ളവയുമാണ്. ഇതിൽ പലതും സാധാരണ സി.& എ.ജി. റിപ്പോർട്ടുകളുടെ കാര്യത്തിൽ സംഭവിക്കുന്നതുപോലെ സർക്കാരിന്റെ വസ്തുനിഷ്ഠമായ വിശദീകരണത്തിൽ അവസാനിപ്പിക്കാവുന്നവയാണെന്നാണ് തോന്നുന്നത്. എന്തായാലും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അക്കാര്യം പരിശോധിക്കുന്നുണ്ട്. അതിനുശേഷം സാധാരണ നടപടിക്രമങ്ങളനുസരിച്ച് പോകുമ്പോൾ കാര്യങ്ങൾ വ്യക്തമാകും. പക്ഷെ സി. &എ.ജി. റിപ്പോർട്ട് ശ്രീ. സണ്ണി ജോസഫ് ഇവിടെ ഉദ്ധരിച്ചപ്പോൾ, പൂർണ്ണമായും വായിക്കണ്ടേ; ശ്രീ. പി. ടി. തോമസ് വായിക്കുന്നതുപോലെ

വായിച്ചാൽ മതിയോ? അദ്ദേഹം റഷ്യൻ കുട്ടിക്കഥകൾ മാത്രമേ വായിക്കാറുള്ളൂ. ഇത് അതുപോലെയല്ല. പൂർണ്ണമായും വായിക്കണം. സി.&എ.ജി. റിപ്പോർട്ടിലെ ഏറ്റവും ഗൗരവമുള്ള ഭാഗം വായിക്കുമ്പോൾ, എത്രത്തോളം ഗൗരവമുണ്ടെന്ന് പരിശോധന നടക്കുമ്പോൾ അറിയാം. വെടിയുണ്ടകൾ കാണാതായതാണ് ഗൗരവമുള്ള ഭാഗം. അതുപോലെ കൃത്രിമമായി കാട്രിഡ്ജുകൾ വച്ച കാര്യവും വരുന്നുണ്ട്. അതുപോലെ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ഗൗരവമായി കൈകാര്യം ചെയ്യേണ്ടതാണ്. സി. & എ.ജി. റിപ്പോർട്ടിൽ ഏറ്റവും രൂക്ഷമായി പറഞ്ഞ ഒരു ഭാഗം, " 2015 സെപ്റ്റംബറിൽ രൂപീകൃതമായ അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണം; സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള 7.62mm M80 വെടിയുണ്ടകൾ നേരത്തെ കുറവ് വന്ന വിവരം മൂടിവെയ്ക്കാനുള്ള ശ്രമവും" എന്ന തലക്കെട്ടോടെ വിശദീകരിക്കുന്ന ഭാഗമാണ് ഏറ്റവും ഗൗരവപൂർവ്വമുള്ളത്. അതായത് വെടിയുണ്ടകൾ കാണാതായത് മാത്രമല്ല 2015-ൽ ആ സംഭവം മൂടിവയ്ക്കാൻ നടത്തിയ ശ്രമത്തെക്കുറിച്ച് രൂക്ഷമായി സി.&എ.ജി. റിപ്പോർട്ടിൽ പറയുന്നുണ്ട്. 2015 ആരുടെ കാലമാണ്? എന്തുകൊണ്ടാണ് ഇത്രയും ആളുകൾ സി. & എ.ജി. റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞിട്ടും ആ ഭാഗം സ്പർശിക്കാതിരുന്നത്?

കൂടാതെ മൊബൈൽ ആന്റ് കമാന്റ് കൺട്രോൾ വാഹനംകൊണ്ട് പോലീസ് സേനയെ നവീകരിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് പറയുന്ന ഭാഗം വാഹനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ടുണ്ട്. വില്ല നിർമ്മിച്ചതിനെക്കുറിച്ച് പറഞ്ഞല്ലോ? അത് വകമാറിയോ, ശരിയാണോയെന്ന് പരിശോധിക്കാം. പക്ഷെ ഇവിടെ ഹൈടെക്ക് വാഹനങ്ങൾ വാങ്ങുമ്പോൾ വെറും വാഹനം മാത്രമേ കിട്ടിയിട്ടുള്ളൂ. അതിന്റെ അനുബന്ധമായുണ്ടാകേണ്ട സാങ്കേതിക വിദ്യ, എക്യൂപ്മെന്റ്സ് ഒന്നുമില്ല. ഇതൊന്നുമില്ലാതെ അതിന്റെ പണവും കൊടുത്തുവെന്ന ആക്ഷേപം വന്നിട്ടുണ്ട്. നിങ്ങളുടെ ഭരണകാലത്താണ് ഇത് സംഭവിച്ചിരിക്കുന്നത്. ഇ-ബീറ്റ് സമ്പ്രദായം നടപ്പിലാക്കിയതിലെ ക്രമക്കേടുൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി പരിശോധനാവിധേയമാക്കേണ്ടതാണ്. അത് മറച്ചുവച്ചുകൊണ്ട് പോലീസ് സേനാ മേധാവിയെയും ഗവൺമെന്റിനെയും ഇകഴ്ത്തിക്കാണിക്കാൻ ചില കാര്യങ്ങളെടുത്ത് പറയുകയാണ്. അക്കാര്യങ്ങളൊന്നും വിലപ്പോകുന്നതല്ല. ബഹുമാന്യനായ ശ്രീ. പി. ടി. തോമസിന് സംഭവിച്ചത് എന്താണ്? പ്രസ്തുത റിപ്പോർട്ട് നിയമസഭയിൽ വരുന്നതിനുമുമ്പുതന്നെ റിപ്പോർട്ടിന്റെ ഉള്ളടക്കം അദ്ദേഹം ഇവിടെ പ്രസംഗിച്ചു. കൂടാതെ സർക്കാർ ഇതിന് മറുപടി കൊടുത്തില്ലെന്നുവരെ പറഞ്ഞു. ഈ റിപ്പോർട്ട് ചോർത്തിക്കിട്ടിയതോ ചോർത്തിയെടുത്തതോയെന്നറിയില്ല; എന്തായാലും അത് കിട്ടിയ ആവേശത്തിൽ മുഴുവൻ വായിച്ച് പഠിക്കാതെ

ഉണ്ടയില്ലാ വെടി ഉന്നയിക്കുകയായിരുന്നു ശ്രീ. പി. ടി. തോമസ് ഇവിടെ ചെയ്തത്. ശ്രീ. പി. ടി. തോമസിനെ നമുക്കെല്ലാവർക്കുമറിയാം. അദ്ദേഹം പണ്ടുപണ്ടേ കോൺഗ്രസിലെ ഉന്നംതെറ്റിയ ഉണ്ടയാണ്. ഉന്നം തെറ്റിയ ഉണ്ട എവിടെയും ചെന്ന് പതിക്കും. ഉണ്ടയില്ലാ വെടി എവിടെ ചെന്ന് പതിക്കുമെന്നത് കാണാനിരിക്കുകയാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്. സമയം കഴിഞ്ഞു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, തലശ്ശേരിക്കാരനായ ഒരു കേയിയുടെ കഥ നമ്മൾ കേട്ടിട്ടുണ്ട്. അദ്ദേഹം വ്യാപാരം നടത്തുന്നയാളായിരുന്നു. കരിങ്കണ്ണന്മാർ എന്തെങ്കിലും പറഞ്ഞാൽ അത് സംഭവിക്കുമെന്ന ഒരു സങ്കൽപ്പമുണ്ട്. കോഴിക്കോട്ടുകാരനായ കുട്ടപ്പനെന്ന ഒരു കരിങ്കണ്ണനെയും കൂട്ടി തലശ്ശേരിക്കാരനായ കേയി വ്യാപാരത്തിലെ എതിരാളിയുടെ കപ്പൽ മുക്കാൻ പോയ കഥയുണ്ട്. കേയി കരിങ്കണ്ണന് കടലിൽ ദൂരെയുള്ള കപ്പൽ കാണിച്ചുകൊടുക്കുകയാണ്. കരിങ്കണ്ണൻ എന്തെങ്കിലും ഒന്ന് പറഞ്ഞാൽ കപ്പൽ മുങ്ങും. കേയി കപ്പൽ കാണിച്ചുകൊടുത്തിട്ടും കരിങ്കണ്ണൻ കപ്പൽ കാണുന്നില്ല. അവസാനം സൂക്ഷ്മമായി നോക്കി കപ്പൽ കണ്ടെത്തി. കരിങ്കണ്ണൻ കപ്പൽ കണ്ടു ഉടനെ കേയിയോട് പറയുകയാണ് അങ്ങയുടെ കണ്ണ് വല്ലാത്ത കണ്ണ് തന്നെയെന്ന്. അങ്ങനെ പറഞ്ഞതും കേയിയുടെ രണ്ട് കണ്ണും പൊട്ടിപ്പോയി. അതുപോലെയാണ് ഇവിടെ ശ്രീ. പി. ടി. തോമസിനെയും കൂട്ടി പിണറായിയുടെ കപ്പൽ മുക്കാൻ ഇറങ്ങിത്തിരിച്ച പ്രതിപക്ഷനേതാവിന്റെ അവസ്ഥയെന്ന് പറയാനാണ് ഞാൻ ഈ കഥ പറഞ്ഞത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ആറന്മുള നിയോജക മണ്ഡലത്തിലെ അംഗം വംശനാശ പാക്കേജിനെക്കുറിച്ചാണ് പറഞ്ഞത്. ആ പാക്കേജ് ആദ്യം ബംഗാളിലും ത്രിപുരയിലും നടപ്പിലാക്കിയിട്ടുവേണം മറ്റ് സ്ഥലങ്ങളെക്കുറിച്ച് ആലോചിക്കേണ്ടത്. പുത്തൻകൂറ്റുകാർ കൊട്ടിപ്പാടുമെന്ന് ഒരു ചൊല്ലുണ്ട്. സാധാരണ ആളുകൾ മുട്ടുകുത്തി ആരുംകാണാതെ പ്രാർത്ഥിക്കും. മതംമാറി വന്നവർ നാട്ടുകാരെ കാണിക്കാൻ കൊട്ടിപ്പാടും എന്ന ഒരു ചൊല്ലുണ്ട്. കൂടുതലായി ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരള പോലീസിന്റെ അന്തസ്സും ആത്മാഭിമാനവും വിശ്വാസ്യതയും ഏറ്റവുമധികം ചോദ്യം ചെയ്യപ്പെടുന്ന കാലഘട്ടത്തിലാണ് ഈ ധനാഭ്യർത്ഥന. പോലീസിന് എന്തിനാണ് പണം? ടെണ്ടർ ഇല്ലാതെ കാറും മറ്റ് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങാനും കമ്മീഷൻ എടുക്കുന്നതിനുമാണോ ഇപ്പോൾ പണം അനുവദിക്കുന്നതെന്ന് ജനം ചോദിച്ചാൽ, അവരെ കുറ്റം പറയാൻ സാധിക്കില്ല.

പൊതുമുതൽ സംരക്ഷിക്കുന്നതിന് ഉത്തരവാദിത്വമുള്ള പോലീസുതന്നെ അത് കൊള്ളയടിക്കുന്നതിന് നേതൃത്വം കൊടുക്കുന്ന കാഴ്ചയാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. ഇത് താൻടാ പോലീസെന്ന് ശ്രീ. കെ. ഡി. പ്രസേനൻ പറഞ്ഞത് ഇതുദ്ദേശിച്ചായിരിക്കും. എല്ലാ പോലീസ് സ്റ്റേഷനുകൾക്കും ഒരു പ്രത്യേക കമ്പനിയുടെ പെയിന്റ് വാങ്ങി പെയിന്റ് ചെയ്യണമെന്ന് പറഞ്ഞു. കേരളത്തിലുള്ള എല്ലാ പോലീസുകാരും ഒരു പ്രത്യേക കമ്പനിയുടെ തുണി വാങ്ങി യൂണിഫോം തയ്ക്കണമെന്ന് നിർദ്ദേശം കൊടുത്തു; വിവാദമായപ്പോൾ പിൻവലിച്ചു. ഇത് താൻടാ പോലീസ്. പോലീസ് മേധാവിയെ കുറ്റാരോപിതനാക്കിയ അക്കൗണ്ടന്റ് ജനറൽ വാർത്താസമ്മേളനം നടത്തുന്നത് കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ്; ഇത് താൻടാ പോലീസെന്ന് അദ്ദേഹം പറഞ്ഞത് ഇത് ഉദ്ദേശിച്ചായിരിക്കും. കേരള പോലീസിന്റെ കഴിവുകേട് എത്രത്തോളമുണ്ടെന്ന് അറിയാൻ 12061 വെടിയുണ്ടകളും 25 ഇൻസാസ് റൈഫിളുകളും കാണാതായ സംഭവം മാത്രം മതി. ചോദിക്കുമ്പോൾ ഭരണകക്ഷിയിലെ അംഗങ്ങൾ പറയുന്നത് യു.ഡി.എഫ്.-ന്റെ കാലത്തും വെടിയുണ്ടകൾ കാണാതായിട്ടുണ്ടെന്നാണ്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ എ. പ്രദീപ്കുമാറും അതുതന്നെയാണ് പറഞ്ഞത്. അങ്ങനെ വെടിയുണ്ടകൾ കാണാതായിട്ടുണ്ടെങ്കിൽ ആരുടെ കാലഘട്ടത്തിലായാലും അതിനെക്കുറിച്ച് സ്വതന്ത്രമായ അന്വേഷണം നടത്താൻ നിങ്ങൾക്ക് ധൈര്യമുണ്ടോയെന്ന് ഞങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ അന്വേഷണം നടത്തുന്നത് ആരാണ്? ഡി.ജി.പി കുറ്റാരോപിതനായ കേസുകൾ അന്വേഷിക്കാൻ ചുമതലപ്പെടുത്തുന്നത് ഹോം സെക്രട്ടറിയെയാണ്. നാളെ ഹോം സെക്രട്ടറിക്ക് ഒരു കാർ ഡി.ജി.പി. വാങ്ങിക്കൊടുത്താൽ ആർക്കും കുറ്റം പറയാൻ കഴിയില്ല. ബാഗിൽ വെടിയുണ്ടകളുമായി പലരും നമ്മുടെ നാട്ടിൽ ഇതിനുമുമ്പ് അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യം വിസ്മരിക്കാൻ പാടില്ല. ഇത്രയും ഗുരുതരമായ വീഴ്ചകളുണ്ടായ കാലഘട്ടം കേരള പോലീസിന്റെ ചരിത്രത്തിൽ മുമ്പെങ്ങുമുണ്ടായിട്ടില്ലെന്നാണ് നാല് വർഷത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള പോലീസ് ഭരണത്തിന്റെ ബാക്കി പത്രമെന്നുള്ളത് കേരളത്തിലെ ജനങ്ങൾ അറിഞ്ഞുകൊണ്ടിരിക്കുകയാണ്. കമ്മീഷൻ മാഫിയയാണ് ഇന്ന് കേരള പോലീസിനെ നയിക്കുന്നത്. സ്റ്റോർ പർച്ചേസ് മാന്വൽ കാറ്റിൽ പറത്തി ചട്ടങ്ങളും മാനദണ്ഡങ്ങളും നോക്കുകുത്തിയാക്കി യഥേഷ്ടം കോടികളുടെ പർച്ചേസ് നടത്തുകയാണ്. എന്റെ കയ്യിൽ 2017-ലെ ഒരു സർക്കാർ ഉത്തരവുണ്ട്. അതുപ്രകാരം പോലീസ് 2017-ൽ സ്റ്റോർ പർച്ചേസ് മാന്വൽ ലംഘിച്ചുകൊണ്ട് മൾട്ടിമീഡിയ പ്രൊജക്ടർ വാങ്ങിയത് റെഗുലറൈസ് ചെയ്തുതരണമെന്ന് പറഞ്ഞുകൊണ്ട് ഡി.ജി.പി. സർക്കാരിനോട് ആവശ്യപ്പെടുന്നത് ചെയ്തുകൊടുക്കുകയാണ്. ആ ഉത്തരവിന്റെ അവസാനം പറയുന്ന, Government

have examined the matter in detail and are pleased to ratify the action of the State Police Chief…... എന്ന് പറഞ്ഞിട്ട്, The State Police Chief shall follow all the tender formalities as per the Store Purchase Manual for all the purchases in future. ഭാവിയിലുള്ള എല്ലാ പർച്ചേസുകൾക്കും സ്റ്റോർ പർച്ചേസ് മാന്വൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണമെന്ന് കേരള സർക്കാർ ഉത്തരവ് കൊടുത്തത് 2017-ൽ, അതിനുശേഷം 2018-ൽ അതേ ഹോം ഡിപ്പാർട്ടുമെന്റ് നൽകുന്ന ഉത്തരവാണ് എന്റെ കയ്യിലുള്ളത്. ഡി.ജി.പി. സ്റ്റോർ പർച്ചേസ് മാന്വൽ വീണ്ടും കാറ്റിൽപ്പറത്തി 26 കോടി രൂപ ചെലവ് ചെയ്ത് 145 വാഹനങ്ങൾ കേരള പോലീസിനുവേണ്ടി യാതൊരു നടപടിയും പാലിക്കാതെ വാങ്ങുന്നു. അത് റാറ്റിഫൈ ചെയ്തുകൊടുക്കണമെന്ന് പറഞ്ഞ് കേരള പോലീസ് മേധാവി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ട് അത് വീണ്ടും റാറ്റിഫൈ ചെയ്തുകൊടുക്കുന്ന നടപടിയാണ് കേരള സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. അതായത് എല്ലാ മാനദണ്ഡങ്ങളും കാറ്റിൽ പറത്തി സ്റ്റോർ പർച്ചേസ് മാന്വലിനെ നോക്കുകുത്തിയാക്കി കേരളത്തിന്റെ പോലീസ് മേധാവി നടത്തുന്ന എല്ലാ പർച്ചേസുകളും റാറ്റിഫൈ ചെയ്തുകൊടുക്കാൻ കുട ചൂടികൊടുക്കാൻ മാത്രമിരിക്കുന്നവരായി ഈ സർക്കാർ മാറിയിരിക്കുന്നു. 150 കോടി രൂപയുടെ ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് പദ്ധതിയിലെ തട്ടിപ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പുറത്തുകൊണ്ടുവന്നപ്പോൾ അവസാനം അത് ക്യാൻസൽ ചെയ്തു. ഈ സർക്കാർ വന്നതിനുശേഷം പുതിയൊരു രീതി വന്നിരിക്കുകയാണ്. മോഷ്ടിച്ചിട്ട് തൊണ്ടിമുതൽ തിരിച്ചുകൊടുത്തുകഴിഞ്ഞാൽ എല്ലാം പരിശുദ്ധമായി, എല്ലാം കോംപ്ലിമെന്റ്സായെന്ന് പറയുന്നതുപോലെയാണ്. ബന്ധുനിയമനം നടത്തി നിയമിക്കപ്പെട്ട ആൾ രാജിവച്ചാൽ കുറ്റം കുറ്റമല്ലാതായി. പ്രളയത്തിന്റെ പണം പാർട്ടിയുടെ നേതാക്കളുടെ അക്കൗണ്ടിലെത്തിയത് തിരിച്ചടച്ചുവെന്ന് ഇന്ന് രാവിലെ ഒരു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അപ്പോൾ കിട്ടിയ തൊണ്ടിമുതൽ തിരിച്ചടച്ചാൽ അത് തെറ്റല്ലാതായി മാറുമോ? അതുപോലെയാണ് ഇപ്പോൾ എല്ലാ കേസുകളിലും ചെയ്തുകൊണ്ടിരിക്കുന്നത്. ഒന്നുകിൽ തിരിച്ചടച്ച് അത് അവസാനിപ്പിക്കും അല്ലെങ്കിൽ അഴിമതി പുറത്തുവന്നുകഴിയുമ്പോൾ ക്യാൻസൽ ചെയ്ത് അവസാനിപ്പിക്കും. പ്രതിപക്ഷം കൊണ്ടുവരുന്ന ഈ ആരോപണങ്ങൾക്ക് മറുപടി പറയാതെ; ഇതിനെക്കുറിച്ച് കൃത്യമായ അന്വേഷണങ്ങൾ നടത്താതെ തേച്ചുമാച്ച് കളയുന്ന നടപടിയാണ് സ്വീകരിക്കുന്നത്. പ്രളയത്തിന്റെ പേരുപറഞ്ഞ് എറണാകുളത്ത് കരുണ എന്ന പേരിൽ ഒരു പരിപാടി നടത്തി. അത് ചർച്ചാവിഷയമായപ്പോൾ അതിന്റെയും പണം വിവാദമായതിന്റെ പിറ്റേ ദിവസം ചെക്ക് വഴി അടച്ചു. ഞങ്ങൾ ഒരു കുറ്റവും ചെയ്തിട്ടില്ലെന്നാണ് ആ സിനിമാ സംവിധായകൻ പറഞ്ഞത്. അങ്ങനെ

തൊണ്ടിമുതൽ തിരിച്ചുകൊടുത്താൽ കേസുകൾ ഇല്ലാതാവുന്ന രീതിയിലേയ്ക്ക് കേരളത്തിൽ പുതിയ പോലീസ് സംവിധാനം കൊണ്ടുവന്നുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. കേരളത്തിലെ ഒരു പ്രമുഖ മാധ്യമത്തിന്റെ ഫ്രണ്ട് പേജിൽ കേരളത്തിന്റെ മുഖ്യമന്ത്രിയുടെ തോളിൽ കയറി കേരളത്തിന്റെ ഡി.ജി.പി. ഇരിക്കുന്നതും കേരളത്തിന്റെ മുഖ്യമന്ത്രി ഡി.ജി.പി.-യെ ചുമന്നുകൊണ്ട് നടക്കുന്നതുമായ ഒരു കാർട്ടൂൺ. കേരള മുഖ്യമന്ത്രി ഇരട്ടച്ചങ്കുള്ള മുഖ്യമന്ത്രി എന്നൊക്കെ സൈബർ സഖാക്കൾ വിശേഷിപ്പിച്ചപ്പോൾ പോലീസിനെ നിലയ്ക്കുനിർത്താൻ ഈ സർക്കാരിന് സാധിക്കുമെന്ന് ജനങ്ങൾ വിചാരിച്ചു. എന്നാൽ ഇപ്പോൾ ഈ സർക്കാരിന്റെയും സർക്കാരിന് കീഴിലെ പോലീസിന്റെയും അവസ്ഥയെന്താണ്? കേരളത്തിലെ മുഖ്യമന്ത്രി ആരാണ്; കേരളത്തിലെ ഡി.ജി.പി. ആരാണ് അല്ലെങ്കിൽ ഡി.ജി.പി. കേരള മുഖ്യമന്ത്രിക്കുമേലെ ഒരു സൂപ്പർ മുഖ്യമന്ത്രിയായി പ്രവർത്തിക്കുന്ന കാഴ്ച ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. അത്തരത്തിൽ കേരളത്തിലെ പോലീസ് ഭരണം കുപ്രസിദ്ധമാക്കിയിരിക്കുന്ന ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഏതുകാലത്തും ഏത് കൂട്ടായ്മയും നല്ലവരുടേത് മാത്രമായിരിക്കില്ല. പോലീസും അങ്ങനെയാണ്. ലോകത്ത് നന്മയുള്ളവരുടെ മാത്രം കൂട്ടായ്മയാണ് പോലീസ് എന്ന് ആർക്കും വിശ്വസിക്കാൻ സാധിക്കുകയില്ല. എന്നാൽ കേരള പോലീസിനെ ഇങ്ങനെ ജനപക്ഷമായ ഒരു തലത്തിലേയ്ക്ക് എത്തിച്ചതിന്റെ ചരിത്രത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പങ്ക് പരിശോധിക്കുമ്പോഴാണ് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ പോലീസ് എന്തുകൊണ്ട് ഇങ്ങനെയൊരു അവസ്ഥയിൽ എത്തിയില്ല എന്ന് പരിശോധിക്കേണ്ടിവരുന്നത്. ആദ്യകാലത്ത് ഇന്ത്യയിൽ അടിക്കാനുള്ള അവകാശവും പൊരുതാനുള്ള അവകാശവും ക്ഷത്രിയന്മാർക്ക് മാത്രമായിരുന്നു. ആ ബോധമാണ് ഇന്ത്യയിലെ പോലീസിലേയ്ക്കും ഒരു ഘട്ടം വരെയെത്തിയത്. അവിടെനിന്ന് സാധാരണ മനുഷ്യന്റെ താല്പര്യങ്ങൾ കൂടി സംരക്ഷിക്കുന്ന; ജനങ്ങളുമായി ഇടപെടുന്ന പോലീസായി കേരളത്തിലെ പോലീസിനെ മാറ്റിയെടുത്തതിന്റെ പിന്നിൽ ലോകത്തെ അത്ഭുതം എന്ന് പറയാവുന്ന 1957-ലെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തുടങ്ങിവച്ച വഴികളുണ്ട്. അങ്ങനെ വരാൻ കാര്യമെന്താണ്? അക്കാലത്ത് നിലനിന്ന ജനവിരുദ്ധമായ പ്രവർത്തനങ്ങൾ തീർച്ചയായും അധികാരവുമായി ബന്ധപ്പെട്ടതാണ്. അധികാരത്തിലുള്ളവരുടെ തെറ്റുകളോട് അക്കാലത്ത് പൊരുതാൻ നവോത്ഥാനത്തിനുശേഷം കേരളത്തിലുണ്ടായത്

കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. അതുകൊണ്ടാണ് 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തുമ്പോൾ ഇവിടത്തെ എം.എൽ.എ.-മാർക്കും മറ്റുള്ളവർക്കും പോലീസ് സ്റ്റേഷനിലെ കേസുകളിലോ തല്ലിലോ മറ്റ് പ്രാരാബ്ധങ്ങളിലോപെടാത്ത, അനുഭവമില്ലാത്ത ഒരാളുമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് അന്നുവരെയുള്ള ഫ്യൂഡൽ അധികാരത്തോട് ചേർന്നുനിന്ന് ജനങ്ങളെ ദ്രോഹിച്ച ഈ പോലീസിനെ എങ്ങനെ ജനപക്ഷ പോലീസാക്കാമെന്ന് ചിന്തിച്ച് ആ പോലീസിനെ ജനാധിപത്യവൽക്കരിക്കാൻ ഗവൺമെന്റ് ഒരു പോലീസ് കമ്മീഷനെ നിയോഗിക്കുന്നത്. ആ കമ്മീഷൻ റിപ്പോർട്ടാണ് ഇന്ത്യയിലെ ഏറ്റവും നല്ല പോലീസ് കമ്മീഷൻ റിപ്പോർട്ട്. നിർഭാഗ്യവശാൽ അത് നടപ്പിലാക്കുന്നതിനുമുമ്പ് ആ ഗവൺമെന്റിനെ കേന്ദ്രം പിരിച്ചുവിട്ടു. കോൺഗ്രസുകാരും അത് പഠിക്കണം. യു.പി.-യിലെ കോൺഗ്രസ്, പോലീസിനെ ഭരിക്കുന്നതുപോലെ കേരളത്തിലെ കോൺഗ്രസുകാർക്ക് പോലീസിനെ ഭരിക്കാൻ സാധിക്കില്ല. കാരണം ഈ പോലീസ് വനിതകളുടെയും പിന്നാക്കക്കാരുടെയും ദളിതരുടെയുമെല്ലാം പങ്കാളിത്തത്തോടെ ഇന്ത്യയിലെ ഏറ്റവും നല്ല പോലീസായി പ്രവർത്തിക്കുകയാണ്. കുറവുകളില്ലെന്നൊന്നും ഞാൻ പറയില്ല. കേരളത്തിലെ ഈ പോലീസാണ് ഇന്ന് ഇന്ത്യയിലെ ഏറ്റവും നല്ല പോലീസെന്ന് എല്ലാവർക്കുമറിയുന്ന സത്യമാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടക്കുന്ന ഒറ്റ കാര്യം ഞാൻ പറയാം. പൗരത്വ നിയമ ഭേദഗതി വന്നപ്പോൾ എല്ലാ സംസ്ഥാനങ്ങളിലെയും പോലീസിന്റെ ഇടപെടൽ എങ്ങനെയായിരുന്നു? ഡൽഹിയിലും യൂണിവേഴ്സിറ്റികളിലും സമരങ്ങളോടുള്ള സമീപനം എങ്ങനെയായിരുന്നു? ജാതീയവും മതപരവുമായ ചേരിതിരിവിൽ പാവപ്പെട്ട മനുഷ്യനെതിരായി ആക്രമണോത്സുകരായ ആളുകളുമായി ചേർന്നാണ് ആ പോലീസ് നിന്നത്. എന്തുകൊണ്ട് കേരളത്തിൽ അത് സംഭവിച്ചില്ല. കേരളത്തിലെ പോലീസിന്റെ ഗുണം മാത്രമല്ല. കേരളത്തിൽ വളർത്തിയെടുത്ത ഒരു രാഷ്ട്രീയം കൂടിയുണ്ട്. അത് വളർത്തിയെടുക്കുന്നതിലും കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രി നിർണ്ണായകമായ പങ്കാണ് വഹിച്ചത്. ആദ്യം അതിന് ബഹുമാന്യനായ പ്രതിപക്ഷനേതാവും സഹായിച്ചു. പക്ഷെ പിന്നെ അത് വളർന്നില്ല. യു.പി.-യിലും ഡൽഹിയിലും മധ്യപ്രദേശിലും മറ്റ് പലയിടത്തും സംഭവിച്ചതുപോലെ ഇവിടെ സംഭവിക്കാതിരുന്നതിന് കാരണം ഇവിടത്തെ രാഷ്ട്രീയത്തിന്റെ കൂടി ഉല്പന്നമായിരുന്നു പോലീസ്. എല്ലാ സർവ്വീസും ജോലിക്കാരും അങ്ങനെയായിരിക്കും. പോലീസിന്റെ പ്രത്യേകതയെന്താണ്? പണ്ടുള്ള അധികാരശക്തികൾ പോലീസിനെ രൂപപ്പെടുത്തിയത് ജനപക്ഷമായിട്ടല്ല. കയ്യിൽ ഒരു ആയുധം, തലയിൽ ഒരു തൊപ്പി ഇതാണ് അവരുടെ വേഷം. അതായത് ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ട് നിൽക്കുന്ന; അധികാരത്തോട് ചേർന്നുനിൽക്കുന്ന

വേഷഭാവങ്ങളുള്ള ഒരു സംവിധാനമാണ് പണ്ടുകാലം മുതൽക്കെ പോലീസ്. അതിനെയും മാറ്റാൻ ശ്രമിച്ചതാരാണ്? ആദ്യം യൂറോപ്പിൽ ചില പരിഷ്കാരങ്ങൾ വന്നെങ്കിലും ഇന്ത്യയിൽ അത് ഏറ്റവും നന്നായി ചെയ്തത് കേരളത്തിലാണ്. ജനപക്ഷത്താണ് പോലീസ് നിൽക്കേണ്ടത്. ജനങ്ങൾക്ക് വേണ്ടിയാണ് അധികാരവും പോലീസും. ഒരു വില്ലേജ് ഓഫീസറെപ്പോലെയോ അദ്ധ്യാപകനെപ്പോലെയോ ഡോക്ടറെയോ നഴ്സിനെപ്പോലെയോ അല്ല പോലീസിന്റെ വേഷം. വേറൊരു വേഷത്തിലാണ് പണ്ടുമുതൽക്കേ ഇത് തീരുമാനിച്ചത്. ജനങ്ങളിൽനിന്ന് മാറി, അധികാരശക്തിയോട് ചേർന്നുനിൽക്കുന്ന ഔദ്യോഗിക ആയുധശക്തിയായാണ് പോലീസിനെ പണ്ടുമുതലേ നിർവ്വചിച്ചതും രൂപപ്പെടുത്തിയതും. അതിൽനിന്നും മാറ്റാനുള്ള ആദ്യശ്രമം ഇന്ത്യയിൽ ആരംഭിച്ചത് 1957-ൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ്. കുറവില്ലെന്നല്ല, പക്ഷെ എല്ലാത്തിനെക്കുറിച്ചും കൂടുതൽ പഠിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. കുട്ടിപോലീസിനെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നതാണ്. അതിന്റെ ഗുണം എന്താണെന്ന് എല്ലാവർക്കുമറിയാം. അവരവരുടെ മണ്ഡലത്തിലെ ഹൈസ്കൂളുകളിലെല്ലാം എസ്.പി.സി. യൂണിറ്റ് വേണമെന്നാണ് എല്ലാവരും ആവശ്യപ്പെടുന്നത്. 8-ാം ക്ലാസ് മുതൽ ഒരു എസ്.പി.സി. യൂണിറ്റ് ഉണ്ടാക്കുക, ഇന്ന് ഇവിടെ വ്യാപകമാകുന്ന എന്നുമാത്രമല്ല, അത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും മാതൃകയാക്കുകയാണ്. സമൂഹത്തിൽ ചിട്ടയും ക്രമവുമുള്ള ഒന്ന് മറ്റുള്ളവർക്ക് മാതൃകയായി, കുട്ടികൾക്കിടയിൽ എവിടെ രൂപപ്പെട്ടാലും അത് പകർത്താൻ, മറ്റുള്ളവർ അതിന്റെ പിന്നാലെ നടക്കാൻ നിർബന്ധിതമാകും. ഇക്കാര്യത്തിൽ എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുണ്ട്. എസ്.പി.സി. യൂണിറ്റുകളുള്ള സ്കൂളുകളിൽ അച്ചടക്കം വരുന്നുണ്ടെന്ന തിരിച്ചറിവിൽ, 10-ാം ക്ലാസ്സ് കഴിഞ്ഞാൽ കോളേജുകളിൽ ഇതിന്റെ തുടർച്ചയുണ്ടാകണം. ഇപ്പോൾ 8, 9, 10-ാം ക്ലാസ്സ് വരെ മാത്രമേ എസ്.പി.സി. യൂണിറ്റുകളുള്ളൂ. ഹയർ സെക്കന്ററിയിലും കോളേജിലും എസ്. പി. സി. യൂണിറ്റില്ല. സമൂഹത്തിൽ നിലനിൽക്കുന്ന സ്വാഭാവികമായ അസ്വസ്ഥതകൾ തർക്കങ്ങളും കലാപങ്ങളുമായി രൂപപ്പെടാനുള്ള സാധ്യതയുണ്ട്. അത് വളർത്താവുന്ന വലിയ അന്തരീക്ഷം ഇന്ത്യയിൽ രൂപപ്പെട്ടുവരികയാണ്. അതിനെ സംഭാവന ചെയ്യുന്നതിൽ ഇന്ത്യൻ വർഗ്ഗീയതയ്ക്ക് വലിയ പങ്കുണ്ട്. അങ്ങനെയാണെങ്കിൽ എസ്.പി.സി. യൂണിറ്റിന്റെ ഹൈസ്കൂൾതലം കഴിഞ്ഞാൽ ഹയർ സെക്കണ്ടറിയിലും കോളേജിലും ഇതിന്റെ ഉന്നതരൂപം കൊണ്ടുവരാൻ കഴിയുമോ; ചില യൂണിറ്റുകൾ ഉണ്ടാക്കാൻ കഴിയുമോ എന്നുള്ളത് ഗവൺമെന്റ് ആലോചിക്കണമെന്നാണ് എന്റെയൊരു നിർദ്ദേശം.

മറ്റൊരു കാര്യം കോൺഗ്രസ്സിനോടാണ് പറയാനുള്ളത്. ജനാധിപത്യത്തിൽ യോജിക്കാനും വിയോജിക്കാനുമുള്ള അനുവാദവും അവകാശവും എല്ലാവർക്കുമുണ്ട്.

പക്ഷെ, ചിലതിനെയെല്ലാം നമ്മൾ ഒരുമിച്ച് നോക്കിക്കാണേണ്ടതുണ്ട്. സി.& എ.ജി. റിപ്പോർട്ട് വന്നു. നിങ്ങൾ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽ മുഖ്യമന്ത്രി പറഞ്ഞത്, പി.എ.സി. നിയമപരമായി പരിശോധിക്കട്ടെയെന്നാണ്. നിയമപരമായി പരിശോധിക്കാവുന്ന സംവിധാനം നിയമസഭയ്ക്ക് മുന്നിൽ തന്നെയുള്ളപ്പോൾ, അതിന് ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ നിർദ്ദേശം വയ്ക്കുമ്പോൾ അതിനപ്പുറത്തേയ്ക്ക് അത് പോകുന്നു എന്നുവച്ചാൽ അത് രാഷ്ട്രീയ ലക്ഷ്യത്തിലേയ്ക്ക് മാറും. അതിനപ്പുറം, ചില നല്ല താൽപ്പര്യങ്ങൾ മുന്നോട്ടുവച്ച സംസ്ഥാനം എന്ന ഖ്യാതി ഇന്ത്യയ്ക്കാണുള്ളത്. അതിനുള്ള വഴി കേരളത്തിൽ തുറന്നത് 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ്. പക്ഷെ, അതിനെയൊന്നും ഒരുപാട് ലംഘിച്ചുപോകാൻ അല്ലെങ്കിൽ അതിർത്തിവിട്ട് ഒരുപാട് ദൂരമൊന്നും സഞ്ചരിക്കാൻ കേരളം ഭരിച്ച ആർക്കും പറ്റാത്ത തരത്തിൽ അത് കേരളത്തിന്റെ ലക്ഷ്മണരേഖയ്ക്കകത്ത് നിൽക്കാൻ നിർബന്ധിക്കപ്പെട്ടതാണ്. അങ്ങനെയൊന്ന് പറയുമ്പോൾ അതിന് ഒരുപാട് തലവാചകം കിട്ടാൻ മുന്നോട്ട് പോകുന്നത് ശരിയാണോ? അവിടെയാണ് എനിക്ക് കോൺഗ്രസ്സിനോട് ഒരു കാര്യം പറയാനുള്ളത്. അവിടെ രാമായണത്തിന്റെ ഭാഗം പറയേണ്ടിവരും. രാമദാസൻ എന്ന ആൾ രാമായണം എഴുതിയപ്പോൾ അദ്ദേഹം ഹനുമാൻ, ചിരഞ്ജീവി തുടങ്ങിയ ശിഷ്യന്മാരെയെല്ലാം വിളിച്ചുവരുത്തി പാടി കേൾപ്പിച്ചു. അത് പാടിയപ്പോൾ കേൾക്കാനുള്ള ആഗ്രഹം കൊണ്ട് ഹനുമാൻ നിഗൂഢമായി വന്ന്, അദൃശ്യമായിരുന്ന് രാമായാണം കേട്ടു. രാമദാസൻ പറഞ്ഞത്, ഹനുമാൻ ലങ്കയിൽ എത്തിയപ്പോൾ സീത ഇരുന്ന അശോകവനിയിലെ പൂക്കളെല്ലാം വെളുത്ത പൂക്കളായെന്നാണ്. മറഞ്ഞിരുന്ന ഹനുമാൻ പറഞ്ഞു, അല്ല; അത് ചുവന്ന പൂക്കളായി എന്ന്. രാമദാസൻ വീണ്ടും പറഞ്ഞു അത് വെളുത്ത പൂക്കളായിരുന്നുവെന്ന്. തർക്കം മൂത്തപ്പോൾ അദൃശ്യനായിരുന്ന ഹനുമാൻ പുറത്തുവന്ന് സ്വന്തം രൂപത്തിൽ പറഞ്ഞു, നിങ്ങൾ പറയുന്നതല്ല ശരി. ഞാൻ ഇവിടെനിന്ന് ചാടി ലങ്കയിലെ അശോകവനിയിലെത്തിയപ്പോൾ ഞാൻ ആ പൂക്കളെല്ലാം കണ്ടതാണ്. അത് ചുവന്ന പൂക്കളായിരുന്നു. അപ്പോൾ രാമദാസൻ പറഞ്ഞു, അത് ചുവന്ന പൂക്കളല്ല, ക്രോധംകൊണ്ട് ഹനുമാന്റെ കണ്ണ് ചുവന്നിരുന്നതുകൊണ്ട് വെളുത്ത പൂക്കൾ ചുവപ്പായി കണ്ടതാണ് എന്ന്. നിങ്ങൾക്കും ക്രോധംകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാഴ്ചയെ വെളുത്തതാണെങ്കിലും കുഴപ്പമായി കാണുകയാണ്. ചുവപ്പ് കുഴപ്പം എന്നല്ല പറഞ്ഞത്. ഹനുമാന്റെ ക്രോധത്തിന്റെ കണ്ണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയോട് നിങ്ങൾക്കുണ്ട്. അതിന്റെ ഫലം, ജ്യോതിരാദിത്യ സിന്ധ്യ മധ്യപ്രദേശിൽനിന്നും പോയി എന്നതാണ്. ഇന്ത്യയിൽ കോൺഗ്രസ് ഭരിക്കുന്ന

ഏറ്റവും വലിയ സംസ്ഥാനമായ മധ്യപ്രദേശിന്റെ കഥ കഴിയുമ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നത് കോൺഗ്രസ്സിനേക്കാൾ വിഷമം ഇന്ത്യയിലെ മതേതരത്വ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങൾക്കുണ്ട് എന്നതാണ്. കാരണം, നിങ്ങൾ ഒരു പ്രതീക്ഷയാണോ അല്ലയോ എന്നുള്ളതല്ല. വടക്കേ ഇന്ത്യയിലെ മധ്യപ്രദേശത്തെ പരന്നുകിടക്കുന്ന സംസ്ഥാനങ്ങളിലൊന്നിന്റെ മതേതരത്വ സ്വഭാവമുള്ള ഭരണകൂടം പോകുകയും ബി.ജെ.പി.-യുടെ കൈകളിലേയ്ക്ക് എത്തുകയുമാണ് ചെയ്തത്. ഇന്ന് വന്ന വാർത്ത അനുസരിച്ചാണെങ്കിൽ കമൽനാഥും ദിഗ് വിജയ് സിംഗും ജ്യോതിരാദിത്യ സിന്ധ്യയും തമ്മിലുള്ള തർക്കം അദ്ദേഹത്തെ ബി.ജെ.പി.-യിലേയ്ക്ക് എത്തിച്ചു എന്നാണ്. ഇങ്ങനെ ഒരാളെ കോൺഗ്രസ്സിൽനിന്നും ബി.ജെ.പി.-യിലേയ്ക്ക് എത്തിക്കുമ്പോൾ സംഭവിക്കുന്നത്, ബി.ജെ.പി. വളരുന്നത് മാത്രമല്ല, ഇന്ത്യയിൽ മതേതരത്വ ജനാധിപത്യ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഉള്ളിൽ ഒരു വിളർച്ചയുണ്ട്, ഒരു ബോധത്തിലെ തകർച്ചയുണ്ട്, ഒരു പ്രതീക്ഷ അസ്തമിക്കുന്നു എന്ന ബോദ്ധ്യമുണ്ട്. അവിടെയാണ് ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞത്, നിങ്ങളിലൂടെ മാത്രമേ പ്രതീക്ഷയുള്ളൂ എന്ന്. നിങ്ങളിലൂടെയുള്ള പ്രതീക്ഷ നിങ്ങൾതന്നെ അസ്തമിപ്പിച്ച് കളഞ്ഞാൽ പിന്നെ എന്ത് പ്രതീക്ഷയാണ്? ശ്രീ. ഷാഫി പറമ്പിൽ നല്ല ചെറുപ്പക്കാരനാണ്. അദ്ദേഹം യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റായതിൽ തർക്കമുണ്ട്. ശ്രീ. കെ. എസ്. ശബരീനാഥന് അതിൽ എത്രമാത്രം നിരാശ ഉണ്ടെന്നുള്ള കാര്യം എനിക്കറിയില്ല. ഇന്ത്യയിലെ ചെറുപ്പക്കാരുടെ നേതാക്കന്മാരുടെ കൂട്ടത്തിൽ ഒരാൾ അപ്പുറത്ത് പോകുകയാണ്. ഇത് ഇന്ത്യയിൽ സംഭവിക്കുകയാണ്.

പോലീസാണെങ്കിലും സിവിൽ സർവ്വീസാണെങ്കിലും മറ്റേത് സർവ്വീസാണെങ്കിലും എല്ലാം സൃഷ്ടിക്കുന്നത് രാഷ്ട്രീയമാണ്. കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയം സൃഷ്ടിച്ചതാണ് കേരള പോലീസ്. ഇന്ത്യയിൽനിന്നും വ്യത്യസ്തമായി പോലീസും സമൂഹവും മൂല്യങ്ങളും, ആ മൂല്യങ്ങളാണ് ബദലെന്ന് പറയുന്നത്. അവ ഉയർത്തുന്ന രാഷ്ട്രീയമാണ് ബദലെന്ന് പറയുന്നത്. ആ രാഷ്ട്രീയത്തോട് ചേർന്നുനിൽക്കാത്ത ഒരു രാഷ്ട്രീയം, അതിനെതിരായ രാഷ്ട്രീയം വടക്കേ ഇന്ത്യയിൽ ഉയർത്തുമ്പോൾ മധ്യപ്രദേശിൽ കോൺഗ്രസ് ഭരണം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നത് കോൺഗ്രസ്സിനോടുള്ള ഇഷ്ടം കൊണ്ടല്ല, ഈ രാഷ്ട്രീയം ഇന്ത്യയിൽ നിലനിൽക്കണമെന്നുള്ള ഇഷ്ടംകൊണ്ടാണ്. അത് നിങ്ങൾക്ക് മനസ്സിലാകുന്നില്ല. ഹനുമാൻ ക്രോധംകൊണ്ട് നോക്കിയതിൽ അർത്ഥമുണ്ട്. നിങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ഇപ്പോൾ ക്രോധംകൊണ്ട് നോക്കുന്നതിൽ ഒരർത്ഥവുമില്ല. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ വലതുപക്ഷത്തുള്ളവർക്കുപോലും അറിയാതെ പിന്തുണയ്ക്കേണ്ടി വരുന്ന എന്നുള്ളത് കേരള ഗവൺമെന്റ് ശരിയായ ദിശയിൽ മുന്നോട്ട് പോകുന്നതിന്റെ ഉദാഹരണമാണ്. പതിനൊന്ന് മിനിട്ട് പ്രസംഗിച്ച സത്യസന്ധനായ ശ്രീ. പി. ഉബൈദുള്ള, ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിന്റെ, പോലീസ് എന്ന ധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണയ്ക്കുന്നു എന്ന് പറഞ്ഞുകൊണ്ടാണ് തന്റെ പ്രസംഗം അവസാനിപ്പിച്ചത്. അത് വലതുപക്ഷത്തിനുപോലും അംഗീകരിക്കേണ്ടിവരുന്നതിന്റെ ഭാഗമാണ്. പോലീസിനെ ശരിയായ നിലയിൽ മുന്നോട്ട് കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിയുന്നുണ്ട്. ജനങ്ങൾക്കനുസൃതമായ നിലയിൽ പോലീസിനെ മുന്നോട്ടുകൊണ്ടുപോകാനും ആധുനികവൽക്കരിക്കാനും പുതിയ കാലത്തിനനുസരിച്ച് പോലീസിനെ നവീകരിക്കാനും അവർക്ക് ദിശാബോധം നൽകാനുമെല്ലാം ഭരണപരമായ ഇടപെടലാണ് ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ കാലത്ത് പോലീസിനുണ്ടാകുക. അതിന്റെയൊരു നല്ല അംഗീകാരം സമൂഹത്തിലാകെ പോലീസിനെ സംബന്ധിച്ചുണ്ട്. ക്രമസമാധാനവും സുരക്ഷയും ഒരുക്കുക മാത്രമല്ല, സമൂഹത്തിന്റെ ഐക്യവും സാഹോദര്യവുമെല്ലാം കാത്തുസൂക്ഷിക്കാനും ശരിയായ നിലയിൽ മുന്നോട്ട് കൊണ്ടുപോകാനും ഫലപ്രദമായി ഇടപെടേണ്ടവരാണ് പോലീസ് സംവിധാനം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നതിനേക്കാൾ കേസുകളുടെ എണ്ണത്തിൽ സംഭവിച്ച കുറവ് രേഖപ്പെടുത്തിയിരിക്കുന്നത് കേരളത്തിൽ ക്രിമിനൽ പശ്ചാത്തലം കുറഞ്ഞുവരുന്നു എന്നതിന്റെ തെളിവാണ്. 2015-ൽ 683408 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിരുന്നെങ്കിൽ ഇപ്പോൾ അത് 452787 കേസ്സുകളായി കുറഞ്ഞിരിക്കുകയാണ്. ഇതിന്റെ അർത്ഥം കേരളത്തിൽ കുറ്റകൃത്യം കുറഞ്ഞു എന്നതിന്റെ തെളിവാണ്. പോലീസിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 2742 പുതിയ തസ്തികകൾ ഈ വകുപ്പിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വനിതാ പ്രാതിനിധ്യത്തിന് വലിയ പിന്തുണയാണ് നൽകിയിട്ടുള്ളത്. സ്ത്രീ സുരക്ഷയുടെ ഭാഗമായി പോലീസ് സ്റ്റേഷനിലേയ്ക്ക് പരാതിയുമായി സ്ത്രീകൾ എത്തേണ്ടതില്ലെന്ന നിലപാട് സ്വീകരിക്കുന്നതിൽ, അവരെ അങ്ങോട്ട് പോലീസ് സ്റ്റേഷനിൽനിന്നും ബന്ധപ്പെടുന്നതിൽ, ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ഓരോ ദിവസവും സ്റ്റേഷനിലേയ്ക്ക് വരുന്ന കേസ്സുകൾ തിരികെ വിളിച്ച് കൈകാര്യം ചെയ്യുന്നതിൽ തുടങ്ങി അങ്ങനെ വലിയ നവീകരണം പോലീസ് സേനയുടെ ഭാഗമായി നടക്കുന്നു. വനിതാ പ്രാതിനിധ്യം പത്ത് ശതമാനത്തിൽനിന്ന് വർദ്ധിപ്പിക്കാനുള്ള നല്ല പരിശ്രമമാണ് ഈ ഗവൺമെന്റ് സംഘടിപ്പിക്കുന്നത്.

3.00 PM]

100 പോലീസ് സ്റ്റേഷനുകൾ ആധുനിക നിലവാരത്തിലേയ്ക്ക് മാറ്റി. പോലീസ് സ്റ്റേഷനുകൾ കുറച്ചുകൂടി നല്ല നിലവാരത്തിലേയ്ക്ക് മാറ്റണം. സമൂഹത്തിൽ നല്ല ഉത്തരവാദിത്വം നിർവ്വഹിക്കുന്ന പോലീസുകാർക്ക് സ്വസ്ഥമായി ഇരിക്കാനും ഉറങ്ങാനും കഴിയുന്ന ഭൗതികസാഹചര്യം പോലീസ് സ്റ്റേഷനിലുണ്ടാകണം. 350 പോലീസ് സ്റ്റേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കിയിട്ടുണ്ട്. പോലീസിന്റെ സാങ്കേതിക വൈദഗ്ദ്ധ്യം വളർത്താൻ പോലീസ് ടെക്നോളജി സെന്റർ, വിരളടയാളത്തിന് ഡിജിറ്റൽ ബയോമെടിക് ഐഡന്റിഫിക്കേഷനാവശ്യമായ സംവിധാനങ്ങൾ, ഫോറൻസിക് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാവശ്യമായ മികച്ച ലാബുകൾ ഉൾപ്പെടെ വിപുലമായ മാറ്റങ്ങൾ എന്നിവ പോലീസ് സേനയിലുണ്ടാവുകയാണ്. കോസ്റ്റൽ വാർഡൻ തസ്തികയിൽ 177 പേർക്ക് ജോലി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആദിവാസി വിഭാഗത്തിലെ വനിതകളായ 78 പേരെ നിയമിക്കാനായിട്ടുണ്ട്. സങ്കീർണ്ണമായ കേസ്സുകൾ കൈകാര്യം ചെയ്യാൻ, അന്തർ സംസ്ഥാനത്തടക്കം ഇടപെടാൻ കഴിയുന്ന തരത്തിലുള്ള ക്രൈം ബ്രാഞ്ചിന്റെ നാല് സെൻട്രൽ യൂണിറ്റുകൾ സ്ഥാപിച്ചു. ഇന്ത്യ ടുഡേ അവാർഡ്, അഴിമതി കുറവുള്ള സ്റ്റേറ്റിനുള്ള അവാർഡ്, മികച്ച ക്രമസമാധാനപാലനത്തിനുള്ള അവാർഡ്, വർഗ്ഗീയകലാപം കുറഞ്ഞ സ്ഥലത്തിനുള്ള അവാർഡ്, ബെസ്റ്റ് ഗവേണൻസ് അവാർഡ്, സൈബർ ഡോമിന് അവാർഡ്, സോഫ്റ്റ് പദ്ധതിക്ക് ട്രാഫിക്കിന്റെ ഭാഗമായി അവാർഡ്, സ്ത്രീ സുരക്ഷയ്ക്ക് പ്രത്യേക അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചു. രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷൻ കേരളത്തിലാണ്. ഈ നിലയിൽ ദുബായ് മോഡൽ സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ കേരളത്തിൽ വരികയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനും ട്രെയിൻഡ് വനിതാ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയാണ്. ശക്തമായ വിജിലൻസ് സംവിധാനവുമായി മുന്നോട്ട് പോകുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് വിജിലൻസ് വകുപ്പിന്റെ അവസ്ഥയെന്തായിരുന്നു? ഇറ്റലിയിലും ഇറാനിലുമൊക്കെ കൊറോണ പടർന്നുപിടിക്കുന്നതുപോലെ മന്ത്രിമാരുടെമേൽ അഴിമതിയെന്ന കൊറോണ പടർന്നുപിടിക്കുകയായിരുന്നു. മൊഴികൊടുക്കാൻ വിജിലൻസ് ആസ്ഥാനത്ത് മന്ത്രിമാരുടെ ക്യൂവായിരുന്നു. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുകയല്ല, തമിഴ് സിനിമയിലൊക്കെ കോടിപതികളാകുന്നതുപോലെ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മുടെ നാട്ടിലെ ഒരു മന്ത്രിയും 600 കോടി ക്ലബ്ബിലേയ്ക്ക് നടന്നുകയറുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത്

മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ നിരവധി ക്രിമിനലുകളാണ് പോലീസ് സേനയിലുള്ളത്. അതിനെ ശരിയായ നിലയിൽ മുന്നോട്ട് കൊണ്ടുപോകാനാവശ്യമായ നടപടിയാണ് സ്വീകരിക്കുക. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ് ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെ സീനിയറായിരുന്ന ശ്രീ. അശോക് കുമാർ സിൻഹയെ മറികടന്ന് പ്രത്യേക താല്പര്യമെടുത്ത് ശ്രീ. ടി. പി. സെൻകുമാറിനെ പോലീസ് സേനയുടെ നേതൃസ്ഥാനത്തേയ്ക്ക് പരിഗണിക്കാൻ തീരുമാനിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് സംഘപരിവാറുമായിട്ടുള്ള ഒരു പാലമായിരുന്നു ശ്രീ. ടി. പി. സെൻകുമാർ. നിരവധി കേസുകൾ നമുക്കറിയാം. ശ്രീ. പ്രവീൺ തൊഗാഡിയ വർഗ്ഗീയവിദ്വേഷ പ്രസംഗം നടത്തുമ്പോൾ അദ്ദേഹത്തിന്റെ കേസ് എഴുതിത്തള്ളിയത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. എം.ജി. കോളേജ് ക്യാമ്പസിൽ വർഗ്ഗീയവാദികളായ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആളുകൾക്കെതിരായി നിലപാട് സ്വീകരിച്ച പോലീസുദ്യോഗസ്ഥരെ ബോംബെറിഞ്ഞുകൊന്ന ക്രിമിനലിനെ കേസിൽനിന്ന് ഒഴിവാക്കാനാവശ്യമായ നടപടി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആഭ്യന്തര വകുപ്പ് സ്വീകരിച്ചത് ആരുടെ താല്പര്യത്തിന്റെ ഭാഗമായിട്ടാണ്? രാഷ്ട്രീയ എതിരാളികളെ വേട്ടയാടുകയാണ്. ഇവിടെ വൈദ്യുതി വകുപ്പുമന്ത്രിയുണ്ട്. അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് പോലീസ് ചെന്നത് ഏത് സമയത്താണ്? അർദ്ധരാത്രിയിൽ ആയിരത്തിനടുത്ത് പോലീസുകാർ ചെന്ന് ഒരു പൊതുപ്രവർത്തകനെ വീട്ടിൽനിന്നും പിടിച്ചിറക്കാനും അദ്ദേഹത്തെ ജയിലിൽ കൊണ്ടുപോകാനും നിരന്തരം വേട്ടയാടാനും പരിശ്രമിച്ചവരാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ. സി. & എ.ജി. റിപ്പോർട്ടിൽ നിങ്ങൾക്ക് വിശ്വാസമുണ്ടോ? കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് സി.&എ.ജി. കണ്ടെത്തിയ ക്രമക്കേടുകളെക്കുറിച്ചുള്ള നിങ്ങളുടെ നിലപാടെന്താണ്? കോട്ടയം നഗരാതിർത്തിയിലെ നെൽവയൽ രൂപമാറ്റം ചെയ്തതിൽ ക്രമക്കേടുണ്ടെന്ന് സി. &എ.ജി. പറഞ്ഞിട്ടില്ലേ? സി. &എ.ജി. പറഞ്ഞത് മുഖ്യമന്ത്രി നോട്ടായി ക്യാബിനറ്റിൽ സമർപ്പിക്കുകയും അത് അംഗീകരിക്കുകയും ചെയ്തതാണ്. നിലവിലുള്ള നിയമങ്ങളെല്ലാം മറികടന്ന് കോട്ടയം താലൂക്കിലെ നാട്ടകം വില്ലേജിലെ നെൽവയൽ നികത്താൻ 2016 ജനുവരി 20-ന് അന്നത്തെ മുഖ്യമന്ത്രി ആക്ടിലെ വ്യവസ്ഥകൾ പാലിക്കാതെ അംഗീകാരം നൽകി. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തെ സി. & എ.ജി. റിപ്പോർട്ടാണ് എന്റെ കൈവശമുള്ളത്. ഹരിപ്പാട് മെഡിക്കൽ കോളേജിന് സ്വകാര്യ കൃഷിഭൂമി ഏറ്റെടുക്കാൻ 2015 മേയ് 6-ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവിട്ടു. KCPL and WL Act, 2008 (Kerala Conservation of Paddy Land and Wetland Act, 2008) അനുച്ഛേദം 10 (2)-ലെ വ്യവസ്ഥകൾ

പൂർത്തീകരിക്കാതെ അഡീഷണൽ ചീഫ് സെക്രട്ടറിയും ചീഫ് സെക്രട്ടറിയും മുഖ്യമന്ത്രിയും ഉത്തരവ് നൽകി. ഇതെല്ലാം സി. &എ. ജി. പറഞ്ഞിട്ടുള്ള ക്രമക്കേടുകളാണ്. ഈ സർക്കാരിന്റെ ഭരണകാലത്ത് സി. &എ.ജി. 13 കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ആ 13 കാര്യങ്ങളിൽ 11-ഉം യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നടന്നതാണ്. അതിൽ വില്ല വാങ്ങിയതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. കൂടുതൽ ആളുകൾക്ക് താമസിക്കാൻ കഴിയുന്ന വില്ലയാണോ; വില്ലയ്ക്കാവശ്യമായ പണമുപയോഗിച്ച് രണ്ട് വീട് വച്ചോ? അതിനേക്കാൾ ഗൗരവമായ പ്രശ്നം, ഈ നിയമസഭാ സമ്മേളനം ആരംഭിക്കുമ്പോൾ ഇവിടെ ദീർഘനാൾ നീണ്ടുനിൽക്കുന്ന പ്രതിഷേധമായിരിക്കും പ്രതിപക്ഷം സംഘടിപ്പിക്കുകയെന്നാണ് കേരളത്തിലെ മാധ്യമങ്ങളെല്ലാം എഴുതിയത്. വെടിയുണ്ടയും തോക്കും കാണാതായതിനെക്കുറിച്ച് വലിയ പ്രതിഷേധമായിരുന്നു. പകുതിദിവസംകൊണ്ട് ആ പ്രതിഷേധം അവസാനി ച്ചില്ലേ? സി. & എ. ജി. നിയമസഭയിൽ വച്ച റിപ്പോർട്ട് നിയമസഭാ സാമാജികരും ഈ ഗവൺമെന്റും കാണുന്നതിനുമുമ്പ് ശ്രീ. പി. ടി. തോമസിന്റെ കയ്യിൽ എങ്ങനെ വന്നു? അസാധാരണമായ നിലയിൽ സി. & എ. ജി. തലവൻ പത്രസമ്മേളനം നടത്തുന്നു. ഇതെല്ലാം രാഷ്ട്രീയ ദുരുദ്ദേശ്യത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ആരോപണങ്ങളാണ്. ഇവിടെപ്പറഞ്ഞ പ്രധാന പ്രശ്നം തോക്ക് നഷ്ടപ്പെട്ടതാണ്. 660 തോക്കുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് സി. & എ. ജി. പറയുന്നു. ഇവിടെ തോക്കുകൾ മാധ്യമങ്ങളുടെ സാന്നിദ്ധ്യത്തിൽ എണ്ണിയില്ലേ? 647 തോക്കുകൾ ഇവിടെയുണ്ടെ ന്നുള്ളത് നാടിന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. 13 തോക്കുകൾ ആസ്സാമിലേയ്ക്ക് കൊണ്ടുപോയിരിക്കുന്നു. കൂടാതെ വെടിയുണ്ടകൾ നഷ്ടപ്പെട്ടുവെന്നാണ് സി. & എ. ജി. പറയുന്നത്. വെടിയുണ്ട നഷ്ടപ്പെട്ടത് ആരുടെ ഭരണകാലത്താണ്? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. രമേശ് ചെന്നിത്തലയും ആഭ്യന്തര വകുപ്പുമന്ത്രിമാരായിരുന്ന കാലത്ത് നഷ്ടപ്പെട്ടതിനെക്കുറിച്ച് ശ്രീ. പി. ടി. തോമസ് ഇവിടെ ഉന്നയിച്ചത് ആരെ ലക്ഷ്യംവച്ചുകൊണ്ടാണെന്നുള്ളത് നമുക്ക് കാത്തിരുന്ന് കാണാം. ഇവിടത്തെ പോലീസ് എല്ലാ സ്ഥലങ്ങളിലുമുള്ള പോലീസിനെപ്പോലെയാണോ? ജിഷയുടെ കൊലപാതകം നടന്നപ്പോൾ ചെരുപ്പ് കെട്ടിത്തൂക്കി കാത്തിരിക്കുകയാ യിരുന്നു. തെരഞ്ഞെടുപ്പിനുമുമ്പ്, ഒരു പ്രതിയെ നാടിനുമുമ്പാകെ അവതരിപ്പിച്ചു. ആ പ്രതി ആരാണ്? തലയിൽ കറുത്ത തുണിയിട്ട് ഒരു പ്രതിയെ കൊണ്ടുപോകുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ഞങ്ങൾ ജിഷയുടെ ഘാതകരെ പിടികൂടിയെന്ന് വരുത്താനായി കള്ള പ്രതിയെവച്ച് നാടിനുമുമ്പിൽ നാടകം നടത്തിയ ഗവൺമെന്റാണ് യു.ഡി.എഫ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജിഷയുടെ ഘാതകനെ പിടികൂടി. ഒരു നടിയുടെ കേസ് വന്നു. ശ്രീ. പി. ടി. തോമസ് സബ്മിഷൻ ഉന്നയിച്ചില്ലേ? പ്രതിയെ പിടിക്കാൻ

വേണ്ടിയാണ് അദ്ദേഹം സബ്മിഷൻ ഉന്നയിച്ചത്. പക്ഷേ, ഈ സർക്കാരിന്റെ ഭരണകാലത്ത് പ്രതിയെ പിടിക്കുകയില്ലെന്ന് അദ്ദേഹം ദുരുദ്ദേശ്യത്തോടെ പറഞ്ഞു. പ്രതി ഏത് ഉന്നതനായാലും പിടിക്കുമെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി പറഞ്ഞു. അതിന്റെ പരിണാമം ഇപ്പോഴിവിടെ കണ്ടുകൊണ്ടിരിക്കുകയല്ലേ? തെറ്റ് ചെയ്താൽ ശിക്ഷ ഉറപ്പായും ലഭിക്കുന്ന നിലയിലേയ്ക്ക് മാറും. ശ്രീ. പിണറായി വിജയനെ ആക്ഷേപിക്കാൻ ഏത് മാവോയിസ്റ്റുമായും കൂട്ടുകൂടുന്ന നിലയിലേയ്ക്ക് യു.ഡി.എഫ്. അധഃപതിച്ചു. അത് നിങ്ങളുടെ രാഷ്ട്രീയ പാപ്പരത്തത്തിന്റെ ഭാഗമാണ്. ഇപ്പോൾ ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ ബി.ജെ.പി.-യിലേയ്ക്ക് എന്തുകൊണ്ടാണ് പോകുന്നത്? വർഗ്ഗീയതയെ നേരിടാനാവശ്യമായ ത്രാണിയും ശേഷിയും ആശയപരമായ കരുത്തും കോൺഗ്രസ്സിനുണ്ടോ? ഇല്ല. നിങ്ങൾക്കൊരു പ്രസിദ്ധീകരണമുണ്ടോ? ഇന്ത്യയിൽ വർഗ്ഗീയതയ്ക്കെതിരായ നിലപാട് സ്വീകരിക്കാൻ നിങ്ങൾ സി.എ.എ.-യും എൻ.ആർ.സി.-യെയും എതിർക്കുന്നുവെന്ന് ബോദ്ധ്യപ്പെടുത്താനുള്ള ശ്രമമാണ്. നിങ്ങൾക്ക് വർഗ്ഗീയതക്കെതിരായ നിലപാടുണ്ടായിരുന്നെങ്കിൽ എ.ഐ.സി.സി. പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് പരിഗണിച്ചിരുന്ന ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ കോൺഗ്രസ് വിട്ട് ബി.ജെ.പി.-യിലേയ്ക്ക് പോകുമോ? അപ്പോൾ നിങ്ങൾക്കൊരു നിലപാടില്ല. വർഗ്ഗീയതയെ എതിർക്കാൻ നിങ്ങൾക്ക് ശേഷിയില്ല. മധ്യപ്രദേശിലെ കോൺഗ്രസ് സർക്കാർ ഏതോ കാലത്ത് രാമൻ സഞ്ചരിച്ച പാത അന്വേഷിച്ച് നടക്കുകയാണ്. നിങ്ങൾ ആ ചരിത്രത്തിലേയ്ക്കുപോയി ഭൂതകാലത്ത് സംഘപരിവാർപോലും ചെയ്യാത്ത തെറ്റായ നിലയിലേയ്ക്ക് നാടിനെ കൊണ്ടുപോകുമ്പോൾ, നാടിനെ ആധുനികവൽക്കരിക്കുന്ന, പോലീസുകാരുപോലുമില്ലാത്ത, ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കാൻ കഴിയുന്ന, ഏറ്റവും സ്മാർട്ട് പോലീസിനെക്കുറിച്ച് ചിന്തിക്കുന്ന, ഈ ഗവൺമെന്റിന്റെ ഭരണകാലമാണ് ഈ നാടിന് വിശ്വാസമുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ:</u> സർ, ഇവിടെ പ്രസംഗിച്ച പല അംഗങ്ങളും പോലീസിന്റെ മേന്മ പറയുന്നതിനുവേണ്ടി നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെയും ദേശീയ അംഗീകാരത്തിന്റെയുമൊക്കെ കണക്ക് പറയുകയുണ്ടായി. എനിക്ക് അവരുടെയൊന്നും കണക്കല്ല ഇവിടെ പറയാനുള്ളത്. പോലീസിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ശബരിമലയിൽ സർക്കാർ നടപടി പാളിയത് പോലീസ് വീഴ്ചമൂലം. സംഘ്പരിവാറിന്റെ ഒറ്റുകാർ പോലീസിലുണ്ടെന്ന് സ്വന്തം വകുപ്പിനെതന്നെ പ്രഹരിച്ച് മുഖ്യമന്ത്രി നൽകിയിട്ടുള്ള ഈ സർട്ടിഫിക്കറ്റിനേക്കാൾ വലിയ സർട്ടിഫിക്കറ്റ് പോലീസിന് വേറെ

ആവശ്യമില്ലെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം, തീവ്രവാദ പ്രസ്ഥാനങ്ങളുമായും സംഘ്പരിവാറുമായും പോലീസ് ബന്ധപ്പെട്ടുനിൽക്കുന്നുവെന്ന് പറയുമ്പോൾ ഈ പോലീസ് ഏത് രീതിയിലായിരിക്കും പ്രവർത്തിക്കുകയെന്നുള്ള തിനെക്കുറിച്ചൊരു ധാരണ കിട്ടുന്നുണ്ട്. രണ്ടാമത്, പോലീസിന്റെ ആത്മവിശ്വാസത്തെക്കുറിച്ച് എന്റെ പ്രിയസുഹൃത്ത് പറയുകയുണ്ടായി. അതിന് ഞാൻ പറയാൻ ആഗ്രഹിക്കുന്നത് യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസ് പ്രതി പി.എസ്.സി. റാങ്ക് ലിസ്റ്റിലുൾപ്പെട്ട നസീം തല്ലിച്ചതച്ച പോലീസുകാരൻ ശരത്തിന്റെ വാക്കുകളാണ്. അദ്ദേഹം പറഞ്ഞത്, എസ്.എഫ്.ഐ. ക്രിമിനലുകളുടെ ദയാവായ്പിൽ ജോലിക്ക് കയറുന്നതിനേക്കാൾ നല്ലത് മരണമാണ്; യൂണിഫോമിന്റെ അന്തസ്സ് നെഞ്ചിലേറ്റുന്ന എനിക്കതിന് കഴിയില്ല. ഒരു പോലീസുകാരന്റെ ആത്മവിശ്വാസമാണ് ഇവിടെ പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നത്. അടുത്തത്, പോലീസ് ചെയ്തികളെക്കുറിച്ചാണ്. 2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ ചോദ്യത്തിനുള്ള മറുപടിയിൽ ഏകദേശം 16-ഓളം പേർ 2018-ൽ ജുഡീഷ്യൽ കസ്റ്റഡിയിൽ മരിച്ചിട്ടുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. അതിൽ അഞ്ചോളം ആളുകൾ പോലീസ് ഓടിച്ചപ്പോൾ ഓടുന്നതിനിടയിൽ വീണുമരിക്കുകയാണുണ്ടായത്. മനുഷ്യാവകാശ പ്രശ്നത്തിന്റെ പേരിൽ ഏകദേശം 30-ഓളം പോലീസുകാരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത സാഹചര്യവും നമ്മുടെ നാട്ടിലുണ്ട്. ഇതിനുപുറമേ, പോലീസിന്റെതന്നെ ഒഫിഷ്യൽ പേജിൽ 2002 ജനുവരിയിൽ രണ്ട് പുതിയ പദ്ധതികൾ പോസ്റ്റ് ചെയ്തിരിക്കുന്നു. ഒരു പദ്ധതിയുടെ പേര് 'മാലാഖ' എന്നാണ്. കുട്ടികൾക്കെതിരെയുണ്ടാകുന്ന ലൈംഗികാതിക്രമങ്ങളെ തടയാൻ കേരള പോലീസിന്റെ പുതിയ പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി 'വാവ എക്സ്പ്രസ്സ്' എന്നപേരുള്ള പ്രചരണ വാഹനം സംസ്ഥാനമൊട്ടാകെ യാത്ര ചെയ്ത് ബോധവൽക്കരണം നടത്തും. ഇത് ചെയ്യുന്നതിനുമുമ്പ് വാളയാറിൽ നീതി നിഷേധിക്കപ്പെട്ട രണ്ട് വാവകളുണ്ട്. അവരുടെ കൊലയ്ക്ക് നേതൃത്വം നൽകിയ നരാധമന്മാരുടെ പേരിൽ കുറ്റപത്രം സമർപ്പിക്കാൻ ഈ പോലീസിനോട് ആദ്യം പറഞ്ഞശേഷം ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതായിരിക്കും നല്ലതെന്നുള്ള അഭിപ്രായം ഞാൻ പ്രകടിപ്പിക്കുകയാണ്. ഇതുപോലെ, പോലീസിലെ അഴിമതികളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഇവിടെ സി. & എ. ജി. റിപ്പോർട്ടിൽ വന്നതിനുപുറമേ പത്രങ്ങളിലും വന്നുകൊണ്ടിരിക്കുന്നു. ഉദ്യോഗസ്ഥർ അവരുടെ സങ്കൽപ്പങ്ങൾക്കനുസരിച്ച് ചില ബിൽഡിംഗുകകളിൽ മോഡിഫിക്കേഷൻ നടത്തുകയാണ്. അതുപോലെ ഷൂസും യൂണിഫോമിന്റെ തുണിയുമൊക്കെ ഏത് കമ്പനിയിൽ നിന്നായിരിക്കണം എന്നൊക്കെ നിഷ്കർഷിച്ച് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തടിച്ച് കൊഴുക്കുന്നതിനുള്ള നിലപാടുകളെടുക്കുന്ന ഉദ്യോഗസ്ഥരെ നിലയ്ക്കുനിർത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സാധിക്കണമെ ന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇവിടെ ബഹുമാനപ്പെട്ട എ. കെ. ബാലൻ 'ചന്ദ്രിക' ദിനപ്പത്രവുമായി ബന്ധപ്പെട്ട് പറഞ്ഞ വിഷയം, വ്യക്തിവൈരാഗ്യമോ പാർട്ടിയോടുള്ള ദേഷ്യമോ തീർക്കുന്നതിന് ഇതുപോലുള്ള കാര്യങ്ങൾ ചെയ്യുന്നത് ഭൂഷണമാണോയെന്ന് ഗവൺമെന്റ് പരിശോധിക്കണം. 'ചന്ദ്രിക'യിൽ റെയ്ഡ് നടന്നിട്ടില്ലെന്നുള്ളത് ശരിയാണ്. റെയ്ഡ് നടന്നിരിക്കുന്നുവെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം അവിടെയുണ്ടായി. കണക്ക് കാണിക്കാനാണെങ്കിൽ അത് ഉദ്യോഗസ്ഥർക്ക് അവരുടെ ഓഫീസിലിരുന്ന് കണക്ക് പുസ്തകം എടുത്ത് നോക്കാം; അത് ഒരു തുറന്ന പുസ്തകമാണ്. 75 വർഷത്തിലധികമായി നിൽക്കുന്ന ഒരു പാർട്ടിയുടെ മുഖപത്രം പാവപ്പെട്ട ആളുകളുടെ വിയർപ്പിന്റെ ഗന്ധമുള്ള നാണയത്തുട്ടുകൾ കൊണ്ടുണ്ടാക്കിയ ഒരു പത്രം, ആ പത്രത്തെ സമൂഹത്തിന്റെ ഇടയിൽ താറടിച്ചുകാണിച്ച് മാധ്യമങ്ങളോട് ഈ രീതിയിലുള്ള നിലപാട് സ്വീകരിക്കുമ്പോൾ എങ്ങനെയാണ് നമുക്ക് മീഡിയ വൺ, ഏഷ്യാനെറ്റ് എന്നിവയ്ക്കെതിരെ കേന്ദ്രസർക്കാർ എടുത്ത നിലപാടിനെ വിമർശിക്കാൻ സാധിക്കുക? വൈരാഗ്യം തീർക്കുന്നതിനു വേണ്ടിയാണോ മാധ്യമങ്ങളെ ഇതുപോലെ താറടിച്ചുകാണിക്കാൻ ശ്രമിക്കുന്നത്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ രൂപത്തിലുള്ള ഒരു വികാരം ചന്ദ്രിക പത്രത്തിലുണ്ടെങ്കിൽ, ഇത് ഇന്ന് പുറത്തിറങ്ങിയ ചന്ദ്രിക പത്രമാണ് (പത്രം ഉയർത്തിക്കാട്ടുന്നു), ചന്ദ്രിക പത്രം ഓഫീസിൽ കയറി റെയ്ഡ് നടത്തി, ഞങ്ങൾക്ക് പ്രതിഷേധമുണ്ട്, അമർഷമുണ്ട് എന്ന ഒരു വാചകം ഇതിൽ എവിടെയെങ്കിലും നിങ്ങൾ കാണിച്ചുതരുമോ?

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഡോ. എം. കെ. മുനീർ: സർ, 'ചന്ദ്രിക'യിൽ അത് കൊടുക്കാത്തത് റെയ്ഡ് അല്ലാത്തതുകൊണ്ടായിരുന്നു. 'ദേശാഭിമാനി'യിൽ റെയ്ഡ് ആണെന്നാണ് കൊടുത്തത്, കണക്ക് നോക്കാൻ പോയിട്ട് റെയ്ഡാണെന്ന് സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണ് നടന്നത് എന്നതാണ് എന്റെ വാദം. അല്ലാതെ റെയ്ഡ് നടന്നുവെന്നല്ല. മാത്രമല്ല, ഇപ്പോൾ മുൻമന്ത്രിമാരുടെ പേരിൽ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന നാടകമെന്താണ്? അങ്ങ് ഭരണത്തിൽ കയറിയ ഉടനെ കുറേ ഫയൽ എടുത്തിട്ട് നാലുവർഷം കഴിഞ്ഞ് തെരഞ്ഞെടുപ്പ് അടുത്തുവരുന്ന സമയത്താണോ ഇവരൊക്കെ കുറ്റക്കാരാണെന്ന് കണ്ടുപിടിച്ച് അവർക്കെതിരെ വിജിലൻസ് കേസെടുക്കാനുള്ള സമയം കണ്ടെത്തിയത്? പ്രാദേശികമായി, എറണാകുളത്ത് നടക്കുന്ന രാഷ്ട്രീയത്തിന്റെ കൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിന്നുകൊടുക്കരുത്. കാരണം അങ്ങയുടെ സഹപ്രവർത്തകരാണ്

ഇതിനകത്തിരിക്കുന്നത് എന്നുള്ള ധാരണയോടുകൂടി യായിരിക്കണം പ്രവർത്തിക്കേണ്ടത്. ഞങ്ങൾക്ക് ആരെയും പേടിയില്ല. അഴിമതിയുടെ പേരിൽ എവിടെയും തലകുനിക്കേണ്ടി വരുമെന്നുള്ള ഒരു വിശ്വാസവും ഞങ്ങൾക്കില്ല. കാരണം അന്തസ്സായി ഈ പരീക്ഷണങ്ങളെ അതിജീവിച്ച് പുറത്തുവരുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. വ്യക്തിപരമായി ഇതിനകത്തിരിക്കുന്നവരെ സഹപ്രവർത്തകരായി കാണണം. ശ്രീ. പാറക്കൽ അബ്ദുല്ല ഒരു റെസ്റ്റോറന്റ് നടത്തുന്നുണ്ട്. ഡി.വൈ.എഫ്.ഐ.-ക്കാർ എല്ലാ ദിവസവും പ്രശ്നമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡും മറ്റുള്ളവരുമൊക്കെ സമ്മതിച്ചാലും അവിടത്തെ ഡി.വൈ.എഫ്.ഐ.-യ്ക്ക് സമ്മതമുണ്ടെങ്കിൽ മാത്രമേ ആ സ്ഥാപനം നടത്താൻ കഴിയൂ എന്ന് പോലീസും കൂടെനിന്നുകൊണ്ട് ഒത്താശ പാടുന്നത് സത്യത്തിൽ നല്ലതിനാണോയെന്നുള്ളത് ആലോചിക്കേണ്ടതുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞങ്ങൾക്ക് പറയാനുള്ളത്, ഇത്തരത്തിലുള്ള സംഭവവികാസങ്ങൾ ഉണ്ടാകുമ്പോൾ നിയമസഭയ്ക്കകത്തിരിക്കുന്ന സാമാജികർ എന്നുള്ള നിലയിൽ, ശ്രീ. എ. കെ. ബാലൻ മന്ത്രിയായി വന്നശേഷം എത്ര ഫയലുകൾ എടുത്തുകൊണ്ടുപോയി; ആ ഫയലുകൾക്കൊക്കെ എന്ത് സംഭവിച്ചു? കുറേദിവസം അവരൊക്കെ അഴിമതിക്കാരെന്ന് ദേശാഭിമാനി പത്രത്തിന്റെ ഫ്രണ്ട് പേജിൽ ഫോട്ടോ വന്ന് അവസാനം ഇതൊന്നുമല്ലെന്ന് കണ്ടുകഴിഞ്ഞാൽ ഇവർക്കുണ്ടായിട്ടുള്ള മാനനഷ്ടത്തിന് ആര് പരിഹാരമുണ്ടാക്കും; അവരുടെ കുടുംബങ്ങൾക്കുണ്ടാ യിട്ടുള്ള വേദനയ്ക്ക് ആര് മറുപടി പറയും? അതുകൊണ്ട് എന്തെങ്കിലും ചെയ്യുന്നതിനുവേണ്ടി ഇതുപോലുള്ള അവസ്ഥാവിശേഷം കേരളത്തിൽ ഉണ്ടാക്കാതിരിക്കാൻ ശ്രദ്ധിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊന്ന്, കെമിക്കൽ എക്സാമിനേഷൻ ലാബുകളിൽ ദയവുചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽപ്പോലും പേര് രജിസ്റ്റർ ചെയ്യാത്തവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കരുത്. കെമിക്കൽ എക്സാമിനേഷൻ എന്നൊക്കെ പറയുമ്പോൾ, എന്തൊക്കെ പ്രധാനപ്പെട്ട കാര്യങ്ങളാണ് അവിടെ എക്സാമിൻ ചെയ്യുന്നത്. പോസ്റ്റ്മോർട്ടം, മദ്യവുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുടങ്ങി ധാരാളം കാര്യങ്ങളുണ്ട്. കോടതിയിൽ വരെ പോകേണ്ട ആളുകളാണ് ഇവർ. ഇവിടെ ഒരു നമ്പർ കൊടുത്തിട്ടുണ്ട്. ഉദാഹരണത്തിന്, തിരുവനന്തപുരത്ത് കൊടുത്തിട്ടുള്ള നമ്പർ കെമിക്കൽ എക്സാമിനേഷൻ ലാബിലുള്ള ക്ലാർക്കിന്റെ നമ്പരാണ്. ആ ക്ലാർക്കാണോ ആരൊക്കെയാണ് ഇതിൽ തെരഞ്ഞെടുക്കപ്പെടേണ്ടതെന്ന് തീരുമാനിക്കുന്നത്? എന്നാൽ എറണാകുളത്ത് അങ്ങനെയല്ലല്ലോ; എറണാകുളത്ത്

ജോയിന്റ് എക്സാമിനറെയാണ് നിയമിച്ചിട്ടുള്ളത്. എന്തുകൊണ്ടാണ് അത് തിരുവനന്തപുരത്ത് വന്നപ്പോൾ ക്ലാർക്കായി മാറിയത്; തന്നിഷ്ടം നടത്തുന്നതിനായി ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തുന്നതിന് ആരെങ്കിലും തയ്യാറാകുന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തടയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സധൈര്യം ഇത്തരം കാര്യങ്ങളിലൊക്കെ ഇടപെടാൻ മുന്നോട്ട് വരണമെന്നാണ് എനിക്ക് പറയാനുള്ളത്. ഏതെങ്കിലുമൊരു കാര്യം പറഞ്ഞാൽ ഞങ്ങൾക്ക് സംഘികളുമായി ബന്ധമുള്ളതുകൊണ്ടാണെന്ന് പറയുകയാണ്. അല്ലെങ്കിൽ ഞങ്ങളുടെ ഭരണകാലത്തെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ പിന്നീട് ഏതോ കാലത്ത് സംഘിയുമായി ബന്ധപ്പെട്ട് പോയിട്ടുണ്ടെങ്കിൽ എങ്ങനെയാണ് അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഞങ്ങൾക്കാകുന്നത്; എങ്ങനെ ഇയാൾ ഏത് ഭാഗത്ത് പോകുമെന്ന് ആദ്യമേ നിശ്ചയിക്കാൻ സാധിക്കും? അങ്ങനെയാണെങ്കിൽ ഇപ്പോൾ നിങ്ങളുടെ ഭാഗത്തുള്ളവരൊക്കെ ഏത് സമയത്ത് ആരുടെയൊക്കെ പിന്നാലെ പോകുമെന്ന് പറയാൻ സാധിക്കുമോ; ഇവിടെ ശ്രീ. മോഹൻ മധുകർ ഭാഗവത് വന്ന് ദേശീയ പതാക ഉയർത്തി. അതിനെതിരെ കേസെടുക്കാൻ പോലീസിന് സാധിച്ചില്ലല്ലോ; ഇവരൊക്കെ സംഘിയുമായി ആത്മബന്ധമുള്ളവരാണ്. അപ്പോൾ നമുക്കും പറഞ്ഞുകൂടെ? ഈ രീതിയിൽ അങ്ങോട്ടുമിങ്ങോട്ടും ചെളിവാരി എറിയുന്നതിനുപകരം പോലീസിനെ നേരെചൊവ്വേ പ്രവർത്തിപ്പിക്കുന്നതിന് എന്ത് നടപടിയെടുക്കാൻ സാധിക്കുമെന്ന് പരിശോധിക്കേണ്ടതാണ്. ഒരു കാരണവശാലും പിന്തുണയ്ക്കാൻ കഴിയാത്ത സാഹചര്യമായതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ അതിശക്തമായി പല്ലും നഖവും നാവും ഉപയോഗിച്ച് എതിർക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ബുദ്ധിയും ശക്തിയും കഴിവുമുള്ള ഉദ്യോഗസ്ഥരാണ് പോലീസ് ഡിപ്പാർട്ടുമെന്റിലുള്ളതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് പറയാനുള്ളത്. പക്ഷേ, പോലീസ് ഡിപ്പാർട്ടുമെന്റിലെ അഴിമതി സംബന്ധിച്ച് കേരളത്തിൽ പാട്ടാണ്. ആ അഴിമതി ആരിലൂടെയാണെന്നുപോലും നോക്കാതെ വഴിതിരിച്ചുവിട്ട് ഗവൺമെന്റിനെ അപമാനിക്കാൻ ശ്രമിക്കുന്നുവെന്ന വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയേണ്ടതുണ്ട്. ബഹുമാനപ്പെട്ട ഡി.ജി.പി. ലോകനാഥ് ബെഹ്റ കേന്ദ്രഗവൺമെന്റിന്റെ, ബി.ജെ.പി.-യുടെ ആളാണെന്ന് പരക്കെ ആക്ഷേപമുണ്ടായിരുന്നു. പക്ഷേ, ഇവിടെ വന്നപ്പോൾ അദ്ദേഹം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആളാണെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും തമ്മിലുള്ള പാലമായി ലോകനാഥ് ബെഹ്റ നിൽക്കുന്നുവെന്ന പരാതി ജനങ്ങളുടെ മുമ്പിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുണ്ടാകാതിരിക്കാൻ അങ്ങ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇന്ന് രാവിലെ മുതൽ നമ്മൾ കൊറോണയെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഇപ്പോൾ എം.എൽ.എ. ക്വാർട്ടേഴ്സിന്റെ വാതിൽക്കലിന് സമീപം നിൽക്കുന്ന മരത്തിൽ മൂന്ന് കൊക്കുകൾ ചത്തിരിക്കുകയാണ്. ബന്ധപ്പെട്ട മെഡിക്കൽ ഉദ്യോഗസ്ഥരും ഫയർഫോഴ്സുമെല്ലാം അവിടെ എത്തിയിട്ടുണ്ട്. പക്ഷിപ്പനിയാണോയെന്ന് സംശയിക്കുകയാണ്. ഞാൻ ഇത് പറഞ്ഞതിന് കാരണം, ഇവിടെ നിയമസഭാ സമ്മേളനം നടക്കുകയാണ്. ജനങ്ങൾ മുഴുവൻ ഭീതിയിലാണ്. നിയമസഭയിൽ എം.എൽ.എ.-മാർക്ക് സുഖം, ഭയപ്പെടാതെ ഇരിക്കാമല്ലോ; ജനങ്ങൾ അവിടെ വൈറസ് ഭീഷണിയിൽ. ഇതാണ് ജനങ്ങളുടെ ചർച്ച. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് സഭാ സമ്മേളനം നീട്ടിവയ്ക്കേണ്ടതല്ലേ; സഭ തുടരുന്നത് നമുക്ക് ഗുണകരമാണോ; ജനങ്ങളുടെ ഇടയിൽ നമ്മുടെ പേരിൽ സംശയമുണ്ടാകില്ലേ; എനിക്ക് ദുഃഖമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം, എരുമേലി മേഖലയിൽ കൊറോണ കണ്ടുപിടിച്ചിരിക്കുകയാണ്. ആ നിലയ്ക്ക് നിയമസഭാ സമ്മേളനം തുടരുന്നത് ശരിയാണോയെന്നുകൂടി ഗവൺമെന്റ് ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. ഇപ്പോൾ നാം കാണുന്നത് പുതിയ കേരളമാണ്. അതുകൊണ്ടാണ് നവകേരളമെന്നു വിളിക്കുന്നത്. എല്ലാ മേഖലകളിലും കേരളം മികവിന്റെ പടവുകൾ കയറിക്കൊണ്ടിരിക്കുകയാണ്. ആ മാറ്റം കേരളത്തിലെ പോലീസ് സേനയിലും പോലീസിന്റെ പ്രവർത്തനങ്ങളിലും കാണാൻ സാധിക്കും. കുറ്റകൃത്യങ്ങളിൽ സംഭവിച്ചിട്ടുള്ള കുറവ് കേരളം ഏത് ദിശയിൽ വികസിക്കുന്നുവെന്നതിന്റെ സൂചകമാണ്. 2015-ൽ 653408 കേസ്സുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതെങ്കിൽ 2019-ൽ അത് 452787 ആയി കുറഞ്ഞു. കേരളത്തിൽ രണ്ട് ലക്ഷത്തിലധികം കേസ്സുകളും/കുറ്റകൃത്യങ്ങളും കുറഞ്ഞത് പോലീസ് സേന ഫലപ്രദമായി പ്രവർത്തിക്കുന്നതിന്റെ ഭാഗമായിട്ടാണ്. 2015-ൽ ഐ.പി.സി. പ്രകാരം രജിസ്റ്റർ ചെയ്തത് 257074 കേസ്സുകളായിരുന്നുവെങ്കിൽ 2019-ൽ അത് 176017 ആയി കുറഞ്ഞത് കേരളീയ സമൂഹത്തിൽ വരുന്ന മാറ്റങ്ങളുടെ സൂചകമായി പരിഗണിക്കാൻ സാധിക്കും. ഭരണകൂടത്തിന്റെ മർദ്ദനോപാധിയാണെന്നത് പോലീസിനെ സംബന്ധിച്ച സാമ്പ്രദായികവും പരമ്പരാഗതവുമായ ഒരു ധാരണയാണ്. എന്നാൽ ഈ പരിഷ്കൃതലോകത്തിൽ അത്തരം ധാരണകളിൽ മാറ്റമുണ്ടാകുന്നുണ്ട്. പോലീസ് ഒരു മർദ്ദനോപാധിയെന്ന നിലയിൽനിന്നും ജനങ്ങളുടെ സഹായിയായി മാറുന്നത് ലോകത്തെവിടെയും ദൃശ്യമായി വരുന്നുണ്ട്. തമിഴിൽ പോലീസിന് കാവൽ എന്നാണ് പറയുന്നത്. സമൂഹത്തിന്റെയും സഹജാതരുടെയും കാവലായിട്ടാണ് പോലീസ് നിലയുറപ്പിക്കേണ്ടത്. കേരളത്തിലെ പോലീസിനും ആ ദിശയിൽ

വരുന്ന മാറ്റങ്ങൾ, പോലീസിന്റെ നവീകരണം, ആധുനികവൽക്കരണം, മനോഭാവത്തിലുള്ള മാറ്റം ഇവയെല്ലാം പ്രകടമായിട്ടുള്ള കാലമാണ് ഇപ്പോൾ നാം ചർച്ച നടത്തുന്നത്. കേരളത്തിലെ പോലീസ് നവീകരണത്തിന്റെയെല്ലാം ഭാഗമായി പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം ആദ്യം 10 ശതമാനമായും പിന്നീട് 25 ശതമാനമായും വർദ്ധിപ്പിക്കാനുള്ള ചരിത്രപ്രസിദ്ധമായ തീരുമാനം കൈക്കൊണ്ടത് ഇക്കാലത്താണ്. ഐക്യകേരള ചരിത്രത്തിലാദ്യമായി വനിതാ പോലീസ് ബറ്റാലിയൻ ആരംഭിക്കാൻ കഴിഞ്ഞത് നേട്ടമാണ്. കുട്ടികളുടെയും സ്ത്രീകളുടെയും സുരക്ഷ മുൻനിർത്തി എല്ലാ ജില്ലകളിലും പിങ്ക് കൺട്രോൾ റൂമുകൾ ആരംഭിക്കാൻ കഴിഞ്ഞതും ഈ കാലഘട്ടത്തിലാണ്. അബദ്ധജഡിലമായ ചില സാങ്കേതികതകൾ പോലീസ് സേനയെ വരിഞ്ഞുമുറുക്കുന്ന ഭൂതകാലം ഉണ്ടായിരുന്നതെല്ലാം ഓരോന്നായി അഴിച്ചെടുക്കുകയാണ്. ഏത് സ്റ്റേഷനിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാവുന്നൊരു സംവിധാനം കൊണ്ടുവന്നിരിക്കുകയാണ്. ഒരു വാഹനത്തിൽ/ബസ്സിൽ യാത്ര ചെയ്യുമ്പോൾ കുറ്റകൃത്യമുണ്ടായാൽ യാത്ര അവസാനിക്കുന്നിടത്തിറങ്ങി അവിടത്തെ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയാൽ മതി. മുമ്പ് അത് സാധിക്കുമായിരുന്നില്ല. അത്തരത്തിൽ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നു. 'നിഴൽ' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിക്കപ്പെടുന്നു. പ്രായമായ സ്ത്രീകൾ അസമയങ്ങളിൽ യാത്രയ്ക്കിടയിൽ ഒറ്റപ്പെട്ടുപോയാൽ അവരുടെ സംരക്ഷണത്തിന് ഒരു കുടുംബാംഗത്തെ എന്നപോലെ പോലീസ് ഓടിയെത്തുന്ന കാഴ്ചയാണ് ഈ പദ്ധതിയുടെ ഭാഗമായി കാണാൻ കഴിയുന്നത്. '112' എന്ന നമ്പരിൽ വിളിക്കുക മാത്രമേ വേണ്ടൂ. ഇതോടൊപ്പമാണ് സംസ്ഥാന പോലീസ് ആധുനികവൽക്കരണത്തിന്റെ നാഴികക്കല്ലുകൾ സൃഷ്ടിക്കുന്നത്. ചരിത്രത്തിൽ ആദ്യമായി പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ humanoid robot -ന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിന് നാം സാക്ഷ്യംവഹിക്കുകയാണ്. അടിച്ചമർത്തപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ ഏറ്റവും നല്ല നിലയിൽ പരിഗണിക്കുന്ന ഗവൺമെന്റ് നയത്തിന്റെ പ്രതിഫലനമെന്ന നിലയിലാണ് സ്പെഷ്യൽ ട്രൈബൽ റിക്രൂട്ട്മെന്റ് പോലീസ് സേനയിലേയ്ക്ക് യാഥാർത്ഥ്യമാക്കാൻ സാധിച്ചത്. ഇപ്പോൾ പോലീസ് സ്റ്റേഷനിൽ ഒരു പരാതി കൊടുത്താൽ പോലീസിന്റെ മാറിയ മുഖവും സമീപനവും നന്നായി പ്രകടമാകുകയാണ്. സംസ്ഥാന പോലീസ് മേധാവി മുതൽ സബ് ഇൻസ്പെക്ടർ വരെയുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ഓരോ പരാതിക്കാരെയും അതത് ദിവസം വൈകുന്നേരം ടെലഫോണിൽ വിളിച്ച് നിങ്ങളുടെ പരാതിക്ക് നിവൃത്തിയുണ്ടായോ, പോലീസ് സ്റ്റേഷനിൽനിന്നുള്ള സേവനം തൃപ്തികരമാണോയെന്ന് അന്വേഷിക്കുന്ന ഒരുപക്ഷേ സങ്കൽപ്പിക്കാൻ പോലുമാകാത്ത മാറ്റം പോലീസ് സേനയിൽ ഉണ്ടായിരിക്കുന്നുവെന്നത് നാം കാണേണ്ടതുണ്ട്.

ഇതിന്റെയെല്ലാം ഭാഗമായി രൂപപ്പെട്ട അസൂയയിൽ രാഷ്ട്രീയമായി പ്രതിപക്ഷത്തിന് നില തെറ്റിയിരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ഓരോ പ്രതികരണവും അതാണ് സൂചിപ്പിക്കുന്നത്. ഇന്ന് രാവിലെ സഭയിൽ നടന്നതെന്താണ്; പോലീസ് സേനയുടെ മികവിന്റെ മുന്നിൽ മാത്രമല്ല എല്ലാ രംഗത്തെയും നേട്ടങ്ങൾ കണ്ട് പ്രതിപക്ഷത്തിന് സമനില തെറ്റിപ്പോകുകയാണ്.

ഇന്ന് രാവിലെ സബ്മിഷന് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ എന്തെല്ലാം കോലാഹലമാണ് ഇവിടെ നടന്നത്. ലോകമാകെ കൊറോണയുടെ ഭീതിയിൽ നിൽക്കുന്നു. ഏറ്റവും ഒടുവിൽ പുറത്തുവന്ന വാർത്ത ബ്രിട്ടീഷ് ആരോഗ്യ വകുപ്പുമന്ത്രിക്ക് കൊറോണ ബാധ സ്ഥിരീകരിച്ചു എന്നതാണ്. വികസിത മുതലാളിത്ത രാജ്യങ്ങൾ ഈ ഭീഷണിയുടെ മുമ്പിൽ കാലിടറി വീഴുമ്പോൾ കേരളം എല്ലാ സജ്ജീകരണങ്ങളും ഒരുക്കി ധീരമായി ഈ രോഗത്തോട് പൊരുതിനിൽക്കുകയാണ്. അപ്പോൾ പ്രതിപക്ഷമെന്തിനാണ് ബഹളമുണ്ടാക്കുന്നത്; ആർത്തട്ടഹസിക്കുന്നത്; കൊറോണ ബാധിച്ച് കേരളത്തിന്റെ മണ്ണിൽ ഒരു ജീവൻപോലും പൊലിഞ്ഞില്ലെന്ന നിരാശയാണ് പ്രതിപക്ഷത്തിന്റെ ബഹളത്തിന്റെ പിന്നിലുള്ളതെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താനാകില്ല. അതേ നിലതെറ്റൽ പോലീസിന്റെ വിഷയത്തിലുമുണ്ട്. അസൂയയും കുശുമ്പുംകൊണ്ട് സമനില തെറ്റിപ്പോകുന്നത് എങ്ങനെയെന്നതിന് ഉദാഹരണമായി മാറുകയാണ്. ജിഷ, ജലജ വധക്കേസ്സുകൾ, കോവളം മര്യദാസ് വധക്കേസ് തുടങ്ങിയവയ്ക്കെല്ലാം പഴുതടച്ച അന്വേഷണത്തിലൂടെ പ്രതികൾക്ക് വധശിക്ഷ വാങ്ങിക്കൊടുക്കാൻ കഴിഞ്ഞ സംവിധാനമായി കേരള പോലീസ് മാറി.

ഇവിടെ ചില അവാർഡുകളെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ഇന്ത്യയിൽ പ്രഖ്യാപിക്കുന്ന എല്ലാ അവാർഡും പോലീസ് സേനയ്ക്കുള്ള അവാർഡും കേരളത്തിലെ പോലീസ് സേനയ്ക്ക് സ്വീകരിക്കാൻ കഴിയുന്നതെന്തുകൊണ്ടാണ്; നിങ്ങൾ ഈ കാലത്തിന്റെ ചുവരെഴുത്ത് വായിക്കാൻ കഴിയാത്തവരായി മാറരുത്. സി. & എ.ജി. റിപ്പോർട്ടാണ് കൊട്ടിഘോഷിക്കുന്നത്. സി. & എ.ജി. ഏറ്റവും അപഹാസ്യനായി മാറിയൊരു കാലമല്ലേ ഇത്. നിങ്ങൾ തോളിലേറ്റി നടന്ന റിപ്പോർട്ടിന്റെ സ്ഥിതി എന്താണ്? 12061 വെടിയുണ്ടകൾ കാണാനില്ലെന്നാണ് ബഹുമാനപ്പെട്ട അങ്കമാലി അംഗം പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം ദയവായി കാര്യങ്ങൾ മനസ്സിലാക്കണം. ആകെ 3706 വെടിയുണ്ടകളാണ് കാണാനില്ലാത്തത്, അത് നിങ്ങളുടെ ഭരണകാലഘട്ടത്തിലാണ്. 2005-ൽ അതന്വേഷിക്കണമെന്ന് ശിപാർശ വന്നപ്പോൾ നിങ്ങൾ പൂഴ്ത്തിയിട്ട് അന്വേഷിക്കാൻ ധൈര്യമുണ്ടോയെന്ന്

ചോദിക്കുകയാണ്. ഉണ്ട്, ഞങ്ങൾ ധൈര്യമായി അന്വേഷിക്കുകയാണ്. കഴിഞ്ഞ 25 വർഷം ഇത്തരം വിഷയങ്ങളിൽ നടന്ന കാര്യങ്ങളെ സംബന്ധിച്ചും 11 ഉദ്യോഗസ്ഥരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുതും അന്വേഷിക്കുകയാണ്. തോക്ക് കാണാനില്ലെന്ന് നിങ്ങൾ ഇപ്പോഴും പറയുന്നു. തോക്കെല്ലാം മാധ്യമങ്ങളുടെ മുന്നിൽ ഹാജരാക്കിയില്ലേ; സി. & എ. ജി. റിപ്പോർട്ടിന്റെ ഒന്നാം പേജിൽ ഒരു താമരചിഹ്നം അച്ചടിച്ചാൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രീതിക്കുവേണ്ടി തയ്യാറാക്കിയ ഒരു രാഷ്ട്രീയ റിപ്പോർട്ടായി മാറുന്ന നിലവാരമുള്ള റിപ്പോർട്ടുകൊണ്ട് നിങ്ങൾ പ്രചരണത്തിനിറങ്ങുകയാണ്. നാല് മാധ്യമങ്ങൾ പിന്നിലുണ്ടെന്ന് കരുതി ഈ കളി നിങ്ങൾക്കധികം മുന്നോട്ട് കൊണ്ടുപോകാനാകില്ല. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എന്തായിരുന്നു? മാധ്യമങ്ങളുടെ പിന്തുണയോടെ കൊട്ടിഘോഷിച്ച് നിങ്ങൾ കള്ളവോട്ട് വിവാദം കൊണ്ടുവന്നു. കള്ളവോട്ടിന്റെ മേൽ അന്വേഷണം മുന്നോട്ട് നീങ്ങിയപ്പോൾ എങ്ങനെയാണത് കെട്ടടങ്ങിയത്? നിങ്ങൾ ആരോപണം മാറ്റിവച്ചതെന്തു കൊണ്ടാണ്; ആർക്കാണ് പൊള്ളിയത്; ആരൊക്കെയാണ് കേസിൽ പ്രതിയായത്; ഇപ്പോൾ എന്തുകൊണ്ടാണ് മിണ്ടാത്തത്; പ്രതിപക്ഷം ഏതിൽ തൊട്ടാലും സ്വന്തം കൈപൊള്ളുന്ന അനുഭവത്തിലേയ്ക്ക് വരികയാണ്. അതാണ് വെടിയുണ്ട, തോക്ക് കേസ്സുകളിലും വന്നിട്ടുള്ളത്. അസൂയയ്ക്കൊപ്പം ജാള്യതയും നിങ്ങൾക്കുണ്ട്. മുൻ പോലീസ് മേധാവിയെ സംബന്ധിച്ച് ആരൊക്കെ, എങ്ങനെയൊക്കെ ആകുമെന്ന് പറയാൻ പറ്റുമോ എന്ന് ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് നേരത്തേ സംസാരിച്ചു, കൊള്ളാം. സീനിയോറിറ്റി മറികടന്ന് നിക്ഷിപ്ത രാഷ്ട്രീയ താൽപ്പര്യത്തെ മുൻനിർത്തി നിങ്ങൾ കൊണ്ടുവന്നതാണ് മുൻ ഡി.ജി.പി. 1982 ബാച്ചുകാരനായ ശ്രീ. മഹേഷ് കുമാർ സിംഗ്ലയെ മറികടന്ന് നിങ്ങളുടെ ഇഷ്ടക്കാരനെ കൊണ്ടുവന്നു. അയാൾ ആർ.എസ്.എസ്.-ന് അനുകൂലമായ നിലപാട് സ്വീകരിച്ചു. പോലീസിനെ കൊല്ലാൻ ശ്രമിച്ച കേസ്സിലെ പ്രതിയായ ആർ.എസ്.എസ്.-കാരന്റെ പേരിലുള്ള ക്രിമിനൽ കേസ് നിങ്ങൾ എന്തിന് പിൻവലിച്ചുവെന്ന് ചോദിച്ചപ്പോൾ അയാൾക്ക് ജോലി കിട്ടുന്നതിനുവേണ്ടിയെന്ന് യാതൊരു സങ്കോചവുമില്ലാതെ നിങ്ങൾ മറുപടി പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ സഭയിൽ ആ ഉന്നത പോലീസുദ്യോഗസ്ഥനെ സംബന്ധിച്ച് ചർച്ച വന്നപ്പോൾ അദ്ദേഹത്തിന്റെ രാഷ്ട്രീയം, സംഘപരിവാർ പ്രതിബദ്ധത എന്നിവയെക്കുറിച്ച് കേരളത്തിന്റെ മുഖ്യമന്ത്രി പറഞ്ഞു. എത്ര ഘോരഘോരമായാണ് നിങ്ങൾ വാദിച്ചത്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ജീവിതത്തിൽ എനിക്ക് പറ്റിയ ഏറ്റവും വലിയ പിശകാണ് ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. ആക്കിയതെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞ സാഹചര്യത്തിൽ അദ്ദേഹത്തെ വെറുതെ എന്തിനാണ് കുത്തിവേദനിപ്പിക്കുന്നത്; അതാണ് എനിക്ക് മനസ്സിലാകാത്തത്.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ അദ്ദേഹത്തെ കുത്തിവേദനിപ്പിക്കുന്നില്ല. എനിക്ക് അദ്ദേഹത്തോട് ബഹുമാനം മാത്രമേയുള്ളൂ. പക്ഷേ എനിക്ക് പ്രതിപക്ഷത്തെ ഓർമ്മിപ്പിക്കാനുള്ളത്, ആ ഏറ്റുപറച്ചിലിന്റെ അന്തഃസത്ത നിങ്ങൾ മനസ്സിലാക്കണം. ഭാവിയിൽ നിങ്ങൾ ഏറ്റുപറയാതിരിക്കണമെങ്കിൽ ഇന്ന് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്ന രാഷ്ട്രീയ ശരികളെ തുറന്ന മനസ്സോടെ നിങ്ങൾ ഉൾക്കൊള്ളണം. അല്ലെങ്കിൽ നിങ്ങൾക്ക് ഇനിയും ഇങ്ങനെ ഏറ്റുപറയേണ്ടതായി വരുമെന്ന് മാത്രമേ എനിക്ക് അക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളൂ.

ഇന്ന് സഭയിൽ ചർച്ചയുടെ ഭാഗമായി വന്നിട്ടുള്ള ചന്ദ്രിക പത്രത്തിന്റെ റെയ്ഡുമായി ബന്ധപ്പെട്ട വിഷയത്തിൽ ഞാനാകെ ആശയക്കുഴപ്പത്തിലാണ്. ബഹുമാന്യനായ എന്റെ മാന്യസ്നേഹിതൻ മലപ്പുറം അംഗം ഇവിടെ ഘോരഘോരം പ്രസംഗിച്ചു. ചന്ദ്രികയിൽ റെയ്ഡ് നടത്തിയതിനെതിരെ അദ്ദേഹം ആഞ്ഞടിച്ചു. നിയമസഭാ കക്ഷി ഉപനേതാവ് റെയ്ഡ് നടന്നിട്ടില്ലെന്ന് പറഞ്ഞു. ചന്ദ്രിക പത്രത്തിന്റെ ഡയറക്ടർ കൂടിയായ ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പ്രസ്താവന ഇന്നലെ മാധ്യമം പത്രത്തിൽ വരികയുണ്ടായി. ഇത് മാധ്യമം പത്രമാണ് (പത്രം ഉയർത്തിക്കാട്ടി). 'ചന്ദ്രികയിൽ ഒരു റെയ്ഡും നടന്നിട്ടില്ല' എന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പ്രതികരിച്ചു. 'ആവശ്യപ്പെട്ടിരുന്നുവെങ്കിൽ കണക്കുകൾ ഹാജരാക്കുമായിരുന്നു, എല്ലാ കാര്യങ്ങളും അവരെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. അതിനെയാണ് മാധ്യമങ്ങൾ റെയ്ഡാക്കിയത്.' ഇത് പറഞ്ഞത് ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി. എന്നാൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് അതേ മാധ്യമത്തിൽ പറയുന്നത്, 'ചന്ദ്രികയിൽ റെയ്ഡ് നടത്തിയത് ശുദ്ധ അസംബന്ധമാണ്' എന്നാണ്. മലപ്പുറം അംഗം പറയുന്നതാണോ പ്രതിപക്ഷ ഉപനേതാവ് പറയുന്നതാണോ പ്രതിപക്ഷനേതാവ് പറയുന്നതാണോ ചന്ദ്രിക പത്രത്തിന്റെ ഡയറക്ടർ പറയുന്നതാണോ ശരിയെന്ന് നിങ്ങൾ ആദ്യം ഒരു തീരുമാനത്തിലെത്തണം. ഇങ്ങനെയൊക്കെ നടന്നിട്ട് ഇതുസംബന്ധിച്ച് ചന്ദ്രിക ദിനപത്രത്തിൽ ഒരു വരിപോലുമില്ല. ഇനി റെയ്ഡാകട്ടെ, രേഖയുടെ പരിശോധനയാകട്ടെ, എന്തുമാകട്ടെ; ഒരു വാക്ക് ചന്ദ്രികയിൽ നമുക്ക് കാണാനുമില്ല. ഇതെല്ലാം പറയുമ്പോൾ ഒരു കാര്യംകൂടി പറയാനുണ്ട്. ചന്ദ്രികയുടെ അക്കൗണ്ടിലേയ്ക്ക് 10 കോടി രൂപ വന്നുവെന്ന് നേരത്തെ കണ്ടെത്തുകയും വിജിലൻസ് അത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ അറിയിക്കുകയും ചെയ്തതിനെ തുടർന്നുള്ള

പരിശോധനയാണിത്. ആ 10 കോടി രൂപ എവിടെനിന്നു വന്നുവെന്ന് ഈ സഭയിൽ പറഞ്ഞാൽ എല്ലാവരുടെയും സംശയം മാറും. വേണമെങ്കിൽ ലീഗ് അംഗങ്ങൾക്ക് അത് പറയാമായിരുന്നു. അങ്ങനെയല്ലേ പറയേണ്ടതെന്ന് മാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ. അതിനെക്കുറിച്ചുള്ള മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല.

കേരളത്തിലെ പോലീസ് സേനയെ അപകീർത്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, പോലീസ് വകുപ്പിനെ ഇകഴ്ത്തിക്കാണിക്കുന്നതിന്റെ ഭാഗമായി ചില രാഷ്ട്രീയ കൊലപാതകങ്ങളുടെ കാര്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. കാസർഗോഡ് നടന്ന രണ്ട് യൂത്ത് കോൺഗ്രസ്സുകാരുടെ കൊലപാതകത്തെ നമ്മളെല്ലാവരും രാഷ്ട്രീയത്തിനതീതമായി ആ നിമിഷം മുതൽ അപലപിക്കുന്നവരാണ്. പക്ഷേ ഒന്ന് ചോദിക്കട്ടെ, തൃശ്ശൂർ കാഞ്ഞാണിയിൽ സുരേഷ് എന്ന കോൺഗ്രസ് പ്രവർത്തകനെ ചവിട്ടിക്കൊന്ന സംഘപരിവാർ ഭീകരർക്കെതിരെ ഒരു ചെറിയ വാക്ക് പറയാൻ നട്ടെല്ലുള്ള കോൺഗ്രസ്സുകാരനെ ഈ നിമിഷം വരെ സഭയിൽ ഞാൻ കണ്ടിട്ടില്ല. കണ്ണൂരിൽ ലീഗുകാരൻ അബ്ദുൾ റൗഫും ചാവക്കാട് പുന്ന നൗഷാദും കൊല്ലപ്പെട്ട കേസ്സിൽ പോപ്പുലർ ഫ്രണ്ട് ക്രിമിനലുകളായിരുന്നു പ്രതികൾ. ഈ രണ്ടുപേരുടെ കൊലപാതകത്തിലും പോപ്പുലർ ഫ്രണ്ടിനെതിരെ ഒരു ചെറിയ വാക്ക് ഈ സഭയിൽ ഒരു ലീഗ് അംഗമോ ഒരു കോൺഗ്രസ് അംഗമോ ചൂണ്ടിക്കാണിച്ചതായി ഞാൻ ഓർക്കുന്നില്ല. ഇവരൊക്കെ കൊല്ലപ്പെട്ടപ്പോൾ നിങ്ങൾക്ക് വേദനയുണ്ടായില്ലേ; ആർ.എസ്.എസ്.-നെയും പോപ്പുലർ ഫ്രണ്ടിനെയും തൊട്ടാൽ കൈപൊള്ളുമോ; നിങ്ങൾക്ക് പേടിയാണോ; നിങ്ങളുടെ അപ്രഖ്യാപിത സഖ്യകക്ഷികളാണെന്നതു കൊണ്ടാണോ; നിങ്ങളുടെ പ്രവർത്തകർ കൊല്ലപ്പെടുമ്പോൾ കൊലയാളികളുടെ രൂപഭാവങ്ങൾനോക്കി മാത്രമാണ് നിങ്ങൾക്ക് സങ്കടം വരുന്നത്; ഒരു പ്രത്യേകതരം വിഷമമാണല്ലോ; കൂടെ കൊടിപിടിക്കുന്നവൻ കൊല്ലപ്പെടുമ്പോൾ കൊലയാളിയുടെ മുഖലക്ഷണം നോക്കാതെ വിമർശിക്കാനുള്ള നട്ടെല്ല് നിങ്ങൾക്ക് എവിടെവച്ചാണ് കൈമോശം വന്നുപോയത്; സി.ബി.ഐ.-യ്ക്ക് വിടുന്നതിനെക്കുറിച്ചും കൊല്ലപ്പെട്ടവരുടെ ബന്ധുക്കളുടെ ആവശ്യത്തെക്കുറിച്ചുമൊക്കെ ഇവിടെ പറഞ്ഞു. കൊല്ലപ്പെട്ടവരുടെ ബന്ധുക്കളുടെ ആവശ്യം ഇതിനുമുമ്പും വന്നിട്ടുണ്ട്. മധു ഈച്ചരത്തും ലാൽജി കൊള്ളന്നൂരും - കൊല്ലപ്പെട്ട മകന്റെ മുമ്പിൽ ആ അമ്മയുടെ ആവശ്യം എന്തായിരുന്നു? നിങ്ങളുടെ കാബിനറ്റിലെ അംഗമായിരുന്ന കോൺഗ്രസ് നേതാവിന്റെ കൈകളാണ് ഇതിനുപിന്നിൽ. നിങ്ങൾ അന്വേഷിക്കണം. നിങ്ങൾ അന്വേഷിച്ചോ; എന്റെ മകനെ കൊന്നത് ഇന്നയാളാണെന്ന് ഹനീഫയുടെ ഉമ്മ പറഞ്ഞു. പേരൊന്നും ഞാൻ പറയുന്നില്ല. നിങ്ങൾ അന്വേഷിച്ചോ; നിങ്ങളുടെ കാലത്ത് രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടി കൊല്ലാൻ ശ്രമിക്കുകയായിരുന്നില്ലേ; ഇവിടെ ഇരിക്കുന്ന ശ്രീ. എം. എം. മണി ഒരു പ്രസംഗം നടത്തിയതിന്റെ പേരിൽ നിങ്ങൾ വിലങ്ങണിയിച്ച് തുറുങ്കിലടച്ചില്ലേ;

മി. സ്പീക്കർ: യെസ്...പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. സ്വരാജ്: സർ, അതേസമയം 'ഞങ്ങളും കൊന്നിട്ടുണ്ട്' എന്ന് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. എം. എം. ഹസ്സൻ വാർത്താസമ്മേളനം നടത്തി പറഞ്ഞില്ലേ; നിങ്ങളുടെ പോലീസ് ഒരു രോമത്തിൽ തൊട്ടിട്ടുണ്ടോ; രാഷ്ട്രീയ പ്രതിയോഗികളെ തുറുങ്കിലടച്ച് നിശ്ശബ്ദരാക്കാൻ, ഇല്ലാതാക്കാൻ ഭരണയന്ത്രങ്ങളെ ദുരുപയോഗപ്പെടുത്തിയ ഭരണമായിരുന്നു നിങ്ങളുടെ കാലത്ത്. ഇവിടെ ഇരിക്കുന്ന ശ്രീ. റ്റി. വി. രാജേഷിനെ 118-ൽപ്പെടുത്തി നിങ്ങൾ ജയിലിലിടച്ചില്ലേ; ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബഹുമാനപ്പെട്ട മന്ത്രി, ബഹുമാനപ്പെട്ട ജെയിംസ് മാത്യുവിനെതിരെ നിങ്ങൾ കൊലക്കേസ് എടുത്തില്ലേ? ഇതൊക്കെ കേരളത്തിൽ കേട്ടുകേൾവിയുണ്ടോ; അങ്ങനെയുള്ള സാഹചര്യമൊന്നും ഇപ്പോൾ കേരളത്തിലില്ല. അതുതന്നെയാണ് ഏറ്റവും വലിയ മാറ്റം. ആധുനികവൽക്കരണത്തിന്റെയും നവീകരണത്തിന്റെയും പാതയിൽ മുന്നോട്ട് പോകുന്ന സമൂഹത്തിന് കാവലാളായി നിൽക്കുന്നവരായി കേരളത്തിലെ പോലീസിനെ മാറ്റിയ ഈ ചരിത്രനേട്ടത്തിന്റെ മുന്നിൽ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ അങ്ങ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കിനെക്കുറിച്ച് പറഞ്ഞു. എന്റെ കയ്യിൽ ആ കണക്കുണ്ട്, കേസ്സുകളൊക്കെ കൂടുതലാണ്. Kerala tops in crime charge with 6.5 lakhs police cases in 2017. അങ്ങ് പറഞ്ഞതുകൊണ്ട് ഞാനൊരു വാക്ക് പറഞ്ഞെന്നേയുള്ളൂ. നമ്മൾ ക്രുദ്ധതകൊണ്ടാണ് ചുവന്ന കണ്ണുകൊണ്ട് നോക്കുന്നതെന്ന് ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞു. നാട്ടിൽ നടക്കാത്ത കാര്യങ്ങളൊക്കെ ചെയ്യുകയും അതിൽ പലതും അഴിമതിയാണെന്ന് കാണുകയും ചെയ്യുമ്പോൾ സ്വാഭാവികമായും ഒരു ക്രുദ്ധതയുണ്ടാകും. അതിൽ ഞങ്ങളുടെ കണ്ണ് ചുവക്കും. അത് ചുവന്നുകൊണ്ടേയിരിക്കും. അതിൽ അങ്ങ് വിഷമിക്കേണ്ട. ഇവിടെ ഞാൻ വിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് കൂടത്തായി കേസ്സിനെ സംബന്ധിച്ച് ഒരു കാര്യം പറയാം. കൂടത്തായി കേസ്സിന്റെ ഒരു ഓർഡർ എന്റെ കയ്യിലുണ്ട്. കൂടത്തായി കേസ്സിലെ നോട്ടറിയായ ശ്രീ. സി. വിജയകുമാർ, ഈ കേസ്സിലെ ഏറ്റവും പ്രധാനപ്പെട്ട കള്ള റെക്കോർഡുണ്ടാക്കുന്നതിനുവേണ്ടി സഹായിച്ച വ്യക്തിയാണ്. " Attached a document which was produced before him by the prime accused Jolly of Koodathai police station without seeing the original document and further more. He attempted to enter the

signature of the deceased Tom Thomas, Father in law of the accused in the notary register and thereby help the prime accused in Crime no....."എന്നാണ് അതിൽ പറയുന്നത്. അയാൾ ഈ കേസിലെ നോട്ടറിയാണ്. നമ്മൾ ഇവിടെ സംസാരിക്കുന്ന അവസരത്തിലും അയാൾ നോട്ടറിയായി അവിടെ ഇരിക്കുകയാണ്. നോട്ടറിയായതുകൊണ്ട് അയാളുടെ പേരിൽ നടപടിയെടുക്കുന്നതിനുള്ള ഓർഡറിനുവേണ്ടി ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറായ ശ്രീ. സൈമൺ ആവശ്യപ്പെട്ടു. ഓർഡർ ആവശ്യപ്പെട്ട് 30 ദിവസം അത് നമ്മുടെ ഓഫീസിലിരുന്നു. അതിനുശേഷം കഴിഞ്ഞ 6-ാം തീയതി അതിനുവേണ്ട ഉത്തരവ് കൊടുത്തു. ഇപ്പോഴും ആ ഉത്തരവ് നടപ്പാക്കാൻ കഴിയുന്നില്ല. കാരണം അയാൾ നോട്ടറിയായി അവിടെ തുടരുകയാണ്. നമ്മുടെ രജിസ്റ്ററിൽ നോട്ടറിയായി ഇരിക്കുകയാണ്. ഇതാണ് നമ്മുടെ നാട്ടിലെ പ്രധാന പ്രശ്നങ്ങൾ. പോലീസിനെതിരെയുള്ള കുറെ കാര്യങ്ങളുണ്ട്. വന്നുവന്ന് ഓരോ കാര്യത്തിലും ഡി.ജി.പി. കയ്യിട്ട് വാരുകയാണ്. അതാണ് നമ്മുടെ പ്രശ്നം. സാമ്പത്തിക കാര്യം മാത്രമല്ല ഞാൻ പറഞ്ഞുവരുന്നത്. ഇപ്പോൾ അധികാരമില്ലാത്തയിടത്തും ഡി.ജി.പി. കയറി പെരുമാറുകയാണ്. വിജിലൻസിൽ ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള അധികാരം ആർക്കാണ്; വിജിലൻസ് ഡയറക്ടർക്കാണെന്ന് വിജിലൻസ് മാന്വലിൽ പറയുന്നുണ്ട്. വിജിലൻസ് ഡയറക്ടർക്കുള്ള അധികാരം ഡി.ജി.പി. കയ്യേറുകയാണ്. അദ്ദേഹം കുറെയാളുകളെ നിയമിക്കുകയാണ്. അങ്ങനെ അധികാരപരിധിവിട്ട് പെരുമാറാൻ അദ്ദേഹത്തിന് എന്തെങ്കിലും പ്രത്യേക അധികാരം നൽകിയിട്ടുണ്ടോ; അത് ചെയ്യാൻ പറ്റുമോ?വിജിലൻസ് മാന്വൽ അനുസരിച്ച് മാത്രമേ ആ ട്രാൻസ്ഫർ നടത്താൻ പാടുള്ളൂ. അപ്പോൾ ഇവിടെ ഡി.ജി.പി-യുടെ ഇന്റൻഷനുണ്ട്. ഡി.ജി.പി.-ക്ക് ഇഷ്ടമില്ലാത്ത ആളുകളെ ബുക്കുചെയ്യുന്നതിനുവേണ്ടി പറ്റിയ വിജിലൻസ് ഉദ്യോസ്ഥരെ താഴെ നിയോഗിക്കുന്നതിനുവേണ്ടിയും പ്രതികാരം ചെയ്യുന്നതിനുവേണ്ടിയും പോലീസിന്റെ ശക്തി വിനിയോഗിക്കുകയാണ്. അങ്ങ് അത് പരിശോധിച്ച് ദയവായി ഉത്തരം പറയണം. ഇവിടെ നേരത്തെ പറഞ്ഞതുപോലെ, ഞങ്ങൾ വെറുതെ പോലീസിനെ കുറ്റപ്പെടുത്തുന്നതല്ല. ഡി.ജി.പി.-യെക്കുറിച്ച് നേരത്തെ പറഞ്ഞ ഏഴ് കേസ്സുകളും ഗവൺമെന്റ് പരിശോധിക്കട്ടെ. ഇവിടെ ചർച്ച നടന്നപ്പോൾ അപ്പുറത്തുമിപ്പുറത്തുമുള്ള ആളുകൾ കുറെ കാര്യങ്ങൾ പറഞ്ഞതുകൊണ്ട് എന്റെ ഭാരം കുറഞ്ഞു. യൂണിഫോമിൽ ഘടിപ്പിക്കുന്ന ക്യാമറ വാങ്ങിയതിനെക്കുറിച്ചൊക്കെ ഇവിടെ തർക്കം വന്നതല്ലേ? അതിനെക്കുറിച്ച് ചർച്ച നടന്നപ്പോൾ പരിഹാരം വേണമെന്ന് ആവശ്യപ്പെട്ടവയായിരുന്നു. വാങ്ങിയ ഉപകരണങ്ങൾ ദിവസങ്ങൾക്കുള്ളിൽ കേടായില്ലേ; കേടായ ക്യാമറകൾ ദിവസങ്ങൾക്കുള്ളിൽ അപ്രത്യക്ഷവുമായി, എന്നാൽ പകരം ക്യാമറ വന്നിട്ടുമില്ല. 2017-18-ൽ സ്മാർട്ട് പോലീസിന്റെ ഭാഗമായി 30 ലക്ഷം രൂപയുടെ body-worn

ക്യാമറ വാങ്ങുന്നതിന് ഉത്തരവിടുകയും അവസാനം സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ആ ടെണ്ടർ ക്യാൻസൽ ചെയ്യുകയും ചെയ്തു. ബ്രോഡ്കാസ്റ്റ് എഞ്ചിനീയറിംഗ് കൺസൽട്ടന്റ്സ് എന്നുപറയുന്ന സ്ഥാപനത്തിൽനിന്നും സംസ്ഥാന പോലീസ് മേധാവിക്ക് വളരെ പെട്ടെന്ന് ഒരു പ്രൊപ്പോസൽ കിട്ടുകയായിരുന്നു. അതെങ്ങനെ നടന്നു? ആരുമറിയാതെ ഒരു ടെണ്ടർ എങ്ങനെയാണ് ഡി.ജി.പി.-യുടെ ആഫീസിനകത്ത് വന്ന് വീഴുന്നത്? ആ പ്രൊപ്പോസൽ ലഭിച്ചപ്പോൾ 50 ക്യാമറകൾക്ക് 29.99 കോടി രൂപ കമ്പനി ആവശ്യപ്പെട്ടു. അവ വാങ്ങിയശേഷം സാധൂകരണത്തിനുവേണ്ടി അങ്ങേയ്ക്ക് ഫയൽ അയയ്ക്കുകയും ചെയ്തു. ഇവിടെ തീരുമാനം നടപ്പാക്കി, ക്യാമറയും വാങ്ങിച്ചു. അതിനുശേഷം റാറ്റിഫിക്കേഷന് വിട്ടിരിക്കുന്നു, ഇത് റാറ്റിഫിക്കേഷൻ ഗവൺമെന്റാണോ അതോ സിഗ്നേച്ചറിടുന്നതിനുവേണ്ടി മാത്രമുള്ള ഗവൺമെന്റാണോ? അങ്ങയെക്കുറിച്ചുള്ള ഞങ്ങളുടെ ധാരണയ്ക്ക് ദയവായി മാറ്റമുണ്ടാകുന്നതിനിടയാകരുത്. ഡി.ജി.പി. എടുക്കുന്ന തീരുമാനങ്ങൾ ഒപ്പിടുന്നതിനുവേണ്ടി മാത്രമായി നിൽക്കുന്ന ഗവൺമെന്റാണെന്നാണ് റെക്കോർഡുകളിൽനിന്നും മനസ്സിലാകുന്നത്. ഗുണനിലവാരമില്ലാത്ത ക്യാമറകൾ വാങ്ങി പെട്ടെന്ന് കേടായി എന്നുപറഞ്ഞ് പോലീസുകാർതന്നെ പരാതിക്കാരായി മാറുന്നു. ഇതിൽ എന്തുചെയ്യാൻ സാധിക്കുമെന്ന് അവരാണ് ഞങ്ങളോട് ചോദിക്കുന്നത്. ആദ്യഘട്ടത്തിൽ വാങ്ങിയവയ്ക്കുപുറമെ അംഗീകാരമില്ലാത്ത 50 ക്യാമറകൾകൂടി വാങ്ങി. അവസാനം റാറ്റിഫിക്കേഷന് വരികയാണ്. ഇതൊരു റാറ്റിഫിക്കേഷൻ ഗവൺമെന്റായി ഇരുന്നാൽ മതിയോ? രണ്ടാമതായി, സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയാനുള്ള 2.91 കോടി രൂപ എ.ഡി.ജി.പി.-ക്ക് വില്ല പണിയുന്നതിനായി വകമാറ്റി. അക്കാര്യം ധാരാളം ചർച്ച ചെയ്തതാണ്. ഞാൻ അതിനെപ്പറ്റി വിശദീകരിക്കുന്നില്ല. മൂന്നാമതായി, പോലീസിന് വാങ്ങിയ XUV വാഹനം ചീഫ് സെക്രട്ടറി ഉപയോഗിക്കുകയാണ്. അങ്ങേയ്ക്ക് പരിശോധിച്ചാൽ മനസ്സിലാകും. അദ്ദേഹവും അത് സമ്മതിച്ചതാണ്. ചീഫ് സെക്രട്ടറിയുടേത് കൺഫഷൻ സ്റ്റേറ്റുമെന്റാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും അധിപൻ ചീഫ് സെക്രട്ടറിയായതുകൊണ്ട് എനിക്ക് ഇങ്ങനെയൊരു വണ്ടിയോടിച്ച് പോകാം എന്നുള്ളതാണ് അദ്ദേഹത്തിന്റെ വാദഗതി. അത് ശരിയാണെന്ന് എനിക്ക് ഒരിക്കലും തോന്നിയിട്ടില്ല. നാലാമതായി, മാനദണ്ഡങ്ങൾ പാലിക്കാതെ തണ്ടർ ബോൾട്ടിന് റിമോട്ട് ക്യാമറകൾ വാങ്ങി. മാനദണ്ഡങ്ങൾ പാലിച്ചാണോ വാങ്ങിയതെന്ന് പരിശോധിക്കേണ്ടേ? തണ്ടർ ബോൾട്ട് സേനാംഗങ്ങൾ എവിടെയെല്ലാം പോയി ജോലി ചെയ്യേണ്ടവരാണ്? മാനദണ്ഡങ്ങളൊന്നും പാലിക്കാതെ വാങ്ങിയ ഏതെങ്കിലും തോക്ക് കൊടുത്ത് അവരെ എന്തിനാണ് അബദ്ധത്തിൽ ചാടിക്കുന്നത്? അത് ഈ നാടിനോടും കുട്ടികളോടും കാണിക്കുന്ന ദ്രോഹമാണ്.

ഇതിനുപുറമെ ഒരു സ്വകാര്യ കമ്പനിക്ക് 8 കോടി രൂപ കൈമാറിയിട്ടും ഡിജിറ്റൽ മൊബൈൽ റേഡിയോ ടയർ 3 പദ്ധതി എവിടെയും എത്തിയിട്ടില്ല. ഇങ്ങനെയൊരു പദ്ധതിയുണ്ടോയെന്നതിനെക്കുറിച്ച് അങ്ങേയ്ക്ക് ഫയൽ പരിശോധിക്കാവുന്നതാണ്. സ്വകാര്യ കമ്പനിക്ക് 8 കോടി രൂപ കൊടുത്തിട്ടുണ്ടോയെന്നും അതുപ്രകാരമുള്ള സാധനങ്ങൾ കിട്ടിയിട്ടുണ്ടോയെന്നും പരിശോധിക്കണം. ആറാമതായി, മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പോലീസ് നവീകരണത്തിനായി 151.41 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങി. ധാരാളം ചർച്ചചെയ്ത കാര്യമായതുകൊണ്ട് അക്കാര്യങ്ങൾ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. ടെണ്ടറില്ലാതെ ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. ഉണ്ടോ ഇല്ലയോയെന്ന് പറഞ്ഞാൽ മതി. ഇക്കാര്യങ്ങൾ നാട്ടുകാർ അറിയട്ടെ. 2016-17-ൽ പോലീസ് മേധാവി ടെണ്ടറില്ലാതെ രണ്ട് വാഹനങ്ങൾ വാങ്ങാൻ സപ്ലൈ ഓർഡർ നൽകി. ഒരു കോടി പത്തുലക്ഷത്തി നാലായിരം രൂപയുടെ 30 ശതമാനം തുക മുൻകൂറായി അനുവദിക്കുകയും ചെയ്തു. ഡി.ജി.പി.-ക്ക് കൈകാര്യം ചെയ്യാൻ കഴിയുന്ന തുകയുടെ തോത് വർദ്ധിപ്പിച്ചുകൊടുത്തു. ആദ്യം ഒരുകോടി രൂപയായിരുന്നത് പിന്നീട് രണ്ടുകോടി രൂപയായും ഇപ്പോൾ അഞ്ചുകോടി രൂപയായും വർദ്ധിപ്പിച്ചിരിക്കുകയാണ്. അഞ്ച് കോടി രൂപവരെ കൈകാര്യം ചെയ്യുന്നതിന് ഡി.ജി.പി.-ക്ക് സർക്കാർ അനുമതി നൽകിയിരിക്കുന്നു. സ്വകാര്യ കമ്പനികൾക്ക് പദ്ധതി നിർവ്വഹണത്തിനുള്ള ആകെ തുകയായ 41 കോടി രൂപയിൽ 8 കോടി രൂപ മുൻകൂറായി നൽകിയിട്ട് ഒരു ടവർപോലും നിർമ്മിച്ചിട്ടില്ല. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് മുൻകൂറായി തുക കൊടുത്തുവെന്നതല്ലേ അദ്ദേഹത്തിനെതിരെ രജിസ്റ്റർ ചെയ്ത കേസ്? ഈ കേസ് എന്തുകൊണ്ടാണ് വിജിലൻസ് ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിക്കാത്തത്? മുൻകൂറായി തുക കൊടുത്തതാണ് അദ്ദേഹം ചെയ്ത തെറ്റെങ്കിൽ രണ്ട് കേസുകളും ഒരുപോലെ പരിഗണിക്കേണ്ടതല്ലേ? ആ കേസ് വിജിലൻസിനെ ഏൽപ്പിക്കാതിരിക്കുകയും ഈയൊരു കേസ് മാത്രം വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നുവെന്നതും ഡിസ്ക്രിമിനേഷനല്ലേ? Discrimination before law, അത് നിലനിൽക്കുമോ? ഇവിടെ സംഭവിച്ചിരിക്കുന്നത്, സ്വകാര്യ കമ്പനിക്ക് പദ്ധതി നിർവ്വഹണത്തിനുള്ള ആകെ തുകയായ 41 കോടി രൂപയിൽ 8 കോടി രൂപ മുൻകൂറായി കൊടുത്തുവെന്നതാണ്.

വയർലെസ് സെറ്റുകളെപ്പറ്റി പറയാം. രാജ്യത്ത് മെച്ചപ്പെട്ട സന്ദേശങ്ങൾ പ്രക്ഷേപണം ചെയ്യുന്ന പോലീസ് വയർലെസ് സെറ്റ് സംവിധാനം, ഡിജിറ്റൽ മൊബൈൽ റേഡിയോ രാജ്യത്താദ്യമായി തൃശ്ശൂരിൽ നടപ്പാക്കാനായിരുന്നു ലക്ഷ്യം. അതിന്റെ നിർമ്മാണച്ചുമതല ഏറ്റിരുന്നത് കൊൽക്കത്തയിലുള്ള കാൾ ബ്രോസ്

കമ്പനിയാണ്. ഒരു വർഷം കഴിഞ്ഞിട്ടും കരാർ പ്രകാരമുള്ള എട്ട് ടവറുകളിൽ ഒന്നുപോലും ഇതുവരെയും നടപ്പാക്കാൻ കഴിഞ്ഞില്ല. അങ്ങ് ഇക്കാര്യങ്ങൾ പരിശോധിച്ച് ശരിയാണോയെന്ന് വിലയിരുത്തണം. വയർലെസ് സെറ്റിനെ സംബന്ധിച്ചതായതുകൊണ്ട് പോലീസിന്റെയും രാജ്യത്തിന്റെയും സുരക്ഷിതത്വം എന്നത് വളരെ പ്രത്യേകതയുള്ളതല്ലേ; ഇവിടെ പുതിയൊരു യുഗത്തിൽ ജീവിക്കുകയല്ലേ; പ്രത്യേകിച്ച് ഈ ഗവൺമെന്റിനെ നയിക്കുന്ന നിങ്ങളെല്ലാവരും ജ്യോതിഷത്തിലും ദൈവാരാധനയിലും വിശ്വാസമില്ലാത്ത ആളുകളായിരുന്നു. ഇപ്പോൾ മാറിയോയെന്ന് എനിക്കറിയില്ല. ജ്യോത്സ്യൻ വിധിച്ചതുകൊണ്ട് ക്വാർട്ടേഴ്സ് വിട്ടൊഴിഞ്ഞുപോകുന്ന പോലീസ് മേധാവി, ജ്യോത്സ്യൻ നേരിട്ട് വന്നാൽ എന്തുചെയ്യുമെന്നത് ആലോചിക്കാവുന്ന കാര്യമാണ്. നേരത്തെ ഡി.ജി.പി. ആയിരുന്ന ഒരാളുടെ കാലഘട്ടത്തിൽ ഒരു കോടി രൂപയിലേറെ മുടക്കി ഡി.ജി.പി.-യുടെ ക്വാർട്ടേഴ്സ് നിർമ്മിച്ചു. നിർമ്മിച്ച് കഴിഞ്ഞപ്പോൾ വീടിന് രാശിപ്പൊരുത്തമുണ്ടായില്ല. രാശിപ്പൊരുത്തമില്ലാത്തതുകൊണ്ട് ആ വീട് വിട്ടുകളയാമെന്ന് തീരുമാനിക്കുകയും ചെയ്തു.

കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ പോലീസ് നടപ്പാക്കുന്ന പദ്ധതിയാണ് CIMS (Central Intrusion Monitoring System) പദ്ധതി. കെൽട്രോൺ ഈ പദ്ധതി ഗാലക്സോൺ എന്ന കമ്പനിയെ ഏൽപ്പിച്ചു. ഇതെല്ലാം ചർച്ച ചെയ്ത കാര്യങ്ങളാണ്. ഗാലക്സോൺ എന്ന സ്വകാര്യ കമ്പനിക്കുവേണ്ടി തയ്യാറാക്കിയ രീതിയിലാണ് അതിലെ ബാക്കി റെക്കോർഡുകൾ വരുന്നത്. ടെണ്ടറിൽ പങ്കെടുക്കാൻ ഒരു കമ്പനി മാത്രമേയുള്ളൂവെങ്കിൽ റീ-ടെണ്ടർ ചെയ്യണമെന്ന് വ്യവസ്ഥയുള്ളതുകൊണ്ട് മീഡിയാട്രോണിക്സ് എന്ന കമ്പനിയും ടെണ്ടർ സമർപ്പിച്ചു. മീഡിയാട്രോണിക്സ് എന്നത് ഡമ്മി കൊടുക്കുന്നതിനുവേണ്ടി എപ്പോഴും ഉപയോഗപ്പെടുത്തുന്ന ഒരു കമ്പനിയാണെന്നാണ് അവരെക്കുറിച്ചുള്ള സി. & എ.ജി.-യുടെ വിലയിരുത്തൽ. സി. & എ.ജി. ഇത് നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. ഗാലക്സോൺ കമ്പനി വളരെ സങ്കീർണ്ണമാണെന്ന് എല്ലാവർക്കുമറിയാം. എൽ.ഡി.എഫ്. ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്തതിനുശേഷമാണ് ഈ കമ്പനി തുടങ്ങിയത്. ഷാർജ-ദുബായ് പോലീസ് സംയുക്തമായി സുരക്ഷാ സംവിധാനമൊരുക്കുന്നു എന്നതാണ് ഈ കമ്പനിയുടെ അവകാശവാദം. കണക്ക് ഹാജരാക്കാത്തതിനാൽ ഇതിന്റെ രണ്ട് ഡയറക്ടർമാരെ രജിസ്ട്രാർ ഓഫ് കമ്പനീസ് അയോഗ്യരാക്കിയിട്ടുള്ളതാണ്. അവരെ ഡിസ്ക്വാളിഫൈ ചെയ്തുവെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടില്ലെന്ന് പറഞ്ഞ് ഇന്ന് രാവിലെ എനിക്കൊരു മറുപടി കിട്ടി. ഇവർ കണക്ക് ഹാജരാക്കിയിട്ടേയില്ല. അതിന്റെ ഡയറക്ടർ ബോർഡിൽ മൂന്ന് പേരാണുള്ളത്. അതിൽ രണ്ടുപേരും ഇത്തരത്തിലുള്ള കുഴപ്പക്കാരാണ്,

അവരെ രണ്ടുപേരെയും ബ്ലാക്ക് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രൂപത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ ധനം വഴിവിട്ട് പോകുന്നത് ശരിയാണോയെന്ന് ആലോചിക്കണം. തെറ്റായ ഈ പ്രവർത്തനങ്ങളെയാണ് ഞങ്ങൾ എതിർക്കുന്നത്. ഞങ്ങൾ വ്യക്തിഗതമായ വിമർശനം നടത്തുന്നുവെന്ന് ഇവിടെ ചില ആളുകൾ പറയുന്നത് ശരിയല്ല. സംസ്ഥാനത്തിന്റെ നന്മയ്ക്കുവേണ്ടിയാണ് പറയുന്നത്. ഈ സംസ്ഥാനത്തിന് നന്മ കിട്ടിയാൽ അതിന്റെ ഗുണം കുറച്ച് നിങ്ങൾക്കും കിട്ടും. ഞങ്ങൾക്ക് കിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. അതുകൊണ്ട് ആ നന്മയുടെ അടിസ്ഥാനത്തിൽ ഇത് കൃത്യമായും അന്വേഷിക്കണം. ഇവിടെ സി. & എ.ജി. റിപ്പോർട്ടിനെക്കുറിച്ച് പറയുകയുണ്ടായി. സി.&എ.ജി. റിപ്പോർട്ടിൽ വിഴിഞ്ഞം പ്രോജക്ടിനെക്കുറിച്ച് വളരെ വേഗം നടപടിയെടുക്കുന്നതിനായി പോയി, റിപ്പോർട്ട് വന്നു, ഒരു വ്യത്യാസവുമില്ല. ഉടൻ നടപടിയെടുത്തു. താമര ചിഹ്നത്തിൽ കുത്തിയാൽ സി.&എ.ജി.-യുടെ റിപ്പോർട്ട് ഉടൻ വരുമെന്ന് എന്റെ സ്നേഹിതൻ ഇവിടെ പറഞ്ഞു. ആ താമരയുടെ അതേ ചിഹ്നത്തിൽ കുത്തിയ വിഴിഞ്ഞം പ്രോജക്ടിനെക്കുറിച്ചുള്ള റിപ്പോർട്ടിലാണ് 24 മണിക്കൂറിനുള്ളിൽ നിങ്ങൾ അന്വേഷണത്തിന് ഉത്തരവിട്ടത്. ഇതിനും അന്വേഷണം വേണമെന്നുമാത്രമേ ഞങ്ങൾ പറയുന്നുള്ളൂ. ശിക്ഷിക്കണമെന്ന് പറയുന്നില്ല. എന്തുകൊണ്ട് അന്വേഷണമില്ല. വിഴിഞ്ഞം പ്രോജക്ടിന്റെ നടപടി എന്തുകൊണ്ട് മറന്നുപോകുന്നു; എന്തുകൊണ്ടാണ് അതേ മാനദണ്ഡം ഇവിടെ പാലിക്കാതിരിക്കുന്നത്? ഒരു ഗവൺമെന്റിന്റെ രണ്ട് സമീപനങ്ങൾ ശരിയാണോ? ഒരു ഗവൺമെന്റിന്റെ ഒരേ രൂപത്തിലുള്ള സമീപനമെടുത്ത് ഇതിനെക്കുറിച്ചും കൃത്യമായി അന്വേഷിക്കണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ വിഷയ ദാരിദ്ര്യം കാരണം നേരത്തെ വന്ന കാര്യങ്ങൾതന്നെ വീണ്ടും ഉന്നയിക്കുകയാണ്. അതിൽ ചില കാര്യങ്ങൾ പുതുതായി വന്നിട്ടുണ്ട്. അത് ചില കേസ്സുകളുമായി ബന്ധപ്പെട്ടുള്ള പരിശോധനയും മറ്റ് കാര്യങ്ങളുമൊക്കെയാണ്. സഭയിലുള്ള സഹപ്രവർത്തകർ ഏതെങ്കിലുമൊരു കേസ്സിൽപ്പെടുന്നതിൽ നമ്മളാരും സാധാരണഗതിയിൽ സന്തോഷിക്കില്ല. പക്ഷേ, നിയമം നിയമത്തിന്റെ വഴിക്ക് സഞ്ചരിക്കും. അതിന് നമുക്കാർക്കും തടസ്സം നിൽക്കാനും പറ്റില്ല. പാലാരിവട്ടം പാലം അഴിമതിക്കേസ്സുമായി ബന്ധപ്പെട്ട് എറണാകുളം വിജിലൻസ് യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കേസ്സുണ്ട്, VC1/2019/Ernakulam. അതിൽ നേരത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ഇപ്പോഴത്തെ നിയമസഭാംഗം ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെ അഞ്ചാം പ്രതിയായി ഇക്കഴിഞ്ഞ മാർച്ച്

7-ാം തീയതി മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട വിജിലൻസ് കോടതിയിൽനിന്ന് 9-3-2020-ന് സെർച്ച് വാറണ്ട് ലഭ്യമായതിനെത്തുടർന്നാണ് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എം.എൽ.എ.-യുടെ ആലുവയിലെ വസതിയിൽ വിജിലൻസ് പരിശോധന നടത്തിയത്. ഇതിൽ 13 റെക്കോർഡുകൾ വിജിലൻസ് ബന്ധവസ്സിലെടുത്തിട്ടുണ്ട്. ഇതിൽ ലഭ്യമായ രേഖയുടെ അടിസ്ഥാനത്തിൽ പാലാരിവട്ടം പാലം അഴിമതിക്കേസ് ഉൾപ്പെടെയുള്ള അഴിമതിത്തുകയാണ് കൊച്ചി മാർക്കറ്റ് റോഡിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിന്റെ ബ്രാഞ്ചിലെ ചന്ദ്രിക ദിനപത്രത്തിന്റെ അക്കൗണ്ടിൽ 18-11-2016-ന് 5 കോടി 25 ലക്ഷം രൂപയും 22-11-2016-ന് 4 കോടി 75 ലക്ഷം രൂപയുമായി നിക്ഷേപിക്കപ്പെട്ടതെന്ന കാര്യം ഉയർന്നുവരികയുണ്ടായി. ഈ തുകയാകട്ടെ കേസ്സിലെ അഞ്ചാം പ്രതിയായ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എം.എൽ.എ.-യുടെ തുകയാണെന്നുള്ള ആരോപണം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ച അന്യായത്തിൽ പറഞ്ഞിട്ടുമുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് ചന്ദ്രികയുടെ ഓഫീസിൽ പരിശോധനയ്ക്കായി എത്തുന്ന സാഹചര്യമുണ്ടായത്. പ്രസ്തുത പരിശോധനയിൽ ലഭിച്ച രേഖയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽനിന്നും സെർച്ച് വാറണ്ട് വാങ്ങി കോഴിക്കോടുള്ള ചന്ദ്രിക ദിനപ്പത്രത്തിന്റെ ഓഫീസിൽ 10-3-2020-ന് പരിശോധന നടത്തിയിട്ടുണ്ട്. 34 രേഖകൾ, രണ്ട് സി.ഡി., ഒരു ഹാർഡ് ഡിസ്ക് എന്നിവ ബന്ധവസ്സിലെടുത്തിട്ടുണ്ട്. കണ്ടെടുത്ത രേഖകൾ കോടതിയിൽ ഹാജരാക്കുകയും കൂടുതൽ പരിശോധന നടത്തുകയും ചെയ്യുന്നതാണ്. ഇവിടെ പത്രത്തിന്റെ പ്രസിദ്ധീകരണത്തിനോ മറ്റോ യാതൊരു തടസ്സവുമുണ്ടായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഓഫീസ് രേഖകളിൽ വ്യക്തത വരുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ അന്വേഷണവുമായി പൂർണ്ണമായി ചന്ദ്രികയുടെ ഓഫീസ് സഹകരിക്കുകയും ചെയ്തിരുന്നു. ഇതിൽ ഏതെങ്കിലും തരത്തിൽ ചന്ദ്രിക ദിനപ്പത്രത്തിന് എതിരെയുള്ള ഒരു നടപടിയായിട്ടല്ല, ഒരു കേസന്വേഷണത്തിന്റെ ഭാഗമായി കാര്യങ്ങൾ മനസ്സിലാക്കുന്നതിന് അവിടെ പരിശോധനയ്ക്കായി എത്തി എന്നുള്ളതാണ് ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

ഇവിടെ നേരത്തെ പറഞ്ഞ സി. & എ.ജി. റിപ്പോർട്ടിനെക്കുറിച്ച് ഞാനിപ്പോൾ ആവർത്തിച്ച് പറയാൻ ഉദ്ദേശിക്കുന്നില്ല. നേരത്തെ വിശദമായി ചർച്ച ചെയ്തതാണ്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയാണ് അക്കാര്യത്തിൽ സ്വാഭാവികമായും കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടന്നുകൊണ്ട് പരിശോധന നടത്തേണ്ടത്. അതുകൊണ്ടുതന്നെ ഇപ്പോഴത് അനവസരത്തിലുള്ള ഒന്നായി മാറും.

സി.&എ.ജി. റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് ഭരണഘടനയുടെ അനുഛേദം 151(2) പ്രകാരമാണ്. ഇതിനുശേഷമാണ് നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നത്. അതിൽ അക്കൗണ്ടന്റ് ജനറലിനേയും ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരെയും നേരിട്ട് കേൾക്കും. അതിനുശേഷം ഒരു ആക്ഷൻ ടേക്കൺ റിപ്പോർട്ട് പി.എ.സി.-യുടെ നിർദ്ദേശങ്ങളോടെ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കും. ഇതെല്ലാം നമ്മുടെ നിയമസഭാ ചട്ടങ്ങൾ പ്രകാരം നടക്കാനിരിക്കുകയാണ്. ഇത്രയും സുതാര്യമായ പ്രക്രിയ നിയമസഭയിൽ ഉണ്ടായിരിക്കെ സി.&എ.ജി. റിപ്പോർട്ടിലെ നിരീക്ഷണങ്ങളും ഈ പ്രക്രിയയിലൂടെ കടന്നുപോകുമെന്ന് ഇതുന്നയിച്ച അംഗങ്ങൾക്ക് അറിയാത്ത കാര്യമല്ല. അതുകൊണ്ട് അതുവരെ നമ്മൾ കാത്തുനിൽക്കുന്നത് തന്നെയാണ് നല്ലത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, രണ്ട് വ്യത്യസ്ത സമീപനങ്ങളാണ് ഞാൻ പറഞ്ഞത്. ഒരേ സർക്കാർ രണ്ട് രൂപത്തിൽ, വിഴിഞ്ഞത്തിന്റെ കാര്യം വന്നപ്പോൾ പെട്ടെന്നുതന്നെ അന്വേഷണത്തിന് പോയി. എന്നാൽ ഇക്കാര്യത്തിൽ പി.എ.സി. വഴി പോകണമെന്നാണ് അങ്ങയുടെ നിലപാട്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അക്കാര്യം നേരത്തെ ഞാൻ പറഞ്ഞിരുന്നു. അന്ന് ഞാൻ മറുപടി പറയുമ്പോൾ ഒരു കാര്യം പറഞ്ഞു. അന്നത്തെ സമൂഹത്തിൽ വിഴിഞ്ഞം കരാറുമായി ഉയർന്നുനിൽക്കുന്ന ചില പ്രശ്നങ്ങളുണ്ടായിരുന്നു. ദീർഘനാളുകളായി ചർച്ച ചെയ്തുകൊണ്ടിരുന്നതാണ്. അതുമായി ബന്ധപ്പെട്ട് നിരവധി ആക്ഷേപങ്ങളും ആരോപണങ്ങളുമൊക്കെ ഉയർന്നുവന്നിരുന്നു. അതിന്റെയെല്ലാം തുടർച്ചയായിട്ടാണ് ഇത്തരമൊരു റിപ്പോർട്ട് വരുന്നത്. ആ റിപ്പോർട്ടുകൂടി വന്ന സാഹചര്യത്തിൽ, നേരത്തെയുള്ളതിന്റെ പശ്ചാത്തലത്തിൽ അതുമായി ബന്ധപ്പെട്ട് ഒരു പരിശോധനയ്ക്കുള്ള സംവിധാനം ഒരുക്കിയെന്ന് മാത്രമേയുള്ളൂ. ഇക്കാര്യത്തിൽ അങ്ങനെയുള്ള ഒരു പ്രശ്നവും നേരത്തെ നമ്മുടെ മുന്നിലില്ല. ഇത് പുതുതായി വന്നതാണ്. സാധാരണ നടപടിക്രമമനുസരിച്ച് കാര്യങ്ങൾ നീങ്ങുക മാത്രമേയുള്ളൂ. ഇതാണ് ഞാൻ നേരത്തേ പറഞ്ഞത്. അതുതന്നെയാണ് ഇപ്പോഴും പറയാനുള്ളതും.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങനെയാണെങ്കിൽ പി.എ.സി.-യുടെ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കട്ടെ, പരിശോധിക്കാമെന്ന് അങ്ങ് പറഞ്ഞല്ലോ; വിഴിഞ്ഞത്തിന്റെ കാര്യത്തിൽ ആ നിലപാടെടുത്താൽ മതിയായിരുന്നല്ലോ? വിഴിഞ്ഞത്തിന്റെ കാര്യത്തിൽ വ്യത്യസ്തമായ നിലപാടെടുത്തതുകൊണ്ടാണ് ഈ ചോദ്യം ഇവിടെ ഉയരുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. വിഴിഞ്ഞത്തിന്റെ കാര്യത്തിൽ വ്യത്യസ്തമായ നിലപാടെടുക്കാൻ ഇടയായത് അതിന് മുൻപുള്ളൊരു പശ്ചാത്തലമാണ്. വലിയ തോതിലുള്ള ആക്ഷേപങ്ങൾ ആ കരാറുമായി ബന്ധപ്പെട്ട് സമൂഹത്തിൽ ഉയർന്നുവരികയും വിവിധ പ്രക്ഷോഭങ്ങളടക്കം നടന്നതുമാണ്. സമൂഹത്തിൽ വലിയ തോതിൽ ചർച്ചയായ വിഷയമാണ്. അത് സാധൂകരിക്കത്തക്ക രീതിയിലുള്ള പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നൊരു റിപ്പോർട്ടും ലഭിച്ചു. അപ്പോൾ മറ്റേതിന്റെ തുടർച്ചയായി, യഥാർത്ഥത്തിൽ പി.എ.സി. റിപ്പോർട്ടിനേക്കാളും നേരത്തെ പറഞ്ഞ കാര്യങ്ങളുടെ തുടർച്ചയായിട്ടാണ് വരുന്നത്. അതിന്റെ ഭാഗമായി വന്നപ്പോൾ ഒരു പരിശോധനയിലേയ്ക്ക് കടന്നു എന്നുമാത്രമേയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത്രയും വലിയ അഴിമതി നടന്നതാണെങ്കിൽ അങ്ങ് മുഖ്യമന്ത്രിയായതിനുശേഷം ഇപ്പോൾ നാല് വർഷമായി. വിഴിഞ്ഞം കരാറിൽ അങ്ങ് ഒരു മാറ്റവും വരുത്തിയിട്ടില്ലല്ലോ?

ശ്രീ. പിണറായി വിജയൻ: സർ, അതെന്തെന്നാൽ, ഒരു കരാറെന്ന് പറയുമ്പോൾ, അതും വിഴിഞ്ഞത്ത് ഇതുപോലൊരു പ്രോജക്ട് നടപ്പാകേണ്ടതാണ്. അത് നടപ്പാകേണ്ടതില്ലെന്ന സമീപനമെടുത്ത് തൽക്കാലം തടസ്സപ്പെടുത്തുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിക്ക് നല്ലതല്ല. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്താണെന്ന് പരിശോധിക്കാം. പക്ഷേ തടസ്സപ്പെടാൻ പാടില്ല എന്നതാണ് നിലപാട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് പറയുന്നത് ഞാൻ ഒരു വാദത്തിനുവേണ്ടി സമ്മതിക്കുന്നു. എന്നാൽ ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ അന്നത്തെ സർക്കാരിന്റെ ഭാഗത്ത് ഒരു തെറ്റുമില്ല എന്നുള്ള കണ്ടെത്തലല്ലേ വന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷന്റെ റിപ്പോർട്ട് വന്നിട്ടുണ്ട്. അതിന്റെ വിവാദത്തിലേയ്ക്ക് നമ്മളിപ്പോൾ പോകേണ്ടതില്ല. എന്തിനാണ് അതിലേയ്ക്ക് പോകുന്നത്? അത് പരിശോധിക്കാൻ ഏർപ്പാടാക്കി. പരിശോധന നടന്നിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ പിന്നീട് നോക്കേണ്ടതാണല്ലോ.

4.00 PM]

ശ്രീ. സണ്ണി ജോസഫ്: സർ, വിഴിഞ്ഞവുമായി ബന്ധപ്പെട്ട് സി.&എ.ജി. റിപ്പോർട്ട് വന്നപ്പോൾ അത് നിയമസഭാ കമ്മിറ്റിക്ക് വിടുന്നതിന്റെ പശ്ചാത്തലത്തിലും അതുസംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറി നടത്താം.

നിയമസഭാ സമിതിയുടെ പരിശോധന മറ്റുതരത്തിലുള്ള എൻക്വയറിക്ക് തടസ്സമല്ലെന്ന് മുഖ്യമന്ത്രിതന്നെ സമ്മതിക്കുന്നു. ഈ കേസ്സിൽ ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ നിയമസഭയ്ക്കകത്തും വാർത്താ മാധ്യമങ്ങളിലും സജീവമായി ചർച്ചയ്ക്ക് വരുമ്പോൾ മറ്റു തടസ്സങ്ങളില്ല. നിയമസഭാ സമിതിയുടെ പരിശോധന മറ്റന്വേഷണത്തിന് തടസ്സമാകില്ലെന്ന കീഴ്വഴക്കത്തിന്റെ പശ്ചാത്തലത്തിൽ ഇതും മറ്റ് ഏജൻസികൾക്ക് അന്വേഷിക്കാവുന്നതല്ലേ?

ശ്രീ. പിണറായി വിജയൻ: സർ, വിഴിഞ്ഞം പ്രീസിഡന്റ് എന്നുപറയുന്നത് നേരത്തെ ഉണ്ടായ, നാടാകെ ഇളകിമറിഞ്ഞ പ്രക്ഷോഭങ്ങളാണ്. അതിന്റെ ഭാഗമായി ഇതിനെ കാണാൻ കഴിയില്ല. അതാണ് അതിന്റെ വസ്തുത. ഞാൻ പൊതുവിൽ കാര്യങ്ങൾ പറഞ്ഞതിനുശേഷം എന്തെങ്കിലും ഉണ്ടെങ്കിൽ പിന്നീട് ചർച്ചചെയ്ത് തീരുമാനിക്കാം. കേരള പോലീസിനെ പ്രൊഫഷണൽ രീതിയിൽ ആധുനികവൽക്കരിച്ച് ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുംവിധം രൂപപ്പെടുത്താനുള്ള ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ഓരോ പോലീസ് ഉദ്യോഗസ്ഥനും പ്രൊഫഷണൽ രീതിയിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പോരായ്മകളെന്തെങ്കിലും സംഭവിക്കുന്നുണ്ടെങ്കിൽ ആ ഘട്ടത്തിൽ ഇടപെട്ട് ജനപക്ഷത്ത് അവരെ ഉറപ്പിച്ചുനിർത്താനുള്ള പ്രതിജ്ഞാബദ്ധമായ ഇടപെടലുകളും നടത്തിപ്പോകുകയാണ്. കേരളത്തിലെ പൊതുവായ കാര്യങ്ങളിൽ വന്ന മാറ്റങ്ങൾ നാം ശ്രദ്ധിച്ചുപോകേണ്ടതായിട്ടുണ്ട്. പ്രധാനമായും കേസ്സുകളുടെ എണ്ണത്തിൽ വന്നിട്ടുള്ള മാറ്റം. 2015-ൽ 685543 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിരുന്നതെങ്കിൽ 2018 ആയപ്പോൾ 557855 കേസ്സുകളായി. 2019-ൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം 509513 ആയി കുറഞ്ഞു. നാം സ്വീകരിക്കുന്ന സമീപനം നമ്മുടെ സമൂഹത്തിൽ പ്രതിഫലിക്കുന്നുണ്ടെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. 2015-മായി താരതമ്യപ്പെടുത്തിയാൽ 176030 കേസ്സുകളുടെ കുറവ് സംസ്ഥാനത്തുണ്ടായിരിക്കുകയാണ്. ക്രമസമാധാന രംഗത്ത് കൈവരിച്ച നേട്ടങ്ങളുടെ ഏറ്റവും വലിയ തെളിവായിട്ടാണ് ഇതിനെ കാണേണ്ടത്. അതോടൊപ്പം ഗുരുതരമായ കുറ്റകൃത്യങ്ങൾ-കൊലപാതകം, കൊലപാതകശ്രമം, ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ അങ്ങനെയുള്ളവയുടെ എണ്ണമെടുത്താൽ അതിലും വലിയ കുറവാണ് സംഭവിച്ചിരിക്കുന്നത്. 2015-ൽ 257074 കേസാണ് ചാർജ്ജ് ചെയ്തതെങ്കിൽ 2018-ൽ 187381-ഉം 2019-ൽ 176871-ഉം കേസ്സുകളായി. അതായത് 80203 കേസ്സുകളുടെ കുറവുണ്ടായി എന്നർത്ഥം. നമ്മുടെ ഇടപെടൽ സമൂഹത്തിൽ ഫലം കാണുന്നുണ്ടെന്നാണ് നാം കാണേണ്ടത്. ഇതാണ് കേരളത്തിലെ പൊതുവായ

അവസ്ഥ. നമ്മുടെ സംസ്ഥാനവും മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ എന്താണ് സ്ഥിതി? ജനങ്ങളും പോലീസും തമ്മിലുള്ള അനുപാതം നമ്മുടെ സംസ്ഥാനത്താണ് കുറവ്. ഇന്ത്യയിൽ ശരാശരി ഒരു ലക്ഷം ആളുകൾക്ക് 158 പോലീസ് എന്നാണ് കണക്ക്. എന്നാൽ കേരളത്തിൽ അത് 135 ആണ്. കേരളത്തിലെ കേസ്സുകളിൽ 78 ശതമാനവും ശിക്ഷിക്കപ്പെടുന്നുവെന്നുള്ളതാണ് വസ്തുത. ഏറ്റവുമൊടുവിൽ വന്ന കണക്കിൽത്തന്നെ മാറ്റമുണ്ട്. 2019-ൽ 82.24 ആണ് conviction rate. ഇത് വലിയ മാറ്റം തന്നെയാണ്. ഇതിന്റെ ഭാഗമായിട്ടാണ് നമ്മുടെ സംസ്ഥാനത്തിന് ഏറ്റവും മികച്ച ക്രമസമാധാനം നിലനിൽക്കുന്ന സംസ്ഥാനമായി മാറാൻ കഴിഞ്ഞത്. വർഗ്ഗീയ കലാപങ്ങളില്ല, വലിയതോതിലുള്ള വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകുന്നില്ല, പ്രക്ഷോഭങ്ങളുടെ നേരെയുള്ള അതിക്രമങ്ങളോ, വെടിവെയ്പോ അങ്ങനെയുള്ള കാര്യങ്ങളൊന്നും സംഭവിക്കുന്നില്ല. നമുക്കെല്ലാവർക്കും അഭിമാനിക്കാൻ വകയുള്ള കാര്യങ്ങളാണ്. നമ്മുടെ സംസ്ഥാനത്ത് ചില ശക്തികൾ സംഘർഷങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചിട്ടുണ്ടായിരുന്നു. പക്ഷെ അതിനെയൊക്കെ നല്ലരീതിയിൽ നേരിടാൻ നമുക്ക് കഴിഞ്ഞു. വാട്സ് ആപ്പ് ഹർത്താൽ പോലുള്ളവ ഓർക്കേണ്ട കാര്യങ്ങളാണ്. മതനിരപേക്ഷത മുന്നോട്ട് വച്ചുകൊണ്ട് സമൂഹത്തെ നല്ല രീതിയിൽ സംരക്ഷിക്കാനുള്ള ഇടപെടൽ നടത്താൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം കേരളത്തിലെ പോലീസിനെക്കുറിച്ച് പറയുമ്പോൾ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന സ്തുത്യർഹമായ പ്രവർത്തനമാണല്ലോ കേരള പോലീസ് നടത്തിക്കൊണ്ടിരിക്കുന്നത്. പോലീസ് സംവിധാനത്തിന് മൊത്തത്തിൽ വന്ന മാറ്റം നാം ചില ദുരന്തങ്ങൾ നേരിട്ടപ്പോൾ കണ്ടതാണല്ലോ; ഓഖി, പ്രളയം, കാലവർഷക്കെടുതി എന്നിവയെല്ലാം ബാധിച്ച ഘട്ടത്തിൽ, എല്ലാം മറന്നുകൊണ്ട് ജനങ്ങളുടെ സുരക്ഷയ്ക്കും രക്ഷയ്ക്കും വേണ്ടി ഓടിയെത്തുന്ന പോലീസിനെ നാം നല്ല നിലയ്ക്കാണ് കണ്ടിട്ടുള്ളത്. ക്രിയാത്മകമായ പ്രവർത്തനം മുന്നോട്ട് വയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ 2742 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചു. ഒരുതരം അസംതൃപ്തി പോലീസിന്റെ വിവിധ തലങ്ങളിൽ ദീർഘകാലമായി നിലനിൽക്കുകയായിരുന്നു. അതിനിടയാക്കിയത് പ്രൊമോഷനുമായി ബന്ധപ്പെട്ട അസ്ഥിരതയായിരുന്നു. 2011-നുശേഷം ബറ്റാലിയനുകളിൽ റെഗുലർ പ്രൊമോഷനുകൾ നടത്തിയിരുന്നില്ല. പലതരത്തിലുള്ള നിയമന രീതികൾ കാരണമുണ്ടായ സീനിയോറിറ്റി പ്രശ്നങ്ങൾക്ക് ദീർഘകാലമായി പരിഹാരമാകാത്തത് ഒരു പ്രത്യേക അസ്വസ്ഥത അവരുടെ ഇടയിൽ ഉണ്ടാക്കിയിരുന്നു. 2020-ൽ മുഴുവൻ പ്രൊമോഷനുകളും റെഗുലറായി നൽകുന്നതിനുള്ള ശ്രമമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 2014-നുശേഷം ജനറൽ

വിഭാഗത്തിലും പ്രൊമോഷനുകൾ താൽക്കാലികമായാണ് നടന്നുവന്നിരുന്നത്. എന്നാൽ ഈ സ്ഥിതിവിശേഷത്തിന് മാറ്റം വരുത്താനായി. അർഹതപ്പെട്ട ജീവനക്കാർക്ക് പ്രൊമോഷൻ സമയബന്ധിതമായി ഉറപ്പുവരുത്തേണ്ട നടപടികളാണ് യുദ്ധകാലാടിസ്ഥാനത്തിൽ സർക്കാർ നടത്തിയത്. കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 2020 വരെയുള്ള പ്രൊമോഷനുകളുടെ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി ചേർന്നുള്ള പട്ടിക തയ്യാറായിക്കഴിഞ്ഞു. പോലീസിൽ പ്രൊമോഷനുകൾ സമയബന്ധിതവും നീതിയുക്തവുമായി നിലവിൽ വരുന്നുവെന്നത് പോലീസിൽ സംതൃപ്തമായ അന്തരീക്ഷം ഉണ്ടാക്കുന്ന ഒന്നാണ്. അതുപോലെ പോലീസിന്റെ ദൈനംദിന പ്രവർത്തനത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം. പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ഫലപ്രദമാകുമ്പോഴാണ് ജനങ്ങൾക്ക് നീതി ലഭിക്കുന്ന സംവിധാനമായി മാറുന്നത്. അത്തരമൊരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.-മാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയത്. കേസന്വേഷണവും ക്രമസമാധാനപാലനവും രണ്ടായി തിരിക്കണമെന്ന ചർച്ച വന്നതിന്റെ അടിസ്ഥാനത്തിൽ ക്രിയാത്മകമായി പോലീസ് സംവിധാനത്തെ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ശരിയായ രീതിയിൽ അതിന് തുടക്കം കുറിച്ചുകഴിഞ്ഞു. ഇത്തരത്തിൽ പോലീസ് സ്റ്റേഷനുകളെ നല്ലരീതിയിൽ ശക്തിപ്പെടുത്തുക എന്നൊരു ഉത്തരവാദിത്വമാണ് ഇപ്പോൾ നിറവേറ്റാൻ കഴിഞ്ഞിട്ടുള്ളത്. അതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷനുകളുണ്ട്, പി.ആർ.ഒ.-മാരുണ്ട്, അതായത് കൂടുതൽ ജനസൗഹൃദമാക്കുക എന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. നേരത്തേ ആരംഭിച്ച 7 പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ തസ്തികകൾ അനുവദിച്ച് നൽകിക്കഴിഞ്ഞു. 12 പോലീസ് സ്റ്റേഷനുകൾ പുതുതായി ആരംഭിച്ചു. 8 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾക്കായി 38 തസ്തികകൾ പുതുതായി അനുവദിച്ചു. 6 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി. 350 പോലീസ് സ്റ്റേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സാധിച്ചു. അതോടൊപ്പം പൊതുജനങ്ങൾക്ക് പോലീസിന്റെ സേവനം വളരെ വേഗത്തിൽ ലഭ്യമാകുന്നതിന് 10 കൺട്രോൾ റൂമുകൾ ആരംഭിച്ചു. പോലീസിന്റെ പ്രവർത്തനത്തിൽ സംസ്ഥാനത്തിന് പുറത്തുള്ളവർ കാര്യമായി ശ്രദ്ധിച്ച ഒന്നാണ് ജനമൈത്രി പോലീസ് സംവിധാനം. അതിൽ ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ ഭാഗമായുള്ള ബീറ്റ് ഓഫീസർമാരുടെ ഗൃഹസന്ദർശനം ഫലപ്രദമായി നടക്കുന്നുണ്ട്. ബീറ്റ് ഓഫീസർമാർ സ്കൂളുകൾ സന്ദർശിക്കുന്നുണ്ട്. സൈബർ ക്രൈമിനെക്കുറിച്ചും

മയക്കുമരുന്നിനെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. അതോടൊപ്പം വളരെയധികം ശ്രദ്ധിക്കപ്പെടുന്ന ഒന്നാണ് വനിതാ ബീറ്റ് ഓഫീസർമാരുടെ പ്രവർത്തനം. ഇത് സ്ത്രീകൾക്കിടയിൽ നല്ല രീതിയിലുള്ള അവബോധം സൃഷ്ടിക്കുന്നതിന് പര്യാപ്തമാകുന്നുണ്ട്. നേരത്തെ ചില പ്രധാനപ്പെട്ട കേസുകളിലൊക്കെ ഒരു പ്രശ്നം വന്നിരുന്നു. ഒരാൾ ഒരു പരാതിയുമായി സ്റ്റേഷനിൽ എത്തിയാൽ ഇവിടെയല്ല, മറ്റിടത്താണ്, അവിടെ ചെല്ലുമ്പോൾ, അവിടെയല്ല, മറ്റൊരിടത്താണ് എന്നെല്ലാം പറയുന്ന പ്രശ്നങ്ങളുണ്ടായിരുന്നു. അതിനും ഇപ്പോൾ പരിഹാരം കണ്ടിട്ടുണ്ട്. ഏത് പോലീസ് സ്റ്റേഷനിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ കഴിയുന്ന തരത്തിൽ കാര്യങ്ങൾ മാറ്റിയിട്ടുണ്ട്. എവിടെ രജിസ്റ്റർ ചെയ്താലും ഏത് സ്ഥലത്താണ് ആ കേസ് ശരിക്കും വേണ്ടതെന്ന് നോക്കി ആ സ്ഥലത്തേയ്ക്ക് അയച്ചുകൊടുക്കുന്ന രീതി സ്വീകരിക്കും. അതോടൊപ്പം ശാസ്ത്ര-സാങ്കേതിക രംഗത്തുണ്ടായ നേട്ടങ്ങളെ ആധുനികവൽക്കരണത്തിലൂടെ പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ജനസൗഹൃദപരമായ ഇടപെടൽ പോലീസിന്റെ ഭാഗത്തുനിന്നും നല്ലരീതിയിൽ ഉണ്ടാകുന്നുണ്ട്. ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട കാര്യം, പോലീസിനെ കൂടുതൽ സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള ഇടപെടൽ നടത്താനായി എന്നതാണ്. പോലീസിലെ സ്ത്രീ പ്രാതിനിധ്യം 15% ആക്കുന്നതിനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്, അത് ഇനിയും വർദ്ധിപ്പിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

ശ്രീ. വി. ടി. ബൽറാം: സർ, സ്ത്രീ പ്രാതിനിധ്യത്തിന്റെ കാര്യം അങ്ങ് പറഞ്ഞു. പക്ഷേ, ഏറ്റവുമൊടുവിൽ ടാറ്റാ ട്രസ്റ്റ് പുറത്തിറക്കിയ 'India Justice Report' -2019-ൽ കേരളത്തിലെ പോലീസിൽ സ്ത്രീ പ്രാതിനിധ്യം 6.3%-ഉം, തമിഴ്നാട്ടിലേത് 12.9% -ഉം ആണെന്ന് സൂചിപ്പിച്ചിരിക്കുന്നു. ഈ നിലയ്ക്ക് മുന്നോട്ടുപോകുകയാണെങ്കിൽ ഈ ജൻഡർ ഗ്യാപ് അൽപ്പമെങ്കിലും ബ്രിഡ്ജ് ചെയ്യാനായി 30 വർഷമെടുക്കുമെന്നാണ് പറയുന്നത്, ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിലൊക്കെ വരുന്ന പ്രയാസം നമ്മുടെ സാമ്പത്തിക നിലയാണ്. ആളുകളെ കൂടുതലായി നിയമിക്കണമെങ്കിൽ അങ്ങനെയുള്ള പ്രശ്നങ്ങൾ വരുന്നുണ്ട്. എങ്കിലും ആ നിലയ്ക്കുള്ള കാര്യങ്ങൾ വരികയാണ്; കൂടുതൽ വനിതാ പോലീസിനെ സേനയിലേയ്ക്ക് എടുക്കണമെന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, കോട്ടയം, ഇടുക്കി ജില്ലകളിലെ പോലീസ് സേനയായ ബറ്റാലിയൻ-5 ലേയ്ക്കുള്ള പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി മൂന്ന് മാസംകൂടിയേയുള്ളൂ. അവിടെ പ്രൊമോഷനുകളൊന്നും നടന്നിട്ടില്ല. അവരുടെ

ബുദ്ധിമുട്ട് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? പോലീസ് സ്റ്റേഷനുകളുടെ അതിർത്തി പുനർനിർണ്ണയം നടത്തണമെങ്കിൽ ജില്ലാ കളക്ടറും എസ്.പി.-യും സെഷൻ ജഡ്ജിയും ചേർന്ന കമ്മിറ്റിയാണ് തീരുമാനമെടുക്കേണ്ടത്. എന്നാൽ കഴിഞ്ഞ 20 വർഷമായി അത്തരത്തിലുള്ള കമ്മിറ്റി യോഗം ചേർന്നിട്ടില്ലെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ചില പോലീസ് സ്റ്റേഷന്റെ പരിധി ഒരു പഞ്ചായത്ത് മാത്രമായിരിക്കും. അവയൊക്കെ പുനഃസംഘടിപ്പിക്കേണ്ട കാലം കഴിഞ്ഞു. ഇക്കാര്യവും അങ്ങയുടെ ശ്രദ്ധയിൽ വരുമോ?

ശ്രീ. പിണറായി വിജയൻ: സർ, രണ്ടാമത് പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാം. അതിൽ എന്തുചെയ്യാമെന്ന് ആലോചിക്കാം. എന്നാൽ ആദ്യം പറഞ്ഞ കാര്യത്തിൽ നമ്മൾ ഒരു പൊതുസമീപനം എടുത്തിട്ടുണ്ട്. അതിൽനിന്നും തൽക്കാലം മാറാൻ ഉദ്ദേശിക്കുന്നില്ല. വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ എണ്ണം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പിങ്ക് പട്രോൾ സംവിധാനം പൊതുവേ നല്ല രീതിയിൽ ശ്രദ്ധിക്കപ്പെട്ട കാര്യമാണ്. 14 ജില്ലകളിലും പിങ്ക് പട്രോൾ റൂമുകൾ കൊണ്ടുവന്നിട്ടുണ്ട്. എല്ലാ ജില്ലയിലും വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. വനിതകളുടെ പരാതി സ്വീകരിക്കാൻ വനിതാ പോലീസ് നിശ്ചിത ദിവസം പഞ്ചായത്ത് തലത്തിൽ എത്തും. വനിതകൾക്ക് നേരിട്ട് സംസാരിക്കാനും പരാതികൾ സമർപ്പിക്കാനും സാധിക്കും; ഇതും നല്ല രീതിയിൽ നടപ്പാക്കുന്നുണ്ട്. താലൂക്ക് തലത്തിൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി ചേർന്ന് നിയമ അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ അതിക്രമം തടയുന്നതിനായി പോലീസ് അക്കാഡമിയിൽ സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചുകഴിഞ്ഞു. സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധത്തിനുള്ള പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഇക്കൊല്ലം അവസാനിക്കുമ്പോൾ ജില്ലയിൽ 5 ലക്ഷം സ്ത്രീകൾക്കും ചെറിയ ജില്ലകളിൽ 2 ലക്ഷം സ്ത്രീകൾക്കും പരിശീലനം നൽകുന്നതിനുള്ള പരിപാടി ആരംഭിക്കുകയാണ്. തനിച്ച് താമസിക്കുന്ന സ്ത്രീകൾ, ശാരീരികമായും മാനസികമായും വൈകല്യമുള്ള സ്ത്രീകൾ എന്നിവരുടെയടുത്ത് വനിതാ പോലീസെത്തി ക്ഷേമാന്വേഷണം നടത്തുന്ന പദ്ധതിക്കും തുടക്കം കുറിച്ചിരിക്കുന്നു. ഇക്കൊല്ലം വനിതകളുടെ സുരക്ഷയ്ക്കായുള്ള വർഷമായാണ് കേരള പോലീസ് പ്രഖ്യാപിച്ചിരിക്കുന്നത്. വനിതാ പോലീസ് ഓഫീസർമാർ നേതൃത്വം നൽകുന്ന സംസ്ഥാന സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. രാത്രികാലങ്ങളിൽ ഒറ്റപ്പെട്ടുപോകുന്ന വനിതായാത്രക്കാർ, മുതിർന്ന പൗരന്മാർ ഇവർക്കായി

സുരക്ഷയൊരുക്കുന്ന 'നിഴൽ' പദ്ധതിക്ക് രൂപം നൽകി. അസമയത്ത് വാഹനം കേടാകുക, ടയർ പഞ്ചറാകുക, വഴിയിൽ കുടുങ്ങിപ്പോവുക എന്നിങ്ങനെയുള്ള സാഹചര്യത്തിൽ ടോൾ ഫ്രീ നമ്പറായ 112-ൽ വിളിച്ച് സഹായം അഭ്യർത്ഥിക്കാവുന്നതാണ്. പെട്ടെന്നുതന്നെ അതിനുള്ള പ്രതികരണം ഉണ്ടാകും. വിദ്യാർത്ഥികളിൽ സൈബർ സെക്യൂരിറ്റി അവബോധം സൃഷ്ടിക്കൽ വളരെ പ്രധാനമാണ്. ഇതിനായി 150 സ്കൂളുകളിൽ KID GLOVE എന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്ന ഗ്രൂപ്പുകളെ കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കുന്നതിനായി സൈബർ ഡോമിന്റെ Operation P-Hunt എന്ന പദ്ധതി ആരംഭിച്ചു. സമൂഹത്തിൽ നല്ല കാര്യങ്ങൾ നടക്കുന്നതോടൊപ്പം നിരവധി വേണ്ടാത്ത കാര്യങ്ങളും നടക്കുന്നു. അത്തരത്തിലുള്ള ഗ്രൂപ്പുകളെ കണ്ടെത്തി അവർക്കെതിരെ കർശന നടപടി സ്വീകരിക്കാനാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പ്രത്യേക കേന്ദ്രം Children and Police പദ്ധതിയുടെ സംസ്ഥാന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. 70 ഉദ്യോഗസ്ഥരാണ് ഈ സംവിധാനത്തിനുകീഴിൽ പ്രവർത്തിക്കുന്നത്. 2019 മാർച്ച് മാസം പ്രത്യേക സംഘത്തിന് രൂപം നൽകിയശേഷം ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട 42 പേരെ അറസ്റ്റുചെയ്യുകയും ഇതുമായി ബന്ധപ്പെട്ട് 38 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുപോലെ നേരത്തെ സ്വീകരിച്ച നടപടി പൊതുവെ നമ്മുടെ രാജ്യം ശ്രദ്ധിച്ചൊരു കാര്യമാണ്. ഓഖി ദുരന്ത മേഖലയായ തീരദേശത്തുള്ള യുവാക്കളിൽനിന്നും 200 പേരെ കോസ്റ്റൽ വാർഡന്മാരായി നിയമിച്ചതിൽ 177 പേർ പരിശീലനം പൂർത്തിയാക്കി 2019 ജൂൺ മാസത്തിൽ സർവീസിൽ പ്രവേശിച്ചു. ഇവരുടെ സേവനം തുടർന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് പറഞ്ഞതുപോലെ സോഷ്യൽ മീഡിയയിൽ സ്ത്രീകൾ, കുട്ടികൾ, പൊതുപ്രവർത്തകർ, മാധ്യമപ്രവർത്തകർ ഉൾപ്പെടെയുള്ളവരുടെ കുടുംബാംഗങ്ങൾക്കെതിരെവരെ നിരന്തരമായി ആക്ഷേപങ്ങൾ പ്രചരിപ്പിക്കുന്ന ഒരു സംഘം ആളുകളുണ്ട്. സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ പല പോലീസ് സ്റ്റേഷനുകളിലും ഇതുമായി ബന്ധപ്പെട്ട് കേസ്സെടുക്കുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ ചില പോലീസ് ഉദ്യോഗസ്ഥർ വളരെ സീരിയസ്സായി കേസ്സെടുക്കുന്നുണ്ട്. പോലീസ് ഹെഡ്ക്വാർട്ടേഴ്സ് തലത്തിൽനിന്ന് സ്റ്റേഷനുകളിലേയ്ക്ക് എസ്.എച്ച്.ഒ.-മാർക്ക് കൃത്യമായ നിർദ്ദേശം കൊടുത്തില്ലെങ്കിൽ വളരെ അപകടകരമായ നിലയിലേയ്ക്ക്

കാര്യങ്ങൾ എത്തിച്ചേരും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കും പൊതുപ്രവർത്തകർക്കും മാധ്യമപ്രവർത്തകർക്കുമെതിരെ നിരന്തരമായി എഴുതുന്നൊരു സംഘം സംസ്ഥാനത്തുണ്ട്. അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം അങ്ങ് ശ്രദ്ധിക്കുമോ;

ശ്രീ. പിണറായി വിജയൻ: സർ, ഇത് ഗൗരവമായൊരു പ്രശ്നമാണ്. ഇതുമായി ബന്ധപ്പെട്ട് നിരവധി പോലീസ് സ്റ്റേഷനുകളിൽ സൈബർ സെല്ലുകളുണ്ട്. പക്ഷെ, യഥാർത്ഥത്തിൽ അവിടെ കേസ് ചാർജ്ജ് ചെയ്യുന്നിടത്തേയ്ക്ക് എത്തിയിട്ടില്ല. ഇപ്പോൾ അതിലേയ്ക്ക് വരികയാണ്. സൈബർ സെല്ലുകൾ സ്റ്റേഷനുകളായി മാറ്റിക്കൊണ്ടുള്ള പ്രവർത്തനം നടത്തിവരുന്നു. ഇതോടെ ഇക്കാര്യത്തിലുള്ള ഫലപ്രദമായ നടപടികൾ വ്യാപകമായി വരുമെന്നാണ് ഉദ്ദേശിക്കുന്നത്.

ഇതിനുപുറമെ ഈ മേഖലയിൽനിന്നും കുറച്ചുപേരെക്കൂടി റിക്രൂട്ട് ചെയ്യാനുള്ള നടപടികളിലേയ്ക്ക് കടക്കാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ ആദിവാസി യുവതീ-യുവാക്കളായ 75 പേർക്ക് പോലീസിൽ പ്രത്യേക നിയമനം നൽകിയിട്ടുണ്ട്. 125 പേർക്കുകൂടി നിയമനം നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 146 കായികതാരങ്ങൾക്ക് പോലീസിൽ നിയമനം നൽകുകയും 150 ഹവിൽദാർ തസ്തിക കായികതാരങ്ങൾക്കായി നീക്കിവയ്ക്കുകയും ചെയ്തു. മയക്കുമരുന്ന് തടയുന്നതിനുള്ള ശക്തമായ നടപടിയുടെ ഭാഗമായി ഒട്ടേറെ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി യോദ്ധാവ് എന്ന മൊബൈൽ ആപ്ലിക്കേഷന് തുടക്കമായി. ജനങ്ങൾക്ക് മയക്കുമരുന്ന് മാഫിയയെക്കുറിച്ച് പോലീസിന് രഹസ്യവിവരം നൽകാം. ആരാണ് വിവരം നല്കുന്നതെന്ന കാര്യം വളരെ രഹസ്യമായി സൂക്ഷിക്കും. അതാർക്കും കണ്ടുപിടിക്കാൻ കഴിയില്ല. വാട്സ് ആപ്പ് വഴിയും വിവരങ്ങൾ അറിയിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്. നേരത്തെയുള്ള ചർച്ചയിൽ സ്റ്റുഡന്റ്സ് പോലീസിന്റെ പ്രശ്നങ്ങൾ ഗൗരവമായി ഉയർത്തപ്പെട്ടു. കൂടുതൽ അഭിവൃദ്ധിപ്പെടുത്തേണ്ട കാര്യത്തെക്കുറിച്ചടക്കം അഭിപ്രായംവന്നു. സ്റ്റുഡന്റ്സ് പോലീസ് സംവിധാനം രാജ്യത്താകമാനം വ്യാപിച്ചിരിക്കുകയാണ്. ഇത് മാതൃകയാക്കിക്കൊണ്ട് സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ ജനാധിപത്യ പ്രക്രിയയിൽ അണിചേർക്കുന്നതിന് സ്റ്റുഡന്റ്സ് പോലീസ് കാണിച്ച മാതൃകയ്ക്ക് ഇലക്ഷൻ കമ്മീഷന്റെ അംഗീകാരം നേടിത്തരാൻ കഴിഞ്ഞിട്ടുണ്ട്. മയക്കുമരുന്നിന്റെ വ്യാപനം തടയൽ, ട്രാഫിക് പരിഷ്കരണത്തിന്റെ ബോധവൽക്കരണം ഇതിനൊക്കെ സ്റ്റുഡന്റ്സ് പോലീസിന്റെ ഇടപെടൽ മാതൃകാപരമാണ്. ഈ സംവിധാനത്തിലൂടെ മൂന്ന് ലക്ഷം പേരെയാണ് രക്തദാന

സേനയിലേയ്ക്ക് സംസ്ഥാനത്തുടനീളം അണിനിരത്താൻ കഴിഞ്ഞത്. മറ്റൊരു പ്രത്യേകത, പഠനത്തിൽ പിന്നോക്കംപോയ 1200-ഓളം വിദ്യാർത്ഥികളെ ഹോപ്പ് പദ്ധതിയിലൂടെ പൊതുസംവിധാനത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ഈ ഘട്ടത്തിൽ സർക്കാർ സ്കൂളുകളിലാണ് സ്റ്റുഡന്റ്സ് പോലീസിന്റെ സംവിധാനം അനുവദിച്ചത്. ഈ വർഷം മുതൽ എയ്ഡഡ് സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് സംവിധാനം ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടലുകളുണ്ടാകും. കൂടുതൽ എയ്ഡഡ് സ്കൂളുകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കും. ഇതോടൊപ്പം നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വാഹനപ്പെരുപ്പമാണ്. കഴിഞ്ഞ നാല് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ 40 ലക്ഷം വാഹനങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ളതായിട്ടാണ് കാണുന്നത്. റോഡിൽ അപകട സാധ്യത വർദ്ധിപ്പിക്കുന്ന വാഹന ബാഹുല്യം എങ്ങനെ മറികടക്കുമെന്നത് വലിയ പ്രശ്നമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ട്രാഫിക് കേസ്സുകളുടെ അന്വേഷണ ചുമതല ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽനിന്ന് ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റി. ട്രാഫിക് യൂണിറ്റുകളും സ്റ്റേഷനും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി മാറ്റി ട്രാഫിക് നിയന്ത്രണം ശക്തമാക്കാനുള്ള നടപടികളാണ് ഇതിലൂടെ സ്വീകരിച്ചത്. ഇതിനുവേണ്ടി വലിയ ബോധവൽക്കരണം അനിവാര്യമാണ്. സ്റ്റുഡന്റ്സ് പോലീസും ജനമൈത്രി പോലീസ് സംവിധാനവും ഇക്കാര്യത്തിൽ സജീവമായി ഇടപെട്ടുവരുന്നു. ട്രാഫിക് നിയന്ത്രണം കാര്യക്ഷമമാക്കുന്നതിനായി ട്രാഫിക് ക്യാപ്പുകൾക്ക് രൂപം നൽകിയിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും കേരള പോലീസ് സൈബർ ഡോമിന്റെ പ്രവർത്തനം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. സൈബർ ഡോമിന്റെ ഈ മോഡൽ എല്ലാ സംസ്ഥാനങ്ങളിലും വ്യാപിപ്പിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ തീരുമാനിച്ച് ഐ. റ്റി. മിഷൻ പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് മുന്നോട്ടുപോകുകയാണ്. നിരവധി ദേശീയ-രാജ്യാന്തര പുരസ്കാരങ്ങൾ തിരുവനന്തപുരം സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനായി സംസ്ഥാനത്ത് സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റൊരു പദ്ധതിയാണ് Central Intrusion Monitoring System(CIMS). സ്ഥാപനങ്ങൾക്ക് സുരക്ഷ ഒരുക്കുന്ന പദ്ധതിയാണിത്. ഇതുവഴി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ ആക്രമിക്കപ്പെടുകയോ മറ്റോ ചെയ്താൽ 3-7 സെക്കന്റിനകം CIMS കൺട്രോൾ റൂമിൽ സംഭവത്തിന്റെ ദൃശ്യങ്ങൾ കാണാൻകഴിയും. ഉടൻതന്നെ സ്ഥാപനത്തിനടുത്തുള്ള പോലീസ് സ്റ്റേഷനിൽനിന്ന്, സ്ഥാപനത്തിൽ എത്തിച്ചേരാൻ കഴിയുന്ന സമയം, ദൂരം, ലൊക്കേഷൻ മാപ്പ് തുടങ്ങിയ വിവരങ്ങൾ

കൈമാറ്റം. അതേസമയം പോലീസ് എത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്ന രീതിയും സംസ്ഥാനത്ത് കൊണ്ടുവരാൻ പോകുന്നു. ഏത് സ്ഥാപനത്തെയും ഈ കൺട്രോൾറൂമുമായി ബന്ധിപ്പിച്ച് സുരക്ഷ ഉറപ്പുവരുത്താൻ കഴിയും. ബഹുമാന്യനായ ശ്രീ. വി. ഡി. സതീശൻ നേരത്തെ ഉന്നയിച്ചത്, നവമാധ്യമങ്ങൾ ജനാധിപത്യപരമായ ആശയവിനിമയത്തിന് നിരവധി സാദ്ധ്യതകളാണ് തുറന്നുവയ്ക്കുന്നത്. അതേസമയം അതിനെ ദുരുപയോഗപ്പെടുത്തുന്ന പ്രവർത്തനങ്ങൾ വ്യാപകമാകുകയാണ്. ഇത് പലതരം കുറ്റകൃത്യങ്ങളെ പ്രോത്സാഹിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷം വർത്തമാനകാലത്ത് സൃഷ്ടിക്കപ്പെടുന്നുണ്ട്. നവമാധ്യമങ്ങളുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി ക്രമസമാധാനനില സംരക്ഷിക്കാനും ബോധവൽക്കരണം നടത്തുന്നതിനും ഇടപെടുന്നതിനോടൊപ്പം ഈ മേഖലയിലെ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. സാമൂഹ്യമാധ്യമങ്ങളെ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങളെ നേരിടാൻ സോഷ്യൽ മീഡിയ ലാബ് ആരംഭിച്ചിട്ടുണ്ട്. സിനിമകളുടെ വ്യാജപതിപ്പുകൾ തയ്യാറാക്കുന്നത് തടയാൻ Piracy Tracker Software പോലീസ് വികസിപ്പിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകളെ തകരാറിലാക്കുന്ന പ്രോഗ്രാമുകളുയർത്തുന്ന ഭീഷണികൾ നേരിടുന്നതിന് Botnet Cleaning and Malware Analysis Centre ആരംഭിച്ചിട്ടുണ്ട്. കുറ്റവാളികളുടെ മൊബൈൽ ഫോൺ ലൊക്കേഷൻ കണ്ടെത്തുന്നതിന് ലൊക്കേഷൻ ട്രാക്കിംഗ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെയും സ്വകാര്യവ്യക്തികളുടെയും സഹകരണത്തോടെ സുരക്ഷ ഉറപ്പാക്കുന്നതിന് darknet നിരീക്ഷണവും ആരംഭിച്ചിട്ടുണ്ട്. സൈബർ മേഖലയിൽ ഇടപെട്ടുകൊണ്ട് സർക്കാരിന്റെ പോലീസ് നയമനുസരിച്ച് പോലീസും ജനങ്ങളുമായുള്ള ബന്ധം ഊഷ്മളമാക്കി നിർത്താനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന ഒന്നായി കേരള പോലീസിന്റെ ഫേസ്ബുക്ക് പേജ് മാറിക്കഴിഞ്ഞിട്ടുണ്ട്. ലോകത്ത് ഏറ്റവുംകൂടുതൽപേർ പിന്തുടരുന്ന പോലീസ് പേജ് എന്ന ഖ്യാതിയിലേയ്ക്ക് കേരള പോലീസിന്റെ ഫേസ് ബുക്ക് പേജ് രൂപപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ശബരിമല തീർത്ഥാടനം സുഗമമാക്കാൻ പോലീസിനെയും തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും ഏകോപിപ്പിച്ച് 'Sabarimala Pilgrim Management System' എന്ന ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടകർ നല്ലരീതിയിൽ സ്വീകരിച്ച ഒരു കാര്യമാണത്. പോലീസിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ഉപയോഗപ്രദമാക്കുന്നതിന് 'രക്ഷ' എന്ന മൊബൈൽ ആപ്പും ആരംഭിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനും അവ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും കേരള പോലീസിന്റെ ഇടപെടൽ കൂടുതൽ ശക്തിപ്പെട്ടുവരികയാണ്.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, മദ്യപിച്ച് വണ്ടിയോടിക്കുന്നവർക്കെതിരെ ശക്തമായ നിയമനടപടി ഉറപ്പുവരുത്തുമോ? ഇന്നലെ എന്റെ നിയോജകമണ്ഡലത്തിലാണ് മദ്യപാനിയായ ഒരാൾ വണ്ടിയോടിച്ച് നാല് വിദ്യാർത്ഥിനികൾക്ക് ഗുരുതരമായി പരിക്കേറ്റത്. അവർ നാലുപേരും ചികിത്സയിലാണ്. അവർക്ക് സാമ്പത്തിക സഹായവും ചികിത്സാ സഹായവും പഠന സഹായവും ഉറപ്പുവരുത്തുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അങ്ങേയറ്റം കുറ്റകരമായ സംഭവമാണ് നടന്നത്. റോഡിന്റെ സൈഡിലൂടെ പോയ കുട്ടികളുടെ നേരെ വാഹനം വന്നിടിക്കുകയാണുണ്ടായത്. രക്ഷപ്പെട്ടുവെന്ന് പറയുന്നത് മഹാഭാഗ്യം. ആ ദൃശ്യങ്ങൾ കണ്ടയുടനെ ഞാൻ അവിടത്തെ എസ്.പി.-യെ വിളിച്ച് എന്തുനടപടി സ്വീകരിച്ചുവെന്ന് അന്വേഷിച്ചിരുന്നു. കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കാൻ പറഞ്ഞിട്ടുണ്ട്.

പോലീസിന്റെ പരിശീലനത്തെക്കുറിച്ച് എല്ലാക്കാലത്തും ഒട്ടേറെ അഭിപ്രായങ്ങൾ ഉയർന്നുവരുന്നതാണ്. കാരണം പോലീസിന്റെ രീതികൾ, എടാ പോടാ വിളി, മറ്റുകാര്യങ്ങൾ എന്നിവയൊക്കെ പരിശീലനത്തിൽനിന്നും ലഭിക്കുന്നതാണെന്നുള്ള അഭിപ്രായങ്ങൾ പണ്ടുമുതൽക്കേയുള്ളതാണ്. പോലീസ് സംവിധാനത്തെ പുനഃക്രമീകരിക്കാനുള്ള ഇടപെടൽ ദീർഘവീക്ഷണത്തോടെ നടപ്പാക്കിവരികയാണ്. പോലീസിനെ ജനകീയമാക്കുകയെന്നുള്ളതാണ് അതിൽ ഏറ്റവും പ്രധാനം. ശാസ്ത്രസാങ്കേതിക വിദ്യകളുടെ പുരോഗതി ഉപയോഗപ്പെടുത്തുക, മനുഷ്യാവകാശങ്ങളെ സംബന്ധിച്ചുള്ള ആധുനികമായ അറിവുകൾ പ്രദാനം ചെയ്യുക, അത്തരത്തിലുള്ള പോലീസ് പരിശീലനമാണ് ആവശ്യം. ഇത് കുറ്റകൃത്യങ്ങളെ സംബന്ധിച്ച സൂക്ഷ്മതലത്തിലുള്ള ധാരണകൾ പ്രദാനം ചെയ്യുന്നതിനും ഇടപെടലുകൾ ശാസ്ത്രീയമാക്കുന്നതിനുമിടയാക്കും. ഇ-ലേണിംഗ് സമ്പ്രദായം പോലീസ് ട്രെയിനിംഗിൽ കൊണ്ടുവന്നുകഴിഞ്ഞു. പരിശീലകർ പാഠഭാഗങ്ങൾ മുൻകൂട്ടി തയ്യാറാക്കി അപ്‌ലോഡ് ചെയ്യുക, പരിശീലനാർത്ഥികൾ വിഷയം മനസ്സിലാക്കിയശേഷം ക്ലാസ്സിലെത്തുക എന്നൊരു രീതി ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം ഓൺലൈൻ പരീക്ഷാ സമ്പ്രദായം കൊണ്ടുവന്നു. പരിശീലനാർത്ഥികൾക്ക് വിവിധ വിഷയങ്ങൾ മനസ്സിലാക്കുന്നതിന് പോലീസ് അക്കാദമിയിൽ Digital Knowledge Management System കൊണ്ടുവന്നിട്ടുണ്ട്. ഇതിനായി അക്കാഡമിയിൽ ആധുനിക റെക്കോർഡിംഗ് സ്റ്റുഡിയോ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ് റൂമുകളാക്കിയിട്ടുണ്ട്. അടിസ്ഥാന പരിശീലനം നേടുന്ന എല്ലാ പരിശീലനാർത്ഥികൾക്കും കമാൻഡോ പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്. പുതിയകാലത്ത് ഉയർന്നുവന്ന കാഴ്ചപ്പാടുകളും

സമീപനങ്ങളും മനസ്സിലാക്കാനുതകുന്ന കാര്യങ്ങളാണ് പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നത് എന്നതാണ് ഇതിന്റെ പ്രത്യേകത. അത്തരത്തിൽ നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. പ്രകൃതി സംരക്ഷണ നിയമങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട് Environmental Crime Museum സ്ഥാപിച്ചിട്ടുണ്ട്. ജെൻഡർ പ്രശ്നങ്ങൾ, ട്രാൻസ്ജെൻഡറുകളുടെ പ്രശ്നങ്ങൾ, സ്ത്രീകളോടുള്ള പെരുമാറ്റങ്ങൾ, ജന്തുക്കളോടുള്ള ക്രൂരതകൾ, സോഷ്യൽ പോലീസിംഗ്, വയോജനങ്ങളുടെ പ്രശ്നങ്ങൾ, പാരിസ്ഥിതികമായ കുറ്റകൃത്യങ്ങൾ ഇവയെല്ലാം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയിരിക്കുകയാണ്. അതോടൊപ്പം പ്രളയത്തെ അതിജീവിക്കുന്നതിനായി വാട്ടർ സെക്യൂരിറ്റി കോഴ്സും കൊണ്ടുവന്നിട്ടുണ്ട്. ഇത്തരത്തിൽ പുതിയ പ്രശ്നങ്ങളെ മനസ്സിലാക്കാനും സംവദിക്കാനുമുള്ള ഒന്നായി പോലീസ് ട്രെയിനിംഗ് മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പോലീസ് അക്കാഡമിയെ Centre for Excellence in Police Science and Research ആക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, NUALS (National University of Advanced Legal Studies) എന്നിവരുമായി സഹകരിച്ച് ബിരുദാനന്തര ബിരുദ കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളും നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള പോലീസ് എങ്ങനെയൊക്കെ മെച്ചപ്പെട്ടുനിൽക്കുന്നുവെന്നതും പലതരത്തിലുള്ള അംഗീകാരം പോലീസിന് ലഭിച്ചതും ഇക്കൂട്ടത്തിൽ നാം മനസ്സിലാക്കുന്നത് നല്ലതാണ്. അത് നമ്മുടെ നാടിന്റെ ഒരു മെച്ചമല്ലേ; അത് നമ്മൾ കണ്ടുപോകേണ്ടതല്ലേ? 'അഴിമതി കുറവുള്ള സംസ്ഥാനം കേരളം' എന്ന് സെന്റർ ഫോർ മീഡിയ സ്റ്റഡീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 'ഏറ്റവും കുറവ് വർഗ്ഗീയ കലാപം കേരളത്തിൽ' നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യു.എ.ഇ.-യുടെ 'Best m-Government Service Award' സംസ്ഥാന പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനായ 'Traffic Guru'-നാണ് ലഭിച്ചത്. സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018-ലെ 'FICCI SMART Policing Award' കേരള പോലീസ് സേനയുടെ ഭാഗമായി Cyberdome-നാണ് ലഭിച്ചത്. കൂടാതെ 'Security Watch India Innovation and Excellence Award' Innovative use of Technology in Cyber security എന്ന വിഭാഗത്തിനും Cyberdome-ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരള പോലീസിന്റെ 'ജനമൈത്രി' പദ്ധതിക്ക് ഫൗണ്ടേഷൻ ഫോർ റിസർച്ച് എന്ന സ്ഥാപനം പ്രസിദ്ധീകരിക്കുന്ന ജേണൽ 'COPS Today International' ഏർപ്പെടുത്തിയ 'Police Excellence Award' ലഭിക്കുകയുണ്ടായി. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ, രാജ്യത്തെ മികച്ച പത്ത് പോലീസ് സ്റ്റേഷനുകളെ തെരഞ്ഞെടുത്തതിൽ ഒന്ന് കണ്ണൂർ ജില്ലയിലെ വളപട്ടണം സ്റ്റേഷനാണ്. ക്രമസമാധാനപാലനത്തിനുള്ള ഇന്ത്യാ ടുഡേ പുരസ്കാരത്തെപ്പറ്റി

നേരത്തേ പറഞ്ഞു. കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിന് 'ISO 9001:2015' പദവി ലഭിച്ചു. സൈബർ കുറ്റാന്വേഷണ മേഖലയിലെ മികവിന് ദേശീയ തലത്തിൽ കേരള പോലീസിന് അവാർഡ് ലഭിക്കുകയുണ്ടായി. Data Security Council of India-യും National Association of Software and Service Companies (NASSCOM)-ഉം സംയുക്തമായി നൽകുന്ന അവാർഡാണിത്. അതുപോലെ ട്രാഫിക് സുരക്ഷിതത്വത്തിനുള്ള 'SOFT (Save Our Fellow Travellers)' പദ്ധതിക്ക് കേന്ദ്ര നഗരകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചു. സ്ത്രീ സുരക്ഷ ഉറപ്പാക്കിയതിന് പ്ലാൻ ഇന്ത്യയുടെവക രണ്ടാം സ്ഥാനം ലഭിച്ചു. ബ്ലൂവെയിൽ ഗെയിം ഭീഷണിയുടെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടിക്ക് കേന്ദ്രത്തിന്റെ പ്രശംസ ലഭിച്ചു. എറണാകുളം റൂറൽ ജില്ലയിൽ പാസ്പോർട്ട് അപേക്ഷയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട്, ഈ വിഭാഗത്തിൽ ഏറ്റവും വേഗതയിലും പൂർണ്ണമായും ശരാശരി രണ്ട് ദിവസത്തിനുള്ളിൽ വെരിഫിക്കേഷൻ പൂർത്തിയാക്കി രാജ്യത്ത് ഒന്നാംസ്ഥാനം നിലനിർത്തിയതിന് വിദേശകാര്യ മന്ത്രാലയത്തിൽനിന്നും എറണാകുളം റൂറൽ ജില്ലയ്ക്ക് ദേശീയ അംഗീകാരം ലഭിച്ചു. 2016 നവംബറിൽ ഡൽഹിയിൽ നടന്ന India International Trade Fair-ൽ ഡിജിറ്റൽ ഇന്ത്യ ടീം കേരള പവലിയൻ, ഗോൾഡ് മെഡൽ കരസ്ഥമാക്കി. അതിൽ കേരള പോലീസ് പവലിയൻ, 'Best Exhibitor Award'-ന് അർഹമായി. 2016 ഡിസംബറിൽ നടന്ന അറുപതാമത് ദേശീയ പോലീസ് ഡ്യൂട്ടി മീറ്റിൽ കമ്പ്യൂട്ടർ പരിജ്ഞാന വിഭാഗത്തിൽ കേരള പോലീസ് സേനയിൽപ്പെട്ടവർ മെഡലുകൾ കരസ്ഥമാക്കി. CCTNS (Crime and Criminal Tracking Network and Systems) പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി 2018-ൽ CCTNS Best Practice, Success Story എന്നീ വിഭാഗങ്ങളിൽ കേരള പോലീസിലെ നാല് ഉദ്യോഗസ്ഥർക്ക് M.H.A.(Ministry of Home Affairs), N.C.R.B.(National Crime Records Bureau) പുരസ്കാരങ്ങൾ ലഭിച്ചു. അന്വേഷണം തെളിയിക്കപ്പെടില്ലെന്ന് കരുതിയ പല കേസുകളും തെളിയിക്കാൻ കഴിഞ്ഞതിനെപ്പറ്റി ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചതാണ്. ജലജ കേസ്, ജിഷ കേസ്, കൂടത്തായി കൂട്ടക്കൊലക്കേസ്, തിരുവനന്തപുരത്ത് നാലുപേർ കൊല്ലപ്പെട്ട കേസിലെ പ്രതിയെ മൂന്നാംനാൾ അറസ്റ്റ് ചെയ്ത കാര്യം, കോഴിക്കോട് ബേപ്പൂരിലെ രണ്ട് വർഷം പഴക്കമുള്ള ഇരട്ടക്കൊലപാതകം തുടങ്ങിയ പ്രമാദമായ ഒട്ടേറെ കേസുകൾ തെളിയിക്കാൻ കഴിഞ്ഞ ക്രെഡിറ്റും പോലീസിനുള്ളതാണ്. അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുതകുംവിധം വിജിലൻസ് സംവിധാനത്തെ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും കൈക്കൂലിയും അഴിമതിയും തടയുന്നതിനുതകുംവിധം പരിശോധനകൾ നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് വിജിലൻസിൽ നടത്തിയിട്ടുള്ളത്. സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ

അഴിമതി ആരോപണങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതനിവാര്യമാണ്. ഇതിനായി വിവിധ സ്ഥാപനങ്ങളിലെ നിലവിലുള്ള ആഭ്യന്തര-വിജിലൻസ് സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. ഫോറൻസിക് ലബോറട്ടറിയിൽ പരിശോധനയ്ക്കെത്തുന്ന സാമ്പിളുകളുടെ ശാസ്ത്രീയ പരിശോധന സമയബന്ധിതവും കാര്യക്ഷമമായും നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജില്ലാ മൊബൈൽ ഫോറൻസിക് ലാബുകളിൽ 44 സയന്റിഫിക് ഓഫീസർമാരുടെയും തൃശ്ശൂർ ഹൈടെക്ക് ഫോറൻസിക് ലാബിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും സയന്റിഫിക് ഓഫീസർമാരുടെയും ഉൾപ്പെടെ ആകെ 59 അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയെ State-of-the-art Forensic Science Laboratory ആക്കി ഉയർത്തുന്നതിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുമാത്രമല്ല, ലബോറട്ടറികളുടെ അന്താരാഷ്ട്ര നിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി എൻ.എ.ബി.എൽ. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിലൂടെ കൂടുതൽ പ്രവർത്തനങ്ങൾ അവർ ഏറ്റെടുക്കുന്ന നിലവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ആധുനികവൽക്കരണവും നടക്കുന്നുണ്ട്. പോലീസ് വകുപ്പുമായി ബന്ധപ്പെട്ട 963 പ്രവർത്തനങ്ങളും മറ്റ് വിവിധ വകുപ്പുകളിലായി 30 നിർമ്മാണ പ്രവർത്തനങ്ങളും കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. ഇവിടത്തെ പോലീസ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്താൻ ചില പരിപാടികൾ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പോലീസ് അഡ്മിനിസ്ട്രേഷൻ സുഗമമാക്കുന്നതിനും മെച്ചപ്പെട്ട ക്രമസമാധാന പരിപാലനത്തിനുമായി 25 അധിക സബ് ഡിവിഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് നേരിട്ടുള്ള നിയമനരീതി വഴി ഒരു പൂർണ്ണ വ്യവസായ സുരക്ഷാ സേനയ്ക്ക് ഇതിനകം രൂപം നൽകിയിട്ടുണ്ട്. 2000 തസ്തികകൾ ഇതിനായി രണ്ട് ഘട്ടങ്ങളിലായി സൃഷ്ടിച്ചത് 3000 ആയി ഉയർത്തും. ഇനിമുതൽ വ്യവസായശാലകൾക്കും മറ്റ് പുത്തൻതലമുറ വ്യവസായങ്ങൾക്കും ആവശ്യമായ സുരക്ഷ ഈ സേനയാണ് നൽകുക. പോലീസ് വകുപ്പിന്റെ എല്ലാ സാങ്കേതിക യൂണിറ്റുകളും ഒരേ മേൽക്കുരയിൽ കൊണ്ടുവരുന്നതിനുള്ള ഉദ്ദേശ്യത്തോടെ തിരുവനന്തപുരത്ത് പോലീസ് ടെക്നോളജി സെന്റർ ആരംഭിക്കും.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ ചിത്രത്തോടുകൂടിയുള്ള ഡിസ്പ്ലേ ബോർഡിൽ അദ്ദേഹം സംസാരിക്കുന്ന സമയം ഇരുപത് മിനിറ്റെന്നും മറ്റ് ഡിസ്പ്ലേകളിൽ 24 മിനിറ്റ് 17 സെക്കന്റ് എന്നുമാണ് കാണിക്കുന്നത്. ഇതിൽ ഏതാണ് ശരിയെന്ന് അറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ: പരിശോധിച്ച് പറയാം.

ശ്രീ. പിണറായി വിജയൻ: സർ, പോലീസ് സേനയിൽ ഇപ്പോൾ ക്രമസമാധാന വിഭാഗമുണ്ട്. അന്വേഷണത്തിന് വേറെ വിഭാഗം വേണമെന്ന അഭിപ്രായമുണ്ട്. അത് രണ്ടും രണ്ടാണ്. എന്നാൽ അതിനുപുറമേ, സോഷ്യൽ പോലീസിംഗ് അഥവാ സാമൂഹ്യ പോലീസ് എന്ന ഒരു പുതിയ വിഭാഗം ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ കീഴിൽ പ്രവർത്തനം ആരംഭിക്കും. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി, ജനമൈത്രി എന്നിവ സോഷ്യൽ പോലീസിംഗിന്റെ പരിധിയിൽ കൊണ്ടുവരും. ഇതിനുപുറമേ, വനിതാ ഉദ്യോഗസ്ഥരുടെ പഞ്ചായത്തുതല സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രവർത്തനവും പരാതികളുടെ പരിശോധനയും ഈ ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവരും. സമൂഹത്തോടുള്ള മൊത്തം ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനായി, സ്കൂളുകളിൽനിന്നുള്ള കൊഴിഞ്ഞുപോക്കിന് വിധേയരാകുന്ന വിദ്യാർത്ഥികൾക്കും സ്ത്രീ സുരക്ഷയ്ക്കും കുട്ടികളുടെ സുരക്ഷയ്ക്കുമായുള്ള പദ്ധതികൾ കേരള പോലീസ് നടപ്പാക്കുന്നുണ്ട്. ഇവയുടെ ഏകോപനത്തിനും സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റ് ഉപകരിക്കും. 2020-21 വർഷം നൂറ് സ്കൂളുകളെക്കൂടി എസ്.പി.സി. സ്കീമിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന കാര്യം നേരത്തേ പറഞ്ഞു. അതിൽ എയ്ഡഡ് സ്കൂളുകൾകൂടി ഉൾപ്പെടും. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ പുതിയ ഡാറ്റാ അനാലിസിസ് സെന്റർ സ്ഥാപിക്കും. കേരള സായുധ പോലീസ് ബറ്റാലിയൻ-6 കോഴിക്കോട് ആരംഭിക്കാൻ ഉദ്ദേശിക്കുകയാണ്. കോഴിക്കോട് രണ്ട് പോലീസ് ജില്ലകളിലെയും ക്രമസമാധാന ചുമതല നിർവ്വഹിക്കുക എന്നതാണ് ഈ ബറ്റാലിയൻകൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, അങ്ങ് പോലീസിന് അവാർഡ് കിട്ടിയ കാര്യങ്ങളൊക്കെ സൂചിപ്പിക്കുകയുണ്ടായി. കേരള പോലീസിന് അവാർഡ് കിട്ടുക എന്നുപറഞ്ഞാൽ നമുക്കെല്ലാവർക്കും സന്തോഷമുള്ള കാര്യമാണ്. ഇപ്പോഴും നമ്മുടെ പോലീസിന് കളങ്കമാകുന്ന പ്രവൃത്തികൾ ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇന്ന് രാവിലെ ഞാൻ ഒരു പരാതി നൽകിയിരുന്നു. 67 വയസ്സുള്ള ജോഷി എന്ന ഒരു സഹോദരൻ ആലുവ തോട്ടയ്ക്കാട്ട് തൂങ്ങിമരിക്കുകയുണ്ടായി. സംഭവദിവസം വൈകുന്നേരം 5.15-ന് പോലീസ് ആ വീട്ടിൽ ചെന്നു. അവിടത്തെ നാട്ടുകാരും പൊതുപ്രവർത്തകരും ജനപ്രതിനിധികളുമെല്ലാം ബോഡി നിലത്തിറക്കി ഇൻക്വസ്റ്റ് പോലുള്ള നടപടികളിലേയ്ക്ക് പോകണമെന്ന് ആവശ്യപ്പെട്ടപ്പോൾ, പോലീസ് പറഞ്ഞത്, 'അത് പറ്റില്ല, സമയം വൈകി' എന്നൊക്കെയായിരുന്നു. അങ്ങനെ വകുപ്പും നിയമവും മറ്റും പറഞ്ഞ് അവിടെയുള്ള ആളുകളെ പ്രതിസന്ധിയിലാക്കി. അതുമാത്രമല്ല, മരണപ്പെട്ടയാളിന്റെ കാൻസർ രോഗിയായ ഭാര്യ മാത്രമുള്ള ആ വീട്ടിൽ രാത്രിയിൽ മൃതദേഹം തൂങ്ങിനിൽക്കുന്ന

സാഹചര്യം ഒഴിവാക്കാനായി ഞാൻ വീണ്ടും എസ്.പി.-യെ വിളിച്ചു. എന്നിട്ടും മൃതദേഹം അവിടെനിന്നും മാറ്റുന്ന സാഹചര്യമുണ്ടായില്ല. പിറ്റേദിവസം രാവിലെയും ബോഡി അവിടെനിന്നും ഇറക്കുന്ന സാഹചര്യമുണ്ടായില്ല. പോലീസ് ആ മൃതദേഹത്തോട് വളരെ അനാദരവാണ് കാണിച്ചത്. അങ്ങനെയുള്ള ഉദ്യോഗസ്ഥർ നമ്മുടെ പോലീസിന് കളങ്കമാണ്.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങ് പരാതി നൽകിയപ്പോൾത്തന്നെ എന്താണ് സംഭവമെന്ന് ഞാൻ അന്വേഷിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ട് അങ്ങനെതന്നെ ഞാൻ പറയാം - " ആലുവ പോലീസ് സ്റ്റേഷൻ പരിധിയിൽ, ആലുവ എസ്.പി.-യുടെ ക്യാമ്പ് ഓഫീസിന് എതിർവശത്തുള്ള കെട്ടിടത്തിൽ 9-3-2020-ന് വൈകുന്നേരം 4.45-ഓടെ 67 വയസ്സുള്ള ജോഷി എന്നയാൾ തൂങ്ങി മരിക്കുകയുണ്ടായി. ഇക്കാര്യത്തിന് മരണപ്പെട്ടയാളുടെ സഹോദരൻ സേവ്യറിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ 9-3-2020-ന് വൈകുന്നേരം 5.45-ന് ക്രിമിനൽ നടപടിക്രമം 174 വകുപ്പ് പ്രകാരം ആലുവ പോലീസ് സ്റ്റേഷനിൽ ക്രൈം 248/2020 ആയി കേസ് രജിസ്റ്റർ ചെയ്തു. മൃതദേഹത്തിന്റെ ഇൻക്വസ്റ്റ് 10-3-2020 രാവിലെ 8.10-ന് ആരംഭിച്ച് 9.40-ന് അവസാനിപ്പിച്ചിട്ടുള്ളതും മൃതദേഹം പോസ്റ്റ്മോർട്ടം പരിശോധനയ്ക്ക് അയച്ചിട്ടുള്ളതുമാണ്. ടി കേസിന്റെ അന്വേഷണത്തിൽ വീഴ്ചയുണ്ടെന്നുള്ള എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൗത്ത് സോൺ ഐ.ജി.പി.-യുടെ 11-3-2020-ലെ $D_1$2264/2020/SZ നമ്പർ ഉത്തരവുപ്രകാരം ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഐ.എസ്.എച്ച്.ഒ. ശ്രീ. വി. എസ്. നവാസിനെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്ത് വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതാണ്." ചില ആളുകൾ ഇങ്ങനെ ശരിയല്ലാത്ത നിലപാടുകൾ സ്വീകരിക്കുന്നുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. അങ്ങനെയുള്ളവ ശരിയായ ഇടപെടലിലൂടെ തിരുത്താനാണ് ശ്രമിക്കുന്നത്. അതിന്റെ ഭാഗമായാണ് ഈ നടപടി വന്നിട്ടുള്ളത്. അതോടൊപ്പം സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ പുതിയ ഡാറ്റാ അനാലിസിസ് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോട് സ്ഥാപിക്കുന്ന കേരള സായുധ പോലീസ് ബറ്റാലിയൻ 6-ന്റെ കാര്യം ഞാൻ പറഞ്ഞു. 2020-21 വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ ഡിജിറ്റൽ മൊബൈൽ കമ്മ്യൂണിക്കേഷൻ സംവിധാനം പ്രാവർത്തികമാക്കുകയും പാലക്കാട് ജില്ലയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യും. പോലീസ് സേനയിലെ അംഗങ്ങളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. Time Bound Delivery Centre-ആയി പോലീസ് സ്റ്റേഷനുകളെ പ്രഖ്യാപിക്കും. പോലീസ് സ്റ്റേഷനുകൾ Time Bound Delivery Centre ആയി

മാറണം. ഇതിന്റെ ഭാഗമായി മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ പരാതി രജിസ്റ്റർ ചെയ്താൽ ഉടൻ അതിന്റെ വിശദാംശങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും. ഇത്തരം പരാതികളിൽ റെയ്ഞ്ച് ഡി.ഐ.ജി.-മാരും മേഖലാ ഐ.ജി.-മാരും ക്രമസമാധാനച്ചുമതലയുള്ള എ.ഡി.ജി.പി.-യും പോലീസ് മേധാവിയും കേരളത്തിലെ വിവിധ ജില്ലകളിലുള്ള പരാതിക്കാരെ ഫോണിൽ വിളിച്ച് അവർക്ക് പറയാനുള്ളത് കേൾക്കും. പോലീസ് സ്റ്റേഷനുകൾ സർവ്വീസ് ഡെലിവറി സെന്ററുകളായി പ്രഖ്യാപിക്കുന്ന മുറയ്ക്ക് ഈ സംവിധാനം നിലവിൽവരും.

നമ്മുടെ നാട്ടിൽ നല്ലതുപോലെ വളർന്നുവരുന്ന ഒന്നാണ് ടൂറിസം. ഇപ്പോൾ ടൂറിസം പോലീസിന്റെ അംഗസംഖ്യ 180 ആണ്. എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ടൂറിസം പോലീസിനെ വിന്യസിക്കാനാവശ്യമായ അംഗബലം ടൂറിസം പോലീസിന് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്ന സാഹചര്യത്തിൽ അത്തരം സ്റ്റേഷനുകൾ വ്യാപിപ്പിക്കും. ഇപ്പോൾ 148 പോലീസ് സ്റ്റേഷനുകളിൽ സൈബർ വിംഗ് പ്രവർത്തിക്കുന്നുണ്ട്. അവിടങ്ങളിലാകെ സ്റ്റേഷനുകളായി, കേസെടുക്കാനുള്ള അധികാരമുള്ള വിഭാഗമായി മാറും. അഗ്നിരക്ഷാ വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനുള്ള ശ്രമങ്ങളാണ് ഈ കാലയളവിൽ നടന്നിട്ടുള്ളത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, മികവിന്റെ അടയാളങ്ങളായി പോലീസ് സ്റ്റേഷനുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കൊണ്ടുവരുന്നതിനെക്കുറിച്ച് പറഞ്ഞു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഓഫീസിനെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. എല്ലാ പോലീസ് സ്റ്റേഷനുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ? കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടിയുള്ള രണ്ട് കോടി രൂപയുടെ ഭൗതിക സാഹചര്യപ്രവർത്തനങ്ങൾ നടക്കുകയാണ്. കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കൊണ്ടുവരാൻ ശ്രമിക്കുമോ? അതിന് പ്രത്യേക ശ്രദ്ധചെലുത്തുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, എന്റെ ഭാഗത്തുനിന്നുള്ള ശ്രദ്ധയുണ്ടാകാം. അതോടൊപ്പം അംഗങ്ങൾകൂടെ ചേർന്നാൽ അതിനെ പൂർണ്ണതയിലെത്തിക്കാൻ സാധിക്കും. അങ്ങനെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ഐ.എസ്.ഒ. സർട്ടിഫിക്കേഷനിലേയ്ക്ക് എത്തിക്കാം. അഗ്നിരക്ഷാ വകുപ്പിന്റെ സേവന സന്നദ്ധതയും സാങ്കേതികമികവും പ്രളയ കാലഘട്ടത്തിൽ നമ്മുടെ നാട്

അനുഭവിച്ചിട്ടുള്ളതാണ്. ഈ സംവിധാനത്തെ ആധുനികവൽക്കരിക്കുന്നതിനും ജനകീയമാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ നല്ല ഇടപെടലാണ് ഇപ്പോൾ നടക്കുന്നത്. അതിൽ സിവിൽ ഡിഫൻസ് വോളന്റിയർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ പരിശീലന പരിപാടികൾ പൂർത്തിയായി വരികയാണ്. 124 സ്റ്റേഷനുകൾ കേന്ദ്രീകരിച്ചാണ് 50 പേർ വീതമടങ്ങുന്ന യൂണിറ്റ് വരുന്നത്. ഇതിനുപുറമേയാണ് കമ്മ്യൂണിറ്റി വോളന്റിയർമാർ. നല്ലതോതിൽ നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴത് പ്രവർത്തനം ആരംഭിക്കാനുള്ള ശ്രമത്തിലാണ്. 100 ഫയർ വുമൺ തസ്തിക അനുവദിച്ചത് സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായുള്ള നടപടിയാണ്. അതുസംബന്ധിച്ച നിയമന നടപടികൾ പി.എസ്.സി.-യുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരികയാണ്. ഓരോ അഗ്നിരക്ഷാ നിലയത്തിന്റെയും പരിധിയിൽവരുന്ന സുരക്ഷാപ്രശ്നങ്ങൾ വിശദമായി പഠിക്കണം. ജനങ്ങളിൽ സുരക്ഷാ അവബോധം സൃഷ്ടിച്ച് ഉചിതമായ കർമ്മ പരിപാടികളിലൂടെ മെച്ചപ്പെട്ട സുരക്ഷ ഉറപ്പുവരുത്താനാകണം. അത് ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് സഹായിക്കുന്നതാണ്. അഥവാ ദുരന്തമുണ്ടാകുകയാണെങ്കിൽ മെച്ചപ്പെട്ട നിലയിൽ നേരിടുന്നതിനും സമൂഹത്തെ പ്രാപ്തമാക്കുന്നതിനും ഉപകരിക്കും. അതിന്റെ ഭാഗമായി അഗ്നിരക്ഷാ വകുപ്പിൽ 'safety beat' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ജയിലുകളുടെ കാര്യത്തിൽ, സംസ്ഥാനത്തെ ജയിലുകളുടെ പൊതുസ്ഥിതി വിലയിരുത്തുന്നതിനും അന്തേവാസികൾക്ക് അവരുടെ പ്രശ്നങ്ങൾ ഒരളവുവരെയെങ്കിലും പരിഹരിക്കുന്നതിനും ലക്ഷ്യമിട്ടാണ് അലക്സാണ്ടർ ജേക്കബ് കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുള്ളത്. അതിൽ മുന്നോട്ടുവച്ചിട്ടുള്ള ശിപാർശകൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ജയിൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ജയിൽ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സമയബന്ധിതമായാണ് സ്വീകരിച്ചിട്ടുള്ളത്. ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ജയിലിന്റെ മതിലുകൾക്ക് മുകളിൽ വൈദ്യുതി കമ്പികൾ ഘടിപ്പിക്കുന്ന നടപടികൾ എത്രയുംവേഗം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്, അതിനായി പുതിയ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഒരു ദശാബ്ദമായി നിൽക്കുന്നതാണ് കോടതികളെയും ജയിലുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസ് സംവിധാനം. 136 കോടതികളെയും 13 ജയിലുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ സംവിധാനം റിമാൻഡ് തടവുകാരുടെ കാലാവധി

ദീർഘിപ്പിക്കുന്ന നടപടികളിലുള്ള കാലതാമസം, യാത്രാ ചെലവ് ഇതെല്ലാം പരിഹരിക്കുന്ന ഒന്നാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട് നല്ല സഹകരണമാണ് നൽകിയിട്ടുള്ളത്. എല്ലാ ജുഡീഷ്യൽ ഓഫീസർമാരും ഇതിൽ സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 600-നും 700-നും ഇടയിലുള്ള പോലീസുകാരെ ദിനംപ്രതി എസ്കോർട്ട് ഡ്യൂട്ടിക്ക് നിയോഗിക്കേണ്ടിവന്നിരുന്നത് ഇല്ലാതാകുകയാണ്. അവരുടെ സേവനം മറ്റുതരത്തിൽ ഉപയോഗിക്കാൻ കഴിയും. ഇതോടൊപ്പം ഇന്ന് ഏറ്റവുമധികം ശ്രദ്ധിക്കപ്പെടുന്ന ജയിൽ ഉല്പന്നങ്ങൾ നല്ലരീതിയിൽ ജനപ്രീതി നേടിയതാണ്. ഓൺലൈൻവഴി ഭക്ഷണം വീട്ടിലെത്തിക്കുന്ന സംവിധാനവും വന്നിട്ടുണ്ട്. വിവിധ തരത്തിലുള്ള ഉല്പന്നങ്ങളുടെ ലഭ്യതയാണ് ഇപ്പോൾ ആകർഷിച്ചുവരുന്നത്. ജയിലുകളിൽ നിർമ്മിക്കുന്ന കളിപ്പാവകൾ, അലങ്കാര വസ്തുക്കൾ, പച്ചക്കറി, കുടിവെള്ളം, റെഡിമെയ്ഡ് വസ്തുക്കൾ, കളിക്കോപ്പുകൾ തുടങ്ങിയവ ഇന്ന് കുടുംബങ്ങളിൽ വളരെ പ്രിയങ്കരമായിട്ടുള്ളതാണ്. ലൈഫ് പദ്ധതിയിൽ ജയിൽ അന്തേവാസികൾ വീടുകളുടെ പണി ചെയ്തുനൽകിയ കാര്യവും ഇവിടെ ഓർക്കേണ്ടതുണ്ട്. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായ നടപടിയായാണ് അതിനെ കാണേണ്ടത്. തടവുകാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ന്യായമായ പരോളുകൾ ലഭ്യമാക്കുന്നതിനുമുതകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ജയിലുകൾ തടവുകാരെ കൂടുതൽ മാനവീയവൽക്കരിക്കുന്നതിനുള്ള കേന്ദ്രങ്ങളായി മാറണമെന്ന ആധുനിക ലോകത്തെ കാഴ്ചപ്പാടിനുതകുന്ന തരത്തിലുള്ള ഇടപെടലാണ് നടത്തിയിട്ടുള്ളത്.

വലിയ തോതിൽ അഭിപ്രായങ്ങൾ പറയാത്ത ഒന്നാണ് സ്റ്റേഷനറിയും അച്ചടിയും വകുപ്പ്. അച്ചടി വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനും പുതിയ കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ രൂപപ്പെടുത്തുന്നതിനും ശ്രമിച്ചതിന്റെ ഭാഗമായി കിഫ്ബിയിൽനിന്നും 100 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കെ.ബി.പി.എസ്.-ന്റെ കാര്യക്ഷമമായ പ്രവർത്തന പുരോഗതി എടുത്തുപറയത്തക്കതാണ്. പാഠപുസ്തകങ്ങളുടെയും ലോട്ടറി ടിക്കറ്റുകളുടെയും അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. 2018-19-ൽ 222,88,00,000 രൂപയുടെ വിറ്റുവരവ് ഈ സ്ഥാപനത്തിനുണ്ട്. അറ്റാദായം 56,22,00000 രൂപയാണ്. ഈ സംവിധാനത്തെ ആധുനികവൽക്കരിക്കുന്നതിനും മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല.

Modernisation of Police Forces തുക വിനിയോഗിച്ച് വി.വി.ഐ.പി. സെക്യൂരിറ്റി വാഹനങ്ങൾ വാങ്ങുന്ന നടപടി പണ്ടുമുതൽക്കേ നടന്നുവരുന്നതാണ്. അതുസംബന്ധിച്ച് നേരത്തെ നടന്ന ഒരു കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്താം. 2003-04-ലെ Modernisation of Police Forces പ്രകാരം 63 കോടി രൂപയുടെ പദ്ധതി ജി.ഒ.(ആർ.ടി.)2141/2003/ആഭ്യന്തരം പ്രകാരം 5-11-2003-ൽ അംഗീകരിച്ച് ഉത്തരവായി. വി.വി.ഐ.പി. സെക്യൂരിറ്റിക്കായി 10,00,000 രൂപ വിലവരുന്ന 5 ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ വാങ്ങാനായിരുന്നു നിശ്ചയിച്ചത്. 19-11-2004-ലെ ജി.ഒ.(ആർ.ടി.)2521/2004/ആഭ്യന്തരം പ്രകാരം 2004-05-ൽ അതേ നിരക്കിൽ മറ്റൊരു ബുള്ളറ്റ് പ്രൂഫ് വാഹനംകൂടി വി.വി.ഐ.പി. സെക്യൂരിറ്റിക്കുവേണ്ടി വാങ്ങാനും ഉത്തരവായി. 2005-06-ൽ 3 ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾകൂടി വാങ്ങാൻ തീരുമാനിച്ചു. 30,00,000 രൂപ ഇതിനായി വകയിരുത്തിയിരുന്നു. എന്നാൽ ഇതിനായി വകയിരുത്തിയ തുക യഥാസമയം വിനിയോഗിച്ചില്ല. 2006-ൽ ഇക്കാര്യം വീണ്ടും സർക്കാരിന്റെ മുന്നിലെത്തി. 31-3-2006-ലെ ജി.ഒ.(ആർ.ടി.) 864/2006/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം 9 വാഹനങ്ങൾ വാങ്ങാൻ തീരുമാനിച്ച ഉത്തരവ് മാറ്റുകയും ഒരു Tata Safari Bullet proof വാഹനം 52.37 ലക്ഷം രൂപയ്ക്ക് പ്രസ്തുത കമ്പനി മുഖേന സിംഗിൾ ടെണ്ടർ വഴി നേരിട്ട് വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. അതായത്, വി.വി.ഐ.പി. സെക്യൂരിറ്റി വാഹനങ്ങൾ മുമ്പും സിംഗിൾ ടെണ്ടർ വഴി നേരിട്ട് വാങ്ങിയിട്ടുണ്ട്. സുരക്ഷാ കാരണങ്ങൾ മുൻനിർത്തിയാണ് ഇത്തരം നടപടികൾ സ്വീകരിക്കുന്നതെന്നതാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. ഇത് ഇപ്പോൾ മാത്രമുള്ള കാര്യമല്ല. ഇത്രയും കാര്യങ്ങളാണ് പറയാനുള്ളത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

5.00 PM]

## VI വ്യക്തിപരമായ വിശദീകരണം

### ചന്ദ്രിക ദിനപത്രത്തിന്റെ നിക്ഷേപം സംബന്ധിച്ച പരാമർശം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ചന്ദ്രിക ഫണ്ടിനെപ്പറ്റി പറയുകയുണ്ടായി. അതിലൊരു തെറ്റിദ്ധാരണ ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ വിശദീകരണം നൽകുന്നത്. ചന്ദ്രിക ദിനപത്രം കഴിഞ്ഞ 25 വർഷമായി എല്ലാ വർഷവും വാർഷിക

ക്യാമ്പെയിൻ നടത്താറുണ്ട്, ഈ വർഷവും അത് നടന്നുകൊണ്ടിരിക്കുകയാണ്, കോടിക്കണക്കിന് രൂപ ഇപ്പോൾത്തന്നെ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. 2016-ൽ ക്യാമ്പെയിൻ നടത്തിയ തുകയാണ് കോഴിക്കോട് ഹെഡ് ഓഫീസിൽനിന്ന് എറണാകുളത്തെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ ശാഖയിൽ രണ്ടുമൂന്ന് ഘട്ടമായി നിക്ഷേപിച്ചത്. ഇപ്പോഴത്തെ സിസ്റ്റമനുസരിച്ച് അൻപതിനായിരത്തിന് മുകളിൽ എത്ര രൂപ ബാങ്കിൽ നിക്ഷേപിച്ചാലും അപ്പോൾത്തന്നെ ബാങ്കിലെ സോഫ്റ്റ്‌വെയർ ഐ.റ്റി. ഡിപ്പാർട്ട്മെന്റിനെ അറിയിക്കും. പത്ത് കോടി രൂപയുണ്ടെങ്കിൽ നിർബന്ധമായും അറിയിക്കും. ബാങ്ക് അറിയിച്ചില്ലെങ്കിലും സോഫ്റ്റ്‌വെയർ അറിയിക്കും. അങ്ങനെ ഐ.ടി. ഡിപ്പാർട്ടുമെന്റ് ഇടപെട്ട് ബാങ്കിൽ വന്ന് അവർ പരിശോധിച്ച് ഈ അക്കൗണ്ട് ഫ്രീസ് ചെയ്തു. ചന്ദ്രിക മാനേജ്മെന്റിനോട് വിശദീകരണം ചോദിച്ചു. രണ്ട് വിശദീകരണമാണ് ചോദിച്ചത്. അതിൽ ഒന്ന്, ഇതിന്റെ സോഴ്സ് എവിടെയാണ്, രണ്ട്, ഇതെന്താണ് ഇവിടെ നിക്ഷേപിച്ചത്? ചന്ദ്രിക മാനേജ്മെന്റ് കൊടുത്ത വിശദീകരണം, ഞങ്ങൾ പത്തൻപത് വർഷമായി ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് നടത്തുന്ന പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്; ഇത് നഷ്ടത്തിലുമാണ്. ബഹുമാനപ്പെട്ട എം. സ്വരാജിന്റെ പ്രസംഗത്തിൽ ഇതിവിടെ ആരും വിശദീകരിക്കുന്നില്ലല്ലോ എന്നുപറഞ്ഞതു കൊണ്ടാണ് ഞാൻ പറയുന്നത്. നഷ്ടത്തിലോടുന്ന കമ്പനിക്ക് ടാക്സ് ഹോളിഡേ കിട്ടുമെന്നുള്ള അഡ്വൈസിന്റെ അടിസ്ഥാനത്തിലാണ് ആദ്യം നിക്ഷേപിച്ചത്. ഡീമോണിറ്റൈസേഷന്റെ കാലഘട്ടമായിരുന്നതിനാൽ ഇന്ത്യാ ഗവൺമെന്റ് അങ്ങനെയുള്ള യാതൊന്നും കൊടുക്കേണ്ടെന്നും എല്ലാത്തിനും ടാക്സ് വാങ്ങി പോയാൽ മതിയെന്നുമുള്ള തീരുമാനമെടുത്തു. അങ്ങനെ വൺ ടൈം സെറ്റിൽമെന്റായ, ഡീമോണിറ്റൈസേഷന്റെ കാലത്തുകൊണ്ടുവന്ന PMGKY (Pradhan Mantri Garib Kalyan Yojana) Scheme എന്ന ഒരു പുതിയ പദ്ധതിയുണ്ടെന്ന് ചന്ദ്രിക മാനേജ്മെന്റിനെ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു. അതനുസരിച്ച് നിങ്ങൾ 2,24,55,000 രൂപ (രണ്ട് കോടി ഇരുപത്തിനാല് ലക്ഷത്തി അൻപത്തയ്യായിരം രൂപ) ടാക്സും പെനാലിറ്റിയുംകൂടി അടച്ചാൽ മതി കൂടുതലൊന്നും അടയ്ക്കേണ്ട എന്നുപറഞ്ഞു. ചന്ദ്രിക ദിനപത്രം അത് സമ്മതിച്ചു. ആ തുകയടച്ച് ഫ്രീസിംഗ് മാറ്റി ബാങ്ക് അക്കൗണ്ട് ശൂവാക്കി അത് കോഴിക്കോട് ഹെഡ് ഓഫീസിലേയ്ക്ക് വിത്ഡ്രാ ചെയ്യുകയും ചെയ്തു. ഇതുസംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റിന്റെ ഡയറക്ടർ ഓഫ് ഇൻകം ടാക്സ് നൽകിയ കത്തിന്റെ കോപ്പി ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.* ഇത് സഭയുടെ ഒരു പ്രോപ്പർട്ടിയായി മാറട്ടെ. ഇതിന്

* അനുബന്ധമായി ചേർത്തിരിക്കുന്നു

ഞാനുമായി യാതൊരു ബന്ധവുമില്ല. ഇത് ചന്ദ്രികയുടെ അക്കൗണ്ടാണ്. ചന്ദ്രികയ്ക്ക് എന്തുകൊണ്ട് എറണാകുളത്തെ പഞ്ചാബ് നാഷണൽ ബാങ്കക്കൗണ്ട് വന്നുവെന്ന് ചോദിച്ചാൽ പഞ്ചാബ് നാഷണൽ ബാങ്ക് നെടുങ്ങാടി ബാങ്കുമായി സംയോജനം നടത്തി. സയ്യിദ് അബ്ദുറഹ്മാൻ ബാഫക്കി തങ്ങളും അപ്പു നെടുങ്ങാടിയുമുള്ള കാലംമുതലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ചന്ദ്രികയ്ക്ക് ഫൈനാൻസ് ചെയ്തിരുന്നത് നെടുങ്ങാടി ബാങ്കാണ്. അങ്ങനെയാണ് പഞ്ചാബ് നാഷണൽ ബാങ്ക് ചന്ദ്രികയുടെ ബാങ്കായി മാറുന്നത്. സ്വാഭാവികമായും ഇതാണ് സംഭവം. പിന്നെ ഞങ്ങളാരെങ്കിലും അഴിമതി നടത്തി കാശുണ്ടാക്കി കൊണ്ടുനടക്കേണ്ട ഗതികേട് ചന്ദ്രികയ്ക്കില്ല. കാരണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം ചന്ദ്രിക തുടങ്ങിയത് തലശ്ശേരിയിൽനിന്നാണ്. സയ്യിദ് അബ്ദുറഹ്മാൻ ബാഫക്കി തങ്ങളും കുഞ്ഞിമായൻ ഹാജിയും സീതി സാഹിബും മമ്മൂക്കയും ഇവരെല്ലാംകൂടി തുടങ്ങിയതാണ് ചന്ദ്രിക. അതിനുശേഷം കോഴിക്കോട് വന്നപ്പോൾ സി. എച്ച്. മുഹമ്മദ് കോയയും സീതി ഹാജിയും ഇപ്പോൾ ശ്രീ. ഹൈദരലി ശിഹാബ് തങ്ങളാണ് അതിന്റെ മാനേജിംഗ് ഡയറക്ടർ. ഈ പബ്ലിക് ലിമിറ്റഡ് കമ്പനിക്ക് ഇങ്ങനെയൊരു കൃത്രിമം നടത്തേണ്ട ഒരാവശ്യവുമില്ല. ഞങ്ങൾക്കാരുടെയും കാശ് ആവശ്യമില്ല, ഞങ്ങളാരും കാശ് കൊടുത്തിട്ടുമില്ല. ഞങ്ങളെല്ലാം ഉത്സാഹ കമ്മിറ്റിയാണ്. വരിസംഖ്യ പിരിക്കുകയും വരിക്കാരെ ചേർക്കുകയും ചെയ്യുന്ന പണി മാത്രമേ ഞങ്ങൾക്കുള്ളൂ. ഇത് ഡയറക്ടർമാർ ഉൾപ്പെടെയുള്ളവർ ചെയ്യുന്നതാണ്. ഞാൻ ഇപ്പോൾ ഒരു ഡയറക്ടറാണ്. ഞാൻ ഡയറക്ടർ അല്ലെങ്കിലും ചെയ്യും. എത്രയോ വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. വളരെ തെറ്റിദ്ധാരണാപരമായ ഒരു സംഗതിയാണ്. ഞങ്ങൾ ടാക്സ് കൊടുത്തിരിക്കുന്നു എന്ന് ചന്ദ്രിക മുന്നറിയിപ്പ് തന്നിട്ടും ഒരു ക്ലൗഡ് ഉണ്ടാക്കുന്ന രീതി ശരിയല്ലായെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പിന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരെ പോ നേരെ വാ എന്നുള്ള ആളായതുകൊണ്ട് ഒരു സത്യം പറഞ്ഞു. മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽനിന്ന് സെർച്ച് വാറണ്ട് എടുത്തുപോയി അത് റെയ്ഡ് ചെയ്തുവെന്ന് പറഞ്ഞു. അതേസമയം ബഹുമാനപ്പെട്ട മന്ത്രിയും മറ്റ് മന്ത്രിമാരും അത് മറച്ചുവയ്ക്കുകയായിരുന്നു. ഏതായാലും മഹാന്മാർ തുടങ്ങിയ ചന്ദ്രികയെപ്പോലെ വർഷങ്ങൾ പഴക്കമുള്ള ആ പത്രം റെയ്ഡ് ചെയ്യേണ്ട ആവശ്യമില്ല. വിജിലൻസല്ല അതിലും താഴെയുള്ള ആളുകൾ എന്തെങ്കിലും അങ്ങോട്ട് കൊണ്ടുചെല്ലണമെന്ന് പറഞ്ഞാലും അത് കൊണ്ടുപോയി കാണിക്കാനും കൊടുക്കാനും ചന്ദ്രിക തയ്യാറായിരുന്നു. ആ ഖേദം മാത്രമേ ഞങ്ങൾക്കുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോഴുണ്ടായ തെറ്റിദ്ധാരണ അവസാനിപ്പിക്കണമെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ.

## ധനകാര്യം (തുർച്ച)
## ധനാഭ്യർത്ഥന നമ്പർ XII

### പോലീസ്

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ, സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. സി. ജോസഫ്, സണ്ണി ജോസഫ്, റോജി എം. ജോൺ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, അബ്ദുൽ ഹമീദ്. പി., പാറക്കൽ അബ്ദുല്ല, മോൻസ് ജോസഫ്, എം. ഉമ്മർ, അൻവർ സാദത്ത്, എം. വിൻസെന്റ്, വി. ടി. ബൽറാം, അനൂപ് ജേക്കബ്, പി. സി. ജോർജ്, ശ്രീമതി ഷാനിമോൾ ഉസ്മാൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ

9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാണി സി. കാപ്പൻ
32. ശ്രീ. കെ. ജെ. മാക്സി

33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ. പി
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീ. കെ. ഡി. പ്രസേനൻ
45. ശ്രീമതി യു. പ്രതിഭ
46. ശ്രീ. പുരുഷൻ കടലുണ്ടി
47. ശ്രീ. പി. ടി. എ. റഹീം
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. എസ്. രാജേന്ദ്രൻ
51. ശ്രീ. ആർ. രാജേഷ്
52. ശ്രീ. റ്റി. വി. രാജേഷ്
53. ശ്രീ. കെ. രാജു
54. ശ്രീ. രാജു എബ്രഹാം
55. ശ്രീ. ആർ. രാമചന്ദ്രൻ
56. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

57. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
58. ശ്രീ. മുല്ലക്കര രത്നാകരൻ
59. പ്രൊഫ. സി. രവീന്ദ്രനാഥ്
60. ശ്രീ. സജി ചെറിയാൻ
61. ശ്രീ. എസ്. ശർമ്മ
62. ശ്രീ. എ. കെ. ശശീന്ദ്രൻ
63. ശ്രീ. സി. കെ. ശശീന്ദ്രൻ
64. ശ്രീ. പി. കെ. ശശി
65. ശ്രീ. വി. ശശി
66. ശ്രീ. ഐ. ബി. സതീഷ്
67. ശ്രീ. ബി. സത്യൻ
68. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
69. ശ്രീ. എ. എൻ. ഷംസീർ
70. ശ്രീ. ജി. സുധാകരൻ
71. ശ്രീ. വി. എസ്. സുനിൽ കുമാർ
72. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
73. ശ്രീ. എം. സ്വരാജ്
74. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
75. ശ്രീ. പി. തിലോത്തമൻ
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. കെ. വി. വിജയദാസ്
80. ശ്രീ. ഇ. കെ. വിജയൻ
81. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. എം. സി. കമറുദ്ദീൻ
18. ശ്രീ. സി. മമ്മൂട്ടി
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

24. ശ്രീ. രമേശ് ചെന്നിത്തല

25. ശ്രീ. റോജി എം. ജോൺ

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീമതി ഷാനിമോൾ ഉസ്മാൻ

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. ഉമ്മർ

33. ശ്രീ. എം. വിൻസെന്റ്

34. ശ്രീ. ടി. ജെ. വിനോദ്.

നിഷ്പക്ഷത പാലിക്കുന്നവർ: ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 81

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ -XIII**

**ജയിലുകൾ**

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ, സർവ്വശ്രീ എം. ഉമ്മർ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, അബ്ദുൽ ഹമീദ്. പി., പാറക്കൽ അബ്ദുല്ല, മോൻസ് ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അനൂപ് ജേക്കബ്, പി. സി. ജോർജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാണി സി. കാപ്പൻ
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ. പി
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്

41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീ. കെ. ഡി. പ്രസേനൻ
45. ശ്രീമതി യു. പ്രതിഭ
46. ശ്രീ. പുരുഷൻ കടലുണ്ടി
47. ശ്രീ. പി. ടി. എ. റഹീം
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. എസ്. രാജേന്ദ്രൻ
51. ശ്രീ. ആർ. രാജേഷ്
52. ശ്രീ. റ്റി. വി. രാജേഷ്
53. ശ്രീ. കെ. രാജു
54. ശ്രീ. രാജു എബ്രഹാം
55. ശ്രീ. ആർ. രാമചന്ദ്രൻ
56. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
57. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
58. ശ്രീ. മുല്ലക്കര രത്നാകരൻ
59. പ്രൊഫ. സി. രവീന്ദ്രനാഥ്
60. ശ്രീ. സജി ചെറിയാൻ
61. ശ്രീ. എസ്. ശർമ്മ
62. ശ്രീ. എ. കെ. ശശീന്ദ്രൻ
63. ശ്രീ. സി. കെ. ശശീന്ദ്രൻ
64. ശ്രീ. പി. കെ. ശശി

65. ശ്രീ. വി. ശശി
66. ശ്രീ. ഐ. ബി. സതീഷ്
67. ശ്രീ. ബി. സത്യൻ
68. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
69. ശ്രീ. എ. എൻ. ഷംസീർ
70. ശ്രീ. ജി. സുധാകരൻ
71. ശ്രീ. വി. എസ്. സുനിൽ കുമാർ
72. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
73. ശ്രീ. എം. സ്വരാജ്
74. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
75. ശ്രീ. പി. തിലോത്തമൻ
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. കെ. വി. വിജയദാസ്
80. ശ്രീ. ഇ. കെ. വിജയൻ
81. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. എം. സി. കമറുദ്ദീൻ
18. ശ്രീ. സി. മമ്മൂട്ടി
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീമതി ഷാനിമോൾ ഉസ്മാൻ
29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. ഉമ്മർ

33. ശ്രീ. എം. വിൻസെന്റ്

34. ശ്രീ. ടി. ജെ. വിനോദ്

നിഷ്പക്ഷത പാലിക്കുന്നവർ: ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 81

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XIV**

**സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും**

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ, സർവ്വശ്രീ മോൻസ് ജോസഫ്, പി. ഉബൈദുള്ള, എം. ഉമ്മർ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, അബ്ദുൽ ഹമീദ്. പി. കെ. ബഷീർ, പാറക്കൽ അബ്ദുള്ള, പി. സി. ജോർജ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. വി. ജോയി

26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാണി സി. കാപ്പൻ
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ. പി
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീ. കെ. ഡി. പ്രസേനൻ
45. ശ്രീമതി യു. പ്രതിഭ
46. ശ്രീ. പുരുഷൻ കടലുണ്ടി
47. ശ്രീ. പി. ടി. എ. റഹീം
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. എസ്. രാജേന്ദ്രൻ
51. ശ്രീ. ആർ. രാജേഷ്

52. ശ്രീ. റ്റി. വി. രാജേഷ്
53. ശ്രീ. കെ. രാജു
54. ശ്രീ. രാജു എബ്രഹാം
55. ശ്രീ. ആർ. രാമചന്ദ്രൻ
56. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
57. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
58. ശ്രീ. മുല്ലക്കര രത്നാകരൻ
59. പ്രൊഫ. സി. രവീന്ദ്രനാഥ്
60. ശ്രീ. സജി ചെറിയാൻ
61. ശ്രീ. എസ്. ശർമ്മ
62. ശ്രീ. എ. കെ. ശശീന്ദ്രൻ
63. ശ്രീ. സി. കെ. ശശീന്ദ്രൻ
64. ശ്രീ. പി. കെ. ശശി
65. ശ്രീ. വി. ശശി
66. ശ്രീ. ഐ. ബി. സതീഷ്
67. ശ്രീ. ബി. സത്യൻ
68. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
69. ശ്രീ. എ. എൻ. ഷംസീർ
70. ശ്രീ. ജി. സുധാകരൻ
71. ശ്രീ. വി. എസ്. സുനിൽ കുമാർ
72. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
73. ശ്രീ. എം. സ്വരാജ്
74. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
75. ശ്രീ. പി. തിലോത്തമൻ
76. ഡോ. ടി. എം. തോമസ് ഐസക്

77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. കെ. വി. വിജയദാസ്
80. ശ്രീ. ഇ. കെ. വിജയൻ
81. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. എം. സി. കമറുദ്ദീൻ
18. ശ്രീ. സി. മമ്മൂട്ടി
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ

21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

22. ശ്രീ. ഉമ്മൻ ചാണ്ടി

23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

24. ശ്രീ. രമേശ് ചെന്നിത്തല

25. ശ്രീ. റോജി എം. ജോൺ

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീമതി ഷാനിമോൾ ഉസ്മാൻ

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. ഉമ്മർ

33. ശ്രീ. എം. വിൻസെന്റ്

34. ശ്രീ. ടി. ജെ. വിനോദ്.

നിഷ്പക്ഷത പാലിക്കുന്നവർ: ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 81

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 മാർച്ച് മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.12-ന് പിരിഞ്ഞു.)

## അനുബന്ധം 1

ചോദ്യം നമ്പർ *181-ൽ ശ്രീ. വി. ഡി. സതീശന്റെ ഉപചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) മേശപ്പുറത്തുവച്ച മറുപടി

സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ

I സംരംഭക സഹായ പദ്ധതി

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഏറ്റവും പ്രമുഖമാണ് സംരംഭക സഹായ പദ്ധതി. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരമാണ് ഈ പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത്. എന്നാൽ കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി. എന്നിവർ മുഖാന്തരം വായ്പ ലഭിക്കുന്നവർക്ക് പ്രസ്തുത സ്ഥാപനങ്ങൾ മുഖേനയും തുക അനുവദിച്ചുവരുന്നുണ്ട്. സംരംഭകരുടെ സാമ്പത്തിക ബാധ്യത ഒരു പരിധിവരെ ലഘൂകരിക്കുന്നതിന് സംരംഭക സഹായ പദ്ധതി സഹായിച്ചുവരുന്നുണ്ട്.

സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു:

I. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

II. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

III. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു.

IV. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

V. കൂടാതെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണെടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് വ്യവസായ വകുപ്പ് ശിപാർശ ചെയ്യുന്ന വ്യക്തമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ടേം ലോൺ അടിസ്ഥാനമാക്കി പ്രവർത്തനം ആരംഭിക്കാൻ തുടങ്ങുന്ന ഉൽപ്പാദന മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതിപ്രകാരം അർഹമായ സഹായത്തിന്റെ 50% വരെ പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ് സപ്പോർട്ടായി നൽകുന്നു.

ഇ.എസ്.എസ്. പദ്ധതിപ്രകാരം എല്ലാ വിധത്തിലുള്ള സംരംഭകർക്കും അർഹമായ സഹായത്തിന്റെ 50% വരെ പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ് സപ്പോർട്ടായി നൽകുന്നു.

II നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി

ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ് ഗ്രീൻ വിഭാഗത്തിൽപ്പെട്ട ഉൽപ്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ്.

## III തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി

എം.എസ്.എം.ഇ. യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ വ്യവസായ വികസന ഓഫീസർമാർ, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, വാണിജ്യ സ്ഥാപനങ്ങളിലെ (ധനകാര്യം, സാങ്കേതികം, വാണിജ്യം) വിദഗ്ദർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വിദഗ്ദ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളെ കണ്ടെത്തുന്നതിനും ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും വ്യവസായ മിത്രയെന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഇത്തരത്തിൽ കണ്ടെത്തിയ പീഡിത വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ധനസഹായം നൽകി പുനരുദ്ധരിക്കുന്നതിന് പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി (Kerala State MSME Revival and Rehabilitation Scheme) നടപ്പിലാക്കിവരുന്നു.

## IV കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

കരകൗശല മേഖലയിലെ ആർട്ടിസാന്മാർക്ക് സ്ഥിരമൂലധനത്തിന്റെ ജനറൽ വിഭാഗത്തിന് 40% പരമാവധി 2 ലക്ഷം രൂപയും വനിതകൾ/ യുവാക്കൾ /എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 50% പരമാവധി 3 ലക്ഷം രൂപയും അനുവദിക്കുന്ന പദ്ധതിയാണിത്. അപേക്ഷകർ ഡെവലപ്മെന്റ് കമ്മീഷണർ ഫോർ ഹാന്റിക്രാഫ്റ്റ്സ്/കാഡ്ക്കോ/സുരഭി/ എച്ച്.ഡി.സി.കെ./ കെൽപാം/ ബാംബൂ കോർപ്പറേഷൻ എന്നീ ഏതെങ്കിലും സ്ഥാപനത്തിൽ ആർട്ടിസാനായി രജിസ്റ്റർ ചെയ്തിരിക്കണം.

## 2020-21 വർഷത്തെ ബഡ്ജറ്റിൽ ചുവടെ വിവരിക്കുന്ന പദ്ധതികൾ പുതിയതായി പ്രഖ്യാപിച്ചിട്ടുണ്ട്:

### 1. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ പുതിയതായി രജിസ്റ്റർ ചെയ്ത

(സേവന മേഖല ഒഴികെ) ചെറുസംരംഭങ്ങൾക്ക് സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന സഹായം യൂണിറ്റിന് 4 ലക്ഷം രൂപ വീതം താഴെപ്പറയുംപ്രകാരം പരിമിതപ്പെടുത്തിയിരിക്കുന്നു.

1. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ -ആകെ പ്രോജക്ട് ചെലവിന്റെ 40%
2. പ്രൊമോട്ടർമാരുടെ സംഭാവന - ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ
3. വ്യവസായ വകുപ്പിന്റെ മാർജിൻ മണിഗ്രാന്റ് -ആകെ പ്രോജക്ട് ചെലവിന്റെ പരമാവധി 30 ശതമാനം

എസ്.സി./എസ്.ടി./വനിതകൾ/വിമുക്ത ഭടന്മാർ/40 വയസ്സുവരെയുള്ള യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണിഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും ആയിരിക്കും.

2 പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾ

മൂല്യ ശൃംഖലയിലെ യഥാർത്ഥ പ്രശ്നങ്ങൾ കാരണം പ്രവർത്തന രഹിതമായിത്തീർന്ന എം.എസ്.എം.ഇ. യൂണിറ്റുകൾ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഈ യൂണിറ്റുകൾ വഹിക്കുന്ന പങ്ക് കണക്കിലെടുത്ത് പുനരുജ്ജീവിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകളുൾപ്പെടെയുള്ള പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കാൻ പദ്ധതി വിഭാവന ചെയ്യുന്നു. പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൂടാതെ 10 ശതമാനം ഗുണഭോക്താക്കൾ വനിതകളാണെന്ന് ഉറപ്പുവരുത്തണം.

3 നൈപുണ്യ സംരംഭ വികസന കേന്ദ്രങ്ങൾക്കുള്ള സഹായം (പുതിയത്)

സംസ്ഥാനത്ത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നൈപുണ്യ സംരംഭക വികസന വ്യാവസായിക സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഓരോ തദ്ദേശ സ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു സംഘമെങ്കിലും രജിസ്റ്റർ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. മരാമത്ത് ജോലികൾ, നിർമ്മാണ മേഖലയിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ്, അറ്റകുറ്റപ്പണികൾ, കൃഷി, വ്യവസായം എന്നീ മേഖലകളിൽ നൈപുണ്യം ഉള്ളതും ഇല്ലാത്തതുമായ തൊഴിലാളികളുടെ ആവശ്യം വളരെ കൂടുതലാണ്. നൈപുണ്യം ഉള്ളതും ഇല്ലാത്തതുമായ തൊഴിലാളികളെ കണ്ടെത്തി, ഹ്രസ്വ പരിശീലനങ്ങളും ഉപകരണങ്ങളും പണിയായുധങ്ങളും സജ്ജമാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് അവരുടെ സേവനം എളുപ്പത്തിൽ ലഭ്യമാക്കി, തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ബ്ലോക്ക്തല സംയോജനത്തിലൂടെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി പദ്ധതി നടപ്പാക്കും. വ്യവസായ പരിശീലന ഡയറക്ടറേറ്റുമായി സഹകരിച്ച് ട്രെയിനിംഗ് നൽകും. ഒരു സംഘത്തിന് പരമാവധി 2 ലക്ഷം രൂപ, സ്ഥിര മൂലധനം (78 ശതമാനം), പ്രവർത്തന മൂലധനം (20 ശതമാനം), 2 ശതമാനം പരിശീലന ചെലവ് എന്നിങ്ങനെ ചെലവുകൾ വഹിക്കുന്നതിന് നൽകും.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം ചുവടെ വിവരിക്കുന്ന പദ്ധതികൾ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്നുണ്ട്

(a) ഇ.ഡി. ക്ലബ്ബുകൾ

സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി. ക്ലബ്ബുകൾ (Entrepreneur Development Club) രൂപീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇഡി ക്ലബ്ബുകൾക്ക് 20,000 രൂപ അനുവദിച്ചുവരുന്നുണ്ട്.

(b) ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ

സംരംഭകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

(c) സംരംഭകത്വ ബോധവൽക്കരണ പരിപാടി (EAP)

ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ITI, പോളിടെക്നിക്, ആർട്സ് & സയൻസ് കോളേജ് തലത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

(d) സംരംഭകത്വ വികസന പരിപാടി (EDP)

ജില്ലാതലത്തിൽ അനുയോജ്യമായ മേഖലയിൽ 2 വീതം പരിപാടികൾ നടത്തിവരുന്നു.

(e) നിക്ഷേപ സംഗമം

നിലവിലുള്ള സംരംഭകരും നവ സംരംഭകരും സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളും ഏജൻസികളും തമ്മിലുള്ള interaction വഴി നൂതന പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി നടപ്പിലാക്കുന്ന One day Workshop. താലൂക്ക് തലത്തിൽ പരിപാടികൾ നടത്തിവരുന്നു.

(f) ടെക്നോളജി ക്ലിനിക്ക്

MSME മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും സംരംഭകർക്ക് സാങ്കേതികമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനുംവേണ്ടി നടപ്പിലാക്കുന്ന പരിപാടി.

(g) ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം

ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലനം. ജില്ലകളിലെ അനുയോജ്യ മേഖലയിൽ നൽകുന്ന നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം, ILO പരിശീലനവും നൽകുന്നുണ്ട്.

**അനുബന്ധം II**

GOVERNMENT OF INDIA

INCOME TAX DEPARTMENT

O/O Deputy Director of Income Tax (Investigation)

8th Floor, Aayakar Bhavan, Mananchira, Kozhikode-673 001

TEL: 0495-2722201 FAX:0495-2722530 E-Mail ID: Kozhikode.ddit.inv1@incometax.gov.in

F.No.DDIT (INV)CLT/2016-17/132 Dated, the 30th March, 2017

To

The Branch Manager,

Punjab National Bank,

Market Road

Ernakulam

Sir,

Sub:- Prohibitory order issued in the case of M/s Muslim Printing Publishing Co Ltd: Account No.4271002100018723 - reg.

-----------

Please refer to the above. The assessee company expressed its willingness to pay taxes amounting to Rs.2,24,55,000 under PMGKY scheme. The assessee company handed over a cheque for Rs.1,74,55,000 bearing No.732270 dated 30-3-2017 towards payment of taxes from the above mentioned account. In order to facilitate the remittance of taxes, the prohibitory order dated 27-3-2017 on the above account is withdrawn for the clearance of the cheque amounting to Rs.1,74,55,000 towards payment of tax.

Yours faithfully,

BEN MATHEW VARKEY

Deputy Director of Income tax(Inv),

Kozhikode.